367

വൈദ്യസാരസംഗ്രഹത്തിന്നായ

# ജാതകപാരിജ്ഞാതകം.

[illegible]

[illegible]

---

[illegible]

ആകട്ടെ

[illegible] അവർകൾ

[illegible]

[illegible]

[illegible]

തഗണിതത്തിന്റെ ആഗമം. കാലചക്രപരിവർത്തനം മൂലം ജ്യോതിശ്ചക്രസ്ഥിതങ്ങളായ ഗ്രഹനക്ഷത്രാദി സകല ഗോളങ്ങൾക്കും കാല്പാന്തരത്തിൽ ചില മാറ്റങ്ങൾ സംഭവിക്കുമെന്നും അതാതു് കാലങ്ങളിലുള്ള വിദ്വാന്മാർ അവയെ പരിശോധിച്ചു് ഗണിതപദ്ധതിയെ വേണ്ടവിധം സ്വീകരിക്കണമെന്നും പൂർവ്വാചാര്യന്മാർതന്നെ സിദ്ധാന്തിച്ചിരിക്കുന്നു.

ഇപ്രകാരം ആര്യഭടാനന്തരം ഉണ്ടായ പരഹിതഗണിതസമ്പ്രദായത്തിനു പിന്നീടും പല വ്യത്യാസങ്ങൾ വരുകയാൽ കേരളീയനും വിശിഷ്യ, ആലത്തൂർഗ്രാമവാസിയും ആയ ഒരു പരമേശ്വരൻനമ്പൂതിരിയാണ് ഇപ്പോൾ നടപ്പിലിരിക്കുന്ന ദൃഗ്ഗണിതശാസ്ത്രത്തെ ഉണ്ടാക്കീട്ടുള്ളത്. ഇദ്ദേഹം മഹാഭാസ്കരീയത്തിനു സിദ്ധാന്തദീപിക എന്നൊരു വ്യാഖ്യാനവും ആര്യഭടീയത്തിനു പ്രൌഢമായ മറ്റൊരു വ്യാഖ്യാനവും പല ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളും ഉണ്ടാക്കുകയും ഗണിതപദ്ധതിയെ പലവിധത്തിൽ നിരീക്ഷിച്ചും പരീക്ഷിച്ചും സ്ഫുടവത്താക്കുകയും ചെയ്തിട്ടുണ്ട്. ഈ ദൃഗ്ഗണിതത്തിന്റെ ഉത്ഭവം കലിവർഷം ൪൭൨൮-ാമാണ്ടാണെന്നും ആധുനിക ശാസ്ത്രങ്ങളിൽനിന്നു ഊഹിക്കാൻ മാർഗ്ഗമുണ്ട്. ഈ ഗണിതപദ്ധതിക്കും ഇന്നത്തെ അനുഭവത്തിനും അല്പമായ ചില വ്യത്യാസങ്ങൾ ഇപ്പോൾ കാണുന്നു. അവയെ ഇനിയും നവീകരിക്കാനുള്ള കാലം അതിക്രാന്തമായിരിക്കുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു അതാതുകാലത്തു സൂക്ഷ്മതയോടെ വരുത്തുന്ന ഗ്രഹസ്ഫുടങ്ങൾ വേണ്ടാതെ നല്ലാതെ ജാതകഗണിതത്തിനു് പരഹിതപക്ഷപ്രകാരമുള്ള ഗണിതമാണുവേണ്ടതെന്നു വരുന്നില്ല. ചില ജ്യോതിർവിദ്യോപജീവികൾ ഈ ജാതകം പരഹിതകരണമനുസരിച്ചു നിർണ്ണയിക്കേണ്ടതാണെന്നു വാശിപിടിച്ചിട്ടുള്ളതായി കേൾപ്പാൻ സംഗതിയായതുകൊണ്ടാണു പ്രകൃതം വിട്ടു ഇത്രയും ഇവിടെ പ്രസ്താവിക്കാനിടയായതു്. ഇന്നും ചില പഴമക്കാർ ദൃഗ്ഗണിതത്തെ ഉപേക്ഷിക്കുകയും പഴയ പരഹിതഗണിതത്തെ തന്നെ സ്വീകരിക്കുകയും ചെയ്യുവരുന്നുണ്ടു്. ജാതകപ്രശ്നങ്ങൾക്കെങ്കിലും ദൃഗ്ഗണിതം അവശ്യം സ്വീകരണീയമാണെന്നു് ഈ സന്ദർഭത്തിൽ എല്ലാവരേയും അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഇനി വ്യാഖ്യാതാവിനെക്കുറിച്ചു രണ്ടുവാക്കുകൂടി പറഞ്ഞശേഷം ഈ അവതാരികയെ ഇവിടെ ഉപസംഹരിക്കാം. "ജാതകപാരിജാതക"വ്യാഖ്യാതാവു ഇന്നത്തെ പത്രലോകങ്ങൾക്കു അത്രസുപരിചിതനോ പ്രസിദ്ധനോ അല്ല. ഇദ്ദേഹത്തിന്റെ കുടുംബത്തെ വളരെ മുമ്പുമുതൽതന്നെ സഹസ്രതീഭഗവതി സ്വത്തരംഗമാക്കിത്തീർത്തിട്ടുണ്ടു്. അതിനും പുറമെ ഇദ്ദേഹം ഒരനുഗ്രഹകവിയുമായിരുന്നുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല ഇദ്ദേഹത്തിന്റെ പിതാമഹൻ, പിതാവു്,

പിതൃവ്യന്മാർ ഇവരെല്ലാവരുംതന്നെ വിദ്വാന്മാരും കവികളും ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധന്മാരും വിശേഷിച്ചും എന്റെ ഗുരുഭൂതന്മാരും ആണ്. ഇപ്രകാരം പരമ്പരാസിദ്ധമായ വിദ്യയും ജ്ഞാനവും പരിപൂർണ്ണമായി പരിലസിക്കുന്ന ഒരു വിദ്വൽകുടുംബത്തിലെ പ്രധാന അംഗമാണ് "ജാതകപാരിജാതക"വ്യാഖ്യാതാവു്. മനോരമ, സുജനാനന്ദിനി മുതലായ പത്രങ്ങളിൽ നിരന്തരമായി കവിതകൾ ചേർത്തുവരികയും ഖണ്ഡകാവ്യങ്ങൾ ചിത്രപ്രശ്നങ്ങൾ സമസ്യാപൂരണങ്ങൾ ഗ്രന്ഥനിരൂപണങ്ങൾ മുതലായവ ആ പത്രങ്ങളെ സവിശേഷം അലങ്കരിക്കുകയും ചെയ്തിരുന്ന കാലത്തു നമ്മുടെ വ്യാഖ്യാതാവിന്റെ കുടുംബത്തിലുള്ള എല്ലാവരുടെയും കവിതകൾ മുറയ്ക്കു കാണുകയാൽ ഒരു സ്വരസകവി മൂത്തേടത്തുകുടുംബത്തിലേക്കു കവിതാവകാശം കാരാഴ്മയായി ലഭിച്ചിട്ടുള്ളതാണോ എന്നു പത്രമുഖേന ചോദിക്കുകയും ഇദ്ദേഹത്തിന്റെ പിതാവു് കവിതാവകാശം ഊരാഴ്മയായി ലഭിച്ചിട്ടുള്ളതാണെന്നു മറുപടി എഴുതുകയും ചെയ്തിട്ടുള്ളതായി കേട്ടിട്ടുണ്ട്.

പാരിജാതകവ്യാഖ്യാതാവു് ഒരു നല്ല കവിയും വിദ്വാനുമാണെങ്കിലും ഇന്നുള്ള ചില കവികളെപ്പോലെ കവിയശഃപ്രാർത്ഥിയല്ല. ഇദ്ദേഹം എഴുതിയിട്ടുള്ള കവിതകൾ ഏതു സഹൃദയനേയും രസിപ്പിക്കത്തക്കവിധത്തിൽ ഏറ്റവും ശബ്ദാർത്ഥപ്രൗഢസുന്ദരങ്ങളാണ്. ഉഷാനിരുദ്ധംസംസ്കൃതമഹാകാവ്യം, അംബരീഷചരിതം പ്രബന്ധം മുതലായ കൃതികൾ ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തിനും, കവിതാസാമർത്ഥ്യത്തിനും മതിയായ ലക്ഷ്യങ്ങളാണ്. ഇതുകൂടാതെ മറനേകം ഭാഷാകവിതകളും എഴുതുകയും അവക കൃതികളെ അപ്പഴപ്പോൾ താൻ വായിക്കുകയും രസിക്കുകയും ചെയ്തിട്ടുമുണ്ട്. ഇപ്രകാരം സംസ്കൃതത്തിലും ഭാഷയിലും അനേകം ഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടുണ്ടെങ്കിലും അതുകൾ മുഴുവനും ശ്രദ്ധയോടുകൂടി സൂക്ഷിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല എന്നുള്ള സംഗതി സകുണ്ഠിതമിവിടെ പ്രസ്താവിക്കാതിരിക്കാൻ നിവൃത്തി ഇല്ല. ഇദ്ദേഹത്തിന്റെ നാമധേയം ജാതകപാരിജാതകവ്യാഖ്യാനമുഖേനയെങ്കിലും മഹാജനങ്ങൾക്കു് അറിയാനിടയായിത്തീരുമെന്നു കാണുന്നതിൽ സന്തോഷമുണ്ടു്. മറു സ്വന്തം കൃതികളേയും ഇനിയെങ്കിലും അച്ചടിപ്പിച്ചു സഹൃദയജനാസ്വാദയോഗ്യങ്ങളാക്കിത്തീർക്കാനും എവംവിധങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളെ പരിഭാഷീകരിപ്പാനും അപേക്ഷിച്ചുംകൊണ്ടു് ഈ അവതാരികയെ ഇവിടെ അവസാനിപ്പിക്കുന്നു.

സഹൃദയവിധേയൻ,
പി. [illegible]സ്സ്. പുരുഷോത്തമൻനമ്പൂതിരി.
(ഒപ്പു്.)

ഫാരൂ കന്നി ഫ.ഫ.
ചെങ്ങന്നൂർ.

# വിജ്ഞാപനം.

ഒരു മാന്യമഹാശയന്റെ അവതാരിക വായിച്ചതിന്ന മഹാജനങ്ങളെ ഉടൻതന്നെ എന്റെ വിജ്ഞാപനംകൊണ്ടു സന്തോഷിപ്പിക്കണമെന്നോ ആ അവതാരികയിൽനിന്ന ധരിച്ച കാര്യങ്ങളിൽ കൂടുതലായ വല്ല സംഗതികളും മനസ്സിലാക്കിക്കണമെന്നോ ഉള്ള ഉദ്ദേശം എനിക്കില്ല. എങ്കിലും വ്യാഖ്യാതൃധൂരിനെ നിവ്വഹിക്കേണ്ടുന്നതു കത്തവ്യമാണല്ലൊ എന്ന വിചാരിച്ച് അല്പം പറയുന്നതാണ്.

വേദസ്വരൂപിയായ പരമാത്മാവിന്റെ അംഗങ്ങളിൽ മുഖ്യസ്ഥാനമുള്ള ജ്യോതിശ്ശാസ്ത്രമെന്നതിനെ പണ്ടേക്കുപണ്ടേ ഗർഗ്ഗപരാശരാദി പരമഹംസന്മാരായ മഹർഷിമാർ ലോകോപകാരാർത്ഥം സ്കന്ധങ്ങളെയും വിശദീകരിച്ച് അനേക ഭാഗങ്ങളാക്കി ഭൂമിയിൽ പ്രചരിപ്പിച്ചിട്ടുണ്ട്. ജ്യോതിശ്ശാസ്ത്രത്തിന്റെ മാഹാത്മ്യത്തെയോ ഗണിതസംഹിതാഹോരാദിസ്കന്ധത്രയത്തെയോ ജാതകഗോളനിമിത്താദി ഷഡംഗങ്ങളെയോ ഞാൻ ഈ അവസരത്തിൽ വർണ്ണിച്ചു വായനക്കാരെ കണ്ണുകൂടി പരിചയിപ്പിക്കാനും ഈ വിജ്ഞാപനം ദീർഘിപ്പിക്കാനും വിചാരിക്കുന്നില്ല. എന്നാൽ പ്രസിദ്ധന്മാരും വിശ്രുതന്മാരുമായ ഋഷിമാക്ക പൂമേ അനേകം ആചാര്യവര്യന്മാരും പ്രസ്തുത ശാസ്ത്രത്തെ അനേകതരത്തിൽ യുക്ത്യനുസരണം കാലോചിതമാകുംവണ്ണം നിർമ്മിച്ചിട്ടുമുണ്ട്. അവയൊക്കെയും ഇക്കാലത്തു നമുക്ക് (ഗ്രന്ഥദൌർല്ലഭ്യം മൂലമോ അർത്ഥദൌർഗ്ഗമ്യം മുതലായതു നിമിത്തം) ഉപകാരപ്രദങ്ങളായിഭവിക്കുന്നില്ലെന്ന വ്യസനസമേതം പറയേണ്ടിയിരിക്കയും ചെയ്യുന്നു. എന്നാൽ ഇക്കാലത്തു പ്രസിദ്ധങ്ങളും സമാദരണീയങ്ങളുമായ ജ്യോതിഷഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ആചാര്യാഗ്രേസരനായ വരാഹമിഹിരസ്വാമിയുടെ ബൃഹജ്ജാതകമെന്ന ഹോര കഴിഞ്ഞാൽ പിന്നെ സാരാവലി ജാതകപാരിജാതകം ഫലദീപിക ഷഡ്പഞ്ചാശിക. സർവ്വാർത്ഥചിന്താമണി ഇങ്ങനെയുള്ള ഗ്രന്ഥങ്ങളാകുന്നു ദൈവജ്ഞന്മാരെ സഹായിച്ചുകൊണ്ടിരിക്കുന്നതു. ഇപ്പോൾ ഇവിടങ്ങളിൽ അധികം നടപ്പില്ലാത്തതും പ്രസ്തുത ഭാഗത്തെ വിവരിക്കുന്നതുമായ ഗർഗ്ഗജാതകം, ഗർഗ്ഗഗോചരം, ചമൽക്കാരചിന്താമണി, ജാതകാഭരണം, ജാതകചന്ദ്രിക, ടി സംഗ്രഹം, ജ്യോതിഷലാവണി, ജ്യോതിഷശ്യാമസംഗ്രഹം, ജൈമിനിസൂത്രം, തത്വപ്രദീപം ഇങ്ങനെ അനേകവിധ ഗ്രന്ഥങ്ങൾ പരദേശങ്ങളിൽ ഉണ്ടെന്നു അറിയുന്നുമുണ്ട്. ഇങ്ങനെയൊക്കെ ആയ്യാ

ലും നമുക്ക ഫലനിർദ്ദേശത്തിൽ സഫ്ഥാ സാഹായ്യകൃത്തായ്ി്ർ
ഇഷപാരിജാതകത്തെ ഹോരയുടെ അനന്തരാവകാശിയാക്കി വ
താണെങ്കിലും പ്രസ്തുത ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ഗ്രന്ഥകാ
ന്നെ "സംഗ്രഹ്യസാരാവലിമുഖ്യതന്ത്രം കരോമ്യഹംജ്ജാതകപാരിജ
എന്നു ഇതിനൊരു ന്യൂനത കല്പിക്കയാൽ സാരാവലിയുടെ ഭ
പടിയിൽ സ്ഥാനംകൊടുക്കുന്നതിന് അശേഷം സംശയിക്കണ
തോന്നുന്നില്ല. എന്നാൽ ഇത്രമാത്രം സാരമായ ഈ ഗ്രന്ഥത്തിന
വ്യാഖ്യാനം മലയാളത്തിൽ (അക്ഷരത്തിലായാലും ഭാഷയിലാ
ദേശത്തിലായാലും വേണ്ടില്ല) കാണാതിരിക്കാനുള്ള കാരണം എ
ന്നു സൂക്ഷ്മമായിപ്പറയാൻ ഒരുതരത്തിലും എനിക്ക ശക്തിയോ
മോ ഇല്ല. എന്നാൽ ഈ ഗ്രന്ഥനിർമ്മാണകാലം എന്നാണെന്നറ
വി ഏതു ദേശത്തിൽ ജനിച്ച ആളാണെന്നോ അദ്ദേഹത്തിന്റെ
കളായി ഇനിയും വല്ല ഗ്രന്ഥങ്ങളും ഉണ്ടോ എന്നൊക്കെയുമു
ധികവിവരത്തിനു ജിജ്ഞാസുക്കളോടു സമാധാനം പറയേണ്ടുന്ന
തല മഹാജനങ്ങളിൽതന്നെ ഇരിക്കുന്നതേയുള്ളൂ. ഇനിയും ഈ
വ്യാഖ്യാനമെഴുതുവാനുള്ള കാരണത്തെക്കൂടി പറഞ്ഞു ഈ വിജ്ഞാ
സമാപിപ്പിച്ചുകൊള്ളാം. എന്റെ സമീപദേശവാസിയും കാ
ടകാലങ്കാരശാസ്ത്രങ്ങളിൽ ദൃഢമായസാരഗ്രാഹിതവും എന്നിൽ
രറ സ്നേഹബഹുമാനാദിയും പോലീസ് ഡിപ്പാർട്ടുമെൻറിൽ ക
ക്കലും ഇരുന്ന സത്യവാൻ എന്ന പേരിനെ സമ്പാദിക്കാൻ ഭാ
ഉണ്ടായ ആളായ കിടങ്ങന്നൂർ ശ്രീമാൻ എൻ. ഗോവിന്ദപ്പിള്ള
കുറെക്കു ക്ഷണകാലപരിചയംകൊണ്ടു ജ്യോതിഷത്തിലും ഉറപ്പു
നിനവും സംഭവിച്ചതിനുശേഷം ആ മാന്യപുരുഷന്റെ സ
ന്ധാതിരേകത്താൽ ഞാൻ ഇതിന് ഒരുങ്ങിയതാകുന്നു. എങ്കി
നൂറാമാണ്ടുമുതൽ എന്നെ ഇതിനു പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും
മഹാപണ്ഡിതജ്യോതിഷിയായ വ്യാഖ്യേയമായ ഗ്രന്ഥത്തെ ഈ
രത്തോടുകൂടി എടുക്കുവാൻപോലും എനിക്ക ലജ്ജയും ഭയപൂമുണ
രുന്നു. സമീപവാസിയുടെ നിർബന്ധങ്ങളെ അധഃകരിക്കുവാൻ
രാലും സാധ്യമല്ലല്ലോ. കഴിഞ്ഞയാണ്ടു വൃശ്ചികത്തിൽ ഞാൻ
വ്യാഖ്യാനമെഴുതുവാൻ തുടങ്ങുകയും ടി ഇടവത്തിൽ എഴുതിത്തീരു
ചെയ്തതിനുശേഷം വ്യാഖ്യാനത്തെ വേണ്ടവിധം പരിശോധിച്ചു
നതിനായി മഹാജനങ്ങൾക്കു ചിരകാലപരിചിതനും പണ്ഡി
ണ്ഡനവും ജ്യോതിശ്ശാസ്ത്രവിശാരദനും എന്റെ പൈതൃഷ്വസേ
മായ ബ്രഹ്മശ്രീ പുലിയൂർ, പി. എസ്സ്. പുരുഷോത്തമൻനമ്പൂ
അവർകളെ എഴുന്നള്ളിക്കയും അദ്ദേഹം സന്തോഷപുരസ്സരം അങ്ങി
ചെയ്തരികയും ചെയ്തു. ഇതിൽ ആയുർദ്ദായം, അഷ്ടകവർഗ്ഗം മു

യ ഗഹനവിഷയങ്ങളെ അദ്ദേഹം അതിനിഷ്കർഷയോടുകൂടി പരിശോധിക്കയും വിട്ടുപോയഭാഗം ചേർക്കുകയും മറ്റുള്ളഭാഗങ്ങളിൽ വന്നിട്ടുണ്ടായിരുന്ന സ്പാലിത്യങ്ങളെ ചൂണ്ടിക്കാണിച്ചുതരികയും ചെയ്തിട്ട് എന്റെ ഉദ്യമത്തെ സഫലമാക്കിത്തന്നു. അതിനുശേഷം അച്ചടിക്കുന്നതിനുള്ള ചുമതലയും അവകാശവും വേറെ വേണ്ടവിധം ചെയ്തുകൊള്ളാമെന്നു സമ്മതിച്ചും ഇപ്രകാരം ഭംഗിയായി അച്ചടിക്കയും ചെയ്ത കൊല്ലം 'വിദ്യാഭിവർദ്ധിനി' പ്രസ്സുകാരും എന്റെ പരിശ്രമത്തെ അഭിനന്ദിക്കതന്നെചെയ്തു.

ഇപ്രകാരം എന്നെ പ്രോത്സാഹിപ്പിച്ച ശ്രീമാൻ എൻ. ഗോവിന്ദപ്പിള്ള അവർകൾക്കും എന്റെ വ്യാഖ്യാനത്തെ വേണ്ടവിധം പരിശോധിച്ചു വന്ദ്യപുരുഷനുമായ പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരി അവർകൾക്കും ഞാൻ എന്നും കടപ്പെട്ടവനായിരിക്കുന്നു. അച്ചടിജോലിയിൽ കൃത്യനിഷ്ഠചെയ്ത് ഈ പുസ്തകം വേഗം പൂർത്തിയാക്കിയ ശ്രീമാൻ എം മുത്തുസ്വാമിറെഡ്യാരോട് എനിക്കുള്ള കൃതജ്ഞതയേയും ഇവിടെ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഈ വ്യാഖ്യാനവിഷയത്തിൽ വന്നിട്ടുള്ള സകല തെറ്റുകളെയും ക്ഷമിക്കുന്നതിനായി മഹാജനങ്ങളോട് ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു,

ശ്ലോകം.

ഏവംമന്ദധിയാമയാവിരചിതം വ്യാഖ്യാനമജ്ഞാനിനാം
ശ്രീവൈദ്യേശ്വർപാരിജാതകഥിതൈകാർത്ഥാപ്തയേപ്രായശഃ
ടസ്സാധസ്സുധിയാഞ്ചതൽഘടിസവ്വാർത്ഥപ്രമാണപ്രമാ
തൽസ്പാലിത്യമിഹാസ്തിചേത്സമളശസ്സന്തോവദന്ത്വസ്മടം,

കണ്ണാരം കുന്നി എൻ.
ചെറിയനാട്ട്,

എന്ന് മഹാജനവിധേയൻ,
എൻ. പുരുഷോത്തമൻപോറ്റി.

# വിഷയാനുക്രമണിക.

---

## ഒന്നാം അദ്ധ്യായം.


1. ഗ്രന്ഥപ്രാരംഭം
2. വ്യാഖ്യാതൃമംഗളം
3. ഗ്രന്ഥകാരമംഗളം
4. രാശിചക്രവിധി
5. മേഷാദിരാശിനാമങ്ങൾ
6. കാലപുരുഷന്റെ അംഗം
7. രാശിസ്വരൂപം
8. രാശിസ്ഥലവിഭാഗം
9. രാശിദീർഘ്രഹ്രസഭേദം
10. രാശിബലാബലഭേദം
11. രാശികളുടെ ധാതുമൂലജീവഭേദങ്ങൾ
12. ബ്രാഹ്മണാദിവിഭാഗം
13. രാശിവർണ്ണങ്ങൾ
14. രാശിയുടെ നാഥന്മാർ
15. മൂലത്രികോണം ഉച്ചം നീചം
16. സപ്തമാംശം ത്രികോണം നവാംശം
17. ദശമാംശം ഷോഡഷാംശം ത്രിംശാംശം
18. ഷഷ്ട്യംശം
19. വൈശേഷികാംശം (ഉത്തമാദി)
20. ലഗ്നാദി ദ്വാദശാന്തഭാവപര്യായങ്ങൾ
21. കേന്ദ്രപണപരാപോക്ലിമങ്ങൾ
22. ഉപചയം അപചയം
23. രാശിമാനം (കണക്ക്)
24. രാശിമൃത്യുഭാഗങ്ങൾ
25. രാശികൾക്കുള്ള ദേശങ്ങൾ


## രണ്ടാം അദ്ധ്യായം.


1. കാലപുരുഷാവയവം
2. സൂര്യാദിപര്യായം
3. ഉപഗ്രഹങ്ങൾ

4. സൂര്യാദിവർണ്ണഭേദം
5. ദീപ്താദി അവസ്ഥാഭേദം
6. സൂര്യാദികൾക്കുള്ള ദേശാധിപത്യം
7. ടി സ്ത്രീപുരുഷഭേദം
8. ടി ദൃഷ്ടിക്രമം
9. ടി ദൃഷ്ടിവ്യത്യാസം (നോട്ടം)
10. ടി ബലാബലഭേദം
11. ടി വിശേഷസ്ഥാനബലം
12. ടി ജ്യോതിശ്ചക്രത്തിൽ ഗ്രഹസ്ഥിതിക്രമം
13. ശത്രുബന്ധുമധ്യമഭേദം
14. ബാധാനിരൂപണം
15. ഗ്രഹങ്ങളെക്കൊണ്ടു ചിന്തിയ്ക്കേണ്ടുന്നവ
16. ലഗ്നാദികാരകന്മാർ
17. സൂര്യാദികളുടെ ദേഹസ്ഥിതി
18. സൂര്യാദികളെക്കൊണ്ടുചിന്തിക്കേണ്ടുന്ന രോഗഭേദങ്ങൾ

## മൂന്നാം അദ്ധ്യായം.

1. വിയോനിജന്മം
2. ആധാനലക്ഷണം
3. ആധാനാഹ്നദിവസങ്ങൾ
4. പുരുഷപ്രജ്ഞായോഗം
5. സ്ത്രീപ്രജ്ഞായോഗം
6. ക്ലീബയോഗം
7. പ്രസവലക്ഷണം
8. ജ്വാരപൂർവ്വലക്ഷണം
9. പ്രസവസ്ഥലഭേദം
10. പ്രസവഭവനലക്ഷണം
11. ജന്മകാലപരിജ്ഞാനം

## നാലാം അദ്ധ്യായം.

1. ബാലാരിഷ്ടാലക്ഷണം
2. ബാലമൃതിയോഗം
3. ഗർഭിണീമൃതിയോഗം
4. സുഖപ്രസവയോഗം
5. സദ്യോമൃതിയോഗം

6. ശീതരശ്മിയോഗം
7. ആയുർവിഭാഗം
8. അരിഷ്ടഭംഗയോഗം
9. മധ്യായുർയോഗം
10. ദീർഘായുർയോഗം
11. അമിതായുർയോഗം
12. ദിവ്യായുർയോഗം

## അഞ്ചാം അദ്ധ്യായം.

1 ആയുർദ്ദായം
2 ആയുർവിഭാഗങ്ങൾ

## ആറാം അദ്ധ്യായം.

1. ജാതകഭംഗം
2. രേകായോഗം
3. രേകായോഗഫലം
4. ദാരിദ്ര്യയോഗവും ഫലവും
5. പ്രേഷ്യയോഗവും ഫലവും
6. അംഗഹീനയോഗം
7. രോഗയോഗങ്ങൾ

## ഏഴാം അദ്ധ്യായം.

1. രാജയോഗങ്ങൾ
2. നീചഭംഗയോഗം
3. പഞ്ചമഹാപുരുഷയോഗലക്ഷണവും ഫലവും
4. ഇന്ദ്രയോഗവും ഫലവും
5. മരുദ്യോഗവും ഫലവും
6. ബുധയോഗവും ഫലവും
7. അഖണ്ഡസാമ്രാജ്യയോഗം
8. കേമദ്രുമയോഗവും ഫലവും
9. സുനഫാദി നാ യോഗവും കേമദ്രുമവും
10. കേമദ്രുമയോഗാപവാദം
11. സുനഫാനഫാധുരധുരായോഗങ്ങളും ഫലവും
12. ശകടയോഗവും ഫലവും
13. അധമാദിയോഗവും ഫലവും
14. ചന്ദ്രാധിയോഗവും ഫലവും

15. ലഗ്നാധിയോഗവും ഫലവും
16. ശുക്രകേസരിയോഗവും ഫലവും
17. അമലായോഗം
18. പർവ്വതയോഗവും ഫലവും
19. കാഹളയോഗം
20. മാലികായോഗം
21. ചാമരം ശംഖം മൃദംഗം ഭേരി മത്സ്യം മുതലായ യോഗങ്ങൾ
22. അവതാരയോഗം
23. ഹരിഹരബ്രഹ്മയോഗങ്ങൾ
24. നാഭസാദിവിംശതിയോഗങ്ങൾ

## എട്ടാം അദ്ധ്യായം.

1. മേഷാദിരാശിസ്ഥിതിഫലം
2. ദ്വിഗ്രഹത്രിഗ്രഹാദിയോഗഫലം
3. ലഗ്നാദി ദ്വാദശഭാവഫലം
4. ഉച്ചരാശിഫലം
5. മൂലത്രികോണഫലം
6. സ്വക്ഷേത്രസ്ഥിതിഫലം
7. ശത്രുക്ഷേത്രസ്ഥിതിഫലം
8. നീചരാശിസ്ഥിതിഫലം

## ഒൻപതാം അദ്ധ്യായം.

1. ഗ്രഹസ്ഥിതിഫലം
2. പ്രഭവാദിഷഷ്ടിസംവത്സരഫലം
3. അയനഫലം
4. മാസഫലം (ചൈത്രാദി)
5. ഋതുഫലം
6. പക്ഷഫലം കാലഫലം വാരഫലം തിഥിഫലം
7. നക്ഷത്രനാമങ്ങൾ
8. ജ്യേഷ്ഠാദോഷം മൂലാദോഷം ആശ്ലേഷദോഷം
9. ഗണ്ഡാന്തം യോഗദോഷം
10. രാശ്യംശകഫലം
11. കരണഫലം
12. ലഗ്നഫലം
13. ഹോരാഫലം

14. ദ്രേക്കാണഭേദം ടി ഫലം
15. നവാംശദ്വാദശാംശത്രിംശാംശഫലങ്ങൾ
16. വേളാഫലം
17. കാലഹോരാഫലം

## പത്താം അദ്ധ്യായം.

.. അഷ്ടകവർഗ്ഗവും ശോധനാദികളും

## പതിനൊന്നാം അദ്ധ്യായം.

.. ലഗ്നം ദ്വിതീയം ഇവയുടെ ഫലങ്ങൾ

## പന്ത്രണ്ടാം അദ്ധ്യായം.

.. തൃതീയചതുർത്ഥഭാവഫലങ്ങൾ

## പതിമൂന്നാം അദ്ധ്യായം.

.. പഞ്ചമഷഷ്ഠഭാവഫലങ്ങൾ

## പതിന്നാലാം അദ്ധ്യായം.

.. സപ്തമാഷ്ടമനവമഭാവഫലങ്ങൾ

## പതിനഞ്ചാം അദ്ധ്യായം.

1. ദശമഭാവഫലം
2. സന്ന്യാസയോഗം
3. പ്രവ്രജ്യായോഗം
4. കർമ്മാജ്ജീവം
5. ഏകാദശഭാവഫലം
6. ദ്വാദശഭാവഫലം

## പതിനാറാം അദ്ധ്യായം.

1. സ്ത്രീജാതകം
2. ത്രിംശാംശഫലം
3. ഭർത്തൃലക്ഷണം

## പതിനേഴാം അദ്ധ്യായം.

1. കാലചക്രദശ

# പതിനെട്ടാം അദ്ധ്യായം.

1. നക്ഷത്രദശാഫലങ്ങൾ
2. അപഹാരങ്ങളും ഫലങ്ങളും.

വിഷയാനുക്രമണിക രീർഘിക്കുമെന്നു കരുതിയിട്ട് ഈ ഗ്രന്ഥത്തിൽ ഉള്ള പ്രധാന ഭാഗങ്ങളെ മാത്രമെ ഇവിടെ ചേർത്തിട്ടുള്ളൂ.



# ശുദ്ധപത്രം.

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 4 | 16 | ക്രിയാഭ്യാഃ | ക്രിയാദ്ഭ്യാഃ |
| 32 | 3 | യഭി | യദി |
| 36 | 17 | കന്നശ്ച | കരശ്ച |
| 39 | 16 | ചപലഃ | ചപലഃ |
| 47 | 24 | സ്ഥരു | സ്ഥലെ |
| 55 | 16 | യുഗ്മാശ്ച | യുഗ്മാശ്ച |
| 59 | 1 | തോദ്ധി | തദ്ധി |
| 60 | 1 | പിതൃണ്ണാ | പിതൃർണ്ണാ |
| 62 | 28 | നപാത്മ | നവാത്മ |
| 97 | 1 | വെച്ചിരിക്കുന്ന | വെച്ചിരിക്കുന്നതിനോ |
| 114 | 8 | രാന്ത്യാ | രാദിത്യാ |
| 115 | 19 | പിബലെ | വിബലെ |
| 124 | 28 | വഗ്ഗുളെ | വഗ്ഗുഗെ |
| 126 | 2 | ദ്രെഖാഃ | ദ്രെകാഃ |
| ടി | 18 | നാന്തി | നായും |
| 135 | 9 | മകൻ | പകൽ |
| 138 | 7 | ഭ്രഷ്കോ | ദൂഷ്കോ |
| 152 | 18 | പന്ത്യാ | പത്ന്യാ |
| ടി | 19 | ദ്ഭൂന | ഭ്രൂന |
| 159 | 15 | ഗ്രഹങ്ങൾ | ഗ്രഹങ്ങൾ നീചത്തിൽ |
| 164 | 7 | പുത്രോഭ | പുത്രോദ |
| 183 | 11 | ന്ദുസിതെ | ന്ദുസുതെ |
| 185 | 20 | നിന്നു് | നിന്നാൽ |
| 197 | 1 | ഫലം | ഹലം |
| 199 | 30 | വ്യാഗ | വ്യംഗ |
| 203 | 6 | സപന്ത്യ | സപത്നാ |
| ടി | 19 | യൌഷ | പ്രൌഷ |
| 215 | 16 | ശ്വാപ്രേ | ശ്വാപ്രേ |
| 216 | 5 | രസ്ത്രീ | രശ്രീ |
| 225 | 13 | കോപവും | കോപവും ഉള്ളവനായും |
| 227 | 16 | ടണ്ഡ | ദണ്ഡ |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 228 | 7 | വിഷാദ | വിഷാദശീല |
| 24ം | 7 | കാലത്തിൽ | കാലത്തിൽ ജനിച്ചവൻ |
| 256 | 18 | ഷ്യാതതൊ | ഷൂടിതൊ |
| 259 | 17 | ത്തിൽ | ത്തിൽനിന്നു |
| 266 | 11 | ക്രീംസ്ഥ | കിംസ്ഥ |
| 283 | 11 | ആറ | തൊണ്ണൂറിആറു |
| 286 | 16 | മാന്ധാടി | മാന്ധാടി |
| 293 | 6 | യാരം | യാൻ |
| 294 | 27 | പ്പെട്ടതായ | പ്പെടേണ്ടതായ |
| 295 | 11 | പനായും | പ്പനായാലും |
| 296 | 8 | നവ | നപ |
| ടി | 9 | ഥായെ | ഥാഥേൽ |
| ടി | 27 | പാപി | വാപി |
| 297 | 14 | ഥത്തിന | ഥത്തിന്റെ |
| ടി | 19 | ത്തവാ | ത്തവഃ |
| 300 | 23 | മിത്ര | മത്ര |
| 306 | 11 | ധിപനഷ | ഉ-ാം ഭാവാധിപനംകൂടി |
| 307 | 8 | പ്രതൊ | പ്രഭ |
| ടി | 19 | കൂടിയാൽ | സഹോദരങ്കൽ നിന്നും ര-ാംഭാ- |
| 310 | 15 | ശ്രീപത്തേ | ശ്രീത്തെ (വാധിപനോടുകൂടിയാൽ |
| ടി | 31 | രോഗമോ | രോഗമുണ്ടാകയോ |
| ടി | 32 | വീഴാൻ | വീഴാനൊ |
| 313 | 17 | പതൊ | പതെയ |
| ടി | 31 | ശങ്ങളെ | ശങ്ങളിലെ |
| ടി | 32 | ഉണ്ടായാൽ | ഉണ്ടാകയോചെയ്താൽ |
| 314 | 21 | നില്ക്കയും | നില്ക്കയോ |
| 320 | 12 | യാപാപതി | യാവായുവതി |
| ടി | 30 | നോക്കുന്നതും | നോക്കുന്നതുമായ |
| 325 | 29 | പത്താം | മൂന്നാം |
| 327 | 9 | ണതെയ | ണടെയ |
| ടി | 15 | ഥകഠം | ഥകളും |
| ടി | 33 | ധിപൊ | ധിപെ |
| 328 | 9 | കാര | കാരി |
| 329 | 20 | രിക്കുന്ന | രിക്കും അതുപോലെ |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 333 | 13 | പുരാടി | ഗോപുരാടി |
| 347 | 4 | വിത്തവ | വിത്തപ |
| 348 | 13 | ചെയ്താൽ | ചെയ്തയും |
| 351 | 8 | മൂലാരം | മൂലാൽ |
| 352 | 5 | രണ്ടാംഭാ | അഞ്ചാംഭാ |
| 367 | 29 | സഹിതെ | സഹിതൊ |
| 368 | 23 | (ചന്ദ്രരാശി)ഏഴാമിടം | തെറ്റു് |
| 375 | 19 | ജാതകവും | ജാതകത്തിലും |
| 379 | 25 | കാരക | കാരണ |
| ടി | 27 | ലഗ്നാധിപൻ | തെറ്റു് |
| 385 | 7 | ഭാവാധിപനും | ഭാഗ്യാധിപൻ നില്ക്കുന്ന ഭാവാ- |
| ടി | 8 | വാചകൻ | പാചകൻ (ധിപനും |
| 392 | 18 | ബന്ധുവും | ബന്ധവും |
| 394 | 15 | ദുശ്ശീല | ദാനശീല |
| 397 | 23 | ക | കവ |
| 399 | 30 | സേവരാ | സെവാച്ചാ |
| 410 | 20 | ഇല്ലാത്തവനായും | ഉള്ളവനായും |
| 412 | 20 | യൊഗ | രേകായോഗ |
| 415 | 32 | ഒഴിവറ | ഒഴിയാതെ |
| 416 | 20 | നില്ക്കുനവ്നു് | നില്ക്കുന്ന ഭാവത്തിനു |
| 418 | 30 | തിയ്യണം | യിരിക്കും |
| 460 | 17 | സ്ഥഷ്ടാം | സ്പഷ്ടാം |
| 493 | 13 | രാസ്യ | രാശി |

# ജാതകപാരിജാതം.

'ദൈവജ്ഞഹൃദ്ഭൂഷണം' എന്ന

ഭാഷാവ്യാഖ്യാനത്തോടു കൂടിയത്.

---

## ഒന്നാം അദ്ധ്യായം.

---

ഹരിശ്രീഗണപതയെനമഃ.

വ്യാഖ്യാതൃമംഗളം.

വിശ്വബ്രഹ്മാണ്ഡസൃഷ്ടിസ്ഥിതിഹരി ചതുരാക്കേന്ദുശിഖ്യക്ഷിലീലാ
വിധപസ്ഥാരാതിഹൃഷ്യൽബുധതതിനുതഗ്രഹ്വച്ഛകാലാത്മശക്തേ
ഭക്തോന്തർധ്വാന്തസംഹൃത്യവഹിമകരനപംപൂഷ്ണചാപാരിജാതേ
സവ്യാത്ഥാപ്പൈച്ചഭജേഹംഭഗവതി! ഭവസി സ്ഥൂപ്പവംതപ്പട്ടാബ്ജം.

ശ്രീവൈദ്യനാഥകൃതജാതകപാരിജാത
ശാസ്ത്രസ്യചാരുതരകേരളഭാഷയാഹം
ദൈവജ്ഞഹൃദ്ഭൂഷണമാഹ്വയമാതനോമി
വ്യാഖ്യാനമദ്യഹരുനാഥദയാസഹായഃ.

—:*:—

മൂലം —ശ്രീകാന്താജശിവസ്വരൂപമമരജ്യോതിർഗ്ഗണസ്വാമിനം
മായാതീതമശേഷജീവജഗതാമീശംദിനേശംരവിം
നത്വാഗ്ഗുപ്രരാശാദിരചിതംസംഗൃഹ്യഹോരാഫലം
വക്ഷ്യേജാതകപാരിജാതമഖിലജ്യോതിർവ്വിദാംപ്രീതയേ. ൧

വ്യാഖ്യാനം—തത്ര ഭവാൻ വൈദ്യനാഥകവി ജാതകഫലത്തെ വിവരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ അവിഘ്നപരിസമാപ്തിക്കായിക്കൊണ്ടു നവഗ്രഹനാഥനും ഇഷ്ടദേവതയുമായ സൂര്യഭഗവാനെ സ്തുതിക്കുന്നു.—ഞാൻ ബ്രഹ്മാവിഷ്ണുശിവസ്വരൂപനും അമരന്മാരുടെയും നക്ഷത്രാദി ജ്യോതിർഗ്ഗണങ്ങളുടെയും നാഥനും, മായാതീതനും സർവ്വജീവികർത്താവും ത്രൈലോക്യങ്ങൾക്കും നാഥനും ദിനകരനും ആയ രവിയെ നമസ്കരിച്ചിട്ട് ഗർഗ്ഗൻ പരാശരൻ മുതലായ മഹർഷികളാൽ കൃതമായ ഹോരാഫലത്തെ സംഗ്രഹിച്ചു സർവ്വജ്യോതിഷികളുടേയും പ്രീതിക്കാ

നിക്കൊണ്ടു ജാതകപാരിജാതകമെന്ന ഗ്രന്ഥത്തെ നിർമ്മിക്കാൻ ഭാവിക്കുന്നു.

മൂ— ഭരദ്വാജകുലോത്ഭവസ്യ വിദുഷശ്ശ്രീവേങ്കടാദ്രേരിഹ
ജ്യോതിശ്ശാസ്ത്രവിശാരദസ്യ തനയശ്ശ്രീവൈദ്യനാഥസ്സുധീഃ
ഘോരാസാരസുധാരസജ്ഞവിബുധശ്രേണീമനഃപ്രീതയേ
രാശിസ്ഥാനനിരൂപണാദി സകലം വക്ഷ്യേ യഥാനക്രമം. ൨

വ്യാ— ഭരദ്വാജഗോത്രജാതനായി സർവ്വശാസ്ത്രജ്ഞനായി ജ്യോതിശ്ശാസ്ത്രപാരംഗതനായിരിക്കുന്ന വെങ്കിടേശ്വരാചാര്യരുടെ പുത്രനും ദൈവജ്ഞശിരോമണിയും വൈദ്യനാഥനാമാവുമായ ഞാൻ ഘോരാസാരമാകുന്ന അമൃതത്തിന്റെ പാനത്താൽ ആനന്ദിതന്മാരായിരിക്കുന്ന വിബുധന്മാരുടെ സന്തോഷത്തിനായിക്കൊണ്ടു രാശിസ്ഥാനനിരൂപണാദിയായിരിക്കുന്ന സകലത്തെയും യഥാക്രമം പറയാൻ തുടങ്ങുന്നു.

മൂ— പ്രണമ്യവന്ദാരുജനാഭിവന്ദ്യ
പദാരവിന്ദംരഘുനായകസ്യ
സംഗൃഹ്യസാരാവലിമുഖ്യതന്ത്രം
കരോമ്യഹംജാതകപാരിജാതം. ൩

വ്യാ— ഞാൻ ശ്രീരാമസ്വാമിയുടെ ഭക്തജനങ്ങളാൽ അഭിവാദനം ചെയ്യപ്പെടുന്നതായ പാദാരവിന്ദങ്ങളെ നമസ്കരിച്ചിട്ടു സാരാവലി മുതലായ ശാസ്ത്രങ്ങളിലെ സിദ്ധാന്തങ്ങളെ സംക്ഷേപിച്ചു ജാതകപാരിജാതകമെന്ന പേരാകുന്ന ഒരു ജ്യോതിശ്ശാസ്ത്രത്തെ നിർമ്മിക്കാൻ തുടങ്ങുന്നു.

മൂ— പഞ്ചപ്രാചീരാലിഖേൽബാണസംഖ്യാ
സ്തിസ്രോരേഖാവജ്രിതാന്തശ്ചതുഷ്കഃ
പ്രാഗാദീശാദ്വാദശവ്യോമവാസാ
ജ്യോതിശ്ചക്രസ്വാമിനസ്സ്യുഃരാശ്യാഃ. ൪

വ്യാ— ആദ്യം കിഴക്കുപടിഞ്ഞാറു് അഞ്ചു രേഖ (വര)കളും പിന്നീടു അതിന്മേൽ വിലങ്ങത്തിൽ അഞ്ചു രേഖകളും വരച്ചാൽ ആകെ കിട്ടുന്ന പന്ത്രണ്ടു ഖണ്ഡങ്ങളിൽ നടുവിലുള്ള നാലു രേഖകളെ തുടയ്ക്കുമ്പോൾ ക്രമേണ കിഴക്കുള്ള ഖണ്ഡം തുടങ്ങി കിട്ടുന്ന പന്ത്രണ്ടു ഖണ്ഡങ്ങളെ മേഷം മുതലായ പന്ത്രണ്ടു രാശികളെന്നു അറിയണം. ഇതുകളുടെ പര്യായങ്ങളെ ഇനിയും പറയുന്നു.

| | | | |
|---|---|---|---|
| മീനം<br>ഗുരു | മേടം<br>കുജൻ | ഇടവം<br>ശുക്രൻ | മിഥുനം<br>ബുധൻ |
| കുംഭം<br>ശനി | രാ | ശി | കർക്കടകം<br>ചന്ദ്രൻ |
| മകരം<br>ശനി | ഖ | ക്രം | ചിങ്ങം<br>സൂര്യൻ |
| ധനു<br>ഗുരു | വൃശ്ചികം<br>കുജൻ | തുലാം<br>ശുക്രൻ | കന്നി<br>ബുധൻ |

ഈ ചക്രത്തിൽ രാശികളുടെയും രാശിനാഥന്മാരുടെയും പേരുകളാണ് എഴുതിയിരിക്കുന്നത്.

മൂ— മേഷാജവിശപക്രിയതുമ്പരാദ്യാഃ
വൃഷ്പോക്ഷ്ണോരാവുരുഗോകുലാനി
ദ്വന്ദ്വാന്യയുഗ്മംജുതുമംയമഞ്ച
യുഗംതൃതീയംമിഥുനംവദന്തി. ൪

വ്യാ—മേഷം അജം വിശപം ക്രിയം തുമ്പരം ആദ്യം ഇവയും ആടിന്റെ പര്യായപദങ്ങളും മേടത്തിന്റെയും, വൃഷംഉക്ഷാവു ഗോവു താവുരി താവുരു ഗോകുലം ഇവയും കാളയുടെ പേരുകളും ഇടവത്തിന്റെയും, ദ്വന്ദ്വം ന്യുഗ്മം ജുതുമം യമം യുഗം തൃതീയം മിഥുനം ഇവ മിഥുനത്തിന്റെയും പേരുകളാകുന്നു.

മൂ— കുളീരകർക്കാടകകക്കടാഖ്യാഃ
കണ്ടീരവസ്സിംഹമൃഗേന്ദ്രലേയാഃ
പാർത്ഥോനകന്യാരമണീതരുണ്യ
സ്തുലീവണിഗ്ജ്ഞകതുലാധരാശ്ച. ൫

വ്യാ—കുളീരം കർക്കാടകം കർക്കടം കർക്കടകം കർക്കിടകം കർക്കം കടകം ഇവ കർക്കടകത്തിന്റെയും, കണ്ഠീരവം സിംഹം മൃഗേ

ന്തും ലേയം ഇതുകളും സിംഹത്തിന്റെ നാമങ്ങളും ചിങ്ങത്തിന്റെയും, പാദ്മാനം കന്യാ കന്യക രമണി തരുണി ഇവയും സ്വപാന്ത്യായങ്ങളും കന്നിയുടെയും, തൊലി വണിക്ക് ജൂകം തുലാധരം തുലാ ഇവ തുലാത്തിന്റെയും പേരുകളാകുന്നു.

മൂ — അളീഷ്ടമം വൃശ്ചികകോർപ്പികീടാ
ധനീധനുശ്ചാപശരാസനാനി
മൃഗോമൃഗാസ്യോമകരാസ്യനക്രാഃ
കുംഭോഘടസ്ഥായധരാഭിധാനാഃ. ൭

വ്യാ—അളി അഷ്ടമം വൃശ്ചികം കോർപ്പി കീടം ഇവ വൃശ്ചികത്തിന്റെയും, ധനി ധനുസ്സു ചാപം ശരാസനം തൈക്ഷികം അശ്രം ഛയാംഗം ഇവയും വില്ലിന്റെയും കുതിരയുടെയും പര്യായങ്ങളും ധനുസ്സിന്റെ പേരുകളും, മൃഗം മൃഗാസ്യം മകരാസ്യം നക്രം അകോകേരം ഇവ മകരത്തിന്റെയും കുംഭം ഘടം തോയധരം കലശം ഇവ കുംഭത്തിന്റെയും പേരുകളാകുന്നു.

മൂ— മീനാന്ത്യമത്സ്യപൃഥുരോമഝഷാവഭന്തി
ദസ്രാദികർക്ഷനവപാദയുതാഃക്രിയാദ്യാഃ
ചക്രസ്ഥിതാദ്ധിചരാദിനനാഥസംജ്ഞാ
ക്ഷേത്രർക്ഷരാശിഭവനാനിഭസംജ്ഞിതാനി. ൮

വ്യാ—മീനം അന്ത്യം മത്സ്യം പൃഥുരോമാവു ഝഷം ഇവയും മത്സ്യപര്യായങ്ങളും മീനത്തിന്റെയും നാമങ്ങളാകുന്നു. മേടം മുതൽ ഉള്ള രാശികൾ ഓരോന്നും അശ്വതിമുതൽ കാൽ കയുടെ പ്രഥമപാദം വരെ ഒൻപതിന്ത് നക്ഷത്രപാദങ്ങളോടുകൂടിയതുമാണു. അപ്പോൾ അശ്വതിമുതൽ രേവതിവരയുള്ള നാളുകളുടെ അംശങ്ങൾ ഒക്കെയും രണ്ടേകാൽ നക്ഷത്രങ്ങൾകൂടി മീനംരാശിയിൽ അവസാനിക്കയും ചെയ്യും. മുൻപറഞ്ഞ ഛ രാശികളിലും ഇനിയും മേൽ പറയാൻ പോകുന്നകൃമത്തിനു സൂര്യാദിഗ്രഹങ്ങൾ നാഥന്മാരാകുന്നു. ക്ഷേത്രം ഋക്ഷം രാശി ഭവനം ഭം ഇവയെല്ലാം മേഷാദിരാശികൾക്കു സാമാന്യേനയുള്ള പേരുകളാകുന്നു.

മൂ— കാലാത്മകസ്യ ചശിരോമുഖദേശവക്ഷോ
ഹൃൽകുക്ഷിഭാഗകടിവസ്തിരഹസ്യദേശാഃ
ഊരുദ്വയജ്ഞാനയുഗ്മം പരിതസ്തുജംഘേ
പാദദ്വയംക്രിയമുഖാവയവാഃക്രമേണ. ൯

വ്യാ—കാലപുരുഷന്റെ ശിരസ്സു മേടവും മുഖം ഇടവവും വക്ഷസ്സു മിഥുനവും ഹൃത്തു (മുലയ്ക്കു കീഴ്ഭാഗം) കർക്കടവും വയറു ചിങ്ങ

വും അരഞ്ഞെട്ടു കന്നിയും അടിവയറു തുലാവും ഗ്രന്ഥ്യം വൃശ്ചികവും ഉടകം ധനുസ്സും മുട്ടുകാൽ മകരവും കണങ്കാലുകാൽ കുംഭവും കാലടികാൽ മീനവുമാകുന്നു. (ഈ ക്രമത്തിനു ദൈവജ്ഞൻ പ്രഷ്ടാവിന്റെ അംഗനിർണ്ണയം ചെയ്യണം.)

മൂ— വ്യത്യസ്തോഭയപുച്ഛരമസ്തകയുതൌമീനൌസകുംഭോനര
സ്തുലീചാപധരസ്തുരംഗമുഖനോനക്രോമൃഗാസ്യോഭവേൽ
വീണാഢ്യംസഗദംന്യയുഗ്മമബലാനൌസ്ഥാസസസ്യാനലാ
ശേഷാസ്സ്വസ്വഗണാദിനാമസദൃശാസ്സ്വേസ്വദേശാശ്രയാഃ. ൧൦

വ്യാ—മീനംരാശി അന്യോന്യം വാലും തലയും പകർന്നിരിക്കുന്ന രണ്ടു മത്സ്യാകൃതിയും കുംഭംരാശി ചുമലിൽ ഒരു കുടം വഹിച്ചിരിക്കുന്ന ഒരു പുരുഷന്റെ ആകൃതിയും തുലാംരാശി കയ്യിൽ ഒരു തുലയെ (ത്രാസ്സു) ധരിക്കുന്ന ഒരു പുരുഷാകൃതിയും ധനുരാശിയുടെ പൂർവ്വാർദ്ധം (ആദ്യഭാഗം) വില്ലു ധരിച്ചിരിക്കുന്ന പുരുഷന്റെയും ഉത്തരാർദ്ധം കുതിരയുടെയും ആകൃതിയും മകരംരാശി മാനിന്റെ മുഖംപോലെയുള്ള മുഖവും മകരമത്സ്യമെന്ന ജലചരജന്തുവിന്റെ ആകൃതിയുമുള്ളതുംമിഥുനംരാശി ഗദാധാരിയായ പുരുഷനും വീണാധാരിണിയായ സ്ത്രീയുംകൂടിച്ചേർന്ന ആകൃതിയും ആകുന്നു. ശേഷമുള്ള മേടം ഇടവം കർക്കടകം ചിങ്ങം വൃശ്ചികം ഇതുകാൽ ക്രമേണ ആട്ട് കാള ഞണ്ട് സിംഹം തികള് ഇതുകളുടെ ആകൃതിയുമാണ്. ഇതുകാൽ ഒക്കയും തന്റെ തന്റെ ദേശങ്ങളെ ആശ്രയിച്ചിരിക്കയും ചെയ്യും. എങ്ങിനെയെന്നാൽ ജലചരങ്ങളായ മത്സ്യം ഞണ്ടു ഇവയുടെ ആകൃതിയായ മീനം കർക്കടകം ഈ രാശികാൽ ജലചരങ്ങളും ചിങ്ങം സിംഹാകൃതിയാകയാൽ വനചരവും മിഥുനം നരരാശിയാകയാൽ ഗൃഹരാശിയാണെന്നും ഇങ്ങിനെ ഓരോ ഭേദങ്ങളെ ഊഹിച്ചുകൊൾകയും വേണം.

മൂ— മേഷസ്യധാതുകരതാധരാതലംസ്യാ
ദുക്ഷ്ണസ്തുധാതുകൃഷിഗോകുലസാധനാനി
സ്ത്രീതക്രിയാരതിവിഹാരമഹീയുഗസ്യ
വാപീതടാകപുളിനാനികുളീരരാശേഃ. ൧൧

വ്യാ—മേടംരാശിക്കു ധാതുദ്രവ്യങ്ങളും (കാവി മനയോല മുതലായവ) സ്വർണ്ണം മുതലായ ലോഹങ്ങളും വിളയുന്ന സ്ഥലവും ഇടവത്തിനു മലഞ്ചരിവു (താഴ്വര) കൃഷിഭൂമിയും കൃഷിക്കാരും കൃഷിസാധനങ്ങളും ഉള്ള സ്ഥലവും മിഥുനത്തിനു ചൂതുകളി സംഭോഗം കളിക്കുവാനുള്ളിടം മുതലായവയും കർക്കടകത്തിനു കുളം പൊയ്ക നീരൊഴുക്കിണറു മുതലായ ജലാശയസ്ഥാനങ്ങളുമാകുന്നു.

മൂ— കണ്ടീരവസ്യാംഘ്രിനഗൈശലഗ്രഹാവനാനി
ഷഷ്ഠസ്യശാഡ്വലവധൂരതി ശില്പഭൂമിഃ
സപ്താത്മസാധുപുരപണ്യമഹീതുലായാഃ
കീടസ്യചാശുവിഷകീടവിലപ്രധാനാഃ. ൧൨

വ്യാ—ചിങ്ങത്തിന്റെ പർവ്വതം (മല) പുറ്റ് ഗ്രഹ (ചാണി) വനങ്ങൾ. കന്നിക്ക് പച്ചപ്പുല്ല് നിറഞ്ഞ സ്ഥലവും സംഭോഗയോഗ്യ സ്ഥലവും മനോഹരമായ സ്ഥലവും തുലാത്തിന്റെ എല്ലാ വസ്തുക്കളും ഉള്ള സ്ഥലവും കൃഷിഭൂമിയും ജനവാസമുള്ളതും ചന്ത തെരുവ് മുതലായ സ്ഥലങ്ങളും വൃശ്ചികത്തിന് കല്ലുകളും സർപ്പങ്ങളും വിഷവസ്തുക്കളും പുനം (മുനമ്പ്) മുതലായവയുള്ള സ്ഥലവും ആകുന്നു.

മൂ— ചാപസ്യവാജിരഥവാരണ വാസഭൂമി
രേണാനനസ്യസരിദംബുവനപ്രദേശാഃ
കുംഭസ്യതോയഘടഭാണ ഗൃഹസ്ഥലാനി
മീനാധിവാസസരിദംബുധിതോയരാശിഃ. ൧൩

വ്യാ—ധനുരാശിക്ക് ആന തേരു കുതിര മുതലായവയുള്ള സ്ഥലവും മകരത്തിന്റെ നദി കായല് സമുദ്രം മുതലായ ജലാശയസ്ഥലവും കുംഭത്തിന്റെ വെള്ളം കലം കുടം ഇത്യാദികൾ ഉണ്ടാക്കുന്ന സ്ഥലം ഇഷ്ടിക ചുടുന്ന സ്ഥലം ഇവയും മീനത്തിന്റെ ചോല പൊയ്ക ആറ് വി മുതലായ സ്ഥലവുമാകുന്നു.

മൂ— ഹ്രസ്വാഗോജംഘടാസ്സുമാമൃഗന്യയുക് ചാപാന്ത്യകക്കാടകാ
ദീഷ്വാവൃശ്ചികകന്യകാവഹരിതുലാമേഷാദിപുംയോഷിതൌ
പ്രാഗാദിക്രിയഗോന്യയുക്കടകഭാന്യേതാനികോണാനിതാ-
ന്യാഹുഃ ക്രൂരശുഭൌചരസ്ഥിരതരദ്വന്ദ്വാനിതാനിക്രമാൽ. ൧൪

വ്യാ—മേടം ഇടവം കുംഭം ഇവ ഹ്രസ്വരാശികളും മിഥുനം കർക്കടകം ധനുസ്സ് മകരം മീനം ഇവ സമരാശികളും ചിങ്ങം കന്നി തുലാം വൃശ്ചികം ഇവ ദീർഘരാശികളും ആകുന്നു. ഇവിടെ സാരാവലിയിൽ ഹ്രസ്വാസ്ഥിമിഗോജംഘടാ എന്നുണ്ടാകയാൽ ആ പക്ഷത്തിൽ മീനംരാശി ഹ്രസ്വമാണെന്നും അറിഞ്ഞുകൊൾക. മേടം പുരുഷരാശിയും ഇടവം സ്ത്രീരാശിയും ഇങ്ങനെ മിഥുനാദിമീനപര്യന്തം പുംസ്ത്രീരാശികളാകുന്നു. കിഴക്കുതുടങ്ങി മേടം ചിങ്ങം ധനുസ്സ് ഇവ ത്രികോണരാശികളും ഇങ്ങനെ മറ്റുള്ളവയേയും വൃഷഭ കന്നി മകരം മിഥുനം തുലാം കുംഭംകർക്കടം വൃശ്ചികം മീനം ഇങ്ങനെ ത്രികോണസംജ്ഞകളുമാകുന്നു. മേടം ക്രൂരരാശിയും ഇടവം സൌമ്യരാശിയും ഇവ ക്രമത്തിൽ ക്രമേണ ക്രൂരം സൌമ്യം എന്നും. മേടം ചരരാശിയും ഇടവം സ്ഥിരരാ

ശിയും മിഥുനം ദ്വന്ദ്വരാശിയും ഇങ്ങനെ മുമ്മൂന്ന രാശികൾ ച്ര സ്ഥിരദ്വന്ദ്വങ്ങളായും വരുന്നു. അതിനെ ഒന്നുകൂടി സ്പഷ്ടപ്പെടുത്താം. മേടം കർക്കടകം തുലാം മകരം ചരരാശികളും ഇടവം ചിങ്ങം വൃശ്ചികം കുംഭം സ്ഥിരങ്ങളും മിഥുനം കന്നി ധനുസ്സ് മീനം ദ്വന്ദ്വങ്ങളും (ഉഭയങ്ങളും) ആകുന്നു.

മൂ— വീയ്യോപേതാനിശിവ്യുഷ്ന്യയുക്കക്കിച്ചാപാജനക്രാ
ഹിതപ്രായുശ്ചംഭവേനമപരേ പൂഷ്ണുപൂർവ്വോദയാശ്ച
ശേഷാശ്ശീഘ്രോദയർദിനബലാശേ ശ്രുത്യുതാരാശയസ്തേ
മീനാകാരംദ്വയമുഭയതഃ കാലലഗ്നംവദന്തി. ൬൫

വ്യാ— ഇടവം മിഥുനം കർക്കടകം ധനുസ്സു മേടം മകരം ഇവ പകൽ ബലമുള്ളവയും ഇടവം കർക്കടകം ധനുസ്സ് മേടം മകരം ഇവ പൂർവ്വോദയങ്ങളും ശേഷം രാശികൾ രാത്രിബലമുള്ളവയും വൃശ്ചികം കന്നി തുലാം കുംഭം ഇവ ശീഘ്രോദയങ്ങളും മീനംരാശി ചൊവ്വും തുലയുംചേർന്നു ഉദിക്കുന്നതുമാകുന്നു.

മൂ— മീനാളികർക്കടമൃഗാസ്സലിലാഭിധാനാ
സ്ത്രായാശ്രയാംബുവധൂയുഗഗോപസംജ്ഞാഃ
നിസ്ത്രായഭ്രാതലഭരാഃ ക്രിയതൗലിചാപ
കന്യീരവാശ്വബഹവഃ പ്രവദന്തിസന്തഃ ൬൬

വ്യാ— മീനം വൃശ്ചികം കർക്കടകം മകരാന്ത്യർദ്ധം ഇവ ജലർരാശികളും കുംഭം കന്നി മിഥുനം ഇടവം ഇവ ജലാശ്രയരാശികളും മേടം തുലാം ധനുസ്സ് ചിങ്ങം ഇവ സ്ഥലരാശികളുമാകുന്നു.

മൂ— ചാപപരാർദ്ധമൃഗതിഗോമകരാദിമേഷാ
മാനസ്ഥിതാബലയുതാശ്ചതുഷ്പദാപ്യോഃ
കന്യാന്ത്യയുഗ്മഘടതൗലിശരാസനാദ്യാ
ലഗ്നാനിതാബലയുതാശ്ചനരാദിപാദാഃ. ൬൭

വ്യാ— ധനുസ്സിന്റെ അന്ത്യാർദ്ധം ചിങ്ങം ഇടവം മകരം രാശിയുടെ ആദ്യാർദ്ധം മേടം ഇവ ചതുഷ്പദരാശികളും പത്താമിടത്തു (തെക്കേടിക്കിൽ) ബലമുള്ളവയും കന്നി മിഥുനം കുംഭം തുലാം ധനുസ്സിന്റെ പൂർവ്വാർദ്ധം ഇവ ലഗ്നത്തിൽ ബലമുള്ളവയും (കിഴക്കേടിക്കിൽ) നരരാശികളും ദ്വിപാദരാശികളുമാകുന്നു.

മൂ— മൃഗാപരാർദ്ധാന്ത്യകുളീരസംജ്ഞാ
ജലാഭിധാനാബലിനശ്ചതുർത്ഥേ

ജലാശ്രയോവൃശ്ചികനാമധേയ
സ്സസപ്തമസ്ഥാനഗതോബലീയാൻ. ൧൯

വ്യാ—. മകരാന്ത്യാർദ്ധം കർക്കടം ഇവ ജലരാശികളും നാലാമിടത്തു (വടക്കേടിക്കിൽ) ബലമുള്ളവയും വൃശ്ചികം ജലാശ്രയരാശിയും ഏഴാമിടത്തു (പടിഞ്ഞാറേ ടിക്കിൽ) ബലമുള്ളതുമാകുന്നു.

മൂ—കേന്ദ്രംഗതോഹ്യദിപദോബലാഢ്യ
ശ്ചതുഷ്പദഃ കേന്ദ്രഗതോരജനീം
കീടാദിസർവ്വേയടികണ്ടകസ്ഥാ
സ്സമാദയേവീര്യയുതാഭവന്തി. ൨൦

വ്യാ—കേന്ദ്രസ്ഥാനഗതങ്ങളായ ദ്വിപരാശികൾക്കു പകലും തൽഗതങ്ങളായ ചതുഷ്പാദരാശികൾക്കു രാത്രിയിലും പൂർണ്ണബലമുണ്ട്. കർക്കടകം വൃശ്ചികം മീനം ഇവ സമരാശികളും ഇവയ്ക്കു കേന്ദ്രങ്ങളിൽ രണ്ടു സന്ധ്യകളിലും ബലവത്വമുണ്ട്.

മൂ— ധാതുർമ്മൂലംജീവമിത്യാഹുരാര്യാ
മേഷാദീനാമോജയുഗ്മേതരൈവ
സ്വർണ്ണംധാതുർമ്മൃത്തികാന്തഃസ്തൃണാന്താ
വൃക്ഷാംമൂലംജീവകൂടസ്സജീവാഃ. ൨൧

വ്യാ—മേഷാദിമുന്നൂരാശികൾക്കു ധാതുരാശി മൂലരാശി ജീവരാശി എന്നിങ്ങനെ ക്രമത്തിനു സംജ്ഞകളും അതുപോലെ ഈ രണ്ടു രാശികൾക്കു ഓജം യുഗ്മം എന്നാം പേരുണ്ട്. സ്വർണ്ണംമുതൽ മണ്ണുവരെയുള്ള വസ്തുക്കൾ ധാതുദ്രവ്യങ്ങളും വൃക്ഷംമുതൽ തൃണങ്ങൾവരെയുള്ളവ മൂലദ്രവ്യങ്ങളും മനുഷ്യർമുതലായ ദ്വിപാത്തുകളും പശ്വാദ്യഷ്ടി ചതുഷ്പാത്തുകളും ജീവദ്രവ്യങ്ങളുമാണ്.

മൂ— മീനാളിവൃഷഭാവിപ്രാ ശ്ചാപാജൂഹരയോന്യപാഃ
കുംഭയുഗ്മതുലാവൈശ്യാ ശ്ശൂദ്രാസ്സിംഹകർക്കടാഃ. ൨൨

വ്യാ—ഇടവം വൃശ്ചികം മീനം ഇവ ബ്രാഹ്മണരാശികളും ധനുസ്സു മേടം സിംഹം ഇവ ക്ഷത്രിയരാശികളും കുംഭം മിഥുനം തുലാം ഇവ വൈശ്യരാശികളും കന്നി മകരം കർക്കടകം ഇവ ശൂദ്രരാശികളുമാകുന്നു. ഇവിടെ കർക്കടവൃശ്ചികമീനങ്ങൾ വിപ്രനും വൃഷഭകന്നിമകരങ്ങൾ വൈശ്യനും മിഥുനതുലാകുംഭങ്ങൾ ശൂദ്രനും എന്ന പക്ഷാന്തരവുമുണ്ട്.

മൂ— മഹാനിശാസന്ധ്യാഃ ക്രിയതോമൃഗേന്ദ്രാ
മല്ല്യന്ധിനേകർക്കടയുഗ്മകന്യാഃ

പൂർവ്വാഹ്നകാലേബുധിരെതുലാളീ
ധനുഃമീനാസ്യുശ്ചതഥാപരാഹ്നേ. ൨൨

വ്യാ—മേടം ഇടവം ചിങ്ങം ഇവ അർദ്ധരാത്രത്തിലും കർക്കടം മിഥുനം കന്നി ഇവ മദ്ധ്യാഹ്നത്തിലും കണ്ണുകാണാത്തവയും തുലാം വൃശ്ചികം ഇവ പ്രാഹ്നകാലത്തിലും (ഉദയാദി പത്തുനാഴികവരെ) ധനുസ്സും മകരവും അപരാഹ്നത്തിലും (പത്തുനാഴികമുതൽ അസ്തമയംവരെ) ചെവി കേൾക്കാത്തവയുമാകുന്നു.

മൂ— മൃഗാനനശ്വാപധരശ്വപംക്തി
സ്സന്ധിദ്വയേനാശകരുഭയേതാം
സ്യാദ്ഭക്ഷസന്ധിഃ കടകാളിമീനാ
ഭാന്തം പ്രഗണ്ഡാന്തമിതിപ്രസിദ്ധം. ൨൩

വ്യാ—മകരവും ധനുസ്സും പംക്തിക്കളും (മുടന്തന്മാർ) അതുകളിടെ സന്ധിഭാഗങ്ങൾ ദോഷപ്രദങ്ങളും കർക്കടം വൃശ്ചികം മീനം ഈ രാശികളിടെ അന്ത്യനവാംശം ഭക്ഷസന്ധി എന്ന പേരുള്ളതും അത് ഗണ്ഡാന്തമെന്ന് അറിയപ്പെടുകയും ചെയ്യുന്നു.

മൂ— രക്തഃശ്വേതശ്ശുകകാന്തി പാടലാഃ
പാണ്ഡുചിത്രരുചിരനീലകാഞ്ചനാഃ
പിംഗളശ്ശുബലബഭ്രു പാണ്ഡരാ
ഭ്രുഭരാദിഭവനോദ്ഭുകല്പിതാഃ. ൨൪

വ്യാ—മേടം രക്തവർണ്ണവും ഇടവം വെളുത്തതും മിഥുനം പച്ചക്കിളിയുടെ നിറവും കർക്കടം വെള്ളയും ചുവപ്പും ചേർന്ന നിറവും ചിങ്ങം മങ്ങിയ വെള്ളനിറവും കന്നി നാനാവർണ്ണവും തുലാം കറുപ്പുനിറവും വൃശ്ചികം പൊൻനിറവും ധനുസ്സു മഞ്ഞനിറവും മകരം കർബുരവർണ്ണവും കുംഭം കീരിയുടെ നിറവും (തവിട്ടുനിറം) മീനം വെള്ളനിറവുമാകുന്നു.

മൂ— വസ്ത്ര്യാദ്ര്യംശാലിമുഖ്യം വനഫലനിചയഃ കന്ദളീമുഖ്യധാന്യ
താക്ഷാരംമൂൽഗപൂർവ്വം തിലപനസമുഖം ചേക്ഷുലോഹാദികഞ്ച
ശസ്ത്രാശ്വാംഗനാഖനാദ്ര്യംബുജനികുസുമംതോയജാതംസമസ്തം
ദ്രവ്യാണ്യാഹുഃക്രിയാദിഷ്വബലബലയുതേസപ്തതാധിക്യഭാജി. ൨൫

വ്യാ—മേടം രാശിക്കു മുണ്ടു് പുതപ്പു പട്ടു മുതലായവയും ഇടവത്തിനു നെല്ലു തിന മുതലായവയും മിഥുനത്തിനു കാട്ടിലുണ്ടാകുന്ന കായ്കളും കർക്കടകത്തിനു കുമിള് ധാന്യങ്ങൾ ഇവയും ചിങ്ങത്തിനു് തൊലിക്കു കൂട്ടിയുള്ള സാധനങ്ങളും (വൃക്ഷം മുതലായവ) കന്നിക്കു ഉഴുന്നു

മുതിര മുതലായ ധാന്യങ്ങളും തുലാത്തിനു വിള്ളു് ചാമ മുതലായവയും വൃശ്ചികത്തിനു കരിമ്പു ഇരുമ്പുതുടങ്ങിയ ലോഹങ്ങളും ധനുസ്സിനു ആയുധങ്ങൾ കുതിര ഇവയും മകരത്തിനു സ്വർണ്ണം ചെമ്പു് ചുവന്ന കല്ലു മുതലായവയും കുംഭത്തിനു ആമ്പൽപൂവു് താമരപ്പൂവു് മുതലായ ജലജവസ്തുക്കളും മീനത്തിനു് വെള്ളത്തിൽ ഉണ്ടാകുന്ന വിള്ളാ വസ്തുക്കളും ദ്രവ്യങ്ങളാകുന്നു. ഇവയെ രാശികളുടെ ബലാബലങ്ങളിൽ കൂടുതൽകുറവായിരിപ്പുറയണം.

മൂ— ധരാജുശുക്രജ്ഞശശിനാസൌമ്യ
സിതാരജീവാക്കജുമന്ദജീവാഃ
ക്രമേണമേഷാദികരാശിനാഥാ
സ്തദ ശപാശ്ചേതിവദന്തിസന്തഃ. ൨൩

വ്യാ—മേഷാദിരാശികൾക്കു ക്രമേണ ചൊവ്വ ശുക്രൻ ബുധൻ ചന്ദ്രൻ സൂര്യൻ ബുധൻ ശുക്രൻ ചൊവ്വാ ഗുരു ശനി ശനി ഗുരു ഇവർ നാഥന്മാരാകുന്നു. (൧-ാംപുറത്തു രാശിചക്രം നോക്കുക) ഈ രാശികളിലുള്ള ഓരോ നവാംശകത്തിനും രാശ്യധിപന്മാർ തന്നെ നാഥന്മാരാകുന്നു.

മൂ— മൂലത്രികോണാംഹരിതാപുരിക്രിയാ
വധൂധനുസ്തുലിഘടാഃ ക്രമേണ
സിതാസിതാക്കാംബുരസാംനവാംശകാ
സ്ത്രികോണമാത്മോപരതസ്തുചമന്ദിരം. ൨൪

വ്യാ—സൂര്യാദിസപ്തഗ്രഹങ്ങൾക്കു ക്രമേണ ചിങ്ങം ഇടവം മേടം കന്നി ധനുസ്സു് തുലാം കുംഭം ഇവ മൂലത്രികോണങ്ങളാകുന്നു. ഇതിനെ അടുത്ത ശ്ലോകംകൊണ്ടു് ഒന്നുകൂടി വ്യക്തമാക്കുന്നു.

മൂ— വൃഷാദിഭാഗത്രയമുച്ചമിന്ദോ-
ർമ്മൂലത്രികോണം പരതസ്തുസർവ്വേ
മേഷാദികാദ്ധ്യാദശഭാഗസംജ്ഞാഃ
കുജസ്യകോണംപരതസ്തുഭംസ്യാൽ. ൨൫

വ്യാ—ചന്ദ്രനു് ഇടവത്തിൽ ആദ്യം ൩-തീയതികം ഉച്ചവും ശേഷം തീയതികം മൂലത്രികോണവും ചൊവ്വയ്ക്കു മേടത്തിൽ ആദ്യം ൧൨തീയതികം മൂലത്രികോണവും ശേഷമുള്ളവ സ്വക്ഷേത്രവുമാകുന്നു.

മൂ— കന്യാഋമുച്ചം ശശിജസ്യകോണം
ദശാംശകാസ്സ്വർക്ഷഫലം ശരാംശാഃ
കുഭത്രികോണം ഫണിനായകസ്യ
തുംഗംന്യയുഗ്മം രമണീഗൃഹംസ്യാൽ. ൨൮

വ്യാ—ബുധന്റെ കന്നിയിൽ ആദ്യം ൧൭-തീയതികൾ ഉച്ചവും അതിനുമേൽ ൭-തീയതികൾ മൂലത്രികോണവും ശേഷം തീയതികൾ സ്വക്ഷേത്രവുമാകുന്നു. രാഹുവിന്റെ കുംഭം മൂലത്രികോണവും മിഥുനം ഉച്ചവും കന്നി സ്വക്ഷേത്രവുമാകുന്നു.

മൂ— മേഷോവൃഷോ മകരഷഷുകുളീരമീന
തൌല്യശ്ചതുംഗഭവനാനിതരുച്ചനീചാഃ. ൩൦

വ്യാ—സൂര്യാദിസപ്തഗ്രഹങ്ങൾക്കു ക്രമേണ മേടം ഇടവം മകരം കന്നി കർക്കടകം മീനം തുലാം ഇവ ഉച്ചരാശികളാകുന്നു. ഇതുകളുടെ ഏഴാം രാശികൾ നീചങ്ങളുമാകുന്നു. (സൂര്യന്റെ മേടം ഉച്ചം തുലാം നീചം ഇങ്ങനെ ക്രമം.)

മൂ— ഖഗാംഘ്രോരാളഗാണം സ്വനവകദശകദ്വാദ
ശാംശാഃ കലാംശാ
സ്ത്രിംശൽഷഷ്ട്യംശകാഖ്യാവ്യയദുരിതവയ
ശ്രീകരാമാനവാനാം
ഘ്രാരാശ്യൃക്ഷമോജേ ദിനകരശശിനോ
രിന്ദുമാത്താണ്ഡഘ്രോരേ
യുഗ്മേരാശൌളഗാണാനിജതനയതപ
സ്ഥാനപാനാംഭവന്തി. ൩൧

വ്യാ—ലഗ്നം ഘ്രാരാ ദ്രേക്കാണം നവാംശം ദ്വാദശാംശം ദശാംശം ഷോഡശാംശം ത്രിംശാംശം ഷഷ്ട്യംശം ഈവക രാശിവിഭാഗങ്ങൾ മനുഷ്യർക്ക് ധനവ്യയം ദുരിതം ആയുസ്സു സമ്പത്തു മുതലായവയെ ചെയ്യുന്നതാകുന്നു. (ഈ ഭാഗം മേൽ വിവരിക്കയും ചെയ്യും) ഘ്രാരാ എന്നതു ഒരു രാശിയുടെ (൩൦-തീയതിയുടെ) പകുതിയാകുന്നു. (൧൫-തീയതി) ഇതിൽ മേടം മിഥുനം മുതലായ ഓജരാശികളിലെ ആദ്യ ഘ്രോരയ്ക്കു സൂര്യനും രണ്ടാമത്തതിനു ചന്ദ്രനും ഇടവം കർക്കടകം മുതലായ യുഗ്മരാശികളിലെ ആദ്യഘ്രോരയ്ക്കു ചന്ദ്രനും രണ്ടാമത്തതിനു സൂര്യനും നാഥന്മാരാകുന്നു. ദ്രേക്കാണം എന്നതു് ഓരോ രാശികളേയും മൂന്നായി ഭാഗിക്കുമ്പോഴുള്ള ഓരോന്നുമാണു്. (൧൦-തീയതി വീതം) ഇവയ്ക്കു ലഗ്നാധിപൻ ൨-ാംഭാവാധിപൻ ൩-ാംഭാവാധിപൻ ഇവർ നാഥന്മാർ. (മേടത്തിൽ, ആദ്യദ്രേക്കാണം കുജന്റെയും മധ്യദ്രേക്കാണം സൂര്യന്റെയും അന്ത്യദ്രേക്കാണം ഗുരുവിന്റെയും ആണു്. ത്രികോണരാശ്യധിപന്മാരെന്നുസാരം.)

മൂ— ലഗ്നാദിസപ്തമാംശേശാ സ്ത്രിഘ്നാഷ്ടരാശ്യൃതുക്രമം
യുഗ്മേലഗ്നേസപ്തരാംശാനാ മധിപാസ്സപ്തമാദയഃ. ൩൨

വ്യാ—സപ്തമാംശങ്ങളിൽ ഓജരാശിയിൽ ലഗ്നം മുതൽഏഴ് ഏഴ് രാശിവരെയുള്ള ഭാവങ്ങളുടെ അധിപന്മാരും യുഗ്മരാശിയിൽ ഏഴ് മുതൽ ലഗ്നംവരെയുള്ള ഭാവാധിപന്മാരും നാഥന്മാരാകുന്നു. (സപ്തമാംശംകൂടി ഷഡ്വർഗ്ഗമാണ സപ്തമാംശം. ഇതു സ്ഫുടത്തിലെ തീയതിയെ ഏഴിൽ പെരുക്കിയാൽ കിട്ടും.

മൂ— ചാപാജുസിംഹരാശ്യന്താം നവാംശാസ്ത്രുബരാദയഃ
വൃഷകന്യാമൃഗാണാഞ്ച മൃഗാദ്യാനവകീർത്തിതാഃ. ൩൨

വ്യാ—മേടം ചിങ്ങം ധനസ്സ് ഈ ത്രികോണരാശികളിലുള്ള നവാംശം മേടത്തിൽ തുടങ്ങി ധനുവിൽ അവസാനിക്കുന്നു. വൃഷഭകന്നി മകരങ്ങൾക്കു മകരത്തിൽ തുടങ്ങി കന്നിയിൽ അവസാനിക്കുന്നു.

മൂ— ന്യൂക്ക് തുലാഘടാനാഞ്ച തുലാദ്യാശ്ചാംശകാനവ
കർക്കിവൃശ്ചികമീനാനാം കർക്കടാദ്യാനവാംശകാഃ. ൩൩

വ്യാ—മിഥുനതുലാകുംഭങ്ങൾക്കു തുലാം തുടങ്ങി മിഥുനത്തിലും കർക്കടവൃശ്ചികമീനങ്ങൾക്കു കർക്കടകത്തിൽ തുടങ്ങി മീനത്തിൽ അവസാനിക്കയും ചെയ്യും.

മൂ— ചരേചാദ്യംശകോജ്ഞേയ
സ്ഥിരേമധ്യനവാംശകഃ
അന്ത്യാംശോദ്വിസ്വഭാവേച
വർഗ്ഗോത്തമമിതരിസ്മൃതഃ. ൩൪

വ്യാ—ആദ്യനവാംശം ചരത്തിലും മധ്യനവാംശം സ്ഥിരത്തിലും അന്ത്യനവാംശം ഉഭയത്തിലും വർഗ്ഗോത്തമാംശങ്ങളാകുന്നു.

മൂ— ലഗ്നാദിദശമാംശേശാസ്തേചാജേയുശ്ചേശ്ചഭർദികാഃ
ദ്വാദശാംശാധിപതയ സ്തദ്രാശിവശഗാസ്മൃതാഃ. ൩൫

വ്യാ—ഒരു രാശിയെ പത്തായി ഭാഗിച്ചാൽ (൩-തീയതികം വീതം) ദശാംശം കിട്ടും. ഇതിനു ഓജരാശിയിൽ ലഗ്നം മുതൽ പത്താമിടംവരെയുള്ള ഭാവാധിപന്മാരും യുഗ്മരാശിയിൽ ൯-ാമിടം മുതൽ പ്രദക്ഷിണമായി പത്തുരാശികളുടെ നാഥന്മാരും അധിപത്യംവഹിക്കുന്നു. ദ്വാദശാംശം രാശിയെ പന്ത്രണ്ടായി ഭാഗിക്കുന്നതാണ് (൨ൽ തീയതി വീതം) ദ്വാദശാംശകത്തെ അതാതുരാശ്യധിപതിയാടിയായിത്തന്നെ കണക്കാക്കുണം.

മൂ— ഓജേക്ഷുലാംശപ്രമുഖാസ്തദീശാ
വിർജ്ഞേവിജ്ഞേചീശശിവാകരാശ്ച

യുഗ്മേപിലഗ്നോസതിഭാസ്കരാദ്ധ്യാ
വിലോമതഷ്ഷ് ഷോഡശഭാഗനാഥാഃ. ൩൬

വ്യാ—കലാംശം എന്നതു ഷോഡശാംശമാകുന്നു. (കലകൂടം ൧൩൨൦) ഈ ഭാഗം ഒരു രാശിയെ ഒന്നോമുക്കാലെഅരയ്ക്കാൽതീയതിയായി ഭോഗിച്ചാൽ കിട്ടും. ഓജരാശിയിൽ ഇവയ്ക്കു ബ്രഹ്മാവു് വിഷ്ണു ശിവൻ സൂര്യൻ ഇങ്ങനെയും യുഗ്മരാശിയിൽ സൂര്യൻ ശിവൻ വിഷ്ണു ബ്രഹ്മാവു ഇങ്ങനെയും നാഥന്മാർ.

മൂ— ആരാക്കിജീവശശിനന്ദനശുക്രഭാഗാ
സ്ത്രിംശാംശകാസ്സ്വിതവിഭാര്യുശനിക്ഷപാജാഃ. ൩൭

വ്യാ—രാശിയെ മുപ്പത്താക്കി ഭാഗിക്കുന്നതു് ത്രിംശാംശം. ഇതിൽ ഓജരാശിയിൽ ആദ്യം ൫ തീയതി കുജന്റെയും പിന്നെ ൮-തീയതി ശനിയുടെയും പിന്നെ ൭-തീയതികാൽ ഗുരുവിന്റെയും പിന്നെ ൪-തീയതികാൽ ബുധന്റെയും പിന്നെ ൫-തീയതികാൽ ശുക്രന്റെയും യുഗ്മരാശിയിൽ നേരേമറിച്ചു് ആദ്യം ൫-തീയതികാൽ ശുക്രന്റെയുംപിന്നെ ൪-തീയതി ബുധന്റെയും പിന്നെ ൭-വ്യാഴത്തിന്റെയും പിന്നെ ൮-ശനിയുടെയും പിന്നെ ൫-കുജന്റെയും ആകുന്നു. (ഇവർ നാഥന്മാരെ ന്നുസാരം.)

മൂ— ഷഷ്ഠ്യുശകാനാമധിപാസ്തയുഗ്മ
രാമാരാംശകാഭ്യാസുരദേവഭാഗാഃ
യദിന്ദുരേഖാദിശുഭാശുഭാംശാഃ
ക്രമേണയുഗ്മേതുതഥാവിലോമാൽ. ൩൮

വ്യാ—ഷഷ്ട്യംശം എന്നതു് ൬൦-ഇഖികാംക്കു് ഒരു അംശം വീതമാകുന്നു. രാശി ൩൦ തീയതിയാകയാൽ ൬൦-അംശങ്ങളും ക്രമത്തിനു കിട്ടുന്നു. ഇവ ൬൦-ം ക്രൂരസൗമ്യഭേദങ്ങളാകയാലും ഷഷ്ടിസംഖ്യാവസ്തുക്കളാകയാലും സൂര്യാദികൾക്കു് (ഗ്രഹങ്ങൾക്കു)ഇവിടെ ഒരിക്കലും ആധിപത്യം ഭവിക്കുന്നില്ല. ഇവയുടെ ആധിപത്യവും ഈ അംശങ്ങൾക്കുതന്നെയാണു്. ഇനിയും അവയുടെ നാമങ്ങളെപ്പറയുന്നു.

മൂ— ഘോരാംശകോ രാക്ഷസദേവഭാഗ്യ
കുബേരയക്ഷാഖലകിന്നരാംശാഃ
ധൂമ്രഃ കലഃപ്പോ ഗരളാഗ്നിസംജ്ഞ
മായാംശകഃ പ്രേതപുരീശഭാഗഃ. ൩൯

വ്യാ — ൧ രേലോരാംശം ൨ രാക്ഷസാംശം ൩ ദേവാംശം ൪ കിം
ബ്രോംശം ൫ യക്ഷാംശം ൬ അചലാംശം ൭ കിന്നരാംശം ൮ ധൃഷ്ടാം
ശം ൯ കലഹപ്രിയാംശം ൧൦ ഗരളാംശം ൧൧ അഗ്നിസംജ്ഞാംശം ൧൨ മാ
യാംശം ൧൩ പ്രേതപുരീശ്വരാംശം.

മൂ— അപാംപതിർദ്ദേവഗണേശഭാഗഃ
കലാംശഭാഗാവമൃതാംശചന്ദ്രൌ
മൃഡാംശകഃ കോമളപദ്മഭാനുർ-
ല്ലക്ഷ്മീശവാഗീശദിഗംബരാംശാഃ. ൧൨

വ്യാ—൧൨ അപാംപത്ത്യംശം ൧൩ ദേവഗണേശാംശം ൧൪ ക
ലാംശം ൧൫ അംശാംശം ൧൬ അമൃതാംശം ൧൭ ചന്ദ്രാംശം ൧൮ മൃഡാം
ശം ൧൯ കോമളാംശം ൨൦ പദ്മാംശം ൨൧ ഭാനുഭാംശം ൨൨ ലക്ഷ്മീ
ശാംശം ൨൩ വാഗീശാംശം ൨൪ ദിഗംബരാംശം.

മൂ — ദേവേന്ദ്രഭാഗഃ കലിനാഥസംജ്ഞഃ
ക്ഷിതീശ്വരാഖ്യഃ കമലാകരാംശഃ
മന്ദാത്മജോ മൃത്യുകരസ്തുകാലോ
ദാവാഗ്നിഹോരാ യമകണ്ടകാംശാഃ. ൨൫

വ്യാ—൨൫ ദേവേന്ദ്രാംശം ൨൬ കലിനാഥാംശം ൨൭ ക്ഷിതീശ്വ
രാംശം ൨൮ കമലാകരാംശം ൨൯ ചന്ദ്രാത്മജാംശം ൩൦ മൃത്യുകരാം
ശം ൩൧ കാലാംശം ൩൨ ദാവാഗ്ന്യംശം ൩൩ ഹോരാംശം ൩൪ യ
മകണ്ടകാംശം.

മൂ — സുധാമൃതാംശഃ പരിപൂർണ്ണചന്ദ്രഃ
വിഷപ്രദിഗ്ധാംശകുലവീരഭാഗഃ
മുഖ്യസ്തുവംശക്ഷയപാതകാംശൌ
കാലസ്തുസൌമ്യോമൃദുശീതളാംശൌ. ൩൫

വ്യാ — ൩൫ സുധാമൃതാംശം ൩൬ പരിപൂർണ്ണചന്ദ്രാംശം ൩൭ വി
ഷപ്രദിഗ്ധാംശം ൩൮ കുലവീരാംശം ൩൯ മുഖ്യാംശം ൪൦ വംശ
ക്ഷയാംശം ൪൧ പാതകാംശം ൪൨ കാലാംശം ൪൩ സൌമ്യാംശം
൪൪ മൃദുഭാംശം ൪൫ ശീതളാംശം.

മൂ— ദുഷ്ടഃ ക്രൂരാളേന്ദുമുഖാഃ പുരാംശഃ
കാലാഗ്നിദണ്ഡായുധനിർമ്മലാഖ്യാഃ
ശുഭാകരശ്ചാനേശീതളാംശൌ
സുധാപയോധിഭ്രമണേന്ദുരേഖാഃ. ൪൬

വ്യാ—രംവ ദൃഷ്ടാംശം രൻകരാളമുഖാംശം ൫൦ ഇന്ദുമുഖാംശം ൫൧ പൂരാംശം ൫൨ കാലാഗ്ന്യംശം ൫൩ ദണ്ഡാംശം ൫൪ ആയുധാംശം ൫൫ നിർമ്മലാംശം ൫൬ ശുഭാകരാംശം ൫൭ ശോഭനാംശം ൫൮ ശീതളാംശം ൫൯ സുധാപയോധിഭ്രമണാംശം ൬൦ ഇന്ദുരേഖാംശം.

ഇതിൽ ക്രൂരസൗമ്യഭാഗങ്ങളെ അറിയുന്നതിന് ഫലദീപികയിൽ ഉള്ള ശ്ലോകത്തെ എഴുതുന്നു—"യജ്ഞം രത്നം ജനം ധനം നയപടം രൂപം ശുകം ചേടിനം നാഗം യോഗ പഗം ബലം ഭൂശിലാധൂലിനാവംപ്രസവനം ലാഭം വിശദിവം ധവം രണധമം ഷഷ്ഠ്യംശകാശ്ചാജുഭേ ക്രൂരാഭ്യാസ്സമഭേവിപര്യയമിദംശേഷാസ്തുസൗമ്യാഹ്വയാഃ"

ഓരോരാശിയിൽ ക ഖ ഗ ൧ ങ ച ഛ ജ ഝ ഞ ട ഠ ണ ത ഥ ദ ധ ന പ ഫ ബ ഭ മ യ ര ല വ ശ ഷ സ ഹ ള ക്ഷ ഇവയിൽ ഇരുപത്തിനാലു അംശകങ്ങൾ ക്രൂരങ്ങളും ശേഷമുള്ള മുപ്പത്താറും സൌമ്യങ്ങളും യുഗ്മരാശിയിൽ ൬൦ ൯൧ ൯൨ ൯൩ ൯൪ ൯൫ ൯൬ ൯൭ ൯൮ ൯൯ ൧൦൦ ൧൦൧ ൧൦൨ ൧൦൩ ൧൦൪ ൧൦൫ ൧൦൬ ൧൦൭ ൧൦൮ ൧൦൯ ൧൧൦ ൧൧൧ ൧൧൨ ൧൧൩ ൧൧൪ ൧൧൫ ൧൧൬ ൧൧൭ ൧൧൮ ൧൧൯ ൧൨൦ ഇവ ൯ൻ ഇരുപത്തിനാലു ഷഷ്ട്യംശങ്ങൾ ക്രൂരങ്ങളും ശേഷമുള്ളവ മുപ്പത്താറും സൌമ്യങ്ങളുമാകുന്നു.

മൂ — മൂലത്രികോണസ്വോച്ചഭാഗ
വർഗ്ഗോത്തമാനാം ദശവർഗ്ഗജാനാം
സംയോഗജോത്തമനാമകൂവാ
വൈശേഷികാംശാ ഇതിതേവദന്തി. ൧൭

വ്യാ — മൂലത്രികോണം സ്വക്ഷേത്രം ഉച്ചം വർഗ്ഗോത്തമം ഇതുകളുടെയും ദശവർഗ്ഗങ്ങളുടെയും സംയോഗങ്ങളിൽ ഉത്തമാംശം എന്നു തുടങ്ങി ചില വിശേഷാംശങ്ങളുണ്ട്. അതുകളെ വൈശേഷികാംശങ്ങളെന്നു പൂർവാചാര്യന്മാർ പറയുന്നു.

മൂ — ഉത്തമത്രികവർഗ്ഗൈക്യം
ചതുർവ്വർഗ്ഗാത്മഗോപുരം
വർഗ്ഗപഞ്ചകസംയോഗേ
സിംഹാസനമിഹോച്യതേ. ൧൮

വ്യാ — മുൻപറഞ്ഞ വർഗ്ഗങ്ങളിൽ മൂന്നു വർഗ്ഗങ്ങൾ ഒരു ഗ്രഹത്തിനേറുതായിവന്നാൽ ഉത്തമാംശമെന്നും നാലുവർഗ്ഗങ്ങൾ വന്നാൽ ഗോപുരാംശമെന്നും അഞ്ചുവർഗ്ഗങ്ങൾ വന്നാൽ സിംഹാസനാംശമെന്നും പറയുന്നു.

മൂ വർഗ്ഗദ്വയം പാരിജാതം ഷണ്ണാംപാരാവതാംശകം
സപ്തമം ദേവലോകസ്സ്യാദഷ്ടമഞ്ച രഥാ ഭവേൽ
ഐരാവതന്തു നവകം ഫലം തേഷാം പൃഥക് പൃഥക്. ൨൯

വ്യാ രണ്ടു വർഗ്ഗങ്ങൾ ഒരു ഗ്രഹത്തിനേറതായിവന്നാൽ പാരിജാതാംശമെന്നും ആറു വർഗ്ഗം വന്നാൽ പാരാവതാംശമെന്നും ഏഴു വർഗ്ഗങ്ങളും വിട്ടവർഗ്ഗങ്ങളും ചേർന്നുവന്നാൽ ദേവലോകാംശമെന്നും പന്ത്രണ്ടുവർഗ്ഗങ്ങൾ വന്നാൽ ഐരാവതാംശമെന്നും പറയുന്നു. (ഇവിടെ രണ്ടുവർഗ്ഗം ഒന്നായി വന്നാൽ ഉത്തമാംശമെന്നും പക്ഷാന്തരമുണ്ട്.)

മൂ— വിലഗ്നാഹോരാദ്രേക്കാണ
നവാംശദ്വാദശാംശകാഃ
ത്രിംശാംശശ്ചേതിഷഡ്വർഗ്ഗ
ശുഭകർമ്മസു ശസ്യതേ. ൨൬

വ്യാ —ലഗ്നം ഹോര ദ്രേക്കാണം നവാംശം ദ്വാദശാംശം ത്രിംശാംശം എന്ന ഈ ഷഡ്വർഗ്ഗങ്ങൾ ഒക്കെയും എല്ലാ ശുഭകർമ്മങ്ങൾക്കും നന്നാകുന്നു.

മൂ— സപ്തമാംശയോശ്ചഷഡ്വർഗ്ഗേ സപ്തവർഗ്ഗോഭിധീയതേ
ജാതകേഷു ച സർവ്വേഷാം ഗ്രഹാണാം ബലകാരണം. ൨൮

വ്യാ . ഷഡ്വർഗ്ഗത്തിന്റെകൂടെ സപ്തമാംശംകൂട്ടിയാൽ സപ്തവർഗ്ഗമായി. ഇതു ജാതകം പ്രശ്നം ഭാവചിന്തന മുതലായതുകളിൽ ഗ്രഹങ്ങളുടെ ബലാബലങ്ങളെ അറിയുന്നതിനു മുഖ്യമാകുന്നു.

മൂ — കല്യോദയാദ്യതനുജന്മവിലഗ്നഹോരാ
വാഗ്ഭക്ത്യനേത്രസഹജക്ഷുംബഭാനി
ദൃശ്ചിൽക്രവിക്രമസഹോദരവീര്യധൈര്യ
കർണ്ണാസ്തൃതീയഭവനസ്യവദന്തിസംജ്ഞാഃ. ൩൦

വ്യാ —കല്യം ഉദയം ആദ്യം തനു ജന്മം വിലഗ്നം ഹോരാ ഇവ ലഗ്നത്തിന്റെയും,

വാക്ക് അർത്ഥം ഭക്തി നയനം സഹജം കുടുംബം ഇവ ദ്വിതീയഭാവത്തിന്റെയും (നയനം=വലത്തേ കണ്ണ്) ദൃശ്ചികം (ദൃർബുദ്ധി) വിക്രമം സഹോദരം വീര്യം ധൈര്യം വലത്തേ ചെവി (കർണ്ണം) ഇവ മൂന്നാമിടത്തിന്റെയും പേരുകളാകുന്നു.

മൂ — പാതാളവൃദ്ധിഹിബുക ക്ഷിതിമാതൃവിദ്യാ
യാനാംബുഗേഹസുഖബന്ധുചതുഷ്ടയാനി

ധീദേവരാജപിതൃനന്ദനപഞ്ചകാനി
രോഗാംഗശസ്ത്രഭയഷഷ്ഠരിപുക്ഷതാനി. ൪

വ്യാ—പാതാളം വൃദ്ധി ഹിബുകം ക്ഷിതി (ക്ഷ്മാ) മാതാവു് തനുയാനം (വാഹനങ്ങൾ) അംബു ഗേഹം (ഭവനം) സുഖം ബുദ്ധി ചതുഷ്ടയം ഇവ നാലാം ഭാവത്തിന്റെയും ധീ (ബുദ്ധി) ദേവൻ രാജാവു് പിതാവു നന്ദനൻ പഞ്ചകം ഇവ അഞ്ചാംഭാവത്തിന്റെയും രോഗം അംഗം ശസ്ത്രം ഭയം ഷഷ്ഠം രിപു ക്ഷതം ഇവ ആറാമിടത്തിന്റെയും പേരുകൾ.

മൂ— ജാമിത്രകാമഗമനാനികളത്രസമ്പ-
ദ്ദ്യൂനാസ്തസപ്തമഗൃഹാണിവദന്തി ചാന്ത്യാഃ
രന്ധ്രായുരഷ്ടമമൃതിർവിനാശനാനി
ധർമ്മോഗുരുശ്ശുഭതപോനവഭാഗ്യഭാനി. ൫

വ്യാ—ജാമിത്രം കാമം ഗമനം കളത്രം സമ്പത്തു ദ്യൂനം അസ്തം സപ്തമം ഗൃഹം ഇവ ഏഴാമിടത്തിന്റെയും രന്ധ്രം ആയുസ്സു് അഷ്ടമം മൃതി വിനാശം ഇവ എട്ടാമിടത്തിന്റെയും ധർമ്മം ഗുരു ശുഭം തപസ്സു് നവമം ഭാഗ്യം ഇവ ഒൻപതാമിടത്തിന്റെയും പേരുകൾ.

മൂ— വ്യാപാരമേഷ്മരണമല്ക്യമാന
ജ്ഞാനാംബരാജ്ഞാസ്തകർമ്മസംജ്ഞാഃ
ഏകാദശോപാന്ത്യഭവായലാഭാ
രിഷ്ഫവ്യയദ്വാദശകാന്ത്യഭാനി. ൬

വ്യാ—വ്യാപാരം മേഷ്മരണം മല്ക്യം മാനം ജ്ഞാനം അംബരം ആജ്ഞാ ആസ്തകം കർമ്മം ഇവ പത്താമിടത്തിന്റെയും ഏകാദശം ഉപാന്ത്യം ഭവം ആയം ലാഭം ഇവ പതിനൊന്നാമിടത്തിന്റെയും രിഷ്ഫം വ്യയം ദ്വാദശം അന്ത്യം ഇവ പന്ത്രണ്ടാമിടത്തിന്റെയും പേരുകളാകുന്നു.

മൂ— മേഷ്മരണോദയകളത്രസുതാലയാനി
സ്യുഃകേന്ദ്രകർണ്ണകചതുഷ്ടയസംജ്ഞിതാനി
ലഗ്നാത്ത്രികോണഭവനംനവമഞ്ചപഞ്ച
സ്യാത്ത്രിത്രികോണമുദയാന്നവമംവദന്തി. ൭

വ്യാ—ലഗ്നം ൧-൪-൭-൧൦ ഈ ഭാവങ്ങൾ കേന്ദ്രസ്ഥാനങ്ങളും ഈ കേന്ദ്രങ്ങൾക്കു കർണ്ണകം ചതുഷ്ടയം എന്നു പേരുകളും ആകുന്നു. ലഗ്നം ൯-ൻ ഈ ഭാവങ്ങൾ ത്രികോണങ്ങളും ലഗ്നത്തിൽനിന്നു ഒൻപതാമിടത്തിനു ത്രികോണമെന്നും പേരു പറയുന്നു.

മൂ— തനുസുഖമദനാജ്ഞാരാശയഃ കേന്ദ്രസംജ്ഞാഃ
പണപരഭവനാനി സ്വായപുത്രാഷ്ടമാനി
വ്യയരിപുഹിബുശ്ലിഷ്ക്കാനി ചാപോക്ലിമാനി
പ്രഭവതി ചതുരശ്രം ബന്ധുമൃത്യുദ്വയഞ്ച. ൪൭

വ്യാ—ലഗ്നം ര-ഒ-ക0 ഇവ കേന്ദ്രങ്ങളും ഉ-ശി-വ-കക ഇവ പണപരങ്ങളും ന-ന്ത-ൻ-കഉ ഇവ ആപോക്ലിമങ്ങളും ആകുന്നു. കേന്ദ്രം പണപരം ആപോക്ലിമം എന്ന ലഗ്നം മുതൽ മുമ്മൂന്ന രാശികളെ എണ്ണിയാൽ ഈ സ്ഥാനങ്ങൾ വേഗം അറിയാം. നാലിനും എട്ടിനുംകൂടി ചതുരശ്രം എന്നും പേരുണ്ട്.

മൂ— ദുശ്ചില്ക്യായാരിമാനാന്യുപചയഭവനാന്യാഹുരാചാര്യമുഖ്യാ
ശ്ലേഷ്ടാഃ പീഡർക്ഷസംജ്ഞാനവധനജുലധീകാമരന്ധ്രാന്ത്യ
ഹോരാഃ
ഏതേഭാവാസ്തദീശേന്ദുജഗ്രുഭൃഗ്വഭിസ്സംയുതാവീക്ഷിതാവാ
നാന്വെഷ്യുക്താനദുഷ്ടായദിശുഭഫലദാജുന്മതുംപൃച്ഛതോവാ. ൪൮

വ്യാ—ന-ന്ര-ക0-കക ഈ ഭാവങ്ങൾ ഉപചയങ്ങളെന്നും ശേഷമുള്ള കു-ഉ-ര-ശി-ഒ-വ-ൻ-കഉ ഈ ഭാവങ്ങൾ പീഡർക്ഷങ്ങളെന്നും (അപചയങ്ങൾ) പറയപ്പെടുന്നു. ഈ ഭാവങ്ങളൊക്കെയും പാപയോഗദൃഷ്ടിവർഗ്ഗങ്ങൾ ഇല്ലാതെയും തന്റെ തന്റെ അധിപന്മാരുടെ യോഗദൃഷ്ടികളോടും ബുധൻ ഗുരു ശുക്രൻ ഇവരുടെ യോഗദൃഷ്ടിവർഗ്ഗങ്ങളോടും കൂടിയിരുന്നാൽ ജാതകം പ്രശ്നം മുതലായവയിൽ ഭാവഫലങ്ങളെ പൂർത്തീകരിക്കുന്നതാണ്.

മൂ— നഖാ ജിനാഷ്ടാധികവിംശതിശ്ച
രദ്വാം ഗ ലോകാവിയദബ്ധ്യവാഖ്യൈഃ
മേഷാദിമാനം ക്രമശോവദന്തി
തുലാദിഷഡ്കസ്യവിലോമതസ്തേ. ൪൯

വ്യാ—മേടം മുതൽ കന്നിവരെ ന രാശികളുടെ മാനം (കണക്ക്) ഉ0-ഉര-ഉവ-ന ഉ-നന-ര0 ഇങ്ങനെയും തുലാം മുതൽ മീനം വരെ ന രാശികൾക്ക് നേരേമറിച്ച് ര0-നന-ന ഉ-ഉവ-ഉര-ഉ0 ഇങ്ങനെയും ആകുന്നു.

മൂ— തനുഗുരാ രാരി ഖരാഃ കിരീടിനോ
ഷ്ണാ ഗുരു സ്ഥൗക നരാ നഖാ നകാഃ
ശശാങ്കഭാഗാന്ത്യദിനൗരാട്യകാ
മുഹൂർത്തകർമ്മാദിഷുമൃത്യുസൂചകാഃ. ൫൦

വ്യാ—മേടം മുതലുള്ള ൧൨ രാശികളിലെയും സ്ഥിതിയെ നോക്കുമ്പോൾ മുഹൂർത്തത്തിലൊ ജാതകത്തിലൊ ഉള്ള ചന്ദ്രസ്ഫുടങ്ങളിൽ ചന്ദ്രൻ ൩-൨൫-൨൨-൨൨-൨൧-൧൦-൭-൨൩-൧൩-൨൦-൨൦-൧൦ ഈ തീയതികളിൽ നിന്നാൽ മരണഫലത്തെച്ചെയ്യുന്നതാണ്. മേടത്തിൽ ൩ ഇടവത്തിൽ ൨൫ മിഥുനത്തിൽ ൨൨ ഇങ്ങനെയാണെന്നുകൂടി അറിഞ്ഞുകൊള്ളണം. ഇവയെ മൃത്യുഭാഗങ്ങളെന്നു പറയുന്നു.

മൂ— പുരോ വടുർദ്ദിവ്യ ജനാ ധികോ ധനീ
വിരാ ടപോ ഽന്ത്യ വയോ ധികോ ധുനാ
മേഷാദികാഃ പുഷ്കരഭാഗസംജ്ഞിതാ
മുഹൂർത്തജന്മാദിഷു ശോഭനപ്രദാഃ. ൫൯

വ്യാ—മേഷാദിരാശികളിൽ ക്രമേണ ൨൯-൨൪-൨൫-൨൬-൨൭-൨൮-൨൯ ൨൬-൨൯-൨൩-൨൬-൨൭-൨൮ ഈ തീയതികളിൽ ചന്ദ്രൻ നിന്നാൽ അതിനു പുഷ്കരാംശമെന്നു പേരുള്ളതും അതു മുഹൂർത്തജാതകവിഷയങ്ങളിൽ ശുഭഫലത്തെച്ചെയ്യുന്നതുമാണ്.

മൂ— ക്രമാൽപാടലകർണ്ണാട ചേരചോളവസുന്ധരാഃ
പാണ്ഡ്യകേരളകോലാഖ്യ മലയാവനിസൈന്ധവാഃ. ൫൦

മൂ— ഉദക്പാഞ്ചാലയവന കോസലക്ഷിതിസംജ്ഞിതാഃ
മേഷാദിസവ്വരാശീനാം വാസദേശാഃപ്രകീത്തിതാഃ. ൫൧

വ്യാ—മേഷാദി ൧൨ രാശികൾക്കും ക്രമേണ പാടലം കർണ്ണാടം ചേരം ചോളം പാണ്ഡ്യം കേരളം കോലം മലയം (മലയാളം) സൈന്ധവം ഉത്തരപാഞ്ചാലം യവനരാജ്യം കോസലം ഈ ദേശങ്ങൾ അധിഷ്ഠാനസ്ഥലങ്ങളാകുന്നു.

മൂ— സാമ്യാശാഖ്യംയത്തദേവപ്ലവത്വം
പ്രശ്നാദീനാമേതദേവപ്രയോജ്യം
ഹോരാതന്ത്രേ പാരിജാതാഭിധാനേ
സംജ്ഞാധ്യായഃ കീർത്തിതോരാശിശീലഃ. ൫൨

വ്യാ—സ്ഥലചിന്തന ഭൂചിന്തന മുതലായതുകളിൽ ഗൃഹങ്ങൾക്കോ ഭൂമിക്കോ ഉള്ള പ്ലവത്തെ (ചെരിവിനെ) അതാതുഭാവനാഥന്മാക്കു—പ്രാഗാദ്യാരവിശുക്രലോഹിതതമ—ഇത്യാദി പദ്യാർത്ഥമനുസരിച്ചു ചിന്തിച്ചു പറഞ്ഞുകൊള്ളണം. പാരിജാതമെന്ന ഈ ഗ്രന്ഥത്തിൽ രാശിശീലമെന്ന ഒന്നാമദ്ധ്യായം കഴിഞ്ഞു

---

# രണ്ടാം അദ്ധ്യായം.

---

മൂ— കാലസ്യാത്മാഭാസ്കരശ്ചിത്തമിന്ദു
സ്സത്വംഭൗമസ്സച്ചാദപചന്ദ്രസൂനുഃ
ദേവാചാര്യസ്സൗഖ്യവിജ്ഞാനസാരഃ
കാമശ്ശുക്രോദുഃഖമേവാക്സുനുഃ. ൧

വ്യാ—സൂര്യൻ കാലപുരുഷന്റെ ആത്മാവും ചന്ദ്രൻ മനസ്സും കുജൻ സത്വവും (സന്തോഷസന്താപങ്ങളിൽ നിർവ്വികാരമായിരിക്കുവാൻ ശക്തിയുള്ള ബുദ്ധിയുടെ ഒരു അവസ്ഥ) ബുധൻ വാക്കും ഗുരു (വ്യാഴം) ജ്ഞാനവും സുഖവും ശുക്രൻ കാമവും ശനി ദുഃഖവുമാകുന്നു.

മൂ— ദിനേശചന്ദ്രൗരാജാനൗ സചിവൗഭൂജീവഭാർഗ്ഗവൗ
കുമാരോഭിൽകുജോനേതാ പ്രേഷ്യസ്തപനനന്ദനഃ. ൨

വ്യാ—സൂര്യൻ രാജാവും ചന്ദ്രൻ രാജ്ഞിയും കുജൻ സേനാനാഥനും ബുധൻ യുവരാജാവും ഗുരു കർമ്മസചിവനും ശുക്രൻ നർമ്മസചിവനും ശനി ദാസനും ആകുന്നു. ഇവിടെ രാജാ നൈരവിശീർഷ്ണ എന്നുള്ള പ്രമാണത്താലും ദിനേശചന്ദ്രൗ രാജാനൗ എന്നുള്ള പ്രകൃത ശ്ലോകത്താലും ചിലർ സൂര്യനും ചന്ദ്രനും രാജാക്കന്മാരാണെന്നുപദേശിക്കുന്നു. എന്നാൽ അതു ശരിയല്ലെന്നും ശാസ്ത്രത്തിലെ അർത്ഥം ഹംസശ്ചഹംസീച ഹംസൈഃ—രാജാചരാജ്ഞീച രാജാനൗ എന്നുള്ള സമാസത്താൽ രാജാനൗ എന്നപദം വന്നതാണെന്നും ചന്ദ്രൻ സ്ത്രീഗ്രഹമാകയാൽ രാജ്ഞീകാരകത്വമേ ചരിക്കയുള്ളൂവെന്നും അറിഞ്ഞുകൊള്ളണം.

മൂ— ഹേലിസ്സൂനുസ്തപനദിനകൃൽ ഭാനുപുഷ്പാരുണാക്ഷ
സ്സോമശ്ശീതദ്യുതിരുഡുപതിശ്ശൗർമ്മഗാങ്കേന്ദുചന്ദ്രാഃ
ആരോവക്രക്ഷിതിജരുധിരാംഗാരകക്രൂരനേത്രാ
സ്സൗമ്യസ്താരാതനയബുധവിൽ ബോധനാശോദ്ഭുപുത്രഃ. ൩

വ്യാ—ഹേലി സൂര്യൻ തപനൻ ദിനകൃത്ത് ഭാനു പുഷ്പാവ് അരുണൻ അർക്കൻ ഇവ സൂര്യന്റെയും, സോമൻ ശീതദ്യുതി ഉഡുപതി ശശാവ് മൃഗാങ്കൻ ഇന്ദു ചന്ദ്രൻ ഇവ ചന്ദ്രന്റെയും, ആരൻ വക്രൻ ക്ഷിതിജൻ രുധിരൻ അംഗാരകൻ ക്രൂരനേത്രൻ ഇവ കുജന്റെയും, സൗമ്യൻ താരാതനയൻ ബുധൻ വിൽ (വിദ്വാൻ) ബോധനൻ ഇന്ദുപുത്രൻ ഇവ ബുധന്റെയും പേരുകളാകുന്നു.

മൂ— മന്ത്രീവാചസ്പതി ഗുരുസുരാചാര്യൗദേവേഡ്യൗ ജീവാഃ
ശുക്രഃകാവ്യസ്സിതഭൂമിസുതാക്ഷരാസ്സൂജ്ഞിദ്ഭാനവേഡ്യാഃ
ഛായാസൂനുസ്തരണിതനയഃ കോണശാന്യാക്കിമന്ദാ
രാഹുസ്സൈംഹികേയാഗവശ്വ. ൫

വ്യാ —മന്ത്രി വാചസ്പതി ഗുരു സുരാചാര്യൻ ദേവേഡ്യൻ ജീവൻ. ഇവ ഗുരുവിന്റെയും, ശുക്രൻ കാവ്യൻ സിതൻ ഭൂമിസുതൻ അക്ഷരൻ (വെളുത്തിരിക്കുന്നവനെന്നർത്ഥം) അസ്സൂജിത്തു് ഭാനവേഡ്യൻ ഇവ ശുക്രന്റെയും, ഛായാസൂനു തരണിതനയൻ കോണൻ ശനി ആക്കിമന്ദൻ ഇവ ശനിയുടേയും, രാഹു സൈംഹികേയൻ അഗ്ര ഇവ രാഹുവിന്റെയും പേരുകൾ. സപ്പം അസുരൻ ഫണി തമസ്സു്

മൂ— ധ്വജഃശിഖീകേതുരിതിപ്രസിദ്ധാ
വുദ്ദീപ്തിധൂമ്രൗഗ്രഹമാന്ദിഃ
ഉപഗ്രഹാഭാനുമുഖഗ്രഹാംശ്യഃ
കാലാദയഃകഷ്ടഫലപ്രദാസ്സ്യുഃ. ൬

വ്യാ—ധ്വജം ശിഖി കേതു ഇവ കേതുവിന്റെയും ഗ്രഹികൻ മാന്ദി ഇവ ഗ്രഹികന്റെയും പേരുകളാകുന്നു. അടുത്തടുത്തുള്ള ഭാഗംകൊണ്ടുപോയാൽപോകുന്ന കാലൻ പരിധി (പരിവേഷം) ഇവ ഉപഗ്രഹങ്ങളും. ക്രമേണ സൂര്യൻ മുതലായ ഗ്രഹങ്ങളെ ആശ്രയിച്ചിരിക്കുന്നവയും ദോഷാധിക്യത്തോടുചെയ്യുന്നവയുമാകുന്നു.

മൂ— ക്രമശഃകാലപരിധി ധൂമാദ്ധ്വപ്രഹരാഹ്വയാഃ
യമകണ്ടകേകോദണ്ഡ മാന്ദിപാതോപകേതവഃ. ൭

വ്യാ—കാലൻ (ശനി) സൂര്യനേയും പരിധി ചന്ദ്രനേയും ധൂമകുജനേയും അർദ്ധപ്രഹാരൻ ബുധനേയും യമകണ്ടകൻ ഗുരുവിനേയും കോദണ്ഡം (ഇന്ദ്രചാപം) ശുക്രനേയും മാന്ദി (ഗ്രഹികൻ) ശനിയേയും പാതൻ രാഹുവിനേയും ഉപകേതു കേതുവിനേയും അശ്രയിച്ചിരിക്കുന്നു. അഗ്നികേതു, ധൂമകേതു ഇങ്ങനെ കേതുക്കൾ പലരെയുണ്ടെന്നും അറിഞ്ഞുകൊൾക.

മൂ— ശ്യാമാരുണാമളലോഹിതദ്യുതിതനുശ്വേതസ്സിതാംഗോയുവാ
ദ്ധ്വാശ്യാമളകാന്തിരിന്ദുതനയസ്സംരക്തഗൗരഃകുജഃ
മന്ത്രീഗൗരകളേബൃഹസ്സിതതനുശ്ശുക്രോസിതാംഗശ്ശനി
ശ്ഛായാസൂനുരിലാകൃതിർദ്ദിവാനഹിപതിഃകേതുഃചിത്രദ്യുതിഃ ൮

വ്യാ—ആദിത്യൻ കറുപ്പും ചുവപ്പുമുള്ള നിറത്തോടുകൂടിയവനും ചന്ദ്രൻ വെള്ളനിറവും യൌവ്വനവുമുള്ളവനും കുജൻ കടുത്തചുവപ്പുള്ള

വനും ബുധൻ കറുകനാമ്പിന്റെ നിറംപോലെയുള്ള നിറമുള്ളവനും വ്യാഴം സ്വർണ്ണവർണ്ണമുള്ളവനും ശുക്രൻ വെളുത്തനിറമുള്ളവനും ശനി കറുത്തനിറമുള്ളവനും രാഹു ഏറെറവും കറുപ്പുനിറമുള്ളവനും കേതു പുകനിറത്തോടുകൂടിയുള്ള ദേഹമുള്ളവനും ആകുന്നു.

മൂ— പ്രകാശകൌശീതകരപ്രഭാകരൌ
താരാഗ്രഹാഃ പഞ്ച ധരാസുതാദയഃ
തമസ്സുതശ്ചൌശിഖിസിംഹികാസുതൌ
ശുഭാശുശിജ്ഞാമരവന്ദ്യഭാർഗവാഃ. ൫

വ്യാ—സൂര്യനും ചന്ദ്രനും പ്രകാശഗ്രഹങ്ങളും ചൊവ്വാ തുടങ്ങിയ അഞ്ചു ഗ്രഹങ്ങൾം താരാഗ്രഹങ്ങളും(നക്ഷത്രഗ്രഹപികൾം) രാഹുവും കേതുവും തമസ്സുതുല്യന്മാരും ചന്ദ്രൻ ബുധൻ ഗുരു ശുക്രൻ ഇവർ ശുഭഗ്രഹങ്ങളുമാകുന്നു.

മൂ— ക്ഷീണേന്ദുമന്ദരവിരാഹുശിഖിക്ഷമാജ്ഞാഃ
പാപാസ്തു പാപയുതചന്ദ്ര സുതശ്ചപാപഃ
തേഷാമരീവശുഭദൌഗുരുദാനവേഡ്യൌ
ക്രൂരൌദിവാകരസുതക്ഷിതിജൌഭവേതാം. ൬

വ്യാ—പക്ഷബലമില്ലാത്തചന്ദ്രനും ശനിയും സൂര്യനും രാഹുവും കേതുവും കുജനും പാപഗ്രഹങ്ങളുടെ യോഗമുള്ള ബുധനും പാപന്മാരാകുന്നു. ഏില്ലാഗ്രഹങ്ങളിൽവച്ചും ഗുരു ശുക്രന്മാർ ശുഭഫലദന്മാരും കുജമന്ദന്മാർ ക്രൂരന്മാരുമാകുന്നു.

മൂ— ശുക്ലാദികാദിദശകേഹനിമധ്യവീര്യാ
ശാലീദ്വിതീയദശകേതിശുഭപ്രദോസൌ
ചന്ദ്രസ്തൃതീയദശകേബലവർജ്ജിതസ്തു
സൌമ്യേക്ഷണാദിസഹിതോയദിശോഭനസ്സ്യാൽ. ൭൦

വ്യാ—ചന്ദ്രൻ വെളുത്തപക്ഷത്തിൽ പ്രഥമമുതൽ ൭൦ ദിവസങ്ങളിൽ മധ്യബലവാനും പിന്നെ ൭൦ ദിവസങ്ങളിൽ (കറുത്തപക്ഷത്തിലെ പഞ്ചമിവരെ) പൂർണ്ണബലവാനും ശേഷം ൭൦ ദിവസങ്ങളിൽ (കറുത്തവാവു കഴിയുന്നവരെ) ബലമില്ലാത്തവനുമാകുന്നു. ചന്ദ്രനബലംകുറഞ്ഞകാലമാണെങ്കിലും ശുഭന്മാരുടെയോഗദൃഷ്ട്യാദിയുണ്ടെങ്കിൽ ശുഭനാകയും ചെയ്യും (അല്ലെങ്കിൽ പാപിയെന്നർത്ഥം.)

മൂ— രവ്യാരരാഹുമന്ദാശ്ച പൂർവ്വോനോത്ത്യന്തിസംജ്ഞാ
ശിരസാഖ്യേചന്ദ്രജ്ഞാ ജീവസ്തൃതീയതോപ്രജ്ഞൂൽ. ൭൭

വ്യാ—സൂര്യൻ കുജൻ ശനി രാഹു ഇവർ എപ്പോഴും പൂർവ്വംകൊണ്ട് ഉദിക്കുന്നവരും (പൂർവ്വോദയഗ്രഹങ്ങളെന്നർത്ഥം) ചന്ദ്രൻ ബുധൻ ശുക്രൻ ഇവർ ശിരസ്സുകൊണ്ട് ഉദിക്കുന്നവരും (മൂർദ്ധോദയഗ്രഹങ്ങൾ) ഗുരു ശിരഃ പൂർവ്വങ്ങളെക്കൊണ്ട് ഉദിക്കുന്നവനുമാകുന്നു.

മൂ— ദിവാകരജ്ഞൗവിഹഗസത്രുപൌ
സരീസൃപാകാരയുതശ്ശശാങ്കഃ
പുരന്ദരാചാര്യസിതൌദ്വിപാദൌ
ചതുഷ്പദൌഭാനുസുതക്ഷമാജ്ഞൗ. ൨൨

വ്യാ—സൂര്യബുധന്മാർ പക്ഷിഗ്രഹങ്ങളും ചന്ദ്രൻ സരീസൃപഗ്രഹവും (ഓന്തുമുതലായി ചിലഇഴുന്നുക്കൾ) വ്യാഴവും ശുക്രനും ദ്വിപാൽഗ്രഹവും (മനുഷ്യവർഗ്ഗം) ശനികുജന്മാർ ചതുഷ്പാൽഗ്രഹങ്ങളും (പശുവൃഷഭാദി) ആകുന്നു.—(സൂര്യൻ ചതുഷ്പാൽഗ്രഹവും ശനി പക്ഷിഗ്രഹവുമെന്നു മതാന്തരം.)

മൂ— ജലാശയൌ ചന്ദ്രസുരാരിവന്ദ്യൌ
ബുധാലയഗ്രാമചരൌ ഗുരുജ്ഞൌ
കുജാഹിമന്ദധ്വജവാസരേശാ
ഭവന്തിശൈലാടവിസഞ്ചരന്തഃ. ൨൩

വ്യാ—ചന്ദ്രശുക്രന്മാർ ജലാശയങ്ങളിലും ഗുരുബുധന്മാർ ദേവാലയങ്ങളിലും ഗ്രാമങ്ങളിലും കുജൻ രാഹു ശനി കേതു സൂര്യൻ ഇവർ പർവ്വതങ്ങളിലും വനങ്ങളിലും സഞ്ചരിക്കുന്നവരുമാകുന്നു.

മൂ— ബാലോധരാജ്യശിശുകുമാരക
സ്ത്രീംശൽഗുരുഷ്ഷോഡശവത്സരസ്സ്ഥിരഃ
പഞ്ചാശദക്കോവിധുരബ്ദസപ്തരി
ശ്ശതാബ്ദസംഖ്യോശനിരാഹുകേതവഃ. ൨൪

വ്യാ—കുജന്നു ബാല്യവും ബുധന്നു കൌമാരവും (ബാല്യംകഴിഞ്ഞു യൌവനത്തിന്നുമുമ്പുള്ള കാലം) ഗുരുവിന്നു ൧൬ വയസ്സും ശുക്രനു ൧൯വയസ്സും സൂര്യനു ൫൦വയസ്സും ചന്ദ്രനു ൭൦വയസ്സുംശനി രാഹു കേതുക്കൾക്കു ൧൦൦ വയസ്സുവീതവുമാകുന്നു.

മൂ— ശാഖാധിപാജീവസിതാരബോധനാ
ധാതുസത്രുപട്ടുചരൌകുജാരുണൌ
മൂലപ്രധാനൌഗുരുഹിനാകരാക്കജൌ
ജീവൌസിതാന്ത്യൌഗുരുവിമിശ്രഇന്ദുജഃ. ൨൫

വ്യാ—ഗുരു ദ്വിജേദ്യാധിപനും ശുക്രൻ യജുർവേദാധിപനും കുജൻ സാമവേദാധിപനും ബുധൻ അഥർവണവേദാധിപനും സൂര്യകുജന്മാർ ധാതുഗ്രഹങ്ങളും ശനിചന്ദ്രന്മാർ മൂലഗ്രഹങ്ങളും ഗുരുശുക്രന്മാർ ജീവഗ്രഹങ്ങളും ബുധൻ ധാതുമൂലജീവസമ്മിശ്രനും ആകുന്നു. (ധാതുമൂലജീവദ്രവ്യഭേദങ്ങളെ പ്രഥമാദ്ധ്യായം ൨൦-ാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്) ഓരോ ഗ്രഹങ്ങൾക്കും പറഞ്ഞിരിക്കുന്ന ദ്രവ്യങ്ങളെ ചേർക്കണമെന്നാത്മം.

൪൭— ദീപ്തസ്സ്വസ്ഥസ്സുമുദിതശ്ശാന്തശ്ശക്തഃ പ്രപീഡിതഃ
ദീനഃ ഖലസ്ത്വവികലോഭീതോവസ്ഥാഃ ദശകുമാൽ. ൪൭

വ്യാ—എല്ലാ ഗ്രഹങ്ങൾക്കും പത്തവസ്ഥകൾ ഉണ്ട്. അവകൾ ദീപ്തൻ സ്വസ്ഥൻ മുദിതൻ ശാന്തൻ ശക്തൻ പീഡിതൻ ദീനൻ ഖലൻ വികലൻ ഭീതൻ ഇങ്ങനെയാകുന്നു. ദീപ്തനു ദീപ്താവസ്ഥ സ്വസ്ഥനു സ്വസ്ഥാവസ്ഥ എന്നു ധരിച്ചുകൊള്ളണം. ഇതുകളുടെ ഭേദത്തെപ്പറയുന്നു.

൪൮— സ്വോച്ചത്രികോണോപഗതഃ പ്രദീപ്ത-
സ്സ്വസ്ഥസ്വഗേഹോമുദിതസ്സുഹൃത്തേ
ശാന്തസ്തുസൈന്യമൃഗഗൃഹവർഗ്ഗയാത
ശ്ശുക്ലോതിശുദ്ധസ്ഫുടരശ്മിജാലഃ. ൪൮

വ്യാ—തന്റെ ഉച്ചത്തിലും മൂലത്രികോണത്തിലും നില്ക്കുന്നഗ്രഹം ദീപ്തനും സ്വക്ഷേത്രത്തിൽ സ്വസ്ഥനും ബന്ധുക്ഷേത്രത്തിൽ മുദിതനും ശുഭവർഗ്ഗത്തിൽ ശാന്തനും വക്രഗതിയിൽ ശക്തനുമാകുന്നു.

൪൯— ഗ്രഹാഭിഭൂതസ്തനിപീഡിതസ്യാ
ദരാതിരാശ്യംശഗതോതിദീനഃ
ഖലസ്തുപാപഗ്രഹവർഗ്ഗയോഗാ
ന്നീചേതിഭീതോവികലോസ്തഭാതഃ. ൪൯

വ്യാ—യുദ്ധത്തിൽ തോറ്റഗ്രഹം പീഡിതനും ശത്രുക്ഷേത്രത്തിൽ സ്ഥിതനായവൻ ദീനനും പാപവർഗ്ഗത്തിൽ ഖലനും നീചത്തിൽ ഭീതനും മൌഢ്യത്തിൽ വികലനുമാകുന്നു.

൫൦— വർണ്ണാസ്തുരുസിതാരക്തഹരിതാപീതകർബുരാഃ
കൃഷ്ണകാന്തിരിനാദീനാം നഷ്ടാദ്യൈ ച പ്രകീർത്തിതാഃ. ൫൦

വ്യാ—സൂര്യാദികൾക്കു ക്രമേണാ ചെമപ്പുനിറം വെളുപ്പ് ചുവപ്പ് പച്ച മഞ്ഞ നാനാവർണ്ണം കറുപ്പ് ഇങ്ങനെയുള്ള നിറങ്ങളാകുന്നു.

നഷ്ടപ്രശ്നം പരോക്ഷപ്രശ്നം മുതലായതുകളിലും ഇതുകളെ ഉപയോഗപ്പെടുത്തിക്കൊള്ളണം.

മൂ— ദ്രവ്യാണിതാക്രമണികാഞ്ചനശുക്തിരൂപ്യ
മുക്താന്വയശ്ചദിനനാഥമുഖഗ്രഹാണാം
വഹ്ന്യംബുഷണ്മുഖഹരീന്ദ്രശചീവിരിഞ്ച
മുഖ്യാ ദിവാകരമുഖാദ്യധിദേവതാസ്സ്യുഃ. ൨൦

വ്യാ—സൂര്യാദിസപ്തഗ്രഹങ്ങൾക്ക ക്രമേണ ചെമ്പ് രത്നം സ്വർണ്ണം മുത്തുച്ചിപ്പി വെള്ളി മുത്തു് ഇരുമ്പു ഇവ ദ്രവ്യങ്ങളാകുന്നു. അതുപോലെ അവക്കു് അഗ്നി ജലം സുബ്രഹ്മണ്യൻ വിഷ്ണു ഇന്ദ്രൻ ഇന്ദ്രാണി ബ്രഹ്മാവു് ഇവ ദേവതകളാകുന്നു. (സൂര്യനു് അഗ്നി ചന്ദ്രനു ജലം ഇങ്ങനെ ക്രമം) ബുധനെയുക്തി (ഓട്ടു) എന്നുംപക്ഷാന്തരം.

മൂ— മാണിക്യംഭിന്നനായകസ്യവിമലം മുക്താഫലംശീതഗോ
മ്മാഹേയസ്യ ച വിദ്രുമം മരതകം സൌമ്യസ്യഗാരുത്മതം
ദേവേഡ്യസ്യതുപുഷ്യരാഗമസുരാചാര്യസ്യവജ്രംശനേർ-
നീലംനിർമ്മലമസ്യയോശ്വഗദിതഗോമേദകൊവൈദൂര്യകം. ൨൧

വ്യാ—സൂര്യനു മാണിക്യവും ചന്ദ്രനു നല്ലതായ മൌക്തികവും (മുത്തു) കുജനു വിദ്രുമവും (പവിഴം) ബുധനു മരതകവും (മരതകപ്പച്ച) ഗുരുവിനു പുഷ്യരാഗമെന്ന രത്നവും ശുക്രനു വജ്രവും (വൈരക്കല്ലു) ശനിക്കു നീലരത്നവും രാഹുവിനു ഗോമേദകവും കേതുവിനു വൈദൂര്യവും ആകുന്നു.

മൂ— പ്രാഗാദികാഭാനുസിതാരുഹാ
മന്ദേന്ദുവിദ്ദേവപുരോഹിതാസ്സ്യുഃ
ശുക്രാരമന്ദജ്ഞസുരേഡ്യമന്ദാ
വസന്തമുഖ്യർന്നൃധിപാദ്ദിഗാണ്ണൈഃ. ൨൨

വ്യാ—സൂര്യൻ കിഴക്കുദിക്കിന്റെയും ശുക്രൻ അഗ്നികോണിന്റെയും കുജൻ തെക്കേദിക്കിന്റെയും രാഹു നിർൃതികോണിന്റെയും ശനി പടിഞ്ഞാറേദിക്കിന്റെയും ചന്ദ്രൻ വായുകോണിന്റെയും ബുധൻ വടക്കേദിക്കിന്റെയും വ്യാഴം ഈശകോണിന്റെയും നാഥന്മാരാകുന്നു. ശനി ശിശിരത്തുവിന്റെയും ശുക്രൻ വസന്തത്തുവിന്റെയും കുജൻ ഗ്രീഷ്മത്തുവിന്റെയും ചന്ദ്രൻ വർഷത്തുവിന്റെയും ബുധൻ ശരദ്ഋതുവിന്റെയും ഗുരു ഹേമന്തത്തുവിന്റെയും നാഥന്മാരാകുന്നു. ഇവക്കു് ഈ ഋതുക്കളെപ്പറയണമെന്നർത്ഥം. ലഗ്നത്തിൽ ഗ്രഹമുണ്ടെങ്കിൽ ആ ഗ്രഹത്തിനുള്ള ഋതുവിനെയും ഗ്രഹമില്ലെങ്കിൽ ദ്രക്കാണാധിപ

ന്നള്ള ഋതുവിനെയും പറയണം. (ഇവിടെ സൂര്യനു ശീഘ്രത്തുവെന്നും പക്ഷാന്തരമുണ്ട്.)

മൂ— സൂര്യാംബരംന്യൂനചാരുചേലം
കുശാനുതോയാവൃതമധ്യമാനി
ദഗ്ധാംശുകം ജീർണ്ണമിനാടികാനാം
വസ്ത്രാണിസർവ്വേമുനയോവദന്തി. ൨൩

വ്യാ—സൂര്യനു തടിച്ച വസ്ത്രവും (ഇഴക്കനമുള്ളത്) ചന്ദ്രനു നേർമ്മയുള്ള കോടിവസ്ത്രവും ചൊവ്വായ്ക്കു തീപിടിച്ച വസ്ത്രവും ബുധനു ഈറൻവസ്ത്രവും ഗുരുവിനു കനവും നേർമ്മയും അധികമില്ലാത്ത ഇടത്തരം വസ്ത്രവും ശുക്രനു ഉറപ്പുള്ള വസ്ത്രവും ശനിക്കു കീറിയ വസ്ത്രവും (പഴയതുമാവാം) ആകുന്നു.

മൂ— ദേവതോയതടവഹ്നിവിഹാരാഃ
കോശഗേഹശയനോൽക്കരദേശാഃ
ഭാനുപൂർവ്വനിലയാഃ പരികല്പ്യാഃ
വേശ്മകോണനിലയാവഥികേതു. ൨൪

വ്യാ—സൂര്യനു ദേവാലയവും ചന്ദ്രനു ജലാശയവും കുജനു അടുക്കളപ്പുരയും (പാകശാല) ബുധനു കളിസ്ഥലവും (ലീലാഭവനം-പള്ളിയെന്നു പക്ഷാന്തരം) ഗുരുവിനു ഭണ്ഡാഗാരവും ശുക്രനു ശയ്യാഗൃഹവും (കിടപ്പുമുറി) ശനിക്കു ചീത്തയിൽ കുപ്പ മുതലായതു കളയുന്ന സ്ഥലവും (അശുഭസ്ഥലം) രാഹുകേതുക്കൾക്കു ഭവനത്തിന്റെ കോണുകളും വാസസ്ഥലങ്ങളാകുന്നു.

മൂ— ലങ്കാദികുണ്ഡാസരിദന്തമാര-
സ്ഥിതസ്തതോഗൌതമികാന്തഭൂപഃ
വിന്ധ്യാന്തമാവ്യുസ്സുരനിമ്നഗാന്തം
ബുധശ്ശനിസ്സ്വാത്തഹിനാചലാന്തം. ൨൫

വ്യാ—ലങ്കമുതൽ വടക്കോട്ടു കുണ്ഡാനദിവരെയുള്ള ഭൂമിക്കു ചൊവ്വായും അവിടംമുതൽ വടക്കോട്ടു ഗോമതീനദിവരെ ശുക്രനും അവിടം മുതൽ വടക്കോട്ടു വിന്ധ്യപർവ്വതംവരെ ഗുരുവും പിന്നെ വടക്കോട്ടു ഗംഗാനദിവരെ ബുധനും പിന്നെ വടക്കോട്ടു ഹിമവൽപർവ്വതംവരെയുള്ള ഭൂമികൾക്കു ശനിയും നാഥന്മാരാകുന്നു.

മൂ— വിപ്രൌജീവസിതേതരേന്ദുരുധിരൌ
ഭൂപാലകൌവൈശ്യരാ-
ഡ്ഢിന്ദുശ്ശൂദ്രകുലാധിപശ്ശശിസുതോ
മന്ദോന്തരാണാംപതിഃ

ആദിത്യാമരമന്ത്രിശീതകിരണാ-
സ്സുതപ്രധാനാഗ്രഹാ
ശ്ശുക്രജ്ഞൌസുരജ്യോഗ്രഹൌശനിധരാ
പുത്രൌതമസ്സ്വാമിനൌ. ൨൬

വ്യാ—ഗുരുശുക്രന്മാർ ബ്രാഹ്മണജാതിയും സൂര്യകുജന്മാർ ക്ഷത്രിയജാതിയും (രാജാവു) ചന്ദ്രൻ വൈശ്യജാതിയും (കച്ചവടം പ്രധാനമായുള്ള ചെട്ടി, സേട്ട ഇവർ) കച്ചവടം പശുപാലനം ഇവ വൈശ്യവൃത്തിയാകുന്നു. ബുധൻ ശൂദ്രജാതിയും ശനി ഹീനജാതികളുമാകുന്നു. (ഉച്ചാദിനീചപര്യന്തസ്ഥാനഭോച്ഛനേ രവി എന്നുള്ള ന്യായേന ശനിയുടെ സ്ഥിതിഭേദങ്ങളനുസരിച്ചു ജാതിയുടെ ഹീനത്വം പറയണം.) പ്രശ്നം ജാതകം മുതലായവയിൽ ജാതിനിർണ്ണയം ചെയ്യുന്നിടത്തു ഈ ക്രമം അനുസരിച്ചു പറയണം സൂര്യഗുരുചന്ദ്രന്മാർ സത്വഗുണവാന്മാരും ബുധശുക്രന്മാർ രജോഗുണവാന്മാരും കുജമന്ദന്മാർ തമോഗുണവാന്മാരുമാകുന്നു.

മൂ— നരാകാരാഭാനക്ഷിതിജഗുരവശ്ശുക്രശശിനൌ
വധൂത്രൈപുംഷണ്ഡപ്രകൃതിപുരുഷൌമന്ദശശിജൌ
വിയൽക്ഷ്മാണീതേജഃപവനപയസാമേവപതയ-
സ്സുരാചാര്യജ്ഞാരജ്ഞീമണിസുതദേവാരിസചിവാഃ. ൨൭

വ്യാ—സൂര്യകുജജീവന്മാർ പുരുഷഗ്രഹങ്ങളും ചന്ദ്രശുക്രന്മാർ സ്ത്രീഗ്രഹങ്ങളും ബുധമന്ദന്മാർ നപുംസകഗ്രഹങ്ങളും ഗുരു ആകാശത്തിന്റെയും ബുധൻ ഭൂമിയുടെയും കുജൻ തേജസ്സിന്റെയും ശനി വായുവിന്റെയും ശുക്രൻ ജലത്തിന്റെയും നാഥന്മാരാകുന്നു. (പഞ്ചഭൂതനിർണ്ണയത്തിൽ ഇങ്ങനെ ക്രമം.)

മൂ— കക്ഷ്യാധഃക്രമശോ ദിനേശതനയാൽ ജ്യോതിർഭചക്രാശ്രിതാ-
ശ്ചരായാസ്സുനൃഗുക്ഷമാജ്ഞദിനകൃച്ഛുക്രേന്ദുപുത്രേന്ദവഃ
മജ്ജാസ്ഥായുവസാസ്ഥിശുക്ലരുധിരത്വഗ്ധാതുനാഥാഃക്രമാ-
ദാരാക്കീഡ്യദിനേശശുക്രശശഭൂത്താരാസുതാഃകീർത്തിതാഃ. ൨൮

വ്യാ—ജ്യോതിശ്ചക്രത്തിന്റെ ഒടുവിലത്തെ (വെളിയിലുള്ള) കക്ഷ്യയിന്മേൽ (ഓരോ പരിധിയിന്മേൽ) ശനിയും രണ്ടാം കക്ഷ്യയിൽ ഗുരുവും മൂന്നാം കക്ഷ്യയിൽ കുജനും നാലാം കക്ഷ്യയിൽ സൂര്യനും അഞ്ചാം കക്ഷ്യയിൽ ശുക്രനും ആറാം കക്ഷ്യയിൽ ബുധനും ഏഴാം കക്ഷ്യയിൽ ചന്ദ്രനും ആശ്രയിച്ചാണിരിക്കുന്നത്. ഈ അന്തർബഹിസ്ഥിതിഭേദംകൊണ്ടാണു ചന്ദ്രനു രണ്ടേകാൽ തീയതി കൊണ്ടു ഒരു രാശി കട

ക്കാൻ കഴിയുന്നതും ശനിക്ക ഒരു രാശി കടക്കാൻ രണ്ടര വർഷം വേണ്ടിവരുന്നതും ചന്ദ്രൻ അകത്തുള്ളതും ശനി പുറത്തുള്ളതും ആണെന്നും സാരം. കുജൻ മജ്ജയുടെയും ശനി സ്നായുവിന്റെയും (പെരുഞരമ്പിന്റെ) ഗുരു വസയുടെയും (മേദസ്സ്) സൂര്യൻ അസ്ഥിയുടെയും ശുക്രൻ ശുക്ല ത്തിന്റെയും (സപ്തമധാതു) ചന്ദ്രൻ രുധിരത്തിന്റെയും (ചോര) ബുധൻ ത്വക്കിന്റെയും (തൊലി) നാഥന്മാരാകുന്നു.

മൂ— ലവണകടുകഷായസ്വാദുതിക്താമ്ലമിശ്രാ-
ശ്ശശിരവിശനിജീവാരാസുരേഡ്യഭൃഗുനാഥാഃ
അയനദിവസപക്ഷർത്വബ്ദമാസക്ഷണേശാ
രവികുജസിതസൌമ്യാമന്ദജീവേന്ദവശ്ച. ൩൯

വ്യാ—ചന്ദ്രൻ ഉപ്പുരസത്തിന്റെയും സൂര്യൻ എരിപ്പിന്റെയും ശനി ചവർപ്പിന്റെയും വ്യാഴം മധുരത്തിന്റെയും കുജൻ കയ്പിന്റെയും ശുക്രൻ പുളിരസത്തിന്റെയും ബുധൻ നാനാരസത്തിന്റെയും നാഥന്മാരാകുന്നു. കാലത്തെച്ചിന്തിക്കുമ്പോൾ ആദിത്യനു അയനവും (൬ മാസം) ചൊവ്വായ്ക്കു ഒരുദിവസവും ശുക്രനു് ഒരു പക്ഷവും (൧൫ തീയതി) ബുധനു ഒരു ഋതുവും (൨-മാസം) ശനിക്കു് ഒരു വർഷവും ഗുരുവിനു ഒരു മാസവും ചന്ദ്രനു ഒരു ക്ഷണവും (൧ വിനാഴിക) പറയണം.

മൂ— പാദേക്ഷണം ഭവതി സോദരമാനരാശ്യോ
രർദ്ധാത്രികോണയുഗളേഖിലഖേചരാണാം
പാദോനദൃഷ്ടിനിചരശ്ചപുരർദൃഗ്മേ
സമ്പൂർണ്ണദൃഗ് ബലവനംഗഗൃഹേവദന്തി. ൪൦

വ്യാ—എല്ലാ ഗ്രഹങ്ങൾക്കും പരസ്പരം ൩-ം ൧൦-ം ഭാവങ്ങളിലേയ്ക്കു കാൽ ഭാഗം ദൃഷ്ടിയും (൧൫ ഷഷ്ട്യംശം) ൪-ം ൯-ം ഭാവങ്ങളിൽ അര ദൃഷ്ടിയും (൩൦ ഷഷ്ട്യംശം) ൫-ം ൭-ം ഭാവങ്ങളിൽ മുക്കാൽ ദൃഷ്ടിയും (൪൫ ഷഷ്ട്യംശം) ൧-ാംഭാവത്തിൽ പൂർണ്ണദൃഷ്ടിയും (൬൦ ഷഷ്ട്യംശം) ഉണ്ട്.

മൂ— ശനിരതിബലശാലീ പാപഭൂഗീയുയോഗേ
സുകുലപതിമന്ത്രീ കോണദൃഷ്ടൗശുസ്സ്ഫുടാൽ
തൃതീയചരണദൃഷ്ട്യാഭൃകുമാരസ്സമത്വം-
സ്സകലഗഗനചാരാസ്സൂപമേഭ്യോബലാഢ്യാഃ. ൪൧

വ്യാ—പൂർവ്വശ്ലോകത്തിൽ ഇങ്ങനെ ദൃഷ്ടിക്രമങ്ങൾ പറഞ്ഞുവെങ്കിലും ഇനിയും ചില വിശേഷദൃഷ്ടികളുള്ളതിനെ ഈ ശ്ലോകത്തിൽ

പറയുന്നു. കുജനു നാലിലേയ്ക്കും എട്ടിലേയ്ക്കും, ഗുരുവിനു അഞ്ചിലേക്കും ഒൻപതിലേക്കും, ശനിക്കു മൂന്നിലേക്കും പത്തിലേക്കും ദൃഷ്ടികളുണ്ട്. ഇവയ്ക്കു പറഞ്ഞ ഈദൃഷ്ടികളെയും ഏഴിലേയ്ക്കുള്ള ദൃഷ്ടി പോലെ വിചാരിക്കണം.

മൂ— അഥോദ്ധൃഷ്ടീദിനനാഥഭേദമേ
ദൃഷ്ടിഃകടാക്ഷണകവീന്ദുസൂനോഃ
ശശാങ്കഗുരോസ്സമഭാഗദൃഷ്ടീ-
രധോക്ഷിപാതഃഫണിനാഥശത്രോഃ. ൩൨

വ്യാ—സൂര്യകുജന്മാർ ഊർദ്ധ്വഭാഗത്തിലേയ്ക്കു ദൃഷ്ടിചെയ്കയും (മേൽപോട്ടു നോക്കുക) ബുധശുക്രന്മാർ കടക്കണ്ണുകൊണ്ടു (വിലങ്ങത്തിലെന്നർത്ഥം) നോക്കുന്നവരും ചന്ദ്രനും ഗുരുവും സമഭാഗമായി (നേരെതന്നെ) നോക്കുന്നവരും ശനിരാഹുക്കൾ കീഴ്പോട്ടു നോക്കുന്നവരുമാകുന്നു.

മൂ— സേഷാച്ചതുഷ്കോണസപ്തമർക്ഷഗാണ
രാശ്യംശകൈശേഷികവീക്ഷിതാസ്തേ
ആരോഹവീര്യാധികവിന്ദുകാസ്തേ-
ഷചാരിണസ്ഥാനബലാധികാസ്സ്യുഃ. ൩൩

വ്യാ—ഉച്ചം മൂലത്രികോണം ബന്ധുക്ഷേത്രം ഈ രാശികളിലെ സ്ഥിതിയും വർഗ്ഗങ്ങളും നീചം കഴിഞ്ഞു ഉച്ചത്തിലേക്കുള്ള ആരോഹഗതിയും അഷ്ടവർഗ്ഗത്തിൽ അധികം അക്ഷങ്ങൾ, ഗോപുരാംശങ്ങൾ മുതലായ വൈശേഷികാംശങ്ങൾ ഇവയുള്ള ഗ്രഹങ്ങൾക്കു ഒക്കെയും അധിക ബലമുണ്ട്.

മൂ— നീചാരിപാപഖഗയോഗനിരീക്ഷമാണാ-
സ്തദ്വർഗ്ഗസന്ധിചരലുപ്തദൃംശകാശ്ച
ആദിത്യരശ്മിപരിഭൂതപരാജിതാസ്തേ
ദൃഷ്ടർക്ഷശക്തിരഹിതാശ്ചനശോഭനാസ്സ്യുഃ. ൩൪

വ്യാ—നീചസ്ഥിതി ശത്രുക്ഷേത്രസ്ഥിതി പാപയോഗം പാപദൃഷ്ടി പാപവർഗ്ഗം രാശിസന്ധികളിലുള്ള സ്ഥിതി അഷ്ടവർഗ്ഗത്തിൽ അക്ഷം കുറഞ്ഞിരിക്കുക പാപാംശം മൌഢ്യം യുദ്ധത്തിൽ തോൽവി ഇവയുള്ള ഗ്രഹങ്ങൾക്കു ശുഭയോഗദൃഷ്ട്യാദിയുണ്ടായിരുന്നാലും അവർ ഇഷ്ടഫലത്തെ ചെയ്കയില്ല

മൂ— വിലഗ്നപാതാളവധൂനഭോഗാ
ബുധാമരേഡ്യൗ ഭൃഗുസൂനുചന്ദ്രൗ

മന്ദോ ധരാസൂനുദിവാകരൗചേൽ
ക്രമേണതേദിഗ് ബലശാലിനസ്സ്യുഃ. ൩൫

വ്യാ—ബുധനും ഗുരുവിനും ലഗ്നത്തിലും ചന്ദ്രനും ശുക്രനും നാലാമിടത്തും ശനിക്കു ഏഴാമിടത്തും സൂര്യനും കുജനും പത്താമിടത്തും പൂർണ്ണബലമുണ്ട്. (ഇത് ദിഗ്ബലമാകുന്നു.)

മൂ— നിശീന്ദുമന്ദാവനിജാഃ പരേഹ്നി
സ്വകീയഹോരാസമമാസവാസരാഃ
സിതാദിപക്ഷദ്വയഗാഃ ശുഭാശുഭാ
ബുധസ്സദാകാലജവീര്യ്യസംയുതഃ. ൩൬

വ്യാ—ചന്ദ്രൻ ശനി കുജൻ ഇവക്കു രാത്രിയിലും ഗുരു ശുക്രൻ സൂര്യൻ ഇവക്കു പകലും പൂർണ്ണബലമുണ്ട്. കാലഹോരാധിപനായ ഗ്രഹത്തിനും പൂർണ്ണബലവും മാസാധിപനും അബ്ദബലവും വത്സരാധിപനും കാൽ ബലവും വാസരാധിപനും മുക്കാൽ ബലവുമാകുന്നു. എല്ലാ ശുഭഗ്രഹങ്ങൾക്കും വെളുത്തപക്ഷത്തിലും പാപന്മാക്കു കറുത്തപക്ഷത്തിലും ബുധനു എല്ലായ്പ്പോഴും (പകലും രാത്രിയിലും) ബലമുണ്ട്.

മൂ— ജ്ഞോവക്രസമാഗമോപഗസിതജ്ഞൗരാ
മരേഹ്യാസിതാ
ദിവ്യാശായനഗേന്ദുതിഗ് മകിരണൗ
ചേഷ്ടാബലാംശാധികാഃ
സൌമ്യക്ഷേപ്യുതാമഹീസുതമുഖാശ്ചേഷ്ടാ
ബലാഢ്യാഃ ക്രമാ-
ന്നൈസർഗ്ഗസ്ഥബലാധികാശ്ശനികുജ
ജ്ഞൗ ചായ്യശുക്രേന്ദവിനാഃ. ൩൭

വ്യാ —കുജൻ ബുധൻ ഗുരു ശുക്രൻ ശനി ഈ ഗ്രഹങ്ങൾക്ക് യുദ്ധത്തിൽ ജയിച്ചാലും വക്രം ചന്ദ്രസംഗമം ഇതുകളുണ്ടായിരുന്നാലും ചേഷ്ടാബലമുണ്ട്. സൂര്യനും ചന്ദ്രനും ഉത്തരായണത്തിൽ ചേഷ്ടാബലമുണ്ട്. കുജാദിഗ്രഹങ്ങൾക്കു യുദ്ധഗണിതത്തിൽ മേഷാദി ഉത്തരദിക്കുസ്ഥിതിവിക്ഷേപവശാൽ ഉണ്ടായിരുന്നാൽ അവക്കും ചേഷ്ടാബലമേറിയിരിക്കും. ശനി കുജൻ ബുധൻ ഗുരു ശുക്രൻ ചന്ദ്രൻ സൂര്യൻ ഇവക്ക് ക്രമേണ നിസർഗ്ഗബലവും ഉണ്ടായിരിക്കും. (ശനിയെക്കാൾ കുജനും കുജനെക്കാൾ ബുധനും ഇങ്ങനെ ക്രമത്താൽ ബലാധിക്യമെന്നു സാരം.)

മൂ— ക്രമേണ്ടദിക്കുസ്ഥാന നിസർഗ്ഗചേഷ്ടാ
ഭക്കാലവീര്യ്യാണി ചഷ്ടാർബലാനി

സുധാകരേഷ്വിന്ദുശരേന്ദുശൈല
ഭേദോനിതാനിപ്രവദന്തിസന്തഃ. ൩൫

വ്യാ—എല്ലാ ഗ്രഹങ്ങൾക്കും ദിഗ്ബലം സ്ഥാനബലം നിസർഗ്ഗബലം ചേഷ്ടാബലം ഉച്ചബലം കാലബലം ഇങ്ങനെ ആറുവിധം ബലങ്ങളുണ്ട്. ഇവയിൽ ദിഗ്ബലം ഒരുവിധത്തിലും സ്ഥാനബലം അഞ്ചുവിധത്തിലും നിസർഗ്ഗബലം ഒരുവിധത്തിലും ചേഷ്ടാബലം അഞ്ചുവിധത്തിലും ദൃഗ്ബലം ഒരുവിധത്തിലും കാലബലം ഏഴുവിധത്തിലും ഉണ്ടെന്നു വിദ്വാന്മാർ പറയുന്നു.

മൂ— സപ്തഘ്നപഞ്ചാംശകഷഷ്ടികാഘ്നേ
ദൃഗാദിവീര്യൈരപഹൃഷ്ടഖംബലാദ്യൈഃ
ക്രമേണതത്ത്യോഗഭവംഗ്രഹാണാം
ബലംഹിപൂർണ്ണംത്രിപദംബലം വാ. ൩൬

വ്യാ—അറുപത് ഷഷ്ട്യംശത്തിനു ഒരു ബലംവീതം മുൻപുപറഞ്ഞ ക്രമത്തിനു എല്ലാ ബലങ്ങളെയും വരുത്തിക്കൂട്ടി ഒരുമിച്ചുചേർത്താൽ സാമാന്യമായി ഗ്രഹങ്ങളുടെ ബലപിണ്ഡം സിദ്ധിക്കും. ഇപ്രകാരം പൂർണ്ണം മുക്കാൽ അര മുതലായ ബലഭേദങ്ങളെ ഗ്രഹിച്ചുകൊള്ളണം. (ഏഴ്ബലമുണ്ടായാൽ ആ ഗ്രഹം പൂർണ്ണബലവാനാകുന്നു.)

മൂ— അദ്ധ്യാധികംഷഷ്ഠ്യംശകമിനസ്യസൂരേ
ശുക്രസ്യപഞ്ചാധികമർദ്ധരൂപം
സപ്തഘ്നപുത്രസ്യബലംഷഡിന്ദോ
സ്ത്രൈരാരസ്യോസ്സ്യായകർത്തുസംജ്ഞാ. ൩൭

വ്യാ—സൂര്യന്റെ ബലപിണ്ഡം സൽ-യിലും ശുക്രൻ ഗുരു ഇവക്കു അഞ്ചരയിലും ബുധനു ഒ-ലും ചന്ദ്രനു സ-ലും കുജനുമാക്കു ദി-ലും അധികം ബലയോഗം വന്നാൽ അവർ ബലവാന്മാരായിരിക്കും.

മൂ— സോച്ചസ്വകീയഭവനസ്വദൃഗാണഹോരാ
വാരാംശകോദ്ഗയനഭേഷ്വദിനസ്യമധ്യേ
രാശിപ്രവേശസമയേസുഹൃദംശകാദ്യേ
മേഷ്യൂരണേദിനമണിർബലവാനജസ്രം. ൩൮

വ്യാ—സൂര്യൻ ഉച്ചത്തിലും സ്വക്ഷേത്രത്തിലും സ്വദ്രേക്കാണത്തിലും സ്വഹോരയിലും സ്വവാരത്തിലും (ഞായറാഴ്ച) സ്വോത്തമാംശം ഉത്തരായണം ദിനമധ്യം രാശികളിൽ കടക്കുന്ന സമയം ബന്ധുക്ഷേത്രാംശകം സ്വ-ാംഭാവം ഇവകളിൽ ബലവാനാകുന്നു.

മൂ— ചന്ദ്രകേക്കിണിഗോപതൊനിജുദിനദ്രേക്കാണഹോരാംശകേ
രാശ്യംശേശുഭവീക്ഷണോനിശിസുഖേയാമ്യായനേപീഡ്യവാൻ
ഇന്ദുസ്സ്വൽകലാധരോയഭിബലീസവ്രുസന്ധിംവിനാ
സവ്വ്യേമചരേക്ഷിതസ്തുകുരുതേഭ്രേപാലയോഗംനൃണാം. ൫൨

വ്യാ—ചന്ദ്രനു കക്കടകത്തിലും ഇടവത്തിലും സ്ഥിതിയുള്ളപ്പോ. ഴും തിങ്കളാഴ്ചദിവസവും സ്വദ്രേക്കാണത്തിലും തന്റെ ഹോരയിലും വ ർഗ്ഗോത്തമാംശത്തിലും സ്വക്ഷേത്രാംശകത്തിലും ശുഭയോഗദൃഷ്ടികളോ ടുകൂടിയും നില്ക്കുമ്പോഴും രാത്രികാലത്തിലും നാലാമിടത്തു നിൽക്കുമ്പോ ഴും ദക്ഷിണായനകാലത്തിലും ബലമുണ്ട്. പരിപൂർണ്ണനായിട്ട (വെളു ത്തവാവുദിവസം ചന്ദ്രൻ) രാശിസന്ധികൾ കൂടാതെ എല്ലാഗ്രഹങ്ങ ളാലും ദൃഷ്ടനായിട്ടു നിന്നാൽ രാജയോഗത്തെയും ചെയ്യാൻ ശക്ത നാണ്.

മൂ— ആരസ്സുചാരനവഭാഗദൃഗാണവർഗ്ഗേ
മീനാളികുംഭമൃഗതുലഷരയാമിനീഷു
വക്രേചയാമ്യദിശിരാശിമുഖേബലാഢ്യോ
മാനേകുജീരഭവനേ ച സുഖംദദാതി. ൫൩

വ്യാ—കുജൻ ചൊവ്വാഴ്ചനാളിലും വർഗ്ഗോത്തമം സ്വദ്രേക്കാണം ഷഡ്വവർഗ്ഗങ്ങളിൽ സ്വവർഗ്ഗസ്ഥിതി മീനം വൃശ്ചികം കുംഭം മകരം മേടം ഇവ രാശികളിൽ നിൽക്കുമ്പോഴും രാത്രികാലത്തിലും വക്രഗതിയി ലും ദക്ഷിണായനത്തിലും രാശികളുടെ ആദ്യത്തിൽ നിൽക്കുമ്പോഴും ക ക്കടകത്തിൽ നിൽക്കതന്നെയായിരുന്നാലും (കക്കടം നീചമെന്നുണ്ടെ ങ്കിലും അതിനെ ഇവിടെ ബലമാക്കുന്നില്ല.) ഇഷ്ടഫലദനായി ഭവി ക്കും. പത്താമിടത്തു നിന്നാലും ഇങ്ങനെതന്നെ.

മൂ— കന്യാന്യയുഗ്മഭവനേനിജുവാരവർഗ്ഗേ
ചാപേവിനാരവിമഹർനിശമിന്ദുസൂനുഃ
സൌമ്യായതേചബലവാനപിരാശിമധ്യേ
ലഗ്നായഗായദിനശോബലവൃദ്ധിദസ്സ്യാൽ. ൫൪

വ്യാ—ബുധൻ ബുധനാഴ്ചദിവസവും മിഥുനം കന്നി ഇവ രാശി കളിൽ നിൽക്കുമ്പോഴും സ്വവർഗ്ഗമുള്ളപ്പോഴും മൌഢ്യംകൂടാതെ ധനു സ്സിൽ നിൽക്കുമ്പോഴും ഉത്തരായണത്തിലും രാശികളുടെ മധ്യത്തിൽ നിൽക്കുമ്പോഴും ലഗ്നത്തിൽ നിൽക്കുമ്പോഴും ദിനരാത്രികളിലും ബല വാനാകുന്നതും യശസ്സു ബലം സമ്പത്തു മുതലായവയെച്ചെയ്യുന്നതുമാ കുന്നു. (ബുധനു ഏപ്പോഴും ബലമുണ്ടെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ.)

മൂ— മീനാളിചാപകടകേനിജവാരവഗ്ഗ
മധ്യന്ദിനോദഗയനേഷുചരാശിമധ്യേ
കുംഭേചനീചഭവനേപിബലീസുരേഡ്യോ
ലഗ്നോസുഖേചദശമേബഹുവിത്തദസ്സ്യാൽ. ൫൭

വ്യാ—ഗുരു വ്യാഴാഴ്ചനാളിലും മീനം വൃശ്ചികം ധനുസ്സ് കർക്കടകം ഇതുകളിൽ നിൽക്കുമ്പോഴും സ്വവർഗ്ഗസ്ഥിതിയുള്ളപ്പോഴും മദ്ധ്യാഹ്നത്തിലും രാശിയുടെ മധ്യത്തിൽ ചെല്ലുമ്പോഴും, ഉത്തരായണത്തിലും കുംഭത്തിലും ലഗ്നം നാലു് പത്തു ഈ ഭാവങ്ങളിൽ നിൽക്കുമ്പോഴും ബലവാനാകുന്നതും ഐശ്വര്യത്തെ ചെയ്യുന്നതും നീചത്തിൽ (മകരത്തിൽ) ആണെങ്കിലും ഈ ബലങ്ങളുണ്ടായിരുന്നാൽ ശ്രേയസ്സിനെ ചെയ്യുന്നതുമാകുന്നു.

മൂ— സേചാച്ചസ്വവഗ്ഗദിവസേയദിരാശിമദ്ധ്യേ
ശത്രുവ്യയാനജഗൃഹേഹിബുകേപരാഹ്നേ
യുദ്ധേചശീതകരസംഗമവക്രകാലേ
ശുക്രോഭണസ്യപുരതോയദിശോഭനസ്സ്യാൽ. ൫൮

വ്യാ—ശുക്രൻ വെള്ളിയാഴ്ചനാളിലും സ്വവർഗ്ഗങ്ങളിലും രാശിമദ്ധ്യഭാഗത്തിലും സ-ചാ-സ്വ-ന-ര ഈ ഭാവങ്ങളിലും യുദ്ധകാലത്തിലും ചന്ദ്രനോടുകൂടി നിൽക്കുമ്പോഴും വക്രഗതിയിലും സൂര്യന്റെ മുൻപിൽ നിൽക്കുമ്പോഴും ശുഭത്തെ ചെയ്യുന്നതാകുന്നു. (ശുക്രനു യുദ്ധത്തിൽ തോൽവിയില്ലെന്നു പ്രമാണമുണ്ടു്.)

മൂ— മന്ദസ്ഥലാമകരകുംഭഗൃഹേകളത്രേ
യാമ്യായനേനിജഗൃഹാണ്ടിനേ നിശായാം
അന്ത്യേഗൃഹസ്യസമരേയദികൃഷ്ണപക്ഷേ
വക്രേസമസ്തഭവനേഷുബലാധികസ്സ്യാൽ. ൫൯

വ്യാ – ശനി തുലാത്തിലും മകരത്തിലും കുംഭത്തിലും ഏഴാമിടത്തും നിൽക്കുമ്പോഴും ദക്ഷിണായനത്തിലും സ്വദ്രേക്കാണം മുതലായ വർഗ്ഗങ്ങളിലും ശനിയാഴ്ചനാളിലും രാത്രിയിലും രാശ്യവസാനങ്ങളിലും യുദ്ധത്തിലും കറുത്തപക്ഷത്തിലും വക്രഗതിയിൽ നിൽക്കയാണെങ്കിൽ മേഷാദി പന്ത്രണ്ടു രാശികളിൽ എവിടെ നിന്നാലും ബലാധിക്യമുള്ളവനാകുന്നു.

മൂ— മേഷാളികുംഭതുലനീവൃഷകർക്കടേഷു
മേഷൂരണേച ബലവാനരഗാധിപസ്സ്യാൽ
കന്യാവസാനവൃഷഭാപചയേനിശായാ
മുല്ലാതകേതുജനനേചബലീശിഖീസ്യാൽ. ൬൦

വ്യാ—രാഹു മേടം വൃശ്ചികം കുംഭം കന്നി ഇടവം കർക്കടകം ഈ രാശികളിലും പത്താമിടത്തും ബലവാനാകുന്നു.

കേതു കന്നിയിലും മീനത്തിലും ഇടവത്തിലും ധനുസ്സിലും രാത്രിയിലും കൊള്ളിമീൻ കാണുക ധൂമകേതു ഉദിക്കുക ഈ കാലങ്ങളിലും ബലമുള്ളവനാകുന്നു.

മൂ— പ്രോക്തപ്രകാരപ്രബലം വിനായേ
മൗഢ്യംഗതാസ്തേവിബലാഭവന്തി
ഭാവേഷ്വയോഗേഷ്വദശാഫലേഷു
നാസമ്യഗ്ഭക്താനിഫലാനിസന്തി. ൫൯

വ്യാ—ഇപ്രകാരം പലപ്രകാരത്തിൽ പറഞ്ഞതായ ബലങ്ങളിൽ ഒന്നെങ്കിലും കൂടാതെ മൌഢ്യം മുതലായ ദോഷത്തോടുകൂടിയും ഇരിക്കുന്ന ഗ്രഹം ഭാവങ്ങളാലോ യോഗങ്ങളാലോ ദശാഫലങ്ങളാലോ ആക്കും ഇഷ്ടഫലങ്ങളൊന്നും കൊടുക്കയില്ല.

മൂ— അധോമുഖാദിനേശസ്യ പൂർവ്വഷഡംക്ഷസ്ഥിതാഗ്രഹാഃ
അപരാഹ്ണസ്ഥിതാഭാനോ ശ്ചർധപാസ്യാസ്സുഖദായിനഃ. ൬൦

വ്യാ—സൂര്യന്റെ പുറകിലുള്ള രാശികളിൽ നിൽക്കുന്ന ചന്ദ്രാദിസപ്തഗ്രഹങ്ങളും അധോമുഖന്മാരും അശുഭപ്രദന്മാരും സൂര്യന്റെ മുൻഭാഗത്തിൽ നില്ക്കുന്നവർ ഊർദ്ധ്വമുഖന്മാരും സുഖസമ്പദാദിശുഭപ്രദന്മാരുമാകുന്നു.

മൂ— ഭാനാമധസ്ഥാനഗതാഃ ക്രമേണ
മന്ദാർക്കഭൌമാർക്കസിതജ്ഞചന്ദ്രാഃ
തേഷാമശസ്ഥാനഗതോബലീയാൻ
രാഹുർമഹീമണ്ഡലമൂർദ്ധ്വനിസംസ്ഥഃ. ൬൧

വ്യാ—ജ്യോതിശ്ചക്രത്തെ ഏഴ്ട്ട കക്ഷ്യകളായി ഭാഗിച്ചാൽ ഓരോ കക്ഷ്യകൾ സിദ്ധിക്കും. അപ്രകാരം ഓരോ രാശികളെയും ഏഴ്ട്ടായി ഭാഗിച്ചാൽ ശുഭാംശപ്രമാണങ്ങളായ ഓരോ സ്ഥാനങ്ങളും കിട്ടും. അവിടെ ക്രമേണ ശനി ഗുരു കുജൻ സൂര്യൻ ശുക്രൻ ബുധൻ ചന്ദ്രൻ എന്നീ ഗ്രഹങ്ങൾ ബലവാന്മാരായിത്തീരുകയും ചെയ്യും. രാഹു ഭ്രമണ്ഡലത്തെച്ചുറ്റി അർദ്ധഗോളാകൃതിയിൽ കിടക്കുന്ന തമോ ഗ്രഹവുമാകുന്നു.

മൂ— സഭാനുരിന്ദുശ്ശശിജശ്ചതുർത്ഥ
ഗുരുസ്സുതേ ഭ്രമിസുതഃകുടുംബേ
ഭഗ്നസ്സപത്നേരവിജഃകളത്രേ
വിലഗ്നതസ്തേവിബലാഭവന്തി. ൬൨

വ്യാ—സൂര്യനോടുകൂടിയ ചന്ദ്രനും രണ്ടിലെ ചൊവ്വായും നാലി

ലെ ബുധനും അഞ്ചിലെ ഗുരുവിനും ആറാംഭാവത്തിലെ ശുക്രനും ഏഴിലെ ശനിക്കും ബലമില്ലാത്തതാകുന്നു.

മൂ— രാഹുദോഷംബുധോഹന്യാ ദ്വിഭയോസ്യുശനൈശ്ചരഃ
ത്രയാണാം ഭൂമിജോഹന്തി ചതുർണ്ണാംദാനവാച്ചിരഃ. ൩൮

വ്യാ—രാഹു കൃതമായ ദോഷത്തെ ബുധനും രണ്ടുപേരുടേയും ദോഷത്തെ ശനിയും മൂന്നുപേരുടേയും ദോഷത്തെകുജനും നാലുപേരുടേയും ദോഷത്തെ ശുക്രനും നശിപ്പിക്കുന്നതാണ്.

മൂ— പഞ്ചാനാംദേവമന്ത്രീച ഷണ്ണാംദോഷന്തുചന്ദ്രമാഃ
സപ്തദോഷംരവിർഹന്യാ ദ്വിശേഷാദുത്തരായണേ. ൩൯

വ്യാ—പൂർവ്വോക്തന്മാരായ അഞ്ചുപേരുടെയും ദോഷത്തെ ഗുരുവും അവർ ആറുപേരുടെയും ദോഷത്തെചന്ദ്രനും ഏഴുപേരുടെയും ദോഷത്തെ സൂര്യനും നശിപ്പിക്കും. (സൂര്യൻ ഉത്തരായണത്തിങ്കലാണെങ്കിൽ വിശേഷിച്ചും നശിപ്പിക്കുന്നതാണ്.)

മൂ— അന്യോന്യതസ്സോദരമാഃലാഭ
പാതാളവിത്തവ്യയരാശിസംസ്ഥാഃ
തല്ലാലമിത്രദ്യുചരാഭവന്തി
തദന്യഥാതായദിശത്രവദസ്തു. ൪൦

വ്യാ—ഏല്ലാ ഗ്രഹങ്ങളും പരസ്പരം ൧-൨-൪-൫-൭-൮ ഈ സ്ഥാനങ്ങളിൽ നിന്നാൽ അവർ തമ്മിൽ തല്ലാലബന്ധുക്കളും ൩-൯ ൬-൧൦ ഈ സ്ഥാനങ്ങളിൽ നിന്നാൽ തല്ലാലശത്രുക്കളുമാകുന്നു.

മൂ— മിത്രാണിഭാനോഃ കുജചന്ദ്രജീവാഃ
ശത്രുസിതാക്കീശശിജസ്സമാനഃ
ചന്ദ്രസ്യമിത്രേദിനനായകജ്ഞൗ
സമാഗുരുക്ഷ്മാജസിതാസിതാസ്സ്യുഃ. ൪൧

വ്യാ—കുജനും ഗുരുവും ചന്ദ്രനും സൂര്യന്റെ ബന്ധുക്കളും ശുക്രനും ശനിയും സൂര്യന്റെ ശത്രുക്കളും ബുധൻ സൂര്യന്റെ സമനും (ശത്രുവും ബന്ധുവുമല്ലാതെയുള്ളവൻ) സൂര്യനും ബുധനും ചന്ദ്രന്റെ ബന്ധുക്കളും ഗുരുവും ചൊവ്വായും ശുക്രനും ശനിയും ചന്ദ്രന്റെ സമന്മാരും ആകുന്നു.

മൂ— ആരസ്യമിത്രാണി രവീന്ദുജീവാ
ശ്ചാന്ദ്രീരിപുശ്ശുക്രശനീസമാനൗ
സൂര്യാസുരേഡ്യൗ സുഹൃദൌബുധസ്യ
സമാശനീഡ്യാവസിതാരിപുർജ്ഞഃ ൪൨

വ്യാ—സൂര്യൻ ചന്ദ്രൻ വ്യാഴം ഇവർ കുജന്റെ ബന്ധുക്കളും ബുധൻ കുജന്റെ ശത്രുവും ശുക്രനും ശനിയും കുജന്റെ സമന്മാരും,

സൂര്യൻ ശുക്രൻ ഇവർ ബുധന്റെ ബന്ധുക്കളും ശനി ഗുരു കുജൻ ഇവർ ബുധന്റെ സമന്മാരും ചന്ദ്രൻ ബുധന്റെ ശത്രുവുമാകുന്നു.

മൂ— സൂര്യാരചന്ദ്രാസ്സുഹൃദസ്തഥാസ്യ സൂരേ
ശുക്രൗസിതജ്ഞൗരവിജസ്സമാനഃ
മിത്രേശനിജ്ഞൗഭൃഗുനന്ദനസ്യ
ചാത്യൈരരിപുജീവകുജൗസമാനൗ. ൫൭

വ്യാ—സൂര്യൻ കുജൻ ചന്ദ്രൻ ഇവർ ഗുരുവിന്റെ ബന്ധുക്കളും ശുക്രൻ ബുധൻ ഇവർ ഗുരുവിന്റെ ശത്രുക്കളും ശനി സമനും,

ബുധനും ശനിയും ശുക്രന്റെ ബന്ധുക്കളും സൂര്യൻ ചന്ദ്രൻ ഇവർ ശുക്രന്റെ ശത്രുക്കളും കുജൻ ഗുരു ഇവർ ശുക്രന്റെ സമന്മാരുമാകുന്നു.

മൂ— മന്ദസ്യസൂര്യേന്ദുകുജാശ്ശുശത്രവ-
സ്സമസ്സുരേഡ്യസ്സുഹൃദൌസിതജ്ഞൌ
തല്ലാലനൈസർഗ്ഗികനാമഭേദാ
ധുനഃപ്രകല്പ്യാസ്തഥാധിമിത്രശത്രവഃ. ൫൮

വാ—സൂര്യൻ ചന്ദ്രൻ കുജൻ ഇവർ ശനിയുടെ ശത്രുക്കളും, ഗുരുസമനും, ബുധനും ശുക്രനും ശനിയുടെ ബന്ധുക്കളുമാകുന്നു. തല്ലാല ബന്ധു തല്ലാലശത്രു എന്നു ൫൭-ാം ശ്ലോകംകൊണ്ടു പറഞ്ഞ ശത്രുമിത്രഭേദങ്ങൾ ചിലപ്പോൾ സ്ഥാനഭേദങ്ങൾകൊണ്ടു വ്യത്യാസപ്പെടും. അതിനെയും അടുത്ത ശ്ലോകംകൊണ്ടു പറയുന്നു.

മൂ— ദ്വയോസ്സുഹൃത്തന്തഥാധിമിത്രതാഭവേ
ദ്ദ്വിധാരയന്തൗതുസദാതിശത്രവഃ
സുഹൃത്സമത്വംസുഹൃദേവകേവലം
രിപുസ്സമാരിസ്തഥാധിമിത്രതാസമഃ. ൫൯

വ്യാ—നിസർഗ്ഗബന്ധുവായ ഗ്രഹം തല്ലാലബന്ധു അതിബന്ധുവാകുന്നു. നിസർഗ്ഗസമൻ തല്ലാലബന്ധുവായാൽ ബന്ധുവാകുന്നതെ ഉള്ളൂ. ശത്രു തല്ലാലബന്ധുവായി വന്നാൽ സമനായി. നിസർഗ്ഗശത്രു തല്ലാലശത്രുവായാൽ അതിശത്രുവായി. നിസർഗ്ഗസമൻ തല്ലാലശത്രുവായാൽ ശത്രുവായി ഭവിക്കും. നിസർഗ്ഗബന്ധു തല്ലാലശത്രുവായാൽ സമനാണ്. ഈ ഭേദങ്ങൾ സൂക്ഷ്മദൃഷ്ട്യാ ചിന്തനങ്ങളുമാകുന്നു.

ഉൽബന്ധനാനാരുചിരജ്ജുരോഗൈ
ർവിധുന്തുദശ്ചാതിഭയംനരാണാം. ൭൮

വ്യാ—രാഹു, അപസ്മാരഭയം മസൂരി ബന്ധനം ക്ഷുദ്രാഭിചാരം കൃമിരോഗം ഭൂതപ്രേതപിശാചാദിപീഡ കെട്ടിത്തൂങ്ങിമരിക്കാനുള്ള അഗ്രഹം കുഷ്ഠം ഇവയെച്ചെയ്യുന്നു.

മൂ— ആദ്യന്തമധ്യുഭവനോപഗതാനഭോഗാ-
ശ്ചാദിത്യഭ്രമിതനയൈശനിശീതരശ്മീ
ജീവാസുരേഡ്യസചിവൌ ഫലദാഃക്രമേണ
താരാസുതസ്സകലകാലഫലംദദാതി. ൭൯

വ്യാ—സൂര്യകുജന്മാർ രാശികളുടെ ആദ്യത്രിഭാഗങ്ങളിൽ ചെല്ലുമ്പൊഴും ഗുരുശുക്രന്മാർ രാശിയുടെ മധ്യത്രിഭാഗത്തിൽ ചെല്ലുമ്പൊഴും ശനിചന്ദ്രന്മാർ അന്ത്യഭാഗത്തിൽചെല്ലുമ്പൊഴും ബുധൻ ആദിമധ്യാന്തഭേദംകൂടാതെ ഏവിടെനിന്നാലും ഫലങ്ങളെ ചെയ്യുന്നതാകുന്നു.

മൂ— യദ്ധാതുകോപജനിതാഖിലരോഗശാന്ത്യൈ
തന്നാഥമാശുജപതർപ്പണഹോമദാനൈഃ
സംപൂജ്യരോഗഭയശോകവിഹീനചിത്താ
സ്സർവ്വേജനാസ്സുഖയശോബലശാലിനസ്സ്യുഃ ൮൦

വ്യാ—ഏതുധാതുകോപം ഹേതുവായിട്ടാണോ രോഗങ്ങളുണ്ടാകുന്നത് ആ കോപിച്ച ധാതുവിന്റെ അധിപനായ ഗ്രഹത്തിനു. വിധിച്ചിട്ടുള്ള മന്ത്രങ്ങൾകൊണ്ടു ഹോമം തർപ്പണം ദാനം ഇതുകളെയും ചെയ്യ ഭക്തിയോടുകൂടി ആ ഗ്രഹത്തിനെ ജപിച്ചാൽ രോഗംമാറി സുഖം ബലം കീർത്തി ദീർഘായുസ്സ് ഇവ ലഭിക്കുന്നതാകുന്നു.

മൂ— ബാലഃകുമാരോഥയുവാ ച വൃദ്ധോ
മൃതശ്ചരാശാവയുഗിക്രമേണ
ത്രിംശൽലവൈർവ്യത്യയതസ്സുമേസ്യാ
ദേകൈകമംശംപുനരേവകൽപ്യം. ൮൧

വ്യാ—ഓജരാശിയിൽ ഏല്ലാഗ്രഹങ്ങളും ആദ്യം ൩-തീയതിവരെ ബാലനും പിന്നെ ൩-തീയതി വരെ കുമാരനും പിന്നെ ൩-തീയതിവരെ യുവാവും പിന്നെ ൩-തീയതിവരെ വൃദ്ധനും പിന്നെ ൩-തീയതിവരെ മൃതനുമാകുന്നു. യുഗ്മരാശിയിൽ ഈ പറഞ്ഞ ക്രമത്തിനു വിപരീതമാണെന്നും ധരിച്ചുകൊൾക. (ആദ്യം ൩-തീയതിവരെ മൃതൻ പിന്നെ ൩- തീയതിവരെ വൃദ്ധൻ ഇങ്ങനെ ക്രമം)

മൂ— സ്വോച്ചാംശംസ്വനവാംശഞ്ച ജാഗ്രത്കം വദന്തിഹി
സുഹൃന്നവാംശകംസ്വപ്നം സൂച്ചംനീചാരിഭാംശകം. ൧൫

വ്യാ—ഏല്ലാഗ്രഹങ്ങൾക്കും ഉച്ചാംശവും സ്വക്ഷേത്രാംശകവുമുണ്ടായിരുന്നാൽ ജാഗ്രദവസ്ഥയും (ഉണർന്നിരിക്കുക) ബന്ധുക്ഷേത്രാംശകമുണ്ടായാൽ സ്വപ്നാവസ്ഥയും (അന്തർബോധത്തോടുകൂടിയ ഉറക്കം) നീചാംശവും ശത്രുക്ഷേത്രാംശവുമുണ്ടായാൽ സുഷുപ്ത്യവസ്ഥയും (പ്രാപഞ്ചികാവസ്ഥയെ വിട്ടിട്ടുള്ള ഉറക്കം) ആകുന്നു എന്നറിഞ്ഞുകൊൾക.

മൂ— ശീർഷോദയഗതഃഖേടഃ പാകാന്ത്യഫലദോഭവേൽ
പൃഷ്ഠോദയസ്ഥഃപാകാന്തേ സദാചോഭയരാശിഗഃ. ൧൬

വ്യാ—ശീർഷോദയരാശിയിൽ നില്ക്കുന്ന ഗ്രഹം തന്റെ ദശയിൽ ആദ്യകാലത്തിലും പൃഷ്ഠോദയരാശിയിൽനിൽക്കുന്ന ഗ്രഹം മദ്ധ്യത്തിലും ഉഭയരാശിയിൽ നിൽക്കുന്ന ഗ്രഹം സദാകാലവും ഫലത്തെ ചെയ്യുന്നു.

മൂ— സമസ്തഹോരാഫലസാരസാന്ദ്ര
വിരാജിതേ ജാതകപാരിജാതേ
ഗ്രഹപ്രിയാത്രുപഗ്രണപ്രഭേദ-
സ്സങ്കീർത്തിതഃഖേടഗണപ്രസാദാൽ. ൧൭

വ്യാ—ഇപ്രകാരം സൂര്യാദിഗ്രഹങ്ങളുടെ പ്രസാദംഹേതുവായിട്ട് എന്നാൽ സകലകാലജാതഫലങ്ങളുടെ സാരംകൊണ്ടു ശോഭിക്കുന്ന ജാതകപാരിജാതമെന്ന ഈ ഗ്രന്ഥത്തിൽ ഗ്രഹസ്വത്രുപഭേദം എന്നപേരായ രണ്ടാമദ്ധ്യായം പറയപ്പെട്ടു.

---

## മൂന്നാം അദ്ധ്യായം.

---

ഹോരാധ്യായം-

(ഹോരയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.)

മൂ— ക്രൂരഗ്രഹൈസ്സുബലിഭിർവിബലൈശ്ചസൌമ്യൈഃ
ക്ഷീണേചതുർത്ഥയഗതേതദവേക്ഷണാദ്വാ
ചന്ദ്രോപഗദ്വിരസഭാഗസമാനരൂപം
സത്വംവദേദ്വിഭജേൽസവിയോനിസംജ്ഞഃ. ൧

വ്യാ—ഇങ്ങനെ ഗ്രഹസ്വരൂപഗ്രഹണാധ്യായത്തെ പറഞ്ഞതിനു ശേഷം വിയോനിജന്മാദ്ധ്യായമെന്ന മൂന്നാമധ്യായം ആരംഭിക്കുന്നു. വിയോനിജന്മമെന്നതു വിവിധജാതിജന്മമെന്നു ധരിച്ചുകൊൾകെ. (മനുഷ്യരൊഴികെയുള്ള പശു പക്ഷി മൃഗസർപ്പകീടാദികളുടെ ജനനമെന്നത്രേ) ഈ ഭാഗം വരാഹമിഹിരാചാര്യൻ തന്റെ ഹോരയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. അതിനെ ഇവിടെയും പറയാം. ക്രൂരഗ്രഹങ്ങൾ ഒക്കയും ബലാധിക്യത്തോടുകൂടിയും ശുഭഗ്രഹങ്ങൾ ദുർബലന്മാരായും ഇരിക്കുമ്പോൾ ക്ലീബഗ്രഹങ്ങളായ ശനിയോ ബുധനോ കേന്ദ്രങ്ങളിൽ നിൽക്കയോ അവർ ലഗ്നത്തിലേക്കു നോക്കുകയോ ചെയ്താൽ ചന്ദ്രന്റെ ദ്വാദശാംശകരാശിക്ക് അനുരൂപമായ ആകൃതിയിലുള്ള വിയോനികളുടെ ജന്മത്തെപ്പറയണം. (ചന്ദ്രൻ മേടത്തിൽ അംശകിച്ചാൽ ആടിന്റെ ജന്മത്തേയും ഇടവത്തിലാണെങ്കിൽ പശു, കാള, മഹിഷം മുതലായതിന്റെയും ജന്മത്തെ പറയണം. ഇങ്ങനെ മറ്റുള്ളവയും യഥാനുഗ്രണം പറഞ്ഞുകൊൾകെ) ക്രൂരഗ്രഹങ്ങൾ സൂര്യൻ കുജൻ ശനി ഇവരാകുന്നു.

മൂ— പാപപാബലിനസ്സ്വഭാഗഗാഃ
പാരക്യേവിബലാശുഭശോഭനാഃ
ലഗ്നംപവിയോനിസംജ്ഞിതം
ദൃഷ്ട്വാത്രാപിവിയോനിമാദിശേൽ. ൫

വ്യാ—ക്രൂരഗ്രഹങ്ങൾ സ്വനവാംശത്തിൽ ബലവാന്മാരായും ശുഭഗ്രഹങ്ങൾ ദുർബലന്മാരായി അന്യഗ്രഹനവാംശത്തിലും നിൽക്കുമ്പോൾ മുൻപറഞ്ഞപോലെ ചന്ദ്രൻ അംശകിച്ചുള്ള രാശിക്കും അനുഗ്രണമായ വിയോനിജന്മം ഭവിക്കുന്നു.

മൂ— ക്രിയശ്ശിരോവക്ത്രഗളേവൃഷോന്യേ
പാദാംസകം പൃഷ്ഠമുരോഥപാർശ്വേ
കുക്ഷിസ്തഥാനാംഗ്ര്യുഥമേഢ്രമുഷ്കൗ
സ്ഫിക്പുച്ഛമിത്യാഹചതുഷ്പദോംഗേ. ൬

വ്യാ—വിയോനിജങ്ങളുടെ (ചതുഷ്പാത്തുകൾ) തല മേടവും മുഖവും കഴുത്തും ഇടവവും കാലുകളും തുമലുകളും മിഥുനവും പുറം കക്കടകവും നെഞ്ചു ചിങ്ങവും രണ്ടുപാർശ്വവും (വാരിടുപുറം) കന്നിയും വയറു തുലാവും അപാനം (ഗുദം) വൃശ്ചികവും പുറകിലെ കാലുകൾ ധനുസ്സും ലിംഗവും വൃഷണങ്ങളും മകരവും സ്ഫിക്ക് (കടിപ്രദേശങ്ങൾ- അരഞ്ഞാക്കട്ടുകൾ-തുടകൾ) കുംഭവും വാല് (പുച്ഛം) മീനവുമാകുന്നു.

മൂ— ലഗ്നാംശകാൽഗ്രഹയോഗേക്ഷണാദ്വാ
വർണ്ണാനുദേൽബലയുക്താദിയോന്യൌ
ദൃഷ്ട്വാസമാനാൽ പ്രവദേൽ സമസംജ്ഞയാ
രേഖാംവദേൽസ്മരസംസ്ഥൌശുഭപൃഷ്ഠേ. ൨

വ്യാ—വിയോനി ജന്മലഗ്നത്തിൽ ഏതുഗ്രഹം നിൽക്കുന്നുവോ ആ ഗ്രഹത്തിന്റെ നിറം (വർണ്ണാസ്ഥാമുസീതാതിരക്ത എന്ന ന്യായമനുസരിച്ചു) ജന്തുവിനു പറയണം. ഗ്രഹമില്ലെങ്കിൽ ലഗ്നത്തെ നോക്കുന്ന ഗ്രഹത്തിന്റെ നിറം പറയുക. ലഗ്നത്തിൽ നിൽക്കയും നോക്കുകയും ചെയ്യുന്നില്ലെങ്കിൽ ലഗ്നത്തിൽ ഏതുരാശിയുടെ നവാംശകമുണ്ടോ ആ രാശിയുടെ വർണ്ണമാകുന്നു. ലഗ്നത്തിൽ വളരെ ഗ്രഹങ്ങളുടെ യോഗദൃഷ്ടികളുണ്ടെങ്കിൽ പലനിറമുണ്ടെന്നും ആ ഗ്രഹങ്ങളിൽ അധികം ബലമുള്ള ഗ്രഹത്തിന്റെ നിറം കൂടുതലായുണ്ടെന്നും പറഞ്ഞുകൊൾകെ. ഓരോ അംഗങ്ങൾക്കു പറഞ്ഞിട്ടുള്ള രാശികളിൽ ഏതു രാശിയിൽ ഗ്രഹം നിൽക്കുന്നുവൊ ആ അംഗത്തിൽ ആ ഗ്രഹത്തിനുള്ള നിറത്തെപ്പുറയുക. പുഴാമിടത്തു നിൽക്കുന്ന ഗ്രഹങ്ങളിൽ അധികം ബലമുള്ള ഗ്രഹത്തിന്റെ നിറം ജാതമായ വിയോനിയുടെ പുറത്തു ഉണ്ടെന്നും പറയണം. ശേഷം ഒക്കെയും യഥാവസ്ഥയുക്തിപോലെ പറഞ്ഞുകൊൾകെ.

മൂ— ദേഹാംബുജൌ സുഖാംഗൌശൌ
ചതുഷ്പ്രാജ്ജനനം ഭവേൽ
ദേഹേശേസുതപേവാപി
സാഹികേതൌപശോർജ്ജനിഃ. ൩

വ്യാ—ലഗ്നാധിപൻ നാലാമിടത്തും നാലാംഭാവാധിപൻ ലഗ്നത്തിലും നിന്നാൽ ചതുഷ്പ്രാത്തുകളുടെ ജന്മമെന്നും ലഗ്നാധിപനൊ നാലാംഭാവാധിപനൊ രണ്ടുപേരുമൊ രാഹുവിനോടോ കേതുവിനോടോ കൂടിനിന്നാൽ പശുക്കളുടെ ജന്മമെന്നും പറയണം.

മൂ— ശുക്രേക്ഷിതേഗോജനനം
മഹിഷ്യാക്കിയുതേക്ഷിതേ
രാഹുകേതുയുതേമേഷഃ
പാപാഢ്യേന്യപദഃശാർജ്ജനിഃ. ൪

വ്യാ—ലഗ്നത്തിൽ ശുക്രൻ നിൽക്കയോ നോക്കുകയോ ചെയ്താൽ കാളജനിച്ചുവെന്നും ശനി നോക്കുകയൊ നിൽക്കുകയോ ചെയ്താൽ പോത്തു മുതലായതിന്റെ ജന്മവും ലഗ്നത്തിൽ രാഹുവോ കേതു

വോ നോക്കിയാൽ ആടിന്റെ ജന്മമെന്നും ലഗ്നം പാപയുതമായാൽ പട്ടി പൂച്ച മുതലായതിന്റെ ജന്മത്തേയും പറയണം.

മൂ— പഗ്രേദ്ദാണേബലസംയുതേനവാ
ഗ്രഹേണയുക്തേ ചരഭാംശകോദയേ
ബുധാംശകേ വാവിഹഗാഃ സ്ഥലാംബുജാഃ
ശനൈശ്ചരേന്ദ്രീക്ഷണയോഗസംഭവാഃ. ൬

വ്യാ— പക്ഷിദ്രേക്കാണങ്ങളായ മേടത്തിന്റെ രണ്ടാംദ്രേക്കാണത്തിലൊ മിഥുനത്തിന്റെ രണ്ടാംദ്രേക്കാണത്തിലൊ ചിങ്ങത്തിന്റെ അദ്യദ്രേക്കാണത്തിലൊ തുലാത്തിന്റെ രണ്ടാംദ്രേക്കാണത്തിലൊ ശനി നോക്കുകയൊ നിൽക്കുകയൊ ചെയ്യുന്നവെങ്കിൽ സ്ഥലചരങ്ങളായ പക്ഷികളുടെ ജന്മത്തെ പറയണം. മേല്പറഞ്ഞ ദ്രേക്കാണങ്ങളിൽ ചന്ദ്രൻ നിൽക്കുകയൊ നോക്കുകയൊ ചെയ്താൽ ജലചരങ്ങളായ പക്ഷികളുടെ ജന്മത്തെപ്പറയണം. പക്ഷിദ്രേക്കാണത്തിൽ സ്ഥിതിയും അല്ലെങ്കിൽ ചരരാശികളുടെ നവാംശത്തോടുകൂടിയ ലഗ്നത്തിൽ ബലവാനായ ഗ്രഹം നിലക്കുകയും അല്ലെങ്കിൽ ബുധക്ഷേത്രങ്ങളിൽ (മിഥുനം കന്നി) ലഗ്നം അംശകിക്കയും അവിടെ ബലവാനായ ഒരു ഗ്രഹം നില്ക്കയും ചെയ്താൽ ഈ മൂന്നുയോഗങ്ങളിലും ശനിയുടെ യോഗദൃഷ്ട്യാദി ലഗ്നത്തിലുണ്ടെങ്കിൽ സ്ഥലചരപക്ഷികളുടെയും, ചന്ദ്രന്റെ യോഗദൃഷ്ട്യാദിയുണ്ടെങ്കിൽ ജലചരപക്ഷികളുടെയും ഇവരുടെ രണ്ടുപേരുടേയും യോഗദൃഷ്ട്യാദിവന്നാൽ ജലത്തിലും സ്ഥലത്തിലും സഞ്ചരിക്കുന്ന പക്ഷികളുടെയും ജന്മത്തെപ്പറയണം. (ഇവിടെ ആക്കാണ അധികബലമെന്നു നോക്കണം.)

മൂ— ഹോരേന്ദുസൂരിരവിഭിർഖിബലൈസ്ത്രിണാം
തോയേസ്ഥരുതരുഭവോംശകൃതംപ്രഭേദഃ
ലഗ്നാൽഗ്രഹഃ സ്ഥലജലർക്ഷപതശ്രയാവാം-
സ്ത്ര്യാവന്തഏവതരവസ്ഥലതോയജാതാഃ. ൭

വ്യാ— ലഗ്നം സൂര്യൻ ചന്ദ്രൻ ഗുരു ഇവക്കു ബലമില്ലാതെയും ശേഷംഗ്രഹങ്ങൾ ബലവാന്മാരായും നിന്നാൽ വൃക്ഷജന്മത്തെപ്പറകയും ലഗ്നരാശി ജലരാശിയിൽ അംശകിച്ചാൽ ജലജവൃക്ഷമെന്നും സ്ഥലരാശിയിൽ അംശകിച്ചാൽ സ്ഥലജവൃക്ഷമെന്നും പറയുക. സ്ഥലരാശിയുടേയൊ ജലരാശിയുടെയൊ അധിപനായ ഗ്രഹം ലഗ്നത്തിൽ നിന്നും എത്രാമത്തെ അംശകത്തിലാണൊ നിൽക്കുന്നത് അത്രയും വൃക്ഷങ്ങളുടെ സംഖ്യയേയും പറയണം.

മൂ— അന്തസ്സ്യാരാൻമുനയതിരവിർദ്ദുർഭഗാൻസൂര്യസൂനുഃ
ക്ഷീരോപേതാൻ ത്രഹിനകിരണഃ കണ്ടകാഢ്യാംശ്ചഭൌമഃ
വാഗീശജ്ഞൌ സഫലവിഫലാൻപുഷ്പവൃക്ഷാംശ്ചശുക്ര
സ്സ്നിഗ്ധാനിന്ദുഃ കടുകപിടപാൻഭ്രമിപുത്രശ്ചഭ്രൂക്ഷഃ. ൯

വ്യാ—ലഗ്നാംശകരാശിനാഥൻ സൂര്യനാണെങ്കിൽ കാതലുള്ള വൃക്ഷങ്ങളാണെന്നും ശനി അംശകിച്ചാൽ മനസ്സിനും കണ്ണുകൾക്കും രസിക്കാത്ത വൃക്ഷങ്ങളാണെന്നും ചന്ദ്രനംശകിച്ചാൽ പാലുള്ള വൃക്ഷങ്ങളെന്നും (ആലു് പാല മുതലായവ) കുജനംശകിച്ചാൽ മുള്ളുള്ള മരങ്ങളെന്നും ബുധനംശകിച്ചാൽകായുള്ളവൃക്ഷമെന്നും ബുധനാണെങ്കിൽ കായുണ്ടാവാത്ത വൃക്ഷങ്ങളെന്നും ശുക്രനാണെങ്കിൽ പൂവുള്ള വൃക്ഷങ്ങളെന്നും (ഇവിടെ പിച്ചകം മുല്ല മുതലായ വള്ളികളെയും പറയാം.) ചന്ദ്രനാണെങ്കിൽ സ്നേഹമയമുള്ള വൃക്ഷങ്ങളെന്നും(മരോട്ടി കരിഞ്ഞൊട്ട മുതലായവ) ചൊവ്വയെക്കൊണ്ടു് മുറിവുള്ള വൃക്ഷങ്ങളെന്നും പറയണം. (ഗ്രാമ്പൂമരം മുരിങ്ങ മുതലായവ)

മൂ— ശുഭോശുഭർക്ഷേരു ചിരംകുജ്ഞമിജ്ഞം
കരോതിവൃക്ഷം വിപരീതമന്യഥാ
പരാംശകേയാവതി വിച്യുതസ്വകാ-
ദ്ഭവന്തിതുല്യാസ്തരവസ്തഥാവിധാഃ ൧൦

വ്യാ—ജലസ്ഥലരാശി നാഥഭേദങ്ങൾ ഇവിടെയും ചിന്തിക്കണം. ശുഭഗ്രഹങ്ങൾ പാപക്ഷേത്രങ്ങളിൽ നില്ക്കയാണെങ്കിൽ നല്ല വൃക്ഷമാണെന്നും അശുദ്ധസ്ഥലങ്ങളിലൊ ദുഷിച്ച സ്ഥലങ്ങളിലൊ ഉണ്ടായതെന്നും പാപൻ ശുഭക്ഷേത്രത്തിൽ നിന്നാൽ നന്നായ സ്ഥലങ്ങളിലുണ്ടായതും അധമവൃക്ഷങ്ങളാണെന്നും പറയാം. ഇവിടെ ശുഭോശുഭർക്ഷേ എന്നായതുകൊണ്ടു ശുഭൻ ശുഭക്ഷേത്രത്തിൽ നിന്നാൽ ഉത്തമസ്ഥലങ്ങളിലുള്ള ഉത്തമവൃക്ഷങ്ങളെന്നും പാപൻ പാപക്ഷേത്രത്തിൽ നിന്നാൽ ദുർഭ്രമികളിലുള്ള ദുർവൃക്ഷങ്ങളെന്നും പറയണമെന്നും അർത്ഥം ഉണ്ടു്. ലഗ്നാധിപൻ സ്വനവാംശംവിട്ടു അന്യനവാംശത്തിൽ ഏതു സംഖ്യയിലാണോ നിന്നതു അതുയും സംഖ്യയേ വൃക്ഷത്തിനു പറയണം. (ഇനിയും നിഷേകപ്രകരണം തുടങ്ങുന്നു.)

മൂ— കുജേന്ദുഹേത്വപ്രതിമാസമാത്മവം
ശത്രേത്വപീഡർക്ഷമനുഷ്ണദീധിതൌ
അതോന്യഥാസ്ഥാ ശുഭപുംഗ്രഹേക്ഷിതേ
നരേണസംയോഗ മുപൈതികാമിനീ. ൧൧

വ്യാ — സ്ത്രീ ജനിച്ചകുറിന്റെ പീഡർക്ഷഭാവങ്ങളിൽ (അനുപചയങ്ങളിൽ) ജന്മം ൨ ൫-൫-൬-൭-൯-൧൨ ഈ സ്ഥാനങ്ങളിൽ ൪ ജനാൽ ദുഷ്ടനായചന്ദ്രൻ നില്ക്കുമ്പോൾ സ്ത്രീകൾക്കു മാസന്തോറുമുള്ള ആത്തവം ഉണ്ടാകയും ആ ആത്തവം ഗർഭപ്രദമായിരിക്കയും ചെയ്യും. പുരുഷന്റെ ജന്മചന്ദ്രരാശികളുടെ ഉപചയസ്ഥാനങ്ങളിൽ (മുൻപറഞ്ഞ സ്ഥാനങ്ങളല്ലാത്ത ൩-൪-൬-൧൦-൧൧ ഇതുകളിൽ) ചന്ദ്രൻ നില്ക്കയും ആ ചന്ദ്രനെ ശുഭന്മാരോ പുരുഷഗ്രഹങ്ങളോ നോക്കുകയും ചെയ്താൽ അപ്പോൾ സ്ത്രീക്കു പുരുഷസംയോഗം ഉണ്ടാകുന്നു. (ഇവിടെ ശുഭദൃഷ്ടി എന്നുപറഞ്ഞുവെങ്കിലും ഗുരുദൃഷ്ടിയുണ്ടാണു പ്രാധാന്യവും പ്രാബല്യവുമുള്ളതെന്നുകൂടി ധരിക്കണം.)

മൂ— യഥാസ്വരാശിർമിഥുനംസമേതി
തഥൈവവാച്യോമിഥുനപ്രയോഗഃ
അസൽഗ്രഹാലോകിതസംയുതേസ്വേ
സരോഷഇഷ്ടൈസ്സവിലാസഹാസഃ.

വ്യാ—ആധാനലഗ്നത്തിന്റെയോ ജന്മല'ഗ്നത്തിന്റെയോ ഉപചയനലഗ്നത്തിന്റെയൊ ൭൹ാംരാശി ഏതുസ്ഥിതിയിൽ ഇരിക്കുന്നുവൊ ആ സ്ഥിതിയിലുള്ള സുരതം വാച്യമാകുന്നു. ൭൹ാംരാശിയിൽ പാപന്മാർ നില്ക്കുകയൊ നോക്കുകയൊ ചെയ്താൽ മനസ്സു തൃപ്തികൂടാതെയും കലഹങ്ങളാൽ മനസ്സു മുഷിഞ്ഞും ആയിരുന്നുവെന്നും (സംയോഗം) ശുഭയോഗദൃഷ്ടികളുണ്ടായിരുന്നാൽ ചാടുവചനങ്ങളെക്കൊണ്ടും .മറ്റും മനോവിലാസത്തോടുകൂടിയ സംയോഗമെന്നും പറയണം.

മൂ— രവീന്ദുശുക്രാവനിജൈസ്സുഭാഗഗൈർ-
ഗുരൌത്രികോണോദയസംസ്ഥിതേപിവാ
ഭവത്യപത്യംഹിവിബീജിനാമിമേ
കരാഹിമാംശോവ്വിദുശാമിവാഫലാഃ. ൫൩

വ്യാ—ആധാനകാലത്തിൽ സ്ത്രീയുടെയൊ പുരുഷന്റെയൊ ഉപചയസ്ഥാനങ്ങളിൽ സൂര്യചന്ദ്രകുജശുക്രന്മാരിൽ ഒരാൾ സ്വക്ഷേത്രാംശകത്തോടുകൂടി നില്ക്കുന്നുവെങ്കിൽ അപ്പോൾ ഉണ്ടാകുന്ന സംയോഗം ഗർഭകാരണമാണ്. ആധാനലഗ്നത്തിന്റെയൊ സ്ത്രീപുരുഷന്മാരുടെ ൭-ൻ ലഗ്നം, ഈ ഭാവങ്ങളിലൊ(ത്രികോണങ്ങളിൽ) ഗുരു നില്ക്കുന്നുണ്ടായിരുന്നാൽ ആ ഗർഭം നിശ്ചയമായും സഫലമാണ്. ഈ യോഗങ്ങളുണ്ടായിരുന്നാലും ഫാഴ്ത്തില്ലാത്തവക്കു ചന്ദ്രരശ്മികളെക്കാണാൻ കഴിയാത്തതുപോലെ ബീജമില്ലാത്തവക്കു സംയോഗമുണ്ടായാലും ഗർഭമുണ്ടാകയില്ല.

മൂ— ദിവാകരേന്ദ്വാസ്മരഗൌകുജാക്കജൌ
ഗദപ്രദൌപുംഗവയോഷിതോസ്തദാ
വ്യയസ്ഥഗൌമൃത്യുകരൌയുതസ്ഥിതാ
തദേക്ഷ്വാമരണായകല്പിതൌ. ൫൮

വ്യാ—അധാനസമയം സൂര്യങ്കൽനിന്നു ഏഴാമിടത്തു കുജനും ശനിയും നിന്നാൽ അവർ തങ്ങളുടെ അധിപത്യമുള്ള മാസങ്ങളിൽ പുരുഷനു രോഗാദ്യരിഷ്ടങ്ങളെ ഉണ്ടാക്കും. അങ്ങിനെതന്നെ ചന്ദ്രന്റെ ഏഴാമിടത്തു ശനികുജന്മാർ നിന്നാൽ സ്വാധിപത്യമുള്ള മാസങ്ങളിൽ അവർ സ്ത്രീയ്ക്കു രോഗാദികളെ ഉണ്ടാക്കും (ഗർഭാധാനംമുതൽ പത്തുമാസത്തേക്കും ഓരോമാസങ്ങൾക്കു ഓരോഗ്രഹങ്ങളാണു അധിപന്മാർ. കലലംഘനാങ്കുരാസ്ഥിചമ്മാംഗജ ചേതനാദാ സ്സ്ഥിതകുജ ജീവസൂര്യ ചന്ദ്രാക്കിബുധാഃ പരതഃ. ഉദയപചന്ദ്രസൂര്യനാഥാഃക്രമശോ—ഗദിതാഭവന്തിമാസാധിപതേസ്സുദശം—എന്നു പ്രമാണമുണ്ട്.) സൂര്യന്റെ പന്ത്രണ്ടിലും രണ്ടാമിടത്തുമായിട്ടു കുജനും ശനിയും നിന്നാൽ (ആധാനകാലത്തിൽ) പുരുഷനു മരണത്തെ ചെയ്യുന്നതാണു്. ചന്ദ്രന്റെ പന്ത്രണ്ടിലും രണ്ടിലും കുജനും ശനിയും നിന്നാൽ സ്ത്രീക്കു മാരണകാരണമാണു്. സൂര്യൻ ശനികുജന്മാരിൽ ഒരാളോടുചേർന്നും ഒരാളിനാൽ ദൃഷ്ടനായുമിരുന്നാലും ആ ഗ്രഹങ്ങൾക്കുള്ള മാസങ്ങളിൽ പുരുഷനുമൃത്യുവിനെ ഉണ്ടാക്കും. ഇപ്രകാരംതന്നെ ചന്ദ്രൻ ശനികുജന്മാരിൽ ഒരാളോടുചേർന്നും ഒരാളിനാൽ ദൃഷ്ടനായും നിന്നാൽ അയാൾ സ്വമാസത്തിൽ സ്ത്രീക്കു മൃത്യുവിനെച്ചെയ്യും.

മൂ— ദിവാക്ഷ്ണുക്രൌപിതൃമാതൃസംജ്ഞിതൌ
ശനൈശ്ചരേന്ദുനിശിതദ്വിപത്ന്യയാൽ
പിതൃവ്യമാതൃഷ്വസൃസംജ്ഞിതൌചതാ
വഥൌജയുഗ്മർക്ഷഗതൌതയോശ്ശുഭം. ൫൯

വ്യാ—പകൽ ജനിക്കുന്ന ബാലനു് സൂര്യൻ പിതാവും ശുക്രൻ മാതാവും രാത്രി ജനിക്കുന്ന ബാലനു ശനി പിതാവും ചന്ദ്രൻ മാതാവുമാകുന്നു. സൂര്യൻ ഓജരാശികളിൽ (മേടം മിഥുനം മുതലായവ) നില്ക്കുന്നവെങ്കിൽ പകൽ ബാലന്റെ അച്ഛനും (പിതാവു) രാത്രിയിൽ അമ്മയുടെ സഹോദരങ്ങൾക്കും ശുഭത്തെച്ചെയ്യും. ശുക്രൻ യുഗ്മരാശികളിൽ (ഇടവം കർക്കടകം മുതലായവ) നില്ക്കയാണെങ്കിൽ പകൽ ബാലന്റെ അമ്മയ്ക്കും രാത്രി അമ്മയുടെ സഹോദരികൾക്കും ശുഭത്തെ ചെയ്യും. ശനി ഓജരാശികളിലാണങ്കിൽ രാത്രിയിൽ അച്ഛനും പകൽ അച്ഛന്റെ സഹോദരങ്ങൾക്കും ചന്ദ്രൻ യുഗ്മരാശികളിൽ നില്ക്കയാണ

ങ്കിൽ രാത്രി അമ്മയ്ക്കും പകൽ അമ്മയുടെ സഹോദരങ്ങൾക്കും ശുഭത്തെച്ചെയ്യും. ഓജരാശിയിൽ നില്ക്കുന്ന സൂര്യൻ പകൽ അച്ഛനും രാത്രി അച്ഛന്റെ സഹോദരങ്ങൾക്കും അശുഭത്തെയും—യുഗ്മരാശിയിൽ നില്ക്കുന്ന ശുക്രൻ പകൽ അമ്മയ്ക്കും രാത്രിയിൽ അമ്മയുടെ സഹോദരങ്ങൾക്കും ഓജരാശിയിൽ നില്ക്കുന്ന ശനി രാത്രിയിൽ അമ്മയും പകൽ അച്ഛന്റെ സഹോദരങ്ങൾക്കും യുഗ്മരാശിയിൽ നില്ക്കുന്ന ചന്ദ്രൻ രാത്രിയിൽ അമ്മയ്ക്കും പകൽ അമ്മയുടെ സഹോദരങ്ങൾക്കും അശുഭത്തെച്ചെയ്യും

മൂ — ശീരശ്മ്യാതിഷ്ഠിയോഷിതോനുപചയസ്ഥാനേ
കുജേനേക്ഷിതേ
ജാതംഗർഭഫലപ്രദംപുരുജസ്സ്യാദന-
ന്യഥാനിഷ്ഫലം
ദുഷ്ടേസ്മിൻഗുരുണാനിജോപചയഗേ കുന്ത്യാ-
നിഷേകംപുമാ-
നന്യാഭ്യേചസമൂലഭേശുഭദിനേഽവ്യാ-
ദികാലോചിതേ. ൨൩

വ്യാ—സ്ത്രീയുടെ അനുപചയസ്ഥാനങ്ങളിൽ കുജനാൽ ദുഷ്ടനായ ചന്ദ്രൻ നില്ക്കുമ്പോൾ ഉണ്ടാവുന്ന ആർത്തവം ഗർഭത്തിനു കാരണമാണ്. നേരേമറിച്ചു ചന്ദ്രനു കുജദൃഷ്ടിയുണ്ടെങ്കിലും സ്ത്രീയുടെ ഉപചയസ്ഥാനങ്ങളിൽ ചന്ദ്രൻ നില്ക്കുമ്പോൾ ആർത്തവം ഉണ്ടായാൽ അതു ഗർഭഹേതുവാകയുമില്ല. പുരുഷൻ തന്റെ ഉപചയസ്ഥാനങ്ങളിൽ ചന്ദ്രൻ നില്ക്കുമ്പോൾ ബാലാന്ന വിഹിതനക്ഷത്രങ്ങളിലൊ മൂലം നക്ഷത്രത്തിലൊ (ബാലാന്നവിഹിതനക്ഷത്രങ്ങൾ ചോറൂണിനു വിധിച്ച നാളുകൾ) വാവു് മുതലായ ദുർദ്ദിവസങ്ങളെ ഒഴിച്ചുള്ള ശുഭദിവസം ഗുരുദൃഷ്ടിയുള്ള ലഗ്നത്തിങ്കൽ ഗർഭാധാനത്തെ (സംയോഗത്തെ)ചെയ്യണം. ഷഷ്ഠ്യഷ്ടമീഹരിദിനം ദ്വാദശീയച തൃതീയ പർവ്വദ്വയമ്പ സംക്രാന്തീ ശ്രാദ്ധാഹം ജന്മതാരകം എന്നു്. സുരതവർജ്ജ്യങ്ങളായ ദിവസങ്ങളെ വിധിച്ചിട്ടുണ്ടു്.

മൂ— വിഭാവരീഷോഡശ ഭാമിനീനാ
മുത്തുൽഗമാദ്യാശ്ചതുരഃകാലമാഹുഃ
നാദ്യാശ്ചതസ്രോത്രനിഷേകയോഗ്യാഃ
പരാശ്ചയുഗ്മാസ്സുതദാഃ പ്രശസ്താഃ. ൨൪

വ്യാ—സ്ത്രീകൾക്കു ആർത്തവദർശനംമുതൽ പതിനാറു ദിവസങ്ങളാണു് ഋതുകാലങ്ങളായുള്ളതു്. ഇതിൽ ആദ്യം നാലുദിവസങ്ങളിലും സംയോഗ

ണം ചെയ്യകൂടാ. ശേഷമുള്ള പതിമൂന്നുദിവസങ്ങളിൽ ഇരട്ടപ്പെട്ടതായ (൧൰൩ ഇവ) ദിവസങ്ങൾ പുരുഷപ്രജാപ്രങ്ങളും ഒറ്റപ്പെട്ട (൪-൯ ഇവ) ദിനങ്ങൾ സ്ത്രീപ്രജാപ്രങ്ങളുമാകുന്നു.

മൂ— പുത്രേ ഽപ്യായുർദ്ദാരികാവംശകർത്താ
വന്ധ്യാപുത്രസ്സുന്ദരീശോഭിതരൂപാ
ശ്രീമാൻപാപാധർമ്മശീലസ്തഥാസ്ത്രീ
സവ്യഞ്ജനസ്സ്യാത്തുര്യുരാത്രിക്രമേണ. ൧൮

വ്യാ—ആരംഭദർശനംമുതൽ നാലാംദിവസം (സ്നാനദിവസം) ഗർഭാധാനംചെയ്താൽ അല്പായുസ്സായ പുരുഷനുണ്ടാകുന്നതിനും ൫-ാംദിവസം സ്ത്രീപ്രജയും ൬-ാംദിവസം വംശകരനായ പുത്രനും (വംശത്തെ നിലനിർത്തുന്നവൻ) ൭-ാംദിവസം വന്ധ്യയായ പുത്രിയും (പ്രസവിക്കാത്തവൾ മലടി മച്ചി) ൮-ാംദിവസം അപുത്രനായ പുത്രനും (സന്താനമില്ലാത്തവൻ) ൯-ാംദിവസം സുന്ദരിയായ പുത്രിയും ൧൦-ാംദിവസം ശ്രുതനായ പുത്രനും ൧൧-ാംദിവസം വിരൂപയായ പുത്രിയും ൧൨-ാംദിവസം ശ്രീമാനായ പുത്രനും ൧൩-ാംദിവസം പാപിഷ്ഠയായ പുത്രിയും ൧൪-ാംദിവസം ധർമ്മിഷ്ഠനായ പുത്രനും ൧൫-ാംദിവസം ധർമ്മിഷ്ഠയായ പുത്രിയും ൧൬-ാംദിവസം സവ്യഞ്ജനനായ പുത്രനും ജനിക്കുന്നതാണ്.

മൂ— അഷ്ടമാഷ്ടമീസംസ്ഥേ നിഷേകർക്ഷസ്സുതപ്രദഃ
അഥചാധാനലഗ്നാസ്ഥ ശുഭദൃഷ്ടിയുതാ തഥാ. ൧൯

വ്യാ—നിഷേകരാശിയുടെ അഷ്ടമരാശിയുടെ അഷ്ടമത്തിൽ സൂര്യൻ നിൽക്കുമ്പോൾ ഉണ്ടാവുന്ന അധാനം അധാനലഗ്നത്തിൽ ശുഭയോഗദൃഷ്ട്യാദിയുണ്ടായിരിക്കുക. ഈ രണ്ടും ഗർഭച്ഛേദങ്ങളാണ്.

മൂ— അഥചാധാനലഗ്നാത്തു ത്രികോണസ്ഥദിനേശ്വരേ
തസ്മിന്നാധാനലഗ്നേതു ശുഭദൃഷ്ടിയുതേക്ഷിതേ
ദീർഘായുർഭാഗ്യവാൻജാത സ്സുവിദ്വാന്തമേഷ്യതി. ൨൦

വ്യാ—ആധാനലഗ്നത്തിന്റെ ത്രികോണങ്ങളിൽ സൂര്യൻ നിൽക്കയും ആ ആധാനലഗ്നത്തിനെ ശുഭയോഗദൃഷ്ട്യാദികൾ ഉണ്ടാവുകയുംചെയ്താൽ അപ്പോൾ ഉണ്ടാവുന്ന ബാലൻ ദീർഘായുസ്സും ഭാഗ്യവാനും സുവിദ്വാനുമായിഭവിക്കും.

മൂ— ഓജർക്ഷേ പുരുഷാംശകേഷു ബലിഭിർലഗ്നാക്ഷവിന്ദുഭിഃ
പുംജന്മപ്രവദേൽസമാംശകഗതേ യുഗ്മേക്ഷുതൈസ്തോഷിതഃ
ക്ഷ്വേളിക്ഷ്വവിഷമേ നരം ശശിസിതൈരുക്തശ്രയുഗ്മേസ്ത്രിയം
ദൃഗ്ഗസ്ഥാബുധവീക്ഷണാദ്ഭയമളൈരുക്തന്തിപക്ഷേസകേ. ൨൧

വ്യ—പ്രശ്നലഗ്നം ആധാനലഗ്നം സൂര്യൻ ഗുരു ചന്ദ്രൻ ഇവർ പുരുഷരാശികളിൽ ബലവാന്മാരായിട്ട (ലഗ്നം പുരുഷരാശിയാവണമെന്നത്ഥം) നില്ക്കയൊ അരശികിയ്ക്കയൊ ചെയ്താൽ ഗർഭസ്ഥശിശു പെൺ ജനിച്ചു പ്രജയൊ പുരുഷനാണെന്നും ഇവർ തന്നെ (ലഗ്നം സ്ത്രീ രാശിയിലാവണമെന്ന ഭേദം) ബലവാന്മാരായിട്ട സ്ത്രീരാശികളിൽ സ്ഥിത്യംശകാദി ചെയ്താൽ സ്ത്രീ പ്രജയെന്നും—ഗുരുസൂര്യന്മാർ മാത്രം പുരുഷരാശികളിൽ ബലവാന്മാരായി സ്ഥിത്യംശകാദി ചെയ്താൽ പുരുഷപ്രജയെന്നും ചന്ദ്രശുക്രന്മാർ സ്ത്രീരാശികളിൽ അതുപോലെ സ്ഥിത്യംശകാദി ചെയ്താൽ സ്ത്രീ പ്രജയെന്നും—ഇവർത്തന്നെ ഉഭയരാശികളിൽ അംശകിച്ചു ബുധദൃഷ്ടിയോടുകൂടി നിന്നാൽ ഇരട്ട പ്രസവിക്കുമെന്നും പറയണം.

മൂ— വിഹായലഗ്നം വിഷമർക്ഷസംസ്ഥ
സ്സൌരോപിവും ജന്മകരോവിലഗ്നാൽ
പ്രേക്ഷത്രഗ്രഹാണാമ വലോക്യവീര്യം
വാച്യഃപ്രസൂതൌ പുരുഷോംഗനാവാ. ൨൨

വ്യ—അധാനലഗ്ന പ്രശ്നലഗ്നങ്ങളിൽനിന്ന് ശനിലഗ്നം വിട്ട നു-ശി-ഭൌ-ൻ-കു ഈ സ്ഥാനങ്ങളിൽ നിന്നാൽ പുരുഷ പ്രജയെന്നു പറയണം. ഇവിടെ പറഞ്ഞ ഗ്രഹങ്ങളുടേയും ലഗ്നത്തിന്റേയും ബലാബലങ്ങളെ നല്ലവണ്ണം ആലോചിച്ചു പ്രസവത്തെപ്പറയണം.

മൂ— അന്യോന്യംയദിപശ്യത ശുശീരവീയപ്രാക്കിസൌമ്യാവപി
വക്രോവാസമഗംഭിനേശമസമേ ചന്ദ്രോഭയൌചേൽസ്ഥിതൌ
യുഗ്മൌഋക്ഷഗതാവപീന്ദു ശശിജൌസ്ത്രീമ്യാത്മജേനേക്ഷിതൌ
പുംഭാഗേസിതലഗ്നശീതകിരണാ ഷ്ഷ്ഠംക്ലീബയോഗാസ്മൃതാഃ

വ്യാ—സൂര്യൻ ഓജരാശിയിലും ചന്ദ്രൻ യുഗ്മരാശിയിലും നിന്നു തമ്മിൽ തമ്മിൽ ദൃഷ്ടിചെയ്താൽ നപുംസകയോഗം. ക ശനി യുഗ്മത്തിലും ബുധൻ ഓജത്തിലും നിന്നു പരസ്പരം നോക്കിയാലും ഖ ഓജരാശിയിലെ കുജനും യുഗ്മരാശിയിലെ സൂര്യനും തമ്മിൽ നോക്കിയാലും. നു ചന്ദ്രനും ലഗ്നവും ഓജരാശിയിൽനിൽക്കെ കുജൻയുഗ്മരാശിയിൽ നിന്നു ഈ ലഗ്നചന്ദ്രന്മാരെ നോക്കിയാലും൨ ചന്ദ്രൻ യുഗ്മത്തിലും ബുധൻ ഓജത്തിലുംനില്ക്കയും അവരെ കുജൻ നോക്കിയാലും ൩.(ഇവിടെ കുജൻ ഇന്ന സ്ഥാനത്തു നിൽക്കണമെന്നു വിധിച്ചിട്ടില്ല. കുജദൃഷ്ടി മതി) ലഗ്നം ചന്ദ്രൻ ശുക്രൻ ഇവർക്കുഓജരാശിയിൽ സ്ഥിത്യംശകങ്ങൾ കിട്ടുകയും അവർക്കു ബുധമന്ദന്മാരുടെ ദൃഷ്ടി വരികയും ചെയ്താലും൪. നപുംസകപ്രസവം ഉണ്ടാവും. ഇങ്ങനെ ക്ലീബ (നപുംസക)

ണയോഗങ്ങൾ ആറുപ്രകാരം പറഞ്ഞു. (ഇവിടെ സമരാശി സ്ഥിതിയുള്ള ഗ്രഹങ്ങൾക്കു മാത്രമേ പരസ്പരദൃഷ്ടിയുണ്ടാവാൻ തരമുള്ളൂ.) അതിനാൽ ദൃശ്യാദൃഷ്ട്യവിവർജിതേ— എന്നുള്ള പദ്ധതിവചനത്തെ അനുസരിച്ചു ഗ്രഹദൃഷ്ടി വരുത്തേണ്ടതും ആകുന്നു. സ്ത്രീപുരുഷപ്രസവയോഗങ്ങളുടെ ബലഹീനതയിലും നപുംസകയോഗബലാധിക്യത്തിലും അതിനെ നിശ്ചയമായിട്ടുപറയാം. നപുംസകമെന്നാൽ പുരുഷത്വമില്ലാത്ത പുരുഷനും സ്ത്രീത്വമില്ലാത്ത സ്ത്രീയുമാകുന്നു

മൂ— യുഗ്മേചന്ദ്രസിതൌതഥൈവ ജഭവനേസ്ഥൌർജ്ഞാരജ്ഞ വോഭയാ
ങ്കഗോന്യോന്യനിരീക്ഷിതൌചസ മഗൌയുഗ്മേഷുവാപ്രാണിനഃ
കന്യുസ്ഥമിഥുനംഗ്രഹോഭയഗതാൻ ദ്വ്യംഗാംശകാൻപശ്യതി
ന്യപാംശേഷ്വേതത്രിതയംഋക്ഷകാംശക വശാദ്യുഗ്മന്ത്രമിശ്രൈസ്സമം.

വ്യാ—ഇനിയും യുഗ്മാദിപ്രസവലക്ഷണത്തെപ്പറയുന്നു. ചന്ദ്രശുക്രന്മാർ യുഗ്മരാശിയിലും ലഗ്നം കുജൻ ഗുരു ബുധൻ ഇവർ ബലവാന്മാരായി ഓജരാശിയിലും നിന്നാൽ ഒരു സ്ത്രീയും ഒരു പുരുഷനും ജനിക്കും (ഇരട്ട പ്രസവമെന്നർത്ഥം) യുഗ്മരാശിയിൽ നില്ക്കുന്ന ലഗ്നചന്ദ്രന്മാരെ ബലമുള്ള പുരുഷഗ്രഹം നോക്കിയാലും ഇരട്ട പ്രസവം ഉണ്ട്. ലഗ്നവും കുജനും ബുധനും ഗുരുവും ബലത്തോടുകൂടി യുഗ്മരാശിയിൽ നിന്നാലും ഇരട്ട പ്രസവം ഉണ്ടാവും. എല്ലാഗ്രഹങ്ങളും ലഗ്നവും ഉദയരാശ്യംശകത്തിൽ നില്ക്കയും മിഥുനാംശകത്തിൽ നില്ക്കുന്ന ബുധൻ അവരെ നോക്കുകയും ചെയ്താൽ ഒരു സ്ത്രീയും രണ്ടു പുരുഷന്മാരും ഇങ്ങനെ മൂന്നു കുട്ടികൾ ജനിക്കും. അതുപോലെ ഉദയരാശ്യംശകത്തിൽ നില്ക്കുന്ന ഗ്രഹങ്ങളേയും ലഗ്നത്തേയും കന്യാംശകത്തിൽ ബുധൻ നിന്നുകൊണ്ടു നോക്കിയാൽ രണ്ടു പുരുഷനും ഒരു സ്ത്രീയും ഒരുമിച്ചു ജനിക്കും. എല്ലാഗ്രഹങ്ങളും ലഗ്നവും മിഥുനത്തിലും ധനുസ്സിലുമായി നവാംശകം ചെയ്തിരിയ്ക്കയും മിഥുനാംശകംചെയ്ത ബുധൻ അവരെ നോക്കുകയും ചെയ്താൽ മൂന്നു പുരുഷന്മാർ ജനിക്കും. മേൽപ്രകാരം കന്യാംശത്തിലും മീനാംശത്തിലുമായി നില്ക്കുന്ന എല്ലാഗ്രഹങ്ങളേയും ലഗ്നത്തേയും കന്യാംശത്തിൽ നിന്നുകൊണ്ടു ബുധൻ നോക്കിയാൽ മൂന്നു സ്ത്രീകളെ പ്രസവിക്കും. ഈ ഭാഗങ്ങളും സംപ്യകളും എല്ലായോഗങ്ങളുടേയും ബലാബലങ്ങളെ ചിന്തിച്ചുപറയണം.

മൂ— ധനുർധുരസ്ഥാന്തുഗതേവിലഗ്നേ
ഗ്രഹൈഃസുദംശോപഗതൈർബലിഷ്ഠൈഃ
ജ്ഞേനാക്കിണാപീക്ഷിതയുതേനദൃഷ്ടേ
സന്തിപ്രജാതാഅപികോശസംസ്ഥാഃ.

വ്യ—ധനുരാശിയുടെ അന്ത്യഭാഗം ലഗ്നമായും ബുധനേയും ശനിയേയും ഒഴിഞ്ഞുള്ള ഗ്രഹങ്ങൾ ബലവാന്മാരായിട്ട് ബലത്തോടു കൂടിയ ബുധന്റെയോ ശനിയുടേയോ ദൃഷ്ടിയോടുകൂടി ധനുസ്സിൽ അംശകിയ്ക്കയും ചെയ്താൽ നാളവേഷ്ടിതങ്ങളായ അനേകം അപത്യങ്ങൾ ജനിക്കും. (ഏഴോ ഒമ്പതോ പത്തോ കുട്ടികൾ ഗർഭത്തിൽ ഉണ്ടെന്നു പറയണം.)

മൂ— ദ്വിശ്ചാംശസംയുക്താൻ
ഗ്രഹാൻലഗ്നാച്ചപശ്യതി
കന്യാംശകഗതശ്ചാന്ത്യ
ർഗർഭസ്ഥം ത്രിതയം വദേൽ. ൨൫

വ്യ—ഉഭയരാശിയിൽ നില്ക്കുന്ന ലഗ്നത്തേയും അവിടെത്തന്നെ അംശകിച്ചിരിക്കുന്ന ഗ്രഹങ്ങളേയും കന്നിയിൽ അംശകിച്ചിരിക്കുന്ന ബുധൻ നോക്കിയാൽ ഗർഭത്തിൽ മൂന്നു പ്രജകളുണ്ടെന്നു പറയണം.

മൂ— യുഗ്മാംശകസ്ഥകന്യൈകാ
ദ്വൈപുമാംസൗചഗർഭിണീ
യുഗ്മാംശ്യാംശാൻവിലഗ്നഞ്ച
ഗർഭസ്ഥാഃ പുരുഷാസ്ത്രയഃ. ൨൬

വ്യാ—ഈ ശ്ലോകം പൂർവ്വശ്ലോകത്തോടു ചേർത്തു അന്വയിക്കണം. മുൻപറഞ്ഞ ഉഭയരാശിമിഥുനമായാൽ ഒരു പെൺകുട്ടിയും രണ്ട് ആൺകുട്ടികളും ആണെന്നു പറയണം. അപ്രകാരം തന്നെ ഉഭയരാശ്യംശങ്ങൾ ധനു മിഥുനങ്ങളായും ബുധൻ മിഥുനരാശ്യംശസ്ഥനായി നോക്കുകയും ചെയ്താൽ ഗർഭത്തിലുള്ള കുട്ടികൾ മൂന്നുണ്ടെന്നും അതു മൂന്നും പുരുഷന്മാരാണെന്നും പറയണം.

മൂ— കന്യായുഗ്മാംശകോപേതാൻ
തഥായുഗ്മാംശകോദയഃ
കന്യാനവാംശകസ്ത്രൈണ്യ-
സ്ത്രിസ്രോഗർഭഗതാംഗനാഃ. ൨൭

വ്യാ—അപ്രകാരം (മുൻപറഞ്ഞപോലെ) തന്നെ കന്നിയിലും മീനത്തിലുമായി അംശകിച്ചിരിയ്ക്കുന്ന ലഗ്നത്തേയും ഗ്രഹങ്ങളേയും കന്നിയിൽ അംശകമുള്ള ബുധൻ നോക്കിയാൽ ഗർഭത്തിൽ മൂന്നു സ്ത്രീ പ്രജകളുണ്ടെന്ന് പറയണം.

മൂ— ദ്വിസ്വഭാവംഗതാവക്ഷ ഗ്രുബുധനിരീക്ഷിതൌ
പുംയുഗ്മംകുരുതേതദ്വ ചരസ്ഥിരക്രമഹീസുതാഃ. ൨൮

വ്യാ—ഉഭയരാശിയിൽ നില്ക്കുന്ന സൂര്യനേയും ഗുരുവിനേയും ബുധൻ നോക്കിയാൽ (ഇവിടെ ബുധൻ ഇന്നടത്തു നില്ക്കണമെന്നു നിയമമില്ലാ) രണ്ടു പുരുഷന്മാരെ പ്രസവിക്കും. അതുപോലെ ഉഭയരാശികളിൽ നിൽക്കുന്ന കുജചന്ദ്രശുക്രന്മാരെ ബുധൻ നോക്കിയാലും രണ്ടു പുരുഷപ്രജയുണ്ടാകും.

മൂ— കുവ്വന്തിസ്ത്രീയുഗംതത്ര ബലാബലവിവേകതഃ
സ്ത്രീനപുംസകരശ്ചാന്ദ്രിഃ പുന്നപുംസകരോക്ഷജഃ. ൫൦

വ്യാ—അതുപോലെ ചന്ദ്രനും ശുക്രനും ബുധദൃഷ്ടിയോടുകൂടി യുഗ്മരാശിയിൽ നിന്നാൽ രണ്ടു സ്ത്രീ പ്രജകൾ ജനിക്കും. ഇവ ഒക്കെയും ലഗ്നത്തിന്റേയും ഗ്രഹങ്ങളുടേയും ബലാബലങ്ങളുടെ ഭേദത്തെ നല്ലവണ്ണം ചിന്തിച്ചു പറഞ്ഞുകൊള്ളണം. ബുധൻ സ്ത്രീനപുംസകത്തെയും ശനി പുംനപുംസകത്തെയും ചെയ്യുന്നവരാണു.

മൂ— നിഷേകകാലേചന്ദ്രാർക്കൗ വന്യോന്യംയദിപശ്യതഃ
തദൈവചന്ദ്രമന്ദൗവാ ക്ലീബജന്മപ്രദൗതദാ. ൫൧

വ്യാ—നിഷേകകാലത്തിൽ സൂര്യനും ചന്ദ്രനുമൊ അല്ലെങ്കിൽ ചന്ദ്രനും ശനിയുമൊ പരസ്പരം ദൃഷ്ടിചെയ്തു നിൽക്കയാണെങ്കിൽ ആ ഗർഭം ക്ലീബജന്മപ്രദമായി ഭവിക്കും.

മൂ— നിഷേകർത്തുലഗ്നേശ യോഗേയമളസംഭവഃ
ലഗ്നേശർത്തുപക്ഷസ്ഥേ സപ്തസ്ഥവായമളോഭവഃ. ൫൨

വ്യാ—ആധാനലഗ്നത്തിന്റെ നാഥനും മൂന്നാം ഭാവാധിപനും ഒരുമിച്ചുനില്ക്കയാണെങ്കിൽ രണ്ടുപുരുഷപ്രജകൾ ഉണ്ടാകും. നിഷേകലഗ്നാധിപനും മൂന്നാംഭാവാധിപൻ അംശകിച്ച രാശിയിൽ സ്ഥിതിയുണ്ടായാലും സപ്തരാശ്യംശകത്തോടുകൂടി നിന്നാലും രണ്ടു പുരുഷപ്രജകൾ ഉണ്ടാകും.

മൂ— ഷഷ്ഠേശോദേഹസംബന്ധീ ബുധഷഷ്ഠഗതോയദി
ബുധക്ഷേത്രേചലഗ്നസ്ഥം യസ്യസസ്ത്രീനപുംസകം
ബുധസ്ഥാനേനശനിനാ പുന്നപുംസകതാഭവേൽ. ൫൩

വ്യാ—ആറാംഭാവാധിപൻ ലഗ്നത്തിലും ബുധൻആറാംഭാവത്തിലൊസ്വക്ഷേത്രങ്ങളിലൊ നിൽക്കുമ്പോൾ ഉൽപാദിതമായ ഗർഭം സ്ത്രീയായും നപുംസകത്തോടുകൂടിയുമിരിക്കും. അതുപോലെ ആറാംഭാവാധിപൻ ലഗ്നത്തിൽ നിൽക്കുമ്പോൾ ശനി ബുധക്ഷേത്രത്തിലാവുകയും ചെയ്താൽ അപ്പോൾ ഉണ്ടാവുന്ന ഗർഭത്തിലെ പ്രജ പുരുഷനായും നപുംസകത്തോടു ചേർന്നുമിരിക്കും.

മൂ— നിഷേകലഗ്നേശതൃതീയനാഥേ
ലഗ്നാസ്ഥിതെഽചേട്ടമളെഽഭവേതാം
തൃതീയനാഥേനയുതെഽനിഷേക
രാശീശസംപ്ലുയദിപാദജാതഃ. ൯൫

വ്യാ—ആധാനലഗ്നാധിപനും മൂന്നാംഭാവാധിപനുംകൂടി ആധാനലഗ്നത്തിൽ നിന്നാൽ ഇരട്ടപ്രസവമാകുന്നു. മൂന്നാംഭാവാധിപനും ആധാനലഗ്നാധിപനും രാഹുവുംകൂടി നിൽക്കുമ്പോൾ ഉണ്ടായ ഗർഭത്തിലെ കുട്ടി കാലുമുൻപായി ജനിക്കും.

മൂ— രാഹുയുതേലഗ്നനാഥേ കർമ്മസ്ഥപാദപൂർവ്വജഃ
സരാഹുരന്ധ്രസ്ഥചേലഗ്നോ ജാതഃസ്യാൽസർപ്പവേഷ്ടിതഃ. ൯൬

വ്യാ—രാഹു ലഗ്നത്തിലും ലഗ്നാധിപൻ പത്താമിടത്തും നിൽക്കുമ്പോൾ ജനിക്കുന്ന കുട്ടി കാലുമുൻപായി ജനിക്കും. എട്ടാംഭാവാധിപൻ രാഹുവിനോടുകൂടി ലഗ്നത്തിൽ നിന്നാൽ ജനിക്കുന്ന കുട്ടി സർപ്പത്താൽ ചുറ്റപ്പെട്ടിരിക്കും.

മൂ— രന്ധ്രേശപാപേക്ഷിതയുതേവിലഗ്നേ
ജാതോഽഹിഭിർവേഷ്ടിതദേഹവാൻസ്യാൽ
ലഗ്നത്രിഭാഗേണ്ഡജസർപ്പകോലാ-
സ്തന്നാഥയുക്തസ്തുതഥാത്രിഭാഗഃ. ൯൭

വ്യാ—അഷ്ടമാധിപൻ പാപനോടുകൂടി ലഗ്നത്തിൽനിന്നാൽ ബാലന്റെ ദേഹത്തുമേൽ സർപ്പങ്ങൾ ചുറ്റിയിരിക്കും. ജനനലഗ്നത്തിന്റെ അന്ത്യദ്രേക്കാണം സർപ്പദ്രേക്കാണമോ പക്ഷിദ്രേക്കാണമോ ചതുഷ്പാദ്രേക്കാണമോ ആയിരുന്നാലും ആ ദ്രേക്കാണാധിപന്മാരോടുകൂടി യിരുന്നാലും ആ ദ്രേക്കാണാകൃതിയിൽ ഉള്ള പക്ഷിസർപ്പാദികളാൽ ബാലന്റെ ശരീരം ചുറ്റപ്പെട്ടിരിക്കും.

മൂ— ശുഭഗ്രഹാണാമുദുശാവിഹീനേ
ജാതോരഗൈർവേഷ്ടിതസംഭവഃസ്യാൽ. ൯൮

വ്യാ—ലഗ്നത്തിൽ ശുഭഗ്രഹദൃഷ്ടി ഇല്ലാതെയിരുന്നാൽ മാത്രമേ ഈ സർപ്പവേഷ്ടിതയോഗം പറയാവൂ.

മൂ— ശശാങ്കേപാചഖഗോവാ വൃശ്ചികേശത്രിഭാഗഗേ
ശുഭൈസ്സുപായസഹിതെജ്ജാത സ്സർപ്പസ്തദേവഷ്ടിതോപിവാ.

വ്യാ—ചന്ദ്രൻ മേടത്തിന്റെ ഒന്നും കർക്കടകത്തിന്റെ രണ്ടും ചിങ്ങത്തിന്റെ മൂന്നും വൃശ്ചികത്തിന്റെ ഒന്നും ധനസ്സിന്റെ രണ്ടും മീന

ത്തിന്റെ മൂന്നമായ കുജദ്രേക്കാണങ്ങളിൽ ഒന്നിൽ നിൽക്കയും ശുഭഗ്ര ഹങ്ങൾ ചന്ദ്രന്റെ പതിനൊന്നിലും രണ്ടിലുമായി വരികയും ചെയ്താൽ അപ്പോൾ ജാതമാകുന്നത് സർപ്പംമുതലായതാണെന്നു പറയണം. ഇതുപോലെ കൃഷ്ണചന്ദ്രൻ മേടത്തിന്റെ ഒന്നാംദ്രേക്കാണത്തിലും കർക്കടകത്തിന്റെ രണ്ടാംദ്രേക്കാണത്തിലും വൃശ്ചികത്തിന്റെ ഒന്നാംദ്രേക്കാണത്തിലും മീനത്തിന്റെ മൂന്നാം ദ്രേക്കാണത്തിലും നിൽക്കയും ശുഭഗ്രഹങ്ങൾ ചന്ദ്രന്റെ രണ്ടിലും പതിനൊന്നിലുമായി നിൽക്കയും ചെയ്താൽ ജാതൻസർപ്പത്താൽ ചുറ്റപ്പെട്ടിരിക്കും.

മൂ— ചതുഷ്പദഗതേഭാന്യേ ശേഷൈർവീര്യസമന്വിതൈഃ
ദ്വിതനുസ്ഥൈശ്ചയമളേ ഭവേത്തു കോശവേഷ്ടിതേ. നൽ

വ്യാ—സൂര്യൻ ചതുഷ്പാദ്രാശികളായ മേടം ഇടവം ചിങ്ങം ധനുസ്സിന്റെ അപരാർദ്ധം. മകരത്തിന്റെ പൂർവ്വാർദ്ധം ഇവയിൽ ഒന്നിൽ നിൽക്കയും ശേഷം ഗ്രഹങ്ങൾ ഒക്കെയും വലത്തോട്ടുകൂടി ഉഭയരാശികളിൽ നിൽക്കയും ചെയ്താൽ ഗർഭാശയത്തിലുള്ള വലകളെക്കൊണ്ടു മൂടിയിരിക്കുന്ന രണ്ടു കുട്ടികളുണ്ടാവുമെന്നു പറയണം.

മൂ— ചരാഗസിംഹവൃഷ്ചേലഗ്നേ തൽസ്ഥൈസ്തദ്രേഥവാകുജേ
രാശ്യംശസദൃശേഗാത്രേ ജ്ഞായതേനാളവേഷ്ടിതഃ. രം

വ്യാ—ചേടം ചിങ്ങം ഇടവം ഇവയിലൊന്നു ലഗ്നമായും അവിടെ കുജനോ ശനിയോ നിൽക്കയും ചെയ്യുമ്പോൾ ജനിക്കുന്ന കുട്ടിക്കു കാലാംഗാനി ച്ചുന്ന ക്രമമനുസരിച്ചു ലഗ്നം ഏതു രാശിയിൽ അംശകിച്ചുവൊ ആ രാശിയ്ക്കു പറഞ്ഞിട്ടുള്ള അംഗത്തിൽ നാളം (പൊക്കിൾവള്ളിപോലെയുള്ളത്) ചുറ്റിയിരിയ്ക്കും.

മൂ— ലഗ്നേസപാപേ ബഹുപാപദൃഷ്ടേ
രാഹ്വർക്കജാഭ്യാം സഹിതേഥവാത്രു
പാപഗ്രഹാണാന്തുവിലഗ്നഭേവാ
ജാതോനരോനാളവിവേഷ്ടിതാംഗഃ. രൂ

വ്യാ—ലഗ്നത്തിൽ പാപന്മാർ ഉണ്ടായും പാപന്മാരുടെ ദൃഷ്ടിയുണ്ടായും ഇരുന്നാൽ ജാതൻ നാള വേഷ്ടിതനാവും.

പാപക്ഷേത്രംലഗ്നമായും അവിടെ രാഹുവോ കേതുവോ നിൽക്കയും പാപദൃഷ്ടി ലഗ്നത്തിനു ഉണ്ടാവുകയും ചെയ്താലും ഇപ്രകാരം തന്നെ.

മൂ— തൽക്കാലമിന്ദുസഹിതോദിനസ്യാംശകോയ
സ്ഫുത്തുല്യരാശിസഹിതേപുരതശ്ശശാങ്കേ
യാവാനുദേതിദിനരാത്രിസമാനഭാഗാ
സ്താവൽഗതോദിനനിശോഃ പ്രവദന്തിജന്മ. ൬൨

വ്യാ—ആധാനലഗ്നത്തിലൊ പ്രശ്നലഗ്നത്തിലൊ ചന്ദ്രൻ എ ത്രാമത്തെ അംശകത്തിൽ നിൽക്കുന്നുവെന്നും ആ അംശകം ഏതു രാശി യിലാണെന്നറിഞ്ഞും മേടം മുതൽ ആത്രാമത്തെ രാശിയിൽ ചന്ദ്രൻ ചെല്ലുമ്പോൾ പ്രസവമുണ്ടാകുമെന്നു പറയണം. ലഗ്നരാശി ദിനരാ ശിയാണെങ്കിൽ പ്രസവം പകലെന്നും രാത്രിരാശിയാണെങ്കിൽ രാത്രി യിൽ പ്രസവമെന്നും പറയണം. ദിനരാത്രി നിർണ്ണയംചെയ്താൽ ലഗ്നസ്ഫു ടത്തിൽ ഏതു തീയതികാൽ ചെന്നിട്ടുണ്ടോ ആരുയും നാഴിക പക ലോ രാത്രിയോ ചെല്ലുമ്പോൾ പ്രസവിക്കുമെന്നു പറയുക.

മൂ— ഉദയത്തിമൃദുഭാംശേസപൂർണമസ്തമന്ദേ
യദിഭവതിനിഷേകഃസൂതിരബ്ദത്രയേണ
ശശിനിതുഋധിരേഷ ദ്വാദശാബ്ദൈഃപ്രകൃത്യാ
നിഗദിതമിഹചിന്ത്യംസൂതികാലേപിയുക്ത്യാ. ൬൩

വ്യാ—ആധാനലഗ്നത്തിന്റെ അംശകം മകരത്തിലൊ കുംഭ ത്തിലൊ വരികയും ആ സമയം ആധാനലഗ്നത്തിങ്കൽനിന്നു ഏഴാമി ടത്തു ശനി നിൽക്കയും ചെയ്താൽ ഉണ്ടാവുന്ന ഗർഭം മൂന്നുകൊല്ലം കഴിഞ്ഞതിനുശേഷമെ പ്രസവക്ഷമമാകയൊള്ളു. അങ്ങിനെത്തന്നെ ആധാനലഗ്നം കുക്കടകത്തിൽ അംശകിച്ചും ചന്ദ്രൻ പന്ത്രണ്ടിലുമായി നിന്നാൽ ആ ഗർഭം (ഉണ്ടായതു്) പന്ത്രണ്ടാം വർഷത്തിലേ പ്ര സവിക്കയൊള്ളു. ഇപ്പുറഞ്ഞ ആധാനപ്രസവാദിലക്ഷണങ്ങളൊക്കെ യും യോഗകർത്താക്കളായ ഗ്രഹങ്ങളുടെ ബലാബലങ്ങളെ സഞ്ചിന്തനം ചെയ്തു യുക്തിപൂർവം പറഞ്ഞുകൊൾകെ.

മൂ— പിതൃകർമ്മേശ ദൈവേസൗ ദേഹേശേബലസംയുതേ
വിനാസീമന്തകർമ്മാണി ജാരഃപുത്രോനസംശയഃ
ലാഭേപാപേപാപഗ്രഹേ ന സീമന്തസ്തോഭവേഃ. ൬൪

വ്യാ—നാലും പത്തും ഭാവങ്ങളുടെ അധിപന്മാർ അനിഷ്ട സ്ഥാനങ്ങളിൽ ദുർബലന്മാരായും ലഗ്നാധിപൻ ബലവാനായിട്ടു ഇഷ്ട സ്ഥാനത്തു നില്ക്കയും ചെയ്താൽ പുംസവനസീമന്താദി ഗർഭക്രിയകൾ കഴിയാതെയാണു് പ്രസവിച്ചുതെന്നു പറയുക. ക്രൂരാംഭാവത്തിൽ പാപനും ആ രാശി പാപരാശിയായും വന്നാലും ആ കുട്ടി സീമന്തപു ത്രനല്ലെന്നു പറയണം.

മൂ — പിതൃജാതഃ പരോക്ഷസ്യ ലഗ്നമിന്ദ്വവപശ്യതി
വിദേശസ്ഥസ്യ ചരഭേ മധ്യാൽഭ്രഷ്ടേദിവാകരേ. ൨൩

വ്യാ—ചന്ദ്രൻ ഒരുതരത്തിലും ലഗ്നത്തെ നോക്കാതെയിരുന്നാൽ പിതാവു് അവിടെ ഇല്ലാതിരുന്നപ്പോൾ ആയിരുന്ന പ്രസവമെന്നു പറയണം. ഈ യോഗത്തിൽ സൂര്യൻ ലഗ്നാൽ ഒൻപതിലൊ എട്ടിലൊ ചരരാശിയിൽ നില്ക്കയാണെങ്കിൽ പിതാവു് അന്യദേശത്തിലായിരുന്നപ്പോഴാണ് കുട്ടി ജനിച്ചതെന്നും നവമാഷ്ടമരാശികൾ സ്ഥിരങ്ങളാണെങ്കിൽ (സൂര്യയുതമായിട്ട്) പിതാവു സ്വദേശത്തും ഉഭയരാശികളാണെങ്കിൽ പിതാവു സ്വദേശചരദേശങ്ങളുടെ മധ്യത്തിൽ ഉള്ള സ്ഥലത്തുമായിരുന്നുവെന്നു പറയുക.

മൂ— ഉദയസ്ഥപിവാമന്ദേ കുജേവാസ്തംസമാഗതേ
സ്ഥിതേവാനന്തരക്ഷേപാനാഥേ ശശാങ്കസുതശുക്രയോഃ. ൨൪

വ്യാ—ശനി ലഗ്നത്തിൽ നിന്നാലും ക കുജൻ ഏഴാമിടത്തു നിന്നാലും ഛ ചന്ദ്രൻ ബുധശുക്രന്മാരുടെ മധ്യത്തിൽ നിന്നാലും ന പിതാവു പ്രസവസമയം അവിടെ ഇല്ലായിരുന്നുവെന്നു പറയുക.

മൂ— ലഗ്നേവായദിശീതാംശൌ ശുഭഖേചരരാശിഗേ
ഔരസോന്യംഭവേജ്ജാതോ ഗുരുവർഗസമന്വിതേ. ൨൫

വ്യാ—ലഗ്നമൊ ചന്ദ്രനൊ വ്യാഴത്തിന്റെ വർഗങ്ങൾ ചേർന്നു നിന്നാൽ ജാതനായ കുമാരൻ ഔരസപുത്രനായിരിക്കും. (സ്വധർമ്മപത്നിയിൽ തന്നാൽ ഉൽപാദിതനായ പുത്രൻ.)

മൂ— ജീവോനഭേമസന്ദൃഷ്ട സ്സ്വവർഗേസാക്ഷചന്ദ്രമാഃ
ക്ഷേത്രജോയംഭവേജ്ജാത സ്സസൌമ്യോവാബലാന്വിതഃ. ൨൬

വ്യാ—ചന്ദ്രൻ സ്വവർഗത്തിൽ ബലവാനായി സൂര്യനോടൊ ബുധനോടൊ കൂടി നില്ക്കയും ഗുരുവിനു കുറ്റദൃഷ്ടിയില്ലാതെയും ഇരുന്നാൽ ജാതൻ ക്ഷേത്രജനാണെന്നു പറയണം. (ഭർത്താവു വ്യാധിഗ്രസ്തനായിട്ട് തന്റെ അനുവാദത്തോടുകൂടി സ്വഭാര്യയിൽ അന്യനാൽ ഉൽപാദിപ്പിക്കപ്പെട്ട പുത്രൻ ക്ഷേത്രജനെന്നു പറയപ്പെടുന്നു.

മൂ— മന്ദവദ്ഗതേചന്ദ്രേ മന്ദയുക്തേതുപഞ്ചമേ
ഭാനുഭാർഗ്ഗവസന്ദൃഷ്ടേ പുത്രഃപൌനർഭവോഭവേൽ. ൨൭

വ്യാ—ചന്ദ്രൻ ശനിയുടെ നവാംശത്തിലും ശനി അഞ്ചാംഭാവത്തിലും നില്ക്കയും ആദിത്യശുക്രന്മാരുടെ ദൃഷ്ടിയുണ്ടാവുകയും ചെയ്താൽ ആ കുട്ടി പൌനർഭവനായിരിക്കും. (ഭർത്താവിനാൽ ഉപേക്ഷിക്കപ്പെ

ട്ടവളോ വിധവയോ ആയവളിൽ സ്വേച്ഛാനുസരണം അന്യനാൽ ഉൽപാദിപ്പിയ്ക്കപ്പെട്ട പുത്രൻ.)

മൂ— വ്യയേഭാസ്കരസന്ദൃഷ്ടേ വർഗ്ഗേഭാർഗ്ഗവചന്ദ്രയോഃ
ചന്ദ്രേസൂര്യയുതേവാപി കാനീനോന്യംഭവേന്നരഃ. ൫൦

വ്യാ—ലഗ്നാൽ ഛ-ാംഭാവത്തിൽ സൂര്യൻ നോക്കുകയും ശുക്രന്റെയൊ ചന്ദ്രന്റെയൊ വർഗ്ഗത്തിൽ ചന്ദ്രനോടുകൂടി സൂര്യൻ നിൽക്കയും ചെയ്താൽ ജാതൻ കന്യകയുടെ പുത്രനാകുന്നു.

ശ്ലൂ— ചന്ദ്രദൃഷ്ടിയുതോമാന്ദി ർന്നപുത്രസമന്വിതഃ
തദീക്ഷണയുതോവാപി ദത്തപുത്രോഭവേന്നരഃ. ൫൧

വ്യാ —ചന്ദ്രദൃഷ്ടിയുള്ള ഗ്രഹികുന്ന ശനിയുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ അപ്പോൾ ജനിക്കുന്ന കുട്ടി ദത്തപുത്രനായി ഭവിക്കും (സ്വസന്താനമില്ലാത്തവനെന്നു സാരം.)

മൂ— ശന്യംഗാരകസംയുക്തേ സപ്തമേവാഥപഞ്ചമേ
അരൌന്ധ്രനീക്ഷിതേഖേടൈഃ കൃത്രിമപുത്രവിനിർദ്ദിശേൽ. ൫൨

വ്യാ—ഏഴിലൊ അഞ്ചിലൊ ശനിയും കുജനും നിൽക്കയും ഇവക്കു മറ്റു ഗ്രഹങ്ങളുടെ ദൃഷ്ടിയില്ലാതിരിക്കയും ചെയ്താൽ ജാതൻ കൃത്രിമപുത്രനെന്നുപറയാം. (അന്യപുത്രനെ പുത്രത്വേന സ്വീകരിക്കുക. വാത്സല്യാദികളെ ഉണ്ടുമാവാം.)

മൂ— പരസ്പരക്ഷേത്രഗതൌയദൃച്ഛയാ
രസാതലേശൌയദിജന്മലഗ്നാൽ
ലഗ്നേശരാശ്യാഖിലുകേശരാശ്യാ
ധിജാഹിയുക്തൌ ജനനംപരേണ. ൫൩

വ്യാ—ലഗ്നാധിപനും നാലാംഭാവാധിപനും അന്യോന്യം ക്ഷേത്രംമാറി കേന്ദ്രത്തിലോ രാശിയിലോ കൂടി നിന്നാൽ ജാതൻ അന്യന്റെ പുത്രനായിരിക്കും.

മൂ— ലഗ്നാംശശാങ്കാംസുരരാജമന്ത്രീ
നവീക്ഷതേചൈകഗൃഹസ്ഥിതോവാ
നജീവവദ്ഭേണയുതംതദാനീം
ജാതംവദേദന്യസമാഗമേന. ൫൪

വ്യാ—ലഗ്നത്തിനും ചന്ദ്രനും ഗുരുദൃഷ്ടിയോടും അംശകത്തോടും ബന്ധമൊന്നുമില്ലാതിരുന്നാൽ ജാതൻ ജാരപുത്രനാകുന്നു.

മൂ — സപ്തമീസോമജ്ഞരേവതീച
സദ്വാദശീഭാനുസുതശ്രവിഷ്വാ
പ്രൈഷേഷ്വജാതംപരതോവദന്തി. ൭൭

വ്യാ—ഞായറാഴ്ചയും ദ്വിതീയയും കൂടിയ ദിവസവും സപ്തമിയും രേവതിയും ബുധനാഴ്ചയും കൂടിയ ദിവസവും ദ്വാദശിയും ശനിയാഴ്ചയും അവിട്ടവും കൂടിയ ദിവസവും ഉണ്ടാവുന്നവൻ ജാരപുത്രനായിരിക്കും.

മൂ — ദ്വോദ്വ്യതിഥിയുക്തേഷു ത്രിപാദർക്ഷാന്വിതേഷുച
മന്ദാക്കജൗമവാരേഷു ജാതമന്യാത്മവംവിദുഃ. ൭൮

വ്യാ —ഞായർ ചൊവ്വാ ശനി ഈ ആഴ്ചകളിൽ വരുന്ന ദ്വിതീയസപ്തമി ദ്വാദശി ഈ പക്ഷങ്ങളിൽ പുനർതം വിശാഖം പൂരുരുട്ടാതി കാർത്തിക ഉത്രം ഉത്രാടം ഈ നാളുകളായി ജനിക്കുന്നവനും ജാരപുത്രനാണ്.

മൂ— നലഗ്നമിന്ദുഞ്ചഗുരുന്നിരീക്ഷതേ
നവാശശാങ്കംരവിണാസമാഗതം
സപാപകോക്കേണയുതോഥവാശശീ
പരേണജാതംപ്രവദന്തിനിശ്ചയാൽ. ൭൯

വ്യാ —ലഗ്നത്തെയും ചന്ദ്രനെയും (രണ്ടിനേയും ഒരുമിച്ചോ വെവ്വേറെയോ) വ്യാഴം നോക്കുന്നില്ലെങ്കിൽ ജാതൻ ജാരപുത്രനാണ്. സൂര്യനോടുകൂടി നിൽക്കുന്ന ചന്ദ്രനും വ്യാഴദൃഷ്ടിയില്ലെങ്കിൽ ജാരപുത്രനെന്നു പറയണം. ചന്ദ്രൻ സൂര്യനോടും മറൊരു പാപിയോടും ചേർന്നു നിന്നാൽ ജാരപുത്രനെന്നു പറയാം. ഇവിടെ ഒരുവിധത്തിലും വ്യാഴത്തിന്റെ വീക്ഷണമൊന്നുമില്ലെങ്കിലെ ഈ യോഗം പറയാവൂ.

മൂ— ഗുരുക്ഷേത്രഗതേചന്ദ്രേ തദ്ദൃക്കേവാന്യരാശിഗേ
തദ്രേക്കാണേതദംശേവാ നപരൈർജാതമിഷ്യതേ. ൮൦

വ്യാ —ചന്ദ്രൻ ഗുരുക്ഷേത്രങ്ങളിലോ ഗുരുവിനോടൊരുമിച്ചോ അല്ലെങ്കിൽ അന്യരാശികളിൽ ഗുരുവിദ്രേക്കാണാദി വീക്ഷണങ്ങളിലൊ നിന്നാൽ ജാതൻ ജാരപുത്രനെന്നു പറയരുത്.

മൂ— ക്രൂരർക്ഷഗതാവശോഭനേന സൂര്യാദ്യൈനപാത്മജസ്ഥിതൌ
ബലേസ്ഥാപിതാവിദേശഗൂ സേപ്വാരാശിവശാദ്ഥോപടി. ൮൧

വ്യാ —പാപക്ഷേത്രങ്ങളായ മേഷസിംഹവൃശ്ചികമകരകുംഭങ്ങളും ക്ഷീണചന്ദ്രനായാൽ ചന്ദ്രൻ നിൽക്കുന്ന കർക്കടകവും ഇവയിൽ

ഏതിലെങ്കിലും ഒന്നിൽ കുജനും ശനിയും നിൽക്കയും ആ നിൽക്കുന്ന രാശി സൂര്യങ്കൽനിന്നു ൭-൭ ൽ ഇവയിൽ ഒന്നാകയും ചെയ്താൽ ജാതന്റെ പിതാവു ബന്ധനസ്ഥൻ (തടവു മുതലായവ) ആണെന്നു പറയണം. സൂര്യൻ ചരരാശിയിലെങ്കിൽ ബന്ധനസ്ഥാനം പരദേശത്തും സ്ഥിരരാശിയിലെങ്കിൽ സ്വദേശത്തും ഉഭയരാശിയിലെങ്കിൽ രണ്ടിനും മദ്ധ്യേയുള്ള സ്ഥലത്തെന്നും അറിയുക.

മൂ — പൂർണ്ണേശശിനിസ്വാരാശിഗേ സൌമ്യേലഗ്നഗതേശുഭേസുഖേ
ലഗ്നോജുലജേസ്ഥഗേപിവാ ചന്ദ്രേപോതഗതാപ്രസൂയതേ. ന൦

വ്യാ . പൂർണ്ണചന്ദ്രൻ കർക്കടകത്തിലും ലഗ്നത്തിൽ ബുധനും നാലിൽ വ്യാഴവും നിന്നാൽ (ലഗ്നം പ്രശ്നലഗ്നവും അധാനലഗ്നവുമാവാം) ഗർഭിണി തോണിയിൽക്കൂടി പോകുമ്പോൾ പ്രസവിക്കും. ലഗ്നം ജലരാശിയായാലും ഏഴിൽ ചന്ദ്രൻ നില്ക്കയും ചെയ്താൽ തോണിയാത്രയിൽ പ്രസവിക്കും.

മൂ — ആപ്യോദയമാപ്യഗശ്ശശീ സൗമ്യൂർണ്ണസ്സമവേക്ഷിതേഥവാ
മേഷ്യൂരണബന്ധുലഗ്നഗസ്സ്യാൽ സൂതിസ്സുലിലേനസംശയഃ. സ൭

വ്യാ—ലഗ്നം ജലരാശികളായ കർക്കടം മീനം മകരത്തിന്റെ പശ്ചാൽഭാഗം ഇവയിൽ ഒന്നാകയും ചന്ദ്രൻ ഇവയിൽ ഒന്നിൽ നിൽക്കയും ചെയ്താൽ ജലസമീപത്തിൽ പ്രസവമുണ്ടാകും. ഈ രാശികളിൽ ഒന്നു ലഗ്നമായും ആ ലഗ്നത്തിൽ ചന്ദ്രന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടാവുകയും ചെയ്താൽ പ്രസവം ജലത്തിലെന്നു പറയണം. ലഗ്നം ജലരാശിയായും ചന്ദ്രൻ ൨-൫-൮ ലഗ്നം ഈ ഭാവങ്ങളിൽ ഒന്നിൽ നിന്നാലും പ്രസവം ജലത്തിലായിരിക്കും.

മൂ— ഉദയോഡുപയോർവ്യയസ്ഥിതേ
ഗ്രപൂജ്യാം പാപനിരീക്ഷിതേയമേ
അളികക്കിയുതേവിലഗ്നഗേ
സൌരേശീതകരേക്ഷിതേവടേ. ന൮

വ്യാ—ചന്ദ്രനും ലഗ്നവും ഒരു രാശിയിലും പന്ത്രണ്ടിൽ പാപഗൃഹത്തിയുള്ള ശനിയും നിന്നാൽ കാരാഗൃഹത്തിൽ പ്രസവിക്കും. വൃശ്ചികമോ കർക്കടകമോ ലഗ്നമായും അവിടെ ശനി നിൽക്കയും ചന്ദ്രൻ നോക്കുകയും ചെയ്താൽ കുഴിയിൽ (താണസ്ഥലങ്ങളും ആവാം) പ്രസവിക്കും.

മൂ — മന്ദേജ്യഗതേവിലഗ്നഗേ ബുധസൂര്യേന്ദുനിരീക്ഷിതേക്രമാൽ
ക്രീഡാഭവനംസുതാലയം പ്രസവേസോഷ്ണഭൂമിമാദിശേൽ. ന൯

വ്യാ—ലഗ്നവും ശനിയും ജലരാശികളിൽ നില്ക്കയും അല്ലെങ്കിൽ ജലരാശിയായ ലഗ്നത്തിൽ ശനി നില്ക്കയും ചെയ്താൽ അവിടെ ബുധദൃഷ്ടിയുണ്ടായാൽ ക്രീഡാഭവനത്തിലും (രതിസ്ഥലം) സൂര്യദൃഷ്ടിയുണ്ടായാൽ ദേവാലയത്തിലും ചന്ദ്രദൃഷ്ടിയുണ്ടായാൽഉഷ്ണഭൂമിയിലും (ഒരുവെള്ളമുള്ള സ്ഥലം) പ്രസവിക്കും.

മൂ— സ്വഗൃഹദൃശീക്ഷിതിജൂശ്ശനൌ
രമ്യേസിതേന്ദൂഗ്രരുഗ്നിഹോത്രേ
രവിസ്തരന്ത്രാമരഗോകുലേഷു
ശില്പാലയേജ്ഞഃ പ്രസവം കരോതി. സ൩

വ്യാ—നരരാശികളായ മിഥുനം കന്നി തുലാം ധനസ്സിന്റെ പൂർവ്വാർദ്ധം കുംഭം ഇവയിൽ ഒന്നിൽ നില്ക്കുന്ന ശനിയെ (പൂർവ്വശ്ലോകാർദ്ധത്താൽ ഇവിടെയും ശനിയെന്ന അറിഞ്ഞുകൊൾകെ) കുജൻ നോക്കിയാൽ പ്രസവം ശൂരഭൂമിയിലും (ചുടലയ്ക്കിടക്കുന്ന സ്ഥലം) ആ ശനിയെ ശുക്രനോ ചന്ദ്രനോ നോക്കിയാൽ മനോഹരമായ ഭവനത്തിലും ആ ശനിയെ ഗുരു നോക്കിയാൽ അഗ്നിശാലയിലും (ഹോമങ്ങൾക്കായി എന്നും തീയ്യ് സൂക്ഷിക്കുന്ന സ്ഥലം) ആ ശനിയെ സൂര്യൻ നോക്കിയാൽ രാജഭവനങ്ങളിലോ ദേവാലയങ്ങളിലോ ഗോശാലകളിലോ, (തൊഴുത്തു മുതലായവ) ആ ശനിയെ ബുധൻ നോക്കിയാൽ ശില്പാലയങ്ങളിലും (പണിപ്പുര-ചിത്രമെഴുത്തുസ്ഥലം മുതലായവ) ആയിരിക്കും. (ഈ ഭാഗം നഷ്ടസ്ഥലം മോഷണസ്ഥലം സുരതസ്ഥലം ഇവയെ ചിന്തിക്കുന്ന പ്രശ്നങ്ങളിലും ഉപയോഗയോഗ്യമാണ്.)

മൂ— രാശ്യംശസമാനഗോചരേ
മാർഗ്ഗേജുന്മ പരേസ്ഥിരേഗ്രഹേ
സപർക്ഷാംശഗരേ സപമന്ദിരേ
ബലയോഗാൽഫലമംശകർക്ഷയോഃ. സ൪

വ്യാ—ലഗ്നമോ ലഗ്നാവയവമോ ഏതുരാശിയിലാണോ നില്ക്കുന്നതെങ്കിൽ ആ രാശിക്കു പറഞ്ഞിരിക്കുന്ന സ്ഥലങ്ങളോടുകൂടിയ വഴിയിൽ പ്രസവമുണ്ടാവും. രാശികളുടെ സ്ഥലഭേദങ്ങൾ ഇപ്രകാരം ഗ്രഹിക്കണം. "മേഷസ്യധാത്വാകരഭൂമിഃ കുല്യാപ്രദേശോഭൂജ്ഞാലയശ്ച പൂർവ്വപ്രദേശോവൃഷഭസ്യപശ്ചാൽ കൃഷീവലക്ഷേത്രസുരമ്യഭൂമിഃ ആരാമദേവാലയഭൂമിരുമസ്യരമ്യം പ്രവദന്തിതജ്ഞാഃ ദേവാംഗനാവാസതടാകരമ്യം ജലാന്തികംകർക്കടകസ്യരാശേഃ സ്ഥാനംമൃഗേന്ദ്രസ്യ തു തുംഗദേശോഗോക്ഷേത്ര ദേവ ദ്വിജവാസഭൂമിഃ ദേവാലയാശ്വദ്വിപമന്ദിരാബ്ധി ക്ഷേത്രേഷുവാസോവ

നിതാഗ്രഹസ്യ ജ്ഞകസ്യ വീഥ്യാപണകാനനേഷു കീടസ്യവത്മീക തടാകയോശ്ച ആരാമസേനാഗ്രഹയുദ്ധഭൂമി സാലേഷുവാസോന വമസ്യ രാശേഃ നദീമുഖാരണ്യനിഷാദവാസേഷ്വേണാഖ്യരാശേ ഷ്ടഭസ്യേതദ്വൽ ശ്വഭ്രാംബുപൂർണ്ണാമരമന്ദിരേഷുധഷസ്യവാസഃ കഥിതോമുനീന്ദ്രൈഃ." ഇതിൽ ഓരോ രാശികൾക്കു ചേർന്ന ആകൃതിയോടുകൂടിയ പൂജ്യക്കളം സഞ്ചരിക്കുന്ന വഴികളേയും ഗ്രഹിക്കേണ്ടതാകുന്നു. ലഗ്നം സ്ഥിരരാശിയും സ്ഥിരരാശ്യംശകവും വന്നാൽ അതിനു ചേരുന്നതായ ഗൃഹത്തിൽ പ്രസവമുണ്ടാവും. ഉഭയരാശിലഗ്നവും ഉഭയരാശിയിൽ അംശകവും വന്നാൽ തിണ്ണ മുതലായ സ്ഥലങ്ങളിൽ പ്രസവിക്കും. ലഗ്നം ചരരാശിയായാലും അംശകം ലഗ്നത്തിൽതന്നെ ആയാൽ സ്വഭവനത്തിൽ തന്നെ പ്രസവമുണ്ടാകും. ഇവ ഒക്കെയും ലഗ്നത്തിന്റെയും തദ്ദംശകത്തിന്റെയും ബലാബലങ്ങളെ ആലോചിച്ചു് അനുരൂപങ്ങളായ സ്ഥലങ്ങളെപ്പറഞ്ഞുകൊൾകം.

മൂ— ആരാക്ഷയോസ്ഥികോണഗേ ചന്ദ്രേക്ഷവർഗ്ഗസ്ഥിതേംബയാ
ദുഷ്ടേമരരാജമന്ത്രിണാ ഭീഷ്മായുസ്സുഭാക് ചസന്മതഃ. നന

വ്യാ— ശനിയും കുജനും ഒരു രാശിയിൽനില്ക്കയും അവരുടെ ത്രികോണങ്ങളിൽ (൭-ൽ ഇവ ഒന്നിൽ) സൂര്യനൊ ചന്ദ്രനൊ ഒരാൾ നില്ക്കുകയുംചെയ്താൽ അപ്പോൾ ജനിക്കുന്നകുട്ടിയെ അതിന്റെ മാതാവു ഉപേക്ഷിക്കും. ഈ യോഗത്തിൽ സൂര്യനൊ ചന്ദ്രനൊ ഗുരുദൃഷ്ടിയുണ്ടെങ്കിൽ ഉപേക്ഷിക്കപ്പെട്ട കുട്ടി അന്യന്റെ രക്ഷയിൽ ഭീഷ്മായുസ്സായിസ്സു ചേർന്നാടുകൂടിയിരിക്കും

മൂ— പാപേക്ഷിതേതുഹിനഗാവുദയേകുജേസ്ഥ
ത്യക്തോപിനശ്യതികുജാക്ഷയോസ്ഥഗായേ
സൌമ്യേപിപശ്യതിതഥാവിധഹസ്തമേതി
സൌമ്യേതരേഷുപരഹസ്തഗതോവ്യനായുഃ. നഒ

വ്യാ— ചന്ദ്രൻ പാപദൃഷ്ടിയോടുകൂടി (കുജന്റെയോ ശനിയുടേയോ) ലഗ്നത്തിലും കുജൻ ഏഴാമിടത്തും നില്ക്കുമ്പോൾ ജനിക്കുന്നകുട്ടി മാതാവിനാൽ ഉപേക്ഷിക്കപ്പെട്ടിട്ടു നശിക്കും (മരിക്കും. അതുപോലെ പാപദൃഷ്ടിയുള്ള ചന്ദ്രൻ ലഗ്നത്തിലും പതിനൊന്നിൽ കുജമന്ദന്മാരും നില്ക്കയും ചെയ്താൽ ഉപേക്ഷിക്കപ്പെട്ട ബാലൻമരിക്കും. ആ ചന്ദ്രനെ ശുഭഗ്രഹം നോക്കിയാൽ ഉപേക്ഷിക്കപ്പെട്ട ബാലനെ, ചന്ദ്രനെ നോക്കിയ ശുഭഗ്രഹത്തിനുള്ള ജാതിയിൽപ്പെട്ട ആളകൾ എടുത്തു വളർത്തും. അതുപോലെ ചന്ദ്രനെ കുജനോ ശനിയോ സൂര്യനോ നോക്കുകയും ഒരു ശുഭഗ്രഹവും നോക്കിയാൽ ഈ പാപശു

ഭഗൃഹങ്ങളിൽ ബലമധികമുള്ള ഗൃഹത്തിന്റെ ജാരിക്കാരുടെ പക്കൽ ചെന്നിട്ട് ബാലൻ മരിക്കും.

൪—പിതൃമാതൃഗൃഹേഷുതൽബലാൽ തദ്ശാലാദിഷുനീചഗൈശ്ച ഭൈഃ
യദിനൈകഗതസ്സൂവീക്ഷിതെ ലഗോന്ദുവിജനേപ്രസൂയതേ. ൩൭

൫—പിതൃകാരകന്മാരായ ശനിയൊ സൂര്യനൊ (ദിവാക്രൂ ക്രൂ എന്ന ന്യായേന) ഒരാൾ ബലവാനായിരുന്നാൽ അച്ഛന്റെയോ അച്ഛന്റെ സഹോദരി മുതലായവരുടെയോ ഗൃഹത്തിൽ പ്രസവിക്കും. അപ്രകാരം മാതൃകാരകന്മാരായ ചന്ദ്രശുക്രന്മാരിൽ ഒരാൾക്കു ബലം അധികമുണ്ടായാൽ മാതാവിന്റെയൊ തത്സംബന്ധികളായവരുടെയൊ ഭവനത്തിൽ പ്രസവിക്കും. ശുഭഗ്രഹങ്ങളൊക്കെയും നീചഗതന്മാരായാൽ വൃക്ഷച്ചുവട്ടിലൊ മരിലുകളുടെ ചുവട്ടിലൊ നദീതീരങ്ങളിലൊ കാവു്, പർവ്വതം മുതലായ സ്ഥലങ്ങളിലോ പ്രസവിക്കും.അതുപോലെ ശുഭഗ്രഹങ്ങൾ നീചസ്ഥന്മാരായും ലഗ്നവും ചന്ദ്രനും ഒരു രാശിയിലാവുകയും അവക്കു ഗ്രഹദൃഷ്ടിയില്ലാതെ വരികയും ചെയ്താൽ വിജനസ്ഥലങ്ങളിൽ (കാടുകളിൽ എന്നർത്ഥം) പ്രസവിക്കും. മൂന്നിൽ കുറയാതെയുള്ള ഗ്രഹങ്ങൾ ഒരുമിച്ചുനിന്നു ചന്ദ്രനെയും ലഗ്നത്തെയും നോക്കിയാൽ ധാരാളം ആളുകൾ ഉള്ള സ്ഥലത്തു പ്രസവിക്കും—സൂര്യശനികൾ പിതൃകാരകന്മാരാണെങ്കിലും സൂര്യൻ ബലവാനായാൽപിതൃഗൃഹത്തിലും ശനി ബലവാനായാൽ പിതൃവ്യഗൃഹത്തിലും (അച്ഛന്റെ സഹോദരന്റെ) അതുപോലെ ചന്ദ്രനു ബലമധികമുണ്ടെങ്കിൽ മാതൃസഹോദരീഗൃഹത്തിലും ശുക്രനു ബലാധിക്യമുണ്ടെങ്കിൽ മാതൃഗൃഹത്തിലും പ്രസവിക്കുമെന്നു പറയണം. രാത്രിയിൽ ശനിക്കു പിതൃഗൃഹവും സൂര്യനു പിതൃവ്യഗൃഹവും ചന്ദ്രനു മാതൃഗൃഹവും ശുക്രനു മാതൃസഹോദരീഗൃഹവുമാകുന്നു. കുജനു് സഹോദരഗൃഹവും ബുധനു് ബന്ധുഗൃഹവുമാണു്.

൬— മന്ദർക്ഷാംശേശശിനിഖിബുകേമന്ദദൃഷ്ടേഷ്വജ്ഞഗേവാ
തദ്യുക്തേവാതമസിശയനംനീചസംസ്ഥശുക്രേ
യദ്വദ്രാശിർപ്രജനിഖരിജംഗർഭമോക്ഷസ്തഥാൽ
പാപൈശ്ചന്ദ്രാൽ സ്മരസുഖഗതൈഃ ക്ലേശമാഹുർജനന്യാഃ. ൩൮

൬—ശനി മകരത്തിലൊ കുംഭത്തിലൊ അംശകിക്കയും ആ അംശകരാശിയിൽ ചന്ദ്രൻ നില്ക്കയും ചെയ്താൽ ഇരുട്ടറയിൽപ്രസവിച്ചു കിടക്കുമെന്നും, ലഗ്നാൽ നാലാമിടത്തുചന്ദ്രൻ നിന്നാലും ഇരുട്ടറയിലെന്നും,(ഇരുട്ടുള്ള മറ്റു സ്ഥലങ്ങളിലും പ്രസവം കഴിഞ്ഞു കിടക്കുമെന്നും)ചന്ദ്രൻ രണ്ടിടെ നിന്നാലും ചന്ദ്രനു് ശനിദൃഷ്ടി ഉണ്ടെങ്കിൽ

ഇരുട്ടത്തു പ്രസവിച്ചു കിടക്കുമെന്നും, ചന്ദ്രൻ ഏവിടെനിന്നാലും കർക്കടകത്തിലൊ മീനത്തിലൊ അംശകിച്ചാൽ ഇരുട്ടത്തു പ്രസവിക്കുമെന്നും, ശനിചന്ദ്രന്മാർ ഏവിടെയെങ്കിലും ഒരുമിച്ചു നിന്നാൽ ഇരുട്ടത്ത് പ്രസവിച്ചു കിടക്കുമെന്നും പറയണം. അധാനകാലത്തിൽ ഉണ്ടായിരുന്ന ശയനസ്ഥലത്തെയും ഇതുകൊണ്ടു ചിന്തിക്കാം. സൂര്യൻ ചന്ദ്രനെ നോക്കിയാൽ പ്രസവം വെളിച്ചമുള്ള സ്ഥലത്തായിരുന്നുവെന്നും മുന്നിൽ കുറയാതെയുള്ള ഗ്രഹങ്ങൾ നീചന്മാരായാൽ തൃണപൂർണ്ണമായ സ്ഥലത്തു പ്രസവമെന്നും പറയുക. ലഗ്നം പൃഷ്ഠോദയമായാൽ കുട്ടിയുടെ കാലു മുൻപായി പ്രസവിച്ചുവെന്നും അധോമുഖമായാൽ തല മുൻപായെന്നും തിര്യങ്മുഖമായാൽ കയ്യു മുൻപായെന്നും തല്ലഗ്നചന്ദ്രന്റെ നാലിലൊ ഏഴിലൊ പാപഗ്രഹങ്ങൾ നിന്നാൽ പ്രസവസമയത്തിൽ മാതാവിനു വളരെ അരിഷ്ടയുണ്ടായെന്നും പറഞ്ഞുകൊൾകെ.

മൂ— സ്നേഹശ്ശൗങ്കാട്ടിടയാച്ചുവത്തിർ
ദ്വീപോക്ഷയുക്തർക്ഷവശാച്ചരാട്ട്യഃ
ദ്വാരണ്ഡതദ്വാസ്ഥനികേന്ദ്രസംസ്ഥൈഃ
ജ്ഞേയംഗ്രഹൈർവീര്യസമന്വിതൈർവാ. ൧൧

വ്യാ—പ്രസവസമയമുണ്ടായിരുന്ന വിളക്കിൽ ഉള്ള പൂർണ്ണയെ ചന്ദ്രനെക്കൊണ്ടു വിചാരിക്കണം. വെളിച്ചെണ്ണ നെയ്യ് മുതലായവയുമാം. ചന്ദ്രൻരാശിയുടെ ആദ്യഭാഗത്തുനിന്നാൽ പൂർണ്ണനിറച്ചു ഉണ്ടായിരുന്നുവെന്നും മധ്യഭാഗത്തുനിന്നാൽ പകുതിയെയുള്ളുവെന്നും രാശ്യന്തത്തിലായാൽ പൂർണ്ണയില്ലായിരുന്നുവെന്നും അതുപോലെചന്ദ്രൻ പൂർണ്ണനാണെങ്കിൽ നിറച്ചുണ്ടായിരുന്നുവെന്നും മധ്യബലനായിരുന്നാൽ പകുതിയെന്നും ക്ഷീണനായാൽ പൂർണ്ണയില്ലായിരുന്നുവെന്നുംപറയുക. സൂര്യൻ ലഗ്നത്തിന്റെ ആദിയിൽ നിന്നാൽ വിളക്കുകത്തിത്തുടങ്ങിയതേയുള്ളുവെന്നും മധ്യത്തിലായാൽ തിരിപകുതി എത്തിയെന്നും രാശ്യന്തത്തിലായാൽ തിരി മുഴുവനും കഴിഞ്ഞുവെന്നുംപറക. സൂര്യൻ ചരരാശിയിലെങ്കിൽ ദീപജ്വാലഇളകിക്കൊണ്ടിരുന്നുവെന്നും സ്ഥിരത്തിലായാൽ ഇളക്കമില്ലായിരുന്നുവെന്നും ഉഭയത്തിലായാൽ ജ്വാലഇളകിയും തുങ്ങിയുംനിന്നിരുന്നുവെന്നും അറിയുക. സൂതികാഗൃഹത്തിനു ഇരുവാതിലുണ്ടായിരുന്നു എന്നു കേന്ദ്രത്തിൽ ഉള്ളഗ്രഹങ്ങളുടെ സംഖ്യ കണക്കാക്കിപ്പറയണം, "പ്രാഗാദ്വാ രവിശുക്രലോഹിതതമഃ" എന്നപ്രമാണമനുസരിച്ചു ഏതുഗ്രഹം ലഗ്നത്തിൽ ബലവാനായിനിൽക്കുന്നു ആ ഗ്രഹത്തിന്റെദിക്കിലേയ്ക്കു സൂതികാഗൃഹം അഭിമുഖമായിരിയ്ക്കുമെന്നറിയുക. കേന്ദ്രങ്ങളിലൊക്കെയും ബലവാന്മാരായഗ്രഹങ്ങളുണ്ടെങ്കിൽ ലഗ്നംഏതുരാശിയിലൊ ആ രാശിയ്ക്കുള്ള ദിക്കിലേക്കു അഭിമുഖമായിരിക്കും.

— ജീർണ്ണംസംസ്കൃതമക്ഷേക്ഷിതിസുതേദഗ്ദ്ധംനവംശീതഗൌ
കാഷ്ഠാഢ്യംനദ്ധംരവൌശശിസുതേതന്നൈകശില്പൃത്ഭവം
രമ്യംചിത്രയുതംനവഞ്ചഭൃഗ്വജേജീവേദൃഢംമന്ദിരം
ചക്രസ്ഥേശ്വയഥോപദേശരചനം സാമന്തപൂർവ്വാൻവദേൽ.൫൨

വ്യാ—പ്രസവകാലത്തിൽ ശനി ബലവാനായിരുന്നാൽ സൂതികാഗൃഹം വളരെപ്പഴക്കമാകയാൽ നന്നാക്കിയതാണെന്നും ചൊവ്വായായിരുന്നാൽ (ബലവത്പം എല്ലാഗ്രഹങ്ങൾക്കും ചേർക്കണം) കുറേഭാഗംതീകത്തിയിരുന്നഭവനമെന്നും ചന്ദ്രനായാൽ പുതുനാണെന്നും സൂര്യനാണെങ്കിൽ വളരെതടികളെക്കൊണ്ടു പണിഞ്ഞതാണെന്നും ഉറപ്പു് ഇല്ലാത്തതെന്നും ബുധനാണെങ്കിൽ പലതരത്തിലുള്ള ശില്പികളാൽ നിർമ്മിതമെന്നും ശുക്രനാണെങ്കിൽ ഭംഗിയുള്ളതും ചിത്രങ്ങളുള്ളതെന്നും പുത്തനും കുമ്മായപ്പണികളുള്ളതെന്നും ഗുരുവാണെങ്കിൽ വളരെഉറപ്പുള്ളതുംവലിപ്പമുള്ളതെന്നും പറയണം. അതുപോലെ സൂതികാഗൃഹലക്ഷണം പറഞ്ഞതു് ഏതുഗ്രഹത്തെക്കൊണ്ടോ ആ ഗ്രഹം നില്ക്കുന്ന രാശിയിൽ നിന്നു് പന്ത്രണ്ടു ഖണ്ഡങ്ങളായ രാശി ചക്രത്തെ മുമ്മൂന്നു രാശികളാക്കി നാലായിട്ടു വിഭജിച്ചു് ആദ്യംമുതല്ക്കുള്ള ഓരോഖണ്ഡങ്ങളെക്കൊണ്ടു സൂതികാഭവനകർത്താവായ ഗ്രഹം നില്ക്കുന്നരാശിമുതൽ ആദ്യഖണ്ഡത്തിൽ നില്ക്കുന്നഗ്രഹത്തെക്കൊണ്ടു സൂതികാലയത്തിന്റെ കിഴക്കുപുറത്തുള്ള ഭവനത്തെയും രണ്ടാംഖണ്ഡത്തിൽ നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടുതെക്കുപുറത്തുഭവനത്തെയും മൂന്നാം ഖണ്ഡത്തിലുള്ള ഗ്രഹത്തെക്കൊണ്ടു പടിഞ്ഞാറുപുറത്തുള്ള ഭവനത്തെയും നാലാം ഖണ്ഡത്തിലുള്ള ഗ്രഹത്തെക്കൊണ്ടു വടക്കുപുറത്തുള്ള ഭവനത്തെയും (ജീർണ്ണംസംസ്കൃതമിത്യാദി) ആലോചിച്ചുപറയുക. ഗ്രഹങ്ങളുടെ സംഖ്യപോലെ ഭവനങ്ങൾക്കും സംഖ്യനിശ്ചയിക്കണം. ഈ നാലു ഖണ്ഡങ്ങളിലും കേന്ദ്രത്തിലുള്ള ഗ്രഹത്തെക്കൊണ്ടു അടുക്കലുള്ള ഭവനങ്ങളെയും പണപരത്തിലുള്ള ഗ്രഹത്തെക്കൊണ്ടു അകന്നുള്ള ഭവനത്തെയും അപോക്ലിമത്തിലുള്ള ഗ്രഹത്തെക്കൊണ്ടു ദൂരത്തുള്ള ഭവനത്തെയും പറയണം. ഈ ഗൃഹകർത്തൃഗ്രഹങ്ങൾക്ക് ഉച്ചം വക്രം സ്വക്ഷേത്രം വർഗ്ഗോത്തമം മുതലായതുണ്ടെങ്കിൽ ആയുർദായവിധിപ്രകാരം ഭവനങ്ങളെ ദ്വിഗ്രഹണങ്ങളാക്കിയും ത്രിഗ്രഹണങ്ങളാക്കിയും (രണ്ടും മൂന്നും നിലയുള്ളമാളികമുതലായവ) നിരൂപണം ചെയ്യണം. അസന്നഗ്രഹങ്ങളെക്കൊണ്ടു പ്രഷ്ടാവിന്റെ ഭവനത്തിലുള്ള ആളുകളുടെ ജാതി ശത്രുമിത്രത്വം മുതലായവയും ചിന്തിയ്ക്കാം.

൩— മേഷകുളീരതുലാളിമടൈപ്രാ-
ഗ്ഗ്രഹരാതോഗ്രഹകൈസ്സമൃഗ്രഹേഷു

പശ്ചിമതശ്ചവ്യയേണനിവാസോ
ദക്ഷിണഭാഗകരേമൃഗസിംഹൌ. ൭൨

വ്യാ—മേടം കർക്കടകം തുലാം വൃശ്ചികം കുംഭം ഇവ ലഗ്നമായാലും ഇവയിൽ ലഗ്നം അംശകിച്ചാലും സൂതികാഗൃഹം കിഴക്കാണെന്നും മിഥുനം കന്നി ധനുസ്സു മീനം ഇവ ലഗ്നമൊലഗ്നാംശമൊ ആയാൽ പടിഞ്ഞാറാണെന്നും ഇടവം ലഗ്നമൊ ;ലഗ്നാംശമൊ ആയാൽ പടിഞ്ഞാറാണെന്നും മകരമൊ ചിങ്ങമൊ ആയാൽ തെക്കുപുറത്താണെന്നുംപറയുക.

മൂ— പ്രാച്യാദിഗുഹോക്രിയാദയോ
ദ്വൌദ്വൌകോണഗതൌദ്വിമൂർത്തയഃ
ശയ്യാസപിവാസ്തുവദ്വദേൽ
പാദൈഷ്ഷഡംത്രിനവാന്ത്യസംസ്ഥിതൈഃ. ൭൩

വ്യാ—സൂതികാഗൃഹത്തിലും പ്രസവിച്ചു സ്ത്രീ കിടക്കുന്ന സ്ഥലവും മേഷാദിരാശികളെന്നു പറയുക. മേടമോ ഇടവമോ ലഗ്നമാണെങ്കിൽ സ്ഥലം കീഴക്കാണെന്നും മിഥുനമാണെങ്കിൽ അഗ്നികോണിലാണെന്നും ഈ ക്രമമനുസരിച്ചു രാശികളുടെ സ്ഥാനങ്ങളിലാണെന്നു പറക. ഇവിടെ വേറെ വിശേഷമുള്ളത് കിടക്കയുടെ (കട്ടിലിന്റെ) കാലുകളെപ്പറയുന്നിടത്താണ്. എങ്ങിനെയെന്നാൽ ലഗ്നത്തിന്റെ-ന-ം ന-ം ൻ-ം ഹ-ം ഭാവങ്ങൾ കട്ടിലിന്റെ നാലു കാലുകളുമാണ്.. പ്രസവലഗ്നരാശിക്കു പറഞ്ഞിട്ടുള്ള ദിക്കിൽ കട്ടിലിന്റെ തലയെന്നും മൂന്നും പന്ത്രണ്ടും ഭാവങ്ങൾ കട്ടിലിന്റെ മുൻപിലത്തെ കാലുകളെന്നും മൂന്നാംരാശി വലത്തേക്കാലെന്നും പന്ത്രണ്ടാംരാശി ഇടത്തേക്കാലെന്നും ആറും ഒൻപതും ഭാവങ്ങൾ പുറകിലേക്കാലുകളെന്നും ആറാംരാശി വലത്തേക്കാലെന്നും ഒൻപതാംരാശി ഇടത്തേക്കാലെന്നും പറയണം ലഗ്നവും രണ്ടാംഭാവവും കട്ടിലിന്റെ തലയും നാലും അഞ്ചും ഭാവങ്ങൾ കട്ടിലിന്റെ വലത്തുഭാഗമെന്നും ഏഴും എട്ടും ഭാവങ്ങൾ ഇടത്തുഭാഗമെന്നും രണ്ടുരാശികൾ ഉള്ള ദിക്കിൽ കട്ടിലിനു താഴ്ച (വളവു) ഉണ്ടെന്നും ക്രൂരരാശിയുള്ള ദിക്കിൽ സമത്വമെന്നും പാപരാശികളുള്ള ദിക്കിൽ അതിനു അനുസരണമായി സമത്വമോ വളവോ ഉണ്ടെന്നും ഉച്ചരാശിയുള്ള ദിക്കിൽ താഴ്ചയില്ലെന്നും പറയണം. (ഇവ ബലാബലങ്ങൾക്കു തക്കവണ്ണം പറയേണ്ടതാണ്.)

മൂ— ചന്ദ്രലഗ്നാന്തരഗതൈർ
ഗ്രഹൈസ്സ്യുരുപസൂതികാഃ
ഭവഹിബന്ധുശുഭക്രാന്തൈഃ
ദുശ്ശയ്യാദുശ്ശയ്യാസ്ഥാപരേ. ൭൪

വ്യാ—ലഗ്നംമുതൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ ഇടയിലായിട്ടു ള്ള ഗ്രഹങ്ങളുണ്ടോ അതുയും ഉപസൂതികമാർ(വയറാട്ടികൾ)—പ തിച്ചിമാരെന്നു ചിലടിക്കിൽ—ഉണ്ടായിരുന്നുവെന്നും ആ ഗ്രഹങ്ങൾ ക്കുള്ള ജാതിയിൽപെട്ടവരാണെന്നും പറയണം. ലഗ്നാസ്ഥടത്തിൽചെ ന്ന തീയതിമുതൽ പ്രതിലോമമായി സപ്തമഭാവസ്ഥടത്തിൽ ചെല്ലുവാനു ള്ള ഭാഗങ്ങളെ ദൃശ്യാർദ്ധമെന്നും ശേഷംഭാഗത്തെ അദൃശ്യാർദ്ധമെന്നും പറയുന്നു. അദൃശ്യാർദ്ധത്തിൽ ഉള്ള ഗ്രഹങ്ങളുടെ സംഖ്യയോളം സ്ത്രീ കൾ സൂതികാഗൃഹത്തിനകത്തും ചന്ദ്രസ്ഥിതി സപ്തമഭാവാൽ പര മെങ്കിൽ ദൃശ്യാർദ്ധത്തിൽഉള്ള ഗ്രഹങ്ങളെക്കൊണ്ടു വെളിക്കു ണ്ടാകുന്ന സ്ത്രീകളെയും പറയണം. ഗ്രഹങ്ങളുടെ പാപശുഭക്രൂരവ്യത്യാ സങ്ങൾക്കു തുല്യമായി സ്ത്രീകളുടെ സ്വഭാവസൌന്ദര്യദോഷാദികളും പറഞ്ഞുകൊൾകെ.

മൂ— ലഗ്നാവാംശപതുല്യതനുസ്സ്ഥാ-
ദ്വീര്യുതഗ്രഹതുല്യതനുർവ്വാ
ചന്ദ്രസമേതനവാംശപവർണ്ണഃ
കാദിവിലഗ്നവിഭക്തഭഗോത്രഃ. ൭൫

വ്യാ—ജനനസമയം ലഗ്നം അശംകിച്ച രാശിയുടെ നാഥന്റ് ഉള്ള (മധുപിംഗലദൃക്കു എന്നതുടങ്ങിയുള്ളത്) ആകൃതിയാണു കുട്ടിക്കു ണ്ടായിരിക്കുന്നത്. അല്ലെങ്കിൽ (ജനനത്തിൽ) ഏതുഗ്രഹത്തിനാ ണോ അധികം ബലമുള്ളത് ആ ഗ്രഹത്തിനുള്ള ദേഹത്തിനു അനുസ രിച്ച ദേഹമാണു കുട്ടിക്കും ഉണ്ടാവുന്നതു. അല്ലെങ്കിൽ ലഗ്നം അംശകി ച്ച രാശിനാഥന്റെ ദേഹംപോലെയുമാവാം. അഥവാ ചന്ദ്രന്റെ നവാംശകരാശിയുടെ നാഥന്റെ ദേഹംപോലെയുമാവാം. (ദേഹം എന്നു പറഞ്ഞിടത്തു് 'രക്തശ്യാമോഭാസ്കരോഗുരു' എന്നുള്ള വചനപ്ര കാരം നിറത്തെയാണു ധരിക്കേണ്ടതു്.) ഇനിയും പറയാൻ തുടങ്ങു ന്ന 'കംബുകുശ്രോത്രു' എന്നുള്ള പദ്യംകൊണ്ടു വിധിക്കുന്ന അംഗങ്ങൾക്കു പറഞ്ഞിട്ടുള്ള രാശികളിൽ ഹ്രസ്വദീർഘാധിപഗ്രഹങ്ങളുണ്ടെങ്കിൽ അതനുസരിച്ചു ആ അംഗങ്ങൾക്കും അതുകൾ ഉണ്ടായിരിക്കും.

മൂ— കംബുകുശ്രോത്രനസാകപോലഹനവോവക്ത്രഞ്ചഹോരാദയ
സ്തകണ്ഠാംസകബാഹുപാർശ്വഹൃദയക്രോഡാനിനാഭിസ്തഥാ
വസ്തിശ്ശിശ്നഗുദേതതശ്ചവൃഷണാവൃത്രതതോജാനുനീ
ജാഘേഷ്ഠീതൃഭയുഗ്വാമമുടിതൈർദ്രേക്കാണഭാഗൈസ്ത്രിധാ. ൭൬

വ്യാ—ശരീരത്തെ തലമുതൽ കഴുത്തുവരെയും അതുമുതൽ നാഭി വരെയും അവിടംമുതൽ അടി (പാദം) വരെയും മൂന്നായി ഭാഗിച്ചിരി

ക്കുന്നു. ഓരോരാശിക്കുമുള്ള മുമ്മൂന്നു ദ്രേക്കാണങ്ങളിൽ ആദ്യദ്രേക്കാണമുദിച്ചാൽ ലഗ്നരാശിയുടെ ആ ഉദിച്ചഭാഗം തലയുടെ ഇടത്തുവശവും ഉദിക്കുവാനുള്ളതു വലത്തുവശവും ക-ം ഠ-ം ഭാഗങ്ങൾ ക്രമേണ ഇടത്തും വലത്തും കണ്ണുകളായും ക്ക-നു ഈ ഭാവങ്ങൾ ഇടത്തും വലത്തും ചെവികളായും ക്ഠ-രു ഈഭാവങ്ങൾ മൂക്കിന്റെ ഇടത്തുംവലത്തുമുള്ള ഭാഗങ്ങളായും ന്-ി ഈഭാവങ്ങൾ ക്രമേണ ഇടത്തും വലത്തുമുള്ള കവിൾത്തടങ്ങളായും പ്ര-സ ഇതുകൾ താടിച്ചില്ലുകളായും ഏഴാം രാശിയുടെ അസ്തമിച്ചഭാഗം വായുടെ വലത്തുള്ള പകുതിയായും അസ്തമിക്കാനുള്ള ഭാഗം ഇടത്തെപ്പകുതിയായും ചിന്തിക്കണം. ഇപ്രകാരംതന്നെ ദ്വിതീയദ്രേക്കാണമെങ്കിൽ ലഗ്നത്തിന്റെ ഉദിച്ചഭാഗം കഴുത്തിന്റെ ഇടത്തുപുറവും ശേഷം വലത്തുപുറവും മുൻപറഞ്ഞ ക്രമംപോലെ രണ്ടുചുമലുകൾ കയ്യുകൾ വാരിപ്പുറങ്ങൾ മാറിന്റെ ഇടത്തും വലത്തുമുള്ള ഭാഗങ്ങൾ ഏഴാംരാശിയുടെ അസ്തമിക്കാനുള്ളഭാഗം നാഭിയുടെ ഇടത്തെപ്പകുതിയും ശേഷം വലത്തെപ്പകുതിയും ആകുന്നു. മൂന്നാംദ്രേക്കാണമെങ്കിൽ ലഗ്നത്തിന്റെ ഉദിച്ചഭാഗം വസ്തിയുടെ ഇടത്തുപുറവും ശേഷം വലത്തുപുറവും മുൻപറഞ്ഞതനുസരിച്ചു ലിംഗം വൃഷണങ്ങൾ തുടകൾ മുട്ടുകൾ കണങ്കാലുകൾ ഇതുകളും ഏഴാംരാശിയുടെ അസ്തമിച്ചഭാഗം വലത്തെക്കാലിന്റെ അറ്റിയായും ശേഷം ഇടത്തേതായും വിചാരിക്കണം.

മൂ— തസ്മിൻപാപയുതേവ്രണംശുഭയുതേട്ടഷ്ടേചലക്ഷ്മാടിശേൽ
സ്വർക്ഷാംശേസ്ഥിരസംയുതേഷുസഹജസ്സ്വാദന്യഥാഗന്തുകഃ
മന്ദേശ്മാനിലജോഗ്നിശസ്ത്രവിഷജോഭൗമേബുധേത്വേവമേ
സ്സൂര്യേകാഷ്ഠചതുഷ്പഥേഷുഹിമഗൗശൃംഗ്യബ്ജ-
ജ്ഞൈശ്ശുഭം. ൭൭

വ്യാ—പൂർവ്വോക്തപ്രകാരമുള്ള അവയവവിഭാഗരാശിയിൽ പാപഗ്രഹം നില്ക്കുന്ന രാശ്യവയവത്തിൽ വ്രണവും പാപനുണ്ടായിരുന്നാലും ശുഭയോഗദൃഷ്ട്യാദിയുണ്ടെങ്കിൽ അതു ചിഹ്നമെന്നും (മറുക്) പറയുക. പാപഗ്രഹം നില്ക്കുന്നത് സ്വക്ഷേത്രസ്വനവാംശവർഗ്ഗങ്ങളിലും അതുസ്ഥിരരാശിയായും വന്നാൽ ജനനത്തിൽ തന്നെ വ്രണമുണ്ടായിരിക്കുന്നതും അല്ലെങ്കിൽ ജനിച്ചതിനുശേഷം കാരണങ്ങളാൽ വ്രണമുണ്ടാകുന്നതും പാപഗ്രഹം ശനിയാണെങ്കിൽ കല്ല് വായു ഇവയെക്കൊണ്ടും ചൊവ്വായാണെങ്കിൽ അഗ്നി ആയുധം വിഷം ഇവയെക്കൊണ്ടും പാപനായ ബുധനാണെങ്കിൽ വീഴ്ചമുതലായവകൊണ്ടും സൂര്യനായാൽ വൃക്ഷം ഗോമഹിഷാദിമൃഗങ്ങൾ ഇവയെക്കൊണ്ടും ചന്ദ്രനാണെങ്കിൽ പശുമുതലായ കൊമ്പുള്ള മൃഗങ്ങളെക്കൊണ്ടും വ്രണം സംഭവി

ക്കും. അതാതു ഗ്രഹങ്ങളുടെ നിറംപോലെ വ്രണചിഹ്നങ്ങൾക്കു നിറം പറയുക.

മൂ— സമനരപതിതായസ്മിൻഗാത്രേത്രയസ്സുബുധാഗ്രഹാ
ഭവതിനിയമാത്തസ്യാവാച്ഛിശ്രേഷ്ഠശ്രേഷ്ഠേവാ
വ്രണകൃദശ്രേഭഷ്ഠ്ഷഷ്ഠേലഗാത്തനൌഭസമാശ്രിതേ
തിലകമഷികുൽദുഷ്ടസ്സൌമ്യൈർമൃതശ്ച.സലക്ഷ്മവാൻ. ൭൫

വ്യാ— മുൻപറഞ്ഞ രാശ്യവയവത്തിൽ ഏതിലാണോ ബുധനോടുകൂടി ഏതെങ്കിലും മൂന്നുഗ്രഹങ്ങൾ നിൽക്കുന്നത്. അവിടെ മാത്രമേ നിശ്ചയമായും ആ ഫലം പറയാവൂ. ഭരത്രം അവരുടെ ബലാബലമറിഞ്ഞു പറയേണ്ടതാണ്. ലഗ്നാൽ ആറാമിടത്തു പാപനുണ്ടെങ്കിൽ 'മൂദ്ധാസ്യഗളസ്കന്ധ' എന്ന പ്രമാണപ്രകാരം ആറാംഭാവമായ രാശിക്കു ള്ള അവയവത്തിൽ വ്രണമുണ്ടെന്നു പറയണം. ആ പാപനു ശുഭദൃഷ്ടിയുണ്ടെങ്കിൽ കുറുത്ത മറുകോ രോമക്കുട്ടമോ ശുഭയോഗമുണ്ടെങ്കിൽ മറുകെന്നും പറയുക.

മൂ— വിയോനിജന്മബീജാനാം നിഷേകോദയജംഫലം
ജന്മകാലപരിജ്ഞാതം യത്തദാചാര്യൈഭാഷിതം.

വ്യാ—ഇപ്രകാരം ഈ അദ്ധ്യായത്തിൽ വരാഹമിഹിരാചാര്യരാൽ പ്രോക്തങ്ങളായ വിയോനിജന്മം നിഷേകപ്രകരണം ജന്മകാല സ്ഥലലക്ഷണം മുതലായവ എന്നാലും പറയപ്പെട്ടു.

പാരിജാതകം മൂന്നാമദ്ധ്യായം കഴിഞ്ഞു.

---

## നാലാം അദ്ധ്യായം.

---

മൂ— ആദ്യാദശാബ്ദംനരയോനിജന്മനാ
മായുഷ്പ്രമാനിശ്ചയിതുംന.ശക്യതേ
മാത്രാപിത്രാകൃതപാപകർമ്മണാ
ബാലഗ്രഹൈർനാശമുപൈതിബാലകഃ. ൭൬

വ്യാ—കഴിഞ്ഞ അദ്ധ്യായത്തിൽ ആധാനാദി പ്രസവപര്യന്തമുള്ള ലക്ഷണാദിയെ ഒക്കെയും പറഞ്ഞിട്ട് ബാലാരിഷ്ടാദി ചിരായുർനിരൂപണമെന്ന ഈ നാലാമദ്ധ്യായം ആരംഭിക്കുന്നു. ഏതൊരു ബാലന്റെയും ജനനാദി പന്ത്രണ്ടുവയസ്സു കഴിയുന്നവരെ ആയുസ്സിനെ

നിർണ്ണയിക്കുന്നതിനു വഴികൾ ഒന്നുംതന്നെ നിരൂപിയ്ക്കരുതു്. എന്നു കൊണ്ടെന്നാൽ മാതാവിനാലും പിതാവിനാലും ആ കുട്ടിയുടെ പൂർവ്വ ജന്മകൃതങ്ങളായ പാപങ്ങൾ ഹേതുവായും പത്തുണ്ടു വയസ്സിനുള്ളിൽ മരണം (ബാലനു) സംഭവിക്കാമെന്നു പൂർവ്വാചാര്യന്മാർ വിധിച്ചിട്ടുണ്ടു്. അതിനെ - അനുസരിച്ചാണു് ഇവിടെയും ഇങ്ങനെ പറഞ്ഞതു്.

മൂ— ആദ്യേചതുഷ്കേജനനാദികൃതൈർമ്മ-
ധ്യേതുപിത്രാർജ്ജിതപാപസംഘൈഃ
ബാലസ്തദന്ത്യാസുചതുഷ്കൂരൽസു
സ്വകീയദോഷൈസ്സമുപൈതിനാശം. ൨

വ്യാ—പത്തുണ്ടുവയ്സ്സത്തെ മൂന്നായി ഭാഗിച്ചാൽ ആദ്യത്തെ നാലുവയ്സ്സുകാലത്തിൽ ബാലമാതാവിന്റെ ദോഷങ്ങൾ ഹേതുവായും രണ്ടാമത്തെ നാലുവയ്സ്സുകളിൽ അച്ഛന്റെ പാപങ്ങളാലും മൂന്നാമത്തെ നാലുവയ്സ്സുകാലങ്ങളിൽ ബാലന്റെ പൂർവ്വപാപങ്ങൾ ഹേതുവായും ബാലൻ മരിക്കുന്നതാകുന്നു.

മൂ— ആഷ്ടൌബാലാരിഷ്ടമാദൌനരാണാം
യോഗാരിഷ്ടംപ്രാഹുരാവിംശതിസ്യാൽ
അല്പഞ്ചാദ്യാത്രിംശതാമധ്യമായു
ശ്ചാസപൂർത്ത്യാപൂർണ്ണമായുശ്ശതാന്തം. ൩

വ്യാ— മനുഷ്യർക്കു നൂറുവയ്സ്സുവരെയാണു ആയുസ്സു വിധിച്ചിട്ടുള്ളതു്. അതിൽ ജനനംമുതൽ എട്ടുവയ്സ്സുവരെ ബാലാരിഷ്ടമെന്നും ഇരുപതുവയ്സ്സുവരെ യോഗാരിഷ്ടമെന്നും മുപ്പത്തിരണ്ടുവയ്സ്സുവരെ അല്പായുസ്സെന്നും എഴുപതുവയ്സ്സുവരെ മധ്യായുസ്സെന്നും നൂറുവയ്സ്സുവരെ പൂർണ്ണായുസ്സെന്നും ആയുഷ്കാലത്തെ വിഭജിച്ചിരിയ്ക്കുന്നു.

മൂ— വിലഗ്നായാതസ്യപിദേവമന്ത്രീ
വിനാശരിഷ്ഫാരിഗതേശശാങ്കേ
വിലോകിതേഭാനുവിയച്ചരേണ
വിഭാനുനാമൃത്യുമുപൈതിബാലകഃ. ൪

വ്യാ—ഗുരു ലഗ്നത്തിൽ ഉണ്ടായിരുന്നാലും ചന്ദ്രൻ ആറിലൊ എട്ടിലൊ പത്തുണ്ടിലൊ നിൽക്കയും ആ ചന്ദ്രനെ സൂര്യനെ ഒഴിച്ചുള്ള പാപന്മാർ നോക്കുകയും ചെയ്താൽ ബാലൻ (ബാല്യത്തിൽതന്നെ) മരിക്കുന്നതാണു്.

മൂ— ഗണ്ഡാന്തതാരാസഹിതേശശാങ്കേ
പാപേക്ഷിതേപാപസമന്വിതേവാ
ബാലോ ലഗ്നം യാതിസമൃത്യുഭാഗേ
ചന്ദ്രേഥവാപാപനിരീക്ഷിതേച. ൪

വ്യാ—ചന്ദ്രൻ ഗണ്ഡാന്തയുക്തനക്ഷത്രങ്ങളായ അശ്വതി മകം മൂലം ഇവയുടെ ആദ്ധ്യാംശം ആയില്യം കേട്ടരേവരി ഇവയുടെ അന്ത്യാംശം ഇവ ഒന്നിൽ പാപനോടുകൂടിയോ പാപദൃഷ്ടിയോടുകൂടിയൊ നില്ക്കുക. ൨. ചന്ദ്രൻ പാപദൃഷ്ടനായിട്ടു ലഗ്നാൽമൃത്യു ഭാഗത്തിൽ നില്ക്കുക. ൩. ഈരണ്ടു യോഗങ്ങളും ഉണ്ടായാൽ ബാലൻ മരിക്കുന്നതാണ്. (മൃത്യുഭാഗത്തെക്കുറിച്ചു സംജ്ഞാധ്യായത്തിൽ പറഞ്ഞിട്ടുണ്ട്.)

മൂ— താതാംബികാസോദരമാതുലാശ്വ
മാതാമഹീമാതൃപിതാചബാലഃ
സൂര്യാദികൈഃപഞ്ചഭധർമ്മയാതൈഃ
ക്രൂരൈർക്ഷഗൈരാശ്രയഹതാഃക്രമേണ. ൫

വ്യാ—ലഗ്നാൽ അഞ്ചു് ഒൻപതു് ഇവ പാപരാശികളായിവരികയും അതിൽ ഏതിലെങ്കിലും ആദിത്യൻ മുതൽ ശനിവരെയുള്ള സപ്തഗ്രഹങ്ങളിൽ ഒരു ഗ്രഹം നില്ക്കയും ചെയ്താൽ ക്രമേണ അച്ഛൻ അമ്മ സഹോദരൻ അമ്മാവൻ അമ്മയുടെ അമ്മ അമ്മയുടെ അച്ഛൻ ബാലൻ ഇവർ മരിയ്ക്കുന്നതാണ്.

മൂ— രസാതലസ്ഥേയദിഭാനുചന്ദ്രൗ
ശനിസ്മരഃസ്ഥാമരണായമാതുഃ
യദായദിക്രൂരഖഗോവിലഗ്നാ
ദരാതിഗസ്സോദരനാശഹേതുഃ. ൬

വ്യാ—ലഗ്നാൽ നാലിൽസൂര്യചന്ദ്രന്മാരും പത്തിൽ ശനിയും നിന്നാൽ അമ്മയും ആറാമിടത്തു് ക്രൂരഗ്രഹം(പാപൻ) നിന്നാൽ സഹോദരനും മരിക്കുന്നതാണ്.

മൂ— ക്രൂരേക്ഷിതൗചന്ദ്രവിലഗ്നരാശീ
സൗമ്യഗ്രഹൈരീക്ഷണയോഗഹീനൗ
കേന്ദ്രച്യുതോയദ്യമദേശമന്ത്യഃ
ജാതസ്യമാതാസമുപൈതിനാശം. ൭

വ്യാ—ലഗ്നത്തിനും ചന്ദ്രനും ശുഭയോഗദൃഷ്ടി പ്രാപ്തിയില്ലാതെയും പാപദൃഷ്ടി പ്രാപ്തി ഉണ്ടായും കേന്ദ്രങ്ങളിൽ ഗ്രഹം ഇല്ലാതേയും ഇരുന്നാൽ ജനിച്ച കുട്ടിയുടെ അമ്മ മരിയ്ക്കും(പ്രസവാനന്തരം മരിക്കുമെന്നർത്ഥം.)

മൂ— സഭാനുജേശീതകരേവിലഗ്നേ
ദിവാകരേരിഃഫഗൃഹോപയാതേ
ധരാസുതേബന്ധുഗതേതദാനീം
വിപദ്യതേതജ്ജനനീസഗർഭാ. ൯൯

വ്യാ—ചന്ദ്രൻ ശനിയോടുകൂടി ലഗ്നത്തിലും സൂര്യൻ പന്ത്രണ്ടിലും കുജൻനാലാമിടത്തും നിന്നാൽ അപ്പോൾ പ്രസവിക്കുന്നതിനു മുൻപു് ഗർഭിണിമരിക്കും.

മൂ— വിലഗ്നചന്ദ്രൌശുഭദൃഷ്ടിഹീനാ-
വശോഭനേവ്യോമചരാന്തരസ്ഥൌ
വിനാശമേതിപ്രമദാസഗർഭാ
വദന്തിസർവേയുഗപൽപൃഥഗ്വാ. ൧൦൦

വ്യാ—ചന്ദ്രനും ലഗ്നത്തിനും കൂടെപോലെ ശുഭദൃഷ്ടിയില്ലാതെയും പാപമധ്യസ്ഥിതിയുണ്ടാകയും ചെയ്താൽ ഗർഭത്തോടുകൂടിയൊ അഥവാപ്രസവിച്ചു ഉടനേയൊ മാതാവു് മൃത്യുവിനെ പ്രാപിക്കുമെന്നു എല്ലാ മുനിമാരും പറയുന്നു.

മൂ— ഷഷ്ഠ്യാവസാനാഷ്ടമരാശിഗേഷു
ക്രൂരേഷുസൌമ്യഗ്രഹവർജിതേഷു
പാപാന്തരസ്ഥേരവിജേഗ്രഹേവാ
നാരീസപുത്രാമ്രിയതേതുസദ്യഃ ൧൦൧

വ്യാ ൬-൮-൧൨ ഈ ഭാവങ്ങളിൽ ശുഭന്മാരോടു കൂടാതെ പാപന്മാർ നിൽക്കയും ഗുരുവിനൊ ശുക്രനൊ പാപമധ്യസ്ഥിതിയുണ്ടാവുകയും ചെയ്താൽ ബാലനും മാതാവും ഉടനെ മരിക്കും.

മൂ— ലഗ്നാസ്ഥയാതെഷദിപാപവേഷ്ടരൌ
ശുഭൈരയുക്തൌശുഭദൃഷ്ടിവർജ്ജിതൌ
ശശ്വൽഭൃഗുർമൃത്യുസമൂഹൈരിഗർഭിണീ
മാസാധിപേനിഷ്ടകരേയദാവദേൽ. ൧൦൨

വ്യാ—ലഗ്നത്തിലും ഏഴിലും ശുഭയോഗദൃഷ്ടികളില്ലാത്ത ഓരോ പാപന്മാർ നിൽക്കയും മാസാധിപനായ ഗ്രഹം അനിഷ്ടസ്ഥാനത്തൊ ദുർബലനായൊ നിൽക്കയും ചെയ്താൽഗർഭിണിക്കുശസ്ത്രക്രിയാദികാരണത്താൽ മരണമുണ്ടാകും. (മറ്റു കാരണങ്ങളാലും ആയുധംകൊണ്ടും ഭവിക്കാം)

മൂ— ചന്ദ്രാച്ചതുർത്ഥാപഗതൈരസത്ഭി-
ർമാനസ്ഥിതൈശ്ശോഭനദൃഷ്ടിമുക്തൈഃ

വ്യാപാരഗോവായദിവാസരേശോ
ജാതസ്യമാതാനിധനംപ്രയാതി. ൧൩.

വ്യ—ചന്ദ്രൻ നാലിലൊ പത്തിലൊ ശുഭദൃഷ്ടിയില്ലാത്ത പാപന്മാർ നിൽക്കയും സൂര്യൻ പന്ത്രണ്ടിലാവുകയും ചെയ്താൽ പ്രസവാനന്തരം സ്ത്രീ മരിക്കുന്നതാണ്.

മൂ— ശുക്രാദ്രവൈവിക്രമഗേബലാഢ്യേ
മന്ദേക്ഷിതേമന്ദസമന്വിതേവാ
ക്ഷീണേശശാങ്കേയദിവാസപാപേ
ജാതസ്യമാതാമ്രിയതേചിരേണ. ൧൪

വ്യാ—സൂര്യൻ ശുക്രങ്കൽനിന്ന മൂന്നാംഭാവത്തിൽ ബലവാനായി ശനിയോടുകൂടിയോ ശനിദൃഷ്ടിയോടുകൂടിയോ നില്ക്കയും ചന്ദ്രൻ ക്ഷീണനൊ പാപയുക്തനൊ ആകയും ചെയ്താൽ, പ്രസവിച്ച ഉടനെ ആ സ്ത്രീ മരിക്കും.

മൂ— ലഗ്നാദിനേവാഷ്ടമഗേധരാജ്ഞേ
പാപേക്ഷിതേസൌമ്യദൃശാവിഹീനേ
താരാധിപേവൃദ്ധികലാവിഹീനേ
മാതാകൃതാന്തസ്യപദം പ്രയാതി. ൧൫

വ്യാ—ലഗ്നാൽ അഷ്ടമത്തിൽ ശുഭദൃഷ്ടിയില്ലാതേയും പാപദൃഷ്ടിയോടുകൂടിയും സൂര്യനൊ കുജനൊ നിൽക്കയും ചന്ദ്രൻ ക്ഷീണനുമായാൽ പ്രസവാനന്തരം സ്ത്രീ മരിക്കും.

മൂ— ശുക്രാൽകുജേഹനിതപുസ്സുതരാശിയാതേ
ചന്ദ്രാൽത്രികോണഗൃഹഗേരവിജേരജന്യാം
പാപേക്ഷിതേചശുഭയോഗദൃശാവിഹീനേ
നാശംസമേതിജനനീവിബലേശശാങ്കേ. ൧൬

വ്യാ—പകൽ പ്രസവമാണെങ്കിൽ ശനി ശുക്രങ്കൽനിന്ന ൩-ൽ ഈ ഭാവങ്ങളിൽ ശുഭദൃഷ്ടിയില്ലാതെ പാപദൃഷ്ടനായി നിന്നാൽ മാതാവു മരിക്കും. രാത്രി ജനനമെങ്കിൽ ചന്ദ്രൻ ൩-ൽ ഈ ഭാവങ്ങളിൽ ആ ശനി നിൽക്കയും ചന്ദ്രൻ ക്ഷീണനാകയും ചെയ്താൽ മേൽപ്രകാരം തന്നെ.

ഹോരായാം—ഹോരയിൽഇപ്രകാരം പറഞ്ഞിരിക്കുന്നു.

മൂ— കലലമ്വനാങ്കരാസ്ഥിചർമ്മാംഗജശ്ചേതനാദാ
സ്സ്ഥിതൈരുജുജീവസൂര്യചന്ദ്രാക്കിബുധാഃപരൈഃ

വ്യാ—ലഗ്നാൽ അഞ്ചാമിടത്തു് സൂര്യകുജമന്ദന്മാർ ഒത്തുചേർന്നാൽ ബാലൻ ഒരാഴ്ചകൊണ്ടു മരിക്കും.

മൂ— ധരാസുതേചന്ദ്രനവാംശസംസ്ഥേ
ലഗ്നാംശകേവാനചസൌമ്യദൃഷ്ടേ
സുധാകരേനന്ദനരാശിയാതേ
സമേതിയാമ്യംപദമാശുയാമ്യഃ. ൧൪

വ്യാ—ചന്ദ്രാംശകരാശിയിലൊ ലഗ്നാംശകരാശിയിലൊ ശുഭദൃഷ്ടിയില്ലാത്ത കുജൻ നില്ക്കയും ചന്ദ്രൻ അഞ്ചിൽ നില്ക്കയും ചെയ്താൽ കുട്ടിക്കു ബാല്യത്തിൽതന്നെ മരണമുണ്ടാകും.

മൂ— നീചംഗതേലഗ്നപതൌവിലഗ്നാ-
ന്നാശംഗതേവാരവിജേതഥാസ്തേ
ജാതോമൃതപ്രായകളേബരസ്സൻ
ക്ലേശേനവൈവസ്വതലോകമേതി. ൧൫

വ്യാ—ലഗ്നാധിപൻ നീചനാവുകയും ലഗ്നാൽ ഏഴിലൊ എട്ടിലൊ ശനി നില്ക്കുകയുംചെയ്താൽ അപ്പോൾ ജനിക്കുന്ന കുട്ടി രോഗാദികളാൽ വളരെക്കഷ്ടപ്പെട്ടും അരിഷ്ടസഹിച്ചും ക്രമേണ മരിക്കയും ചെയ്യും.

മൂ — ആപോക്ലിമസ്ഥാനഗതാനഭോഗാ
വിധൂതവീര്യ്യായദിഭാനുമദ്ധ്യാഃ
മാസത്രയംതസ്യജുതുത്രയംവാ
ജാതസ്യചായുഃകഥയന്തിതജ്ഞാഃ. ൧൬

വ്യാ—ഗ്രഹങ്ങൾ എല്ലാം ബലമില്ലാതെ പത്ത്-ൻ-ഫ ഈ സ്ഥാനങ്ങളിൽ നില്ക്കയും ഇവരുടെ മദ്ധ്യത്തിൽ സൂര്യൻ നില്ക്കയും ചെയ്താൽ ജാതന്നു് മൂന്നൊ ആറൊ മാസകാലമേ ആയുസ്സൊള്ളു.

മൂ— ലഗ്നാരിരന്ധ്രവ്യയഗോശരാങ്കേ
പാപേനഭൂഷ്ടേശുഭദൃഷ്ടിഹീനേ
കേന്ദ്രേഷു സൌമ്യഗ്രഹവർജ്ജിതേഷു
പ്രാണൈർവിയോഗംപ്രകൃതിപ്രജാതഃ. ൧൭

വ്യാ—ശുഭദൃഷ്ടിയില്ലാത്ത ചന്ദ്രൻ പാപദൃഷ്ടനായിട്ടു പത്ത്-വ-ഫ ഈ ഭാവങ്ങളിൽ ഒന്നിൽ നില്ക്കയും ശുഭഗ്രഹങ്ങൾ കേന്ദ്രങ്ങളിൽ ഇല്ലാതിരിക്കയും ചെയ്താൽ ബാല്യത്തിൽതന്നെ മരണം സംഭവിക്കും.

മൂ— സൌരേമദസ്ഥേയദിവാവിലഗ്നേ
ജലോദയേജ്ഞേയദികീടഗേവാ
സൌമ്യേക്ഷു കേന്ദ്രോപഗതേഷുസദ്യോ
ബാലസ്യനാശോയവനോപദിഷ്ടഃ. ൨൯

വ്യാ—ശനി ലഗ്നത്തിലോ ഏഴിലോ നില്ക്കുക. അതുപോലെ ജലരാശി ലഗ്നമായി അതിലോ അല്ലെങ്കിൽ വൃശ്ചികത്തിലൊ ബുധൻ നില്ക്കുക. ശുഭഗ്രഹങ്ങൾ കേന്ദ്രത്തിൽ ഇല്ലാതിരിക്കുക. എന്നാൽ സദ്യോമരണമുണ്ടെന്നയവനാചാര്യൻ പറഞ്ഞിട്ടുണ്ട്.

മൂ— ഭൌമക്ഷേത്രഗതേജീവേ നീചരാശിഗതേഥവാ
സന്ധ്യാത്രയേതു സഞ്ജാതോ മാസാൻമൃത്യുമുപൈതിസഃ.

വ്യാ—ഗുരു കുജക്ഷേത്രങ്ങളിലൊ നീചത്തിലൊ (മകരം)നില്ക്കുമ്പോൾ പ്രഭാതമദ്ധ്യാഹ്നസായങ്കാലങ്ങളാകുന്ന മൂന്നു സന്ധ്യകളിലും ജനിക്കുന്നവൻ ഒരു മാസകാലമേ ജീവിക്കയൊള്ളൂ.

മൂ— രന്ധ്രാധരാസ്ഥനദിനേശസൌരാ
ജാതസ്യമൃത്യുംസമുപൈതിമാസാൽ
കേതുസ്ഥിതസ്മിന്നദയേത്രജാതോ
മാസദ്വയേനൈവയമംപ്രയാതി. ൩൰

വ്യാ—അഷ്ടമത്തിൽ സൂര്യകുജമന്ദന്മാർ നില്ക്കുമ്പോൾജനിക്കുന്നവൻ ഒരു മാസവും ഈ യോഗത്തിൽ ലഗ്നത്തിൽ കേതുവുമുണ്ടായിരുന്നാൽ രണ്ടുമാസവും ജീവിച്ചിരിക്കും.

ഹോരായാം—ഹോരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

മൂ— പാപാവുദയാസ്തഗതൌ ക്രൂരേണയുതശ്ചശശീ
ദുഷ്ടശ്ചശുഭൈർന്നയദാ മൃത്യുസ്തുഭവേദചിരാൽ. ൩൧

വ്യാ—പാപഗ്രഹം ലഗ്നത്തിലും ഏഴിലും നില്ക്കയും ചന്ദ്രൻ ക്രൂരഗ്രഹത്തോടുകൂടി (എവിടെയെങ്കിലും) നില്ക്കയും ആ ചന്ദ്രനു ശുഭദൃഷ്ടിയില്ലാതിരിക്കയും ചെയ്താൽ ബാലൻ ഉടനെ മരിക്കും.

മൂ — ക്ഷ്വണേഹിമഗൌവ്യയഭേ പാപൈരുദയാഷ്ടമഗൈഃ
കേന്ദ്രേഷുശുഭാശ്ചനഹേൽ ക്ഷിപ്രംനിധനംപ്രവദേൽ.

വ്യാ—ക്ഷ്വണചന്ദ്രൻ ൧൨-ലും പാപന്മാർ ലഗ്നത്തിലും അഷ്ടമത്തിലും നില്ക്കയും ശുഭന്മാർ കേന്ദ്രങ്ങളിൽ ഇല്ലാതിരിക്കയും ചെയ്താൽ ഉടൻ മരിക്കും.

മൂ— ക്രൂരസംയുതശ്ശശീ സ്മരാന്ത്യമൃത്യുലഗ്നാഗഃ
കണ്ടകാൽബഹിശ്ശുഭൈ രനീക്ഷിതശ്ചമൃത്യുദഃ. ൫൭൮

വ്യാ — ചന്ദ്രൻ ക്രൂരഗ്രഹമൊരുമിച്ചു ൬-൭൨-൧൨-ലഗ്നം ഈ ഭാവങ്ങളിലും ശുഭന്മാർ കേന്ദ്രങ്ങളിൽ അല്ലാതെയും നിന്ന ചന്ദ്രനെ നോക്കാതെയും ഇരുന്നാൽ ബാലനു സദ്യോമൃതിയുണ്ടാവും.

മൂ— ശശിന്യരിവിനാശഗേനിധനമാശ്രുപാപേക്ഷിതേ
ശുഭൈരുഭസമാഷ്ടകംഭളമതശ്ചമിശ്രൈസ്ഥിതിഃ
അസൽഭിരവലോകിതേ ബലിഭിരത്രമാസംശ്രുതേ
കളത്രസഹിതേചപാപവിജിതേവിലഗ്നാധിപേ. ൫൭൯

വ്യാ— ചന്ദ്രൻ അറിലോ എട്ടിലോ നില്ക്കയാണെങ്കിൽ ബാലൻ മരിക്കും. ആ ചന്ദ്രനു പാപദൃഷ്ടിയുണ്ടെങ്കിൽമരണംഉടനെയുണ്ടാവും. ആ ചന്ദ്രനു ശുഭദൃഷ്ടിയുണ്ടെങ്കിൽ ബാലൻ എട്ടുവർഷംവരെജീവിക്കും. ആ ചന്ദ്രനു പാപന്റെയും ശുഭന്റെയും ദൃഷ്ടിയുണ്ടെങ്കിൽനാലു വർഷംജീവിച്ചിരിക്കും. അറിലൊ എട്ടിലൊ ബുധനൊ ഗുരുവൊ ശുക്രനൊ നില്ക്കയും ബലവാന്മാരായ പാപന്മാരുടെ ദൃഷ്ടി അവക്കു ഉണ്ടാവുകയും ചെയ്താൽ ഒരു മാസം ജീവിച്ചിരിക്കും. യുദ്ധത്തിൽ പാപഗ്രഹത്താൽ തോല്പിക്കപ്പെട്ട ലഗ്നാധിപൻ ഏഴാമിടത്തു നിന്നാലും ഇതുപോലെതന്നെ.

മൂ —ലഗ്നോക്ഷീണേശശിനിനിധനംരന്ധ്രകേന്ദ്രേഷുപാപൈഃ
പാപാന്തസ്ഥനിധനഹിബുകസ്ഥനയുക്തേചചന്ദ്രേ
ഏവംലഗ്നേഭവതിമരണംദരിദ്രസംസ്ഥൈശ്ചപാപൈ
ർമ്മാത്രാസാർദ്ധംയദിചനശുഭൈർവീക്ഷിതശ്ശുക്രയുതഃ ൫൮൦

വ്യാ— ക്ഷീണചന്ദ്രൻ ലഗ്നത്തിലും കേന്ദ്രങ്ങളിലും എട്ടിലും പാപന്മാർ നില്ക്കയും ചെയ്ക. ചന്ദ്രൻ പാപമധ്യസ്ഥനായിട്ടു നാലിലൊ ഏഴിലൊ എട്ടിലൊ നില്ക്കുക. ഈ രണ്ടു യോഗവും ബാലമൃതിപ്രദങ്ങളാണ്. അതുപോലെ പാപമധ്യസ്ഥനായ ചന്ദ്രൻ ലഗ്നത്തിൽ നില്ക്കയും പാപന്മാർ ഏഴിലും എട്ടിലും നില്ക്കയും ചെയ്താൽ ബാലനും മാതാവുംകൂടി മരിക്കുന്നതാണ്. ഇവക്കു ബലവാന്മാരായ ശുഭന്മാരുടെ ദൃഷ്ടി ഉണ്ടായിരിക്കയും അരുത്. എന്നാൽ ആ ചന്ദ്രനു ബലമുള്ള ശുഭന്മാരുടെ ദൃഷ്ടി ഉണ്ടായാൽ മാതാവു ജീവിക്കയും ബാലൻ മരിക്കയും ചെയ്യുമെന്നു അറിഞ്ഞുകൊൾകയും വേണം.

മൂ— അശുഭസംഹിതേഗ്രസ്ഥചന്ദ്രേകുജേനിധനാശ്രിതേ
ജനനിസുതയോർമൃത്യുർലഗ്നേരവൌയുതസശസ്യുജഃ

൩൦

ഉദയതിരവൌശീതാംശൌവാത്രികോണവിനാശഗൈ-
നിധനമശുഭൈർവീര്യസ്ഥോപേതൈഃശുഭൈർന്നനിരീക്ഷിതേ. ൩൭

വ്യാ—ഗ്രസ്തചന്ദ്രൻ പാപനോടുകൂടിപാപക്ഷേത്രത്തിൽ നില്ക്കയും (പാപൻ മൃത്യു പറഞ്ഞുവെങ്കിലും ഇവിടെ പ്രധാനമായി ശനിയയാണു ഗ്രഹിക്കേണ്ടതു്.) ആ ക്ഷേത്രം ലഗ്നമായി വരികയും അഷ്ടമത്തിൽ കുജൻ നില്ക്കയും ചെയ്യുമ്പോൾ ജനിച്ചാൽ മാതാവും ബാലനും മരിക്കും. ഈ യോഗത്തിൽ ശനിയോടൊ ബുധനോടൊ ചേർന്നു സൂര്യൻ ലഗ്നത്തിൽ നില്ക്കയും അഷ്ടമത്തിൽ കുജൻ നില്ക്കയും ചെയ്താൽ ബാലനും മാതാവിനും ആയുധത്താൽ മരണമുണ്ടാകും. ഇവിടെ ശനിയോടൊ ബുധനോടൊ എന്നു പറഞ്ഞതുനിമിത്തം ബുധൻ പാപനാണോ എന്നു് ശങ്കയുണ്ടാവാം. എന്നാൽ ബുധൻ സൂര്യനോടു അടുത്തു നില്ക്കുന്ന ഗ്രഹമാകയാൽ സൂര്യഗ്രഹണത്തിൽ സൂര്യനു ബുധയുക്തത്വം സംഭവിക്കാവുന്നതാണു്. ചന്ദ്രഗ്രഹണം വെളുത്തവാവുന്നാളാകയാൽ ചന്ദ്രനു ബുധസാമീപ്യമോ ബുധയോഗമോ ഉണ്ടാവുന്നില്ല സൂര്യഗ്രഹണത്തിൽ സൂര്യനോടുകൂടി നില്ക്കുന്നു ബുധൻ പാപനാകയും ചെയ്യും. അതുകൊണ്ടാണു് ബുധനോടൊ ശനിയോടൊ എന്നു പറഞ്ഞതു്. ഈ ബുധസ്വീകാരം സൂര്യഗ്രഹണത്തിൽ ബുധൻ സൂര്യനോടുകൂടി ഉണ്ടെങ്കിൽ മതി. സൂര്യനൊ ചന്ദ്രനൊ ലഗ്നത്തിൽ നില്ക്കയും ബലിഷ്ഠന്മാരുടെ യോഗദൃഷ്ടികളുണ്ടാകയും ചെയ്താൽ ബാലനു മരണമുണ്ടാകും. ബലവാന്മാരായ ശുഭന്മാരുടെ യോഗദൃഷ്ട്യാദിയുണ്ടെങ്കിൽ മരണത്തെപ്പറയുകയുമരുതു്.

൩൮— അസിതരവിശശാങ്കഭൂമിജൈ-
വ്യയനവമോദയനൈധനാശ്രിതൈഃ
ഭവതിമരണമാശുദേഹിനാം
യദിബലിനാഗ്രഹുണാനവീക്ഷിതഃ. ൩൮

വ്യാ—ശനി സൂര്യൻ ചന്ദ്രൻ കുജൻ ഇവർ ക്രമേ ൻ ലഗ്നം ൫ ഈ ഭാവങ്ങളിൽ ഏവിടെ എങ്കിലും നില്ക്കയും ഇവരെ ബലവാനായ ഗ്രഹം നോക്കാതെയും ഇരുന്നാൽ ജാതൻ ഉടനെ മരിക്കും. ഗ്രഹവിനു ബലമില്ലാതെ ഇവരിൽ ചിലരെ നോക്കുന്നുവെങ്കിൽ സദ്യോമരണം പറയരുതു്. അത്രാൽ ബലവാനായ ഗ്രഹം അരികിൽ നില്ക്കയാണെങ്കിൽ മേൽപ്പറഞ്ഞ സ്ഥാനങ്ങളിൽ ഒക്കെ ദൃഷ്ടിയുണ്ടാവും.

൩൯— സുതമദനവമാന്ത്യലഗ്നഗേന്ദ്വ-
ഷ്ടഗശുഭയുതോമരണായശീതരശ്മിഃ

ഭൂമിസുതശശിപുത്രദേവപൂജ്യൈ
സ്ത്രിബലിഭിർന്നയതോവലോകിതോവാ. നൽ

വ്യാ—ക്ഷീണചന്ദ്രൻ പാപനോടുകൂടി ൪൭൯ ലഗ്നം വ ഈ ഭാവങ്ങളിൽ എവിടെയെങ്കിലും നിൽക്കയും ബലവാന്മാരായ ശുക്രൻ ബുധൻ ഗുരു ഇവരുടെ യോഗമൊ ദൃഷ്ടിയൊ ഇല്ലാതെനിന്നാൽ ബാലമൃതിയുണ്ടാവും (ഉടനെ മരിക്കും) ശുക്രാദികളുടെ യോഗദൃഷ്ടികളുണ്ടായാൽ മരിക്കയുമില്ല. (ഈ യോഗത്തിനു ശീതരശ്മിയോഗം എന്നു പേർ പറയുന്നു.)

മൂ— യോഗേസ്ഥാനംഗതവതിബലിന
ശുക്രേസ്വംവാതനുഗ്രഹമഥവാ
പാപൈർദൃഷ്ടേബലവതിമരണം
വർഷസ്യാന്തേകിലമുനിഗദിതം. ൨൦

വ്യാ—അരിഷ്ടയോഗകർത്താക്കന്മാരായ ഗ്രഹങ്ങളിൽ ആക്കാണോ അധികം ബലമുള്ളത് ആ ഗ്രഹം നിൽക്കുന്ന രാശിയിൽ ചാരക്രമമനുസരിച്ചു ചന്ദ്രൻ വരുമ്പൊഴും അല്ലെങ്കിൽ ജനനസമയം ഏതുരാശിയിൽ ചന്ദ്രൻ നിൽക്കുന്നുവോ ആ രാശിയിൽ പിന്നീടു ചന്ദ്രൻ വരുമ്പൊഴും ബാലൻ ജനിച്ച ലഗ്നത്തിൽ പിന്നീടു ചാരവശാൽ ചന്ദ്രൻ ചെല്ലുമ്പൊഴും മരണമുണ്ടാവും. അല്ലെങ്കിൽ ഇപ്പുറഞ്ഞ സ്ഥാനങ്ങളിൽ ചന്ദ്രൻ ബലവാന്മാരായ പാപന്മാരുടെ ദൃഷ്ടിയോടുകൂടി .ചെല്ലുന്നസമയം ഒരു വർഷത്തിനകം ബാലൻ മരിക്കും.

മൂ— വക്രീശനിഭൌമഗുരോപയാതഃ
കേന്ദ്രേഥവാശത്രുഗൃഹേവിനാശേ
കുജേനസന്ദ്യാപ്തബലേനദൃഷ്ടോ
വർഷദ്വയംജീവയതിപ്രജാതം. ൨൧

വ്യാ—കേന്ദ്രങ്ങളൊ എട്ടാംഭാവമൊ ആറാംഭാവമോ കുജക്ഷേത്രങ്ങളായും അവിടെ വക്രമുള്ള ശനി ബലവാനായ കുജന്റെ ദൃഷ്ടിയോടുകൂടി നിൽക്കയും ചെയ്താൽ ബാലൻ രണ്ടുവർഷമേ ജീവിയ്ക്കൂ.

മൂ— ബൃഹസ്പതിഭൌമഗുരോഷ്ടമസ്ഥ
സൂര്യേന്ദുഭൌമാക്കജദൃഷ്ടമൂർത്തിഃ
അബ്ദൈസ്ത്രിഭിർഭാസ്കരവദൃഷ്ടിഹീനോ
ലോകാന്തരംപ്രാപയതിപ്രജാതം. ൨൨

വ്യാ—കുജക്ഷേത്രങ്ങൾ അഷ്ടമഭാവമായും അവിടെ സൂര്യൻ ക്ഷീണചന്ദ്രൻ കുജൻ ശനി ഇവരുടെ ദൃഷ്ടിയുള്ള ഗുരു ശുക്രദൃഷ്ട

യില്ലാതെ നിന്നാൽ ബാലൻ മൂന്നുകൊല്ലം കഴിയുമ്പോൾ മരിക്കും.

മൂ— ഷഷ്ഠാഷ്ടമേകക്കിണിജന്മലഗ്നാൽ
സൌമ്യേസുധാരശ്മിനിരീക്ഷമാണേ
അബ്ദേശ്വതുർഭിസ്സമുപൈതിനാശം
ജാതോബലസ്സുബ്ബലാനാമിതോപി. ൨൨

വ്യാ—ലഗ്നാൽ ൬-൮ ഈ ഭാവങ്ങൾ കൂടുമായും അവിടെ ചന്ദ്രനുഷ്ടിയുള്ള ബുധൻ നില്ക്കയും ചെയ്താൽ അപ്പോൾ ജനിക്കുന്നവൻ അയുർയ്യോഗങ്ങളുണ്ടായിരുന്നാലും നാലുവയ്ത്തിലധികം ജീവിച്ചിരിക്കയില്ല.

മൂ —രവിചന്ദ്രഭൌമഗുരുഭിഃ
കുജഗുരുസൌന്ദുഭിസ്സുഖൈകസ്ഥൈഃ
രവിശനിഭൌമശശാങ്കേ
മ്മരണംബലുചഞ്ചഭിർവ്വത്സരൈഃ. ൨൩

വ്യാ – സൂര്യൻ ചന്ദ്രൻ കുജൻ ഗുരു ഇവർ ഒരുമിച്ചു നിന്നാലും (ഇന്ന ഭാവത്തിലെന്ന നിയമമില്ല.) കുജൻ ഗുരു ശനി ചന്ദ്രൻ ഇവർ ഒരുമിച്ചുനിന്നാലും സൂര്യൻ ശനി കുജൻ ചന്ദ്രൻ ഇവർ ഒരുമിച്ചു നിന്നാലും അഞ്ചാംവർഷത്തിൽ ബാലൻ മരിക്കും.

മൂ— യദാസുധാരശ്മിനവാംശകസ്ഥ
നിരീക്ഷിതേശീതകരേണമന്ദേ
ലഗ്നാധിപേചന്ദ്രബലാസമേതേ
ജാതസ്യഷഡ്വർഷമിതംതദായുഃ. ൨൪

വ്യാ—ചന്ദ്രദൃഷ്ടിയുള്ള ശനിയ്ക്കു ചന്ദ്രനവാംശത്തിൽ സ്ഥിതിയും ലഗ്നാധിപനും ചന്ദ്രദൃഷ്ടി വരികയും ചെയ്താൽ ബാലൻ ആറാംവർഷത്തിൽ മരിക്കും.

മൂ— ലഗ്നോയദ്ദ്രേക്കാണോ നിശാകരാഹിവിഹംഗപാശധരസംജ്ഞഃ
മരണായസപ്തവർഷൈഃ ക്രൂരയുതോനസപതിസന്ദൃഷ്ടഃ. ൨൫

വ്യാ—പാശദ്രേക്കാണം സർപ്പദ്രേക്കാണം പക്ഷിദ്രേക്കാണം ഇവയിൽ പാപൻ നിൽക്കയും അതു ലഗ്നമായും ആ ദ്രേക്കാണാധിപന്റെ ദൃഷ്ടിയില്ലാതെയും വന്നാൽ ഏഴാംവർഷത്തിൽ ബാലൻ മരിക്കും.

മൂ— ലഗ്നേശനിരവിഭൌമാ ശുക്രഗുരോസപ്തമേശശീക്ഷീണഃ
ദൃഷ്ടോനാദേവഗുരുണാ സപ്തഭിരഷ്ടാഭിരബ്ദൈർവ്വാസ്യാൽ. ൨൬

വ്യാ — ലഗ്നത്തിൽ ശനി സൂര്യൻ കുജൻ ഇവരും ശുക്രക്ഷേത്ര മായ ഏഴാമിടത്തു ഗുരുദൃഷ്ടിയില്ലാത്ത ക്ഷീണചന്ദ്രനും നിന്നാൽ ഏഴോ എട്ടോ വയ്സ്സുകൊണ്ടു ബാലൻ മരിക്കും.

മൂ — ദിവാകരേന്ദുഭ്രപുത്രാഃ പുത്രസ്ഥാനസമന്വിതാഃ
ജ്ഞാതോയമപുഃംയാതി നവമാബ്ദേ ന സംശയഃ. ൭൬

വ്യാ — ൫-ാമിടത്തു സൂര്യൻ ചന്ദ്രൻ കുജൻ ഇവർ നിന്നാൽ ബാലൻ ൯-ാംവയ്സ്സിൽ മരിക്കും.

മൂ — പാപോവിലഗ്നാധിപതിശ്ശശാങ്കാ
ദന്ത്യസ്ഥിതഃക്രൂരനിരീക്ഷിതശ്ചേൽ
തദംശരാശൌയദിവാതദീശോ
ജ്ഞാതശ്ശിശുഃസ്യാതിലയംനവാബ്ദേ. ൭൭

വ്യാ — പാപനായ ലഗ്നാധിപൻ ചന്ദ്രാൽ പന്ത്രണ്ടാമിടത്തു ക്രൂരദൃഷ്ടനായി നിൽക്കയോ അല്ലെങ്കിൽ ചന്ദ്രനവാംശ രാശിയിൽ നിൽക്കയോ ചന്ദ്രനവാംശത്തിന്റെ നാഥനായി നിൽക്കയോ (ഇവിടെയും ചന്ദ്രാൽ ൧൨-ാമടം ആകണം.) ചെയ്താൽ ൯൰പതാംവയ്സ്സിൽ ബാലൻ മരിക്കും.

മൂ — മൃഗാംശകസ്ഥിതേമന്ദേ സൌമ്യദൃഷ്ടിസമന്വിതേ
ജന്മപ്രഭൃതിശത്രുത്വം തസ്യായുർദ്ദശവത്സരം. ൭൮

വ്യാ — മകരാംശസ്ഥനായ ശനി ബുധദൃഷ്ടിയോടുകൂടി നിന്നാൽ ജാതൻ ജനനംമുതൽ എല്ലാവരുടെയും വിരോധത്തിനു കാരണമായി പത്തുവയ്സ്സു ജീവിച്ചിരിക്കും.

മൂ — രവിണായുക്തശ്ശശിജ സ്സൌമ്യൈർദൃഷ്ടോവിനാശയതിന്യൂനം
ഏകാദശഭിർവ്വർഷൈ ർജ്ജാതംന്യൂപതുല്യഭോഗസമ്പന്നം. ൭൯

വ്യാ — ബുധൻ ശുഭദൃഷ്ടനായി സൂര്യനോടു കൂടിനിൽക്കുമ്പോൾ ജനിക്കുന്നവൻ വളരെസ്സുഖസമ്പത്തുകളോടുകൂടി ൧൧- വയ്സ്സു ജീവിക്കും.

മൂ — ചന്ദ്രലഗ്നാധിപസ് സൂര്യ സ്സപുത്രേണസമന്വിതഃ
ലഗ്നാദഷ്ടമരാശിസ്ഥാ ദൃഷ്ടശ്ചാബ്ദേസിതേക്ഷിതഃ. ൮൦

വ്യാ — ചന്ദ്രലഗ്നാധിപനായ സൂര്യൻ ശനിയോടുകൂടി ലഗ്നാൽ അഷ്ടമത്തിൽ ശുക്രദൃഷ്ടനായി നിന്നാൽ ബാലൻ പന്ത്രണ്ടാംവയ്സ്സിൽ മരിക്കും. (ഈ യോഗം വരണമെങ്കിൽ സൂര്യൻ മീനത്തിലും

ശുക്രൻ കന്നിയിലും നില്ക്കണം. അത് ഏഴുകാലത്തിൽ വരാത്തതുമാണ്.)

മൂ— അല്പാംശകസംസ്ഥിതേമന്ദേ സൂര്യേണൈവനിരീക്ഷിതേ
പിതൃദ്വേഷകരോജാതോ ദ്വാദശാബ്ദഞ്ചജീവതി. ൫൬

വ്യാ—ശനി വൃശ്ചികാംശത്തിൽ സൂര്യദൃഷ്ടിയോടുകൂടി നിൽക്കുമ്പോൾ ജനിക്കുന്നവൻ പിതാവിനെ ദ്വേഷിക്കുന്നവനായിട്ടു ൧൨-വർഷം ജീവിക്കും.

മൂ— തുലാംശകസംസ്ഥിതേമന്ദേ ജീവേനൈവനിരീക്ഷിതേ
ത്രയോദശാബ്ദേമരണം ജാതസ്യപിതുരൈരിണഃ. ൫൭

വ്യാ—ഗുരുദൃഷ്ടിയുള്ള ശനി തുലാംശത്തിൽ നിന്നാൽ ജാതൻ പിതാവിന്റെ ശത്രുവായിട്ടു പതിമൂന്നുവർഷം ജീവിക്കും.

മൂ— കന്ന്യാംശകസംസ്ഥിതേമന്ദേ സൌമ്യദൃഷ്ടിസമന്വിതേ
ചതുർദ്ദശാബ്ദേമരണം ജാതകോപിസമേതിച. ൫൮

വ്യാ—കന്നിയിൽ അംശകിച്ച ശനിക്ക ശുഭദൃഷ്ടിയുള്ളപ്പോൾ ജനിക്കുന്നവൻ കോപശീലനാകയും ൧൪-ാം വയസ്സിൽ മരിക്കയും ചെയ്യും.

മൂ— സിംഹാംശകസംസ്ഥിതേമന്ദേ രാഹുദൃഷ്ടിസമന്വിതേ
ശസ്ത്രോപീഡാഭവേത്തസ്യ ചായുഃപഞ്ചദശാബ്ദകം. ൫൯

വ്യാ—ചിങ്ങത്തിൽ അംശകിച്ച ശനി രാഹുദൃഷ്ടനായാൽ ജാതനുആയുധങ്ങളാൽ ക്ഷതം (മുറിവു്) ഉണ്ടാകയും ൧൫ വർഷം ജീവിക്കയും ചെയ്യു.

മൂ— കർക്ക്യംശകസംസ്ഥിതേമന്ദേ കേതുനാചനിരീക്ഷിതേ
സർപ്പപീഡാഭവേത്തസ്യ ഷോഡശാബ്ദേമൃതിംവദേൽ. ൬൦

വ്യാ—കർക്കടാംശസ്ഥനായ ശനി കേതുദൃഷ്ടനായാൽ ജാതനു സർപ്പാദികളിൽനിന്നു ഉപദ്രവവും ൧൬-ാംവയസ്സിൽ മരണവുമുണ്ടാകും.

മൂ— യമാംശകസംസ്ഥിതേമന്ദേ ലഗ്നനാഥേനവീക്ഷിതേ
രണശൂരോമഹാഭോഗീ മൃഗീംസപ്തദശാബ്ദകേ. ൬൧

വ്യാ—ലഗ്നാധിപന്റെ ദൃഷ്ടിയുള്ള ശനി മിഥുനത്തിൽ അംശകിച്ചാൽ ജാതൻ യുദ്ധങ്ങളിൽ ശൂരനായും സുഖമുള്ളവനായും ൧൭-ാം വയ്സ്സിൽ മരിക്കും.

മൂ— പർസ്വൂക്ഷേത്രസമന്വിതൈവാ
രന്ധ്രശലഗാധിപതീനസൌമ്യൈ
രിഷ്ഫാരിഭേവാഗ്രുണാവിയുക്തേ
തഷ്ടാദശാബ്ദേനിധനംപ്രയാതി. ൫൯

വ്യാ—പാപന്മാരായ ലഗ്നാധിപനും അഷ്ടമാധിപനും പരസ്പരം ക്ഷേത്രങ്ങളിൽ (ലഗ്നാധിപന്റെ ക്ഷേത്രത്തിൽ അഷ്ടമാധിപനും അഷ്ടമാധിപന്റെ ക്ഷേത്രത്തിൽ ലഗ്നാധിപനും) നിൽക്കയും, ആ സ്ഥാനങ്ങളിൽ ശുഭന്മാരോ സ-ക്രൂ ഈ ഭാവങ്ങളിൽ ഗ്രുവോ ഇല്ലാതിരിക്കയും ചെയ്താൽ ജാതൻ ക്രൂ-ാംവർഷത്തിൽ മരിക്കും.

മൂ— ജീവാംശകസ്ഥിതേമന്ദേ രാഹ്വണാഫനിരീക്ഷിതേ
ദേഹാധിപേയദാദൃഷ്ടേ ജാതസ്സദ്യോവിനശ്യതി.
തദീശസ്യാംഗഭാഗശ്ചേ ദായുരേകോനവിംശതിഃ. ൫൦

വ്യാ—ഗ്രുക്ഷേത്രങ്ങളിൽ ശനി അംശകിക്കയും രാഹ്വദൃഷ്ടിയുണ്ടാവുകയും ലഗ്നാധിപന്ന് രാഹ്വദൃഷ്ടിയില്ലാതെയുമിരിക്കുക.എന്നാൽ ജാതൻ ജനിച്ചു ഉടനെ മരിക്കും. ലഗ്നാധിപന്ന് ഉച്ചസ്ഥിതി ഉണ്ടായാൽ ക്രൻ വർഷം ജീവിച്ചിരിക്കയുംചെയ്യും.

മൂ— കേന്ദ്രേഷുപാപേഷുനിശാകരേണ
സൌമ്യഗ്രഹൈരീക്ഷണവർജിതേഷു
ഷഷ്ഠാഷ്ടമേവായദിശീതരശ്മൌ
ജാതസ്സുഖീവിംശതി വത്സരാന്തം ൫൧

വ്യാ—ചന്ദ്രന്റെയൊ ശുഭഗ്രഹങ്ങളുടെയൊ യോഗദൃഷ്ടികളില്ലാത്ത പാപന്മാർ കേന്ദ്രങ്ങളിൽ നിൽക്കയും ആറിലൊ എട്ടിലൊ ചന്ദ്രൻ നിൽക്കയും ചെയ്താൽ ജാതൻ ൨൦ വർഷം സുഖമായി ജീവിക്കും.

മൂ— ജീവാൽസാർക്കായേസൂര്യോയം ലഗ്നസ്ഥഃകീടരാശിഗഃ
അഷ്ടമാധിപതൌകേന്ദ്രേ ദ്വാവിംശത്യബ്ദകേമൃതിഃ. ൫൨

വ്യാ—കന്നിയിൽ ഗ്രുരു നിൽക്കയും ലഗ്നം വൃശ്ചികമാകയും ആ ലഗ്നത്തിൽ സൂര്യനുണ്ടായിരിക്കയും ചെയ്താ. അഷ്ടമാധിപൻ കേന്ദ്രത്തിലുണ്ടാവുകയും ചെയ്താൽ ജാതൻ ഇരുപത്തിരണ്ടാംവയസ്സിൽ മരിക്കും.

മൂ— മന്ദോദയേശത്രുരാശൌ സൌമ്യൈരാപോക്ലിമോപഗൈഃ
ഷഡ്വിംശത്യബ്ദകേവാസ്യാൽ സപ്തവിംശതിവത്സരേ.

വ്യാ—ശത്രുക്ഷേത്രസ്ഥനായ ശനി ലഗ്നത്തിലും ശു

പോക്കിമങ്ങളിലും നിന്നാൽ ൨൩-ാംവയസ്സിലൊ ൨൬-ാംവയസ്സിലൊ മരിക്കും.

മൂ— രന്ധ്രേശേജീവസംദൃഷ്ടേ പാപേപാപനിരീക്ഷിതേ
രന്ധ്രസ്ഥേജന്മപേമൃത്യു. രഷ്ടാവിംശതിവത്സരേ. ൯൬

വ്യാ—അഷ്ടമാധിപൻ പാപഗ്രഹമാകയും ഗുരുദൃഷ്ടനാകയും ലഗ്നാധിപൻ പാപദൃഷ്ടനായി അഷ്ടമത്തിൽ നിൽക്കയും ചെയ്താൽ ജാതൻ ൨൭-ാംവയസ്സിൽ മരിക്കും.

മൂ— ചന്ദ്രമന്ദസഹായസ്ഥ സൂര്യശ്ചാഷ്ടമസംഇതിതഃ
ഏകോനത്രിംശകേവർഷേ ജാതോയമപൂരംവ്രജേൽ. ൯൭

വ്യാ—സൂര്യചന്ദ്രമന്ദന്മാർ അഷ്ടമത്തിൽ നിന്നാൽ ൨൯ വർഷം ജാതൻ ജീവിക്കും.

മൂ— ജന്മരന്ധ്രവയോമ്മധ്യേ നിശാനാഥേവ്യയേഗുരൌ
സപ്തവിംശതിവർഷോവാ ത്രിംശദ്വയസിവാമൃതിഃ. ൯൮

വ്യാ—ചന്ദ്രൻ ലഗ്നാഷ്ടമാധിപന്മാരുടെ മദ്ധ്യത്തിലും ഫല-ൽ ഗുരുവും നിന്നാൽ ജാതൻ ൨൬-ാംവയസ്സിലൊ ൩൦-ാംവയസ്സിലൊ മരിക്കും.

മൂ— അഷ്ടമാധിപഞ്ചൗകേന്ദ്രേ ലഗ്നേശേബലവർജ്ജിതേ
ത്രിംശദ്വർഷമിതായുഷ്മാൻ ദ്വാത്രിംശദ്വത്സരേമൃതിഃ. ൯൯

വ്യാ — ലഗ്നാധിപൻ ദുർബലനാകയും അഷ്ടമാധിപൻ കേന്ദ്രങ്ങളിൽ വരികയും ചെയ്താൽ ജാതൻ ൩൦ വയസ്സുവരെ ജീവിക്കും. അവിടം കഴിഞ്ഞാൽ ൩൨-ാംവയസ്സിൽ മരിക്കും.

മൂ — ക്ഷീണേശശാങ്കേയദ്വിപാപയുക്തേ
ലഗ്നാധിപേകേന്ദ്രഗതേഷ്ടമേവാ
പാപാന്വിതേഹീനബലേവിലഗ്നേ
ദ്വാത്രിംശദ്ഭേന്നിധനംപ്രയാതി. ൧൦൦

വ്യാ—ക്ഷീണചന്ദ്രൻ പാപനോടു കൂടുകയും ലഗ്നാധിപൻ കേന്ദ്രങ്ങളിലൊ അഷ്ടമത്തിലൊ നിൽക്കയും ലഗ്നം ദുർബലമായും പാപയുതമായും ഇരുന്നാൽ ജാതൻ ൩൨-ാംവയസ്സിൽ മരിക്കും. (ഈ രണ്ടു യോഗങ്ങൾക്കും ദ്വാത്രിംശദ്യോഗമെന്നു പേരു പറയുന്നു.)

കിഞ്ചാൽ ഷഷ്ടാഷ്ടമേവ്യയേപാപേ ലഗ്നേശേദുർബലേസതി
വർഷം മരിക്കുന്നരനപത്യോവാ ശൂദ്രേഗ്രോഗവർജ്ജിതേ. ൧൦൧

വ്യാ—ദുർബലനായ ലഗ്നാധിപന്ന് ശുഭയോഗദൃഷ്ടികർതൃം കൂടാതെയും ന-വ്യ-ഹ്ര- ഈ ഭാവങ്ങളിൽ പാപന്മാർ നിൽക്കയും ചെയ്താൽ അല്പായുസ്സായോ സന്താനമില്ലാത്തവനായോ ഭവിക്കും.

മൂ— ക്രൂരഷഷ്ട്യംശകേവാപി രന്ധ്രേശോനഞ്ജപിവാ
പാപാനാമിതരപാപയുതേ ചാല്പമായുർവിനിർദ്ദിശേൽ. ൬൦

വ്യാ—പാപഗ്രഹങ്ങളിൽ ഒന്നിനു അഷ്ടമാധിപത്യവും പാപയോഗവുമുണ്ടായിരിക്കയും ക്രൂരഷഷ്ട്യംശകമുണ്ടാവുകയും ചെയ്താൽ അല്പ ഈരണ്ടുറഞ്ഞ യോഗങ്ങൾ ശനിക്ക് ഉണ്ടാവുക എന്നാൽ ജാതൻ അല്പായുസ്സായി ഭവിക്കും. ഇങ്ങനെ മുപ്പത്തിരണ്ടു വയസ്സിനകമുള്ള ബാലാരിഷ്ടയോഗം അരിഷ്ടയോഗം അല്പായുർയോഗം ഇവകളെയും പറയപ്പെട്ടു

ഇനിയും അരിഷ്ടഭംഗയോഗങ്ങളെപ്പറയുന്നു.

മൂ— അത്യന്തസംത്യജിലഗ്നനാഥേ
സൌമ്യാന്വിതേതാദൃശദൃഷ്ടിയോഗേ
കേന്ദ്രസ്ഥിതേപാപദൃശാവിഹീനേ
സൽഭാഗ്യയുഗ് ജീവതിദീർഘമായുഃ. ൬൧

വ്യാ—ചില്ലാപ്രകാരേണയുള്ള ബലങ്ങളും ശുഭഗ്രഹങ്ങളുടെ യോഗദൃഷ്ടിവർഗ്ഗാദികളോടുംചേർന്ന ലഗ്നാധിപൻ പാപദൃഷ്ടി കൂടാതെ കേന്ദ്രങ്ങളിൽ നില്ക്കുമ്പോൾ ജനിക്കുന്നവൻ ഭാഗ്യവാനും ദീർഘായുഷ്മാനുമായി ഭവിക്കും.

മൂ— ചന്ദ്രസ്സസമ്പൂർണ്ണഗാത്രസ്തു സൌമ്യക്ഷേത്രാംശഗോപിവാ
സവ്വാരിഷ്ടനിഹന്ത്രാസ്യാ ദ്വിശേഷാച്ഛുഭവീക്ഷിതഃ. ൬൨

വ്യാ—ജനനസമയം ശുഭക്ഷേത്രാംശത്തോടുകൂടി നിൽക്കുന്ന പൂർണ്ണചന്ദ്രൻ എല്ലാ അരിഷ്ടയേയും നശിപ്പിക്കും. ചന്ദ്രനു ശുഭദൃഷ്ടിയുണ്ടെങ്കിൽ ഇതു നിശ്ചയവുമാണ്. (വിശേഷാച്ഛുഭവീക്ഷിതമെന്നുമുണ്ട്.)

മൂ— ജീവഭാർഗ്ഗവസൌമ്യാനാമേകഃകേന്ദ്രഗതോബലീ
പാപദൃഗ്യോഗഹീനശ്ചേത്സർവ്വാരിഷ്ടസ്യഭംഗകൃൽ. ൬൩

വ്യാ—ഗുരു ശുക്രൻ ബുധൻ ഇവരിലൊരാൾ ബലവാനായി കേന്ദ്രങ്ങളിൽ പാപയോഗദൃഷ്ട്യാദിയില്ലാതെ നിന്നാൽ അരിഷ്ടങ്ങളെ വേഗം നശിപ്പിക്കും.

മൂ— സേ്വച്ചസ്ഥസ്സ്വഗൃഹേഥവാപി സുഹൃദാംവർഗ്ഗേപിസൌമ്യസ്യവാ
സന്പൂർണ്ണശ്ശുഭവീക്ഷിതശ്ശശധരസ്സ്വിയേഥവവർഗ്ഗേപിവാ
ശത്രൂണാമവലോകനാദിരഹിതഃപാപൈർന്നദുഷ്ടോയുതോ
രിഷ്ടംഹന്തിസുദുസ്തരംദിനമണിഃ പ്രാലേയജാലംയഥാ. ൭൬

വ്യാ—ചന്ദ്രൻ തന്റെ ഉച്ചരാശിയിലോ സ്വക്ഷേത്രത്തിലോ ബു. സുഗ്രഹങ്ങളുടെ വർഗ്ഗങ്ങളിലൊ ബുധാംശകത്തിലൊ പൂർണ്ണനായി ശു ഭഗ്രഹയോഗദൃഷ്ടികളോടുകൂടി പാപയോഗങ്ങളൊന്നും കൂടാതെ വർഗ്ഗോ ത്തമാംശത്തിലൊ നിൽക്കയാണെങ്കിൽ ആ ചന്ദ്രൻ, സൂര്യൻ മഞ്ഞുകൂ ട്ടത്തെ എന്നപോലെ സകല അരിഷ്ടകളെയും നശിപ്പിക്കും.

മൂ— പക്ഷേസിതേഭവതിജന്മയദിക്ഷപായാം
കൃഷ്ണേഥവാഹനിശുഭാശുഭദൃഷ്ടമൂർത്തിഃ
തച്ചന്ദ്രമാരിപുവിനാശഗതോപിനൂനം
മാപൽസുരക്ഷതിപിതേവശിശുംപ്രസൂതം. ൭൭

വ്യാ—വെളുത്തപക്ഷത്തിൽ രാത്രിയിലും കറുത്തപക്ഷത്തിൽ പ കലും ജനിക്കയും ആസമയം ചന്ദ്രൻ ശുഭന്മാരുടെയോ പാപന്മാരുടെ യോ ദൃഷ്ടിയോടുകൂടി അരിലോ പന്ത്രണ്ടിലോ നിന്നാലും അച്ഛൻ കുട്ടികളെ എന്നപോലെ അരിഷ്ടകളിൽനിന്നു രക്ഷിക്കും.

മൂ— കേന്ദ്രംഗതോപിബലവാൻസ്സുരദംശുമാലീ
സർല്ലോകനാഥസചിവശ്ശുമയേദവശ്യം
ഏകോബഹൂനിദുരിതാനിസുദുസ്തരാണി
ഭക്ത്യാപ്രയുക്തഇവശൂലധരേപ്രണാമഃ. ൭൮

(ചക്രാധേ-പാഠാന്തരം)

വ്യാ—സൂര്യരശ്മികളോടുകൂടിയ ഗുരു കേന്ദ്രങ്ങളിൽ ബലവാ നായി നിന്നാൽ എല്ലാ അരിഷ്ടയേയും ഭക്തിയോടുകൂടി ശ്രീപരമേ ശ്വരനായിക്കൊണ്ടു ചെയ്യപ്പെടുന്ന ഒരുനമസ്കാരം ദുസ്തരങ്ങളായ പാ പങ്ങളെഒക്കയും എന്നപോലെ നീക്കിരക്ഷിക്കും.

മൂ— ലഗ്നേശോബലയുക്തശ്ചേ
ത്രികോണേവാചതുഷ്ടയേ
അരിഷ്ടയോഗജാതോപി
ജാതോജീവതിനിശ്ചയഃ. ൭൯

വ്യാ—ബലവാനായ ലഗ്നാധിപൻ കേന്ദ്രത്രികോണങ്ങളിൽ നി ന്നാൽ അരിഷ്ടയോഗത്തിൽ ജനിച്ചാലും ബാലനെ രക്ഷിക്കും.

മൂ— യസ്യജന്മനിതുംഗസ്ഥാ സ്സ്വക്ഷേത്രസ്ഥാന്യാശ്രിതാഃ
ചിരായുഷംശിശുംപേടാഃ കുവ്വന്ത്യുത്തനസംജ്ഞകം. ൭൪

വ്യാ—ജനനസമയംഗ്രഹങ്ങളൊക്കെയും ഉച്ചംസ്വക്ഷേത്രം ഈ സ്ഥാനങ്ങളിൽ നിന്നാൽ ആ ബാലനെ ദീർഘായുഷ്മാനാക്കിത്തീർക്കുന്നതാണ്.

മൂ— രാഹുസ്തുഷഷ്ഠഗലാഭേ ലഗ്നാൽസൌമ്യൈർനിരീക്ഷിതസ്സദ്യഃ
നാശയതിസവ്യുരിതം മാരുതഇവതൂലസംഘാതം. ൭൫

വ്യാ—രാഹുലഗ്നത്തിൽ നിന്ന് ൬-൯-൧൧ ഈ ഭാവങ്ങളിൽ ശുഭദൃഷ്ടിയോടുകൂടി നിന്നാൽ എല്ലാ അരിഷ്ടങ്ങളേയും കാറു പഞ്ഞിക്കെട്ടിനെ എന്നപോലെ നശിപ്പിച്ചുരക്ഷിക്കും.

മൂ— അജവൃഷകക്കിണിലഗ്നോ രക്ഷതിരാഹുർന്നിരന്തരംബാലം
പൃഥിവീ ചരിപ്രപന്നംകൃതാപരാധംയഥാപുരുഷം. ൭൬

വ്യാ—മേടം ഇടവം കർക്കടകം ഇവ ലഗ്നമായി അവിടെ രാഹു നിന്നാൽ ബാലനെ അപരാധിയാണെങ്കിലും ശരണം പ്രാപിച്ചുവനെ രാജാവു് എന്നപോലെ രക്ഷിക്കും.

മൂ— നിശാകരശ്ശോഭനവസ്ഥയുക്ത
ശ്ശുഭേക്ഷിതഃപൂരിതദീപ്തിജാലഃ
ക്ഷതസ്യനിശ്ശേഷമരിഷ്ടമാശു
നിഹന്തിയദ്വൽഗരുളംഗരുത്മാൻ. ൭൭

വ്യാ – സമ്പൂർണ്ണഗാത്രനാ യി ശുഭദൃഷ്ടനായി ശുഭവർഗ്ഗങ്ങളിൽ നിലക്കുന്ന ചന്ദ്രൻ ജാതന്റെ അരിഷ്ടയെ ഗരുഡൻ വിഷത്തെ എന്നപോലെ മാറ്റി രക്ഷിക്കും.

മൂ— ചന്ദ്രാധിഷ്ഠിതരാശീശോ ലഗ്നസ്ഥശുഭവീക്ഷിതേ
ഭൃഗ്വണാവീക്ഷിതേചന്ദ്രേ സേപാത്പേരിഷ്ടം ഹരേത്തദാ. ൭൮

വ്യാ—ചന്ദ്രലഗ്നാധിപനായ ഗ്രഹം (ചന്ദ്രൻ നില്ക്കുന്നരാശിയുടെനാഥൻ) ശുഭദൃഷ്ടിയോടുകൂടി ലഗ്നത്തിലും ശുക്രദൃഷ്ടിയുള്ള ചന്ദ്രൻ ഉച്ചത്തിലും നിന്നാൽ അരിഷ്ടനാശത്തെച്ചെയ്യും.

മൂ— ലഗ്നാധിപോതിബലവാനശുഭൈരദൃഷ്ടഃ
കേന്ദ്രസ്ഥിതശ്ച ഖഗൈരവലോക്യമാനഃ
മൃത്യുംവിഘാത്യവിദധാതിസദീപ്തമായു-
സ്സാല്പംഗ്രഹൈർബഹുഭിരുർജ്ജിതയാചലക്ഷ്മ്യാ. ൭൯

വ്യാ—എല്ലാബലങ്ങളും ഉള്ള ലഗ്നാധിപൻ ശുഭദൃഷ്ടനായി കേന്ദ്രങ്ങളിൽ നിന്നാൽ അപമൃത്യുവിനെമാറ്റി ബാലനു ദീർഘായുസ്സ് സമ്പത്തു് ഇവയെക്കൊടുക്കും.

മൂ— ബലഹീനേ പിലഗ്നേശേ ജീവേകേന്ദ്രത്രികോണഗേ
ഷഡ്യൂനാഷ്ടമവ്യയേപാപേ മദ്ധ്യമായുർദ്ദാവ്രതം. വര

വ്യാ—ലഗ്നാധിപൻ ദുർബ്ബലനാകയും കേന്ദ്രത്രികോണങ്ങളിൽ വ്യാഴവും ൩-൬-൧൨ ഈ ഭാവങ്ങളിൽ പാപന്മാരും നിന്നാൽ മദ്ധ്യായുസ്സാകുന്നു.

(൩൬-വയസ്സുമുതൽ ൭൦-വയസ്സുവരെ മദ്ധ്യായുഷ്കാലമാകുന്നു)

മൂ— ചതുഷ്ടയേശുഭൈർയ്യുക്തേ ലഗ്നേശേശുഭസംയുതേ
ഗുരുണാദൃഷ്ടനിസംയോഗേ പൂർണ്ണമായുർവ്വിനിർദ്ദിശേൽ. വ൭

വ്യാ—കേന്ദ്രങ്ങളിലും ലഗ്നാധിപനും ശുഭയോഗവും വിശേഷിച്ചു ഗുരുദൃഷ്ടിയുമുണ്ടായാൽ പൂർണ്ണായുസ്സാകുന്നു.

മൂ— ഉച്ചാദിതൈസ്സ്വിഭഖേടൈർലഗ്നസ്ഥിതേശുഭേ
രന്ധ്രസ്ഥപാപവിഹീനേച പൂർണ്ണമായുർവ്വിനിർദ്ദിശേൽ. വ൮

വ്യാ—മൂന്നുഗ്രഹങ്ങൾക്കു ഉച്ചവും ലഗ്നത്തിലും അഷ്ടമത്തിലും പാപയോഗം ഇല്ലാതെ ശുഭന്മാർ നില്ക്കുകയും ചെയ്താൽ പൂർണ്ണായുസ്സാകുന്നു.

മൂ— സ്വോച്ചസ്ഥിതേനകേനാപി.
ലഗ്നേചരേണസമന്വിതഃ
ശനിർവാരന്ധ്രനാഥോവാ
പൂർണ്ണമായുർവ്വിനിർദ്ദിശേൽ.. വ൯

വ്യാ—ഉച്ചത്തിൽനില്ക്കുന്ന ഒരു ഗ്രഹത്തോടു ശനിക്കോ അഷ്ടമാധിപനോ യോഗമുണ്ടായാൽ ദീർഘായുസ്സാകുന്നു.

മൂ— രിഷേശത്രുഗതാഃപാപാ ലഗ്നേശഃകേന്ദ്രഗോയദി
രന്ധ്രസ്ഥാനേഥവാപാപാഃ കർമ്മേശസ്സ്വോച്ചരാശിഗഃ
യോഗദ്വയേപിദീർഘായുരൈപരിബ്രഹ്മസമ്മതം. വ൰

വ്യാ—൩-൬-൧൨ ഈ സ്ഥാനങ്ങളിലായി എല്ലാ പാപന്മാരും ലഗ്നാധിപൻ കേന്ദ്രത്തിലും നില്ക്കുക പത്താംഭാവാധിപൻ ഉച്ചത്തിലും പാപന്മാർ - അഷ്ടമത്തിലും നില്ക്കുക ഈരണ്ടു യോഗങ്ങളിലും ദീർഘായുസ്സാണെന്നു് എല്ലാ ആചാര്യന്മാരും സമ്മതിക്കുന്നു.

മൂ— രന്ധ്രേശസ്ഥഗൃഹാധീശോ യസ്മിൻരാശൌവ്യവസ്ഥിതഃ
തദീശോലഗ്നനാഥശ്ചേൽ കേന്ദ്രഗാവപ്രിതാദൃശം. ൧൯

വ്യാ—അഷ്ടമാധിപൻ നില്ക്കുന്ന രാശിയുടെ അധിപൻ നില്ക്കുന്ന രാശിനാഥനും ലഗ്നാധിപനും കേന്ദ്രങ്ങളിൽ നിന്നാലും ദീർഘായുസ്സുതന്നെ.

മൂ— ദ്വിസ്വഭാവാംഗതേലഗ്നേ ലഗ്നേശാൽകേന്ദ്രഗൌയദി
ദ്വയപാപൌയസ്യജനനേ തസ്യായുർദീർഘമാദിശേൽ. ൨൦

വ്യാ—ഉഭയരാശി ലഗ്നമാകയും ലഗ്നാധിപന്റെ കേന്ദ്രത്തിൽ രണ്ടു പാപന്മാർ നില്ക്കയും ചെയ്താൽ ദീർഘായുഷ്മാനാകുന്നു.
(സപ്തത്യുപരിശതവത്സരാന്തംപൂർണ്ണായുഷ്മാൻ.)
൭൦-മുതൽ ൧൦൦-വയസ്സുവരെ പൂർണ്ണായുസ്സാകുന്നു.

മൂ— ചരാംശകസ്ഥാരവിമന്ദഭൌമാ
സ്ഥിരാംശകസ്ഥൌ ഗുരുദാനവേഡ്യൌ
ശേഷാശ്ചയുഗ്മാംശസമാഗതാശ്ചേ
ത്തദാസമുൽഭ്രതനരശ്ചതായുഃ. ൨൧

വ്യാ—സൂര്യൻ കുജൻ ശനി ഇവർക്കു ചരരാശിയിലും ഗുരുശുക്രന്മാർക്കു സ്ഥിരരാശിയിലും ശേഷം ഗ്രഹങ്ങൾക്കു യുഗ്മരാശിയിലും അംശകം വന്നാൽ അപ്പോൾ ജനിക്കുന്നവൻ നൂറുവയസ്സോളം ജീവിച്ചിരിക്കും.

മൂ— മന്ദാംശകസ്ഥാരവിജീവഭൌമാ
ധർമ്മസ്ഥിതാസ്തന്നവഭാഗസംസ്ഥാഃ
ബലാന്വിതോലഗ്നഗതോഹിമാംശു-
സ്ത്ര്യംശാന്തമായുശ്ശ്രിയമാദധാതി. ൨൨

വ്യാ—സൂര്യൻ കുജൻ ഗുരു ഇവർ ശനിക്ഷേത്രാംശകത്തിൽ നവാംശകത്തിലും നവാംശത്തിൽ അംശകത്തോടുകൂടി ബലവാനായ ചന്ദ്രൻ ലഗ്നത്തിൽനിൽക്കയും ചെയ്താൽ അപ്പോൾ ജനിക്കുന്നവൻ യുഗാവസാനംവരെ ആയുസ്സും ശ്രീയും ചേർന്നിരിക്കും. ഇതു ദിവ്യായുസ്സാകുന്നു.

മൂ— ഏകാംശഭാഗെഗുരുസൂര്യപുത്രൌ
ധർമ്മസ്ഥിതൌവാന്യദികർമ്മസംസ്ഥൌ
അർക്കോദയേസൌമ്യനിരീക്ഷ്യമാണൌ
മുനിർഭവേദ്രുഭവശ്ചിരായുഃ. ൨൩

വ്യാ— ഗുരുവും ശനിയും ഒരു രാശിയിൽ അംശകത്തോടുകൂടി ഒൻപതിലൊ പത്തിലൊ ശുഭദൃഷ്ടന്മാരായി നിൽക്കുമ്പോൾ സൂത്ര്യാ ദയത്തിൽ ജനിക്കുന്നവൻ ദ്രഷ്ടിയായും വളരെക്കാലം ജീവിച്ചിരിക്കുന്ന വനായും ഭവിക്കും.

മൂ — ഗുരുശശിന്യഹിതേകുളീരലഗ്നേ
ശശിതനയേഭൃഗുജേഥ കേന്ദ്രനാഥേ
ഭവതി പുനഹജോപഗൈശ്ചശേഷൈ
രമിതമിഹായുരനുക്രമാന്തരസ്സ്ഥൈൽ. ൯൬

വ്യാ —ചന്ദ്രനോ ഗുരുവും കുക്കടകത്തിൽ നിൽക്കുമ്പോൾ അതു ലഗ്നമായും ബുധനോ ശുക്രനോ കേന്ദ്രത്തിൽ നിൽക്കയും ശേഷം ഗ്ര ഹങ്ങൾ ൩-൫-൧൧- ഈ ഭാവങ്ങളിൽനിൽക്കയും ചെയ്താൽ അമിത മായ (കണക്കില്ലാത്ത) ആയുസ്സുണ്ടാവും.

മൂ— ത്രികോണോപചയനിർമ്മുക്തേ കേന്ദ്രേസൌമ്യവിവർജ്ജിതേ
രന്ധ്രേപാപവിഹീനേച ജാതസ്തത്സമരസന്നിഭഃ. ൯൭

വ്യാ—ത്രികോണങ്ങളിൽ പാപന്മാരും കേന്ദ്രങ്ങളിൽ ശുഭന്മാ രും അഷ്ടമത്തിൽ പാപയോഗം ഒന്നും ഇല്ലാതിരുന്നാൽ ജാതൻ ദേവ തുല്യനാകും. (ജരാനരകൾ ഒഴിഞ്ഞ ചിരംജീവി എന്നത്ഥം.)

മൂ— മേഷാന്ത്യലഗ്നോ സഗ്രഹൊഭൃഗുർവാ
നിശാകരേ ഗോഗൃഹമധ്യമാംശേ
സിംഹാസനാംശേയദിവാധരാജേ
ജാതസ്തസംഖ്യാബ്ദമുപൈതിമർത്ത്യഃ. ൯൮

വ്യാ — മേടത്തിന്റെ അന്ത്യനവാംശത്തിൽ ഗുരുവോ ശുക്രനോ നിൽക്കയും ചന്ദ്രൻ ഇടവത്തിന്റെ അഞ്ചാമത്തെ അംശകത്തിൽ നി ല്ക്കയും കുജൻ സിംഹാസനാംശത്തിൽ നിൽക്കയും ചെയ്താൽ ജാതൻ മന്ത്രസിദ്ധികളുള്ളവനായിട്ട വളരെക്കാലം ജീവിക്കും.

മൂ— ദേവലോകാംശകേമന്ദേ ഭൌമേപാരാവതാംശകേ
ഗോപുരാംശേഗുരൌകേന്ദ്രേ ശുക്രേപാരാവതാംശകേ
ത്രികോണേകക്കടേലഗ്നേ യുഗാന്തമനുജീവതി. ൯൯

വ്യാ—ശനി ദേവലോകാംശത്തിലും കുജൻ പാരാവതാംശത്തി ലും ഗുരുഗോപുരാംശത്തിലും ശുക്രൻ ത്രികോണത്തിൽ പാരാവതാംശ ത്തിലും നിൽക്കുമ്പോൾ കക്കടകലഗ്നത്തിൽ ജനിച്ചാൽ അവൻ യുഗാ വസാനംവരെ ജീവിക്കും. (യോഗിയാകുമെന്നത്ഥം.)

മൂ— ചാപാംശേകക്കടേലഗ്നേ തസ്മിൻ ദേവേന്ദ്രപൂജിതേ
ഗോപുരാംശേഹ്രരൌകേന്ദ്രേ ജാതോബ്രഹ്മപദംവ്രജേൽ.

വ്യാ — ധനുസ്സിൽ അംശകിച്ച വ്യാഴം കർക്കടകത്തിലൊ അല്ലെങ്കിൽ ഗോപുരാംശത്തോടുകൂടി കേന്ദ്രത്തിൽ നിൽക്കയോ ചെയ്താൽ ജാതൻ ബ്രഹ്മപദത്തെ പ്രാപിക്കും (ജ്ഞാനിയാകും.)

മൂ— ലഗ്നേശേന്ദ്യോർഭഗൌകാമേ കന്യായാമുഡുനായകേ
ചാപേമേഷാംശകേലഗ്നേ ജാതോയാതിപരംപദം. ൯൯

ലഗ്നത്തിൽ ഗുരുവും ഏഴിൽ ശുക്രനും കന്നിയിൽ ചന്ദ്രനും നിൽക്കുമ്പോൾ മേഷാംശത്തോടുകൂടിയ ധനുർലഗ്നത്തിൽ ജനിക്കുന്നവൻ മോക്ഷത്തെ പ്രാപിക്കും.

മൂ— ബാലാരിഷ്ടംയോഗസഞ്ജാതമല്പം
തേഷ്ടാംഭംഗംമധ്യമം ദീർഘമായുഃ
ദിവ്യംയോഗാഭ്യാസമന്ത്രക്രിയാദ്യൈ
രായുസ്സുപ്പെതാനിസങ്കീർത്തിതാനി. ൧൦൦

വ്യാ — ബാലാരിഷ്ടം അരിഷ്ടഭംഗം അല്പായുസ്സ് മധ്യായുസ്സ് ദീർഘായുസ്സ് യോഗാഭ്യാസാദികളോടുകൂടിയ ദിവ്യായുസ്സ് ഇവ ഒക്കെയും ഈ അധ്യായത്തിൽ വിസ്തരിച്ചുപറഞ്ഞു.

ഇങ്ങനെ പാരിജാതത്തിൽ നാലാമദ്ധ്യായം കഴിഞ്ഞു.

---

## അഞ്ചാം അദ്ധ്യായം.

---

മൂ— നിസർഗ്ഗപൈണ്ഡ്യാംശകരശ്മിചക്ര
നക്ഷത്രദായാഷ്ടകവർഗ്ഗജാനി
പരാശരാദ്യൈഃ കഥിതാനിയാനി
സംഗൃഹ്യതാനിക്രമശഃപ്രവക്ഷ്മി. ൧

വ്യാ — കഴിഞ്ഞ അദ്ധ്യായത്തിൽ ബാലാരിഷ്ടാദി ദിവ്യായുഃ പര്യന്തമുള്ള ആയുർഭേദങ്ങളെപ്പറകയും ചെയ്തു. അനന്തരം ഈ അദ്ധ്യായത്തിൽ ആയുർദ്ദായത്തെ വിവക്ഷുവായിരിക്കുന്ന ഞാൻ പരാശരാദി

കളായ പൂ൪വ്വമഹ൪ഷിമാരാൽ പറയപ്പെട്ടിരിക്കുന്ന മാ൪ഗ്ഗത്തെ അനുസരിച്ച് നിസർഗ്ഗദശ പിണ്ഡദശ (ഉച്ചനീചദശ) അംശകദശ രശ്മിദശ ചന്ദ്രദശ നക്ഷത്രദശ അഷ്ടവ൪ഗ്ഗദശ മുതലായ ദശകളെപ്പറയുന്നു.

മൂ— നഖാശ്വശീതൈരവനവകംധൃതിശ്ച
കൃതിഃഖബാണാരവിപൂ൪വകാണാം
ഇമാനിരുക്താഃക്രമശോ ഗ്രഹാണാം
നൈസർഗ്ഗികേഹ്യായുഷിവർഷസംഖ്യാഃ. ൫

വ്യാ—സൂര്യാദിസപ്തഗ്രഹനിരൂപകം നിസർഗ്ഗദശയ്ക്കുള്ള വർഷസംഖ്യകൾ ക്രമത്തിൽ (സൂ) ൫൦ (ച) ൧ (കു) ൨ (ബു) ൯ (ഗു) ൨൧ (ശു) ൨൦ (ശ) ൩൦ ഈ ക്രമത്തിലാകുന്നു. ഈ സംഖ്യകൾ പരമോച്ചസ്ഥന്മാരായ ഗ്രഹങ്ങൾക്കുള്ളതാണെന്നു മേൽ വിവരിയ്ക്കപ്പെട്ടും..

മൂ— നവോന്നവോബാണയമാശ്വരുക്ഷ്മാ
ദിവാകരാഃ പഞ്ചഭവഃ കൃപക്ഷാഃ
നഖാശ്വഭാസപ്രമുഖേഗ്രഹാണാം
പിണ്ഡായുഷ്യോബ്ദാനിജതുംഗഭാനാം. ൪

വ്യാ—പരമോച്ചസ്ഥന്മാരായ സൂര്യാദികൾക്കു ക്രമേണ (സൂ) ൧൯ (ച) ൨൫ (കു) ൧൫ (ബു) ൧൨ (ഗു) ൧൯ (ശു) ൨൫ (ശ) ൨൦ ഈ സംഖ്യകൾ പിണ്ഡദശാവർഷങ്ങളാകുന്നു.

മൂ— നിജോച്ചശുദ്ധഃപ്രഥമോവിശോധ്യ
ഭമണ്ഡലാൽഷാംഭവനോനകശ്ചേൽ
യഥാസ്ഥിതഃഷാംഭവനാധികശ്ചേൽ
ലിപ്തീകൃതസ്സംഗ്രഹനിതോനിജാച്ചൈഃ. ൬

വ്യാ—ഗ്രഹസ്ഫുടംവച്ചു് അതിൽനിന്നു പരമോച്ചത്തെ വാങ്ങിയശേഷം ആറുരാശിയിൽ കുറവാണെങ്കിൽ പന്ത്രണ്ടുരാശിയിൽനിന്നും അതിനെ കുറച്ചുവയ്ക്കണം. ആറുരാശിയിൽ കൂടുതലുണ്ടെങ്കിൽ അവിടെയൊന്നും ചെയ്യേണ്ടതില്ല. ഇപ്രകാരം സോച്ചോനഗ്രഹസ്ഫുടത്തെ ഇറക്കി കലയാക്കി അതിനെത്തന്റെ തന്റെ ദശാവർഷങ്ങളെക്കൊണ്ടു വെവ്വേറെ പെരുക്കണം.

മൂ— തത്ഭാഭ്രസചന്ദ്രലോചനൈ-
രുദ്ധൃതേസതിയദാപ്യതേഫലം
വർഷമാസദിനനാഡികാദികം
തദ്ധിപിണ്ഡഭവമായുരുച്യതേ. ൭

വ്യാ — മുൻപു് പെരുക്കിവച്ചിരിക്കുന്ന 'അനന്തപുര'മെന്ന (൨൮൩൩൦) സംഖ്യകൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം വർഷസംഖ്യയാകുന്നു. ശേഷത്തെ ൧൨-ം കൊണ്ടു പെരുക്കി അനന്തപുരംകൊണ്ടുതന്നെ ഹരിച്ചു മാസദിവസനാഡികകളെയും വരുത്തിക്കൊൾക.

മൂ— സേഷാച്ചോനസ്ഫുടഭോഗരംയദിരസാദല്പംഭചക്രോദ്ധൃതം
ലിപ്ത്വീകൃത്യനിജായുരബ്ദഗ്രണിതം തച്ചക്രലിപ്ത്താഹൃതം
ലബ്ധംഭോഗവിധാനതോനിജകാദിഭചയൈർദ്ദത്തായുരബ്ദാദികം
നീചാന്തംക്രമശോവദന്തി മുനയശ്ചൈവണ്യുചനൈസർഗ്ഗികേ.

ഭാ— തന്റെ ഉച്ചത്തെ കുറച്ചു ഗ്രഹസ്ഫുടം ആറുരാശിയിൽ കുറഞ്ഞതുവെങ്കിൽ പന്ത്രണ്ടു രാശിവച്ചു് വാങ്ങി ശേഷത്തെ കല (ഇലി) യാക്കി തന്റെ തന്റെ ദശാവർഷങ്ങളെക്കൊണ്ടു ഗുണിച്ചു ചക്രലിപ്ത്ത കൊണ്ടു (അറുനൂറും കൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം വർഷവും ശേഷത്തെമുൻപറഞ്ഞപോലെ ദ്വാദശാദിസംഖ്യകളെക്കൊണ്ടു ഗുണിച്ചു മാസദിനനാഡികാദികളെയും വരുത്തിക്കൊള്ളണം. ഇതു് സൂര്യാദിഗ്രഹങ്ങളുടെ ദശാസംവത്സരമായുസ്സു വരും പിണ്ഡദശയും നിസർഗ്ഗദശയും ഈ പറഞ്ഞക്രമത്തിൽ തന്നെ വരുത്തിക്കൊള്ളണം.

ഹോരായാം-ഹോരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]

വ്യാ — [illegible] വർഷങ്ങൾ പരമോച്ചത്തിൽ പൂർണ്ണമായും പരമനീചത്തിൽ [illegible] യും ഭവിക്കും. ഉച്ചനീചങ്ങളുടെ മധ്യ [illegible] സൂക്ഷ്മപ്പെടുത്തുകയും വേണം. എല്ലാ [illegible] ലഗ്നദശാവർഷം ലഗ്നനവാംശസംഖ്യയോടു തുല്യമായിരിക്കും. ചിലർ രാശിയോടു സദൃശമെന്നുംപറയുന്നു. ചൊവ്വാ ഒഴിച്ചുള്ള ഗ്രഹങ്ങൾ ശത്രുക്ഷേത്രത്തിൽ നിന്നാൽ തന്റെ ദശയുടെ മൂന്നിൽ ഒരുഭാഗംകളയണം. ശുക്രനേയും ശനിയേയും ഒഴിച്ചു ശേഷം ഗ്രഹങ്ങൾക്കു മൌഢ്യം ഉണ്ടായിരുന്നാൽ അവരുടെ ദശയുടെ പകുതി കളകയും വേണം.

മൂ— ക്ഷോണീപുത്രംവർജ്ജയിത്വാരിപുസ്ഥാ
സ്ഥൈർയ്യംശംനീചസ്ഥാനഗാസ്തേതദർദ്ധം

അസ്തംയാതാസ്സ്വപൂർവാത്പരാനിം
കുര്യുഃഹിതപാശുക്രമാത്താണ്ഡപുത്രൗ. ൬

വ്യാ—കുജൻ ഒഴിച്ചുള്ള ഗ്രഹങ്ങൾ ശത്രുക്ഷേത്രത്തിൽ നി
ന്നാൽ തന്റെ ദശയുടെ മൂന്നിലൊരുഭാഗവും നീചത്തിൽ നിന്നാൽ
പകുതിയും ശനി ശുക്രന്മാരെ ഒഴിച്ചുള്ള ഗ്രഹങ്ങൾക്കു മൌഢ്യം ഉ
ണ്ടായിരുന്നാൽ ദശയുടെ പകുതിയും കളയണം. ഈ ഹരണം മുൻ
ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതുതന്നെയാണ്.

മൂ— സപ്താദ്ധ്രിചരണപഞ്ചഷഷ്ഠ്യുഭാഗാഃ
ക്ഷീയന്തേവ്യയഭവനാദസൽസുവാമം
സൽസപ്തധ്രുംഹ്രസതിതഥൈകരാശിഗാനാ
മേകോംശംഹരതിബലീതഥാഹസത്യഃ. ൯

വ്യാ—പന്ത്രണ്ടിൽ നിൽക്കുന്ന പാപഗ്രഹത്തിന്റെ ദശ മുഴുവനും
പതിനൊന്നിൽ നിൽക്കുന്ന പാപന്റെ ദശ പകുതിയും പത്തിൽ നി
ല്ക്കുന്ന പാപന്റെ ദശ മൂന്നിൽ ഒരുഭാഗവും ഒൻപതിൽ നിൽക്കുന്ന
പാപന്റെ ദശ നാലിൽ ഒരു ഭാഗവും എട്ടിൽ നിൽക്കുന്ന പാപ
ന്റെ ദശ അഞ്ചിൽ ഒരു ഭാഗവും ഏഴിൽ നിൽക്കുന്ന പാപന്റെ
ദശ ആറിൽ ഒരു ഭാഗവും കളയപ്പെടേണ്ടതാകുന്നു. ശുഭഗ്രഹങ്ങൾ
ഈ സ്ഥാനങ്ങളിൽ നിന്നാൽ ഈ പറഞ്ഞ സംഖ്യകളുടെ പകുതി
പീതം കളഞ്ഞാൽമതി. ഒരു ഭാവത്തിൽ പല ഗ്രഹങ്ങൾ ഒരുമിച്ചു
നിന്നാൽ അതിൽ അധികബലമുള്ള ഗ്രഹത്തിന്റെ ദശയ്ക്കുമാത്രമേ ഹ
രണമുള്ളുവെന്നു സത്യാചാര്യർ പറയുന്നു. അതിനൊത്തന്നെ വരാഹ
മിഹിരാചാര്യരും സമ്മതിച്ചിരിക്കുന്നു.

മൂ— ഏകർക്ഷോപഗതാനാ
മിഹസ്യാതിബലാധികോവിശേഷോണു
ക്ഷപയതിതഥാരുമംശം
സഹുവനാന്യോപിതത്രസ്ഥഃ ൧൦

വ്യാ—ഒരു രാശിയിൽ ഒരു ഭാവത്തിൽ നിൽക്കുന്ന ഗ്രഹങ്ങൾ
പലരായിരുന്നാൽ അവരിൽ ബലമുള്ള ഗ്രഹത്തിന്റെ ദശയ്ക്കു മാത്ര
മേ ഹരണമുള്ളു. പല ഭാവങ്ങളിലായിട്ടു നിന്നാൽ എല്ലാവക്കും
പ്രത്യേകം പ്രത്യേകം ഹരണംചെയ്കയുംവേണം.

മൂ— സാദ്ധ്യോദിതോദിത നവാംശഹതാത്സമസ്ഥാൽ
ഭാഗോഷ്ടയുക്തശതസംഖ്യമുപൈതിനാശം
ക്രൂരേവിലഗ്നസഹിതേവിധിനാതപനേന
സൌമ്യേക്ഷിതേതളമതഃ പ്രളയംപ്രയാതി. ൧൧

വ്യാ—സൂര്യനൊ കുജനൊ ശനിയൊ ലഗ്നത്തിൽ നിന്നാൽ സൂര്യൻ മുതലായ ഏഴ്ഗ്രഹങ്ങടേയും ലഗ്നത്തിന്റെയും ആയുഃപിണ്ഡങ്ങളെ വെവ്വേറെവച്ചു ലഗ്നത്തിന്റെ അസമഗ്രനവാംശസംഗതിതങ്ങളായ ഉദിതനവാംശങ്ങൾകൊണ്ടു ഏഴ്ഗ്രഹത്തിനെയും പ്രത്യേകം പെരുക്കി നൂറെറടുകൊണ്ടു ഹരിച്ചു കിട്ടുന്നഫലത്തെ തന്റെ തന്റെ ആയുഃപിണ്ഡത്തിൽനിന്നു കളഞ്ഞശേഷത്തെ ആയുർദ്ദശാപിണ്ഡമായി ഗ്രഹിച്ചുകൊള്ളണം. ലഗ്നത്തിൽ നിൽക്കുന്ന പാപൻ ശുഭദൃഷ്ടനായാൽ മേൽപ്രകാരം ഹരിച്ചുകിട്ടിയ ഫലത്തിന്റെ പകുതി കളഞ്ഞാൽ മതി. ഇങ്ങനെ ഏഴ്ഗ്രഹങ്ങടേയും ക്രൂരോദയഹരണംചെയ്തു ആയുഃപിണ്ഡത്തെ ശുദ്ധമാക്കിക്കൊള്ളണം.

മൂ— ലിപ്തീഭ്രതൈർലഗ്നഭാവൈസ്തഹന്യാ
ദായുർദ്ദായംപൈചരാണാംപൃഥക് സ്വം
വ്യാമാകാശത്രിന്ദുപക്ഷൈർഹ്രജേത
സ്വായുർദ്ദായാച്ഛോധ്യമബ്ദാദിലബ്ധം.

വ്യാ—മേൽപറഞ്ഞ ക്രിയയെ ഒന്നുകൂടി സ്പഷ്ടീകരിക്കുന്നു. ലഗ്നസ്ഫുടത്തെഒക്കെ ഇറക്കി ഇലിയാക്കി അതുകൊണ്ടു ഏഴ്ഗ്രഹങ്ങളെയും ലഗ്നത്തിനേറയും ദശാപിണ്ഡത്തെപ്പെരുക്കി (൨൭൦൦) കൊണ്ടു ഹരിച്ചുകിട്ടിയ ഫലത്തെ അതാത് ആയുർദ്ദശയിൽനിന്നു കളഞ്ഞാൽ ക്രൂരോദയഹരണം കഴിഞ്ഞ ദശാകാലം ശുദ്ധമായിസ്സിദ്ധിക്കും.

മൂ— ഏതൽക്രൂരേലഗ്നഗേസൌമ്യദൃഷ്ടേ
തസ്മിൻപാപേതൽഫലാർദ്ധംവിശോധ്യം
ഏതദ്ദായേനാംശസംജ്ഞേവിധേയം
പിണ്ഡായുർവ്വൽകർമ്മനൈസ്ഗ്രികേച. ഏവ

വ്യാ—ലഗ്നത്തിൽ പാപൻനിന്നാൽ മുൻപറഞ്ഞതുപോലെയാണ് ക്രൂരോദയഹരണം ചെയ്യേണ്ടതു്. ശുഭദൃഷ്ടിയുണ്ടെങ്കിൽ ഈ ഫലത്തിന്റെ പകുതി കളഞ്ഞാൽ മതി. ഏഴ്ഗ്രഹങ്ങൾക്കും ക്രൂരോദയഹരണം ഈപ്പറഞ്ഞ ക്രമത്തിനുതന്നെ ചെയ്യണം. അംശകദശയ്ക്കു ക്രൂരോദയഹരണം ചെയ്യുംവേണ്ടാ.

മൂ— ആയുസ്ഫുടൈരേതേഷുബലാഢ്യലഗ്നാ
ദ്വിഹായരാശിംകൃതലിപ്തികേന്ദ്രേ
ഭക്തേദ്വിശത്യാഫലമബ്ദപൂർവ്വം
യസ്മാദ്ബലിലഗ്നായുഷിതച്ചയോജ്യം. ഹര

വ്യാ—ലഗ്നദശ വരുത്തുവാൻ പായുന്നു:-ലഗ്നസ്ഫുടത്തിനു് ഏഴിലധികം ബലമുണ്ടായിരുന്നാൽ രാശികളഞ്ഞു് ശേഷത്തെ ഇലിയാക്കി

ന്നാഖത്തെക്കൊണ്ടു് (൨൦൦) ഹരിച്ചുവന്നഫലം വർഷം ശേഷത്തെ ദശാഭുക്തികളെക്കൊണ്ടു ഗുണിച്ചു മാസഭിന്നനാഡികകളെ വരുത്തിക്കൊൾക. ഈ ദശാവർഷമാസദിനനാഡികകളെ ലഗ്നായുസ്സിൽക്കൂട്ടിയാൽ സ്പഷ്ടമാകും.

മൂ — ക്രൂരോദയാസ്ഥരിപുനീചഖഗോപഗാനാം
രിപ്വായമാനനവരന്ധ്രകളത്രഗാനാം
കൃത്വായഥാഹരണഷർക്കമിനാദികാനാം
ലഗ്നായുഷ്യാസഹൃതയദിതുല്യമായുഃ. ൨൭

വ്യാ—ക്രൂരോദയഹരണം (൧) മൈന്ദ്യഹരണം (൨) ശത്രുക്ഷേത്രഹരണം (൩) നീചഹരണം (൪) മൈന്ദ്യഹരണം (൫) ദുശ്ശാല്ഹരണം (൬) ഈ ഹരണങ്ങളെല്ലാം ചെയ്തു ബാക്കിയുള്ള ദശാവർഷങ്ങളും ലഗ്നദശയും ഒരുമിച്ചു കൂട്ടിയാൽ അതു സാവനതൃപങ്ങളായ പരമായുർവർഷങ്ങളാകും.

മൂ— സപ്തമേനകിലാഹജ്ജീവശർമ്മാ
ഗ്രഹദ്യൂനംപരമായുഷസ്സ്വരാംശം
ഗ്രഹഭക്തനവാംശരാശിതുല്യം
ഖവസാമ്യംസമുപൈതിസത്യവാക്യം. ൨൮

വ്യാ—ജീവശർമ്മാവിന്റെ പക്ഷത്തിൽ പരമായുസ്സിന്റെ ഏഴിലൊരുഭാഗംവീതം എല്ലാഗ്രഹങ്ങളുടെയും ദശാബ്ദങ്ങളായിരിക്കും. അപ്പോൾ "ദാനീരുദ്രോയന്നാടസ്സ്ച്ച്" എന്ന നാഡികയാദിയായി ദശാബ്ദങ്ങൾ ലഭിക്കും. ഇതിനുമുമ്പു് പറഞ്ഞപ്രകാരം നവഹരണാദികളെല്ലാം ചെയ്യണം. സത്യാചാര്യരുടെ പക്ഷത്തിൽ ഗ്രഹങ്ങളുടെ നവാംശങ്ങൾ മേഷാദിയായി എത്ര കഴിഞ്ഞിരിക്കുന്നുവോ അത്ര സംവത്സരങ്ങൾവീതം ദശാബ്ദങ്ങളായിരിക്കും. നവാംശത്തിൽ ചെന്ന ഇലികളെക്കൊണ്ടു തൈരാശികം ചെയ്തു മാസദിവസനാഡികാദികളെയും വരുത്തിക്കൊള്ളണം.

മൂ— സത്യോക്തേഗ്രഹമിഷ്ടം ലിപ്തീകൃതപ്രാശതദ്വയേനാപ്തം
മണ്ഡലഭാഗവിശുദ്ധം ശേഷംവർഷാസ്തുമാസാദ്യാഃ. ൨൯

വ്യാ—അംശകദശ വരുത്തുവാൻ പറയുന്നു. ഗ്രഹങ്ങളുടെ സ്പുടങ്ങളെ മുഴുവനും ഇറക്കി ഇലിയാക്കി ൨൦൦ (ഇന്ദ്രൻ) കൊണ്ടു ഹരിച്ചുഫലം വർഷം. ശേഷത്തെ ക്രമേണ ദശാഭുക്തികളെക്കൊണ്ടു ഗുണനംചെയ്തു മാസാദികളെയും വരുത്തുക. ആദ്യം ഹരിച്ചുകിട്ടിയ ഫലം പന്ത്രണ്ടിൽ അധികമുണ്ടെങ്കിൽ പന്ത്രണ്ടിൽ ഹരിച്ചുകളഞ്ഞ ശിഷ്ടത്തെ എടുത്താൽ മതി എന്നും അറിയുക.

മൂ— സപ്തത്രിംശവക്രോപഗതൈസ്ത്രിസംഗുണം
ദ്വിരുത്തമസപ്താംശകഭക്തിഭാഗശൈഃ
ഇയാൻവിശേഷസ്തു ഭടത്തഭാഷിതേ
സമാനമന്യൽപ്രഥമേപ്യുദീരിതം. ൫൬

വ്യാ—മേൽപ്രകാരം വരുത്തിയ ദശാബ്ദത്തിൽ ഇനിയും ചില ക്രിയകൾ ചെയ്യേണ്ടതുണ്ട്. അതിനെപ്പറയുന്നു. ഉച്ചവും വക്രവും ഉള്ള ഗ്രഹത്തിന്റെ ദശയെ മൂന്നിൽ ഛേദിക്കണം. വർദ്ധോത്തമാംശം സപക്ഷേത്രസഹിതി സപക്ഷേത്രാംശകം സപദ്രേക്കാണം ഇവയുള്ള ഗ്രഹത്തിന്റെ ദശയെ രണ്ടിൽഛേദിക്കണം. ഇത് സത്യാചാര്യന്മാരുടെ മതത്തിലുള്ള വിശേഷക്രിയകളാകുന്നു. ശേഷമുള്ളതെല്ലാം മുൻപറഞ്ഞപോലെതന്നെയാകുന്നു.

മൂ— കിന്ത്വത്രഭാംശപ്രതിമണ്ഡലാതി
വീഥ്യാനപിതാരാശിസമഞ്ജഘോരാ
ക്രൂരോദയേചോപചയസ്സനാത്ര
കാര്യോഽന്യനാഖ്യൈഃപ്രഥമോപദിഷ്ടഃ. ൫൭

വ്യാ—സത്യാചാര്യപക്ഷത്തിൽ പിന്നെയും ഒരു വിശേഷമുള്ളതിനെക്കൂടി പ്പറയുന്നു. ലഗ്നത്തിന്റെ കഴിഞ്ഞ നവാംശസംഖ്യയോളം ദശാവഷ്ടങ്ങളെ വയ്ക്കുക. നവാംശത്തിൽ ചെന്ന ഇലികളെ ത്രൈരാശികം ചെയ്ത മാസാദികളെയും ഉണ്ടാക്കുകയും വേണം. ലഗ്നത്തിനു പൂർണ്ണബലമുണ്ടെങ്കിൽ മേഷാദി പൂർണനവാംശങ്ങൾ കഴിഞ്ഞുവോ എന്നതും വത്സരവും ശിഷ്ടംകൊണ്ടു ത്രൈരാശികപ്രകാരം വരുത്തിയിരിക്കുന്ന മാസാദികളെയുംകൂടെ മുൻലഗ്നദശയിൽ കൂട്ടണം. ബലമില്ലെങ്കിൽ ആദ്യം പറഞ്ഞപ്രകാരം മാത്രംമതി. ഈ അംശകദശയ്ക്കു ക്രൂരോദയഹരണം കാര്യമല്ല.

മൂ— സത്യോപദേശഃ പ്രവരോത്രകിന്തു
കുവന്ത്യയോഗ്യംബഹവർഗ്ഗണാദ്യൈഃ
അചാര്യകതന്ത്രബഹുല്യതായാ-
മേകന്തുയൽഭ്രഭിതദേവകാര്യം. ൫൮

വ്യാ— ഇവിടെ സത്യാചാര്യപക്ഷം പ്രധാനമാകുന്നു. ചിലർ ഒരു ദശയ്ക്ക് പല ഗുണനങ്ങൾ ചെയ്യുന്നു. അതു ഏറ്റവും അയോഗ്യമാകുന്നു. പല ഗുണനങ്ങൾ ചെയ്യേണ്ടടത്തു് ഏതാണോ വലിയതു് അതിന്റെ ഗുണനത്തെച്ചെയ്താൽ മതി എന്നാണ് സത്യമതം. എങ്ങിനെയെന്നാൽ ഒരു ഗ്രഹത്തിന്നു് ഉച്ചസ്ഥിതിയും സപക്ഷേത്രാംശകവുമുണ്ടെങ്കിൽ ഉച്ചസ്ഥിതിയ്ക്കു മൂന്നിലും സപക്ഷേത്രാംശത്തിനു രണ്ടിലും

ഗ്രണിക്കേണ്ടതായും വരും. അങ്ങനെയുള്ള രാശ്യത്തിൽ ഏറിയഗ്രഹ നം ഉച്ചത്തിനേറ്റാകയാൽ അതുമാത്രം ചെയ്താൽ മതിഎന്നസാരം.

മൂ— ദശഗോശരബ്ധാണാദ്രി വസുസായകരശ്മയഃ
ദിനനായകമുഖ്യേഷു നിജതുംഗാദ്ഗതേഷ്വപി. ൨൯

വ്യാ—സൂര്യാദി ഏഴ്ഗ്രഹങ്ങളും പരമോച്ചത്തിൽ നിന്നാൽ അ വക്കു ക്രമേണ ൧൦-൯-൭-൭-൬-൫-൪ ഇങ്ങനെ യഥാസംഖ്യം രശ്മികള ണ്ടായിരിക്കുന്നതാണ .

മൂ— സോച്ചോനമിഷ്ടഖചരംയദിഷഡംഗഹോനം
ഛക്രാദ്വിശോദ്ധൃകൃതലിപ്തകമംശുമാഭൈഃ
ഹത്വാഭചക്രകലികാഹൃതമബ്ദപൂർവം
രവ്യാദിരശ്മിഭനിതായുരിതിബ്രുവന്തി. ൨൨

വ്യാ—ഗ്രഹസ്ഫുടത്തെവച്ചു തന്റെ പരമോച്ചത്തെ കുറച്ച് ശി ഷ്ടം ആറുരാശിയിൽ കുറഞ്ഞാൽ ൧൨ രാശിവച്ചു വാങ്ങിശ്ലിഷ്ടത്തെ ഇലിയാക്കി തന്റെ തന്റെ രശ്മികളെക്കൊണ്ടു ഗുണിച്ച് 'അനന്തപു രം'കൊണ്ടു ഹരിച്ചുലബ്ധം രവ്യാദിരശ്മികളാകുന്നു.

മൂ— സ്വരാശിതുംഗാതിസുഹൃൽഗൃഹസ്ഥാ
വക്രോപഗേയദ്വിഗുണീകൃതാംശുഃ
വക്രാവസാനോഷ്ടമഭാഗവർജ്യാ
സ്സ്വത്വാദ്ഭേദാദശഭാഗഹാനിഃ. ൨൩

മൂ— അസ്തംഗതേംശൂദ്ഭചരേഷുസാദ്ധം
ഹിതാശനിംദ്ധാന്യവപൂജ തത്ത്വ
തദ്രശ്മിയോഗഗ്രഹദത്തമായു-
ർമ്മാഹേന്ദ്രശാസ്ത്രോദിതമാഹുരാര്യ്യാഃ. ൨൪

വ്യാ —മാഹേന്ദ്രശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആയു സ്സിനെപ്പറയുന്നു. പൂർവ്വോക്തപ്രകാരം നീ ക്ഷരണം ചെയ്ത രശ്മികളെ വരുത്തിയാൽ സ്വക്ഷേത്രം ഉച്ചം അതിബന്ധുക്ഷേത്രം വക്രം ഇവയു ള്ള ഗ്രഹത്തിന്റെ രശ്മികളെ ഇരട്ടിക്കണം. വക്രാവസാനമുള്ള ഗ്ര ഹത്തിന്റെ രശ്മിയെ ൭ട്ടിലൊന്നുകളയണം. ശത്രുക്ഷേത്രമുള്ള ഗ്രഹ ത്തിന്റെ രശ്മി പന്ത്രണ്ടിലൊന്നു കളയണം. ശനിയും ശുക്രനുമൊഴിച്ചു മൌഢ്യമുള്ള ഗ്രഹത്തിന്റെ രശ്മി പകുതിയും കളയണം. പിന്നെ ഈ രശ്മികളെ ഒരുമിച്ചു കൂട്ടിയാൽ ഇരുപത്തഞ്ചുമുതൽ ക്രമേണ ഏറിവ ന്നാൽ ദീർഘായുസ്സും ഭാഗ്യവും ശ്രീയും സുഖവും വർദ്ധിച്ചുവരും.

മൂ— രവ്യാദിസപ്തഗ്രഹതാരകാംശ
ഭുക്താവശേഷാബ്ദസമൂഹമായുഃ
സവ്യാപസവ്യോപഗവാക്യജംവാ
വദന്തിചക്രായുരിനാദികാനാം. ൨൫

വ്യാ— സൂര്യാദി സപ്തഗ്രഹങ്ങളുടെയും നവാംശകങ്ങളിൽ ചെല്ലുവാനുള്ള നാഴികകൊണ്ട് ശിഷ്ടചക്രദശ വരുത്തി ഒരുമിച്ചു കൂട്ടിയതും അഥവാ മേലിൽ ദശാഫലാദ്ധ്യായത്തിൽ വിവരിയ്ക്കുന്നപ്രകാരം വാമദക്ഷിണവാക്യപ്രകാരം വരുത്തുന്ന കാലചക്രദശാബ്ദങ്ങളെ കൂട്ടി ചേർക്കുകൂട്ടി വന്നിട്ടുള്ളതും ചക്രായുസ്സാകുന്നു.

മൂ— ആദിപ്രമുഖ്യനവഖേചരയോഗതാര
ഭുക്താവശിഷ്ടഘടികാജനിവത്സരാദ്യൈഃ
ആയുർദ്ദശാജനിതമഷ്ടകവർഗ്ഗജാതം
യദ്യുക്തമേവസകലംപ്രവദന്തിതജ്ഞാഃ. ൨൬

വ്യാ—സൂര്യാദിഗ്രഹങ്ങൾക്കു മേൽ ദശാഫലത്തിൽ വിവരിക്കുന്നപ്രകാരം നക്ഷത്രദശ വരുത്തിവന്നിട്ടുള്ളതും ദശായുസ്സാകുന്നു. അല്ലെങ്കിൽ എല്ലാ ഗ്രഹങ്ങൾക്കും ലഗ്നത്തിനും നക്ഷത്രദശ വരുത്തുംപോലെ ശിഷ്ടദശ വരുത്തി ഒരുമിച്ചു കൂട്ടിവന്നിട്ടുള്ളതും ദശായുസ്സുതന്നെ. ഭിന്നാഷ്ടവർഗ്ഗംകൊണ്ടും സമുദായാഷ്ടവർഗ്ഗംകൊണ്ടും പ്രത്യേകം ദശ വരുത്തി ഫലനങ്ങളും ചെയ്തു വരുന്നതിനെ ഒരുമിച്ചു കൂട്ടിയാലും പരമായുസ്സു തന്നെ.

മൂ— വിലഗ്നപേബലോപേതേ ശുഭദൃഷ്ടേംശസംഭവം
രവെരപിണ്ഡോത്ഭവംകുര്യാ ച്ചന്ദ്രേനൈസർഗ്ഗികംതഥാ. ൨൭

വ്യാ—ലഗ്നാധിപൻ ശുഭദൃഷ്ടനായും ബലവാനായും ഇരുന്നാൽ അംശകദശയും സൂര്യൻ ബലവാനായാൽ പിണ്ഡദശയും ചന്ദ്രൻ ബലവാനായാൽ നിസർഗ്ഗദശയും ആണ് വരുത്തേണ്ടതു്.

മൂ— ഉച്ചംഗതേരവൌ ചാന്യേ ബലിഷ്ഠാഃ കേന്ദ്രകോണഗാഃ
സർവ്വേഷ്വേവാ ച്ചഭാവേഷു ബലിഷ്ഠോശശിഗംസകേ. ൨൮
ഏവം ചിരായുഷാംയോഗേഷ്വന്യേഷ്വനിതേഷു ച
ചാന്ദ്രയോഗേഷു സർവ്വേഷു ചന്ദ്രേ ചബലസംയുതേ. ൨൯
മഹാപുരുഷയോഗേഷു വീര്യ്യോൽക്കടയുതേഷു ച
രാജ്ഞയോഗേഷു സർവ്വേഷു മൈണ്ഡ്യമാഹപരാശരഃ. ൩൦

വ്യാ—എന്നിയും പരാശരപക്ഷത്തെ പറയുന്നു. സൂര്യൻ ഉച്ചത്തിലും ശേഷം ഗ്രഹങ്ങൾ ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിലും നിൽക്കുക അഥവാ എല്ലാ ഗ്രഹങ്ങളും ഉച്ചത്തിലും ശശഹംസയോഗങ്ങൾ ബലത്തോടുകൂടിയും നിൽക്കുക ഇങ്ങനെയുള്ള ദീർഘായുർലക്ഷണങ്ങളിലും മേൽപ്പറയുവാൻ പോകുന്ന ഗജകേസരി അനഭ സുനഭ മുതലായ ചന്ദ്രയോഗങ്ങൾ ചന്ദ്രബലം ബലവത്തുകളായ രുചകാദി മഹാപുരുഷയോഗങ്ങൾ എല്ലാ രാജയോഗങ്ങൾ ഇവയുണ്ടായിരിക്കുമ്പോഴും പിണ്ഡദശയാണ് വരുത്തേണ്ടത്. എന്നാൽ കഴിഞ്ഞ ഇരുപത്താറാമത്തെ ശ്ലോകപ്രകാരംതന്നെ അധികം ആളുകളും ആയുർദ്ദായത്തെ വരുത്തുന്നു.

മൂ— ലഗ്നേ ഹിബുകർമ്മഗതേ ച ഭാനൌ
ചന്ദ്രേ സുഖേ വാസ്തഗതേ ബലാഢ്യേ
കേന്ദ്രത്രികോണോപചയേഷു സൌമ്യൈ
പാപേഷ്വഥാപോക്ലിമഗേഷു പൈണ്ഡ്യം. ന൨൬

വ്യാ—ഗുരു ലഗ്നത്തിലും സൂര്യൻ പത്തിലും ചന്ദ്രൻ നാലിലും അല്ലെങ്കിൽ പത്തിലും ശുഭഗ്രഹങ്ങൾ കേന്ദ്രം ത്രികോണം ഉപചയം ഈ സ്ഥാനങ്ങളിലും പാപന്മാർ അപോക്ലിമത്തിലും നിൽക്കുമ്പോൾ ജനിക്കുന്നവക്ക് ഉച്ചനീചദശ വരുത്തേണ്ടതാണ്.

മൂ— പൈണ്ഡ്യം ഭാനൌ നിസർഗ്ഗപ്രഭവമുഡുപതൌ രശ്മിജം സോമപുത്രേ
ഭൌമേ ഭിനാഷ്ടവർഗ്ഗോദിതമസുരഗുരൌ ലാലചക്രോത്ഭവായുഃ
ദേവാചാര്യേ ദശായുർദ്ദിനകരതനയേ സാമുദായം ബലിന്യേ
ലഗ്നോത്ഥം ശകായുർഭവതി ബലയുതേ പ്രാഹുരാചാര്യമുഖ്യാഃ. ന൨൭

വ്യാ—ജനനകാലത്തിൽ ബലാധിക്യമുള്ള ഗ്രഹം സൂര്യനാണെങ്കിൽ പിണ്ഡദശയും ചന്ദ്രനാണെങ്കിൽ നിസർഗ്ഗദശയും കുജനാണെങ്കിൽ അഷ്ടവർഗ്ഗദശയും ബുധനാണെങ്കിൽ രശ്മിദശയും ഗുരുവാണെങ്കിൽ കഴിഞ്ഞ ൨൭-ാംശ്ലോകംകൊണ്ടു പറഞ്ഞവിധം നക്ഷത്രദശയും ശുക്രനാണെങ്കിൽ ചക്രദശയും ശനിയാണെങ്കിൽ സമുദായദശയും ലഗ്നമാണെങ്കിൽ അംശകദശയും വരുത്തിയിട്ടുവേണം പരമായുർനിണ്ണയം ചെയ്യാൻ എന്ന് പൂർവാചാര്യന്മാർ ഉപദേശിക്കുന്നു.

മൂ— ആയുരബ്ദാദികം സർവം നിശ്ശേഷേണ ഗൃഹീകൃതം
മാതംഗേന ഹൃതം ലബ്ധം സൌരമാസായുരുച്യതേ. ന൨൮

വ്യാ—മുൻപറഞ്ഞപ്രകാരം വരുത്തിയിട്ടുള്ള ദശകളുടെ വത്സരവും മാസവും ദിനവും നാഴികയും പ്രത്യേകം നിശ്ശേഷംകൊണ്ട് (൨൮൦).

കൊണ്ടു ഗ്രഹിച്ചു് മാതംഗനെക്കൊണ്ടു് (അല്ലെങ്കിൽ മാതുലൻ നക്ഷത്രം) ഹരിച്ചാൽ ആ വഷ്ടാടി എല്ലാം സൌരീകൃതങ്ങളാകും. ഇങ്ങനെ സൌരീകരിച്ചിട്ടു വേണം (സൌരമാക്കിയിട്ടു്) വത്സരാദികൾ കണക്കാക്കുവാൻ. ഒരു സൌരവത്സരം നക്ഷത്ര ദിവസവും ൬൭ നാഴികയും നക്ഷ വിനാഴികയും ൬൭ ഗുവ്ക്ഷരവും ഉള്ള കാലമാകയാൽ മാതംഗഹരണംകൊണ്ടു സൌരീകരണം സൂക്ഷ്മമായിരിയ്ക്കയില്ല. ദശകളെല്ലാം ഇറക്കി ദിവസമാക്കി തത്സമം (ഒന്നേ)കൊണ്ടു പെരുക്കി "ധീഗുഗനകുപുരം" (ഫലനുവൻ)കൊണ്ടു് ഹരിച്ചുകിട്ടുന്ന ഫലം വർഷം, ശേഷത്തെ ഫല-ലും നക്ഷ-ലും ഗ്രഹിച്ചു് യഥാക്രമം മാസദിവസങ്ങളെയും വരുത്തുക. ഇതാണു് സൂക്ഷ്മമായ സൌരീകരണം.

മൂ— യേധർമ്മകർമ്മനിരതാദ്വിജദേവഭക്തായേപഥ്യഭോജനരതാപിജിതേന്ദ്രിയാശ്ച
യേമാനവാദധതിസൽകുലശീലസീമാംതേഷാമിദംകഥിതമായുരുദാരധീഭിഃ.

വ്യാ—ധർമ്മകർമ്മങ്ങളിൽ താൽപര്യവും ദേവബ്രാഹ്മണഭക്തിയും പഥ്യമായ ഭക്ഷണവും ജിതേന്ദ്രിയത്വവും സജ്ജനോചിതമായ മര്യ്യാദയും ആക്കാണോ ഉള്ളതു് അവക്കു മാത്രമേ ഈ ആയുസ്സിനെ മഹാന്മാർ പറഞ്ഞിട്ടുള്ളു. (൨-ാമത്തെ അർദ്ധം യേ അധർമ്മകർമ്മനിരതാഃ എന്നു് പദച്ഛേദം അപഥ്യഭോജനരതാഃ ഇത്യാദി അധർമ്മിഷ്ഠന്മാരായും പക്ഷിമൃഗാദികളെ ഭക്ഷിക്കുന്നവരായും എല്ലായ്പ്പോഴും ഉറക്കം മാത്രം ശീലിക്കുന്നവരായും (ദിവ്യക്രീഡാവിജിഗീഷാ-സ്വപ്നകാന്തിഗതിഷു) അപഥ്യഭക്ഷണം അതിമൈഥുനം ഇവ ചെയ്യുന്നവരായും വികൃതങ്ങളായ ജിതേന്ദ്രിയങ്ങളോടുകൂടിയവരായും (യേ അമഃ ന വാ ഇരിഷേദഃ) അശ്രീകന്മാരായും സല്കുലശീലസീമയെ ധരിക്കുന്നവരായും (സീമ അതിർത്തി: അഗ്രഭാഗം അതിക്രമം എന്നർത്ഥം) ഉള്ളവർക്കു് ഈ ആയുസ്സിനെ ഉദാരധീകൾ പറഞ്ഞിട്ടില്ല. (വാശബ്ദം സമുച്ചയാർത്ഥം)

മൂ— യേപാപലുബ്ധാശ്ചോരാശ്ച ദേവബ്രാഹ്മണനിന്ദകാഃ
സർവ്വാശിനശ്ചയേതേഷാം അകാലമരണംനൃണാം. ൩൫

ധർമ്മേവികല്പബുദ്ധീനാം ദുശ്ശീലാനാഞ്ചവിദ്വിഷാം
ബ്രാഹ്മണാനാഞ്ചദേവാനാം പരദ്രവ്യോപഹാരിണാം. ൩൬

ഭയങ്കരാണാംസർവ്വേഷാം മൂർഖാനാം പിശുനസ്യച
സദ്ധർമ്മാചാരഹീനാനാം പാപകർമ്മോപജീവിനാം. ൩൭

ശാസ്ത്രസ്യുഷ്ടനിയതാനാഞ്ച മൂഢാനാമപമൃത്യവഃ
അന്യേഷാമുക്തമായുസ്ത്വാ ദിതിശാസ്ത്രവിദോവിദുഃ. ൩൮

വ്യാ—പാപിഷ്ഠന്മാർ ലുബ്ധന്മാർ (അത്യാഗ്രഹികൾ) കള്ള
ന്മാർ ദേവന്മാരെയും ബ്രാഹ്മണരെയും നിന്ദിക്കുന്നവർ എപ്പോഴും എ
ന്തും കണക്കുകൂടാതെ ഭക്ഷിക്കുന്നവർ ഇവക്ക് അകാലമരണം സംഭവി
ക്കുന്നതാണ്. സ്വധർമ്മത്തിൽ താൽപര്യമില്ലാത്തവർ ദുശ്ശീലന്മാർ ശ
ത്രുസ്വഭാവികൾ ആരുടെയും ദ്രവ്യങ്ങളെ അപഹരിക്കുന്നവർ ആരെ
യും ഭയപ്പെടുത്തുന്നവർ മൂഢന്മാർ ദുർജ്ജനങ്ങൾ ഏഷണിപറയുന്നവർ
ധർമ്മാചാരങ്ങളില്ലാത്തവർ ഹിംസാദി പാപകർമ്മംകൊണ്ടു ഉപജീവി
ക്കുന്നവർ ശാസ്ത്രവിശ്വാസവും ഭക്തിയും ഇല്ലാത്തവർ മൂഢന്മാർ ഇങ്ങ
നെയുള്ള ദുർജ്ജനങ്ങൾക്കും അപമൃത്യു സംഭവിക്കും. ഇവരെ ഒഴിച്ചു
ള്ള സജ്ജനങ്ങളുടെ ആയുസ്സിനെ ഗണിച്ചു നിർണ്ണയിച്ചാൽ തെറ്റുക
യില്ല. അതിനെയാണിവിടെപ്പറഞ്ഞതും.

നരഗ്രഹാദീനാമായുഃ.

മൂ — ഗ്രഹ്യോലൂകശുകധ്വാംക്ഷ സർപ്പാണാഞ്ചസഹസ്രകം
ശ്യേനവാനരഭല്ലൂക മണ്ഡൂകാനാംശതത്രയം. ൧൯൯

പഞ്ചാശദുത്തരശതം രാക്ഷസാനാംപ്രകീർത്തിതം
നരാണാംകുഞ്ജരാണാഞ്ച വിംശോത്തരശതംവിദുഃ. ൨൦

ദ്വാത്രിംശദ്വയുരശ്വാനാം പഞ്ചവിംശൽപരോഷ്ട്രയോഃ.
വൃഷവാഹദ്വിഷോശ്ചൈവ ചതുർവിംശതിവത്സരാഃ. ൨൧

വിംശത്യായുർമ്മയൂരാണാം ഛാഗാദീനാഞ്ചഷോഡശ
ഹംസസ്യപഞ്ചനവകം ദ്വാദശാബ്ദാഃപികാശ്രുനഃ. ൨൨

തദ്വൽപാരാവതാനാഞ്ച കുക്കുടസ്യാഷ്ടവത്സരാഃ
ബുൽബുജ്ജാനാമണ്ഡജാനാം സപ്തസംഖ്യാസ്സമാസ്മൃതാഃ. ൨൩

വ്യാ—കഴുകൻ ഉഗ്രമൻ(മൂങ്ങ) കിളി കാക്ക സർപ്പം (പാമ്പ്) ഇ
വയ്ക്ക് ആയിരംവർഷവും പരുന്ത് കുരങ്ങ് കുരടിക്കുരങ്ങ് തവള ഇവയ്ക്ക്
മുന്നൂറും രാക്ഷസന്മാർക്ക് നൂറൻപത്തും ആനയ്ക്കും മനുഷ്യർക്കും നൂറിരു
പത്തും കുതിരയ്ക്ക് മുപ്പത്തിരണ്ടും കഴുതയ്ക്കും ഒട്ടകത്തിനും ഇരുപത്തഞ്ചും
കാള പശു മഹിഷം (പോത്ത്) ഇരുപത്തിനാലും മയിലിനു ഇരുപ
ത്തും ആട് പൂച്ച മുതലായവയ്ക്ക് പതിനാറും അരയന്നത്തിന് നാൽപ
ത്തഞ്ചും കുയിലിനും പട്ടിയ്ക്കും മാടപ്രാവിനും പന്ത്രണ്ടും കോഴിയ്ക്ക് എ
ട്ടും ബുൽബുജ്ജങ്ങളായ അണ്ഡജവർഗ്ഗങ്ങൾക്ക് എല്ലാം ഏഴുവത്സരവും
ആയുഷ്കാലമാകുന്നു.

അരിഷ്ടദശ.

മൂ— ത്രിമണ്ഡലോഷ്ടഗ്രഹൈകസ്മിൻ പാപസ്ഥിഷ്വരിദുർബലഃ
നസൌമ്യഗ്രഹസ്സംയുക്ത സ്തദ്ദശാന്തേമൃതിർഭവേൽ. ൨൪

വ്യാ—മൂന്നിലോ പന്ത്രണ്ടിലോ ബലഹീനനായ പാപഗ്രഹം ശുഭനോടുകൂടാതെ നിന്നാൽ ആ ഗ്രഹത്തിന്റെ ദശാവസാനത്തിൽ മൃതിയുണ്ടാകും.

മൂ— രാശിസന്ധിസ്ഥഖേടാനാം ദശാരോഗപ്രദാഭവേൽ
ത്രിംശൽഭാഗമനുക്രാന്ത ദശായാംമരണംന്യൂണാം. ൨൭

വ്യാ—രാശിസന്ധിയിൽ നിൽക്കുന്ന ഗ്രഹത്തിന്റെ ദശയിൽ രോഗവും മുപ്പതുതിയ്യതിയോടടുത്ത രാശിസന്ധിയിൽ നിൽക്കുന്ന ഗ്രഹത്തിന്റെ ദശയിൽ മരണവും ഉണ്ടാകും.

മൂ— ഷഷ്ഠാഷ്ടമസ്ഥാരിപുദൃഷ്ടമൂർത്തിഃ
പാപഗ്രഹഃപാപഗ്രഹോപഗശ്ചേൽ
സ്വാന്തർദശായാം മരണംനരാണാം
വദന്തിയുദ്ധേവിജിതസ്യദായേ. ൨൮

വ്യാ—ആറിലൊ എട്ടിലൊ ശത്രുദൃഷ്ടിയോടുകൂടി പാപക്ഷേത്രത്തിൽ നില്ക്കുന്ന പാപന്റെ അപഹാരത്തിലും യുദ്ധത്തിൽ തോറ്റ ഗ്രഹത്തിന്റെ ദശാപഹാരങ്ങളിലും മരണമുണ്ടാവും.

മൂ— പഞ്ചമ്യാരദശാമൃത്യും
ദദ്യാൽഷഷ്ഠീഗ്രഹോർദശാ
ശനേശ്ചതുർത്ഥീമൃത്യുസ്സ ച്ചാൽ
ദശാരാഹോസ്തുപഞ്ചമീ. ൨൯

വ്യാ—അഞ്ചാമതായിവരുന്ന കുജന്റേയും രാഹുവിന്റേയും ദശകളും ആറാമതായിവരുന്ന ഗുരുവിന്റെ ദശയും നാലാമതായി വരുന്ന ശനിദശയും മരണത്തെച്ചെയ്യും.

മൂ— നീചാരാത്രിമൃഡസ്യ
വിപൽപ്രത്യരണൈധനഃ
ദശാമൃത്യുംതദാദ്ദ്യുഃ
പാപയുക്താവിശേഷതഃ ൩൦

വ്യാ—ശത്രുക്ഷേത്രം നീചം മൌഢ്യം ഇവയുള്ള ഗ്രഹങ്ങളുടേയും ജന്മനക്ഷത്രത്തിന്റെ മൂവഞ്ചാമത് നാളുകളുടെ അധിപന്മാരുടേയും ദശ മരണപ്രദയാണ്. ഇവർ (ദശാനാഥന്മാർ) പാപയുക്തന്മാരായാൽ ഫലം നിശ്ചയവുമാണ്.

മൂ— തത്തൽഭാവാർത്ഥകാധ്യേശ
ദശാസ്വന്തർദശാസ്വപ

തത്തദ്ഭാവവിനാശസ്സ്യാ
ത്തദ്ദൃഷ്ടേക്ഷിതകാരകൈഃ. ൨൯

വ്യാ—അതാതുഭാവങ്ങളുടെ രണ്ടും ഏഴും ഭാവങ്ങളുടെ അധിപന്മാരായ ഗ്രഹങ്ങളുടെ ദശകളിലും അപഹാരങ്ങളിലും രണ്ടും ഏഴും ഭാവങ്ങളിൽ നിൽക്കുന്നവരുടെയും നോക്കുന്നവരുടെയും അഭാവങ്ങളുടെ കാരകന്മാരുടെയും ദശാപഹാരങ്ങളിലും അതാതു ഭാവങ്ങൾക്കു നാശം ഭവിക്കും.

മൂ— അഷ്ടമസ്ഥത്രിഭാഗാംശ
പതിസ്ഥിതഗൃഹാംശകേ
തദീശനവഭാഗർക്ഷം
ഗതോവാമരണംവദേൽ. ൩൦

വ്യാ—അഷ്ടമത്തിൽ നിൽക്കുന്ന ഗ്രഹത്തിന്റെ ദ്രേക്കാണാധിപൻ നിൽക്കുന്ന രാശിയിലൊ അഷ്ടമാധിപന്റെ നവാംശരാശിയിലൊ ശനി ചെല്ലുമ്പോൾ മരണമുണ്ടാവുമെന്നു പറയണം (അഷ്ടമസ്ഥിനാ പാഠാന്തരപ്രകാരം ഇരുപത്തിരണ്ടാം ദ്രേക്കാണാധിപൻ നിൽക്കുന്ന രാശിയിൽ ശനിചെല്ലുമ്പോഴും മരണം ചിന്ത്യമാണ്.)

ചരിദ്രഗ്രഹങ്ങൾ.

മൂ— രന്ധ്രേശചരോർന്ധ്ര്യഭക്തോ രന്ധ്രഭർശീഖരേശചരഃ
രന്ധ്രാധിപയുതശ്ചൈവ ചതുർഷ്ഷഷ്ഠ്യംശനായകഃ ൩൧
രന്ധ്രേശചാതിശത്രുശ്ചസപ്തചരിദ്രഗ്രഹാസ്സ്മൃതാഃ.
തേഷാംധ്യേബലീയസ്തു തസ്യഭായേമൃതിംവദേൽ. ൩൨

വ്യാ—അഷ്ടമാധിപൻ അഷ്ടമത്തിൽ നിൽക്കുന്നവൻ അഷ്ടമത്തിൽനോക്കുന്നവൻ ഇരുപത്തിരണ്ടാം ദ്രേക്കാണാധിപൻ അഷ്ടമാധിപനോടു കൂടിയവൻ അറുപത്തിനാലാമത്തെ നവാംശകാധിപൻ അഷ്ടമാധിപന്റെ അതിശത്രു ഈ ഏഴുഗ്രഹങ്ങളും ചരിദ്രഗ്രഹങ്ങളാകുമാൽ ഇവരിൽവച്ചു് ബലമുള്ളവന്റെ ദശയിൽ മൃതിയേറ്റുറയാം.

മൂ— തത്തദ്ഭാവാദ്ധ്യഷസ്ഥസ്യ
തദ്ഭാവാധീശചസ്യവാ
വീര്യ്യോപേതസ്യഖേടസ്യ
പാകേമൃത്യുർന്നസംശയഃ. ൩൩

വ്യാ—അതാതു ഭാവത്തിന്റെ പന്ത്രണ്ടിൽ നിൽക്കുന്നവന്റെയോ പന്ത്രണ്ടാം ഭാവാധിപന്റെയൊ അവരിൽവച്ചു് ബലമുള്ള ഗ്രഹത്തിന്റെ ദശയിൽ അതാതു ഭാവഹാനി ഭവിക്കും.

ദ്രേക്കാണസ്വരൂപം.

മൂ— കുളീരമീനാളിഗതാദ്യഗാണാ
മധ്യാവസാനപ്രഥമാർദ്ധഭാഗാഃ
അളിദ്വിരീയോ മൃഗലേയപൂർവ്വഃ
ക്രമേണപാശോനിഗളോവിഹംഗഃ. ൭൮

വ്യാ—കർക്കടത്തിന്റെ മധ്യദ്രേക്കാണവും മീനത്തിന്റെ അന്ത്യവും വൃശ്ചികത്തിന്റെ ആദിയും ഭൂഗു (സപ്പ്) ദ്രേക്കാണങ്ങളാകുന്നു. വൃശ്ചികത്തിന്റെ മധ്യദ്രേക്കാണം പാശരൂപവും മകരത്തിന്റെ ആദി ദ്രേക്കാണം നിഗളരൂപവും സിംഹത്തിന്റെ (ചിങ്ങത്തിന്റെ) ആദി ദ്രേക്കാണം പക്ഷിരൂപവുമാകുന്നു.

മൂ— വിലഗ്നാജന്യദ്രേക്കാണാ-
ദ്ത്രൈസ്വഭാവിംശതിഃഖരഃ
സുധാകരോപഗാംശർക്ഷാൽ
ചതുഷ്പഷ്ട്യംശകോഭവേൽ. ൭൯

വ്യാ—ലഗ്നാദ്രേക്കാണത്തിന്റെ ഇരുപത്തിരണ്ടാം ദ്രേക്കാണത്തിന്റേയും ചന്ദ്രനവാംശകത്തിന്റെ അറുപത്തിനാലാമത്തെ നവാംശകത്തിന്റെയും പ്രകൃതിയുള്ള യോജിച്ചുവിധം മരണകാരണമുണ്ടാവും.

മൂ— ലഗ്നംപഞ്ചഹതഞ്ചമാന്ദിസഹിതംപ്രാണസ്ഫുടംപ്രാണിനാം
ചന്ദ്രസ്യസ്ഫുടമഷ്ടകേന ഗുണിതംദേഹംസമാന്ദിസ്ഫുടം
സപ്തഘ്നംഗുളികസ്ഫുടംസഹദിവാനാഥേനമൃത്യുർഭവേൽ
തസ്മിൻജീവകളേബരൈക്യവിപുലോജ്ജാതശ്ചിരംജീവതി. ൮൦

വ്യാ—ലഗ്നസ്ഫുടത്തെ അഞ്ചിൽ ഗുണിച്ചു ഗുളികസ്ഫുടംകൂടെ അതിൽ കൂട്ടിയാൽ അതു പ്രാണസ്ഫുടമായി. ചന്ദ്രസ്ഫുടത്തെ എട്ടിൽ ഗുണിച്ചു അതിലും ഗുളികസ്ഫുടം കൂട്ടണം. അതു ദേഹസ്ഫുടമാകും. ഗുളികസ്ഫുടത്തെ ഏഴിൽ ഗുണിച്ചു സൂര്യസ്ഫുടത്തിൽ ചേർത്താൽ മൃത്യുസ്ഫുടമാകുന്നു. പ്രാണസ്ഫുടവും ദേഹസ്ഫുടവും ഒരുമിച്ചു കൂട്ടിയ സ്ഫുടം മൃത്യുസ്ഫുടത്തേക്കാൾ വലിയതായിരുന്നാൽ ജാതന്നു ദീർഘായുസ്സാണു്. പ്രാണദേഹ സ്ഫുടങ്ങൾ യോഗദൃഷ്ട്യാദിബന്ധത്തോടുകൂടിയാലും ദീർഘായുസ്സെന്നു ഉപദേശം.

മൂ— ജീവമൃത്യുതനുയോഗരാശിഗോ
ചരേണരവിഭേദ്യനക്ഷയഃ
തത്ത്രികോണഗൃഹഗോടവാന്യണാം
തന്നവാംശകയുതേമൃതിർഭവേൽ. ൮൧

വ്യാ—പ്രാണദേഹമൃത്യുസ്ഫുടങ്ങൾ മൂന്നും ഒരുമിച്ചുകൂട്ടിവരുന്ന രാശിസ്ഫുടത്തിലൊ അതിന്റെ പഞ്ചമനവമങ്ങളിലൊ ചാരവശാൽ ശനി സഞ്ചരിക്കുന്നകാലംധനനാഷ്ടവും അതിന്റെ നവാംശകരാശിയിൽ സഞ്ചരിക്കുമ്പോൾ മരണവും ഉണ്ടാവും.

മൂ— ഭാവത്രികോണഗേമന്ദേ ഭാവനാശംവദേൽബുധഃ
ഭാവാധിപതികോണേവാ ഗുരുപ്രാപ്തേമൃതിർഭവേൽ. ൫൬

വ്യാ—അതാതുഭാവത്തിന്റെ ൪-൯-൧൦ സ്ഥാനങ്ങളിൽ ശനി ചെല്ലുമ്പോഴും ഭാവാധിപൻ നിൽക്കുന്ന രാശിയുടെ-൪-൯-൧൦ സ്ഥാനങ്ങളിൽ ഗുരുചെല്ലുമ്പോഴും മരണം ഭവിക്കും.

മൂ— ലഗ്നാക്കുമാന്ദിസ്ഫുടയോഗരാശേ
രധീശതോയൽഭവനോപഗസ്യ
തദ്രാശിസംസ്ഥപുരുഹൂതപൂജ്യൈ
തൽകോണഗേവാമൃതിമേതിജാതഃ. ൫൭

വ്യാ—ലഗ്നം സൂര്യൻ ഗുളികൻ ഇവരുടെ സ്ഫുടങ്ങൾ മൂന്നും ഒന്നിച്ചുകൂട്ടിയാൽ വരുന്നരാശിയുടെ അധിപൻ നിൽക്കുന്നരാശിയിലൊ അതിന്റെ ത്രികോണങ്ങളിലൊ ഗുരുസഞ്ചരിക്കുമ്പോൾ മരണം ഉണ്ടാവും.

മൂ— സ്ഫുടേവിലഗ്നനാഥസ്യ വിശോധ്യയമകണ്ടകം
തദ്രാശിനവഭാഗസ്ഥോ ജീവേമൃത്യുർനസംശയഃ. ൫൮

വ്യാ—ലഗ്നാധിപന്റെ സ്ഫുടത്തിൽ നിന്നും യമകണ്ടകനെവാങ്ങിയാൽ വരുന്നരാശിയുടെ നവാംശകരാശിയിൽ ഗുരു സഞ്ചരിക്കുമ്പോൾ ജാതൻ നിശ്ചയമായും മരിക്കും.

മൂ— ചാന്ദിസ്ഫുടേഭാനുസുതംവിശോധ്യ
രാശ്യംശകോണേരവിജേമൃതിസ്സ്യാൽ
ധൂമാദിപഞ്ചഗ്രഹയോഗരാശി
ദ്രേക്കാണയാതേമൃതിമേതിമന്ദേ. ൫൯

വ്യാ—ഗുളികസ്ഫുടത്തിൽനിന്നും ശനിസ്ഫുടത്തെ വാങ്ങിയാൽ ഉള്ളരാശിയുടെ അംശകത്തിലൊ ത്രികോണത്തിലൊ ധൂമം-വ്യതീപാതം പരിവേഷം-ഇന്ദ്രചാപം-ഉപകേതു-ഈ സ്ഫുടങ്ങളഞ്ചും ഒരുമിച്ചുകൂട്ടിവരുന്ന രാശിയുടെ ദ്രേക്കാണത്തിലൊ ശനിസഞ്ചരിക്കുന്നകാലം മരണമുണ്ടാവും.

മൂ — മാന്ദിസ്ഫുടോദിതനവാംശഗതേതുജീവേ
തദ്ദാദശാംശസഹിതേദിനനാഥസൂനൌ
ദ്രേക്കാണകോണഭവനേദിനപേചമൃത്യുർ-
ല്ലഗ്നേന്ദുമാന്ദിയുതഭാംശഗതോദയേസ്യാൽ. ൩൨

വ്യാ—ഗ്രഹികസ്ഫുടത്തിന്റെ നവാംശരാശിയിൽ ഗുരുവും ദ്വാദശാംശകരാശിയിൽ ശനിയും ദ്രേക്കാണരാശിയിൽ സൂര്യനും നില്ക്കുന്ന കാലം ലഗ്നം ചന്ദ്രൻ ഗ്രഹികൻ ഇവരെ ഒരുമിച്ചുകൂട്ടിവരുന്ന രാശിയുടെ നവാംശരാശി ഉദയസമയം മരണം സംഭവിക്കും.

മൂ— വിലഗ്നമാന്ദിസ്ഫുടയോഗഭാംശം
നിയ്ത്വാണമാസംപ്രവദന്തിതജ്ഞാഃ
നിയ്ത്വാണചന്ദ്രോഗ്രഹികേന്ദുയോഗോ
ലഗ്നംവിലഗ്നാക്കിസുതേന്ദുയോഗഃ. ൩൩

വ്യാ—ലഗ്നഗ്രഹികസ്ഫുടങ്ങൾ ഒരുമിച്ചു വരുന്നരാശിയിലൊ അംശകത്തിലൊ ആദിത്യൻ നിൽക്കുന്നകാലത്തിൽ ഗ്രഹികസ്ഫുടവും ചന്ദ്രസ്ഫുടവും ഒരുമിച്ചു കൂട്ടിവരുന്ന സ്ഫുടത്തിന്റെ നക്ഷത്രത്തിൽ ലഗ്നേന്ദുഗ്രഹികന്മാരെഒരുമിച്ചാൽ വരുന്നസ്ഫുടത്തിന്റെ രാശ്യുദയസമയം മരണംസംഭവിക്കും.

മൂ — ഗ്രഹികംരവിസൂനുഞ്ച ഗ്രണിതപ്രാനവസംഖ്യയാ
ഉഭയോരൈക്യരാശ്യംശ ഗൃഹഗേരവിജേമൃതിഃ. ൩൪

വ്യാ—ഗ്രഹികസ്ഫുടവും ശനിസ്ഫുടവും വെവ്വേറെവച്ചു ഒൻപതിൽ ഗുണിച്ചു് ഒരുമിച്ചു് ചേത്താൽ (രണ്ടുസ്ഫുടങ്ങളും) വരുന്നരാശിയിലൊ അതിന്റെ നവാംശകത്തിലൊ ശനി വരുമ്പോൾ മരണമുണ്ടാവും.

മൂ— ഷഷ്ഠ്യാവസാനരശ്മ്യുശ സ്ഫുടൈക്യഭവേനംഗതേ
തത്ത്രികോണോപഗേവാപി മന്ദേമൃത്യുഭയംവ്രണാം. ൩൫

വ്യാ—സ-യു-ക്രമ. ഈ ഭാവങ്ങളുടെ അധിപന്മാരുടെസ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടിയാൽ ഉള്ളരാശിയിലൊ അതിന്റെ ത്രികോണത്തിലൊ ശനി സഞ്ചരിക്കുമ്പോൾ മരണമുണ്ടാവുന്നതാണു്.

മൂ— ജീവേനന്ദഹതേവിരിഞ്ചഗ്രണിതംമന്ദഞ്ചമാന്ദിസ്ഫുടം
സംയോജ്യംപുനരങ്കനിഘ്നമിനജം മന്ദാത്മജംയോജയേൽ
തദ്ദേവേശപുരോഹിതസ്ഫുടചയപ്രാപ്തം നവാംശംഗതേ
ജീവേഗോചരതോയദായദിനാനാം നിയ്ത്വാണകാലോഭവേൽ.

വ്യാ—ഗ്രഹുവിന്റെ സ്ഫുടത്തെ ഒൻപതിൽ പെരുക്കി ഒൻപതിൽ

തന്നെ പെരുക്കിയ ശനിയുടേയും ഗുളികന്റേയും സ്ഫുടങ്ങളെ കൂട്ടുക. പിന്നെയും ഒൻപതിൽ ഗുണിച്ചു ശനിസ്ഫുടത്തെയും ഗുളികസ്ഫുടത്തെയും കൂട്ടുക. ഇപ്രകാരം വരുത്തിയ സ്ഫുടത്തിന്റെ നവാംശരാശിയിൽ ഗുരു സഞ്ചരിക്കുമ്പോൾ (ചാരവശാൽ) മരണം സംഭവിക്കും.

മൂ— ഭാനുസ്ഫുടേ നവഹതേ രവിജുഞ്ജമാന്ദിം
ഹതപാനവൈസ്ഥദിനരാശിഗണോഷ്ടയോജ്യം
മാന്ദിംപുനശ്ച നവകേനഹതംനിയോജ്യം
തദ്രാശിഗാംശഗതപൂഷ്ണനിമൃത്യുകാലഃ. ൯൭

വ്യാ—സൂര്യസ്ഫുടത്തെ ഒൻപതിൽ ഗുണിച്ചു് അതിൽ ഒൻപതിൽ ഗുണിച്ചിട്ടുള്ള ശനിസ്ഫുടത്തെയും ഗുളികസ്ഫുടത്തെയും കൂട്ടി പിന്നെയും ഗുളികസ്ഫുടത്തെ ഒൻപതിൽഗുണിച്ചു് അതിൽ കൂടെകൂട്ടിവരുന്ന രാശിയുടെ നവാംശരാശിയിൽ ചാരവശാൽ സൂര്യൻ വരുമ്പോൾ മരണകാലമാണ്.

മൂ— ചന്ദ്രസ്ഫുടേനവകസംഗുണിതേതുമാന്ദിം
മന്ദേഷ്ടനാന്ദഹതമപ്യഥ യോജ്യമിന്ദൌ
കൃത്വാപുനർന്നവഹതാക്കിസുതംസമേതം
യത്തന്നവാംശഗശശീമരണപ്രദാതാ. ൯൮

വ്യാ—ചന്ദ്രസ്ഫുടത്തെ ഒൻപതിൽ ഗുണിച്ചുവച്ചു് അതിൽ ഒൻപതിൽഗുണിയ്ക്കപ്പെട്ട മാന്ദിയേയും മന്ദനേയുംകൂട്ടി പിന്നെയും ഒൻപതിൽ ഗുണിച്ചു ഗുളികസ്ഫുടത്തെ കൂട്ടിയാൽ ഉള്ള രാശിയുടെ നവാംശരാശിയിൽ ചന്ദ്രൻ വരുമ്പോൾ മരണമുണ്ടാവും.

മൂ— വിലഗ്നമാന്ദിസ്ഫുടയോഗഭാംശം
നിയ്ത്രാണമാസംപ്രവദന്തിതജ്ഞാഃ
നിയ്ത്രാണചന്ദ്രോഗുളികേന്ദുയോഗോ
ലഗ്നംശശാങ്കാദയമാന്ദിയോഗം. ൯൯

വ്യാ—ലഗ്നം മാന്ദി ഈ രണ്ടു സ്ഫുടങ്ങളും ഒരുമിച്ചുകൂട്ടിയാൽ വരുന്ന സ്ഫുടത്തിന്റെ നവാംശരാശിയിൽ സൂര്യനും ഗുളികസ്ഫുടവും ചന്ദ്രസ്ഫുടവും ഒരുമിച്ചാൽ ഉള്ള രാശിയിൽ ചന്ദ്രനും ലഗ്നം ഗുളികൻ ചന്ദ്രൻ ഈ മൂന്നുസ്ഫുടങ്ങളും ഒരുമിച്ചിട്ടുള്ള രാശി ഉദയമായും വരുന്നകാലം മരണമുണ്ട്.

മൂ— ജാതോഹനിഷ്ടക്ഷനിഗ്സ്ഫുടൈക്യ
താരാദിനിയ്ത്രാണദശാപ്രകൽപ്യാ

താരേശരാഹുസ്ഫുടയോഗതാര
പൂർവ്വാദശാനിഷ്ടകരാരജന്യാം. ൭൫

വ്യാ—പകൽജനനമെങ്കിൽ സൂര്യന്റെയും ശനിയുടേയുംസ്ഫുടങ്ങളും രാത്രിജനനമെങ്കിൽ ചന്ദ്രന്റെയും രാഹുവിന്റെയും സ്ഫുടങ്ങളും കൂട്ടിച്ചേർക്കുക്കൂട്ടി അതിൽനിന്നും നാളുകണ്ടു് നക്ഷത്രദശാനയനംപോലെ ദശവരുത്തിമേലിലുള്ള ദശകളേയും യഥാക്രമംകൂട്ടി നിശ്ചിതദശയെ കണ്ടുകൊള്ളണം.

മൂ— ഉദയാദ്യാവിംശതമ-
ദ്രേക്കാണംമൃത്യുകാരണം
തസ്യാധിപസ്യനിശ്ചിതം
സൂചയേദ്വിധിവത്തമഃ. ൭൬

വ്യാ—ലഗ്നദ്രേക്കാണത്തിന്റെ ഇരുപത്തിരണ്ടാംദ്രേക്കാണം മരണകാരണമാണു്. ആ ദ്രേക്കാണത്തിന്റെ അധിപന്റെ ആകൃതിക്കനുസരിച്ചു കാരണവും മരണത്തിനുണ്ടാകും.

മൂ— ജ്ഞേയാജന്മനിയന്നവാംശകഗതോ മാന്ദിസ്ഥദീയാസ്ഥകേ
രാശൌതിഷ്യുതിചേൽശുഭസ്യബലവാൻസൌഖ്യേനനൃനാംമൃതിഃ
ഭ്രേഭൂത്രേസമരേണ സൂര്യതനയേചൌര്യാദിഭിർദാനവേ
സപ്പാദ്ദൈശ്ചദിവാകരേണുപഭയാൽക്ഷീണോഡുപേതോയജാൽ.

വ്യാ—ജനനകാലഗ്രഹികന്റെ നവാംശരാശിയുടെ ഏഴാമിടത്തു ശുഭഗ്രഹം നിന്നാൽ സുഖമായ മരണമാകും. പാപന്മാർ നിന്നാൽ ദുർമ്മരണമാകും. അവരിൽ കുജൻ നിന്നാൽ യുദ്ധത്തിലും ശനിയായാൽ മോഷണം ഹേതുവായും രാഹുവായാൽ സർപ്പദംശനമോ വിഷഭക്ഷണമോ ഉണ്ടായിട്ടും സൂര്യനായാൽ രാജഭയംനിമിത്തവും ക്ഷീണചന്ദ്രനായാൽ ജലത്തിലും മരണമുണ്ടാകും.

മൂ— രന്ധ്രംയേനനിരീക്ഷിതം ബലവതാതദ്ധാതുകോപാൽമൃതിം
സൂര്യാദഗ്നിജലായുധജ്വരകഫസ്തൂൽക്കൈശ്ചാമയൈഃ
ലഗ്നാദഷ്ടമധാമയത്തനുഗതംകാലസ്യതദ്ദേഹജൈഃ
ചരിദ്ദ്യൂംശേചചരസ്ഥിരോഭയഗതേദേശാന്തരേസ്വപഥി. ൭൭

വ്യാ—അഷ്ടമത്തിൽ ദൃഷ്ടിചെയ്യുന്ന ഗ്രഹത്തിനെ പറഞ്ഞിട്ടുള്ള വാതാദി ത്രിദോഷകോപംഹേതുവായിട്ടുമരണമുണ്ടാകുമെന്നു പറയണം. സൂര്യാദികളായ ഏഴു ഗ്രഹങ്ങൾക്കും ക്രമേണ അഗ്നി, ജലം, ആയുധം ജ്വരം, കഫം, ദാഹം (അന്തർദാഹം) വിശൂചി (അതിസാരം) ഇവ

യിൽനിന്നുണ്ടാകുന്ന രോഗങ്ങളെക്കൊണ്ടു മരണകാരണം പറയണം. ഖഗ്രഹത്തിന്റെ അഷ്ടമരാശി കാലപുരുഷന്റെ ഏതംഗമായി വരുമോ ജാതന്ന് ആ അംഗത്തിൽ മരണരോഗത്തെ നിർദ്ദേശിക്കണം. അഷ്ടമം ചരരാശിയായാൽ വിദേശത്തിലും ഉഭയരാശിയായാൽ വഴിയിലും (സ്വദേശവിദേശമദ്ധ്യം) സ്ഥിരരാശിയായാൽ സ്വഗൃഹത്തിലും മൃതിസ്ഥലവും പറഞ്ഞുകൊള്ളുക.

മൂ— ശൂന്യാഗാരേരന്ധ്രരാശൗബലിഷ്ഠൈ
രാത്യാദ്യൈർവീക്ഷിതേചേദരേന്ദ്രൈഃ
നോചേച്ചിദ്രസ്ഥാനയാതൈസ്തനോചേ
ത്തദ്രേക്കാണസ്വാമിനാമൃത്യുമേതി. ഒരു

വ്യാ—അഷ്ടമം ശൂന്യമായാൽ (ഗ്രഹങ്ങളില്ലെങ്കിൽ) അഷ്ടമത്തിൽ നോക്കുന്നവരിൽ ബലവാന്മാരായ ഗ്രഹത്തെക്കൊണ്ടും അല്ലെങ്കിൽ ചിദ്രസ്ഥാനങ്ങളിൽ നിൽക്കുന്നവരേക്കൊണ്ടും അല്ലെങ്കിൽ ദ്രേക്കാണാധിപനെക്കൊണ്ടും മരണരോഗാദികൾ ചിന്തിക്കണം.

മൂ— രവ്യാദിഖേടനിർഘാതഭവോമയേന
ജാതസ്തദീയഖലകിങ്കരപീഡയാ വാ
രന്ധ്രേശുഭഗ്രഹയുതേതരവിലാപഹേതും
സൌഖ്യേനമൃത്യുമുപയാതിശുഭോപയാതേ. ഒരു

വ്യാ—മുൻവിവരിച്ചപ്രകാരം സൂര്യാദികൾക്കു പറഞ്ഞിട്ടുള്ള ദോഷം (വാതാദി)കൊണ്ടോ അവക്കു പറഞ്ഞിട്ടുള്ള ദുഷ്ടകിങ്കരന്മാരുടെ പീഡകൊണ്ടോ മൃതിയെ നിരൂപിക്കണം. അഷ്ടമത്തിൽ പാപൻനിന്നാൽ മരണം ദുഃഖേനയിരുവും (കഷ്ടപ്പെട്ടും) ശുഭൻ നിന്നാൽ സുഖപൂർവ്വം ആകും.

മൂ— തുലായാംരുധിരേയാതേ
വൃഷഭസ്ഥേദിവാകരേ
ചന്ദ്രേമന്ദഗൃഹംപ്രാപ്തേ
വിണ്മധ്യേ മരണം വദേൽ. ഒന

വ്യാ—കുജൻ തുലാത്തിലും സൂര്യൻ ഇടവത്തിലും മകരത്തിലോ കുംഭത്തിലോ ചന്ദ്രനും നിന്നാൽ വിഷ്ഠയുടെ (അമേധ്യത്തിന്റെ) മധ്യത്തിൽ മരണമുണ്ടാകും.

മൂ— ബലിനാശനിനാദൃഷ്ടേ
ക്ഷീണോന്ധേനിധനാശ്രിതേ
ഹ്രദാക്ഷിരുക്ഷീഡയാവാ
മൃത്യുഃസ്യാൽകൃതോഭവേൽ. ഒര

വ്യാ — ബലവാനായ ശനിയുടെ ദൃഷ്ടിയോടുകൂടി ക്ഷീണചന്ദ്രൻ ലഗ്നാൽ അഷ്ടമത്തിൽനിന്നാൽ അർശസ്സ്, ഭഗന്ദരം മുതലായ രോഗങ്ങളാലും നേത്രരോഗത്താലും ശസ്ത്രക്രിയകൊണ്ടും മരണമുണ്ടാകും.

മൂ — ലഗ്നാച്ചതുർത്രികോണസ്ഥേ-
രക്കാരാക്കിനിശാകരേ
മൃത്യുസ്സ്യാദ്ശൂലപാതേനാ
വജ്രകുഡ്യാദിഭിശ്വവാ. ൭൬

വ്യാ—ലഗ്നത്തിൽനിന്നു ൪-൭-൯ ഈ ഭാവങ്ങളിൽ സൂര്യൻ കുജൻ ശനി ചന്ദ്രൻ ഇവർനിന്നാൽ പർവതത്തിൽനിന്നു വീണിട്ടോ ഇടിവെട്ടിയിട്ടോ ഭിത്തി മുതലായവയിൽനിന്നോ അല്ലെങ്കിൽ അടുപ്പുവീണോ മരിക്കും.

മൂ— ഭൌമാങ്ഗനൈശദിപരസ്പുരരാശിയാതേ
കേന്ദ്രസ്ഥിതോനിധനനായകഖേചരേന്ദ്രൈഃ
ജാതോവസാനസമയേക്ഷിതിപാലകോപാൽ
ശൂലാദികായുധവരൈർനിധനംപ്രയാതി. ൭൭

വ്യാ—സൂര്യക്ഷേത്രത്തിൽ കുജനും കുജക്ഷേത്രത്തിൽ സൂര്യനും അഷ്ടമാധിപൻ കേന്ദ്രത്തിലും നിന്നാൽ രാജകോപത്താൽ ശൂലാദ്യായുധങ്ങളെക്കൊണ്ടു മരിക്കും.

മൂ— ചന്ദ്രേതനൌദിനകരേപി ബലേഷ്ടമസ്ഥേ
ലഗ്നാദ്യയേസുരഹിതേസുഖഗേചപാപേ
ജാതസ്യതസ്യശയനാച്ച്യുതഥോത്തമസ്യ-
ശ്ശ്ലേഷ്മോണവാനിശിനിഷാദകൃതോനവാസ്യാൽ. ൭൮

വ്യാ—ചന്ദ്രൻ ലഗ്നത്തിലും ബലഹീനനായ സൂര്യൻ അഷ്ടമത്തിലും ഗുരു പന്ത്രണ്ടിലും കുജനൊ ശനിയൊ നാലിലും നിന്നാൽ രാത്രിയിൽ കിടക്കയിൽ (കട്ടിലിൽ)നിന്നു വീണിട്ടോ നീചന്മാരുടെ (ദുഷ്ജനങ്ങളുടെ) ആയുധംകൊണ്ടോ മരിക്കും.

മൂ— ലഗ്നേശേനിധനാംശസ്ഥേ
മൂഢേഷഷ്ഠാംഗതേഥവാ
ക്ഷുൽബാധയാചമരണം
ബന്ധുഹീനേമഹീതലേ. ൭൯

വ്യാ—മൂഢനായ ലഗ്നാധിപൻ അഷ്ടമത്തിലൊ ഷഷ്ഠത്തിലോ നിന്നാൽ ബന്ധുക്കളാരും ഇല്ലാത്തിടത്തുവെച്ചു വിശൂചനിമിത്തം മരണത്തെ പ്രാപിക്കും.

മൂ— ആയുഷ്പിലഗ്നാധിപതീബലേന
ഹീനൌധരാസ്ഥൗരണേശയുക്തൌ
യുദ്ധേമൃതിംതസ്യവദന്തിതജ്ഞാ
ശ്ശുസ്ത്രേണജാതസ്യമൃതിം വിശേഷാൽ. ൭൨

വ്യാ—അഷ്ടമാധിപനും ലഗ്നാധിപനും ബലഹീനന്മാരായിട്ട് കുജനോടും ആറാംഭാവാധിപനോടും ചേർന്നു നിന്നാൽ യുദ്ധത്തിൽ ആയുധമേറ്റു മരിക്കും.

മൂ— ലഗ്നേശ്വരേ വാഹനനാഥയുക്തേ
വാഗീശ്വരേണാപിയുതേതജീർണ്ണാൽ
ഭാരേശ്വരേ വാഹനവിത്തരാശി
നാഥാന്വിതേവാമരണന്തജീർണ്ണാൽ. ൭൩

വ്യാ—ലഗ്നാധിപൻ നാലാംഭാവാധിപനോടും ഗുരുവിനോടും ഒരുമിച്ചു നിന്നാലും ഏഴാംഭാവാധിപൻ രണ്ടാംഭാവാധിപനോടും നാലാം ഭാവാധിപനോടും ഒരുമിച്ചു നിന്നാലും അജീർണ്ണം നിമിത്തം മരണമുണ്ടാവും.

മൂ— ഭൂകുജ്യംശപോഭാനുസുതേനയുക്തോ
ദുസ്ഥാനഗോവാവിഷഭക്ഷണേന
സഹാഹിനാവാശിഖിനാചതസ്യ
മൃത്യുർഭവേദ്രജ്ജുനിബന്ധനേന. ൭൪

വ്യാ—മൂന്നാംഭാവാധിപനോ എട്ടാം ഭാവാധിപനോ ശനിയോടുകൂടി അഷ്ടമത്തിൽ (അറിഷ്ടത്തിൽ) നിന്നാൽ വിഷഭക്ഷണം കൊണ്ടും അവിടെ രാഹുവോ കേതുവോ ഉണ്ടായിരുന്നാൽ പാശബന്ധനംകൊണ്ടും മരണമുണ്ടാവും.

മൂ— പിശാചപീഡാഗ്നി ജലോപപത്സ്ത്രാൽ
ഭൗമാഹിമാന്ദ്യന്യതമേനയുക്തേ
ക്ഷീണേശശാങ്കേനിധനസ്ഥിതേച
ദുസ്ഥേതപാസ്മാരഭയാന്മൃതിസ്സ്യാൽ. ൭൫

വ്യാ—കുജൻ, രാഹു, ഗുളികൻ ഇവരിൽ ഒരാളോടുകൂടി ക്ഷീണചന്ദ്രൻ അഷ്ടമത്തിൽനിന്നാൽ പിശാചാവേശം നിമിത്തം തൂങ്ങുവെള്ളത്തിലൊ അഗ്നിയിലൊ ജലത്തിലൊ വീണിട്ടും, ആ ചന്ദ്രൻ അനിഷ്ടസ്ഥാനങ്ങളിലായാൽ അപസ്മാരരോഗംകൊണ്ടും മരണം സംഭവിക്കും.

മൂ — രന്ധ്രസ്ഥാനഗതേസൂര്യേ ഭൌമേവാബലവർജ്ജിതേ
വിത്തേപാപഗ്രഹൈർയുക്തേ പിത്തരോഗാൽഭവേന്മൃതിഃ. ൬൯

വ്യാ—സൂര്യൻ അഷ്ടമത്തിലും രണ്ടിൽ പാപന്മാരും നിൽക്കയും കൂടെ ബലഹീനനാകയും ചെയ്താൽ പിത്തം നിമിത്തം മരിക്കും. ചന്ദ്രനോ ഗുരുവോ ജലരാശിയായ അഷ്ടമത്തിൽ പാപദൃഷ്ടിയോടുകൂടി നിന്നാൽ ക്ഷയരോഗത്താൽ മരണം സംഭവിക്കും.

മൂ — അഷ്ടമസ്ഥാനഗേശുക്രേ പാപഗ്രഹനിരീക്ഷിതേ
വാതരോഗാൽക്ഷയാദ്വാപി പ്രമേഹാദ്വാമൃതിം വദേൽ. ൬൰

വ്യാ—ശുക്രൻ പാപദൃഷ്ടനായിട്ടു അഷ്ടമത്തിൽ നിന്നാൽ വാതമോ ക്ഷയമോ പ്രമേഹമോ നിമിത്തം മരണമുണ്ടാകും.

മൂ — സൂര്യസ്ഥാനഗതേസൌമ്യേ പാപഗ്രഹനിരീക്ഷിതേ
ത്രിദോഷാന്മരണംവിദ്യാൽ ജ്വരരോഗേണവാവദേൽ. ൬൱

വ്യാ — ബുധൻ ചിങ്ങത്തിൽ പാപദൃഷ്ടനായി നിന്നാൽ സന്നിപാതംകൊണ്ടോ ജ്വരംകൊണ്ടോ മരണമുണ്ടാകും.

മൂ— മൃത്യുസ്ഥാനഗതേരാഹൌ പാപഗ്രഹനിരീക്ഷിതേ
പിടകാദ്യുഷ്ണരോഗാദ്വാ സമ്പ്രദഷ്ടോഥവാമൃതിഃ. ൬൲

വ്യാ—പാപദൃഷ്ടനായ രാഹു അഷ്ടമത്തിൽ നിന്നാൽ പിടക (മസൂരി ചൊറി) മുതലായ ഉഷ്ണരോഗങ്ങളാലോ പാമ്പുകടിക്കയാലോ മൃതിഭവിക്കും.

മൂ— പ്രാഭവഗതേരാഹൌ പാപഗ്രഹനിരീക്ഷിതേ
മസൂരികാദിരോഗാദ്വാ ചിത്തഭ്രംശാന്മൃതിർഭവേൽ. ൭൦

വ്യാ—പാപദൃഷ്ടനായ രാഹു അഷ്ടമത്തിൽ നിന്നാൽ മസൂരിമുതലായ ഉഷ്ണരോഗംകൊണ്ടോ ഉന്മാദം (ഭ്രാന്തു)കൊണ്ടോ മരണമുണ്ടാകും.

മൂ— ധർമ്മേശന്യൂവാഥഗ്രഹൌതൃതീയേ
കുരന്ധ്രിദാസ്യാന്നിധനേവ്യയേവാ
കർമ്മസ്ഥിതാശ്ചേദ്യദിരാഹുമന്ദ
സൌമ്യാഃകുരന്ധ്രേദയുതോത്രജാതഃ. ൭൧

വ്യാ—ശനി ഒൻപതിലും വ്യാഴം മൂന്ന് പിട്ടു പത്തുണ്ടു ഈ സ്ഥാനങ്ങളിലും നിന്നാൽ കുരന്ധ്രോദം (കൈവെട്ടുക കാരണം പലതുമാവാം) ഉണ്ടാവും. രാഹുവും ശനിയും ബുധനും പത്താമിടത്തു നിന്നാലും ഫലം ഇതുതന്നെ.

മൂ— ശുക്രേണഭുഷ്ടേയദിരന്ധ്രനാഥേ
സാരേശനൈവാഥണിനാഥയുക്തേ
ക്രൂരാദിഷഷ്ഠ്യംശസമന്വിതേവാ
വിസ്ഫോടനന്തത്രശിരസോവദന്തി. ൯൬

വ്യാ—അഷ്ടമാധിപൻ ശുക്രദൃഷ്ടനായും കുജനൊ ശനിയൊ രാഹുവിനോടുകൂടി ക്രൂരഷഷ്ട്യംശത്തിൽ നിന്നാൽ ശിരസ്സ്ഫോടനം (കുഴിത്തുവെട്ടുക) നിമിത്തം മരിപ്പാൻ ഇടയാകും.

മൂ— മന്ദേവിലഗ്നോമദനേസരാഹൌ
കന്യാന്വിതേഭാർഗ്ഗവനന്ദനേച
ക്ഷീണേശശാങ്കേമദരാശിയുക്തേ
വിഷൂചികാനാഡസ്തശ്ശപാതോസാദ്യം. ൯൭

വ്യാ—രാഹുവിനോടുകൂടിയ ശനി ലഗ്നത്തിലൊ ഏഴിലൊ നില്ക്കയും അല്ലെങ്കിൽ ക്ഷീണചന്ദ്രൻ ഏഴാമിടത്തു നില്ക്കയും ശുക്രനു നീചസ്ഥിതിയുണ്ടാകയും ചെയ്താൽ കയ്യും കാലും വെട്ടുകയാൽ മരണമുണ്ടാവും.

മൂ— ഭ്രസൂനുലഗ്നോയദിവാതദംശേ
സൂര്യാന്വിതേകൃഷ്ണനിശാകരേതു
ഫണീശചന്ദ്രാത്മജസംയുതേസ്യാൽ
രാശൌയദായദ്യുദരപ്രഭേദഃ. ൯൮

വ്യാ—ലഗ്നത്തിൽ കുജന്റെ സ്ഥിതിയോ അംശകമോ വരികയും അവിടെ സൂര്യന്റെ സ്ഥിതിയുണ്ടാവുകയും കൃഷ്ണപക്ഷചന്ദ്രൻ രാഹുവിനോടും ബുധനോടും കൂടുകയും ചെയ്താൽ ഉദരപ്രഭേദം (വയറു പിളക്കുക) നിമിത്തം മരണമുണ്ടാകും.

മൂ— മന്ദോദയേസൌമ്യദൃശാവിഹീനേ
സപ്താക്യുക്തേയദികൃഷ്ണചന്ദ്രേ
നാഭിപ്രഭേദോദരഭേദമാഹു
ർശ്ലേഷ്മണാജ്ഞാതസ്യപരാശരാദ്യാഃ ൯൯

വ്യാ—ശുഭദൃഷ്ടിയില്ലാത്ത ശനി ലഗ്നത്തിലും കൃഷ്ണപക്ഷചന്ദ്രൻ സൂര്യരാഹുക്കളോടുകൂടി നില്ക്കയും ചെയ്താൽ നാഭിയും (പൊക്കിൾ) ഉദരവും ശ്ലേഷ്മംകൊണ്ടു കീറുകയാൽ മരണമുണ്ടാവുമെന്നു പരാശരാദികൾ പറയുന്നു.

മൂ— ഷഷ്ഠാഷ്ടമവ്യയേചന്ദ്രേ ലഗ്നാന്നാഥേനവീക്ഷിതേ
മന്ദമാന്ദ്യഗ്രസംയുക്തേ തസ്യദുർമ്മരണാംവദേൽ. ൧൦൦

വ്യാ—ചന്ദ്രൻ ശനി ഗ്രഹിക രാഹുക്കളോടുകൂടി ലഗ്നാധിപനായിട്ട് ന-വ്യ-ഫ ഈ ഭാവങ്ങളിൽ നിന്നാൽ ജാതൻ ദുർമ്മരണമാണ്.

മൂ— മേഷ്യുരണസ്ഥായഭിചിത്രഭാനൌ
ഭൌമേചതുർത്ഥനവസൌമ്യയുക്തേ
സൌമ്യേവിലഗ്നോപഗതേതുമൃത്യുർ-
ഗ്ലൌശൂംഗതശൂലനിപാതതോവാ. ൯൭

വ്യാ—സൂര്യൻ പത്താമിടത്തും ശുഭഗ്രഹത്തോടുകൂടാത്ത കുജൻ നാലിലും ശുഭഗ്രഹം ലഗ്നത്തിലും നിന്നാൽ പശുവ്യാഘാദികളുടെ കൊമ്പുകൾ കൊണ്ടിട്ടോ ശൂലത്തിൽ വീണിട്ടോ മരിക്കും.

മൂ— ദശമസുഖസമേതൈഃപാപഷഷ്ഠൈശ്ചസൌമ്യൈ-
രുദയനിധനയാതൈഃശൂലപാതാന്മൃതിസ്സ്യാൽ
ശശിനിതനുഗൃഹസ്ഥബന്ധുഗേഭാനുപുത്രേ
കലഹജനിതതോഽഷ്ടൈരംബരസ്ഥപ്രഭേമേ. ൯൮

വ്യാ—ലഗ്നം നാല് പതിറ്റ് പത്ത് ഈ സ്ഥാനങ്ങളിൽ പാപദൃഷ്ടിയുള്ള ശുഭന്മാർ നിന്നാൽ ശൂലപാതംകൊണ്ടും (ആയുധവിശേഷം) ലഗ്നത്തിൽ ചന്ദ്രനും നാലാമിടത്തു ശനിയും പത്തിൽ കുജനും നിന്നാൽ കലഹംകൊണ്ടും മരണം ഉണ്ടാകും.

മൂ— ലഗ്നാംഗതേദിനകരേതരുണീഗതേന്ദൌ
പാപേക്ഷിതേകലഹതോയഭയാന്മൃതിസ്സ്യാൽ
ലഗ്നേദിനേശശശിനൌദ്വിശരീരകേന്ദ്യൌ
പാപേക്ഷിതൌയദിവിരുദ്ധകശൃംഗിദംഷ്ടാൽ. ൯൯

വ്യാ—ലഗ്നത്തിൽ സൂര്യനും കന്നിയിൽ ചന്ദ്രനും പാപദൃഷ്ടിയോടുകൂടിനിന്നാൽ കലഹം ഹേതുവായിട്ടോ ജലത്തിൽ വീഴുകയാലോ മരിക്കും.

ലഗ്നത്തിൽ സൂര്യചന്ദ്രന്മാർ നിൽക്കയും ശേഷം ഗ്രഹങ്ങൾ പാപദൃഷ്ടിയോടുകൂടി ഉഭയരാശികളിൽ നിൽക്കയും ചെയ്താൽ വലിയ കയമായ സ്ഥലങ്ങളിൽ വീണിട്ടോ കൊമ്പുള്ള ജന്തുക്കൾ കുത്തുകയാലോ മരിക്കും.

മൂ— തുഹിനകിരണലഗ്നാൽപാപഖേടോപയാതേ
നവമതനയരാശൌപാപഖേടേക്ഷിതേച
ഭുജഗനിഗളപാശൈരന്ധ്രജന്മത്രിഭാഗേ
ജനനസമയലഗ്നാന്മൃത്യുരൽപൈനസോന. ൯൯

വ്യാ—ചന്ദ്രലഗ്നത്തിൽനിന്ന് അഞ്ചിലോ ഒൻപതിലോ പാപഷ്ടിയുള്ള പാപന്മാർ നിന്നാലും സൂര്യലഗ്നത്തിൽനിന്ന് അഷ്ടമഭാവത്തിലേക്കാണം ഭുജഗം നിഗളം പാശം ഇവയിലേതെങ്കിലും ആയിരുന്നാലും ബന്ധനംനിമിത്തം മരിക്കും.

മൂ— മീനോദയേശശിരവീയദിപാപയുക്തെ
പാപേക്ഷിതെഽമരണംരമണീകൃതംസ്യാൽ
ഭൌമേസുഖേദിനകരേയദിവാമദസ്ഥേ
മന്ദേഷ്ടമേശശിനിചാന്നവിശേഷജന്യം. ൧൦൦

വ്യാ—സൂര്യചന്ദ്രന്മാർ മീനലഗ്നത്തിൽ പാപയോഗദൃഷ്ടിയോടുകൂടി നിന്നാലും ഒരു പാപൻ അഷ്ടമത്തിൽ നിന്നാലും സ്ത്രീകർത്തൃനിമിത്തം മരണമുണ്ടാകും. സൂര്യനോ കുജനോ നാലാമിടത്തും ഏഴാമിടത്തും നില്ക്കയും ചന്ദ്രൻ അഷ്ടമത്തിലും ആയാൽ വിശേഷക്ഷയണംനിമിത്തം മൃതിയുണ്ടാകും.

മൂ— മന്ദേധനേസുഖഗതേശശിനിക്ഷമാജ്ഞേ
മാനസ്ഥിതേപ്രണകൃതേനമൃതിംസമേതി
ബന്ധുസ്ഥിതേവനിസുതേധനഗേശശാങ്കേ
ഭാനൌനഭസ്ഥലഗതേതുഗജാശപാതാൽ. ൧൦൧

വ്യാ—രണ്ടിൽ ശനിയും നാലിൽ ചന്ദ്രനും പത്തിൽ കുജനും നിന്നാൽ മുറിവ് ചതവ് വ്രണം മുതലായതുകൊണ്ടും, നാലിൽ കുജനും രണ്ടിൽ ചന്ദ്രനും പത്തിൽ സൂര്യനും നിന്നാൽ ആന കുതിര മുതലായവയിൽനിന്ന് വീഴുകനിമിത്തവും മരിക്കും.

മൂ— രന്ധ്രേശനൌവിയതിഹീനബലേശശാങ്കേ
ഭാനൌസുഖേനിഭതകാഷ്ഠഗതേ നമൃത്യുഃ
പാപാന്തരേജുനനലഗ്നപതൌസകേന്ദ്രേ
ലഗ്നാഷ്ടമേഖഗയുതേസതിമാതൃകോപാൽ. ൧൦൨

വ്യാ—എട്ടിൽ ശനിയും പത്തിൽ ക്ഷീണചന്ദ്രനും നാലിൽ സൂര്യനും നിന്നാൽ വിറകു തടി വടി മുതലായതുകൊണ്ടുള്ള പ്രഹരം നിമിത്തവും, ലഗ്നാധിപൻ പാപമധ്യസ്ഥനായി കേന്ദ്രത്തിലും ഏതെങ്കിലും ഗൃഹം ലഗ്നാഷ്ടമങ്ങളിലും നിന്നാൽ മാതൃകോപത്താലും മരിക്കും.

മൂ— ശുഭാസ്പദസ്ഥരശുഭൈർഗ്രഹൈസ്ത്രൈ
സ്ത്രികോണഗൈർവ്വാഥവിലഗ്നരാശേഃ
രന്ധ്രേശപരേത്രിതനയേനസാദ്ധ-
മുൽബന്ധനാത്തസ്യമൃതിംവദന്തി. ൧൦൩

വ്യാ—ലഗ്നാൽ അഞ്ചിലൊ ഒൻപതിലൊ പത്തിലൊ പാപന്മാർ നില്ക്കയും അഷ്ടമാധിപൻ കുജനോടു കൂടുകയും ചെയ്താൽ കെട്ടിത്തൂങ്ങി മരിക്കും.

മൂ— ലഗ്നേരവൌസുതേമന്ദേ രന്ധ്രസ്ഥേഹിനാകരേ
ധർമ്മംഗതേധരാപുത്രേ വൃക്ഷാശനിഭയാൽമൃതിഃ. ൧൭൮

വ്യാ—സൂര്യൻ ലഗ്നത്തിലും ശനി അഞ്ചിലും ചന്ദ്രൻ എട്ടിലും കുജൻ ഒൻപതിലും നിന്നാൽ വൃക്ഷത്തിൽനിന്ന് വീണിട്ടൊ വൃക്ഷം വീണിട്ടൊ് ഇടി വെട്ടുകനിമിത്തമോ മരിക്കും.

മൂ— പാപേഷ്വാജ്ഞാബന്ധുരാശിസ്ഥിതേഷു
ക്ഷീണേതാരാനായകേശത്രുരാശൌ
ലഗ്നാച്ചന്ദ്രസ്ഥാനരാശിംഗതേവാ
യാത്രാകാലേശത്രുദോഷാന്മൃതിസ്സ്യാൽ. ൧൭൯

വ്യാ—പാപഗ്രഹങ്ങൾ രു-൧൦ ഈ സ്ഥാനങ്ങളിലും ക്ഷീണചന്ദ്രൻ ലഗ്നാൽ ആറിലൊ എട്ടിലൊ നില്ക്കുകയും ചെയ്താൽ യാത്രാമദ്ധ്യത്തിൽ ശത്രുക്കളാൽ വധിക്കപ്പെടും.

മൂ — ലഗ്നാന്ത്യഗൌഭാനുധരാകുമാരൌ
ദിനേശചന്ദ്രേന്ദുസുതാമദസ്ഥാഃ
സുരാലയോദ്യാനവനപ്രദേശേ
പ്രവാസഭ്രമൈമൃതിമേതിമർത്ത്യഃ. ൧൮൦

വ്യാ—ശനികുജന്മാർ ലഗ്നം പന്ത്രണ്ടു് ഈ ഭാവങ്ങളിലും സൂര്യചന്ദ്രബുധന്മാർ ഏഴിലും നിന്നാൽ വഴിയാത്ര ദേവാലയം ഉദ്യാനം കാടു് മുതലായ സ്ഥലങ്ങളിൽ കിടന്നു മരിക്കും..

മൂ — ലഗ്നാഷ്ടമേപാപയുതേഷ്ടമേശേ
രിപ്വഷ്ടപയാതേന്ദുദിനേന്ദ്രഗേവാ
ലഗ്നേശരേഫീനബലേനയുക്തേ
ദുർമ്മാർഗ്ഗദോഷാൽപ്രവദന്തിമൃത്യും. ൧൮൧

വ്യാ—പാപന്മാർ ലഗ്നം അഷ്ടമം ഈ ഭാവങ്ങളിലും അഷ്ടമാധിപൻ ൧-൫-൯-൧൦ ൧൨ ഈ ഭാവങ്ങളിലും ലഗ്നാധിപൻ ബലഹീനനാകയും ചെയ്താൽ ദുർമ്മാർഗ്ഗദോഷത്താൽ മരണമുണ്ടാകുമെന്നു അത്രിപുത്രന്മാർ പറയുന്നു.

മൂ— ഭൌമാർക്കജക്ഷേത്രയുതേശശാങ്കേ
പാപേക്ഷിതേപാപഖഗാന്തരസ്ഥേ
കന്യാഗ്രഹേവാഹിമുകോപയാതേ
മൃത്യുംവദേദഗ്നിജശസ്ത്രപാതൈഃ. ൧൭൫

വ്യാ—മേടം വൃശ്ചികം മകരം കുംഭം കന്നി ഈ രാശികളിൽ പാപപദൃഷ്ടനായ ചന്ദ്രൻ പാപമദ്ധ്യസ്ഥനായിട്ടു നാലാമിടത്തു നിന്നാൽ അഗ്നി ആയുധം വീഴ്ച ഇതുകൾ നിമിത്തം മരണമുണ്ടാകും.

മൂ— യദിവിഷാവടികായാമഷ്ടമേപാപയുക്തേ
വിഷശിഖിഭവശൈസ്സൂർജ്ജായതേതസ്യമൃത്യുഃ
ബഹുഭിവിചരയുക്തേലഗ്നപേസാഷ്ടമേശേ
ബഹുജനമൃതികാലേ മൃത്യുമേതിപ്രജാതഃ. ൧൭൬

വ്യാ—"അംഗേനൈവവിയൽപയോനിലനരഃ" ഇത്യാദി വചനപ്രകാരമുള്ള വിഷാവടികാസമനം ജനിക്കയും അഷ്ടമത്തിൽ പാപൻ നില്ക്കയും ചെയ്താൽ വിഷം അഗ്നി ആയുധം ഇവകൊണ്ടും ലഗ്നാഷ്ടമാധിപന്മാർ ഒരുമിച്ചു നില്ക്കയും ആ രാശിയിൽ വളരെ ഗ്രഹങ്ങളുണ്ടാവുകയും ചെയ്താൽ വളരെ ആളുകൾ മരിക്കുന്നകൂട്ടത്തിൽ തനിക്കും മരണം ഉണ്ടാകും.

മൂ— ലഗ്നേശസ്യനവാംശസ്ഥ രാശികോപോത്ഭവാമയൈഃ
മൃത്യുന്തസ്യവദന്ത്യേകേ ഹൊരികാമുനിപുംഗവാഃ. ൧൭൭

വ്യാ—ലഗ്നാധിപന്റെ നവാംശരാശിക്കു പറഞ്ഞിട്ടുള്ള രോഗംകൊണ്ടു ജാതനു മൃതിയുണ്ടാകുമെന്നു ചില ഹോരാശാസ്ത്രജ്ഞന്മാരായ മുനിമാർ പറയുന്നു.

മൂ— ഹോരേശാംശഗതേതു തുംബുരുഹോതാപജ്വരാദ്ഭുതൈ-
രുക്ഷ്ണിശ്വാസവികാരശൂലജനിതൈസ്സ്യുഗ്രേശിരശ്ശൂലജൈ
വാതോന്മാദഭവൈരുകുളീരഭവനേ സിംഹേവിഷസ്ഫോടകൈഃ
കന്യായാംജ്വരഗുഹ്യരുഗ്ജനിതൈർജ്ജാതസ്യമൃത്യുംവദേൽ. ൧൭൮

ജൂകേശോകചതുഷ്പദജ്വരഭവൈഃ കീടേതുശസ്ത്രാദിഭി-
ശ്ചാപേതീവ്രമരുദ്ഭവൈർമൃഗമുഖേവ്യാഘ്രാദിഭിസ്തുലാ
കുംഭേവ്യാധ്യുപധൂകൃതൈരനിമിഷേതോയാതിസാരൈർമൃതിം
രന്ധ്രസ്ഥാംശഗതപ്രചാരധരണീജാതസ്യമൃത്യുസ്ഥലം. ൧൭൯

വ്യാ—ലഗ്നാധിപന്റെ അംശകം മേടത്തിലായാൽ ഉഷ്ണജ്വരം മസൂരി ഇവയെക്കൊണ്ടും ഇടവത്തിലായാൽ ശ്വാസവികാരം ശൂല മൂ

തലായവകൊണ്ടും മിഥുനത്തിലായാൽ തലവേദന മുതലായവകൊണ്ടും കർക്കടകത്തിലായാൽ വാതവികാരം ഉന്മാദം ഇവകൊണ്ടും ചിങ്ങത്തിലായാൽ വിഷം നീരു സ്ഫോടകം (പൊള്ളൽ-പൊട്ടൽ) ഇവകൊണ്ടും കന്നിയിലായാൽ അഗ്നിഗ്നി അർശസ്സ് ഭഗന്ദരം ഇവകൊണ്ടും തുലാത്തിലായാൽ അധികമായ അധി പശുവ്യുഷ്ടോദിതാഗന്ധം ജ്വരം ഇവകൊണ്ടും വൃശ്ചികത്തിൽ ആയാൽ ആയുധംകൊണ്ടും ധനുസ്സിലായാൽ കഠിനമായ വാതവ്യാധികൊണ്ടും മകരത്തിലായാൽ വ്യാഘ്രാദി (പുലിമുതലായ) ദുഷ്ടജന്തുക്കളാലും ഭൂതപിശാചാദികളാലും കുംഭത്തിലായാൽ വ്യാഘ്രാദിജന്തുക്കളാലും സ്ത്രീകളാലും മീനത്തിലായാൽ ജലാപതനം അരിസാരം ഇവകൊണ്ടും മരണം ഭവിക്കും.

അഷ്ടമരാശിയുടെ അംശകത്തിനു പറഞ്ഞിട്ടുള്ള ഭൂമിയിൽ മരണമുണ്ടാകും.

മൂ— നിശിബലയുതരാശൌ ലഗ്നായാത്രേഹനികാലേ
യദിദിനബലയുക്തേ ജന്മലഗ്നോരജന്യാം
ഉദയഗനവഭാഗസ്വാമി യോഗേക്ഷിതാനാം
ദിശിമൃതിമുപയാതിസ്വാനവീന്ദ്വാധികസ്യ. ൧൯൫

വ്യാ—രാത്രിബലമുള്ള രാശി ലഗ്നമായാൽ പകലും പകൽ ബലമുള്ള രാശി ലഗ്നമായാൽ രാത്രിയിലും മരിക്കുന്നതാണ്. ലഗ്നത്തിന്റെ നവാംശകനാഥനായ ഗ്രഹത്തോടുകൂടുകയോ നോക്കുകയോ ചെയ്യുന്ന ഗ്രഹങ്ങളിൽ സ്വാനബലമധികമുള്ള ഗ്രഹത്തിനു പറഞ്ഞിട്ടുള്ള ദിക്കിൽവച്ചു മരിക്കയും ചെയ്യും.

മൂ— ഹോരാശേഷനവാംശമാനഘടികാമോക്ഷസ്യഭാംശേക്ഷിതേ
പാപൈസ്തദ്ഗ്രഹണീകൃതസ്ത്രിഗ്രഹണിതസ്സൌമ്യൈരവസ്ഥാത്മകഃ
ക്രൂരാദേശ്വരസൌമ്യമിശ്രതനുഗൈർദ്വാവിംശതിത്ര്യംശകേ
നാശംയാതിശരീരമഗ്നിജലസമ്മിശ്രശ്ചമൃത്യൈഃ ക്രമാൽ. ൧൯൬

വ്യാ—ലഗ്നസ്ഫുടത്തിൽ ചെല്ലുവാനുള്ള നവാംശകസംഖ്യയോളം മോക്ഷം (ബോധക്ഷയം) മരണകാലത്തിലുണ്ടാകും. പാപഷഷ്ടിയുണ്ടായിരുന്നാൽ ആ സംഖ്യയെ ഇരട്ടിക്കുകയും ശുഭന്റെയോ ഭാവാധിപന്റെയോ ദൃഷ്ടിയുണ്ടായാൽ ഈ സംഖ്യയെ മൂന്നിൽ ഗുണിക്കയും ചെയ്യണം. ഇരുപത്തിരണ്ടാം ദ്രേക്കാണത്തിന്റെ ചരം സൌമ്യം മിശ്രം ഈ ഭേദങ്ങളനുസരിച്ചു ശരീരത്തിന്റെ നാശത്തെയും പറയണം. ആ ദ്രേക്കാണം അഗ്നിദ്രേക്കാണമായാൽ അഗ്നികൊണ്ടും ജലദ്രേക്കാണമായാൽ വെള്ളത്തിൽ കിടന്നു ജീർണിയും (ശവം) മിശ്രദ്രേ

ക്കാണമായാൽ ഈ രണ്ടുവസ്തുക്കളുമില്ലാതെയും മൃതന്റെ ശവത്തിനു നാശം ഭവിക്കും.

മൂ— ദേവമർത്ത്യപിതൃനാരകാലയാൻ
പ്രാണിനോഹ്രുരിനക്ഷമാസുതെ
കുജ്ജരിന്ദുഭൃഗൗബുധാക്കജേ
മൃത്യുകാലഭവലഗ്നഗായദി. ൧൭൭

വ്യാ—ഹ്രുവിനു ദേവലോകം സൂര്യകുജന്മാക്കു മനുഷ്യലോകം ചന്ദ്രശുക്രന്മാക്കു പിതൃലോകം ബുധശനികൾക്കു നാരകലോകം ഇപ്രകാരം മരണലഗ്നത്തിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു ആത്മാവിന്റെ പരലോകപ്രാപ്തിയെ ചിന്തിച്ചുകൊള്ളണം.

മൂ— ഭ്രുചക്രംസ്യാത്തുഖരാദ്യംചതുഷ്കം
സിംഹാദ്യാരാദ്യംഭ്രുവശുക്രമാഹുഃ
ചാപാദിസ്ഥംതൽസുവശുക്രജന്മ്യം
ജീവോമൃത്യുക്ഷേത്രുലോകംസമേതി. ൧൭൮

വ്യാ — മേഷാദി നാലുരാശികൾ ഭ്രുചക്രവും സിംഹാദി നാലുരാശികൾ ഭ്രുവശുക്രവും ചാപാദി നാലുരാശികൾ സുവശുക്രവും ആകുന്നു. ഇവകൊണ്ടും ആത്മാവിന്റെ ഗതിയെ ചിന്തിക്കാം.

മൂ— രിഷ്പൂധീശേപാപഷഷ്ഠ്യംശയുക്തേ
പാപൈർദൃഷ്ടേനാരകം ലോകമേതി
രാഹൌരിഃഖേമന്ദിരസ്ഥ്രശയുക്തേ
ശത്രുസ്ഥാനസ്വാമിയുക്തേതഥാസ്യാൽ. ൧൭൯

വ്യാ—പന്ത്രണ്ടാംഭാവാധിപൻപാപഷഷ്ഠ്യംശത്തിൽ നില്ക്കുകയും പാപന്മാൽ ദൃഷ്ടനാകയുംരാഹു പന്ത്രണ്ടാമിടത്തു ഗുളികന്റെയൊ അഷ്ടമാധിപന്റെയൊ യോഗത്തോടും ആറാംഭാവാധിപന്റെ ദൃഷ്ടിയോടുംകൂടി നില്ക്കയും ഈവക യോഗങ്ങളൊക്കെയും ആത്മാവിനു നരകപ്രാപ്തിയെച്ചെയ്യുന്നതാകുന്നു.

മൂ— ഉച്ചസ്ഥാശുഭേചരേ വ്യയഗതേപാപഗ്രഹേശോഭനൈ
സ്സംദൃഷ്ടേശുഭവർഗ്ഗഗേചവിപുലംസ്വർഗ്ഗാദിഭോഗംവദേൽ
കർമ്മസ്ഥാനപതൌപുരന്ദരഗൃഹൌരിഷ്ഫേപയാതേഥവാ
സൌമ്യവ്യോമനിവാസദൃഷ്ടിസഹിതേതസ്യാമരത്വംവേൽ.

വ്യാ—പന്ത്രണ്ടാമിടത്തു ശുഭനോ പാപനോ ശുഭദൃഷ്ടിവർഗ്ഗങ്ങളും ഉച്ചം മുതലായ ബലവത്വവും ചേർന്നിരുന്നാൽ മൃതനു ഉയർന്ന ലോകസുഖാനുഭവബാഹുല്യം ഭവിക്കുമെന്നു പറയണം. പത്താംഭാവാ

ധിപനോ ഗുരുവോ പത്രണ്ടാമിടത്തു ശുഭദൃഷ്ടിയോടുകൂടിനിന്നാൽ മൃതന്ന് അമരത്വം (ദേവത്വം) തന്നെ ഭവിക്കും.

മൂ— ബ്രഹസ്പതൌഥാപനവാംശകസ്ഥേ
ബലാന്വിതേകക്ടലഗ്നയാതേ
ത്രിഭിശ്ചതുർഭിസ്സഹകണ്ടകേഷു
നഭശ്ചരേബ്രഹ്മപദംപ്രയാതി. ൧൬൯

വ്യാ—ബലവാനായ ഗുരു കക്കടകത്തിൽനിന്നു (ഉച്ചത്തിൽ) ധനസ്സിൽ നവാംശകം ചെയ്തായും മൂന്നോ നാലോ ഗ്രഹങ്ങൾ കേന്ദ്രത്തിൽ നിൽക്കയും ചെയ്താൽ മൃതൻ ബ്രഹ്മലോകത്തെ പ്രാപിക്കും.

മൂ— ധനുർവിലഗ്നേയുതിതുഖരാംശകേ
ലഗ്നേഗുരൌദാനവപൂജിതേസ്ഥഗേ
കന്യാഗതേശീതകരേബലാന്വിതേ
പരംപദംലോകമുപൈതിശാശ്വതം. ൧൭൦

വ്യാ—ധനുർല്ലഗ്നത്തിൽ ആത്മനവാംശകത്തോടുകൂടിയ ലഗ്നത്തിൽ ഗുരുവും ഏഴിൽശുക്രനും ബലവാനായ ചന്ദ്രൻ കന്നിയിലും നിന്നാൽ ശാശ്വതമായ (ആവൃത്തിഹീനമായ) പരമ്പദത്തെ പ്രാപിക്കും.

മൂ— നിസർഗ്ഗദായപ്രമുഖായുരബ്ദ
സ ഫുടക്രിയാമൃത്യുദശാപ്രഭേദാഃ
നിര്യ്യാണകാലപ്രഭവാശ്ചസർവേ
സങ്കീർത്തിതാഭാനുമുഖപ്രസാദാൽ. ൧൭൧

വ്യാ—സൂര്യാദിഗ്രഹങ്ങളുടെ അനുഗ്രഹം ഹേതുവായിട്ടു ഈ അദ്ധ്യായത്തിൽ നിസർഗ്ഗദശാപിണ്ഡദശ മുതലായവയും ഇവയുടെ സ്ഫുടകാരങ്ങളും മൃത്യുദശാഭേദങ്ങളും നിര്യ്യാണകാലലക്ഷണങ്ങളും പരലോകപ്രാപ്തിഭേദങ്ങളും ഏറ്റവും പറയപ്പെട്ടു.

ആയുർദ്ദായമായ അഞ്ചാമധ്യായം കഴിഞ്ഞു.

# ആറാം അദ്ധ്യായം.

---

മൂ— കേചിദ്യോഗാരാജ്യയോഗസ്യഭംഗാഃ
കേചിദ്ദ്രേഖാഃ കേചിദാരിദ്ര്യയോഗാഃ
കേചിൽപ്രേഷ്യാഃ കേചകേമദ്രുമാഖ്യാ
സ്തേ പ്രതാരോ ജാതഭംഗപ്രദാസ്യുഃ. ൧

വ്യാ—കഴിഞ്ഞ അദ്ധ്യായത്തിൽ ആയുർദ്ദായനത്തെപ്പറഞ്ഞതിനു ശേഷം ഈ അദ്ധ്യായത്തിൽ രാജയോഗഭംഗകരങ്ങളായ ചില ദ്രേഖാ യോഗം ദാരിദ്ര്യയോഗം പ്രേഷ്യയോഗം കേമദ്രുമയോഗം ഇവ ഉള്ളതിനേ പറയാൻ തുടങ്ങുന്നു. ഇവ ഒക്കയും ജാതകഭംഗയോഗങ്ങളുമാണ്.

മൂ— മേഷേജുകനവാംശകേദിനകരേപാപേക്ഷിതേനിർബ്ബലീ
കന്യാരാശിഗതേ ഭൃഗൗസുതേ കന്യാംശകേഭീക്ഷുകഃ
നീചർക്ഷേത്രഗതിർനീചഭാഗ്സഹിതേജ്ജാതോദ്ദിവാനായകേ
രാജശ്രേഷ്ഠകുലാഗ്രജോപിവിഗതശ്രീപുത്രദാരാശനഃ. ൨

വ്യാ—സൂര്യൻ മേടത്തിൽ നിൽക്കയും തുലാത്തിൽ അംശകിക്കയും ചെയ്യ. അതുപോലെ സൂര്യൻ തുലാത്തിൽ നില്ക്കയും തുലാത്തിൽ അതിനീചത്തിൽ അംശകിയ്ക്കയും ചെയ്യ. എന്നാൽ ജാതൻ ഒന്നാമത്തെ യോഗത്തിൽ ദരിദ്രനായും രണ്ടാമത്തതിൽ ചക്രവർത്തിയായ രാജശ്രേഷ്ഠൻ ആയിരുന്നാൽ തന്നെയും സമ്പത്തു, പ്രൈശ്വര്യം, ഭാര്യമാർ, പുത്രന്മാർ ഭക്ഷണം ഇവ ഒന്നും ഇല്ലാത്തവനായിഭവിക്കും. അതുകൊണ്ടാടെ ഭാഗ്യഹീനനായ മഹാദരിദ്രനാകുമെന്നർത്ഥം (വിഗതശ്രീപുത്രദാരാശനഃ) എന്നുള്ളിടത്തു ശൃംഗാരാദി കാമകലാപരിജ്ഞാനവീനൻ ഷണ്ഡപ്രായൻ എന്നകൂടി വ്യാഖ്യേയമല്ലയോ എന്നു രസികന്മാർ തീർച്ചപ്പെടുത്തട്ടെ. ശുക്രൻ കന്നിരാശിയിലോ കന്യാംശത്തിലോ നിൽക്കുക. എന്നാലും ഭിക്ഷക്കാരനായിത്തീരും.

മൂ— മന്ദാരാഹിസമന്വിതേമരഗുരൗശുക്രേന്ദുപുത്രേക്ഷിതേ
ജാതശ്ശൂദ്രകുലാന്വിതോപി നിഖിലാംവിദ്യാമുപൈതിധ്രുവം
താരാനാഥവികത്തനൗമദഗതേസൗരേണസംവീക്ഷിതൗ
ജാതോസൗസമുപൈതി നാഥവിഹിതംപാപോനസജ്ജീ-
വനം.

വ്യാ—ശനി, കുജൻ, രാഹു ഇവരൊരുമിച്ചുംബുധശുക്രന്മാരാൽ ദൃഷ്ടനായും ഗുരു നിന്നാൽ ജാതൻ സർവ്വശാസ്ത്രജ്ഞനായി ഭവിക്കും.

സൂര്യചന്ദ്രന്മാർ ശനി ദൃഷ്ടിയോടുകൂടി ലഗ്നാൽ ഏഴാമിടത്തുനിന്നാൽ ജാതൻ നീചനായും പാപനായും ഭവിക്കും.

മൂ— കേന്ദ്രസ്ഥനാപിലഗ്നേദിനകരതനയേ
നസൗമ്യഖേടൈരുദൃഷ്ടേ
ക്ഷസൂനോഃ കാലഹോരാസമയമുമനുജോ-
ഭിക്ഷുകോദാ സ്വല്പഃ
സൌമ്യാദൃഷ്ടേക്ഷുകേന്ദ്രേശശിനിസരുധിരേ
മേഷഗേഭിക്ഷുകസ്സ്യാ
ദാക്കീന്ദ്വൈക്യസ്സകേന്ദ്രൈർജ്ജഡതനുരധന-
ശ്ചാന്യർക്ഷകശാസനസ്സ്യാൽ. ൨

വ്യാ—ശുഭദൃഷ്ടിയില്ലാത്ത ശനി ലഗ്നത്തിലും കേന്ദ്രങ്ങളിലും ഇല്ലാതിരിക്കുമ്പോൾ കുജന്റെ കാലഹോരയിൽ (കാലഹോരാക്രമം ഇനിയും മേൽപ്പുറയും) ജനിക്കുന്നവൻ ദാസനും ഭിക്ഷുകനുമായി ഭവിക്കും. ശുഭദൃഷ്ടിയില്ലാത്ത ചന്ദ്രൻ മേടത്തിൽ സൂര്യദൃഷ്ടനായി കുജനോടുകൂടി നിന്നാലും ജാതന്റെ ഫലം ഭിക്ഷുകത്വമാണ്. കേന്ദ്രങ്ങളിൽ സൂര്യചന്ദ്രശനികൾ നിന്നാലും ജാതൻ ജളനായും ദാസനായും അന്യന്റെ ചോറുമാത്രം ഭക്ഷിക്കുന്നവനായും ഭവിക്കും.

മൂ— മന്ദേകേന്ദ്രഗതേവിലഗ്നഗൃഹഗേചന്ദ്രേന്ദ്വീഗേവാക്ഷതേ
ജാതോഭിക്ഷുതയൈവശോകജഡധൌഗോവിദ്വേശംഗതഃ
ധർമ്മസ്ഥാനപതൌതുരിഷഗൃഹഗേപാപഗ്രഹേകേന്ദ്രഗേ
ജാതഃപാപരതഃ പരാന്നധനകൃദ്വിദ്യാവിഹീനോഭവേൽ. ൩

വ്യാ—ലഗ്നത്തിൽ ചന്ദ്രനും ശനി കേന്ദ്രങ്ങളിലും ഫല-ൽ ഗ്രഹവും നിൽക്കുമ്പോൾ ജനിക്കുന്നവൻ ഭിക്ഷക്കാരനായും വളരെ സങ്കടങ്ങളെ അനുഭവിച്ചും സ്വദേശംവിട്ടു പോകും. ഒൻപതാം ഭാവാധിപൻ (ഭാഗ്യാധിപൻ) പന്ത്രണ്ടിലും പാപഗ്രഹം കേന്ദ്രത്തിലും നിൽക്കുക. എന്നാൽ ജാതൻ പാപിയായും വിദ്യാഹീനനായും മോഷണം ചെയ്യുന്നവനായും ഭവിക്കും.

മൂ— ജീവേരാഹ്വയുതേഥവാശിഖിയുതേ പാപേക്ഷിതേനീചകൽ
നീചേനീചസമീക്ഷിതേസുരഗുരൌ വിപ്രോപിദുഷ്കർമ്മകൽ
നീചേചന്ദ്രവിലഗ്നപൌസഹിവാനാഥേനമന്ദേക്ഷിതൌ
പ്രേഷ്യസ്സ്യാദശുഭൈശ്ശുഭഗ്രഹദശാഹീനൈശ്ചമാനസ്ഥി-
തൈഃ. ൪

വ്യാ—ഗുരു രാഹുവിനോടോ കേതുവിനോടോ കൂടി പാപദൃഷ്ട

നായി നില്ക്കുക. എന്നാൽ ജാതൻ അനുചിതകർമ്മത്തെ ചെയ്യുന്നവനാകും. (൫) ഗുരു നീചത്തിൽ നീചഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി നിൽക്കുക എന്നാൽ ജാതൻ ബ്രാഹ്മണനായിരുന്നാലും നീചസ്വഭാവിയാകും. (൬) ലഗ്നാധിപഗം ചന്ദ്രനും നീചത്തിൽ സൂര്യനൊരുമിച്ചു ശനിദൃഷ്ടിചേർന്നു നിൽക്കുക ശുഭദൃഷ്ടിയില്ലാത്ത പാപന്മാർ പത്താമിടത്തും നിൽക്കുക. എന്നാൽ ജാതൻ ദാസനായി ഭവിക്കും.

മൂ— ഭാഗ്യേശേന്ദ്യഗതേസഹോദരഗതൈഃ പാപൈർവ്യയേശേഷഗേ
ദൃഷ്ടോജീവപരമ്പരാദിസഹിതോജ്ഞോതോന്യജായാരതഃ
സപ്തൈർനീചസപത്നഭാഗസഹിതൈഃ കർമ്മേതരസ്ഥാനഗൈ-
ർവിദ്യാബുദ്ധികളത്രപുത്രരഹിതഃകോപീസദാഭിക്ഷ്യുട്ടക്. ൭

വ്യാ ഭാഗ്യാധിപൻ പന്ത്രണ്ടിലും പന്ത്രണ്ടാംഭാവാധിപൻ രണ്ടിലും പാപന്മാർ മൂന്നിലുമാവുക. എന്നാൽ ജാതൻ നിന്ദ്യസാധനങ്ങളെഭക്ഷിക്കുന്നവനായും തടിയുകാരനായും പരസ്ത്രീസക്തനായും ഭവിക്കും. എല്ലാഗ്രഹങ്ങളും പത്താംഭാവമൊഴിഞ്ഞുള്ള സ്ഥാനങ്ങളിൽ നീചാംശം ശത്രുക്ഷേത്രാംശകം ഇവയോടുകൂടി നിന്നാൽ ജാതൻ മൂഢനായും ഭാര്യാപുത്രാദികളില്ലാത്തവനായും കോപിയായും ഭവിക്കും.

മൂ— ലഗ്നസ്വാമിനിരിഷ്ഫഗേതുവിയതിക്ലേസചന്ദ്രാക്കജേ
ജാതോസൌഹൃദ്ദേശഗസ്സുഖധനോപേതോവിദേശംഗതഃ
ഹോരാജന്മപതീനശോഭനയുതാവസ്ഥംഗതൌവാന്യഗേ
ഭാഗ്യേശേയദിജന്മനീന്ദുതനയോജ്ഞാതഃകുലധ്വംസകഃ. ൮

വ്യാ ലഗ്നാധിപൻ പന്ത്രണ്ടിലും പത്താമിടത്തു പാപഗ്രഹവും ചന്ദ്രനു ശനിയോഗവും ഉണ്ടാവുക. എന്നാൽ ജാതൻ സുഖവും ധനവും ഇല്ലാതെ ദരിദ്രനായിട്ട് സ്വദേശംവിട്ടു പോവും. ലഗ്നാധിപനും ചന്ദ്രലഗ്നാധിപനും ശുഭയോഗങ്ങളില്ലാതെ ഏഴാമിടത്തു നില്ക്കയും ഭാഗ്യാധിപൻ (൯-൦ംഭാവാധിപൻ) പന്ത്രണ്ടാമിടത്തു നില്ക്കയും ജന്മത്തിൽ ബുധൻ നില്ക്കയും ചെയ്താൽ ജാതൻ സ്വകുലത്തെ നശിപ്പിക്കും.

മൂ— സൌമ്യാസൌമ്യയുതേഷ്വകേന്ദ്രഭവനേഷ്വിന്ദൌഗതസ്വാമിനാ
ദൃഷ്ടേമന്ദനവാംശകേസതികുലധ്വംസീവിദാരാത്മജഃ
കാമേബോധനശുക്രയോസ്സുതഗൃഹേജീവേസുഖസ്ഥേശുഭേ
പാപേരന്ധ്രഗതേചചന്ദ്രഭവനാജ്ജാതഃകുലധ്വംസകഃ. ൯

വ്യാ—കേന്ദ്രങ്ങൾ ശുഭപാപസമ്മിശ്രങ്ങളായും ചന്ദ്രൻ ലഗ്നാധിപന്റെ ദൃഷ്ടിയോടുകൂടി ശനിയുടെ നവാംശത്തിൽ നില്ക്കുക

ഫലിന്നാൽ ജാതൻ വംശനാശത്തെച്ചെയ്യും. ബുധന്റെയോ ശുക്രന്റെയോ അഞ്ചിലൊ ഏഴിലൊ ഗുരുവും നാലാമിടത്തു ശുഭനും ചന്ദ്രൻ അഷ്ടമത്തിൽ പാപനും നിന്നാൽ ജാതൻ കുലധ്വംസിയാകും.

മൂ— ചരാവസാനേശശിനിസ്ഥിരാദ്യേ
ദ്വിദ്വേഹമധ്യേബലവർജ്ജിതേച
ഹീനേപിലഗ്നേയദിവേചരേന്ദ്രേ-
ഷ്വിനാശമേതിക്ഷിതിപാലയോഗഃ. ൧൦

വ്യാ —ക്ഷീണചന്ദ്രൻ ചരരാശിയുടെ അന്ത്യത്തിലും സ്ഥിരരാശിയുടെ ആദിയിലും ഉഭയരാശിയുടെ മധ്യത്തിലും നില്ക്കയും ലഗ്നത്തിൽ ഗ്രഹങ്ങളില്ലാതെയും വന്നാൽ രാജയോഗമായിരുന്നാലും ഫലിക്കയില്ല.

മൂ— ലഗ്നരാശിനവഭാഗനാന്യകൊ
ഭാനുശീതകരഭേവപൂജിതാഃ
ശത്രുനീചസഹിതാസ്സ്വനീചഭ
സ്വാമിഭാഗസഹിതാഃപരാന്വഗഃ. ൧൧

വ്യാ—ലഗ്നാധിപൻ ലഗ്നാംശാധിപൻ സൂര്യൻ ചന്ദ്രൻ ഗുരു ഇവർ ശത്രുക്ഷേത്രാംശം നീചാംശകം ഇവയിൽ നിന്നാലും ജാതൻ അന്യനെ ആശ്രയിക്കും.

മൂ— ശശിനിഗഗനയാതേകാമഗേദാനപൂർവ്വേ
നവമഭവനയാതേപാപഖേടേകുലഘ്നേ
ഭൃഗുശശിജചന്ദ്രാഃകേന്ദ്രഗാജന്മലഗ്നേ
തമസിവിഹിതകർമ്മധ്വംസകോനീചകൃത്യേ. ൧൨

വ്യാ—ചന്ദ്രൻ പത്താമിടത്തും ഏഴിൽ ശുക്രനും ഒൻപതിൽ പാപനും നിന്നാൽ ജാതൻ കുലനാശത്തെച്ചെയ്യും. കേന്ദ്രത്തിൽ ശുക്രൻ ബുധൻ ചന്ദ്രൻ ഇവരും ലഗ്നത്തിൽ രാഹുവും നിന്നാൽ കുലാചാരങ്ങളെ വിട്ടു നീചനായി ഭവിക്കും.

മൂ— നീചേഭൃഗൌമന്ദനവാംശകേവാ
ദൃസ്ഥാനഗേഭാനുസുതേക്ഷിതേച
കാമസ്ഥിതേശീതകരേസഭാനൌ
മാത്രാസഹപ്രേഷ്യമുപൈതിനിത്യം. ൧൩

വ്യാ—ശുക്രൻ ൫-൯-൬-൧൨ ഈ ഭാവങ്ങളിൽ ശനിയുടെ ദൃഷ്ടിയോടുകൂടി നീചത്തിലൊ ശനിയുടെ നവാംശത്തിലൊ നില്ക്കയും ഏഴിൽ ചന്ദ്രനോടുകൂടി ആദിത്യൻ നില്ക്കയും ചെയ്താൽ ജാതനും മാതാവുംകൂടി അന്യന്റെ ദാസ്യത്തെച്ചെയ്യും.

മൂ— നിചോച്ചരാശ്യവാസരനാഥകേവാ
കേന്ദ്രസ്ഥിതേപാപയുതേശിശുർന്ന
കേന്ദ്രേസപാപേശുഭദൃഷ്ടിഹീനോ
രന്ധ്രസ്ഥരാശ്യാമൃഗജാരിഹന്താ. ൧൮

വ്യാ—സൂര്യനോ ഗുരുവോ പാപനോടുകൂടി കേന്ദ്രങ്ങളിൽ നീചനായി നിന്നാൽ ജാതൻ കുട്ടികളെക്കൊല്ലുന്നവനായി ഭവിക്കും. അതുപോലെ ശുഭദൃഷ്ടിയില്ലാത്ത പാപൻ കേന്ദ്രത്തിൽ നില്ക്കയും ഗുരു അഷ്ടമത്തിൽ നില്ക്കയും ചെയ്താൽ ജാതൻ പശുമഹിഷാദിമൃഗങ്ങളെ കൊല്ലുന്നവനായി ഭവിക്കും.

മൂ— ശശാങ്കസൌമ്യൌദശമോപയാതൌ
പാപേക്ഷിതൌപാപസമന്വിതൌച
നീചാംശഗൌസൌമ്യദൃശാവിഹീനൌ
ജാതസ്യനിത്യംഖലുപക്ഷിഹന്താ. ൧൯

വ്യാ—ചന്ദ്രനും ബുധനും പത്താമിടത്ത് പാപയോഗദൃഷ്ട്യാദികളോടുകൂടി ശുഭദൃഷ്ടിയില്ലാതെ നീചാംശകത്തോടുകൂടി നിന്നാൽ ജാതൻ എന്നും പക്ഷികളെക്കൊല്ലുന്നവനാകും.

മൂ— ചന്ദ്രാൽസുതേലഗ്നപതേ യധനേവാ
സൌമ്യേക്ഷരേഷ്വഷ്ടമരാശിഗേഷു
മാനസ്ഥിതേശീതകരേതദാനീം
ജാതസ്യജീവത്യുതിഹേയവൃത്യാ. ൨൦

വ്യാ—ലഗ്നാധിപൻ ചന്ദ്രാൽ അഞ്ചിലോ രണ്ടിലോ നില്ക്കയും അഷ്ടമത്തിൽ പാപന്മാരുണ്ടായിരിക്കയും ചന്ദ്രൻ പത്തിൽ നില്ക്കയും ചെയ്താൽ ജാതൻ ഏറ്റവും നിന്ദ്യകർമ്മങ്ങളെച്ചെയ്യും.

മൂ— നീചാരിഭാംശേഷുഭൃഗ്വേവപൃഥ്വ്യൌ
തദംശകേവാസരനാഥപുത്രേ
ജാതസ്യദുഃഖൈസ്സുതദാരഹീനഃ
ക്ലേശേന സഞ്ജീവതിഭാഗ്യഹീനഃ. ൨൧

വ്യാ—ഗുരുശുക്രന്മാർ നീചത്തിലോ ശത്രുക്ഷേത്രത്തിലോ നില്ക്കയും ശനി അവരുടെ നവാംശത്തിൽ നില്ക്കയും ചെയ്താൽ ജാതൻ ഭാര്യാപുത്രാദികളില്ലാത്തവനായും ദുഃഖിതനായും ഭാഗ്യഹീനനായും ഭവിക്കും.

മൂ— സർവേപാപാഃകേന്ദ്രനീചാരിസംസ്ഥാ
സ്സൌമ്യൈർദൃഷ്ടാരിഃഫരന്ധ്രാരിയാതൈഃ

നിവ്വ്യന്ത്യേതരോരുയോഗംഗ്രഹേന്ദ്രാ
നീചാരാത്കൂരഷഷ്ട്യംശകാശ്മ. ൧൬

വ്യാ—ജനനസമയം എല്ലാപാപഗ്രഹങ്ങളും കേന്ദ്രങ്ങളിലും നീചങ്ങളിലും ശത്രുക്ഷേത്രത്തിലും നില്ക്കയും സ-വ്യ-ഹ. ഈ ഭാവങ്ങളിലായി നില്ക്കുന്ന ശുഭന്മാരുടെ ദൃഷ്ടിയുണ്ടാവുകയും നീചം ശത്രുക്ഷേത്രം കൂരഷഷ്ട്യംശം ഇവയൊക്കെയും രാജയോഗത്തെയും നശിപ്പിക്കുന്നതാകുന്നു.

മൂ— കേന്ദ്രസ്ഥിതാമന്ദനിശാകരാഭ്യാം
ശുഭൈരദൃഷ്ടായദിമദ്ധ്യപായീ
കൂരാരിഷഷ്ട്യംശകനീചഭാഗാ
ദുഷ്കർമ്മയുക്തോന്യകളുദ്രഗാമീ. ൧൭

വ്യാ—സൂര്യൻ ചന്ദ്രൻ ശനി ഇവർ ശുഭദൃഷ്ടിയില്ലാതെ കേന്ദ്രസ്ഥന്മാരായാൽ ജാതൻ മദ്ധ്യപാനിയായിത്തീരും. ഇവർതന്നെ കൂരഷഷ്ട്യംശം നീചം ശത്രുക്ഷേത്രം ഇതുകളോടുകൂടിയാൽ ജാതൻ ജാരനായി ഭവിക്കും.

മൂ— നീചേഭൃഗൗകർമ്മഗതേസപാപേ
ദിജപ്രഹത്ത്യാമദിപാപദൃഷ്ടേ
വ്യയേശുഭർക്ഷേക്സുതാംശകസ്ഥേ
ഭൃഗൗചദാസീജനലോലുപസ്സ്യാൽ. ൧൮

വ്യാ—നീചനായ ശുക്രൻ പാപനോടുകൂടി കർമ്മത്തിൽ (പത്താമിടത്ത്) പാപദൃഷ്ടനായി നിന്നാൽ ജാതൻ ബ്രാഹ്മണനെ പ്രഹരിക്കു (അടിക്കു)ന്നവനായിത്തീരും. പന്ത്രണ്ടാംഭാവം ശുഭക്ഷേത്രമായും അവിടെ ശനിയുടെ അംശകത്തിൽ ശുക്രൻ നില്ക്കയുംചെയ്താൽ ജാതൻ ദാസീലമ്പടനായിത്തീരും—(രേഖായോഗം)

മൂ— ലഗ്നേശേബലവജ്ജിതേപരിഭവസ്ഥാനാധിപേനേക്ഷിതേ
സൂര്യേച്ഛ്രീനകരേപുരന്ദരഗുരൗരേകാഖ്യയോഗോഭവേൽ
ബന്ധുസ്ഥാനപസംയുതാംശകപതൌതിഗ്മാംശുതപ്തൃതൌ
രിഃഫേശേനനിരീക്ഷിതേസതിയദായോഗസ്തുരേകാഹ്വയഃ. ൧൯

വ്യാ—ലഗ്നാധിപനബലമില്ലാതെയും ആറാം ഭാവാധിപന്റെ ദൃഷ്ടിയുണ്ടായും ഗുരുവിനു മൌഢ്യമുണ്ടാകയും ചെയ്താൽ രേകായോഗമാകുന്നു. നാലാം ഭാവാധിപന്റെ നവാംശകാധിപതിക്കു മൌഢ്യമുണ്ടായും പന്ത്രണ്ടാം ഭാവാധിപന്റെ ദൃഷ്ടിയുണ്ടായും നിന്നാലും രേകായോഗമാകുന്നു.

മൂ— ഷഷ്ഠസപ്തമനിരീക്ഷിതേതരൂപതൈരുത്സ്രശയുക്തേഥവാ
മാന്ദേശേസുതഗേപിലഗ്നാമണോനീചംഗതേരേകഭാക്
രന്ധ്രാരിവ്യയരാശിഗായദിശുഭാഃകേന്ദ്രത്രികോണോപഗാഃ
പാപേലാഭഗൃഹാധിപേചവിബലേരേകാഭിശസ്തോഭവേൽ. ക്ഷ

വ്യാ—നാലാം ഭാവാധിപനു ആറാം ഭാവാധിപന്റെയോഗ മൊ ദൃഷ്ടിയൊ ഉണ്ടാവുകയും പത്താം ഭാവാധിപൻ അഞ്ചിലും ലഗ്നാധിപൻ നീചത്തിലും ആവുകയും ചെയ്താൽ രേകായോഗം ഉണ്ടു. നു-വ്യ-ക്ഷ ഈ ഭാവങ്ങളുടെ അധിപന്മാർ ശുഭന്മാരാവുകയും അവർ കേന്ദ്രത്തിലൊ ത്രികോണത്തിലൊ നിൽക്കയും ക്ഷ-ാം ഭാവാധിപൻ പാപനും ബലഹീനനുമാകയും ചെയ്താലും രേകായോഗമാകുന്നു.

മൂ— ഭാഗ്യസ്ഥാനപതൌവികത്തനകരസ്ഥനോവിലഗ്നാധിപേ
നീചസ്ഥാധനപേചനീചഗൃഹഗേരേകാഭിധാനോഭവേൽ
നീചസ്ഥാനഗതാദിനേശകിരണസ്ഥനാസ്സുനോലഗ്നപേ
ദൃഷ്ടസ്ഥാനഗതേഥവാഗതബലേയോഗസ്സുരേകപ്രദഃ. കട

വ്യാ—ഭാഗ്യാധിപനുമൌഢ്യവും ലഗ്നാധിപനും രണ്ടാം ഭാവാധിപനും നീചവും ഉണ്ടായാൽ രേകായോഗമാകുന്നു. മൂന്നുഗ്രഹങ്ങൾക്ക് നീചമൊ മൌഢ്യമൊ ഉണ്ടാവുകയും ലഗ്നാധിപൻ അനിഷ്ടസ്ഥാനത്തു് നിന്നാലും രേകായോഗമുണ്ടാകും.

മൂ— ഹോരേശഃബലസംയുതസ്സിതഗുരുശ്ചാസ്തംഗതൌതദ്വദേൽ
ബന്ധുസ്ഥാനപതിശുഭേതരയുതശ്ചാസ്തംഗതോരേകദഃ
ഹോരാവിത്തനവാസ്തുദായസുഖധീകാമാനുജസ്ഥാഃഖലാ
സ്തസ്യായുർനവഭാഗരേകഫലദാനീചാരിപാപേക്ഷിതാഃ. കര

വ്യാ—ലഗ്നാധിപനുപാപയോഗവും ഗുരുശുക്രന്മാർക്കു നീചവും ഭവിക്കുക. (ക്ഷ) നാലാംഭാവാധിപന്നു് പാപയോഗവും നീചവും ഭവിക്കുക. ക) പാപന്മാർ നീചസ്ഥന്മാരുടേയും പാപന്മാരുടെയും ശത്രുക്കളുടേയും ദൃഷ്ടിയോടുകൂടി ലഗ്നം ക-ൻ-ക്ഷ-ക്ഷ-ര-ീ-ഒ-ന. ഈ സ്ഥാനങ്ങളിലും നിൽക്കുക. (ന) ഇവ മൂന്നും രേകായോഗമാകുന്നു. (വിശേഷിച്ചും ന-ാമതെയോഗമുണ്ടായാൽ ജാതന്റെ ആയുസ്സിൽ ഒൻപതു ഭാഗവും രേകാഫലാനുഭവമുണ്ടായിരിക്കും).

മൂ— ത്രികടികത്രികഖലഭ്യചരാനരാണാം
കല്യുസ്പവിക്രമഗതാഃപ്രതസ്ഥിരൈവ
ആദ്യൌത്രിമധ്യവയസ്ഥിക്രമശസ്ഥിതന്യേ
രേകപ്രദാരിപുഖലഗ്രഹനീചദൃഷ്ടാഃ. കട

വ്യാ—ലഗ്നം-൨-൯ ഈ ഭാവങ്ങളിൽ ക്രമേണ ൧-൨-൯ ഈ ക്രമത്തിൽ ശത്രുക്കളുടേയും പാപന്മാരുടേയും നീചസ്ഥന്മാരുടേയും ദൃഷ്ടിയോടുകൂടി പാപന്മാർ നിന്നാൽ വയസ്സിന്റെ ആദി-മദ്ധ്യം-അന്ത്യം ഈ കാലങ്ങളിൽ രോഗഫലമുണ്ടാവും. പിന്നെ ൬-൪-൯ ഈ ക്രമത്തിനു ൧൨-വരെയുള്ള ഭാവങ്ങളിൽ ഇങ്ങനെ പാപന്മാർ നിന്നാൽ ഫലവും ഇങ്ങനെ തന്നെ.

രോഗയോഗഫലം.

മൂ— നിവേദ്യോവിധനോദരിദ്രസഹിതോരോഗോഭവേൽകാമുകഃ
ക്രോധീദുഃഖിതമാനസോ രുഗികരസ്സ്യൂഭാഗ്യഹീനോപടുഃ
ഭിക്ഷാശീമലിനോവിവാദനിരതോ മാത്സര്യ്യഭാഷ്യാന്വിതോ
ദേവബ്രാഹ്മണദൂഷകഃ പ്രതിദിനംദാരാത്മജൈർനിന്ദിതഃ. ൨൩

വ്യാ—രോഗയോഗത്തിൽ ജനിച്ചവൻ മൂഢനായും സമ്പാദ്യമില്ലാത്തവനായും ദരിദ്രനായും കാമിയായും കോപമുള്ളവനായും മനോദുഃഖമുള്ളവനായും വിരൂപനായും മലിനനായും അരുക്കും അപ്രീതിയെച്ചെയ്യുന്നവനായും സാമർത്ഥ്യമില്ലാത്തവനായും യാചകനായും വ്യവഹാര (ദുർവ്വാദ) പ്രിയനായും മത്സരമുള്ളവനായും ദേവബ്രാഹ്മണദൂഷകനായും ഭാര്യാപുത്രാദികളാലും നിന്ദിയ്ക്കപ്പെടുന്നവനായും ഭവിക്കും.

മൂ— ദുഷ്ടാത്മാകുനഖീകുമാർഗ്ഗനിരതോദൈർഭാഗ്യയോഗാന്വിതോ
ബന്ധൂനാമപകാരഭക്ഷണപരസ്സ്വദ്ധാലുരാഭിക്ഷുകഃ
മൂകോന്ധോബധിരപ്രേമത്തഹൃദയഃ കാമാതുരോരോഷധീഃ
പംഗുർനേത്രവികാരഭാവസഹിതോരോഗോഭവേത്സ്ത്രീനരഃ. ൨൪

വ്യാ—രോഗയോഗമുള്ളവൻ ദുർബുദ്ധിയായും കുഴിനഖമുള്ളവനായും ഭാഗ്യഹീനനായും ദുർമ്മാർഗ്ഗിയായും ബന്ധുക്കൾക്കു ഉപദ്രവിയായും ബന്ധുക്കളെ ദൂഷിക്കുന്നവനായും സ്വദ്ധ്യുള്ളവനായും യാചകനായും മൂകനായും കണ്ണുകാണാത്തവനായും ചെവികേൾക്കാത്തവനായും ചഞ്ചലബുദ്ധിയായും കാമിയായും കോപിയായും മുടന്തനായും കോങ്കണ്ണുള്ളവനായും ഭവിക്കും.

ദാരിദ്ര്യയോഗലക്ഷണം.

മൂ— ഭാഗ്യേശരാദതിബലീനിധനേശരന്ധ്രോവാ
ലഗ്നാധിപസ്യദിശനാഥഗൃഹത്രയസ്ഥാൽ
കേന്ദ്രാൽബഹിർദിനകരസ്യകരാഭിതശ്ച
ലാഭാധിപേയദിവിഹീനബലേദരിദ്രഃ. ൨൫

വ്യാ—അഷ്ടമാധിപനു് ഭാഗ്യാധിപനെക്കാൾ ബലമുണ്ടാകയും

ഗ്രഭഗ്നാധിപൻ ഇവർ തൊഴുത്തോട്ടിടത്തുണ്ടായിൽ പാർപ്പിക്കയും ലാഭാധിപതിയ്ക്കു നിൽക്കയും ലാഭാധിപതിയ്ക്കു (൬-൦ഭാവാധിപനു) ബന്ധമില്ലായ്കയും ചെയ്താൽ ദാരിദ്ര്യയോഗമാകുന്നു.

മൂ— ലാഭാരിവ്യയരന്ധ്രഗഭാഗ്യവാസുരേഷ്വേവന്ദുജ്ഞാ
നീചസ്ഥാനഗതായദാദിനകരപ്രഖ്യാസ്തദാഭിക്ഷുകം
ലഗ്നസ്ഥശുഭദിനേശതനയസ്ഥൈരയുതൈരീക്ഷിതോ
ലഗ്നാസ്ഥശുഭിനന്ദനോരവിയുതോനീചാംശകോഭിക്ഷുകം. ൨൩

വ്യാ—ഗ്രഭുക്രൂരബുധന്മാർ—൬-൯-൬-൬-൪-൧൨ ഭാവങ്ങളിൽ നീചനായിട്ടുനിൽക്കയും—(൧) ശനി ഒൻപതാമിടത്തു് ശുഭയോഗദൃഷ്ടി ലഭിക്കാതെ നിൽക്കയും ബുധൻ സ്വസ്ഥനോടുകൂടി നീചാംശകം ചെയ്ത ലഗ്നത്തിൽ നിൽക്കയും. (൨)

മൂ— ജീവഭാത്ഗ്രുക്രസിതാവനഭ്രമിവൃദ്ധാ
രന്ധ്രാരിരിഃഫസുതാംബുഗതാന്ധഭിസ്യാൽ
ലഗ്നേശഭാഗതിബലീവ്യയഭാവനാഥോ
നാശസ്ഥിതൈരവികുജാഭിഹതോഭരിദ്രഃ. ൨൦

വ്യാ—ഗ്രഭു-ബുധൻ-ശുക്രൻ-ശനി-കുജന്മാർ—൧൦ ൯-൧൨-൬-൪-൮-൭ ഈ ഭാവങ്ങളിൽ നിൽക്കയും വ്യയാധിപനു ലഗ്നാധിപനോടുകൂടി ബലവാനായിരിക്കയും ചെയ്താൽ ധനവർദ്ധനയുണ്ടാകുന്നു.

മൂ— ലഗ്നേചരേചരനവാംശഗരേസിതേന
ദൃഷ്ടോനീചഗ്രഭുണാന്ധഭിക്ഷുകസ്സ്യാൽ
സ്ഥിരാവിനാമരഹിതോഹിബലഗ്നരാശിം
ദൃഷ്ടേചരിപുവ്യയഗതേത്രുതഭാവഭന്ധി. ൨൬

വ്യാ—ചരാംശകത്തോടുകൂടിയ ലഗ്നത്തിൽ ശനിയുടേയും നീചനായ ഗ്രഭുവിന്റേയും ദൃഷ്ടിയുണ്ടായാകയും ചെയ്താൽ (൧) ആറിലൊ പന്ത്രണ്ടിലൊ ഗ്രഭു നിൽക്കുമ്പോൾ ധനസ്സു് മീനം ഇവയല്ലാത്ത ലഗ്നങ്ങളിൽ ജനിക്ക. (൨)

മൂ— ശുക്രാത്സുതേചിരുഹുഭ്രകിതനയാനീചംഗതാഭൂന്മനി
വ്യോമന്യായേനവമേകളത്രസുതയോർഭൂതോഭരിദ്രോഭവേൽ
ലഗ്നാദാനവപഞ്ചമേതുഹിബലീഭാഗ്യേധരാനന്ദനോ
വ്യാഭരാത്രിഗതേന്ദുതീയഭവനേനീചാംശഗതേഭിക്ഷുകഃ. ൨൨

വ്യാ—ശുക്രൻ ഗ്രഭു ചന്ദ്രൻ കുജൻ ഇവർ ലഗ്നം ൫-൭-൯-ൽ ൬-൪ ഈ ഭാവങ്ങളിൽ നീചന്മാരായി നിൽക്കയും. (൨) ഗ്രഭുവിന്റെ ലഗ്നാ

ത്തിലും ഗുരു അഞ്ചിലും കുജൻ പതിനൊന്നിലും ചന്ദ്രൻ മൂന്നിലും നിൽക്കുക. (൨) ഇവക്കുനീചം കൂടിവേണം.

മൂ— ജാതസ്ഥിരേലഗ്നാശ്രയേഽനിഷ്പാപാഃ
കേന്ദ്രത്രികോണോപഗതാശ്ചസർവേ
കേന്ദ്രാൽബഹിസ്ഥാനഗതാശ്ചസൌമ്യാ
ഭിക്ഷാശനസ്സ്യാൽപരപോഷിതശ്ച. ൧൩൬

വ്യാ—ലഗ്നംസ്ഥിരരാശിയാകയും പാപന്മാർ കേന്ദ്രത്രികോണങ്ങളിലും ശുഭന്മാർ വേറെയുള്ള സ്ഥാനങ്ങളിലും (അനിഷ്ടങ്ങൾ) നിൽക്കുമ്പോൾ മകൻ ജനിക്കുക. (ഇതിനു ഭാസയോഗവുമുണ്ട്.)

മൂ— ചരേവിലഗ്നേനിശിസൌമ്യഖേടാ
സ്ത്രികോണകേന്ദ്രോപഗതാനവീര്യാഃ
ഖലഗ്രഹാഃകേന്ദ്രബഹിസ്ഥിതാശ്ചേൽ
ഭിക്ഷാശനസ്സ്യാൽഖലുജാതമർത്ത്യഃ ൧൩൭

വ്യാ—ചരരാശി ലഗ്നമായിട്ടും ദുർബലന്മാരായ ശുഭന്മാർ കേന്ദ്രത്രികോണങ്ങളിലും പാപന്മാർ കേന്ദ്രത്തിലല്ലാതെയും നിൽക്കുമ്പോൾ രാത്രിയിൽ ജനിക്കുക. ഇവ ഒക്കെയും ദാരിദ്ര്യയോഗമാണ്.

ദാരിദ്ര്യയോഗഫലം.

മൂ— നിർഭാഗ്യോവികലേന്ദ്രിയോവിഷമധീർദാരാത്മജൈർനിന്ദിതോ
ഭിക്ഷാശീവിഷമസ്ഥിതോവിഷമവാക്ശീശ്നോദരേതല്പരഃ
അന്ന്യായാർജ്ജനതല്പരോഽന്യദിനംമാത്സ്യ്യവാക്കണ്ടകീ
നിത്യംസ്യാൽപരദാരസക്തഹൃദയോനീചോന്ധമൂകോജഡഃ.

വ്യാ—ദാരിദ്ര്യയോഗത്തിൽ ജനിച്ചവൻ ഭാഗ്യഹീനനായും ചക്ഷുശ്രോത്ര ഘ്രാണാദികർമ്മങ്ങളിൽവൈകല്യമുള്ളവനായും അപകടബുദ്ധിയായും ഭാര്യാപുത്രാദികളാൽ നിന്ദ്യനായും വിഷമസ്ഥിതിയും വിഷമവാക്കുമുള്ളവനായും ഭക്ഷണത്തിലും സ്ത്രീസുഖത്തിലും മാത്രം താല്പര്യമുള്ളവനായും അന്യായമായി സമ്പാദിക്കാൻ ശ്രമിക്കുന്നവനായും മത്സരബുദ്ധിയായും ആകൃതി ഉപദ്രവിയായും പരസ്ത്രീരതനായും നീചനായും അന്ധനായും ഊമനായും മൂകനായും ഭവിക്കും.

മൂ— ദരിദ്രയോഗേകുലാഭപ്രിയസ്സ്യാൽ
കുപുത്രീപരേഷാംഹിതകൃൽകൃതഘ്നഃ
വാചാവരേകോത്രനുരഭീതിഹീനഃ
കുടായുഷ്കതഃകുനീചജാതഃ. ൧൩൮

വ്യാ—ദാരിദ്ര്യയോഗമുള്ളവൻ കലഹപ്രിയനായും രോഗിയായും അന്യന്റെ ഇഷ്ടത്തെ ചെയ്യുന്നവനായും ഉപകാരസ്മരണയില്ലാത്തവനായും ബ്രാഹ്മണഭക്തിയില്ലാത്തവനായും കുസിതഭാര്യയോടുകൂടിയവനായും കുടിനാഭമുള്ളവനായും ഭവിക്കും.

## ശ്രുഭപാപയോഗം.

ശ്ലോ— പാപാനീചസ്ഥാനഗാഃപാപകർമ്മാ
സൌമ്യാനീചസ്ഥാനഗാശ്രുഭപാപഃ
ജീവേനീചസ്ഥാനഗേകർമ്മരാശൌ
നീചേഭൌമൊ നന്ദനസ്ഥസ്തഥാസ്യാൽ. ൧൬

വ്യാ—പാപന്മാർ നീചസ്ഥന്മാരായും നീചസ്ഥിതിയുള്ള ഗ്രഹപത്താമിടത്തും നിൽക്കുക. (ഛ) ശുഭന്മാർക്കും നീചവും അഞ്ചാമിടത്തുനിൽക്കുന്ന കുജനും നീചസ്ഥിതിയുണ്ടാവുക. (ഉ) ഇവ രണ്ടും ശ്രുഭപാപയോഗമാകുന്നു.

ശ്ലോ— നീചാംശകാസ്ഥംഗ്രഹോപയാതാ
ജാതസ്യനീചംഫലമാശുദദ്യുഃ
നീചംഗതാസ്ഥംഗനവാംശസംസ്ഥാ
സ്സ്വൌമ്യംഫലം വ്യോമചരാഃപ്രകുർയ്യുഃ. ൧൭

വ്യാ—ഉച്ചസ്ഥിതിയും നീചാംശകയുമുള്ള ഗ്രഹങ്ങൾ നീചഫലത്തെയും നീചസ്ഥിതിയും ഉച്ചാംശകയുമുള്ള ഗ്രഹങ്ങൾ ശുഭത്തെയും ചെയ്യും.

## പ്രേഷ്യ (ദാസ) യോഗം.

ശ്ലോ— മാന്ദേരവൌമന്ദഫഗേനിശേശേ
ഗേഹേശനൌസൌദരഗോധരാജ്ഞേ
ലഗ്നേചരേദേവഗുരൌധനസ്ഥേ
ജാതോനിശായാംപരകാന്തികൽസ്യാൽ. ൧൮

വ്യാ—പത്തിൽ സൂര്യനും ഏഴിൽ ചന്ദ്രനും മൂന്നിൽ കുജനും നാലിൽ ശനിയും രണ്ടിൽ ഗുരുവും നിൽക്കുമ്പോൾ രാത്രിയിൽ ചരരാശിയിൽ ജനിക്കുന്നവൻ ദാസനായിത്തീരും.

ശ്ലോ— ധർമ്മേട്ടഗൌകാമഗതേമൃഗാങ്കേ
വാച്യസ്ഥതൌവിത്തവിലഗ്നഗേപ്യാ
രന്ധ്രസ്ഥിതേഭ്രാതൃനയേചകീർത്ത്യാ
ലഗ്നേസ്ഥിരേപ്രേഷ്യഭവാഭവന്തി. ൧൯

വ്യാ — ൻ-ൽ ശുക്രനും ഏഴിൽ ചന്ദ്രനും അഷ്ടമത്തിൽ ഗുരുവും കുജനും അഥവാ ലഗ്നാധിപനും രണ്ടാം ഭാവാധിപനും നിന്ന് സ്ഥിരരാശി ലഗ്നമായി ജനിച്ചാൽ കീർത്തിയോടുകൂടി അന്യന്റെ ജോലി നോക്കുന്നവനായിരിക്കും. (വലിയ ഉദ്യോഗം മുതലായവ.) ഇതിൽ ഗുരുവിനു ലഗ്നാധിപത്യമൊ ധനാധിപത്യമോ ഉണ്ടായിട്ട് ചൊവ്വായോടുകൂടി അഷ്ടമത്തിൽ നിൽക്കുക എന്നും പക്ഷാന്തരം.

മൂ— പ്രേഷ്യശ്ചരോദയപതൌനിശിസന്ധിയാതേ
കേന്ദ്രസ്ഥിതേയദിബലദ്യുചരേചജാതഃ
മന്ദേന്ദുജീവഭൃഗുജാദിവികേന്ദ്രകോണേ
സന്ധിസ്ഥിതാസ്ഥിരവിലഗ്നയുതേതഥാസ്യാൽ. ൨൬

വ്യാ— പാപന്മാർ കേന്ദ്രങ്ങളിലും ലഗ്നാധിപൻ രാശിസന്ധികളിലും നിൽക്കുമ്പോൾ രാത്രിയിൽ ചരരാശി ലഗ്നമായിജനിച്ചാലും. പകൽ സ്ഥിരരാശിലഗ്നമാകയും ശനി ചന്ദ്രൻ ഗുരു ശുക്രൻ കേന്ദ്രത്രികോണങ്ങളിൽ സന്ധിഗതന്മാരാവുകയും ചെയ്താൽ പ്രേഷ്യനായിത്തീരും. (രാശിസന്ധികൾ കർക്കടവൃശ്ചികമീനങ്ങളുടെ അന്ത്യനവാംശങ്ങളാകുന്നു.)

മൂ— ചൈരാവതാംശേന്ദുഗുരൌസസന്ധൌ
ശീതദ്യുതൌചോത്തമവർഗ്ഗയുക്തേ
കേന്ദ്രാൽബഹിസ്ഥനിശികൃഷ്ണപക്ഷേ
ശുക്രേവിലഗ്നോപരകർമ്മജീവീ. ൨൭

വ്യാ— ഗുരു ചൈരാവതാംശത്തോടുകൂടി രാശിസന്ധികളിലും ചന്ദ്രൻ ഉത്തമവർഗ്ഗത്തോടുകൂടി കേന്ദ്രത്തിലല്ലാതെയും ശുക്രൻ ലഗ്നത്തിലും നിൽക്കുമ്പോൾ കൃഷ്ണപക്ഷത്തിൽ രാത്രിയിൽ ജനിക്കുന്നവൻ ദാസനാകും.

മൂ— പ്രേഷ്യോഭവേദരിസുഖാസ്പദസന്ധിയാതാ
ഭൂപുത്രദേവഗുരുവാസരനായകാശ്ചേൽ
പാപാംശകേശശിനിശോഭനരാശിയുക്തേ
ജീവേവിലഗ്നപയുതേപരകാര്യകർത്താ. ൨൮

വ്യാ— കുജൻ. ഗുരു. സൂര്യൻ. ഇവർ. സ-ര--പ. ഈ ഭാവങ്ങളിൽ സന്ധിഗതന്മാരാകയും ചന്ദ്രൻ ശുഭരാശിയിൽ പാപക്ഷേത്രാംശകം ചെയ്തു നിൽക്കയും ഗുരു ലഗ്നാധിപനോടു കൂടുകയും ചെയ്താൽ ദാസയോഗമാണ്.

മൂ— മുഗ്ദ്ധാനസ്ഥപുരുഷ്ഗവത്ത്വേ
സപത്നഭാവാഷ്ടമരിഫേരാശൌ
രസാതലസ്ഥാഹിമഗൌവിലഗ്നാ
ജ്ഞാതഃപരപ്രേഷ്യമുപൈതിനിത്യം. രശ

വ്യാ—ഗുരു മകരംരാശിയിൽ സ-വ്യ-ഫ. ഈ ഭാവങ്ങളിലായും ചന്ദ്രൻ ലഗ്നാൽ നാലിലും നിന്നാൽ ദാസയോഗമാകുന്നു.

മൂ— പാപാത്മാകലഹപ്രിയഃകഠിനവാഗ്ഭ്രഷ്ടോവിദ്യാഭാഗ്യവിഹീന ദുഷ്ടരസികോമാത്സര്യകോപാന്വിതഃ
മിഥ്യാവാദവിനോദവഞ്ചനപരശ്ശിശ്നോദരേതല്പരോ
കാരുണ്യാസ്ഥിരവാനഭിജ്ഞഃചതുരോയോഗേപരപ്രേഷ്യകേ. രഅ

വ്യാ—പ്രേഷ്യയോഗമുള്ളവൻ പാപിയായും കലഹപ്രിയനായും ദുർവ്വാക്കുകളെപ്പറയുന്നവനായും ബ്രാഹ്മണദ്വേഷിയായും വിദ്യയും ഭാഗ്യവും വിനയവും ഇല്ലാത്തവനായും ദുർജ്ജനപ്രിയനായും മത്സരവും കോപവും ഉള്ളവനായും വ്യർത്ഥ വാദവും ഛതിവും ഭക്ഷണത്തിലും സ്ത്രീസുഖത്തിലും താല്പര്യമുള്ളവനായും കഠിനത അസ്ഥിരത്വം ഇവയുള്ളവനായും മൂഢന്മാരുമായി സഹവാസം ചെയ്യുന്നവനായും ഭവിക്കും.

അംഗഹീനയോഗലക്ഷണം.

മൂ — മേഷേവൃഷേകന്യകായാംവിലഗ്നേ
വികാരദന്തോയദിപാപദൃഷ്ടേ
മന്ദേമദസ്ഥേഹിയുതേക്ഷുജേവാ
ബലൈർവിഹീനോംഗവിഹീനവാൻസ്യാൽ. രഅ

വ്യാ—മേടം ഇടവം ധനുസ്സ് ഇവ ലഗ്നമായും പാപദൃഷ്ടമായും ഉള്ളപ്പോൾ ജനിക്കുന്നവൻ പല്ലുകർക്കു ഭംഗിയില്ലാത്തവനാകും (മുടന്തല്ലൊ പൊന്തിയ പല്ലൊ നിരപ്പില്ലാത്തതോ പലതരത്തിലുമാവാം) ശനിയൊ കുജനൊ ദുർബ്ബലമുള്ളവരായിരാഹുവുമൊരുമിച്ചു ഏഴാമിടത്തു നിന്നാൽ അംഗഭംഗമുള്ളവനാകും. (അംഗപൂർത്തിയില്ലാതതൊ ഭംഗമുള്ളതോ ആവാം)

മൂ— ലഗ്നാദ്ദശമഗശുക്ര സ്സുഹൃന്മന്ത്രാധരാസുതഃ
ദ്വിതീയസ്ഥാനഗോഭാനു രംഗഹീനോഭവേന്നരഃ. രഒ

വ്യാ—ലഗ്നാൽ രണ്ടിൽ സൂര്യനും ഏഴിൽ കുജനും പത്തിൽ ചന്ദ്രനും നിന്നാൽ അംഗഹീനത്വം പറയണം.

ഹോരായാം—ഹോരയിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

മൂ— ത്രികോണഗേഹേതെവിബലൈസ്തഥാപരൈ-
മ്മുഖാംഗ്ലിഹസ്തൈർദൃഗ്ണസ്തദാവദേൽ
അപാഗപീന്ദാവശുഭൈർഭസന്ധിഗൈ
ശ്ശുഭേക്ഷിതശ്ചേൽകുരുതേഗിരം.ചിരാൽ. രംവ

വ്യ—ബുധൻ അഞ്ചിലൊ ഒൻപതിലൊ നിൽക്കയും മറ്റുഗ്ര ഹങ്ങൾ ബലമില്ലാതെ(വ്യവിടെയെങ്കിലും)നിൽക്കയും ചെയ്താൽ മുഖം കയ്യ് കാല് വിരല് ഇവ ഇരട്ടിയുണ്ടാവും. (ഇവിടെ—ത്രികോണഗേഹേതെ-വ്യ)ന്നള്ളിടത്തു ബുധൻ മൂലത്രികോണത്തിൽ (കന്നിയിൽ) നിൽക്കണമെന്നു ചിലർപറയുന്നു. അതു ശരിയുക്തമാണ്, എന്തെന്നാൽ; ബലാഭീനൈർഗ്രഹൈസ്സമൈ നവപഞ്ചമഗേബുധേ-ഭവിഗ്രഹാം ഗ്ലിശിരോഗഹസ്തോ ഭവേത്തേകോദരസ്ഥാ-എന്ന് ഗാർഗ്ഗീവചനമുണ്ടു.) ആധാനകാലത്തു ഇങ്ങനെയായാലും ഫലം ഇതുതന്നെ. ചന്ദ്രൻ ഇടവത്തിലും പാപന്മാർ കുംഭകവൃശ്ചികമീനങ്ങളുടെ അന്ത്യനവാംശകങ്ങളിൽ (രാശിസന്ധികളിൽ) കൂടെയായിട്ടുനിന്നാൽ മൂകനായും (സംസാരിപ്പാൻ വയ്യാത്തവൻ)ചന്ദ്രന് ശുഭദൃഷ്ടിയുണ്ടെങ്കിൽ കാലക്രമംകൊണ്ടു സംസാരിക്കുന്നവനായും ഭവിക്കും.

മൂ— ഭൗമർക്ഷാംശേരവിജുധിതേചേസഭൗന്തോത്രജാതഃ
കുബ്ജ്ജസ്സ്വർക്ഷേശശിനിതനാഗേഭൗമാന്ത്യഭൃഷ്ടേ
പംഗ്വർഭീനേയമശശിക്ഷേവീക്ഷിതേലഗ്നസംസ്ഥേ
സൗന്ധവ്യപാപേശശിനി ചജഡസ്സ്യാന്നചേത്സൗമ്യദൃഷ്ടഃ. രൻ

വ്യാ—ശനിയും കുജനും ബുധക്ഷേത്രങ്ങളിൽ അംശകിക്കയോ നിൽക്കയോ ചെയ്യുമ്പോൾ ജനിച്ചാൽ ജനനാൽ തന്നെ പല്ലുണ്ടായിരിക്കും. കർക്കടകം ലഗ്നമായിരിക്കവിടെചന്ദ്രൻ നിൽക്കയും ശനികുജന്മാരുടെ ദൃഷ്ടിയുമുണ്ടായാൽ ജാതൻ കുബ്ജനായിരിക്കും(കുനഞ്ഞനെന്നസാരം) ശനിചന്ദ്രൻ കുജൻ ഇവരുടെ ദൃഷ്ടിയുള്ള മീനം രാശിലഗ്നമായി ജനിച്ചാൽ പംഗുവായിരിക്കും. (മുടന്തനെന്നാർത്ഥം) പാപഗ്രഹങ്ങളിൽ ഒരുപുംഗ്രഹവും ചന്ദ്രനും രാശിസന്ധികളിൽ നിന്നാൽ ജാതൻ ബധിരനായും (കേവികേൾക്കാത്തവൻ) ഭവിക്കും. ഈ യോഗകർത്തൃഗ്രഹങ്ങൾക്കുശുഭദൃഷ്ടിയുണ്ടെങ്കിൽ യോഗംഫലിക്കയില്ലെന്നും അദൃഷ്ടിയില്ലെങ്കിൽ ഫലിക്കുമെന്നും മധ്യബലന്മാരായ ശുഭന്മാരുടെ ദൃഷ്ടിയില്ലെങ്കിൽ ഫലപൂർത്തിയില്ലെന്നും അറിയുക.

മൂ— സൌരശശാങ്കഭിവാകരദൃഷ്ടേ വാമനകോമകരാന്ത്യവിലഗ്നേ൯
പീനവപുർമ്മോദയതൈശ്ചദൃഗാണൈപോപയുതൈരുതരശുഭാംഗ്ലിശിരാസ്സ്യാ

വ്യാ—മകരം ലഗ്നമായും ലഗ്നാംശകംകന്നിയിലായും ലഗ്നത്തിൽ സൂര്യചന്ദ്രമന്ദന്മാരുടെ ദൃഷ്ടിയുണ്ടാവുകയും ചെയ്താൽ ജാതൻഹ്രസ്വശരീരിയാകും (നീളം ഇല്ലാത്തവൻ) ഇവിടെ ലഗ്നത്തിൽ ദൃഷ്ടിചെയ്യുന്ന സൂര്യാദികൾക്കു ബലംവേണമെന്നും മറുഗ്രഹങ്ങൾ ദുർബലന്മാരാവണമെന്നുമുണ്ട്. ലഗ്നത്തിൽ അത്യുദ്രേക്കാണം വരികയും അവിടെ ചൊവ്വാനിൽക്കയും മേൽചൊന്ന സൂര്യാദികളുടെ ദൃഷ്ടിയുണ്ടാവുകയും ചെയ്താൽ ജാതൻശിരസ്സില്ലാത്തവനായും മധ്യുദ്രേക്കാണത്തിൽ നിൽക്കുന്നകുജനെ ആ സൂര്യാദികൾനോക്കിയാൽ കയ്യില്ലാത്തവനായും ഇങ്ങനെഅന്ത്യുദ്രേക്കാണം കുജയുതമായും സൂര്യാദിദൃഷ്ടമായും വന്നാൽ കാലില്ലാത്തവനായും ഭവിക്കും. (ജനിക്കും)

മൂ— ലഗ്നദ്രേക്കാണഃഗോഭൌമ
സ്സൌരസൂര്യേന്ദുവീക്ഷിതഃ
കുത്സ്യാദിശിരഃസംഭവൽ
പഞ്ചമേവാഹ്യവർജ്ജിതഃ. ൫൬

വ്യാ—ലഗ്നദ്രേക്കാണത്തിൽ മുൻപറഞ്ഞ സൂര്യാദികളാൽ ദൃഷ്ടനായ കുജൻ നിന്നാൽ തലയില്ലാത്തവനായും അതുപോലെ സൂര്യാദിദൃഷ്ടനായകുജൻ അഞ്ചിൽ നിന്നാൽ കയ്യില്ലാത്തവനായും ജനിക്കും.

മൂ— രവിശശിയുതേസിംഹേലഗ്നേകുജാക്കിനിരീക്ഷിതേ
നയനരഹിതസ്സൌമ്യസ്സൌമ്യൈസ്സബുൽബുദലോചനഃ
വ്യയഗൃഹഗതശ്ചന്ദ്രോവാമംഹിനസ്തൃപരംരവി-
സ്സ്ഥഃ ഇഹഗദിതായോഗായാപ്യാഭവന്തിശുഭേക്ഷിതാഃ. ൫൭

വ്യാ—സൂര്യചന്ദ്രന്മാരോടും കുജമന്ദന്മാരുടെ ദൃഷ്ടിയോടും കൂടിയ ചിങ്ങംലഗ്നത്തിൽ ജനിക്കുന്നവൻ കണ്ണുകളില്ലാത്തവനാകും (കാഴ്ചയില്ലാത്തവനെന്ന് സാരം.) അതുപോലെ ലഗ്നത്തിനും സൂര്യചന്ദ്രന്മാക്കും ശുഭന്മാരുടെയും പാപന്മാരുടെയും ദൃഷ്ടിയാണുള്ളതെങ്കിൽബുൽബുദനേത്ര (വെൺകുരുട) നാകും. ലഗ്നാൽ ഫല-ൽ-ചന്ദ്രൻനിന്നാൽ ഇടത്തെക്കണ്ണും സൂര്യൻ നിന്നാൽ വലത്തെ കണ്ണും കാഴ്ചയില്ലാത്തതാകും. സൌമ്യഗകുത്താക്കളായ ഗ്രഹങ്ങൾക്കു ശുഭദൃഷ്ടിയുണ്ടെങ്കിൽ യോഗംഫലിക്കുന്നില്ല. ശുഭാശുഭദൃഷ്ടിയായാൽ ചിലതൊക്കെ ഫലിക്കും. (പൂർണ്ണതയില്ലെന്നസാരം)

മൂ— ശുഭസ്യന്ദ്യോമധ്യദൃഷ്ടിർവിലഗ്നേ
മേഷേസേ്വച്ചേരോഗദൃക്സിംഹഗേക്ഷേ
രാത്രാവന്ധസ്തുലിഗേ നിദ്രനീസ്യാൽ
കന്യൂനസ്യക്കേലഗ്നഗേ ബുൽബുദാക്ഷഃ. ൫൮

വ്യാ—മേടമാസത്തിൽ മേടംലഗ്നമായി ജനിച്ചാൽ ശൂരതയും ഉറപ്പുമുള്ള കണ്ണുകളോടു കൂടിയവനായും ചിങ്ങമാസത്തിൽ ചിങ്ങം ലഗ്നത്തിൽ ജനിച്ചാൽ നേത്രരോഗിയായും തുലാമാസത്തിൽ തുലാം ലഗ്നത്തിൽ ജനിച്ചാൽ മാലക്കണ്ണുള്ളവനായും കർക്കടകമാസത്തിൽ കർക്കടലഗ്നത്തിൽ ജനിച്ചാൽവെൺകൃഷ്ണടനായും ഭവിക്കും.

മൂ— വ്യയേരവീന്ദുയുഗപൽപ്രഥമാ
നേത്രേഹരേതാമപരസവ്യസവ്യേ
ഷഷ്ഠംചരിത്രാശ്വാക്ഷിഹരന്തിപാപാ
സ്സവ്യംരിപൌ ദക്ഷിണമഷ്ടമസ്ഥഃ. ൭൬

വ്യാ — സൂര്യ്യ ചന്ദ്രന്മാർ പന്ത്രണ്ടിൽ നിന്നാൽ രണ്ടു കണ്ണുകൾക്കും മോ ഓരോന്നിനുമോ കാഴ്ചയില്ലാത്തവനായും ആറാമെടത്തു പാപൻ നിന്നാൽ ഇടത്തേക്കണ്ണും എട്ടുമത്തിൽ പാപൻ നിന്നാൽ വലത്തേക്കണ്ണും കാഴ്ചയില്ലാത്തവനായും ഭവിക്കും.

മൂ— വികർത്തനോലഗ്നഗതോസ്തഗാവാ
ദിനേശപുത്രാഹിയുതേക്ഷിതശ്ചേൽ.
തസ്യേക്ഷണംദക്ഷിണമാശുഹന്യാ-
ദഥാപിക്ഷമാസൂനുയുതസ്യവാമം. ൭൭

വ്യാ—സൂര്യ്യൻ ലഗ്നത്തിലോ ഏഴിലോ ശനിരാഹുക്കളുടെയോ ഗദൃഷ്ടികളിൽ ഏതെങ്കിലും ഒന്നിനോടു ചേർന്നുനിന്നാൽ ജാതന്റെ വലത്തേക്കണ്ണും കുജരാഹുക്കളുടെ യോഗദൃഷ്ട്യാദിയിൽ ഒന്നായാൽ ഇടത്തേക്കണ്ണും കാണാതെയാകും.

മൂ— ദിനേശചന്ദ്രൌ യദിരിഃഥയാതൌ
സപാതരന്ധ്ര്യവ്യയഗാസ്തപൌമ്യാഃ
ഹന്യാദരിസ്ഥാനയനംഹിവാമം
രന്ധ്രസ്ഥിതോ ദക്ഷിണഭാഗനേത്രം. ൭൮

വ്യാ—സൂര്യ്യ ചന്ദ്രന്മാർ പന്ത്രണ്ടിലും പാപന്മാർ സ-വ്യ-ദ്വ ഈ ഭാവങ്ങളിൽ നിൽക്കയും ചെയ്യുമ്പോൾ ന ാമിടത്തു നിൽക്കുന്നവൻ ഇടത്തേക്കണ്ണും വ-ാമിടത്തു നിൽക്കുന്നവൻ വലത്തേക്കണ്ണും നശിപ്പിക്കും.

മൂ— രന്ധ്രേണ്ഡുഭാനുധനഗോധരാജ്ഞ
ശുക്രവ്യയസ്ഥാനഗതോക്ഷജോന്ധഃ
രന്ധ്രാവസാനാരിഗതേശശാങ്കേ
ശനൌസഭൌമേ യദിനഷ്ടനേത്രഃ. ൭൯

വ്യാ—കുജൻ രണ്ടിലും സൂര്യചന്ദ്രന്മാർ എട്ടിലും ശനി സൂ-ഫ ഈ ഭാവങ്ങളിൽ ഒരിടത്തും നിന്നാൽ ജനനാൽത്തന്നെ അന്ധനാകും. സൂ-കു-ഫ ഈ ഭാവങ്ങളിൽ എവിടെയെങ്കിലും ഒരിടത്തു ചന്ദ്രനും ഒരിടത്തു ശനികുജന്മാരും നിന്നാൽ വ്യാധികളാൽ കണ്ണ് നശിക്കും.

മൂ— ഷഷ്ഠേചന്ദ്രേഷ്ടമേസൂര്യേ ലഗ്നാദന്യഗതേക്ഷജേ
വിത്തസ്ഥാനേമഹീപുത്രേ ശുക്രോഽന്ധഃഭവേദ്ധ്രുവം. ഭവ.

വ്യാ—ചന്ദ്രൻ ആറാമിടത്തും അഷ്ടമത്തിൽ സൂര്യനും ഫ-ൽ ശനിയും കു-ൽ കുജനും നിന്നാൽ ദേവേന്ദ്രനായാലും നിശ്ചയമായും കണ്ണുകാണാത്തവനാകും. (ദേവേന്ദ്രൻ സഹസ്രാക്ഷനും മനുഷ്യൻ ദ്വ്യക്ഷനുമാണെല്ലോ.)

മൂ— ലഗ്നേശവേണസഹിതേ യദിവിത്തനാഥേ
ദൃഷ്ടേക്ഷിനാശനമഥാസ്യജിതീന്ദുയുക്തേ
നേത്രേശവേതനുഗതേയദനൈശികാന്ധ-
സ്സ്യാച്ഛുഭഗ്രഹയുതേനതഥാവദന്തി. ഭവ.

വ്യാ—രണ്ടാം ഭാവാധിപൻ ലഗ്നാധിപനോടുകൂടി അനിഷ്ട സ്ഥാനത്തു നിന്നാൽ കണ്ണുകൾ നശിക്കും. വ്യയാധിപനൊ ധനാധിപനൊ ലഗ്നത്തിലും ചന്ദ്രശുക്രന്മാർ കൂടി എവിടെയെങ്കിലും നിന്നാൽ മാലക്കണ്ണുള്ളവനാകും. ലഗ്നാധിപൻ ശുഭയോഗത്തോടുകൂടെ ഉച്ചത്തിൽ നിന്നാൽ ഈ യോഗം ഫലിക്കയുമില്ല.

മൂ— രാഹൌവിലഗ്നോസകുജേക്ഷപുത്രേ
സാഹൌബ്ജഹൽബീജമിവാഹരാസ്യാഃ
ലഗ്നേശവേമൃത്യുഗതേസരാഹൌ
രന്ധ്രേസമാന്ധ്യന്തുതഥൈവവാച്യം. നാ

വ്യാ—രാഹു ലഗ്നത്തിലും അല്ലെങ്കിൽ ശനിയും കുജനും രാഹുവും ഒരുമിച്ച് നിന്നാൽ ശക്തിമത്തുകളായ രോഗങ്ങളുണ്ടായിരിക്കും. ലഗ്നാധിപൻ രാഹുവൊരുമിച്ച് അഷ്ടമത്തിൽ നിന്നാലും അഷ്ടമത്തിൽ ഗ്രഹികനുണ്ടായിരുന്നാലും മേൽപ്പറഞ്ഞപോലെ രോഗങ്ങളുണ്ടാവും.

മൂ— ലഗ്നോസരാഹൌ ഗ്രഹികേന്ദ്രികോണേ
രന്ധ്രേകുജേമാന്ദിയുതേതഥൈവ
ലഗ്നേശരാക്രാന്തരവിംശനാഥേ
രാഹൌരമാന്ദ്യാദിയുതേതഥൈവ. നൂ

വ്യാ — രാഹു ലഗ്നത്തിലും ഗ്രഹികൻ ത്രികോണത്തിലും അല്ലെങ്കിൽ അഷ്ടമത്തിൽ കുജഗ്രഹികന്മാർ നിന്നാലും മേൽപ്രകാരമാണ്. ലഗ്നാധിപന്റെ നവാംശാധിപതിക്ക കുജരാഹുമാന്ദിയോഗമുണ്ടായിരുന്നാലും മേൽപ്രകാരംതന്നെ.

മൂ— ലഗ്നേരവൌഭ്രമിസൂതേന ദൃഷ്ടേ
ഗ്രന്ഥക്ഷയശ്വാസ നിപീഡിതസ്സ്യാൽ
ഭൌമേവിലഗ്നേ ശനിസൂര്യദൃഷ്ടേ
വസ്വാരിരോഗാഭിഹതോമനുഷ്യഃ. നാ൨

വ്യാ—കുജദൃഷ്ടനായ സൂര്യൻ ലഗ്നത്തിൽ നിന്നാൽ ഗ്രന്ഥക്ഷയം ശ്വാസം (വായുക്ഷോഭം ഇവയുണ്ടാകും. ശനിസൂര്യന്മാരുടെ ദൃഷ്ടിയുള്ള കുജൻ ലഗ്നത്തിൽ നിന്നാൽ വസ്വരിരോഗത്താൽ പീഡിതനാകും.

മൂ— പാപേക്ഷിതേരവിയുതേ ധനരാശിയാതേ
പാപാന്വിതേ ശ്ലോകഭീതിമുശന്തിതജ്ഞാഃ
തൽഭാവനാഥസഹിതേ ദീനനാഥപുത്രേ
ദൃഷ്ടേഥവാശ്ലോകഭീതി മുപൈതിജാതഃ. നാ൩

വ്യാ—പാപയോഗദൃഷ്ടികളുള്ള ശനി രണ്ടാമിടത്തു നിന്നാൽ ശ്ലോകഭീതിയുണ്ടാവും. (പട്ടി കടിക്കയാലുള്ള വ്രണോപദ്രവം) ശനിയുടെ രണ്ടാംഭാവാധിപന്റെ യോഗദൃഷ്ടികളുണ്ടായാലുമിപ്രകാരംതന്നെ.

മൂ— വീര്യാന്വിതേരാഹുസമേതരാശി
നാഥാന്വിതേരാഹുയുതേവിലഗ്നേ
സമ്പൽഭയം വിക്രമരാശിനാഥേ
ബുധേനയുക്തേഗളരോഗമേതി. നാ൪

വ്യാ—രാഹുരാശ്യധിപൻ ബലവാനായിട്ട് രാഹുവൊരുമിച്ച് ലഗ്നത്തിൽ നിന്നാൽ സമ്പ്ഭയമുണ്ടാവും. മൂന്നാം ഭാവാധിപൻ ബുധനോടുകൂടി നിന്നാൽ ഗളരോഗം (കണ്ഠമാല മുതലായവ) ഉണ്ടാകും.

മൂ— വിഷപ്രയോഗാദ്വിഷഭക്ഷണാദ്വാ
തേഷാമഭാവോത്ഥവിനാശനാത്തഃ
പാപേതൃതീയേഗളരോഗമത്ര
വദന്തിമാന്ദ്യാദിയുതേവിശേഷാൽ. നാ൫

വ്യാ—രാഹു ലഗ്നത്തിൽ നില്ക്കുക രാഹുരാശ്യാധിപൻ ലഗ്നത്തിൽ നിൽക്കുക ഇവക്ക ലഗ്നാധിപയോഗമുണ്ടാവുക, എന്നാൽ

അന്യൻ വിഷം കൊടുത്തിട്ടോ തന്നത്താൻ ഭക്ഷിച്ചിട്ടോ അല്ലെങ്കിൽ മറേറതുതരത്തിലുമോ വിഷഭക്ഷണത്താൽ രോഗമുണ്ടാവും. മൂന്നാമിടത്തു രാഹുകേതുക്കളികന്മാരിൽ ആരെങ്കിലുമൊരുമിച്ചു പാപൻ നിന്നാലും വിഷഭക്ഷണമുണ്ടാവും.

മൂ— ഭൌമാന്വിതേപ്രേതപുരീശപുത്രേ
തൃതീയരാശൌയദികണ്ടരോഗം
പാപേക്ഷിതേസോദരഭേസപാപേ
കണ്ഠാത്ഭവം രോഗമുശന്തിതജ്ഞാഃ. ന൯

വ്യാ—കുജൻ ശനിയുമൊരുമിച്ചു മൂന്നാമിടത്തു നിന്നാൽ കണ്ഠരോഗവും പാപദൃഷ്ടിയുള്ള പാപൻ മൂന്നാമിടത്തുനിന്നാൽ കണ്ഠരോഗവുമുണ്ടാകും.

മൂ— ക്രൂരാദിഷഷ്ഠ്യംശയുതേതദീശേ
കണ്ണസ്യരോഗംകഥയന്തിതജ്ഞാഃ
പൈത്യ്യോൽബണംയാതിരപൈരിപുസ്ഥേ
പാപേക്ഷിതേപാപസമന്വിതേവാ
ഭാനൌസരന്ധ്രസ്ഥവിബലോധരാജേ
പാപോധനഃസ്വാത്തതഥൈവവാച്യം. ന൬

വ്യാ—മൂന്നാംഭാവാധിപനായ ക്രൂരഷഷ്ട്യംശമുണ്ടായാലും കണ്ണുരോഗമുണ്ടാകും. സൂര്യൻ ആറാമിടത്തു പാപയോഗദൃഷ്ടികളോടുകൂടി നിന്നാൽ പിത്തരോഗമെന്നു പറയണം. സൂര്യൻ എട്ടിലും കുജനു ദൌർബല്യവും രണ്ടാമിടത്തു പാപനും ഉണ്ടായാലും പിത്തരോഗമാകുന്നു.

മൂ— ശോഷ്ണാമയംബുധയുതേവനിജേരിപുസ്ഥേ
ക്രൂരാംശകേയദിസിതേന്ദുസമീക്ഷിതേച
പാപേക്ഷിതേവനിസുതേനിധനോപയാതേ
കേതൌധനാഷ്ടമഗതേവ്രണരോഗമേതി. ന൭

വ്യാ —കുജനു ബുധയോഗവും ക്രൂരഷഷ്ട്യംശവും ചന്ദ്രശുക്രന്മാരുടെ ദൃഷ്ടിയും ചേന്നു ആറാമിടത്തുനിന്നാൽ ക്ഷയരോഗമുണ്ടാകും. പാപദൃഷ്ടിയുള്ള കുജൻ എട്ടിലും കേതുരണ്ടിലോ എട്ടിലുമായോ നിന്നാൽ വ്രണരോഗമാകുന്നു.

മൂ— ഷഷ്ഠേശപേ പാപയുതേവിലഗ്നേ
രന്ധ്രസ്ഥിതേവാവ്രണയുക്ശരീരഃ
കുജസ്ഥിതേതാദൃശപേചരന്ധ്രേ
വ്രണാങ്കിതസ്സ്യാച്ശൂലരുഗ്വിഹീനേ. ന൮

വ്യാ— ഷഷ്ഠാധിപൻ പാപയുതനായിട്ട അഷ്ടമത്തിലൊ ലഗ്നത്തിലൊ നിന്നാൽ വ്രണരോഗമുണ്ടാവും. അവർ തന്നെ ശുഭദൃഷ്ടിയില്ലാതെ പത്താമിടത്തു നിന്നാലും ഫലം ഇതുതന്നെ. (ശുഭദൃഷ്ടിയുണ്ടെങ്കിൽ വ്രണമില്ലെന്ന് അർത്ഥാൽ ഗ്രാഹ്യമാകുന്നു.)

മൂ— ലഗ്നേശഭ്രപുത്രശശാങ്കപുത്രാ
സ്സഹസ്ഥിതാസൈമ്യതരാന്യഭേഷു
അപാനരോഗന്തഥവാപവിത്രം
പശ്യന്തിഷഷ്ഠാമുനയോവദന്തി. ൧൦

വ്യാ— ലഗ്നാധിപൻ കുജൻ ബുധൻ ഇവർ അനിഷ്ടസ്ഥാനങ്ങളിൽ ഒരുമിച്ചു നിന്നാൽ മൂലരോഗം (അർശ്സ്സ്) ഉണ്ടാവും. ഇവക്കു ശുഭക്ഷേത്രമായ ആറാമിടത്തേക്കു ദൃഷ്ടിയുണ്ടെങ്കിൽ ആ രോഗം ഉണ്ടാവുകയുമില്ല.

മൂ— ലഗ്നേശഷഷ്ഠാധിപതീദിനേശ
യുക്തെതുജ്വരംചന്ദ്രസമന്വിതെചേൽ
ജലപ്രമാദംക്ഷിതിസൂനയുക്തെ
യുദ്ധേനവാസ്രോടകരാശിഭിവ്വാ. ൧൧

വ്യാ—ലഗ്നാധിപനും ആറാംഭാവാധിപനും സൂര്യനോടുകൂടി നിന്നാൽ ജ്വരവും ചന്ദ്രനോടുകൂടിയാൽ പ്രമേഹം മഹോദരം ഇവയും കുജനോടുകൂടിയാൽ യുദ്ധംകൊണ്ടോ തീപ്പൊള്ളൽകൊണ്ടോ (അഗ്നിവിസ്ഫോടം മുതലായതുകൊണ്ടോ) രോഗമുണ്ടാകും.

മൂ— പിത്താൽപ്രമാദോയദിസൌമ്യയുക്തെ
നിവ്വ്യാധികസ്സൂരിസമന്വിതെചേൽ
ശുക്രേണഭായ്മ്മാവിപദംവദന്തി
മന്ദേനഭീമാനിലരോഗമാഹുഃ. ൧൨

വ്യാ—പൂർവ്വശ്ലോകത്തിൽ നിന്ന ലഗ്നഷഷ്ഠാധിപന്മാർ എന്നു ചേർക്കണം. അവർ ബുധനോടുകൂടിയാൽ പിത്തവും ഗുരുവിനോടുകൂടിയാൽ നിർവ്യാധിത (രോഗമില്ലായ്മ)യും ശുക്രനോടുകൂടിയാൽ ഭാഗ്യരോഗവും ശനിയോടുകൂടിയാൽ വാതവ്യാധി (അർദ്ദിതം മുതലായവ)യും ഉണ്ടാവും.

മൂ— സരാഹുകേതുയദിസമ്പ്രപീഡാം
ചോരാദിഭീതിംസമുപൈതിമർത്ത്യഃ
കേന്ദ്രത്രികോണേയദിസാഹികേതു
വദന്തിതജ്ഞാനിഗളംതദാനീം. ൧൩

വ്യാ—പൂവ്വശ്ലോകത്തിൽ നിന്ന അനുവത്തിക്കണം. അവർ രാഹുവിനോടോ കേതുവിനോടോ കൂടിയാൽ വിഷഭയത്തേയും ചോരഭയത്തേയും ചെയ്യും. (രാഹു വിഷത്തേയും കേതു ചോരഭയത്തേയും (മോഷണം)ചെയ്യുമെന്നാത്മം) അവരോടുകൂടി ത്രികോണങ്ങളിൽ നിന്നാൽ ചങ്ങല കയറ് ഇതുകളാൽ ബന്ധനമുണ്ടാവും.

മൂ— ഷഷ്ഠേശരശ്ചാത്രസിതേനയുക്ത
സ്സാഹ്വിലഗ്നേസ്വയമേവശിശ്നം
ഛിനത്തിസൈസൈമ്യദൃശാവിഹീന
സ്സ്ത്രീപുത്രോയദിലിംഗരോഗീ. ൭൨

വ്യാ—ഷഷ്ഠാധിപൻ രാഹുശുക്രന്മാരോടുകൂടി ലഗ്നത്തിൽ നിന്നാൽ ലിംഗരോഗവേദന സഹിക്കാതെ തന്നത്താൻ ലിംഗഛേദനം ചെയ്കയോ—തനിയേതന്നെ ദ്രവിച്ചുവീഴുകയോ ചെയ്യും. ഷഷ്ഠാധിപൻ കുജനോടുകൂടി ശുഭദൃഷ്ടിയില്ലാതെ ലഗ്നത്തിൽനിന്നാൽ ലിംഗരോഗിയാകും. (ശുഭദൃഷ്ടിയുണ്ടെങ്കിൽ ഈ രോഗമില്ലെന്നു ഊഹ്യം.)

മൂ— ചരേവിലഗ്നേരിപുനാഥദൃഷ്ടേ
കുജേചലാഭേസ്ഥിരഭേചധർമ്മേ
ദ്വന്ദ്വേസ്ഥരാശൌപ്രവദേന്നരാണാം
രോഗൈരിപൂണാംകൃതമാഭിചാരാൽ. ൭൩

വ്യാ—ലഗ്നം ചരരാശിയായും ഷഷ്ഠാധിപനാൽ ദൃഷ്ടമായും കുജൻ പതിനൊന്നിലും നില്ക്കുക. (ക) സ്ഥിരരാശി ലഗ്നമായും ഷഷ്ഠാധിപദൃഷ്ടമായും കുജൻ ഒൻപതിലും നില്ക്കുക. (ഖ) ഉഭയരാശി ലഗ്നമായും ഷഷ്ഠാധിപദൃഷ്ടമായും കുജൻ ഏഴാമിടത്തും നിൽക്കുക. (ന) ഈ മൂന്നയോഗത്തിലും ശത്രുക്കളാൽ കൃതമായ ആഭിചാരത്താൽ രോഗമുണ്ടാകുമെന്നു പറയണം.

മൂ— ജീവേസമന്ദേ ദശമേത്ര ചന്ദ്രേ
വൈകല്യമംഗേ ക്ഷിതിജേ കളത്രേ
ദിനേശചന്ദ്രൌ രവിരാശി യുക്തൌ
ചന്ദ്രർക്ഷഗൌവാ യദി ശോഷണംതൽ. ൭൪

വ്യാ—ഗുരുമന്ദന്മാർ ഒരുമിച്ചും പത്താമിടത്തു ചന്ദ്രനും ഏഴിൽ കുജനും നിന്നാൽ അംഗവൈകല്യമുണ്ടാവും. സൂര്യചന്ദ്രന്മാർ ഒരുമിച്ചോ അന്യോന്യം രാശിപകനോ നിന്നാൽ ശോഷമുണ്ടാവും.

മൂ— ലഗ്നേരവൌ ഭ്രമിസുതേ കളത്രേ
സൂന്മാദവാൻ തത്ര നരോഹിജ്ജാതഃ

ഉന്മാദബുദ്ധിസ്സുമൈതിലഗോ
ശനൈകളുത്രേ സകുജേ ത്രികോണേ. ൬൯

വ്യാ—ലഗ്നത്തിൽ സൂര്യനും ൪൭ഴിൽ കുജനും നിന്നാൽ ഉന്മാദി (ഭ്രാന്തു് )യാകും. ലഗ്നത്തിൽ ശനിയും ൪൭ഴിലൊ ത്രികോണത്തിലൊ കുജനും നിന്നാൽ ജനനാൽതന്നെ ഭ്രാന്തനായിരിക്കും.

മൂ— ലഗ്നത്രികോണേ ദിനനാഥചന്ദ്രൗ
ശൌര്യേഗ്രഗൌ കേന്ദ്രസമനുിതേവാ
സൌന്മാദബുദ്ധിസ്സുഭവേത്തദാനീം
ശരാസനാദിസ്ഥിതി ജന്മലഗ്നം. ൭൨

വ്യാ—ലഗ്നത്രികോണങ്ങളിൽ സൂര്യചന്ദ്രന്മാരും മൂന്നാമിടത്തൊ കേന്ദ്രത്തിലൊ ഗ്രഹവും നിൽക്കുമ്പോൾ ധനുരാശിയുടെ ആദ്യനവാംശകം ലഗ്നമായി ജനിച്ചാൽ ഭ്രാന്തനാകും.

മൂ— കേന്ദ്രസ്ഥിതൌ സൌമ്യനിശാകരൌവാ
സൌമ്യാംശഗീനൌ ഭ്രമസംയുതസ്സ്യാൽ
കേന്ദ്രസ്ഥിതാമന്ദനിശാകരാക്ഷീ
ജഡോഭവേദത്രമധൂപഭോക്താ. ൭൩

വ്യാ—ബുധചന്ദ്രന്മാർ കേന്ദ്രങ്ങളിൽ പാപരാശ്യംശകം ചെയ്തു നില്ക്കയും ഉന്മാദയോഗമാകുന്നു. സൂര്യചന്ദ്രശനികൾ കേന്ദ്രസ്ഥന്മാരായാൽ ജളനായും മദ്യപാനിയായും ഭവിക്കും.

മൂ— കുളീരകുംഭാളിനവാംശയുക്തേ
ചന്ദ്രേസമാന്തൌയദിഗ്രഹ്യരോഗീ
ചന്ദ്രേസുഖേതത്ഭവനാംശയുക്തേ
പാപാന്വിതേസ്യാദ്ദൃടി കണ്ണരോഗീ. ൭൪

വ്യാ—ചന്ദ്രൻ ഗ്രളികനോടുകൂടി കർക്കടം വൃശ്ചികം കുംഭം ഈ രാശികളിൽ അംശകിച്ചുനിന്നാൽ ഗ്രഹ്യരോഗവും പാപനോടുകൂടി നാലിൽ (ചന്ദ്രൻ) അംശകസ്ഥിതികൾ ചെയ്താൽ കണ്ണരോഗിയായും ഭവിക്കും.

മൂ— ചന്ദ്രേസപാപേ ഫണിനാഥയുക്തേ
രിഃഫേസുതേ രന്ധ്രഗതേഥവാപി
ഉന്മാദഭോക്തൃത്ര സരോഷശീലോ
ജാതസ്സുനിത്യം കലഹപ്രിയസ്സ്യാൽ. ൭൫

വ്യാ—പാപയോഗമുള്ള ചന്ദ്രൻ രാഹുവോടുകൂടി ൬-൮-൧൨. ഈ സ്ഥാനങ്ങളിൽനിന്നാൽ ഉന്മാദിയും കലഹപ്രിയനുമായിഭവിക്കും.

മൂ— ചന്ദ്രവ്യയേ വാ യദിവാസരേശേ
മന്ദേത്രികോണേ മദരന്ധ്രഗേക്കേ
ദന്താക്ഷിരോഗീ സ ഭവേത്തദാനീം
നീചാരിപാപാംശഗതാസ്തഥൈവ. വ്യ

വ്യാ—ചന്ദ്രനൊ സൂര്യനൊ പന്ത്രണ്ടിലും ശനി ത്രികോണത്തിലും അഥവാ ഏഴിലും അല്ലെങ്കിൽ പത്തിൽ ആദിത്യനും നിൽക്കയും ഇവക്ക് നീചം ശത്രുക്ഷേത്രം പാപക്ഷേത്രം ഇവയിൽ സ്ഥിതിയും ഉണ്ടായാൽ പല്ലിനും കുണ്ണിനും പല്ലിനും സുഖക്കേടു ഉണ്ടായിരിക്കും. (ഇവിടെ ഏഴിലൊ പത്തിലൊ സൂര്യൻ വേണമെന്നും പന്ത്രണ്ടിൽ ചന്ദ്രൻ വേണമെന്നും നിയമിക്കുന്നുണ്ടു്. എന്തെന്നാൽ ചന്ദ്രവ്യയേവായ ദിവാസരേശേ എന്ന വികല്പിക്കയും—മദരന്ധ്രഗേക്കേ-എന്ന പുനർവിധി ചെയ്കയും ചെയ്തിട്ടുണ്ടു്.)

മൂ— സുതാംബുഗെഽപാപഖഗെഽവിശേഷാ
ച്ചന്ദ്രേക്ഷണിഷ്ഠാരിഗതേന്ധതാന്ധ്യാൽ
ശുഭഗ്രഹാണാമവലോകഹീനേ
സേഽച്ചേഭവത്യേവശുഭേ നദോഷഃ. പ്നമ

വ്യാ—രണ്ടു പാപന്മാർ നാലിലൊ അഞ്ചിലൊ നിന്നാൽ കുണ്ണിനു് കാഴ്ചയില്ലാതാകും. അപ്പോൾ ന യ പ ഫ ഈ ഭാവങ്ങളിൽ ശുഭദൃഷ്ടിയില്ലാത്ത ചന്ദ്രനും ഉണ്ടെങ്കിൽ ഫലം തീച്ചയുമാണു്. എന്നാൽ ഈ യോഗത്തിൽ ഒരു ശുഭൻ ഉച്ചത്തിൽ ഉണ്ടായിരുന്നാൽ ഇതു് ഫലിക്കയുമില്ല

മൂ— ഹിതാലഗാപതിം വിലഗ്നസഹിതേഷ്വന്യേഷുകുഷ്ഠംവദേൽ
നീലംഭാനുസുതേതുചണ്ഡകിരണേ രക്താനിതംഭ്രമിജേ
മന്ദേനക്ഷിതിജേനവായദിയുതേ കുക്ഷ്യശ്രിനക്രാംശകേ
ചന്ദ്രേശോഭനയോഗദൃഷ്ടിരഹിതേ കുഷ്ഠംവദേദ്ദേഹിനാം. പ്രപ

വ്യാ—ലഗ്നാധിപതിയൊഴിഞ്ഞുള്ള ഗ്രഹങ്ങൾ ലഗ്നത്തിൽ നിന്നാൽ കുഷ്ഠരോഗമുണ്ടെന്നും അവിടെ ശനിയാണെങ്കിൽ കരിംകുഷ്ഠമെന്നും സൂര്യനൊ കുജനൊ നിന്നാൽ രക്തകുഷ്ഠമെന്നും ചന്ദ്രൻ കർക്കടകം ധനസ്സു് മകരം ഈ രാശികളിൽ അംശകിച്ചു് ശനി കുജന്മാരിൽ ഒരാളോടു് ചേർന്നു ശുഭയോഗദൃഷ്ടികളില്ലാതെ നിന്നാലും കുഷ്ഠമുണ്ടെന്നും പറയണം. (ഇവിടെ ചണ്ഡകിരണേരക്താനിതം ഭ്രമിജേ—എന്നുള്ളിടത്തു് രക്തകുഷ്ഠമെന്നു പറഞ്ഞതു് പിത്തകോപം കൊണ്ടുണ്ടായ കുഷ്ഠമെന്നു ധരിക്കണം. പകേപാദുംബരതാമ്ര-ത്വഗ് രോമശ്മശ്രുനഖാസിരാചിതംബഹളം ബഹളക്ലേദംരക്തം ദാഹരു

ജാനപിതം ആശ്രുതസ്ഥാനാവദരണകൃമിവിദ്ദ്യാദുദ്ദംബരം —എന്ന നിദാനമുള്ളതിനാലും, പിത്തം വാതകഫൗപിത്തം എന്ന സൂത്രാദികൾക്ക് വാതപിത്താദിഭേദങ്ങളെ വിധിക്കുന്നതിനാലും സൂത്രകൃജ്ജനന്മാർ തീക്ഷ്ണഗ്രാഹങ്ങളാകയാലും, പിത്തംവഹ്നിവ്വഹ്നിജംവാവിശേഷാൽ എന്ന പിത്തത്തിന് അഗ്നിസാമ്യം വിധിക്കുന്നതിനാലും പിത്തകോപഹേതുവായ രക്തകുപ്യമെന്നും പറയണം) അതു ഉദ്ദംബരകുപ്യമാകുന്നു.

മൂ— പാപാന്വിതേ ശശിനിരന്ധ്രസചതായാതേ
സപ്തക്ഷിതേനിധനഭേ യദിഗ്രഹ്യരോഗാ
രന്ധ്രേ ചതുസ്ത്രിനവപാപയുതേതഥൈവ
സൌമ്യഗ്രഹേണ സഹിതേയദിരോഗഹീനഃ. ഫ൫

വ്യാ—പാപയുതനായ ചന്ദ്രൻ സ പ ഈ ഭാവങ്ങളിൽ നില്ക്കയും എട്ടാമിടത്തു രാഹു ദൃഷ്ടിയുണ്ടാകയും ചെയ്താൽ ഗ്രഹ്യരോഗമുണ്ട്. പ-ര-ദ-ൻ ഈ ഭാവങ്ങളിൽ പാപയോഗമുണ്ടായാലും രോഗം മേൽ പറഞ്ഞതാണെന്നും ശുഭയോഗമെങ്കിൽ ആ രോഗമില്ലെന്നും അറിയുക.

മൂ— ജലചരഗൃഹഗേന്ദൌ തല്പതൌഷ്ണ്യയാതേ
ജലഗൃഹയുതഖേടൈരീക്ഷിതേ മൂത്രകൃച്ഛ്രം
പരിഭവരിപുയാതേ ശീതഗൌഭൌമദൃഷ്ടേ
രവിസുതയുതലഗ്നേ ശോണിതം രോഗമേതി. ഫ൬

വ്യാ—ചന്ദ്രൻ ജലരാശികളിൽ ഒന്നിൽ നില്ക്കയും ആ രാശ്യധിപൻ ഷഷ്ഠഭാവത്തിൽ നിൽക്കയും ഇവക്ക് ജലരാശികളിൽ. നിൽക്കുന്ന ഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടാവുകയും ചെയ്താൽ മൂത്രകൃച്ഛ്രം (മൂത്രത്തടവ്) ഉണ്ടെന്നുപറയുക. ചന്ദ്രൻ ആറിലോ എട്ടിലോ കുജദൃഷ്ടനായി നിൽക്കയും ലഗ്നത്തിൽ ശനി നിൽക്കയും ചെയ്താൽ വാതശോണിതമാകുന്നു. (രക്തദോഷംകൊണ്ടുള്ള രോഗങ്ങളുമാവാം.)

മൂ— ക്ഷീണോമന്ദഗൃഹോദയേ ഹിമകരേ പാപഗ്രഹൈരന്വിതേ
രന്ധ്രാരാതിഗതേഥവാ പവനകൃൽ ഗ്രന്ഥ്യാദിരോഗംവദേൽ
ചന്ദ്രേപാപവിയച്ചുരാന്തരഗതേ മന്ദേമദസ്ഥാനഗേ
ജാതോവിദ്ധധിഗ്രന്ഥിശോഷജനിതൈരാത്തോഭവേദാമയൈഃ ഫ൭

വ്യാ—ക്ഷീണചന്ദ്രൻ ശനിക്ഷേത്രങ്ങളിൽ ലഗ്നസ്ഥനാവുകയോ അല്ലെങ്കിൽ പാപയുതനായിട്ട സ-പ ഈ ഭാവങ്ങളിൽ നിൽക്കയോ ചെയ്താൽ വാതഗ്രന്ഥമെന്ന് പറയുക. (ചന്ദ്രൻ പാപയുതനായിട്ട് മുൻപറഞ്ഞ ലഗ്നത്തിലായാലും മതി.) ചന്ദ്രൻ പാപമദ്ധ്യസ്ഥനായി

രിക്കയും ശനി ഏഴിൽ ഉണ്ടാവുകയും ചെയ്താൽ വിദ്വധി ഗ്രന്ഥൻ ക്ഷയം ഇങ്ങനെയുള്ള സങ്കടരോഗങ്ങളെന്നു പറയണം.

മൂ— ഭരഞ്ജീത്തിഗ്രന്ഥാമയമൂലമേതി
കുജേവിലഗ്നേ വിബലേരിനാഥേ
ലഗ്നോസപാപേ ഫണിനായകേവാ
മന്ദേഷ്ടഗേ കുക്ഷിരുഗർത്തിതസ്സ്യാൽ. ൭൭

വ്യാ—കുജൻ ലഗ്നത്തിൽനിൽക്കുംയു ഷ്ടാധിപരിക്ക ബലമില്ലാതാവുകയും ചെയ്താൽ ഭരഞ്ജീണ്ണം(ദഹനമില്ലായ്മ)ഗ്രന്ഥൻ ഇവ ആകുന്നു. ലഗ്നത്തിൽ പാപനോ രാഹുവോ നിൽക്കയും അഷ്ടമത്തിൽ ശനി ഉണ്ടാവുകയും ചെയ്താൽ ഉദരവ്യാധി (വയറുവേദന) ആകുന്നു.

മൂ— ഹൃച്ഛൂലരോഗമുപയാതി സുഖേഷണീശേ
പാപേക്ഷിതേ ഗതബലേ യദിലഗ്നനാഥേ
ശൂലാമയംതനുപതെഴരിപുനീചരാശൌ
ഭൌമേസുഖേരവിയുതേ യദിപാപദൃഷ്ടേ. ൭൮

വ്യാ—ദുർബലനായ ലഗ്നാധിപനു പാപദൃഷ്ടിയും നാലാമിടത്തു രാഹുവും ഉണ്ടായാൽ ഹൃദയരോഗം (ഉരക്ഷതം) ശൂലരോഗം ഇവയും ലഗ്നാധിപൻ നീചത്തിലോ ശത്രുക്ഷേത്രത്തിലോ നിൽക്കയും ശനിക്കു പാപദൃഷ്ടിയുണ്ടാവുകയും ചെയ്താൽ ശൂലരോഗവുമാകുന്നു.

മൂ— ജാതോഷ്ടകത്തിവിരോധരോഗസഹിതോ രന്ധ്രേശരേർബലേ
ലഗ്നേപാപനിരീക്ഷിതേ പരിഭവസ്ഥാനേ സമന്വേക്ഷിതേ
പാതഭ്രാന്തിജപാണ്ഡുമേതിസകുജേ ചന്ദ്രേരിപുസ്ഥാനഗേ
ജാതശൂല്വിസൂപ്പുമേതി ദിനകൃച്ചന്ദ്രാരയുക്തേയദാ. ൭൯

വ്യാ—അഷ്ടമാധിപനു ബലഹീനതയും ലഗ്നത്തിൽ പാപദൃഷ്ടിയും ഷഷ്ഠഭാവത്തിൽ ശനിയുടെ യോഗദൃഷ്ടികളും വന്നാൽ അരുചിയാണെന്നു പറയണം. ചന്ദ്രൻ കുജനോടുകൂടി ആറാമിടത്തു നിന്നാൽ വാതവികാരങ്ങളും പാണ്ഡുരോഗവും (നീരും വെള്ളപ്പും) ഉണ്ടാകും. സൂര്യചന്ദ്രകുജന്മാർ നിന്നാൽശൂലയും വിസൂപ്പും (കുഷ്ഠഭേദം) ഉണ്ടാകും.

മൂ— ആരേക്ഷിതേയദിവിലഗ്നഗൃഹേരിനാഥേ
മാന്ദേഥവാസ്തതനുജേകൃതമാഭിചാരം
ലഗ്നാധിപോനസഹിതേവ്വനിജേവിലഗ്നേ
കേന്ദ്രേഥവാതനുപതൌ തനുഗേതഥാസ്യാൽ. ൮൦

വ്യാ—ഷഷ്ഠാധിപൻ കുജദൃഷ്ടിയോടുകൂടി ലഗ്നത്തിലൊ പത്തി

ലൊ നില്ക്കയും കുജൻ ലഗ്നാധിപനോടുകൂടി ലഗ്നത്തിൽ നിൽക്കയും ഷഷ്ഠാധിപൻ കേന്ദ്രത്തിലോ ലഗ്നത്തിലൊ നിൽക്കയും ചെയ്താൽ ശ്രുകൃതമായ അഭിചാരദോഷമെന്നു പറയണം.

മൂ— ജാതോനിഷ്ഠുരദർശനോനൃനിതം രോഗംസുഖസ്ഥാനഗേ
മാന്ദേലഗ്നഗതേഥവാമരുഹ്രൊ കേന്ദ്രേസമന്ദാത്മജേ
മന്ദേസ്തേചരലഗ്നഗേയദിശുഭേ പാപേക്ഷിതേശീതഗൌ
ഭ്രുതപ്രേതപിശാചദർശനവശാദ്രോഗംസമേതിധ്രുവം. ൯൨

വ്യാ—ഗുരു നാലിലൊ പത്തിലൊ ലഗ്നത്തിലൊ നിൽക്കയും കേന്ദ്രത്തിൽ ഗ്രഹിക്കയും ഉണ്ടായാൽ ദേവതാമുള്ള ബാധകളെയും ചരരാശി ലഗ്നമായും അവിടെ ശുഭനും ഏഴിൽ ശനിയും ചന്ദ്രനുപാപദൃഷ്ടിയുമുണ്ടായാൽ ഭ്രുതപ്രേതാദികളെയും കണ്ട് ഭയന്നിട്ടു രോഗമുണ്ടാവും.

മൂ— ചന്ദ്രേപാപനിരീക്ഷിതേരിപുഗതേപാപാന്വിതേവാതജം
ജാതശ്ശോണിതപിത്തമേതിവസുധാപുത്രേത്വാസ്തംഗതേ
സൌമ്യേവാതകഫാമയംഭൃഗുസുതേ മൂലാതിസാരംതഥാ
മന്ദേഗ്രന്ഥിമുപൈതിരാഹുശിഖിനാ പൈശാചരോഗംഭവേൽ.

വ്യാ—ചന്ദ്രനു പാപയോഗവും ഷഷ്ഠത്തിൽ സ്ഥിതിയും ഏഴിൽ ചൊവ്വായും നിന്നാൽ വാതപ്രധാനമായ രക്തപിത്തമെന്നും (ഏഴിൽ) ബുധൻ നിന്നാൽ വാതവും കഫവും കോപിച്ച രോഗവും ശുക്രൻ നിന്നാൽ മൂലരോഗവും (അർശസ്സ്) അതിസാരവും ശനി നിന്നാൽ ഗ്രന്ഥിവ്യാധിയും രാഹുകേതുക്കളിൽ ഒരാൾ നിന്നാൽ പിശാചാവേശം നിമിത്തമുള്ള (ബാധാദോഷം) രോഗവും ഉണ്ടാകും. (ഇവിടെ ഭൃഗുസുതേമൂത്രാതിസാരാ എന്ന് പാഠാന്തരം) അപ്പോൾ പ്രമേഹം അതിസാരം ഇവയും പറയണം.

മൂ— മന്ദേകുളീരഭവനോപഗതേമൃഗസ്ഥേ
ചന്ദ്രേജുലോദയഗുജംസമുപൈതിജാതഃ
സാരേശനൈരിപുഗതേഽഥിരാഹുദൃഷ്ടേ
ലഗ്നാധിപേ ചവിബലേ സതിദീർഘരോഗീ. ൯൩

വ്യാ—ശനി കർക്കടത്തിലും ചന്ദ്രൻ മകരത്തിലും നിന്നാൽ നീർദ്ദ് മഹോദരം മുതലായവയും ലഗ്നാധിപൻ ദുർബലനായും ശനി കുജന്മാർ രാഹുസൂര്യന്മാരുടെ ദൃഷ്ടിയോടുകൂടി ഷഷ്ഠഭാവത്തിൽ നിൽക്കയും ചെയ്താൽ രോഗത്തിനു വളരെ ദീർഘത ഉണ്ടെന്നും പറയണം.

മൂ— കാസശ്വാസക്ഷയജനിരുജം ഭാനുഭൌമാഹിദൃഷ്ടേ
ഷഷ്ഠേസൌരേഗ്രഹികസഹിതേസൌമ്യദൃഷ്ടൌഗഹീനേ

രിഃഫേപാപേശുശിനിരിപുഗേഭാനുജേരസ്ഥയാതേ
പാപപാംശസ്ഥതനുഗൃഹപതൌചീനസംരോഗമേതി ൯൫

വ്യാ—ഷഷ്ഠഭാവത്തിൽ സൂര്യകുജരാഹുക്കളുടെ ദൃഷ്ടിയോടുകൂടിയ ശനി ശുഭയോഗദൃഷ്ട്യാദികളില്ലാതെ ഗ്രഹികനോടുകൂടി നിന്നാൽ കാസം ശ്വാസം ക്ഷയം ഇവയും പന്ത്രണ്ടിൽ പാപനും ഷഷ്ഠത്തിൽ ചന്ദ്രനും അഷ്ടമത്തിൽ ശനിയും ലഗ്നാധിപനു പാപരാശ്യംശത്തിൽ സ്ഥിതിയും വന്നാൽ പീനസരോഗവുമുണ്ടാകും.

മൂ— ഗ്രസ്തകേജേനിജഗൃഹേസുഖവിക്രമസ്ഥേ
ചന്ദ്രാത്മജേരവിയുതേയദിലഗ്നഗേസ്യാൽ
സപർക്ഷകുജേസുഖസഹോദരഗേന്ദുസൂനൌ
ഹോരാധിപേശനിയുതേതുതഥാവദന്തി. ൯൬

വ്യാ—കുജൻ സപക്ഷേത്രത്തിലും ലഗ്നത്തിൽ ശനിയും ബുധൻ നാലിലോ മൂന്നിലോ നിൽക്കയും ചെയ്താൽ ജാതൻ ഗ്രസ്തഭോഗനായി ഭവിക്കും. കുജബുധന്മാർക്കു മുൻപറഞ്ഞ സ്ഥിതിയും വിശേഷാൽ ലഗ്നാധിപനു ശനിയോഗം വരികയും ചെയ്താലും ഫലം മേൽപ്രകാരംതന്നെ.

ഹോരായാം—

ഹോരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

മൂ— ലഗ്നാദ്വയാരിഗതയോഃശശിതിഗ്മരശ്മ്യോഃ
പന്ത്യാസ്സുഹൈകനയനസ്യവദന്തിജന്മ
ദ്വ്യൂനസ്ഥയോന്ന്യൂനപഞ്ചമസംസ്ഥയോർവ്വാ
ശുക്രാർക്കയോർവ്വികലദാരമുശന്തിജാതം. ൯൭

വ്യാ—ലഗ്നാൽ പന്ത്രണ്ടിൽ ചന്ദ്രനും ഷഷ്ഠത്തിൽ സൂര്യനും നിന്നാൽ ജാതനും അവന്റെ ഭാര്യയ്ക്കും ഓരോ കണ്ണിനുമാത്രമേ കാഴ്ചയുണ്ടാകയുള്ളൂ. ശുക്രനും സൂര്യനും ൬-൭-ൽ ഈ ഭാവങ്ങളിൽ എവിടെയെങ്കിലും നിന്നാൽ ഭാര്യയ്ക്കു അംഗവൈകല്യമുണ്ടെന്നു പറയണം.

മൂ— നവമായതൃതീയധീയുതാ നവസൌമ്യൈരശുഭാനിരീക്ഷിതാഃ
നിയമാച്ഛ്രവണോപഘാതദാ രദവൈകൃത്യകരാശ്വസപ്തമേ.

വ്യാ— ൯-൭-ൽ-കൂടെ ഈ ഭാവങ്ങളിൽ ശുഭദൃഷ്ടിയില്ലാത്ത പാപവാർ നിന്നാൽ ജാതൻ നിശ്ചയമായും ചെവികേൾക്കാത്തവനാകും. (ഇവിടെ പാപന്മാർ എന്നുപറഞ്ഞതു സൂര്യൻ ചന്ദ്രൻ കുജൻ ശനി ഇവരാണെന്നു അറിഞ്ഞുകൊൾകയും വേണം.). ഇവർതന്നെ പാപദൃ

ഷ്ടന്മാരായിട്ടു ഏഴിൽ നിന്നാൽ കുടന്തനായും (പല്ലിന്നു ഭംഗമില്ലാത്തവൻ) ഭവിക്കും.

മൂ— വർഗോത്തമാംശശുഭവർഗഗതേമരേന്ദ്യേ
ലഗ്നേരസാതലഗതേയടി വാബലാഢ്യേ
വിത്തായവൃദ്ധിഗൃഹഗേഷുവിയച്ചരേഷു
ലഗ്നാധിപേബലയുതേ സുഖമേരിജാതഃ. ൯൯

വ്യാ—ഗുരുവിന് വർഗ്ഗോത്തമം ശുഭവർഗ്ഗം മുതലായതു് ഉണ്ടായും ബലവാനായും ലഗ്നം രു ഈ ഭാവങ്ങളിൽ നില്ക്കയും ൨-൫-൯ ഈ ഭാവങ്ങളിൽ ഗ്രഹങ്ങളുണ്ടായിരിക്കയും ലഗ്നാധിപൻ ബലവാനാകയുംചെയ്താൽ. ഇവ ഒക്കെയും ആരോഗ്യപ്രദങ്ങളാണു്.

മൂ— യേജാതഭംഗാ നൃപയോഗഭംഗാഃ
പ്രേഷ്യാദരിദ്ര്യാംഗവിഹീനയോഗാഃ
യേരോഗഭേദാഃ പരികീർത്തിതാസ്തേ
സൂര്യാദിസവ്വ്യ്യമരപ്രസാദാൽ. ൧൦൦

വ്യാ—ഏതിനാൽ സൂര്യാദി സവ്വഗ്രഹങ്ങളുടേയും അനുഗ്രഹം ഹേതുവായിട്ടു ഈ അദ്ധ്യായത്തിൽ ജാതകഭംഗം രാജയോഗഭംഗം പ്രേഷ്യയോഗം ദാരിദ്ര്യയോഗം അംഗഭംഗയോഗം രോഗയോഗം രോഗഭേദയോഗം ഇവ ഒക്കെയും സവിസ്തരം പറയപ്പെട്ടു.

---

## എട്ടാം അദ്ധ്യായം.

### രാജയോഗം.

മൂ— കന്യാമീനന്യൂഗ്മഗോഹരിധനുഃ
കുംഭസ്ഥിതൈഃഖേചരൈ
സ്സേനാമത്തമതംഗവാജിവിപുലോ
രാജ്യായശസ്വീഭവേൽ
തെഴലിത്തർഗവൃഷാവസാനസഹിതൈർ
ജാതോഖിലക്ഷ്മാപതിർ
ർഗോചാപാന്ത്യഭകേന്ദ്രഗൈഃ പൃഥുയശാ
പൃഥ്വീശ്വരോജായതേ. ൧

വ്യാ—കഴിഞ്ഞ അദ്ധ്യായത്തിൽ ജാതകഭംഗാദി വിവിധയോഗങ്ങളെ(അനിഷ്ടയോഗങ്ങളെ)പ്പറഞ്ഞതിനുശേഷം ഉത്തമങ്ങളായ രാ

ജയോഗമഹാപുരുഷവിശേഷയോഗങ്ങളെപ്പറയാൻ ആരംഭിയ്ക്കുന്നതിൽ പ്രാധാന്യമുള്ള രാജയോഗങ്ങളെ ആദ്യം പറയുന്നു.

സൂര്യാദി സപ്തഗ്രഹങ്ങളും ജനനസമയം കന്നി മീനം മിഥുനം ഇടവം ചിങ്ങം ധനുസ്സ് കുംഭം ഈ രാശികളിലായി നിന്നാൽ ജാതൻ ആന കുതിര തേരു കാലാൾ ഇങ്ങനെയുള്ള ചതുരംഗസേനകളോടുകൂടി കീർത്തിമാനായ രാജാവായി ഭവിക്കും. അതുപോലെ എല്ലാ ഗ്രഹങ്ങളും തുലാം മേടം ഇടവം മീനം ഈ സ്ഥാനങ്ങളിലായി നിന്നാലും സകല ഭൂമിക്കും ആധിപത്യമുള്ള രാജാവായി ഭവിക്കും. അതുപോലെ ഗ്രഹങ്ങളെല്ലാം ഇടവം ധനുസ്സ് മീനം ഇതുകളിലായി നില്ക്കയും അവ കേന്ദ്രങ്ങളാകയും ചെയ്താൽ വിശ്രുതനായ രാജാവാകും.

മൂ— കന്യാമേഷതുലാമൃഗേന്ദ്രഘടഗൈർജ്ഞാതോമഹീപാലകോ
ദുശ്ചില്ല പ്രതിഭാരസാതലഗതൈർബഹ്വത്ഭദേശാധിപഃ
ചേടാവിക്രമബന്ധുപുത്രഗഗാങ്കേഽവിത്തധർമ്മസ്ഥിതൈ
ശ്ശൈഷ്ടർലഗ്നകളത്രരാശിസഹിതൈരാഢ്യോഭവേദ്ധ്യാർമ്മികഃ. ൨

വ്യാ—കന്നി മേടം തുലാം മകരം കുംഭം ഈ രാശികളിലായി എല്ലാ ഗ്രഹങ്ങളും നിൽക്കുക. എന്നാലും രാജാവാകും. അങ്ങിനെ എല്ലാഗ്രഹങ്ങളും ൧൨ ൩ ഈ ഭാവങ്ങളിലായിനിൽക്കുക. എന്നാൽ വളരെ ദേശങ്ങൾക്കും ധനത്തിനും നാഥനായ രാജാവാകും. ൧൨ ൩ ൯ ൽ ലഗ്നം ൭ ഈ ഭാവങ്ങളിലായും ഗ്രഹങ്ങൾ നിൽക്കുകയെന്നാൽ ധർമ്മിഷ്ഠനായ രാജാവാകും.

മൂ— താരേശഹോരാസഹിതാനഭോഗാ
ജ്ജാതോയശസ്വീമനുജാധിപസ്സ്യാൽ
സൌമ്യാസ്തഹോരാഭൃഹോപയാതാഃ
പാപാരിപൂപ്യോമഗതാനരേശഃ. ൩

വ്യാ—ഗ്രഹങ്ങളൊക്കയും ചന്ദ്രഹോരയിൽ നിൽക്കുക. യശസ്വിയായ രാജാവാകും. ശുഭഗ്രഹങ്ങൾ൯-൭൧ ഈ ഭാവങ്ങളിലും പാപന്മാർ ൩-൭൦ ഈ ഭാവങ്ങളിലും നിന്നാൽ രാജയോഗമാകുന്നു.

മൂ— ലഗ്നാസ്തഗാനംഗഗൃഹോപയാതാ
ബലാന്വിതാശ്ശോഭനഖേചരേന്ദ്രാഃ
ചന്ദ്രാർക്കപുത്രൈരനവമായസംസ്ഥൈ
സ്തപോഭവേൽസ്സദ്ഗുണാഭിരാമഃ. ൪

വ്യാ—ശുഭന്മാർ ബലവാന്മാരായിട്ടു ലഗ്നം-൭-൭൦-ഈ ഭാവങ്ങളി

ലും ൻ-ൽ ചന്ദ്രനും ൟ-ൽ ശനിയും നിന്നാൽ ഗ്രഹണമുണ്ടായ രാജാവാകും.

മൂ— വർഗ്ഗോത്തമാംശോപഗതേവിലഗ്നേ
ചന്ദ്രേഥവാചന്ദ്രവിമുക്തഖേടൈഃ
സുഖൊസ്ഥാനംഗൃഹൊപയാതൈ-
ർവ്വിലോകിതേമാനവനായകസ്സ്യാൽ. ൭

വ്യാ—രു ൟ-ൟ-ൟ ഭാവങ്ങളിൽ നിൽക്കുന്ന ഗ്രഹങ്ങളുടെദൃഷ്ടിയോടുകൂടി ലഗ്നമോ ചന്ദ്രനോ വർഗ്ഗോത്തമം ചെയ്തുനിന്നാൽ രാജയോഗമുണ്ട്.

മൂ—അശ്വിന്യാമുദയസ്ഥിതേഭൃഗുസുതേ സർവ്വഗ്രഹൈരീക്ഷിതേ
ജ്ഞാതോരാജകുലാഗ്രജോരിപുകുലധ്വംസീബഹുസ്ത്രീരതഃ
ഹിത്വാനീചനവാംശമംബരചരൈസ്സ്വാത്മൈസ്സുഭാഗാന്വിതൈ
രേകോലഗ്നഗതോയദിക്ഷിതിപതിഃപഞ്ചാദികൈർവ്വീക്ഷിതവാൻ. ൮

വ്യാ—എല്ലാഗ്രഹങ്ങളുടേയും ദൃഷ്ടിയോടുകൂടി ശുക്രൻ ലഗ്നത്തിൽ നിൽക്കുമ്പോൾ അശ്വതി നക്ഷത്രത്തിൽ ജനിക്കുന്നവൻ ശത്രുജ്ഞാതാവായും വളരെഭാര്യമാരോടുംകൂടിയ രാജശ്രേഷ്ഠനാകും. മൂന്നിലധികം ഗ്രഹങ്ങൾ നീചരാശ്യംശകംകൂടാതെ സ്വക്ഷേത്രാദി ശുഭത്തോടുകൂടിനിന്നാൽ രാജാവും അഞ്ചു ഗ്രഹങ്ങൾ ഇങ്ങനെനിന്നാൽ ധനേശ്വരനായ രാജാവും ആകും.

മൂ — ശുക്രേരിനീചമപഹായകുടുംബസംസ്ഥേ
ലഗ്നേശ്വരേബലയുതേധരണീപതിസ്സ്യാൽ
ചന്ദ്രേതിമിത്രഗൃഹഭാഗഗതേനിശായാം
ശുക്രേക്ഷിതേന്യുപതിരന്യവിലോകഹീനേ. ൯

വ്യാ—ലഗ്നാധിപതിക്കു ബലവും ശുക്രനു നീചം ശത്രുക്ഷേത്രസ്ഥിതി ഇവയില്ലാതെ രണ്ടാമിടത്തു സ്ഥിതിയും ഉണ്ടെങ്കിൽ രാജയോഗമാകുന്നു. ചന്ദ്രൻതന്റെ അതിബന്ധുവിന്റെ നവാംശത്തിൽ നിൽക്കയും ആ ശുക്രനു അന്യഗ്രഹദൃഷ്ടിയില്ലാതെയും ശുക്രദൃഷ്ടിയുണ്ടായും രാത്രികാലത്തിൽ ജനിച്ചാൽ രാജാവാകും.

മൂ— മീനേമീനനവാംശകേഭൃഗുസുതേലഗ്നസ്ഥിതേഭൂപതി-
സ്സ്വോച്ചേലഗ്നഗൃഹാധിപേബലയുതേരാജാശശാങ്കേക്ഷിതേ
ലഗ്നസ്വാമിനിതുംഗമന്ദിരഗതേനീചാരിഭാഗംവിനാ
കേന്ദ്രസ്ഥാനഗതേനഭോഗവിയുതേരാജാമഹീപാലകഃ. ൧൦

വ്യാ—ശുക്രന്റെ അംശകത്തോടും സ്ഥിതിയോടും കൂടിയ മീനലഗ്

ഗത്തിൽ (ശുക്രന് ഉച്ചത്തിൽ വർഗോത്തമം) ലഗ്നാധിപൻ ബലവാനായി ചന്ദ്രദൃഷ്ടിയോടുകൂടി ഉച്ചത്തിൽ നിൽക്കുമ്പോൾ ജനിക്കുന്നവൻ (വ്യാഴത്തിനും ഉച്ചം.) രാജശ്രേഷ്ഠനാകും. ലഗ്നാധിപന് അന്യഗൃഹത്തോടുകൂടാതെയും നീചാംശം ശത്രുക്ഷേത്രാംശംഇവയില്ലാതെയും ഉച്ചത്തിൽ കേന്ദ്രത്തിൽ നിന്നാലും രാജയോഗമാകുന്നു.

മൂ— ഭാഗ്യസ്ഥാനിജതുംഗമിത്രഭവനേസമ്പൂർണ്ണഗാത്രേവിധൌ
ലഗ്നാദാസ്പദവിത്തരാശിഗതയോശുഭ്യാരയോർഭ്രേപതിഃ
ചന്ദ്രേപൂർണ്ണകലാന്വിതേബലയുതേലഗ്നാംവിനാകേന്ദ്രഗേ
ദൃഷ്ടേജ്ഞാനവമന്ത്രിണാചഗുരുണാരാജാമഹാമാനകൃൽ. ൯

വ്യാ—പൂർണ്ണചന്ദ്രൻ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ ബന്ധുക്ഷേത്രത്തിലോഭാഗ്യസ്ഥാനത്തിൽ (൯-ാമിടം) നിൽക്കയും ലഗ്നാൽപത്തിൽ ശനിയും രണ്ടിൽ കുജനും നിന്നാൽ രാജാവാകും. ബലവാനായ പൂർണ്ണചന്ദ്രൻ ഗുരുശുക്രന്മാരുടെ ദൃഷ്ടിയോടുകൂടി ലഗ്നത്തിലല്ലാത്ത കേന്ദ്രത്തിൽ നിന്നാൽ മഹാഭാഗ്യവാനായ രാജാവാകും.

മൂ— ഏകസ്മിൻപരമോച്ചഗേതിസുഹൃദാദൃഷ്ടേയദിക്ഷ്മാപതി-
സ്തുല്യേ ഭഗ്നനവാംശകേബലയുതേലാഭേവാരിഃപഗേ
ദിഗ്വീര്യാമ.ബരേഷ്ടുതുംഗഭവനേഷഷ്ഠിന്ദുകുളീരസ്ഥിതേ
ലഗ്നേപൂർണ്ണബലാന്വിതെനരപതിസ്സർവ്വത്രപൂജ്യോഭവേൽ. ൧൦

വ്യാ—തന്റെ ബന്ധുഗൃഹത്താൽ ദൃഷ്ടനായ ഒരു ഗ്രഹം അത്യുച്ചത്തിൽ നിൽക്കുമ്പോൾ ജനിച്ചാൽ രാജാവാകും. ബലവാനായ ശുക്രൻ ൧൰-൧൨ ഈ ഭാവങ്ങളിൽ നിന്നാൽ രാജതുല്യനാകും. രണ്ടോ മൂന്നോ ഗ്രഹങ്ങൾ ഉച്ചത്തിലും ചന്ദ്രൻ കർക്കടത്തിലും നിൽക്കുമ്പോൾ പൂർണ്ണബലമുള്ള ലഗ്നത്തിൽ ജനിക്കുന്നവൻ ഭൂമിയിടത്തും വന്ദ്യനായ രാജാവാകും.

മൂ— സർവ്വേപോപചയസ്ഥിതാശുഭഖഗാഃ പാപാവിലഗ്നസ്ഥിതാ
മാനസ്ഥായദിവാജിതാരിനിചയഃ ക്രൂരോമഹീപാലകഃ
ഭാനൌസപ്തമഗേനിശാകരയുതേതുംഗാദിവർഗ്ഗസ്ഥിതേ
സൌമ്യാസൌമ്യനിരീക്ഷിതേതിചപലോരാജാഥവാതത്സമഃ. ൧൧

വ്യാ—ശുഭന്മാർ ഒക്കെയും ഉപചയസ്ഥാനങ്ങളാകുന്ന ൩-൬-൧൦-൧൧ ഈ ഭാവങ്ങളിലും പാപന്മാർ ലഗ്നത്തിലും അല്ലെങ്കിൽ പത്തിലും നിന്നാൽ ശത്രുജേതാവായി ക്രൂരനായ (അധൃഷ്യൻ) രാജാവാകും. സൂര്യൻ ചന്ദ്രനോടുകൂടി ഉച്ചം വർഗ്ഗോത്തമം മുതലായ അംശകങ്ങളോടുംകൂടി ശുഭപാപദൃഷ്ടികളുള്ളവനായി ൭ാമിടത്തു നിന്നാൽ ചപലനായ രാജാവായോ രാജതുല്യനായോ ഭവിക്കും.

മൂ— ഛാപാജുസിംഹഭവനോദയഗോധരാജ്ഞേ
മിത്രേക്ഷിതേനിജബലാജ്ജിതരാജ്യകർത്താ
ദുശ്ചില്ക്യധർമ്മസുതഗാ രവിചാ ജീവാ
വീര്യാനപിതായദികുബേരസമോന്യപാലഃ. ൧൨

വ്യാ—കുജൻ ബന്ധുഗ്രഹദൃഷ്ടനായിട്ടു ധനുസ്സ് മേടം ചിങ്ങം ഈ രാശികൾ ഛഗമായി അവിടെ നില്ക്കുക. എന്നാൽ തന്റെ പരാക്രമംകൊണ്ടു സമ്പാദിക്കപ്പെട്ട രാജ്യങ്ങളുടെ നാഥനായ രാജാവാകും. സൂര്യൻ ചന്ദ്രൻ ഗുരു ഇവർ ബലവാന്മാരായി നു-ൻ-ി ഈ ഭാവങ്ങളിൽ നിന്നാൽ കുബേരതുല്യനായ രാജാവാകും(ക്രമത്തിലധികം ധനമുണ്ടാകുമെന്നത്ഥം.)

മൂ— നീചംഗതോജന്മനിയോഗ്രഹേന്ദ്ര
സ്തദ്രാശിനാഥോപിതദുച്ചനാഥഃ
സചന്ദ്രലഗ്നാദ്യദികേന്ദ്രവർത്തീ
രാജാഭവേല്ലോമ്മികചക്രവർത്തീ. ൧൩

വ്യാ—ജനനസമയം ഏതെങ്കിലും ഒരു ഗ്രഹം നീചത്തിൽ നില്ക്കുന്നവെങ്കിൽ ആ നീചരാശിയുടെ അധിപനൊ നീചം ഉള്ള ഗ്രഹത്തിന്റെ ഉച്ചരാശ്യധിപനായ ഗ്രഹമോ ലഗ്നാലൊ ചന്ദ്രാലൊ കേന്ദ്രത്തിൽ നില്ക്കുന്നവെങ്കിൽ ധർമ്മിഷ്ടനായ ചക്രവർത്തിയാകും. ഈ യോഗത്തിന് നീചഭംഗയോഗം എന്ന പേർ പറയുന്നു. നീചം കൊണ്ടുള്ള ദോഷം ഫലിക്കയില്ലാ എന്നത്ഥം.

മൂ— നീചസ്ഥിതഗ്രഹനവാംശപതൌത്രികോണേ
കേന്ദ്രേഥവാ ചരഗ്രഹേയദിജന്മലഗ്നേ
തദ്ഭാവപേ ചരഗ്രഹാംശസമന്വിതേവാ
ജാതോമഹീപതിരതിപ്രബലോഥവാസ്യാൽ. ൧൪

വ്യാ—നീചത്തിൽ നില്ക്കുന്ന ഗ്രഹം അംശകിച്ചു രാശിയുടെ അധിപൻ ചന്ദ്രാലൊ ലഗ്നാലൊ കേന്ദ്രത്രികോണങ്ങളിൽ വരികയും ലഗ്നം ചരരാശിയാവുകയും ചരരാശ്യംശകത്തിൽ നില്ക്കയും ചെയ്താൽ ധനങ്ങളും സൈന്യബലങ്ങളുമുള്ള രാജാവാകും. (ഇതും നീചഭംഗയോഗമാണ്.)

മൂ— മാനസ്ഥാനാപതൌപരാഭവഗതേപാരാവതാംശേഥവാ
സോച്ചസപർക്ഷസുഹൃന്നവാംശകഗതേരാജാധിരാജോഭവേൽ
ലഗ്നേനീചഗ്രഹേപൂരന്ദരഗ്രഹൌരന്ധ്രസ്ഥപാപഗ്രഹേ
തദ്രാശ്യംശസമന്വിതേയദിതദാരാജാധിരാജോനരഃ. ൧൫

വ്യാ—കർമ്മാധിപൻ പാരാവതാംശത്തോടുകൂടി ഷഷ്ഠഭാവത്തി ലൊ അല്ലെങ്കിൽ ഉച്ചം സ്വക്ഷേത്രം ബന്ധുക്ഷേത്രം പ്രാപിച്ചിങ്ങനെയുള്ള വാംശങ്ങളോടുകൂടി നില്ക്കയൊ ചെയ്താലും ലഗ്നത്തിൽ നീചനായ ഗ്രഹവും അഷ്ടമം പാപക്ഷേത്രാംശമായൊ പാപയുക്തമായൊ വരികയും ചെയ്താലും രാജാക്കന്മാർക്കും രാജാവായി ഭവിക്കും.

മൂ— ജീവസ്യവ്യയഗേശനൈസഹജപേലാഭേഥവാഭാസ്ഥരേ
രിഷ്ഠേലഗ്നപതൌത്രനിഷ്ഠുരഗ്രഹൌരുഷ്ണീശവരോജായതേ
ഭാഗ്യേശസ്ഥനവാംശപേതനയഗേബന്ധുസ്ഥിതേവാന്യഗേ പാ
ദുഷ്ടോവാശശിജേസുരേന്ദ്രഗുരുണായുക്തേസരാജപ്രിയഃ. ൧൯

വ്യാ—ഗുരുവിന്റെ പത്രണ്ടിൽ ശനിയും ലഗ്നാധിപനും മൂന്നാം ഭാവാധിപനൊ സൂര്യനൊ പതിനൊന്നിലും നില്ക്കുക. എന്നാൽ രാജാവായും ഒൻപതാംഭാവാധിപൻ നില്ക്കുന്ന രാശിയുടെ നവാംശാധിപൻ നാലിലൊ അഞ്ചിലൊ നില്ക്കയും ചെയ്താൽ രാജാവായും ഈ യോഗത്തിൽ ബുധനും ഗുരുവിന്റെ യോഗദൃഷ്ടികളുണ്ടായാൽ രാജപ്രിയനായും ഭവിക്കും.

മൂ— ഭാഗ്യേശേനാനിരീക്ഷിതേശശിസുതേകേന്ദ്രസ്ഥിതേഭ്രൂജാ
തുല്യത്വംസമുപൈതിജാതമനുജോലഗ്നസ്ഥിതേവാക്ഷതൌ
കേന്ദ്രേവായദികോണഗേരവിസുതേമൂലത്രികോണോച്ചഗേ
ഭാഗ്യേശേനാനിരീക്ഷിതേബലയുതേഭ്രൂപാലതുല്യോഭവേൽ. ൨൦

വ്യാ—ബുധൻ ഭാഗ്യാധിപനാൽ ദൃഷ്ടനായിട്ട കേന്ദ്രത്തിലും ഗുരു ലഗ്നത്തിലും നിന്നാൽ രാജതുല്യനാകും. ശനി മൂലത്രികോണത്തിലൊ ഉച്ചത്തിലൊ നിൽക്കുകയും ആ രാശി കേന്ദ്രത്രികോണങ്ങളായിട്ടു വരികയും ഭാഗ്യാധിപദൃഷ്ടിയും ബലവുമുണ്ടായാൽ രാജതുല്യനായി ഭവിക്കും.

മൂ— ലഗ്നേശീതകരേന്ദ്രഗുരൌ സുഖഗതേ കർമ്മസ്ഥിതേഭാർഗ്ഗവേ
തുംഗസ്ഥർക്ഷഗതേ ദിവാകരസുതേരാജ്ഞാഥവാതത്സമഃ
അന്യോപാന്യവിലഗ്നവിത്ത സഹജവ്യാപാരഗേഹേഷുവാ
സൌമ്യവ്യോമചരേഷ്വഭ്രപതിസമോരാജാധിരാജപ്രിയഃ. ൨൧

വ്യാ—ലഗ്നത്തിൽ ചന്ദ്രൻ നാലിൽ ഗുരു പത്തിൽ ശുക്രൻ ഉച്ചത്തിലൊ സ്വക്ഷേത്രത്തിലൊ ശനി ഇങ്ങനെയായാൽ രാജാവൊ രാജതുല്യനൊ ആകും. ലഗ്നം ൨- ൪- ൧൰- ൧൧- ൧൨ ഈ ഭാവങ്ങൾക്കു ശുഭസഹിതങ്ങളാവുക. എന്നാലും ഫലം ഇങ്ങനെതന്നെ.

മൂ— രാഹൌകർമ്മണിലാഭഗേ രവിസുതേ ഭാഗ്യാധിപേനേക്ഷിതേ
ലഗ്നേശേന്ദൗനിചഖേടരാഹിതഗേപൃഥ്വീശതുല്യോഭവേൽ
മന്ദേചോത്തമവർഗ്ഗഗേ ബലയുതേ നീചാംശവർജ്ജ്യേഹ്യലേ
ഭാന്യേശോഭനദൃഷ്ടിഭാഗസഹിതേ രാജപ്രിയസ്തത്സമഃ. ൧൯

വ്യാ—നീചഗ്രഹത്തോടുകൂടാത്ത ലഗ്നാധിപനെ ഭാഗ്യാധിപൻ നോക്കുക. പത്തിൽ രാഹുവും ലാഭത്തിൽ(൧൧ൽ) ശനിയും നില്ക്കുക. എന്നാൽ രാജതുല്യനാകും. ശനി ഉത്തമവർഗത്തിൽ ബലവാനായി നിൽക്കുക. ഗുരുവിനു നീചാംശമില്ലാതിരിക്കുക. സൂര്യന് ശുഭയോഗദൃഷ്ടിവർഗ്ഗങ്ങളുണ്ടായിരിക്കുക. എന്നാൽ രാജതുല്യനായും രാജപ്രിയനായും ഭവിക്കും.

മൂ— നീചംഗതാദിതിചതുർഗ്രഹേന്ദ്രാ
ഷ്ഷഷ്ഠ്യംശകേ ശോഭനവർഗ്ഗയുക്താഃ
സപ്തുംഗരാശ്യംശ സമന്വിതേവാ
ധരാപതിർദ്ധാർമ്മികചക്രവർത്തീ. ൨൦

വ്യാ—രണ്ടോ മൂന്നോ നാലോ ഗ്രഹങ്ങൾ ശുഭഷഷ്ഠ്യംശങ്ങളോടും സൌമ്യാംശകത്തോടും ഉച്ചാംശകത്തോടുംകൂടി നിന്നാൽ ധർമ്മിഷ്ഠനായ രാജാവാകും. (ഇതും നീചഭംഗയോഗമാണ്.)

മൂ— ലഗ്നാൽകർമ്മശുഭാധിപൌ ശുഭഗ്രഹൌവ്യാപാരധർമ്മേശതൌ
മാന്ദാസ്പദഭാഗ്യപൌചസഹിതാവന്യോന്യരാശിസ്ഥിതൌ
അന്യോന്യേക്ഷണകേന്ദ്രഗൌധനപതേ സ്സംബന്ധിനൗചേത്തദാ
ജാതോയാനപകാരകേക്ഷിതയുതൌബഹ്വർത്ഥയാനാധിപഃ

വ്യാ—ലഗ്നാൽ കർമ്മാധിപനും ഭാഗ്യാധിപനും(൧൦-ം ൯-ം നാഥന്മാർ) ശുഭക്ഷേത്രങ്ങളിൽ നില്ക്കുകയൊ അല്ലെങ്കിൽ അവരും പത്താമിടം മുതൽഎണ്ണിയാൽ ഉള്ള പത്താംഭാവാധിപനും ഭാഗ്യാധിപനും ഒരുമിച്ചുനിൽക്കയോ പരസ്പരം ദൃഷ്ടിചെയ്കയോ പരസ്പരക്ഷേത്രങ്ങളിൽ നിൽക്കയോ അല്ലെങ്കിൽ അവർ ധനാധിപന്റെ ബന്ധുക്കളാകയോ നാലാംഭാവാധിപന്റെ കാരകഗ്രഹങ്ങളാകയൊ ചെയ്യുക. എന്നാൽ ജാതൻധനവാനായും കപ്പൽ ആന കുതിര മുതലായ വാഹനങ്ങളുള്ളവനായും ഭവിക്കും.

മൂ— ഷഡംസുഗ്രഹേഷു സപ്തമസ്ഥിതേഷു
രാജാധിരാജോഖിലഭൂപതിസ്സ്യാൽ
ഉച്ചസ്ഥിതൈഃ പഞ്ചഭിരുത്തവന്ത്യോ
ലഗ്നസ്ഥിതോ വിശ്വജനാവനീശഃ. ൨൧

വ്യാ—൩ ഗ്രഹങ്ങൾ സപ്തക്ഷേത്രത്തിൽ നിൽക്കുക. എന്നാൽ എല്ലാഭൂമിക്കും നാഥനായ രാജശ്രേഷ്ഠനാകും. ൭ ഗ്രഹങ്ങൾ ഉച്ചത്തിലും ഗുരു ലഗ്നത്തിലും നില്ക്കുക. എന്നാൽ എല്ലാവക്കും നാഥനായ രാജാവാകും.

മൂ— കുംഭോദയസ്ഥൗവിജ്ഞേചതുർഭി-
സ്സപ്താംഗതൈസ്സർവ്വമാഹീപതിസ്സ്യാൽ
മേഷോദയസ്ഥശശിജ്ഞേയദിസ്യാൽ
സ്സപ്താംഗതേദേവഗുരൗനൃപാലഃ. ൨൩

വ്യാ—കുംഭലഗ്നത്തിൽ ശനിയും നാലുഗ്രഹങ്ങൾ ഉച്ചത്തിലും നിൽക്കുക. എന്നാൽ എല്ലാഭൂമികൾക്കും നാഥനായ രാജാവാകും. മേടലഗ്നത്തിൽ ബുധനും ഉച്ചത്തിൽ ഗുരുവും നിൽക്കുക രാജാവാകും.

മൂ— ചന്ദ്രേപുഷ്യോദയഗതേ യദിഷഷ്ഠംഭിരന്യൈർ-
ദൃഷ്ടേതിബാല്യവയസികിതിനായകസ്സ്യാൽ
തുംഗസ്ഥിതേതുഖചരേനിജമിത്രയാതേ
ശേഷൈസ്സമേതിനരപാലസമാനഭാവം. ൨൪

വ്യാ—ഇടവത്തിൽ നില്ക്കുന്ന (ഉച്ചത്തിൽ) ചന്ദ്രനെ ശേഷം എല്ലാ ഗ്രഹങ്ങളും നോക്കിയാൽ ചെറുപ്പത്തിലേ രാജാവാകും. ഒരു ഗ്രഹം ഉച്ചത്തിലും ശേഷം ഗ്രഹങ്ങൾ ബന്ധുക്ഷേത്രത്തിലും നിന്നാൽ രാജാവാകും.

മൂ— വർഗ്ഗോത്തമേവായദിപുഷ്കരാംശേ
ദേവേന്ദ്രജൈത്യേന്ദ്രഗുരൗനൃപാലഃ
കർമ്മസ്ഥിതേശോഭനവീര്യുക്തേ
സമ്പൂർണ്ണഗാത്രേശശിനിക്ഷിതീശഃ. ൨൫

വ്യാ—ഗുരുശുക്രന്മാർ വർഗ്ഗോത്തമത്തിലോ പുഷ്കരാംശത്തിലോ നില്ക്കുക. ശുഭക്ഷേത്രാംശത്തോടുകൂടിയ പൂർണ്ണചന്ദ്രൻ പത്താമിടത്തു നില്ക്കുക. ഈ രണ്ടുയോഗവും രാജപ്രദമാണ്.

മൂ — ഗുരുസിതയുതചന്ദ്രേചാപഗേചന്ദ്രസൂനൗ
യദിതനുഗൃഹയാതേഭ്രാതൃജേകന്യകായാം
മൃഗമുഖഭവനസ്ഥൗഭാനുജേഭ്രാതൃപരിസ്സ്യാ
ദതിശയബലയുക്തസ്സർവ്വഭൂപാലപൂജ്യഃ. ൨൬

വ്യാ—ചന്ദ്രൻ ഗുരുശുക്രന്മാരോടുകൂടി ധനുസ്സിലും ബുധൻ ലഗ്നത്തിലും കന്നിയിൽ കുജനും മകരത്തിൽ ശനിയും നില്ക്കുക. അതി വിശേഷരാജയോഗമാകുന്നു.

മൂ— കന്യാവസാനയുഗചാപമൃഗാനനസ്ഥെ
സ്സൌമ്യേന്ദുഭൌമഗുരുഭാനുസുതൈർന്നപാലഃ
മീനോദയേശശിനിചൂണ്ണതനൌബലാഢ്യേ
സേപാത്തുകുഞ്ജരവിസുതേഘടഗേക്ഷിതീശഃ. ൨൬

വ്യാ—ബുധൻ, ചന്ദ്രൻ, കുജൻ, ഗുരു, ശനി ഇവർ കന്നി മീനം മിഥുനം ധനുസ്സ് മകരം ഈ രാശികളിലാവുക. ബലവാനായ പൂർണ്ണചന്ദ്രൻ മീനത്തിലും കുജൻ ഉച്ചത്തിലും (മകരത്തിൽ) ശനി കുംഭത്തിലും നില്ക്കുക. ഇതു രണ്ടും രാജയോഗങ്ങളാണ്.

മൂ— മൃഗോദയേസ്ഥയദിഭ്രകുമാരേ
കുളീരസംസ്ഥശശിനിക്ഷിതീശഃ
ധരാജുപുഷ്യാമരവന്ദ്യമാനാ
മൃഗാജുകുംഭോപഗതാനരേശഃ. ൨൭

വ്യാ — മകരത്തിൽ കുജനും കർക്കടത്തിൽ ചന്ദ്രനും നില്ക്കുവെന്നാൽ രാജയോഗമുണ്ട്. കുജൻ രവി ഗുരു ഇവർ മകരം മേടം കുംഭം ഇവയിലായാലും രാജയോഗമാകുന്നു.

മൂ— ശീർഷോദയസ്ഥനിഖിലദ്യൂചരേഷുചന്ദ്രേ
സപ്തമൈകദൃഷ്ടിയുതേകടകേക്ഷിതീശേ
ലഗ്നാധിപോനവമഗേദശമസ്ഥിതേവാ
ലഗ്നേസുധാകരയുതേപൃഥിവീപതിസ്സ്യാൽ. ൨൮

വ്യാ—എല്ലാഗ്രഹങ്ങളും ശീർഷോദയങ്ങളായ മിഥുനം ചിങ്ങം കന്നി തുലാം വൃശ്ചികം കുംഭം ഈ രാശികളിലും സപ്തമദൃഷ്ടിയുള്ള ചന്ദ്രൻ കർക്കടകത്തിലും നില്ക്കുക ലഗ്നാധിപൻ ഒൻപതിലോ പത്തിലോ നില്ക്കയും ലഗ്നത്തിൽ ചന്ദ്രൻ നില്ക്കയും ചെയ്താൽ രണ്ടും രാജയോഗമാണ്.

മൂ— ചാപാദ്യംഗതവാൻസഹസ്രകിരണസ്തത്രൈവതാരാധിപോ
ലഗ്നേഭാനുസുതോതിവീര്യസഹിതസ്സ്യാച്ചേചന്ദ്രനന്ദനഃ
യദ്വേവംഭവതിക്ഷിതേരധിപതിസ്സന്ത്യജ്യധൈര്യംഭയാൽ
ദൂരാദേവനമന്തിതസ്യരിപവോദഗ്ദ്ധാഃപ്രതാപാഗ്നിനാ. ൨൯

വ്യാ—സൂര്യൻ ചന്ദ്രനോടുകൂടി ധനുസ്സിന്റെ പൂർവ്വാർദ്ധത്തിലും ബലവാനായ ശനി ലഗ്നത്തിലും കുജൻ ഉച്ചത്തിലും നില്ക്കുമ്പോൾ ജനിക്കുന്നവൻ രാജാവാകുമെന്നു തന്നെയല്ല അവന്റെ ശത്രുക്കൾ പ്രതാപാഗ്നിയാൽ ദഗ്ദ്ധന്മാരായിട്ടു ഭയത്തോടുകൂടി അവനെക്കാണുമ്പോൾ ദൂരെമാറി വന്ദിച്ചു ശരണം പ്രാപിക്കും.

മൂ— ഉപചയഗൃഹസംസ്ഥോജന്മഭോയസ്യലഗ്നാ
ച്ഛുഭഗ്രഹമഥവാംശംകേന്ദ്രസംസ്ഥാശുസൗമ്യാഃ
സകലബലവിയുക്താഭേചപാപാഭിധാനാ
സ്സഭവേതിനരനാഥശ്ശുക്രതുല്യോബലേന. ൯൮.

വ്യാ—ജനനസമയം ചന്ദ്രരാശ്യധിപൻ ചന്ദ്രങ്കൽനിന്നു ഉപചയസ്ഥാനങ്ങളിൽ (൩-൬-൧൦-൧൧)നിൽക്കയോ അല്ലെങ്കിൽ ചന്ദ്രാൽ ഒൻപതിൽ അംശകിക്കയോ നിൽക്കയോ ചെയ്കയും ശുഭന്മാർ കേന്ദ്രത്തിലാവുകയും പാപന്മാർ ദുർബലന്മാരാകയും ചെയ്താൽ പരാക്രമംകൊണ്ടു ഇന്ദ്രതുല്യനായ രാജാവാകും.

മൂ— സപസ്ത്രികോണേരവിരുച്ചഗോപിവാ
സ്വകാംശസംസ്ഥാരവിശുക്രസോമജാഃ
തൃതീയഷഷ്ഠാഷ്ടമഗാനിശാകരാൽ
കുവന്തിഗോപാലമപിക്ഷിതീശ്വരം. ൯൯

വ്യാ—സൂര്യൻ ഉച്ചത്തിലൊ സപക്ഷേത്രത്തിലൊ നിൽക്കയോ അംശകിയ്കയോ ചെയ്കയും ബുധശുക്രന്മാക്ക് സപക്ഷേത്രാംശം ഉണ്ടായിരിക്കയും ഇവർ ചന്ദ്രാൽ ൩-൬-൧൧ ഈ ഭാവങ്ങളിലാവുകയും ചെയ്താൽ പശുക്കളെ മേയിച്ചുനടക്കുന്നവനായാലും അവൻ രാജാവാകും.

മൂ— ഉച്ചാഭിലാഷീസവിതാത്രികോണേ
സ്വർക്ഷേശശീജന്മനിയസ്യപുംഃ
സ ശാസ്തിപൃഥ്വീംബഹുരത്നപൂർണ്ണാം
ബ്യൂഢസ്തനീംകർക്കടകോപഗസ്സ്യാൽ. ൯൯

വ്യാ—ചന്ദ്രൻ ഇടവത്തിലൊ കർക്കടകത്തിലൊ നിൽക്കയും സൂര്യൻ മീനാന്ത്യത്തിലും ഗുരു ഉച്ചത്തിലുംനിന്നാൽ വളരെ രത്നങ്ങളോടുകൂടിയ ഭൂമിയുടെ നാഥനാകും,

മൂ— രവിശശിബുധശുക്രൈർവ്യാമ്നിമിത്രാംശസംസ്ഥൈർ
നഭരിപുഭവനസ്ഥൈർനാപ്യുദുസ്ഥൈർനപാപൈഃ
സ ഭവേതിനരചൂത്രോഭ്രപതിസ്സുശീൽപ്രയാണേ
ഗജമദജുലസേകൈസ്സിച്യതേയസ്യപാംസുഃ. ൯൯

വ്യാ—സൂര്യൻ ചന്ദ്രൻ ബുധൻ ശുക്രൻ ഇവർ ബന്ധുക്ഷേത്രാംശകം ചെയ്കയും ശത്രുക്ഷേത്രവർഗ്ഗബന്ധങ്ങളൊന്നുമില്ലാതെയും പാപദൃഷ്ടിയില്ലാതെയും പത്താമിടത്തുനിന്നാൽ ഏതുമനുഷ്യനെയും രാജാവാക്കിച്ചെയ്യുമെന്നു മാത്രമല്ല അവന്റെ യാത്രകളിൽകൂടിയുള്ള മദയാനക

ളുടെ മദ്ധ്യഭാഗമൊഴികി ഭൂമിയിലെ പൊടികളൊക്കെയും നനഞ്ഞു വശമാകും—(വളരെ ധനവും ആനകളുമുണ്ടാവുമെന്നർത്ഥം.)

മൂ— ധരാസുതസ്സേപാച്ചുപാശ്രിതോബലീ
രവീന്ദുവാചസ്പതിഭിർനിരീക്ഷിതഃ
ഭവേന്നരേന്ദ്രോഽഭികൃതസ്തദാ
സമസ്തപൃഥ്വീതലരക്ഷണക്ഷമഃ. നാ൪

വ്യാ—ബലവാനായകുജൻ സൂര്യചന്ദ്രഗുരുക്കളാൽ ദൃഷ്ടനായിട്ട് ഉച്ചത്തിൽ നില്ക്കുക. എന്നാൽ നീചാംശത്തിൽ ജനിച്ചവനും സർവ്വഭൂമിയേയും ഭരിക്കുവാൻ ശക്തനാത്തീരും.

മൂ— ബുധോദയേസപ്തമഗേ ബൃഹസ്പതൗ
ചന്ദ്രേകുളീരേ സുരൊശിഗേമലേ
വിയൽഗതേ ഭാർഗ്ഗവനന്ദനേഗൃഹേ
പ്രശാസ്തിഭ്രമിം സ നിരുങ്കുലോനൃഭഃ. ൩൨

വ്യാ—ബുധൻ ലഗ്നത്തിലും ഏഴിൽ ഗുരുവും പൂർണ്ണചന്ദ്രൻ കർക്കടകത്തിലും ശുക്രൻ നാലിലൊ പത്തിലൊ നില്ക്കയും ചെയ്താൽ അരോഗിയായ രാജാവാകും.

മൂ— പ്രധാനബലസംയുക്ത സ്സമ്പൂർണ്ണശുശുലാഞ്ഛനഃ
ഏകോപികുരുതേജാതം നരാധിപമരിന്ദമം. നാ൪

വ്യാ—ഏതില്ലാബലമുള്ള പൂർണ്ണചന്ദ്രൻ ഒന്നുമാത്രം ജാതനെ രാജാവാക്കി ഭവിപ്പിക്കും.

മൂ— ദേവമന്ത്രീകുടുംബസ്ഥോ ഭാർഗ്ഗവേണസമന്വിതഃ
കരോതിവസുധാനാഥം നിർജ്ജിതാരാതിമണ്ഡലം. നാ൫

വ്യാ—രണ്ടാമിടത്തു ശുക്രനോടുകൂടി നില്ക്കുന്ന ഗുരുജാതനെ ശത്രുസംഹാരിയായ രാജാവാക്കിച്ചെയ്യും.

മൂ— ലഗ്നേശേകേന്ദ്രരാശിസ്ഥേ കർമ്മേശേവൃദ്ധിരാശിഗേ
ഭാഗ്യേശേലാഭഗേജാത ശ്ചിരജീവീമഹീപതിഃ. നാൻ

വ്യാ—ലഗ്നാധിപൻ കേന്ദ്രത്തിലും കർമ്മാധിപൻ നാലിലും ഭാഗ്യാധിപൻ ലാഭത്തിലും നില്ക്കുക. ദീർഘായുസ്സായ രാജാവാകും.

മൂ— രവിലുപ്തകരസ്സൗമ്യ സ്സപ്തർക്ഷേമൂലത്രികോണഭേ
സർവ്വവിദ്യാധികോരാജാ നേതരേഷാംചപാരിണാം. ൫൭

വ്യാ—മൂഢനായ ബുധൻ മൂലത്രികോണത്തിലൊ സപ്തക്ഷേത്ര

ത്തിലൊ നിന്നാൽ മഹാ വിദ്വാനായ രാജാവാകും. വേറൊ ഗ്രഹ ങ്ങളും ഇങ്ങനെ നിന്നാൽ ഈ യോഗം ഫലിക്കയില്ല.

മൂ — ആരക്തെക്ഷണസുഖരാശിസ്ഥെ മനോന്മുദശമസ്ഥിതെ
കുജോഭയേചന്ദ്രസഞ്ജാതോ യദിരാജാ ന സംശയഃ. രത്ന

വ്യാ—സൂര്യബുധന്മാർ നാലിലും ശനിചന്ദ്രന്മാർ പത്തിലും കു ജൻ ലഗ്നത്തിലും നിന്നാൽ രാജയോഗമാണ്.

മൂ— മാനപുത്രോഭയർക്ഷസ്ഥെ മന്ദാവനിസുതെയദി
പൂർണ്ണെന്ദുഹൃരുരാശിസ്ഥെ ജാതോരാജാഭവിഷ്യതി. രത്ന

വ്യാ—ലഗ്നം ൪. ൭൦ ഈ ഭാവങ്ങളിൽ കുജമന്ദന്മാരും ഭാഗ്യ ത്തിൽ പൂർണ്ണചന്ദ്രനും നിൽക്കുന്നതു രാജയോഗമാണ്.

മൂ ദിവാകരോദയേ സിംഹെ ശുക്രാംശകവിവർജ്ജിതെ
കന്യാഗതെ ബുധെജാതോ നീചോപി പൃഥിവീപതിഃ. രത്ന

വ്യാ—ശുക്രക്ഷേത്രാംശകമില്ലാത്ത ചിങ്ങലഗ്നത്തിൽ സൂര്യനും കന്നിയിൽ ബുധനും നിന്നാൽ നീചവംശ്യനും രാജാവാകും.

മൂ— ഭാനുപുത്രെമദസ്ഥാവാ മന്ദാവനിസുതെയദാ
പൂർണ്ണെന്ദുഹൃരുരാശിസ്ഥെ ജാതോരാജാഭവിഷ്യതി. രത്ന

വ്യാ—ഏഴിൽ ശനികുജന്മാരൊ ശനി രാഹുവോ നില്ക്കയും പൂർണ്ണചന്ദ്രൻ ഒമ്പതിൽ നില്ക്കയും ചെയ്താൽ രാജയോഗമാണ്.

മൂ— ബലവാനിലഗാധിപതിശ്ചകേന്ദ്രെ
ഭൂപാലയോഗംകുരുതെനരാണാം
തന്മിത്രദൃഷ്ടോയദിനീചവംശെ
ജാതോപിരാജാനുചവാദനോവാ. രത്ന

വ്യാ—ബലവാനായ ലഗ്നാധിപൻ കേന്ദ്രത്തിൽ നിന്നാൽ രാജ യോഗമാണ് ലഗ്നാധിപൻ ബന്ധുദൃഷ്ടനാണങ്കിൽ നീചവംശനും രാ ജാവായി ഭവിക്കയൊ രാജമാന്യനാവുകയൊ ചെയ്യും.

മൂ— ജന്മാധിപസ്സ്വോച്ചഗയോമൂഗാങ്കം
പശ്യത്യവശ്യംസതു ഭൂമിപാലഃ
ഗജാദിസേനാ തുരഗാദിസമ്പൽ
ജ്ജിതാരികോടിർജ്ജഗതിപ്രധാനഃ. രത്ന

വ്യാ—ചന്ദ്രലഗ്നാധിപൻ ഉച്ചത്തിൽ നിന്നു ചന്ദ്രനെ നോക്കി യാൽ ചതുരംഗസേനയോടുകൂടി നഷ്ടശത്രുവായ രാജപ്രധാനിയാകും.

മൂ — ലഗ്നംവിഹായകേന്ദ്രസ്ഥേ ചന്ദ്രേപൂർണ്ണബലാന്വിതേ
ഗുരുഭാർഗ്ഗവസന്യുഷ്ടേ ജാതോരാജാഭവിഷ്യതി. ൨൯

വ്യാ—പൂർണ്ണബലനായ ചന്ദ്രൻ ലഗ്നമൊഴിഞ്ഞുള്ള കേന്ദ്രങ്ങളിൽ ഗുരുശുക്രന്മാരുടെ ദൃഷ്ടിയോടുകൂടി നിന്നാൽ രാജയോഗമാണ്.

മൂ— ലഗ്നേശേകേന്ദ്രഭാവസ്ഥേ മൂഢനീചാരിഭംവിനാ
നാന്യഗ്രഹയുതോരാജാ സാവ്ഭൌമോഭവിഷ്യതി. ൩൫

വ്യാ — നീചം മൌഢ്യം ശത്രുക്ഷേത്രസ്ഥിതി അന്യഗ്രഹയോഗം ഇവ ഒന്നുമില്ലാത്ത ലഗ്നാധിപൻ കേന്ദ്രത്തിൽ നിന്നാൽ സാവ്ഭൌമ രാജയോഗമാണ്.

മൂ— ഗുരു ചന്ദ്രദിവാനാഥാ സ്സ്വതവിക്രമധർമ്മഗാഃ
ജാതോയദിമഹീപാലഃ കുബേരസമവിത്തവാൻ. ൩൯

വ്യാ—ഗുരു ചന്ദ്രൻ സൂര്യൻ ഇവർ ൩- ൬- ൯- ൽ ഈ ഭാവങ്ങളിൽ നിന്നാൽ വൈശ്രവണതുല്യനായ (ധനംകൊണ്ട്) രാജാവാകും.

മൂ— ചാപോദയേസ്ഥേ ബലിനിപ്രഭാകരേ
മഹീസുതേ കർമ്മഗതേസശീതഗൌ
ഉപാന്ത്യഗേവാഭൃഗുജേവ്യയസ്ഥിതേ
സുരേന്ദ്രതുല്യോനൃപതിഃ പ്രജായതേ. ൪൦

വ്യാ—ബലവാനായ സൂര്യൻ ധനുർലഗ്നത്തിലും കുജചന്ദ്രന്മാർ പത്താമിടത്തും പതിനൊന്നിലൊ ചന്ദ്രനുണ്ടിലൊ ശുക്രനും നിന്നാൽ ഇന്ദ്രതുല്യനായ രാജാവാകും.

മൂ— വിക്രമായാരിഗാഃപാപാ ജന്മപശ്ശുഭവീക്ഷിതഃ
രാജാഭവതിതേജസ്വീ സമസ്തജനവന്ദിതഃ. ൪൨

വ്യാ—൩ ൬ ൧൧ ഈ ഭാവങ്ങളിൽ പാപന്മാരും ചന്ദ്രലഗ്നാധിപനും ശുഭദൃഷ്ടിയും ഉണ്ടായാൽ പ്രതാപിയായി വന്ദ്യനായ രാജാവാകും.

മൂ— മൃഗോദയസ്ഥേ ബലിനിക്ഷമാസുതേ
ശനൌതപസ്ഥാനഗതേഥവാന്ത്യഗേ
ദിവാകരേസപ്തമഗേസശീതഗൌ
മഹീപതിശ്ചഞ്ചലമാനസോ ഭവേൽ. ൪൬

വ്യാ—ബലവാനായ കുജൻ മകരലഗ്നത്തിലും ൯ൽപരിലൊ പത്തിലൊ ശനിയും ഏഴാമിടത്തു സൂര്യചന്ദ്രന്മാരും നിന്നാൽ ചപലനായ രാജാവാകും. (സ്ഥിരമില്ലാത്തവനെന്നർത്ഥം.)

മൂ— ലാഭേസുഖേവാദശമേ മന്ദചന്ദ്രമസൌയദി
ജാതോന്യപക്ഷലോരാജാ തത്സമോവാധനീഭവേൽ. ൭൨

വ്യാ—രു-ഫ0-ഫ്ര ഈ ഭാവങ്ങളിൽ എവിടെയെങ്കിലും ശനി ചന്ദ്രന്മാർ നിന്നാൽ രാജ്യവംശത്തിലുള്ളവനെങ്കിൽ ഭൂപതിയായും അന്യവംശ്യന്മാർ രാജതുല്യന്മാരായും ഭവിക്കും.

മൂ— ജാതശ്ചോപചയസ്ഥിതേതനുപതൌചന്ദ്രേതപസ്ഥാനഗേ
കേന്ദ്രസ്ഥാശ്ശുഭവഗ്ഗഗായദിശുഭാവീര്യ്യാന്വിതാഭൂപതിഃ
ജീവേന്ദുവൃഷഭസ്ഥിതൌബലയുതഃകോണസ്ഥിതോലഗ്നപ-
ശ്യന്യാലോക്ഷണവജ്ജിതോന്യദിയദാജ്ഞാതോവനീശോഭവേൽ. ൭൩

വ്യാ—ലഗ്നാധിപൻ ഉപചയസ്ഥാനങ്ങളിലും ചന്ദ്രൻ കർപ്പതിലും ബലവാന്മാരായ ശുഭന്മാർ ശുഭാംശകത്തോടുകൂടി കേന്ദ്രത്തിലും നില്ക്കുക. ഗുരുചന്ദ്രന്മാർ ഇടവത്തിലും ബലമുള്ള ലഗ്നാധിപൻ കുജശനികളുടെ ദൃഷ്ടിയില്ലാതെ ത്രികോണത്തിലും നില്ക്കുക, രാജയോഗമാണ്.

മൂ— ദിവാകരേമീനഗതോഽപയാതേ
കുളീരസംസ്ഥശശിനിക്ഷിതീശഃ
അരാതിനീചഗ്രഹദൃഷ്ടിയുക്താ
ഭൂപാലയോഗംനദിശന്തിസർവേ. ൭൪

വ്യാ—സൂര്യൻ മീനത്തിലും ചന്ദ്രൻ കർക്കടകത്തിലും നിന്നാൽ രാജയോഗമാകുന്നു. ശത്രുക്ഷേത്രം നീചം ഇവയിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ദൃഷ്ടിയുള്ള ഒരു ഗ്രഹങ്ങളും രാജയോഗത്തെ ചെയ്യുകയില്ല.

മൂ— ജനയതിന്യപമേകാ പ്യുച്ചഗോമിത്രദൃഷ്ടഃ
പ്രപൂർണ്ണസമേതം മിത്രയോഗാദിസിദ്ധം
വിവസുവിസുഖമൂഢാവ്യാധിതാബന്ധുതപ്താ
വധദുരിതസമേതാശ്ശത്രുനീചർക്ഷഗേഷു. ൭൫

വ്യാ—ഒരു ഗ്രഹം ബന്ധുദൃഷ്ടിയോടുകൂടി ഉച്ചത്തിൽ നിന്നാൽ ഗുണവും ധനവും ബന്ധുബലവുമുള്ള രാജാവാകും. അല്ലാതെ ഗ്രഹങ്ങൾ ശത്രുക്ഷേത്രം നീചം മുതലായവയിലായാൽ ജാതൻ ധനവും സുഖവും ഇല്ലാത്തവനായും മൂഢനായും രോഗിയായും ബന്ധുക്കളാൽ ഉപദ്രുതനായും ഹിംസാശീലനായും പാപിയായും ഭവിക്കും.

മൂ— ധനുർമ്മീനതുലാമേഷ മൃഗകുംഭോദയേശൌന
ചാവ്യംഗോന്യപതിപ്പിദാൻ പൂർണ്ണമാഗ്രന്നീഭവേൽ. ൭൬

വ്യാ—ധനുസ്സ് മീനം തുലാം മേടം മകരം കുംഭം ഇവ ലഗ്നമായി അവിടെ ശനി നിന്നാൽ സുന്ദരനായും വിദ്വാനായും പുരുഷാമാദികളുടെ നാഥനായുമുള്ള രാജാവായി ഭവിക്കും.

മൂ— സ്വോച്ചത്രികോണസ്വസുഹൃ-
ച്ഛത്രുനീചാർക്ഷഗൈർഗ്രഹൈഃ
ശുഭംസമ്പൂർണ്ണമൂനോന
ഫലപാദാല്പനിഷ്ഫലം. ൫൯

വ്യാ—ഉച്ചം മൂലത്രികോണം ബന്ധുക്ഷേത്രം ശത്രുക്ഷേത്രം നീചം മൌഢ്യം ഇവയുള്ള ഗ്രഹങ്ങൾ തങ്ങൾ ചെയ്യേണ്ടതായ ശുഭാശുഭഫലങ്ങളെ ക്രമത്തിൽ പൂർണ്ണമായും മുക്കാലായും പകുതിയായും കാൽഭാഗമായും അല്പമായും നിഷ്ഫലമായും ചെയ്യും.

പഞ്ചമഹാപുരുഷയോഗലക്ഷണം.

മൂ— മൂലത്രികോണനിജതുംഗഗൃഹോപയാതാ
ഭൌമജ്ഞഗുരുഭാനുസുതാബലിഷ്ഠാഃ
കേന്ദ്രസ്ഥിതായദിയഥാരുചകാ, ഭദ്ര, ഹംസ-
മാളവ്യചാരുശശയോഗകരാഭവന്തി. ൬൦

വ്യാ—കുജൻ ബുധൻ ഗുരു ശുക്രൻ ശനി ഇവർ ബലവാന്മാരായിട്ട് മൂലത്രികോണം ഉച്ചം സ്വക്ഷേത്രം ഈ രാശികളിൽ ഒന്നിൽ കേന്ദ്രങ്ങളിലായി നിന്നാൽ കുജന് രുചകമെന്നും ബുധന് ഭദ്രമെന്നും ഗുരുവിനു ഹംസമെന്നും ശുക്രന് മാളവ്യമെന്നും ശനിക്കു ശശമെന്നും ക്രമേണ അഞ്ചുയോഗങ്ങൾ ഉണ്ടാവുന്നു. ഇതുകളെപ്പഞ്ചമഹാപുരുഷയോഗങ്ങളെന്നു പറയുന്നു. (ഗ്രഹങ്ങൾ കേന്ദ്രങ്ങളിൽ വേണമെന്നു നിയമമുള്ളതിനാൽ കേന്ദ്രസ്ഥിതിയിൽ മാത്രമേ ഈ യോഗങ്ങളൊള്ളൂ. കേന്ദ്രങ്ങളില്ലാതെ ഉച്ചാദിസ്ഥാനത്തു നിന്നാൽ അതിന്റെ ഫലമേ ഉള്ളൂ.

മൂ— ജാതശ്രീരുചകേബലാന്വിതവപുശ്രീകീർത്തിശീലാന്വിത
ശാസ്ത്രീമന്ത്രജപാഭിചാരകുശലോരാജാഥവാതത്സമഃ
ലാവണ്യാരുണകാന്തികോമളതനുസ്ത്യാഗീജിതാരിർഭ്രമീ
സപ്തത്യബ്ദമിതായുഷാസഹസുഖീസേനാതുരംഗാധിപഃ. ൬൧

വ്യാ—ഇനിയും ഈ അഞ്ചു യോഗങ്ങളുടേയും ഫലങ്ങളെ ക്രമേണ പറയുന്നു. രുചകയോഗത്തിൽ ജനിച്ചവൻ ദേഹബലമുള്ളവനായും സൌന്ദര്യവും സമ്പത്തും സൌഭാഗ്യം കീർത്തി സൽസ്വഭാവം

ഇവയുള്ളവനായും ശാസ്ത്രജ്ഞനായും വിദ്വാനായും മന്ത്രശാസ്ത്രത്തിൽ അറിവുള്ളവനായും ആലോചനാശക്തിയുള്ളവനായും ചുവന്ന ശരീരമുള്ളവനായും സുന്ദരനായും ജ്ഞാനശീലനായും ശത്രുക്കളെ ജയിക്കുന്നവനായും ധനവാനായും സേവകന്മാരും ഭൃത്യന്മാരും വളരെയുള്ളവനായും ആന കുതിര മുതലായ വാഹനങ്ങളുള്ളവനായും സുഖമുള്ളവനായും രാജാവായോ രാജതുല്യനായോ എഴുപത വയസ്സുവരെ ജീവിച്ചിരിക്കും.

ഭദ്രയോഗഫലം.

മൂ— ശാർദ്ദൂലപ്രതിമാനനോഗജഗതിഃപീനോരുവക്ഷസ്ഥലോ
ലംബൊപീനസുവൃത്തബാഹുയുഗളസ്തത്തുല്യമാനോച്ഛ്രയഃ
മാനീബന്ധുജനോപകാരനിരതശ്ശ്രീഭദ്രയോഗോത്ഭവോ
രാജാശീതികമായുരേതിവിപുലപ്രജ്ഞായശോവിത്തവാൻ. ൯൦

വ്യാ—ഭദ്രയോഗത്തിൽ ജനിച്ചവൻ ഗാംഭീര്യംകൊണ്ടും അധ്യുച്ചുതകൊണ്ടും പുലിയുടെ മുഖംപോലെയുള്ള മുഖത്തോടുകൂടിയവനായും ആനയുടെ നടപ്പുപോലെ മന്ദമായും മനോഹരമായും നടക്കുന്നവനായും വിസ്താരവും തടിപ്പുമുള്ള മാറോടുകൂടിയവനായും നീണ്ടുരുണ്ടു തടിച്ചിട്ടുള്ള കൈകളോടും ആ കൈകൾക്കു ചേരുന്നതായ വണ്ണവും നീളവുമുള്ള ദേഹത്തോടുംകൂടിയവനായും മാനിയായും ബന്ധുക്കൾക്കു ഉപകാരിയായും അതിബുദ്ധിമാനായും കീർത്തിമാനായും ധനവാനായും രാജാവായും എൺപത വയസ്സുവരെ ജീവിച്ചിരിക്കും.

ഹംസയോഗഫലം.

മൂ— രക്താസ്യോനതനാസികസ്സുചരണോഹംസസ്സപീനശ്ലക്ഷ്ണോ
ഗൌരാംഗസ്സുകുമാരദാരനിരതകേന്ദ്രപ്പുതുല്യസ്സുഖീ
ശാസ്ത്രജ്ഞാനപരായണോതിനിപുണശ്ശ്രീഹംസയോഗേഭ്രണീ
ജാതോശീതികമായുരേതിസയുഗംസാധുക്രിയാചാരവാൻ. ൯൧

വ്യാ—ഹംസയോഗത്തിൽ ജനിച്ചവൻ ചുവപ്പുനിറമുള്ള മുഖത്തോടുകൂടിയവനായും മൂക്ക് ഉയർന്നിരിയ്ക്കുന്നവനായും (സാമുദ്രികാലക്ഷണശാസ്ത്രത്തിൽ മൂക്കിനെ ഉയരച്ചു ഉത്തമലക്ഷണമെന്നു വിധിച്ചിട്ടുണ്ടു) കാലുകൾക്കു ഭംഗിയുള്ളവനായും അരയന്നത്തിന്റെ ഒച്ചപോലെയുള്ള ഒച്ചയുള്ളവനായും കഫപ്രകൃതിയായും ദേഹം സുവർണ്ണവർണ്ണമായും രൂപവതിയായ ഭാര്യയുള്ളവനായും അതിസുന്ദരനായും സുഖാനുഭവമുള്ളവനായും ശാസ്ത്രങ്ങളെപ്പഠിക്കുന്നവനായും പഠിപ്പിക്കുന്നവനുമായുംബുദ്ധിസാമർത്ഥ്യവും ചാതുര്യവുമുള്ളവനായും പുണ്യഗുണവാനായും സല്കർമ്മ

ങ്ങളേയും കലാചാരങ്ങളേയും പ്രവത്തിക്കുന്നവനായും എണ്പത്തിര ണ്ടുവയസ്സുവരെ ജീവിച്ചിരിക്കും.

മാളവ്യയോഗഫലം.

മൂ— സ്ത്രീചേഷ്ടാലളിതാംഗസന്ധിനയനസ്സൌന്ദര്യശാലീഗ്രണീ
തേജസ്വീസുതദാരവാഹനധനീശാസ്ത്രാത്ഥവിൽപണ്ഡിതഃ
ഉത്സാഹപ്രഭുശക്തിമന്ത്രചതുരോദാതാപരസ്ത്രീരത
സ്സപ്തത്യബ്ദമുപൈതിസപ്തസഹിതംമാളവ്യയോഗോത്ഭവഃ. ൪൨

വ്യാ—മാളവ്യയോഗത്തിൽ ജനിച്ചവൻ സ്ത്രീകളുടെ പ്രവൃത്തി കൾപോലെയുള്ള പ്രവൃത്തികളെച്ചെയ്യുന്നവനായും ശരീരസന്ധികൾ ക്കുമാർദ്ദവമുള്ളവനായും കണ്ണുകൾക്കുഭംഗിയുള്ളവനായും സുന്ദരനായും ഗുണവാനായും തേജസ്സുള്ളവനായും ഭാര്യമാരും പുത്രന്മാരും വാഹന ങ്ങളും ഉള്ളവനായും ശാസ്ത്രജ്ഞനായും വിദ്വാനായും ഉത്സാഹശക്തി പ്രഭുശക്തി മന്ത്രശക്തി ഇവയുള്ളവനായും ചാതുര്യമുള്ളവനായും ദാ നശീലനായും പരസ്ത്രീകളിൽ രമിക്കുന്നവനായും എണ്പത്തിയേഴുവ യസ്സുവരെ ജീവിച്ചിരിക്കും.

ശശയോഗഫലം

മൂ— ഭ്രൂപോവാസചിവോവനാചലരതസ്സേനാപതിഃക്രൂരധീ
ദ്ധ്യാതോവ്യാദവിനോദവഞ്ചനപടുർദ്ദാതാസമാക്ഷോക്ഷ്ണഃ
തേജസ്വീനിജമാതൃഭക്തിനിരതശ്ശൂരോസിതാംഗസ്സുഖീ
ജാതസ്സപ്തതിരായുരേതിശശകേജാലക്രിയാശീലവാൻ. ൪൩

വ്യാ—ശശയോഗത്തിൽ ജനിച്ചവൻ രാജാവൊ രാജമന്ത്രിയൊ ആയും വനങ്ങളിലും പർവ്വതങ്ങളിലും സഞ്ചരിക്കുവാൻ താല്പര്യമുള്ളവ നായും സേനാനാഥനായും (അല്ലെങ്കിൽ വളരെആളുകൾക്കു പ്രധാനി യായും) കഠിനബുദ്ധിയായും രസവാദങ്ങളുള്ളവനായും വഞ്ചനചെയ്യു ന്നവനായും ദാനശീലനായും കണ്ണുകൾക്കു ക്രൂരതയുള്ളവനായും തേജ സ്സുള്ളവനായും മാതൃഭക്തനായും ശൂരനായും കറുത്തനിറമുള്ളവനായും സുഖമുള്ളവനായും ഇന്ദ്രജാലംമുതലായ വിദ്യകളിൽ അറിവുള്ളവനാ യും എഴുപത്തു വയസ്സുവരെ ജീവിച്ചിരിക്കും.

ഗർഗ്ഗഹോരായാം-

മൂ— യസ്യയോഗസ്യയഃകർത്താ
ബലവാൻജിതഉഗ്രതഃ
അധിയോഗാദിയോഗേഷു
സപദശായാംഫലപ്രദഃ. ൪൪

വ്യാ—ഗർഗ്ഗോരയിൽ ഇങ്ങനെ പറയുന്നു. ഏതുയോഗത്തിന്റെ കർത്താവായഗ്രഹം ബലവാനായുംയുദ്ധത്തിൽതോറവനുമായാൽ അധിയോഗംമുതലായ യോഗങ്ങളുടെഫലത്തെ തന്റെ ദശാകാലങ്ങളിൽകൊടുക്കുന്നതാകുന്നു. (ചുരുക്കം)

ഭാസ്കരയോഗലക്ഷണവും ഫലവും.

മൂ— ഭാനോരഷ്ഠഗതോബുധശ്ശശിസുതാല്ലാഭസ്ഥിതശ്ചന്ദ്രമാ
ശുക്രാൽകോണഗതഃപുരന്ദരഗുരുർയ്യോഗസ്തദാഭാസ്കരഃ
ശൂരോഭാസ്കരയോഗജഃപ്രഭുസമശ്ശാസ്ത്രാർത്ഥവിദ്ഭൂപവാൻ
ഗാന്ധർവ്വശ്രുതിവിത്തവാൻഗണിതവിദ്ധിരസ്സമർത്ഥാഭവേൽ നരഃ.

വ്യാ—സൂര്യന്റെ രണ്ടാമിടത്തു ബുധനും ബുധങ്കൽ നിന്നലാഭത്തിൽ (ഫലാഭിടത്തു സൂര്യന്റെ പുറകിലെന്നർത്ഥം) ചന്ദ്രനും ചന്ദ്രന്റെ ത്രികോണത്തിൽ ഗുരുവും വിനാൽ ഭാസ്കരയോഗമാകുന്നു. ഈ യോഗത്തിൽ ജനിച്ചാൽ ശൂരനായും പ്രഭുവായും സുന്ദരനായും വിദ്വാനായും സംഗീതങ്ങളിലും ഗണിതത്തിലും അറിവുള്ളവനായും ധനവാനായും ഭവിക്കും.

ഇന്ദ്രയോഗലക്ഷണവും ഫലവും.

മൂ— ചന്ദ്രാദസ്ഥഗതഃകേ ഃജ്ഞാവനിസുതാദസ്ഥേശനിസ്സൂര്യജാ
ദസ്ഥേർക്കെത്യഗുരുസ്സിതാന്മദനഗോജീവോയദീന്ദ്രാഹ്വയഃ
ഖ്യാതശ്ചേന്ദ്രഭവസ്സുശീലഗുണവാൻഭ്രൂപോഥവാതത്സമോ
വാഗ്മീവിത്തവിചിത്രഭൂഷണയശശ്ചാപ്രതാപാന്വിതഃ. നന

വ്യാ—ചന്ദ്രന്റെ ഏഴിൽ കുജനും കുജന്റെ ഏഴിൽ ശനിയും ശനിയുടെ ഏഴിൽ ശുക്രനും ശുക്രന്റെ ഏഴിൽ ഗുരുവും നിന്നാൽ ഇന്ദ്രയോഗമാകുന്നു. ആ യോഗത്തിൽ ജനിച്ചാൽ പ്രസിദ്ധിയും ശീലഗുണവും രാജതുല്യവും അല്ലെങ്കിൽ തത്സമതുല്യവും സരസപ്രൗഢമായിരിക്കുന്നമിതഭോഷിതത്വവും ധനവും വിശേഷവസ്ത്രാഭരണങ്ങളും യശസ്സും ഉണ്ടായിരിക്കും.

മരുദ്യോഗലക്ഷണവും ഫലവും.

മൂ— ശുക്രാൽകോണഗതോഗുരുസ്സുരഗുരോഃപുത്രശശീശീതഗോഃ
കേന്ദ്രസ്ഥാനസമാശ്രിതോദിനകരോയോഗോമരുത്സംജ്ഞകഃ
വാഗ്മീവാഗ്മിഭവോവിശാലഹൃദയഃസ്ഥൂലോദരശ്ശാസ്ത്രവിൽ
സന്ധാനക്രയവിക്രയേഷുകുശലോരാജ്ഞഃവാതത്സമഃ. നഒ

വ്യാ—ശുക്രന്റെ ത്രികോണത്തിൽ ഗുരുവും ഗുരുവിന്റെ അഞ്ചിൽ ചന്ദ്രനും ചന്ദ്രന്റെ കേന്ദ്രത്തിൽ സൂര്യനുംവന്നാൽ മരുദ്യോഗം

(വായുയോഗം) ആകുന്നു. അതിൽ ജനിച്ചാൽ വാഗ്മിയായും അഗാധബുദ്ധിയായും ഉയർന്നതടിച്ചുമിരിക്കുന്ന വയറുള്ളവനായും ശാസ്ത്രജ്ഞനായും ധനവാനായും ക്രയവിക്രയങ്ങളിൽ സമർത്ഥനായും രാജാവോ തത്തുല്യനോ ആയും ഭവിക്കും.

### ബുധയോഗലക്ഷണവും ഫലവും.

മൂ— ലഗ്നേന്ദ്യോർഗുരുകേന്ദ്രഃഗാഹിമകരശുക്രാദഹിവിത്തഗ
ശ്ശൗര്യസ്ഥാനഗതൌചഭാനുരുധിരൌഃയോഗോബുധഃകീർത്തിതഃ
രാജശ്രീർബുധയോഗജോതുലബലഃപ്രഖ്യാതനാമാവിഭു
ശ്ശാസ്ത്രജ്ഞാനരതഃക്രിയാസുചതുരോധീമാനശത്രുർഭവേൽ. നാപ്ല

വ്യാ—ലഗ്നത്തിൽഗുരുവും ഗുരുവിന്റെ കേന്ദ്രത്തിൽ ചന്ദ്രനും ചന്ദ്രന്റെ രണ്ടിൽ രാഹുവും രാഹുവിന്റെ മൂന്നിൽ സൂര്യശുക്രന്മാരും നിന്നാൽ ബുധയോഗമാകുന്നു. ഇതിൽ ജനിച്ചാൽ രാജതുല്യനായും മഹാബലവാനായും പ്രസിദ്ധനായും വിദ്വാനായും ശാസ്ത്രജ്ഞാനമുള്ളവനായും പ്രവൃത്തികളിൽ ചാതുര്യമുള്ളവനായും ബുദ്ധിമാനായും ശത്രുക്കളില്ലാത്തവനായും ഭവിക്കും.

### അഖണ്ഡസാമ്രാജ്യയോഗലക്ഷണം.

മൂ— ധർമ്മേശലാഭേശധനേശ്വരാണാ-
മേകോപിശീതദ്യുതികേന്ദ്രവർത്തീ
സപഞ്ചലാഭാധിപതിർഗുരുശ്ചേ-
ദഖണ്ഡസാമ്രാജ്യപതിപ്രമേതി. നൻ

വ്യാ—ഭാഗ്യാധിപൻ ലാഭാധിപൻ ധനാധിപൻ (ൻ-നും ക-നും വ-നും അധിപന്മാർ) ഇവരിൽ ഒരാൾ ചന്ദ്രന്റെ കേന്ദ്രത്തിൽ നിൽക്കയും വ-ഭ-ക്ഷ ഈ ഭാവങ്ങൾക്കു ഗുരു നാഥനാവുകയും ചെയ്താൽ അഖണ്ഡസാമ്രാജ്യമെന്ന വിശിഷ്ടരാജയോഗം ഉണ്ടാവും. (ചിങ്ങം വൃശ്ചികം കുംഭം ഇടവം ഈ സ്ഥിരരാശികൾ ലഗ്നമായെങ്കിലേ ഈ യോഗം പൂർണ്ണമാകയുള്ളു.)

### കേമദ്രുമയോഗലക്ഷണം.

മൂ— ലഗ്നാസ്ഥിതേന്ദിനകരേന്ദുദിവാമദസ്ഥേ
കേമദ്രുമോഭവതിജീവദശാവിഹീനേ
അത്യല്പവിത്തസഹിതായദിചേഷ്ടഭേന്ദ്രോഃ
കേമദ്രുയോഗഫലദാവിമലാശ്രമസ്ഥേ. ൬൦

വ്യാ—സൂര്യൻഗുരുദൃഷ്ടിയില്ലാതെ ലഗ്നത്തിലൊ ഏഴിലൊ നി

ന്നാൽ ദരിദ്രയോഗമാകുന്നു. ഗ്രഹങ്ങൾ ഒക്കെയും അഷ്ടവർഗ്ഗത്തിൽ നാലിൽ കുറഞ്ഞ രേഖകളോടുകൂടിയും ബലമില്ലാതെയും നിന്നാലും ഈ യോഗംതന്നെ.

സുനഫോദിമുനഫയോഗങ്ങളും കേമദ്രുമയോഗലക്ഷണവും.

മൂ — ദ്വിതീയേദ്വാദശേപാർശ്വ ദ്വയേപ്പെചരസംയുതേ
ശീതാംശോസ്സുനഫായോഗ സ്സുനഫായോഗഈരിതഃ. ൧൭

യോഗോധുരുധുരാഖ്യസ്സ്യാ ദ്വിനാസവ്രുഭാസ്കരഃ
ഏതദ്യോഗത്രയാഭാവേ കേമദ്രുമഫലംവദേൽ. ൧൮

വ്യാ—സൂര്യനൊഴിഞ്ഞുള്ള ഗ്രഹങ്ങൾ ഒന്നൊ അതിലധികമൊ ചന്ദ്രന്റെ രണ്ടിൽ നിന്നാൽ സുനഫായോഗവും പന്ത്രണ്ടിൽ നിന്നാൽ അനഫായോഗവും രണ്ടിലും പന്ത്രണ്ടിലുമായി നിന്നാൽ ധുരുധുരാ എന്നും മൂന്നുയോഗങ്ങളും ഈ സ്ഥാനങ്ങളിൽ കുജാദി പഞ്ചഗ്രഹങ്ങളിലാതുമില്ലെങ്കിൽ കേമദ്രുമയോഗവും ഉണ്ടാകുന്നു.

മൂ — ചന്ദ്രേസഫാന്യയദിനീചദൃഷ്ടേ
പാപാംശകേയാതിദരിദ്രയോഗം
ക്ഷീണേന്ദുലഗ്നേനിധനേനിശായാം
പാപേക്ഷിതേപാപയുതേതഥാസ്യാൽ. ൧൯

വ്യാ—ചന്ദ്രൻ സൂര്യനോടുകൂടി നീചഗ്രഹദൃഷ്ടിയും പാപാംശകവും ചേർന്ന് ഏഴാമിടത്തു നിൽക്കുക. ക്ഷീണചന്ദ്രൻ ലഗ്നത്തിലും അഷ്ടമത്തിൽ പാപയോഗദൃഷ്ടിവർഗ്ഗാദികളുമുള്ളപ്പോൾ രാത്രിയിൽ ജനിയ്ക്കയും ആയാലും ദരിദ്ര(കേമദ്രുമ)യോഗമാകുന്നു.

മൂ — വിധുസ്സുതാദിഗ്രഹപീഡിതേന്ദൌ
പാപേക്ഷിതേത്വതിദരിദ്രമേതി
ലഗ്നാച്ചതുഷ്കന്ദ്രഗൃഹേസപാപേ
നിശാകരാദ്വായദിതദ്വദന്തി. ൨൦

വ്യാ—ജനനസമയം ഗ്രഹണംപരിവേഷം—മാന്ദിയോഗം ഉൽക്കാമൌഢ്യം യുദ്ധപരാജയം മുതലായവയും ചന്ദ്രന് പാപദൃഷ്ടിയും ഉണ്ടായിരിക്കയും ലഗ്നം ര-ഉ-ക0 ഈ കേന്ദ്രങ്ങൾ മുഴുവൻ പാപയുതങ്ങളാകയും അഥവാ ചന്ദ്രാൽ കേന്ദ്രങ്ങൾ പാപയുതങ്ങളാകയും ചെയ്താൽ ദരിദ്രയോഗമാകുന്നു.

മൂ— ചന്ദ്രേപരാജിതശുഭഗ്രഹദൃഷ്ടിയുക്തേ
രാഹ്വാദിപീഡിതതനൌയുതഥാവദന്തി

നീചാരിവീക്ഷണായുതേരിപുരാശിവഗ്ഗേ
ചന്ദ്രേതുലാധരഗതേതുതഥൈവവാച്യാ. ൭൫

വ്യാ — ഗ്രഹയുദ്ധത്തിൽ തോറ്റ ശുഭഗ്രഹം ചന്ദ്രനേനോക്കിയാലും രാഹു മുതലായ പാപന്മാരാൽ ചന്ദ്രൻ പീഡിതനായാലും ചന്ദ്രനു നീചഗ്രഹം ശത്രുഗ്രഹം ഇവരുടെ ദൃഷ്ടി ശത്രു ക്ഷേത്രാംശകം തുലാത്തിൽ സ്ഥിതി ഇവ ഉണ്ടായാലും ദരിദ്രയോഗമാണ്.

മൂ — കേന്ദ്രേവാ യദികോണഗേഹിമകരേനീചാരിവഗ്ഗസ്ഥിതേ
ചന്ദ്രാദന്യസപതാരസ്സുഗൃഹഗേജീവേദരിദ്രോഭവേൽ
പാപാംശേരിപുവീക്ഷിതേചരഗൃഹേചന്ദ്രേചരാംശേഥവാ
ജാതോന്യാതിദരിദ്രയോഗമതുലംദേവേഡ്യദുഗപർജ്ജിതേ. ൭൬

വ്യാ—ചന്ദ്രൻ നീചത്തിലൊ ശത്രുക്ഷേത്രത്തിലൊ സ്ഥിത്യംശകങ്ങളോടുകൂടി കേന്ദ്രത്രികോണങ്ങളിൽനിൽക്കയും ഗുരു ചന്ദ്രങ്കൽനിന്ന് ഫ-ന-വ ഈ ഭാവങ്ങളിൽ നില്ക്കയുംചെയ്താ. ചന്ദ്രൻ ചരരാശിയിൽ നിന്നുകൊണ്ടു പാപക്ഷേത്രത്തിൽ അംശകക്കയും ചന്ദ്രന് വ്യാഴത്തിന്റെ യോഗവഗ്ഗങ്ങളൊന്നുമില്ലാതെയാകയും ചെയ്താ. ഇതുരണ്ടും ദാരിദ്ര്യയോഗങ്ങളാകുന്നു.

മൂ — അന്യോന്യദൃഷ്ടൗശനിദാനവേഡ്യൗ
നീചാരിപാപഗ്രഹവഗ്ഗയാതൌ
ഭൃകുർക്ഷഗൌവായദിരാജുവംശേ
ജാതോപികേമദ്രുമയോഗമേതി. ൭൭

വ്യാ—ശനിശുക്രന്മാർ പരസ്പരം നോക്കുക. അവക്കു നീചം ശത്രുക്ഷേത്രം പാപക്ഷേത്രം ഇതുകളിൽ സ്ഥിത്യംശകാദിയുണ്ടാവുക. ഒരു മിച്ചുനിൽക്കുക ഇങ്ങനെ ഏതെങ്കിലും ബന്ധമുണ്ടായാൽ രാജുവംശത്തിൽ ജനിച്ചവനായാലും അവൻ കേമദ്രുമയോഗത്തെ പ്രാപിക്കും.

മൂ — ചന്ദ്രേപാപയുതേതു പാപഭവനേ പാപാംശകേ വാനിശി
വ്യോമേശേന നിരീക്ഷിതേ ഗതബഹുലകേമദ്രുയോഗോഭവേൽ
ഭാഗ്യസ്ഥാനവിവീക്ഷിതേചലയുതേനീചാംശകേബ് ജേതഥാ
ചന്ദ്രേ നീചയുതേ നിശീക്ഷിയതനൌ ജാതസ്യകേമദ്രുമ. ൭൮

വ്യാ—ചന്ദ്രനു പാപയോഗാംശകങ്ങളും പത്താംഭാവാധിപന്റെ ദൃഷ്ടിയും ദുർബലത്വവുമുള്ളപ്പോൾ രാത്രിയിൽ ജനിക്കുക. പാപയോഗവും നീചാംശകവും ക്ഷീണത്വവും ലഗ്നരാശിസ്ഥിതിയും ഉള്ള ചന്ദ്രനു ഭാഗ്യാധിപന്റെ ദൃഷ്ടിയുള്ളപ്പോൾ രാത്രിയിൽ ജനിക്കുക ഇതുരണ്ടും കേമദ്രുമയോഗമാകുന്ന ദാരിദ്ര്യയോഗമാകുന്നു.

തസ്യാപവാദഃ— തിന്റെ (കേമദ്രുമത്തിന്റെ) അപവാദ (ഭംഗ) യോഗങ്ങളെപ്പറയുന്നു.

മൂ— നിശാകരേ കേന്ദ്രഗതേ ഭൃഗൌവാ
ജീവേക്ഷിതേനൈവദരിദ്രയോഗഃ
ശുഭോനിതേവാ ശുഭമധ്യഗേന്ദൌ
ജീവേക്ഷിതേനൈവ ദരിദ്രയോഗഃ. ൭൯

വ്യാ— ചന്ദ്രനോ ശുക്രനോ ഗുരുദൃഷ്ടിയോടുകൂടി കേന്ദ്രത്തിൽ നിൽക്കുക. ചന്ദ്രൻ ശുഭന്മാരോടു കൂടുകയൊ ശുഭന്മാരുടെ മദ്ധ്യത്തിലൊ ഗുരുദൃഷ്ടിയോടുകൂടി നിൽക്കുക. ഈ യോഗത്തിൽ കേമദ്രുമമില്ല.

മൂ— ചന്ദ്രേതിമിത്രനിജതുംഗഗൃഹാംശകസ്ഥേ
ജീവേക്ഷിതേയദി ദരിദ്രതയാവിഹീനഃ
പൂർണ്ണേതനൌ ശുഭയുതേ ദിവി തുംഗയാതേ
ജീവേക്ഷിതേ ഹിമകരേന ഭവേദ്ദരിദ്രഃ. ൮൦

വ്യാ — ചന്ദ്രന് അതിബന്ധുക്ഷേത്രസ്ഥിതി സ്വക്ഷേത്രസ്ഥിതി ഉച്ചസ്ഥിതി ഇവയിലുള്ളവസ്ഥാനങ്ങൾ ഗുരുദൃഷ്ടി ഇവയുണ്ടാവുക പൂർണ്ണചന്ദ്രൻ ഗുരുദൃഷ്ടനായി പത്താമിടത്തു് ഉച്ചസ്ഥനാവുക. അല്ലെങ്കിൽ ലഗ്നത്തിൽ നിൽക്കുക. ഈ യോഗങ്ങളിൽ കേമദ്രുമമില്ല.

മൂ— യോഗേ കേമദ്രുമേ പ്രാപ്തേ യസ്മിൻ കസ്മിംശ്ചജായതേ
രാജയോഗാവിനശ്യന്തി ഹരിംദൃഷ്ട്വാ യഥാദിവാഃ. ൮൧

വ്യാ— കേമദ്രുമത്തിന്റെ ശക്തിയെപ്പറയുന്നു. ഇവിടെപ്പറഞ്ഞ കേമദ്രുമയോഗങ്ങളിൽ ഏതിലെങ്കിലും ജനിച്ചാൽ ജാതനു മറ്റുയോഗങ്ങളാൽ രാജയോഗാദി വിശേഷയോഗങ്ങളുണ്ടായിരുന്നാലും ആ യോഗങ്ങളെല്ലാക്കെയും കേമദ്രുമത്തെ ഭയന്നു സിംഹത്തെക്കണ്ട ആനകളെപ്പോലെ ഓടിഒളിക്കും. (വിശിഷ്ടയോഗങ്ങൾ ഫലിക്കയില്ലെന്നും കേമദ്രുമമേ ഫലിക്കൂ എന്നും സാരം.)

ഹോരായാം-ഹോരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

മൂ— ഹിതാക്കംസുനഭാ നഭാ ഗുരുഗുരാ സ്വാന്ത്യാ
ഭയൈസ്ഥർഗ്രഹൈ.
ശീതാംശോഃ കഥിതോവ്യധാതുബഹുഭിഃ കേമ-
ദ്രുമോന്യൈരപി

കേന്ദ്രേ ശീതകരേഥവാ ഗ്രഹയുതേ കേമ
ദ്രുമോന്നേഷ്യതേ
കേചിൽ കേന്ദ്രനവാംശകേഷു ചവദന്ത്യുക്തി
പ്രസിദ്ധാനതേ.

വ്യാ—സൂര്യനൊഴിഞ്ഞുള്ള കുജാദിപഞ്ചഗ്രഹങ്ങളിൽ ചന്ദ്രൻ (രണ്ടോ മൂന്നോ ആവാം.) ചന്ദ്രന്റെ ഇരുപുറങ്ങളിലെന്ന പറയാൻ തുടങ്ങുന്നതിനാൽ സൂര്യചന്ദ്രന്മാരൊഴിഞ്ഞുള്ള കുജാദി പഞ്ചഗ്രഹങ്ങളെന്ന പറഞ്ഞതാണ്—ചന്ദ്രന്റെ രണ്ടിൽനിന്നാൽ സുനഭ എന്നും പന്ത്രണ്ടിൽനിന്നാൽ അനഭ എന്നും രണ്ടുവശങ്ങളിലും നിന്നാൽ ധുര ധുര എന്നും മൂന്നുയോഗങ്ങളും ഈ ഭാവങ്ങളിൽ ഗ്രഹങ്ങളൊന്നുമില്ലെങ്കിൽ കേമദ്രുമയോഗവും ആകുന്നുവെന്ന് പല ആചാര്യന്മാരും പറയുന്നു. ചന്ദ്രൻ കേന്ദ്രത്തിൽ നിന്നാലും ചന്ദ്രന്റെ കേന്ദ്രത്തിൽ സൂര്യനൊഴിഞ്ഞുള്ള ഗ്രഹങ്ങളുണ്ടായാലും കേമദ്രുഫലമില്ലെന്ന മറ്റുചില ആചാര്യന്മാർ പറയുന്നു. ചന്ദ്രന്റെ കേന്ദ്രത്തിൽ ഗ്രഹങ്ങളുടെ അംശകമുണ്ടായാലും കേമദ്രുമയോഗഫലമില്ലെന്നാണ് വേറേ ചില ആചാര്യന്മാരുടെ മതം. പക്ഷേ അവർ അത്ര പ്രസിദ്ധന്മാരല്ല.

സുനഭയുടേയും അനഭയുടേയും ഫലം.

മൂ— സ്വയമധിഗതവിത്തഃ പാർത്ഥിവ സ്തത്സമോവാ
ഭവതിഹിസുനഭായാം ധീധനഖ്യാതിമാംശ്ച
പ്രഭുരഗദശരീരശ്ശീലവാൻ ഖ്യാതകീർത്തി
ർവിഷയസുഖാനുഭവേഷ്ടോ നിർവൃതശ്ചാനഭായാം. പുന

വ്യാ—സുനഭയിൽ ജനിച്ചാൽ സ്വാർജ്ജിതമായി വളരെ ധനങ്ങളുണ്ടാവുകയും ബുദ്ധിമാനാകയും ധനവാനാകയും പ്രസിദ്ധനാകയും രാജാവോ തത്തുല്യനോ ആവുകയും അനഭയിൽ ജനിച്ചാൽ പ്രഭുവായും അരോഗദൃഢഗാത്രനായും സൽഗുണസ്വഭാവിയായും പ്രസിദ്ധനായും വിഷയസുഖമനുഭവിക്കുന്നവനായും സമാധാനപ്രകൃതിയുള്ളവനായുംഭവിക്കും.

ധുരധുരയുടേയും കേമദ്രുമത്തിന്റേയും ഫലം.

മൂ— ഉല്പന്നഭോഗസുഖഭാഗ് ധനവാഹനാഢ്യ
സ്ത്യാഗോന്വിതോ ധുരധുരാപ്രഭവസ്സുഭൃത്യഃ
കേമദ്രുമേ മലിനദുഃഖിത നീചനിസ്വഃ
പ്രേഷ്യഃ ചലശ്ചനൃപതേരപിവംശജാതഃ. ചര

വ്യാ—ധുരധുരയിൽ ജനിച്ചാൽ ധനം സുഖം നല്ലഭൃത്യവർഗ്ഗം

ദാനശീലം വാഹനങ്ങൾ ഇവയുള്ളവനായിരിക്കും. കേമദ്രുമയോഗമുള്ളവൻ രാജ്യവംശ്യനായിരുന്നാലും മലിനനായും (മുഷിഞ്ഞവേഷം) ദുഃഖിയായും ദരിദ്രനായും ദാസനായും ദുർബുദ്ധിയായും ഭവിക്കും.

കുജാദിയുതസുനഭായോഗഫലം.

മൂ— ജാതശ്ചമൂപതിശ്ചണ്ഡോ ഹിംസ്രോധംഭീസുധീരധീഃ
ധനവിക്രമവാൻകോപീ ചന്ദ്രാദ്ധനഗതേകുജേ. ൭൫

വ്യാ—ചന്ദ്രന്റെ രണ്ടിൽ ചൊവ്വാനിന്നാൽ സേനാനായകനായും കഠിനനായും ഹിംസാശീലനായും അഹങ്കാരിയായും മനസ്സിന്നുറപ്പുള്ളവനായും ധനവാനായും പരാക്രമിയായും കോപിയായും ഭവിക്കും.

മൂ— വേദശാസ്ത്രകലാജ്ഞേയ കുശലസ്സുശരീരവാൻ
മനസ്വീഹിതവാഗ്ധമ്മീ ചന്ദ്രാദ്ബുധഗതേബുധേ. ൭൬

വ്യാ—ചന്ദ്രന്റെരണ്ടിൽ ബുധൻനിന്നാൽ വേദങ്ങളിലും ശാസ്ത്രങ്ങളിലും കലാവിദ്യകളിലും (ആട്ടം പാട്ട് കൊട്ട് മുതലായവ) സംഗീതത്തിലും സമർത്ഥനായും നല്ല ശരീരമുള്ളവനായും മനശ്ശക്തിയുള്ളവനായും നല്ല വാക്കുകളെപ്പറയുന്നവനായും ധർമ്മിഷ്ഠനായും ഭവിക്കും.

മൂ— സർവവിദ്യാധികശ്ശ്രീമാൻ കുടുംബീനൃപവല്ലഭഃ
രാജതുല്യോനൃശസ്വീച ഗുരൌചന്ദ്രാദ്വിതീയഗേ. ൭൭

വ്യാ—ചന്ദ്രന്റെ രണ്ടിൽ ഗുരു നിന്നാൽ എല്ലാവിദ്യകളിലും അധികമായ അറിവുള്ളവനായും ശ്രീമാനായും കുടുംബിയായും (ഗൃഹോപകരണങ്ങളും ഗൃഹാംഗങ്ങളും പശുമഹിഷാദികളും ഉള്ളവനെന്നർത്ഥം) രാജപ്രിയനായും രാജതുല്യനായും യശസ്വിയായും ഭവിക്കും.

മൂ— വിക്രമസ്ത്രീധനക്ഷേത്ര കർമ്മവാൻ ബഹുവിത്തവാൻ
ചതുഷ്പദാഢ്യോരാജശ്രീ സ്സിതേചന്ദ്രാൽകുടുംബഗേ. ൭൮

വ്യാ—ചന്ദ്രന്റെ രണ്ടിൽ ശുക്രൻ നിന്നാൽ പരാക്രമിയായും സുന്ദരിമാരായ സ്ത്രീകളുള്ളവനായും ധനവും ദ്രുസ്പത്തുക്കളും വളരെയുള്ളവനായും കൃഷി ശീലമുള്ളവനായും കർമ്മസാഫല്യമുള്ളവനായും സമ്പത്തുള്ളവനായും ആന കുതിര കാള പശു മുതലായ നാൽക്കാലികളുള്ളവനായും രാജാവിന്റെ ശ്രദ്ധപോലെയുള്ള ശ്രദ്ധയനുഭവിക്കുന്നവനായും ഭവിക്കും.

മൂ— പുരഗ്രാമസ്ഥിതാശേഷഃ പൂജിതോധനവാൻസുധീഃ
നിപുണസ്സർവകാര്യേഷു ചന്ദ്രാദ്ബിത്തഗൃതശനൌ. ൭൯

വ്യാ—ചന്ദ്രന്റെ രണ്ടാമിടത്തു ശനി നിന്നാൽ പുരവാസികളാലും ഗ്രാമവാസികളാലും വന്ദ്യനായും ധനവാനായും സൽബുദ്ധിയായും കാര്യങ്ങളിൽ സമർത്ഥനായും ഭവിക്കും.

കുജാദിയുതാനാമയോഗഫലം.

മൂ— മാനീരണോൽസുകഃക്രോധീ
ധൃഷ്ടശ്ചാരജനപ്രിയഃ
ധീരസ്സ്വതന്ത്രലോഭീച
ചന്ദ്രാദന്ത്യഗതേകുജേ. ൯൦

വ്യാ—ചന്ദ്രന്റെ പന്ത്രണ്ടിൽ കുജൻ നിന്നാൽ മാനിയായും ചാരജനപ്രധാനിയായും കോപമുള്ളവനായും സമർത്ഥനായും ധീരനായും സ്വതന്ത്രത്തെക്കുറിച്ചു വളരെ ഇഷ്ടമുള്ളവനായും (ദേഹത്തെ നന്നാക്കിവെക്കുക എന്നർത്ഥം) ഭവിക്കും.

മൂ— ഗാന്ധർവലേഖ്യേ പടുവാ-
ക്കവിർവക്താസുദേഹവാൻ
യശസ്വീരാജപൂജ്യസ്സ്യാ-
ച്ചന്ദ്രാദന്ത്യഗതേബുധേ. ൯൧

വ്യാ—ചന്ദ്രന്റെ പന്ത്രണ്ടിൽ ബുധൻനിന്നാൽ സംഗീതത്തിലും ചിത്രമെഴുത്തിലും സമർത്ഥനായും ചാതുര്യമായും ധാരാളമായും പറയുന്നവനായും കവിയായും നല്ല ശരീരവും കീർത്തിയുമുള്ളവനായും രാജപൂജ്യനായും ഭവിക്കും.

മൂ— രാജപൂജ്യോതിമേധാവീ
ഗാംഭീര്യഗുണസത്വവാൻ
ശുചിസ്ഥാനാധനാഢ്യസ്സ്യാ-
ച്ചന്ദ്രാദന്ത്യഗതേഗുരൗ. ൯൨

വ്യാ—ചന്ദ്രന്റെ പന്ത്രണ്ടിൽ ഗുരു നിന്നാൽ രാജപൂജ്യനായും ധാരണാശക്തി(അതിബുദ്ധി)യുള്ളവനായും ഗാംഭീര്യംശീലഗുണം മനസ്സിനു ഉറപ്പു് ധനാഢ്യത നല്ലസ്ഥലങ്ങൾഇവളുള്ളവനായും ഭവിക്കും.

മൂ— യുവതീജനകന്ദർപ്പഃ പശ്വാദിധനവാൻസുധീഃ
ധനധാന്യാധികശ്ചന്ദ്രാ ദന്ത്യസ്ഥാനഗതേഭൃഗൗ. ൯൩

വ്യാ—ചന്ദ്രന്റെ പന്ത്രണ്ടിൽ ശുക്രൻ നിന്നാൽ സ്ത്രീകൾക്കു ദർശനീയനായും പശുവൃഷഭാദിസമ്പത്തുള്ളവനായും സൽബുദ്ധിയായും വളരെ ധനധാന്യാദികളുള്ളവനായും ഭവിക്കും.

൧൨

മൂ — വിസ്തീർണ്ണബാഹുർഗുണവാൻ
നേതാപശ്വാദിവിത്തവാൻ
ഗൃഹീതവാക്യോദുസ്ത്രീക-
ശ്ചന്ദ്രാദന്ത്യേശനൈശ്ചരേ. ൻരു

വ്യാ—ചന്ദ്രന്റെ പന്ത്രണ്ടിൽ ശനി നിന്നാൽ നീണ്ടുതടിച്ച കയ്യുകളുള്ളവനായും ഗുണവാനായും പ്രധാനിയായും പശുവൃഷഭാദിസമ്പത്തുള്ളവനായും സാമാംശങ്ങളെ അറിയുന്നവനായും കുത്സിത ഭാര്യയുള്ളവനായും ഭവിക്കും.

മൂ — അസത്യവാദീഗുണവാൻ
നിഷ്ഠുരോതിശഠോഗ്രണീ
ർമുഖ്യോപദ്ധാസതീസകൃത
ശ്ചന്ദ്രേന്ദുമ്യാരമധ്യഗേ. ൻ൫

വ്യാ—ചന്ദ്രൻ കുജബുധന്മാരുടെ മദ്ധ്യത്തിൽ നിന്നാൽ മുഖ്യനായും (പിശുക്കൻ) അറിവുള്ളവനായും ഗുണവാനായും അസത്യവാനായും വൃദ്ധസ്ത്രീകളിലും വ്യഭിചാരിണികളിലും താല്പര്യമുള്ളവനായും ഭവിക്കും.

മൂ— സ്വകർമ്മവിഭവോധ്യൂഷ്മോ
യശസ്വീരിപുപീഡിതഃ
സദ്ഗേഹേശീലകൃച്ചന്ദ്രേ
മദ്ധ്യഗേകുജജീവയോഃ. ൻ൬

വ്യാ—ചന്ദ്രൻ കുജഗുരുക്കളുടെ മദ്ധ്യത്തിൽ നിന്നാൽ തന്റെ കർമ്മങ്ങളെ വേണ്ടുംവിധം ചെയ്യുന്നവനായും സമർത്ഥനായും യശസ്സുള്ളവനായും ശത്രുക്കളിൽനിന്നു ഉപദ്രവമുള്ളവനായും സദ്ഭവനത്തിൽ ഇരിക്കുമ്പോൾ നല്ല ശീലമുള്ളവനായും ഭവിക്കും. (ഭവനത്തിനുമാത്രം താമസിക്കുന്നവനെന്നുമാവാം).

മൂ— സുകാമീസുഭഗഃക്രൂരോ ഹൃഷ്ടസ്സൽകർമ്മവിത്തവാൻ
ഭയാദശീലശ്ചന്ദ്രാംശൈ മദ്ധ്യഗേകുജശുക്രയോഃ. ൻ൭

വ്യാ—ചന്ദ്രൻ കുജശുക്രന്മാരുടെ മദ്ധ്യത്തിൽ നിന്നാൽ ഏറ്റവും കാമിയായും സുഭഗ (സുന്ദര)നായും ക്രൂരനായും സന്തോഷപ്രകൃതിയായും സൽകർമ്മിയായും ധനവാനായും ഭയമില്ലാത്തവനായും ഭവിക്കും.

മൂ— ക്ഷതസ്ത്രീരതഃക്രോധീ
ധനവാൻപിശുനോരിമാൻ
അസന്തശ്ചാനിശാനാഢേ
മധ്യഗേക്ഷുമന്ദയോഃ. ൯൫.

വ്യാ—ചന്ദ്രൻ കുജമന്ദന്മാരുടെ മദ്ധ്യത്തിൽനിന്നാൽ വൃദ്ധസ്ത്രീകളിൽ (നിന്ദ്യസ്ത്രീകളെന്നർത്ഥം) രമിക്കുന്നവനായും കോപിയുനായും ധനിയായും പിശുന(ഏഷണിപറയുന്നവ)നായുംശത്രുക്കളുള്ളവനായും ദുഃഖമില്ലാത്തവനായും ഭവിക്കും.

മൂ— ധർമ്മശാസ്ത്രാർത്ഥവിദ്വാഗ്മീ
സല്കൃവിസ്സുജനാച്ചിതഃ
തേജസ്വീചനിശാനാഢേ
മധ്യഗേബുധജീവയോഃ. ൯൬

വ്യാ—ചന്ദ്രൻ ബുധഗുരുക്കളുടെ മദ്ധ്യത്തിൽനിന്നാൽ ധർമ്മാത്മാവായും ശാസ്ത്രജ്ഞനായും മിതഭാഷിയായും കവിയായും സജ്ജനപ്രിയനായും തേജസ്വിയായും ഭവിക്കും.

മൂ— നൃത്തഗാനരതഃകാന്തഃ
പ്രിയവാക്സുഭഗഃസുധീഃ
ശൂരപ്രകൃതികശ്ചന്ദ്രേ
മധ്യഗേബുധശുക്രയോഃ. ൯൭

വ്യാ—ചന്ദ്രൻ ബുധശുക്രന്മാരുടെ മധ്യത്തിൽ നിന്നാൽ ആട്ടം പാട്ട് മുതലായവയിൽ താല്പര്യമുള്ളവനായും സുന്ദരനായും ഇഷ്ടമായി സംസാരിക്കുന്നവനായും കോമളനായും സൽബുദ്ധിയായും ശൂരനായും ഭവിക്കും.

മൂ— ദേശാദ്ദേശംഗതഃപൂജ്യോ
നാതിവിദ്യോധനാന്വിതഃ
സ്വബന്ധുജനവിദ്വേഷീ
ചന്ദ്രേമന്ദജ്ഞമധ്യഗേ. ൯൮

വ്യാ—ചന്ദ്രൻ ബുധമന്ദന്മാരുടെ മദ്ധ്യത്തിൽനിന്നാൽ ചെല്ലുന്നദിക്കുകളിലൊക്കെയും മാനിക്കപ്പെടുന്നവനായും വളരെ വിദ്യയില്ലാത്തവനായും ധനവാനായും ബന്ധുദ്വേഷിയായും ഭവിക്കും.

മൂ— നൃപകൃത്യകരശ്ശ്രീമാൻ
നീതിജ്ഞോവിക്രമാന്വിതഃ
വ്യാതോദിഷ്ടമതിശ്ചന്ദ്രേ
മധ്യഗേഗുരുശുക്രയോഃ. ൯൯

വ്യാ—ചന്ദ്രൻ ഗുരുശുക്രന്മാരുടെ മദ്ധ്യത്തിൽ നിന്നാൽ രാജകൃത്യങ്ങളെ ചെയ്യുന്നവനായും (രാജപ്രതിനിധി) ശ്രീമാനായും നീതികളെ അറിയുന്നവനായും വിക്രമിയായും പ്രസിദ്ധനായും ദുർബുദ്ധിയായും ഭവിക്കും.

മൂ— സുഖീവിഹീനഃവിമൂഢ്ഞാന
വിദ്യാശുഭഗ്രഹണാനവിതഃ
ധനീശാന്തികരശ്ചന്ദ്രേ
മദ്ധ്യഗേമന്ദജീവയോഃ. ൨൩൯

വ്യാ—ചന്ദ്രൻ ഗുരുമന്ദന്മാരുടെ മദ്ധ്യത്തിൽനിന്നാൽ സുഖമുള്ളവനായും അറിവും വിദ്യയും ശുഭഗ്രഹണങ്ങളും ഇല്ലാത്തവനായും ധനിയായും ഏതുകാര്യവും സന്ധിപറഞ്ഞുതീർക്കുന്നവനായും ഭവിക്കും.

മൂ— വൃദ്ധാചാരഃ കുലാഢ്യശ്ച
നിർഘൃണസ്ത്രീജനപ്രിയഃ
ധനീനൃപപ്രിയശ്ചന്ദ്രേ
സിതാദിത്യസുതാന്തരേ. ൨൪൦

വ്യാ—ചന്ദ്രൻ ശുക്രമന്ദന്മാരുടെ മദ്ധ്യത്തിൽ നിന്നാൽ പൂർവ്വന്മാർ ആചരിച്ചുവന്ന കർമ്മങ്ങളെചെയ്യുന്നവനായും കുലപ്രധാനിയായും ഘൃണമില്ലാത്തവനായും സ്ത്രീകൾക്കു പ്രധാനിയായും ധനവാനായും രാജപ്രിയനായും ഭവിക്കും.

മൂ— സ്വോച്ചസ്വമിഗൃഭവനോപഗതേഷുസർവ്വം
പ്രാപ്നോതിജാതമനുജോനിയതംയദുക്തം
സ്വാംശേഷുവാനിജസുഹൃൽഗൃഹസംയുതേഷു
പ്രാഹുസ്തഥൈവഫലമത്രിപരാശരാദ്യാഃ. ൨൪൧

വ്യാ—ജനനസമയം അതാതുഭാവനാഥന്മാരായ ഗ്രഹങ്ങൾ ഉച്ചം സ്വക്ഷേത്രം ബന്ധുക്ഷേത്രം ഇവയിൽ നിന്നാൽ താന്താങ്ങൾ ചെയ്യേണ്ടുന്ന ഫലങ്ങളെ പൂർണ്ണമായി ചെയ്യുന്നു. അവക്കു വർഗ്ഗോത്തമം ബന്ധുക്ഷേത്രാംശകം ഇവയുണ്ടായാലും പൂർണ്ണഫലങ്ങളെ കൊടുക്കുമെന്നു അത്രി പരാശരൻ മുതലായ മുനിമാർ പറയുന്നു.

മൂ— ചന്ദ്രേസരാഹൌ യദിവാസകേതൌ
ചന്ദ്രാദഥവ്വായദിരിഫയാതഃ
നീചാസ്തഗോവായദിയോഗകർത്താ
ജാതസ്യമിശ്രംഫലമാഹുരാര്യാഃ. ൨൪൨

വ്യാ—ചന്ദ്രൻ രാഹുവിനോടോ കേതുവിനോടോ ഒരുമിച്ചു നി

ല്ലുക, രാഹു ചന്ദ്രന്റെ പന്ത്രണ്ടിൽ നിൽക്കുക. അല്ലെങ്കിൽ ചന്ദ്രൻ നീചത്തിലോ മൌഢ്യത്തിലോ ആവുക എന്നാലും യോഗകർത്താവാ യാൽ മിശ്രഫലത്തെ കൊടുക്കുമെന്നു പൂർവ്വാചാര്യന്മാർ പറയുന്നു.

ശകടയോഗലക്ഷണവും ഫലവും.

മൂ— ഷഷ്ഠാഷ്ടമഗതശ്ചന്ദ്രാൽ
സുരരാജപുരോഹിതഃ
കേന്ദ്രാദന്യഗതോലഗ്നാൽ
യോഗശ്ശകടസംജ്ഞിതഃ. ൧൦൬

വ്യാ—ചന്ദ്രങ്കൽനിന്നു ആറാംഭാവത്തിലോ അഷ്ടമത്തിലോ ല ഗ്നത്തിൽ നിന്നു കേന്ദ്രസ്ഥാനങ്ങളിലല്ലാതെയോ വ്യാഴം നിന്നാൽ ശ കടമെന്നു പേരുള്ള യോഗമാകുന്നു.

മൂ— അപിരാജകുലേജാതോ നിസ്സ്വശ്ശകടയോഗജഃ
ക്ലേശായാസവശാന്നിത്യം സന്തപ്തോന്യപതിപ്രിയഃ. ൧൦൭

വ്യാ—രാജവംശത്തിൽ ജനിച്ചവനായാലും ശകടയോഗമുണ്ടെ ങ്കിൽ ദരിദ്രനായും ക്ലേശങ്ങളും വ്യാകുലതകളും നിമിത്തം ദുഃഖിക്കുന്ന വനായും രാജാക്കന്മാർക്കു ഇഷ്ടനായും ഭവിക്കും.

പാരിജാതം മുതലായ ഉത്തമവർഗ്ഗങ്ങളുടെ ഫലം.

മൂ— സപാരിജാതദ്യുചരസ്സുഖാനി
നീരോഗതാമുത്തമവസ്ത്രയാതഃ
സഗോപുരാംശേയദിഗോധനാനി
സിംഹാസനസ്ഥഃകുരുതേവിഭൂതിം.
കരോതിപാരാവതയോഗയുക്തോ
വിദ്യായശശ്ശ്രീവിപുലംനരാണാം
സദേവലോകോബഹുധാപ്രസന്നോ
ഐരാവതസ്ഥോയദിഭൂപതിസ്സ്യാൽ. ൧൦൮

വ്യാ—പാരിജാതവർഗ്ഗമുള്ള ഗ്രഹം സുഖങ്ങളേയും ഉത്തമവർഗ്ഗ മുള്ളഗ്രഹം ആരോഗ്യത്തേയും ഗോപുരാംശവർഗ്ഗമുള്ള ഗ്രഹം ഗോധന ങ്ങളേയും സിംഹാസനവർഗ്ഗമുള്ള ഗ്രഹം ഐശ്വര്യത്തേയും പാരാ വതവർഗ്ഗമുള്ള ഗ്രഹം വിദ്യ യശസ്സ് ശ്രീ ഇവയേയും ദേവലോകവർഗ്ഗ മുള്ളഗ്രഹം പ്രസന്നതയേയും (സന്തോഷശീലം) ഐരാവതവർഗ്ഗമു ള്ളഗ്രഹം രാജത്വത്തെയും കൊടുക്കും.

അധമാദിയോഗലക്ഷണങ്ങളും ഫലങ്ങളും.

൪— അധമസമവരിഷ്ഠാന്ത്യക്കേന്ദ്രാദിസംസ്ഥേ
ശശിനിവിനയവിത്തജ്ഞാനധീനൈപുണാനി
അഥനിനിശിചചന്ദ്രേസേപധിമിത്രാംശകേവാ
സുരഗുരുസുരദൃഷ്ടോവിത്തവാൻസ്യാൽസുഖീച. ൭൯

വ്യാ—സൂര്യന്റെ കേന്ദ്രത്തിൽ ചന്ദ്രൻ നിന്നാൽ വിനയം ധനം അറിവ് ബുദ്ധിചാതുര്യം ഇവ അധമങ്ങളായും (കുറഞ്ഞും) പണപരത്തിൽ നിന്നാൽ മദ്ധ്യമങ്ങളായും (സാമാന്യം) അപോക്ലിമത്തിൽ നിന്നാൽ ഉത്തമങ്ങളായും (പൂർണ്ണങ്ങൾ) ഭവിക്കും. ചന്ദ്രൻ തന്റെ നവാംശകത്തിലോ അതിബന്ധുവിന്റെ നവാംശകത്തിലോ ഗുരുവിന്റെ ദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ പകൽ ജനിച്ചാൽ ധനവാനായും സുഖിയായും ഭവിക്കും. ജനനം രാത്രിയാണെങ്കിൽ ഈ ചന്ദ്രനു ശുക്രദൃഷ്ടിയാണു വേണ്ടതെന്നു ഭേദം. എന്നാൽ ധനസുഖങ്ങളുണ്ടായിരിക്കും.

ചന്ദ്രാധിയോഗവും ഫലവും.

൫— സൌമ്യൈസുരാരിനിധനേഷ്വധിയോഗജന്തോ
സ്തസ്മിംശ്ചമൂപസചിവക്ഷിതിപാലജന്മ
സമ്പത്തിസൌഖ്യവിഭവാഹതശത്രുവശ്യ
ദീർഘായുഷ്ടോവിഗതരോഗഭയോശ്വജാതാം. ൮൦

വ്യാ—ശുഭഗ്രഹങ്ങളൊക്കെയും ചന്ദ്രങ്കൽനിന്ന് ന-ഒ-പ ഈ ഭാവങ്ങളിലായി നിന്നാൽ അധിയോഗമെന്ന യോഗം ഉണ്ടാവുന്നു. ഇതിൽ ജനിച്ചാൽ രാജാവോ മന്ത്രിയോ സേനാനായകനോ ആയി സമ്പത്ത് സുഖം ശത്രുജയം ആരോഗ്യം ദീർഘായുസ്സ് ഇവയോടുകൂടി അങ്കുതോഭയ (ഭയമില്ലാത്തവ)നായിരിക്കും.

ലഗ്നാധിയോഗലക്ഷണം.

൬— ലഗ്നാദരിദ്വനഗൃഹാഷ്ടമഗൈഃ
ശുഭൈർന്നപാപഗ്രഹദൃഷ്ടിയുക്തൈഃ
ലഗ്നാധിയോഗോഭവതിപ്രസിദ്ധഃ
പ്രാപ്തൈസ്സുഖസ്ഥാനവിവർജ്ജിതൈശ്ച. ൮൧

വ്യാ—ചന്ദ്രങ്കൽനിന്നു പറഞ്ഞപോലെ ലഗ്നാൽ ന-ഒ-പ ഈ ഭാവങ്ങളിൽ പാപയോഗദൃഷ്ടികളില്ലാത്ത ശുഭന്മാർ നില്ക്കയും നാലാം ഭാവത്തിൽ പാപസ്ഥിതിയില്ലാതിരിക്കയും ചെയ്താൽ ലഗ്നാധിയോഗം ഉണ്ടാവും. അതിന്റെഫലം—

മൂ— ലഗ്നാധിനാഥോഗേ ബഹുശാസ്ത്രകർത്താ
വിദ്യാവിനീതശുഭലാധികാരീ
മുഖ്യസ്തനിഷ്ണാപടിർമഹാത്മാ
ലോകേയശോവിത്തഗുണാന്വിതസ്സ്യാൽ. ൧൫൭

വ്യാ—ലഗ്നാധിനാഥോഗത്തിൽജനിച്ചാൽ ശാസ്ത്രങ്ങളെ ഒക്കെയും അറിയുന്നവനായും വിദ്യയും വിനയവും ഉള്ളവനായും സേനാനായകനായും. എല്ലാവക്കും മുഖ്യനായും സത്യവാനായും മഹാത്മാവായും കീർത്തിയും ധനവുമുള്ളവനായും ഗുണവാനായും ഭവിക്കും.

ഗജകേസരിയോഗലക്ഷണം.

മൂ— കേന്ദ്രസ്ഥിതേജ്ഞഗുരുഭൃഗുചന്ദ്രാ-
ജ്ജ്യോഗസ്തദാഖ്യർഗ്ഗജകേസരീതി
ദുഷ്ടേസിതാർക്കേന്ദുസിതൈർഗ്ഗുരാങ്കേ
നീചാസ്തഹീനൈർഗജകേസരീസ്യാൽ. ൧൫൮

വ്യാ—ചന്ദ്രന്റെ കേന്ദ്രങ്ങളിൽ വ്യാഴം നിൽക്കുക നീചം മൌഢ്യം ഇവയില്ലാത്ത ബുധൻ ഗുരു ശുക്രൻ ഇവർ ചന്ദ്രനെ നോക്കുക. ഇതുരണ്ടും ഗജകേസരി (കേസരി എന്നും പറയും)യോഗങ്ങളാണ്.

കേസരിയോഗഫലം.

മൂ— ഗജകേസരിസഞ്ജാത സ്തജസാധനധാന്യവാൻ
മേധാവീഗുണസമ്പന്നോ രാജപ്രിയകരോഭവേൽ. ൧൫൯

വ്യാ—കേസരിയോഗത്തിൽ ജനിച്ചാൽ തേജോയുക്തനായും ധനധാന്യങ്ങളുള്ളവനായും ധാരണാശക്തിയുള്ളവനായും ഗുണപൂർണ്ണതയുള്ളവനായും രാജപ്രിയനായും ഭവിക്കും.

അമലായോഗലക്ഷണവും ഫലവും.

മൂ— യസ്യജന്മസമയേശശിലഗ്നാൽ
സൽഗ്രഹോയദിചകർമ്മണിസംസ്ഥഃ
തസ്യകീർത്തിരമലാഭുവിതിഷ്യേ-
ദായുഷോന്തമവിനാശിതസമ്പൽ. ൧൬൦

വ്യാ—ലഗ്നാലോ ചന്ദ്രാലോ പത്താംഭാവത്തിൽ ഒരു ശുഭഗ്രഹം നിന്നാൽ അമല എന്ന യോഗമാകുന്നു. ഈ യോഗമുള്ളവൻ മരണംവരെ നശിക്കാത്ത കീർത്തിയും സമ്പത്തുമനുഭവിക്കും.

മൂ— ലഗ്നാദ്വാചന്ദ്രലഗ്നാദ്വാ ദശമേശശുഭസംയുതേ
യോഗോയമമലാനാമ കീർത്തിരാചന്ദ്രതാരകീ. ൨൨൫

വ്യാ—മുൻപറഞ്ഞപോലെ പത്താമിടുള്ള ശുഭൻ നിന്നാൽ അമലായോഗമാണ്. ഈ യോഗം ജാതന്റെ മരണശേഷവും കീർത്തിയെ ഭവിപ്പിക്കും.

അമലായോഗവിശേഷഫലം.

മൂ— രാജപൂജ്യോമഹാഭോഗീ ദാതാബന്ധുജനപ്രിയഃ
പരോപകാരീഗുണവാ നമലായോഗസംഭവഃ. ൨൨൬

വ്യാ—അമലായോഗജാതൻ രാജപൂജ്യനായും വിശേഷസുഖങ്ങളുള്ളവനായും ദാനശീലനായും ബന്ധുക്കൾക്കും ജനങ്ങൾക്കും ഇഷ്ടനായും പരോപകാരത്തെ ചെയ്യുന്നവനായും ഗുണവാനായും ഭവിക്കും.

വേസിവാസ്യുഭയചാരിയോഗങ്ങളും തൽഫലങ്ങളും.

മൂ— വ്യയധനയുതഖേടെ വേസിവാസീദിനേശാ
ദുഭയചരികയോഗശ്ചോഭയസ്ഥാനസംസ്ഥൈഃ
നിജഗൃഹസുഹൃദ്ഭസ്ഥാനഗൈസ്ത്രിത്രുജാതോ
ബഹുധനസുഖയുക്തോരാജുല്യോമനുഷ്യഃ. ൨൨൭

വ്യാ—ഗ്രഹങ്ങൾ സ്വക്ഷേത്രം ബന്ധുക്ഷേത്രം ഉച്ചം ഇവകളിലായിട്ട് സൂര്യന്റെ പന്ത്രണ്ടിൽനിന്നാൽ വേസിയോഗവും ഇങ്ങനെതന്നെ രണ്ടാമിടത്തു നിന്നാൽ വാസിയോഗവും ഈ രണ്ടുസ്ഥാനങ്ങളിലുമായി നിന്നാൽ ഉഭയചരിയോഗവും ആകുന്നു.

മൂ— ജാതസ്സുശീലശ്ശുഭവേസിയോഗേ
വാഗ്മീധനീവീതഭയോജിതാരിഃ
പാപഗ്രഹേദുഷ്ടജനാനുരക്തഃ
പാപാത്മകോവീതസുഖൊഹിഹീനഃ. ൨൨൮

വ്യാ—സൂര്യന്റെ പന്ത്രണ്ടിൽ നിൽക്കുന്നതു ശുഭഗ്രഹങ്ങളാണെങ്കിൽ ജാതൻ സൽബുദ്ധിയായും മിതഭാഷിയായും ധനിയായും ഭയമില്ലാത്തവനായും ശത്രുക്കളില്ലാത്തവനായും ഭവിക്കും പാപഗ്രഹങ്ങളാണെങ്കിൽ ദുഷ്ടനായും പാപിയായും സുഖം ധനം ഇവയില്ലാത്തവനായും ഹീനനായും ഭവിക്കും.

മൂ— വേസൌശുഭഗ്രഹയുതേനിപുണഃപ്രദാതാ
വിദ്വാഖിനോദചതുരസ്സുയശാബലാഢ്യഃ
പാപാന്വിതേയടിവിദേശഗതസ്സമൂർഖഃ
കാമാതുരോവധരുചിർവികൃതാനനസ്സ്യാൽ. ൨൨൯

വ്യാ—സൂര്യന്റെ രണ്ടാമിടത്തു ശുഭഗ്രഹം നിന്നാൽ അവസരോചിതബുദ്ധിയുള്ളവനായും ഭാതാവായും വിദ്യകളെക്കൊണ്ടു രസിക്കുന്നവനായും കീർത്തിമാനായും ബലവാനായും അവിടെ പാപഗ്രഹമാണു നിൽക്കുന്നതെങ്കിൽ മൂർഖനായും (ജ്ഞാനമുണ്ടായില്ലാത്തവൻ) കാമുകനായും ഹിംസാശീലനായും മുഖത്തിനു വികൃതതയുള്ളവനായും (അല്ലെങ്കിൽ ദുർമ്മുഖൻ) അന്യദേശവാസിയായും ഭവിക്കും.

മൂ— സൌമ്യാന്വിതോഭയേ ച രപ്രഭവാനരേന്ദ്രാ
സ്തത്തുല്യവിത്തസുഖശീലദയാനുരക്താഃ
പാപാന്വിതോഭയപരൌയദിപാപകൃത്യാ
രോഗാഭിഭൂതപരകർമ്മരതാദരിദ്രാഃ ൧൭൪

വ്യാ—സൂര്യന്റെ രണ്ടുപുറത്തും ശുഭന്മാരാണു നിൽക്കുന്നതെങ്കിൽ രാജാവോ തത്തുല്യനോ ആയും ധനവും സുഖവുമുള്ളവനായും സൽപ്രകൃതിയായും ദയാലുവായും, പാപന്മാരാണു നിൽക്കുന്നെങ്കിൽ പാപകർമ്മിയായും രോഗിയായും ദാസനായും ദരിദ്രനായും ഭവിക്കും.

മൂ— ശുഭാശുഭാഖ്യയർദ്വിജന്മലഗ്നോ
ശുഭാശുഭാഖ്യൈരുഭവേത്തഥാവിധൈഃ
വ്യത്യസ്തകൈഃപാപഖചൈർവ്വിലഗ്നാൽ
പാപാഖ്യസൌഹൃദ്ഗ്രഹകർത്തൃതശ്ച. ൧൭൫

വ്യാ—ലഗ്നത്തിൽ ശുഭന്മാർ നിന്നു ശുഭയോഗമെന്നും (സുശുഭചിന്നം ചിലർ) അശുഭന്മാർ നിന്നാൽ അശുഭയോഗമെന്നും (അശുഭയോഗമെന്നും പറയും.) രണ്ടിലും പന്ത്രണ്ടിലുംകൂടി നിന്നാൽ ശുഭകർത്തരി എന്നും അശുഭകർത്തരി എന്നും മൂന്നുയോഗങ്ങൾ (ശുഭാശുഭഭേദത്താൽ ൬ വിധം) ഉണ്ടാവും.

മൂ— ശുഭയോഗോദ്ഭവോവാഗ്മീദ്രുപശീലഗുണാന്വിതഃ
പാപയോഗോദ്ഭവഃകാമീ പാപകർത്രാത്മഭൂകൃ. ൧൭൬

വ്യാ—ശുഭയോഗത്തിൽ ജനിച്ചാൽ വാഗ്മിത്വം സൌന്ദര്യശീലഗുണം ഇവയുള്ളവനായും അശുഭയോഗത്തിൽ ജനിച്ചാൽ കാമശീലനായും പാപിയായും അന്യന്റെ ദ്രവ്യംകൊണ്ടു ഉപജീവിക്കുന്നവനായും ഭവിക്കും.

മൂ— ശുഭകേത്തിരിസഞ്ജാത സ്തജ്ജോബലധനാധികഃ
പാപകർത്തരികേജ്ജാതോ ഭിക്ഷാശീമലിനോഭവേൽ. ൧൭൭

വ്യാ—ശുഭകേത്തരിയോഗത്തിൽ ജനിച്ചാൽ തേജസ്വിയായും

ബലവാനായും ധനവാനായും പാപകത്തരിയിൽ ദരിദ്രനായും മലിനനായും (വൃത്തികെട്ടവൻ) ഭവിക്കും.

പവ്തയോഗലക്ഷണം.

മൂ— സൌമ്യേഷുകേന്ദ്രഗൃഹഗേഷുസപതാംശ്ലേ
ശുദ്ധേഥവാശുഭയുതേയദിപവ്തസ്സ്യാൽ
ലഗ്നാന്ത്യപൌയദിപാസ്സുകേന്ദ്രയാതൌ
മിത്രേക്ഷിതൌഭവതിപവ്തനാമയോഗഃ. ൧൨൭

വ്യാ—കേന്ദ്രങ്ങൾ ശുഭന്മാരോടുകൂടിയും ഏഴും പതിട്ടും ഭാവങ്ങൾ പില്ലാപ്രകാരത്തിലും ശുദ്ധമായും അല്ലെങ്കിൽ ശുഭന്മാരോടുകൂടിയും നിൽക്കുക അല്ലെങ്കിൽ ലഗ്നാധിപനും പത്തുണ്ടാംഭാവാധിപനും പരസ്പരം കേന്ദ്രങ്ങളിൽ നിൽക്കയും അവക്കു ബന്ധുദൃഷ്ടിയുണ്ടാകയും ചെയ്താൽ. എന്നാൽ രണ്ടുവിധം പവ്തമെന്ന യോഗങ്ങളുണ്ടാവും.

തൽഫലം.

മൂ— ഭാഗ്യാന്വിതഃ പവ്തയോഗജാതോ
വിദ്യാവിനോദാഭിരതഃ പ്രദാതാ
കാമീപരസ്ത്രീജനകേളിലോല
സ്തേജോയശഃസമ്പൂരനായകസ്സ്യാൽ. ൧൨൮

വ്യാ—പവ്തയോഗത്തിൽ ജനിച്ചാൽ ഭാഗ്യവും വിദ്യയും സന്തോഷവും ദാനശീലവും കാമശീലവും പരസ്ത്രീതല്പരതയും തേജസ്സും യശസ്സും പൂരനായകതവും ഉള്ളവനാകും. (പുരമെന്നതു വളരെ അള്ളുകളും കവുവടങ്ങളും രാജധാനികളുമുള്ള സ്ഥലമാകുന്നു.)

കാഹളയോഗലക്ഷണം.

മൂ — അന്യോന്യകേന്ദ്രഗൃഹഗൌ ഗുരുബന്ധുനാഥൌ
ലഗ്നാധിപേബലയുതേ സതികാഹളസ്സ്യാൽ
കർമ്മേശവീര്യേണ സഹിതേതു വിലോകിതേവാ
സേനാപ്രിയസകേസുഖപതൌയദിതാദൃശസ്സ്യാൽ. ൧൨൯

വ്യാ—നാലാംഭാവാധിപനും ഒൻപതാം ഭാവാധിപനും പരസ്പരം കേന്ദ്രങ്ങളിൽ നില്ക്കയും ലഗ്നാധിപൻ ബലവാനാകയും ചെയ്താൽ. നാലാംഭാവാധിപൻ സപക്ഷേത്രത്തിലോ ഉച്ചത്തിലോ പത്താംഭാവാധിപന്റെ ദൃഷ്ടിയോടുകൂടി നില്ക്കുക ഇതു രണ്ടും കാഹളയോഗങ്ങളാകുന്നു.

കാഹളയോഗഫലം.

മൂ— കാജസപീസാഹസീമൂർഖ ശ്ചതുരംഗബലാന്വിതഃ
യൽകിഞ്ചിൽ ഗ്രാമനാഥസ്യ ജാതസ്സ്യാൽ കാഹളേനരഃ. ൧൩൦

വ്യാ—കാഹളയോഗത്തിൽ ജനിച്ചാൽ ഓജസപി (പ്രതാപമുള്ളവൻ) യായും എപ്പോഴും പ്രവർത്തിക്കുന്നവനായും മൂർഖനായും ചതുരംഗങ്ങളായ സൈന്യങ്ങളുള്ളവനായും ഏതെങ്കിലും ഒരു ഗ്രാമത്തിന്റെനാഥനായും ഭവിക്കും.

മാലികായോഗവും ഫലവും.

മൂ— ലഗ്നാദിസപ്തഗൃഹഗായദി സപ്തഖേടാ
ജാതോമഹീപതിരനേകഗജാശ്വനാഥഃ
വിത്താദികാനിധിപതിഃപിതൃഭക്തിയുക്തോ
ധീരോഗ്രതുപ്രണവാൻ നരചക്രവർത്തീ. ൧൩൧

വ്യാ—ലഗ്നംമുതൽ ഏഴാംഭാവംവരെയുള്ള രാശികളിലായി ഏഴ്ഗ്രഹങ്ങളും (ഇന്നവർ ഇന്നിടത്തു് എന്നു നിയമമില്ല) നിന്നാൽ മാലികായോഗമാകുന്നു. അതിൽ ജനിച്ചാൽ രാജാവായും വളരെ ആനകളും കുതിരകളുമുള്ളവനായും ഭവിക്കും.

രണ്ടാംഭാവംമുതൽ അഷ്ടമംവരെ ഏഴ്രാശികളിലും ഏഴ് ഗ്രഹങ്ങളും നിന്നാൽ "ധനമാലികായോഗ"മാകുന്നു. അതിൽ ജനിച്ചാൽ ധനങ്ങൾക്കും നിധികൾക്കും നാഥനായും പിതൃഭക്തനായും ധീരനായും സുന്ദരനായും ജനങ്ങൾക്കു പ്രധാനിയായും ഭവിക്കും.

മൂ— ജാതോയദ്വാവിക്രമമാലികായാം
ഭൂപസ്സശൂരോ ധനികശ്ചഭോഗീ
സുഖാദികശ്ചൽ ബഹുദേശഭർത്താ
ഭോഗീമഹാദാന പരോമഹീപഃ. ൧൩൨

വ്യാ—മൂന്നാമിടംമുതൽ ൯-ാമിടംവരെ സപ്തഗ്രഹങ്ങളും നിന്നാൽ വിക്രമമാലികയാകുന്നു. അതിൽ ജനിച്ചാൽ രാജാവായും ശൂരനായും ധനവാനായും സുഖിയായും ഭവിക്കും.

നാലാമിടംമുതൽ പത്താമിടംവരെസുഖമാലികയാകുന്നു. അതിൽ ജനിച്ചാൽ അനേകദേശങ്ങൾക്കു നാഥനായും സുഖിയായും ബഹുദാതാവായും രാജാവായും ഭവിക്കും.

മൂ— പുത്രാദ്യായദിമാലികാനരപതിസ്തുജ്ഞാഥവാകീർത്തിമാൻ
ജാതഷ്ഷഷ്ഠഗൃഹാൽകപാപിഭവനസുഖപ്രാപ്തോദരിദ്രോഭവേൽ

കാമാദിർഗ്രഹമാലികായ്ദിബഹുസ്ത്രീവല്ലഭോഭ്രേപതി
ദീർഘായുർധനവർജ്ജിതോനരവരുകുസ്ത്രീജിതശ്ചാഷ്ടമാൽ. ൭൩

വ്യാ—ങ-ാമിടംമുതൽ ഛ-ാമിടംവരെയുള്ള പഞ്ചമമാലികയിൽ രാജാവായും യാഗം മുതലായവ ചെയ്യുന്നവനായും കീർത്തിമാനായും ന-ാമിടം മുതൽ ഛ-ാമിടം വരെയുള്ളഷഷ്ഠമാലികയിൽ ചിലപ്പോൾ ധനവാനായും ചിലപ്പോൾ ദരിദ്രനായും ഒ-ാമിടംമുതൽ ഛ കഴിഞ്ഞു ലഗ്നംവരെയുള്ള സപ്തമമാലികയിൽ വളരെ ഭാര്യമാരുള്ളവനായും രാജാവായും വ-ാമിടംമുതൽ രണ്ടാമിടംവരെയുള്ള അഷ്ടമമാലികയിൽ ദീർഘായുസ്സായും ധനമില്ലാത്തവനായും രാജാവായും കുസ്തിസ്ത്രീകൾ ക്കു വശഗനായും ഭവിക്കും.

മൂ— ധർമ്മാദിർഗ്രഹമാലികാഗ്രണനിധിസ്ത്രജാതപസ്വീഭവേൽ
കർമ്മാദ്ധ്യായദിധർമ്മകർമ്മനിരതസ്സുന്മൂജിതസ്സുജ്ജനൈഃ
ലാഭാദ്രാജ്യവരാംഗനാമണിപതിസ്സുവ്ക്രിയാദക്ഷകോ
ജാതോരിഃഗ്രഹാൽ ബഹുവ്യയകരസ്സുവ്ത്രപൂജ്യോഭവേൽ.

വ്യാ—ൻ-ാമിടംമുതൽ മൂന്നാമിടംവരെയുള്ള നവമമാലികയിൽ ജനിച്ചാൽ ഗുണവാനായും യാഗകർത്താവായും തപസ്വിയായും ഛ0-ാമിടംമുതൽ രൂ-ാമിടം വരെയുള്ള ദശമമാലികയിൽ ജനിച്ചാൽ സൽ കർമ്മങ്ങളിൽ നിഷ്ഠയുള്ളവനായും ധർമ്മിഷ്ഠനായും സജ്ജനപൂജ്യനാ യും ഛഛ-ാമിടംമുതൽ ള-ാമിടംവരെയുള്ള ഏകാദശമാലികയിൽ ജനി ച്ചാൽ രാജസ്ത്രീകളുടെ ഭർത്താവായും എല്ലാ കർമ്മങ്ങളിലും സമർത്ഥനാ യും ഛഛ-ാമിടംമുതൽ ന-ാമിടംവരെയുള്ള ദ്വാദശമാലികയിൽ ജനി ച്ചാൽ വളരെച്ചെലവുചെയ്യുന്നവനായും എല്ലായിടത്തും മാന്യനായും ഭവിക്കും.

ചാമരയോഗലക്ഷണം.

മൂ— ലഗ്നേശ്വരേ കേന്ദ്രഗതേസ്വതുംഗേ
ജീവേക്ഷിതേചാമരനാമയോഗഃ
സൌമ്യത്രയേലഗ്നഗൃഹൈകളഗ്നേ
നവാസ്യദോവായദിചാമരസ്സ്യാൽ. ൭൪

വ്യാ—ലഗ്നാധിപൻ വ്യാഴദൃഷ്ടിയോടുകൂടി കേന്ദ്രത്തിൽ ഉച്ചസ്ഥനായി നിന്നാലും ഛ-ലഗ്നം ഒ-ൻ-ഛ0 ഈ സ്ഥാന ങ്ങളിൽ ചിലരിട്ടെയെങ്കിലും രണ്ടു ശുഭന്മാർ ഒരുമിച്ചുനിന്നാലും ചാമര മെന്ന യോഗമാണ്.

ചാമരയോഗഫലം.

മൂ— യോഗേജാതശ്ചാമരേരാജപൂജ്യോ
വിദ്വാൻവാഗ്മീപണ്ഡിതോവാമഹീപഃ
സർവ്വജ്ഞസ്സ്യാദ്വേദശാസ്ത്രാധികാരീ
ജീവേദ്വർഷാസപ്തതിർവത്സരാണാം. ൧൭൮

വ്യാ—ചാമരയോഗത്തിൽ ജനിച്ചാൽ രാജപൂജ്യനായും വിദ്വാനായും വാഗ്മിയായും (മിതഭാഷി) ചില്ലാറിലും അറിവുള്ളവനായും രാജാവായും വേദങ്ങളെയും ശാസ്ത്രങ്ങളെയും (വേദശാസ്ത്രവിഹിതകാര്യങ്ങളെ) വിധിക്കുന്നവനായും ൭൦-വയസ്സുവരെ ജീവിച്ചിരിക്കും.

ശംഖയോഗലക്ഷണം.

മൂ— അന്യോന്യകേന്ദ്രഗൃഹഗൌസുതമിത്രനാഥൌ
ലഗ്നാധിപേബലയുതേ യദിശംഖയോഗഃ
ലഗ്നാധിപേ ച ഗഗനാധിപതൌചരസ്ഥേ
ഭാഗ്യാധിപേബലയുതേ തു തഥാവദന്തി. ൧൭൯

വ്യാ—നാലാംഭാവാധിപനും അഞ്ചാംഭാവാധിപനും പരസ്പരം കേന്ദ്രങ്ങളിൽ നിൽക്കയും ലഗ്നാധിപൻ ബലവാനാകയും ചെയ്താൽ. ലഗ്നാധിപനും പത്താംഭാവാധിപനും ചരരാശികളിൽ നിൽക്കയും ഒൻപതാംഭാവാധിപൻ ബലവാനാകയും ചെയ്താൽ. ഇതു രണ്ടും ശംഖയോഗങ്ങളാകുന്നു.

ശംഖയോഗഫലം.

മൂ— ശംഖേജാതോഭോഗശീലോദയാലു
സ്ത്രീപുത്രാഢ്യക്ഷേത്രവാൻപുണ്യകർമ്മാ
ശാസ്ത്രജ്ഞാനാചാരസാധുക്രിയാവാൻ
ജീവേദ്വർഷംവത്സരാണാമശീതിം. ൧൮൦

വ്യാ—ശംഖയോഗത്തിൽ ജനിച്ചാൽ സുഖാനുഭവമുള്ളവനായും ഭയാലുവായും വളരെ ഭാര്യമാരും പുത്രന്മാരുമുള്ളവനായും ധനിയായും വളരെ നിലങ്ങളും പുരയിടങ്ങളുമുള്ളവനായും പുണ്യവാനായും ശാസ്ത്രജ്ഞനായും സദാചാരകർത്താവായും സൽപ്രവൃത്തികളെചെയ്യുന്നവനായും ൮൦ വർഷം ജീവിച്ചിരിക്കും.

ഭേരിയോഗലക്ഷണം.

മൂ— സ്വാന്ത്യാദയാസ്തഭവനേഷുവിയച്ചരേഷു
കർമ്മാധിപേബലയുതേയദിഭേരിയോഗഃ

കേന്ദ്രംഗതൌസുരഹ്രോസ്സ്ഥിതലഗ്നനാഥൌ
ഭാഗ്യേശപോബലയുതേ തു തഥൈവവാച്യം. ഫന്മ.ൻ

വ്യാ—ലഗ്നം ൧-൪-൭-൧൦ ഈ ഭാവങ്ങളിൽ ഗ്രഹങ്ങളുണ്ടായിരിക്കയും ലഗ്നാധിപൻ ബലവാനാകയും ചെയ്കു. ഗുരുവിന്റെ കേന്ദ്രങ്ങളിൽ ലഗ്നാധിപനും ശുക്രനും നിൽക്കുക. ൯-൦ഭാവാധിപൻ ബലവാനായിരിക്കുക. ഭേരീയോഗം ഇങ്ങനെ രണ്ടുവിധം ഭവിക്കുന്നു.

ഭേരീയോഗഫലം.

മൂ— ദീർഘായുഷ്മാംവിഗതരോഗഭയാനരേന്ദ്രാ
ബഹ്വ ബ്ഭ്രമിസുതദാരയുതാഃപ്രസിദ്ധാഃ
ആചാരഭൂരിസുഖഭൌമഹാനുഭാവാ
ഭേരീപ്രജാതമനുജാനിപുണാഃകുലീനാഃ. ഫ൨൦

വ്യാ—ഭേരീയോഗത്തിൽ ജനിച്ചാൽ ദീർഘായുസ്സായും ആരോഗ്യായും നിർഭയനായും രാജതുല്യനായും ഭ്രസ്വത്തുകളും ഭാര്യാപുത്രാദികളും വളരെയുള്ളവനായും പ്രസിദ്ധനായും ആചാരവാനായും സുഖങ്ങളെ അനുഭവിക്കുന്നവനായും ശൂരനായും മഹാനുഭാവനായും അറിവുള്ളവനായും കുലശ്രേഷ്ഠനായും ഭവിക്കും.

ശരഭയോഗലക്ഷണവും ഫലവും.

മൂ— ഭൃഗോഃകേന്ദ്രസ്ഥിതേചന്ദ്രേ യോഗശ്ശരഭസംജ്ഞിതഃ
തസ്മിൻജാതസ്സുദീർഘായു രനന്തഗുണവിത്തവാൻ. ഫ൨൧

വ്യാ—ശുക്രന്റെ കേന്ദ്രത്തിൽ ചന്ദ്രൻ നിൽക്കുമ്പോൾ ശരഭയോഗം ഭവിക്കുന്നു. ആ യോഗം ദീർഘായുസ്സിനേയും സമ്പത്തിനേയും ഗുണത്തേയും കൊടുക്കും.

മൃദംഗയോഗവും ഫലവും.

മൂ— ഉച്ചഗ്രഹാംശകപതൌയദികോണകേന്ദ്രേ
തുംഗാദികേസ്വഭവനോപഗതേബലാഢ്യേ
ലഗ്നാധിപേബലയുതേ തു മൃദംഗയോഗഃ
കല്യാണഭൂപനുപതുല്യയശഃപ്രദസ്സ്യാൽ. ഫ൨൨

വ്യാ—ഉച്ചത്തിൽ നിൽക്കുന്ന ഗ്രഹത്തിന്റെ നവാംശാധിപൻ ലഗ്നാൽ കേന്ദ്രത്രികോണങ്ങളിൽ ഉച്ചം സ്വക്ഷേത്രം ഇവയിൽ ബലവാനായി നിൽക്കയും ലഗ്നാധിപന് ബലമുണ്ടാവുകയും ചെയ്താൽ മൃദംഗയോഗമാകുന്നു. അതിൽ ജനിച്ചാൽ മംഗലവാനായും സുന്ദരനായും രാജതുല്യനായും യശസ്വിയായും ഭവിക്കും.

## ശ്രീനാഥയോഗലക്ഷണവും ഫലവും.

മൂ— കാമേശപരേകർമ്മഗതേസപുത്രഗേ
കർമ്മാധിപേഭാഗ്യപസംയുതേ ച
ശ്രീനാഥയോഗശ്ശുഭേസ്ഥാനീം
ജാതോനരശ്ശുക്രസമോസുപോവാ. ൧൯൬

വ്യാ—ഏഴാംഭാവാധിപൻ പത്താമിടത്തു ഉച്ചത്തിലും പത്താം ഭാവാധിപൻ ൻപതാം ഭാവാധിപനോടും ചേർന്നുനിന്നാൽ ശ്രീനാഥയോഗമാകുന്നു. അതിൽ ജനിച്ചാൽ ശ്രീമാനായി ഇന്ദ്രതുല്യനായ രാജാവാകും.

## ശാരദയോഗലക്ഷണം.

മൂ— യോഗശ്ശാരദസാജ്ഞകസ്സുതഗതേ
കർമ്മാധിപേചന്ദ്രജേ
കേന്ദ്രസ്ഥാധനനായകേ നിജഗൃഹേ
പ്രാപ്തേചവീര്യ്യാന്വിതേ
ചന്ദ്രാൽകോണഗതേപുരന്ദരഗുരൌ
സൌമ്യത്രികോണേകുജേ
ലാഭേവായടിദേവമന്ത്രിണിബുധാ-
ത്തച്ഛാരദസ്സംജ്ഞയാ. ൧൯൭

വ്യാ—പത്താംഭാവാധിപൻ അഞ്ചിലും ബുധൻ കേന്ദ്രത്തിലും ബലവാനായ രണ്ടാംഭാവാധിപൻ സ്വക്ഷേത്രത്തിലും ഗുരു ചന്ദ്രന്റെ ത്രികോണത്തിലും കുജൻ ബുധന്റെ ത്രികോണത്തിലൊ പതിനൊന്നിലൊ നിൽക്കയും ചെയ്താൽ ശാരദയോഗമാകുന്നു.

## ശാരദയോഗഫലം.

മൂ— ശ്രീപുത്രബന്ധുസുഖരൂപഗുണാനുഭാവാ
ഭൂപപ്രിയാഗുരുമഹീസുരദേവഭക്താഃ
വിദ്യാവിനോദരതിശീലതപോബലാഢ്യാ
ജാതാസ്സുധർമ്മനിരതാഭുവിശാരദാഖ്യേ. ൧൯൮

വ്യാ—ശാരദയോഗത്തിൽ ജനിച്ചാൽ വളരെ ഭാഗ്യമാരും പുത്രന്മാരും ബന്ധുക്കളും സുഖവും സൌന്ദര്യവും ജനരഞ്ജനയും രാജപ്രീതിയും ഗുരുക്കന്മാരിലും ബ്രാഹ്മണരിലും ദേവന്മാരിലും ഭക്തിയും വിദ്യാവിനോദവും സുരതോപചാരസാമർത്ഥ്യവും തപോബലങ്ങളും സാധർമ്മകൃത്യവും ഉള്ളവനാകും.

## മത്സ്യയോഗലക്ഷണം.

മൂ— ലഗ്നാ കർമ്മഗതേപാപേ പഞ്ചമേസദ്യസത്രിതേ
ചതുരശ്രാംഗതേപാപേ യോഗോയംമത്സ്യസംജ്ഞകഃ. ഫരുസ

വ്യാ—ലഗ്നത്തിലും നാലിലും പത്തിലും പാപന്മാരും അഞ്ചിൽ പാപന്മാരും ശുഭന്മാരും ഒരുമിച്ചുനിന്നാൽ. മത്സ്യയോഗമാണ്.

## മത്സ്യയോഗഫലം.

മൂ— കാലജ്ഞഃകരുണാസിന്ധു ർഗ്രണധീർബ്രഹ്മരൂപവാൻ
യശോവിദ്യാതപസ്വീച മത്സ്യയോഗസമുദ്ഭവഃ. ഫരുഏ

വ്യാ മത്സ്യയോഗത്തിൽ ജനിച്ചാൽ കാലങ്ങളെ അറിയുന്നവനായും (ത്രികാലങ്ങളേയും അല്ലെങ്കിൽ കാലാവസ്ഥകളേയും )ദയയുള്ളവനായും ഗ്രണവാനായും ബുദ്ധിയും സൌന്ദര്യമുമുള്ളവനായും യശസ്സും വിദ്യയും തപസ്സും ഉള്ളവനായുംഭവിക്കും.

## കൂർമ്മയോഗലക്ഷണം.

മൂ— കളത്രപുത്രാദിഗൃഹേഷുസൌമ്യാ
സ്സ്വത്രിഗമിത്രാംശകരാശിയാതാഃ
തൃതീയലാഭോദയഗാസ്തപസൌമ്യാ
മിത്രോച്ചസംസ്ഥാസ്സുദിക്കൂർമ്മയോഗഃ. ഫരുവ

വ്യാ—ശുഭന്മാർ ഉച്ചത്തിലും ബന്ധു നവാംശത്തിലുമായി ൭-൯-൪ ഈ ഭാവങ്ങളിലും അതുപോലെ പാപന്മാർ ഉച്ചത്തിലും ബന്ധുക്ഷേത്രത്തിലുമായി ലഗ്നം ൩-൬൧ ഈഭാവങ്ങളിലും നിന്നാൽ കൂർമ്മയോഗമാകുന്നു.

## കൂർമ്മയോഗഫലം.

മൂ— വിഖ്യാതകീർത്തിർഭുവിരാജഭോഗീ
ധർമ്മാധികസ്സുതഗ്രഹണപ്രധാനഃ
ധീരസ്സുഖീവാഗ്മപകാരകർത്താ
കൂർമ്മോദ്ഭവോമാനവനായകസ്സ്യാൽ. ഫരുൻ

വ്യാ—കൂർമ്മയോഗത്തിൽ ജനിച്ചാൽ പ്രസിദ്ധിയും രാജസുഖവും ധർമ്മിഷ്ഠതയുംസുതഗ്രഹണശീലവും ധൈര്യവും സുഖവും തന്റെ വാക്കുകൊണ്ടു പലരുടേയും കാര്യങ്ങളെ സാധിച്ചുകൊടുക്കുന്ന രീതിയും രാജതയും ഉണ്ടാവും.

ചന്ദ്രയോഗലക്ഷണം.

മൂ— ഭാഗ്യേശേഽനഭാവസ്ഥേ ധനേശേഭാഗ്യരാശിഗേ
ലഗ്നേശേകേന്ദ്രകോണസ്ഥേ ചന്ദ്രയോഗഇതീരിതഃ. ൪൭൦

വ്യാ—ഒൻപതാംഭാവാധിപൻ രണ്ടിലും രണ്ടാം ഭാവാധിപൻ ഒൻപതിലും ലഗ്നാധിപൻ കേന്ദ്രത്രികോണങ്ങളിലും ആയാൽ ചന്ദ്രയോഗമാകുന്നു.

ചന്ദ്രയോഗഫലം.

മൂ— വേദാർത്ഥശാസ്ത്രനിഖിലാഗമതത്വയുക്തി
ബുദ്ധിപ്രതാപബലവീര്യ്യസുഖാനുരക്തഃ
നിർമ്മത്സരാശ്ചനിജവീര്യ്യമനാനുഭാവാഃ
ചന്ദ്രേഭവന്തിപുരുഷാഃ കുശലാഃകൃതജ്ഞാഃ. ൪൭൧

വ്യാ—ചന്ദ്രയോഗത്തിൽ ജനിച്ചാൽ വേദഭാഷ്യങ്ങളിലും ശാസ്ത്രങ്ങളിലും വേദാന്തസാരങ്ങളിലും നൈപുണ്യമുള്ളവനായും ബുദ്ധിയും പ്രതാപവും ബലവും വീര്യ്യവും സുഖവും രഞ്ജനയും ഉള്ളവനായും മത്സരമില്ലാത്തവനായും പരാക്രമംകൊണ്ട് കീർത്തി സമ്പാദിക്കുന്നവനായും ഉപകാരസ്മരണയുള്ളവനായും ഭവിക്കും.

ലക്ഷ്മീയോഗലക്ഷണം.

മൂ— കേന്ദ്രമൂലത്രികോണസ്ഥേ ഭാഗ്യേശേപരമോച്ചഗേ
ലഗ്നാധിപേബലാഢ്യേച ലക്ഷ്മീയോഗഇതീരിതഃ, ൪൭൨

വ്യാ—ഭാഗ്യാധിപൻ അത്യുച്ചത്തിലൊ മൂലത്രികോണത്തിലൊ നിൽക്കുകയും ആ രാശി കേന്ദ്രമാവുകയും ലഗ്നാധിപൻ ബലവാനുമായാൽ ലക്ഷ്മീയോഗം ആകുന്നു. (ജാതകാഭരണത്തിൽ ലക്ഷ്മീയോഗത്തെ ഇപ്രകാരം വിധിച്ചിരിക്കുന്നു. 'പരമോച്ചഗതേകേന്ദ്രേ ഭാഗ്യനാഥേ ശുഭേക്ഷിതേ ലഗ്നാധിപേ ബലാഢ്യേതു ലക്ഷ്മീയോഗ ഇതീരിതഃ' എന്നും 'വർഗ്ഗോത്തമഗതേ ശുക്രേ കസ്മിംശ്ചിന്നവമേ ശുഭേ ഉച്ചഗ്രഹേതുതീയസ്ഥേ ലക്ഷ്മീയോഗഇതീരിതഃ' എന്നും.)

ലക്ഷ്മീയോഗഫലം.

മൂ— ഗ്രഹണാഭിരാമോബഹുദേശനാഥോ
വിദ്വാമഹാകീർത്തിരനംഗരൂപഃ
ദിഗന്തവിശ്രാന്തയുപാലവന്ദ്യോ
രാജാധിരാജോബഹുദാരപുത്രഃ. ൪൭൩

വ്യാ—ലക്ഷ്മീയോഗജാതൻ സൽഗ്രണങ്ങൾ തികഞ്ഞവനായും അനേകദേശങ്ങൾക്കു നാഥനായും വിദ്വാകളും കീർത്തിയും തികഞ്ഞവനായും അതിസുന്ദരനായും അനേകരാജാക്കന്മാരാൽ വന്ദിയ്ക്കപ്പെട്ടനാവനായും വളരെ ഭാഗ്യമാരും പുത്രന്മാരും ഉള്ളവനായും ഭവിക്കും.

കുസുമയോഗലക്ഷണം.

മൂ— സ്ഥിരേലഗ്നേഭൃഗൗകേന്ദ്രേ ത്രികോണേന്ദൗശുഭേക്ഷിതേ
മാനസ്ഥാനംഗതേസൗരേ യോഗസ്സ്യാൽകുസുമോഭവേൽ. ഫദിരു

വ്യാ — ലഗ്നം സ്ഥിരരാശിയാവുക കേന്ദ്രത്തിൽ ശുക്രനും ത്രികോണത്തിൽ ചന്ദ്രനും പത്താമിടത്തു ശനിയും നിൽക്കുക; എന്നാൽകുസുമയോഗമാണ്.

കുസുമയോഗഫലം.

മൂ— ദാതാമഹീമണ്ഡലനാഥവന്ദ്യോ
ഭോഗീമഹാവംശജരാജമുഖ്യഃ
ലോകേമഹാകീർത്തിയുതഃപ്രതാപീ
നാഥോനരാണാംകുസുമോത്ഭവസ്സ്യാൽ. ഫദിഒ

വ്യാ—കുസുമയോഗജാതൻ ദാതാവായും രാജമാന്യനായും സുഖിയായും കുലശ്രേഷ്ഠതയുള്ളവനായും രാജസമ്മതിനായും കീർത്തിമാനായും പ്രതാപിയായും ജനങ്ങൾക്കു നാഥനായും ഭവിക്കും.

പാരിജാതയോഗലക്ഷണം.

മൂ— വിലഗ്നനാഥസ്ഥിതരാശിനാഥ
സ്ഥാനേശ്വരോപാപിതദൃഷ്ടനാഥഃ
കേന്ദ്രത്രികോണോപഗതോയദിസ്യാൽ
സപ്തമംഗഗോവാ യദിപാരിജാതഃ. ഫദിസ

വ്യാ—ലഗ്നാധിപൻ നിൽക്കുന്നരാശിയിടെ നാഥൻ നിൽക്കുന്നരാശിയുടെ അധിപനൊ അഥവാ ആ അധിപഗൃഹത്തിന്റെ നവാംശനാഥനൊ കേന്ദ്രത്രികോണങ്ങളിലൊ ഉച്ചത്തിലൊ നിന്നാൽ പാരിജാതമെന്നയോഗമാകുന്നു. (വിലഗ്നനാഥസ്ഥിതരാശിനാഥസ്ഥാനേശരാശീശതദംശനാഥഃ) എന്ന പാഠാന്തരം.

പാരിജാതയോഗഫലം

മൂ— മധ്യാന്തസൗഖ്യഃക്ഷിതിപാലവന്ദ്യോ
യുദ്ധപ്രിയോവാരണവാജിയുക്തഃ
സൽകർമ്മധർമ്മാഭിരതോദയാലു-
സ്ത്യാഗേനുപസ്സ്യാദിഹപാരിജാതേ. ഫദിഒ

വ്യാ—പാരിജാതജാതൻആയുഷ്കാലത്തിന്റെ മദ്ധ്യത്തിലും ഒടുവിലും സുഖമുള്ളവനായും യുദ്ധപ്രിയനായും അനേകതിരമുതലായ വാഹനങ്ങളുള്ളവനായും കൃത്യനിഷ്ഠയും ധർമ്മാചാരവും ഉള്ളവനായും ഭവിക്കും.

കലാനിധിയോഗലക്ഷണം.

മൂ— ദ്വിരീയേപഞ്ചമേജീവേ ബുധശുക്രയുതേക്ഷിതേ
കേന്ദ്രേത്രയോവാസന്ത്രാപേ്യ യോഗസ്സ്യാത്തുകലാനിധിഃ. ൧൫൫

വ്യാ—രണ്ടാമിടമൊ അഞ്ചാമിടമൊ ബുധശുക്രന്മാരുടെ കേന്ദ്രങ്ങളിൽ (മിഥുനം കന്നി ഇടവം തുലാം ഇവയിൽ) ഒന്നായി അവിടെ അവരുടെ (ബുധശുക്രന്മാരുടെ) യോഗദൃഷ്ടികളോടുകൂടി ഗുരു നിന്നാൽ കലാനിധിയെന്ന യോഗമാകുന്നു.

കലാനിധിയോഗഫലം.

മൂ— കാമീകലാനിധിർവസ്സു ഹ്രുണാഭിരാമ
സ്സംസ്തുയമാനചരിതോനരപാലമുഖ്യൈഃ
സേനാതുരംഗമദവാരണശംഖഭേരീ
വാദ്യാനുചിതോ വിഗതരോഗഭയാരിസംഘഃ. ൧൫൬

വ്യാ—കലാനിധിജാതൻ കാമിയായും ഹ്രുണാലംകൃതനായും രാജശ്രേഷ്ഠവന്ദ്യനായും ചതുരംഗസേനയും ശംഖം കുഴലു. പെരുമ്പറ മുതലായ രാജചിഹ്നങ്ങളുമുള്ളവനായും രോഗം ഭയം ശത്രുക്കൾ ഇവയില്ലാത്തവനായും ഭവിക്കും.

അംശാവതാരയോഗലക്ഷണം.

മൂ— കേന്ദ്രഗൈസിതദേവേജ്യൗ സേചാച്യുകേന്ദ്രഗതേകുജേ
ചരലഗ്നേയദാജന്മ യോഗോയമവതാരജഃ. ൧൫൭

വ്യാ—ഉച്ചസ്ഥനായ കുജനും ഗുരുശുക്രന്മാരും കേന്ദ്രത്തിൽ നില്ക്കുമ്പോൾ ചരരാശി ലഗ്നമായാൽ അംശാവതാരയോഗമാണ്.

അംശാവതാരയോഗഫലം.

മൂ— പുണ്യശ്ലോകസ്തീർത്ഥചാരീകലാജ്ഞഃ
കാമാസക്തുകാലകത്താ ജിതാത്മാ
വേദാന്തജ്ഞോ വേദശാസ്ത്രാധികാരീ
ജാതോരാജശ്രീയശോംശാവതാരേ. ൧൫൮

വ്യാ—അംശാവതാരജാതൻ പരിശുദ്ധകീർത്തിയായും തീർത്ഥസ്നാനം ചെയ്യുന്നവനായും മനസ്സിനെ ജയിച്ചവനായും കാമിയായും

കലാവിദ്യകളിൽ അറിവുള്ളവനായും കാലങ്ങളെ അറിയുന്നവനായും അല്ലെങ്കിൽ മുഹൂർത്തങ്ങളെ വിധിക്കുന്നവനായും വേദാന്തിയായും വേദശാസ്ത്രങ്ങളിൽ അറിവും അർഹതയും ഉള്ളവനായും രാജശ്രീയായും ഭവിക്കും.

ഹരിഹരബ്രഹ്മയോഗങ്ങളുടെ ലക്ഷണം.

മൂ— വിത്തേശാദ്ധനാരന്ധ്രഗിഹഭവനപാപ്താശ്വസൌമ്യഗ്രഹാഃ
കാമേശാൽസുഭഗ്യഗസ്ഥഗുരുഗാജ്ജീവാന്ത്യചന്ദ്രാത്മജാഃ
ദേഹശാദ്ദ്യുബന്ധുമാനഭവഗാസ്സ്ത്ര്യാസ്സജിൽഭ്രമിഗാഃ
പ്രോക്താസ്തത്പുരുതന്മൈർഹരിഹരബ്രഹ്മാഖ്യയോഗാഇമേ.

വ്യാ—രണ്ടാംഭാവാധിപങ്കൽനിന്ന് ല-വ്യ-ഫ ല ഈ ഭാവങ്ങളിൽ ശുഭന്മാരും ൭-ാം ഭാവാധിപങ്കൽനിന്നു ര-വ്യ-ൻ ഈ ഭാവങ്ങളിൽ ഗുരു ശുക്രൻ ബുധൻ ഇവരും നാലാംഭാവാധിപങ്കൽനിന്ന് ര-ഫ0 ഫ ഈ ഭാവങ്ങളിൽ സൂര്യൻ ശുക്രൻ കുജൻ ഇവരും നിൽക്കുക. ഫ്ലനാൽ ക്രമേണ ഹരിയോഗം ഹരയോഗം ബ്രഹ്മയോഗം ഇങ്ങനെ മൂന്നുയോഗങ്ങളുണ്ടാകും.

ഹരിഹരബ്രഹ്മയോഗഫലങ്ങൾ.

മൂ— നിഖിലനിഗമവിദ്യാചാരഗസ്തത്പവാദീ
സകലഗുണസമേതശ്ചാരുവാക്കാമശീലഃ
ജിതരിപുകുലസവ്സ്സർവ്വജീവോപകാരീ
ഹരിഹരവിധിയോഗേസംഭവഃപുണ്യകർമ്മാ. ൬൯൯

വ്യാ.—ഹരിഹരബ്രഹ്മയോഗത്തിൽ ജനിച്ചവൻ വേദങ്ങളിലും വിദ്യകളിലും അപാരമായ നൈപുണ്യമുള്ളവനായും തത്പോപദേഷ്ടാവായും സർവ്വഗുണപൂർണ്ണനായും മധുരഭാഷിയായും കാമശീലനായും ശത്രുക്കളെ ജയിച്ചവനായും പരോപകാരിയായും പുണ്യവാനായും ഭവിക്കും.

നാഭസാദിവിംശതിയോഗം.

മൂ— യൂപേഷുശക്തി യവദണ്ഡഗദ്ധാസമുദ്ര
ശരത്രാഡ്ചന്ദ്രശകടാംബുജപക്ഷിയോഗാഃ
നൌചക്രവജ്രഹലകാർമ്മുകകൂപവാപീ!
ശൃംഗാടകാശ്ചവിവിധാകൃതിവിംശതിസ്സ്യുഃ. ൬൯൮

വ്യാ—യൂപം (കൊടിമരം) ഇഷു (അമ്പ്) ശക്തി (വേൽ എന്ന ആയുധം) യവം (ധാന്യവിശേഷം) ദണ്ഡം (വടി) ഗദ സമുദ്രം ശരത്തും അർദ്ധചന്ദ്രം ശകടം (വണ്ടി) അംബുജം (താമര)

പക്ഷി നൌവു (വള്ളം) ചക്രം വജ്രം (൨-ം ആയുധഭേദം) ഫലം (കലപ്പ കരി,) കാർമ്മുകം (വില്ല്) ക്ഷുപം (കിണറു) വാപി (കുളം) ശൃംഗാടകം (നാൽകോലവഴി) ഇങ്ങനെ ഇരുപത് ഉണ്ട്. ഇവ ൬൪യും ആകൃതിയോഗങ്ങളെന്നു പറയപ്പെടുന്നു. ഇതുകൾ ചിലതു ടെ ഉള്ളടക്കത്തിൽ രേഖാത്രുപങ്ങളായിക്കാണാറുമുണ്ട്.

മൂ— രജ്ജുർനളശ്ചമുസലസ്ത്രീതയാശ്രയാഖ്യാ
സ്രുശ്ചോഗിനൌത്രുദലയോഗഭവൌഭവേതാം
വീണാദയശ്ചകഥിതാവരദാമപാശ
കേദാരശൂലയുഗഗോളകസപ്തസംഖ്യാഃ. ൪൩൭

വ്യാ—രജ്ജു നളം മുസലം ഇവ മൂന്നും ആശ്രയയോഗങ്ങളും സ്രുക്കു ഭോഗി ഇവ രണ്ടും ദലയോഗങ്ങളും വീണ ദാമം പാശം കേദാരം ശൂലം യുഗം ഗോളം ഇവ സംഖ്യായോഗങ്ങളുമാണ്. ഇവയുടെ ഫലം പിന്നിയും പറയും.

ഹോരാധ്യാ.ം—ഹോരയിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

മൂ — രജ്ജുമ്മുസലംനളശ്ചരാത്ത്രൌ
സ്സുത്യശ്ചാശ്രയജാർജ്ജുഗാദയോഗാൻ
കേന്ദ്രൌസ്സദസദ്ഭൌതൈർദലാഖ്യൌ
സ്രുക്സ്രുവൌകഥിതൌപരാശരേണ. ൪൩൮

വ്യാ—സൂര്യാദികളായ സപ്തഗ്രഹങ്ങൾ ചരരാശികളിൽമാത്രം നിന്നാൽ രജ്ജുയോഗവും സ്ഥിരരാശികളിൽ മാത്രം നിന്നാൽ മുസലയോഗവും ഉഭയരാശികളിൽ മാത്രം നിന്നാൽ നളയോഗവും ക്രമേണ ഭവിക്കുന്നു. ഈ മൂന്നും ആശ്രയയോഗങ്ങളാണു. ഇനിയും രണ്ടു തരത്തിലുള്ള ദലയോഗങ്ങൾ പറയപ്പെടുന്നു. ലഗ്നം രു-ഉ-൬൦ ഈ നാലുകേന്ദ്രങ്ങളിൽ മൂന്നു സ്ഥാനങ്ങളിലായി ശുഭന്മാരായ ബുധഗുരുശുക്രന്മാർ നിന്നാൽ മാലായോഗവും അങ്ങനെ പാപന്മാരായ സൂര്യകുജന്മാർ നിന്നാൽ സർപ്പയോഗവും ആകുന്നു. പൂർണ്ണചന്ദ്രനു ശുഭത്വമുള്ളതിനാൽ ആ ചന്ദ്രനെ മാലായോഗത്തിൻറെയും ക്ഷീണചന്ദ്രനു പാപത്വമുള്ളതിനാൽ ആ ചന്ദ്രനെ സർപ്പയോഗത്തിൻറെയും കർത്താവായി കേന്ദ്രത്തിൽ നാലാമത്ത് ഒരു ഗ്രഹമായി വിചാരിക്കണം.

മൂ — യോഗാവ്രുജന്ത്യാശ്രയജാസ്സമത്വം
യവാബ്ജവജ്രാണ്ഡുജഗോളകാദ്യൈഃ
കേന്ദ്രോപഗൈഃ പ്രോക്തഫലൌദലാഖ്യാ
വിത്ത്യാഹ്വരന്ധ്രേനഘപൃഥക് ഫലൌതൌ. ൪൩൯

വ്യാ—ആശ്രയയോഗങ്ങളായ രജ്ജു മുസല നളയോഗങ്ങൾക്കുതി യോഗങ്ങളായ യവ അബ്ജം വജ്രം പക്ഷി ഗോളം ഇവയോടുതുല്യങ്ങളാകുന്നു. ദല(അബ്ജ) യോഗങ്ങളായ മാലായോഗവും സർപ്പയോഗവും തുല്യഫലങ്ങളെന്ന് ചിലർ പറയുന്നു. ഈ ഭാഗം ഹോരാവ്യാഖ്യാനത്തിൽനിന്നും സുഗ്രഹമാകയാൽ വിസ്തരഭയംഹേതുവായിട്ട് ഇവിടെ വിവരിക്കുന്നില്ല.

മൂ— ശകടാബ്ജയുവച് ശുഭാശുഭൈ-
വ്വ്രജംതദ്വിപരീതജൈസ്ത്വവഃ
കമലസ്രുവിമിശ്രസംസ്ഥിതൈ-
വ്വാപീതദ്വയകേന്ദ്രബാഹ്യഗഃ. കനാഖ

വ്യാ—ലഗ്നത്തിലും ഏഴിലും ശുഭന്മാരും നാലിലും പത്തിലും പാപന്മാരും നിന്നാൽ വജ്രയോഗവും ലഗ്നത്തിലും ഏഴിലും പാപന്മാരും നാലിലും പത്തിലും ശുഭന്മാരും നിന്നാൽ യവയോഗവും ഈ നാലുഭവങ്ങളിലും ശുഭാശുഭന്മാർ ഒരുമിച്ചു നിന്നാൽ കമല (പദ്മ) യോഗവും കേന്ദ്രങ്ങൾ നാലും ഒഴിഞ്ഞുള്ള (പണപരാപോക്ലിമങ്ങൾ) ഭാവങ്ങളിൽ ഗ്രഹങ്ങൾ നിന്നാൽ വാപീയോഗവും ഭവിക്കുന്നു.

മൂ — കണ്ടകാടിപ്രവൃത്തൈസ്ത്ര ചതുർഗ്രഹഗതൈർഗ്രഹൈഃ
യൂപേഷുശക്തിദണ്ഡാഖ്യോ ഹോരാദ്യൈഃകേണ്ടകൈഃക്രമാൽ.

വ്യാ—ലഗ്നം മുതൽ നാലാമിടം വരെയുള്ള ഭാവങ്ങളിൽ എല്ലാ ഗ്രഹങ്ങളും നിന്നാൽ യൂപയോഗവും നാലുമുതൽ ഏഴ്വരെയുള്ള ഭാവങ്ങളിൽ എല്ലാ ഗ്രഹങ്ങളും നിന്നാൽ ഇഷുയോഗവും ഏഴുമുതൽ പത്തുവരെയുള്ള ഭാവങ്ങളിൽ നിന്നാൽ ശക്തിയോഗവും പത്തുമുതൽ ലഗ്നം വരെയുള്ള സ്ഥലങ്ങളിൽ നിന്നാൽ ദണ്ഡയോഗവും ക്രമേണ ഭവിക്കുന്നു.

മൂ— നൈകൃടഹരൗ മാപാനി
തദ്വൽസപ്തർക്ഷസംസ്ഥിതൈഃ
ഋജ്വാദ്യൈസ്ത്രിനവാന്ത്യൈഃ
പ്രോക്താസ്ത്രിപുർക്ഷസംസ്ഥിതൈഃ. കരെ

വ്യാ—മുൻപറഞ്ഞപോലെ ലഗ്നം മുതൽ ഏഴാമിടംവരെ എല്ലാ ഗ്രഹങ്ങളും നിന്നാൽ നൈയോഗവും. നാലാമിടംതുടങ്ങി പത്താമിടംവരെ എല്ലാ ഗ്രഹങ്ങളും നിന്നാൽ കൂടയോഗവും ഏഴാമിടം തുടങ്ങി (ഫ്ര. കഴിഞ്ഞു) ലഗ്നംവരെ എല്ലാ ഗ്രഹങ്ങളും നിന്നാൽ ഹരയോഗവും പത്താമിടംമുതൽ നാലാമിടംവരെ എല്ലാഗ്രഹങ്ങളുംനിന്നാൽ ചാപയോഗവും രണ്ടാമിടംമുതൽ എട്ടാംഭാവ

വരെ എല്ലാ ഗ്രഹങ്ങളും നിന്നാൽ അർദ്ധചന്ദ്രയോഗവും മൂന്നാമിടംമുതൽ ഒൻപതാമിടംവരെ എല്ലാഗ്രഹങ്ങളും നിന്നാലും അഞ്ചാമിടം മുതൽ പതിനൊന്നാംഭാവംവരെ എല്ലാഗ്രഹങ്ങളുംനിന്നാലും ആറാമിടംമുതൽ പന്ത്രണ്ടാംഭാവംവരെ എല്ലാവരും നിന്നാലും എട്ടാമിടംമുതൽ (പന്ത്രണ്ടുകഴിഞ്ഞ്) രണ്ടാമിടംവരെ എല്ലാവരും നിന്നാലും ഒൻപതാമിടംമുതൽ മൂന്നാമിടംവരെ എല്ലാവരും നിന്നാലും പതിനൊന്നാമിടംമുതൽ അഞ്ചാമിടംവരെ എല്ലാവരും നിന്നാലും പന്ത്രണ്ടാമിടംമുതൽ ആറാമിടംവരെ എല്ലാവരും നിന്നാലും അർദ്ധചന്ദ്രയോഗംതന്നെ ൫-വിധം ഉണ്ടാവും.

മൂ — ഏകാന്തരഗതൈരർത്ഥാ സമുദ്രഷ്ഷ്ഠംഗ്രഹാശ്രിതൈഃ
വിലഗ്നാദിസ്ഥിതൈശ്ചക്ര മിത്യാകൃതിജസംഗ്രഹഃ. ൧൫

വ്യാ — ൨-൪-൬-൮-൧൦- ഈ ഭാവങ്ങളിലായി ഗ്രഹങ്ങൾ നിന്നാൽ സമുദ്രയോഗവും, ലഗ്നം-൨-൪-൬-൮-൧൦-൧൨-ഈ ഭാവങ്ങളിലായി എല്ലാവരും നിന്നാൽ ചക്രയോഗവും ഭവിക്കും. ഇങ്ങനെആകൃതിയോഗങ്ങൾ രൂപിക്കിപ്പറയപ്പെട്ടു.

മൂ — സംഖ്യായോഗാസ്സുപ്തസപ്തർക്ഷസംസ്ഥൈ-
രേകാവയാദ്വല്ലകീദാമിനീച
പാശഃകേദാരശ്ചശൂലോയുഗഞ്ച
ഗോളശ്ചാന്യാൻപൂർവ്വമുക്താൻവിഹായ. ൧൬

വ്യാ — ഏഴ്രാശികളിലായി (ഏവിടെയെങ്കിലും) ഗ്രഹങ്ങൾനിന്നാൽ വല്ലകീ (വീണാ) യോഗവും ആറുരാശികളിലായിനിന്നാൽ ദാമിനീയോഗവും അഞ്ചുരാശികളിലായിനിന്നാൽ പാശയോഗവും നാലുരാശികളിലായിനിന്നാൽ കേദാരയോഗവും മൂന്നു രാശികളിലായിനിന്നാൽ ശൂലയോഗവും രണ്ടുരാശികളിലായിനിന്നാൽ യുഗയോഗവും ഒന്നിലായാൽ ഗോളയോഗവും ക്രമേണ ഭവിക്കും. (മുൻപറഞ്ഞ ആശ്രയാകൃതിയോഗങ്ങളിൽ ഏതെങ്കിലും ഈ സംഖ്യായോഗത്തോടുതുല്യമായിവന്നാൽ അവിടെ സംഖ്യായോഗം പ്രാധാന്യേന സ്വീകരിച്ചുകൊള്ളണം.)

നാഭസാദിയോഗഫലങ്ങൾ.

മൂ — ഈഷദ്വ്യവിദ്ധേശനിരന്തരോധഃ ചിശ്ചരജ്വാം
മാനീധനീചമുസലോബഹുത്വയുക്തഃ
വ്യാഗസ്ഥിരാഢ്യനിപുണാനളജാസ്സ്രഗ്ഭോ
ഭോഗാന്വിതോഭുജഗജോബഹുഭുക്ഷുചാൽ. ൧൭

വ്യാ—രജ്ജുയോഗത്തിൽ ജനിച്ചവൻ അസൂയാശീല് (അന്യന്റെ ഭാഗ്യാദിസമ്പത്തുകളെ സഹിക്കാത്തവ)നായും അന്യദേശവാസിയായുംസഞ്ചാരപ്രിയനായും മുസലയോഗജാതൻ മാനിയായും(ഗർവിഷ്ടൻ) ധനവാനായും വില്ലാക്കായ്ത്തിലുംതാല്പര്യമുള്ളവനായും വളരെ ഭൃത്യന്മാരുള്ളവനായും നളയോഗജാതൻ അംഗവൈകല്യമുള്ളവനായും ധനവാനായും നിപുണനായും സ്രഗ്യോഗ(മാലായോഗ)ജാതൻ സുഖാനുഭവമുള്ളവനായും സർപ്പയോഗജാതൻ ബഹുവിധദുഃഖമുള്ളവനായും ഭവിക്കും.

മൂ— യജ്ഞാത്മഭാക്കൃതതമത്മരുചിർഗദായാം
തദ്വൃത്തിഭുക് ശകടജസ്സുരുജുംകുടാരഃ
ദൂതോടനുംകലഹകൃദ്വിഹഗേപ്രതിഷ്ഠാ
ശ്ശൃംഗാടകേചിരസുഖീകൃഷികൃദ്ധലാഖ്യേ. ൭൭

വ്യാ—ഗദായോഗജാതൻ യാഗകർത്താവായും ധനവാനായും ധനം സമ്പാദിക്കുന്നതിൽ താല്പര്യമുള്ളവനായും ശകടയോഗജാതൻ വണ്ടികൊണ്ടു ഉപജീവിക്കുന്നവനായും രോഗിയായും കൃശിതഭാര്യയുള്ളവനായും വിഹഗ (പക്ഷി) യോഗജാതൻ ദൂതനായും സഞ്ചാരിയായും കലഹപ്രിയനായും ശൃംഗാടകയോഗജാതൻ അന്ത്യകാലത്തിങ്കൽ സുഖമുള്ളവനായും ഹലയോഗജാതൻ കൃഷിക്കാരനായും ഭവിക്കും.

മൂ— ത്യാഗാത്മവാൻക്രതുവരൈർയ്യജതേചയൂപേ
ഹിംസ്രോഥഹ്രച്ച ധികൃതശ്ശരകൃന്നരാഖ്യേ
നീചോലസസ്സുപധിനൈവ്വിയുതശ്ചശകുന്തേ
ഭണ്ഡപ്രിയൈർവ്വിരഹിതശ്ചപുരുഷോന്ത്യവൃത്തിഃ. ൭൮

വ്യാ—യൂപയോഗജാതൻ ദാതാവായും യാഗംചെയ്യുന്നവനായും ശര (അമ്പ്) യോഗജാതൻ ഹിംസാശീല (കൊല്ലുന്നവ)നായും കാരാഗൃഹം (പാറാവ്, ജയിൽ) സൂക്ഷിക്കുന്നവനായും അമ്പുകളെ ഉണ്ടാക്കുന്നവനായും ശക്തിയോഗജാതൻ നീചവൃത്തിയായും മടിയനായും സുഖവും ധനവും ഇല്ലാത്തവനായും ദണ്ഡയോഗജാതൻ ഭാര്യാപുത്രാദികളോട് വേർപെട്ടവനായും ദാസനായും ഭവിക്കും.

മൂ— ചരത്രിചാത്ര്യന്തസൗഖ്യോതുലബലധനവാന്നൗഭവേസ്ഥായ-
ജ്ഞഃ
ചക്രേരാജ്ഞായശസ്വീജുലധിഭവനരസ്ഥായവിത്തക്ഷിതീശഃ
അബ്ധേന്ദൗഭോഗശാലീഗിരിവിപിനചരഃക്രൂരകർമ്മാചക്രേ
ചാപേജാതോമനുഷ്യായുധിഗഗനചരാശ്ചോരനിഷ്ഠാനികൃഷ്ടാഃ.

വ്യാ — ചരുത്രയോഗജാതൻ ആയുഷ്കാലത്തിന്റെ ആദ്യത്തിലും ദ്വിതീയത്തിലും മാത്രം സുഖമുള്ളവനായും ധനവാനായും ഏകയോഗജൻ സമുദ്രം കായൽ പുഴ ഇവകളിലോ ഇവകളെക്കൊണ്ടോ ഉപജീവിക്കുന്നവനായും ചക്രയോഗജൻ രാജാവായും യശസ്വിയായും സമുദ്രയോഗജൻ ജലാശയങ്ങൾക്കും ധനത്തിനും ഭൂമിക്കും നാഥനായും അർദ്ധചന്ദ്രയോഗജൻ ഏറ്റവും സുഖമുള്ളവനായും കൂടയോഗജാതൻ വനങ്ങളിലും പർവ്വതങ്ങളിലും സഞ്ചരിക്കുന്നവനായും കഠിനകർമ്മങ്ങളെ ചെയ്യുന്നവനായും കാർമ്മുക (ചാപ) യോഗജാതൻ ആകാശചാരിയായും വഞ്ചകനായും (കള്ളപ്രവൃത്തിയുള്ളവൻ) ഹീനനായും ഭവിക്കും.

മൂ— വീണായാംസകലക്രിയാസുനിപുണസ്സംഗീതനൃത്തപ്രിയോ
ദാമിന്യാമുപകാരകൃൽപടുമതിഃപ്രഖ്യാതവിദ്യോ ധനീ
പാശേശീലധനാജ്ജനോ'തിചതുരോവാചാലകഃപുത്രവാൻ
കേദാരേകൃഷിവിത്തവാനലസധീർബന്ധുപകാരീഭവേൽ. ൧൭

വ്യാ—വീണാ (വല്ലകീ) യോഗജാതൻ എല്ലാക്കാര്യങ്ങളിലും സാമർത്ഥ്യവും സൂക്ഷ്മദൃഷ്ടിയും ഉള്ളവനായും സംഗീതനൃത്താദികളിൽ ഇഷ്ടമുള്ളവനായും,

ദാമിനീയോഗജൻ ആർക്കും ഉപകാരിയായും സമർത്ഥനായും വിദ്വാനായും പ്രസിദ്ധനായും ധനവാനായും,

പാശയോഗജാതൻ സൽസ്വഭാവംകൊണ്ടു ധനം സമ്പാദിക്കുന്നവനായും ബഹുസമർത്ഥനായും ധാരാളം പറയുന്നവനായും പുത്രന്മാരുള്ളവനായും,

കേദാരയോഗജാതൻ കൃഷിയും ധനവും ഉള്ളവനായും മടിയനായും ബന്ധുക്കൾക്കു ഉപകാരിയായും ഭവിക്കും.

മൂ— ശൂലേകോപരസാനപിതോധനരുചിഃശൂരുക്ഷതോനിഷ്ഠുരീ
ഭിക്ഷാശീയുഗയോഗജോതിചപലഃപാഷണ്ഡകോമദ്യപഃ
ഗോളേനിഷ്ഠുരികോലസോടനപരസ്സുപ്പായുരജ്ഞോനധീർ
ദാത്രിംശൽകഥിതാവരാഹമിഹിരാചായ്യേണയോഗാഭവേ. ൧൮

വ്യാ—ശൂലയോഗജാതൻ കോപമുള്ളവനായും ധനത്തിൽ അഗ്രഹമുള്ളവനായും ശൂരനായും ക്ഷതാംഗനായും ദരിദ്രനായും,

യുഗയോഗജാതൻ ദരിദ്രനായും സ്ഥിരതയില്ലാത്തവനായും പാപശീലനായും മദ്യപാനിയായും,

ഗോളയോഗജാതൻ നിഷ്ഠുരനായും അലസനായും (മടിയൻ)

സഞ്ചാരിയായും അല്പായുസ്സായും മൂഢനായും ഭവിക്കും. ഇവിടെപ്പറഞ്ഞിരിക്കുന്ന ഈ മുപ്പത്തിരണ്ടുയോഗങ്ങളും പരാഹ്മിഹിരാചാര്യന്മാർ പറയപ്പെട്ടവയാകുന്നു.

മൂ— ഭ്രൂപാലയോഗരുചപഞ്ചകഭാസ്കരാദ്യാഃ
കേമദ്രുമാധമസമഗ്രഹമാലികാശ്ച
ലക്ഷ്മീഹരീശവിധികാഹളനാഭസാദ്യാ
സ്സ്യുദ്ദേവകൃപയാപരികീർത്തിതാസ്തേ. എന്ന്

വ്യാ—ഇപ്രകാരം സൂര്യാദിഗ്രഹകൃപഹേതുവായിട്ട് എന്നാൽ ഈ അദ്ധ്യായത്തിൽ രാജയോഗം പഞ്ചമഹാപുരുഷയോഗം ഭാസ്കരാദിയോഗം അധിയോഗം സമയോഗം വരിഷ്ഠയോഗം ഗ്രഹമാലായോഗം ലക്ഷ്മീയോഗം ഹരിഹരബ്രഹ്മയോഗങ്ങൾ നാഭസയോഗംഇവയൊക്കെയും പറയപ്പെട്ടു.

---

## എട്ടാം അദ്ധ്യായ .

—:*:—

മൂ— ജാതസ്ത്രീവശഗഃ ക്രിയാസുനിപുണശ്ചന്ദ്രാന്വിതേഭാസ്കരേ
ചൌജസ്വീബലസത്ത്വവാനനൃതവാക്കാപീസഭോഗമരവൈ
വിദ്യാരൂപബലാന്വിതസ്ഥിരമതിസ്സൌമ്യാന്വിതേപൂഷണി
ശ്രദ്ധാകർമ്മപരോ നൃപപ്രിയകരോ ഭാനൌ സജീവേധനീ. ൨

വ്യാ—കഴിഞ്ഞ അദ്ധ്യായത്തിൽ രാജയോഗാദി വിവിധയോഗങ്ങളെ പറഞ്ഞശേഷം ഈ അദ്ധ്യായത്തിൽ ദ്വിഗ്രഹയോഗം ത്രിഗ്രഹയോഗം മുതലായവയെയും മേഷാദിരാശിസ്ഥിതിഫലം ദൃഷ്ടിഫലം മുതലായവയെയും പറയുവാൻ തുടങ്ങുന്നു.

സൂര്യനും ചന്ദ്രനും ഒരുമിച്ചു ഒരു രാശിയിൽ നിന്നാൽ ജാതൻ സ്ത്രീകൾക്കു വശഗനായും എല്ലാകർമ്മങ്ങളിലും നിപുണ (സമർത്ഥ)നായും സൂര്യകുജന്മാർ ഒരുമിച്ചുനിന്നാൽ ഓജസ്സ് (പ്രതാപം) ഉള്ളവനായും ബലവാനായും ധീരനായും കള്ളംപറയുന്നവനായും പാപശീലനായും,

സൂര്യബുധന്മാർ ഒരുമിച്ചുനിന്നാൽ (ഈ യോഗത്തിനു നിപുണയോഗമെന്നു ചിലർ പറയുന്നു) വിദ്വാനായും സുന്ദരനായും ബലവാനായും സ്ഥിരബുദ്ധിയായും,

സൂര്യഗുരുക്കൾ ഒരുമിച്ചുനിന്നാൽ എല്ലാക്കാര്യത്തിലും ശ്രദ്ധയും താല്പര്യവും ഉള്ളവനായും രാജപ്രിയനായും ധനവാനായും ഭവിക്കും. (ഈ സ്ഥിതി ഇന്നരാശിയിലൊ ഇന്നഭാവത്തിലൊ വേണമെന്ന് ഇവിടെ വിധിച്ചിട്ടില്ല.)

മൂ— സ്ത്രീമൂലാജ്ജിതബന്ധുമാനരിയുതഃ പ്രാജ്ഞസ്സുശുക്രേരവൌ
മന്ദപ്രായമരിസ്സുപത്ന്യവശഗോ മന്ദേനയുക്തേതരുണോ
ശൂരസ്സൽക്കുലചിത്തധർമ്മഗുണവാനിന്ദൌധരാജ്ഞാന്വിതേ
ധർമ്മീശാസ്ത്രോപരോവിശിഷ്ടഗുണവാനിന്ദൌസതാരാസുതേ. ൨

വ്യാ—സൂര്യശുക്രന്മാർ ഒരുമിച്ചുനിന്നാൽ ഭാര്യനിമിത്തം (സ്ത്രീകൾ) അനേകം ബന്ധുക്കൾ ഉള്ളവനായും ശത്രുക്കൾ ഉള്ളവനായും വിദ്വാനായും, സൂര്യമന്ദന്മാർ ഒരുമിച്ചുനിന്നാൽ മന്ദബുദ്ധിയായും ശത്രുക്കൾക്കു കീഴടങ്ങിയവനായും, ചന്ദ്രകുജന്മാർ ഒരുമിച്ചുനിന്നാൽ ശൂരനായും വംശശ്രേഷ്ഠത ഉള്ളവനായും ധനവാനായും സൽസ്വഭാവിയായും ചന്ദ്രബുധന്മാർ ഒരുമിച്ചുനിന്നാൽ ധർമ്മിഷ്ഠനായും ശാസ്ത്രജ്ഞാനിയായും വിശേഷഗുണം ഉള്ളവനായും ഭവിക്കും.

മൂ— ജ്ഞാതസ്സാധുജനാശ്രയോതിമതിമാനാര്യേണയുക്തേവിധൌ
പാപാത്മാ ക്രയവിക്രയേഷു കുശലശ്ശുക്രേസശീതദ്യുതൌ
കുസ്ത്രീകഃപിതൃദൂഷകോഗതധനസ്താരാപരൌസാക്ഷജേ
വാഗ്മീയൌഷധശില്പശാസ്ത്രകുശലസ്സൌമ്യൌനിതേഭ്രസുതേ. ൩

വ്യാ—ചന്ദ്രജ്ഞീവന്മാർ ഒരുമിച്ചുനിന്നാൽ സജ്ജനങ്ങൾക്ക് ആശ്രയഭൂതനായും അതിബുദ്ധിമാനായും ചന്ദ്രശുക്രന്മാർ ഒരുമിച്ചുനിന്നാൽ പാപാത്മാവായും കച്ചവടത്തിനു സമർത്ഥനായും ചന്ദ്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ കുസ്ത്രീയുള്ളവനായും പിതാവിനെ ദൂഷിക്കുന്നവനായും ദരിദ്രനായും കുജബുധന്മാർ ഒരുമിച്ചുനിന്നാൽ മിതഭാഷിയായും തച്ചുശാസ്ത്രത്തിലും ശബ്ദശാസ്ത്രത്തിലും അറിവുള്ളവനായും ഭവിക്കും.

മൂ— കാമീചൂര്യഗുണാന്വിതോഗണിതവിൽഭൌമേസദേവാർച്ചിതേ
ധാതോവ്വാദരതഃപ്രപഞ്ചരസികോധൂർത്തസ്സുഭൌമേഭൃഗൌ
ഗാനീവാദവിനോദവിജ്ഞധമതിസ്സൌമ്യേനയുക്തേകുജേ
വാഗ്മീരൂപഗുണാന്വിതോതിധനികോവാചസ്പതൌസന്തുജേ. ൪

വ്യാ—കുജശുക്രന്മാർ ഒരുമിച്ചുനിന്നാൽ കാമിയായും വിശിഷ്ടഗുണങ്ങളുള്ളവനായും ഗണിതത്തിൽ അറിവുള്ളവനായും (ജ്യോതിഷി) കുജശുക്രന്മാർ ഒരുമിച്ചുനിന്നാൽ രസവാദി (നീറുപ്രയോഗ

ക്കാൻ) ആയും സകലതിനോടും വളരെ വിസ്തരിച്ചു പറയുന്നവനായും കുജമന്ദന്മാർ ഒരുമിച്ചു നിന്നാൽ വ്യവഹാരപ്രിയനായും പാട്ടുകാരനായും കൃപണനായും ബുധജീവന്മാർ ഒരുമിച്ചു നിന്നാൽ മിതഭാഷിയായും സുന്ദരനായും ശീലഗുണമുള്ളവനായും ഭവിക്കും.

മൂ— ശാസ്ത്രീഗാനവിനോദലോസ്യരസികശ്ശുക്രേസചന്ദ്രാത്മജേ
വിദ്യാവിത്തവിശിഷ്ടധർമ്മഗുണവാനക്കാത്മജേസേന്ദുജേ
തേജസ്വീനൃപതിപ്രിയോതിമതിമാൻശ്ശൗര്യസ്സുശുക്രേഗുരൌ
ശില്പീമന്ത്രിണിസാക്കുജേപശുപതിമ്മല്ലസ്സിതേസാന്വിതേ. ൩

വ്യാ—ശുക്രബുധന്മാർ ഒരുമിച്ചുനിന്നാൽ ശാസ്ത്രിയായും ഗായകനായും (പാട്ടുകാരൻ) ഫലിതക്കാരനായും (നേരംപോക്കുപറയുന്നവൻ) അട്ടത്തിൽ താല്പര്യമുള്ളവനായും കുജമന്ദന്മാർ ഒരുമിച്ചുനിന്നാൽ വിദ്യ, ധനം, വിശിഷ്ടഗുണം, ധാർമ്മികത്വം ഇവയുള്ളവനായും ഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ തേജസ്വിയായും രാജപ്രിയനായും ബുദ്ധിമാനായും പരാക്രമിയായും ജീവമാദന്മാർ ഒരുമിച്ചുനിന്നാൽ ശില്പിയായും (പണിക്കാരൻ) ശുക്രചന്ദ്രന്മാർ ഒരുമിച്ചുനിന്നാൽ പശുവൃഷഭാദികളുള്ളവനായും മല്ലനായും (യുദ്ധപ്രിയൻ, മുഷ്ടിയുദ്ധംചെയ്യുന്നവൻ) ഭവിക്കും.

ത്രിഗ്രഹയോഗഫലം.

മൂ— സൂര്യേന്ദുക്ഷിതിനന്ദനൈരപികുലധ്വംസീധനീനീതിമാൻ
ജാതശ്ചന്ദ്രരവീന്ദുജൈർന്നൃപസമോവിദ്വായശസ്വീഭവേൽ
സോമാക്കാമരമന്ത്രിഭിർഗ്ഗുണനിധിർവ്വിദ്വാൻനൃപാലപ്രിയ
ശ്ശുക്രാക്കേന്ദുഭിരന്വിതാരനിരതുക്കുരോരിഭീതോധനീ. ൩൦

വ്യാ—ഇനിയും മൂന്നു ഗ്രഹങ്ങൾ ഒരുമിച്ചുനിന്നാലുള്ള ഫലത്തെപുറയുന്നു. സൂര്യചന്ദ്രകുജന്മാർ ഒരുമിച്ചുനിന്നാൽ വംശനാശംചെയ്യുന്നവനായും ധനവാനായും മര്യാദയുള്ളവനായും സൂര്യചന്ദ്രബുധന്മാർ ഒരുമിച്ചുനിന്നാൽ രാജതുല്യനായും വിദ്വാനായും സൂര്യചന്ദ്രജീവന്മാർ ഒരുമിച്ചുനിന്നാൽ ഗുണവാനായും വിദ്വാനായും രാജപ്രിയനായും സൂര്യചന്ദ്രശുക്രന്മാർ ഒരുമിച്ചുനിന്നാൽ അന്യഭാര്യാഗാമിയായും കഠിനനായും ശത്രുക്കളെക്കുറിച്ചു ഭയമുള്ളവനായും ഭവിക്കും.

മൂ— മന്ദേന്ദുക്ഷ്മാസമാഗമേഖലമതിർവ്വാദീവിദേശപ്രിയോ
ഭാസപുത്രസുതബോധനൈർഗ്ഗുരുധനപുത്രാർത്ഥദാരാനിതഃ
ജീവാക്കാവനിജൈരതിപ്രിയകരോമന്ത്രീചഭ്രൂപോഥവാ
ഭൌമാക്കാസുരവന്ദിതെന്നയനരുഗ്ഭോഗീകുലീനോത്ഥവാൻ. ൩൧

വ്യാ—സൂര്യചന്ദ്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ ദുർബുദ്ധിയായും വാദപ്രിയനായും വിദേശസഞ്ചാരിയായും സൂര്യകുജബുധന്മാർ ഒരുമിച്ചുനിന്നാൽ ദരിദ്രനായും ഭാര്യാപുത്രാദികളുള്ളവനായും സൂര്യകുജീവന്മാർ ഒരുമിച്ചു നിന്നാൽ എല്ലാവക്കും ഇഷ്ടത്തെ ചെയ്യുന്നവനായും പ്രിയനായും രതിലോലനായും മന്ത്രിയായും അഥവാ രാജാവായും സൂര്യകുശുക്രന്മാർ ഒരുമിച്ചുനിന്നാൽ കണ്ണിൽ ദീനമുള്ളവനായും സുഖാനുഭവിയായും കുലശ്രേഷ്ഠനായും ധനിയായും ഭവിക്കും.

മൂ— മന്ദാർക്കാവനിജൈസ്സുബന്ധുരിരന്തോമൂർഖോധനീദീനവാ-
ഗിന്ദ്രുചാന്ദ്രരവീന്ദുജൈഃപേടുമതിവിദ്യായശോവിത്തവാൻ
ഭാനുജ്ഞാസുരപൂജ്യതെർമ്മുതനുവിദ്യായശസ്വീസുഖീ
സൈരാദിത്യബുധൈർബ്ബിബന്ധുരധനോദ്വേഷ്ടീദുരാചാരവാൻ. ൫

വ്യാ—സൂര്യകുജമന്ദന്മാർ ഒരുമിച്ചു നിന്നാൽ ബന്ധുക്കളില്ലാത്തവനായും മൂർഖനായും ധനവാനായും ദീനവാക്കായും സൂര്യബുധജീവന്മാർ ഒരുമിച്ചു നിന്നാൽ ബുദ്ധിസാമർത്ഥ്യമുള്ളവനായും വിദ്യയും കീർത്തിയും ധനവുമുള്ളവനായും സൂര്യബുധശുക്രന്മാർ ഒരുമിച്ചുനിന്നാൽ ദേഹത്തിനുമാർദ്ദവമുള്ളവനായും വിദ്യാവിശ്രുതനായുംസുഖമുള്ളവനായും സൂര്യബുധമന്ദന്മാർ ഒരുമിച്ചുനിന്നാൽ ബന്ധുക്കളില്ലാത്തവനായും ദരിദ്രനായും എല്ലാവരേയും ദ്വേഷിക്കുന്നവനായും ദുരാചാരകൃത്തായും ഭവിക്കും.

മൂ— ജീവാദിത്യസിതൈസ്സുദാരതനയഃപ്രാജ്ഞോക്ഷിരുഗ്വിത്തവാൻ
മന്ദേന്ദ്രാച്ചിതഭാനുഭിർഗതഭയോരാജപ്രിയസ്സാതപികഃ
ജ്ഞാതോഭാനുസിതഃസിതൈർദ്ദുചരിതോഗർവ്വാഭിമാനാന്വിത-
ശ്ചന്ദ്രാരേന്ദുസുതൈസ്സുദാശനപരോദുഷ്ടസ്തമക്ഷ്ടഷികഃ. ൯

വ്യാ—സൂര്യജീവശുക്രന്മാർ ഒരുമിച്ചുനിന്നാൽ ഭാര്യാപുത്രാദികളുള്ളവനായും കാമിയായും നീതിജ്ഞനായും വിദ്വാനായും നേത്രരോഗിയായും ധനവാനായും സൂര്യജീവമന്ദന്മാർ ഒരുമിച്ചുനിന്നാൽ ദുഷ്ടീത്തിയുള്ളവനായും അഹങ്കാരിയായും അഭിമാനിയായും ചന്ദ്രകുജബുധന്മാർ ഒരുമിച്ചുനിന്നാൽ ഭക്ഷണത്തേമാത്രം ആഗ്രഹിക്കുന്നവനായും പാപിയായും ദ്വേഷ്യബുദ്ധിയായും ഭവിക്കും.

മൂ— ജീവേന്ദുക്ഷിതിജൈസ്സുരോഷവചനഃകോമാതുരോത്രുപവാ-
നിന്ദുക്ഷ്മാജസിതൈർവ്വിശാലനയനസ്സഞ്ചാരശീലോഭവേൽ
താരേശാർക്കജഭ്രസുതൈശ്ചലമതിർദ്ദുഷ്ടാത്മകോമാതൃഥാ
ജീവജ്ഞേന്ദുസുമാഗമേബഹുധനവ്യാതോവനീശപ്രിയഃ. ൧൦

വ്യാ —ചന്ദ്രകുജജീവന്മാർ ഒരുമിച്ചു നിന്നാൽ രോഷവാക്കായും (വാക്കുകേട്ടാൽ ദേഷ്യപ്പെട്ടാണെന്നു തോന്നും) കാമിയായും സുന്ദരനായും ചന്ദ്രകുജശുക്രന്മാർ ഒരുമിച്ചുനിന്നാൽ ശീലഗുണം ഇല്ലാത്തവനായും കണ്ണിനു ഭംഗി ഇല്ലാത്തവനായും സഞ്ചാരപ്രിയനായും ചന്ദ്രകുജമന്ദന്മാർ ഒന്നിച്ചുനിന്നാൽ മനസ്സിനു സ്ഥിരത ഇല്ലാത്തവനായും ദുഷ്ടനായും അമ്മയെ വധിക്കുന്നവനായും (അമ്മയെ കൊല്ലുന്നവനായും) ചന്ദ്രബുധജീവന്മാർ ഒരുമിച്ചു നിന്നാൽ വളരെ ധനം ഉള്ളവനായും പ്രസിദ്ധനായും രാജപ്രിയനായും ഭവിക്കും.

൩— വിദ്യാവാനഥനീചകർമ്മനിരതസ്സേവ്യസ്സിതഃ ഖേന്ദുഭി
സ്ത്യാഗീഭ്രുപതിപൂജിതശ്ചഗുണവാനിന്ദുജ്ഞതിഗ്മാംശുജൈഃ
പ്രാജ്ഞസ്സാധുനരഃകലാസുനിപുണശ് ശുക്രേന്ദുദേവാച്ചിതൈ-
ശ്ശാസ്ത്രീവൃദ്ധവധൂരതോന്നുപസമോവാചസ്പതീന്ദ്രപ്രജൈഃ. ൧൧

വ്യാ—ചന്ദ്രബുധശുക്രന്മാർ ഒരുമിച്ചുനിന്നാൽ വിദ്വാനായിരുന്നാലും നീചകർമ്മം പ്രവർത്തിക്കുന്നവനായും ആശ്രയിക്കപ്പെടുവാൻ യോഗ്യനായും ചന്ദ്രബുധമന്ദന്മാർ ഒരുമിച്ചുനിന്നാൽ ദാനശീലനായും രാജപൂജിതനായും ഗുണവാനായും ചന്ദ്രഗുരുശുക്രന്മാർ ഒരുമിച്ചു നിന്നാൽ വിദ്വാനായും സജ്ജനബഹുമാന്യനായും കലാവിദ്യകളിൽ അറിവുള്ളവനായും ചന്ദ്രഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ ശാസ്ത്രിയായും വൃദ്ധസ്ത്രീരത്നായും രാജതുല്യനായും ഭവിക്കും.

൪— വേദീരാജപുരോഹിതോതിസുഭഗശ് ശുക്രേന്ദു ഖണ്ഡാംശുജൈർ
ഗ്രാന്ഥവ്യശ്രുതികാവ്യനാടകപദോജ്ജീവേന്ദുഭ്രനന്ദനൈഃ
ഹീനാംഗഃഖലവംശജശ്ചലമതിശ് ശുക്കാര.ചന്ദ്രാത്മജൈഃ
പ്രേഷ്യസ്സാമയലോചനോടനപരസ്താരാജുഭൗമാസിതൈഃ. ൧൨

വ്യാ ചന്ദ്രശുക്രമന്ദന്മാർ ഒരുമിച്ചു നിന്നാൽ വേദജ്ഞനായും രാജപുരോഹിത (ആചാര്യൻ)നായും സുന്ദരനായും ചന്ദ്രകുജജീവന്മാർ ഒരുമിച്ചു നിന്നാൽ ഗായകനായും വേദശാസ്ത്രപുരാണകാവ്യനാടകാലങ്കാരാദി വേത്താവായും കുജബുധശുക്രന്മാർ ഒരുമിച്ചു നിന്നാൽ അംഗഹീനനായും ദുഷ്കുലത്തിനു ചേരുന്ന പ്രവൃത്തി ചെയ്യുന്നവനായും അസ്ഥിരനായും കുജബുധമന്ദന്മാർ ഒരുമിച്ചു നിന്നാൽ ദാസനായും നേത്രരോഗിയായും സഞ്ചാരിയായും ഭവിക്കും.

൫— ശുക്രാരേന്ദുപുരോഹിതൈർനരപതേരിഷ്ടസ്സുപുത്രസ്സുധീ
ജീവാരാർക്കസുതൈഃക്ലേശോസുഖതനമ്മാനീടുരാചാരവാൻ
സൌരാരാസുരപൂജിതൈഃകേതനയോനിത്യംപ്രവാസാന്വിത
ശ്ശുക്രജ്ഞാമരമന്ത്രിഭിർജ്ജിതരിപുഃകീർത്തിപ്രതാപാന്വിതഃ. ൧൩

വ്യാ—കുജഗുരുശുക്രന്മാർ ഒരുമിച്ചു നിന്നാൽ രാജപ്രീയനായും സല്പുത്രന്മാരുള്ളവനായും സുഖിനാകും കുജഗുരുമന്ദന്മാർ ഒരുമിച്ചു നിന്നാൽ കൃശ (ചടച്ചവ)നായും രോഗിയായും മാനിയായും പാപിയായും കുജശുക്രമന്ദന്മാർ ഒരുമിച്ചു നിന്നാൽ ദുഷ്പുത്രന്മാരുള്ളവനായും എന്നും വിദേശവാസിയായും ബുധഗുരുശുക്രന്മാർ ഒരുമിച്ചു നിന്നാൽ ശത്രുക്കളെ ജയിച്ചവനായും കീർത്തിയും പ്രതാപവും ഉള്ളവനായും ഭവിക്കും.

മൂ— ദേവേഡ്യേവുജ്ഞഭാനുജ്ഞൈരതിസുഖശ്രീകസ്സുദാരപ്രിയോ
മന്ദജ്ഞാസുരവന്ദിതൈരനുതവാകുദ്ദുഷ്ടോന്യജ്ഞായാരതഃ
ജ്ഞാതോജ്ഞീവസിതാസിതൈരമലധീവ്യ്യാതസൌഖ്യാനിത
ശ്ചന്ദ്രോപാപയുതേസദാല്പസുഖവാൻഭാനൌപിതൃസ്ഥദോൽ.

വ്യാ—ബുധഗുരുമന്ദന്മാർ ഒരുമിച്ചു നിന്നാൽ വളരെ സുഖവും കീർത്തിയും ഐശ്വര്യവും രതിലോലതയും ഉള്ളവനായും സ്വഭാര്യയിൽ ഇഷ്ടമുള്ളവനായും (പരസ്ത്രീസക്തനല്ലെന്നർത്ഥം) ബുധശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ അസത്യംപറയുന്നവനായും ദുഷ്ടനായും പരസ്ത്രീഗാമിയായും ഗുരുശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ സൽബുദ്ധിയായും പ്രസിദ്ധനായും സുഖമുള്ളവനായും ഭവിക്കും. ചന്ദ്രൻ പാപഗ്രഹത്തോടുകൂടിയാൽ തനിക്കും സൂര്യൻ പാപനോടുകൂടിയാൽ പിതാവിനും ഒരിക്കലും സുഖമില്ലാതിരിക്കും.

## ചതുർഗ്രഹയോഗഫലം.

മൂ— ഏകർക്ഷഗൈരിനസുധാകരഭൂസുതജ്ഞൈർ
മായീപ്രപന്നകുശലോലിപികശ്ചരോഗീ
ചന്ദ്രാരഭാനുഗുരുഭിദ്നവാൻയശസ്വീ
ധീമാൻനൃപപ്രിയകരോഗതശോകരോഗഃ.

വ്യാ—ഇനിയും നന്നാലുഗ്രഹങ്ങൾ ഒരുമിച്ചുനിന്നാലുള്ളതെ പറയുന്നു. സൂര്യചന്ദ്രകുജബുധന്മാർ ഒരുമിച്ചുനിന്നാൽ വഞ്ചകനായും ധനിയായും സുഖമുള്ളവനായും എഴുത്തുകാരനായും രോഗിയായും സൂര്യചന്ദ്രകുജഗുരുക്കന്മാർ ഒരുമിച്ചുനിന്നാൽ ധനവാനായും കീർത്തിമാനായും ബുദ്ധിമാനായും രാജപ്രിയനായും രോഗവും ദുഃഖവും ഇല്ലാത്തവനായും ഭവിക്കും.

മൂ— ആരാക്കചന്ദ്രഭൃഗുജ്ഞൈസ്സുതദാരസമ്പ-
ദ്വിദ്യാനിധിതോശത്രുസുഖീ നിപുണഃ കൃപാലുഃ
സൂര്യേന്ദുഭൂമിസുതഭാനുസുതൈരശാന്ത-
നേത്രോടനശ്ചകുലടാപതിരത്നഹീനഃ.

വ്യാ—സൂര്യചന്ദ്രകുജശുക്രന്മാർ ഒരുമിച്ചുനിന്നാൽ പുത്രന്മാരും ഭാര്യമാരും സമ്പത്തും വിദ്യയും ഭക്ഷണസുഖവും ഉള്ളവനായും നിപുണനായും ദയാലുവായും സൂര്യചന്ദ്രകുജമന്ദന്മാർ ഒരുമിച്ചുനിന്നാൽ കണ്ണിനു ക്രൂരതയുള്ള ധനായും സഞ്ചാരിയായും വ്യഭിചാരിണിമാരിൽ രമിക്കുന്നവനായും ദരിദ്രനായും ഭവിക്കും.

മൂ— താരാസുതേന്ദുരവിമന്ത്രിഭിരിഷ്ടദാരഃ
പുത്രാത്മവാൻഗ്രണയശോബലവാനുദാരഃ
ശുക്രേന്ദുഭാനുശശിജൈർവികലശ്ചവാഗ്മീ
മന്ദേന്ദുവിദ്ഭിനകരൈരധനഃ കൃതഘ്നഃ. ൫൭

വ്യാ—സൂര്യചന്ദ്രബുധജീവന്മാർ ഒരുമിച്ചുനിന്നാൽ ഇഷ്ടകളായ ഭാര്യമാരും ഇഷ്ടന്മാരായ പുത്രന്മാരും ധനവും ഉള്ളവനായും ബലവും ഔദാര്യവും ഉള്ളവനായും സൂര്യചന്ദ്രബുധശുക്രന്മാർ ഒരുമിച്ചുനിന്നാൽ വികലനായും വാഗ്മിയായും സൂര്യചന്ദ്രബുധമന്ദന്മാർ ഒരുമിച്ചുനിന്നാൽ ദരിദ്രനായും ഉപകാരസ്മരണയില്ലാത്തവനായും ഭവിക്കും.

മൂ— തോയാടവീക്ഷിതിചരോവനിപാലപൂജ്യോ
ഭോഗീദിനേശരുഹിനദ്യുതിജീവശുക്രൈഃ
ജാതോ വിശാലനയനോ ബഹുവിത്തപുത്രോ
വാരാംഗനാപതിരിനേന്ദുസുരേഡ്യമന്ദൈഃ. ൫൮

വ്യാ—സൂര്യചന്ദ്രഗുശുക്രന്മാർ ഒരുമിച്ചുനിന്നാൽ വെള്ളത്തിലും ചനപ്രവർത്തങ്ങളിലും സഞ്ചരിക്കുന്നവനായും രാജമാന്യനായും സുഖമുള്ളവനായും സൂര്യചന്ദ്രഗുമന്ദന്മാർ ഒരുമിച്ചുനിന്നാൽ കണ്ണിനു വിസ്താരമുള്ളവനായും വളരെ ധനവും പുത്രന്മാരും ഉള്ളവനായും വേശ്യാപതിയായും ഭവിക്കും.

മൂ— മന്ദേന്ദുഭാനുഭൂഭ്രൂജൈർബലോതിഭീരുഃ
കന്യാജനാല്പതനയോ ധനതല്പരശ്ച
ആരാതുണഭൂതഗുരുഭിസ്സുബലോവിപന്നോ
ദാനാത്മവാൻ നയനരോഗയുതോടനസ്സ്ഥൈർയ്യാൽ. ൫൯

വ്യാ—സൂര്യചന്ദ്രഭൂഗുമന്ദന്മാർ ഒരുമിച്ചുനിന്നാൽ ബലമില്ലാത്തവനായും ഭയസ്വഭാവിയായും വളരെ പുത്രിമാരും അല്പപുത്രന്മാരും ഉള്ളവനായും ധനത്തിൽ അഗ്രഹമുള്ളവനായും സൂര്യകുജബുധജീവന്മാർ ഒരുമിച്ചുനിന്നാൽ ബലമുള്ളവനായും ദുഃഖമുള്ളവനായും ദാതാവായും ധനിയായും നേത്രരോഗമുള്ളവനായും സഞ്ചാരിയായും ഭവിക്കും.

മൂ— രവികുജബുധശുക്രൈ രന്യൈരാരൂരകേതാ
വിഷമനയനവേഷശ്ചോരധീപീതസത്വഃ
ദിനകരകുജതാരാസൂനമൈന്ദശ്ചമൂപോ
നരപതിസചിവോവാ നീചകൃൽ ഭോഗശാലീ. ൨൦

വ്യാ—സൂര്യകുജബുധശുക്രന്മാർ ഒരുമിച്ചുനിന്നാൽ അന്ധസ്ത്രീതുല്യനായും വക്രബുദ്ധിയായും വിഷമനേത്രം (നേരേനോക്കാത്തവ)നായും ഉള്ളിൽ കള്ളമുള്ളവനായും ദുർബലനായും സൂര്യകുജബുധമന്ദന്മാർ ഒരുമിച്ചുനിന്നാൽ സേനാനായകനോ മന്ത്രിയോ ആകയും നീചകർമ്മിയായും സുഖമുള്ളവനായും ഭവിക്കും.

മൂ—സൂര്യാരാഭൂസിതൈർമ്മഹീപതിരതിവ്യാതോഭിപൂജ്യോധനീ
ജീവാരാക്കിടിവാകരൈരർഗതധനോ ഭ്രാന്തസ്സുഹൃന്നീതിമാൻ
ഭ്രൂപുത്രാക്സിതാസിതൈഃ പരിഭവപ്രാപ്തോവികർമ്മാഗ്രണീ
ശുക്രാക്കേന്ദുജസൂരിഭിർദ്ധനയശോമുഖ്യപ്രധാനോഭവേൽ. ൨൧

വ്യാ—സൂര്യകുജഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ രാജാവായും പ്രസിദ്ധനായും മാന്യനായും ധനിയായുംസൂര്യകുജഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ ധനമില്ലാത്തവനായും ബന്ധുബലമില്ലാത്തവനായും നീതിമാനായും സൂര്യകുജശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ ആരുടെയും മുഷിവു സമ്പാദിക്കുന്നവനായും പ്രവൃത്തികൾ നേരേ ചെയ്യാത്തവനായും ഹീനവാനായും സൂര്യബുധഗുരുശുക്രന്മാർ ഒരുമിച്ചു നിന്നാൽ ധനവും യശസ്സും ഉള്ളവനായും പില്ലാവക്കും പ്രധാനിയായും ഭവിക്കും.

മൂ— ജീവാക്കിജ്ഞടിവാകരൈഃ കലഹകൃന്മാനീ ദുരാചാരവാൻ
മന്ദജ്ഞാരുണഭാർഗ്ഗവൈസ്സുവചനസ്സത്യപ്രതാചാരവാൻ
അക്കാക്കിജ്ഞസിതൈഃ കലാസു നിപുണോ നീചപ്രഭുസ്സാഹസീ
ജീവേന്ദുജ്ഞകുജൈർന്നൃപപ്രിയകരോ മന്ത്രീകവിഃക്ഷ്മാപതിഃ.

വ്യാ—സൂര്യബുധഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ കലഹമുണ്ടാക്കുന്നവനായും അഭിമാനിയായും ദുരാചാരവാനായും സൂര്യബുധഭൃഗുമന്ദന്മാർ ഒരുമിച്ചുനിന്നാൽ നല്ലവാക്കുകളെപ്പറയുന്നവനായും സത്യവാനായും ആചാരങ്ങളെ ചെയ്യുന്നവനായും ചന്ദ്രകുജബുധജീവന്മാർ ഒന്നിച്ചുനിന്നാൽ രാജപ്രിയനായും മന്ത്രി (ആലോചനയുള്ളവൻ)ആയും കവിയായും രാജതുല്യനായും ഭവിക്കും.

മൂ— ചന്ദ്രാരജ്ഞസിതൈരധർമ്മകുശലോ നിദ്രാലുരത്ഥാതുരോ
ജീവാരാക്കിനിശാകരൈ സ്ഥിരമതിശ്ശൂരസ്സുഖീപണ്ഡിതഃ
ശുക്രജ്ഞേന്ദുസുരാർച്ചിതൈസ്സുബധിരോ വിദ്വാൻയശസ്വീധനീ
ചന്ദ്രാക്കിജ്ഞസുരാർച്ചിതൈ രതിധനോബന്ധുപ്രിയോധാർമ്മികഃ.

വ്യാ—ചന്ദ്രകുജബുധശുക്രന്മാർ ഒരുമിച്ചുനിന്നാൽ അധർമ്മിയായും ചിലപ്പോഴും ഉറങ്ങുന്നവനായും ധനത്തിൽ അത്യാഗ്രഹമുള്ളവനായും ചന്ദ്രകുജഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ സ്ഥിരബുദ്ധിയായും ശൂരനായും സുഖമുള്ളവനായും വിദ്വാനായും ചന്ദ്രബുധഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ ചെവിക്കു കേൾവിയില്ലാത്തവനായും വിദ്വാനായും കീർത്തിമാനായും ധനവാനായും ചന്ദ്രബുധഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ ധനവാനായും ബന്ധുപ്രിയനായും ധർമ്മിഷ്ഠനായും ഭവിക്കും.

മൂ— ശീതാംശുജ്ഞസിതാസിതൈസ്തർബാഹ്യജനദ്വേഷ്ടീപരസ്ത്രീപരിർ
ജീവേന്ദ്വർക്കജഭാർഗ്ഗവൈർഗ്ഗതസുഖശ്രദ്ധാദയാവർജ്ജിതഃ.

(ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധം ഗ്രന്ഥത്തിലും പുസ്തകത്തിലും കാണുന്നില്ല.)

വ്യാ—ചന്ദ്രബുധശുക്രമന്ദന്മാർ ഒന്നിച്ചുനിന്നാൽ ബാഹ്യജനങ്ങളെ ദ്വേഷിക്കുന്നവനായും പരസ്ത്രീരതനായും ചന്ദ്രഗുരു ശുക്രമന്ദന്മാർ ഒരുമിച്ചു നിന്നാൽ സുഖവും വേണ്ടുന്നകാര്യങ്ങളിൽ ശ്രദ്ധയും ദയയും ഇല്ലാത്തവനായും ഭവിക്കും.

മൂ— കുജബുധഗുരുശുക്രൈർന്നീചസ്ഥവാൻനിന്ദിതസ്സ്യാൽ
ബുധഗുരുശനിഭൗമൈസ്സാമയോവിത്തഹീനഃ
ഗുരുസിതശനിസൗമ്യൈരേകഗേഹോപയാതൈ-
രതിശയധനവിദ്യാശീല്മേതിപ്രജാതഃ. ൨൭

വ്യാ—കുജബുധഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ ധനവാനായുംനിന്ദിതനായും കുജബുധഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ രോഗിയായും ദരിദ്രനായും ബുധഗുരുഭൃഗുമന്ദന്മാർ ഒരുമിച്ചുനിന്നാൽ വളരെധനവുംവിദ്യയും സൽപ്രകൃതിയും ഉള്ളവനായും ഭവിക്കും.

പഞ്ചഗ്രഹയോഗഫലം.

മൂ— ഏകർക്ഷഗൈരിനശശിക്ഷിതിജൈർജ്ഞജീവൈർ
ജാതസ്സുധീകുശലഃപിശുനസ്സമർത്ഥഃ
ശുക്രാരഭാനുബുധശീതകരൈർവിധർമ്മാ
ശ്രുധോലുരന്യജനകാര്യപരോപിലുബ്ധഃ. ൨൮

വ്യാ—സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ഗുരു, ഇവർ ഒരുമിച്ചുനിന്നാൽ യുദ്ധസമർത്ഥനായും ഏഷണിക്കാരനായും സ്മർത്ഥനായും സൂര്യചന്ദ്രകുജബുധശുക്രന്മാർ ഒരുമിച്ചുനിന്നാൽ അധർമ്മിയായും കാര്യങ്ങളിൽ ശ്രദ്ധയുള്ളവനായും അന്യന്റെ കാര്യങ്ങളിൽ താല്പര്യമുള്ളവനായും ലുബ്ധനായും ഭവിക്കും.

മൂ— ഭ്രാനന്ദനേന്ദുരവിമന്ദപുനന്ദരേജ്യൈ
രാശാലുരിഷ്ടരമണീവിരഹോഭിഭ്രുതഃ
ചന്ദ്രാരഭാനുശശിസൂനുദിനേശപുത്രൈ
രല്പായുരാർജ്ജനപരോ വികളത്രപുത്രഃ. ൨൭

വ്യാ—സൂര്യചന്ദ്രകുജഗുരുമന്ദന്മാർ ഒരുമിച്ചു നിന്നാൽ എല്ലാക്കാര്യത്തിലും ആഗ്രഹം ഉള്ളവനായും ഭാര്യാവിരഹംഉള്ളവനായും ജനങ്ങളാൽ ഉപദ്രവിയ്ക്കപ്പെട്ടവനായും സൂര്യ ചന്ദ്ര കുജ ബുധ മന്ദന്മാർ ഒരുമിച്ചുനിന്നാൽ അല്പായുസ്സായും ധനം സമ്പാദിയ്ക്കുശീലമുള്ളവനായും ഭാര്യയും പുത്രന്മാരും ഇല്ലാത്തവനായും ഭവിക്കും.

മൂ— ജീവേന്ദുഭൌമസിതഭാനുഭിരാമയാവീ
ത്യക്തസ്സുമാതൃപിതൃബന്ധുജനൈരനേത്രഃ
മന്ദേന്ദുശുക്രരവിഭ്രമിസുതൈഃവിനാമാ
വിത്തപ്രഭാവകുശലോമലിനോന്യദാർഃ. ൨൮

വ്യാ—സൂര്യചന്ദ്രകുജഗുരുശുക്രന്മാർ ഒരുമിച്ചു നിന്നാൽ രോഗിയായും മാതാപിതാക്കന്മാരാലും ബന്ധുക്കളാലും ഉപേക്ഷിയ്ക്കപ്പെട്ടവനായും കണ്ണില്ലാത്തവനായും സൂര്യചന്ദ്രകുജശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ വിശേഷമായ ഒരു പേരുകൂടി ഉള്ളവനായും ധനവും പ്രതാപവും ഉള്ളവനായും മെലിഞ്ഞവനായും അന്യഭാര്യാഗാമിയായും ഭവിക്കും.

മൂ— താരേശഭാനുഗുരുബോധനദാനവേജ്യൈർ
മന്ത്രീധനീനിജയശോബലഭണ്ഡനാഢഃ
ഭാസപൽബുധേന്ദുഗുരുഭാനുസുതൈഃപരാന്ന-
ഭോജ്ജീസുഭീരുരതിപാപരതോന്യവൃത്തിഃ. ൨൯

വ്യാ—സൂര്യചന്ദ്രബുധഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ മന്ത്രിയായും ധനിയായും യശസ്സും ബലവും ഉള്ളവനായും ശിക്ഷാകർത്താവായും സൂര്യചന്ദ്രബുധഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ പരാന്നഭോക്താവായും ഭയശീലനായും പാപിയായും യാചകനായും ഭവിക്കും.

൩— സൌമ്യാസിതേന്ദുസിതഭാനുഭിരർത്ഥഹീനോ
ദീർഘാകൃതിർഗതസുഖോബഹുരോഗഗാത്രഃ
ജീവേന്ദുശുക്രരവിഭാനുസുതൈസ്സുദാരോ
വാശീതുജാരചതുരോവിഭയൈസ്സുശത്രുഃ. ൩൦

വ്യാ—സൗമ്യചന്ദ്രബുധശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽദീർഘാകൃതിയായും (നീളമുള്ളവൻ) സുഖമില്ലാത്തവനായുംപലരോഗങ്ങളുള്ളവനായും സൗമ്യചന്ദ്രഗുരുശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ വളരെ ഭാഗ്യമുള്ളവനായും മിതഭാഷിയായും ജാരനായും (സ്ത്രീപുരുഷൻ) ഭയമില്ലാത്തവനായും ശത്രുക്കളുള്ളവനായും ഭവിക്കും.

൩— ശുക്രാരഭാനുഗുരു ചന്ദ്രസുതൈർവിശോക
സ്സേനാ തുരംഗപതിരന്യവധൂവിലോലഃ
ഭൂസൂനുജീവരവിബോധനഭാനു പുത്രൈ
ർഭിക്ഷാശനോമലിനഋീർണ്ണതരാംബരസ്ത്രൈ. ൩൧

വ്യാ—സൗമ്യകുജബുധഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ ദുഃഖമില്ലാത്തവനായും സേനാനായകനായും അന്യസ്ത്രീലോലനായും സൗമ്യകുജബുധഗുരുമന്ദന്മാർ ഒരുമിച്ചുനിന്നാൽ ഭിക്ഷാശിയായും മലിനനായും ചീഴയമുണ്ടു (മുഷിഞ്ഞതും കീറിയതും) ഉടുക്കുന്നവനായും ഭവിക്കും.

൩— പൂജ്യൈകലാസുനിപുണോവധബന്ധനാഢ്യോ
രോഗീസിതാസിതഗുരുജ്ഞതരാകുമാരൈഃ
ശ്രേഷ്ഠോതിദുഃഖഭയരോഗയുതഃക്ഷുധാർത്ത
ശ്ശൂന്യാരബോധനവികർത്തനദാനവേദ്യൈഃ. ൩൨

വ്യാ—കുജബുധഗുരുശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ മാന്യനായും വിദ്വാനായും വധസ്ഥലങ്ങൾക്കും ബന്ധനസ്ഥലങ്ങൾക്കും നാഥനായും രോഗിയായും സൗമ്യകുജബുധശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ ശ്രേഷ്ഠനായും വളരെഭയമുള്ളവനായും പലരോഗങ്ങളും ദുഃഖവും ഉള്ളവനായും എപ്പോഴും വിശപ്പുകൊണ്ടു ദുഃഖിക്കുന്നവനായും ഭവിക്കും.

൩— പ്രേഷ്യോധനോമലിനവേഷയുതോതിമൂർഖ
ശ്ചോരഃകുജേന്ദുഗുരുശുക്രദിനേശപുത്രൈഃ
യന്ത്രക്രിയാസുരതധാതുബലപ്രസിദ്ധ
കർമ്മാഗുരുജ്ഞശശിഭാനുവസുന്ധരാജൈഃ. ൩൩

വ്യാ—ചന്ദ്രകുജഗുരുശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ ദാസനായും ദരിദ്രനായും മുഷിഞ്ഞവേഷമുള്ളവനായും ജനരഞ്ജനഇല്ലാത്തവനായും കള്ളനായും സൗമ്യചന്ദ്രകുജബുധജീവന്മാർ ഒരുമിച്ചു നിന്നാൽ

യന്ത്രങ്ങളെ ഉണ്ടാക്കുന്നവനായും മൈഥുനവീരനായും ശരീരബലമുള്ള വനായും പ്രഡിദ്ധനായും തീരും.

മൂ— ജ്ഞാനീസദേവഗുരുസമ്മതധർമ്മശീല
ശ്ശാസ്ത്രീദിനേശഗുരുശുക്രശനീന്ദുപൂത്തൈഃ
സാധുസ്സുഖീബഹുധനപ്രബലശ്ചാവിദ്വാ
നിന്ദുജ്ഞദേവഗുരുമാനവപൂജിതാരൈഃ. ൫൨൯

വ്യാ—സൂര്യബുധ ഗുരുശുക്രമന്ദന്മാർ ഒരുമിച്ചു നിന്നാൽ ജ്ഞാനിയായും ഗുരുക്കന്മാരുടേയും ദേവന്മാരുടേയും പ്രീതിയുള്ളവനായും ധർമ്മങ്ങളെ ചെയ്യുന്നവനായും വിദ്വാനായും ചന്ദ്രകുജബുധഗുരുശുക്രന്മാർ ഒരുമിച്ചുനിന്നാൽ സജ്ജനമായും സുഖമുള്ളവനായും ധനവാനായും ശരീരബലമുള്ളവനായും വിദ്വാനായും ഭവിക്കും.

മൂ— പഞ്ചഗ്രഹൈരേകഗൃഹോപയാതൈഃ
ശ്ചന്ദ്രജ്ഞജീവാസുരവന്ദ്യമന്ത്രൈഃ
സവ്യൈരപൂജ്യോവികലേക്ഷണശ്ച
മഹീപതുല്യസ്സചിവോഥവാസ്യാൽ. ൫൩൦

വ്യാ—ചന്ദ്രബുധഗുരുശുക്രമന്ദന്മാർ ഒരുമിച്ചുനിന്നാൽ എല്ലായിടത്തും പൂജ്യനായും കണ്ണിന് വൈകല്യമുള്ളവനായും രാജതുല്യനോ മന്ത്രിയോ ആയും ഭവിക്കും.

ഷഡ്ഗ്രഹയോഗഫലം.

മൂ— സൂര്യേന്ദുഭൗമബുധാമരേഡ്യഭൃഗ്വൈരേകർക്ഷഗൈഃസൂക്ഷ്മകുൽ
ജാതോരണ്യഗിരിപ്രദേശനിലയസ്ത്രീപുത്രവിത്താനിതഃ
ശുക്രേന്ദുഭൗമബുധാമരേഡ്യദിനകുൽപുത്രൈഃശിരോരോഗവാ-
നന്നാദപ്രകൃതിശ്ചനിർജ്ജനധരാവാസോപിദേശംഗതഃ. ൫൩൧

വ്യാ—ഇനിയും ൬ ഗ്രഹങ്ങൾ ഒരുമിച്ചു നിന്നാലുള്ള ഫലത്തെ പറയുന്നു. സൂര്യൻമുതൽ ശുക്രൻവരെയുള്ള ൬ ഗ്രഹങ്ങൾ ഒരുമിച്ചു നിന്നാൽ തച്ചുവേലചെയ്യുന്നവനായും വനങ്ങളിലും പർവ്വതങ്ങളിലും താമസിക്കാൻ ഇഷ്ടമുള്ളവനായും ധനവാനായും വളരെ ഭാര്യാപുത്രാദികൾ ഉള്ളവനായും കുജനെ ഒഴിച്ച് ശേഷം ൫ ഗ്രഹങ്ങൾ ഒരുമിച്ചു നിന്നാൽ കണ്ണും തലവേദനയുള്ളവനായും ഭ്രാന്തനായും ആരും ഇല്ലാത്ത സ്ഥലത്തു താമസിക്കുന്നവനായും അന്യദേശസഞ്ചാരിയായും ഭവിക്കും.

മൂ— ജീവജ്ഞഭൗമഭൃഗുസിതസിതൈസ്സഞ്ചാരശീലസ്സുധീ
രിന്ദുജ്ഞാരസിതാർക്കിദേവഗുരുഭിഃസ്തീർത്ഥാടനസ്സുച്ചാല്യനീ

ജീവാരേന്ദുരവീന്ദുജാരുണസുതൈശ്ചോരഃപരസ്ത്രീരതഃ
കുഷ്ഠീബാന്ധവദൂഷിതോഗതസുതോമൂർഖോവിദേശംഗതഃ. ൫൬

വ്യാ—ചന്ദ്രനെ ഒഴിച്ചു് ൯ ഗ്രഹങ്ങളും ഒരുമിച്ചു നിന്നാൽ സ ഞ്ചാരശീലനായും സൽബുദ്ധിയായും സൂര്യനെ ഒഴിച്ചു് ൯ ഗ്രഹ ങ്ങൾ ഒ ന്നിച്ചുനിന്നാൽ തീർത്ഥസ്നാനിയായും ധനവാനായും ശുക്ര നെ ഒഴിച്ചു് ശേഷം ൯ ഗ്രഹങ്ങൾ ഒരുമിച്ചു നിന്നാൽ കള്ളനായും പരസ്ത്രീ രതനായും കുഷ്ഠരോഗമുള്ളവനായും ബന്ധുക്കളാൽ ദൂഷിക്ക പ്പെട്ടവനായും മൂർഖനായും സുഖമില്ലാത്തവനായും അന്യദേശവാസി യായും ഭവിക്കും.

മൂ — നീചോന്യകർമ്മനിരതഃക്ഷയപീനസാർത്തോ
നിന്ദ്യോമഹീസുതരവീന്ദുസിതാസിതജ്ഞഃ
മന്ത്രീകളത്രധനനന്ദനമോദഹീന-
ശ്ശാന്തസ്സിതാസിതകുജാരുണജീവചന്ദ്രേ. ൫൭

വ്യാ—ഗുരുവിനെ ഒഴിച്ചു് ശേഷം ൯ ഗ്രഹങ്ങൾ ഒന്നിച്ചു നി ന്നാൽ നീചനായും അന്യന്റെ വേലയെ ചെയ്യുന്നവനായും ക്ഷയം പീനസം ഇതുകളെക്കൊണ്ടു് ദുഃഖിക്കുന്നവനായും ബുധൻ ഒഴിഞ്ഞു് ൯ ഗ്രഹങ്ങൾ ഒരുമിച്ചു നിന്നാൽ ആലോചനയുള്ളവനായും ഭാര്യാ സുഖം പുത്രസുഖം സന്തോഷം ധനം ഇവകുറഞ്ഞവനായും ശാന്തനാ യും ഭവിക്കും.

മേഷാദിരാശിസ്ഥിതിഫലം.

മൂ— ജാതസ്സുപ്പുധനസ്ഥാനഃസികോവിദ്യാധനഃക്ലേശധീ
ർജ്ഞസ്സുഖകലത്രസജ്ഞശ്ചതുരോഹൈരണ്യകസ്സാഹസീ
സമ്പൂജ്യഃകൃഷണിക്രിയാസുചതുരഃപുത്രാദിഭാഗ്യച്യുത
ശ്ശ്രീമാംസ്തോയകൃഷിക്രിയാലിഭിരിനേമേഷാദിരാശിസ്ഥിതേ. ൫൮

വ്യാ—സൂര്യൻ മേടത്തിൽ നിന്നാൽ ജാതൻ ധനം കുറഞ്ഞവ നായും ഇടവത്തിൽ നിന്നാൽ സംഗീതവാനായും മിഥുനത്തിൽ നി ന്നാൽ വിദ്വാനായും കർക്കടത്തിൽ നിന്നാൽ ദുഃഖമുള്ളവനായും അറി വില്ലാത്തവനായും ചിങ്ങത്തിൽ നിന്നാൽ സകലതിനും അറിവുള്ളവ നായും കന്നിയിൽ നിന്നാൽ സ്വർണ്ണംകൊണ്ടു് ഉപജീവിക്കുന്നവനാ യും തുലാത്തിൽ നിന്നാൽ സാഹസിയായും വൃശ്ചികത്തിൽ നിന്നാൽ പൂജ്യനായും ധനുസ്സിൽ നിന്നാൽ ഹീനവ്യാപാരം ഉള്ളവനായും കാ ര്യങ്ങളിൽ സമർത്ഥനായും മകരത്തിൽനിന്നാൽ ഭാര്യാപുത്രാദിയും ഭാഗ്യ വും ഇല്ലാത്തവനായും കുംഭത്തിൽ നിന്നാൽ ശ്രീമാനായും മീനത്തിൽ നിന്നാൽ വെള്ളത്തിലും കൃഷികളിലും സമർത്ഥനായും ഭവിക്കും.

൪— സപ്തക്ഷേത്രുപകൃഷിക്രിയാടനധനസ്ഥ ക്രൂർക്ഷഗേകാമധീ
സ്സൗമ്യർക്ഷേപതിദീനവാക്കടകഭേഗജപ്രിയോവിത്തവാൻ
സിംഹേഭ്രമിസുതേതുനിഭ്യധനോജൈവേജിതാരിർഭ്നീ
കുംഭേർജുനേ സവിതോമൃഗഗതേഭ്രേപാഥവാ തത്സമഃ. ൨൦

വ്യാ—കുജൻ സപ്തക്ഷേത്രങ്ങളായ മേഷവൃശ്ചികങ്ങളിൽ നിന്നാൽ രാജതുല്യനായും കൃഷിമൂലമുണ്ടും സഞ്ചാരംകൊണ്ടും ധനം സമ്പാദിക്കുന്നവനായും ഇടവത്തിലും തുലാത്തിലും നിന്നാൽ കാമിയായും മിഥുനത്തിലോ കന്നിയിലോ നിന്നാൽ ദീനവാക്കായും കർക്കടകത്തിൽ നിന്നാൽ രാജപ്രിയനായും ധനവാനായും ചിങ്ങത്തിൽ നിന്നാൽ ഭയവും ധനവും ഇല്ലാത്തവനായും ധനുർമീനങ്ങളിൽ നിന്നാൽ ശത്രുക്കളെ ജയിച്ചവനായും സുഖം അനുഭവിക്കുന്നവനായും കുംഭത്തിൽനിന്നാൽ ദുഷ്ടജനങ്ങൾക്ക് ഇഷ്ടനായും മകരത്തിൽ നിന്നാൽ രാജാവോ രാജതുല്യനോ ആയും ഭവിക്കും.

൫— കൌജേചന്ദ്രസുതേധനസ്സിതഹ്രേവിദ്വാൻസ്സുഖീ
കർക്കിസ്ഥനിജദുഃഖഹാഹരിഗതേജാതേബുധോനിർജ്ജിതഃ
കന്യാസ്ഥസ്സഗുണാകരോഗതഭയശ്ചാപേസുപാലപ്രിയോ
മീനസ്ഥജിതസേവകശ്ശനിഹ്രേശില്പീപരപ്രേഷ്യകഃ. ൨൧

വ്യാ—ബുധൻ മേടത്തിലോ വൃശ്ചികത്തിലോ നിന്നാൽ ധനം ഇല്ലാത്തവനായും ഇടവത്തിലോ തുലാത്തിലോ നിന്നാൽ വിദ്വാനായും മിഥുനത്തിൽ നിന്നാൽ സുഖമനുഭവിക്കുന്നവനായും കർക്കടകത്തിൽനിന്നാൽ തന്റെ ദുഃഖങ്ങളെ സഹിക്കുന്നവനായും ചിങ്ങത്തിൽനിന്നാൽ വിദ്വാനായും ജയമുള്ളവനായും കന്നിയിൽനിന്നാൽ സൽഗുണപരിപൂർണ്ണനായും ഭയമില്ലാത്തവനായും ധനുസ്സിൽ നിന്നാൽ രാജപ്രിയനായും മീനത്തിൽ നിന്നാൽ ഭൃത്യന്മാരെ ജയിച്ചവനായും മകരത്തിലോ കുംഭത്തിലൊ നിന്നാൽ ശില്പവിദ്യയുള്ളവനായും ദാസനായും ഭവിക്കും

൬— സേനാവിത്തസുഖാദികസ്സുഗുണവാൻഭ്രാതാകുജർക്ഷേഗുരൌ
തേജസ്വീസിതഭേപരിഹൃദസുഹൃൽതാരാസുതർക്ഷംഗതേ
പ്രാജ്ഞഃപുത്രധനശ്ചകർക്കിണിഗതേഭോഗീയശസ്വീഹരൌ
രാജ്യാരാജ്യസമോഥവാനിജഗൃഹേനീചേടനഃക്ലേശധീഃ. ൨൨

വ്യാ—ഗുരു മേടത്തിലോ വൃശ്ചികത്തിലോ നിന്നാൽ സേനകളും ധനങ്ങളും സുഖവും ഗുണവും അധികമുള്ളവനായും ഇടവത്തിലോ തുലാത്തിലോ നിന്നാൽ തേജസ്സുള്ളവനായും മിഥുനത്തിലോ കന്നിയിലോ നിന്നാൽ ഉപകരണങ്ങളും ബന്ധുക്കളും ഉള്ളവനായും കർക്കടകത്തിൽനിന്നാൽ വിദ്വാനായും പുത്രന്മാരും ധനവും ഉള്ളവനായും കും

ഭത്തിൽനിന്നാൽ സുഖം അനുഭവിക്കുന്നവനായും ചിങ്ങത്തിൽ നി
ന്നാൽ പ്രസിദ്ധനായും മീനത്തിലോ ധനുസ്സിലോ നിന്നാൽ രാജാവാ
ണുതുല്യനോ ആയും മകരത്തിൽനി ന്നാൽ സഞ്ചാരിയായും ദുഃഖ
നായും ഭവിക്കും.

൩— ജാരസ്ത്രീർമതിബന്ധുവിത്തവിഭവോവിദ്യാധനജ്ഞാനവാൻ
ഭീരുമ്മന്ദസുതേതിനീചവിഹിതാചാരോന്യപാലപ്രിയഃ
ദുഷ്ടസ്ത്രീഗണസേവിതോജനപതിർഭോഗീകുമാരീപതി
ശ്രീവിദ്യാഗുണശീലവാൻഭൃഗുസുതേമേഷാദിരാശിസ്ഥിതേ. ൨൯

വ്യാ—ശുക്രൻ മേടത്തിൽ നിന്നാൽ ജാരനായും ബുദ്ധിസാമ
ർത്ഥ്യം ബന്ധുക്കൾ സ്നേഹിതന്മാർ ഇവരുള്ളവനായും ഇടവത്തിൽനി
ന്നാൽ വിദ്യയും ധനവും ജ്ഞാനവും ഉള്ളവനായും മിഥുനത്തിൽനി
ന്നാൽ ഭയമുള്ളവനായും കർക്കടകത്തിൽനിന്നാൽ അല്പപുത്രനായും ചി
ങ്ങത്തിൽനിന്നാൽ നീചവൃത്തിയായും കന്നിയിൽ നിന്നാൽ കുലാചാര
ങ്ങളെ അനുഷ്ഠിക്കുന്നവനായും തുലാത്തിൽ നിന്നാൽ രാജപ്രിയനായും
വൃശ്ചികത്തിൽനിന്നാൽ ദുഷ്ടസ്ത്രീസഹിതനായും ധനുസ്സിൽ നിന്നാൽ
രാജാവായും മകരത്തിൽനിന്നാൽ സുഖമുള്ളവനായും കുംഭത്തിൽ നി
ന്നാൽ വിവാഹംചെയ്യാത്ത സ്ത്രീകളിൽ രമിക്കുന്നവനായും മീന
ത്തിൽനിന്നാൽ ധനവാനായും വിദ്വാനായും ശീലഗുണങ്ങൾ ഉള്ളവ
നായും ഭവിക്കും.

൪— മൂർഖോനാതിധനോഗതസ്വസുതധീരംബാസുരപ്രച്യുതോ
നായുസ്സുല്പധനാത്മജോഗണപുരഗ്രാമാഗ്രണീരുഗ്ധീഃ
ജാതഃപുത്രകളത്രവിത്തവിഭവോരാജപ്രിയോവിത്തവാം
സ്തേജോദാരഗുണാന്വിതോരവിസുതേമേഷാദിരാശിസ്ഥിതേ. ൩൦

വ്യാ—ശനി മേടത്തിൽ നിന്നാൽ മൂർഖനായും ഇടവത്തിൽ നി
ന്നാൽ അല്പധനവാനായും മിഥുനത്തിൽനിന്നാൽ സുഖവും ബുദ്ധിയും
ഇല്ലാത്തവനായും കർക്കടകത്തിൽനിന്നാൽ അമ്മയാലും പുത്രന്മാരാലും
ഉപേക്ഷിക്കപ്പെട്ടവനായും ചിങ്ങത്തിൽനി ന്നാൽ ശ്രേഷ്ഠനല്ലാത്തവ
നായും കന്നിയിൽ നിന്നാൽ ധനവും പുത്രന്മാരും കുറഞ്ഞവനായും
തുലാത്തിൽനിന്നാൽ സജ്ജനങ്ങൾക്കും ഗ്രാമങ്ങൾക്കും നാഥനായും
വൃശ്ചികത്തിൽനിന്നാൽ കഠിനനായും ധനുസ്സിൽനിന്നാൽ പുത്രന്മാരും
ഭാര്യമാരും ധനവും ഉള്ളവനായും മകരത്തിൽനിന്നാൽ രാജപ്രിയനാ
യും കുംഭത്തിൽനിന്നാൽ ധനവാനായും മീനത്തിൽനിന്നാൽ തേജസ്സും
സൽഗുണവും ഉള്ളവനായും ഭവിക്കും.

മൂ— യദുക്തമുഡുനാഥസ്യ ഫലംമേഷാദിരാശിഷു
തദംശകഫലഞ്ചാപി പരിചിന്ത്യവദേൽബുധഃ. ൨൩

വ്യാ—ചന്ദ്രന് മേഷാദിരാശികളിലുള്ള സ്ഥിതിയെപ്പോലെതന്നെ അംശകഫലത്തെയും പറയണം.

## ലഗ്നാദിഭാവശുഭാവഫലം.

മൂ— മാത്താണ്ഡയുങ്നിലഗനേഽല്പതനയോജ്ജാതസ്സുഖീനിർഗ്ഗുണ
സ്സല്പാശീവികലേക്ഷണോരുനരലഗ്നാഖ്യസുശീലോടനഃ
ജ്ഞാനാചാരരതസ്സുലോചനയശസ്സ്വാതന്ത്ര്യകോച്ചംഗതേ
മീനേസ്ത്രീജനസേവനോഹരിഗതേരാത്ര്യന്ധകോവീര്യവാൻ.

വ്യാ—സൂര്യൻ ലഗ്നത്തിൽ നിന്നാൽ ജാതൻ അല്പസന്താനം ഉള്ളവനായും സുഖം അനുഭവിക്കുന്നവനായും ഭയ ഇല്ലാത്തവനായും അല്പമാത്രം ഭക്ഷിക്കുന്നവനായും കണ്ണിനു വൈകല്യമുള്ളവനായും യുദ്ധത്തിൽ സമർത്ഥനായും സൽബുദ്ധിയായും സഞ്ചാരിയായും ഭവിക്കും. മേടം ലഗ്നമായി അവിടെ സൂര്യൻ നിന്നാൽ അറിവുള്ളവനായും കുലാചാരങ്ങളെ ചെയ്യുന്നവനായും നല്ല കണ്ണുകൾ ഉള്ളവനായും പ്രസിദ്ധനായും സ്വാതന്ത്ര്യമുള്ളവനായും മീനലഗ്നത്തിൽനിന്നാൽ സ്ത്രീകൾക്കു ഇഷ്ടനായും ചിങ്ങലഗ്നത്തിൽ നിന്നാൽ രാത്രി കണ്ണുകാണാൻ വഹിയാത്തവനായും (മാലക്കണ്ണ്) വീര്യവാനായും ഭവിക്കും. തുലാലഗ്നത്തിൽ സൂര്യൻ നിന്നാൽ അന്ധനായും ദരിദ്രനായും കർക്കടകലഗ്നത്തിൽനിന്നാൽ ബുൽബുദാക്ഷനായും (ശുക്ലം ചാടുക മുതലായത്) ഭവിക്കുമെന്നു പ്രമാണാന്തരമുണ്ട്.

മൂ— ക്ഷീണേശശിന്യുദയഗേ ബഹിരോംഗഹീനഃ
പ്രേഷ്യശ്ചപാപസഹിതേത്വഗതഃയുരേവ
സ്വാത്മേസഭാഗധനയശോബലത്രപശാലീ
പൂർണ്ണേതനൌയദിചിരായുരുപൈതിവിദ്വാൻ. ൨൭

വ്യാ—ലഗ്നത്തിൽ ക്ഷീണചന്ദ്രൻ നിന്നാൽ ചെവികേൾക്കാൻ വഹിയാത്തവനായും അംഗഹീനനായും ദാസനായും ഭവിക്കും. ആ ചന്ദ്രൻ അവിടെ പാപനോടുകൂടിനിന്നാൽ അല്പായുസ്സുമാകും. ഇടവലഗ്നത്തിൽ ചന്ദ്രൻ നിന്നാൽ വളരെ പശുക്കളും ധനവും ഉള്ളവനായും കീർത്തിമാനായും സൌന്ദര്യവും വിദ്യയും ഉള്ളവനായും ഭവിക്കും. പൂർണ്ണചന്ദ്രനായാൽ ദീർഘായുസ്സുമാകും. (ക്ഷീണചന്ദ്രൻ പാപനോടുകൂടിയാൽ അല്പായുസ്സാകുമെന്നു പറഞ്ഞതുകൊണ്ട് പൂർണ്ണചന്ദ്രൻ ശുഭനോടുകൂടിയാൽ നിശ്ചയമായും ദീർഘായുസ്സാകുമെന്നു അർത്ഥംകൊണ്ട് സി

ഭിക്കുന്നു.) പൂർണ്ണചന്ദ്രന് പാപയോഗവും ക്ഷീണചന്ദ്രന് ശുഭയോഗവും ഉണ്ടായാൽ ആയുർഭാവത്തെ ഔചിത്യംപോലെ ചിന്തിച്ചു പറഞ്ഞുകൊള്ളുകയും വേണം.

മൂ — ക്രൂരസ്സാഹസികോ നീചപാപലോരോഗീകുജേലഗ്നഗേ
വിദ്യാവിത്തരഹിതസ്സ ധർമ്മനിരതോലഗ്നസ്ഥിതേബുധേ
ജീവേലഗ്നഗതേചിരായുരമലജ്ഞാനീധനീത്രപവാൻ
കാമീകാന്തവപുസ്സുഭാഗതനയോവിദ്വാൻവിലഗ്നോഭൃഗൗ. രത്ന

വ്യാ—കുജൻ ലഗ്നത്തിൽ നിന്നാൽ ക്രൂരനായും സാഹസിയായും സഞ്ചാരിയായും സ്ഥിരതയില്ലാത്തവനായും രോഗിയായും ബുധൻ ലഗ്നത്തിൽ നിന്നാൽ സത്വത്തും തപസ്സും കുലാചാരവും വിദ്യയും ഉള്ളവനായും ഗുരു ലഗ്നത്തിൽ നിന്നാൽ ദീർഘായുസ്സായും വേദാന്തങ്ങളിലും ശാസ്ത്രങ്ങളിലും അറിവുള്ളവനായും ധനവും സൌന്ദര്യവും ഉള്ളവനായും ശുക്രൻ ലഗ്നത്തിൽ നിന്നാൽ കാമിയായും സൌഭാഗ്യമുള്ളവനായും രൂപവതികളായ ഭാര്യമാരും പുത്രന്മാരും ഉള്ളവനായും വിദ്വാനായും ഭവിക്കും.

മൂ— ദുർന്നാസികോവൃദ്ധകളത്രഭോഗീ
മന്ദേവിലഗ്നോപഗതേംഗഹീനഃ
മാഹീപതുല്യസ്സുഭഗാഭിരാമോ
ജ്ഞാതസ്സുതുംഗോപഗതേചിരായുഃ. രത്ന

വ്യാ—ശനി ലഗ്നത്തിൽ നിന്നാൽ പീനസരോഗമുള്ളവനായും വാർദ്ധക്യലക്ഷണം തികഞ്ഞ ഭാര്യയോടുകൂടിയവനായും അംഗഹീനനായും തുലാലഗ്നത്തിൽ ശനി നിന്നാൽ രാജതുല്യനായും സൽഗുണങ്ങൾ ഉള്ളവനായും ദീർഘായുസ്സായും ഭവിക്കും.

മൂ— ക്രൂരോദയോധർമ്മവിഹീനശീലോ
രാഹൌചലഗ്നോപഗതേസരോഗഃ
കേതൌവിലഗ്നോസഗുജ്ഞോതിലുബ്ധ
സ്സൌമ്യേക്ഷിതേരാജസമാനഭോഗീ. ഇ൭

വ്യാ—രാഹു ലഗ്നത്തിൽ നിന്നാൽ ക്രൂരനായും ഭയയും ധർമ്മാചാരവും ഇല്ലാത്തവനായും രോഗിയായും കേതുലഗ്നത്തിൽ നിന്നാൽ രോഗിയായും ഏറ്റവും ലുബ്ധനായും ആ കേതുവിനെ ശുഭദൃഷ്ടി ഉണ്ടെങ്കിൽ ദീർഘായുസ്സായും രാജതുല്യനായും ഭവിക്കും.

മൂ— രവിക്ഷേത്രോദയേരാഹൌ രാജഭോഗായകല്പതേ
സ്ഥിരാത്മപുത്രാൻകുരുതേ മന്ദക്ഷേത്രോദയേശിഖീ. ഇ൭

വ്യാ—ചിങ്ങലഗ്നത്തിൽ രാഹുനിന്നാൽ രാജതുല്യനായും കുംഭമോ മകരമോ ലഗ്നമായി അവിടെ കേതുനിന്നാൽ ദീർഘായുസ്സുകളായ പുത്രന്മാരും നശിക്കാതെയുള്ള സമ്പത്തും ഉണ്ടാകും.

ദ്വിതീയഭാവഫലം.

മൂ — ത്യാഗീധാതുദ്രവ്യവാനിഷ്ടശത്രുർ
വാഗ്മീവിത്തസ്ഥാനഗേചിത്രഭാനൌ
കാമീകാന്തശ്ചാരുവാഗിംഗിതജ്ഞാ
വിദ്യാശീലോവിത്തവാൻവിത്തഗേന്ദൌ. ൪൨

വ്യാ—രണ്ടാമിടത്തു സൂര്യൻനിന്നാൽ ദാനശീലനായും ധാതുദ്രവ്യങ്ങളെക്കൊണ്ട് ഉപജീവിക്കുന്നവനായും ശത്രുക്കൾ ഒക്കെയും ഇഷ്ടന്മാരായിട്ടുള്ളവനായും മിതഭാഷിയായും രണ്ടാമിടത്തു ചന്ദ്രൻനിന്നാൽ കാമിയായും സുന്ദരനായും നല്ലവാക്കുകളെ പറയുന്നവനായും അന്യന്റെ അഭിപ്രായത്തെ സ്വയമെ അറിയാൻ സാമർത്ഥ്യമുള്ളവനായും വിദ്വാനായും ധനവാനായും ഭവിക്കും.

മൂ — ധാതോഷ്ടകൃഷിക്രിയോടനപരഃ കോപീകുജേവിത്തഗേ
ബുദ്ധ്യോപാർജ്ജിതവിത്തശീലഗുണവാൻസാധുഃ കുടുംബേ ബുധേ
വാഗ്മീഭോജനസൌഖ്യവിത്തവിപുലസ്ത്യാഗീധനാഢ്യോഗുരൌ
വിദ്യാകാമകലാവിലാസധനവാൻവിത്തസ്ഥിതേഭാർഗ്ഗവേ. ൪൩

വ്യാ—രണ്ടാമടത്തു കുജൻനിന്നാൽ രസവാദിയായും കൃഷിക്കാരനായും സഞ്ചാരപ്രിയനായും കോപിഷ്ഠനായും ബുധൻനിന്നാൽ-വിദ്യകൊണ്ട് സമ്പാദിച്ച ധനമുള്ളവനായും സൽസ്വഭാവിയായും ഗുണവാനായും നല്ലവനായും ഗുരുനിന്നാൽ മിതഭാഷിയായും ഭക്ഷണസുഖവും വളരെ ധനവും ദാനശീലവും ഉള്ളവനായും ശുക്രൻനിന്നാൽ വിദ്വാനായും കാമകലാകുശലനായും ധനവാനായും ഭവിക്കും.

മൂ— അസത്യവാദീചപലോടനേകധന
ശ്ലാഘ്യോകുടുംബോപഗതേതുരഃഖകഃ
വിരോധവാഗ്വിത്തഗതേവിധുസൂതേ
ജനാവരോധീശിഖിനിദ്വിതീയഗേ. ൪൪

വ്യാ—രണ്ടാമിടത്തു ശനിനിന്നാൽ കളവുപറയുന്നവനായും ചപലനായും സഞ്ചാരിയായും ദരിദ്രനായും വഞ്ചകനായും (ചതിക്കുന്നവൻ) രാഹുനിന്നാൽ നല്ലവാക്ക് പറയാത്തവനായും കേതുനിന്നാൽ ജനങ്ങളെ ഉപദ്രവിക്കുന്നവനായും ഭവിക്കും.

## തൃതീയഭാവഫലം.

മൂ— ശൂരോദുർജ്ജനസേവിതോതിധനവാംസ്ത്യാഗീതൃതീയേരവൌ
ചന്ദ്രേസോദരരാശിഗേല്പധനികോ ബന്ധുപ്രിയസ്സാതികഃ
പ്രീതോപാരപരാക്രമശ്ഠാമതിർദ്ദുശ്ചില്ലയാതേകുജേ
മായാകർമ്മപരോടനോരിചപലോഭീനോനരജസേഥബുധേ. ൩൭

വ്യാ—മൂന്നാമിടത്തു സൂര്യൻനിന്നാൽ ശൂരനായും ദുർജ്ജനങ്ങൾക്കു നാഥനായും ഭ്രാതാവായും ചന്ദ്രൻനിന്നാൽ ധനംകുറഞ്ഞവനായും ബന്ധുക്കൾക്കു ഇഷ്ടനായും സാതികനായും കുജൻനിന്നാൽ പ്രസിദ്ധനായും അതിപരാക്രമിയായും ദുർബുദ്ധിയായും ബുധൻനിന്നാൽ കപടപ്രവൃത്തിചെയ്യുന്നവനായും സഞ്ചാരിയായും ചാപല്യമുള്ളവനായും ഭയനീയനായും ഭവിക്കും.

മൂ— ഭ്രാതൃസ്ഥാനഗതേഗുരൌധനസ്ത്രീനിർജ്ജിതഃപാപകൃൽ
ശുക്രേസോദരഭേസരോഷവചനഃപാപീവധൂനിർജ്ജിതഃ
അല്പാശീധനശീലവംശഗുണവാൻഭ്രാതൃസ്ഥിതേഭാനുജേ
രാഹൌവിക്രമഗേതിവീര്യ്യധനികഃകേതൌഗുണീവിത്തവാൻ.

വ്യാ—മൂന്നാമിടത്തു ഗുരുനിന്നാൽ ധനം ഇല്ലാത്തവനായുംസ്ത്രീകൾക്കു കീഴടങ്ങിയവനായും പാപിയായും ശുക്രൻനിന്നാൽ കോപത്തോടുകൂടി പറയുന്നവനായും പാപിയായും സ്ത്രീകൾക്കു വശഗതനായും ശനിനിന്നാൽ അല്പഭക്ഷണംകൊണ്ടു തൃപ്തിപ്പെടുന്നവനായും ധനവാനായും സൽസ്വഭാവിയായും വംശത്തിനു ചേരുന്നഗുണം ഉള്ളവനായും രാഹുനിന്നാൽ പരാക്രമവും ധനവും ഉള്ളവനായും കേതുനിന്നാൽ ഗുണവും ധനവും ഉള്ളവനായുംഭവിക്കും.

## ചതുർത്ഥഭാവഫലം.

മൂ— ഹൃദ്രോഗീധനധാന്യബുദ്ധിരഹിതഃക്രൂരസ്സുഖസ്ഥേരവൌ
വിദ്യാശീലസുഖാന്വിതഃ പരവധൂലോലശ്ചതുർത്ഥേവിധൌ
ഭൌമേബന്ധുഗതേതുബന്ധുരഹിതസ്ത്രീഭിർജ്ജിതശ്ശൌണ്ഡവാൻ
ബന്ധുസ്ഥശശിജേവിബന്ധുരമലജ്ഞോനീധനീപണ്ഡിതഃ. ൩൯

വ്യാ—നാലാമിടത്തു സൂര്യൻനിന്നാൽ ഹൃദ്രോഗം (നെഞ്ചിനകത്തുരോഗം)ഉള്ളവനായും ധനവും ധാന്യവും ബുദ്ധിയും ഇല്ലാത്തവനായും ക്രൂരനായും ചന്ദ്രൻനിന്നാൽ വിദ്വാനായും സൽപ്രകൃതിയായും സുഖമുള്ളവനായും അന്യസ്ത്രീകളെആഗ്രഹിക്കുന്നവനായും കുജൻനിന്നാൽ ബന്ധുക്കൾ ഇല്ലാത്തവനായും സ്ത്രീജിതനായും ശൂരനായും

ബുധൻനിന്നാൽ ബന്ധുഹീനനായും ജ്ഞാനിയായും ധനവും വിദ്യയും ഉള്ളവനായും ഭവിക്കും.

മൂ— വാഗ്മീധനീസുഖയശോബലത്രുപശാലീ
ജാതശ്ശംപ്രകൃതിരിന്ദ്രഗുരൌചതുർത്ഥേ
സ്ത്രീഭിർജ്ജിതസ്സുഖയശോധനബന്ധുവിദ്യാ
വാചാലകോട്ടഗുസുതേയദിബന്ധുയാതേ. ൫൫

വ്യാ—നാലാമിടത്തു ഗുരുനിന്നാൽ വാഗ്മിയായുംധനവും സുഖവും യശസ്സും ബലവും സൌഭാഗ്യവും ഉള്ളവനായും ശഠനായും ശുക്രൻ നിന്നാൽ സ്ത്രീകൾക്ക് വശഗതനായും സുഖവും കീർത്തിയും ധനവും ബുദ്ധിയും വിദ്യയും വാക്കുസാമർത്ഥ്യവും ഉള്ളവനായും ഭവിക്കും.

മൂ— അചാരഹീനഃ കപടീചമാതു
ക്ലേശാന്വിതോഭാനുസുതേസുഖസ്ഥേ
രാഹൌകളത്രാദിജനാവരോധീ
കേതൌസുഖസ്ഥേചപരാപവാദീ. ൫൯

വ്യാ—നാലാമിടത്തു ശനിനിന്നാൽ കുലാചാരങ്ങൾ ഇല്ലാത്തവനായും കള്ളനായും അമ്മയെ ദുഃഖിപ്പിക്കുന്നവനായും രാഹുനിന്നാൽ ഭാര്യാദികൾക്ക് വിപരീത പ്രവൃത്തികളെ ചെയ്യുന്നവനായും കേതുനിന്നാൽ അന്യന്മാരാൽ അപവദിക്കപ്പെട്ടവനായും ഭവിക്കും.

പഞ്ചമഭാവഫലം.

മൂ— രാജപ്രിയശ്ചഞ്ചലബുദ്ധിയുക്തഃ
പ്രവാസശീലസ്സുതഗേദിനേശേ
മന്ത്രക്രിയാസക്തമനാടയാലു-
ർന്നീമനസ്വീതനയേസതീന്ദ്രേ. ൬൦

വ്യാ—അഞ്ചാമിടത്തു സൂര്യൻനിന്നാൽ രാജപ്രീയനായും മനസ്സിന്ന് ഉറപ്പില്ലാത്തവനായും അന്യദേശവാസിയായും ചന്ദ്രൻനിന്നാൽ മന്ത്രങ്ങളിലും ക്രിയകളിലും ആലോചനകളിലും പ്രവൃത്തികളിലും താല്പര്യവും സാമർത്ഥ്യവും ഉള്ളവനായും ധനവും ബുദ്ധിയും ഉള്ളവനായും ഭവിക്കും.

മൂ— ക്രൂരോടനശ്ചപലസാഹസികോവിധർമ്മാ
ഭോഗീധനീചയദിപഞ്ചമഗേധരാജ്ഞേ
മന്ത്രാഭിചാരകുശലസ്സുതദാരചിത്ത
വിദ്യായശോബലയുതസ്സുതഗേസതിജ്ഞേ. ൬൨

വ്യാ—അഞ്ചാമിടത്തു കുജൻനിന്നാൽ ക്രൂരനായും സഞ്ചാരിയായും ചപലനായും സാഹസിയായും ആചാരങ്ങൾ ഇല്ലാത്തവനായും സുഖവും ധനവും ഉള്ളവനായും ബുധൻ നിന്നാൽ മന്ത്രശാസ്ത്രങ്ങളിലും അഭിചാരങ്ങളിലും സാമർത്ഥ്യമുള്ളവനായും ഭാര്യാപുത്രാദികളും വിദ്യയും ധനവും ഉള്ളവനായും യശസ്വിയായും ബലവാനായും ഭവിക്കും.

മൂ— മന്ത്രീഗ്രണീർവിഭവസാരസമന്വിതസ്സ്യാ
ദ്ഭൂപാത്മജസ്സുരഗുരൌസുതരാശിയാതേ
സൽപുത്രമിത്രധനവാഹനഭൂപശാലീ
സേനാതുരംഗപതിരാത്മജഭേചശുക്രേ. സാ൨

വ്യാ—അഞ്ചാമിടത്തു് ഗുരു നിന്നാൽ മന്ത്രിയായും അല്ലെങ്കിൽ തന്ത്രജ്ഞനായും ഗുണങ്ങളും സകല ഗുഹോപകരണങ്ങളും ഉള്ളവനായും പുത്രന്മാർ ചുരുങ്ങിയവനായും ശുക്രൻനിന്നാൽ സൽപുത്രന്മാരും ബന്ധുക്കളും ധനവും വാഹനങ്ങളും സൌഭാഗ്യവും സേനാനായകത്വവും ഉള്ളവനായും ഭവിക്കും.

മൂ— മത്തശ്ചിരായുരസുഖീചപലശ്ചധർമ്മീ
ജാതോജിതാരിനിചയസ്സുതഗേക്കപുത്രേ
ഭീരുർദയാലുരധനസ്സുതഗേഷ്ഠനീന്ദ്രേ
കേതൌശഠസ്സുലിലഭീരുരതീവഭോഗീ. സാ൩

വ്യാ—അഞ്ചാമിടത്തു ശനിനിന്നാൽ ഭ്രാന്തനായും ദീർഘായുസ്സായും സുഖമില്ലാത്തവനായും ചപലനായും ധർമ്മിയായും ശത്രുക്കളെ ജയിച്ചവനായും രാഹുനിന്നാൽ ഭയമുള്ളവനായും ധനം ഇല്ലാത്തവനായും ദയയുള്ളവനായും കേതു നിന്നാൽ ശഠനായും ജലസഞ്ചാരം മുതലായവയിൽ ഭയമുള്ളവനായും സുഖാനുഭവങ്ങളുള്ളവനായും ഭവിക്കും.

ഷഷ്ഠഭാവഫലം.

മൂ— കാമീശ്രുതോരാജപൂജ്യോവിമാനീ
പ്യാതശ്ശ്രീമാൻശത്രുയാതേദിനേശേ
അല്പായുസ്സ്യാൽക്ഷീണചന്ദ്രേരിപുസ്ഥേ
പൂർണ്ണേജാതോതീവഭോഗീചിരായുഃ. സാ൪

വ്യാ—ആറാമിടത്തു സൂര്യൻനിന്നാൽ കാമിയായും പരാക്രമിയായും രാജപൂജ്യനായും അഭിമാനവും പ്രസിദ്ധിയും സമ്പത്തും ഉള്ളവനായും ക്ഷീണചന്ദ്രൻ നിന്നാൽ അല്പായുസ്സായും പൂർണ്ണചന്ദ്രൻ നിന്നാൽ ദീർഘായുസ്സായും സുഖമുള്ളവനായും ഭവിക്കും.

മൂ— കാമീരിപുക്ഷയകരഃ പ്രബലോദരാഗ്നി
ശ്രീമാൻയശോബലയുതോവനിജേചഷഷ്ഠേ
വിദ്യാവിനോദകലഹപ്രിയകൃദ്വിശീലോ
ബന്ധുപകാരരഹിതശ്ശശിജേന്തരായേ. ൯൫

വ്യാ—ആറാമിടത്തു കുജൻനിന്നാൽ കാമിയായും ശത്രുഹന്താവായും അത്യഗ്നിയും സമ്പത്തും യശസ്സും ബലവും ഉള്ളവനായും ബുധൻ നിന്നാൽ വിദ്യകൊണ്ടു രസിക്കുന്നവനായും കലഹപ്രിയനായും ദുർബുദ്ധിയായും ബന്ധുക്കൾക്ക് ഉപകാരത്തെ ചെയ്യാത്തവനായും ഭവിക്കും.

മൂ— കാമീജിതാരിരബലോരിഗതേമരേന്ദ്യേ
ശോകാപവാദസഹിതോ ഭൃഗുജേചശത്രൌ
ബഹ്വാശനോവിഷമശീലസപത്നഭീതഃ
കാമീധനീരവിസുതേസതിഷഷ്ഠയാതേ. ൯൬

വ്യാ—ആറാമിടത്തു ഗുരുനിന്നാൽ കാമിയായും ദുർബലനായും ശത്രുക്കളെ ജയിച്ചവനായും ശുക്രൻ നിന്നാൽ ദുഃഖവും അപവാദവും ഉള്ളവനായും ശനിനിന്നാൽ വളരെ ഭക്ഷിക്കുന്നവനായും മനസ്സിന് വിഷമത ഉള്ളവനായും (നേരേയുള്ള സ്വഭാവം ഇല്ലായ്മ.) ശത്രുക്കളിൽ ഭയമുള്ളവനായും കാമിയായും ധനവാനായും ഭവിക്കും.

മൂ— രാഹൌരിപുസ്ഥാനഗതേജിതാരി
ശ്ചിരായുരത്യന്തസുഖീകുലീനഃ
ബന്ധുപ്രിയോദാരഗുണപ്രസിദ്ധോ
വിദ്യായശസ്സീരിപുഗോത്രകേതൌ. ൯൭

വ്യാ—ആറാമിടത്തു രാഹുനിന്നാൽ ശത്രുക്കളെ ജയിച്ചവനായും ദീർഘായുസ്സായും പിന്നും സുഖമുള്ളവനായും കുലശ്രേഷ്ഠനായും കേതു നിന്നാൽ ബന്ധുക്കൾക്കു ഇഷ്ടനായും വളരെ ഗുണങ്ങളും പ്രസിദ്ധിയും വിദ്യയും കീർത്തിയും ഉള്ളവനായും ഭവിക്കും.

## സപ്തമഭാവഫലം.

മൂ— സ്ത്രീദ്വേഷീദനസ്ഥിതേദിനകരേതീവ്രപ്രകോപീബല
ശ്ചന്ദ്രേകാമഗതേദ്യൂനലുരധനസ്ത്രീവശ്യകോഭോഗവാൻ
സ്ത്രീമൂലപ്രവിലാപകോരണരുചിഃ കാമസ്ഥിതേഭ്രൂമിജേ
വ്യംഗ്യശ്ശില്പകലാവിനോദചതുരസ്താരാസുതേസപ്തഗതേ. ൯൮

വ്യാ—ഏഴാമിടത്തു സൂര്യൻനിന്നാൽ സ്ത്രീകളെ ദ്വേഷിക്കുന്നവനായും അതികോപവും ദുഃശീലവും ഉള്ളവനായും ചന്ദ്രൻനിന്നാൽ ഭയങ്കു

വായും ധനം ഇല്ലാത്തവനായും സ്ത്രീകൾക്കു വശഗതനായും സുഖിയായും കുജൻ നിന്നാൽ സ്ത്രീകൾ ഹേതുവായിട്ട് ദുഃഖിക്കുന്നവനായും യുദ്ധപ്രിയനായും ബുധൻനിന്നാൽ അംഗഭംഗവും ശില്പവിദ്യയുമുള്ളവനായും ഭവിക്കും.

മൂ— ധീരശ്ശാരുകളത്രവാൻപിതൃഗുരുദ്വേഷിമദസ്ഥഗുരൌ
വേശ്യാസ്ത്രീജനവല്ലഭോതിസുഭഗോവ്യംഗസ്സിതേകാമഗേ
ഭാരാധ്വാശ്രമതശ്ചധീരധനികോമന്ദേമദസ്ഥാനഗേ
ഗച്ഛീജാരശിഖാമണിഃഫണിപതൌകാമസ്ഥിതേരോഗവാൻ. നൻ

വ്യാ—ഏഴാമിടത്തു ഗുരുനിന്നാൽ ധൈര്യവും നല്ല ഭാര്യമാരും പിതാവിലും ഗുരുജനങ്ങളിലും ദ്വേഷവും ഉള്ളവനായും ശുക്രൻനിന്നാൽ വേശ്യാഭർത്താവായും സൌന്ദര്യവും അംഗഭംഗവും ഉള്ളവനായും ശനിനിന്നാൽ ഭാരങ്ങൾ ചുമടുത്തും (ചുമട്ട്) വഴിനടന്നും കഷ്ടപ്പെടുന്നവനായും ദരിദ്രനായും രാഹുനിന്നാൽ അഹങ്കാരിയായും ജാരമുഖ്യനായും രോഗിയായും ഭവിക്കും.

മൂ — അനംഗഭാവോപഗതേതുകേതൌ
കുദാരകോവീതകളത്രഭോഗഃ
നിശ്രീവ്വിശീലഃപരിദീനവാക്യ
സ്സദാടനോമൂർഖജനാഗ്രഗണ്യഃ. ൧൦

വ്യാ—ഏഴാമീടത്തു കേതുനിന്നാൽ വിരൂപയായ ഭാര്യയുള്ളവനായും ഭാര്യാസുഖവും ശ്രീയും ഇല്ലാത്തവനായും ദീനവാക്കായും സഞ്ചാരിയായും മൂർഖനായും ഭവിക്കും.

അഷ്ടമഭാവഫലം.

മൂ— മനോഭിരാമഃ കലഹപ്രവീണഃ പരാഭവോവാദിനമപ്രനഷ്ടഃ
രണോൽസുകസ്ത്യാഗവിഹീനവിദ്യാ ശീലശ്ശശാങ്കേസതിരന്ധ്രയാതേ. ൧൧

വ്യാ—എട്ടാമിടത്തു സൂര്യൻനിന്നാൽ മനോഹരനായും യുദ്ധത്തിൽ സമർത്ഥനായും ഒന്നുകൊണ്ടും തൃപ്തിയില്ലാത്തവനായും ചന്ദ്രൻനിന്നാൽ യുദ്ധത്തിൽ ഉത്സാഹം ഉള്ളവനായും ദാനംചെയ്യാത്തവനായും ദുസ്വഭാവിയായും ഭവിക്കും.

മൂ— വിനീതവേഷോധനവാൻഗണേശോ
മഹീസുതേരന്ധ്രഗതേതുജാതഃ
വിനീതബാഹുല്യഗുണപ്രധാനോ
ധനീസുധാരശ്മിസുതേഷ്ടമസ്ഥേ. ൧൨

വ്യാ—എട്ടാമിടത്തു കുജൻനിന്നാൽ വസ്ത്രാഭരണാദിവേഷങ്ങളിൽ വളരെ താല്പര്യമില്ലാത്തവനായും ധനവാനായും സംഘത്തിന്റെയൊ സമുദായത്തിന്റെയോ നാഥനായും ബുധൻനിന്നാൽ വിനയപ്രധാനിയായും (മനസ്സിനടക്കമുള്ളവൻ) വളരെ ഗ്രണങ്ങളും ധനവും ഉള്ളവനായും ഭവിക്കും.

മൂ— മേധാവീനീചകർമ്മായദ്ദിവിജഗ്രഹരന്ധ്രസ്ഥയാതേചിരായുർ
ദീർഘായുസ്സുഖാതുലനാലവിഭവോഭാർഗ്ഗവേവാഷ്ടമസ്ഥേ
ശുക്രോരോഷാഗ്രഗണ്യോവിഗതബലധനോഭാനുജേരന്ധ്രയാതേ
രാഹൌക്ലേശാപവാദീപരിഭവഗ്രഹഗേദീർഘസൂത്രീചരോഗീനൃ

വ്യാ—എട്ടാമിടത്തു ഗുരുനിന്നാൽ ബുദ്ധിമാനായും നീചകർമ്മം ചെയ്യുന്നവനായും (കർമ്മപുഷ്ടിയില്ലാത്തവനായാലുംമതി) ദീർഘായുസ്സായും ശുക്രൻനിന്നാൽ ദീർഘായുസ്സും സുഖവും അതിബലവും ധനവും ഉള്ളവനായും ശനി നിന്നാൽ ശൌര്യവും കോപവും ധനവും ബലവും ഇല്ലാത്തവനായും രാഹുനിന്നാൽ ക്ലേശവും അപവാദവും രോഗവും ഉള്ളവനായും ദീർഘസൂത്രിയായും (വളരേക്കാലംകൊണ്ടു കാര്യങ്ങളെ പ്രവർത്തിക്കുന്നവൻ) ഭവിക്കും.

മൂ— കേതൌയദ്യാരന്ധ്രഗഹോപയാതേ
ജാതഃപരദ്രവ്യവധൂരതേച്ഛുഃ
രോഗദ്വിരാചാരരതോതിലുബ്ധ
സ്സൌമ്യേക്ഷിതേതീവധനീചിരായുഃ. ൬൫

വ്യാ—എട്ടാമിടത്തു കേതുനിന്നാൽ പരദ്രവ്യത്തെയും പരസ്ത്രീകളെയും ഇഷ്ടമുള്ളവനായും രോഗിയായും പാപിയായും ലുബ്ധനായും ആ കേതുവിന് ശുഭദൃഷ്ടി ഉണ്ടെങ്കിൽ ദീർഘായുസ്സായും ധനവാനായും ഭവിക്കും.

നവമഭാവഫലം.

മൂ— ആദിത്യേനവമസ്ഥിതേപിതൃഗുരുദ്വേഷ്ടീവിധർമ്മാശ്രിത
ശ്ചന്ദ്രേപൈതൃകദേവകാര്യനിരതസ്ത്യാഗീഗുരുസ്ഥേയദാ
ഭൃസൂനൌയദിപിതൃനിഷ്ഠസഹിതഃപ്രോതശുഭസ്ഥാനഗേ
സൌമ്യേധർമ്മസമന്വിതേചധനികശ്ശാസ്ത്രീശുഭാചാരവാൻ. ൬൬

വ്യാ—ഒൻപതാമിടത്തു സൂര്യൻനിന്നാൽ പിതാവിനെയും ഗുരുജനങ്ങളെയും ദ്വേഷിക്കുന്നവനായും ആചാരവും ധർമ്മവും ഇല്ലാത്തവനായും ചന്ദ്രൻ നിന്നാൽ പിതൃകാര്യങ്ങളിലും ദേവകാര്യങ്ങളിലും ശ്രദ്ധയുള്ളവനായും ദാതാവായും കുജൻനിന്നാൽ അച്ഛന്റെ അനി

൬൭

ഷ്ടം സമ്പാദിച്ചുവനായും പ്രസിദ്ധനായും ബുധൻനിന്നാൽ ധനവാനായും വിദ്വാനായും സൽക്കർമ്മിയായും ഭവിക്കും.

മൂ— ജ്ഞാനീധർമ്മപരോന്നപാലസചിവോജീവേതപസ്ഥാനഗേ
വിദ്യാവിത്തകളത്രപുത്രവിഭവശ്ശുക്രേതപസ്ഥാനഗേ
മന്ദേഭാഗ്യഗൃഹസ്ഥിതേരണതലശ്ലാഘീവിദാരോചനീ
ഭാഗ്യസ്ഥേഷ്ടജുഗേതുധർമ്മജനകദ്വേഷീയശോവിത്തവാൻ. ൯൩

വ്യാ—ഒൻപതാമിടത്തു ഗുരുനിന്നാൽ ജ്ഞാനിയായും ധർമ്മിഷ്ഠനായും മന്ത്രിയായും ശുക്രൻനിന്നാൽ വിദ്യ ഭാഗ്യ ധനം പുത്രന്മാർ ഗൃഹോപകരണങ്ങൾ ഇവയുള്ളവനായും ശനിനിന്നാൽ രണശൂരനായും ഭാഗ്യമോ ഭാഗ്യാനുഭവമോ ഇല്ലാത്തവനായും ധനവാനായും രാഹുനിന്നാൽ ധർമ്മങ്ങളേയും പിതാവിനേയും നിന്ദിക്കുന്നവനായും കീർത്തിയും ധനവും ഉള്ളവനായും ഭവിക്കും.

മൂ— കേതൌഗുരുസ്ഥാനഗതേതുകോപീ
വാഗ്മീവിധർമ്മാപരനിന്ദകസ്സ്യാൽ
ശ്രുതിപിതൃദ്വേഷകരോതിഡംഭാ
ചാരോനിരുത്സാഹരതോഭിമാനീ. ൯൪

വ്യാ—ഒൻപതാമടത്തു കേതുനിന്നാൽ കോപിഷ്ഠനായും മിതഭാഷിയായും അധർമ്മിയായും അന്യന്മാരെ നിന്ദിക്കുന്നവനായും പിതൃദ്വേഷിയായും ശൂരനായും ഏറ്റവും ഡംഭോടുകൂടി ആചാരങ്ങളെ ചെയ്യുന്നവനായും മന്ദനായും തന്നത്താൻ യോഗ്യനാണെന്നു നടിക്കുന്നവനായും ഭവിക്കും.

ദശമഭാവഫലം.

മൂ— മാനസ്ഥിതേദിനകരേപി തുവിത്തശീല
വിദ്യായശോബലയുതോവനിപാലതുല്യഃ
ചന്ദ്രേയദാദശമഗേധനധാന്യവസ്തു
ഭൂഷാവധൂജനവിലാസകലാവിലാസഃ. ൯൫

വ്യാ—പത്താമിടത്തു സൂര്യൻനിന്നാൽ പിതൃസ്വത്തുള്ളവനായും സൽസ്വഭാവിയായും വിദ്യയും കീർത്തിയും ബലവും ധനവും രാജതുല്യതയും ഉള്ളവനായും ചന്ദ്രൻനിന്നാൽ ധനധാന്യങ്ങളും വസ്ത്രാഭരണാദികളും ഉള്ളവനായും സ്ത്രീകളുടെ ശൃംഗാരാദി ചേഷ്ടകളെ അനുഭവത്തിക്കുന്നവനായും ഭവിക്കും.

മൂ— മേഷ്ടുരണസ്ഥേനിജേതുജാതഃ
പ്രതാപവിത്തപ്രബലപ്രസിദ്ധഃ

വ്യാപാരേചന്ദ്രസുതേസമസ്ത
വിദ്യായശോവിത്തവിലാസശീലഃ. ൯൯

വ്യാ—പത്താമിടത്തു കുജൻനിന്നാൽ പ്രതാപവും ധനവും ബല വും പ്രസിദ്ധിയും ഉള്ളവനായും ബുധൻനിന്നാൽ സകല വിദ്യകളെ ക്കൊണ്ടും ധനങ്ങളെക്കൊണ്ടും വിനോദിക്കുന്നവനായും കീർത്തിമാനാ യും ഭവിക്കും.

മൂ— സിദ്ധാരംഭസ്സാധുവിത്തസ്സുധർമ്മീ
വിദ്വാന്നാഢ്യോമാനഗേചാമരേഢ്യേ
ശുക്രേകർമ്മസ്ഥാനഗേകർഷകസ്സ്യാ
ദ്വസ്ത്രാന്മൂല്യാല്ലബ്ധവിത്തോവിഭുശ്ച. ൧൦൦

വ്യാ—പത്താമിടത്തു ഗുരുനിന്നാൽ തുടങ്ങുന്ന കാര്യങ്ങളെ ഒക്കെ യും സാധിക്കുന്നവനായും ന്യായമായി സമ്പാദിച്ച ധനമുള്ളവനായും ധർമ്മകാര്യങ്ങളും വിദ്യയും സകലവിധ സമ്പത്തുകളും ഉപകരണങ്ങളും ഉള്ളവനായും ശുക്രൻനിന്നാൽ കൃഷിക്കാരനായും വസ്ത്രങ്ങളും മറ്റും വിറ്റു ധനംസമ്പാദിക്കുന്നവനായും വിഭുവായും ഭവിക്കും.

മൂ— മന്ദേന്ദ്വോദശമഗേയദിടണ്ഡകർത്താ
മാനീധനീനിജകുലപ്രഭുരശ്വശൂരഃ
ചോരക്രിയാനിപുണബുദ്ധിരതോവിശീലോ
മാനസ്ഥിതേഥണിപതൌതുരണോൽസുകസ്സ്യാൽ. ൧൦൧

വ്യാ—പത്താമടത്തു ശനിനിന്നാൽ ശിക്ഷാധികാരവും മാനവും ധനവും ഉള്ളവനായും വംശത്തെ ഉയർത്തുന്നവനായും ശൂരനായും രാഹുനിന്നാൽ മോഷണത്തിൽ സമർത്ഥനായും ദുസ്വഭാവിയായും യുദ്ധ പ്രിയനായും ഭവിക്കും.

മൂ— സുധീർബലീശില്പവിദാത്മബോധീ
ജനാനുരാഗീക്ഷവിരോധവൃത്തിഃ
കഥാത്മകശ്ശൂരഗണാഗ്രഗണ്യോ
യദാടനഃകർമ്മഗതേതുകേതൌ. ൧൦൨

വ്യാ—പത്താമിടത്തു കേതുനിന്നാൽ സൽബുദ്ധിയായും ബലവാ നായും ശില്പവിദ്യയുള്ളവനായും ആത്മബോധം ഉള്ളവനായും ജന ങ്ങളെ സ്നേഹിക്കുന്നവനായും ജനങ്ങൾക്ക് ഹിതമല്ലാത്ത പ്രവൃത്തി ചെയ്യുന്നവനായും കഥപ്രകൃതിയായും ശൂരനായും സഞ്ചാരിയായും ഭവിക്കും.

൭കാദശഭാദശഫലം.

മൂ— ഭാനൗലാഭഗതേ വിത്തവിപുലസ്ത്രീപുത്രദാരാന്വിത-
സ്സന്തുഷ്ടശ്ചവിഷാദശീലധനികോലാഭസ്ഥിതേശീതഗൌ
ആത്മസ്ഥാധരണീസുതേ ചതുരവാക്കാമീധനീശൌസ്ഥിവാൻ
സൌമ്യേലാഭഗൃഹംഗതേനിപുണധീവിദ്യായശസ്വീധനീ. ൧൩

വ്യാ—പതിനൊന്നാമിടത്തു സൂര്യൻ നിന്നാൽധനവും ഭാര്യാപുത്രാദികളുള്ളവനായും അനേകം ദാസിമാരുള്ളവനായും ചന്ദ്രൻ നിന്നാൽ മനസ്സന്തോഷമുള്ളവനായും വിഷാദമുള്ളവനായും സൽപ്രകൃതിയും, ധനവും ഉള്ളവനായും കുജൻ നിന്നാൽ സമയോചിതമായ വാക്കുസാമർത്ഥ്യവും കാമശീലവും ധനവും ശൂരതയും ഉള്ളവനായും ബുധൻ നിന്നാൽ ബുദ്ധിസാമർത്ഥ്യവും വിദ്യയും യശസ്സും ധനവും ഉള്ളവനായും ഭവിക്കും.

മൂ— ആയസ്ഥമംത്രിണിപ്രബലധീവിഖ്യാതനാമാധനീ
ലാഭഃസ്വഭൂഗുജേനുഖീവരവധൂലോലോടനോവിത്തവാൻ
ഭോഗീഭൂപരിലബ്ധധവിത്തവിപുലഃപ്രാപ്തിംഗതേഭാനുജേ
രാഹൌശ്രോത്രവിനാശകാരണതലശ്ശാംഖീധനീപണ്ഡിതഃ. ൧൪

വ്യാ—പതിനൊന്നാമിടത്തു ഗുരുനിന്നാൽ ബുദ്ധിശക്തിയും സ്ഥിരതയും അതി പ്രസിദ്ധിയും ധനവും ഉള്ളവനായും ശുക്രൻ നിന്നാൽ സുഖം അനുഭവിക്കുന്നവനായും പരസ്ത്രീരതനായും സഞ്ചാരിയായും ധനിയായും ശനി നിന്നാൽ അനുഭവസുഖം ഉള്ളവനായും രാജാവിങ്കൽ നിന്നു ധനം ലഭിച്ചവനായും രാഹുനിന്നാൽ ചെവി കേൾക്കാൻ വഹിയാത്തവനായും യുദ്ധസാമർത്ഥ്യവും ധനവും വിദ്യയും ഉള്ളവനായും ഭവിക്കും.

മൂ— ഉപാന്ത്യയാതേശിഖിനിപ്രതാപീ
പരപ്രിയശ്ചാന്യജനാഭിവന്ദ്യഃ
സന്തുഷ്ടചിത്തഃപ്രഭൂതുല്യഭോഗീ
ശുഭക്രിയാചാരരതഃപ്രജാതഃ. ൧൫

വ്യാ—പതിനൊന്നാമിടത്തു കേതുനിന്നാൽ പ്രതാപിയായും ശത്രുക്കളില്ലാത്തവനായും അന്യന്മാരാൽ വന്ദ്യനായും സന്തോഷവും പ്രഭുതുല്യസൌഖ്യവും ധർമ്മവും ഉള്ളവനായും ഭവിക്കും.

## ദ്വാദശഭാവഫലം.

മൂ— വ്യയസ്ഥിതേപൂഷ്ണിപുത്രശാലീ
വ്യംഗസ്സുധീരശ്ചപതിതോടനസ്സച്ച്വാൽ
ചന്ദ്രേന്ത്യയാതേതുവിദേശവാസീ
ഭൌമേവിരോധീനയനാമയാചീ. ൭൯

വ്യാ—പന്ത്രണ്ടാമിടത്തു സൂര്യൻ നിന്നാൽപുത്രന്മാരും അംഗഹാനതയും ധൈര്യവും ഉള്ളവനായും ഭ്രഷ്ടനായും സഞ്ചാരിയായും ചന്ദ്രൻ നിന്നാൽ അന്യദേശവാസിയായും കുജൻ നിന്നാൽ വിരോധശീലനായും ഇടത്തുകണ്ണിനു് നൂപക്കേടുള്ളവനായും ഭവിക്കും. (ഭൌമേവിരോധീധനദാരഹീനഃ. എന്നു് പാഠാന്തരം.)

മൂ— ബന്ധുദ്വേഷ്കരോധനീവിഗതധീസ്താരാസുതേന്ത്യംഗതേ
ചാവ്കീചപലോടനഃഖലമതിർജ്ജീവേവ്യയസ്ഥാനഗേ
ശുക്രേബന്ധുവിനാശകാന്ത്യഗൃഹഗോജാരോപചാരീധനീ
മന്ദേരിപ്ഫഗൃഹംഗതോവികലധീർമ്മൂർഖോധനീവഞ്ചകഃ. ൮൦

വ്യാ—പന്ത്രണ്ടാമിടത്തു ബുധൻ നിന്നാൽ ബന്ധുദ്വേഷിയായും ദരിദ്രനായും (മൂഢനായും) ഗുരുനിന്നാൽ ചാവ്കിയായും (ദീനൻ, പാപൻ) ചപലനായും ദുർബുദ്ധിയായും ശുക്രൻ നിന്നാൽ ബന്ധുക്കളെ നശിപ്പിക്കുന്നവനായും ജാരനായും ധനിയായും ശനി നിന്നാൽ ബുദ്ധിക്കു് ഉറപ്പില്ലാത്തവനായും മൂർഖനായും ദരിദ്രനായും ചതിയനായും ഭവിക്കും. (പന്ത്രണ്ടിലെ ബുധന്റെ അനുഗ്രഹീതവാക്യമലസ്യം പരിഭ്രതംവാഗ്മിനംതഥാപ്രാജ്ഞം വ്യയഗഃകുരുതേ സൌമ്യഃ പുരുഷംദീനം ഗുരുംസംജ്ഞ ചാവ്കിനം, കുജന്റെ നാനാവികാരീപതിതോജ്ഞായാമ്പസൂചകശ്ച രൌദ്രശ്ചാദശഗേപരിഭ്രതോബന്ധനാഭാഗവതിഭ്രപുത്രേ എന്നും പാഠാന്തരങ്ങളുണ്ടു്.)

മൂ— വിധുസ്തുതേ ഗിഫഗതേവിശീല
സ്സമ്പന്നശാലീവിപുലാശ്വസാധുഃ
പുരാണവിത്തസ്ഥിരിനാശ ഈസ്ത്യാ-
ച്ചുലോവിശീലശ്ശിഖിനിവ്യയസ്ഥ. ൮൧

വ്യാ—പന്ത്രണ്ടിൽ രാഹുനിന്നാൽ ദുർബുദ്ധിയായും ധനവാനായും വൈകല്യം ഉള്ളവനായും സജ്ജനമായും കേതു നിന്നാൽ പൂർവ്വസ്വത്തിനെ നശിപ്പിക്കുന്നവനായും ചപലനായും ദുർബുദ്ധിയായും ഭവിക്കും.

## ഉച്ചരാശിസ്ഥിതിഫലം.

മൂ— ഉച്ചസ്ഥേദിനനായകേസതിധനീസേനാപതിശ്ശീതഗൌ
മുഷ്ടാന്നാംബരഭൂഷണാങ്കുതനയോഭ്രാനന്ദനേവീര്യവാൻ
സൌമ്യേവംശവിവർദ്ധനോ ജനപതിശ്രീമാൻജിതാരിസ്സുഖീ
ജീവേവംശകരസ്സുശീലചതുരോവിദ്വാന്നൃപാലപ്രിയഃ. ൧൯

വ്യാ—സൂര്യൻ ഉച്ചസ്ഥനായാൽ ജാതൻ ധനവാനായും സേനാപതിയായും ചന്ദ്രൻ ഉച്ചസ്ഥനായാൽ ഭക്ഷണസുഖവും വസ്ത്രാഭരണങ്ങളും ഉള്ളവനായും കുജൻ ഉച്ചസ്ഥനായാൽ നിന്ദിതപുത്രന്മാരുള്ളവനായും ശൂരനായും ബുധൻ ഉച്ചസ്ഥനായാൽ വംശവൃദ്ധിയെ ചെയ്യുന്നവനായും ജനപ്രധാനിയായും ധനിയായും ശത്രുക്കൾ ഇല്ലാത്തവനായും സുഖിയായും ഗുരു ഉച്ചസ്ഥനായാൽ വംശത്തെ നിലനിർത്തുന്നവനായുംസൽപ്രകൃതിയും ചാതുര്യവും വിദ്വത്വും രാജപ്രീതിയുമുള്ളവനായും ഭവിക്കും.

മൂ— ശുക്രേസൌഭാഗ്യഗേവിലാസവനിതാസംഗീതനൃത്തപ്രിയോ
മന്ദേഗ്രാമപുരാടവീക്ഷിതിപതിർജ്ഞാതഃകുനാരീരതഃ
രാഹൌചോരജനാധിപഃ കുലവരശ്ശൂരേകുമ്മീധനീ
കേതൌചോരതസ്കരാഹീനാധരണീപാലപ്രിയോജായതേ. ൨൦

വ്യാ—ശുക്രൻഉച്ചസ്ഥനായാൽ ശൃംഗാരചേഷ്ടകളിലും സ്ത്രീകളിലും സംഗീതത്തിലും നൃത്തംമുതലായതിലും താല്പര്യമുള്ളവനായും ശനിഉച്ചസ്ഥനായാൽ ഗ്രാമങ്ങൾക്കും പുരങ്ങൾക്കും വനങ്ങൾക്കും ഭൂമിക്കും അധിപനായും കുത്സിതസ്ത്രീകളിൽ രമിക്കുന്നവനായും (വൃത്തിഹീനത്വമുള്ളസ്ത്രീകൾ) രാഹു ഉച്ചസ്ഥനായാൽ കള്ളന്മാർക്ക് നാഥനായും വംശത്തിൽ ശ്രേഷ്ഠനായും ശൌര്യവും ധനവും ദുഷ്ടന്മാരും ഉള്ളവനായും കേതു ഉച്ചസ്ഥനായാൽ കള്ളന്മാരിൽ ഇഷ്ടമുള്ളവനായും ഹീനന്മാരായ രാജാക്കന്മാരുടെ സേവകനായും ഭവിക്കും.

മൂ— ഏകസ്സ്വതുംഗഗഃഖേടോ മിത്രഗ്രഹനിരീക്ഷിതഃ
ജനായുഷ്യവനീശന്തം പൂജ്യംശസ്യംസുഹൃദ്വൃതം. ൨൧

വ്യാ—ഒരുഗ്രഹം ഉച്ചത്തിൽ ബന്ധുഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടിനിന്നാൽ ജാതൻ രാജാവായും മാന്യനായും പ്രസിദ്ധനായും ബന്ധുക്കളുള്ളവനായും ഭവിക്കും.

മൂ— ഉച്ചസ്ഥൈകുവിയച്ചരേബലയുതോജാതസ്സുധന്യോധനീ
സാധന്യഃഖചരേഷുയത്രിഷുയദാജാതോവനീശോഭവേൽ
ഉച്ചസ്ഥേഷുശുഭഗ്രഹേഷുബലവാൻകേന്ദ്രേഷുഭൂപാലരാൾ
പഞ്ചവ്യോമചരേഷുതുംഗഭവനപ്രാപ്തേഷുലോകേശ്വരഃ. ൨൨

വ്യാ—ഒരു ഗ്രഹം ഉച്ചത്തിൽനിന്നാൽ ജാതൻ ബലവാനായും ധനവാനായും ധന്യനായും രണ്ടുഗ്രഹം ഉച്ചത്തിൽനിന്നാൽസാമന്തരാജാവായും മൂന്നുഗ്രഹം ഉച്ചത്തിൽനിന്നാൽ രാജാവായും നാലു ഗ്രഹം ഉച്ചത്തിൽനിന്നാൽ ബലവാനായ രാജാവായും ആ ഗ്രഹങ്ങൾ കേന്ദ്രത്തിൽനിലക്കുകയാണെങ്കിൽ രാജാക്കന്മാരിൽവച്ച് മുഖ്യനായും അഞ്ചു ഗ്രഹങ്ങൾ ഉച്ചത്തിലായാൽ ലോകനാഥനായും ഭവിക്കും.

മൂലത്രികോണസ്ഥിതിഫലം.

മൂ— മാത്താണ്ഡയദ്മൂലകോണഭവനേജ്ഞാരേധനീപണ്ഡിത
ശ്ചന്ദ്രേവിത്തസുഖാന്വിതശ്ചരുധിരേകോപീദയാവർജ്ജിതഃ
താരാജ്ഞേധനികോജ്ഞവീസുഗുരൌഭോഗീന്ദുപാലപ്രിയ
ശ്ശുക്രേഗ്രാമപുരാധിപസ്തരണിജേശ്ശൂരസ്സുരാഹൌധനീ. ൯൯

വ്യാ—സൂര്യൻ മൂലത്രികോണത്തിൽ നിന്നാൽ ധനവാനായും പുണ്യനായും ചന്ദ്രൻ നിന്നാൽ ധനവും സുഖവും ഉള്ളവനായും കുജൻനിന്നാൽ കോപിഷ്ടനായും കഠിനനായും ബുധൻനിന്നാൽ ധനവും ശീഘ്രഗതിയും ഉള്ളവനായും ഗുരുനിന്നാൽ സുഖവും രാജപ്രീതിയുമുള്ളവനായും ശുക്രൻ നിന്നാൽ പുരഗ്രാമങ്ങൾക്ക് നാഥനായും ശനിനിന്നാൽ ശൂരനായും രാഹുനിന്നാൽ ധനിയായും ഭവിക്കും.

സ്വക്ഷേത്രസ്ഥിതിഫലം.

മൂ— സ്വർക്ഷേഭാസ്വതിചാരുമന്ദിരഗുരാചാരോഗ്രകർമ്മീവിധൌ
തേജോരൂപയുനീകുജേകൃഷിബലഖ്യാതോബുധേപണ്ഡിതഃ
ജീവേകാവ്യകലാഗമശ്രുതിപരശ്ശുക്രേമനസ്വീധനീ
മന്ദേചണ്ഡപരാക്രമോഗതസുഖോരാഹൌയഭാവിത്തവാൻ. ൯൬

വ്യാ—സൂര്യൻ സ്വക്ഷേത്രത്തിൽ നിന്നാൽ നല്ലഭവനമുള്ളവനായും ദുഷ്കർമ്മിയായും ചന്ദ്രൻനിന്നാൽ തേജസ്വിയായും സുന്ദരനായും ധനവാനായും കുജൻനിന്നാൽ കൃഷികളും ബലവും പ്രസിദ്ധിയും ഉള്ളവനായും ബുധൻനിന്നാൽ വിദ്വാനായും ഗുരുനിന്നാൽ വേദശാസ്ത്രങ്ങളിൽ താല്പര്യമുള്ളവനായും ശുക്രൻനിന്നാൽ മനസ്സിനു് ഉറപ്പും ധനവുമുള്ളവനായും ശനിനിന്നാൽ പരാക്രമിയായും സുഖമില്ലാത്തവനായും രാഹുനിന്നാൽ ധനവാനായും ഭവിക്കും.

മൂ— സ്വജാതികല്പാധികപൂജ്യവിത്ത
ധനാധികക്ഷ്മാപതിതുല്യഭൂപാഃ
ഏകാദിഭിഃ സ്വർക്ഷഗതൈർഗ്രഹേന്ദ്രൈർ
ജാതുക്രമേണൈവഭവേന്മനുഷ്യഃ. ൯൭

വ്യാ—ഒരു ഗ്രഹം സ്വക്ഷേത്രത്തിൽ നിന്നാൽ കുലസമനായും രണ്ടു ഗ്രഹംനിന്നാൽ സ്വജാതി മുഖ്യനായും മൂന്നുഗ്രഹം നിന്നാൽ സ്വജനപൂജ്യനായും നാലുഗ്രഹം നിന്നാൽ ധനവാനായും അഞ്ചുഗ്രഹം നിന്നാൽ മഹാധനവാനായും ആറു ഗ്രഹംനിന്നാൽ രാജതുല്യനായും ഏഴ് ഗ്രഹവും സ്വക്ഷേത്രത്തിൽ നിന്നാൽ രാജാവായും ഭവിക്കും.

മിത്രക്ഷേത്രഫലം.

മൂ— മിത്രക്ഷേത്രഗതേരവൌ ദൃഢസുഹൃദ്ഭ്രാതായശസ്വീഭവേൽ
താരേശേബഹുമാനസൌഖ്യധനികോജാതോധരാനന്ദനേ
വിത്താഗാരസുഹൃൽപ്രിയശ്ശശിസുതേ ചാരസ്ഥിരാസ്യാഗ്രണീർ
ജീവേശിഷ്ടതരസ്സിതേസുഖധനീമന്ദേപരാന്നോധനീ. ൯൩

വ്യാ—സൂര്യൻ ബന്ധുക്ഷേത്രത്തിൽ നിന്നാൽ ബന്ധുബലവും ദാനശീലവും യശസ്സും ചന്ദ്രൻനിന്നാൽ ബഹുമാനവും സൌഖ്യവും ധനവും കുജൻനിന്നാൽ ഭണ്ഡാഗാരാധികാരവും ബന്ധുപ്രീതിയും ബുധൻ നിന്നാൽ സാമർത്ഥ്യവും ഫലിതങ്ങളായവാക്കുകളും ഗുരു നിന്നാൽ സൽസ്വഭാവവും ശുക്രൻ നിന്നാൽ സുഖവും ധനവും ശനിനിന്നാൽ പരാന്നഭക്ഷിത്വവും ധനവും ഉള്ളവനായും ഭവിക്കും.

മൂ— വ്യാതസ്സുഹൃദ്യുതപ്രീതശ്ചാതുർഗ്ഗുണവാൻസുധീഃ
ഭോഗീപരാന്നഭോക്താചമിത്രരാശിഫലംക്രമാൽ. ൯൪

വ്യാ—സൂര്യാദിസപ്തഗ്രഹങ്ങൾ ക്രമേണമിത്രക്ഷേത്രങ്ങളിൽനിന്നാൽ (൧) പ്രസിദ്ധിയും (൨) ബന്ധുബലവും (൩) സന്തോഷവും (൪) ചാതുർഗ്ഗുണങ്ങളും (൫) സൽസ്വഭാവും (൬) സൌഖ്യവും ശ്രീയും (൭) പരാന്നഭക്ഷിത്വവും ഭവിക്കും.

മൂ— പരദ്രവ്യോപഭോക്താചഖളകോമിത്രർക്ഷഗോഗൃഹഃ
തൌസുഹൃദ്വിതഭോഗീസ്യാത്സ്വയസ്സുപാർജ്ജിതവിത്തഭുക്. ൯൫

സുഹൃച്ഛത്രുഷ്വേതാതാഗണപഃപ്രജ്ഞപൌചരാഃ
ചമൂപഷ്ഠർക്ഷഗ്രഹാസ്സപ്തഗ്രഹാശ്ചാരണീപതിഃ. ൯൬

വ്യാ—ഒരു ഗ്രഹം ബന്ധുക്ഷേത്രത്തിൽ നിന്നാൽ ജാതൻ അന്യന്റെ ദ്രവ്യംകൊണ്ട് ഉപജീവിക്കുന്നവനായും രണ്ടുപേർ നിന്നാൽ ബന്ധുക്കളില്ലാത്തവനായും സുഖമുള്ളവനായും മൂന്നുപേർ നിന്നാൽ സ്വാർജ്ജിത ദ്രവ്യംകൊണ്ട് ജീവിക്കുന്നവനായും നാലുപേർ നിന്നാൽ ദാനശീലനായും അഞ്ചുപേർ നിന്നാൽ സ്വജനനാഥനായും ആറുപേർ നിന്നാൽ സ്വജനനായകനായും ഏഴുപേർ നിന്നാൽ രാജാവായും ഭവിക്കും.

മൂ— ത്രിഭിരുച്ചൈംഗതൈർഭ്രൂപസ്ഥൈർഭവന്ത്രീസ്ഥരാശിഷു
ത്രിഭിരസ്തംഗതൈർദ്വാസസ്ഥൈർഭവന്നീചഗതൈർജ്ജളഃ ൧൦൦

വ്യാ—മൂന്നുഗ്രഹങ്ങൾ ഉച്ചത്തിൽ നിന്നാൽ രാജാവായും മൂന്നുഗ്രഹങ്ങൾ സ്വക്ഷേത്രത്തിൽ നിന്നാൽ മന്ത്രിയായും മൂന്നുഗ്രഹങ്ങൾക്ക് മൌഢ്യം ഉണ്ടായാൽ ദാസനായും മൂന്നുഗ്രഹങ്ങൾ നീചത്തിൽ നിന്നാൽ അറിവില്ലാത്തവനായും ഭവിക്കും.

ശത്രുക്ഷേത്രസ്ഥിതിഫലം.

മൂ— ശത്രുക്ഷേത്രഗതേഽവനിതനുഹൃത്ത്യാഗീചസേവാപര
ശ്ചിന്താശൌണ്ഡിമാതുദുഃഖനിരതോഹൃദ്രോഗശാലീഭവേൽ
ഭ്രൂസൂനൌവികലോകുരൂഞ്ജകഠിനസ്സുഖ്യേസുഖീപാപധീ
ജ്ജീവേഭാഗ്യരതസ്സിതേതരുഭൃതകോമന്ദേധ്വശോകാകുലഃ. ൧൦൧

വ്യാ—സൂര്യൻ ശത്രുക്ഷേത്രത്തിൽ നിന്നാൽ അച്ഛനാലും ബന്ധുക്കളാലും ഉപേക്ഷിക്കപ്പെട്ടവനായും ദാസനായും ചന്ദ്രൻ നിന്നാൽ അമ്മയെ ദുഃഖിപ്പിക്കുന്നവനായും ഹൃദയരോഗിയായും കുജൻ നിന്നാൽ അംഗവൈകല്യമുള്ളവനായും ഉപകാരസ്മരണ ഇല്ലാത്തവനായും കഠിനനായും ബുധൻ നിന്നാൽ സുഖമില്ലാത്തവനായും പാപിയായും ഗുരു നിന്നാൽ ഭാഗ്യമില്ലാത്തവനായും ശുക്രൻ നിന്നാൽ ഭൃത്യനായും ശനി നിന്നാൽ വഴിനടന്നു ബുദ്ധിമുട്ടുന്നവനായും ഭവിക്കും.

മൂ— മിശ്രദ്വാരിപുഗാഃപഞ്ചഷഡംഗ്രഹാഃഖിനസൌഖ്യദാഃ
സപ്തദുഃഖകരാസ്സപ്തമൂഢാഃകുര്വന്ത്യശോഭനം. ൧൦൨

വ്യാ—അഞ്ചുഗ്രഹങ്ങൾ ശത്രുഗ്രഹത്തിൽ നിന്നാൽ ഗുണദോഷമിശ്രഫലത്തേയും ആറു ഗ്രഹങ്ങൾ നിന്നാൽ ദുഃഖത്തേയും ഏഴുഗ്രഹങ്ങൾ നിന്നാൽ എപ്പോഴും ദുഃഖത്തേയും കൊടുക്കും. ഇവക്കു മൌഢ്യം ഉണ്ടായാൽ ദോഷഫലങ്ങൾ ഉണ്ടാകുന്നതാണ്.

നീചരാശിസ്ഥിതിഫലം.

മൂ— നീചസ്ഥദിനനായകേതുപതിതോബന്ധുപ്രസേവാപര
ശ്ചിന്താശൌണ്ഡസരുജേ ല്പപുണ്യധനവാൻഭൌമേകുരൂപ്പീഡിതഃ
ക്ഷുദ്രീബന്ധുവിരോധകൃച്ഛശിസുതേജ്ജീവേപവാദീഖല
ശ്ശുക്രേദുഃഖകരോധനൈഖലരതസ്സൌരികോവിപന്നശ്ശനൌ. ൧൦൩

വ്യാ—സൂര്യൻ നീചത്തിൽ നിന്നാൽ ഭ്രഷ്ടനായും ബന്ധുക്കളെ ആശ്രയിക്കുന്നവനായും ചന്ദ്രൻ നിന്നാൽ രോഗിയായും ധനവും പുണ്യവും കുറഞ്ഞവനായും കുജൻ നിന്നാൽ കുരൂപിയായും ദരിദ്രനാ

യും ബുധൻ നിന്നാൽ അല്പനായും (ക്ഷുദ്രം മുതലായ ദുഷ്കർമ്മം ചെയ്യുന്നവനാകാം) ബന്ധുക്കളെ മുഷിപ്പിക്കുന്നവനായും ഗുരു നിന്നാൽ അപവാദം (പഴി) ഉള്ളവനായും ദുർബുദ്ധിയായും ശുക്രൻ നിന്നാൽ ദുഃഖിയായും ദരിദ്രനായും ദുഷ്ടസ്ത്രീകൾ ഉള്ളവനായും ശനി നിന്നാൽ ദുഃഖിയായും ദുർബുദ്ധിയായും ഭവിക്കും.

മൂ— സ്വോച്ചഭാവേഷ്വഥലംസമഗ്രം
ത്രികോണവത്സ്യാൽഫലമംശകേഷു
സ്വർക്ഷാശിതുല്യംസുഹൃദംശകേഷു
നീചാരിമൂഢേഷ്വപരിരാശിതുല്യം. ൪൦൯

വ്യാ—ഗ്രഹങ്ങൾ തന്റെ ഉച്ചക്ഷേത്രത്തിൽ നിന്നാൽ ഫലങ്ങൾ പൂർണ്ണമായും ഉച്ചാംശകത്തിന്റെ ഫലം മൂലത്രികോണം പോലെയും മൂലത്രികോണത്തിന്റെ ഫലം സ്വക്ഷേത്രംപോലെയും സ്വക്ഷേത്രത്തിന്റെ ഫലം ബന്ധുക്ഷേത്രംപോലെയും നിരൂപിക്കണം. നീച ശത്രുക്ഷേത്രാദ്യം ഇവയ്ക്കെല്ലാം ശത്രുക്ഷേത്രഫലത്തെ തന്നെ പറഞ്ഞുകൊള്ളണം.

മൂ— കേന്ദ്രത്രികോണഗാസ്സ്വവേശുഭോബലിനഃശുഭാഃ
ത്രിഷഡായഗതാഃപാപാബലിനോയദിശോഭനാഃ. ൪൦൰

വ്യാ—ശുഭഗ്രഹങ്ങൾ ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ ശുഭഫലത്തെയും ബലവാന്മാരായ പാപന്മാർ ൩, ൬, ൧൧ ഈ ഭാവങ്ങളിൽ നിന്നാൽ ശുഭഫലത്തെയും ചെയ്യുന്നു.

മൂ— ഷൽപഞ്ചകത്രിചതുരദ്വിവിയച്ചരേന്ദ്ര
സംബന്ധജന്യശുഭഭാവഭവാഗതിയാനി
തുംഗാദികഗ്രഹഫലാനിചകീർത്തിതാനി
പ്രദ്യോതനപ്രമുഖലബ്ധവരപ്രസാദാൽ. ൪൧൦

വ്യാ—ഇപ്രകാരം ഈ അദ്ധ്യായത്തിൽ എന്നാൽ സൂര്യാദിഗ്രഹങ്ങളുടെ അനുഗ്രഹം ഹേതുവായിട്ട് ഭാവിഗ്രഹാദിസംബന്ധഗ്രഹയോഗപരിണതമുള്ള ഫലങ്ങളും ഉച്ചം സ്വക്ഷേത്രം മുതലായ സ്ഥിതിഫലങ്ങളും പറയപ്പെട്ടു.

ഇങ്ങിനെ പാരിജാതത്തിൽ എട്ടാം അദ്ധ്യായം കഴിഞ്ഞു.

# ഒൻപതാം അദ്ധ്യായം.

മൂ— മാന്ദ്യബുദ്ധിഫലാനിവഗ്മി;ഗ്രഹികേലഗാസ്ഥിതേമന്ദധീ
രോഗീപാപയുതേത്രവഞ്ചനപരഃകാമീദ്വിരാഗ്വാൻ
വിത്തസ്ഥവിഷയാത്രരോടനപരഃകോപീദ്വിരാലാപവാൻ
പാപവ്യാമചരാനപിതേഗതധനോവിദ്യാവിഹീനോഭവേൽ. ൪

വ്യാ—കഴിഞ്ഞ അദ്ധ്യായത്തിൽ വിഗ്രഹാദിയോഗങ്ങളെ പറഞ്ഞശേഷം ഈ അദ്ധ്യായത്തിൽ ഗ്രഹികസ്ഥിതിഫലം പ്രഭവാദിസംവത്സരഫലം മുതലായവയെ പറയുന്നു.

ഗ്രഹികൻ ലഗ്നത്തിൽ നിന്നാൽ ബുദ്ധിക്കു: ഉണർച്ച ഇല്ലാത്തവനായും രോഗിയായും(അവിടെത്തന്നെ) പാപനോടുകൂടിയാൽ ക്രൂരനായും കാമിയായും പാപിയായും രണ്ടാമിടത്തുനിന്നാൽ വിഷയങ്ങളിൽ (പഞ്ചേന്ദ്രിയാദികളിൽ) താല്പര്യമുള്ളവനായും സഞ്ചാരിയായും കോപിയായും ദുർവാക്കുകളെ പറയുന്നവനായും ആ ഗ്രഹികൻ പാപനോടുകൂടിയാൽ ദരിദ്രനായും മൂഢനായും ഭവിക്കും.

മൂ— വിരഹഗർവ്വമദാദ്ഗ്രഹൈരൈയ്യുതഃ
പ്രചുരകോപധനാജ്ജനസംഭ്രമഃ
വിഗതശോകഭയശ്ചവിസോദര
സ്സുഹൃധാമനിമന്ദസുതേയദാ. ൫

വ്യാ—മൂന്നാമിടത്തു ഗ്രഹികൻ നിന്നാൽ വിരഹം അഹങ്കാരം മദം, ഇവയുള്ളവനായും വളരെ കോപം ഉള്ളവനായും ധനത്തിൽ ആഗ്രഹം ഉള്ളവനായും രോഗവും ഭയവും സഹോദരന്മാരും ഇല്ലാത്തവനായുംഭവിക്കും.

മൂ— ഹിബുകഭവനസംസ്ഥമന്ദജേവീതവിദ്യാ
ധനഗൃഹസുഖബന്ധുക്ഷേത്രയാനോടനസ്സ്യാൽ
തനയഭവനയാതേമന്ദസൂനൌവിശീല
ശ്ചലമതിരഖബുദ്ധിസ്സല്പപുത്രോല്പജീവീ. ൬

വ്യാ—നാലാമിടത്തു് ഗ്രഹികൻ നിന്നാൽ വിദ്യ,ധനം, സുഖം ഭവനം, ഭൂമി (നിലം പുരയിടം മുതലായവ.) വാഹനങ്ങൾ ഇവ ഇല്ലാത്തവനായും (സഞ്ചാരിയായും) അഞ്ചാമിടത്തു ഗ്രഹികൻനിന്നാൽ ദുർബുദ്ധിയായും മനസ്സിനു് ഉറപ്പും ശുദ്ധിയും അടക്കവും ഇല്ലാത്തവനായും അല്പപുത്രന്മാർ ഉള്ളവനായും ഭവിക്കും.

മൂ— ബഹ്വരിപുഗണഹന്താ ഭ്രതവിദ്യാവിനോദീ
യദിരിപുഗൃഹയാതേമന്ദപുത്രേതിധീരഃ
കലഹകുടിനപൌത്രേധാമയാതേകുമാര-
സ്സകലജനവിരോധീ മന്ദബുദ്ധിഃക്ഷതപ്പുഃ. ൫

വ്യാ—ആറാമിടത്തു ഗ്രഹികൻ നിന്നാൽ ശത്രുക്കളെ നശിപ്പിക്കുന്നവനായും ജാലവിദ്യയും ധൈര്യവും ഉള്ളവനായും ഏഴാമിടത്തു ഗ്രഹികൻനിന്നാൽ കലഹം ഉണ്ടാക്കുന്നവനായും കുത്സിത ഭാര്യയുള്ളവനായും ആരുടെയും മുഷിപ്പിക്കുന്നവനായും മന്ദബുദ്ധിയായും ഉപകാരസ്മരണഇല്ലാത്തവനായും ഭവിക്കും.

മൂ— വികലനയനവക്ത്രസ്സ്വല്പദേഹോഷ്ടമസ്ഥേ
ഗുരുജനപിതൃഹന്താനീച കുത്സ്യേ ഗുരുസ്ഥേ
അശുഭശതസമേതഃ കർമ്മഗോ മന്ദസൂനൌ
നിജകുലഹിതകർമ്മാചാരഹീനോവിമാനഃ.

വ്യാ—എട്ടാമിടത്തു ഗ്രഹികൻ നിന്നാൽ മുഖത്തിനും കണ്ണിനും വിരൂപത ഉണ്ടായിരിക്കയും ശരീരം ചടച്ചിരിക്കയും ഒൻപതാമിടത്തു ഗ്രഹികൻ നിന്നാൽ പിതാവിനും ഗുരുജനങ്ങൾക്കും നാശത്തേയും പാപത്തേയും ചെയ്യുന്നവനായും പത്താമിടത്തു് ഗ്രഹികൻ നിന്നാൽ ദുഷ്കർമ്മങ്ങളേയും വംശത്തിനു് ചേരാത്ത കർമ്മങ്ങളെയും ചെയ്യുന്നവനായും മാനഹീനനായും ഭവിക്കും.

മൂ— അരിസുഖധനതേജോത്രപവാൻലാഭയാതേ
ദിനകരസുതപുത്രേചാഗ്രജംഹന്തിജാതഃ
വിഷമരഹിതവേഷോദീനവാക്യഃപ്രവീണോ
നിഖിലധനഹരസ്സ്യാന്മന്ദജേരിഃഫയാതേ. ൬

വ്യാ—പതിനൊന്നാമിടത്തു ഗ്രഹികൻ നിന്നാൽ വളരെ ധനവും സുഖവും സൌന്ദര്യവും തേജസ്സും ഉള്ളവനായും ജ്യേഷ്ഠസഹോദരനു് നാശം ചെയ്യുന്നവനായും പന്ത്രണ്ടാമിടത്തു ഗ്രഹികൻ നിന്നാൽ അലങ്കാരവേഷങ്ങൾ ഇല്ലാത്തവനായും ദീനവാക്കായും സമർത്ഥനായും ദ്രവ്യങ്ങളെ നശിപ്പിക്കുന്നവനായും ഭവിക്കും. (പ്രശ്നമാർഗ്ഗത്തിൽ ഗ്രഹികസ്ഥിതി ഫലങ്ങളെ വേറൊരുവിധം കൂടി പറഞ്ഞിരിക്കുന്നതിനാൽ ആ ഭാഗങ്ങളും ഇതോടു് യോജ്യങ്ങളാണു്.)

മൂ— മാന്ദിത്രികോണോപഗതാവിലഗ്നാം
തദ്വാദശാംശംയദിവാനവാംശം

മാന്ദ്യന്വിതാമാന്ദിയുതർക്ഷനാഥാ-
സ്സ്വേയോനിഷ്ടകരാഭവേന്തി. ൭

വ്യാ—ജനനത്തിൽ ലഗ്നത്തിന് സംശയം വരുന്ന ഭാഗങ്ങളിൽ ആ ലഗ്നത്തെ അറിയുവാൻ ഗ്രഹികൻ നില്ക്കുന്ന രാശിയൊ അതിന്റെ ത്രികോണങ്ങളൊ അല്ലെങ്കിൽ ഗ്രഹികന്റെ നവാംശകരാശിയോ ദ്വാദശാംശ രാശിയോ ലഗ്നമായി ഭവിക്കും. ഗ്രഹികനോടു കൂടിയ ഗ്രഹവും ഗ്രഹികൻ നില്ക്കുന്ന രാശിയുടെ നാഥനായ ഗ്രഹവും ദോഷത്തെ ചെയ്യുന്നവരാകുന്നു.

മൂ— സംയുക്തേയദിഭാസ്കരേണ ഗ്രഹികേക്ഷുരുപിത്തദോഷകൊ
മാന്ദ്യക്ലേശകരസ്തു ശീതരുചിനാ ഭൗമേനവീതാനുജഃ
സൊന്മാദീശശിജേനദേവഗുരുണാ പാഷണ്ഡകോദ്ദൂഷക
ശുക്രേണപ്രമദാകൃതാമയഹതോനീചാംഗനാവല്ലഭഃ. ൮

വ്യാ—ഗ്രഹികൻ ആദിത്യനോടുചേർന്നു (ഏതുഭാവത്തിലെങ്കിലും) നിന്നാൽ അച്ഛനെ ദൂഷിക്കുന്നവനായും ചന്ദ്രനോടുകൂടി നിന്നാൽ അമ്മയെ ദുഃഖിപ്പിക്കുന്നവനായും കുജനോടുകൂടിനിന്നാൽ അനുജന്മാരില്ലാത്തവനായും ബുധനോടുകൂടിയാൽ ഉന്മാദി (ഭ്രാന്തൻ) ആയും വ്യാഴത്തോടുകൂടിയാൽ പാപിയായും ദുർബുദ്ധിയായും ശുക്രനോടുകൂടിയാൽ നീചസ്ത്രീകളുടെ ഭർത്താവായും സ്ത്രീകൾ നിമിത്തമുണ്ടായ രോഗത്താലോ ദുഃഖത്താലോ മരണത്തെ പ്രാപിക്കുന്നവനായും ഭവിക്കും.

മൂ— ജാതസ്സൗമ്യരുതസ്തുമന്ദതനയേമന്ദേനയുക്തേയദാ
സന്ധ്യൈവ വിഷപ്രദസ്തു ശിഖിനാവഹ്നിപ്രദോജായതേ
ഭിക്ഷുസ്സ്യാദവിഷനാഡികായുതഗ്രഹേഭ്രപാലകോപിധ്രുവം
ജാതസ്യാപഗതാനവിതാഗഗനഗാഃ കുർവന്ത്യനിഷ്ടംഫലം. ൯

വ്യാ—ഗ്രഹികൻ ശനിയോടുകൂടിയാൽ സുഖാനുഭവത്തിൽ താല്പര്യമുള്ളവനായിരിക്കും. രാഹുവിനോടുകൂടിയാൽ വിഷം കൊടുക്കുന്നവനായോ വിഷാർത്തനായോ ഭവിക്കും. കേതുവോടുകൂടിയാൽ തീകൊടുക്കുന്നവനായോ അഗ്നിപീഡിതനായോ തീരും. ഗ്രഹികസ്ഥിതിനക്ഷത്രം വിഷനാഡികായുക്തമാകയാൽ രാജകുലജാതനായിരുന്നാലും യാചകനായോ ദരിദ്രനായോ ഭവിക്കുമെന്നു തീർച്ചയാണ്. ഉപഗ്രഹാദികളായ കാലൻ പരിവേഷം മുതലായവയോടുകൂടിയ ഗ്രഹങ്ങൾ അനിഷ്ടഫലത്തെ ചെയ്യുന്നവരാണ്. (ഇവിടെ ശനിയുക്തേ ശശിപുത്രേ കുഷ്ഠവ്യാധിപ്രപീഡിതോൽപായുരാഹുയുതേ വിഷദോഷികേതുയുതേ വഹ്നിപീഡിതോഭവതി) എന്നു മതാന്തരം ഉണ്ട്.

## പ്രഭവാദിഷഷ്ടിസംവത്സരഫലം.

മൂ— പ്രഭവേശദിജാതസ്സാഹസീസത്യവാദീ
സകലഗ്രണസമേതഃ കാലവിദ്ധർമ്മശാലീ
വിഭവേശദകാമീവിർമ്മലോനിത്യതുഷ്ടഃ
പ്രബലധനസമേതോ ബന്ധുവിദ്യായശസ്വീ. ൧൦

വ്യാ—൧. പ്രഭവസംവത്സരത്തിൽ ജനിച്ചാൽ സാഹസിയായും സത്യവാനായും ഗ്രണങ്ങൾ ഉള്ളവനായും കാലങ്ങളെ അറിയുന്നവനായും ധർമ്മിയായും,

൨. വിഭവവർഷത്തിൽ ജനിച്ചാൽ കാമിയായും നിഷ്ഠുരനായും സന്തോഷശീലനായും ധനം ബന്ധുക്കൾ വിദ്യ കീർത്തി ഇവയുള്ളവനായും ഭവിക്കും.

മൂ— ശുക്ലാബ്ദേപരദാരകാഗതബലസ്ത്യാഗീ മനസ്വീഭവേ-
ന്നസ്ത്രീകായ്യപരോത ഭാഷണപടുർജ്ജ്ഞാനഃ പ്രമോദ്ഭൂതകേ
ധർമ്മീദാനപരായണഃ സ്സുതധനാഢ്യാന്തഃ പ്രജോല്പത്തിജ്ഞോ
നീതിജ്ഞോ നിപുണഃ ക്ഷപാടുരനിശം ചാരം ഗീരസാബ്ദേധനീ.

വ്യാ—൩. ശുക്ലവർഷത്തിൽ ജനിച്ചാൽ പരസ്ത്രീകാമിയായും ദുർബലനായും ദാനശീലനായും നല്ലമനസ്സുള്ളവനായും,

൪. പ്രമോദൂതവർഷത്തിൽജനിച്ചാൽ ആലോചനാശക്തിയുള്ളവനായും വില്ലാകായ്യങ്ങളിലും തല്പരനായും വളരെ പറയുന്നവനായും;

൫. പ്രജോല്പത്തിവർഷത്തിൽ ജനിച്ചാൽ ധർമ്മിഷ്ഠനായും ദാനശീലനായും സന്താനസമ്പത്തുള്ളവനായും മനശ്ശക്തിയുള്ളവനായും,

൬. അംഗീരസ്സ് എന്ന വർഷത്തിൽ ജനിച്ചാൽ മറ്റുള്ളവരുടെ ദയയുള്ളവനായും സാമർത്ഥ്യമുള്ളവനായും ഭവിക്കും.

മൂ— ജാതഃശ്രീമുഖവത്സരേപരവധൂലോലശ്ച ചീവിത്തവാൻ
യോഗീരാജകരോമഹാധനബലശ്ചൈവാതിഭാഗ്യോഭവേ-
ലുബ്ധശ്ചഞ്ചലധീഃകൃതാമന്യതനഃക്രോധീയുവാബ്ദേഭിഷ
ഗ് ജാതോധാതുഭവോന്യദാരനിരതഃകാര്യാർത്ഥവാഗീശഃ. ൧൨

വ്യാ—൭. ശ്രീമുഖവർഷത്തിൽ ജനിച്ചാൽ പരസ്ത്രീസക്തനായും ശൂചിത്വമുള്ളവനായും ധനവാനായും ;

൮. ഭവവർഷത്തിൽ ജനിച്ചാൽ യോഗാഭ്യാസം ഉള്ളവനായും രാജാവിൽ നിന്നു ധനലാഭമുള്ളവനായും വളരെ ധനവും ബലവും ഉള്ളവനായും പ്രസിദ്ധനായും;

൯. യുവവർഷത്തിൽ ജനിച്ചാൽ ലുബ്ധനായും മനസ്സിന് സ്ഥിരതയില്ലാത്തവനായും രോഗിയായും കോപിയായും ചികിത്സകനായും;

൧൦. ധാതുവർഷത്തിൽ ജനിച്ചാൽ പരസ്ത്രീരതനായും കാര്യനിവൃത്തിക്കുവേണ്ടി അധികം സംസാരിക്കുന്നവനായും നിർബന്ധശീലനായും ഭവിക്കും. മനസാവചസായശ്ചാടശ്യതേ കാര്യതൽപരഃ കർമ്മണാ വിപരീതശ്ചസശാസ്സുത്തിഗിയ്യതേ.

൩— ശ്രീമാനിശ്വരവത്സരേബലമതിർജ്ജാതോഹ്യണഗ്രാഹക
സ്സൽക്കർമ്മീബഹുധാന്യവത്സരഭവോഭോഗീവണിഗ്വിത്തവാൻ
ക്രൂരഃപാപരതഃപ്രമാദിശരദിക്രോധീവിരൂപസ്സുഖീ
ജാതോവിക്രമവത്സരേയദിധനീസേനാപതിശ്ശ്ലഘ്യവാൻ. ൧൨

വ്യാ—൧൧. ഈശ്വരവർഷത്തിൽ ജനിച്ചാൽ ധൈര്യവും മനസ്ഥിരതയും സാരഗ്രാഹ്യതയും;

൧൨. ബഹുധാന്യവർഷത്തിൽ ജനിച്ചാൽ സൽകർമ്മവും സുഖവും കച്ചവടവും ധനവും;

൧൩. പ്രമാദിവർഷത്തിൽ ക്രൂരതയും പാപവും കോപവും ബന്ധുഹീനതയും സുഖവും;

൧൪. വിക്രമവർഷത്തിൽ ധനവും സേനാനായകത്വവും ശ്രേയസ്സും ഉണ്ടായിരിക്കും.

൩— വൃഷശരദിഭരിദ്രോവീതലജ്ജോജാവികർമ്മാ
ദിനകരസമതേജോരൂപവാൻചിത്രഭാനൌ
യദിനിജകുലവിദ്യാചാരധർമ്മാസുഭാനൌ
ബഹുധനബലശാലീതാരുണാബ്ദേവിവേകീ. ൧൫

വ്യാ—൧൫. വൃഷവർഷത്തിൽ ജനിച്ചാൽ ദാരിദ്ര്യവും ലജ്ജാഹീനത്വവും കർമ്മവൈകല്യവും;

൧൬. ചിത്രഭാനുവർഷത്തിൽ സൂര്യതുല്യതേജസ്സും കാന്തിയും;

൧൭. സുഭാനുവർഷത്തിൽ കുലാചാരങ്ങളും വിദ്യകളും ഉള്ളവനായും ധർമ്മിഷ്ഠനായും;

൧൮. താരുണവർഷത്തിൽ വളരെ ബലവും ധനവും വിവേകവും ഉള്ളവനായും ഭവിക്കും.

മൂ— ജാതഃപാർത്ഥിവവത്സരേനരപതിശ് ശ്രീമാനതുല്യസ്സുഖീ
കാമീഭീരുരശീലവിത്തഗ്രണവാൻപാപീവ്യായാബ്ജേസതി
വാഗ്മീസർവജിദബ്ജകേതിബലവാൻശാസ്ത്രീഗ്രണീതത്പവിൽ
സംപന്നോയദിസർവധാരിജനിതശ്ശ്ലീന്ദുപാലപ്രിയഃ. ൭൫

൭൫. പാർത്ഥിവവർഷത്തിൽ ജനിച്ചാൽ രാജാവായും ശ്രീമാനായും സപ്പോൽകൃഷ്ടനായും;

൭൦. വ്യയവർഷത്തിൽ കാമിയായും ഭയശീലനായും സൽഗുണം ധനം ഇവ ഇല്ലാത്തവനായും,

൭൬. സപ്തജിദ്വർഷത്തിൽ മിതഭാഷിത്വം പ്രാബല്യത വിദ്യ ഗുണം തത്വഗ്രാഹിത ഇവയും,

൭൭. സപ്തധാരിവർഷത്തിൽ ശില്പവിദ്യയും രാജപ്രീതിയും ഉള്ളവനായും ഭവിക്കും.

മൂ— ശോകീദുഷ്ടപരോതിപാപനിരതഃ ക്രൂരോവിരോധ്യബ്ജകേ
മായാവീദുനാതുരോവികുരിജ്ഞോമന്ത്രക്രിയാതന്ത്രധീഃ
നിർമ്മോഹീവികലോതിദീനവചനഃ പാപീപരാബ്ജേബല
സ്സർവ്വാനന്ദകരോനൃപപ്രിയകരോമന്ത്രാർത്ഥവിന്നന്ദനേ. ൭൮

വ്യാ— ൭൮. വിരോധിവർഷത്തിൽ ജനിച്ചാൽ ശോകവും ദുഷ്ടതയും പാപവും കഠിനവും;

൭൯. വികൃതിവർഷത്തിൽ കാമശീലവും കപടവും മന്ത്രതന്ത്രങ്ങളിൽ സാമർത്ഥ്യവും;

൮൦. ഖരവർഷത്തിൽ മോഹമില്ലായ്മയും പാപവും ഗുണഹീനതയും ദീനവാക്കും ദുഷ്ടതയും;

൮൧. നന്ദനവർഷത്തിൽ സർവാനന്ദകരത്വവും രാജപ്രീതിയും മന്ത്രാർത്ഥജ്ഞതയും വിദ്യയും ഉണ്ടാകും.

മൂ— വിജയശരദിധർമ്മീസത്യസന്ധാനശാലീ
യദിജയശരദിസ്യാദ്രാജതുല്യോനൃപോവാ
മദനരതിവിലോലോമന്മഥാബ്ജേജിതാരി
ർഗ്ഗുണധനരഹിതസ്സ്യാദ്ദുർമ്മുഖാബ്ജേവിശീലഃ. ൭൯

വ്യാ—൭൯. വിജയവർഷത്തിൽ ധർമ്മവും സത്യവും ധനവും;

൮൨. ജയവർഷത്തിൽ രാജാവൊ തത്തുല്യനൊ ആയും;
൮൩. മന്മഥവർഷത്തിൽ കാമലീലാചതുരനായും അശത്രുവായും;

൩൦. ദുർമ്മുഖവർഷത്തിൽ ക്രൂരനും ധനവും സൽപ്രകൃതിയും ഇല്ലാത്തവനായും ഭവിക്കും.

൪— ദുഷ്ടാത്മായതി ഹേവിളംബിജനിതഃ കൃഷ്യാദികർമ്മോൽസുക
ശ്രീമാൻവിപ്രജനാശ്രിതഃഖലപരിത്യാഗീവിളംബ്യുത്സുക
രോഗീഭീരുരവിത്തവാൻഫലമതിർനീചോവികാസ്യുൽകേ
ശാവ്സ്യാമതിവിത്തഭോഗസുമനാസ്സത്യവ്രതാചാരവാൻ. ൫൬

വ്യാ—൩൦. ഹേവിളംബിവർഷത്തിൽ ദുഷ്ടനായും കൃഷിക്കാരനായും,

൩൧. വിളംബിവർഷത്തിൽ സൌന്ദര്യവും ബ്രാഹ്മണഭക്തിയും ദുഷ്ടവാസപരിത്യാഗവും,

൩൨. വികാരിവർഷത്തിൽ രോഗം ഭയം ദാരിദ്ര്യം ദുഃഖം ഇവ സ്ഥിരത നീചത്വം ഇവയും,

൩൩. ശാർവ്വരീവർഷത്തിൽ വളരെ ധനം സുഖം സൽബുദ്ധി ആചാരം സത്യനിഷ്ഠ ഇവയുമുള്ളവനായും ഭവിക്കും.

൫— ശാന്തോദാരകൃപാകരഃപ്ലവവേശ് ശൂരസ്സുധർമ്മാശ്രിതോ
ജാതസ്ത്രീജനവഞ്ചിതശ്ശുഭകൃതിഃപ്രാജ്ഞശ്ശുഭാംഗസ്സുധീഃ
ജ്ഞാനീശോഭകൃതി ക്ഷിതീശഗുണവാൻവിദ്യാവിനോദപ്രിയോ
ദുർഭോഗീപരദാരകശ്ശഠമതിഃക്രോധാബ്ദകേക്രോശയുക്. ൫൭

വ്യാ—൩൪. പ്ലവവർഷത്തിൽ ശാന്തനായും ഗുണവും ശൌര്യവും ധർമ്മാചാരവും ഉള്ളവനായും,

൩൫. ശുഭകൃദ്വർഷത്തിൽ സ്ത്രീകളാൽ വഞ്ചിക്കപ്പെട്ടവനായും വിദ്വാനായും സുന്ദരനായും സൽബുദ്ധിയായും,

൩൬. ശോഭകൃദ്വർഷത്തിൽ ജ്ഞാനവും രാജഗുണങ്ങളും വിദ്യയും വിനോദശീലവും ഉള്ളവനായും,

൩൭. ക്രോധിവർഷത്തിൽ സുഖമില്ലായ്മയും പരസ്ത്രീയിൽ താല്പര്യവും ദുസ്വഭാവവും കോപവുമുള്ളവനായും ഭവിക്കും.

൬— ജ്ഞാനീഹാസ്യരസപ്രിയോഗുണധനശ്ശ്ലാഘീപവിശ്വാവസൌ
ദുഷ്ടാചാരപരഃപരാഭവശരജ്ജാതഃകിലധ്വംസകഃ
കാമീബന്ധുരതഃപ്ലവംഗജനിതോബ്ധാലപ്രിയോമന്ദധീർ
ദേവാരാധനതല്പരോതിസുഭഗശ്ശൌര്യ്യാന്വിതഃകീലകേ. ൫൮

൭൩

വ്യാ—നവൻ. വിശാവസു വഷ്ത്തിൽ ജനിച്ചാൽ ജ്ഞാനിയായും (മാനീമാനസ്യരസപ്രിയ) എന്നു പാഠാന്തരം. ആ പക്ഷത്തിൽ മാനിയായും ഹാസ്യ (ഫലിത) പ്രിയനായുംഗുണവാനായും ധനവാനായും പൂജ്യനായും,

൨൦. പരാഭവവഷ്ത്തിൽ ജനിച്ചാൽ ദുരാചാരനായും വംശനാശത്തെ ചെയ്യുന്നവനായും,

൨൧. പ്ലവംഗ വഷ്ത്തിൽ ജനിച്ചാൽ കാമശീലനായും ബന്ധുപ്രിയനായും ബുദ്ധിക്കു ഉന്മേഷം ഇല്ലാത്തവനായും കുട്ടികളിൽ താല്പ്പര്യമുള്ളവനായും,

൨൨. കീലകവർഷത്തിൽ ജനിച്ചാൽ ഈശ്വരപൂജയിൽ താല്പ്പര്യമുള്ളവനായും അതിസുഭഗനായും ശൂരനായും ഭവിക്കും.

മൂ— ശാന്തസ്സുവ്വജനപ്രിയോതിധനികസ്സൌമ്യാബ്ദകേധൈര്യവാൻ
നാനാശാസ്ത്രവിശാരദോവികലധീസ്സാധാരണാബ്ദേഭവേ
ആശാലുശ്ചവിരോധികൃത്ഭവനരഃക്രോധീദരിദ്രോഽനോ
ദുശ്ശീലഃപരിതാപിവത്സരഭവഃപോരുഷ്യവാഗ്വിത്തവാൻ. ൨൭

വ്യാ—൨൩. സൌമ്യവഷ്ത്തിൽ ജനിച്ചാൽ ശാന്തനായും സവ്വജനങ്ങൾക്കും ഇഷ്ടനായും വളരെ ധനമുള്ളവനായും,

൨൪. സാധാരണ വർഷത്തിൽ ജനിച്ചാൽ പല ശാസ്ത്രങ്ങളിലും പരിചയമുള്ളവനായും മനസ്സിനു് വൈകല്യം(ഇളക്കം) ഉള്ളവനായും,

൨൫. വിരോധികൃദ്വർഷത്തിൽ ജനിച്ചാൽ പുരിനും അത്യാശയുള്ളവനായും കോപിയായും ദരിദ്രനായും സഞ്ചാരപ്രിയനായും,

൨൬. പരിതാപി വർഷത്തിൽ ജനിച്ചാൽ ദുസ്വഭാവിയായും കഠിനവാക്കുകളെ പറയുന്നവനായും ധനവാനായും ഭവിക്കും.

മൂ— ജാതോബന്ധുവിരോധകൃൽപരവധൂലോലഃപ്രമോദ്യബ്ദകേ
മോദാത്മാനിഖിലാഗമശ്രുതിപരശ്ചാനന്ദജുസ്ഥപവിൽ
പാപീരാക്ഷസവത്സരേയദിവൃഥാലാപോപകാരീന്നണാം
ഭൂതാദാരഗുണാന്വിതോനളഭവശ്ശാന്തസ്സുദാചാരവാൻ. ൨൮

വ്യാ—൨൭. പ്രമോദിവഷ്ത്തിൽ ജനിച്ചാൽ ബന്ധുക്കൾക്കു് അപ്രിയനായും പരസ്ത്രീരതനായും ഭവിക്കും.

൨൮. ആനന്ദവർഷത്തിൽ ജനിച്ചാൽ സന്തോഷശീലനായും

സർവ്വവേദങ്ങളിലും ശാസ്ത്രങ്ങളിലും അറിവുള്ളവനായും സാരാർത്ഥങ്ങളെ ഗ്രഹിക്കുന്നവനായും,

൫൯. രാക്ഷസവത്സരത്തിൽ ജനിച്ചാൽ പാപിയായും വൃഥാ സംസാരിക്കുന്നവനായും സജ്ജനങ്ങൾക്ക് ഉപദ്രവത്തെ ചെയ്യുന്നവനായും,

൬൦. നളവർഷത്തിൽ ജനിച്ചാൽ ദാനശീലനായും വളരെ ധനങ്ങളുള്ളവനായും ശാന്തനായും സദാചാരങ്ങളെ ചെയ്യുന്നവനായും ഭവിക്കും.

മൂ— യോഗീപിംഗളവത്സരേജിതമന്മാജ്ഞാതസ്തപസ്വീഭവേൽ
കാലജ്ഞോയദികാലയുക്തിശരദിശ്രീഭോഗസല്ലക്ഷ്മവാൻ
സിദ്ധാർത്ഥോഗുരുദേവഭക്തിനിരതസ്സിദ്ധാർത്ഥജാതസ്സുഖീ
ജ്ഞാരൌദ്രസമുത്ഭവേകേടിലധീർമ്മാനീദുരാചാരവാൻ. ൨൭൪

വ്യാ—൬൧. പിംഗളവർഷത്തിൽ ജനിച്ചാൽ യോഗിയായും മനോജ്ഞയമുള്ളവനായും തപസ്വിയായും,

൬൨. കാലയുക്തിവർഷത്തിൽ ജനിച്ചാൽ കാലജ്ഞനെ അറിയുന്നവനായും ശ്രേഷ്ഠമുള്ളവനായും സൽകർമ്മം ചെയ്യുന്നവനായും,

൬൩. സിദ്ധാർത്ഥവർഷത്തിൽ ജനിച്ചാൽ കാര്യങ്ങളെ സാധിക്കുന്നവനായും ഗുരുക്കന്മാരിലും ദേവന്മാരിലും ഭക്തി ഉള്ളവനായും സുഖം ഉള്ളവനായും,

൬൪. രൌദ്രവർഷത്തിൽ ജനിച്ചാൽ ക്രൂരനായും (ക്രുദ്ധത്തോവ്) ദുർബുദ്ധിയായും അഹങ്കാരിയായും ദുഷ്പ്രവൃത്തി ചെയ്യുന്നവനായും ഭവിക്കും.

മൂ— കാമീദുർമ്മതിവത്സരേജളമതിശ്ലോകാഭിതപ്തഃഖല
സ്ഥൂലോത്തുദ്ദരബാഹുമസ്തകതനുസ്സ്വാദുന്തുഭോഭോഗവാൻ
പ്രാജ്ഞസ്സത്യരതസ്സുധീശ്വരുധിരോൽഗാഖ്യബ്ദജോവിത്തവാ-
ഞ്ഛരാന്തോബന്ധുജനപ്രിയോതിസുഭഗോരക്താക്ഷിജുഗ്ഗീലവാൻ.

വ്യാ—൬൫. ദുർമ്മതിവർഷത്തിൽ ജനിച്ചാൽ കാമിയായും ജളനായും ദുഃഖിതനായും ഭവിക്കും.

൬൬. ദുന്ദുഭി വർഷത്തിൽ ജനിച്ചാൽ തുടകാൽ വയറ് കൈകാൽ തല ദേഹം ഇതുകാൽ തടിച്ചവനായും സുഖിയായും,

൬൭. രുധിരോൽഗാരി വർഷത്തിൽ ജനിച്ചാൽ വിദ്വാനായും സത്യവാനായും സൽബുദ്ധിയായും ധനവാനായും,

൫൬. രക്താക്ഷിവർഷത്തിൽ ജനിച്ചാൽ ശാന്തനായും ബന്ധുക്കൾക്കും ജനങ്ങൾക്കും ഇഷ്ടനായും സുന്ദരനായും സൽബുദ്ധിയായും ഭവിക്കും.

മൂ — ജാതോജാരഃക്രോധനാബ്ദേകുമാർഗ്ഗീ
ബന്ധുദ്വേഷ്ടീചോരനിഷ്ഠാരതസ്സ്യാൽ
ശിഷ്ടാചാരസ്സുപ്രസന്നസ്സുരൂപീ
മാനീപീതാരാതിരോഗുക്ഷയാബ്ദേ. ൫൭

വ്യാ—ക്രോധനവർഷത്തിൽ ജനിച്ചാൽ ജാരനായും ദുർമ്മാർഗ്ഗിയായും ബന്ധുക്കൾക്ക് അപ്രിയനായും വഞ്ചകനായും (മോഷണവുമാം)

ക്ഷയ. അക്ഷയവർഷത്തിൽ ജനിച്ചാൽ സദാചാരതല്പരനായും പ്രസന്നബുദ്ധിയായും സുന്ദരനായും മാനിയായും ശത്രുക്കളും രോഗവും ഇല്ലാത്തവനായും ഭവിക്കും.

അയനഫലം.

മൂ — ഉത്തരായണസംഭവഃപുമാൻ
ജ്ഞാനയോഗനിരതശ്ചമൈത്രികഃ
ദക്ഷിണായനഭവഃപ്രഗർഭവാ-
ഗ്ഭേബുദ്ധിരഭിമാനതല്പരഃ. ൫൮

വ്യാ—ഉത്തരായനത്തിൽ ജനിച്ചവൻ ജ്ഞാനിയായും യോഗിയായും സത്യവ്രതങ്ങളിൽ നിഷ്ഠയുള്ളവനായും,

ദക്ഷിണായനത്തിൽ ജനിച്ചവൻ വാക്കിന് ദൃഢതയും ഉറപ്പും ഉള്ളവനായും മനസ്സിനിളക്കമുള്ളവനായും അഭിമാനത്തിൽ താൽപര്യമുള്ളവനായും ഭവിക്കും.

ഋതുഫലം.

മൂ — ദീർഘായുർന്നികോവസന്തസമയേ ജാതസ്സുഗന്ധപ്രിയോ
ഗ്രീഷ്മത്തെഴുന്നതോയസേവ്യചതുരോഭോഗീകുശാംഗസ്സുധീഃ
ക്ഷീരക്ഷീരകരപ്രിയസ്സുവചനോവർഷർത്തുജസ്സുച്ചധീഃ
പുണ്യാത്മാസുമുഖസ്സുധീർശ്ശരൽക്കാലോത്ഭവഃകാമുകഃ. ൫൯

വ്യാ—വസന്തഋതുവിൽ ജനിച്ചവൻ ദീർഘായുസ്സും ധനവാനായും സുഗന്ധദ്രവ്യങ്ങളിൽ ഇഷ്ടമുള്ളവനായും, ഗ്രീഷ്മഋതുവിൽ ജനിച്ചവൻ ധനമുള്ളവനായും ജലക്രീഡയിലും അഥവാ ശീതോപചാരങ്ങളിലും താല്പര്യമുള്ളവനായും സാമർത്ഥ്യമുള്ളവനായും സുഖമുള്ളവനായും ചടച്ച ദേഹമുള്ളവനായും സൽബുദ്ധിയായും, വർഷർത്തുവിൽ ജനിച്ചവൻ പാലു്, ചന്ദ്രൻ, നിലാവു്, ഇതുകളിൽ പ്രിയമുള്ളവനായും

നല്ല വാക്കുകളെ പറയുന്നവനായും സൽബുദ്ധിയായും, ശരൽക്കാലത്തിൽ ജനിച്ചവൻ പുണ്യവാനായും സുമുഖനായും (മുഖപ്രസന്നതയുള്ളവൻ) സുഖമുള്ളവനായും കാമിയായും ഭവിക്കും.

മൂ — ഭോഗീകൃശാംഗഃകൃഷികശ്ചയോഗീ
ഹേമന്തകാലപ്രഭവസ്സുരത്നഃ
സ്നാനക്രിയാദാനരതസ്സുമത്രോ
മാനീയശസ്വീ ശിശിരർത്തുജാതഃ. ൨൫

വ്യാ—ഹേമന്തകാലത്തിൽ സുഖമുള്ളവനായും കൃശദേഹനായും കൃഷിക്കാരനായും കൌശലബുദ്ധിയായും സമർത്ഥനായും, ശിശിരർത്തുകാലത്തിൽ കുളിയിലും കർമ്മങ്ങളിലും ദാനങ്ങളിലും താല്പര്യമുള്ളവനായും സമർത്ഥനായും മാനമുള്ളവനായും കീർത്തിമാനായും ഭവിക്കും.

മാസഫലം.

മൂ — ചൈത്രേസർവകലാഗമശ്രുതിപരോനിത്യോത്സവസ്ത്രീരതോ
വൈശാഖേയദിസർവശാസ്ത്രകുശലസ്സാതന്ത്രികോല്ലേഖതിഃ
ജ്യേഷ്ഠേമാസി ചിരായുരർത്ഥതനയോമന്ത്രക്രിയാകോവിദ
ശ്ചാഷാഢേധനവാൻകൃപാലുരനിശംഭോഗീപരദ്വേഷകൃത്. ൨൬

വ്യാ—ചൈത്രമാസത്തിൽ(മീനമാസത്തിലെ വെളുത്ത പ്രതിപദം മുതൽ മേടമാസത്തിലെ കറുത്ത വാവുവരെ)ജനിച്ചാൽ സർവ്വവേദങ്ങളിലും ശാസ്ത്രങ്ങളിലും അറിവുള്ളവനായും എന്നും ഉത്സവംപോലെ മനസ്സിനും ഭവനത്തിലും ആനന്ദാഘോഷത്തോടുകൂടിയവനായും സ്ത്രീരതനായും, വൈശാഖമാസത്തിൽ (മേടത്തിലെ ശുക്ലപ്രഥമമുതൽ ഇടവത്തിലെ കറുത്തവാവുവരെ) ജനിച്ചാൽ മഹാവിദ്വാനായും സ്വാതന്ത്ര്യശീലനായും രാജാവായും, ജ്യേഷ്ഠമാസത്തിൽ (ഇടവത്തിലെ ശുക്ലപ്രതിപദം മുതൽ മിഥുനത്തിലെ കറുത്തവാവുവരെ) ജനിച്ചാൽ വളരെക്കാലം ജീവിച്ചിരിക്കുന്നവനായും സന്താനസമ്പത്തുള്ളവനായും മന്ത്രങ്ങളിലും ക്രിയകളിലും സമർത്ഥനായും ആലോചനയും പ്രവൃത്തിയുമുള്ളവനായും, ആഷാഢമാസത്തിൽ (മിഥുനത്തിലെ വെളുത്ത പ്രഥമമുതൽ കർക്കടകത്തിലെ കറുത്തവാവുവരെ) ജനിച്ചാൽ ധനവാനായും ദയാലുവായും എപ്പോഴും സുഖമുള്ളവനായും അന്യന്മാരെ ദ്വേഷിക്കുന്നവനായും ഭവിക്കും.

മൂ — ജാതശ്രാവണമാസികേതുധരണീദേവാർച്ചനേതല്പരോ
നാനാദേശരതശ്ചഭാദ്രപദജസ്ത്രീമനോരാജ്യവാൻ
മാസേചാശ്വയുജീസപകിയജനകദ്വേഷ്ടരിദ്രക്ഷലഃ
പുഷ്ടാംഗഃകൃഷികോവിശാലനയനോ വിത്താധികഃകാർത്തികേ. ൨൭

വ്യാ—ശ്രാവണമാസത്തിൽ (കർക്കടകത്തിലെ ശുക്ല പ്രഥമ മു: ചി: ക: വരെ) ബ്രാഹ്മണഭക്തനായും പലദേശങ്ങളിലും സഞ്ചരിക്കുന്നവനായും, ഭാദ്രപദമാസത്തിൽ( ചി:ശുക്ലപ്ര:മു:കന്നി: ക:വരെ)കൌശലക്കാരനായും മനോരാജ്യക്കാരനായും ആശ്വയുജമാസത്തിൽ (കന്നിയിലെ വെളുത്ത പ്രഥമ മു: തുലാത്തിലെ കറുത്തവാവുവരെ) പിതാവിനെ ദ്വേഷിക്കുന്നവനായും ദരിദ്രനായും ദുർബുദ്ധിയായും, കാർത്തികമാസത്തിൽ (തുലാ: ശുക്ല പ്ര: മു: വൃശ്ചികത്തിലെ ക: വരെ) ദേഹം തടിച്ചവനായും കൃഷിക്കാരനായും കണ്ണുകൾ വിസ്താരമുള്ളവനായും വളരെ ധനമുള്ളവനായും ഭവിക്കും.

മൂ— സുരഗുരുപിതൃഭക്തോ മാർഗ്ഗശീർഷേ ച ധർമ്മീ
ധനഗുണബലശാലീ തുംഗനാസസ്തു പുഷ്യേ
ബലമതിരതിധർമ്മാചാരവാൻമാഘമാസി
പ്രഭവതിനമുപകർത്താഫാൽഗുനേഗാനലോലഃ. ന.ക

വ്യാ—മാർഗശീർഷമാസത്തിൽ (വൃശ്ചികത്തിലെ ശുക്ല: പ്ര: മു: ധനുവിലെ ക: വരെ) ജനിച്ചാൽ ദേവന്മാരിലും പിതാവിങ്കലും ഭക്തിയുള്ളവനായും ധർമ്മിയായും, പുഷ്യമാസത്തിൽ (ധനുമാസത്തിലെ ശുക്ല: പ്ര: മു: മ: ക: വരെ) ജനിച്ചാൽ ധനവും ഗുണവും ബലവും ഉള്ളവനായും ഉയർന്മൂക്കുള്ളവനായും, മാഘമാസത്തിൽ (മകരമാസത്തിലെ ശുക്ല: പ്ര: മു: കുംഭത്തിലെ ക: വരെ) ജനിച്ചാൽ ദുർബുദ്ധിയായും വളരെ ധർമ്മങ്ങളും ആചാരങ്ങളും ഉള്ളവനായും, ഫാൽഗുനമാസത്തിൽ (കുംഭത്തിലെ ശുക്ല: പ്ര: മു: മീ: കവരെ) ജനിച്ചാൽആകൃതിയും ഉപകാരത്തെ ചെയ്യുന്നവനായും സംഗീതപ്രിയനായും ഭവിക്കും.

പക്ഷഫലം.

മൂ— വളർക്ഷപക്ഷേയദിപുത്രപൌത്ര
ധനാധികോധർമ്മരതഃകൃപാലുഃ
സകാന്യവാദീനിജമാതൃഭക്ത-
സ്സ്വബന്ധുവൈരീയദികൃഷ്ണപക്ഷേ. ന.ഫ

വ്യാ—വെളുത്ത പക്ഷത്തിൽജനിച്ചാൽ പുത്രപൌത്രാദികളും വളരെ ധനവും ധർമ്മനിഷ്ഠയും കൃപയും ഉള്ളവനായും,

കറുത്തപക്ഷത്തിൽ ജനിച്ചാൽ തന്റെ കാര്യത്തെ പറയുന്നവനായും മാതൃഭക്തിയുള്ളവനായും ബന്ധുക്കൾക്ക് ഇഷ്ടനല്ലാത്തവനായും ഭവിക്കും.

കാലഫലം.

മൂ— ജാതഃപ്രതൃഷസിനഃപധർമ്മനിരതസ്സൽകർമ്മജീവീസുഖീ
മധ്യാഹ്നേയദിരാജതുല്യഗുണവാൻജാതോപരാഹ്നേധനീ
സായങ്കാലഭവഃസുഗന്ധവനിതാലോലഃഖലാത്മാടനേ
രാത്രൗതൽഫലമേവസൌഖ്യബഹുലസ്സൂയ്യോദയേജായതേ. ൧൨

വ്യാ—രാവിലെ (ദിനാരംഭത്തിൽ) ജനിച്ചാൽ തന്റെ ധർമ്മങ്ങളിൽ താല്പര്യമുള്ളവനായും സൽകർമ്മങ്ങൾ ചെയ്യുന്നവനായും സുഖമുള്ളവനായും, മദ്ധ്യാഹ്നത്തിൽ ജനിച്ചാൽ രാജതുല്യഗുണങ്ങളുള്ളവനായും, അപരാഹ്നത്തിൽ ജനിച്ചാൽ ധനവാനായും, സന്ധ്യാസമയത്തിലും രാത്രിയിലും ജനിച്ചാൽ സുഗന്ധദ്രവ്യങ്ങളിലും സ്ത്രീകളിലും താല്പര്യമുള്ളവനായും ദുർബുദ്ധിയായും സഞ്ചാരപ്രിയനായും, സൂര്യോദയത്തിൽ ജനിച്ചാൽ വളരെ സുഖമുള്ളവനായും ഭവിക്കും.

തിഥിഫലം.

മൂ— മഹോദ്യോഗീജാതഃപ്രതിപദിതിഥൌപുണ്യചരിതോ
ദ്വിതീയായാംതേജഃപശുബലയുതോവിത്തവിഭവഃ
തൃതീയായാം പുണ്യപ്രബലഭയശീലശ്ചപടുവാ-
ക് ചതുർത്ഥ്യാമാശാലുസ്ഖടനനിരതോമന്ത്രനിപുണഃ ൧൩

വ്യാ—പ്രഥമയിൽ (പ്രതിപദുത്തരംനാൾ) ജനിച്ചാൽ ഉത്സാഹശീലനായും ദ്വിതീയനാൾ ജനിച്ചാൽ തേജസ്വിയായും പശുക്കളും ബലവും ധനവും ഉള്ളവനായും തൃതീയനാൾ ജനിച്ചാൽ വളരെ പുണ്യമുള്ളവനായും ഭയശീലനായും വാക്സാമർത്ഥ്യമുള്ളവനായും ചതുർത്ഥിനാൾ ജനിച്ചാൽ ഏതിലും ആഗ്രഹമുള്ളവനായും സഞ്ചാരിയായും ആലോചനാസാമർത്ഥ്യമുള്ളവനായും ഭവിക്കും.

മൂ— പഞ്ചമ്യാമഖിലാഗമശ്രുതിപരഃ കാമീകൃശാംഗഃഖലഃ
ഷഷ്ഠ്യാമല്പബലീമഹീപതിസമഃപ്രാജ്ഞോരികോപാനിതഃ
സപ്തമ്യാംകഠിനോരുവാഗ് ജനപതിശ്ശ്ലേഷ്മപ്രധാനോബലീ
ചാഷ്ടമ്യാമതികാമുകസ്സുതവധൂലോലഃ കഫാത്മാഭവേൽ. ൧൪

വ്യാ—പഞ്ചമിനാൾ ജനിച്ചാൽ വേദശാസ്ത്രങ്ങളിൽ ഏറ്റവും പരിചയമുള്ളവനായും കാമിയായും ചടച്ചവനായും ബലനായും ഷഷ്ഠിനാൾ ജനിച്ചാൽ ബലംകുറഞ്ഞവനായും രാജതുല്യനായും വിദ്വാനായും കോപിഷ്ഠനായും സപ്തമിനാൾ ജനിച്ചാൽ കഠിനനായും ധാരാളം സംസാരിക്കുന്നവനായും ജനങ്ങളുടെ നാഥനായും കഫപ്രകൃതിയായും ബലവാനായും അഷ്ടമിനാൾ ജനിച്ചാൽ കാമാതുരനായും ഭാ

ഭ്യാപുത്രാദികളിൽ അതിയായ താല്പര്യമുള്ളവനായും കൃഷപ്രകൃതിയാ
ണ്ടു ഭവിക്കും.

മൂ— പ്യാതോദിവ്യതനുഃക്ഷുദാരതനയഃ കാമീനവവ്യാന്തിമേ
ധർമ്മാത്മാപടുവാക്കളത്രതനയശ്ശ്രീമാൻദശവ്യാന്തിമേ
ദേവബ്രാഹ്മണപൂജകോഹരിതിമേദാസാനവിത്തോവിത്തവാ-
ന്ദ്വാദശ്യാമതിപുണ്യകർമ്മനിരതസ്ത്യാഗീധനീപണ്ഡിതഃ. ൩൯

വ്യാ—നവമിനാൾ ജനിച്ചാൽ പ്രസിദ്ധനായും നല്ല ശരീരം ഉ
ള്ളവനായും ക്രൂരസിതന്മാരായ ഭാര്യാപുത്രന്മാരുള്ളവനായും കാമിയാ
യും, ദശമിനാൾ ജനിച്ചാൽ ധർമ്മശീലനായും വാക്സാമർത്ഥ്യമുള്ളവ
നായും ഭാര്യാപുത്രാദികളും മെച്ചപ്പെട്ടുമുള്ളവനായും ധനവാനായും,
ഏകാദശിനാൾ ജനിച്ചാൽ ദേവന്മാരിലും ബ്രാഹ്മണരിലും ഭക്തിയു
ള്ളവനായും ഭൃത്യന്മാരുള്ളവനായും ധനവാനായും, ദ്വാദശിനാൾ ജ
നിച്ചാൽ സൽക്കർമ്മങ്ങളെ ചെയ്യുന്നവനായും ദാനശീലനായും ധന
വാനായും വിഭ്വാനായും ഭവിക്കും.

മൂ— ത്രയോദശ്യാംലുബ്ധപ്രകൃതിരതികാമീധനവാം-
ശ്ചതുർദ്ദശ്യാംകോപീപരധനവധൂകസ്തമമനാഃ
അമായാമാശാലുഃപിതൃസുരസമാരാധനപരോ
ധനീരാകാപൂർണ്ണയദിനകുലയശസ്വീചസുമനാഃ. ൪൦

വ്യാ—ത്രയോദശിനാൾ ജനിച്ചാൽ ലുബ്ധനായും കാമിയായും
ധനവാനായും, ചതുർദ്ദശിനാൾ ജനിച്ചാൽ കോപമുള്ളവനായും അ
ന്യധനത്തിലും അന്യസ്ത്രീയിലും അഗ്രഹിക്കുന്നവനായും തമോഗുണമു
ള്ളവനായും, കൃത്തവാവുനാൾ ജനിച്ചാൽ അഗ്രഹശീലനായും പി
തൃക്കളിയും ദേവന്മാരിലും ഭക്തിയുള്ളവനായും, വെളുത്തവാവുനാൾ
ജനിച്ചാൽ വംശത്തിൽ പ്രസിദ്ധിസമ്പാദിക്കുന്നവനായും സൽബുദ്ധി
യായും ഭവിക്കും.

വാരഫലം.

മൂ— മാനീപിംഗളകേശലോചനതനുശ്ചാദിത്യവാരേവിട്ടഃ
കാമീകാന്തവപുർദ്ദയാലുരനിശംശീതാംശുവാരോദ്ഭവഃ
ക്രൂരസ്സാഹസവാദകാര്യനിരതഃക്ഷ്മാസൂനുവാരേസദാ
ദേവബ്രാഹ്മണപൂജകസ്സുവചനസ്സൗമ്യസ്യവാരോദയേ. ൪൧

വ്യാ—ഞായറാഴ്ച ജനിച്ചാൽ മാനിയായും കണ്ണും തലമുടിയും
ദേഹവും സുവർണ്ണനിറമായും വിട്ടുവായും, തിങ്കളാഴ്ച ജനിച്ചാൽ കാമി
യായും മനോഹരശീലനായും ദയാലുവായും, ചൊവ്വാഴ്ച ജനിച്ചാൽ ക്രൂ
രനായും സാഹസകാര്യങ്ങളിലും സാഹസവാദങ്ങളിലും തല്പരനായും,

ബുധനാഴ്ച ജനിച്ചാൽ ദേവന്മാരിലും ബ്രാഹ്മണരിലും പൂജയിലും തല്പര നായും നല്ലവാക്കു പറയുന്നവനായും ഭവിക്കും.

മൂ— യജ്ഞാഭ്രപതിവല്ലഭശ്ചഗ്രണവാൻഖ്യാതോഗ്രരോവ്വാസരേ
ധന്യക്ഷേത്രധനാശ്രിതസ്സിതദിനേസവ്പ്രിയഃകാമധീഃ
മന്ദപ്രായമതിഃപരാന്നധനഭുഗ്വാദപ്രമാദാനിതോ
ദ്വേഷ്ടീബന്ധുജനാവരോധകൃശലോമന്ദസ്യവാരോത്ഭവഃ. 28

വ്യാ—വ്യാഴാഴ്ച ജനിച്ചാൽ യാഗം മുതലായ കർമങ്ങൾ ചെയ്യുന്നവനായും രാജപ്രിയനായും ഗ്രണവാനായും പ്രസിദ്ധനായും, വെള്ളിയാഴ്ചജനിച്ചാൽ ധാന്യങ്ങളും കൃഷിഭൂമികളും ധനവും ഉള്ളവനായും സ്വപ്രിയനായും കാമിയായും, ശനിയാഴ്ചജനിച്ചാൽ മന്ദബുദ്ധിയായും പരാന്നം ഭക്ഷിക്കുന്നവനായും വാദപ്രിയനായും ബുദ്ധിഭ്രമം ഉള്ളവനായും ചില്ലാവരയും ദ്വേഷിക്കുന്നവനായും ബന്ധുക്കളെ തടയുന്നതിൽ (തന്റെ അധീനത്തിൽ നിർത്തുന്നതിൽ) സമർത്ഥനായും ഭവിക്കും.

നക്ഷത്രനാമങ്കർ.

മൂ— തുരംഗദസ്രാശ്വയുഗശ്വിനീഹയാ
യമർക്ഷതാന്തോഭരണീചയാമ്യഭം
ഹുതാശനോഗ്നിർബഹുലാചകൃത്തികാ
വിധുർവിരിഞ്ചിശ്ശകടമ്പരോഹിണീ. 29

വ്യാ—തുരംഗം ദസ്രം അശ്വയുക് അശ്വിനി ഹയം ഇവ അശ്വതി നക്ഷത്രത്തിന്റെ നാമങ്കർ (കുതിരയുടെ പേരുകർ ഒക്കെയും പറയാം.) യമം കൃതാന്തം ഭരണി യാമ്യഭം ഇവ ഭരണിനക്ഷത്രത്തിന്റെ നാമങ്കർ (അന്തകപര്യായങ്കർ ഒക്കെയും പറയാം.) ഹുതാശനം അഗ്നി ബഹുലാ കൃത്തികാ ഇവ കാർത്തികനക്ഷത്രത്തിന്റെ നാമങ്കർ (അഗ്നിപര്യായങ്കർ ഒക്കെയും പറയാം.) വിധു വിരിഞ്ചം ശകടം രോഹിണി ഇവ രോഹിണിനക്ഷത്രത്തിന്റെ നാമങ്കർ (ബ്രഹ്മപര്യായങ്കർ ഒക്കെയും പറയാം.)

മൂ— സൌമ്യശ്ചന്ദ്രാഗ്രഹായണ്യൃക്ഷമൃഗശിരാ
സ്താരകാരൌദ്രമാർദ്രാ
ചാദിത്യംരൽ പുനർവ്വസ്വിതിസുരജനനീ
തിഷ്യപുഷ്യാമരേഡ്യാഃ
ആശ്ലേഷാഹീഭ്രജംഗഃപിതൃജനകമഖാ
ഫാൽഗുനീഭാഗ്യഭംസ്യാ
ദർയ്മണശ്ചോത്തരാഖ്യംഭഗമിതികഥിതം
ഭാനുഹസ്താരുണാക്കാഃ. 30

വ്യാ—സൌമ്യം ചന്ദ്രം ആഗ്രഹായണി ഉഡുപം മൃഗശിരസ്സു ഇവ മകയിരത്തിന്റെ പേരുകൾ (ചന്ദ്രപഞ്ചായങ്ങൾ പറയാം.)താരകം രൌദ്രം ആദ്രാ ഇവ തിരുവാതിരയുടെ നാമങ്ങൾ. ആദിത്യം പുനർവസു സുരജ്യേഷ്ഠി ഇവപുണർതത്തിന്റെനാമങ്ങൾ.തിഷ്യംപുഷ്യം അമരേഡ്യം ഇവ പൂയത്തിന്റെ നാമങ്ങൾ.(വ്യാഴത്തിന്റെ പേരുകളുംപറയാം)ആശ്ലേഷം അഹി ർബുധ്നം ഇവ ആയില്യത്തിന്റെ നാമം (സർപ്പപഞ്ചായവും പറയാം) പിതാ ജനകം മാഘ മകത്തിന്റെ നാമങ്ങൾ.ഫാൽഗുനി ഭാഗ്യഭം (ഭാഗ്യം എന്നും പറയാം) പൂരത്തിന്റെ പേരുകൾ. ആര്യമ്ണം ഉത്തരാഖ്യം ഉത്തരഫൽഗുനി ഭഗം നാലും ഉത്രത്തിന്റെപേരുകൾ. ഭാനു ഹസ്തം അരുണം അർക്കം അത്തത്തിന്റെപേരുകൾ.

മൂ— ത്വഷ്ടാചചിത്രാസുരവർദ്ധകീച
സ്വാതീമരുൽപ്രാണസമീരണാഖ്യാഃ
വായുസ്സമീരഃപരതോവിശാഖാ
ദ്വിദൈവതേന്ദ്രാഗ്നികശുക്ലഭാനി. ൨൨

വ്യാ—ത്വഷ്ടാവ് ചിത്ര സുരവർദ്ധകി ചിത്തിരയുടെ പേരുകൾ. സ്വാതി മരുത്തു് പ്രാണം സമീരണം വായു സമീരം ചോതിക്കു ഇവയും വായുപഞ്ചായങ്ങളും പറയാം. വിശാഖ ദ്വിദൈവതം ഇന്ദ്രാഗ്നി ശുക്ലഭം (ശുക്ലം വ്യന്നമാം) ഇവ വിശാഖത്തിന്റെ പേരുകൾ.

മൂ— അനുരാധാമൈത്രഭവിഷ്ടകുലിശതാരാശതമഖ
സ്സുരസ്വാമീജ്യേഷ്ഠാപരമസുരമൂലാകൃതുഭുജഃ
പയഃപൂർവ്വാഷാഢം സലിലജലതോയാനിഭസമു-
ത്തരാഷാഢോഭവിശ്വം പരമഭിജിദാഹുർമ്മുനിഗണാഃ. ൨൩

വ്യാ—അനുരാധ അനുരാധ മൈത്രം അനിഴത്തിന്റെപേരു. കുലിശതാരം ശതമഖം സുരസ്വാമി ജ്യേഷ്ഠ ഇവ തൃക്കേട്ടയുടെ പേർ (ഇന്ദ്രപഞ്ചായം പറയാം) അസുരം മൂല മൂലം അകൃതുഭുക്ക് ഇവ മൂലത്തിന്റെ പേര് (അസുരരാക്ഷസപഞ്ചായം പറയാം.) പയസ്സ് പൂർവ്വാഷാഢം, സലിലം, ജലം, തോയം ഇവ പൂരാടത്തിന്റെ പേരു്. (ജലപഞ്ചായം പറയാം) ഉത്തരാഷാഢം വിശ്വം അഭിജിത്തു് ഇവ ഉത്രാടത്തിന്റെ പേരുകൾ. (ഉത്രാടത്തിന്റെ നാലാം പാദവും തിരുവോണത്തിന്റെ ആദ്യം നാലുനാഴിയും കൂടിയുള്ളതിനു് അഭിജിത്തു, എന്നു പറയുന്നുവെങ്കിലും (ആ സമയം ജനിച്ചാൽ അതിനെ അഭിജിത്തു എന്ന നാളായി ഗണിക്കാറില്ല.)

മൂ— ശ്രോണാവിഷ്ണുഹരിശ്രുതി ശ്രവണഭാനാഹ്വശ്രവിഷ്ഠാവസുഃ
പ്രാചേതാശ്ശതതാരകാവരുണഭഞ്ചാജൈകപാദോജുവാൽ

പൂവ്വപ്രോഷ്ഠപദർക്ഷകാപരമതിർബുധ്ന്യുത്തരപ്രോഷ്ഠവാൻ
പൂഷ്ണാരേവതിപൌഷ്ണഭാനിമുനിഭിസ്സങ്കീർത്തിതാനിക്രമാൽ. ൨൭

വ്യാ—ശ്രോണ വിഷ്ണു ഹരി ശ്രുതി ശ്രവണഭം ഇവ തിരുവോണത്തിന്റെ പേർ. (വിഷ്ണുപഞ്ചായം പറയാം.) ശ്രവിഷ്ഠ (ധനിഷ്ഠ) ധസു (വാസവം) അവിട്ടത്തിന്റെ പേര്. പ്രാക്ഷേതസ്സ് ശതതാരക വരുണഭം (ശതഭിഷക്ക്) എന്നുമുണ്ട്. ചതയത്തിന്റെ പേര്. (വരുണപഞ്ചായം പറയാം) അജൈകപാദം അജപാത്ത്. പൂവ്വപ്രോഷ്ഠപദം ഇവ പൂരുരുട്ടാതിയുടെ പേര്. അഹിർബുധ്ന്യ ബുധ്നി ഉത്തരപ്രോഷ്ഠപദം (ഉപാന്തിഭം എന്നുമുണ്ട്) ഇവ ഉത്രട്ടാതിയുടെ പേര്. പൂഷാവു രേവതി പൌഷ്ണഭം (ഭകാരംകൂടാതെയുമാം) അന്ത്യഭം ഇവ രേവതിയുടെ പേര്.

മൂ— മൂലാവാസവയോർമ്മാഘാഭുഗയോഃ പൌഷ്ണാശ്വയോസ്സന്ധിഗം.
ഗണ്ഡാന്തംപ്രഹരപ്രമാണമധികാനിഷ്ടപ്രദംദേഹിനാം
ജ്യേഷ്ഠാദ്യാവതാരസന്ധി ഘടികാചാഭുക്തസംജ്ഞംഭവേ
ത്തന്നാഡീപ്രഭവാംഗനാസ്സുതപശ്ചാപ്രേഷ്യാകുലധ്വംസകാഃ. ൨൫

വ്യാ—മൂലം നക്ഷത്രത്തിന്റെ അന്ത്യപാദവും (പതിനഞ്ചു നാഴിക) തൃക്കേട്ടയുടെ അന്ത്യപാദവും മകത്തിന്റെ ആദ്യപാദവും ആയില്യത്തിന്റെ അന്ത്യപാദവും അശ്വതി ആദ്യപാദവും കൂടിയ മുപ്പത്തീരു നാഴിക ഗണ്ഡാന്തമെന്നു പായുന്ന സന്ധിയാണ്. ഇതിൽ അശ്വതി മകം മൂലം ഇവയുടെ ആദ്യപാദത്തിൽ നഷ്ട നാഴികവീതവും ആയില്യം പെട്ട രേവതി ഇവയുടെ അന്ത്യപാദത്തിൽ ഒടുക്കം നഷ്ട നാഴികവീതവും കൂടുന്നതിന്റെ നാഴിക അധികദോഷമായുള്ളതു്. തൃക്കേട്ടയുടെ ഒടുവിൽ നഷ്ട നാഴികയും മൂലംനക്ഷത്രത്തിന്റെ ആദ്യം നഷ്ട നാഴികയും കൂടിയുള്ളതിന്റെ നാഴികയ്ക്ക് അഭുക്തസന്ധി എന്നു പേർ പറയപ്പെടുന്നു. ആ സന്ധിയിൽ ജനിക്കുന്ന സ്ത്രീകൾ ദാസികളായും ദാസികളായും വംശച്ഛേദിനികളായും ഭവിക്കും.

ജ്യേഷ്ഠാദോഷം.

മൂ— വിഭക്തദശഭിർജ്യേഷ്ഠാ നക്ഷത്രാഖിലനാഡികാഃ
ആദ്യംശേജനനീമാതാദ്വിതീയേജനനീപിതാ. ൨൯

തൃതീയേജനനീഭ്രാതാ യദിമാതാചതുർത്ഥകേ
പഞ്ചമേജ്ഞാതതനയഃ ഷഷ്ഠേഗോത്രവിനാശകഃ. ൩൦

സപ്തമേചോഭയകുലം ചാഷ്ടമേവംശനാശനം
നവമേശ്വശ്രൂരംഹന്തി സർവ്വംഹന്തിദശാംശകേ. ൩൧

ഭൈവാസരയോഗേന ജ്യേഷ്ഠാജ്യേഷ്ഠസോദരം
ജ്യേഷ്ഠാദ്യപാദേഗ്രജമാശുഹന്യാ-
ദ്ദ്വിതീയപാദേയദിതൽക്കനിഷ്ഠം
തൃതീയപാദേപിതരംനിഹന്തി
സ്വയഞ്ചതുർത്ഥേമൃതിമേതിബാലഃ. ൨൯

വ്യാ—തൃക്കേട്ട നാളിനെ ആറുനാഴികയാക്കി പത്തുഭാഗമായി വിഭജിക്കുക. അതിൽ ക-ാംഭാഗത്തിൽ ജനിച്ചാൽ അമ്മയുടെ അമ്മയ്ക്കും ഖ-ാമത്തേതിൽ അമ്മയുടെ അച്ഛനും ഗ-ാമത്തേതിൽ അമ്മാവനും ഘ-ാമത്തേതിൽ അമ്മയ്ക്കും ങ-ാമത്തേതിൽ ബാലനും ആറാമത്തേതിൽ സഹോദരനും ഛ-ാമത്തേതിൽ അമ്മയുടേയും താതന്റേയും ചതുർത്ഥനും ഝ-ാമത്തേതിൽ തന്റെ വംശത്തിനും ൻ-ാമത്തേതിൽ ഭാര്യയുടെ അച്ഛനും ട-ാമത്തേതിൽ ഗില്ലാവക്കും ദോഷമാകുന്നു.

ചൊവ്വാഴ്ചയും തൃക്കേട്ടയും കൂടിയദിവസം ജനിച്ചാൽ ജ്യേഷ്ഠസഹോദരനു ദോഷമാണ്. തൃക്കേട്ടയുടെ ആദ്യപാദത്തിൽ ജനിച്ചാൽ ജ്യേഷ്ഠസഹോദരനും ര-ാംപാദത്തിൽ അനുജനും ന-ാം പാദത്തിൽ അച്ഛനും ല-ാംപാദത്തിൽ ബാലനും ദോഷമാണ്.

മൂലദോഷം.

മൂ— മൂലാഗ്രപാദേപിതരംനിഹന്യാൽ
ദ്വിതീയകേമാതരമാശുഹന്യാ
ത്തൃതീയകേവിത്തവിനാശകൃസ്യാ
ച്ചതുർത്ഥപാദേസമുപൈതിസൗഖ്യം ൩൦

വ്യാ—മൂലം നക്ഷത്രത്തിന്റെ ആദ്യപാദത്തിൽ ജനിച്ചാൽ അച്ഛനും ര-ാമത്തേതിൽ അമ്മയ്ക്കും ന-ാമത്തേതിൽ സമ്പത്തിനും ദോഷമാകുന്നു. ല-ാംപാദമായാൽ സർവ്വസുഖവുമുണ്ടാവും.

മൂ— മൂലർക്ഷനിഖിലാനാദ്യ സ്ഥിത്രിസംഖ്യാവിഭാജിതാഃ
ആദ്യേപിതാപിതൃഭ്രാതാ തൃതീയേഭഗിനീപതിഃ. ൩൪

പിതാമാതഞ്ചതുർത്ഥേതു മാതാനാശ്രുതിപഞ്ചമേ
ഷഷ്ഠേതന്മാതൃഭഗിനീ സപ്തമേമാതുലസ്തഥാ. ൩൫

മൂ— അഷ്ടമാംശേപിതൃവ്യസ്ത്രീ നിഖിലംനവമാംശകേ
ദശമേപാശ്രുസംഘാതോ ഭൃത്യസ്ഥകാദശാംശകേ. ൩൬

ദ്വാദശേതുസ്വയംജാത സ്തജ്ജ്യേഷ്ഠസ്തൂത്രയോദശേ
ചതുർദശേതൽഭഗിനീ വ്യന്തേമാതാമഹസ്തഥാ
ഭാനുവാസരയോഗേന മൂലജഃപിതരംഹരേൽ. ൩൭

വ്യാ — മൂലനക്ഷത്രത്തെ തിഥിസംഖ്യകൊണ്ടു (൧൫) വിഭജിക്കുക. അപ്പോൾ നന്നാലു നാഴികവീതംകിട്ടും. അതിൽ ആദ്യത്തെ നാലു നാഴികയിൽ ജനിച്ചാൽ അച്ഛനും ൨-ാമത്തേതിൽ അച്ഛന്റെ സഹോദരങ്ങൾക്കും ൩-ാ മത്തേതിൽ സഹോദരിയുടെ ഭർത്താവിനും ൪-ാമത്തേതിൽ അച്ഛന്റെ അച്ഛനും ൫-ാമത്തേതിൽ അമ്മയ്ക്കും ൬-ാമത്തേതിൽ അമ്മയുടെ സഹോദരിക്കും ൭-ാമത്തേതിൽ അമ്മാവനും ൮-ാമത്തേതിൽ പിതൃവ്യഭാര്യയ്ക്കും(പിതൃവ്യഅച്ഛന്റെഭാര്യാസഹോദരന്മാർ) ൯-ാമത്തേതിൽ പുല്ലാവക്കും ൧൦-ാ മത്തേതിൽ കാള പശു മുതല യതിനും ൧൧-ാ മത്തേതിൽ ഭൃത്യന്മാക്കും ൧൨-ാമത്തേതിൽ ബാലനും ൧൩-ാ മത്തേതിൽ ബാലന്റെ സഹോദരന്മാക്കും ൧൪-ാമത്തേതിൽ ബാല ന്റെ സഹോദരിമാക്കും ൧൫-ാമത്തേതിൽ അമ്മയുടെ അച്ഛനും ദോഷ മാകുന്നു. ഞായറാഴ്ചയും മൂലവും കൂടിയ ദിവസം ജനിക്കുന്ന സ്ത്രീപ്രജ യുടെ അച്ഛനുദോഷമാകുന്നു.

## ആശ്ലേഷദോഷം.

മൂ— ആശ്ലേഷാദ്യേനഗണ്ഡംസ്യാ ദ്ധനഗണ്ഡംദ്വിതീയകേ
തൃതീയേമാതുഗണ്ഡന്തു പിതൃഗണ്ഡശ്ചതുർത്ഥകേ. ൪൪

വ്യാ— ആയില്യത്തിന്റെ ആദ്യപാദത്തിൽ ഗണ്ഡദോഷമില്ല. ര ണ്ടാംപാദത്തിൽ ജനിച്ചാൽ ധനത്തിനും ൩-ാമത്തേതിൽ അമ്മയ്ക്കും ൪-ാമത്തേതിൽ അച്ഛനും ദോഷമാകുന്നു.

മൂ— മൂലാമപ്യാശ്വി ന രണേപ്രഥമേപിതുശ്ച
പൌഷ്ണേന്ദ്രയോശ്ചഫണിനശ്ചചതുർത്ഥപാദേ
മാതുഃപിതുസ്സ്വവപുഷോപികരോതിനാശം
ജ്ഞാതോയഥാനിശിദിനേപ്യഥസന്ധ്യയോശ്ച. ൪൫

വ്യാ— അശ്വതി മകം മൂലം ഇതുകളുടെ ആദ്യപാദത്തിൽ രാത്രി യിൽജനിച്ചാൽ അമ്മയ്ക്കും ആയില്യം കേട്ട രേവതി ഇതുകളുടെ അന്ത്യ പാദത്തിൽ പകൽ ജനിച്ചാൽ പിതാവിനും ഈ പാദങ്ങളിൽ സ ന്ധ്യാസമയങ്ങളിൽ ജനിച്ചാൽ ബാലനും നാശമാണ്.

മൂ— ദിവാജാതസ്യപിതരം രാത്രിജോജനനീന്തഥാ
ആത്മാനംസന്ധ്യയോർഹന്തി നാസ്തിഗണ്ഡവിധൗനൃണാം. ൪൬

വ്യാ— ഗണ്ഡാന്തസമയങ്ങളിൽ പകൽ ജനിച്ചാൽ അച്ഛനും ആകാലങ്ങളിൽ രാത്രിയിൽ ജനിച്ചാൽ അമ്മയ്ക്കും സന്ധ്യാസമയങ്ങ ളിൽ ജനിച്ചാൽ ബാലനും നിശ്ചയമായും നാശമുണ്ടാകും.

മൂ— ഭുക്ഷസ്യാന്തഭവേദ്ഭാത്രാ വാദ്യൈയദിദിനേതഥാ
സന്ധ്യാസുഭുക്ഷസന്ധ്യൈ തദോതൽഗണ്ഡലക്ഷണം. ൫൫

വ്യാ—ഗണ്ഡാന്തനക്ഷത്രങ്ങളുടെയും രാശികളുടെയും അന്ത ത്തിൽ രാത്രിയിലും അതുകളുടെ ആദ്യത്തിൽ പകലും രാശികളുടെയും നക്ഷത്രങ്ങളുടെയും മദ്ധ്യത്തിൽ സന്ധ്യാകാലങ്ങളിലും ജനിച്ചാൽ ദോഷമാണ്.

മൂ— പൂർവ്വാഷാഢേ ധനുർല്ലഗ്നേ ജാതഃപിതൃവിനാശകഃ
പുഷ്യൈകക്കടകേലഗ്നേ പിതൃമൃത്യുകരോഭവേൽ. ൫൬

വ്യാ—പൂരാടം നക്ഷത്രവും ധനുർലഗ്നവുമായും പൂയംനക്ഷത്രവും കർക്കടകലഗ്നവുമായും ജനിക്കുന്നവൻ അച്ഛനെ നശിപ്പിക്കും (അത്തം നക്ഷത്രവും കന്നിലഗ്നവുംകൂടി ജനിച്ചാലും ഈ ഫലവുമെന്നുണ്ട്.) ഈ മൂന്നു നക്ഷത്രങ്ങൾക്കും ചന്ദ്രരാശി ലഗ്നമായിവന്നാൽ ഫലം നിശ്ചയ മെന്നുസാരം.

മൂ— പൂർവ്വാഷാഢേചപുഷ്യേച പിതരംമാതരംസുതം
മാതുലഞ്ചശിശുർഹന്ത്യാൽപ്രഥമാംശകതഃക്രമാൽ. ൫൭

വ്യാ—പൂരാടത്തിന്റെയും പൂയത്തിന്റെയും പ്രഥമപാദത്തിൽജനിച്ചാൽപിതാവിനും ഇവയുടെ൨-ാംപാദത്തിൽ അമ്മയ്ക്കും൩-ാംപാദത്തിൽ ബാലനും ൪-ാംപാദത്തിൽ അമ്മാവനും നാശമാകുന്നു. ഇവിടെ പക്ഷഭേദപ്രകാരം അല്പം പറഞ്ഞുകൊള്ളുന്നു. പൂയത്തിനും അത്തത്തിനും പൂരാടത്തിനും ഈ ദോഷങ്ങളുള്ളതിൽ അത്തത്തിന്റെപ്രസംഗം ഇതിൽ ഗ്രന്ഥകാരൻ സ്വീകരിച്ചു കാണുന്നില്ല. എന്നാൽ മറ്റു പ്രമാണങ്ങൾ മൂലം അത്തത്തിന്റെ ദോഷങ്ങൾ ധാരാളം അറിയപ്പെടുന്നുണ്ട്. പക്ഷാന്തം ബാഹുല്യത്തെയും അനുഭവസിദ്ധിയേയും കൂടിചിന്തിക്കേണ്ടതു് അത്യാവശ്യമായിരിക്കകൊണ്ടും ഈ ഭാഗത്തെപ്പറയുന്നതായി ചിലദോഷശ്ലോകങ്ങൾ അബദ്ധമായും അപൂർണ്ണമായും കേട്ടിരിക്കകൊണ്ടും ഇതിനെ അനുഭവമായി കാണുകയാലും ഈ മൂന്നുനക്ഷത്രങ്ങളുടെയുംഫലങ്ങളെ ക്രമീകരിക്കാനായിട്ടു ഞാൻ തന്നെ മൂന്നാലുകൊല്ലങ്ങൾക്കു മുമ്പിൽ ഒരു പദ്യംവ്യഴ്തിയിട്ടുള്ളതിനെകൂടി ഇവിടെ ചേർത്താൽ നന്നായിരിക്കുമെന്നുകരുതി ചേർക്കുന്നു.

"പുഷ്യേസപദ്മം മാതൃപിതാചമാതുലോ
ഹസ്തേ പിതാമാതുല ബാലമാതരഃ
പൂരാടമാതാപിതൃമാതുലസ്വകാ
നശ്യന്തിക്രമം ക്രമശോയഥോദിതം."

അർത്ഥം—പൂയത്തിൽ ക്ര-ാംപാദത്തിൽ ജനിച്ചാൽ ബാലനും ക്ഷ-ാംപാദത്തിൽ അമ്മയ്ക്കും ന-ാംപാദത്തിൽ അച്ഛനും ര-ാംപാദത്തിൽ അമ്മാവനും അത്തത്തിന്റെ ക്ര-ാംപാദത്തിൽ അച്ഛനും ന-ാംപാദത്തിൽ അമ്മാവനും ന-ാംപാദത്തിൽ ബാലനും . ര-ാംപാദത്തിൽ അമ്മയ്ക്കും പൂരാടത്തിന്റെ ക്ര-ാംപാദത്തിൽ അമ്മയ്ക്കും ന-ൽ അച്ഛനും ന-ൽ അമ്മാവനും ര-ൽ ബാലനും ദോഷമാകുന്നു. ഈ പക്ഷം സർവ്വസാധാരണമായിപലരുമൊന്നായിസമ്മതിച്ചിട്ടുള്ളതാകുന്നു.

"പുഷ്യഃപക്ഷതികക്കിവിട്ടിനായുതസ്സാരാംഗനാസപ്തമീ
ഹസ്തസ്സൗരിസമീക്ഷിതശ്ചാപജുലഭം പാദേഷ്വദോഷപ്രദം."

ഈപറഞ്ഞതിഥിവാരനക്ഷത്രലഗ്നാംശം കൂടിയോജിച്ചിരിക്കണമെന്നു മതാന്തരംഉണ്ട്.

മൂ— ഉത്തരാഫാൽഗുനീതാരാ പ്രഥമേചരണേനഡി
തിഷ്യാഗ്ന്യർക്ഷകമധ്യസ്ഥ പാദയോരുഭയോരപി. ന൫

മൂ— പാദേതൃതീയേചിത്രായാഃ പൂർവ്വാർദ്ധേയമഭസ്യച
തുരീയാംശേക്രതാരായാ ശ്വതൃത്ഥാംശേന്ത്യഭസ്യച
ജാതസ്യപിതരംഹന്തി ജാതാപ്യന്മാതരംതഥാ. ന൬

വ്യാ—പൂരത്തിന്റെയും ഉത്രത്തിന്റെയും പ്രഥമപാദങ്ങളിലും പൂയത്തിന്റെയും കാർത്തികയുടെയും ഉ-ംന-ം പാദങ്ങളിലും ചിത്തിരയുടെ ന-ാം പാദത്തിലും ഭരണിയുടെ ക്ര-ം ഉ-ം പാദങ്ങളിലും അത്തത്തിന്റെ ന-ാം പാദത്തിലും രേവതിയുടെ ര-ാം പാദത്തിലും പുരുഷൻ ജനിച്ചാൽ അച്ഛനും സ്ത്രീ ജനിച്ചാൽ അമ്മയ്ക്കും ദോഷമാകുന്നു.

ഗണ്ഡകാലം.

മൂ— ഷോഡശാദ്ര്യാസ്സൂരംഗാത്ത്രേ മാഘാത്ത്രേചാഷ്ടവത്സരാഃ
ഏകാബ്ദഗ്ലൗകൃതാരായാ ശ്വതാരസ്ഥാഷ്ടമൂലയോഃ ന൯

സാർപ്പേവഷ്ടദ്വയാദ്ധൈവ രേവത്യാമേകവത്സരഃ
മൈത്രമാസൈഷ്ടോത്തരാദോഷഃ പുഷ്യർക്ഷേത്രിമാസകം. ന൰

നവമേമാസിപിതരം പൂർവ്വാഷാഢോദ്ഭവോഹരേൽ
ഹസ്തർക്ഷേയദിജാതസ്യ പിതരംദ്വാദശാബ്ദകേ. ന൱

അഷ്ടകതമൂലജഃപുത്രഃ പിതരംഹന്തിതൽക്ഷണം
അഷ്ടകതമൂലജനിതോ യദിജീവതിമാനവഃ. ന൲

നിജവംശകരഃശ്രീമാൻ ബഹുസേനാധിപോഥവാ. ന൳

വ്യാ—അശ്വതിയുടെ ഒന്നാംപാദത്തിൽ ജനിച്ചാൽ ക്രന വയസ്സും മകത്തിന്റെ ക-ാംപാദത്തിൽ ജനിച്ചാൽ ഖ വയസ്സും തൃക്കേട്ടയുടെ ഖ-ാം പാദത്തിൽ ജനിച്ചാൽ ക വയസ്സും ചിത്തിരയുടെ ന-ാം പാദത്തിലും മൂലത്തിന്റെ ക-ാം പാദത്തിലും ജനിച്ചാൽ ഖ വയസ്സും ആയില്യത്തിന്റെ ഖ ാംപാദത്തിൽ ജനിച്ചാൽ ഘ വയസ്സും രേവതിയുടെ ഖ-ാംപാദത്തിൽ ജനിച്ചാൽ ക വയസ്സും ഉത്രത്തിന്റെ ക-ാം പാദത്തിൽ ജനിച്ചാൽ ഘ വയസ്സും പൂയത്തിന്റെ ഘ ം ന ം പാദങ്ങളിലായാൽ ന മാസവും ജീവിച്ചിരിക്കും. പൂരാടത്തിന്റെ ഘ-ാം പാദത്തിൽ ജനിച്ചാൽ ഒൻപതാംമാസത്തിൽ അച്ഛൻ മരിക്കും. അത്തത്തിന്റെ ക-ാം പാദത്തിൽ ജനിച്ചാൽ അച്ഛൻ ക്രഘ-ാം വർഷത്തിൽ മരിക്കും. ഈ പറഞ്ഞകാലത്തിനകം ഗണ്ഡഫലം അനുഭവിക്കും. മൂലത്തിന്റെ ആദ്യം നഞ്ച് നാഴികയായ അഭുക്തം എന്ന സന്ധിയിൽ ജനിച്ചാൽ അച്ഛൻ ഉടനെ മരിക്കും. ആ കുട്ടി ജീവിച്ചിരിക്കയാണെങ്കിൽ വംശകർത്താവായും ധനവാനായും സേനാനായകനായും ഭവിക്കും. (കുട്ടി ജീവിക്കുമെന്നു പറഞ്ഞതുകൊണ്ടു അഭുക്തമൂലത്തിൽ ജനിച്ചാൽ പിതാവിനും ബാലനും ദോഷമാണെന്നു അറിഞ്ഞുകൊള്ളണം.) ഗണ്ഡാന്തേഷ്വാതതോമർത്ത്യഃ പിതൃമാതൃകുലാന്തകഃ യദിജീവതിദീർഘായുർ നീരോഗീശ്രീപതിർഭവേൽ എന്നു ശാസ്ത്രം ഉണ്ട്.

## തിഥിദോഷം.

മൂ— കൃഷ്ണപക്ഷേചതുർദശ്യാം ഷഡംശേപ്രഥമേശുഭം
ദ്വിതീയേപിതരംഹന്തി തൃതീയേമാതരംതഥാ. സപ്ത

ചതുർത്ഥേമാതുലംഹന്തി പഞ്ചമേഭ്രാതരംതഥാ
ഷഷ്ഠേയദിശിശുംഹന്തി ഗണ്ഡദോഷസ്സമീരിതഃ. നൻ

വ്യാ—കറുത്തപക്ഷത്തിലെ ചതുർദശിയെ ൬ ഭാഗമാക്കുക. ആദ്യത്തെ പത്തുനാഴികയിൽ ജനിച്ചാൽ ശ്രേയസ്സും ര-ാമത്തേതിൽ പിതാവിനും ന-ാമത്തേതിൽ അമ്മയ്ക്കും ക ാമത്തേതിൽ അമ്മാവനും ഘ-ാമത്തേതിൽ സഹോദരനും ങ-ാമത്തേതിൽ ബാലനും ദോഷമാകുന്നു.

മൂ— അമാന്യാന്തുപ്രജാതാനാം ഗജാനാംവാജിനാംതഥാ
ഗവാഞ്ചമഹിഷാദീനാം മനുഷ്യാണാംവിശേഷതഃ. ൭൦

സിനീവാലീപ്രജാതാനാം ത്യാഗംകുർവ്വാദ്വിശേഷതഃ
വിശേഷാച്ചകുഹൂതാനാം ശാന്തിംകുർവ്വാദ്വിധാനതഃ
നാരീംവിനാവിശേഷേണ പരിത്യാഗോവിധീയതേ. ൭൧

വ്യാ—കറുത്തവാവുന്നാൾ ജനിക്കുന്നതായ മനുഷ്യസാംഹചയ്യ മുള്ള ആന കുതിര കാള പശു പോത്ത് കന്ന് പട്ടി പൂച്ച ഒട്ടകം കഴുത മുതലായ മൃഗങ്ങളെയും വിശേഷിച്ചു മനുഷ്യരെയും ഉപേക്ഷിക്കണം. അല്ലെങ്കിൽ ആക്കെങ്കിലും ദാനം കൊടുക്കണം. ഉദയത്തിനു ശേഷം ചതുർദശിയോടുകൂടിയ കറുത്തവാവുന്നാൾ (സിനീവാലി എന്ന ദിവസം) ജനിക്കുന്ന പ്രജകളെ വിശേഷിച്ചും മേൽപറഞ്ഞ പ്രകാരം ചെയ്യണം. ഉദയംമുതൽ ഉദയംവരെ കറുത്തവാവുള്ള ദിവസം (കുഹു) ജനിച്ചാൽ ആ കുട്ടിയെ ഉപേക്ഷിച്ചിട്ടു നക്ഷത്രശാന്തി ഹോമം മുതലായവ ചെയ്യണം. സ്ത്രീപ്രജയാണെങ്കിൽ ഉപേക്ഷിക്കണമെന്നു നിർബ്ബന്ധം ഇല്ലെങ്കിലും മേൽപറഞ്ഞ ഹോമങ്ങൾ ചെയ്യണം.

യോഗദോഷം.

മൂ— പിതൃജന്മർക്ഷകർമ്മക്ഷ ജാതഃപിതൃവിനാശകഃ
ജന്മർക്ഷാംശകതല്ലഗ്ന ജാതസ്സുദ്യോമൃതിപ്രദഃ. ൭൨

വ്യാ—അച്ഛന്റെ ജന്മനക്ഷത്രദിവസവും രണ്ടാമത്തെ അന്നുള്ള ദിവസവും ജനിക്കുന്നവൻ പിതൃനാശത്തെ ചെയ്യും. വിശേഷിച്ചും അച്ഛന്റെ ലഗ്നത്തിന്റെ നവാംശകരാശിയിൽ ജനിച്ചാൽ അച്ഛൻ ഉടനെ മരിക്കും.

മൂ — മൂസലേമൂൽഗരേയോഗേ ജാതശ്ശോഭനനാശകൃൽ
വിഷ്ട്യാംഭരിദ്രമാചഷ്ടേ ഗ്രഹിണേംഗവിഹീനകൃൽ. ൭൩

വ്യാ—നിത്യയോഗങ്ങളിൽ പരിഘം മുൽഗ്ഗരം ഈ യോഗങ്ങളിൽ ജനിക്കുന്നതു അമംഗലമാണ്. കരണങ്ങളിൽവിഷ്ടിസമയം ജനിച്ചാൽ ദാരിദ്ര്യവും ഗ്രഹിണീയോഗസമയം ജനിച്ചാൽ അംഗഹീനതയും ഉണ്ടാകും.

മൂ — രിക്തായാംഷണ്ഡതാംയാതി പംഗുസ്സ്യാത്ത്രിമകണ്ടകേ
ഗ്രഹപീഡിതനക്ഷത്രേ ജാതോരോഗനിപീഡിതഃ. ൭൪

രിക്താതിഥികളായ ചതുർത്ഥി നവമി ചതുർദശി ഈ ദിവസങ്ങളിൽ ജനിച്ചാൽ ഷണ്ഡനാകും. യമകണ്ടകോദയത്തിൽ ജനിച്ചാൽ മുടന്തനാകും. ഗ്രഹണമുള്ള നാളുകളിൽ ജനിച്ചാൽ രോഗിയാകും.

മൂ— ഗ്രാഹമുക്ഷേതകാംക്ഷിതർക്ഷേ ദത്തപുത്രോഭവേന്നരഃ
വ്യതീപാതേംഗഹീനസ്സ്യാൽ പരിഘേമൃത്യുമാപ്നുയാൽ. ൭൫

വ്യാ—ഒരു രാശിയിൽ നിന്ന് ഒരു ഗ്രഹം പോകയും മറൊന്ന് അതിൽ കടക്കുവാൻ വിചാരിക്കുകയും ചെയ്യുമ്പോൾ ആ രാശി ലഗ്ന

മാന്തി ജനിച്ചാൽ അവൻ ദത്തുപുത്രനെ സ്വീകരിക്കേണ്ടിവരും. വ്യതീപാതയോഗത്തിൽ ജനിച്ചാൽ അംഗഹീനതയും പരിഘയോഗത്തിൽ ജനിച്ചാൽ മരണവും ഉണ്ടാകും.

മൂ— വൈധൃതൌപിതരംഹന്തി വിഷ്കംഭോത്പാതഹാനികൃൽ
ശൂലേതുശൂലരോഗീസ്യാൽ ഗണ്ഡഗണ്ഡമവാപ്നുയാൽ. ൈസ

വ്യാ—വൈധൃതി യോഗത്തിൽ ജനിച്ചാൽ പിതാവു് മരിക്കും. വിഷ്കംഭയോഗത്തിലായാൽ ദ്രവ്യനാശവും ശൂലയോഗത്തിൽ ആയാൽ ശൂലരോഗവും ഗണ്ഡയോഗത്തിലായാൽ ഗണ്ഡം എന്ന രോഗഭേദവും ഉണ്ടാകും. ഇവ യോഗങ്ങൾ പഞ്ചാംഗ യോഗങ്ങളാകുന്നു.

മൂ— സദന്തജാതഃകുലനാശകാരീ
ദ്വിതീയമാസാദി ചതുഷ്ടയാന്തേ
ദന്തോഭവേൽമൃത്യുകരഃപിതുസ്സ്യാൽ
ഷഷ്ഠ്യുശിശോസ്തൽപരതശ്ശുഭംസ്യാൽ. ൈ

വ്യാ—ജനിക്കുമ്പോൾ തന്നെ ബാലനു് പല്ലുണ്ടായിരുന്നാൽ വംശനാശവും രണ്ടാംമാസം തുടങ്ങി നാലാംമാസം കഴിയുന്നതിനകം പല്ലു കിളിത്താൽ അച്ഛനു ദോഷവും നാലാംമാസത്തിൽ ബാലനു ദോഷവും അതിനുമേൽ ശുഭവുമാകുന്നു.

## ജന്മനാമജന്മാദികർക്കം.

മൂ— ജന്മർക്ഷമാദ്യംദശമഞ്ചകർമ്മ
സംഘാതകംഷോഡശഭംവദന്തി
അഷ്ടാദശംസ്യാൽ സമുദായസംജ്ഞ-
മാധാനമേകോനിതവിംശതിസ്യാൽ. ൈ

വ്യാ—ജനിച്ച നാളിനെ ആദ്യം എന്നും പത്താംനാളിനെ കർമ്മം എന്നും നാ-ാം നാളിനെ സംഘാതമെന്നും പ-ാംനാളിനെ സമുദായമെന്നും ൻ-ാം നാളിനെ ആധാനമെന്നും പറയുന്നു.

മൂ— ത്രയോവിംശതിനക്ഷത്രം വൈനാശികമിതിസ്മൃതം
ജാതിദശാഭിഷേകാഭ്യാം പഞ്ചവിംശാദിതാരകാഃ. ൈ

ജന്മതാരാദയോയസ്യ വിദ്ധാഃപാപവിയച്ചരൈഃ
സത്ര്യോമൃത്യുകരാസ്തസ്യ ശുഭൈശ്ശുഭഫലപ്രദാഃ, ൈ

വ്യാ—ജനിച്ചനാളിന്റെ പ-ാംനക്ഷത്രത്തിനു വൈനാശികമെന്നു പേരുണ്ടു്. പ-ാംനക്ഷത്രവും പ്ര-ാംകാലും വൈനാശികമെന്ന പക്ഷാന്തരം ഉണ്ടു്. മുൻപറഞ്ഞ ജന്മതാരാദിനക്ഷത്രങ്ങൾ പാപ

ന്മാരോടുകൂടിയാൽ സദ്യോമരണവും ശുഭന്മാരോടുകൂടിയാൽ ശുഭവുമാണ്. ൨ -ം ൨൭-ം നാളുകൾ ഓരോജ്യോതി ദേശം ഇവയുടെ അഭിഷേകത്തിനു നന്നാണ്.

ഗണ്ഡദോഷാപവാദം.

മൂ— വൈശാഖേശ്രാവണേമാഘേ ഫാൽഗുനേവ്യോമസംഭവഃ
ആഷാഢപുഷ്യസൌമ്യേഷു ജ്യേഷ്ഠമാസിചമാനവഃ. വ൨

അശ്വയുക്ചൈത്രകാർത്തിക്യാം ഭാദ്രേചബിലസംഭവഃ
മത്സ്യമൃത്യുർഗണ്ഡദോഷഃ പാതാളേനാസ്തിപുഷ്കരേ
ജാതമാത്രേകുമാരസ്യ മുഖമാലോകയേൽപിതാ
പിതൃനാൽസവിമുച്യേത പുത്രസ്യമുഖദർശനാൽ. വ൨

വ്യാ—വൈശാഖം ശ്രാവണം മാഘം ഫാൽഗുനം ഈ മാസങ്ങളിൽ ആകാശചാരികളും (പക്ഷികൾ) ആഷാഢം പൌഷ്യം മാർഗ്ഗശീർഷം ജ്യേഷ്ഠം ഈ മാസങ്ങളിൽ മനുഷ്യരും ആശ്വിനം ചൈത്രം കാർത്തികം പ്രോഷ്ഠപദം ഈ മാസങ്ങളിൽ വിലങ്ങളിൽ(ഭാരം) ജനിക്കുന്നവയും (സപ്പുകീടാദികൾ) ഗണ്ഡകാലങ്ങളിൽ ജനിച്ചാൽ ദോഷമില്ല. ഭൂമിയുടെഅടിയിലോ ആകാശത്തിലോ ഗണ്ഡദോഷമില്ല. ബാലൻ ജനിച്ചാൽ ഉടൻതന്നെ പിതാവു പുത്രമുഖത്തെ കാണണം. ആ ദർശനംകൊണ്ട് പിതാവു പിതൃക്കളുടെ ഋണബന്ധത്തിൽ മോചിക്കയും ചെയ്യും.

നക്ഷത്രഫലം.

മൂ— അശ്വിന്യാമതിബുദ്ധിവിത്തവിനയപ്രജ്ഞായശസ്വീസുഖീ
യാമ്യർക്ഷേവികലോന്യദാരനിരതഃക്രൂരഃകൃതഘ്നോധനീ
തേജസ്വീബഹുലോഭവഃപ്രേഷ്യസമോമൂർഖശ്ചവിദ്വാന്ധനീ
രോഹിണ്യാംപരദാരസ്ത്രവിൽകുശതനുർബോധീപരസ്ത്രീരതഃ. വ൩

വ്യാ —അശ്വതിനക്ഷത്രത്തിൽ ജനിച്ചാൽ ബുദ്ധിയും ധനവും വിനയവും വിദ്യയും കീർത്തിയും സുഖവും, ഭരണിനാൾ കാര്യവൈകല്യവും പരസ്ത്രീരതിയും മനസ്സിനകാഠിന്യവും ദാരിദ്ര്യവും കൃതഘ്നതയും, കാർത്തികനാൾ തേജസ്സും പ്രഭുതുല്യതയും ദുസ്സ്വഭാവവും വിദ്യയും ധനവും, രോഹിണിനാൾ അന്യന്റെ ഭാക്കിനെ അറികയും ദേഹത്തിനു കൃശതയും ജ്ഞാനവും പരസ്ത്രീരതിയും ഉണ്ടായിരിക്കും.

മൂ— ചാന്ദ്രേസൌമ്യമനോടനുകൂടിലഭുക്കാമാതുരോരോഗവാ-
നാർദ്രായാമധനശ്ചലോധികബലഃക്ഷുദ്രക്രിയാശീലവാൻ
ശ്രദ്ധാത്മാചപുനർവ്വസൌധനബലഖ്യാതഃകവിഃകോമുക-
സ്തിഷ്യേവിപ്രസുരപ്രിയസ്സുഹിധനീരാജപ്രിയോബന്ധുമാൻ.

വ്യാ—മകന്തിരംവ്വാളിൽ ജനിച്ചാൽ വിനയവും സഞ്ചാരവും കണ്ണിനു വിഷമതയും കാമാധിക്യവും രോഗവും, തിരുവാതിരനാൾ ദാരിദ്ര്യവും ചപലതയും ബലവും ക്ഷുദ്രകർമ്മവും, പുണർതത്തുനാൾ ശരീരത്തിനു ഒരുക്കവും ധനവും ബലവുംപ്രസിദ്ധിയും കവിതയുംകാമിതയും; പൂയത്തുനാൾ ദേവബ്രാഹ്മണഭക്തിയും ക്ഷമാശീലവും രാജപ്രീതിയും ബന്ധുബലവും ഉള്ളവനായി ഭവിക്കും.

മൂ— സാക്ഷ്യേഗ്രുദ്ധമതിഃക്രൂരഫല്ഗുവചനഃകോപീദുരാചാരവാൻ
കാമീപുണ്യരതഃകളത്രവശഗോമാനീമഹായാന്ധനീ
ഫൽഗ്രന്യാഞ്ചലചുംകൃതക്ഷചരിതസ്ത്യാഗീദുഢഃകാമുകോ
ഭോഗീചോത്തരഫൽഗുനീഭജനിതോ ദാനീക്രൂരഫല്ഗുസ്സുധീഃ. വ്യ

വ്യാ—അത്തത്തുനാൾ ശ്രുദ്ധബുദ്ധിയായും ഉപകാരസ്മരണയില്ലാതെയുള്ള വാക്കുകളും കോപവും ദുരാചാരങ്ങളും, മകത്തുനാൾ കാമശീലവും പുണ്യകർമ്മങ്ങളും ഭാര്യയ്ക്കു അധീനനായിരിക്കയും അഭിമാനവും ധനവും, പൂരത്തുനാൾ കഠിനതയും ദുസ്തർക്കവും ദുർവൃത്തതയുംദാനശീലവുംസ്ഥിരതയുംകാമശീലമുള്ളവനായുംഭവിക്കുംഉത്രംനാൾ സുഖം മാനം കൃതജ്ഞത സൽബുദ്ധി ഇവയുള്ളവനായും ഭവിക്കും.

മൂ— രഹസ്യർക്ഷേഷ്ടികാമധർമ്മനിരതഃ പ്രാജ്ഞോപകർത്താധനീ
ക്ഷിപ്രായാമതിഗ്രുച്ഛശീലനിരതോമാനീപരസ്ത്രീരതഃ
സ്ത്യാന്ദേവമഹീസുരപ്രിയകരോഭോഗീധനീമന്ദധീ
ഗ്രുവീദാരവശോജിതാരിരചികഃ ക്രോധീവിശാഖോദ്ഭവഃ. പുന

വ്യാ—അത്തത്തുനാൾ കാമിയായും ധർമ്മവാനായും വിദ്വാനായും ഉപകാരിയായും ധനിയായും, ചിത്തിരനാൾ ശ്രുദ്ധസ്വഭാവിയായും മാനിയായും ധനികനായും പരസ്ത്രീകാമിയായും, ചോതിനാൾ ദേവബ്രാഹ്മണപ്രിയനായും സുഖമുള്ളവനായും ധനവാനായും മന്ദബുദ്ധിയായും, വിശാഖംനാൾ ഗർവിഷ്ടനായും ഭാര്യാവശഗനായും ശത്രുക്കളെ ജയിച്ചവനായും വളരെ കോപമുള്ളവനായും ഭവിക്കും.

മൂ— മൈത്രേസുപ്രിയവാഗ്ധനീസുഖരതഃപൂജ്യോയശസ്വീവിഭുർ
ജ്യേഷ്ഠായാമതികോപവാൻപരവധൂസക്തോവിഭുർധാർമ്മികഃ
മൂലർക്ഷേപടുവാഗ്വിധൂതകുശലോമൂർഖഃകൃതഘ്നോധനീ
പൂർവാഷാഢഭവോവികാരചരിതോമാനീസുഖീശാന്തധീഃ. വ്യ

വ്യ—അനിഴംനാൾ ഏറവും പ്രിയവാക്കായും ധനവാനായും സുഖാനുഭൂതിയുള്ളവനായും മാന്യനായും കീർത്തിമാനായും പ്രഭുവായും, തൃക്കേട്ടനാൾ വളരെ കോപമുള്ളവനായും പരസ്ത്രീരതനായും വിഭവാ

യും ധർമ്മിഷ്ഠനായും, മൂലത്തുനാൾ വാക്കുസാമർത്ഥ്യമുള്ളവനായും, അ
മംഗലനായും മൂർഖനായും കൃതഘ്നനായും ധനവാനായും, പൂരാടത്തു
നാൾ അപ്രസിദ്ധനായും അഭിമാനിയായും സുഖവും മനസ്സിനു അട
ക്കുമുള്ളവനായും ഭവിക്കും.

മൂ— മാന്യശ്ശാന്തഗ്രഹണസ്സുഖീ ചധനവാൻ വിശ്വർക്ഷയുഃപണ്ഡിത
ശ്ശ്രോണായാം ദ്വിജഭേവഭക്തിനിരതോരാജാധനീധർമ്മവാൻ
ആശാലുവ്വസുമാൻ വസൂദുജനിഭഃ പീനാംഗകണ്ണസ്സുഖീ
കാലജ്ഞശ്ശുതതാരകോഭവനരശ്ശാന്തോല്പഭുക്സാഹസീ. ൭൫

വ്യാ—ഉത്രാടത്തുനാൾ മാന്യത ശാന്തഗ്രഹണങ്ങൾ സുഖം വിദ്യ
ഇവയും തിരുവോണത്തുനാൾ ദേവബ്രാഹ്മണഭക്തിയും രാജതുല്യതയും
ധനവും, അവിട്ടത്തുനാൾ ആഗ്രഹശീലവുംധനവും സൌഭാഗ്യവും ഉ
ള്ളവനായും കുഴത്തും ദേഹവും തടിച്ചവനായും സുഖിയായും, ചതയ
ത്തുനാൾ കാലജ്ഞനായും ശാന്തനായും അല്പഭോജിയായും സാഹസി
യായും ഭവിക്കും.

മൂ— പൂവ്വപ്രോഷ്ഠപദിപ്രഗൽഭവചനോധൂർത്തോഭയാർത്തോമൃദു-
ശ്ചാഹിർബുധ്നിജമാനവോമൃദുഗുണസ്ത്യാഗീധനീപണ്ഡിതഃ
രേവത്യാമുരുലാഞ്ഛനോപഗതനുഃകാമാതുരസ്സുന്ദരോ
ഗന്ത്രീപുത്രകളത്രമിത്രസഹിതോജാതസ്ഥിരുസ്ത്രീരതഃ. ൭൬

വ്യാ—പൂരുട്ടാതിനാൾ വാക്കിന ഗൌരവവും ധൂർത്തതയും ഭയ
വും മൃദുവായും ഉത്രിട്ടാതിനാൾ ഗുണവും ദാനശീലവും വിദ്യയും ധന
വും രേവതിനാൾ ദേഹത്തിനു വളരെ അടിയാളങ്ങളും (മറുകുമുഴകുചാ
റി മുതലായവ) കാമശീലവും സൌന്ദര്യവും ആലോചനയും ഭാര്യാപു
ത്രബന്ധുക്കളും സ്ഥിരതയും സ്ത്രീരതിയും ഉള്ളവനായും ഭവിക്കും.

## ചന്ദ്രരാശിഫലം (കൂറുഫലം.)

മൂ— മേഷസ്ഥയദിശീതരശ്മിചലനുഭുക്കാമീസഹോത്ഥാഗ്രജോ
ദാതാകാന്തയശോധനോരുചരണഃകന്യാപ്രജോഗോഗതഃ
ദീർഘ്മായുസ്സുരതോപചാരകുശലോഹാസ്യപ്രിയോയുഗ്മഭേ
കാമാന്ധകൃതമനോടനസ്സുവചനശ്ചന്ദ്രേകുളീരസ്ഥിതേ. ൭൭

വ്യാ—ചന്ദ്രൻ മേടത്തിൽ നില്ക്കുമ്പോൾ അല്പഭക്ഷണംകൊണ്ടു
തൃപ്തിപ്പെടുന്നവനായും കാമിയായും സഹോദരങ്ങളിൽവെച്ചു ജ്യേഷ്ഠ
നായും ഇടവത്തിൽ നിന്നാൽ ദാനശീലവും സൌന്ദര്യവും കീർത്തിയും
ധനവും വണ്ണിച്ച കാലുകളും അധികം സ്ത്രീസന്താനങ്ങളും മിഥുന
ത്തിൽ നിന്നാൽ ദീർഘ്മായുസ്സായും ശയനോപചാരങ്ങളിൽ തല്പരനാ

യും ഹാസ്യപ്രിയനായും (നേരംപോക്കു) കർക്കടകത്തിൽ നിന്നാൽ കാ
മശീലവും സഞ്ചാരവും നല്ല വാക്കുകളുമുള്ളവനായും ഭവിക്കും.

മൂ— സിംഹസ്ഥപൃഥുലോചനസ്സുവദനോഗംഭീരദൃഷ്ടിസ്സുഖീ
കന്യാസ്ഥോവിഷയാത്തരോലളിതവാഗ്വിദ്യാധികോഭോഗവാൻ
തൗലിസ്ഥമരവിപ്രഭക്തി നിരതോബന്ധുപ്രിയോവിത്തവാൻ
കീടസ്ഥശശിനിപ്രമത്തഹൃദയോരോഗീചലുബ്ധോടനഃ. ൯൯

വ്യാ—ചിങ്ങത്തിൽ നില്ക്കുമ്പോൾ ജനിച്ചാൽവലിയതുംകുഴിഞ്ഞതുമാ
യ കണ്ണുകളുള്ളവനായും പ്രസന്നമുഖനായും സുഖമുള്ളവനായും കന്നി
യിൽ നില്ക്കുമ്പോൾ വിഷയങ്ങളിൽ (പഞ്ചേന്ദ്രിയങ്ങളിലും സ്ത്രീകളി
ലും) ഭ്രമമുള്ളവനായും വാക്കിനു ലാളിത്യവും വിദ്യയും സുഖവുംഉള്ള
വനായും തുലാത്തിൽ നില്ക്കുമ്പോൾ ദേവബ്രാഹ്മണ ഭക്തിയും ബന്ധു
പ്രിയതയും ധനവും വൃശ്ചികത്തിൽ നില്ക്കുമ്പോൾ അസ്ഥിരതയും രോ
ഗവും മൂഢതയും സഞ്ചാരവും ഉള്ളവനായി ഭവിക്കും.

മൂ— സൌമ്യാംഗോരുവിലോചനഃ കുലവരശ്ശില്പീധനസ്ഥോവിധൌ
ഗീതജ്ഞഃപൃഥുമസ്തകോമൃഗദൃഗ്ദേശാസ്ത്രീപരസ്ത്രീരതഃ
കുംഭസ്ഥോഗതശീലവാൻ ബുധജനദ്വേഷ്ടീചവിദ്വാധികോ
മീനസ്ഥോമൃഗലാഞ്ഛനോ വനതനുർവ്വിദ്വാൻബഹുസ്ത്രീപതിഃ ൯൭

വ്യാ—ചന്ദ്രൻ ധനുസ്സിൽ നില്ക്കുമ്പോൾ കോമളശരീരവും കു
ണ്ണുകർണ്ണങ്ങളും കുലശ്രേഷ്ഠതയും ശില്പവിദ്യയും മകരത്തിൽ നി
ല്ക്കുമ്പോൾ സംഗീതവും ശിരസ്സിനു വലിപ്പവും വിദ്യയും പരസ്ത്രീരതി
യും, കുംഭത്തിൽ നില്ക്കുമ്പോൾ ദുസ്വഭാവവുംസജ്ജനനിന്ദയും വള
രെ വിദ്യയും മീനത്തിൽ നില്ക്കുമ്പോൾ നല്ല ശരീരവും വിദ്യയും വള
രെ ഭാര്യമാരും ഉള്ളവനായി ഭവിക്കും.

രാശ്യംശകഫലം.

മൂ— സേനാനീർഭവനാഥവിശാലനയനശ്ശ്വേതശ്ശമേഷാംശകേ
പീനസ്കന്ധവപുർഭവേൽവൃഷഭാംശേചവിധൌ
ച വംഗഃപ്രേഷ്യസേവകോവിചപകോയുഗ്മാംശകേഖണ്ഡിതഃ
ശ്യാമാംഗഃചിതപുത്രസൌഖ്യരഹിതശ്ചന്ദ്രേകുളീരാംശകേ. ൯൨

വ്യാ—ചന്ദ്രൻ മേഷാംശകത്തിൽ നിന്നാൽ സേനാനായകത്വ
വും ധനവും കുണ്ണകർണ്ണങ്ങളുടെ വലിപ്പവും മോഷണവും വൃഷഭാംശക
ത്തിൽ നിന്നാൽ കഴുത്തും തുമലും മുഖവും തടിച്ചിരിക്കയും കറുപ്പു നി
റവും മിഥുനാംശകത്തിൽ സൌന്ദര്യവും പ്രേഷ്യജനസേവയും വിദ്യയും

എഴുത്തു ജ്യോതിയും കർക്കടാംശകത്തിൽ കറുത്തനിറവും അച്ഛൻ പുത്രൻ സൌഖ്യം ഇവയോടു വേർപാടു ഉള്ളവനായും ഭവിക്കും.

മൂ— പീനാംശോസിതനാസികോധനബലവ്യാതശ്വസിംഹാംശകേ
കന്യാംശേമൃദുഭാഷണഃക്ലശതനുർദ്ധൃതക്രിയാകോവിദഃ
കാമീഭ്രൂപതിസേവകസ്സുതനയശ്ചന്ദ്രേതുലാംശസ്ഥിതേ
കീടാംശേവികലാനനഃക്ലശതനുസ്സ്വോടനാരോഗവാൻ. ൯൫

വ്യാ—ചന്ദ്രൻ സിംഹാംശകത്തിൽ നിന്നാൽ തടിച്ച ദേഹവും ക്രൂരത്തിലധികം ഉയർന്ന മൂക്കും ധനവും ബലവുംകീർത്തിയും കന്യാംശകത്തിൽ വാക്കിനു മാർദ്ദവവും ചിരിയും (ശരീരത്തിനു) ക്ഷീണതയും തുലാംശകത്തിൽ കാമശീലവും രാജസേവയും സൽപുത്രന്മാരും വൃശ്ചികാംശകത്തിൽ മുഖവൈകല്യവും കൃശതയും ദാസ്യവേലയും സഞ്ചാരവും രോഗവും ഉള്ളവനായും ഭവിക്കും (കീടാംശേവനിതാസുഖോനാതിതോടുംപീകുടാരാത്മജഃ എന്ന പാഠാന്തരം:)

മൂ— ചാപാംശേകൃശദീർഘബാഹുതനുഗ സ്ത്യാഗീതപസ്വീധനീ
ലുബ്ധഃക്ലിഷ്ടതനുസ്സുതാരതനയശ്ചന്ദ്രേമൃഗാംശസ്ഥിതേ
മിഥ്യാചാരരതസ്സുതാരവശഗഃകുംഭാംശകസ്ഥേവിധൌ
മീനാംശേമൃദുവാഗഹീനവചനസ്തീർത്ഥാടനഃപുത്രവാൻ. ൯൬

വ്യാ—ചന്ദ്രൻ ധനരാംശകത്തിൽ നിന്നാൽ ചടച്ചു നീണ്ടിരിക്കുന്ന കയ്യുകളും പതുക്കെയുള്ള നടപ്പും ദാനശീലവും തപസ്സും ധനവും മകരാംശകത്തിൽ ലുബ്ധനായും ശരീരത്തിനു കുറച്ചും ഭാര്യാപുത്രാദികളും കുഭാംശകത്തിൽ മിഥ്യാചാരരതനായും (താൻ യോഗ്യനാണെന്നു അറിവാൻവേണ്ടി അളുകളെ കാണുമ്പോൾ വെറുതെ കുലാചാരങ്ങളെ ചെയ്യുന്നവൻ) ഭാര്യയ്ക്കു അധീനനായും, മീനാംശകത്തിൽ പതുക്കെയും ദുഷ്കാര്യങ്ങളായുള്ള സംസാരവും തീർത്ഥസ്നാനം ചെയ്യുന്നവനായും പുത്രന്മാരുള്ളവനായും ഭവിക്കും.

യോഗഫലം.

മൂ— വിഷ്ണുംഭേജിതശത്രുരത്ഥപശുമാൻ പ്രീത്യൌപരസ്ത്രീവശ-
ശ്ശ്യായുഷ്മജ്ജനിതശ്ചിരായുരഗദസ്സൌഭാഗ്യജാതസ്സുഖീ
ഭോഗീശോഭനയോഗജോവധരുചിർജ്ജാതോനിഗണ്ഡധനീ
ധർമ്മാചാരരതസ്സുകർമ്മജനിതോ ധൃത്യാംപരസ്ത്രീധനഃ. ൯൭

വ്യാ—(൧) വിഷ്ണുംഭയോഗത്തിൽ ശത്രു ഇല്ലാത്തവനായും പശുക്കൾ ഉള്ളവനായും

(൨) പ്രീതിയോഗത്തിൽ അന്യസ്ത്രീകൾക്കു വശഗനായും

(൯) ആയുഷ്മാൻയോഗത്തിൽനിന്നാൽ ദീർഘായുസ്സായും ആരോഗ്യവാനായും

(൰) സൌഭാഗ്യയോഗത്തിൽ സുഖാനുഭൂതിയുള്ളവനായും

(൱) ശോഭനയോഗത്തിൽ ഭോഗവാനായും

(൲) അതിഗണ്ഡയോഗത്തിൽ ഹിംസാശീലനായും

(൳) സുകർമ്മയോഗത്തിൽ ധർമ്മാചാരനായും ധനികനായും

(൴) ധൃതിയോഗത്തിൽ പരസ്ത്രീകളും ധനവും ഉള്ളവനായും ഭവിക്കും.

മൂ— ശൂലേകോപവശാനുഗഃ കലഹകൃൽഗണ്ഡേദുരാചാരവാൻ
വൃദ്ധേഽപണ്ഡിതധീർധ്രുവേതിധനവാൻവ്യാഘാതജോഽഘാതകഃ
ഹർഷണയോഗജഃപ്രഥയശാവഭ്രുധനീകാമുക-
സ്ത്രിദ്വേഽസവ്യനാശ്രിതഃപ്രഭുസമോമായീവ്യതീപാതജഃ. ൯൰

വ്യാ—(൯) ശൂലയോഗത്തിൽ ജനിച്ചാൽ കോപിയായും യുദ്ധപ്രിയനായും

(൰) ഗണ്ഡയോഗത്തിൽ ദുരാചാരങ്ങളെ ചെയ്യുന്നവനായും

(൱) വൃദ്ധിയോഗത്തിൽ വിദ്വാനായും

(൲) ധ്രുവയോഗത്തിൽ ധനവാനായും

(൳) വ്യാഘാതയോഗത്തിൽ ഹിംസാശീലനായും

(൴) ഹർഷണയോഗത്തിൽ ജ്ഞാനിയായും കീർത്തിമാനായും

(൵) വജ്രയോഗത്തിൽ ധനിയായും കാമിയായും

(൶) സിദ്ധിയോഗത്തിൽ എല്ലാവക്കും ആശ്രയമായും പ്രഭുസമനായും

(൷) വ്യതീപാതയോഗത്തിൽ മായ (കള്ളം) ഉള്ളവനായും ഭവിക്കും.

മൂ— ദുഷ്ടോമീചവരീയജസ്തുപരിഘേവിദ്വേഷകോവിത്തവാൻ
ശാസ്ത്രജ്ഞഃശിവയോഗജസ്തുധനവാൻശാന്തോവനീശപ്രിയഃ
സിദ്ധേധർമ്മപരായണഃക്രതുകരസ്സാദ്ധ്യേ ശുഭാചാരവാം
ശ്ചാവ്യഃഗശ് ശുഭയോഗജശ്ചധനവാൻകാമാതുരശ്ശ്ലേഷ്മളഃ. ൯൱

വ്യാ—(൮) വരീയാൻയോഗത്തിൽ ദുഷ്ടനായും കാമുകനായും

(൯) പരിഘയോഗത്തിൽ വിദ്വേഷിയായും ധനവാനായും

(൰) ശിവയോഗത്തിൽ ധനവാനായും ശാസ്ത്രിയായും രാജപ്രിയനായും

(൱) സിദ്ധയോഗത്തിൽ ധർമ്മതല്പരനായും യാഗാദികർത്താവായും

(൧൫) സാദ്ധ്യയോഗത്തിൽ ശുഭാചാരവാനായും

(൧൬) ശുഭയോഗത്തിൽ സുന്ദരനായും ധനവാനായും കാമിയായും കഥപ്രകൃതിയായും ഭവിക്കും.

മൂ— ശുഭ്രോധർമ്മപരഃ പടുതവ ചനഃ കോപീചലഃപണ്ഡിതോ
മാനീബ്രഹ്മഭവോതിഗൂഢധനികസ്ത്യാഗീവിവേകീ ഹൃഷ്ടഃ
പൈശുന്യേസവ്വജനോപകാരനിരതസ്സുഖ്ഞപീർവിത്തവാൻ
മായാവീപരദൂഷകോഹിബലവാംസ്തൃാഗീധനീവൈധൃതൈ.ൻൻ

വ്യാ—(൧൭) ശുഭ്രയോഗത്തിൽ ജനിച്ചാൽ ധർമ്മിഷ്ഠനായും വാക്സാമർത്ഥ്യമുള്ളവനായും കോപിഷ്ഠനായും വിദ്വാനായും

(൧൮) ബ്രഹ്മയോഗത്തിൽ മാനിയായും ധനങ്ങളെ സൂക്ഷിക്കുന്നവനായും ദാനശീലനായും വിവേകമുള്ളവനായും പ്രീതിവായും

(൧൯) പൈശുന്യയോഗത്തിൽ (മാഹേന്ദ്രയോഗം) പിശുക്കുവക്കും ഉപകാരത്തെ ചെയ്യുന്നവനായും വിജ്ഞാനിയായും ധനവാനായും

(൨൦) വൈധൃതിയോഗത്തിൽ കപടമുള്ളവനായും അന്യന്മാരെ ദൂഷിക്കുന്നവനായും ബലവാനായും ധനവാനായും ദാനശീലനായും ഭവിക്കും. ഈ യോഗങ്ങളൊക്കെയും പഞ്ചാംഗയോഗങ്ങളായ നിത്യയോഗങ്ങളാകുന്നു.

കരണഫലം.

മൂ— ബബകരണഭവേസ്സ്വാൽബാലകൃത്യഃപ്രതാപീ
വിനയചരിതവേഷോബാലവേരാജുപൂജ്യഃ
ഗജതുരഗസമേതഃ കൌലവേ ചാരുകർമ്മാ
മൃദുപടുവചനസ്സ്യാത്തൈതിലേപുണ്യശീലഃ. ൧൦൦

വ്യാ—ബബ(സിംഹ)കരണത്തിൽ ജനിച്ചാൽ ബാലകൃത്യനായും (കുട്ടികളുടെ പ്രവൃത്തിപോലെ പ്രവർത്തിക്കുന്നവൻ) പ്രതാപമുള്ളവനായും ബാലവ് (പുലി) കരണത്തിൽ ജനിച്ചാൽ വിനയമുള്ളവനായും ഒരുക്കമുള്ളവനായും രാജമാന്യനായും കൌലവ(പശു)കരണത്തിൽ ജനിച്ചാൽ ആന കുതിര മുതലായ വാഹനങ്ങൾ ഉള്ളവനായും സൽക്കർമ്മിയായും തൈതില (കഴുത) കരണത്തിൽ ജനിച്ചാൽ മൃദുവും പടുത്വവുമുള്ള വാക്കുകളെ പറയുന്നവനായും പുണ്യകർമ്മിയായും ഭവിക്കും.

മൂ— ഗരജകരണജാതോവീതശത്രുഃപ്രതാപീ
വണിജിനിപുണവക്താജാരകാന്താവിലോലഃ

നിഖിലജനവിരോധീപാപകർമ്മാപവാദീ
പരിജനപരിപൂജ്യോവിഷ്ടിജാതഃസ്വതന്ത്രഃ. ൧൦൬

വ്യാ—ഗോജു(ആന)കരണത്തിൽ ശത്രുവില്ലാത്തവനായും പ്രതാപിയായും വണിജ് (പശു) കരണത്തിൽ സാമർത്ഥ്യമായി പറയുന്നവനായും ഗ്രന്ഥോപ്യോഗതനായും വിഷ്ടികരണത്തിൽ എല്ലാവക്കും വിരോധിയായും പാപിഷ്ഠനായും അപവാദമുള്ളവനായും തന്റെ കൂട്ടുകാരാൽ മാനിക്കപ്പെടുന്നവനായും സ്വാതന്ത്ര്യപ്രകൃതിയായും ഭവിക്കും.

മൂ— കാലജ്ഞശ്ശുകുനോരുഭവസ്ഥിരമതിർമ്മാതസ്സുനിത്യംസുഖീ
സർവ്വജ്ഞശ്ചതുഷ്പദേതുലളിതഃപ്രജ്ഞായശോവിത്തവാൻ
തേജസ്വിവസുമാനതീവബലവാൻവാചാലകോനാഗവേ
ക്രിംസ്തുഘ്നപരകാര്യകൃച്ചപലധീർഹാസ്യപ്രിയോജ്ഞായതേ. ൧൦൭

വ്യാ—ശകുന (പക്ഷി)പുള്ള് കരണത്തിൽ ജനിച്ചാൽ കാലങ്ങളെ അറിയുന്നവനായും എന്നും സുഖമുള്ളവനായും അപ്രിയമുള്ളവനായും ചതുഷ്പാൽ (നാൽക്കാലിവർഗ്ഗം) കരണത്തിൽ സർവജ്ഞയും മനോഹരത്വവും വിദ്യയും കീർത്തിയും ധനവും നാഗ (പാമ്പ്) കരണത്തിൽ തേജസ്സും ധനവും ബലവും വാചാലതയും കിംസ്തുഘ്ന (പുഴു)കരണത്തിൽ ദാസ്യവും ചാപല്യവും ഹാസ്യപ്രിയവുംഭവിക്കും.

ലഗ്നഫലം.

മൂ— ബന്ധുദ്വേഷികരോടനുകൂലതനുഃക്രോധീവിവാദപ്രിയോ
മാനീദുർബലജാനരസ്ഥിരധനശ്ശൂരശ്ചമേഷോദയേ
ഗോമാന്ദേവഗുരുദ്വിജാർച്ചനരതഃപ്പാത്മജുശ്ശാന്തധീർ-
വിദ്യാവാഭരതോടനശ്ചസുഭഗോഗോലഗ്നഗഃകോമുകഃ. ൧൦൮

വ്യാ—മേടലഗ്നത്തിൽ ബന്ധു ദ്വേഷിയായും സഞ്ചാരിയായും കൃശദേഹനായും കോപിയായും വ്യവഹാരം വാഗ്വാദം മുതലായതിൽ തല്പരനായും മാനിയായും മുട്ടുകാൽക്ക് ബലമില്ലാത്തവനായും അസ്ഥിരമായ ധനമുള്ളവനായും ഇടവലഗ്നത്തിൽ പശുവൃഷഭാദികാൽ ധാരാളമുള്ളവനായും ദേവബ്രാഹ്മണഗുരുക്കന്മാരിൽ ബഹുമാനം ഉള്ളവനായും പുത്രന്മാർ കുറഞ്ഞവനായും മനസ്സിനു അടക്കമുള്ളവനായും വിദ്യയിലും വിവാദങ്ങളിലും തല്പരനായും സഞ്ചാരിയായും സുന്ദരനായും ഭവിക്കും.

മൂ— ഭോഗീബന്ധുരതോദയാലുരധികശ്രീമാൻഗ്രണീതത്വവി-
ദ്യോഗാത്മാസുജനപ്രിയോതിസുഭഗോരോഗീചയുഗ്മോദയേ
മുഷ്ടാന്നാംബഭ്രുഷ്ണോലളിതവാക്കാപട്യധീർധർമ്മവാൻ
ജാതസ്ഥൂലകളേബരോന്യഭവനപ്രീതഃകേളീരോദയേ. ൧൦൯

വ്യാ—മേടലഗ്നത്തിൽ ബന്ധു ദ്വേഷിയായും സഞ്ചാരിയായും കൃശദേഹനായും കോപിയായും വ്യവഹാരം വാഗ്വാദം മുതലായതിൽ തല്പരനായും മാനിയായും മുട്ടുകാൽക്ക് ബലമില്ലാത്തവനായും അസ്ഥിരമായ ധനമുള്ളവനായും ഇടവലഗ്നത്തിൽ പശുവൃഷഭാദികാൽ ധാരാളമുള്ളവനായും ദേവബ്രാഹ്മണഗുരുക്കന്മാരിൽ ബഹുമാനം ഉള്ളവനായും പുത്രന്മാർ കുറഞ്ഞവനായും മനസ്സിനു അടക്കമുള്ളവനായും വിദ്യയിലും വിവാദങ്ങളിലും തല്പരനായും സഞ്ചാരിയായും സുന്ദരനായും ഭവിക്കും.

മൂ— ഭോഗീബന്ധുരതോദയാലുരധികശ്രീമാൻഗ്രണീതത്വവി-
ദ്യോഗാത്മാസുജനപ്രിയോതിസുഭഗോരോഗീചയുഗ്മോദയേ
മുഷ്ടാന്നാംബഭ്രുഷ്ണോലളിതവാക്കാപട്യധീർധർമ്മവാൻ
ജാതസ്ഥൂലകളേബരോന്യഭവനപ്രീതഃകേളീരോദയേ. ൧൧൦

വ്യാ — മിഥുനലഗ്നത്തിൽ ഭോഗവും ബന്ധുക്കളിൽ ഇഷ്ടവും ദയയും വളരെ ശൈശവത്വവും ഗുണവും സംഗ്രാഹിത്വം അഥവാ യോഗശാസ്ത്രജ്ഞാനവും സജ്ജനങ്ങളിൽ പ്രീതിയും സൌന്ദര്യവും രോഗവും കർക്കടകലഗ്നത്തിൽ ഭക്ഷണസുഖവും നല്ല വസ്ത്രാഭരണങ്ങളും വാക്കിന് ലാളിത്യവും മനസ്സിൽ കപടവും ധർമ്മങ്ങളും ശരീരത്തിന്ന തടിപ്പും അന്യഭവനങ്ങളിൽ താമസിക്കാൻ ഇഷ്ടവും ഉള്ളവനായി ഭവിക്കും.

മൂ— ജാതസ്സിംഹവിലഗ്നകേ പ്രബലനായസ്സുഷ്ടധീർഹിംസക
ശ്ശൂരോരാജ്യവശങ്കരോജിതരിപുഃകാമീവിദേശംഗതഃ
കന്യാലഗ്നഭവേക്രിയാസുനിപുണശ്ശ്രീമാൻസുധീഃപണ്ഡിതോ
മേധാവീവനിതാവിലാസരസികോബന്ധുപ്രിയസ്സാത്വികഃ. ൧൦൫

വ്യാ—സിംഹലഗ്നത്തിൽ പുരുഷന്മാർ ക്രൂരത്വവനായും സന്തോഷപ്രകൃതിയായും ഹിംസാപ്രിയനായും ശൂരനായും രാജാവിനധീനനായും ശത്രുജേതാവായും കാമിയായും അന്യദേശവാസിയായും കന്നിലഗ്നത്തിൽ ചില്ലാകർമ്മങ്ങളിലും സമർത്ഥനായും സൌന്ദര്യവും ശൈശവത്വവും ഉള്ളവനായും സൽബുദ്ധിയായും വിദ്വാനായും ബുദ്ധിമാനായും സ്ത്രീകളുടെ ശൃംഗാരാദിചേഷ്ടകളിൽ അഭിരുചിയുള്ളവനായും ബന്ധുപ്രിയനായും നാതികനായും ഭവിക്കും.

മൂ— ലളിതനായനനേത്രോരാജ്യപൂജ്യശ്ചവിദ്വാ-
ന്മദനരതിവിലോലസ്ത്രീധനക്ഷേത്രശാലീ
വിരളദശനമുഖ്യശ്ശാന്തബുദ്ധിർവിഷാദീ
ചലമതിരതിഭീരുർജ്ഞായതേതത്തുലഗ്നേ ൧൦൬

വ്യാ—തുലാലഗ്നത്തിൽ കണ്ണിനും മുഖത്തിനും ഭംഗിയും രാജമാന്യതയും വിദ്യയും സുരതപ്രീതിയും സ്ത്രീകളും ധനവും ക്ഷേത്രങ്ങളും (നിലം പുരയിടം) അകന്നോ ചെറുതായോ ഉള്ള പല്ലുകളും ജനപ്രാധാന്യവും മനസ്സിനടക്കവും ചിന്തയും ദുഃഖവും മനസ്സിന്ന ഇളക്കവും ഭയവും ഉണ്ടായിരിക്കും.

മൂ— മൂർഖഃക്രൂരവിലോചനശ്ചപലലോമാനീചിരായുർധനീ
വിദ്വാൻവൃശ്ചികലഗ്നജശ്ചസുജനദ്വേഷ്ടീവിവാദപ്രിയഃ
പ്രാജ്ഞശ്ചാപവിലഗ്നകേഖലവരശ്ശ്രീമാൻയശോവിത്തവാ-
നാകോകേരസമുത്ഭവശ്ചരമണീലോലശ്ശഠോദീനവാക്. ൧൦൭

വ്യാ—വൃശ്ചികലഗ്നത്തിൽ ജനിച്ചാൽ വിദ്യയും മൂർഖതയും കണ്ണുകൾക്ക ക്രൂരതയും ചാപല്യവും ബാഹുല്യവും ദീർഘായുസ്സും സജ്ജനദ്വേഷവും വാദപ്രിയവും ധനവും ധനുലഗ്നത്തിൽ ജനിച്ചാൽ വി

ട്ടുയ്യും കുലശ്രേഷ്ഠതയും ശ്രീയും ധനവും കീർത്തിയും മകരലഗ്നത്തിൽ ജനിച്ചാൽ സ്ത്രീലോലതാവും ശഠതയും വാക്കിന്റെ ദീനതയും ഉണ്ടാവും.

മൂ— അന്തശ്ശഠഃപരവധൂരതികേളിലോലഃ
കാർപ്പണ്യശീലഗുണവാൻഖലടലഗ്നജാതഃ
മീനോദയേല്പരതിരിഷ്ടജനാനുകൂല
സ്തേജോബലപ്രചുരധാന്യധനശ്ചവിദ്വാൻ. ൧൦൭

വ്യാ — കുംഭലഗ്നത്തിൽ ജനിച്ചാൽ അതിശഠനായും പരസ്ത്രീലോലനായും കൃപണനായും, മീനലഗ്നത്തിൽ ജനിച്ചാൽ അല്പരതികൊണ്ടു തൃപ്തനായും ഇഷ്ടജനങ്ങൾക്കു മാത്രം ഇഷ്ടനായും തേജഃസമ്പന്നനായും ബലവാനായും ധനധാന്യങ്ങളുള്ളവനായും വിദ്വാനായും ഭവിക്കും.

ഹോരാഫലം.

മൂ— ഓജേരാശൗഭാനുഹോരാപ്രജാതഃ
ക്രൂരഃകാമീവിത്തവാൻപുണ്യകർമ്മാ
വാഗ്മീദാതാചാരുദേഹോദയാലുർ
ജാരസ്ത്രീഷശ്ചന്ദ്രഹോരാമദഃസ്യാൽ. ൧൦൮

വ്യാ—ഓജരാശികളിൽ സൂര്യഹോരയിൽ ജനിച്ചാൽ ക്രൂരനായും കാമിയായും ധനവാനായും പുണ്യകർമ്മിയായും ആ ഓജരാശികളിൽത്തന്നെ ചന്ദ്രഹോരയിൽ ജനിച്ചാൽ മിതഭാഷിയായും ദാതാവായും സുന്ദരനായും ദയാലുവായും ശ്രുതഭാര്യയുള്ളവനായും ഭവിക്കും.

മൂ— മാർത്താണ്ഡഹോരാജനിതസ്സുമർക്ഷേ
മന്ത്രീകൃതജ്ഞശ്ചപലോതിഭീരുഃ
ചന്ദ്രസ്യഹോരാപ്രഭവഃപ്രഗത്ഭ
വാക്യോലസഃപുഷ്യവധൂരതിസ്സ്യാൽ. ൧൦൯

വ്യാ— യുഗ്മരാശികളിൽ സൂര്യഹോരയിൽ ജനിച്ചാൽ ആലോചനാശക്തിയുള്ളവനായും ഉപകാരസ്മരണയുള്ളവനായും രാജമന്ത്രിയായും ചപലനായും ഭയമുള്ളവനായും ആ യുഗ്മരാശികളിൽ ചന്ദ്രഹോരയിൽ ജനിച്ചാൽ വാക്കിന്റെ പ്രൌഢതയുള്ളവനായും ആലസ്യ(മടിയ)നായും മാന്യസ്ത്രീകളിൽ രമിക്കുന്നവനായും ഭവിക്കും.

ദ്രേക്കാണഭേദം.

മൂ— കുണ്ഡീരവാജൂഥലടകീടമൃഗാനനാഭ്യാ
മീനാളിസിംഹവണിഗന്ത്യഗതാദ്യഗാണാഃ
ക്രൂരാഭവന്തികടകസ്യസരീസൃപസ്യ
മധ്യസ്ഥിതൌചബഹുശഃപ്രവദന്തിസന്തഃ. ൧൧൦

വ്യാ—ചിങ്ങം മേടം കുംഭം വൃശ്ചികം മകരം ഇതുകളുടെ ആദ്യദ്രേക്കാണങ്ങളും മീനം വൃശ്ചികം ചിങ്ങം തുലാം ഇതുകളുടെ അന്ത്യദ്രേക്കാണങ്ങളും കർക്കടകം വൃശ്ചികം ഇതുകളുടെ മധ്യദ്രേക്കാണങ്ങളും ക്രൂരദ്രേക്കാണങ്ങളാകുന്നു.

മൂ— കുളീരമീനാദിഗതൌദുഗാണൌ
മീനാംഗനാമന്ദിരമധ്യഗൌചാ
ഗോയുഗ്മയോരന്ത്യഗതത്രിഭാഗൌ
ഭവന്തിഷഡംതോയചരാദുഗാണാഃ. ൧൨൨

വ്യാ—കർക്കടകം മീനം ഇതുകളുടെ പ്രഥമദ്രേക്കാണങ്ങളും മീനം കന്നി ഇതുകളുടെ മദ്ധ്യദ്രേക്കാണങ്ങളും ഇടവം മിഥുനം ഇതുകളുടെ അന്ത്യദ്രേക്കാണങ്ങളും ഇങ്ങനെ ഈ ആറ് ദ്രേക്കാണങ്ങളും ജലചരങ്ങളാകുന്നു.

മൂ— മേഷാശ്ചിഗോകുംഭഗതദ്വിതീയാ
തുലാധനസ്സ്ത്രീയുഗപൂർവ്വഭാഗാഃ
ചാപാംഗനാതോയധരാന്ത്യയാതാ
ദുഗാണസംജ്ഞാപ്രഭവന്തിസൌമ്യാഃ. ൧൨൩

വ്യാ—മേടം ധനുസ്സ് ഇടവം കുംഭം മകരം ഇതുകളുടെ ദ്വിതീയദ്രേക്കാണങ്ങളും തുലാം കന്നി മിഥുനം ഇതുകളുടെ പ്രഥമദ്രേക്കാണങ്ങളും ധനുസ്സ് കന്നി കുംഭം ഇതുകളുടെ അന്ത്യദ്രേക്കാണങ്ങളും. സൌമ്യദ്രേക്കാണങ്ങളാകുന്നു.

മൂ— മൃഗാജുകന്ത്യഗതാദുഗാണാ
വൃഷസ്യചാപസ്യചപൂർവ്വയാതൌ
ന്യുഗ്മതുലീഹരിമധ്യഗാസ്തേ
മിമിശ്രസംജ്ഞാഇതിസംവദന്തി. ൧൨൪

വ്യാ—മകരം മേടം കർക്കടകം ഇതുകളുടെ അന്ത്യദ്രേക്കാണങ്ങളും ഇടവം ധനുസ്സ് ഇതുകളുടെ പ്രഥമദ്രേക്കാണങ്ങളും മിഥുനം തുലാം ചിങ്ങം ഇതുകളുടെ മദ്ധ്യദ്രേക്കാണങ്ങളും മിശ്രദ്രേക്കാണംങ്ങളെന്നു പറയപ്പെടുന്നു.

ദ്രേക്കാണഫലം.

മൂ— ക്രൂരദ്രേക്കാണജാതഃഖലമതിരടനഃപാപകർമ്മാപവാദീ
ദാതാഭോഗീദയാലുഃക്ഷിതിസലിലധനസ്ഥായഭോഗോവിശീലഃ
സൌമ്യദ്രേക്കാണജോയസ്സുധനതനയശത്രുരുപദയാലുർ-
ജ്ഞാതോമിശ്രേകുശീലഃപരയുവതിരതിഃക്രൂരദൃഷ്ടിശ്ചലാത്മാ. ൧൨൫

. വ്യാ—ക്രൂരദ്രേക്കാണങ്ങളിൽ ജനിച്ചാൽ ദുർബുദ്ധിയായും സഞ്ചാരിയായും പാപിയായും അപവാദമുള്ളവനായും, ജലചരദ്രേക്കാണങ്ങളിൽ ദാനശീലവും സുഖവും ദയയും കൃഷിയും വെള്ളം ശംഖ് മുത്ത് ഇവയിൽ നിന്നു ധനലാഭവും ദുസ്വഭാവവും സൌമ്യദ്രേക്കാണങ്ങളിൽ സുഖവും ധനവും പുത്രന്മാരും സൌന്ദര്യവും ദയയും മിശ്രദ്രേക്കാണങ്ങളിൽ ദുസ്വഭാവവും പരസ്ത്രീരതിയും ചാപല്യവും കണ്ണുകൾക്കു കൃശതയും ഭവിക്കും.

നവാംശകഫലം.

മൂ— മാർത്താണ്ഡാംശേചലാത്മാബലസുതധനവാൻ
പിംഗളാക്ഷശ്ചകാമീ
ചന്ദ്രാംശേഭോഗശാലീപരയുവതിരതഃ
പണ്ഡിതോഗോധനാഢ്യഃ
ഭൌമാംശേക്രൂരകർമ്മാചപലമതിരടനഃ
പൈത്യരോഗീചലുബ്ധ
സ്തച്ചാഗീരാഗിബുധാംശേലളിതതനുരതി
ർവ്യാതവിദ്യായശസ്വീ. ഫണം

വ്യാ—സൂര്യനവാംശത്തിൽ ജനിച്ചാൽ ദുർബുദ്ധിയായും ബലവും ധനവും പുത്രനും ഉള്ളവനായും കണ്ണ് രക്തവർണ്ണമുള്ളവനായും കാമശീലനായും ചന്ദ്രനവാംശത്തിൽ ജനിച്ചാൽ സുഖമനുഭവിക്കുന്നവനായും പരസ്ത്രീരതനായും വിദ്വാനായും പശുക്കളും ധനവും ഉള്ളവനായും കുജനവാംശത്തിൽ ജനിച്ചാൽ ക്രൂരകർമ്മിയായും മനസ്സിനു സ്ഥിരതയില്ലാത്തവനായും സഞ്ചാരപ്രിയനായും പിത്തസംബന്ധങ്ങളായ രോഗങ്ങളുള്ളവനായും ലുബ്ധനായും ബുധനവാംശത്തിൽ ജനിച്ചാൽ ദാനശീലനായും സുഖമുള്ളവനായും മനോഹരശരീരനായും അതിപ്രസിദ്ധനായും വിദ്വാനായും കീർത്തിമാനായും രോഗിയായും അവയവങ്ങൾക്കു ലാളിത്യമുള്ളവനായും ഭവിക്കും.

മൂ— ജീവാംശേയദിഹോമകസുരതനുശ്രേഷ്ഠസ്സുധീരൂപവാൻ
മന്ത്രീമണ്ഡിതവാക് പ്രസന്നവദനോരാജാധിരാജപ്രിയഃ
ശുക്രാംശേചരകാമിനീജനരതസ്ത്യാഗീസുഖീപണ്ഡിതോ
മന്ദാംശേസതിപാപബുദ്ധിരധനസ്ഥൂലദ്വിജോരോഗവാൻ.

വ്യാ – ഗുരുനവാംശത്തിൽ ജനിച്ചാൽ തലമുടിക്കും രോമത്തിനും ദേഹത്തിനും സുവർണ്ണവർണ്ണമുള്ളവനായും ശ്രേഷ്ഠനായും സൽബുദ്ധിയായുംസുന്ദരനായും മന്ത്രജ്ഞനായും വാക്കിനലങ്കാരമുള്ളവനായും മുഖപ്രസന്നതയുള്ളവനായും രാജപ്രിയനായും (പണ്ഡിതവാക്ക് എന്നപാഠാ

ന്തരമുണ്ട്. വിദ്വാന്മാരെപ്പോലെ സംസാരിക്കുവനെന്നർത്ഥം. ശുക്ര നവാംശത്തിൽ ജനിച്ചാൽ പരസ്ത്രീരതനായും ദാനംചെയ്യുന്നവനായും സുഖമുള്ളവനായും വിദ്വാനായും ശനിദ്വാംശത്തിൽജനിച്ചാൽ പാപശീലനായും ദരിദ്രനായും രോഗിയായും തടിച്ചുപല്ലുകൾ ഉള്ളവനായും ഭവിക്കും.

ദ്വാദശാംശഫലം.

മൂ— ജാതോമേഷദ്വാദശാംശേഖലാത്മാ
ചോരശ്ചാപാപാചാരധർമ്മാന്തരക്തഃ
സ്ത്രീവിത്താഢ്യോരാഗവാന്രക്ഷഭാംശേ
യുഗ്മാംശേതൃതകൃത്യസ്സുശീലഃ. ൨൭൬

വ്യാ—മേഷ (മേടം)ദ്വാദശാംശത്തിൽ ജനിച്ചാൽ ദുസ്വഭാവിയായും കള്ളനായും പാപപ്രവൃത്തിയിൽതല്പരനായും ധർമ്മവാനായും വൃഷഭ (ഇടവം) ദ്വാദശാംശത്തിൽ സ്ത്രീകളും ദ്രവ്യവും ഉള്ളവനായും രോഗിയായും മിഥുനദ്വാദശാംശത്തിൽ ചൂതുകളിയുള്ളവനായും സൽപ്രകൃതിയായും ഭവിക്കും.

മൂ— ദുഷ്ടാചാരഃകർക്കടാംശേതപസ്വീ
സിംഹേഭാഗേരാജകൃത്യസ്സശൂരഃ
ദ്യൂതാചാരസ്ത്രീരതഃകന്യകാംശേ
വ്യാപാരീസ്യാത്തൗചിഭാംശേധനാഢ്യഃ. ൨൭൭

വ്യാ—കർക്കടദ്വാദശാംശത്തിൽദുരാചാരവാനായും ദുഃഖിതനായും സിംഹ (ചിങ്ങ) ദ്വാദശാംശത്തിൽ ശൂരനായും രാജത്വമുള്ളവനായും കന്യാ (കന്നി ദ്വാദശാംശത്തിൽ ചൂതുകളിക്കുന്നവനായും സ്ത്രീപ്രിയനായും തൌലി(തുലാം) ദ്വാദശാംശത്തിൽ വ്യാപാരശീലനായും (വിപ്പോഴും പ്രവർത്തിക്കുന്നവൻ) ധനവാനായും ഭവിക്കും.

മൂ— കീടാംശകേവധരുചിർവിടശ്ചോരനാഥ
ശ്ചാപാംശകേപിതൃമഹീസുരദേവഭക്തഃ
സസ്യാധിപോമൃഗമുഖാംശഗരസ്സുഭൃത്യഃ
കുംഭേധനസ്ഥാനിമിഷേധനികശ്ചവിദ്വാൻ. ൨൭൮

വ്യാ—വൃശ്ചികദ്വാദശാംശത്തിൽ ജനിച്ചാൽ ഹിംസാശീലനായും വിടന്മാർക്കും (സ്ത്രീണന്മാർക്കും കള്ളന്മാർക്കും പ്രധാനിയായും ധനുർദ്വാദശാംശത്തിൽ പിതാവിനെ കുറിച്ചും ബ്രാഹ്മണരെക്കുറിച്ചും ഭക്തിയുള്ളവനായും മകരദ്വാദശാംശത്തിൽ സസ്യങ്ങൾ ഉള്ളവനായും ഭൃത്യന്മാരുള്ളവനായും കുംഭദ്വാദശാംശത്തിൽ ജനിച്ചാൽ ദുർബുദ്ധിയായും മീനദ്വാദശാംശത്തിൽ ധനവും വിദ്വത്തയും ഉള്ളവനായുംഭവിക്കും.

## ത്രിംശാംശഫലം.

മൂ— ത്രിംശാംശേധരണീസുതസ്യ ചപലഃകാഠിന്യവാക്ക്രൂരധീർ-
മന്ദസ്യാടനതല്പരോമലിനധീർജ്ജീവാംശകേവിത്തവാൻ
സൌമ്യാംശേഗുരുഭേവഭക്തിനിരതസ്സാധുപ്രിയോബന്ധുമാൻ
കാമീകാന്തവപുസ്സുഖീചഭൃഗുത്രിംശാംശകേജ്ജായതേ. ൨൬

വ്യാ—കുജത്രിംശാംശത്തിൽ ജനിച്ചാൽ ചപലനായും കഠിനവാക്കുള്ളവനായും ക്രൂരമനസ്സായുംശനിത്രിംശാംശത്തിൽ സഞ്ചാരപ്രിയനായും മനശ്ശുദ്ധി ഇല്ലാത്തവനായുംഗുരു(വ്യാഴ)ത്രിംശാംശത്തിൽ ധനവാനായും ബുധത്രിംശാംശത്തിൽ ഗുരുക്കന്മാർ ദേവന്മാർഇവരിൽ ഭക്തിയും സജ്ജനങ്ങളിൽ പ്രീതിയും ബന്ധുക്കൾ ഉള്ളവനായും ശുക്രത്രിംശാംശത്തിൽ കാമിയായും സുന്ദരനായും സുഖമുള്ളവനായും ഭവിക്കും.

## വേളഫലം.

മൂ— വാഗ്മീശിഷ്ടാചാരധർമ്മാരപസ്വീ
നിത്യോത്സാഹീനിർമ്മലോദ്ദാനശീലഃ
തേജോവിദ്യാരൂപവാൻസത്യവാദീ
വീതാരാതിസ്സുതപവേളാപ്രജാതഃ. ൨൭

വ്യാ—സതപവേളയിൽ ജനിച്ചാൽ മിതഭാഷിയായും സദാചാരങ്ങളും ധർമ്മങ്ങളും ഉള്ളവനായും തപോവൃത്തിയായും എന്നും ഉത്സാഹമുള്ളവനായും ശുദ്ധബുദ്ധിയായും ദാനശീലനായും തേജസ്വിയായും വിദ്വാനായും സുന്ദരനായും സത്യം പറയുന്നവനായും ശത്രുക്കളില്ലാത്തവനായും ഭവിക്കും.

മൂ— രജോവേളാജാതസ്സുഖധനയശോരൂപബലവാൻ
ജിതാരാതിഃകാമാതുരമതിരബന്ധുപ്രിയമനാഃ
തമോവേളാജാതഃപരധനവധൂകോഗതസുഖ
ശ്ഠസ്വാമീബന്ധുദ്വിജഗുരുവിരോധീചപലധീഃ. ൨൮

വ്യാ—രജോവേളയിൽ ജനിച്ചാൽസുഖം ധനം യശസ്സ് സൌന്ദര്യം ഇവയുള്ളവനായും ശത്രുക്കളില്ലാത്തവനായും കാമിയായും ബന്ധുക്കളില്ലാത്തവനായും സന്തോഷശീലനായും തമോവേളയിൽ പരസ്ത്രീകളേയും പരധനങ്ങളേയും അപഹരിക്കുന്നവനായും സുഖമില്ലാത്തവനായും ദുർജ്ജനപ്രധാനിയായും ബന്ധുക്കൾക്കും ബ്രാഹ്മണർക്കും ഗുരുക്കന്മാർക്കും വിരോധിയായും ചപലമനസ്സായും ഭവിക്കും.

മൂ— തമസ്സത്വരജോവേളാ സ്തമസ്സത്വരജസ്തമഃ
ഭവന്ത്യക്ഷിനാദീനാ മധ്യാമൈരനുക്രമാൽ.

വ്യാ—ഏല്ലാദിവസവും പകലിനേയും രാത്രിയേയും അർദ്ധയാമ പ്രമാണം (നാഴികാ) ആയി വിഭജിച്ചാൽ പകലും രാത്രിയിലും കൂടി ഏന്ന അംശങ്ങൾ കിട്ടും. അവയിൽ ആദ്യം തമസ്സ് പിന്നെ സത്വം രജസ്സ്, തമസ്സ് സത്വം രജസ്സ്, തമസ്സ് ഈ ക്രമത്തിനെ പിന്നെയും കണക്കാക്കിക്കൊള്ളണം. അവിടെ ഞായർ ബുധൻ ശനി ഈ ആഴ്ചകളിൽ തമസ്സാദിയും തിങ്കൾ വ്യാഴം ഈ ആഴ്ചകളിൽ സത്വം ആദിയും ചൊവ്വാ വെള്ളി ഈ ആഴ്ചകളിൽ രാജസ്സാദിയായും ആണ് വേളയുടെ ആരംഭം എന്ന മാത്രം ഭേദം ഉണ്ട്. ശേഷം ശ്ലോകക്രമത്തിനെ തന്നെ.

കാലഹോരാഫലം.

മൂ— മന്ത്രീമംഗലമാത്താണ്ഡ ശുക്രജ്ഞേന്ദുശനൈശ്ചരാഃ
ആരഭ്യവാരതോഹോരാ രാത്രൗപഞ്ചമവാരതഃ. ൧൩

വ്യാ—ഏല്ലാദിവസവും പകലിനെ ൧൨ ആയി ഭാഗിച്ചാൽ കിട്ടുന്ന നാഴിക വീതമുള്ള അംശങ്ങൾ കിട്ടും. അവിടെ വാരാധിപന്റെ ഹോര ആദ്യമായിവരും വ്യാഴാഴ്ചയാണെങ്കിൽ ആദ്യം വ്യാഴം പിന്നെകുജൻ രവിശുക്രൻ ബുധൻ ചന്ദ്രൻ മന്ദൻ ഇങ്ങനെ ഓരോ ഗ്രഹങ്ങൾക്കും രണ്ടരനാഴികവീതം ഒരാവൃത്തി കഴിഞ്ഞാൽ പിന്നെയും വ്യാഴം ആദിയായി ഈ ക്രമത്തിനെ കണക്കാക്കിക്കൊള്ളണം. ഇപ്രകാരം കണക്കാക്കുമ്പോൾ രാത്രിയുടെ ആരംഭത്തിൽ അഞ്ചാമത്തെ ആഴ്ചയുടെ അധിപൻ ഹോരാനാഥനായിവരും. ഞായറാഴ്ചയാണെങ്കിൽപകൽആദ്യം സൂര്യൻ ശുക്രൻ ബുധൻ ചന്ദ്രൻ ശനി ഗുരു കുജൻ ഈ ക്രമത്തിനു് കണക്കാക്കിക്കൊള്ളണം. മൂലശ്ലോകത്തിൽ വ്യാഴാഴ്ചയുടെ ക്രമമാണു് കാണിച്ചിരിക്കുന്നതു്. ഇങ്ങനെ ഏല്ലാആഴ്ചകളിലും പകലും രാത്രിയും ഉള്ള ഹോരകളെ അറിഞ്ഞുകൊള്ളണം. ഇതു രാപ്പകൽ മുപ്പതുനാഴികയുള്ളപ്പോഴത്തെ കണക്കാണു്. മുപ്പതിൽ കൂടിയോ കുറഞ്ഞോ വരുമ്പോൾ തൈരാശികം ചെയ്തു സൂക്ഷ്മമാക്കിക്കൊൾകയും വേണം.

മൂ— ക്ലേശായാസം സമ്പദശ്ലോകരോഗൌ
വിദ്യാവിത്തംസഖ്യസമ്പൽപ്രഭുത്വം
ജായാസൌഖ്യംവിത്തനാശംദിനേശാ
ദ്ജാതസ്യൈതൽ കാലഹോരാഫലംസ്യാൽ. ൧൪

വ്യാ—ആദിത്യകാലഹോരമുതൽക്രമത്തിനു ദുഃഖം ആയാസം, സ

൧൫

സ്വത്തുക്ഷം, ദുഃഖം, രോഗം, വിദ്യ, ധനം ധനം പുത്രം, ഭൗമ സുഖം, ദ്രവ്യനാശം ഇങ്ങനെ ഫലങ്ങളാകുന്നു.

മൂ— മാത്താണ്ഡസൂനുതനയാശ്രയഭാവജ്ഞാനി
സംവത്സരായനമുഖപ്രഭവാഖിലാനി
ഹോരാദിവർഗ്ഗജനിതാനിഫലാനിയാനി
സങ്കീർത്തിതാനിരവിമുഖ്യവരപ്രസാദാൽ. ൬൭൯

വ്യാ— ഈ അദ്ധ്യായത്തിൽ എന്നാൽ സൂര്യാദി ഗ്രഹങ്ങളുടെ അനുഗ്രഹവൈഭവം ഹേതുവായിട്ട് ഗ്രഹിക്കാശ്രയരാശിഫലം സംവത്സരഫലം അയനഫലം ലഗ്നാദിഭാവഫലം ഇവ ഒക്കെയും പറയപ്പെട്ടു.

—:*:—

## പത്താംഅദ്ധ്യായം.

മൂ— ചക്രംവിലിഖ്യസഫലഗദിവാകരാദ്യൈ
സ്സൂര്യാദിലഗ്നഭവനാന്തവിയച്ചുരാണാം
വ്യാക്ഷ്യാഷ്ടകോപഗതവർണ്ണനിയോജിതാനാം
ഭിന്നാഷ്ടവർഗ്ഗജനിതാഖിലവിന്ദവസ്സ്യുഃ. ൬൮൦

വ്യാ— മുൻപു സന്ധ്യാധ്യായത്തിൽ വിവരിച്ചപ്രകാരം രാശിചക്രത്തെ വരച്ചു് അതിൽ സൂര്യാദിസപ്തഗ്രഹങ്ങൾക്കും ലഗ്നത്തിനും പ്രത്യേകം പറഞ്ഞിട്ടുള്ള വാക്യപ്രകാരം സൂര്യാദികളായ ഏഴു ഗ്രഹങ്ങൾക്കും പ്രത്യേകം അഷ്ടകവർഗ്ഗത്തെ വിന്യസിച്ചുകൊള്ളണം.

മൂ— ദേവോദ്ധവോധൂലിവശസ്തമോരമാ-
ധൂലിഃക്രമാദ്ദുഷ്ടകരാദിവിന്ദവഃ
സാലോലസംഖ്യാസ്സമുദായബിന്ദവ
സ്സപ്താഷ്ടവർഗസ്സമുദായസംജ്ഞകഃ. ൬൮൧

വ്യാ— ഭിന്നാഷ്ടവർഗ്ഗമിട്ടാൽ സൂര്യനു രവി ചന്ദ്രനു രവി കുജനു രവി ബുധനു രവി ഗുരുവിനു രവി ശുക്രനു രവി ശനിക്കു രവി എന്നിങ്ങനെ ബിന്ദുസംഖ്യകൾ ഉണ്ടാകും. സമുദായാഷ്ടവർഗ്ഗത്തിനു് ആകെ രവിയെ ബിന്ദുക്കളാണു് വരുന്നതു് എല്ലാ അഷ്ടവർഗ്ഗവുംകൂടി ഇടുന്നതിനു് സമുദായം എന്നു പേർ പറയുന്നു.

മൂ— മേഷാദിയൽഗൃഹഗതാവസുസംഖ്യയാതാ
സ്തദ്ഭാവപുഷ്ടിബലവൃദ്ധികരാഭവന്തി
ഷഡംപഞ്ചസപ്തസഹിതാനിശുഭപ്രദാനി
ത്രിദ്വ്യേകബിന്ദുയുതഭാനിനശോഭനാനി. ൩.

വ്യാ—മേഷാദിരാശികളിലുള്ള എല്ലാ ഭിന്നാഷ്ടവർഗ്ഗങ്ങളിലും ഷ ബിന്ദുക്കൾ(അക്ഷംപരൽ എന്നും പറയും.) ഉണ്ടായാൽ ആ ഭാവത്തിന് പുഷ്ടിയും ബലവും ശുഭതയും ഉണ്ടാകും. ൬-൫-൭-ബിന്ദുക്കൾ ഉള്ള ഭാവങ്ങളും ശുഭങ്ങൾതന്നെ. ൩-൨-൧- ബിന്ദുക്കൾ ഉള്ള രാശികൾ ശുഭങ്ങളല്ല.

മൂ— മിശ്രംഫലംഭവതിസാഗരവിന്ദുയോഗേ
രോഗാപവാദഭയദായദിശൂന്യഭാവാഃ
പൂകാദിബിന്ദുയുതഭാനമുപൈഗ്രഹാണാം
ഭിന്നാഷ്ടവർഗ്ഗജനിസ്വഫലം പ്രവക്ഷ്യേ. ൪.

വ്യാ—നാലു ബിന്ദുക്കൾ ഉള്ള ഭാവങ്ങൾ ശുഭാശുഭസമഫലത്തെ ചെയ്യും. ബിന്ദുക്കൾ ഒന്നും ഇല്ലാത്ത രാശികൾ രോഗം ഭയം അപവാദം മുതലായ അനിഷ്ട ഫലങ്ങളെ കൊടുക്കുന്നതാണ്. സൂര്യാദിഗ്രഹങ്ങൾ ൧-മുതലായ ബിന്ദുക്കളോടുകൂടി നിന്നാലുള്ള ഭിന്നാഷ്ടവർഗ്ഗഫലത്തെ ഇനി പറയുന്നു.

മൂ— കരോതിനാനാവിധരോഗദുഃഖ
ഭയാടനാദിവിചിത്രമൈകവിന്ദുഃ
ദ്വിതീകോമനസ്ഥാനം.നൃപാലഭോഗ
കൃതാപവാദാശനനാശനാനി. ൫

വ്യാ—ഭിന്നാഷ്ടവർഗ്ഗത്തിൽ ഒരു ബിന്ദുവുള്ള രാശിയിൽ ഗ്രഹം നിന്നാൽ പല പ്രകാരേണ രോഗം ദുഃഖം ഭയം ദൂരദേശവാസം ഇവയും രണ്ടു ബിന്ദുക്കളോടു കൂടിയാൽ മനസ്താപവും രാജാവു കള്ളന്മാർ ഇവരിൽ നിന്ന് ഉപദ്രവവും അപവാദവും ഭക്ഷണഹാനിയും ഭവിക്കും.

മൂ— ക്രൂരസ്ത്രിസംഖ്യാരകൃശാവലംബ
കളേബരവ്യാകുലമാനസാനി
സുഖാസുഖാർത്ഥവ്യയവിത്തലാഭ
ഭയപ്രദസ്ത്രിഗ്രഹബിന്ദുജസ്സ്യാൽ. ൬

വ്യാ—മൂന്നു ബിന്ദുക്കൾ ഉണ്ടായിരുന്നാൽ സഖ്യാരംകൊണ്ട് ക്ഷീണവും ആശ്രയഹാനിയും ദേഹത്തിനും മാനസ്സിനും പീഡയും

നാലു ബിന്ദുക്കൾ ഉണ്ടായാൽ സുഖവും ദുഃഖവും ധനലാഭവും ധനനാശവും ഭയവും ഇങ്ങനെ മിശ്രഫലവും ഭവിക്കും.

മൂ — സദ്വസ്തുലാഭസുതലാളനദാരഭോഗ
വിദ്യാധനാനിവിതനോതിസപഞ്ചബിന്ദുഃ
ഷഡ്ംബിന്ദുകസ്യനവവാഹനശ്രുപശീല
സംഗ്രാമജിദ്ധനയശോബലപോഷണാനി. ൬

വ്യാ—അഞ്ചു ബിന്ദുക്കളുണ്ടായാൽ നല്ല വസ്തുങ്ങളും പുത്രലാഭനയും ഭാര്യാസുഖവും വിദ്യാധനങ്ങളും ആറുബിന്ദുക്കൾഉണ്ടായാൽ നല്ലവാഹനങ്ങളും ആകൃതിക്കുംപ്രകൃതിക്കും ഗുണവും യുദ്ധത്തിൽജയവും ധനം കീർത്തി ബലം പുഷ്ടി ഇവയും ഉണ്ടാകും.

മൂ— സസപ്തബിന്ദുസ്ഥരഗാദിയാന
സേനാധനപ്രാപ്തിസുശോഭനാനി
വിന്ദഷ്ടകസ്സർവ്വഗുണാഭിരാമ
രാജപ്രതാപം പ്രകടീകരോതി. ൭

വ്യാ—ഏഴ് ബിന്ദുക്കൾ ഉണ്ടായാൽ കുതിരമുതലായ വാഹനങ്ങളും സേനകളും ധനവും മറ്റു ഗുണങ്ങളും എട്ട് ബിന്ദുക്കളും തികച്ചുണ്ടായാൽ സകല ഗുണപൂർത്തിയും രാജാവിനെപ്പോലെ പ്രതാപപ്രകാശവും ഉണ്ടാകും.

മൂ— ശരാദിബിന്ദുസഹിതരാശിയാത
സ്വകീയവർഗ്ഗേശുഭദസ്സനിത്യം
അതോന്യഥാചേദഫലപ്രദാതാ
ഗോചാരതശ്ശുന്യഫലംദദാതി. ൮

വ്യാ—സൂര്യാദിഗ്രഹങ്ങൾ തന്റെ തന്റെ അഷ്ടവർഗ്ഗത്തിൽ അഞ്ചോ അതിലധികമോ ബിന്ദുക്കളുള്ള രാശിയിൽ സ്വക്ഷേത്രാദിബലപുഷ്ടിയോടുകൂടി സഞ്ചരിക്കുന്ന കാലം ശുഭഫലവും നാലിൽ കുറഞ്ഞ ബിന്ദുക്കൾ ഉള്ള രാശിയിൽ നീചാദിബലഹീനതയോടുകൂടി സഞ്ചരിക്കുമ്പോൾ അശുഭവും കാൽഭാഗം ഫലം.

മൂ— സ്വോച്ചമിത്രാദിവർഗ്ഗസ്ഥാഃ കേന്ദ്രാദിബലസംയുതാഃ
അനിഷ്ടഫലദാസ്സർവ്വേ സപ്തബിന്ദുയുതായദി. ൯

വ്യാ—തന്റെ ഉച്ചം സ്വക്ഷേത്രം സ്വക്ഷേത്രം മുതലായ സ്ഥാനബലങ്ങളോടുകൂടി കേന്ദ്രാദികളായ ഇഷ്ടഭാവങ്ങൾ നില്ക്കുന്ന ഗ്രഹങ്ങൾ അല്പബിന്ദുക്കളോടുകൂടിയവരായാൽ അവർ അനിഷ്ടഫലത്തെത്തന്നെ ചെയ്യും.

മൂ— ദുഷ്ടസ്ഥാനസ്ഥിതായേച യേചനീചാരിഭാംശഗാഃ
തേസർവേ ശുഭോനിത്യം ബഹുവിന്ദുയുതായദി. ൪൯

വ്യാ—ശത്രുക്ഷേത്രം നീചസ്ഥിതി അനിഷ്ടഭാവസ്ഥിതി ഇവയുള്ള ഗ്രഹങ്ങളായാലും വളരെ വിന്ദുക്കൾ ഉണ്ടെങ്കിൽ ശുഭഫലത്തെ കൊടുക്കും.

മൂ— ദിവോശമുഖ്യഗ്രഹവർഗ്ഗകേഷു
യദാഗ്രഹാശൂന്യഗൃഹപ്രയാതാഃ
കരോതിപിത്രാദികഭാവജാനാം
മഹീപരോഗാരിഭയാകുലാനി. ൫൦

വ്യാ—ആ സൂര്യാദിഗ്രഹങ്ങളുടെ അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കളില്ലാത്ത രാശിയിൽ ഗ്രഹങ്ങൾ ചെല്ലുമ്പോൾ അച്ഛൻ മുതലായവർക്ക് രോഗാദി ദുഃഖങ്ങൾ ഉണ്ടാകും. (മഹീപരോഗാരി-എന്നു പാഠാന്തരം)

## സൂര്യാഷ്ടവർഗ്ഗഫലം.

മൂ— ലഗ്നാംഗതേദിനകരേരിപുനീചഭാഗേ
ജാതഃക്രശാനയുഗവിന്ദുയുതേചരോഗീ
ബാണാങ്കവിന്ദുസഹിതോദയഗേചിരായു
സ്സ്യാച്ചേത്രവാനിജഗൃഹേദിനപേനരേന്ദ്രഃ. ൫൧

വ്യാ—സൂര്യൻ ശത്രുക്ഷേത്രത്തിലോ നീചത്തിലോ നില്ക്കയും ആ രാശി ലഗ്നമാകയും തന്റെ അഷ്ടവർഗ്ഗത്തിൽ രണ്ടോ മൂന്നോ ബിന്ദുക്കൾമാത്രം ആ രാശിയിൽ ഉണ്ടാകയും ചെയ്താൽ ജാതൻ രോഗിയായും സൂര്യൻതന്നെ അഞ്ചോ അതിലധികമോ ബിന്ദുക്കളോടുകൂടി ഉച്ചസപ്തക്ഷേത്രങ്ങളിലൊന്നായ ലഗ്നത്തിൽ നില്ക്കയും ചെയ്താൽ രാജാവായും ദീർഘായുസ്സായും ഭവിക്കും.

മൂ— കേന്ദ്രത്രികോണോപഗതേദിനേശേ
ഷഡംപഗെസപ്താഷ്ടകവിന്ദുയുക്തേ
രുദ്രാമലാനീലചലാബ്ധികേഷു
ജാതസ്യതന്നാംജനകസ്യമൃത്യുഃ. ൫൨

വ്യാ—സൂര്യൻ കേന്ദ്രത്രികോണങ്ങളിൽ ൭-ന ൬-വ ബിന്ദുക്കളോടുകൂടി നിന്നാൽ ൧൧-ന-൪-ന-൦- നന്ന ഈ വയസ്സുകാലങ്ങളിൽ ജാതന്റെ പിതാവിന മൃത്യു ഉണ്ടാകും.

മൂ— ശോധ്യാവശിഷ്ടദ്വയവിന്ദുയാതേ
കേന്ദ്രർക്ഷഗേസന്ദുശനീന്ദുസൂനൌ

ഭാനൌദശാബ്ദാൽപദസ്യസമൃധിം
താതസ്യരാജ്യശ്രിയമാവഹന്തി. ൫൪

വ്യാ—സൂര്യാഷ്ടവർഗ്ഗം ഇട്ട് ത്രികോണശോധനയും ഏകാധിപത്യശോധനയും ചെയ്തശേഷം ൨ ബിന്ദുക്കൾകൂടുള്ള രാശി കേന്ദ്രമായി വരികയും അതിൽ ചന്ദ്രൻ ബുധൻ ശനി ഇവരും സൂര്യനും നിന്നാൽ ജാതനു ൧൨വയസ്സിനുമേൽ ചെറുപ്പത്തിൽ പിതാവിന്റെ സമ്പത്തും ലഭിക്കുമെന്നു ആചാര്യന്മാർ പറയുന്നു. ഇവിടെ കേന്ദ്രം എന്നു പറഞ്ഞതുകൊണ്ട് ശനി ചന്ദ്രബുധന്മാർ നില്ക്കുന്നത് രണ്ടു ബിന്ദുക്കളോടുകൂടി കേന്ദ്രങ്ങളിലെവിടെയെങ്കിലുമായാൽ മതിയെന്നും സൂര്യൻ നില്ക്കുന്നരാശിയിലും ൨ ബിന്ദുക്കൾ ഉണ്ടായിരിക്കണമെന്നും അറിഞ്ഞുകൊൾകയും വേണം.

ചന്ദ്രാഷ്ടവർഗ്ഗഫലം.

മൂ— ശുഭ്രാഗാരംതരണിശശിനോരഷ്ടവർഗ്ഗേതദീയം
മാസംസർവ്വംസകലശുഭദേകർമ്മണിത്യാജ്യമാഹുഃ
ലക്ഷ്മീച്ഛായാസ്യംശശിനിതനുഗൈസകലോകാക്ഷിവിന്ദൌ
സപ്തത്രിംശച്ഛരദിമരണംദ്വിത്രിഭേടാന്തരേതേ. ൫൫

വ്യാ—സൂര്യന്റെയും ശനിയുടേയും അഷ്ടവർഗ്ഗമിട്ടാൽ ബിന്ദുക്കളില്ലാത്ത രാശി ഉണ്ടെങ്കിൽ ആ രാശിമാസം മുഴുവൻ സകല ശുഭകർമ്മങ്ങൾക്കും വർജ്ജ്യമാകുന്നു. ചന്ദ്രാഷ്ടവർഗ്ഗത്തിൽ ചന്ദ്രൻ ൧-൫-൯ ബിന്ദുക്കളോടുകൂടി ലഗ്നത്തിൽ തനിച്ചോ രണ്ടുമൂന്നു ഗ്രഹങ്ങളോടുകൂടിയോ നിന്നാലും ൩൭-ാമത്തെ വയസ്സിൽ ജാതനു മരണം സംഭവിക്കും. ആ കാലത്ത് ചെറുപ്പക്കുറവും ഉണ്ടാകും.

മൂ— കേന്ദ്രത്രികോണോപഗതേശശാങ്കേ
നീചാരിഗേവൃദ്ധികലാവിഹീനേ
വിന്ദുത്രികേചായദിസദ്വിവിന്ദൌ
തദ്ഭാവനാശംകഥയന്തിതജ്ഞാഃ. ൫൬

വ്യാ—കൃഷ്ണചന്ദ്രൻ നീചത്തിലോ ശത്രുക്ഷേത്രത്തിലോ രണ്ടോ മൂന്നോ ബിന്ദുക്കളോടുകൂടി നില്ക്കുകയും ആ രാശി കേന്ദ്രത്രികോണങ്ങളിൽ ഒന്നാകയും ചെയ്താൽ ആ ഭാവത്തിനു നാശം സംഭവിക്കുമെന്നു ശാസ്ത്രകാരന്മാർ പറയുന്നു.

മൂ— വേദാദിവിന്ദുയുതകോണചതുഷ്ടയേവാ
ലാഭേവിധൌബലയുതേയദിഭാവപുഷ്ടിഃ
വിന്ദഷ്ടകേശശിനികേന്ദ്രയുതേതുജാതാ
വിദ്യായശോധനബലപ്രബലാനരേന്ദ്രാഃ. ൫൭

വ്യാ—ചന്ദ്രൻ നാലോ അതിലധികമോ ബിന്ദുക്കളോടുകൂടി കേന്ദ്രത്രികോണങ്ങളിലോ ലാഭത്തിലോ ബലവാനായി നിന്നാൽ ആ ഭാവത്തിനു പുഷ്ടി ഉണ്ടാകും. ആ ചന്ദ്രൻതന്നെ രണ്ടുബിന്ദുക്കളോടുകൂടി നിന്നാൽ വിദ്യ ധനം കീർത്തി ബലം ഇവയുള്ള രാജമുഖ്യനായിത്തീരും.

കുജാഷ്ടവർഗ്ഗഫലം.

മൂ— സേവാച്ച്യസപക്ഷേത്രഗസ്യോദയമാനയാതേ
വിന്ദവഷ്ടകേധനയുതികോടിധനപ്രഭുസ്സ്യാൽ
ചാപാംഗസിംഹമൃഗകീടവിലഗാസംസ്ഥേ
ഭൗമേചതുഷ്ടയഫലോപഗതേചരാജ്യം. ൭൯

വ്യാ—കുജൻ തന്റെ അഷ്ടവർഗ്ഗത്തിൽ രണ്ടു ബിന്ദുക്കളോടുകൂടി ഉച്ചത്തിലോ സപ്തമത്തിലോ നിൽക്കയും ആ രാശി ലഗ്നം ൨-ൻ ഈ ഭാവങ്ങളായി വരികയും ചെയ്താൽ കോടീശ്വരനായി ഭവിക്കും. മേടം ചിങ്ങം വൃശ്ചികം ധനുസ്സു മകരം ഈ രാശികൾ ലഗ്നമായി അവിടെ കുജൻ ൨ ബിന്ദുക്കളോടുകൂടി നിന്നാൽ രാജാവായിഭവിക്കും.

മൂ— വിന്ദവഷ്ടകേധരണിജേരവിലഗ്നഭുക്ഷിതീശോ
മാന്ദേഥവാതനുഗതേചമഹീപതിസ്സ്യാൽ
ജാതോവനീശകുലജോയദിഭേശനാഥ
സ്സ്യാച്ചസ്ഥരാശിസഹിതേന്യുചചക്രവർത്തീ. ൮൦

വ്യാ—കുജൻ രണ്ടു ബിന്ദുക്കളോടുകൂടി ഏഴാം രാശിയിൽ നിന്നാലും അല്പനായ രാജാവും ലഗ്നത്തിലോ പത്തിലോ രണ്ടു ബിന്ദുക്കളോടുകൂടി നിന്നാൽ രാജാവാകും. ഈ കുജൻ ഉച്ചത്തിലോ സപ്തമത്തിലോ ആയിരുന്നാൽ രാജകുലത്തിൽ ജാതനാകയോ ദേശാധിപനായ രാജാവാകയോ ചക്രവർത്തിയാകയോ ചെയ്യും.

ബുധാഷ്ടവർഗ്ഗഫലം.

മൂ— കേന്ദ്രത്രികോണേവസുവിന്ദുഗേജ്ഞേ
സപ്തമാതിവിദ്യാധികഭോഗശാലീ
സേവാച്ചാദിഷൈകഗതിതയത്രിവിന്ദൌ
തത്ഭാവവൃദ്ധിർന്നചഭാവഹാനിഃ ൮൧

വ്യാ—ബുധൻ തന്റെ അഷ്ടവർഗ്ഗത്തിൽ രണ്ടുബിന്ദുക്കളോടുകൂടെ കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ സപ്തമലോചിതവിദ്യയും അധികം സുഖവും ഉള്ളവനായിരിക്കും. ഒന്നോ രണ്ടോ മൂന്നോ ബിന്ദുക്കളോടുകൂടി ഉച്ചസപ്തമാദികളിൽ നിന്നാലും ഭാവഹാനിയിലും ഭാവപുഷ്ടിയുണ്ടാകുമെന്നു സാരം.

മൂ— വിന്ദ്വാധിക്യംയത്രതദ്രാശിമാസേ
വിദ്യാരാഭേസ്സ്വവിദ്യാകരസ്സ്യാൽ
ഗോചാരേണജ്ഞസ്യ ശുന്യാലയസ്ഥേ
മന്ദേബന്ധുജ്ഞാനിസന്ദ്വദിനാശഃ. ൨൨

വ്യാ—ബുധാഷ്ടവർഗ്ഗത്തിൽ അധികം ബിന്ദുക്കളുള്ള രാശിയിൽ ആദിത്യൻ സഞ്ചരിക്കുന്ന കാലം വിദ്യാരംഭം ചെയ്താൽ സകല വിദ്യകളിലും പാണ്ഡിത്യമുള്ളവനായി ഭവിക്കും. ബിന്ദുക്കളില്ലാത്ത രാശിയിൽ ശനി വരുന്ന കാലം ജ്ഞാനികൾക്കും ബന്ധുക്കൾക്കും ധനത്തിനും നാശം ഭവിക്കും.

ഗുരുഷ്ടവർഗ്ഗഫലം.

മൂ— ജീവാഷ്ടവർഗ്ഗാധികബിന്ദുരാശൌ
ലഗ്നാന്നിഷേകുരുതേസുതാർത്ഥം
തദ്രാശിതജ്ജാതഗൃഹസ്ഥിതാനി
ധനാനിധാന്യാനിബഹ്വനി ചസ്യുഃ. ൨൩

വ്യാ—വ്യാഴത്തിന്റെ അഷ്ടവർഗ്ഗത്തിൽ അധികം ബിന്ദുക്കളുള്ള രാശിയുടെ ഉദയസമയം സന്താനാർത്ഥമായി നിഷേകം (ഗർഭാധാനം) ചെയ്യുന്നതു ശുഭമാകുന്നു. അധികം ബിന്ദുക്കളുള്ള രാശിദിക്കിൽ ഗൃഹം ഉണ്ടാക്കി താമസിച്ചാൽ ധനധാന്യങ്ങൾ ഏറ്റവും വർദ്ധിക്കും.

ശുക്രഷ്ടവർഗ്ഗഫലം.

മൂ— ജീവാഷ്ടവർഗ്ഗലബ്ധബിന്ദുഗ്രഹോപയാതേ
ഭാന്നൌകൃതാഖിലശുഭാനിവിനാശിതാനി
പഞ്ചാദിബിന്ദുകരിപൂർവ്വപരസ്ഥഗേന്ദ്യോ
ജാതാശ്ചിരായുരതിവിത്തജിതാരയസ്സ്യുഃ. ൨൪

വ്യാ—വ്യാഴത്തിന്റെ അഷ്ടവർഗ്ഗത്തിൽ കുറഞ്ഞ ബിന്ദുക്കളുള്ള രാശിയിൽ ആദിത്യൻ നിന്നാൽ ജാതൻ ചെയ്യുന്ന ശുഭകർമ്മങ്ങളെല്ലാം നാശത്തെ പ്രാപിക്കും. അഞ്ചോ അതിലധികമോ ബിന്ദുക്കളോടുകൂടി വ്യാഴം ന-ലോ പ-ലോ ഫ-ലോ നിന്നാലും ദീർഘായുസ്സും ധനപുഷ്ടിയും ശത്രുജയവും ഉള്ളവനായി ഭവിക്കും.

മൂ— സേചോച്ചഗവാനിജഗൃഹേവസുവിന്ദുയുക്തേ
കേന്ദ്രസ്ഥിതേസുരഗുരൌശുഭഭാവഗേവാ
നീചാരിഭാഗമപഹായവിമൂഢതാഞ്ച
ജാതസ്സ്വകീയയശസാപൃഥിവീപതിസ്സ്യാൽ. ൨൫

വ്യാ—വ്യാഴം മൌഢ്യം നീചാംശകം ശത്രുക്ഷേത്രാംശകം ഇവകൂടാതെ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ വിട്ടു ബിന്ദുക്കളോടുകൂടി നി

ല്ലുകയും ആ രാശി കേന്ദ്രമായോ കൺപതാമിടമായോ വരികയും ചെയ്താൽ ഏറ്റവും യശസ്വിയായ രാജാവായി ഭവിക്കും.

മൂ— യദാമഹീദേവകുലപ്രജാത-
സ്ഥദീയയോഗേനരപാലതുല്യഃ
കൃതാതിപുണ്യപ്രഭവപ്രസിദ്ധ
ബുദ്ധിപ്രതാപോരുഗുണാഭിരാമഃ. ൨൯

വ്യാ—മേൽപറഞ്ഞ യോഗത്തിൽ ജനിച്ചവൻ ബ്രാഹ്മണനായിരുന്നാൽ രാജതുല്യനായും വളരെ പുണ്യങ്ങൾ ചെയ്യുന്നവനായും പ്രസിദ്ധിയും ബുദ്ധിയും അനേകഗുണങ്ങളും ഉള്ളവനായുമിരിക്കും.

മൂ— സസപ്തവിന്ദ്വധിഷ്ഠണേതുകോണേ
ജാതാബഹുസ്ത്രീധനപുത്രവന്തഃ
ഷഡംബവിന്ദുകേവാഹനവിത്തവന്ത
സ്സപഞ്ചവിന്ദൗജയശീലവന്തഃ. ൩൦

വ്യാ—വ്യാഴം ഏഴ്ബിന്ദുക്കളോടുകൂടി അഞ്ചിലോ കൺപതിലോ നിന്നാൽ വളരെ പുത്രന്മാരും ഭാര്യയും ധനവും ഉള്ളവനായും ആറു ബിന്ദുക്കളോടുകൂടി നിന്നാൽ വാഹനങ്ങളും ധനവും ഉള്ളവനായും അഞ്ചു ബിന്ദുക്കളോടുകൂടി നിന്നാൽ ജയശീലനായും ഭവിക്കും.

## ശുക്രാഷ്ടവർഗ്ഗഫലം.

മൂ— സാഷ്ടവിന്ദുഫലകേന്ദ്രകോണഗേ
ഭാർഗവേതുബലവാഹനാധിപഃ
ആയുരുത്തമവിനാശഭോഗവാൻ
വിത്തുമാവിടുരുദ്രവിന്ദുകേ. ൩൧

വ്യാ—ശുക്രൻ തന്റെ അഷ്ടവർഗ്ഗത്തിൽ എട്ടു ബിന്ദുക്കളോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ സേനാധിപനായും വാഹനങ്ങൾ ഉള്ളവനായും ജീവിതാവസാനംവരെ അനശ്വരമായ ഭോഗവും സുഖവും അനുഭവിക്കുന്നവനായും ഏഴ് ബിന്ദുക്കളോടുകൂടി നിന്നാൽ ധനത്തിന്റെയും രത്നങ്ങളുടെയും നായകനായും ഭവിക്കും.

മൂ— നീചാസ്തരിഫ്ഫനിധനോപഗതേതുകാവ്യേ
പൂർവോദിതക്ഷിതിപയോഗവിനാശമാഹുഃ
ശുക്രാഷ്ടവിന്ദുയുതമന്ദിരദിഗ്വിഭാഗേ
സ്ത്രീവശ്യഹേതു ശയനീയഗൃഹംപ്രശസ്തം. ൩൨

വ്യാ—ശുക്രൻ നീചം മൌഢ്യം ഇതുകളോടുകൂടി പന്ത്രണ്ടിലോ

ഏഴിലൊ നിന്നാൽ കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞ രാജയോഗം നശിക്കുന്നതാണ്. ശുക്രാഷ്ടവർഗ്ഗത്തിൽ ബിന്ദുക്കളധികമുള്ള രാശിടിക്കിൽ ശയനഗൃഹം ഉണ്ടാക്കിയാൽ സ്ത്രീകളനുകൂലികളായിരിക്കുന്നതും അനേകസുഖമനുഭവിക്കുന്നതുമാകുന്നു.

മന്ദാഷ്ടവർഗ്ഗഫലം.

മൂ— കോണസ്യശൂന്യതരരാശിഗതേതുമന്ദേ
ജാതസ്യമൃത്യുഫലമാശുധനക്ഷയോവാ
ഏകദ്വിലോകയുതവിന്ദുയുതേചകേന്ദ്രേ
മുക്തസ്വതുംഗഭവനേ രവിജേപ്യുമായുഃ. ൫൦

വ്യാ—ശനിയുടെ അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കളില്ലാത്ത രാശിയുണ്ടെങ്കിൽ അതിൽ ശനി സഞ്ചരിക്കുന്നകാലം ധനനാഷ്ടമൊ മരണമൊസംഭവിക്കും. ശനി ഒന്നോ രണ്ടോ മൂന്നോ ബിന്ദുക്കളോടുകൂടി ഉച്ചമൊഴിച്ചുള്ള കേന്ദ്രരാശികളിൽ നിന്നാൽ ജാതന് ൭൦ വയസ്സായിതീരും.

മൂ— ഷഷ്ഠംപഞ്ചവിന്ദുസഹിതേതനുഗേബലാഢ്യേ
ജന്മാദിദുഃഖമഖിലംധനനാശമേതി
മന്ദേശരന്ധ്രിഫവനീചസചതുരാശൌ
ജാതശ്ചിരായുരതിശോഭനവർഗ്ഗകേന്ദ്രേ. ൫൬

വ്യാ—ശനി ആറോ അഞ്ചോ ബിന്ദുക്കളോടുകൂടി ബലവാനായി ലഗ്നത്തിൽ നിന്നാൽ ജന്മംമുതൽ ദുഃഖവും ധനനാശവും ഉണ്ടാകും. ശനി അഞ്ചോ അതിലധികമോ ബിന്ദുക്കളോടുകൂടി ശത്രുക്ഷേത്രത്തിലൊ നീചത്തിലൊ നിൽക്കയും ആ രാശി ശത്രുവർഗ്ഗമായും കേന്ദ്രമായും വരികയും ചെയ്താൽ ജാതൻ ദീർഘായുസ്സായിരിക്കും.

മൂ— മൂഢാതിനീചഗൃഹഗേശുഭേദൃഗിന്ദൌ
ദാസാപ്തിവിത്തസഹിതസ്വനയേതനൌവാ
ഷഷ്ഠംബാണേചിന്ദുസഹിതേപുരമന്ത്രതന്ത്ര
ഗ്രാമാധിപാസ്യഗിരിവിന്ദുഗൃഹേബലാഢ്യേ. ൫൭

വ്യാ—ശനി മൌഢ്യം അതിനീചം ഇതുകളോടുകൂടി ലഗ്നത്തിലൊ അഞ്ചിലൊ നില്ക്കയും അവിടെ നാലോ അഞ്ചോ ബിന്ദുക്കളുണ്ടായിരിക്കയും ചെയ്താൽ ഭൃത്യന്മാരും ധനവും ഉള്ളവനായും ആ ശനി ആറോ അഞ്ചോ ബിന്ദുക്കളോടുകൂടി നിന്നാൽ പുരത്തിന്റെയും മന്ത്രം തന്ത്രം ഗ്രാമം ഇതുകളുടെയും അധിപനായും ഏഴിൽ ബിന്ദുക്കളോടുകൂടി നിന്നാൽ ഏറ്റവും ധനവാനായും ഭവിക്കും.

## പ്രസ്താരാഷ്ടവർഗ്ഗം.

മൂ— ആലിവ്യേചക്രംനവപൂർവ്വരേഖാ
യാമ്യോത്തരസ്ഥാദശസത്രിരേഖാഃ
പ്രസ്താരകംഷണ്ണവതിപ്രകോഷ്ഠേ
പംക്ത്യഷ്ടകംചാഷ്ടകവർഗ്ഗമസ്യാൽ. ന-ന

ഹോരാശശീബോധനശുക്രസൂര്യ-
ഭൌമാമരേന്ദ്രാർച്ചിതഭാനുപുത്രാഃ
യാമ്യാദിപംക്ത്യഷ്ടകരാശിനാഥാഃ
ക്രമേണതൽബിന്ദുഫലപ്രദാസ്സ്യുഃ. ന-ര

വ്യാ—ഇനി അഷ്ടവർഗ്ഗത്തെ പ്രസ്തരിക്കാൻ പറയുന്നു. കിഴക്കു പടിഞ്ഞാറു് ഒൻപതും തെക്കുവടക്കു പതിമ്മൂന്നും രേഖകൾ വരച്ചാൽ ആറു ഖണ്ഡങ്ങളുള്ള ഒരു ചക്രം സിദ്ധിക്കും. അതിൽ തെക്കുതുടങ്ങി വടക്കോട്ടു് ക്രമേണ ലഗ്നം ചന്ദ്രൻ ബുധൻ ശുക്രൻ സൂര്യൻ കുജൻ വ്യാഴം ശനി എന്നീഗ്രഹങ്ങൾ കക്ഷ്യാധിപന്മാരാകുന്നു. കിഴക്കുപടിഞ്ഞാറുള്ള പന്ത്രണ്ടീതു ഖണ്ഡങ്ങൾ രാശികളുമായിരിക്കും. പിന്നീടു വാക്യക്രമമനുസരിച്ചു് അതാതു ഗ്രഹങ്ങൾ നില്ക്കുന്ന സ്ഥാനം ബിന്ദുക്കളെ നിക്ഷേപിക്കണം. അതാതു രാശികളിലെ അതാതുകയുള്ള ബിന്ദുസംഖ്യകൾ അവരവരുടെ ഭിന്നാഷ്ടവർഗ്ഗത്തിലെ സംഖ്യയായിരിക്കയും ചെയ്യും.

മൂ— സവിന്ദുകസ്വത്രഫലപ്രദസ്സ്യാ-
ദവിന്ദുകശ്ശൂന്യഫലപ്രദാതാ
അരാതിനീചാസ്തഗതോനഭോഗ
സ്സവിന്ദുകോപിപ്രവിലോപകർത്താ. ന-ഭ

വ്യാ—ബിന്ദുക്കളോടുകൂടി നില്ക്കുന്ന ഗ്രഹം നിശ്ചയമായും ഫലത്തെയും ബിന്ദുക്കളില്ലാതെ നില്ക്കുന്ന ഗ്രഹം ശൂന്യഫലത്തെയും ചെയ്യും. ശത്രുക്ഷേത്രം നീചം മൌഢ്യം ഇതുകളോടുകൂടി നിൽക്കുന്ന ഗ്രഹം ദുഃഫലത്തെ കൊടുക്കും.

### ത്രികോണശോധന.

മൂ— പഞ്ചപ്രാചീരാലിഖേൽ ബാണസംഖ്യാ
തിര്യഗ്രേഖാവജ്രിതാന്തശ്ചതുഷ്കാ
പ്രാഗാദീശദ്വാദശാഢ്യാമവാസാ
ജ്യോതിശ്ചക്രസ്വാമിനസ്ത്രുബരാദ്യാഃ. ന-സ

വ്യാ—കിഴക്കുപടിഞ്ഞാറു അഞ്ചു രേഖയും തെക്കുവടക്കു് അഞ്ചു

ാപെയും വാച്ചാൽ ഇരുപത്തു കോഷ്ടമുള്ള ഒരു ചക്രം ലഭിക്കും. നടുവിലുള്ള നാലു ഖണ്ഡങ്ങളെ തുടച്ചുകളഞ്ഞാൽ അതു രാശിചക്രമായിവരും.

മൂ— അഞ്ജഹരിതുരഗാംഗൈരൃക്ഷകന്യാമൃഗാസ്യൈ-
ര്യുഗതുലാഘടതുലൈഃ കർക്കികീടാവസാനൈഃ
ദിനകരമുഖവർഗ്ഗൈസ്ത്രികോണോപയാതാ
ലാലുതരസമശൂന്യാവിന്ദവശ്ശോധിതാസ്സ്യുഃ. ൫൬

വ്യാ—അദിത്യാദി ഗ്രഹങ്ങളുടെ അഷ്ടവർഗ്ഗം ഇട്ടാൽ അതിൽ മേഷ സിംഹ ധനു, വൃഷഭകന്നി മകരം, മിഥുന, തുലാ, കുംഭ, കർക്കടവൃശ്ചിക മീനം എന്നിങ്ങനെയുള്ള ത്രികോണങ്ങളിൽവച്ചു ബിന്ദുക്കൾ കുറവുള്ള രാശിയിലെ ബിന്ദു മുഴുവനും അതുയും സംഖ്യ മറവരുടെ ഇടയിൽനിന്നും കളയണം. ഇങ്ങനെ എല്ലാ ത്രികോണങ്ങളെയും ശോധിച്ചുകൊള്ളണം.

മൂ— ത്രികോണഭാവേഷ്വയുഗ്മേഷ്വവിന്ദവ-
സ്തത്തുല്യസംഖ്യായദിസർവ്വമുൽസൃജേൽ
ഏകർക്ഷശൂന്യേ ബലുശോധയേന്നതാൻ
സാമ്യേത്രയാണാം സകലംസമുൽസൃജേൽ. ൫൭

വ്യാ—ത്രികോണങ്ങളിൽവച്ചു് ഒന്നിൽ ശൂന്യമായിരുന്നാൽ (അരക്ഷമില്ലെങ്കിൽ) ആ ത്രികോണത്തെ ശോധിക്കേണ്ടാ. ത്രികോണരാശികൾ മൂന്നും തുല്യസംഖ്യകളായിരുന്നാൽ മൂന്നിലേതു മുഴുവൻ കളയാം ഇത്യാദി ഭേദങ്ങളെ യുക്തികൊണ്ടു കണ്ടുകൊള്ളണം.

ഏകാധിപത്യശോധന.

മൂ— കണ്ടീരവംകടകഭാമ്പവിനാകുജാദി
കാവാസരാശിയുഗളോപഗവിന്ദുസംഖ്യാഃ
തത്തുല്യശൂന്യവിഷമാഗ്രഹസഗ്രഹാദ്യാ-
സ്തത്രൈകാധിപത്യപരിശോധിതശേഷിതാസ്സ്യുഃ. ൫൮

വ്യാ—കർക്കടം ചിങ്ങം ഈ രണ്ടു രാശികളെ ഒഴിച്ചു കുജാദികളായ ഗ്രഹങ്ങളുടെ മേടം വൃശ്ചികം മുതലായ രാശികൾക്കു് ഏകാധിപത്യശോധന ചെയ്യണം. മേടം വൃശ്ചികം ഇടവം തുലാം മിഥുനം കന്നി ധനു മീനം മകരം കുംഭം ഇങ്ങനെയുള്ള ക്ഷേത്രദ്വയത്തിൽ രണ്ടിലും പരൽ ഉണ്ടെങ്കിൽ മാത്രമേ ശോധിക്കേണ്ടതുള്ളു. തുല്യം ശൂന്യം വിഷമം അഗ്രഹ സഗ്രഹം ഇത്യാദി ഭേദങ്ങൾക്കനുസരിച്ചു് ഏകാധിപത്യശോധനചെയ്യണം. ത്രികോണശോധനപോലെതന്നെ ഇതിനും ക്രമം ഭേദമുള്ളതിനെ അടുത്ത ശ്ലോകത്തിൽ പറയുന്നുമുണ്ടു്.

മൂ— രാശിദ്വയം സദ്യുചരംനശോധയേ
ദേകദ്വയോശ്ശുന്യമഥൈവ്യശോധയേൽ
ഫലാധികേഖേടയുതേ പരിത്യജേൽ
ഫലംസമഗ്രം ചരതോഗ്രഹാൽഗ്രഹാൽ. ൫൦

വ്യാ—ക്ഷേത്രങ്ങൾ രണ്ടിലും തുല്യമായാൽ രണ്ടിലേതു മുഴുവൻ സംഖ്യകളായും രണ്ടിലും സൂന്ത്രാദി സപ്തഗ്രഹങ്ങളിലാരെങ്കിലും നിൽക്കുന്നുണ്ടെങ്കിൽ ആ രണ്ടു ക്ഷേത്രങ്ങൾക്കും ഏകാധിപത്യശോധന ചെയ്യണ്ടാ. ഒരു ക്ഷേത്രത്തിൽ അക്ഷമില്ലെങ്കിൽ അവിടെ ഏകാധിപത്യം ശോധിക്കരുത്. ക്ഷേത്രദ്വയത്തിൽ ഒരിടത്തു ഗ്രഹം നിൽക്കയും മറേടത്തു ഗ്രഹം ഇല്ലാതെ അക്ഷങ്ങൾ തുല്യമായും വന്നാൽ ഗ്രഹമില്ലാത്ത രാശിയിലെ അക്ഷം കളയാം. ഗ്രഹമുള്ള രാശിയിൽ കൂടുതൽ അക്ഷവും മറ്റതിൽ കുറവുണ്ടായിരുന്നാലും കളഞ്ഞതുമുഴുവൻ കളയാം.

മൂ— പൂർവ്വംത്രികോണം പരിശോധ്യപശ്ചാ-
ദേകാധിപത്യസ്യ തതഃപ്രകല്പ്യാഃ
ഖേടോപയാതേ ലഘുവിന്ദുരാശൌ
തത്തുല്യമായാതിതദന്യസംഖ്യാഃ. ൫൧

വ്യാ—ഗ്രഹം നിൽക്കുന്ന രാശിയിൽ ബിന്ദുക്കൾ കുറഞ്ഞും മറ്റതിൽ കൂടിയും ഇരുന്നാൽ കുറഞ്ഞതിനോടു തുല്യമാക്കി വയ്ക്കുകയും ബാക്കിയുള്ള അക്ഷങ്ങൾ കളയുകയും ചെയ്യണം. ആദ്യം ത്രികോണശോധന ചെയ്തതിനുശേഷം പിന്നീടു് ഇപ്രകാരം ഏകാധിപത്യശോധനയും ചെയ്തുകൊള്ളണം.

മൂ— ശോധ്യാവശിഷ്ടദിഗ്ബീകൃതാസ്തേ
മേഷാദിമാനൈർഗുണകം, ഹിതാനാം
സൂന്ത്രാദിസംസ്ഥഗ്രഹണിതാസ്വമാനൈ
രേതൽഗ്രഹാണാം ഗ്രഹണകംവദന്തി. ൫൨

വ്യാ—ഇപ്രകാരം ത്രികോണം ഏകാധിപത്യം ഈ ശോധനകൾ ചെയ്തു് ശിഷ്ടം ഇരിക്കുന്ന അക്ഷങ്ങളെ രാശിഗുണകാരംകൊണ്ടും ഗ്രഹം നിലക്കുന്ന രാശിയിലെ അക്ഷങ്ങളെ വേറേവച്ചു ഗ്രഹഗുണകാരംകൊണ്ടും ഗുണിച്ചു് എല്ലാംകൂടി ഒരുമിച്ചുകൂട്ടിയതു് സൂന്ത്രാദികളുടെ ശോധ്യപിണ്ഡമാകുന്നു.

മൂ— ശൈലാശാവസുസാഗരൈർഭ്രശരൈശ്ശൈലാഹിനന്ദേഷുഭി-
ശ്ശംഭ്വബ്ധിശരാഭിശ്ചരാശിഗുണകൈർമ്മേഷാദികാനാംക്രമാൽ
ബാണൈഃപഞ്ചഭിരഷ്ടഭിശ്ശരഹരിശ്ചൈലേഷുഭിർഭാസ്കരാ
ദേവംവ്യോമതലാധിവാസഗുണകൈരായുർവിധാനോദിതൈഃ

വ്യാ—രാശികളുടെ ഗ്രഹനകാരങ്ങൾ മേടത്തിനു ൈ-ഇടവത്തിനു ഫ0, മിഥുനത്തിനു ഫ്ല, കർക്കടകത്തിനു ഭ , ചിങ്ങത്തിനു ൂ 0, കന്നിക്കു ി, തുലാത്തിനു ൈ, വൃശ്ചികത്തിനു ഫ്ല, ധനുവിനു ൻ, മകരത്തിനു ി, കുംഭത്തിനു ഫഫ, മീനത്തിനു ഫഭ, ഇങ്ങനെയും സൂത്രാങ്കിതർക്കു ക്രമേണ (സൂ) ി (ച) ീ (കു) പ്ല (ബു) ീ (ഗു) ഫ0 (ശു) ൈ (ശ) ീ ഇങ്ങനെയും അതുകുന്നു. മേൽ വിവരിച്ച പ്രകാരം ശോധനചെയ്തശേഷം ശിഷ്ടമുള്ള അക്ഷങ്ങളെ വേറെവച്ചു രാശിഗ്രഹനകാരംകൊണ്ട് എല്ലാറ്റിനേയും ഗുണിച്ചു ഒരുമിച്ചുകൂട്ടിയാൽ ശോദ്ധ്യപിണ്ഡമാകുന്നു. ഗ്രഹം നിലക്കുന്നില്ലെങ്കിൽ ഗ്രഹഗ്രഹനകാരംകൊണ്ടു ഗുണിക്കേണ്ടതാണു്.

മൂ— തദ്രാശിഘേടഗ്രഹനൈകൃഫലാവിഭ്രയ-
സ്സുച്ചാഹതാന്യൂഡുഗണാപഹൃതാനിയാനി
വർഷാണിതാനിപുനരക്ഷമുഖഘ്നതോസ്മി
ന്മാസാദികാനിചനയേത്തദിഹാഹൃരായുഃ. രൂ൬

വ്യാ—മേൽപ്രകാരം ഉണ്ടാക്കിയ ഗ്രഹപിണ്ഡത്തെ പിന്നെയും ൈ-ൽ ഗുണിച്ചു ഫ൭ ൽ ഹരിച്ചുകിട്ടുന്ന ഫലംവർഷവും ശേഷത്തെ ൂ-ലും ന0-ലും ന്യ0-ലും ഗുണിച്ചു് ഫ൭-കൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഫലം മാസാദിവസനാഴികകളുമാകുന്നു.

മൂ— തദ്വാദശാബ്ദാദ്യധികേപിശോദ്ധ്യം
ഭമണ്ഡലംതല്പുനരത്രസവ്യം
ഹതാവശാംശേന ഹരേന്മതംഗൈർ
ലബ്ധം ഫലംസൌരസമംപ്രദിഷ്ടം. രൂ൭

വ്യാ—പിന്നെ മുൻപേ ഹരിച്ചുകിട്ടിയ ഫലം ഫഭ-ൽ കൂടുതൽ വർഷങ്ങൾ ഉണ്ടെങ്കിൽ ഫഭ കളഞ്ഞു ശേഷമേ അഷ്ടവർഗ്ഗദശാവത്സരമായി ഭവിക്കയൊള്ളു. ഈ വർഷം നാക്ഷത്രമാകയാൽ ഇതിനെ ഇറക്കിടിനമാക്കി ന൭൮ കൊണ്ടുഗുണിച്ചു നാഴിക കൊണ്ടു ഹരിച്ചുകിട്ടുന്നഫലം സൌരവർഷം. ശേഷത്തെ ദ്വാദശാദി ഗുണനംചെയ്തു മാസാദികളെയും വരുത്തുക. സൌരീകരണം സൂക്ഷ്മമാകണം എങ്കിൽ മുൻപു് ആയുർദ്ദായാദ്ധ്യായത്തിൽ പറഞ്ഞപ്രകാരമുള്ള ക്രിയചെയ്തുകൊള്ളണം.

മൂ— ഉച്ചംഗതസ്യദ്വിഗുണംതദീയം
നീചംഗതസ്യാസ്തഗതസ്യചാർദ്ധം
ഋതോന്തരാളേതുനരുപാതമാഹു-
രേവംഗ്രഹാണാംഹരണാനികൃത്സ്നാൽ. രൂ൮

വ്യാ—മേൽപ്രകാരം വരുത്തിയ ദശാബുക്തെ ഗ്രഹം ഉച്ചത്തിൽ നിന്നാൽ ഇരട്ടിക്കയും നീചത്തിലോ മൌഢ്യത്തിലോ ആയാൽ പകുതി കളകയും ഉച്ചനീചങ്ങളുടെ മദ്ധ്യത്തിൽ നിന്നാൽ തൊണ്ണീരുപ്രകാരമുള്ള അംശം കുറയ്ക്കുകയും വേണം. ഇപ്രകാരം എല്ലാ ഗ്രഹങ്ങൾക്കും ഹരണത്തെയും ഗുണനത്തെയും ചെയ്യേണ്ടതാകുന്നു.

മൂ— മൂലത്രികോണനിജതുംഗഗൃഹോപഗാനാം
തുംഗാദിവർഗശുഭയോഗനിരീക്ഷിതാനാം
ഉക്തപ്രകാരഗണിതാഗതമായുരേവ
പാപാരിവർഗസഹിതസ്യവിവാദമാഹുഃ. ൨൬

വ്യാ—ഗ്രഹങ്ങൾക്ക് ഉച്ചം മൂലത്രികോണം സ്വക്ഷേത്രം ഇവയിൽ സ്ഥിതിയും വർഗ്ഗങ്ങളും ശുഭയോഗദൃഷ്ടികളും ഉണ്ടായിരുന്നാൽ ഈ പറഞ്ഞപ്രകാരമുള്ള അഷ്ടവർഗ്ഗായുസ്സുതന്നെ സൂക്ഷ്മമായിരിക്കും. പാപയോഗദൃഷ്ടികളും ശത്രുക്ഷേത്രം ഇത്യാദികളുണ്ടായിരുന്നാൽ ഇതു ഫലിക്കയില്ലെന്നും അഭിപ്രായം ഉണ്ട്. അങ്ങനെവന്നാൽ ശത്രുക്ഷേത്രഹരണം ക്രൂരോദിനഹരണം ദിശുദ്ധ്യഹരണം മുതലായ ഹരണങ്ങളെ ചെയ്താൽ സൂക്ഷ്മമായ ആയുസ്സ് ലഭിക്കുമെന്ന അഭിയുക്തവചനം ഉണ്ട്. ഇങ്ങനെ വരുത്തിയ ദശകളെ എല്ലാം ഒരുമിച്ചു കൂട്ടിയാൽ അതു പരമായുസ്സാണെന്ന് അറിയണം.

മൂ— രവിമുഖ്യനഭോഗദത്തസംഖ്യൈഃ
പരമായുഷ്ശുഭത്തമാനവാനാം
സവിലഗ്നസമശ്ചകേചിദാഹു
ർധ്രുമൂലാൽസമുപൈതിതുല്യമായുഃ. ൨൭

വ്യാ—ഇപ്രകാരം സൂര്യാദിഗ്രഹങ്ങൾക്ക് വരുത്തീട്ടുള്ള ദശാവർഷയോഗം മനുഷ്യരുടെ പരമായുഷ്കാലമാകുന്നു. ആ യോഗത്തിൽ ലഗ്നദശകൂടി വരുത്തി ചേർക്കണമെന്നു ചിലർ പറയുന്നുണ്ട്. അതു ധ്രുവപദേശംപോലെ ചെയ്യേണ്ടതാകുന്നു.

മൂ— കേന്ദ്രാദന്യഗതേചന്ദ്രേ സുഖഭേഷ്വഷ്ടവർഗകം
ആയുരേവമനുഷ്യാനാം ശുഭപാപയുതേഥവാ. ൨൮

വ്യാ—ചന്ദ്രൻ കേന്ദ്രങ്ങളല്ലാത്ത ഭാവങ്ങളിലോ അഥവാ ചതുർത്ഥകേന്ദ്രത്തിലൊ നിൽക്കയും പത്താമിടത്തു പാപശുഭന്മാരുണ്ടാകയും ചെയ്താൽ ഈ അഷ്ടവർഗ്ഗദശയെത്തന്നെ പ്രധാനമായി നിരൂപിക്കണം.

മൂ— രവ്യാദിഭേടസ്ഥിതരാശിജാനാം
സ്വകീയവഗ്ഗോപമബിന്ദുസംഖ്യാഃ
ഭേദാഷ്ടവഗ്ഗപ്രഭവായുരബ്ദാ
ഭവന്തിസവ്യാഹരണക്രിയാശ്ച. ൫൦

വ്യാ—സൂര്യാദിഗ്രഹങ്ങൾ നിൽക്കുന്ന രാശിയിൽ ജനിച്ചവക്ക് തന്റെ അഷ്ടവർഗ്ഗത്തിലെ ബിന്ദുസംഖ്യയോളം വർഷത്തെ ആയുസ്സുണ്ടായിരിക്കും. ഇതിന് ഹരണ ഗുണനക്രിയകൾ ചെയ്യണം.

മന്ദന്റെനാശികനക്ഷത്രം.

മൂ— തത്തൽകാരകഭാവബിന്ദുഗുണിതംശോധ്യാവശിഷ്ടംഫലം
വിംശത്യാസഹസപ്തഭിശ്ചവിഹൃതംതച്ഛേഷതാരാശയൊ
താതസ്തജ്ജനനീസഹോദരജനോബന്ധുസ്സുതസ്ത്രീസ്വയം
തത്തുല്യംവിലയംപ്രയാതിവിപുലസ്തന്നാശഹേതുശ്ചവാ. ൫൧

വ്യാ—സൂര്യാദി ശനിപര്യന്തമുള്ള ഗ്രഹങ്ങളുടെയും ശോദ്ധ്യപിണ്ഡത്തെ ക്രമത്തിനു സൂര്യാദികളുടെ ൻ-രു-നു രു-ി-ൊ-വു ഈ ഭാവങ്ങളിൽ ശോധിക്കുന്നതിനു മുൻപുള്ള ബിന്ദുസംഖ്യകൊണ്ട് ഗുണിച്ചു ൨൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം അശ്വതി മുതൽ എണ്ണിവരുന്ന നക്ഷത്രത്തിൽ ശനിചാരവശാൽ വരുന്ന കാലം ക്രമേണ താതൻ മാതാവു് സഹോദരൻ ബന്ധു പുത്രൻ ഭാര്യ താൻ ഇവർ മരിക്കുകയോ ഇവക്കു തുല്യന്മാരായിട്ടുള്ളവർ മരിക്കുകയോ അപ്രകാരമുള്ള ആപത്തു വരികയോ ഉണ്ടാകും.

സമുദായാഷ്ടവർഗ്ഗഫലം.

മൂ— തതസ്സമാലിഖ്യ ഭഗോളചക്രം
സമസ്തബിന്ദുസ്ഥിതരാശികോഷ്ഠം
വ്യോമാദികാനാമജപൂർവഭാനാം
ബിന്ദൂപഗസ്ഥാനഫലംപ്രവക്ഷ്യേ, ൫൨

വ്യാ—പിന്നെയും രാശിചക്രത്തെ വരച്ചു സൂര്യാദികൾക്കു "ബാലോ ബലിഷ്ഠ" ഇത്യാദി വാക്യപ്രകാരം വിന്യസിച്ചിട്ടുള്ള സമുദായാഷ്ടവർഗ്ഗത്തിന്റെ ഫലത്തെ പറയുന്നു.

മൂ— ആപഞ്ചവിംശതിഫലാന്യുധമാനിതദ്വ
ദ്ത്രിംശദ്വിഭക്തസഹിതാനിചമല്ലുമാനി
ത്രിംശദ്വരാണിശുഭാനിശുഭാപഹാനി
തൽഭാവവൃദ്ധിഫലദാനിചസാമുദായേ. ൫൩

വ്യാ—സമുദായാഷ്ടവർഗ്ഗത്തിൽ ൪൫ അക്ഷംവരെയുള്ള രാശികൾ അധമങ്ങളും ൩൬ വരെയുള്ള രാശികൾ മദ്ധ്യമങ്ങളും അതിലധികമുള്ള രാശികൾ ശ്രേഷ്ഠങ്ങളും ശുഭപ്രദങ്ങളും ഭാവവൃദ്ധികരങ്ങളും ആകുന്നു.

മൂ— യേതുംഗരാശിസ്ഥസുഹൃൽഗൃഹസ്ഥാ
യേകോണകേന്ദ്രോപഗനസ്ഥിതാശ്ച
യേസൌമ്യവർഗ്ഗാദിബലോപയാതാ
സ്തേനാശദാലാംബവവിന്ദുഗാശ്ചേൽ. ൫൯

വ്യാ—സ്വക്ഷേത്രം ഉച്ചം ബന്ധുക്ഷേത്രം കേന്ദ്രം ത്രികോണം ഉപചയം ശുഭവർഗ്ഗയോഗദൃഷ്ടികൾ ഇവയുണ്ടായിരുന്നാലും ബിന്ദുക്കൾ കുറവായിരുന്നാൽ ഒരു ഗ്രഹവും ശുഭത്തെ ചെയ്യുന്നതല്ല. വിശേഷിച്ചും ഭാവനാശത്തെ ചെയ്കയുംചെയ്യും.

മൂ— യേചാവസാനരിപുരന്ധ്രഗൃഹംഗതാശ്ച
നൈനീചപാപരിപുഖേചരവർഗ്ഗയുക്താഃ
യേമാന്ദിരാശിപതിനാസഹബാധകാശ്ച
തേസർവ്വമുഖ്യഫലദാസ്തധിവിന്ദുഗാശ്ചേൽ. ൬൦

വ്യാ—ന-വ-ച ഈ ഭാവങ്ങളിലെ സ്ഥിതി നീചം ശത്രുക്ഷേത്രം ഇവയിലുള്ള വർഗ്ഗങ്ങൾ പാപയോഗദൃഷ്ടികൾ പാപവർഗ്ഗങ്ങൾ ഗ്രഹിക ഭവനാധിപബന്ധം ഇത്യാദി അനിഷ്ടലക്ഷണങ്ങൾ ഉണ്ടായിരുന്നാലും അധികം ബിന്ദുക്കളുള്ള രാശിയിൽ നില്ക്കുന്ന ഗ്രഹം ഭാവപുഷ്ടിയേയും ഇഷ്ടത്തെയും ചെയ്യും.

മൂ— മാനസ്ഥിതാല്ലാഭഗൃഹേബഹുത്വേ
ലാഭാല്ലഗൃഹേപസതിർഗ്ഗുരാശൌ
രിഷ്ഫേപിവിന്ദാവധികേവിലഗ്നേ
ജാതസ്സുഖീവിത്തയശോബലാഢ്യഃ. ൬൧

വ്യാ—പത്താംഭാവത്തിലെക്കാൾ അധികം ബിന്ദുക്കൾ പതിനൊന്നിൽ ഉണ്ടായിരിക്കയും പതിനൊന്നിൽ ഉള്ളതിനെക്കാൾ പന്ത്രണ്ടിൽ ബിന്ദുക്കൾ കുറഞ്ഞിരിക്കയും പന്ത്രണ്ടിൽ ഉള്ളതിനെക്കാൾ ലഗ്നത്തിൽ ബിന്ദുക്കൾ ഏറിയിരിക്കയും ചെയ്താൽ സുഖം ധനം ബലം യശസ്സ് ഇവയുണ്ടാകും.

മൂ— ഖണ്ഡത്രയംശഠകക്കടകീടകാദ്യം
തത്തച്ചതുഷ്ടയഗതോപഗവിന്ദുയുക്തം

ആദ്യംതുമധ്യമവസാനമിതിപ്രയുക്താ
കേചിദ്വയാദികമിതിപ്രവദന്തിലോകേ. ൪൬

വ്യാ—മീനംമുതൽ ൩ രാശികളിലെ അക്ഷങ്ങൾ ഒരുമിച്ചു കൂട്ടിയത് ആദ്യഖണ്ഡം. കർക്കടകം മുതൽ ൩ രാശികളിലെ അക്ഷങ്ങൾ ഒരുമിച്ചുകൂട്ടിയത് മദ്ധ്യഖണ്ഡം. വൃശ്ചികം മുതൽ ൩ രാശികളിലെ അക്ഷങ്ങൾ ഒന്നിച്ചുകൂട്ടിയത് അന്ത്യഖണ്ഡം. ചിലർ കാ.-ാം ഭാവംമുതൽ ഇപ്രകാരം നന്നാലുരാശികളിലെ അക്ഷങ്ങളെ ഒരുമിച്ചു കൂട്ടിയതിനെ പ്രഥമാദിഖണ്ഡങ്ങൾ എന്നു പറയുന്നു.

മൂ— വിന്ദുത്രയക്തംരിഷ്ഫരന്ധ്രോപന്യാതം
ശിഷ്ടംഖണ്ഡംകേചിദിഷ്ടന്തിസന്തഃ
തുല്യസ്വൽപാധിക്യവിന്ദുക്രമാത്ത-
ന്നിശ്ശംദുഃഖംസമ്പദസ്സ്യാന്നരാണാം. ൪൭

വ്യാ—ചില ആചാര്യന്മാർ ഖണ്ഡത്രയവിചാരത്തിൽ ൩ വ്യക്തമായ ഈ ഭാവങ്ങളിലെ അക്ഷങ്ങളെ ഒഴിച്ചു കണക്കാക്കണമെന്നു പറയുന്നു. ഇപ്രകാരം വരുത്തിയിട്ടുള്ള ഖണ്ഡത്രയത്തിൽ ഏതിലാണോ സുഖം കുറവുള്ളത് ജീവിതകാലത്തിന്റെ ആ ഘട്ടത്തിൽ ദുഃഖവും സുഖം കൂടുതൽ ഉള്ളകാലം ഏതിലാണോ ആ ഘട്ടത്തിൽ സമ്പത്തുമുണ്ടാകും.

മൂ— സൌമ്യാക്രാന്തംയദിന്ദുഃകരംമിശ്രമംമിശ്രയോഗം
ഖണ്ഡംപാപദ്വിഷദ്വീക്ഷിതംശോകരോഗാകരംസ്യാൽ
വിന്ദുസ്സ്വൽപോയദിഖലുമനസ്ഥാപവാൻപാപവാടീ
വിന്ദ്വാധിക്യേവയസി വിപുലശ്രീസമേതഃപ്രജാതഃ. ൪൮

വ്യാ—ശുഭന്മാർ നില്ക്കുന്നതും ബിന്ദുക്കൾ അധികം ഉള്ളതും പൂർവഖണ്ഡത്തിലാണോ ജീവിതത്തിന്റെ ആ ഘട്ടം ഏറ്റവും മംഗളവും ബിന്ദുക്കൾ കുറഞ്ഞതും പാപസ്ഥിതിയും ഏതുഖണ്ഡത്തിലോ ആ ഘട്ടം രോഗാദിദുഃഖങ്ങളും ബിന്ദുക്കളും ശുഭപാപന്മാരും സമ്മിശ്രമായിരുന്നാൽ ആ കാലം ഗുണദോഷമിശ്രവുമായിരിക്കും.

മൂ — യാവൽബിന്ദൌലഗാഭാവേത്തുതാവൽ
സംപ്രാതീതേവത്സരേരാജയാനം
വിത്തംപുത്രഖ്യാതിവിദ്യാംസമീയാ
ജ്ജാതസ്സമ്പദ്യോഗശാലീനരസ്സ്യാൽ. ൪൯

വ്യാ—ലഗ്നത്തിൽ ഏതു ബിന്ദുക്കൾ ഉണ്ടോ അതുമുതൽ വയസ്സു തികയുമ്പോൾ പുരുഷനു രാജപ്രസാദം വാഹനം ധനം ഇത്യാ

ടികളുണ്ടാകും. ജാതകവശാൽ ഇതുകൾ ലഭിക്കാൻ യോഗമുണ്ടെങ്കിൽ കാലത്തെ ഇപ്രകാരം നിർദ്ദേശിച്ചുകൊള്ളണം.

മൂ— രിഷ്ഫാധീശേമന്ദഗേഹോദയസ്ഥേ
ഹോരാരന്ധ്രസ്വാമിനൈർബ്ബലൈശ്ച
ലഗ്നേയാവൽബിന്ദുസംഖ്യാസ്തദീയാ
ജാതസ്യായുർവത്സരാസ്സംഖ്യവന്തി. ൩൯

വ്യാ—ഏഴ-ാം ഭാവാധിപൻ ശനിക്ഷേത്രത്തിലോ ലഗ്നത്തിലോ നിൽക്കയും ലഗ്നാഷ്ടമാധിപന്മാർ ബലഹീനന്മാരാകയും ചെയ്താൽ ലഗ്നത്തിലുള്ള ബിന്ദുക്കളുടെ സംഖ്യയോളമേ ആയുസ്സുള്ളൂ.

മൂ— യാനാധീശേലഗ്നഗേവാഹനസ്ഥേ
ലഗ്നാധീശേതൽഗൃഹോപേതരാശൌ
ത്രിംശൽബിന്ദ്വാധിക്യയുക്തേതുജാത
ശ്ശ്രീമാൻരാജാമണ്ഡലാധീശ്വരോവാ ൪൦

ഹോരാബന്ധുപ്രാപ്തിഭാവത്രയേഷു
ത്രിംശന്മാനാധിക്യവിന്ദൂപഗേഷു
ജാതസ്യൈശ്വര്യശ്രീബഹുത്വംചരാജ്യം
ചതുസ്ത്രിംശദ്വത്സരാദ്ധ്വമേതി. ൪൧

വ്യാ—നാലാംഭാവാധിപൻ ലഗ്നത്തിലും ലഗ്നാധിപൻ നാലിലും നിൽക്കയും ഈ ഭാവങ്ങളിൽ ൩൦-ൽ അധികം ബിന്ദുക്കളുണ്ടാകയും ചെയ്താൽ ജാതൻ ശ്രീമാനായോ മണ്ഡലാധിപനായോ രാജാവായോ ഭവിക്കും. ലഗ്നം രു-ക്ഷ ഈ ഭാവങ്ങളിൽ ൩൦-ൽ അധികം ബിന്ദുക്കൾ ഉണ്ടായാൽ തേജസ്സും ശ്രീയും രാജ്യവും ൪൦ വയസ്സിനമേൽ അനുഭവിക്കാൻ സംഗതിയാകും.

മൂ— തല്പഞ്ചവിംശതിമുഖാസ്ഥിദശാന്ത്യസംഖ്യാ
ബന്ധുസ്ഥിതാനവമരാശിഗവിന്ദവശ്ച
യത്ര്യഷ്ടകേനസഹവിംശതിവത്സരാണാ-
മന്തേപരേശരദിവാനരവാഹനാഢ്യഃ. ൪൨

വ്യാ—നാലാമിടത്തും ഒൻപതാമിടത്തും ൨൫ വയസ്സിനമേൽ ൩൦ നകം അക്ഷങ്കൾ ഉണ്ടായാൽ ൨൬ വയസ്സിനുമേൽ നരവാഹനം ഉണ്ടായിരിക്കും.

മൂ— ദേവാചാര്യേവാഹനസ്ഥാസ്വതുംഗേ
ചതുരിംശൽബിന്ദുസംഖ്യാസമേതേ

മേഷാദൗ ലഗ്നഗേ വാസരേശേ
ജാതോരാജ്യാലക്ഷസംഖ്യാശ്വനാഥഃ. ൯൫

വ്യാ—രം൦ ബിന്ദുക്കളോടുകൂടി ഗുരു കർക്കടകത്തിൽ നില്ക്കയും മേടലഗ്നത്തിൽ സൂര്യൻ ഉച്ചസ്ഥനായി വരികയും ചെയ്താൽ ലക്ഷം കുതിരകളുള്ള രാജാവായി ഭവിക്കും.

മൂ— ചതുശ്ചത്വാരിംശൽബിന്ദുയുക്തേവിലഗ്നേ
ചാപേജീവേഭാർഗ്ഗവേമീനരാശൌ
സേചാച്ചേഭൌമേകുംഭഗേഭാനുപുത്രേ
ജാതസ്സുശ്രീധരസ്സാവ്ജഭൌമഃ. ൯൬

വ്യാ—രം൦ ബിന്ദുക്കളോടും വ്യാഴത്തിന്റെ സ്ഥിതിയോടും കൂടിയ ധനുർല്ലഗ്നത്തിൽ ജനിക്കയും മീനത്തിൽ ശുക്രനും മകരത്തിൽ കുജനും കുംഭത്തിൽ ശനിയും നിന്നാൽ ഐശ്വര്യപൂർണ്ണനായ ചക്രവർത്തിയായി ഭവിക്കും. (ഈ ഗ്രഹസ്ഥിതിയുള്ളപ്പോൾ സമുദായാഷ്ടവർഗ്ഗത്തിൽ ലഗ്നത്തിൽ രം൦ ബിന്ദുക്കൾ ഒരിക്കലും ഭവിക്കാൻ സംഗതിയില്ല.)

മൂ— ക്രിയാദിരാശിത്രിതയോപയാതാ
ഭവന്തിപൂർവ്വാദിചതുർത്ഥിശശ്വ
ത്ഫലാധികേന്ദ്വർക്കിതൽപ്രദേശേ
ധനാഭിവൃദ്ധിംസമുപൈതിജ്ഞാതഃ. ൯൭

വ്യാ—മേഷാദി മുമ്മൂന്നുരാശികളിലെ അക്ഷങ്ങൾ ഒരുമിച്ചു കൂട്ടിയതു് പൂർവ്വാദിദിക്കുകളാകുന്നു. ഭാവയിൽവച്ചു് അധികം ബിന്ദുക്കളുള്ള ദിക്കിൽനിന്നു് ധനലാഭവും അഭിവൃദ്ധിയും ഉണ്ടാകും. മേഷസിംഹധനുക്കിഴക്കു് വൃഷഭകന്നിമകരം തെക്കു് മിഥുനതുലാകുംഭം പടിഞ്ഞാറു കർക്കടവൃശ്ചികമീനം വടക്കു് ഇങ്ങനെയാണു് ദിക്കിനെ ഭാഗിക്കേണ്ടതു് എന്നു ചിലർക്കു പക്ഷം ഉണ്ടു്. ഇവയിൽ രണ്ടാമതു പറഞ്ഞതാണു് ആധുനികന്മാർ പലരും ക്രിയ ചെയ്തുവരുന്നതു് എന്നുള്ള സംഗതികൂടി ഇവിടെ പ്രസ്താവിക്കുന്നു.

മൂ— ലഗ്നാദിശന്ത്യന്തഗതംതുരംഗൈ
സ്സംഗ്രഹ്യതാരാഹൃതലബ്ധയാതേ
രവ്യാദിപാപേയദികോണഗേവാ
രോഗാദിപീഡാവിപുലാനരാണാം. ൯൮

വ്യാ—ലഗ്നം മുതൽ ശനി നില്ക്കുന്ന രാശിവരെയുള്ള രാശികളിലെ അക്ഷങ്ങളെ ഒരുമിച്ചു കൂട്ടി ൭-ൽ പെരുക്കി ൨൭-ൽ ഹരിച്ചാൽ

ശിഷ്ടം എത്രയോ അത്രാമത്തെ അശ്വിന്യാദി നക്ഷത്രത്തിൽ സൂര്യൻ മുതലായ പാപഗ്രഹങ്ങൾ നില്ക്കുന്ന കാലം രോഗാദിദുഃഖങ്ങളുണ്ടാകും. ഹരിച്ചു കിട്ടിയ ഫലസംഖ്യയോളം വയസ്സു തികയുന്ന കാലവും ജാതനു ആപൽക്കരമാണെന്നു പ്രമാണാന്തരം ഉണ്ട്.

മൂ — മന്ദാദിലഗ്നാദിഫലഞ്ചതദ്വൽ
ലഗ്നാന്തമാരാദുദയാരംകുജാന്തം
ശുക്രാദ്യസംഖ്യാകൃതതാരകായാ
മേവംശുഭേശോഭനമാഹുരാര്യ്യാഃ. ൯൯

വ്യാ—മേൽപറഞ്ഞ പ്രകാരം ശനി നില്ക്കുന്നതായ രാശിമുതൽ ലഗ്നം വരെയും ലഗ്നം മുതൽ ശനി നില്ക്കുന്ന രാശിവരെയും കുജൻനില്ക്കുന്ന രാശി മുതൽ ലഗ്നംവരെയും ലഗ്നം മുതൽ കുജൻ നില്ക്കുന്ന രാശിവരെയും ഉള്ള രാശികളെ പ്രത്യേകം ഒരുമിച്ചു കൂട്ടി ആ നാലുയോഗങ്ങളെയും വെവ്വേറെ ഏഴിൽ പെരുക്കി ൨൭-ൽ കഴിച്ചുകിട്ടിയ ഫലത്തോളം വയസ്സു് ചെല്ലുമ്പോളും ശിഷ്ടമുള്ള സംഖ്യ എത്രയോ അത്രാമത്തെ നക്ഷത്രത്തിൽ പാപഗ്രഹങ്ങൾ ചാരവശാൽ നില്ക്കുന്ന കാലവും രോഗാദികഷ്ടഫലങ്ങൾ ഉണ്ടാകും. ഇപ്രകാരം ലഗ്നംമുതൽ ഗുരു ശുക്രൻ മുതലായ ശുഭഗ്രഹങ്ങൾ നില്ക്കുന്ന രാശിവരെയുംഅവിടംമുതൽ ലഗ്നംവരെയും ഉള്ള രാശികളിലെ അക്ഷങ്ങൾ ഒന്നിച്ചുകൂട്ടി ൭-ൽ പെരുക്കി ൨൭ കൊണ്ടു ഹരിച്ചു വരുന്ന ഫലസംഖ്യയോളം വയസ്സു ചെല്ലുമ്പോഴും ശിഷ്ടമുള്ള സംഖ്യ എത്രയോ അത്രാമത്തെ നക്ഷത്രത്തിൽ ഗുരു മുതലായ ശുഭഗ്രഹങ്ങൾ സഞ്ചരിക്കുന്ന കാലവും ജാതനു ഭാഗ്യസുഖാദികം ഉണ്ടാകുന്നതാണു.

മൂ — ശോധ്യംരാശിത്രയഹൃന്നകൈസ്സംഗുണിതപ്രാതകൈക്യം
ഹതപ്രാശൈരൈരുഡുഗണവ്യക്തയംലുണ്ഡമബ്ധാദികംസ്യാൽ
മാനാധിക്യേവിശതമശതേരംശഗായുഷ്പരാംശൈ
സ്സംഗുണ്യാപ്തംദിവസനിചയൈർമ്മാത്രലൈശ്ശുദ്ധിമായുഃ. ൧൦

വ്യാ—സമുദായാഷ്ടവർഗ്ഗത്തെ ഇട്ടു് ഭിന്നാഷ്ടവർഗ്ഗത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ത്രികോണശോധനയും ഏകാധിപത്യശോധനയുംചെയ്തു ശിഷ്ടത്തെ യഥാക്രമം രാശിഗുണകാരംകൊണ്ടും ഗ്രഹം ഉണ്ടെങ്കിൽ ഗ്രഹഗുണകാരംകൊണ്ടും ഗുണിച്ചു് ഒരുമിച്ചു കൂട്ടിയതു് ശോധ്യപിണ്ഡമാകുന്നു പിന്നെ ശോധ്യപിണ്ഡത്തെ ൭-ൽ ഗുണിച്ചു് ൨൭ കൊണ്ടു് ഹരിച്ചു കിട്ടിയ ഫലം വർഷമാകുന്നു. ശേഷത്തെ ദശാദിഗുണനംചെയ്തു യഥാക്രമം മാസാദികളെയും വരുത്തുക. സംവത്സരസ്ഥാനം ൭൨സംഖ്യയിൽ അധികം ഉണ്ടെങ്കിൽ ൭൨ും (൧൦൦)

കളകയും വേണം. ശിഷ്ടമുള്ളത് പരമായുസ്സിന്റെ വർഷസംഖ്യയാ ണ്. ഈ സംവത്സരത്തെയും മാസത്തെയും ഇറക്കി ദിവസമാക്കി നവരം-കൊണ്ടു ഗുണിച്ചു് നടന്ന കൊണ്ടു ഹരിച്ചു കിട്ടുന്ന ഫലം സൌരവത്സരമാകും. അത് ജാതന്റെ പരമായുസ്സായിരിക്കും.

മൂ— സപ്തമദ്യൂനഖേടമാനവത്സരാ മണ്ഡലോനയുതകമ്മകല്പിതാഃ
തുല്യകാലമുപയാതിസവ്തസ്സുൽഗ്രുദയകടാക്ഷവീക്ഷണാൽ. ൫

വ്യാ ഒരുപ്പായുസ്സോഗം ഉണ്ടായിരുന്നാൽ ഈ സമുദായായുസ്സും ലഗ്നത്തിൽ മണ്ഡലത്തെ കുറയ്ക്കയും ദശപ്പായുസ്സാണെങ്കിൽ കൂട്ടുകയുംചെയ്യാം. മദ്ധ്യായുസ്സാണെങ്കിൽ ഇതു രണ്ടും വേണ്ട. പിന്നാൽ ...ത്തെ സംഖ്യ സൂക്ഷ്മമായിരിക്കും. ഈ വക ഫലങ്ങൾ ഒക്കുന്നതിന് പ്രധാനമായ സഹായം ഗുരുകടാക്ഷം മാത്രമാകുന്നു.

മൂ— ശ്രീവൈദ്യനാഥകൃതജാതകപാരിജാതേ
പാരാശരാദിഫലസാരരഹസ്യപായാതേ
പ്രസ്ഥാരഭിന്നസമുദായകവിന്ദുശീല
സ്സങ്കീർണ്ണതാവിമുഖയൻ പ്രസാദാൽ. ൬

വ്യാ—ഇപ്രകാരം വൈദ്യനാഥസൂരികൃതമായ പാരിജാതത്തിൽ ഭിന്നാഷ്ടവർഗ്ഗം സമുദായാഷ്ടവർഗ്ഗം പ്രസ്ഥാരാഷ്ടവർഗ്ഗം ഇവയെ വിവേ സിക്കേണ്ട ക്രമത്തേയും ഫലങ്ങളേയും സൂര്യാദിഗ്രഹങ്ങളുടെ അനുഗ്ര ഹം മോക്ഷവായിട്ട് ഇവിടെ പറഞ്ഞു.

—:*:—

## പതിനൊന്നാം അദ്ധ്യായം.

—:*:—

മൂ— ഹോരാലങ്കാരമുഖ്യപ്രഭവശുഭഫലാദീനിസവ്വാണിപുംസാം
തത്തദ്ഭാവോത്ഭവാനിദ്ധ്രുവബലവശാദ്ധ്യാനിതാനിപ്രവക്ഷ്മി
യേയേഭാവാസ്സ്വിതജ്ഞാമരഗുരുപതി ഭിസ്സംയുതാവീക്ഷിതാവാ
നാന്യൈർദ്ദൃഷ്ടാനയുക്തായദിശുഭഫലദാമൂത്തിഭാവാദികേഷു. ൭

വ്യാ - കഴിഞ്ഞ അദ്ധ്യായത്തിൽ അഷ്ടകവർഗ്ഗവിന്യാസം ഫ ലംമുതലായതുകളെ വിസ്തരിച്ചു പറഞ്ഞശേഷം ഈ അദ്ധ്യായത്തിൽ ലഗ്നാദിദ്വാദശഭാവപര്യന്തമുള്ള ഭാവങ്ങളാൽ ചിന്തിക്കപ്പെട്ടതായ സകലസംഗതികളെയും തൽഭാവനാഥന്മാരുടെയും കാരകഗ്രഹങ്ങളു ടെയും ബലാബലങ്ങൾക്കനുസരിച്ചു് പറയുന്ന ഏതേതു ഭാവങ്ങളാ

ണോ ശുക്രൻ ബുധൻ വ്യാഴം തദധിപൻ ഇവരുടെ ദൃഷ്ടിയോഗങ്ങളോടുകൂടി ഇരിക്കുന്ന ആ ഭാവങ്ങൾക്കു പുഷ്ടിയും ഫലവും ഉണ്ടായിരിക്കും. അന്യഗ്രഹങ്ങളുടെയായാൽ ഇവ ഉണ്ടാകയില്ല.

മൂ— തനുപാദിഭാവേഷ്വുഭയേഷു
തൽഭാവനാഥോപഗതേക്ഷിതേഷു
തദ്ഭുക്തഭാവസ്യസമൃദ്ധിമാഹുർ
നപാപഖേടേക്ഷിതസംയുതേഷു. ൫

വ്യാ—ലഗ്നാദികളായ എല്ലാ ഭാവങ്ങളിലും ശുഭഗ്രഹസ്ഥിതി ശുഭദൃഷ്ടി ഭാവാധിപസ്ഥിതി ദൃഷ്ടി ഇവയുണ്ടായിരുന്നാൽ ആ ഭാവങ്ങൾക്ക് പുഷ്ടിയും പാപഗ്രഹയോഗദൃഷ്ട്യാദികളുണ്ടെങ്കിൽ ഭാവനാശവുമാകുന്നു. ഭാവാധിപൻ പാപനായും ഭാവത്തിലേക്കുള്ള യോഗദൃഷ്ടികർത്താ ശുഭമോ അശുഭമോ എന്നറിഞ്ഞുകൊൾക.

മൂ— നീചസ്ഥാരിപുരാശിസ്ഥോ ഗ്രഹോഭാവവിനാശകൃത്
മൂലസ്വതുംഗമിത്രസ്ഥോ ഭാവവൃദ്ധികരോഭവേൽ. ൬

വ്യാ—ഭാവാധിപനു നീചസ്ഥിതി ശത്രുക്ഷേത്രസ്ഥിതി ഇവയുണ്ടായിരുന്നാൽ ആ ഭാവത്തിനു ഹാനിയാകുന്നു. ബന്ധുസ്ഥിതി ഉച്ചസ്ഥിതി സ്വക്ഷേത്രസ്ഥിതി മൂലത്രികോണസ്ഥിതിഇവ ഏതുഭാവങ്ങൾക്കാണോ ഉള്ളതു ആ ഭാവങ്ങൾക്കു വൃദ്ധിയുണ്ടാകും. ഭാവാധിപനു മൌഢ്യം ശത്രുക്ഷേത്രസ്ഥിതി നീചം ഇവ ഉണ്ടായിരുന്നാൽ ആ ഭാവത്തിന് വൃദ്ധിയില്ല. കൂടാതെ ഭാവാധിപൻ ഉച്ചത്തിലോ ബന്ധുക്ഷേത്രത്തിലൊ സ്വക്ഷേത്രത്തിലൊ നില്ക്കയാണെങ്കിൽ അവൻ ശുഭഫലത്തെ ചെയ്കയും ചെയ്യും

മൂ— യദ്ഭാവനാഥോരിപുരിഫ്ഫരന്ധ്ര
ദുസ്ഥാനകോപായുതസ്ഥിതോവാ
തദ്ഭാവനാശകൃദുദീരയന്തിതജ്ഞാ
ശ്ശുഭേക്ഷിതേത്വൽഫലമന്യഥാസ്യാൽ. ൭

വ്യാ—ഏതു ഭാവാധിപനാണോ ആറു് എട്ടു് പന്ത്രണ്ടു് ഈ ഭാവങ്ങളിലൊ മറ്റു അനിഷ്ടസ്ഥാനങ്ങളിലൊ പാപയോഗദൃഷ്ടികളോടുകൂടി നില്ക്കുന്നു. എന്നാൽ ആ ഭാവത്തിനു നാശമാണെന്നും ശുഭദൃഷ്ടിയുണ്ടെങ്കിൽ പുഷ്ടിയാണെന്നും പൂർവ്വാചാര്യന്മാർ പറയുന്നു.

മൂ— യദ്ഭാവകേന്ദ്രഗതേവിലഗ്നാ
ത്രികോണഗോവാന്യദിനൈരുദീക്ഷ്യേ

ലുംഗാദിവദ്ഭോപഗതേബലാഢ്യേ
തത്ഭാവപുഷ്ടിം ഫലമാവദന്തി. ൫

വ്യാ—യാതൊരു ഭാവാധിപൻ കേന്ദ്രങ്ങളിലൊ ലഗ്നത്തിലൊ ത്രികോണത്തിലൊ ഉച്ചത്തിലൊ ഉച്ചാംശകത്തോടുകൂടിയൊ ശുഭദൃഷ്ടനായിട്ടും ബലവാനായിട്ടും ഇരിക്കുന്നു എന്നാൽ ആ ഭാവഫലം പുഷ്ടിയുള്ളതാകുമെന്നു ആചാര്യന്മാർ പറയുന്നു.

മൂ— തത്തദ്ഭാവത്രികോണേസുഖമദനഗൃഹേഽന്യസ്ഥദേസൗമ്യയുക്തേ
പാപാനാംദൃഷ്ടിഹീനേഭവനവസഹിതേപാപഖേടൈരയുക്തേ
ഭാവാനാംപുഷ്ടിമാഹുസ്സകലശുഭകരഞ്ചാന്യഥായേപ്രണാശം
മിശ്രംമിശ്രഗ്രഹേണൈരഖിലമപിതദാമൂർത്തിഭാവാദികാനാം. ൬

വ്യാ—അതാതുഭാവത്തിൽനിന്ന് ൨ ൪ ൬ ൮ ൧൦ ൧൨ ഈ ഭാവങ്ങളിൽ ആധിപന്മാരുണ്ടായിരിക്കയും ശുഭന്മാർ നില്ക്കയും പാപന്മാരുടെ യോഗദൃഷ്ടി ഇല്ലാതിരിക്കയും ചെയ്താൽ അതാതുഭാവങ്ങൾക്കും തച്ചിന്ത്യങ്ങളായിരിക്കുന്ന വസ്തുക്കൾക്കും പുഷ്ടിയും ഇതുപോലെയല്ലാതിരുന്നാൽ നാശവും പാപശുഭമിശ്രമായിരുന്നാൽ ബലാബലങ്ങൾക്കു തക്കവണ്ണം മിശ്രഫലവുമായിരിക്കും.

മൂ— നാശസ്ഥാനഗതോഡിവാകരകുജസ്ഥന്നാസ്ഥയദ്രാശിപോ
നീചാരാതിഗതോഥവായദിശുഭൈർഭേദൈരയുക്തേക്ഷിതഃ
തത്ഭാവസ്യഹിനാശനംമുനിഗണാഃശംസന്തിചൈടൈയുതോ
യത്രത്രാപിഫലപ്രദോനഹിതഥാമൂർത്ത്യാദിഭാനാംക്രമാൽ. ൭

വ്യാ—ഏതു ഭാവാധിപനാണൊ മൌഢ്യം നീചം ശത്രുക്ഷേത്രസ്ഥിതി ഇവയുണ്ടായും ശുഭവേഗ്ഗങ്ങളില്ലാതെയും എട്ടാമിടത്തു നില്ക്കുന്നതു് എന്നാൽ ആ ഭാവത്തിനു നാശമാകുന്നുവെന്നും ഇഷ്ടഫലത്തെ കൊടുക്കുകയില്ലെന്നും മഹർഷിമാർ പറയുന്നു.

മൂ— ദുസ്ഥാനേവാരിഗേമൂഢേ ദുർബലേഭാവനായകേ
ഭാവസ്യസന്ദ്രദംകുർയ്യാ• ന ശക്തോഭാവമാശ്രിതഃ ൮

വ്യാ—ഭാവാധിപൻ ഭാവത്തിലുണ്ടെങ്കിലും മൂഢനാകുക, ശത്രുക്ഷേത്രത്തിൽ നില്ക്കുക, ദുസ്ഥാനങ്ങളിൽ നില്ക്കുക ബലഹീനനാകുക ഇങ്ങനെയൊക്കെയായാലും ഭാവഫലത്തെ ചെയ്യാൻ ശക്തനാകയില്ല.

മൂ— ദുഷ്ടസ്ഥിതോ പാപിയുതോനഭോഗഃ
പാപാരിനീചാംശകസംയുതോയഃ
സപ്തൃംഗമിത്ര്യാംശകരാശിയുക്ത-
ശുഭേക്ഷിതോവായദിശോഭനസ്സ്യാൽ. ൯

വ്യാ—ഏതു ഗ്രഹമായാലും പാപയോഗദൃഷ്ടികളോടു കൂടിയും മൌഢ്യമുണ്ടായും നീചാംശകമുണ്ടായും നില്ക്കുന്നുവെങ്കിൽ ആ ഗ്രഹം അനിഷ്ടപ്രദനും ഉച്ചം മിത്രക്ഷേത്രസ്ഥിതിഉച്ചാംശകം ഇവയും ശുഭദൃഷ്ടിയും ഉള്ള ഗ്രഹം ഇഷ്ടപ്രദനുമാകുന്നു.

മൂ— ഭാവേശാക്രാന്തരാശീശേ ദൃസ്ഥാഭാവസ്യദുർബലഃ
സ്വോച്ചമിത്രസ്വരാശിസ്ഥ ഭാവപുഷ്ടിംവദേൽബുധഃ. ൫൦

വ്യാ—ഭാവാധിപനായ ഗ്രഹം നിന്ന രാശിയുടെ അധിപൻ അനിഷ്ടസ്ഥാനങ്ങളിൽ നിന്നാൽ ഉദ്ദിഷ്ടഭാവത്തിനു ബലമില്ലാതാകും. അവൻ ഉച്ചബന്ധുക്ഷേത്രം ഇവകളിൽ നിന്നാൽ ഭാവപുഷ്ടിയുമാകും.

മൂ— യതഭാവബലാദ്ധനവിക്രമഭാഗ്യയാതാ
യതഭാവനാഥസുഹൃദുച്ചതദുച്ചനാഥാഃ
തതഭാവപുഷ്ടിബലമംബരചാരിണസ്തേ
കുർവന്തിനീചരിപുമൌഢ്യവിവർജ്ജിതാശ്ചേൽ ൫൫

വ്യാ—ഭാവനാഥനായ ഗ്രഹത്തിന് ബന്ധുവിന്റെ ഉച്ചനാഥനൊ തന്റെ ഉച്ചനാഥനൊ ആ ഭാവത്തിൽനിന്ന് ൬ ൮ ൧൨ ൽ ഈ സ്ഥാനങ്ങളിൽ നിന്നാൽ ഉദ്ദിഷ്ടഭാവത്തിനു പുഷ്ടിയും ബലവും ഉണ്ടാകും. ഇവക്ക് നീചം മൌഢ്യം ശത്രുബന്ധം ഇവയില്ലാതിരിക്കയും വേണം

മൂ— ഭാവാംശതുല്യഃഫലപൂർണ്ണദാനോ
ഭാവോത്തഭാവാപൂർണ്ണഫലംവിധത്തേ
ഭാവോനകേചാർദ്ധകേചഫലേ
ദ്വയ്യോരാശികേനാത്രഫലംവിചിന്ത്യം. ൫൬

വ്യാ—ഭാവത്തിൽ നില്ക്കുന്ന ഗ്രഹം ഭാവാംശകത്തോടു തുല്യമായി ഭാവമദ്ധ്യത്തിൽ നിന്നാൽ ഭാവഫലത്തെ പൂർണ്ണമായി കൊടുക്കും. ഭാവങ്ങളുടെ സന്ധിയിൽ നില്ക്കുന്ന ഗ്രഹം ഭാവഫലത്തെ തീരെ കൊടുക്കുന്നതല്ലാ. ഭാവത്തിന്റേയും സന്ധിയുടേയും മദ്ധ്യത്തിൽനിന്നാൽ രണ്ടുരാശികൂടിച്ചെയ്ത ഫലത്തിന്റെ ഏറ്റക്കുറവുകളെ അറിഞ്ഞുകൊൾകയും വേണം.

ലഗ്നഫലം.

മൂ— ശരീരവർണ്ണാകൃതിലക്ഷണാനി
യശോഗുണസ്ഥാനസുഖാസുഖാനി
പ്രഭാവതേജോബലദുർബലാനി
ഫലാനിലഗ്നസ്യവദന്തിസന്തഃ. ൫൭

വ്യാ—ലഗ്നഭാവം കൊണ്ടു് ശരീരം നിറം ആകൃതി ലക്ഷണങ്ങൾ (അടയാളം) യശസ്സു് ഗുണം സ്ഥാനം (സ്ഥിതി ഇരിപ്പു്) സുഖാസുഖങ്ങൾ പ്രഭാവം തേജസ്സു് ബലാബലങ്ങൾ ഇവ ഒക്കെയും വിചാരിക്കണം.

മൂ— നരശ്ചിരായുർന്നവപൂജിതസ്സുഖീ
ലഗ്നംഭവേത്സൗമ്യഗൃഹംയദാതദാ
ലഗ്നേയദാസ്വാമിനിരീക്ഷിതേധനീ
കുശാഗ്രബുദ്ധിഃ കുലകീർത്തിവർദ്ധനഃ. ൧൫

വ്യാ—ശുഭക്ഷേത്രംലഗ്നമായാൽ ദീർഘായുസ്സായും രാജമാന്യനായും സുഖം ഉള്ളവനായും ലഗ്നാധിപൻ ദൃഷ്ടി ലഗ്നത്തിലേക്കുണ്ടായിരുന്നാൽ ധനികനായും ബുദ്ധിക്കു ധാരണാശക്തിയുള്ളവനായും വംശത്തിനു കീർത്തിയുണ്ടാക്കുന്നവനായും ഭവിക്കും.

മൂ— ലഗ്നാംശപാദസ്ഥിതഗ്രഹാദ്യാ
തനുസ്വരൂപാകൃതിലക്ഷണാനി
വർണ്ണംവദേച്ചന്ദ്രനവാംശനാഥാ
ദഖിലഗാഭാസ്സുശുഭാശുഭാനി. ൧൬

വ്യാ—ജനനസമയം അധികബലത്തോടുകൂടി നില്ക്കുന്ന ഗ്രഹത്തേക്കൊണ്ടോ ലഗ്നാംശകാധിപനെക്കൊണ്ടോ ദേഹത്തിന്റെ ആകൃതിലക്ഷണം ഇവ ചിന്തിക്കണം. ചന്ദ്രനവാംശകാധിപനെക്കൊണ്ടു് വർണ്ണത്തെയും (നിറം) ലഗ്നംകൊണ്ടു് സകല ശുഭാശുഭങ്ങളെയും ചിന്തിക്കണം.

മൂ— ത്രികോണകേന്ദ്രേയദിലഗ്നനാഥേ
ശുഭാന്വിതേശോഭനവീക്ഷിതേവാ
ശുഭഗ്രഹേനംഗതേബലാഢ്യേ
ചതുസ്സമുദ്രാന്തയശസ്സമേതി. ൧൭

വ്യാ—ലഗ്നാധിപൻ കേന്ദ്രത്രികോണങ്ങളിൽ ശുഭയോഗദൃഷ്ടികളോടുകൂടി നിൽക്കയും ഏഴാമിടത്തു ഒരു ശുഭഗ്രഹം നിൽക്കയും ചെയ്താൽ നാലു സമുദ്രത്തിനകത്തുള്ള ദിക്കുകൾ മുഴുവനും ജാതന്റെ യശസ്സുകൊണ്ടു് ശോഭിക്കും.

മൂ— ഹോരാധിനാഥേ രിപുരിഃഫരന്ധ്ര
പാപാന്വിതേപാപനിരീക്ഷിതേവാ
പാപഗ്രഹാണാംഭവനോപയാതേ
ജാതോപ്രകാശോഭവതീഹമർത്ത്യഃ. ൧൮

വ്യാ—ലഗ്നാധിപൻ പാപക്ഷേത്രത്തിൽ നവ ഫല ഈ ഭാവങ്ങളിൽ പാപയോഗദൃഷ്ടികളോടുകൂടി നിന്നാൽ പ്രസിദ്ധിഇല്ലാത്തവനായിട്ടോ അല്ലെങ്കിൽ ദുഷ്കീർത്തി ഉള്ളവനായിട്ടോ ഭവിക്കും.

മൂ— കീർത്തിസ്ഥാനപതൌവിലഗ്നഭവനേ ജാതസ്സുപുംകീർത്തിമാൻ
വിത്തസ്ഥേതുവിശേഷകീർത്തിസഹിതസ്സ്യാച്ചാരിവർഗ്ഗസ്ഥിതേ
ദുസ്സ്ഥചഞ്ചലയാത്രയാഹതതനർജ്ജാതോഥവാദുർജ്ജനഃ
കേന്ദ്രേകോണഗതേശുഭഗ്രഹയുതേയാത്രാസുഖംജായതേ. ഫ൭

വ്യാ—ലഗ്നാധിപൻ ലഗ്നത്തിൽതന്നെ നിന്നാൽ തന്നിയേ കീർത്തിമാനാകും. രണ്ടാമിടത്തു നിന്നാൽ അതിശയമായകീർത്തി ഉണ്ടാകും. ലഗ്നാധിപൻ ഉച്ചസ്ഥിതിയും ശത്രുക്ഷേത്രാംശകവും ചെയ്താ അനിഷ്ടസ്ഥാനത്തു നിന്നാൽ ബലഹീനമുള്ള സഞ്ചാരംകൊണ്ട് ദേഹക്ലേശം ഉണ്ടാകയോ അല്ലെങ്കിൽ ദുർബുദ്ധിയാകയോ ചെയ്യും. കേന്ദ്രത്രികോണങ്ങളിൽ ശുഭന്മാരോടുകൂടി നിന്നാൽ സുഖമായ യാത്രഭവിക്കും.

മൂ— ഹോരാസ്വാമിനിപഞ്ചമേഥദിസുഖസ്ഥാനേശയുക്തേയുതാ
ഭാഗ്യേചാഥദിഭാഗ്യഗേനസഹിതേലഗ്നേശസംദീപിതാ
ഭ്രാതൃസ്ഥാനപതൌവിലഗ്നഗൃഹഗേതൽകാരകഭ്രാതൃപാ-
വേകസ്സ്യാദ്ബലശാലിനൌചഥദിവാതസ്സോദരഃകീർത്തിമാൻ.

വ്യാ—ലഗ്നാധിപൻ അഞ്ചാംഭാവത്തിൽ നിൽക്കയോ അഞ്ചാംഭാവാധിപനോടു ചേരുകയോ അല്ലെങ്കിൽ ഒൻപതാമിടത്തു നിൽക്കയോ ഒൻപതാംഭാവാധിപനോടുകൂടി ലഗ്നത്തിൽ നിൽക്കയോ ചെയ്താൽ ജാതന്റെ അച്ഛൻ പ്രസിദ്ധനാണെന്നു പറയണം.

സഹോദരസ്ഥാനാധിപന്മാർ (൩-ാമ-ന്റെയുംഅധിപന്മാർ) ലഗ്നത്തിൽ നിൽക്കയോ സഹോദരകാരകനായ ഗ്രഹവും (കുജൻ) സഹോദരസ്ഥാനാധിപനും ബലവാന്മാരായിട്ട് ഒരുമിച്ചു നിൽക്കുകയോ ചെയ്താൽ സഹോദരൻ കീർത്തിമാനായി ഭവിക്കും.

മൂ— വിദ്യാധിപേവാഥദിചന്ദ്രസൂനൌ
ലഗ്നാസ്തഗേലഗ്നപസംയുതേവാ
ബലാന്വിതേപാപദൃശാവിഹീനേ
വിദ്യായശസ്വീഭവതിപ്രജാതഃ. ൭൦

വ്യാ—വിദ്യാസ്ഥാനാധിപനോ (ഇവിടെ വിദ്യാസ്ഥാനാധിപൻ എന്നു പറഞ്ഞതു് നാലാംഭാവാധിപനെക്കുറിച്ചാകുന്നു. നാലാമിടംകൊണ്ടും വിദ്യയെ ചിന്തിക്കണമെന്നു ഇനിയും ചതുർത്ഥഭാവചിന്തനയിൽ പറയും) ബുധനോ ലഗ്നത്തിൽ നിൽക്കയോ നാലാമിട

ത്തു നിൽക്കയോ അല്ലെങ്കിൽ ലഗ്നാധിപനോടുകൂടി നിൽക്കയോ ചെയ്കയും ഇവക്കു ബലമുണ്ടാകയും പാപദൃഷ്ടി ഇല്ലാതിരിക്കയും ചെയ്താൽ വിദ്വാനും യശസ്വിയും ആകും.

മൂ— ധർമ്മോദയേശൌനവമോദയസ്ഥൌ
തനുസ്ഥിതൌവാതനുധർമ്മയാതൌ
സുരേന്ദ്രവന്ദ്യേക്ഷണസംയുതശ്ചേൽ
സമേതിജ്ഞാതശ്ചിരകാലഭാഗ്യം. ൨൯

വ്യാ—ലഗ്നാധിപൻ ലഗ്നത്തിലും ഒൻപതാംഭാവാധിപൻ ഒൻപതിലും നിൽക്കുക അല്ലെങ്കിൽ അവർ രണ്ടാളും ലഗ്നത്തിൽ നിൽക്കുക അല്ലെങ്കിൽ ഇവക്കു ഗുരുവിന്റെ യോഗദൃഷ്ടികർതൃം ഉണ്ടായിരിക്കുകയും ചെയ്താൽ വളരെക്കാലം ഭാഗ്യവാനായിരിക്കും.

മൂ— ലഗ്നാധിപസ്യവ്യയഗേതദീയ
മിത്രേസുഹൃത്തുംഗഖഗേക്ഷിതേവാ
തദ്രാശിഗേവായദിമിത്രഖേടേ
തസ്യസ്ഥിതിർജ്ജന്മവസുന്ധരായാം. ൩൦

വ്യാ—ലഗ്നാധിപന്റെ പന്ത്രണ്ടാമിടത്തു ഉച്ചത്തിലോ ബന്ധുക്ഷേത്രത്തിലോ ബന്ധുഗൃഹം നിൽക്കുകയോ നോക്കുകയോ ചെയ്താലല്ലെങ്കിൽ ഉച്ചത്തിൽ നിൽക്കുന്ന ബന്ധുഗൃഹമോ ലഗ്നാധിപന്റെ ബന്ധുവിന്റെ ഉച്ചനാഥനായ ഗൃഹമോ നോക്കുകയോ നിൽക്കുകയോചെയ്താൽ. എന്നാൽ ജാതൻ സ്വജന്മഭൂമിയിൽതന്നെ വസിക്കുന്നവനായിരിക്കും. അന്യദേശവാസം ഉണ്ടായിരിക്കയില്ലെന്നു സാരം.

മൂ— ലഗ്നേശാദ്ധ്യയഗേവിലഗ്നപരിപൊന്നീചേഥവാദുർബലേ
ജാതോയാതിവിദേശമിത്രദനുജാചായ്യേണദൃഷ്ടേയദി
തത്രൈവസ്ഥിതിരന്യഥേരവികരാക്രാന്തേവിലഗ്നാധിപാ-
ദല്പഗ്രാമചരോബലിന്യുപചിതഗ്രാമാധിവാസോഭവേൽ. ൩൧

വ്യാ—ലഗ്നാധിപന്റെ ശത്രുഗൃഹം നീചനായിട്ടോ ബലഹീനനായിട്ടോ ലഗ്നാധിപങ്കൽനിന്ന് പന്ത്രണ്ടാംഭാവത്തിൽ നിന്നാൽ ജാതൻ വിദേശങ്ങളിൽ പോകും. (ജന്മഭൂമി ഉപേക്ഷിക്കുമെന്നർത്ഥം.)ആ ലഗ്നാധിപശത്രുവായ ഗൃഹം ശുക്രദൃഷ്ടനാണെങ്കിൽ ജാതൻ അവിടെ (അന്യദേശത്ത്) തന്നിയേ താമസിക്കും. ലഗ്നാധിപങ്കൽനിന്ന് ൧൧-ാംഭാവത്തിന്റെ അധിപൻ മൌഢ്യത്തോടുകൂടി നിന്നാൽ ജാതൻ ക്ഷുദ്രഗ്രാമങ്ങളിൽ സഞ്ചരിക്കുന്നവനായും ബലവാനാണെങ്കിൽ പട്ടണങ്ങളിൽ താമസിക്കുന്നവനായും ഭവിക്കും.

മൂ— ഹോരേശാദ്യയപേവിലഗാഭവനാൽകേന്ദ്രത്രികോണസ്ഥിതേ
മിത്രസ്വോച്ചഗഹോപഗേശുഭയുതേപാർശ്വദ്വയേമാനവഃ
ചേതോരമ്യമഹീചരോദിചിചരാചായ്യേന്ദുശുക്രേക്ഷിതേ
ദിവ്യക്ഷേത്രമുപൈതിജന്മധരണീവാസംതദസ്തേഥിപൌ.- ൨൪

വ്യാ—ലഗ്നാധിപന്റെ പന്ത്രണ്ടാംഭാവാധിപൻ ലഗ്നത്തിൽ നിന്ന് കേന്ദ്രത്രികോണങ്ങളിൽ ബന്ധുക്ഷേത്രം സ്വക്ഷേത്രം ഉച്ചം എന്നീ രാശികളിൽ നിൽക്കയും അവന്റെ രണ്ടുവശങ്ങളിലും ശുഭന്മാരുണ്ടാകയുംചെയ്താൽ ജാതൻ മനോഹരങ്ങളായ സ്ഥലങ്ങളിൽ സഞ്ചരിക്കും. അവന് ശുക്രൻ ഗുരു ചന്ദ്രൻ ഇവരുടെ ദൃഷ്ടി ഉണ്ടെങ്കിൽ ദിവ്യങ്ങളായ ക്ഷേത്രങ്ങളിൽ സഞ്ചരിക്കും. അഥവാ ഏഴിലോ പത്തിലോ ഇപ്രകാരം നിന്നാൽ ജന്മഭൂമിയിൽതന്നെ സഞ്ചരിക്കയും ചെയ്യും.

മൂ— ചിദ്ദേശഭാഗ്യംചരഭേവിലഗ്നേ
ചരേതദീശേചരഖേടദൃഷ്ടേ
സ്ഥിതസ്സ്വദേശേബഹുഭാഗ്യയുക്താ
സ്ഥിരൈർഗ്രഹൈർഭ്രരിധനാനിതസ്സ്യാൽ. ൨൫

വ്യാ—ചരരാശി ലഗ്നമായും ചരഗ്രഹങ്ങളാൽ ദൃഷ്ടമായും ലഗ്നാധിപൻ ചരരാശിയിൽ നിൽക്കയും ചെയ്താൽ ജാതന് അന്യദേശങ്ങളിൽ ഭാഗ്യമുണ്ടാകും. അതുപോലെ ലഗ്നം സ്ഥിരരാശിയായും ലഗ്നാധിപൻ സ്ഥിരരാശിയിൽ നിൽക്കയും സ്ഥിരഗ്രഹങ്ങൾ നോക്കുകയുംചെയ്താൽ സ്വദേശത്തുതന്നെ ഭാഗ്യമുണ്ടാകും.

മൂ— ഹോരാധീശേപാപഖേടേരിപുസ്ഥേ
പാപക്ഷേത്രേഭാനുപുത്രേണയുക്തേ
ശൂദ്രപ്രായോരാഹുണാകേതുനാവാ
ജാതശ്ചണ്ഡാളോഥവാനീചകൃത്യഃ. ൨൬

വ്യാ—ലഗ്നാധിപൻ പാപഗ്രഹമാകയും ആറാമിടത്തു നിൽക്കയും അല്ലെങ്കിൽ ശനിയോടുകൂടി ചിങ്ങത്തിൽ നില്ക്കയും ചെയ്താൽ ജാതൻ ശൂദ്രപ്രായനാകും രാഹുവോ കേതുവോ ഒരുമിച്ചു ഇങ്ങനെ നിന്നാൽ ചണ്ഡാലതുല്യനോ അഥവാ നീചകൃത്യം ചെയ്യുന്നവനോ ആയിഭവിക്കും.

മൂ— ലഗ്നാധിപേശോഭനരാശിയുക്തേ
ബലോപയാതേതനുപുഷ്ടിമേതി
ലഗ്നസ്ഥഖേടേരിപുനീചഭാഗേ
ദുസ്ഥാനപേദോഷസുഖംനയാതി. ൨൭

വ്യാ—ബലവാനായ ലഗ്നാധിപൻ ശുഭക്ഷേത്രത്തിൽ നിന്നാൽ ദേഹത്തിനു ആരോഗ്യം പുഷ്ടി ഇവയുണ്ടാകും. ലഗ്നത്തിൽ നില്ക്കുന്ന ഗ്രഹം നീചത്തിലോ ശത്രുരാശിയിലോ അംശകിച്ചാൽ ഒരിക്കലും ദേഹസുഖം ലഭിക്കുകയില്ല. അനിഷ്ടസ്ഥാനാധിപൻ ലഗ്നത്തിൽ നിന്നാലും അങ്ങിനെതന്നെ.

മൂ — വിലഗ്നഭശ്രീതനുപോവിലഗ്നാ-
ത്ത്രയോപിഷഡ്വാഷ്ടമരിഫനാഥാഃ
സചനീചോപഗതാബലോനാ
യദിസപ്രചാകനാഥഫം പ്രകുര്യുഃ. ൨൫

വ്യാ—ലഗ്നാധിപനും ലഗ്നത്തിൽ നോക്കുന്ന ഗ്രഹവും ലഗ്നാൽ ൬-൮-൧൨ ഈ ഭാവനാഥന്മാരും ദുർബലന്മാരാകയും ശത്രുരാശിയിലും നീചത്തിലും നിൽക്കയും ചെയ്താൽ അവർ സ്വദശാകാലങ്ങളിൽ തങ്ങളുടെ ഫലത്തെ ചെയ്കയില്ല.

മൂ— ലഗ്നേജുലർക്ഷേശുഭഖേചയാതൈ-
ർദ്ധുക്കേതനുസ്ഥൗല്യമുദാഹരന്തി
ലഗ്നാധിപേതോയഖഗേബലാഢ്യേ
സൗമ്യാവിതേതത്തനുപുഷ്ടിമേതി. ൨൯

വ്യാ—ലഗ്നം ജലരാശിയാകയും ശുഭയുക്തമാകയും ചെയ്താൽ ശരീരത്തിന് സ്ഥൗല്യം (തടിപ്പു ഉണ്ടാകും. ലഗ്നാധിപൻ ജലഗ്രഹവും ബലവാനും ശുഭയുക്തനുമായാൽ ശരീരം തടിച്ചിരിക്കും.

മൂ— ലഗ്നാധിപേനാശഗതേതുശുഷ്ക
രാശൗതനോഃകഷ്ടമതീവകുച്ഛ്രം
ലഗ്നാംശപസ്ഥാംശപരാശിനാഥ
ശ്ശുഷ്കഗ്രഹശ്ചേത്തനുശുഷ്കതാസ്യാൽ. ൩൦

വ്യാ—ലഗ്നാധിപൻ ശുഷ്കരാശിയിൽ എട്ടാമിടത്തു നിന്നാൽ ദേഹത്തിനു ക്ലേശവും കടവും ഉണ്ടായിരിക്കും. ലഗ്നാംശരാശിനാഥന്റെ നവാംശാധിപതി ശുഷ്കഗ്രഹമായാലും ഫലം ഇങ്ങനെതന്നെ.

മൂ— മധ്യസ്ഥരിപൂപേടയോസ്തനുപതൊജ്ജാതോതിഭീതോഭവേ-
ല്ലഗ്നേതൊലഗ്നഗതേഥവാഫണിപതൊടുസ്ഥവിലഗ്നാധിപേ
തല്പാകേതദരീശഭുക്തിസമയേവൈകല്യമംഗേവദേൽ
ലഗ്നേശശ്രുപതൊഫണിധ്വജയുതേദേഹവ്രണംദേഹിനാം. ൩൧

വ്യാ—ലഗ്നാധിപൻ തന്റെ ശത്രുക്കളുടെ മദ്ധ്യത്തിൽനിന്നാൽ ജാതൻ എല്ലായിടത്തും ഭയമുള്ളവനായിഭവിക്കും. ലഗ്നത്തിൽ കേതു വോരാഹുവോനിലക്കയും ലഗ്നാധിപൻ അനിഷ്ടസ്ഥാനത്തു നിൽക്കയും ചെയ്താൽ അവരിൽ ആരുടെയെങ്കിലും ദശയിൽ ലഗ്നാധിപന്റെ ആറാംഭാവാധിപന്റെ അപഹാരത്തിൽ അംഗവൈകല്യം ഉണ്ടാകും (ദേഹത്തിന് അസ്വാധീനം സ്തംഭനം മുതലായവ). ആറാം ഭാവാധിപൻ രാഹുവിനോടൊ കേതുവിനോടൊ ഒരുമിച്ചു ലഗ്നത്തിൽ നിന്നാൽ ദേഹത്തിൽ മുറിവോ വ്രണമോ ഉണ്ടാകും.

മൂ— ബലൈവിഹീനേഷ്ടിലഗ്നനാഥേ
കേന്ദ്രത്രികോണേസതിലഗ്നഭാത്സ്യാൽ
ലഗ്നേശരാധിഷ്ഠിതരാശിനാഥേ
ദുസ്ഥാനഗേദുർബലദേഹവാൻസ്യാൽ. നൂറ്റൊന്ന്

വ്യാ—ലഗ്നാധിപൻ ബലഹീനനായിട്ട കേന്ദ്രത്രികോണങ്ങളിൽ നിൽക്കയും ആ രാശ്യധിപൻ അനിഷ്ടസ്ഥാനത്തുനിൽക്കയും ചെയ്താൽ ദേഹബലമില്ലാത്തവനായി ഭവിക്കും.

മൂ— സകൂരോദേഹപോദേഹ സൌഖ്യംഹന്ത്യരിസ്ഥഗഃ
സാരീശേദേഹപേട്ടസ്ഥേ ലഗ്നസ്ഥവാടരോഗവാൻ. നൂറ്റിരണ്ട്

വ്യാ—ലഗ്നാധിപൻ ക്രൂരഗ്രഹങ്ങളൊരുമിച്ചു ന-വ-ഈ ഭാവങ്ങളിൽ നിന്നാലും ന-ാം ഭാവാധിപൻ ഒരുമിച്ചു അനിഷ്ടസ്ഥാനങ്ങളിലോ ലഗ്നത്തിൽതന്നെയോ നിന്നാലും ദേഹസുഖമുണ്ടാകയില്ല.

മൂ— ലഗ്നാസപാപേലഗ്നേശേ ബലഹീനേപിരോഗവാൻ
ലഗ്നേശേദുർബലേകോപീ നിർവ്യാധിഃകേന്ദ്രകോണഗേ. നൂറ്റിമൂന്ന്

വ്യാ—ലഗ്നത്തിൽ പാപഗ്രഹംനിൽക്കയുംലഗ്നാധിപൻ ബലഹീനനാകയും ചെയ്താൽ രോഗിയായും ലഗ്നാധിപൻ ദുർബലനായിട്ട കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ രോഗമില്ലെങ്കിലും കോപിയായും ഭവിക്കും.

മൂ— ദേഹേശസ്ഥിതരാശീശേ നാശഭേദുർബലോഭവേൽ
ഭാവേശാക്രാന്തരാശീശേ ദുസ്ഥഭാവാച്ചദുർബലഃ. നൂറ്റിനാല്

സവ്വാരയോബ്ബുഹൽബീജാ യോഗേവാസപ്പമന്ദയോഃ
ലഗ്നാകുജേ നാഭിഗ്രൽഘ്ന വ്രണസ്ഥല്യംവദേൽബുധഃ. നൂറ്റഞ്ച്

വ്യാ—ലഗ്നാധിപൻ നിൽക്കുന്നരാശിയുടെനാഥൻ എട്ടാമടത്തു നിന്നാൽ ജാതൻ ദുർബലനാകും. അതുപോലെ ലഗ്നാധിപൻ നിൽക്കുന്നരാശിയുടെ നാഥൻ അനിഷ്ടസ്ഥാനായാലും ദുർബലനാകും. ലഗ്നാ

ധിപന്റെ ശത്രുഗ്രഹങ്ങൾ ബലവാന്മാരാകയും ശനിരാഹുക്കൾ ഒരു മിച്ചുനിൽക്കയും ലഗ്നത്തിൽ കുജൻ നില്ക്കയും ചെയ്താൽ ജാതനു മുട്ട് നാഭി കണങ്കാലിന്റെയും പാദത്തിന്റെയും സന്ധി ഈ സ്ഥാനങ്ങളിൽ വ്രണം നീരു തടിപ്പു മുതലായ രോഗങ്ങൾ ഉണ്ടാകും.

മൂ— ലഗ്നേശേ ദുർബ്ബലേഷ്ടഗേ ദിനകരസ്യാരാതിനാഥാന്വിതേ
ജ്ഞാവാവൻബലവാൻകുശനസ്സംരക്തശ്മശ്രുതിഃ
ലഗ്നർക്ഷാദരിനാഥഖേചരയുതേജ്ഞാതോസിതാംഗോയദാ
രാഹൌലഗ്നഗതേതുവഞ്ചനാവിഷ്ടാത്ഭീതിംസമേരിദ്ധ്രുവം. ൩൭

വ്യാ—ലഗ്നാധിപൻ പാപ്രണ്ടാം ഭാവധിപനോടോ സൂര്യന്റെ ആറാം ഭാവാധിപനോടൊ ചേർന്ന് ക്രൂ-ൽ നിന്നാൽ ജാതൻ ഭാര്യയുള്ളവനായും വളരെരോഗങ്ങളുള്ളവനായും കടമുള്ളവനായും ദുഃഖിയായും വിളറിയവനായും ഭവിക്കും ലഗ്നാധിപൻ ലഗ്നാൽ ആറാംഭാവാധിപനോടൊ രാഹുവിനോടൊ ഒരുമിച്ചാൽ ജാതൻ കുറുത്തനിറമുള്ളവനായുംചതിയിൽ വിഷ്ടുകൃതിയെപ്രാപിക്കുന്നവനായും ഭവിക്കും. (ഇവനു ആരെങ്കിലും വിഷം കൊടുക്കുമെന്നാസാരം.)

മൂ— ലഗ്നാശ്രുഭേശോഭനോദൃഷ്ടിയുക്തേ
ബാല്യാൽസുഖംതന്നാംഗിദൃഷ്ടിയോഗാൽ
ദുഃഖീഭവേൽപാപബഹുത്വയോഗേ
ലഗ്നിത്രബാല്യാമരണാന്തമാഹുഃ. ൩൮

വ്യാ—ലഗ്നത്തിൽ ശുഭയോഗദൃഷ്ടിഉണ്ടായാൽ ബാല്യംമുതൽ സുഖമുണ്ടാകും. ലഗ്നത്തിൽ പാപയോഗദൃഷ്ടികളായാൽ ഇതുണ്ടാകയില്ലാ. വളരെ പാപന്മാരുണ്ടായാൽ ചെറുപ്പംമുതൽ മരണംവരെ ദുഃഖം അനുഭവിക്കും.

മൂ— ദേവലോകാംശകേശുക്രേ ലഗ്നേശേഗോപുരാംശകേ
ലഗ്നാശുഭഗ്രഹൈർദൃഷ്ടേ മധ്യാന്തേസൌഖ്യമാപ്നുയാൽ. ൩൯

വ്യാ—ലഗ്നാധിപൻ ഗോപുരാംശത്തിലും ശുക്രൻ ദേവലോകാംശത്തിലും ലഗ്നത്തിൽ ശുഭദൃഷ്ടിയും ഉണ്ടായാൽ ജാതന് ആയുഷ്കാലത്തിന്റെ മദ്ധ്യത്തിലും ഒടുവിലും സുഖാനുഭവം ഉണ്ടാകും.

മൂ— ലഗ്നാശുഭേധനേപാപേ കേന്ദ്രേപാപസമന്വിതേ
ലഗ്നേശേഷോത്തമാംശസ്ഥേ മാദ്ധ്യേദുഃഖമതസ്സുഖം. ൪൦

വ്യാ—ലഗ്നത്തിൽ ശുഭനും രണ്ടിലും കേന്ദ്രങ്ങളിലും പാപന്മാരും ലഗ്നാധിപൻ ഉത്തമാംശത്തിലും നിന്നാൽ ആദ്യം ദുഃഖവും പിന്നെ സുഖവും ഉണ്ടാകും.

മൂ— ലഗ്നേശേശുഭരാശീശേ ശുഭഗ്രഹനിരീക്ഷിതേ
ഗോപുരാംശഗതേവാപി ഷോഡശാബ്ദാൽപരംസുഖം. ൧൮൪

വ്യാ—ലഗ്നാധിപൻ ശുഭദൃഷ്ടിയോടുകൂടി ശുഭരാശിയിലോ ഗോപുരാംശത്തിലൊ നിന്നാൽ ജാതന് ഏഴാം വയസ്സുവരെ ദുഃഖമായിരിക്കും.

മൂ— ലഗ്നേശസ്വാംശനാഥേതു
കേന്ദ്രകോണോച്ചസംസ്ഥിതേ
ലാഭേവാബലസംയുക്തേ
ത്രിംശദബ്ദാൽപരംസുഖം. ൧൮൫

വ്യാ—ലഗ്നാധിപന്റെ നവാംശപതി കേന്ദ്രത്തിലോ ത്രികോണത്തിലോ ഉച്ചത്തിലോപതിനൊന്നിലോ ബലവാനായിട്ട് നിന്നാൽ ജാതൻ മുപ്പതാം വയസ്സുമുതൽ സുഖമുള്ളവനാകും.

മൂ— ലഗ്നേവ്യാദിസപ്തഷ്ടപാദശുഫലമുച്യതേ
രാജഃസ്വീപിതൃധനോജുലപണ്യാന്മഥാധനഃ. ൧൮൬

ധാർമ്മികസ്ഥൂലശിശ്നസ്ത്രീ ദുർദ്ദാരിദ്ര്യാശില്പീയശോന്വിതഃ
രാജപൂജ്യോവ്രതയുതോ വേശ്യാസക്തോധനീസുഖീ. ൧൮൭

മന്ദദൃഷ്ടേവിലഗ്നേതു വൃദ്ധസ്ത്രീമലിനഃഖലഃ
കേനാപ്യദൃഷ്ടംലഗ്നാബ്ജേൽ രാശിഗ്രഹവശാദ്വദേൽ. ൧൮൮

ലഗ്നസ്വാമീക്ഷിതേരാജ്ഞാ തൽപ്രിയോവാധനീസുഖീ
സൌമ്യേക്ഷിതേഖിലംസൌഖ്യം പാപദൃഷ്ടന്തശോഭനം. ൧൮൯

വ്യാ—ലഗ്നത്തെ സൂര്യൻ നോക്കിയാൽ രാജസേവകനായും പിതൃസ്വത്തുള്ളവനായും ചന്ദ്രൻ നോക്കിയാൽ ജലമാർഗ്ഗേണയുള്ള കച്ചവടംകൊണ്ട് ധനലാഭവും കുജൻ നോക്കിയാൽ ധർമ്മശീലവും ലിംഗത്തിന് സ്ഥൂലത്വവും ബുധൻ നോക്കിയാൽ വിദ്യയും ശില്പസാമർത്ഥ്യവും യശസ്സും ഗുരു നോക്കിയാൽ രാജപൂജ്യതയും സദ്വ്രതങ്ങളും ശുക്രൻ നോക്കിയാൽ വേശ്യാസക്തിയും സുഖവും ധനവും ശനി നോക്കിയാൽ വൃദ്ധസ്ത്രീ രതിയും മലിനതയും ദുഷ്പ്രകൃതിയും ഉണ്ടായിരിക്കും. ലഗ്നത്തിൽ ഗ്രഹദൃഷ്ടിയില്ലെങ്കിൽ ലഗ്നം ലഗ്നാധിപൻ ഇവക്കുള്ള ഫലങ്ങളെ ചിന്തിച്ചു പറയണം. ലഗ്നത്തെ ലഗ്നാധിപൻ നോക്കിയാൽ രാജാവായോ രാജപ്രിയനായോ ധനവും സുഖവും ഉള്ളവനായോ ഇരിക്കും. ശുഭദൃഷ്ടിയുണ്ടെങ്കിൽ സകലവും ശുഭമായും പാപദൃഷ്ടിയാണെങ്കിൽ ദോഷമായും പരിണമിക്കും.

൧൦

## ദ്വിതീയഭാവഫലം.

മൂ— വിത്തംക്ഷേത്രംസുഖംവിദ്യാവാക്കുടുംബാശനാനിച
ദ്വിതീയസ്ഥാനജന്യാനിക്രമാജ്ജ്യോതിഷ്പിതോവിദുഃ. ൨൫

വ്യാ—രണ്ടാംഭാവംകൊണ്ട് ആചാര്യന്മാർ ധനം ക്ഷേത്രം (നിലം പറമ്പ് മുതലായവ) സുഖം വിദ്യ വാക്ക് (വാക്കിന്റെ ഗുണദോഷങ്ങൾ) കുടുംബം ഭക്ഷണം ഇവയെപ്പറയുന്നു.

മൂ— വിത്തായോദയരാശയുപേതിയുതാവിത്താധികോജ്ഞായതേ
ലാഭസ്ഥൗധനലാഭപൌനിജസുഹൃത്തുംഗത്രികോണേതഥാ
തദ്വല്ലാഭധനാധിപൌതനഗതാവന്യോന്യമിഷ്ടഗ്രഹൌ
ലഗ്നേശേധനലാഭരാശിപയുതേലഗ്നേബഹൂദ്ഭവവ്യവാൻ. ൨൬

വ്യാ—(ക)ലഗ്നം ൨, ൧൧ ഈ ഭാവങ്ങൾ പതിയുക്തങ്ങളായിരിക്കുക. (ഖ) രണ്ടാംഭാവാധിപനും കൂടി ലാഭത്തിൽ നിൽക്കുക. (ഗ)അവർ രണ്ടാളും ഉച്ചം സ്വക്ഷേത്രം ബന്ധുക്ഷേത്രം ഇവയിൽ നിൽക്കുക. (ഘ) രണ്ടാം ഭാവാധിപനും ലാഭാധിപനും തമ്മിൽ ബന്ധുക്കളായിട്ടു ലഗ്നത്തിൽ നിൽക്കുക. (ങ) ലഗ്നാധിപൻ ധനലാഭാധിപന്മാരോടുമിച്ചു ലഗ്നത്തിൽ നിൽക്കുക. ഇവ ഒക്കെയും ധനസമൃദ്ധിയോഗങ്ങളാകുന്നു.

മൂ— ധനോപയാതഃപ്രഥമോഥദർശീ
ഗ്രഹോദ്വിതീയോധനപസ്ഥിതിയുഃ
തല്പാകഭേകേധനലാഭമേതി
ക്രമേണതൽകാരകവർഗ്ഗമൂലാൽ. ൨൭

വ്യാ—ധനസ്ഥാനത്തു് നിൽക്കുന്നഗ്രഹം, ഈവിടെ നോക്കുന്ന ഗ്രഹം, ലഗ്നാധിപൻ ഈ മൂന്നുപേരുടേയും ദശയിലും അപഹാരത്തിലും ധനകാരകനായ ഗ്രഹത്തിന്നു് പറഞ്ഞിട്ടുള്ള ദ്രവ്യങ്ങളിൽ നിന്നു് ധനലാഭം ഉണ്ടാകും.

മൂ— ധനസഹായദിലഗ്നേശേ നിധിമാൻബലസംയുതേ
ദുർബലേപാപസംയുക്തേ വഞ്ചനാദിപരോഭവേൽ. ൨൮

വ്യാ—ധനാധിപൻ ബലവാനായിട്ടു് ലഗ്നത്തിൽ നിന്നാൽ വളരെ നിധികൾക്കു (ദ്രവ്യങ്ങൾക്കു്) നാഥനാകും. ബലഹീനനായും പാപയുതനായും നിന്നാൽ മോഷണം കളവു് ഇവയുള്ളവനായും ഭവിക്കും.

മൂ— ധനസ്ഥിതഃപാപദൃശാസമേതേ
സ്സുപത്നീചാക്കരാഭിതപ്തഃ

രല്പാകളത്രൈരുധനനാശമേതി
സഗോചരേദുഷ്ടബലാന്വിതോവാ. ൪൧

വ്യാ—ശത്രുക്ഷേത്രം നീചം മൌഢ്യം ബലഹീനത ഇതുകളോടും പാപദൃഷ്ടിയോടും കൂടി രണ്ടാമിടത്തുനിൽക്കുന്നഗ്രഹത്തിന്റെ ദശയിലും അപഹാരത്തിലും ധനനാശമുണ്ടാകും. അവൻ ചാരവശാൽ ബാലഹീനനായിട്ട് അനിഷ്ടസ്ഥാനത്തു വരുമ്പോഴും ഈ ഫലം ചിന്തിക്കണം.

മൂ— കുടുംബഭാഗേബഹുഖേടയുക്തേ
ധനപ്രദോവ്യാമഭരേബലാഢ്യേ
സ്വതുംഗമിത്രസ്വഗൃഹോപഗേവാ
ധനംസമേത്യാമരണംസമർത്ഥഃ. ൨

വ്യാ—രണ്ടാം ഭാവാധിപൻ ബലവാനായും സ്വക്ഷേത്രം ബന്ധുഗ്രഹം ഉച്ചം ഇവയിൽ നില്ക്കയും രണ്ടാം ഭാവത്തിൽ ബഹുഗ്രഹങ്ങൾ വരികയും ചെയ്താൽ ജാതൻ മരണംവരെ ധനവാനായിരിക്കും.

മൂ— വിത്താധീശേസോദരേശേനയുക്തേ
ലഗ്നസ്ഥവാഭ്രാതൃവിത്തംസമേതി
മാതൃസ്ഥാനസ്വാമിനാമാതൃവിത്തം
തദ്ഭാവേശേനാന്വിതസ്തദ്ധനംസ്യാൽ. ൪൩

വ്യാ—രണ്ടാം ഭാവാധിപൻ സഹോദരസ്ഥാനാധിപനോടു കൂടിയാൽ മാതാവിൽ നിന്നും ധനലാഭം ഉണ്ടാകും. രണ്ടാം ഭാവാധിപൻ ഏതു ഭാവാധിപനോടു കൂടി ലഗ്നത്തിൽ നിൽക്കുന്നുവോ ആ ഭാവം നിമിത്തം ധനം സിദ്ധിക്കുന്നതാണ്.

മൂ— വിത്താധീശേലഗ്നഗേലഗ്നനാഥേ
വിത്തസ്ഥാനേയത്നതോവിത്തമേതി
യദ്ഭാവസ്ഥേലഗ്നവിത്തേശരൌഢ്യേ
തന്മൂലാപ്തംദ്രവ്യവിത്തംനരാണാം. ൪൪

വ്യാ—ലഗ്നാധിപൻ രണ്ടിലും രണ്ടാംഭാവാധിപൻ ലഗ്നത്തിലും നിന്നാൽ പ്രയത്നപ്പെട്ടു ദ്രവ്യമുണ്ടാകും. ലഗ്നനാധിപന്മാർ ഏതുഭാവത്തിൽ നില്ക്കുന്നുവോ ആ ഭാവം നിമിത്തം ദ്രവ്യസിദ്ധിയുണ്ടാകുന്നതാണ്.

മൂ— ചന്ദ്രേകുടുംബഭവനേ ശുക്രേണനിരീക്ഷിതഃപ്രദാതാച
സൌമ്യേശുഭസന്ദൃഷ്ടേ സ ഏവധനവാൻസദാജ്ഞേയഃ. ൪൫

വ്യാ—ശുക്രദൃഷ്ടിയുള്ള ചന്ദ്രൻ രണ്ടാമിടത്തുനിന്നാൽ ദാനശീലവും ശുഭദൃഷ്ടിയുള്ള ബുധൻ നിന്നാൽ എണ്ണം ധനവുമുണ്ടായിരിക്കും.

മൂ — അർത്ഥാധീശേയത്രസംസ്ഥാനാരാണാം
തസ്മിൻകാലേതത്രവൃദ്ധിർവിശേഷാൽ
തദ്ഭാവേചദ്രവ്യലാഭംവിധത്തേ
വക്രേസൗചേദ്ഭിക്ഷുസവ്ത്രസിദ്ധിഃ. ൪൯

വ്യാ—രണ്ടാം ഭാവാധിപൻ ഏതു ഭാവത്തിൽ നില്ക്കുന്നുവോ ആ ഭാവത്തിനു് അവന്റെ ദശയിൽ (൨-ാം ഭാവാധിപന്റെ) ധനവൃദ്ധി ഉണ്ടാകും. (ഉദാഹരണം ൨ ാം ഭാവാധിപൻ നാലാമിടത്തു നിൽക്കുന്നു എന്നു് വിചാരിക്കുക. എന്നാൽ അവന്റെ ദശയിൽ മാതൃഗൃഹത്തിൽ നിന്നോ മാതാവിൽനിന്നോ ധനലാഭമുണ്ടാകും. ഇങ്ങനെ ശേഷം ഭാഗങ്ങളും ഊഹിക്കുന്നതു.) ജാതൻ നിമിത്തം അതായതു് ഭാഗങ്ങളിലേക്കു് ദ്രവ്യലാഭം ഉണ്ടാകും. നാലാമിടത്തു നിൽക്കുന്ന ധനാധിപന്റെ ദശയിൽ മാതാവു് മാതുലൻ ബന്ധുക്കൾ മുതലായവക്കും ജാതൻ നിമിത്തം ധനസിദ്ധിയുണ്ടാകുമെന്നർത്ഥം. ധനാധിപൻ വക്രത്തോടുകൂടി നില്ക്കുയാണെങ്കിൽ ജാതനു് എല്ലായിടത്തും ദ്രവ്യലാഭംഉണ്ടാകും.

മൂ— ധനേശേലാഭസംയുക്തേ ലാഭേശേധനമാഗതേ
താവുഭൗകേന്ദ്രഗൌവാപി ധനവാൻഖ്യാതിമാൻഭവേൽ. ൫൦

വ്യാ—ധനാധിപൻ ലാഭത്തിലും ലാഭാധിപൻ ധനത്തിലും അല്ലെങ്കിൽ അവർ രണ്ടാളും കേന്ദ്രത്തിൽ നിന്നാൽ ധനവും കീർത്തിയും ഉണ്ടായിരിക്കും.

മൂ — ധനേശേവ്യയഷഷ്ഠസ്ഥേ വ്യയേശേധനഗേപിവാ
ലാഭേശേരിപുരന്ധ്രസ്ഥേ വ്യയേവാധനനാശനം. ൫൧

വ്യാ—ധനാധിപൻ ൽ-ലോ ക-ലോ നിൽക്കുക, പന്ത്രണ്ടാം ഭാവാധിപൻ രണ്ടിൽ നില്ക്കുക, ലാഭാധിപൻ ൽ-ലോ വ-ലോ നില്ക്കുക. ഇവയൊക്കയും ധനനാശയോഗമാകുന്നു.

മൂ— വ്യയഭാവഗതേജീവേ വിത്തേശേബലവർജ്ജിതേ
ശുക്രഭൈർനിരീക്ഷിതേലഗ്നേ ധനനാശംവദേൽബുധഃ. ൫൨

വ്യാ—ഗുരു ക-ലും രണ്ടാം ഭാവാധിപനു് ബലഹീനതയും ലഗ്നത്തിനു് ശുഭദൃഷ്ടിയും ഉണ്ടായാൽ ധനനാശം ഭവിക്കുമെന്നു് വിദ്വാനായ ദൈവജ്ഞൻ യുക്തിപൂർവ്വം പറയണം.

മൂ— ലഗ്നേശേധനരാശിസ്ഥേ ധനേശേലാഭരാശിഗേ
ലാഭേശേപാപിലഗ്നസ്ഥേ നിധ്യാദിധനമാപ്നുയാൽ. ൩൦

വ്യാ—ലഗ്നാധിപൻ രണ്ടിലും രണ്ടാംഭാവാധിപൻ ലാഭത്തിലും ലാഭാധിപൻ ലഗ്നത്തിലും നിന്നാൽ നിധി മുതലായ ധനങ്ങൾ ഉണ്ടാകും.

മൂ— ലഗ്നായധനഭാഗ്യേശാഃ പരമോച്ചാംശസംയുതാഃ
വൈശേഷികാംശകേവാപി തദാകോടീശ്വരോഭവേൽ. ൩൧

വ്യാ—ലഗ്നം, ധനം, ഭാഗ്യം, ലാഭം ഈ ഭാവങ്ങളുടെ നാഥന്മാർ അത്യുച്ചമോ ഗോപുരാംശം സിംഹാസനം മുതലായ വൈശേഷികാംശത്തോടു കൂടിയോ നിന്നാൽ അപ്പോൾ ജനിക്കുന്നവൻ അനവധി ദ്രവ്യങ്ങൾക്കു നാഥനാകും.

മൂ— ദിനേശരകരസ്ഥനേ ധനേശേനീചരാശിഗേ
പാപഷഷ്ട്യംശകേവാപി ജനഗ്രസ്തോഭവേന്നരഃ. ൩൨

വ്യാ—രണ്ടാംഭാവാധിപന് മൌഢ്യം നീചം ക്രൂരഷഷ്ട്യംശം ഇവയുണ്ടായാൽ ജാതൻ കടംകൊണ്ടു നശിക്കും.

മൂ— ശുക്രേന്ദുനയനാധീശൌ രേകസ്ഥൌസ്തനിരീക്ഷകൌ
സൂര്യലഗ്നാവിലഗ്നേശൌ രദൃശ്യൌർമധ്യലോചനഃ. ൩൩

വ്യാ—ശുക്രൻ ചന്ദ്രൻ രണ്ടാംഭാവാധിപൻ ഇവർ ഒരുമിച്ചുനിന്നാൽ മാലക്കണ്ണ് ഉണ്ടാകും. സൂര്യലഗ്നാധിപൻ ലഗ്നാധിപൻ ഇവർ ഒരുമിച്ചു നിന്നാൽ പകുതികാഴ്ചയുള്ളവനായി ഭവിക്കും.

മൂ— വിലഗ്നവിത്താസ്തപതസ്തുതേശാ
രിപുവ്യയക്ഷരിദ്രഗൈരപയാതാഃ
വിലഗ്നസംബന്ധകരസ്ഥിതശ്ച
ദിലോചനാഭാവമുപൈതിജാതഃ. ൩൪

വ്യാ—ലഗ്നം ദ്വിതീയം സപ്തമം പഞ്ചമം നവമം ഈ ഭാവങ്ങളുടെ നാഥന്മാർ ൬, ൮, ൧൨ ഈ ഭാവങ്ങളിൽ നിൽക്കുകയും ശുക്രൻ ലഗ്നത്തിൽ നോക്കുകയോ അംശിക്കുകയോ അതായാൽ കണ്ണില്ലാത്തവനായിരിക്കും.

മൂ— സിതസ്തതാധീശയുതോവിലഗ്നോ
നരേശകോപാന്നയനപ്രണാശഃ
ധനേശഭൌമൈയദിലഗ്നയാതൈ
കണ്ണസ്യരോഗംപ്രവദന്തിസന്തഃ. ൩൫

വ്യാ—ശുക്രനും അഞ്ചാംഭാവാധിപനുംകൂടി ലഗ്നത്തിൽനി
ന്നാൽ രാജകോപം നിമിത്തം കണ്ണിനു ഏകവ്യം ഉണ്ടാകുമെന്നും ര
ണ്ടാംഭാവാധിപനും കുജനുംകൂടി ലഗ്നത്തിൽ നിന്നാൽ കണ്ണ്രോഗം ഉ
ണ്ടാകുമെന്നും പറയണം.

മൂ — ശന്യാരയോഗേ, ഗ്രഹികേനശുക്രേ
നേത്രേശരേതത്രനേത്രരോഗഃ
നേത്രേയദാപാപബലാന്വിതായോഗേ
ഭൗമേനദൃഷ്ടേസതിനേത്രരോഗഃ, ൩൯

വ്യാ—ശനിയും കുജനും ഗ്രഹികനും ശുക്രനും രണ്ടാംഭാവാധിപ
നുംകൂടി നിന്നാൽ നേത്രരോഗമുണ്ടാകും. രണ്ടിൽ വളരെ പാപന്മാ
രും കുജദൃഷ്ടിയും ഉണ്ടെങ്കിലും ഫലം മേൽപ്രകാരംതന്നെ.

മൂ— നേത്രേശരേശുഭയുതേശുഭദൃഷ്ടിയുതേഥവാ
ശുഭാംശകസ്ഥിതേവാപിശുഭദൃക്സ്യാന്നരോഭവേൽ. ൪൦

വ്യാ —രണ്ടാംഭാവാധിപനു ശുഭയോഗദൃഷ്ട്യംശകാദികളുണ്ടെ
കിൽ നേത്രസുഖം ഉള്ളവനായി ഭവിക്കും.

മൂ— ജാതോസൌസുമുഖശ്ശുഭേധനഗതേതുംഗാദിവർഗ്ഗസ്ഥിതേ
തത്ഭാവേയദിസൌമ്യവർഗ്ഗസഹിതേവാക്ലിധിമേതിധ്രുവം
ആജ്യസ്സുശ്മശ്രുപൈതിവിത്തഗൃഹഗേഭൌമേദിനേശേക്ഷിതേ
ജ്ഞാതുഃകോദ്രവമുഗ്ഭൃഗ്ധനഗതേരാഹൌചപാപേക്ഷിതേ. ൪൧

വ്യാ - ശുഭഗ്രഹം ഉച്ചം സ്വക്ഷേത്രം ബന്ധുക്ഷേത്രം ഇവയിൽ
സ്ഥിതി ആംശകം മുതലായതോടുകൂടി രണ്ടാംഭാവത്തിൽ നിൽക്കയും
രണ്ടാംഭാവത്തിൽ ബുധന്റെ വർഗ്ഗം ഏതെങ്കിലും വരികയും ചെയ്താൽ
സുമുഖനായും വാക്കിനു ഗുണമുള്ളവനായും ഭവിക്കും. രണ്ടാംഭാവ
ത്തിൽ കുജൻ നിൽക്കയോ സൂര്യൻ നോക്കുകയോ ചെയ്താൽ തിളച്ച
നെയ്യു പിണ്ണാക്കു മുതലായവ ദേഹത്തിൽ വീഴും. രണ്ടാംഭാവത്തിൽ പാ
പദൃഷ്ടിയും രാഹുവും ഉണ്ടായാൽ ജ്ഞാതൻ തുവര കടല മുതലായവ ഭക്ഷി
ക്കുന്നവനായിത്തീരും.

മൂ— ലഗ്നാസ്ഥാത്സപ്തമേസ്ഥേക്ഷ്വേമേവാന്യരാശേക്ഷിതേ
ആജ്യസ്സുശ്മശ്രുനിഭീതിർവാസംഭവന്തിമസ്ഥികാഃ. ൪൨

വ്യാ—ലഗ്നം ൨, ൩, ൫ ഈ ഭാവങ്ങളിൽ കുജദൃഷ്ടിയുള്ള സൂ
ര്യനോ സൂര്യദൃഷ്ടിയുള്ള കുജനോ നിന്നാൽ ദേഹത്തു മസൂരിരോഗമോ
തിളച്ച നെയ്യോ തീയോ വഴാൻ സംഗതിയാകും.

മൂ— പാപൈർയ്യുതേമുഖസ്ഥാനേദുർമ്മുഖഃപാപവീക്ഷിതേ
ക്രോധാനനോനരഃപാപീതദീശേഗ്രഹികാനിതേ. ൫൩

വ്യാ—രണ്ടാംഭാവത്തിൽ പാപന്മാരുടെ യോഗദൃഷ്ടികൾ വന്നാൽ ദുർമ്മുഖനാകും. രണ്ടാംഭാവാധിപൻ ഗ്രഹികനോടുകൂടിയാൽ പാപകർമ്മവും മുഖത്തിൽ കോപരസവും ഉണ്ടായിരിക്കും.

മൂ— വാഗ്ഭാവേശേരാഹ്വയുക്തേഷ്ടസ്ഥേ
രാഹ്വാക്രാന്തസ്ഥാനനാഥാനിതേഷ
പാകേഷ്ടകേതുതസ്യദന്താമയസ്സ്യാ
ജ്ജിഹ്വാരോഗസ്ത്വരകാസ്യാനഷ്ടകേതൗ. ൫൪

വ്യാ—രണ്ടാംഭാവാധിപൻ രാഹുവിനോടോ രാഹുരാശ്യധിപനോടോ ഒരുമിച്ചു അനിഷ്ടസ്ഥാനത്തു നിന്നാൽ രണ്ടാംഭാവാധിപന്റെയോ രാഹുരാശ്യധിപന്റെയോ ദശാപഹാരങ്ങളിൽ ദന്തരോഗവും ബുധന്റെ അപഹാരത്തിൽ ജിഹ്വാ (നാക്ക്) രോഗവും ഉണ്ടാകും.

മൂ — പ്രഫുല്ലവദനേശ്ശ്രീമാൻ കേന്ദ്രേമുഖപതൌയദി
സേഷാച്ചസ്വമിത്രവഗ്സ്ഥേ സുമുഖശ്ശുഭവീക്ഷിതഃ. ൫൫

വ്യാ—രണ്ടാംഭാവാധിപൻ കേന്ദ്രത്തിൽ നിന്നാൽ മുഖപ്രകാശമുള്ളവനായും ശ്രീമാനായും അവൻ ഉച്ചം വർഗ്ഗോത്തമം ബന്ധുക്ഷേത്രം ഇവയിൽ ശുഭദൃഷ്ടിയോടുകൂടിനിന്നാൽ സുമുഖനായും ഭവിക്കും.

മൂ— രാഹുദ്വിതീയഗ്രഹപൌ സഹജേശയുക്തൌ
ജാതസ്സുമേതിഗളരോഗമതീവകഷ്ടം
ദാരിദ്ര്യമൌരവിശനീധനരാശിയാതൌ
ഭൌമാക്കജൌ സകലരോഗകരൌ ഭവേതാം. ൫൬

വ്യാ—രണ്ടാംഭാവാധിപനും രാഹുവും മൂന്നാംഭാവാധിപനുംകൂടി നിന്നാൽ കഠിനമായ കണ്ഠരോഗവും ആദിത്യനും ശനിയും രണ്ടാമിടത്തു നിന്നാൽ ദാരിദ്ര്യവും ശനികുജന്മാർ നിന്നാൽ എല്ലാ രോഗങ്ങളുമുണ്ടാകും.

മൂ— വാഗ്ഭാവേശേഗ്രഹൃയുതേ നാശസ്ഥാമൃകതാഭവേൽ
കേന്ദ്രത്രികോണഗേജീവേ ശുക്രേസ്വോച്ചംഗതേയദി
വാഗ്ഭേരവീന്ദുപുത്രൌവാ ഗണിതജ്ഞോഭവേന്നരഃ. ൫൭

വ്യാ —രണ്ടാംഭാവാധിപനും ഗ്രഹവുംകൂടി അഷ്ടമത്തിൽനിന്നാൽ സംസാരിക്കാൻ പാടില്ലാത്തവനാകും. കേന്ദ്രത്രികോണങ്ങളിൽ ഗ്രഹ

വും സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ ശുക്രനും സൂര്യബുധന്മാർ രണ്ടിലും നിന്നാൽ ജ്യോതിശ്ശാസ്ത്രജ്ഞനാകും.

൪— ഗണിതജ്ഞോഭവേജ്ജാതോ വാഗ്ഭാവേ ഭ്രമിനന്ദനേ
സഹസൗമ്യേ ബുധസംദൃഷ്ടേ കേന്ദ്രേവാസോമനന്ദനേ. ൭൫

വ്യാ—രണ്ടാംഭാവത്തിൽ ബുധയോഗദൃഷ്ടിയോടുകൂടിയ കുജൻ നിന്നാൽ ഗണിതജ്ഞനാകും (ജ്യോതിഷ്മല്ലെങ്കിൽ കണക്കുശാസ്ത്രത്തിൽ പാണ്ഡിത്യമുണ്ടായാലും മതി.) ബുധൻ കേന്ദ്രത്തിൽ നിന്നാലും ഫലം ഇങ്ങനെതന്നെ.

൫— വാഗ്ഭാവപേരവൈസൗമ്യേ ഗുരുശുക്രനിരീക്ഷിതേ
പാരാവതാംശകേവ്യാപി തർക്കയുക്തിപരായണഃ. ൭൬

വ്യാ—രണ്ടാംഭാവാധിപനോ സൂര്യനോ ബുധനോ ഗുരുവിന്റെയും ശുക്രന്റെയും ദൃഷ്ടി ഉണ്ടാകയും അല്ലെങ്കിൽ പാരാവതാംശം വിന്ന വൈശേഷികാംശം ഉണ്ടാകയും ചെയ്താൽ തർക്കശാസ്ത്രത്തിൽ യുക്തിയും പാണ്ഡിത്യവും ഉണ്ടാകും. (അവൻ വിദ്വാനായില്ലെങ്കിൽ യുക്തിപൂർവ്വമായും വാദമായും ഉള്ള വിഷയങ്ങളിൽ സമർത്ഥനായിരിക്കും.)

൬— സമ്പൂർണ്ണബലസംയുക്തേ ഗുരൌതത്ഭവനേശ്വരേ
ദിഗ്നേശേഗുരുസംദൃഷ്ടേ ശാബ്ദികോയംഭവേന്നരഃ. ൭൭

വ്യാ—രണ്ടാംഭാവാധിപത്യം ഉള്ള ഗുരുവിന് പൂർണ്ണബലവും സൂര്യശുക്രന്മാരുടെ ദൃഷ്ടിയും ഉണ്ടായാൽ വ്യാകരണശാസ്ത്രത്തിൽ സമർത്ഥനാകും.

൭— വേദാന്തപരിശീലസ്സ്യാൽ കേന്ദ്രകോണേഗുരൌയദി
ബുധേനഭൃഗുണാദൃഷ്ടേ ശനൌപാരാവതാംശകേ. ൭൮

വ്യാ—ബുധശുക്രന്മാരുടെ ദൃഷ്ടിയുള്ള ഗുരു കേന്ദ്രത്രികോണങ്ങളിലും ശനി പാരാവതാംശത്തിലും നിന്നാൽ വേദാന്തശാസ്ത്രജ്ഞനാകും.

൮— ഷഡ്ശാസ്ത്രവല്ലഭേകേന്ദ്ര ജീവേദാനവപൂജിതേ
സിംഹാസനേഗോപുരാംശേ വാഗ്ഭാവസ്ഥാംശപേബുധേ. ൭൯

വ്യാ—ഗുരുശുക്രന്മാർ കേന്ദ്രങ്ങളിലും രണ്ടാംഭാവാധിപന്റെ നവാംശകാധിപത്യമുള്ള ബുധൻ സിംഹാസനാംശത്തിലോ ഗോപുരാംശത്തിലോ നിൽക്കുകയും ചെയ്താൽ ആറു ശാസ്ത്രങ്ങളിലും സമർത്ഥനായിരിക്കും.

മൂ — ഉപജീവ്യനരംസർവേ തദീശേഗോപുരാംശകേ
വർദ്ധന്തേമുദിതാസ്തസ്യ ഭൂഗൌപാരാവതാംശകേ
നാസ്തിചേദ്രാജയോഗസ്തു പുരസ്കൃത്യനരംജനാഃ. ൭൩

വ്യാ —രണ്ടാംഭാവാധിപൻ ഗോപുരാംശത്തിലും ശുക്രൻ പാരാവതാംശത്തിലും നിന്നാൽ ജാതന്ദ രാജയോഗാദികളില്ലെങ്കിലും അവനെ എല്ലാവരും ബഹുമാനിച്ചും എല്ലാകാര്യത്തിലും പ്രാധാന്യംകൊടുത്തും വന്ദിക്കും.

മൂ— ജായാകുടുംബഗൃഹപൌസിതപാപയുക്തൌ
ദുസ്ഥൌചതത്സമകളത്രഹരൌഭവേതാം
വിത്താധിപോബലവതിസ്മരരാശിപോവാ
തുംഗാദികേയദിസമേതികളത്രമേകം. ൭൪

വ്യാ —രണ്ടാംഭാവാധിപനും ഏഴാംഭാവാധിപനും ശുക്രനും പാപനോടുകൂടി അനിഷ്ടസ്ഥാനത്തു നിന്നാൽ അവക്കുള്ള സംഭ്യയോളം ഭാര്യമാർ മരിക്കും. രണ്ടാംഭാവാധിപനോ ഏഴാംഭാവാധിപനോ ഉച്ചാദിസ്ഥാനബലങ്ങളോടുകൂടി നിന്നാൽ നന്നായ ഒരു ഭാര്യയുണ്ടായിരിക്കും.

മൂ— ഉക്തിസ്ഥാനപതോസിതേന്ദു സഹിതേലഗ്നാദികേന്ദ്രസ്ഥിതേ
രൌച്യംപാത്രമുപൈതി കാഞ്ചനമയംജീവേന്ദുശുക്രാന്വിതേ
ഉക്തിസ്ഥാനപദേഹപൌ ശനിയുതൌ ലോഹാദിപാത്രംവദേൽ
ഭൌമേപാപനിരീക്ഷിതേധനഗതേ ജാതഃകദന്നാദിഭുക്. ൭൫

വ്യാ —രണ്ടാംഭാവാധിപൻ ചന്ദ്രശുക്രന്മാരോടുകൂടി ലഗ്നാദികേന്ദ്രങ്ങളിൽ നിന്നാൽ വളരെ വെള്ളിപാത്രങ്ങളും ചന്ദ്രശുക്രജീവന്മാരോട് കൂടി നിന്നാൽ സ്വർണ്ണപാത്രങ്ങളും രണ്ടാംഭാവാധിപനും ലഗ്നാധിപനും ശനിയോടുകൂടിയാൽ ഇരുമ്പുപാത്രങ്ങളും ഉണ്ടാകും. പാപപദൃഷ്ടിയുള്ളകുജൻ രണ്ടാമിടത്തുനിന്നാൽനിന്ദ്യഭക്ഷണങ്ങളെചെയ്യും.

മൂ — ബഹ്വാശനോഭുക്തിപതൌസപാപേ
ദാവാഗ്നിദണ്ഡായുധകാലഭാഗേ
നീചാംശകേപാപനിരീക്ഷിതേച
ശുഭൈർനയോഗസ്സുഹൃതേക്ഷിതേ ച. ൭൬

വ്യാ —രണ്ടാംഭാവാധിപൻ പാപനോടു കൂടുകയോ ദാവാഗ്നി ഭാഗം ദണ്ഡായുധാംശം കാലാംശം മുതലായ ഷഡ്വർഗ്ഗാംശങ്ങളെ ക്രൂരാംശങ്ങളോടു ചേരുകയോ നീചാംശം പാപദൃഷ്ടി മുതലായവ ഉണ്ടായാൽ വളരെ ഭക്ഷിക്കുന്നവനായിത്തീരും. ശുഭയോഗങ്ങൾ ഉണ്ടായാൽ സദ്ഭോജിയുമാകും.

മൂ— ഭുക്തിസ്ഥാനേശുഭയുതേ തദീശേശുഭസംയുതേ
ശുഭഗ്രഹേണസംദൃഷ്ടേ സുഖഭുക്സുനരോഭവേൽ. ൭൯

വ്യാ—രണ്ടാമിടത്തും രണ്ടാംഭാവാധിപനും ശുഭയോഗദൃഷ്ടികളും ഉണ്ടായാൽ സുഖമായി ഭക്ഷിക്കുന്നവനാകും.

മൂ— പരാന്നഭുക്തദീശേതു നീചശത്രുസമന്വിതേ
നീചഖേചരസംദൃഷ്ടേ തദ്ഭക്ഷണപരായണഃ. ൮൩

വ്യാ—രണ്ടാംഭാവാധിപന് നീചം ശത്രുക്ഷേത്രം ഇവയുണ്ടെങ്കിൽ പരാന്നം ഭക്ഷിക്കുന്നവനായും രണ്ടാംഭാവാധിപന് നീചഗ്രഹദൃഷ്ടി ഉണ്ടെങ്കിൽ അന്യന്മാരെ ദൂഷിക്കുന്നവനായും ഭവിക്കും.

മൂ— കാലോചിതാശനോഭുക്തി നാഥേലഗ്നേശവീക്ഷിതേ
പാപഗ്രഹേണസന്ദൃഷ്ടേ നീചാംശാദിയുതേനതു. ൮൭

വ്യാ—രണ്ടാംഭാവാധിപനു ലഗ്നാധിപന്റെ ദൃഷ്ടി ഉണ്ടായാൽ കാലോചിതമായി ഭക്ഷിക്കുന്നവനായും പാപദൃഷ്ടി നീചാംശം ഇവയുണ്ടായാൽ കാലോചിതമല്ലാതെ ഭക്ഷിക്കുന്നവനായും ഭവിക്കും.

മൂ— സല്പാശീരുചികാമസ്സ്യാൽ ഭുക്തിനാഥേശുഭഗ്രഹേ
സ്വോച്ചേശുഭേനസംദൃഷ്ടേ മൃദ്വംശാദിസമന്വിതേ. ൯൦

വ്യാ—രണ്ടാംഭാവാധിപൻ ശുഭനാകയും ശുഭദൃഷ്ടിയും സൌമ്യാംശകയും ഉച്ചസ്ഥിതിയും ഉണ്ടായാൽ സ്വാദുക്കളായും ലഘുക്കളായും ഉള്ള പദാർത്ഥങ്ങളെ മാത്രം സല്പം ഭക്ഷിക്കുന്നവനായിരിക്കും.

മൂ— ഭുക്തിസ്ഥാനാധിപേമന്ദേ തദീശേവാക്കുമാഗതേ
നീചേക്സൂനനാദൃഷ്ടേ ശ്രാദ്ധഭുക്കുതമന്നരഃ. ൯൩

വ്യാ—രണ്ടാംഭാവാധിപൻ ശനിയാകയോ രണ്ടാം ഭാവാധിപനായഗ്രഹം രണ്ടിൽ തന്നെ നീചനായ ശനിയുടെ ദൃഷ്ടിയോടുകൂടി നില്ക്കയും ചെയ്താൽ എന്നും ശ്രാദ്ധം ഉണ്ണുന്നവനായും കഴിച്ചുകൂട്ടും.

മൂ— സിംഹാസനാംശേയദിദേവപൂജ്യേ
ശുക്രേയദാഗോപുരഭാഗയുക്തേ
ഐരാവതാംശോദയഗേപബലാഢ്യേ
ജാതസ്യചസംപ്രൈക്ഷിതരക്ഷകസ്സ്യാൽ. ൯൫

വ്യാ—ശുക്രൻ ഗോപുരാംശത്തിലും ഗുരുസിംഹാസനാംശത്തിലും രണ്ടാം ഭാവാധിപൻ ഐരാവതാംശത്തിലും ബലവാന്മാരായി നിന്നാൽ ജാതൻ അനേകം ആശ്രിതന്മാരെ രക്ഷിക്കുന്നവനായിരിക്കും.

# പന്ത്രണ്ടാം അദ്ധ്യായം.

---

മൂ — ജ്യേഷ്ഠാനുജസ്ഥിതിപരാക്രമസാഹസാനി
കണ്ണജ്പരശ്രുതിവരാഭരണാംശുകാനി
ധൈര്യസ്മൃവീര്യ്യബലമൂലഫലാശനാനി
വക്ഷ്യന്തുതീയഭവനാൽക്രമശോഖിലാനി. ൧

വ്യാ—അനന്തരം ഭാവവിചാരണ പ്രകരണമായ ഇതുങ്കൽഞാൻ തൃതീയ ഭാവംകൊണ്ടു ജ്യേഷ്ഠൻ—അനുജൻ സ്ഥിതി(നില) പരാക്രമം സാഹസങ്ങൾ ചെവിയിൽ ഭണ്ഡം കേൾവി ആഭരണം വസ്ത്രം ധൈര്യം വീര്യം ബലം, കായ് കിഴങ്ങ് മുതലായവയുടെ ഭക്ഷണംഇവകളെ ഒക്കെയും ക്രമത്തിന് പറയുന്നു.

മൂ — ഭ്രാതൃസ്ഥാനംതൃതീയഞ്ച നവൈകാദശസപ്തമം
തത്തദ്ദിശദശായാന്തു ഭ്രാതൃലാഭോഭയേന്ദുണാം. ൨

വ്യാ—ന-ൈൻ-ഏ. ഈ ഭാവങ്ങളെക്കൊണ്ടു ഒക്കെയും സഹോദരന്മാരെ ചിന്തിക്കണം. ഈ ഭാവാധിപന്മാരുടെ ദശാകാലങ്ങളിൽ സഹോദരന്മാരുണ്ടാകയും ചെയ്യും.

മൂ — ഭ്രാതൃസ്ഥാനേശരാശി തത്ഭാവസ്ഥാദ്യചാരീണാം
മധ്യേബലംസമേതസ്യ ദശാഭുക്തൗസഹോദരവൃദ്ധിദാ. ൩

വ്യാ — ന-ാം ഭാവാധിപൻ ന-ാം ഭാവം ന-ാം ഭാവത്തിൽനിൽക്കുന്ന ഗ്രഹം ഇവരിൽ ആക്കാണോ അധികം ബലമുള്ളത് അവന്റെ ദശയിൽ സഹോദരന്മാരുണ്ടാകും.

മൂ — ഭൗമോബലവിഹീനശ്ചേൽ ദീർഘായുർഭ്രാതൃമാൻഭവേൽ
വിലഗ്നതോബലീയസ്യ കാരകസ്സപ്തമസ്ഥഃ. ൪

വ്യാ—കുജൻ ബലഹീനനാണെങ്കിലും ലഗ്നഭാവത്തിൽ നിന്ന് ഒരു ഗ്രഹം ന-ാമിടത്തുനിന്നാൽ അവൻ സഹോദരകാരകനായി ഭവിക്കുന്നതും ദീർഘായുസ്സായ സഹോദരന്മാർ ഉണ്ടാകുന്നതുമാണ്.

മൂ — ജന്മകാലേഗ്രഹണീപ്രാണീ കാരകോയസ്സമൃഡിതൗ
ക്ഷയകാരീവിപദ്ഭാസേ ഭാവപോവിബലാധികഃ. ൫

വ്യാ—ജനനകാലത്തിൽ സോദരകാരകനായ ഗ്രഹം ഇഷ്ടസ്ഥാനത്തു ബലവാനായി നിന്നാൽ അവൻ സോദരഫലത്തെ ചെയ്യും.

നേരേമറിച്ചു സോദരഭാവാധിപൻ ബലംകുറഞ്ഞും കാരകഗ്രഹം അ നിഷ്ടസ്ഥാനത്തും നിന്നാൽ സോദരനാശം ഭവിക്കും.

മൂ — സോദരേശകുജൗനാശംഗതൗചേത്സോദരക്ഷയഃ
പാപർക്ഷഗൗസപാപൗവാഭ്രാതൃനല്പാഭ്യനാശയേൽ. സ

വ്യാ—സഹോദരസ്ഥാനാധിപനും കുജനും അഷ്ടമത്തിൽ നിന്നാൽ സോദരന്മാരുണ്ടാകയില്ല. ഇവക്കു പാപക്ഷേത്രസ്ഥിതിയോ പാപയോഗമോ ഉണ്ടായാൽ സഹോദരന്മാർ ഉണ്ടായശേഷം മരിക്കും.

മൂ — നീചാസ്ഥഗൗസോദരകാരകാവ്യൗ
നീചാംശകെനീചസമാഗമെവാ
ക്രൂരസ്യഷഷ്ട്യംശയുതൗതദാനീം
ഭ്രാതൃൻസമുല്പാദ്യവിനാശയേതാം. ൭

വ്യാ—സോദരഭാവാധിപനും സോദരകാരകനും നീചം നീചാംശം നീചയോഗം മൌഢ്യം ക്രൂരഷഷ്ട്യംശം ഇവയുണ്ടായാൽ സഹോദരന്മാർ ഉണ്ടാകയും മരിക്കയും ചെയ്യും.

മൂ— അതിക്രൂരസമായുക്തേ ഭാവേവാകാരകഗ്രഹേ
തദ്ഭാവനാഥകേവാപി ബാല്യേസോദരനാശനം. ൮

വ്യാ—സോദരഭാവമോ (നാമിടം)കാരകഗ്രഹമോ നാംഭാവാധിപനൊ അതിക്രൂരന്മാരായ ഗ്രഹങ്ങളോടു ചേർന്നാൽ ജാതന്നു ബാല്യത്തിൽതന്നെ സോദരനാശം ഉണ്ടാകും.

മൂ— ധനേശഭ്രാതൃനാശാഗതേബലാന്വിതേ
പാപാനുഗതേസോദരകാരകാഖ്യേ
തന്മാതൃകാരഗ്രഹസംയുതേചേ
സാപത്ന്യമാതുസ്സഹജാഭവന്തി. ൯

വ്യാ—രണ്ടാംഭാവാധിപൻ അഷ്ടമത്തിൽ ബലവാനായും സോദരകാരകൻ പാപനോടുകൂടി (എവിടെയെങ്കിലും) നില്ക്കയും അല്ലെങ്കിൽ മാതൃകാരകഗ്രഹത്തോടു കൂടുകയും ചെയ്താൽ ചെറിയമ്മയുടേയൊ വലിയമ്മയുടേയൊ പുത്രന്മാർ സോദരന്മാരായി ഭവിക്കും.(തന്റെ അമ്മ പ്രസവിച്ചിട്ടു സോദരന്മാർ ഉണ്ടാകയില്ലെന്നു സാരം.)

മൂ— ഭ്രാതൃസ്ഥാനേയദിശ്രുഭയുതേസോദരാണാഞ്ചിരായുഃ
പാപാക്രാന്തേസഹജഭവനോപാപദൃഷ്ടേചനാശം
ജ്ഞേയുംഥന്തിഭ്രുമണിരനുജസ്ഥാനഗഃപാപദൃഷ്ട-
സ്സൌരസ്തസ്യാനുജമവനിജാഹന്തിസവ്യാൻകനിഷ്ഠാൻ. ൧൦

വ്യാ—൩-ാംഭാവത്തിൽ ശുഭഗ്രഹങ്ങൾ നിന്നാൽ സോദരന്മാർക്ക് ദീർഘായുസ്സും അവിടെ പാപന്മാർ നോക്കുകയോ നിൽക്കയോ ചെയ്താൽസോദരനാശവും ൩-ാംഭാവത്തിൽ പാപദൃഷ്ടിയുള്ള സൂര്യൻ നിന്നാൽ ജ്യേഷ്ഠസഹോദരനും അതുപോലെ അവിടെ പാപദൃഷ്ടിയുള്ള ശനിനിന്നാൽ അനുജനും ഇതുപോലെ പാപദൃഷ്ടിയുള്ള കുജൻ നിന്നാൽ ഉണ്ടാകുന്ന എല്ലാ അനുജന്മാരും നശിക്കുന്നതാകുന്നു.

മൂ— ത്രികോണകേന്ദ്രേയദിപാപഖേടേ
തൃതീയഭാവാദനുജസ്യനാശം
ശുഭോപയാതേ സഹജാഭിവൃദ്ധി-
ശ്ശുഭാശുഭേമിശ്രഫലംവദന്തി. ൫൫

വ്യാ—൩-ാംഭാവത്തിൽനിന്ന് കേന്ദ്രത്രികോണങ്ങളിൽപാപഗ്രഹങ്ങൾ നിന്നാൽ സഹോദരനാശവും ശുഭഗ്രഹങ്ങൾ നിന്നാൽ സഹോദരവൃദ്ധിയും പാപശുഭന്മാർ നിന്നാൽ മിശ്രഫലങ്ങളുമാകുന്നു. ഇവിടെ ബലാബലങ്ങളെ ചിന്തിച്ചുപറയണം.

മൂ— ദുസ്ഥേചന്ദ്രേസോദരസ്വാമിയുക്തേ
ജാതസ്യാന്യാസ്തന്യ പാനംവദന്തി
മാതൃഭ്രാതൃസ്ഥാനപെ ബന്ധുനാതെ
നാസ്തിഭ്രാതൃസ്ഥാന വൃദ്ധിർന്നരാണാം. ൫൬

വ്യാ—ചന്ദ്രൻ ൩-ാംഭാവാധിപനോടുകൂടി അനിഷ്ടസ്ഥാനത്തു നിന്നാൽ ജാതൻ അന്യസ്ത്രീകളുടെ മുലകുടിച്ചുവളരുന്നു എന്നുപറയണം (കാരണം അവസ്ഥാനുസരണം പറഞ്ഞുകൊള്ളുക). ൩-ാംഭാവാധിപൻ നാലാംഭാവാധിപനോടുകൂടി നാലാമിടത്തുനിന്നാൽ സഹോദരന്മാരിൽനിന്ന് സുഖം കിട്ടുകയില്ല.

മൂ— ഭൌമാസിതൌ സോദരഗൌഭവേതാ-
മന്യൌസ്സമേതൌയദിനാനുജസ്സ്യാൽ
സൌരസ്തൃതീയേ സഹജാൻനിഹന്തി
വിധുസ്തുടസ്സോദര വൃദ്ധികൃത്സ്യാൽ. ൫൭

വ്യാ—ശനികുജന്മാർ ൩-ാമിടത്തുനിന്നാൽ സോദരന്മാർ ഉണ്ടാകയും ഇവരിൽ ആരെങ്കിലും ഒരാൾ മറുള്ള ഗ്രഹങ്ങളിൽ ഒന്നിനോടുചേർന്ന് മൂന്നാമിടത്തുനിന്നാൽ സോദരനാശവും ശനിമാത്രം നിന്നാലും സോദരനാശവും രാഹുനിന്നാൽ സോദരവൃദ്ധിയുമാകുന്നു.

മൂ— അദൃശ്യരാശൌ യദിവാസപാപേ
വധൂഗൃഹസ്ഥേ സഹജാധിനാഥേ

ജാതസ്യതസ്യോപരിനാനുജസ്സ്യാൽ
പുംവർഗ്ഗകേട്ടശ്ര ഗതേതഥൈവ. ൧൩

വ്യാ—നവ-ാംഭാവാധിപൻ പാപനോടുകൂടി അഷ്ടശ്യാദ്ധത്തിലു ള്ള യുഗ്മരാശിയിൽ നിന്നാലും അതുപോലെ ദശ്യാദ്ധത്തിൽ ഓജരാ ശിയിൽ നവ-ാംഭാവാധിപൻ പാപനോടുകൂടി നിന്നാലും അനുജന്മാർ ഉണ്ടാകയില്ല.

മൂ— ഭ്രാതൃസ്ഥാനപതെയുതപുംഭവനഗേതസ്യാനുജോജായതേ
യുഗ്മർക്ഷേയദിഭാർഗവേണസഹിതേ ചന്ദ്രേണവാവീക്ഷിതേ
സൌമ്യർക്ഷേശുഭഖേചരേക്ഷിതയുതേ കേന്ദ്രത്രികോണസ്ഥിതേ
പശ്ചാജ്ജ :തസഹോദരശ്ചിരസുഖീദീർഘ്ായുരാരോഗ്യവാൻ. ൧൪

വ്യാ—നവ-ാംഭാവാധിപൻ ഓജരാശിയിൽ ഇഷ്ടഭാവത്തിൽ നി ന്നാൽ പുരുഷസഹോദരവും യുഗ്മരാശിയിൽ ശുക്രന്റെയോ ചന്ദ്ര ന്റെയോ യോഗദൃഷ്ടിയോടുകൂടിനിന്നാൽ സ്ത്രീസഹോദരവുംഉണ്ടാകും. ശുഭരാശിയിൽ ശുഭയോഗാദികളോടുകൂടിയും ആ സ്ഥാനം കേന്ദ്രത്രി കോണങ്ങളാകയും ചെയ്താൽ ജാതന്റെ അനുജൻ ദീർഘായുസ്സും ആ രോഗ്യവും ഉള്ളവനായി ഭവിക്കും.

മൂ — സഹോദരസ്ഥാനപതൌതനൂസ്ഥേ
സല്ലഗ്നേപേന്ദോരനായകേവാ
തദ്ഭാഭയഗേഭ്മന :ത്രംസ്യാ-
ത്തൃതീയരാശൌസപതെയുതതഥൈവ. ൧൫

വ്യാ—നവ-ാംഭാവാധിപൻ ലഗ്നത്തിൽ നില്ക്കയോ ലഗ്നാധിപ നോടു കൂടുകയൊ ന-ാംഭാവത്തിൽതന്നെ നിൽക്കയോ ചെയ്താൽ ജാത ന് ഇരട്ടപ്രസവിച്ച സോദരന്മാരുണ്ടാകും.ന-ാംഭാവത്തിൽ സൂര്യൻ നി ന്നാലും ഇങ്ങനെ ഉണ്ടാകും; അതിനു തൃതീയരാശൌസരപതെയുതതഥൈവ എന്നു പാഠാന്തരം.

മൂ— ലാഭാവസാനഭവനോപഗതൈർഗ്രഹേന്ദ്രൈ
സ്സംഖ്യാസമാനനിജപൂർവ്വസഹോദരാസ്സ്യുഃ
തദ്വത്തൃതീയധനയാതവിയച്ചരേന്ദ്രൈ
സ്തുല്യായദാസ്യുരനുജാഃകഥയന്തിതജ്ഞാഃ. ൧൬

വ്യാ—പതിനൊന്നിലും പന്ത്രണ്ടിലും നില്ക്കുന്ന ഗ്രഹങ്ങൾക്ക് തക്കവണ്ണം ജ്യേഷ്ഠസഹോദരന്മാരുടേയും ന-ലും ധ-ലും നിൽക്കുന്ന ഗ്രഹ ങ്ങളെക്കൊണ്ട് അനുജന്മാരുടെയും സംഖ്യയെ പറയണം. ഇവിടെ നോക്കുന്ന ഗ്രഹത്തിന്റെ സംഖ്യകൂടെ എടുക്കാമെന്നും ശത്രുനീചാംശ

ങ്ങൾം നഷ്ടങ്ങളാണെന്നും ഗ്രന്ഥാന്തരവചനം ഉണ്ട്. യാവൽഗ്രഹൈ
ര്യുതാദൃഷ്ടം ഭ്രാതൃഭാവസ്ഥതാൻവദേൽ നീചാരിഗൈവദേൽനഷ്ടാനേവം
ട്ടാത്രാടികംവദേൽ. ഇത്യാദി—

മൂ— ഭ്രാതൃസ്ഥാനപകാരകേക്ഷിതയുതാവീര്യാധികായത്ര ദാ
തദ്യുക്തഗ്രഹസംഖ്യയാനുജനാനാംജാതസ്സുമേതിധ്രുവം
ചതുരോയദിനീചമൂഢരിപുഗാനിഷ്ടന്തിജാതാനുജാൻ
തേകുവ്വന്തിചതുരായുരിഷ്ടബലിനസ്സുവ്വാനുജാതാൻഗ്രഹാഃ. ക്വ

വ്യാ—നടാംഭാവാധിപൻ അവിടെ നിൽക്കുകയും നോക്കുകയും ചെയ്യുന്നവർ സഹോദരകാരകൻ ഇവർ ബലവാന്മാരായിരുന്നാൽ അവരോടുകൂടി നിൽക്കുന്ന ഗ്രഹങ്ങളുടെ സംഖ്യയോളം അനുജന്മാരുണ്ടാകും. ഈ നാലു ഗ്രഹങ്ങളും നീചം മൌഢ്യം ശത്രുക്ഷേത്രസ്ഥിതി ഇതുകളോടുകൂടി നിന്നാൽ അതുയും അനുജന്മാർ നശിക്കയുംചെയ്യും ഇവർ ബലവാന്മാരായും ഇഷ്ടസ്ഥന്മാരായും ഇരുന്നാൽ അനുജന്മാർ ദീർഘായുസ്സായും ആരോഗ്യവാന്മാരായും ഇരിക്കും.

മൂ— ഭ്രാതൃസ്ഥാനപമുഖ്യഭേടചതുരുദ്ധൈവീര്യവന്നൈയുതാ
നാശാനാശഫലപ്രദൈസമതയാവീര്യാധികാശ്ചേൽത്രയഃ
ഭേടാസ്സുല്ലസഹോദരക്ഷയകരാദുസ്ഥാനഗാസ്സ്തിഗ്രഹാ
യദ്യില്ലാനുജവൃദ്ധിദാസ്തദനുജസ്സാമ്യംശസംഖ്യാനുജാഃ. ക്വ

വ്യാ—നടാംഭാവാധിപൻ തുടങ്ങി മുൻപറഞ്ഞ നാലു ഗ്രഹങ്ങളിൽ രണ്ടുപേർക്കു ബലാധിക്യവും രണ്ടുപേർക്കു ബലഹീനത്യവും ഉണ്ടായാൽ സഹോദരങ്ങളിൽ ചിലർ മരിക്കയും ചിലർ ജീവിക്കുകയും മൂന്നു ഗ്രഹങ്ങൾ ബലവാന്മാരായാൽ സഹോദരങ്ങളിൽ അല്പ സംഖ്യയ്ക്കു നാശം ഭവിക്കുകയും ഇവരിൽ മൂന്നു ഗ്രഹങ്ങൾ അനിഷ്ടസ്ഥാനത്തു നിന്നാൽ സഹോദരന്മാർ അല്പംമാത്രം ശേഷിക്കയുംചെയ്യും. നടാംഭാവാധിപന്റെ ഭുക്തശാംശസംഖ്യയോളം സഹജന്മാരുണ്ടെന്നു പറയണം.

മൂ— ഭ്രമിജേസഹജസ്ഥാനേ യാപതാംവിദ്യതേഫലം
ശത്രുനീചഗൃഹംത്യക്ത്വാ താവന്തസ്സഹജാസ്മൃതാഃ. ക്വ

വ്യാ—കുജന്റെ അഷ്ടവർഗ്ഗത്തിൽ കുജൻ നിൽക്കുന്ന രാശിയുടെ നടാമിടത്തു എത്ര അക്ഷങ്ങൾ ഉണ്ടോ അതിൽ ശത്രുക്ഷേത്രം നീചം ഇവയുള്ള ഗ്രഹത്തിന്റെ ഒഴിച്ചു ബാക്കിയുള്ള അക്ഷത്തിന്റെ സംഖ്യയോളം സഹോദരന്മാരുണ്ടാകും. ഇവിടെ ഉച്ചം വക്രം ഇവയുള്ള ഗ്രഹത്തിന്റെ അക്ഷം ത്രിഗുണമാക്കണമെന്നും സ്വക്ഷേത്രം വർഗ്ഗോത്തമം സ്വദ്രേക്കാണം ഇവയുണ്ടായിരുന്നാൽ. ഇരട്ടിക്കണമെന്നും ഉപദേശം

ഉണ്ട്. ബഹു സഹോദരലക്ഷണം ഉണ്ടായാൽ ഇങ്ങനെതന്നെ ചെയ്യണം.

മൂ— ഭ്രാതൃസ്ത്രീഗ്രഹർക്ഷസ്ഥൗ
ഭ്രാതൃപുംഗ്രഹർക്ഷഗൗ
സോദരേശകുജൗസ്യാതാം
ഭ്രാതൃഭ്രാതൃസുഖപ്രദൗ. ൫൫

വ്യാ—മൂന്നാംഭാവാധിപനും ചൊവ്വായും സ്ത്രീരാശികളിലൊ സ്ത്രീഗ്രഹങ്ങളുടെ രാശിയിലൊ നിന്നാൽ സഹോദരികളും പുരുഷരാശികളിലൊ പുരുഷഗ്രഹരാശികളിലൊ നിന്നാൽ സഹോദരന്മാരും ഉണ്ടാകും. ഇവർ ഇഷ്ടസ്ഥാനത്തു നിന്നാൽ സഹോദരങ്ങൾക്കു സുഖത്തെ കൊടുക്കയും ചെയ്യും.

മൂ— സ്ത്രീഹോരയാപായുപതിഗ്രഹേണ
യുക്തേസതിഭ്രാതൃഗൃഹേവിലഗ്നാൽ
സഹോദരീലാഭമുപൈതിജാത
സ്സഹോദരം തല്പുരതോന്യഥാചേൽ. ൫൬

വ്യാ—ലഗ്നാൽ സഹോദരസ്ഥാനം സ്ത്രീഹോരയിലൊ യുഗ്മരാശിയിലൊ വരികയും സ്ത്രീഗ്രഹത്തോടു ചേരുകയും ചെയ്താൽ സഹോദരികളും ഇതിനു വിപരീതമായിട്ടായാൽ സഹോദരന്മാരും ഉണ്ടാകും.

മൂ— കാരകസ്സോദരാധീശ സ്തദ്ദർശിതത്രസംസ്ഥിതഃ
ഇഷ്ടാനിഷ്ടകരാസ്തേഷാം സ്വദശാന്തർദശാസു ച. ൫൭

വ്യാ—സഹോദരസ്ഥാനാധിപനും സഹോദരകാരകനും സഹോദരസ്ഥാനത്തു നോക്കുന്ന ഗ്രഹവും നിൽക്കുന്ന ഗ്രഹവും തന്റെ ദശകളിലും തന്റെ അപഹാരങ്ങളിലും സഹോദരന്മാക്ക് ഇഷ്ടഫലത്തെയും അനിഷ്ടസ്ഥന്മാരായാൽ ദോഷത്തെയും ചെയ്യും.

മൂ— കാരകാദിചതുഃഖേടസ്ഫുടയോഗാംശകാനുജാഃ
വർജ്യാനീചാരിമൂഢാംശാ സ്സ്വോച്ചാംശാദിഗ്രണീകൃതാഃ. ൫൮

തൃതീയസപ്തമർക്ഷേണ ഭ്രാതൃഭാവ്യൗഫലംവദേൽ
ലഗ്നേശകുജയോരർക്ഷേ ഭ്രാതൃനിഷ്ടഫലപ്രദാഃ. ൫൯

വ്യാ—മൂന്നാംഭാവാധിപൻ സോദരകാരകൻ ൫-ാം ഭാവത്തിൽ നിൽക്കുന്നതും നോക്കുന്നതും ഗ്രഹങ്ങൾ ഇവരുടെസ്ഫുടങ്ങൾ ഒന്നിച്ചുകൂട്ടിയാൽ ആ രാശിക്കു പുത്ര അംശകമായിട്ടുണ്ടോ അതുയും അനുജന്മാരുണ്ടാകും. ഇവയിൽ മൂഢാംശത്തെയും നീചാംശത്തെയും ശത്രുക്ഷേ

ത്രാംശത്തെയും കളഞ്ഞു് ഉച്ചാംശത്തഇരട്ടിക്കയും ചെയ്യണം. വിന്നാൽ സൂക്ഷ്മമാകും. ൧-ാം ഭാവത്തിന്റെ ൭-ാം രാശികൊണ്ടു് സഹോദരഭാവ്യയുടെ ഗുണദോഷംങ്ങളെ പറയണം. ലഗ്നാധിപന്റെയും കുജന്റെയും രണ്ടാമിടത്തിന്റെ അധിപന്മാർ സഹോദരന്മാക്ക് അനിഷ്ടഫലത്തെ കൊടുക്കുന്നവരാകുന്നു. അവരുടെ ദശാപഹാരങ്ങളിൽ സഹോദരനാശത്തെ പറയാമെന്നുസാരം.

മൂ— അന്യോന്യമിഷ്ടവിപുലന്തുസഹോദരാണാം
ലഗ്നാധിപേനസഹിതോയദിസോദരേശഃ
അന്യോന്യമിഷ്ടപചരൌയദിതൌബലാഢ്യൌ
ലഗ്നോഥവാസഹജഭേനവിഭാഗമാഹുഃ. ൨൩

വ്യാ—ലഗ്നാധിപനും മൂന്നാംഭാവാധിപനും ഒരുമിച്ചുനില്ക്കയോ അവർ തമ്മിൽ ബന്ധുക്കളാകയോ ബലവാന്മാരാകയോ അവർ രണ്ടുപേരും ഒരുമിച്ചു ലഗ്നത്തിലോ മൂന്നാംഭാവത്തിലോ നില്ക്കയോ ചെയ്താൽ സഹോദരന്മാർ തമ്മിൽ ഇഷ്ടമായും ഭാഗം (കുടുംബവിഭാഗം) കൂടാതെയും താമസിക്കുമെന്നു പറയണം.

മൂ— ലഗ്നേശാനുജനായകൌവിബലിനാവന്യോന്യശത്രുഗ്രഹൌ
ദൃശ്യേവില്ലസ്ഥിതകാരകൌചയദിവാദുസ്ഥാനഗൌദുർബലൌ
തല്പാകേസഹജപ്രമാദകലഹൌതന്നാശവിത്തക്ഷയൌ
തൽഖേടോപഗകോപഹേതുകലഹക്ഷോഭാദിസംഭാവദേൽ. ൨൪

വ്യാ—ലഗ്നാധിപനും മൂന്നാംഭാവാധിപനും പരസ്പരശത്രുക്കളും അവക്ക ബലമില്ലാതിരിക്കയും ചെയ്ക അല്ലുങ്കിൽ മൂന്നാംഭാവത്തിൽ നില്ക്കുന്ന ഗ്രഹവും സഹോദരകാരകനും ദുർബലന്മാരായിട്ടു് അനിഷ്ടസ്ഥന്മാരാവുക. എന്നാൽ അവരുടെ ദശയിലും അപഹാരത്തിലും സഹോദരനാശം വിരഹം ധനനാശം അതാതു ഗ്രഹങ്ങൾക്കു പറഞ്ഞിരിക്കുന്ന ധാതുദോഷം അതു് ഹേതുവായുള്ള രോഗം കലഹം വിരോധം ഇവയെക്കെയും ഭവിക്കും.

മൂ— ദ്യൂനർക്ഷഗോനരാജ്ഞേശുക്രേ ഭ്രാതൃരക്ഷണതല്പരഃ
രന്ധ്രർക്ഷഗേബുധേസോത്ര സുഹൃന്നാശകരോഭവേൽ. ൨൫

വ്യാ—ഏഴാമിടത്തു നില്ക്കുന്ന ശുക്രനെ വ്യാഴം നോക്കിയാൽ ജ്യേഷ്ഠൻ സഹോദരന്മാരെ രക്ഷിക്കുന്നവനായും അവിടെത്തന്നെയിരിക്കുന്ന ബുധനെ സൂര്യൻ നോക്കിയാൽ ബന്ധുക്കളെ നശിപ്പിക്കുന്നവനായും ഭവിക്കും. ബുധനിൽ സൂര്യദൃഷ്ടി ഒരിക്കലും സംഭവ്യമല്ല. പക്ഷെ കല്പാന്തരത്തിൽ അങ്ങനെ വരാവുന്നതായിരിക്കും.

൨൬

മൂ — ഭ്രാതൃസ്ഥതന്നായകകാരകാനാം
നീചാരിദുസ്ഥാനസമന്വിതാനാം
ദൃക്കേന്ദുദശായാംധനസത്വനാശം
പരാജയംഭ്രാതൃവിനാശമാഹുഃ. ൨൯

വ്യാ — മൂന്നാമിടത്തു നില്ക്കുന്നുഗ്രഹംഅതിന്റെ അധിപൻ സഹോദരകാരകൻ ഇവർ നീചത്തിലൊ ശത്രുക്ഷേത്രത്തിലൊ അനിഷ്ടസ്ഥാനങ്ങളിലൊ നിന്നാൽ അവരുടെ ദശയിലും അപഹാരത്തിലും ദ്രവ്യനഷ്ടം മനോദുഃഖം തോൽവി സഹോദരനാശം ഇവ ഉണ്ടാകും.

സ്ഫുടയോഗം.

മൂ — ലഗ്നാൽസ്ഫുടതോവിശോധ്യസഹജസ്ഥാനാധിപസ്യസ്ഫുടം
ർത്തനക്ഷത്രഗതേശതൊത്തമരണംതത്സോദരാണാംവദേൽ
തസ്മാദ്വിസ്ഫുടതസ്തമാനഹരണംഭൗമഞ്ചസംശോധിതേ
രാശൌഭാനുസുതേതഥൈവചചതുർയ്യോഗസ്ഫുടാംശേഥവാ. ൨൮

വ്യാ—ലഗ്നാധിപന്റെ സ്ഫുടത്തിൽനിന്നു മൂന്നാംഭാവാധിപന്റെ സ്ഫുടത്തെ കുറച്ചുവരുന്ന രാശിയിൽ ശനി വരുന്നകാലം സഹോദരനാശമുണ്ടാവുമെന്നു പറയണം. അതുപോലെ ആ രണ്ടു സ്ഫുടവും ഒരുമിച്ചുകൂട്ടി അതിൽനിന്നും പത്താംഭാവാധിപന്റെയും കുജന്റെയും സ്ഫുടങ്ങളെ കുറച്ചാൽ ഏതുരാശി വരുമോ ആ രാശിയിൽ ശനി ചെല്ലുമ്പോഴും ഈ നാലു സ്ഫുടവും ഒരുമിച്ചുകൂട്ടി അതിന്റെ അംശകമറിഞ്ഞു ആ അംശകരാശിയിൽ ശനി ചെല്ലുമ്പോഴും സോദരനാശം ഭവിക്കുന്നതാണ്.

മൂ — ചതുസ്ഫുടാക്രാന്തദിനാധിരാശൌ
സ്ഥിതേഽർക്കജേസോദരനാശമാഹുഃ
തത്താരകാനാഥദശാന്തരജ്ഞാനാം
വിശേഷസമ്പൽസുഖദായിനീസ്യാൽ. ൨൭

വ്യാ—മുൻപറഞ്ഞ നാലു സ്ഫുടവും ഒരുമിച്ചു ചേത്താൽ വരുന്നരാശി ഏതു ദ്രേക്കാണത്തിൽ ആകുമോ അതിൽ വ്യാഴം സഞ്ചരിക്കുന്നകാലത്തിലും സോദരനാശമുണ്ടാകും. ആ ചതുസ്ഫുടയോഗത്തിൽ വരുന്ന നക്ഷത്രാധിപന്റെ ദശാകാലം സഹോദരന്മാക്ക് വളരെ സുഖസമ്പത്തുകളെ കൊടുക്കുകയും ചെയ്യും.

മൂ — ഭ്രസൂനുസ്ഫുടതോവിശോധ്യഫണിനാശേഷത്രികോണേഽർക്കജേ
ജാതസ്യാനുജനാശനംക്ഷിതിസുതംരാഹുസ്ഫുടാന്തേരാധയേൽ
തദ്രാശിസ്ഥനവാംശകേസതിഽർക്കജേഽനുനാശംവദേ-
ജ്ജന്മാധാനപകർമ്മപസ്ഫുടഗയേഃജീവേഭവേത്സോദരഃ. ൨൬

വ്യാ—ചൊവ്വായുടെ സ്ഫുടത്തിൽനിന്ന രാഹുസ്ഫുടത്തെ കുറച്ചു വരുന്ന രാശിയുടെ ത്രികോണരാശികളിൽ വ്യാഴം വരുമ്പോൾ ജാതന്ന അനുജനാശം ഭവിക്കും. അതുപോലെ രാഹുസ്ഫുടത്തിൽനിന്ന ചൊവ്വായുടെ സ്ഫുടത്തെ കുറച്ചാൽ വരുന്ന രാശിയുടെ നവാംശകരാശിയിൽ വ്യാഴം വരുന്നകാലം ജ്യേഷ്ഠസഹോദരന്ന് നാശം ഭവിക്കും. തന്റെ ജന്മാനുജന്മനക്ഷത്രങ്ങളിലൊ അതുകളുടെ രാശികളിലോ വ്യാഴം നില്ക്കുന്നകാലം അനുജൻ ഉണ്ടാകുന്നതാണ്.

മൂ— വിക്രമാധിപതൌസേ ചാത്രേ നാശസ്ഥപാപസംയുതേ
ചരരാശൌചരാംശസ്ഥേ യുദ്ധാൽപൂർവ്വംഭ്രഡോഭവേൽ. നാനു
കാരകേബലഹീനേവാ ക്രൂരഷഷ്ട്യംശസംയുതേ
ശുഭദൃഗ്യോഗസംബന്ധേ വിജയേവിക്രമേശ്വരേ. നാരു

വ്യാ— മൂന്നാംഭാവാധിപൻ അഷ്ടമഭാവത്തിൽ തന്റെ ഉച്ചരാശിയിൽ പാപനോടുകൂടി നില്ക്കയോ അല്ലാത്തപക്ഷം ചരരാശിയിൽ ചരാംശത്തിൽ നില്ക്കയോ ചെയ്താൽ ഗ്രഹയുദ്ധത്തിന്ന മുമ്പാണെങ്കിൽ ബലമുണ്ട് (കുജാദിപഞ്ചഗ്രഹങ്ങൾ നമലിപ്തന്മാരായിട്ടു ഒരു രാശിയിൽ നില്ക്കുമ്പോൾ ഗ്രഹയുദ്ധം ഉണ്ടാവും. അതു ഗണിച്ചറിയേണ്ടതാകയാൽ ഇവിടെ വിവരിക്കുന്നില്ല. (മൂന്നാംഭാവാധിപനും കാരകനും) (കുജനും) ബലഹീനത ക്രൂരഷഷ്ട്യംശം ഇവയുണ്ടായിരുന്നാലും ശുഭന്മാരുടെ യോഗദൃഷ്ടിസംബന്ധവും യുദ്ധത്തിൽ ജയിക്കുന്നതും ബലമുള്ളതാകയാൽ സഹോദരഗുണമുണ്ട്.

മൂ— ശൌര്യാധിപേഭാനുയുതേചവീര
ശ്ചന്ദ്രാന്വിതേമാനസധൈര്യമേതി
ദുഷ്ടോജഡോഭൌമയുതേപ്രകോപീ
സൌമ്യാന്വിതേസാത്വികബുദ്ധിയുക്തഃ. നാ൭

വ്യാ— മൂന്നാംഭാവാധിപൻ സൂര്യനോടുകൂടിയാൽ ജാതൻ പരാക്രമിയായും ചന്ദ്രനോടുകൂടിയാൽ ധൈര്യവാനായും കുജനോടുകൂടിയാൽ ദുഷ്ടനായും ജഡനായും കോപിയായും ബുധനോടുകൂടിയാൽ സാത്വികനായും ഭവിക്കും.

മൂ— ജീവാന്വിതേധീരഗുണാഭിരാമ
സ്സമസ്തശാസ്ത്രാർത്ഥവിശാരദസ്സ്യാൽ
കാമാതുരശ്ശുക്രസമന്വിതശ്ചേ-
ത്തന്മൂലകോപാൽകലഹപ്രവീണഃ. നാന

വ്യാ—മൂന്നാംഭാവാധിപൻ വ്യാഴത്തോടുകൂടിയാൽ ധീരനായും

സൽഗുണവാനായും സകലശാസ്ത്രജ്ഞനായും ശുക്രനോടുകൂടിയാൽ അതികാമിയായും സ്ത്രീഹേതുകമായ കോപത്താൽ മത്സരത്തോടുകൂടിയവനായും ഭവിക്കും.

മൂ— ജഡോഭവേദ്വാസരനാഥസൂനു
യുക്തേതിഭീതഃഫണിസംയുതേച
ബഹിർഗതോഹ്യൽഗദജാഡ്യയുക്തഃ
കേതുപ്രതിമേമാന്ദിയുതേതഥൈവ. ൩൬

വ്യാ— മൂന്നാംഭാവാധിപൻ ശനിയോടുകൂടിയാൽ ജളനായും രാഹുവിനോടു ചേർന്നാൽ ഭയശീലനായും കേതുവിനോടും ഗുളികനോടും ചേർന്നാൽ ശരീരത്തിന്നേലും നെഞ്ചിനകത്തും രോഗങ്ങളുള്ളവനായും ജളനായും ഭവിക്കും.

മൂ— ലഗ്നേഗുരൌവിക്രമനാഥയുക്തേ
ചതുഷ്പദാനാംപ്രവദന്തിഭീതിം
ഗവാംഭയംവാജലരാശിലഗ്നേ
ജലപ്രമാദംസമുദൈതിജാതഃ. ൩൭

വ്യാ— മൂന്നാംഭാവാധിപനോടുകൂടി ഗുരു ലഗ്നത്തിൽനിന്നാൽ ചതുഷ്പാത്തുകളിൽനിന്നു ഭയമുണ്ടാകും. ലഗ്നം ജലരാശിയായി മേൽപ്രകാരം വ്യാഴം അവിടെ നിന്നാൽ കാള പശു മുതലായവയിൽനിന്നും ജലത്തിൽനിന്നും ഭയമുണ്ടാകും.

മൂ— കുജേനയുക്തേപചരേബലിഷ്ഠേ
സത്വംബലംഗാനസുഖംസമേതി
കുജാനുജസ്ഥാനുജരാശിനാഥാ
സ്യുയോബലിഷ്ഠാരണരംഗശൂരഃ. ൩൮

വ്യാ— ബലവാനായ ഒരു ഗ്രഹം കുജനോടുകൂടി നിന്നാൽ ധൈര്യം ബലം സംഗീതം ഇവയുണ്ടായിരിയ്ക്കും. മൂന്നാംഭാവത്തിൽനില്ക്കുന്ന ഗ്രഹം മൂന്നാംഭാവാധിപൻ കുജൻ ഇവർ ബലവാന്മാരായാൽ യുദ്ധത്തിൽ സമർത്ഥനായിരിയ്ക്കും.

മൂ— തേഷാന്തൃയാണാമപഹാരകാലേ
പാകേഫലാമൂലഫലാദിസൌഖ്യം
ശ്രോത്രദ്വയേഭ്രഷ്ടണസല്ലകാദി
സമ്പൽക്കരംഭ്രാതൃസുതാദിലാഭം. ൩൯

വ്യാ— ഈവർ മൂന്നുപേരുടേയും ദശാപഹാരങ്ങളിൽ കായ്കിഴങ്ങ് മുതലായവയിൽ നിന്നു സുഖവും ലാഭവും ഉണ്ടാകയും കണ്ണാഭരണ

ങ്ങളും സൽകഥാശ്രവണങ്ങളും സോദരലാഭവും പുത്രലാഭവും ഉണ്ടാകുകയും ചെയ്യും.

മൂ— സാത്വികോഭവതിസോദരാധിപേ
സൌമ്യവഗ്സഹിതേബലാധികേ
നീചമൂഢരിപുപാപരാശിഗേ
പാപവേചരയുതേതുസാഹസീ. ൨൫

വ്യാ—മൂന്നാംഭാവാധിപൻ ഉച്ചം സ്വക്ഷേത്രം ശുഭയോഗദൃഷ്ടി കർതൃത്വം ബന്ധുക്ഷേത്രം ഇവയോടുകൂടിയാൽ ജാതൻ സാത്വികനായും നീചം മൌഢ്യം ഇത്യാദി ഉണ്ടെങ്കിൽ സാഹസിയായും (പ്രായേണ പാപി)യായും ഭവിക്കും.

മൂ— ശൌര്യാധിപേരാഹുസമേതരാശൌ
നാഥാന്വിതേരാഹുയുതേവിലഗ്നേ
സമ്പ്രാപ്തഭയംവിക്രമരാശിനാഥേ
ബുധേനയുക്തേഗളരോഗമേതി. ൨൬

വ്യാ—മൂന്നാംഭാവാധിപൻ രാഹുലഗ്നനാഥനോടൊ രാഹുവിനോടൊ ചേർന്ന ലഗ്നത്തിൽ നിന്നാൽ വിഷഭയം (വിഷംതീണ്ടുക) ഇവയും ബുധനോടുകൂടി നിന്നാൽ കണ്ഠരോഗവുമുണ്ടാകും.

മൂ— പപേതൃതീയേഗളരോഗമേതി
തദ്ഗുരുമാന്ദ്യാദിയുതേവിശേഷാൽ
ഭൌമാന്വിതേഭാനുസുതേബലാഢ്യേ
തൃതീയരാശൌശ്രയതികണ്ഠരോഗഃ. ൨൭

വ്യാ—മൂന്നാമിടത്തു പാപഗ്രഹം നിന്നാൽ കണ്ഠരോഗമുണ്ടാകും. അവൻതന്നെ ഗുളികൻ രാഹു കേതു ഇവരോടൊത്തു മൂന്നാമിടത്തു നിന്നുവെങ്കിലും അവനെങ്കിൽ നിശ്ചയമായും കണ്ഠരോഗമുണ്ടാകും. അവിടെത്തന്നെ ബലവാനായ ശനി കുജനോടുകൂടി നിന്നാൽ കണ്ഠരോഗം മൂലമായിട്ടു ദീനം ഇവ ഉണ്ടാകും.

മൂ— വിക്രമേശഗ്രഭൃലഗ്നം ഗതൌഗോഭീതിസൂചകൌ
രാഹ്വന്വാവാഥനിക്രാന്ത രാശിപേനയുതൌയദി. ൨൮

വ്യാ—പത്താംഭാവാധിപനും വ്യാഴവും ലഗ്നത്തിൽ നിന്നാൽ പശുവൃഷഭാദിയിൽനിന്നു ഭയമുണ്ടാകും. അവർതന്നെ രാഹുവിനോടൊ രാഹുരാശി നാഥനോടൊ കൂടി ലഗ്നത്തിൽ നിന്നാലും ഫലം ഇങ്ങനെതന്നെ.

മൂ— സബുധോവിക്രമപരിർഗ്ഗളരോഗകരോഭവേൽ
ദേസാതേരിനീചഗോപാപേ സോത്ഥാഭാവോവിഷാശനാൽ.

വ്യാ—മൂന്നാംഭാവാധിപൻ ബുധനോടുകൂടിനിന്നാൽ കണ്ഠരോഗമുണ്ടാകും. നീചസ്ഥനായോ ശത്രുസ്ഥിതനായോ ഉള്ള പാപഗ്രഹം മൂന്നാമിടത്തുനിന്നാൽ സഹോദരനു വിഷഭക്ഷണനിമിത്തം മരണം ഉണ്ടാകും.

മൂ— ബുധേനജീവേനയുതേക്ഷിതേവാ
തൃതീയരാശൌബലസംയുതേചാ
തല്ലഗ്നഭേമന്ത്രിണിബോധനേവാ
കണ്ഠസ്വരംചാരുതരംസമേതി. ൨൩൩

വ്യാ—മൂന്നാം ഭാവത്തിൽ ബുധനോ ഗുരുവോ നിൽക്കയോ നോക്കുകയോ ചെയ്താലും ആ ഭാവത്തിനു ബലമുണ്ടായിരുന്നാലും മൂന്നാമിടത്തിന്റെ കേന്ദ്രങ്ങളിൽ ഗുരുവോ ബുധനോ നിൽക്കയോ ചെയ്താലും കണ്ഠസ്വരം നന്നായിരിക്കും. (നല്ല പാട്ടുകാരനാകുമെന്നർത്ഥം.)

മൂ— തൃതീയേസൌമ്യസംയുക്തേ സൌമ്യൈരവീക്ഷിതേ
തദീശേശുഭസംയുക്തേ കണ്ഠ്യയോർഭ്രൂഷണംവദേൽ. ൨൩൪

വ്യാ—മൂന്നാംഭാവത്തിൽ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോഗങ്ങളും ഉണ്ടാകയോ ആ ഭാവാധിപനു ശുഭയോഗം ഉണ്ടാകയോ ചെയ്താൽ കണ്ഠാഭരണലാഭം ഉണ്ടാകും. (വൈരജ്യോട മുതലായവ)

മൂ— ശുക്രേതൃതീയേയദിമൌക്തികസ്യ
ജീവേതുളസ്യാഭരണാംവദന്തി
സാക്ഷമാനീലമയംദിനേശേ
ചന്ദ്രേബൃഹത്പാഭരണംബലാഢ്യേ. ൨൩൫

വ്യാ—മൂന്നാമിടത്തു ശുക്രൻ നിന്നാൽ മുത്തുമാലയും വ്യാഴം നിന്നാൽ തുളസിമാലയും സൂര്യൻനിന്നാൽ ചുവപ്പും നീലവുമായുള്ള രത്നംകൊണ്ടുള്ള ആഭരണവും ബലവാനായ ചന്ദ്രൻ നിന്നാൽ വളരെ ആഭരണങ്ങളും ഉണ്ടായിരിക്കും. ബലവാനായ ചന്ദ്രനു വളരെ ആഭരണം ചിന്ന പാഞ്ഞതുകൊണ്ട് ക്ഷീണചന്ദ്രനു ആഭരണം ഉണ്ടാകയില്ലെന്നും മദ്ധ്യബലനാണെങ്കിൽ കുറേ ഉണ്ടാകുമെന്നും ഊഹിച്ചുകൊള്ളണം.

മൂ— സൌമ്യേശ്യാമംകുജക്ഷേത്രേ വിചിത്രാഭരണംവദേൽ
തൽപതൌസ്വാച്ചവർഗ്ഗസ്ഥേ ദിവ്യമാഭരണംവദേൽ. ൨൩൬

വ്യാ—മൂന്നാമിടത്തു ബുധൻ നിന്നാൽ കുത്ത രത്നംകൊണ്ടുള്ള ആഭരണങ്ങളും അവിടം കുജക്ഷേത്രമായും അവിടെ ബുധൻ നിൽക്കയുംചെയ്താൽ നാനാവർണ്ണങ്ങളായ ആഭരണങ്ങളും മൂന്നാംഭാവാധിപനും ഉച്ചം സ്വക്ഷേത്രം മുതലായവ ഉണ്ടെങ്കിൽ ദിവ്യങ്ങളായ ആഭരണങ്ങളും ഉണ്ടായിരിക്കും.

മൂ— മാനസോത്തരഗേഹവാതനരപതൗസൗമ്യേക്ഷിതേതദ്ഭൃതേ
ദിവ്യംവസ്ത്രമപൂർവ്വമേതിസഹജേസൗമേസുവസ്ത്രംബലേ
വീര്യ്യാധ്യൗവൃഥവസ്ത്രഭൂഷണകരൗശുക്രാനുജസ്ഥാനപൗ
സ്യാതാംധർമ്മകഥാരസശ്രവണതൗജീവജ്ഞയുക്തേക്ഷിതേ. ൫൧

വ്യാ—ലഗ്നാധിപൻ പത്താമിടത്തൊ ധനസ്സിലോ ശുഭയോഗദൃഷ്ട്യാദികളോടുകൂടി നിന്നാൽ മുമ്പു കിട്ടാത്തതും ദിവ്യവുമായ വസ്ത്രങ്ങൾ ലഭിക്കും. മൂന്നാമിടത്തു ശുഭഗ്രഹം നിന്നാൽ നന്നായവസ്ത്രങ്ങളും മൂന്നാംഭാവാധിപനും ശുക്രനും ബലമധികം ഉണ്ടായാൽ വളരെ വസ്ത്രാഭരണങ്ങളും അവക്ക് ഗുരുബുധന്മാരുടെ യോഗദൃഷ്ടികൾ ഉണ്ടായാൽ ധർമ്മശാസ്ത്രങ്ങളും ഈശ്വര കഥകൾ കേൾക്കുന്നതിൽ താല്പര്യവുമുണ്ടാകും.

മൂ— ധൈര്യാനിതോവിക്രമേശേ സൌമ്യഗ്രഹനവാംശകേ
ശുഭേക്ഷിതേശുഭയുതേ വൈശേഷികസമന്വിതേ. ൫൨

വ്യാ—മൂന്നാംഭാവാധിപൻ ശുഭയോഗദൃഷ്ട്യാദികളും ശുഭക്ഷേത്രാംശകവും വൈശേഷികാംശങ്ങളും ഉണ്ടായാൽ ജാതൻ ധൈര്യവാനാകും.

മൂ— ധൈര്യാധിപേപാപയുതേക്ഷിതേവാ
ദുസ്ഥാനഗേധൈര്യവിനാശമേതി
കേന്ദ്രത്രികോണേശുഭഖേടയുക്തേ
ശുഭേക്ഷിതേവായദിധൈര്യശാലീ. ൫൩

വ്യാ—മൂന്നാംഭാവാധിപനും ശുഭയോഗദൃഷ്ട്യാദികളോടുകൂടി അനിഷ്ടസ്ഥനായിരുന്നാൽ ജാതനും ധൈര്യമുണ്ടായിരിക്കയില്ല. ശുഭയോഗദൃഷ്ട്യാദികളോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ ധൈര്യവാനായിരിക്കും.

മൂ— വീര്യ്യാധിപേഭ്രമിസുതേനയുക്തേ
പാപേക്ഷഗേവീര്യ്യവിനാശഹേതുഃ
കേന്ദ്രത്രികോണേസസിതേബലാഢ്യേ
വീര്യ്യാധിപോഭോഗഗുണപ്രധാനഃ. ൫൪

വ്യ—മൂന്നാംഭാവാധിപൻ ചൊവ്വായോടുകൂടി പാപക്ഷേത്രത്തിൽ നിന്നാൽ ജ്യാതൻ ധൈര്യഹീനനും ബലവാനായി ശുക്രനോടുകൂടി ത്രികോണങ്ങളിൽ നിന്നാൽ സുഖം ധനം ഇവ അധികമുള്ളവനുമായിരിക്കും.

൯— ശുക്രേനിശാകരാന്യക്ഷത്രാ ലഗ്നാത്സാദ്ധ്യേശുഭേ
ശുഭരാശ്യംശഗോവാപി ജ്യാതസ്യ സുഖഭോജനം. ൫൬

വ്യാ—ലഗ്നാൽ മൂന്നാമിടത്തു ചന്ദ്രനോടുകൂടാതെ ബലവാനായ ശുക്രൻ ശുഭക്ഷേത്രാംശത്തോടുകൂടി നിന്നാൽ ജ്യാതൻ സുഖഭക്ഷണമുള്ളവനായിരിക്കും.

൧൦— സോദരാരാതിഗശ്ശുക്ര ശ്ലോകമോഹഭയപ്രദഃ
തത്രൈവശുഭകോരസ്യാൽ പൂരതോന്മദിഭാസ്ഥരാൽ. ൫൭

വ്യാ—മൂന്നാമിടത്തും ആറാമിടത്തും നില്ക്കുന്ന ശുക്രൻ ദുഃഖം ഭയം മനോവ്യാകുലത ഇവകളെ ചെയ്യും. ഒന്നാൽ ഈ സ്ഥാനങ്ങളിൽതന്നെ ശുക്രൻ ആദിത്യന്റെ മുൻപിലായിട്ട് ഇരിക്കയാണെങ്കിൽ സുഖത്തെ കൊടുക്കയുംചെയ്യും.

൧൧— ഗുരുശുക്രയുതേട്ടകേശ നാഥസ്സൗമ്യയുതേക്ഷിതേ
ബലവച്ഛുഭസംദൃഷ്ട സോന്നദാതാഭവേന്നരഃ. ൫൮

വ്യാ—മൂന്നാമിടത്തു വ്യാഴം ശുക്രൻ മൂന്നാംഭാവാധിപൻബുധൻ ഇവർ നില്ക്കയോ നോക്കുകയോ ബലവാനായ ശുക്രന്റെ ദൃഷ്ടിയുണ്ടാകയോ ചെയ്താൽ ജ്യാതൻ അന്നദാനത്തെ ചെയ്യും.

൧൨— സൌമ്യേസ്വോച്ചംഗതേട്ടകേശ സൌമ്യഗ്രഹനിരീക്ഷിതേ
നാഥേവൈശേഷികാംശേവാ സുഖട്ടക്തിപ്രദോഭവേൽ. ൫൯

വ്യാ—ഉച്ചസ്ഥനായ ശുഭഗ്രഹം ശുഭദൃഷ്ടിയോടുകൂടി മൂന്നാമിടത്തുനില്ക്കയും മൂന്നാംഭാവാധിപൻ വൈശേഷികാംശങ്ങളോടുകൂടുകയോ ചെയ്താൽ ജ്യാതൻ സുഖകരമായ അന്നത്തെ ദാനം ചെയ്യുന്നവനായിരിക്കും. (വ്യത്തിയായിട്ടു ചോറുകൊടുക്കുമെന്നർത്ഥം)

൧൩— ജീവസ്യരാശിനവഭാഗദ്യാണസംസ്ഥേ
വീര്യാധിപേയദിസുരാച്ചിതവീക്ഷിതേവാ
തൽകേന്ദ്രകോണഗൃഹഗേരുചിരേബലാഢ്യേ
ജ്യാതസ്യകന്ദഫലമൂലരസപ്രിയസ്സ്യാൽ. ൬൫

വ്യാ—മൂന്നാംഭാവാധിപൻ വ്യാഴത്തിന്റെ ക്ഷേത്രം അംശകം ദ്രേക്കാണം ഇവയിൽ നിൽക്കയോ അല്ലെങ്കിൽ വ്യാഴത്തിന്റെ ദൃഷ്ടിയു

ഞ്ഞായിരിക്കയോ ചെയ്താലും ആ മൂന്നാംഭാവാധിപന്റെ കേന്ദ്രത്രികോ
ണങ്ങളിൽ എവിടെ എങ്കിലും ബലവാനായ കുജൻ നിൽക്കയും ചെ-
യ്താൽ ജാതൻ കായ് കീഴങ്ങ് വേരു മുതലായവ ഭക്ഷിക്കുന്നതിനു ഇഷ്ട
മുള്ളവനായിരിക്കും.

അഥ ചതുർത്ഥഭാവഫലം.

മൂ— വദന്തിവിദ്യാംജനനീസുഖാനി,
സുഗന്ധബാന്ധവമനോഹ്രണാനി
മഹീപയാനക്ഷിതിമന്ദിരാണി
ചതുർത്ഥഭാവപ്രഭവാനിതജ്ഞാഃ. ൭൯

വ്യാ—ഇനിയും നാലാംഭാവഫലങ്ങളെ പറയുന്നു. നാലാമിടം കൊണ്ട് അമ്മ സുഖം സുഗന്ധങ്ങൾ പശു കാള മുതലായവ ബന്ധുക്കൾ മനോഹ്രണം രാജാവ് വാഹനം ഭൂമി ഭവനം ഇവയൊക്കെയും ചിന്തിക്കണമെന്നു ആചാര്യന്മാർ പറയുന്നു.

മൂ— വിദ്യാരാശൌനിജപതിയുതേസൌമ്യയുക്തേക്ഷിതേവാ
ജാതോവിദ്യാവിനയചതുരശ്ചന്ദ്രസൂനൌബലിഷ്ഠേ
ദുസ്ഥപാപപദ്യചരസഹിതേപാപദൃഷ്ടേതദീശേ
വിദ്യാഹീനോഭവരിഹനുജ്ഞപാപരാശിസ്ഥിതേവാ. ൮൦

വ്യാ—നാലാംഭാവാധിപൻ നാലാമിടത്തു നിൽക്കുക. അവിടെ
ശുഭഗ്രഹങ്ങളുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായിരിക്കുക, ബുധൻ ബല
വാനായി നിൽക്കുക എന്നാൽ ജാതൻ വിദ്യയും വിനയവുമുള്ളവനാ
യിരിക്കുന്നതുപോലെ നാലാംഭാവാധിപനും ഭാവത്തിലും പാപദൃഷ്ട്യാ
ദിയും അനിഷ്ടഭാവസ്ഥിതിയും ബലഹീനതയും ഉണ്ടായാൽ വിദ്യയി
ല്ലാതെയുമിരിക്കും.

മൂ— വിദ്യാസ്ഥാനപജീവചന്ദ്രതനുപാഷ്ഠർക്ഷിവ്യയായുസ്ഥിതാ
വിദ്യാബുദ്ധിവിവേകഹീനഫലദാനീചാരിഗാവായദി
സ്വോച്ചസ്വർക്ഷഗതാസ്ത്രികോണഗൃഹഗാഃകേന്ദ്രസ്ഥിതാവായദി
ശ്രീവിദ്യാവിനയാദിയുക്തിനിപുണാരാജാധിരാജപ്രിയഃ. ൮൧

വ്യാ—നാലാംഭാവാധിപൻ ഗുരുബുധൻ ഇവർ സ-വ്യ-ന-ഷ
ഈ ഭാവങ്ങളിലോ നീചം ശത്രുക്ഷേത്രം ഇവറ്റിലൊ ആയാലും വിദ്യ
ബുദ്ധി വിനയം ഇവ ഇല്ലാതിരിക്കും. ഇവർതന്നെ ഉച്ചംനീചം മുത
ലായവയിലോ കേന്ദ്രത്രികോണങ്ങളിലോ നിന്നാൽ മേൽ പറഞ്ഞ വ
യൊക്കയും ഉണ്ടാകുകയും ചക്രവർത്തിയുടെയോ രാജാവിന്റെയോ ഇഷ്ട
നായും ഭവിക്കും.

മൂ— ശുക്രേശശാങ്കേയദിവാബലിഷ്ഠേ
സൌമ്യേക്ഷിതേശോഭനഭാഗയുക്തേ
ചതുഷ്ടയേമാതൃഗൃഹേശശാങ്കേ
മാതുശ്ചിരായുസ്സുമുദാഹരന്തി. ൩൨

വ്യാ—ശുക്രനോ ചന്ദ്രനോ ബലവും ശുഭയോഗദൃഷ്ട്യാദികളും കേന്ദ്രസ്ഥിതിയും നാലാംഭാവത്തിന് ബലവും ഉണ്ടായാൽ ജാതന്റെ അമ്മ ദീർഘായുസ്സായിരിക്കും.

മൂ— മാതൃസ്ഥാനാധിപേഷ്വസ്തേ വ്യയേവാബലവജ്ജിതേ
ലഗ്നേപാപേപാപദൃഷ്ടേ മാതൃനാശംവദേൽബുധഃ. ൩൩

വ്യാ—നാലാംഭാവാധിപൻ ൮-൧൨ ഈ സ്ഥാനങ്ങളിൽ ബലമില്ലാതെ നിൽക്കയും ലഗ്നത്തിൽ പാപയോഗദൃഷ്ടികൾ ഉണ്ടാകയും ചെയ്താൽ അമ്മ മരിക്കും.

മൂ— ക്ഷീണചന്ദ്രേഷ്ടഭേഷ്വേ വ്യയേവാപാപസംയുതേ
പാതാളേപാപസംയുക്തേ മാതുഹാനിർനസംശയഃ. ൩൪

വ്യാ—പാപനോടുകൂടിയ ക്ഷീണചന്ദ്രൻ ൮ ൧൨-൧൨ ഈ ഭാവങ്ങളിലും നാലാമിടത്തു പാപനും നിന്നാൽ നിശ്ചയമായും അമ്മ മരിക്കും.

മൂ— മാതൃസ്ഥാനഗതേമന്ദേ പാപഗ്രഹനിരീക്ഷിതേ
രന്ധ്രനാഥേരിനീചസ്ഥേ മാതുനാശംവിനിർദ്ദിശേൽ. ൩൫

വ്യാ—പാപദൃഷ്ടിയുള്ള ശനി നാലാമിടത്തു നിൽക്കയും ൮ാധിപൻ ശത്രുക്ഷേത്രത്തിലോ നീചത്തിലോ നിൽക്കയും ചെയ്താൽ മാതൃനാശം ഉണ്ടെന്നു പറയണം.

മൂ— ഷഷ്ഠേശപരേണ സഹിതസ്സുതരാശിനാഥോ
ധർമ്മസ്ഥിതോജനകമാതൃവിടംകരോതി
ഭാഗ്യാധിപേനസഹിതോയദിമാതൃനാഥ
ഷഷ്ഠസ്ഥിതോജനകമാതൃവിടംവദന്തി. ൩൬

വ്യാ—നാലാംഭാവാധിപൻ ഷഷ്ഠാധിപനോടുകൂടി൯പതാമിടത്തുനില്ക്കുക. നാലാംഭാവാധിപൻ ഒൻപതാംഭാവാധിപനോടുകൂടി ആറാമിടത്തു നില്ക്കുക ഈരണ്ടു യോഗങ്ങളിലും ജാതന്റെ അച്ഛൻ വിടനാണെന്നു പറയണം.

മൂ— ഷഷ്ഠമാതൃപൌപിതൃസ്ഥാനേ പിത്രോശ്ചവ്യഭിചാരതൌ
മാതൃതാതാരിഭേഹോരൈ രേകൈസ്സ്യാൽപരജാതകഃ. ൩൭

വ്യാ—ചതുർത്ഥഷഷ്ഠാധിപന്മാർ ഒൻപതാമിടത്തുനിന്നാൽ ജാതന്റെ അച്ഛനമ്മമാക്ക് വ്യഭിചാരദോഷം ഉണ്ടെന്നു പറയണം. ലഗ്നാൽ ര-ന ഭാവങ്ങളുടെ അധിപന്മാർ ഒരുമിച്ചു ഒരു രാശിയിൽ നിന്നാൽ ജാതൻ ജാരപുത്രനായി ഭവിക്കും.

മൂ— പാപേക്ഷിതേപാപയുതേശശാങ്കേ
ദിവാകരേവായദികേന്ദ്രരാശൌ
ക്രൂരേസുഖേവായദിപാപദൃഷ്ടേ
ജാതോനരസ്സ്യാദ്വ്യഭിമാതൃഗാമീ. നപ

വ്യാ—ചന്ദ്രനോ സൂര്യനോ പാപയോഗദൃഷ്ടികളോടുകൂടി കേന്ദ്രത്തിൽ നിൽക്കയും നാലാമിടത്തു കുജനോ ശനിയോ നിൽക്കയും അവിടെ പാപന്മാർ നോക്കുകയും ചെയ്താൽ ജാതൻ മാതൃഗാമിയാണെന്നു പറയണം (അമ്മയൊരുമിച്ചു രമിക്കുന്നവൻ.)

മൂ— ചന്ദ്രേഭൌമാകേന്ദ്രസ്ഥേ പാപദൃഷ്ടേഥവാദ്വയേ
ക്രൂരേസുഖേമാതൃഗാമീ യദിവാഗ്രുദ്ഭാരഗഃ. നന

വ്യാ—ചന്ദ്രനും ശുക്രനും പാപദൃഷ്ടിയോടുകൂടി കേന്ദ്രത്തിലും നാലാമിടത്തു ക്രൂരഗ്രഹവും നിന്നാൽ ജാതൻ മാതൃഗാമിയായോ ഭ്രാതൃഭാഗ്യഗാമിയായോ ഭവിക്കും. രണ്ടിൽ പാപയോഗദൃഷ്ടികളുണ്ടാകയും വേണം.

മൂ— സുഖസ്ഥസാരഷ്ഷ്യേശേ ചന്ദ്രേമാതാന്യമൈഥുനീ
വ്യഭിചാരപ്രദോമാതൃ സ്സുരാഹ്വർദ്ദിനനായകഃ. ൭൦

വ്യാ—ആറാംഭാവാധിപനോടും കുജനോടും കൂടിയ ചന്ദ്രൻ നാലാമിടത്തു നിൽക്കയോ സൂര്യനു രാഹുയോഗം വരികയോ ചെയ്താൽ ജാതന്റെ മാതാവു് വ്യഭിചാരം ഉള്ളവളായിരിക്കും.

മൂ— ശീതാംശുരാഹുകേതുഭ്യാം യുക്തോനീചേനസംഗമഃ
ഏവഞ്ചന്ദ്രുകുജാദീനാം യുക്തസ്തൽഫലദോഭവേൽ. ൭൧

വ്യാ—മേൽപറഞ്ഞ യോഗത്തിൽ ചന്ദ്രൻ കേതുവിനോടോ രാഹുവിനോടോ കൂടിയാൽ മാതാവു് നീചഗാമിനിയായിരിക്കും. (നീചന്മാരോടുകൂടി രമിക്കുന്നവൾ) ഇതുപോലെ ചന്ദ്രനു കുജൻ മുതലായ ഗ്രഹങ്ങളുടെ യോഗം ഉണ്ടായാൽ അതാതു ഗ്രഹങ്ങളുടെ ജാതിക്കുള്ള പുരുഷന്മാരുമായി ചേരുന്നവളായിരിക്കും. (ചന്ദ്രനു നീചഗ്രഹയോഗം വേണമെന്നു പക്ഷാന്തരം)

മൂ— പിതൃകർമ്മാധിപൌദുസ്ഥൌ ലഗ്നേശേബലസംയുതേ
പിത്രോരനിഷ്ടകാരീസ്യാ ത്സീമന്തരഹിതോഥവാ. ൭൨

വ്യാ—ഒൻപതാംഭാവാധിപനും പത്താംഭാവാധിപനും അനിഷ്ടസ്ഥാനങ്ങളിൽ നിൽക്കയും ലഗ്നാധിപൻ ബലവാനാകയും ചെയ്താൽ ജാതൻ മാതാപിതാക്കന്മാർക്ക അപ്രിയനായോ സീമന്തക്രിയചെയ്യപ്പെടാത്തവനായൊ ഭവിക്കും.

മൂ— മാതൃസ്ഥാനേശലഗ്നേശൌ തത്ത്രികോണഗതൌയദി
തദീശോധനഗോമാതാ പിത്രാ സഹമൃതിംപ്രയ്ജേൽ. ൯൨

വ്യാ—നാലാംഭാവാധിപനുംലഗ്നാധിപനും പരസ്പരംത്രികോണസ്ഥിതന്മാരാകയും ചെയ്താൽ ജാതന്റെ മാതാപിതാക്കന്മാർ ഒരുമിച്ചു മരിക്കും.

മൂ— മാതൃഭാവേശപിതൃഭാഃ കേന്ദ്രകോണഗതായദി
തദ്ദശാന്തർദശാകാലേ ജനന്യാസ്തന്മൃത്യുദാഃ. ൯൩

വ്യാ—ലഗ്നം ൪-ൻ ഈ ഭാവങ്ങളുടെ അധിപന്മാർ പരസ്പരം കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ അവരുടെ ദശയിലും അപഹാരങ്ങളിലും അച്ഛനമ്മമാർ ഒരുമിച്ചു മരിക്കും.

മൂ — രവീന്ദുപിതൃമാതൃസ്ഥൌ യദിതാവന്മൃത്യുദൌ
തദീശേക്ഷിതയുക്തൌവാ രവിസംബന്ധിനസ്തഥാ. ൯൪

വ്യാ—സൂര്യൻ ചന്ദ്രനും ൯-൪ ഈ ഭാവങ്ങളിലായി നിൽക്കുക അല്ലെങ്കിൽ ആ ഭാവാധിപന്മാരുടെ യോഗമൊ ദൃഷ്ടിയൊ അവക്ക് (സൂര്യചന്ദ്രന്മാക്ക്) ഉണ്ടാവുക അല്ലെങ്കിൽ സൂര്യന്റെ ബന്ധുക്കളായ ഗ്രഹങ്ങൾക്ക ഈ യോഗദൃഷ്ട്യാദിയുണ്ടാവുക എന്നാലും അച്ഛനമ്മമാർ ഒരുമിച്ചു മരണമുണ്ടാകും.

മൂ— മാതൃസ്ഥഭാവപതികാരകതത്സമേത
തന്മാതൃഭാവഗതവീക്ഷിതയേചരേന്ദ്രോഃ
തേഷാമനിഷ്ടകരയേടദശാപഹാരേ
ജാതസ്യമാതൃമരണംപ്രവദന്തിസർവ്വേ. ൯൫

വ്യാ—നാലാംഭാവാധിപൻ നാലാം ഭാവത്തിൽ നിൽക്കുന്ന ഗ്രഹം മാതൃകാരകൻ അവരോടു ചേർന്നിട്ടുള്ള ഗ്രഹം അവരെയുംനാലാം ഭാവത്തിലും നോക്കുന്ന ഗ്രഹം ഇവരിൽവച്ച് അധികം അനിഷ്ടനായ ഗ്രഹം ഏതാണൊ അതിന്റെ ദശയിലും അപഹാരത്തിലും മാതൃമരണം ഉണ്ടാകും.

മൂ — മാർത്താണ്ഡസ്ഫുടതോവിശോധ്യശശിനംതച്ചേരഷ്ടാശ്രയംശകേ
ജീവേഭാനുസുതേചമാതൃമരണംതല്ലക്ഷണാശോവാച്യണാം

സംശോധ്യംയമകണ്ടകംഹിമകരാദ്രന്ധ്രാധിപസ്യസ്ഫുടേ
തദ്രാശൌരവിനന്ദനേമൃതിമുപേത്യംബാതദംശേരവൌ. ൭

വ്യാ—സൂര്യസ്ഫുടത്തിൽനിന്ന് ചന്ദ്രസ്ഫുടത്തെ വാങ്ങിയാൽ ശേഷിച്ച രാശിയിലൊ അംശകത്തിലൊ വ്യാഴമൊ ശനിയൊ നില്ക്കുന്ന കാലത്തിലൊ അവർ ആ രാശിയുടെ ത്രികോണരാശിയിൽ വരുമ്പൊഴൊ അമ്മ മരിക്കും. അതുപോലെ അഷ്ടമാധിപനൊട്ടു ചേർന്ന് ചന്ദ്രങ്കൽനിന്നു യമകണ്ടകനെ വാങ്ങിയാൽ ഉള്ള രാശിയിൽ ശനി വരുമ്പൊഴും അവിടെ സൂര്യൻ അംശകിക്കുമ്പൊഴും അമ്മമരിക്കുന്നതാണ്. (അഷ്ടമാധിപന്റെറയും ചന്ദ്രന്റെറയും സ്ഫുടങ്ങൾ ഒരുമിച്ചുവച്ചു അതിൽനിന്ന് യമകണ്ടകനെ വാങ്ങണമെന്നർത്ഥം.)

മൂ— ഗോപുരാദ്ര്യംശകേജീവേ സുഖസ്ഥാനഗതേപിവാ
ധനായവൃദ്ധിഭാവേഷു ചേടേഷ്വപ്യസുഖീഭവേൽ. ൮

വ്യാ—വ്യാഴം നാലാമിടത്തിലൊ പുരാദികളായ വൈശേഷികാംശങ്ങളിലൊ നില്ക്കയും ൨-൬-൧൧ ഈ ഭാവങ്ങളിൽ ഗ്രഹങ്ങളുണ്ടായിരിക്കയും ചെയ്താൽ സുഖിയായി ഭവിക്കും.

മൂ— ബുധദൃഷ്ടിയുതേസൌമ്യേ സൌമ്യമധ്യഗതേപിവാ
ജീവരാശ്യംശകേവാപി പുണ്യകർമ്മരതസ്സുധാ. ൯

വ്യാ—നാലാമിടത്തു ബുധദൃഷ്ടിയൊ ശുഭമധ്യസ്ഥിതിയൊ വ്യാഴത്തിന്റെറ രാശ്യംശങ്ങളൊ ഉണ്ടായാൽ ജാതൻ സല്കർമ്മപ്രിയനാകും.

മൂ— ശുഭസ്ഥിതശ്ശോഭനരാശിഗോബലീ
വിലഗ്നസംബന്ധഗുണാധികോയദി
ജന്മാദിവർഗ്ഗേണസുഖംനിരന്തരം
തദീയധാതുശ്രിയമേതിമാനവഃ. ൧൦

വ്യാ—വ്യാഴമെന്ന പൂർവ്വശ്ലോകത്തിൽ നിന്ന് അനുവർത്തിക്കണം. വ്യാഴം ൧൰൪൰൭൰൧൦ ഈ ശുഭക്ഷേത്രത്തിൽ ബലവാനായിട്ടു നില്ക്കയും ലഗ്നത്തിനും ലഗ്നാധിപനും ശുഭവർഗ്ഗങ്ങൾ ഏറിയിരിക്കയും ചെയ്താൽ ജാതൻ ജന്മാരംഭമുതൽ പിന്നും സുഖിയായും അതാതുഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ധാതുദ്രവ്യം നിമിത്തം ധനമുള്ളവനായും ഭവിക്കും.

മൂ— ചതുർത്ഥഗോനീചസപത്നയാത-
സ്ഥനിഷ്ടഭാവാധിപതിവ്വിലഗ്നാൽ
ലഗ്നേശശത്രുസ്ഥിതൽപ്രകോപാൽ
ശരീരസൌഖ്യാദിവിനാശമാപ്നുഃ. ൧൧

വ്യാ—അനിഷ്ടസ്ഥാനാധിപൻ ലഗ്നാൽ നാലാമിടത്തു നില്ക്കു
യും അവിടം ആ ഗ്രഹത്തിന് നീചമായൊ ശത്രുക്ഷേത്രമായൊ വരി
കയും അവൻ ലഗ്നാധിപന്റെ ശത്രുവാകയും ചെയ്താൽ അവന്ന് പറ
ഞ്ഞിട്ടുള്ള ധാതുകോപം ഗ്രഹപീഡ മുതലായതുനിമിത്തം ദേഹസുഖ
മില്ലാതാകും.

മൂ— ചതുർത്ഥഭാവസ്ഥിതദർശികാരകാ
ബലാന്വിതായദ്യദിസൌഖ്യഹേതുകാഃ
അരിഷ്ടഗാനീചസപത്നമൂഢഗാ
സ്സുഖംശുഭൈർവാസുഖമന്യഥേചരൈഃ. വ്യ

വ്യാ—നാലാം ഭാവാധിപൻ അവിടെ നോക്കുന്നവൻ അവിടെ നിൽക്കുന്നവൻ നാലാം ഭാവകാരൻ ഇവരൊക്കെയും ബലവാന്മാരായാൽ ജാതന്ന് പ്രിയം സുഖാനുഭവം ഉണ്ടായിരിക്കും. ഇവർ നീചം ശത്രു മൌഢ്യം ഇതുകളോടു കൂടിയാൽ ദുഃഖത്തെ ചെയ്യും. നാലാമിടത്തു ശുഭയോഗമുണ്ടെങ്കിൽ സുഖവും അല്ലെങ്കിൽ ദുഃഖവും ഭവിക്കും.

മൂ— ചതുർത്ഥഗോഭാഗ്യപതൌസശുക്രേ
ബലാധികേസ്യാച്ചിരകാലഭോഗീ
ശുഭാന്വിതേരന്ധ്രരിപുവ്യയസ്ഥേ
ജാതോല്പകാലം സമുപൈതിസൌഖ്യം. വ്യ

വ്യാ—ഒൻപതാം ഭാവാധിപൻ ശുക്രനോടുകൂടി നാലാമിടത്തു നിൽക്കുന്നുവെങ്കിൽ ജാതൻ വളരെക്കാലം സുഖമനുഭവിക്കും. അവൻ ശുഭഗ്രഹത്തോടുകൂടി സ-വ-ക്ര ഈ ഭാവങ്ങളിലായാൽ അല്പകാലം സുഖം അനുഭവിക്കുകയും ചെയ്യും.

മൂ— സുഖചിന്താഗ്രഹോദ്ധ്യാഭ്യാം മാതൃചിന്താസുഖൈന്ദുതഃ
സുഗന്ധംഗ്രഹശുക്രാഭ്യാം വസ്ത്രവാഹനഭൂഷണം. വ്യ

വ്യാ—നാലാമിടം കൊണ്ടും വ്യാഴത്തെക്കൊണ്ടും സുഖത്തെയും നാലാമിടംകൊണ്ടും ചന്ദ്രനെക്കൊണ്ടും മാതാവിനെയും നാലാംഭാവം ശുക്രൻ എന്നീ രാശികളെക്കൊണ്ട് സുഗന്ധദ്രവ്യങ്ങൾ വസ്ത്രങ്ങൾ വാഹനങ്ങൾ ആഭരണങ്ങൾ ഇവയെയൊക്കെയും വിശേഷേണ ചിന്തിക്കേണ്ടതാകുന്നു.

മൂ— സുഖേശരന്ധ്രേശോഭനരാശിയുക്തേ
ശുക്രേണദൃഷ്ടേയദിസംയുതേവാ
അരാതിനീചഗ്രഹദൃഷ്ടിഹീനേ
സുഗന്ധമാല്യാദിസുഖംസമേതി. വ്യ

വ്യാ—നാലാം ഭാവാധിപൻ നീചംമൌഢ്യം ശത്രുസ്ഥിതി ഇവ . ഇല്ലാതെ ശുക്രദൃഷ്ടിയോടുകൂടി ശുഭരാശിയിൽ നിന്നാൽ ജാതൻ സുഗന്ധപുഷ്പമാലകളോടുകൂടിയിരിക്കും.

മൂ— വീര്യാധികേശീതകരേസുവസ്ത്രം
സാഹിദ്ധപജേജീർണ്ണതരംസമേതി
കൌശേയകം ജീവയുതേചരക്തം
ചിത്രംസശുക്രേസശനൌതുകൃഷ്ണം. ൫൩

വ്യാ—ചന്ദ്രൻ ബലവാനായി തനിച്ചു നിന്നാൽ നല്ല വസ്ത്രങ്ങളും രാഹുകേതുക്കളോടുകൂടിനാൽ പഴയ വസ്ത്രവും വ്യാഴത്തോടുകൂടിയാൽ പവന വസ്ത്രം (പട്ടുനൂൽ കൊണ്ടുള്ള )ശുക്രനോടുകൂടിയാൽ പലവർണ്ണമുള്ള വസ്ത്രവും, ശനിയോടുകൂടിയാൽ കറുത്ത വസ്ത്രവും ഉണ്ടായിരിക്കും (ഇപ്പറഞ്ഞ വസ്ത്രങ്ങളിൽ ഇഷ്ടമുണ്ടാകുമെന്നർത്ഥം.)

മൂ— ശുക്രേന്ദുവസ്ത്രസഹിതേസുഖരാശിനാഥേ
ശുക്രേണശീതരുചിനാസഹിതേക്ഷിതേവാ
നീചാരിപാപഗഗനാടനദൃഷ്ടിയുക്തേ
പശ്വാദിവിത്തമഖിലംലഭതേമനുഷ്യഃ. ൫൪

വ്യാ— നാലാംഭാവാധിപന് ശുക്രന്റെയും ചന്ദ്രന്റെയും ദ്രേക്കാണാദിവർഗ്ഗങ്ങളും അവരുടെ യോഗദൃഷ്ട്യാദികളും ഉണ്ടായിരിക്കയും നീചം ശത്രുസ്ഥിതി മൌഢ്യം പാപദൃഷ്ടി ഇവയില്ലാതിരിക്കയും ചെയ്താൽ പശുമഹിഷാദി സമ്പത്തുണ്ടാകും.

മൂ— ബന്ധുസ്ഥാനാധിപേസൌമ്യേ സൌമ്യഗ്രഹനിരീക്ഷിതേ
കാരകേബലസമ്പൂർണ്ണേ ബന്ധുപൂജ്യോഭവേന്നരഃ. ൫൫

വ്യാ—നാലാം ഭാവാധിപൻ ശുഭഗ്രഹമാവുകയും ശുഭഗ്രഹത്തിന്റെ ദൃഷ്ടിയുണ്ടാകയും നാലാംഭാവത്തിന്റെ കാരകഗ്രഹം ബലവാനാകയും ചെയ്താൽ ജാതൻ ബന്ധുക്കളാൽ പൂജ്യനാകും.

മൂ— ബന്ധുപകത്താതനാഥേ കേന്ദ്രകോണായസംസ്ഥിതേ
വൈശേഷികാംശസംയുക്തേ പാപദൃഗ്യോഗവർജ്ജിതേ. ൫൬

വ്യാ—നാലാംഭാവാധിപൻ പാപയോഗദൃഷ്ടികളോടുകൂടാതെ വൈശേഷികാംശങ്ങളോടുകൂടി കേന്ദ്രത്രികോണങ്ങളിലോ ലാഭത്തിലോ നിന്നാൽ ബന്ധുക്കൾക്ക ഉപകാരത്തെ ചെയ്യുന്നവനായിരിക്കും.

മൂ— ബന്ധുദ്വേഷീഭവേന്നിത്യം പാപാക്രാന്തരസാതലേ
നീചാസ്തഭേദസംയുക്തേ ശുഭദൃഗ്യോഗവർജ്ജിതേ. ൫൭

വ്യാ—നാലാം ഭാവത്തിൽ പാപയോഗവും നീചഗ്രഹം മൗഢ്യ ഗ്രഹം ഇവരും ഉണ്ടായിരിക്കയും ശുഭയോഗവ്യത്യങ്ങളില്ലാതിരിക്കയും ചെയ്താൽ ജാതൻ ബന്ധുദ്വേഷിയായി ഭവിക്കും.

മൂ— സപാപേരന്ധ്രപേസൌഖ്യേ കപടീപാപസംയുതേ
സ്വോച്ചമിത്രസ്വവർഗ്ഗസ്ഥേ നിഷ്കാപട്യംശുഭേക്ഷിതേ. ൻഫ

വ്യാ— അഷ്ടമാധിപൻ പാപനോടുകൂടി നാലാമിടത്തുനിന്നാൽ ജാതൻ കപടശീലനായും സ്വക്ഷേത്രം ബന്ധുക്ഷേത്ര ഉച്ചം വർഗ്ഗോത്തമം ശുഭദൃഷ്ടി ഇവയുണ്ടായാൽ കപടശീലനല്ലാതേയും ഭവിക്കും.

മൂ— വിശുദ്ധഹൃദയശ്ശാന്തോ ഹൃദയേശേബലാന്വിതേ
ഗോപുരാദ്യംശകേവാപി മൃദ്വംശാദിസമന്വിതേ. ൻവ

വ്യാ—നാലാം ഭാവാധിപൻ ബലവാനായും ഗോപുരാദിവിശേഷാംശകങ്ങളും ഷഷ്ട്യാംശങ്ങളിൽ സൌമ്യാംശകങ്ങളും ഉണ്ടായിരുന്നാൽ ശുദ്ധബുദ്ധിയായും ശാന്തനായും ഭവിക്കും.

മൂ— വാഹനേശേബലയുതേ യാനരാശൌബലാന്വിതേ
ശുഭഗ്രഹേണസംദൃഷ്ടേ വാഹനാദിഫലം ഭവേൽ. ൻന

വ്യാ—നാലാംഭാവത്തിനും നാലാംഭാവാധിപനും ബലവും ശുഭദൃഷ്ടിയും ഉണ്ടായിരുന്നാൽ ആന കുതിര വണ്ടി മുതലായ വാഹനങ്ങൾ ഉണ്ടായിരിക്കും.

മൂ— വാഹനേശേവാഹനസ്ഥേ സേന്ദുജേശുഭവീക്ഷിതേ
ശുഭക്ഷേത്രാംശകേചന്ദ്രേ വാഹനാദിഫലംലഭേൽ. ൻൽ

വ്യാ—നാലാം ഭാവാധിപൻ ബുധനോടുകൂടി ശുഭദൃഷ്ടനായിട്ട് ശുഭക്ഷേത്രാംശകംചെയ്ത നാലാമിടത്തു നിന്നാൽ വാഹനങ്ങൾ ഉള്ളവനായിരിക്കും.

മൂ— ചന്ദ്രോവിലഗ്നസംബന്ധീ വാഹനേശസമന്വിതേ
തുരംഗവാഹനംതസ്യ വദന്തിമുനിപുംഗവാഃ. ൻഭ

വ്യാ—ചന്ദ്രനു ലഗ്നസംബന്ധവും നാലാംഭാവാധിപനോടുകൂടി സ്ഥിതിയും ഉണ്ടായാൽ ജാതനു കുതിരയുണ്ടായിരിക്കുമെന്നു മുനിമാർ പറയുന്നു.

മൂ — ദ്വിതീയേചചതുർത്ഥേച ചന്ദ്രേശോഭനരാശിഗേ
ശുഭക്ഷേത്രസംയുക്തേ സമുപൈത്യശ്വവാഹനം. ൻന

വ്യാ—ചന്ദ്രൻ രണ്ടിലോ നാലിലോ ശുഭനോടുകൂടി ശുഭക്ഷേത്രത്തിൽ നിന്നാൽ ജാതൻ കുതിര വാഹനമുള്ളവനായിരിക്കും.

മൂ— സേന്ദൌചതുർത്ഥാധിപതൌവിലഗ്നേ
ലഗ്നേ നേശപരേണാപിയുതേശലാഭം
ശുക്രേണയുക്തേയദിവാഹനേശേ
ദേഹാനിതേവാനരവാഹനംസ്യാൽ. ൯൬

വ്യാ—നാലാംഭാവാധിപനും ചന്ദ്രനും ലഗ്നാധിപനും ഒരുമിച്ചു ലഗ്നത്തിൽനിന്നാൽ അശ്വവാഹനമുണ്ടായിരിക്കും. നാലാംഭാവാധിപനും ലഗ്നാധിപനും ശുക്രനും ഒരുമിച്ചു നിന്നാൽ മനുഷ്യവാഹനമുണ്ടായിരിക്കും.

മൂ— ആന്ദോളികാഭരണൌസിതപൂർണ്ണചന്ദ്രൌ
കേന്ദ്രത്രികോണഗൃഹഗൌബലിനൌഭവേതാം
രക്താംബരാഭരണഭസ്സുരപൂജിതർക്ഷേ
ചന്ദ്രേസുരേശസചിവേക്ഷിതസംയുതേച. ൯൭

വ്യാ—ചന്ദ്രശുക്രന്മാർ ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിൽനിന്നാൽ ആന്ദോളിക(ആന്ദോളം) എന്ന വാഹനമുള്ളവനായിരിക്കും. വ്യാഴക്ഷേത്രത്തിൽ വ്യാഴത്തോടുകൂടിയോ വ്യാഴത്താൽ ദൃഷ്ടനായോ നിൽക്കുന്ന ചന്ദ്രൻ സ്വർണ്ണാഭരണങ്ങളെയും പട്ടു മുതലായ വിശേഷവസ്ത്രങ്ങളെയും കൊടുക്കുന്നവനായിരിക്കും.

മൂ— ആന്ദോളികാതുരഗലാഭമുപൈതിജ്ഞാത-
ശ്ശുക്രേന്ദുയാനപതയസ്തനനാഥയുക്താഃ
ഏകസ്ത്രയേവഹരയാനപചന്ദ്രയുക്താഃ
കേന്ദ്രത്രികോണഗാശ്ചതുരംഗയാനം. ൯൮

വ്യാ—ശുക്രനും ചന്ദ്രനും നാലാംഭാവാധിപനും ലഗ്നാധിപനുംകൂടി ഒരുമിച്ചു നിന്നാൽ ജ്ഞാതൻ ആന്ദോളവും തുരഗവാഹനവുമുള്ളവനായിരിക്കും. വ്യാഴവും ചന്ദ്രനും നാലാംഭാവാധിപനുംകൂടി കേന്ദ്രത്രികോണങ്ങളിൽ ഒരുമിച്ചുനിന്നാൽകൃതിരവാഹനമുള്ളവനായിരിക്കും.

മൂ— വാഹനേശേഹരയുതേ ചതുരന്താഖ്യവാഹനം
യാനപേസശുഭേമാനേ ചരത്രചാമരസംയുതഃ. ൧൦൦

വ്യാ—നാലാംഭാവാധിപൻ വ്യാഴവും ഒരുമിച്ചുനിന്നാൽ അമ്പാരിമുതലായ വാഹനങ്ങൾ ഉള്ളവനായും അവൻ ശുഭയുതനായി പത്താമിടത്തു നിന്നാൽ ചാമരം കുട മുതലായ രാജചിഹ്നങ്ങൾ ഉള്ളവനായും ഭവിക്കും.

മൂ— സുഖേശവരകേന്ദ്രഗതേതദീശേ
ലഗ്നസ്ഥിതേവാഹനയോഗവന്തം

൧൨

കർമ്മേശപോലാഭഗേതേതദീശേ
കർമ്മസ്ഥിതേഭ്രഷ്ടനഷ്ടാനവന്തേ. ൧൦൫

വ്യാ—നാലാംഭാവാധിപൻ കേന്ദ്രത്തിലും ആ കേന്ദ്രരാശിയുടെ അധിപൻ ലഗ്നത്തിലും നിന്നാൽ ജാതന്ന് വളരെ വാഹനങ്ങൾ ഉണ്ടായിരിക്കും. ലാഭാധിപൻ കർമ്മത്തിലും കർമ്മാധിപൻ ലാഭത്തിലും നിന്നാൽ വാഹനങ്ങളും ആഭരണങ്ങളും ഉണ്ടായിരിക്കും.

മൂ— യാനേശേലാഭരാശിസ്ഥേ സുഖേവാലാഭഗേക്രമേ
അഥവാഭേമരാശിസ്ഥേ രാജ്യപ്രാപ്തിർന്നസംശയഃ. ൧൦൬

വ്യാ—നാലാംഭാവാധിപൻ ൧൧-ലോ കുജക്ഷേത്രത്തിലോ നിൽക്കയും അതുപോലെ കുജൻ നാലിലോ പതിനൊന്നിലോ നിന്നാലും രാജ്യപ്രാപ്തിയുണ്ടാകും.

മൂ—ലഗ്നാദ്വാഹനരാശിഗസ്തദധിപസ്തദ്ദീക്ഷ്യകാശ്രയ
സ്വോച്ചസ്വർക്ഷസുഹൃൽഗ്രഹേഷ്വബലിനഃകേന്ദ്രത്രികോണാശ്രയഗഃ
ദീർഘായുശ്ശയനാം ബരാശനബഹുക്ഷേത്രാണിസന്മന്ദിരം
ബന്ധുസ്നേഹമനോജ്ഞവാഹനയശസ്സൗഖ്യാനികുവ്വന്തിതേ. ൧൦൭

വ്യാ—ലഗ്നാൽ നാലാംഭാവാധിപൻ നാലാമിടത്തു നിൽക്കയും നോക്കുകയും ചെയ്യുന്നവൻ ഈ മൂന്നുപേക്കും ഉച്ചം സ്വക്ഷേത്രം ഇത്യാദി ഉണ്ടാകയോ ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിൽ നിൽക്കയോ ചെയ്താൽ ദീർഘായുസ്സും ശയനഭക്ഷണസുഖങ്ങളും ഭൂമിയും നല്ല ഭവനങ്ങളും ബന്ധുക്കളും കീർത്തിയും സുഖവുമുണ്ടാകും.

മൂ— സ്വോച്ചരാശിഗതശ്ചാന്ത്യഃ കേന്ദ്രകോണസമന്വിതഃ
വിദ്യാവാഹനസമ്പത്തിം കരോതിവിപുലാം ധനം. ൧൦൮

വ്യാ—ഉച്ചസ്ഥനായ ബുധൻ കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ വിദ്യയും വാഹനവും ധനവും ഉണ്ടാകും.

മൂ— ലഗ്നേശാൽസുഖനാഥതൽഭവനഗാഭാഗ്യേശഭാഗ്യസ്ഥിതാ-
ശ്ചതുരശ്ശുഭവീക്ഷിതാസ്തുബലിനഃസ്തലഗ്നസംബന്ധിനഃ
അന്യോന്യാശ്രിതവീക്ഷകാന്മദിമഹീപാലശ്രിരായുസ്സുഖീ
തേജസ്വീ ചതുരന്തയാനവിപുലശ്രീരാജചിഹ്നാങ്കിതഃ. ൧൦൯

വ്യാ—ലഗ്നാധിപനിൽനിന്ന് നാലാംഭാവാധിപൻഅവിടെ നിൽക്കുന്ന ഗൃഹം ഭാഗ്യാധിപൻ ഭാഗ്യത്തിൽ നിൽക്കുന്ന ഗൃഹം ഈ നാലുപേക്കും ബലവും ബന്ധുക്ഷേത്രാംശകവും ലഗ്നത്തിൽ ദൃഷ്ടിവിശേഷങ്ങളും ചേർന്ന് പരസ്പരം ദൃഷ്ടിയും ആശ്രയവും ചെയ്യുന്നിനാൽ

രാജാവായും ദീർഘായുസ്സായും തേജസ്സുടിയായും ചതുരംഗസേനകളും വാഹനങ്ങളും സമ്പത്തും രാജചിഹ്നങ്ങളും ഉണ്ടായിരിക്കും.

മൂ— ഗ്രഹാസ്ഥയസ്ഥാനബലാധികാശ്ചേ-
ദ്വിചിത്രരത്നാഭരണാദിയാനം
ഖേടദ്വയേവീര്യയുതേവിലഗ്നേ
തദീയപാകേസമുപൈതിസൗഖ്യം. ഫഠസ

വ്യാ—മുൻപറഞ്ഞ ഗ്രഹങ്ങളിൽ മൂന്ന ഗ്രഹങ്ങൾ സ്ഥാനബലങ്ങളോടുകൂടി നിന്നാൽ നന്നായ ആഭരണങ്ങളും ഇങ്ങനെ രണ്ടുഗ്രഹങ്ങൾ നിന്നാൽ അവരുടെ ദശാപഹാരങ്ങളിൽ സുഖവും ഉണ്ടാകും.

മൂ— ഉക്തസ്ഥാനത്രയേഷ്വേകാ ബലീവാഹനരാശിപഃ
ലഗ്നാലഗ്നേശസംബന്ധീ തദ്ദശാ വാഹനപ്രദാ. ഫ0ട

വ്യാ—ലഗ്നം നാലാമിടം ഭാഗ്യം ഇവയിൽ ഒരിടത്തു ബലമുള്ള ഒരു ഗ്രഹം നിൽക്കയും നാലാംഭാവാധിപനും ലഗ്നത്തിലും ലഗ്നാധിപനുകൂടും ഏതെങ്കിലും സംബന്ധം ഉണ്ടാകയും ചെയ്താൽ അവന്റെ ദശയിൽ വാഹനങ്ങൾ ഉണ്ടാകും.

മൂ— ചതുർത്ഥധർമ്മായധനാധിനാഥാ
വിലഗ്നസംബന്ധബലാധികാശ്ചേൽ
തദീയപാകേസമുപൈതിരാജ്യം
ക്രമേണലാഭം ധനലാഭമർത്ഥം. ഫ0ഢ

വ്യാ—നാലാംഭാവം ഭാഗ്യം ലാഭം ധനം ഇതുകളുടെ അധിപന്മാക്ക് ലഗ്നത്തിൽ സംബന്ധവും ബലവും ഉണ്ടായാൽ അവരുടെ ദശാകാലങ്ങളിൽ രാജ്യലാഭം ദ്രവ്യലാഭം മുതലായവ ഉണ്ടാകും.

മൂ— ചതുരാരസ്ഥധികബലയുതാ ദേഹസംബന്ധിനശ്ചേ-
ദേതത്സർവ്വംഭവതിവിപുലം ദുർബലാദുഃഖമാസ്സ്വൈഃ
മിശ്രംമിശ്രൈസ്സ്വനുപരിപവഃ കാരകോഭാവനാഥോ
ഭാവാക്രാന്താവിഗതബലിനശ്ചേദതിക്ലേശദാസ്തേ. ഫ0ൻ

വ്യാ—ഭാഗ്യം ലാഭം ധനം സുഖം ഇവയുടെ നാഥന്മാർ ലഗ്നത്തിൽ സംബന്ധിച്ചും ഇഷ്ടസ്ഥാനത്തു നിൽക്കയും ചെയ്താൽ ആ ഭാവഫലങ്ങൾക്കു പുഷ്ടിയും പൂർത്തിയും ഉണ്ടാകും. മിശ്രസ്ഥന്മാരായാൽ ഫലവും മിശ്രമാകും ഈ പറഞ്ഞ നാലുപേരും കാരകന്മാരും ഭാവനാഥന്മാരും ലഗ്നാധിപന്റെ ശത്രുക്കളായും അതാതുഭാവങ്ങളിൽ നിൽക്കയും ചെയ്താൽ കഷ്ടഫലത്തെ കൊടുക്കും

൩— വാഹനേശേതിനീചസ്ഥേ ദുസ്ഥാധമ്മാധിപേക്ഷിതേ
സുദുർവ്വാഹനസന്ത്രാപ്തി ശ്ചലവാഹനതാപിവാ. ൨൨൦

വ്യാ — നാലാംഭാവാധിപൻ അതിനീചനായി അനിഷ്ടസ്ഥാനത്തു ഭാഗ്യാധിപന്റെ ദൃഷ്ടിയോടുകൂടിനിന്നാൽ കുത്സിതവാഹനങ്ങളൊ അസ്ഥിരങ്ങളായ വാഹനങ്ങളൊ ഉണ്ടാകും.

൩— ധമ്മകമ്മവിലഗ്നസ്ഥാ സ്തുംഗോപഗശുഭഗ്രഹാഃ
ലഗ്നാധിപേന സംദൃഷ്ടാ യാനാന്തേദുഃഖമാപ്നുയാൽ. ൨൨൧

വ്യാ—ലഗ്നം ൯-൧൦ ഈ ഭാവങ്ങളിൽ ഉച്ചബലവും ലഗ്നാധിപദൃഷ്ടിയും ഉള്ള ശുഭഗ്രഹങ്ങൾ നിന്നാൽ വാഹനംനിമിത്തമുള്ള ദുഃഖം ഉണ്ടാകും.

൩— ജീവേവാസുഖപേശുഭഗ്രഹയുതേ ലഗ്നാത്തുപസ്ഥാനഗേ
സൌമ്യർക്ഷേനരവാഹനംചിരതരം രാജ്യപ്രതാപാന്വിതഃ
ദൃഷ്ടപാപയുതേതുനീചരിപുഗേയാനാദിഭാഗ്യംനഹി
സ്വർക്ഷേസവ്വബലാധികേ ചിരതരഞ്ചൊന്തോളികാരോഹണം.

വ്യാ—സുഖാധിപനൊ ഗുരുവൊ ലഗ്നാൽ ഒൻപതാമിടത്തു ശുഭനോടുകൂടി ശുഭക്ഷേത്രത്തിൽ നിന്നാൽ വളരെക്കാലം രാജതുല്യനായിട്ട് നരവാഹനങ്ങളെ ലഭിക്കും. അവർതന്നൊ പാപനോടുകൂടിഅനിഷ്ടസ്ഥാനങ്ങളിൽ നീചം ശത്രുക്ഷേത്രം ഇവയോടുകൂടി നിന്നാൽ വാഹനസുഖം ഇല്ലാത്തവനായും എല്ലാ ബലങ്ങളും തികഞ്ഞു സ്വക്ഷേത്രത്തിൽനിന്നാൽ അന്തോളം മുതലായ വാഹനങ്ങളിൽ കയറുന്നവനായും ഭവിക്കും.

൩— ബന്ധുധമ്മഗൃഹാധീശൌ ലാഭസ്ഥാനഗതേക്ഷിതൌ
ബലവന്തൌയദിസ്യാതാം സവ്വഭാഗ്യഫലപ്രദൌ. ൨൨൨

വ്യാ—ബലത്തോടുകൂടിയ സുഖാധിപനൊ ഭാഗ്യാധിപനൊ ലാഭത്തിൽ നില്ക്കയോ നോക്കുകയോ ചെയ്താൽ ഭാഗ്യപൂർത്തിയുള്ളവനായി ഭവിക്കും.

൩— ലാഭസ്ഥൌസുഖഭാഗ്യേശൌ പശ്യന്തൌവാസുഖസ്ഥലം
വാഹനീസവ്വഭാഗ്യാഢ്യോ രാജപ്രീതികരോഭവേൽ. ൨൨൩

വ്യാ—സുഖാധിപനും ഭാഗ്യാധിപനും ലാഭത്തിൽ നിൽക്കയോ നാലാമിടത്തു നോക്കുകയോ ചെയ്താൽ ഭാഗ്യവും വാഹനവും രാജപ്രീതിയും ഉള്ളവനായി ഭവിക്കും.

൩— ധമ്മവാഹനരാശീശൌ ലഗ്നസംബന്ധിനൌയദി
ജീവദൃഷ്ടിയുതൌതസ്യ രാജ്യവാഹ്യാദിദുഷ്കരം ൨൨൪

വ്യാ—സുഖാധിപനും ഭാഗ്യാധിപനും ലഗ്നത്തിൽ ബന്ധം ഇ-
. ണ്ടാകയും ഗുരുദൃഷ്ടിഉണ്ടാകയും ചെയ്താൽ രാജപ്രീതിയും ആഭരണങ്ങ-
ളും ഉള്ളവനായും ഭവിക്കും.

മൂ— ശുഭവാഹനരാശീശൌ ശുഭഖേചരസംയുതൌ
ബഹുസൈന്യാധിപശ്ശ്രീമാൻ ബഹിനൈയദ്ദിമാനവഃ ൧൭൯

വ്യാ—രു ൻ ഇവയുടെ നാഥന്മാർ ബലവാന്മാരായും ശുഭയോ-
ഗം ഉള്ളവരായും നിന്നാൽ സേനകളും സമ്പത്തും ഉള്ളവനായി ഭ-
വിക്കും.

മൂ— ഭാഗ്യസ്ഥിതേവാഹനരാശിനാഥേ
സശുക്രജീവേശുഭഖേടരാശൌ
ഭാഗ്യാധിചകോണചതുഷ്ടയേവാ
ബഹുതപദേശാഭരണാത്മയാനം. ൧൮൦

വ്യാ—നാലാംഭാവാധിപൻ ഗുരുശുക്രന്മാരോടുകൂടി ശുഭക്ഷേത്ര-
മായ ൻ-ലും ഭാഗ്യാധിപൻ കേന്ദ്രത്രികോണങ്ങളിലും നിന്നാൽ ആഭര-
ണങ്ങളും വാഹനങ്ങളും ദേശാധിപത്യവും ഉണ്ടായിരിക്കും.

മൂ— കാമാരിയാനസഹജ തപോലഗാവ്യയേശ്വരാഃ
സുഖാധിപേനസംയുക്ത സ്തൽസംസ്ഥൌകരദേശഭാക്. ൧൮൧

വ്യാ—ലഗ്നം ന-രു-സ-ഭ-ൻ-ഫ ഇതുകളുടെ നാഥന്മാർ അ-
രെങ്കിലും നാലാംഭാവാധിപനോടുകൂടിയാൽ വളരെ ഭൂമികൾക്കും ദേശ-
ങ്ങൾക്കും നാഥനാകും.

മൂ— സുഖാധിപോഭേവ ഗുരുസ്സിതോവാ
ബലീവിലഗ്നാന്നവമോപയാതഃ
ത്രികോണകേന്ദ്രോചഗതശ്ശുഭേശേ
സ്സമേതിജ്ഞാതോബഹുവാഹനാനി. ൧൮൨

വ്യാ—നാലാംഭാവാധിപൻ ഗുരു ശുക്രൻ ഇവർ ആരെങ്കിലും
ബലത്തോടുകൂടി ലഗ്നാൽ ഒൻപതിലും ഒൻപതാംഭാവാധിപൻ കേ-
ന്ദ്രത്രികോണങ്ങളിലും നിന്നാൽ വളരെ വാഹനങ്ങൾ ഉണ്ടായിരിക്കും.

മൂ— സശുക്രജീവോഗേഹേശോ ഭാഗ്യസ്ഥോഭാഗ്യപേസുഖേ
കേന്ദ്രത്രികോണയോർവ്വാപി ബഹുവാഹനദേഹഭാക്. ൧൮൩

വ്യാ—നാലാംഭാവാധിപൻ ഗുരുശുക്രന്മാരോടുകൂടി ഭാഗ്യത്തിലും
ഭാഗ്യാധിപൻ നാലിലൊ അല്ലെങ്കിൽ കേന്ദ്രത്രികോണങ്ങളിലൊ നി-
ല്ക്കയുംചെയ്താൽ വാഹനങ്ങളും നല്ല ദേഹവും ഉള്ളവനായിഭവിക്കും.

മൂ— ലഗ്നകേന്ദ്രസ്ഥിതേസൌമ്യേ ധർമ്മേതുംഗഗൃഹാശ്രിതേ
ധനോശേകേന്ദ്രഭാവസ്ഥ യോഗസ്സിംഹാസനപ്രദഃ. ൧൨൯

വ്യാ—ബുധൻ ലഗ്നത്തിലൊ കേന്ദ്രത്തിലൊ നില്ക്കയും ഏതെങ്കിലും ഒരു ഗ്രഹം ഒൻപതാമിടത്തു ഉച്ചത്തിൽ നില്ക്കയും ധനാധിപൻ കേന്ദ്രത്തിൽ നില്ക്കയും ചെയ്താൽ സിംഹാസനയോഗമാകുന്നു.

മൂ— ഭാഗ്യേശുഭേക്ഷിതേകേന്ദ്രേ ശുഭൈസ്സ്വാധനാധിപേ
ഉച്ചഗ്രഹോദിതീയസ്ഥ ജന്മ സിംഹാസനപ്രദം. ൧൩൦

വ്യാ—ഒൻപതാമിടത്തു ശുഭദൃഷ്ടിയും കേന്ദ്രത്തിൽ നില്ക്കുന്ന ധനാധിപനു ശുഭയോഗവും ധനാഭാവത്തിൽ ഉച്ചസ്ഥനായ ഒരു ഗ്രഹവും നിന്നാൽ സിംഹാസനപ്രാപ്തിയുണ്ടാകും.

മൂ— ലഗ്നാധാനഭാഗ്യേശാഃ കർമ്മസ്ഥാഃകർമ്മപസ്തഥൌ
ലഗ്നംപശ്യതിവാഖേടോ യോഗസ്സിംഹാസനപ്രദഃ. ൧൩൧

വ്യാ—ലഗ്നത്തിന്റെയും ഭാഗ്യത്തിന്റെയും സുഖത്തിന്റെയും അധിപന്മാർ കർമ്മത്തിലും കർമ്മാധിപൻ ലഗ്നത്തിലും ലഗ്നത്തിൽ ഒരു ഗ്രഹത്തിന്റെ ദൃഷ്ടിയും ഉണ്ടായാൽ സിംഹാസനയോഗമാകുന്നു.

മൂ— കർമ്മലഗ്നശുഭാധീശാഃ കേന്ദ്രകോണായഗായദ്വി
അനേകയാനസംയുക്തോ മണ്ഡലാധിപതിർഭവേൽ. ൧൩൨

വ്യാ—ലഗ്നം ൧൦-ൻ ഇതുകളുടെ അധിപന്മാർ കേന്ദ്രത്രികോണലാഭങ്ങളിലായി നിന്നാൽ വളരെ വാഹനങ്ങൾ ഉള്ള രാജാവാകും.

മൂ— യാനേശ കർമ്മോപഗതൌബലിഷ്ഠൌ
ധർമ്മേശദൃഷ്ടൌയദിതദ്ഗതൌവാ
പരസ്പരക്ഷേത്രസമാഗതൌവാ
സിംഹാസനപ്രാപ്തികരൌഭവേതാം. ൧൩൩

വ്യാ—നാലാംഭാവാധിപനും കർമ്മത്തിൽ നിൽക്കുന്ന ഗ്രഹവും ബലത്തോടുകൂടി ഭാഗ്യാധിപന്റെ ദൃഷ്ടിയോ യോഗമോ വേണ്ട പരസ്പരം ക്ഷേത്രങ്ങളിൽ നിൽക്കയും ചെയ്താൽ സിംഹാസനയോഗമുണ്ടാകും.

മൂ— തദ്ദശാന്തർദശാകാലേ തദ്രാശിപദശാഗമേ
തദീശഭുക്തിസന്ധ്യാപ്തൌ സിംഹാസനപതിർഭവേൽ. ൧൩൪

വ്യാ—മുൻപറഞ്ഞവരുടെ ദശയിലും അപഹാരങ്ങളിലും സിംഹാസനപ്രാപ്തിയുണ്ടാകും.

മൂ— സുഖോദയസ്യാശു സുഖപ്രദസ്യാതു
ശുഭാധിപോലഗ്നഗതഃശുഭർക്ഷേ
അതീവസൌഖ്യംസമുപൈതിനിത്യം
സപത്നഭാവേതനയദ്വിശത്രുഭാഗ്യം. ഫവ൩

വ്യാ—ലഗ്നത്തിന്റെയും നാലിന്റെയും അധിപന്മാർ നാലിലും ഭാഗ്യാധിപൻ ശുഭരാശിയായ ലഗ്നത്തിലും നിന്നാൽ എന്നും സുഖാനുഭവമുണ്ടായിരിക്കും. ഭാഗ്യാധിപൻ ആറാമിടത്തു നിന്നാൽ ശത്രുക്കളിൽനിന്നു ഭാഗ്യമുണ്ടാകും.

മൂ— സപത്നഭാവാധിപതേതപസ്ഥേ
ശുഭൈരദൃഷ്ടേശുഭസംയുതേവാ
സ്വകീയഭാഗ്യാദികമല്പകാലം
ദദാതിശത്രുഃസുഖനാഥദായേ. ഫവ൪

വ്യാ—ബലവാനായ ഷഷ്ഠാധിപൻ ശുഭദൃഷ്ടി ഇല്ലാതെ ഭാഗ്യത്തിൽ നിന്നാൽ നാലാംഭാവാധിപന്റെ ദശാപഹാരകാലങ്ങളിൽ ശത്രുവിനു അല്പമായ ഭാഗ്യമുണ്ടാകും.

മൂ— സുഖാധിപേശോഭനഖേടയുക്തേ
തദീയപാകാന്തമരാതിഗംതൽ
പാപാന്വിതേതസ്യദശാവസാനേ
പുനസ്സ്വഭാഗ്യംസമുപൈതിസർവ്വം. ഫവ൯

വ്യാ—മേൽപ്പറഞ്ഞ യോഗത്തിൽ നാലാംഭാവാധിപനു ശുഭയോഗമുണ്ടായാൽ അവന്റെ ദശാകാലം മുഴുവനും തന്റെ ഭാഗ്യം ശത്രുക്കളിലാകുകയും പാപനോടു കൂടിയാൽ ആ ദശാവസാനത്തിൽ വീണ്ടും തനിക്കുതന്നെ ലഭിയ്ക്കയും ചെയ്യും.

മൂ— ക്ഷേത്രസ്ഥാനേശുഭക്ഷേത്രേ തദീശേശുഭസംയുതേ
തല്ലാരകേതഥാപ്രാപ്തേ ബഹുക്ഷേത്രധനാധിപഃ. ഫന൦

വ്യാ—ശുഭക്ഷേത്രം നാലാംഭാവമാകയും നാലാംഭാവാധിപൻ ആ ഭാവത്തിന്റെ കാരകനും ശുഭയോഗം ഉണ്ടായാൽ വളരെ ഭൂമിയും ധനവും ഉണ്ടാകും.

മൂ— ക്ഷേത്രേശരാശ്യംശസപത്നഭാഗേ
കാലാഗ്നിശൂലായുധകഷ്ടിഭാഗേ
പാപാന്വിതേപാപസമന്വിതേവാ
ക്ഷേത്രാദിനാശംകഥയന്തിതജ്ഞാഃ. ഫന൧

വ്യാ—നാലാംഭാവാധിപൻ നീചം ശത്രുക്ഷേത്രം മുതലായവ
യിൽ നിൽക്കയോ അസ്തംഗതനാകയോ ചെയ്കയും ഷഷ്ഠാംശകളിൽ
കാലാംശം അഗ്നിയംശം മുതലായ ക്രൂരാംശകങ്ങളും പാപയോഗദൃഷ്ടി
കളും ഉണ്ടായാൽ ഭൂനിക്കും വാഹനങ്ങൾക്കും ധനത്തിനും നാശമു
ണ്ടാകും.

മൂ— ലഗ്നസ്ഥിതസ്യഗൃഹഗോയദിശത്രുഖേട
സ്തല്പാകൃതിസമയേഗൃഹഭൂമിനാശം
യാനേശഭുക്തിസമയേനിജബന്ധുഹാനി-
ശ്ശന്യാരമാന്ദിയുതഭുക്തിരനർത്ഥഹേതുഃ. ഫനു൨

വ്യാ—ലഗ്നത്തിൽ നിൽക്കുന്ന ഗ്രഹത്തിന്റെ ക്ഷേത്രത്തിൽ ഭാ
വന്റെ ശത്രുഗൃഹം വന്നാൽ ലഗ്നസ്ഥിതനായ ഗ്രഹത്തിന്റെ ദശ
യിൽ ഭൂമിനാശവും നാലാംഭാവാധിപന്റെ അപഹാരകാലത്തിൽ
ബന്ധുനാശവും ശനി കുജൻ രവി ഇവരോടുകൂടിയ ഗ്രഹങ്ങള
ുടെ അപഹാരകാലങ്ങളിൽ സർവ്വനാശവും ഭവിക്കും.

മൂ— വിത്തേശസ്സുസുഖാധിപോനാവമഗസ്സുഭ്യാന്വിതസ്സുഭ്യഗോ
നിക്ഷേപംസമുപൈതിലാഭധനപൗപാതാളരാശിസ്ഥിതൗ
തന്നാഥശ്ശുഭരാശിഗശ്ശുഭയുതോനിക്ഷേപസിദ്ധിർഭവേ-
ല്ലാഭേശസ്സുഖരാശിഗശ്ശുഭയുതോനിക്ഷേപസിദ്ധിപ്രദഃ. ഫനു൨

വ്യാ—നാലാംഭാവാധിപനോടും ശുഭഗ്രഹത്തോടുംകൂടി ശുഭാം
ശകം ചെയ്തുകൊണ്ട് ധനാധിപൻ ഭാഗ്യത്തിൽ നിൽക്കുക, ധനാധി
പനും സുഖാധിപനുംകൂടി നാലാമിടത്തു നിൽക്കുക, സുഖാധിപൻ
ശുഭനോടുകൂടി നാലാമിടത്തു നിൽക്കുക, ഇതൊക്കയും നിക്ഷേ
പസിദ്ധിയോഗങ്ങളാകുന്നു. (നിധികിട്ടുവാനുള്ള യോഗമെന്നർത്ഥം.)

മൂ— അർത്ഥവ്യയഗൃഹാധീശ നാശഗാഃപാപസംയുതാഃ
യാവത്തദിശുഭൈർമുക്താ സ്താവൽഗേഹാലസപ്രദാഃ. ഫനു൨

വ്യാ—൨-൧൨-ഫ൨ ഇതുകളുടെ അധിപന്മാർ ഏതു പാപന്മാരോ
ടുകൂടിയാണോ അഷ്ടമത്തിൽ നിൽക്കുന്നത് അതുയും ഭവനങ്ങൾ ന
ശിക്കും.

മൂ— പാപഗേഹേപാപദൃഷ്ടേ സുഖേഗേഹസുഖാർത്തിഭാക്
നീചേരാശൗകുജേക്ഷേവാ സുഖേസ്യാദഗൃഹോനരഃ. ഫനു൪

വ്യാ—നാലാംഭാവം പാപക്ഷേത്രമായും പാപദൃഷ്ടമായും ഇരു
ന്നാൽ ഗൃഹത്തിനും സുഖത്തിനും പീഡയുണ്ടാവും. കുജനോ സൂര്യ

നോ നീചം ശത്രുക്ഷേത്രം ഇവയുണ്ടായാൽ ജാതൻ ഭവനമില്ലാത്തവനാകും.

മൂ— നീചേസ്ഥഗേവാഗേഹസ്ഥേ ക്രൂപാംബ്വാദ്യൈഃപതിഷ്യതി
സുഖേപാപേപാപഭാക്ക്ച്ചാൽ സുഖേമന്ദേസുഖക്ഷയഃ. ഫനസ

വ്യാ — നാലാമിടത്തുനിൽക്കുന്ന ഗ്രഹത്തിനു നീചമോ മൌഢ്യമൊ ഉണ്ടായാൽ ജാതൻ കിണറ് കുളം മുതലായവയിൽ വീഴും. നാലാമിടത്തു പാപൻ നിന്നാൽ പാപിയായും ശനിനിന്നാൽ സുഖമില്ലാത്തവനായും ഭവിക്കും.

മൂ— സുഖേശോവ്യയഗോലഗ്നാ ദന്യഗേഹോന്യദേശഗഃ
രന്ധ്രസ്ഥാന്ദ്യഭാവോവാ ഷഷ്ഠേഷ്ടഞ്ജാത്യാദിസൽഗൃഹഃ. ഫനഒ

വ്യാ —നാലാംഭാവാധിപൻ ലഗ്നാൽ പന്ത്രണ്ടിൽ നിന്നാൽ ജാതൻ അന്യദേശങ്ങളിലും അന്യഭവനങ്ങളിലും താമസിക്കുന്നവനായും അഷ്ടമത്തിൽ നിന്നാൽ ഭവനം മുതലായവ ഇല്ലാത്തവനായും ഷഷ്ഠഭാവത്തിൽ നിന്നാൽ ബന്ധുഭവനങ്ങളിൽ താമസിക്കുന്നവനായും ഭവിക്കും.

മൂ— അയത്നതോമന്ദിരലാഭേസ്സ്വാ
ച്ചതുർത്ഥപസ്ഥത്രബലാധികോവാ
ദുസ്ഥാനഗോദുഷ്ടബലാധികശ്ചേ
ദ്ബലസ്യഗേഹംസമുദാഹരന്തി. ഫനഫ

വ്യാ—നാലാംഭാവാധിപൻ നാലാമിടത്തു പൂർണ്ണബലവാനായി നിന്നാൽ പ്രയത്നം കൂടാതെ ഭവനലാഭമുണ്ടാകും. അവൻ അനിഷ്ടസ്ഥാനത്തു നഷ്ടബലനായി നിന്നാൽ ഭവനത്തിനു ശ്രുചിത്വമില്ലായ്മയും നാശമുള്ളതായുമിരിക്കും.

മൂ— ഷഡംത്രിവ്യയാഷ്ടമോപേതാ വ്യയവിത്തഗൃഹാധിപാഃ
യാവല്പാപസമോപേതാ സ്തദാവൽഗൃഹവിനാശകാഃ. ഫനൻ

വ്യാ—ഒ-ര-ഫ ഇവ ഭാവാധിപന്മാർ ന-ന-ഠ-ഫ ഇവ ഭാവങ്ങളിൽ പൂർണ്ണ പാപന്മാരോടുകൂടി നിൽക്കുന്നുവൊ അതുയും ഭവനങ്ങൾക്കു നാശം പറയണം.

മൂ— ലഗ്നാത്രികോണകേന്ദ്രസ്ഥാ യാവൽബലസമന്വിതാഃ
താവത്സംപ്രാപ്തഗേഹാനാം സാമീചീന്യംവദേൽബുധഃ. ഫര൦

വ്യാ—ലഗ്നം കേന്ദ്രം ത്രികോണം ഇവയിൽ ബലവാന്മാരായി പൂർണ്ണ ഗ്രഹങ്ങൾ നില്പുണ്ടൊ അതുയും ഭവനങ്ങളും ഉണ്ടായിരിക്കും.

മൂ— ചതുർത്ഥഭാവാധിപതൊവിലഗ്നാ
ദന്ത്യസ്ഥിതേജീർണ്ണഗൃഹംസമേതി
ത്രികോണകേന്ദ്രോപഗതേബലാഢ്യേ
വിചിത്രമാഢ്യത്വനംനവഞ്ച. ൧൬൮

വ്യാ—നാലാംഭാവാധിപൻ ലഗ്നാൽ പന്ത്രണ്ടിൽ നിന്നാൽ ജാതന്നു ജീർണ്ണ (പഴയ) ഭവനവും അവൻ ബലവാനായി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ വിചിത്രമായും പുത്തനായുമുള്ള ഭവനവും ഉണ്ടായിരിക്കും.

മൂ— തൃതീയേസൌമ്യസംയുക്തേഗൃഹേരാശൌബലസംയുതേ
ഗോപുരാട്ടാംശകേവാപിസമേതിദൃഢമന്ദിരം. ൧൬൯

വ്യാ—മൂന്നാമിടത്തു ശുഭഗ്രഹം നിൽക്കയും ബലവാനായ നാലാംഭാവാധിപന്നു ഗോപുരാംശം മുതലായ അംശകങ്ങളുണ്ടാകയും ചെയ്താൽ ദൃഢമായ ഭവനമുണ്ടായിരിക്കും. (വളരെ ഉറപ്പുള്ള ഭവനമെന്നർത്ഥം)

മൂ— അജ്ഞാശ്രയക്ഷേത്രവിനാശമാഢ്യ
രാജ്ഞേശരേഗേഹഗതേസപാപേ
ക്രൂരാംശകേമൃത്യുകരാങ്ഗിഭാഗേ
രന്ധ്രേശരേണാപിയുതേതഥൈവ. ൧൭൦

വ്യാ—പത്താം ഭാവാധിപൻ പാപനോടുകൂടി നാലാമിടത്തു നിന്നാൽ ആജ്ഞ, ആശ്രയം, കർമ്മം, ക്ഷേത്രം ഇവകൾക്കു നാശം ഭവിക്കും. അതുപോലെ അവൻ ക്രൂരഷഷ്ട്യാംശകത്തോടും അഷ്ടമാധിപനോടും കൂടിയാലും ഫലം ഇങ്ങനെതന്നെ.

മൂ— തൃതീയേസൌമ്യസംയുക്തേ ഗേഹേശേസുബലാന്വിതേ
ലഗ്നേശേബലസമ്പൂർണ്ണേ ഹർമ്മ്യപ്രാകാരസംയുതം. ൧൭൧

വ്യാ—മൂന്നാമിടത്തു ശുഭഗ്രഹം നിൽക്കയും നാലാംഭാവാധിപനും ലഗ്നാധിപനും ബലമുണ്ടായിരിക്കയും ചെയ്താൽ വലിയ മാളികകളും മതിലുകളും ഉള്ള ഭവനം ഉള്ളവനായിരിക്കും.

മൂ— പാരാവതാംശകേഗേഹനാഥേജീവേന്ദുവീക്ഷിതേ
ഗോപുരാട്ടാംശകേപാപി ദൈവികഗൃഹമാദിശേൽ. ൧൭൨

വ്യ—നാലാംഭാവാധിപൻ ഗുരുചന്ദ്രദൃഷ്ടനായി പാരാവതാംശകം ഗോപുരാംശകം മുതലായതോടുകൂടി നിന്നാൽ ദേവയോഗ്യമായ ഭവനങ്ങളുണ്ടായിരിക്കും.

—*—

# പതിമൂന്നാം അദ്ധ്യായം.

—:*:—

മൂ— പുത്രാദ്ദേവമഹീപപുത്രപിതൃധീപുണ്യാനിനഞ്ചിന്തയേ-
ദ്ദ്വാത്രാമസ്ഥതപസകർമ്മഭവനൈർദ്ദൂരാടനംരിഷഥഃ
ലഗ്നാൽബന്ധുദിനേശതഃപിതൃസുഖംജീവാത്മജസ്ഥാനതഃ
പുത്രപ്രാപ്തിരനംഗവിത്തവസിതൈസ്ത്രീസമ്പദശ്ചിന്തയേൽ. ൧

വ്യാ—അഞ്ചാമിടംകൊണ്ടു ദേവൻ രാജാവു പുത്രൻ പിതാവു (പിതാമഹൻ) ബുദ്ധി പുണ്യം ഇവയെ ചിന്തിക്കണം. ൧-൫-൯-൩ ഈ ഭാവങ്ങളെംക്കൊണ്ടു ലോകയാത്രയെയും പന്ത്രണ്ടാമിടം കൊണ്ടു ദൂരദേശഗമനത്തെയും വിചാരിക്കണം. നാലാമിടംകൊണ്ടും അതി ന്യനെക്കൊണ്ടും പിതാവിന്റെ സുഖാസുഖങ്ങളെയും അഞ്ചാമിടംകൊ ണ്ടും വ്യാഴത്തെക്കൊണ്ടും (വ്യാഴത്തിന്റെ അഞ്ചു ഒൻപതു ഈ ഭാവ ങ്ങൾകൊണ്ടും) പുത്രപ്രാപ്തിയേയും ഏഴാംഭാവം ൨-ാംഭാവാധിപൻ ശുക്രൻ ഇവരെക്കൊണ്ടും സ്ത്രീ (ഭാര്യാ) സമ്പത്തിനേയും നിരൂപി ക്കണം.

മൂ— ലഗ്നാദാത്മനിപുംഗ്രഹേക്ഷിതയുതേപുംദേവതാരാധനം
യുഗ്മേശുക്രനിശാകരേക്ഷിതയുതേസ്ത്രീദേവതാസിദ്ധ്യതി.
ഭാനൌഭാസ്സുതമുഖ്യമിന്ദുസിതയോർഗ്രഹീംകുമാരംകുജേ
വിഷ്ണുഞ്ചന്ദ്രസുതേഗുരൌശശിധരംശുക്രാദിയോഗേപരാൻ. ൨

വ്യാ—ലഗ്നാൽ അഞ്ചാമിടത്തു പുരുഷഗ്രഹങ്ങളുടെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ ജാതൻ പുരുഷദേവതകളെ പൂജിക്കുന്നവെന്നും അവിടം യുഗ്മരാശിയായും ചന്ദ്രനും ശുക്രനും യോഗദൃഷ്ടികൾ ചെയ്യു ന്നവെങ്കിൽ സ്ത്രീദേവതയാണെന്നും സൂര്യയോഗദൃഷ്ട്യാദികളെങ്കിൽ ആദിത്യൻ മുതലായ ദേവന്മാരെയാണെന്നും ചന്ദ്രശുക്രസംബന്ധം ഉ ണ്ടായാൽ ദുർഗ്ഗാദികളെയാണെന്നും ചൊവ്വാ നില്ക്കയോ നോക്കുകയോ ചെയ്യുന്നവെങ്കിൽ സുബ്രഹ്മണ്യനാണെന്നും ബുധബന്ധമാണെ ങ്കിൽ വിഷ്ണുവിനെയാണെന്നും വ്യാഴബന്ധമുണ്ടായാൽ ശിവനെയാ ണെന്നും ശനി മുതലായ ബന്ധമുണ്ടായാൽ അവസ്ഥാനുസരണം മറ്റു ദേവന്മാരെയും പറയണം (വ്യാഴത്തിനു വിഷ്ണുവെന്നും ശിവനെന്നും പരബ്രഹ്മമെന്നും മതാന്തരമുണ്ട്.)

മൂ— ലഗ്നാധിപസ്യാത്മപതൌസപത്നേ
തദ്ദേവഭക്തിസ്സുഖനാശിനീസ്യാൽ

സമാനതാസ്വന്യതരേസുഹൃത്തേ
തദ്ദേവതാപാരകൃപാമുപൈതി. ന

വ്യാ—അഞ്ചാം ഭാവാധിപൻ ലഗ്നാധിപന്റെ ശത്രുവാണെങ്കിൽ അംവന പറഞ്ഞിട്ടുള്ള ദേവതാപൂജനം സുഖനാശത്തെചെയ്യും. ലഗ്നപഞ്ചാധിപന്മാർ സമന്മാരാണെങ്കിൽ ഫലം തുല്യമായും ബന്ധുക്കളാണെങ്കിൽ ആ ദേവതയുടെ അപാരമായ കൃപയുണ്ടാകയും ചെയ്യും.

മൂ— രാജസ്ഥാനേബുധഗുരുസിതൈരീക്ഷിതേസംയുതേവാ
തദ്രാശീശേബലവതിനൃപപ്രീതിസമ്പത്തിമേതി
പാപാക്രാന്തേവിഗതബലിനീസ്വാമിനീക്ഷേഭാഗേ
ജാതോവിദ്യാവിനയഗുണധീരാജസമ്മാനഹീനഃ. ര

വ്യാ—അഞ്ചാംഭാവത്തിൽ ബുധൻ വ്യാഴം ശുക്രൻ ഇവർ നോക്കുകയും നിൽക്കയും ചെയ്താൽ അഞ്ചാംഭാവാധിപൻ ബലവാനായിരിക്കയും ചെയ്താൽ രാജപ്രീതി ഹേതുവായിട്ടുള്ള സമ്പത്തുകളുണ്ടാകും. പഞ്ചമാധിപൻ ദുർബലനും അവിടെ പാപയോഗവും അധിപഗ്രഹത്തിനു ക്രൂരാംശകങ്ങളുമുണ്ടായാൽ ജാതൻ വിദ്യയും വിനയവും രാജപ്രീതിയുമില്ലാത്തവനായും ഭവിക്കും.

മൂ— ലഗ്നേയാനവപതൌ സുഖേതനൂപതൌ ദൃഷ്ടേഥവാ ഖേചരൈ
സ്സംയുക്തേചചതുഷ്പദസ്യ ജനനം രാഹ്വാദ്യജാഭ്യാമജൈഃ
ഗോജന്മാഥസിതേന്ദുഭിശ്ചമഹിഷീ മന്ദേനദൃഷ്ടേയുതേ
ജാതഃ പാപപുരസ്സരം തനുപതിർമാനേചിരം ഭോഗിരാൾ. ഭ

വ്യാ—ലഗ്നാധിപൻ നാലിലും നാലാംഭാവാധിപൻ ലഗ്നത്തിലും നിൽക്കുമ്പോൾ അവിടെ അന്യഗ്രഹയോഗദൃഷ്ടികൾ ഉണ്ടായാൽ അപ്പോൾ ജനിച്ചതു ചതുഷ്പാത്തുകളിൽ ഏതെങ്കിലും ഒന്നാണെന്നു പറയുക. രാഹ്വാദികേതുക്കളുടെ യോഗദൃഷ്ടികളാണെങ്കിൽ അജത്തിന്റെയും ചന്ദ്രഗുരുശുക്രന്മാരുടെ യോഗദൃഷ്ടികളായാൽ പശുവൃഷഭാദിയുടേയും ശനിയുടെ യോഗദൃഷ്ടികളായാൽ മഹിഷത്തിന്റെയും ലഗ്നാധിപൻ പാപനോടുകൂടിപ്പുത്താമിടത്തു നിന്നാൽ വളരെക്കാലമായി സർപ്പത്തിന്റെ ജനനമെന്നും പറയണം.

മൂ— വിത്തസ്ഥൌപഞ്ചമയാനനാഥൌ
പാപേക്ഷിതൌപാപസമന്വിതൌവാ
പുംസസ്ത്രിഭാഗേപുരുഷഗ്രഹേന്ദ്രേ
ജാതാഃകപിക്രോഷ്ടുവിലാളകാദ്യാഃ. ന

വ്യാ—നാലാംഭാവാധിപനും അഞ്ചാംഭാവാധിപനുംകൂടി രണ്ടി ലും ഏഴിലുമായി പാപയോഗദൃഷ്ട്യാദികളോടുകൂടി നിൽക്കയും പുരുഷ ദ്രേക്കാണത്തിൽ പുരുഷഗ്രഹം നിൽക്കയും ചെയ്താൽ കപി (കുരങ്ങ്) ക്രോഷ്ടാവു (കുറുക്കൻ) പന്നി, വിലാളം (പൂച്ച) ഇതുകൾ ജനിക്കും.

മൂ— തസ്മിൻമന്ദയുതേക്ഷിതേതുജനനംപിണ്ഡാകൃതേവ്വാക്പതി-
സ്സാഹിർദ്ദുർബ്ബലവീക്ഷിതോയദിമഹാദേവാനപായേനീചകൃൽ
ഏകസ്ഥാഗ്രുരാഹുഭാനുതനയാശുക്രേന്ദുപൂത്രേക്ഷിതാ
ശുദ്ധോപിദ്വിജതാമുപൈതിനിഖിലാംവിദ്യാംസഹ്ലദ്യാംപഠേൽ.

വ്യാ—മുൻ ശ്ലോകപ്രകാരം പുരുഷദ്രേക്കാണത്തിൽ നിൽക്കുന്ന പുരുഷഗ്രഹത്തിനു ശനിയുടെയോഗമോദൃഷ്ടിയൊ ഉണ്ടായാൽ പിണ്ഡാകൃതിയായ പ്രജയും വ്യാഴം രാഹുവിനോടുകൂടി ബലഹീനനായ ഗ്രഹത്തിന്റെ ദൃഷ്ടി ചേർന്നുനിന്നാൽ ബ്രാഹ്മണനായിരുന്നാലും നീചകർമ്മിയായി ഭവിക്കും. ബുധശുക്രന്മാരുടെ ദൃഷ്ടിയോടുകൂടി ഗുരു മന്ദരാഹുക്കൾ ഒരുമിച്ചുനിന്നാൽ ശൂദ്രനായിരുന്നാലും ബ്രാഹ്മണത്വം സ്വീകരിച്ച് തത്തുല്യനായി ഭവിക്കും. ബ്രാഹ്മണനായിരുന്നാൽ സകല വിദ്യയിലും സമർത്ഥനായി ഭവിക്കും.

ഹോരായാം.

മൂ— ലഗ്നാൽപുത്രകളത്രഭേശുഭേപതിപ്രാപ്തേഥവാലോകിതേ.
ചന്ദ്രാദ്വായദിസമ്പദസ്തിഹിതയോർജ്ഞേയോന്യഥാസംഭവഃ
പാപേനോദയഗേരവൌരവിസുതോമീനസ്ഥിതോഭാരഹാ
പുത്രസ്ഥാനഗതശ്ചപുത്രമരണംപുത്രോവനേയ്മ്യുക്തി. വ

വ്യാ—ഹോരയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ലഗ്നാലോ ചന്ദ്രലോ ഏഴാമിടത്തോ അഞ്ചാമിടത്തോ അതാതു ഭാവാധിപന്മാരുടെയോ ശുഭഗ്രഹങ്ങളുടെയോ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ കളത്രസമ്പത്തും പുത്രസമ്പത്തും സിദ്ധിക്കും. പാപന്മാരുടെ യോഗദൃഷ്ടികളായാൽ മേൽപറഞ്ഞ സമ്പത്തുകൾ ഉണ്ടാകയില്ല. ശുഭപെതി പിന്നുള്ളതിന് ഭാഗ്യാധിപൻ പിന്നു കൂടി അർത്ഥം വിചാരിക്കണം. കന്നി ലഗ്നത്തിൽ സൂര്യനും മീനത്തിൽശനിയും നിന്നാൽഭാര്യാനാശം സംഭവിക്കും. അഞ്ചാമിടത്തു കുജൻ നിന്നാൽ പുത്രമരണം ഉണ്ടാകും. ഈ കുജൻ ലഗ്നാധിപനും ശുഭദൃഷ്ടനുമായാൽ പുത്രസമ്പത്തിനെ പറയാം. പുത്രശബ്ദംകൊണ്ട് ഒന്നോ രണ്ടോ മൂന്നോ പുത്രന്മാർ വരെ നഷ്ടന്മാരാകണമെന്നും വിശേഷാൽ അർത്ഥം ഉണ്ട്. ഈ ശ്ലോകത്തിന് പല അർത്ഥാന്തരങ്ങളുള്ളതിനെ വ്യാഖ്യാനദീർഘതയെ ഭയന്ന് ഇവിടെ ചേർക്കുന്നില്ല.

മൂ— പുത്രസ്ഥാനപതൌ വാ നവമപേ ലഗ്നാൽ കളത്രേഥവാ
യുഗ്മർക്ഷേശശിശുക്രവീക്ഷിതയുതേ പുത്രീയുതോജ്ഞായതേ
പുംവർഗ്ഗേ പുരുഷഗ്രഹേക്ഷിതയുതേജ്ഞാതസ്യപുത്രാധികോ
ജീവാൽപഞ്ചമരാശിതശ്ചതനയപ്രാപ്തിംവദേദ്ദേശികഃ. ൯

വ്യാ—അഞ്ചിന്റെയോ ഒൻപതിന്റെയോ അധിപന്മാർ ലഗ്നാൽ ഏഴാമിടത്തു യുഗ്മരാശിയിൽ ചന്ദ്രശുക്രന്മാരുടെ യോഗമോ ദൃഷ്ടിയോ ചേർന്നിന്നാൽ സ്ത്രീസന്താനം അധികം ഉണ്ടാകും. അവിടെ പുരുഷഗ്രഹങ്ങളുടെ വീക്ഷണയോഗാദികളുണ്ടായാൽ പുരുഷസന്താനം ധാരാളം ഉണ്ടാകും. ഇതുപോലെതന്നെ ദൈവജ്ഞൻ വ്യാഴം നിൽക്കുന്ന രാശിയുടെ അഞ്ചാംഭാവംകൊണ്ടും സന്താനം നിരൂപിക്കണം.

മൂ— ശുക്രേന്ദുവർഗ്ഗേസുതദൃഗ്വിലഗ്നാ-
ച്ഛുക്രേണചന്ദ്രേണയുതേഥദൃഷ്ടേ
പാപൈരയുക്തേബഹുപുത്രശാലീ
ശന്യാദൃഷ്ടേസരിപുത്രഹീനഃ ൧൦

വ്യാ—ലഗ്നാൽ അഞ്ചാമിടത്തു ചന്ദ്രശുക്രന്മാരുടെ യോഗദൃഷ്ടി വർഗ്ഗം ഉണ്ടെങ്കിൽ വളരെ പുത്രന്മാരുണ്ടാകും. ക്രൂരന്മാരുടെയോഗമായാൽ പുത്രന്മാർ കുറഞ്ഞവനായിരിക്കും.

മൂ— പുത്രപ്രാപ്തിരുന്നംഗഭേസുതഗൃഹാൽസൌമ്യസ്യരാശ്യംശകേ
തന്നാഥേശുഭവേടവീക്ഷിതയുതേ കേന്ദ്രത്രികോണേഥവാ
സ്വക്ഷേത്രോപഗതേതു പുത്രഗൃഹപേജ്ഞാതോല്പപുത്രോഭവേൽ
പുത്രേശാംശപതിസ്സുഭാംശകഗതോന്യത്രൈകപുത്രോഭവേൽ. ൧൧

വ്യാ—അഞ്ചാമിടത്തുനിന്ന് ഏഴാംരാശി (പതിനൊന്നാമിടം) ശുഭരാശിയായും ശുഭാംശകത്തോടുകൂടിയും അതിന്റെ അധിപൻ ശുഭയോഗദൃഷ്ടികളോടുകൂടി ലഗ്നാൽ കേന്ദ്രത്രികോണങ്ങളിൽ നില്ക്കയും ചെയ്താൽ പുത്രലാഭം ഉണ്ടാകും. അഞ്ചാം ഭാവാധിപൻ സ്വക്ഷേത്രത്തിൽ നിന്നാൽ അല്പപുത്രനായും അഞ്ചാംഭാവാധിപന്റെ നവാംശകാധിപൻ സ്വക്ഷേത്രാംശകത്തോടുകൂടി നിന്നാൽ ഒരു പുത്രൻ മാത്രം ഉണ്ടാകയുംചെയ്യും.

മൂ— പുത്രസ്ഥമദനാധിപേവിതനയേജ്ഞായാവിഹീനോഥവാ
പുത്രായാഷ്ടമരിഫ്ഫശത്രുഗൃഹഗാഃപാപാഃകുലധ്വംസനഃ
രാഹ്വനന്തനരാശിഗേതദ്ധിപേദുസ്ഥാനഗേപുത്രഹാ
പുത്രസ്ഥത്വമഥേതനൌസുതപതൌഗൃഹ്ണാതിദത്താത്മജം.

വ്യാ—ഏഴാംഭാവാധിപൻ അഞ്ചാമിടത്തുനിന്നാൽ പുത്രന്മാരോ

ഭാര്യയോ ഇല്ലാത്തവനായി ഭവിക്കും. ഭ-ഫ-ധ-ഫ-സ ഈ ഭാവങ്ങളിൽ പാപന്മാർ നിന്നാൽ വംശം നശിപ്പിക്കുന്നവനായും ഭവിക്കും. അഞ്ചാമിടത്തു രാഹുവും അഞ്ചാംസ്ഥാനാധിപൻ അനിഷ്ടസ്ഥാനത്തും നിന്നാൽ പുത്രന്മാർ ഉണ്ടാകയും മരിക്കയും ചെയ്യും. ലഗ്നാധിപൻ അഞ്ചിലും അഞ്ചാംഭാവാധിപൻ ലഗ്നത്തിലും നിന്നാൽ ദത്തുപുത്രനെ സ്വീകരിക്കുന്നവനായി ഭവിക്കും.

മൂ— ദുസ്ഥൗവിലഗ്നാസുരപൌസമുപൈതിപുത്രം
ദത്താത്മജഞ്ചാശ്രുഭഖേചരവീക്ഷിതൌചേൽ
തത്ഭാവരാശിയുതകാരകവീക്ഷിതൌവാ
ഗൃഹ്ണാതിദത്തതനയംപരതസ്തുഖേടാൽ. ക്നു.

വ്യാ—ലഗ്നാധിപനും പുത്രസ്ഥാനാധിപനും അനിഷ്ടസ്ഥാനത്തു നില്ക്കയും അവക്കു ശുഭദൃഷ്ടി ഉണ്ടാകയും ചെയ്താൽ പുത്രനും ദത്തുപുത്രനും ഉണ്ടാകും അഞ്ചാമിടത്തു നില്ക്കുന്നവന്റെയും പുത്രകാരകന്റെയും അംശകത്തിന്റെ സ്ഥിതിയനുസരിച്ചു ദത്തുപുത്രനെ സ്വീകരിക്കും. അഞ്ചാമിടത്തു ഗ്രഹസ്ഥിത്യാദികൾ ഒന്നും ഇല്ലെങ്കിൽ ദത്തുപുത്രസ്വീകരണംപോലും ഉണ്ടാകയില്ല.

മൂ— കേന്ദ്രത്രികോണഗൃഹഗസ്സുതപശുഭർക്ഷേ
സൌമ്യാന്വിതേയദിസുതംസമുപൈതിപൊല്യേ
ഭോഗീശയുക്തസുതരാശിപഭുക്തിജാത
സ്തല്പായുരേതിഫണിഭുക്തിഭവശ്ചിരായുഃ. ക്ര.

വ്യാ—അഞ്ചാംഭാവാധിപൻ കേന്ദ്രത്രികോണങ്ങളിൽ ശുഭനോടുകൂടി ശുഭക്ഷേത്രത്തിൽ നിന്നാൽ ബാല്യത്തിൽതന്നെ സന്താനലാഭം ഉണ്ടാകും. രാഹുവോടുകൂടിയ അഞ്ചാംഭാവാധിപന്റെ അപഹാരകാലത്തുണ്ടാകുന്ന പുത്രൻ അല്പായുസ്സായും രാഹുവിന്റെ അപഹാരത്തിലുണ്ടാകുന്ന പുത്രൻ ദീർഘായുസ്സായും ഭവിക്കും.

മൂ— പുത്രസ്ഥാനപവിത്തപൌഗതബലൌപാപേക്ഷിതേപുത്രഭേ
ജാതോനേകകളത്രവാനപിസുതാഭാവംസമേതിധ്രുവം
തജ്ജായായദിപുത്രയോഗജനിതാസൌഖ്യേനവാപഞ്ചമേ
ഷഷ്ഠേശേനനിരീക്ഷിതേയദിതദാജാരേണസഞ്ജായതേ. ക്ര

വ്യാ—രണ്ടാംഭാവാധിപനും അഞ്ചാംഭാവാധിപനും ദുർബലന്മാരായും അഞ്ചാമിടത്തു പാപദൃഷ്ടിയും ഉണ്ടായാൽ അനേകം ഭാര്യമാരുണ്ടായിരുന്നാലും പുത്രന്മാരുണ്ടാകയില്ല. മേൽപറഞ്ഞ യോഗത്തിൽ അഞ്ചാമിടത്തു ശുഭന്റെയോ ഷഷ്ഠാധിപന്റെയോ ദൃഷ്ടി ഉ

ണ്ടാകുകയും ഭാര്യ സന്താനയോഗമുള്ളവളുമായിരുന്നാൽ അന്യസ്ത്രീയിൽനിന്നു പുത്രന്മാരുണ്ടാകും

മൂ— പുത്രസ്ഥാനേതദീശേവാ ഗുരൌവാശുഭവീക്ഷിതേ
ശുഭഗ്രഹോണസംയുക്തേ പുത്രപ്രാപ്തിർനസംശയഃ. ൨൯

വ്യാ—രണ്ടാംഭാവത്തിലൊ അതിന്റെ അധിപതിക്കൊ വ്യാഴത്തിന്റെ ശുഭയോഗദൃഷ്ടികളുണ്ടായാൽ നിശ്ചയമായും സന്താനമുണ്ടാകും.

മൂ— ലഗ്നേശേപുത്രഭാവസ്ഥേ പുത്രേശേബലസംയുതേ
പരിപൂർണ്ണബലേജീവേ പുത്രപ്രാപ്തിർനസംശയഃ ൩൦

വ്യാ—ലഗ്നാധിപൻ അഞ്ചിലും അഞ്ചാംഭാവാധിപതിക്കും വ്യാഴത്തിനും ബലമുണ്ടായാൽ പുത്രന്മാരുണ്ടാകും.

മൂ— പുത്രസ്ഥാനഗതേജീവേ പരിപൂർണ്ണബലാന്വിതേ
ലഗ്നാധിപേനസംദൃഷ്ടേ പുത്രപ്രാപ്തിർനസംശയഃ. ൩൧

വ്യാ—പൂർണ്ണബലവാനായ വ്യാഴം ലഗ്നാധിപന്റെ ദൃഷ്ടിയോടുകൂടി അഞ്ചാമിടത്തു നിന്നാലും മേൽപ്രകാരംതന്നെ.

മൂ— വൈശേഷ്യികാംശകേജീവേ പുത്രസ്ഥാനഗതാസ്ഥിതേ
ശുഭനാഥേനസംദൃഷ്ടേ പുത്രേതൽപ്രാപ്തിമാദിശേൽ. ൩൨

വ്യാ—ഗുരുവിന്നും അഞ്ചാമിടത്തു നില്ക്കുന്ന ഗ്രഹത്തിന്നും വൈശേഷ്യികാംശങ്ങളും അഞ്ചാമിടത്തേക്കു ഭാഗ്യാധിപന്റെ ദൃഷ്ടിയും ഉണ്ടായാൽ മേൽപ്രകാരംതന്നെ.

മൂ— ദശമേശീതഗുർഭൃഗുഃ പാപിനസ്സുഖേ
തസ്യസന്തതിവിഘ്നേരദോ ഭവിഷ്യതിനസംശയഃ. ൩൩

വ്യാ—ചന്ദ്രൻ പത്താമിടത്തും ശുക്രൻ ഏഴിലും നാലിൽ പാപന്മാരുമുള്ളവനു് നിശ്ചയമായും സന്തതിച്ഛേദം ഭവിക്കും.

മൂ— ഷഷ്ഠാഷ്ടമസ്ഥാലഗ്നേശഃ പാപയുക്തസ്സുതാധിപഃ
ദൃഷ്ടോവാശത്രുനീചസ്ഥൈഃ പുത്രഹാനിംവദേൽബുധഃ. ൩൪

വ്യാ—ലഗ്നാധിപൻ ൬ ൮ ഈ ഭാവങ്ങളിലും അഞ്ചാംഭാവാധിപൻ പാപനോടു കൂടുകയോ അല്ലെങ്കിൽ ശത്രുവിന്റെയോ നീചഗ്രഹത്തിന്റെയോ ദൃഷ്ടിയോടുകൂടുകയോ ചെയ്താൽ സന്താനമില്ലെന്നു പറയണം.

മൂ— ലഗ്നാസപ്തമധർമ്മാന്ത്യ രാശിഗാഃ പാപഖേചരാഃ
സപത്നരാശിവർഗ്ഗസ്ഥാ വാശവിച്ഛേദകാരിണഃ. ൨൨

വ്യാ—പാപന്മാർ രന്ധ്രക്ഷേത്രത്തിലായി ലഗ്നം ഏഴ് ഒൻപത് പന്ത്രണ്ടു ഈ ഭാവങ്ങളിൽ നിന്നാൽ വംശത്തേരുടത്തെ ചെയ്യും.

മൂ— വന്ധ്യാപ്രജ്ഞാകുശാബാലാ രോഹിണീപുഷ്പവജ്ജിതാ
കുക്ഷിസ്ഥൂലദേഹാ ച നാര്യ്യോഷ്ടൗപരിവർജ്ജിതാഃ. ൨൩

വ്യാ—പ്രസവിക്കാത്തവൾ (മലടി), വൃദ്ധ, തടിച്ചിരിക്കുന്നവൾ, ബാല (കുട്ടി), അധികം കാമംകൊണ്ടോ കോപംകൊണ്ടോ ശരീരം ചുവന്നിരിക്കുന്നവൾ, തീണ്ടായിരിക്കാത്തവൾ, കുക്ഷിദേഹമുള്ളവൾ (പരുപരുപ്പുള്ളവൾ), ചടച്ചിരിക്കുന്നവൾ ഇങ്ങനെ എട്ടുവിധത്തിലുള്ള സ്ത്രീകളെ അറിവുള്ളവർ വർജ്ജിക്കേണ്ടതാണ്.

മൂ— ഗുരുലഗ്നേശദാരേശ പുത്രസ്ഥാനാധിപേഷ്വപ
സർവ്വേഷ്വബലഹീനേഷു വക്തവ്യാതപനപത്യതാ. ൨൪

വ്യാ—ൻ ലഗ്നം ൫ ൭ ഈ ഭാവങ്ങളുടെ അധിപന്മാർ എല്ലാം ബലഹീനന്മാരായാൽ സന്താനം ഇല്ലെന്നു പറയണം.

മൂ— പുത്രസ്ഥാനഗതേപാപേ തദ്ദീപ്തേനീചരാശിഗേ
ശുഭദൃഷ്ടിവിഹീനേച വക്തവ്യാതപനപത്യതാ. ൨൫

വ്യാ—അഞ്ചാമത്തു പാപനും ശുഭദൃഷ്ടിഇല്ലാത്ത അഞ്ചാംഭാവാധിപൻ നീചത്തിലും നിന്നാൽ സന്താനം ഇല്ല.

മൂ— ഗുരുലഗ്നാഹിമാംശൂനാം പഞ്ചമസ്ഥാരശോഭനൈഃ
ശുഭദൃഗ്യോഗരഹിതൈ വ്വക്തവ്യാതപനപത്യതാ. ൨൬

വ്യാ—വ്യാഴം ലഗ്നം ചന്ദ്രൻ ഇവരുടെ അഞ്ചാംഭാവത്തിൽ ശുഭയോഗദൃഷ്ടികൾ ഇല്ലാത്ത പാപന്മാർ നിന്നാൽ സന്താനം ഇല്ല. ശുഭയോഗദൃഷ്ടിഇല്ലാത്ത വ്യാഴം പാപന്മാരുടെ മദ്ധ്യത്തിൽ നില്ക്കയും അഞ്ചാംഭാവാധിപനു ബലഹീനതയും വന്നാൽ സന്താനം ഇല്ല.

മൂ— പുത്രസ്ഥാനേബുധക്ഷേത്രേ മന്ദക്ഷേത്രേഥവായദി
മന്ദമാന്ദിയുതേദൃഷ്ടേ തദാദത്താദയസ്സുതാഃ. ൨൭

വ്യാ—അഞ്ചാംഭാവം ബുധന്റെയോ ശനിയുടേയോ ക്ഷേത്രങ്ങളാകയും അവിടെ ശനിയുടെയോ ഗ്രഹികന്റെയോ ദൃഷ്ടി ഉണ്ടാകയും ചെയ്താൽ ദത്തുപുത്രസ്വീകരണം ഉണ്ടാകും.

൨൭൬

മൂ— മീനസ്ഥേ പല്ലവസന്താന ശ്രാപസ്ഥേ കുചഗ്രസന്തതിഃ
അസന്തതിഃ കുളീരസ്ഥോ ജീവഃ കുംഭേ സന്തതിഃ. ൨൬:

വ്യാ— വ്യാഴം മീനത്തിൽ നിന്നാൽ സന്താനം ചുരുങ്ങിയവനായും ധനുസ്സിൽനിന്നാൽ പ്രയത്നപ്പെട്ട സൽസമ്പാദിച്ചകൊണ്ടു സന്താനമുള്ളവനായും കുക്കടകത്തിലും കുംഭത്തിലും നിന്നാൽ സന്താനം ഇല്ലാത്തവനായും ഭവിക്കും. ഈ രാശികൾപുത്രസ്ഥാനമായിവരികയും അവിടെ വ്യാഴം അനുഗ്രഹബന്ധമില്ലാതെ നില്ക്കയുംവേണമെന്നു സാരം.

മൂ— പുത്രസ്ഥാനേ കുളീരേവാ മീനേ കുംഭേ ശരാസനേ
സ്ഥിതോയദി സുരാചാര്യ്യ സ്തൽഫലം കുരുതേനൃണാം. ൨൭

വ്യാ—കുക്കടകം മീനം കുംഭം ധനുസ്സ് ഇവ പുത്രസ്ഥാനമായും അവിടെ വ്യാഴം നിൽക്കയും ചെയ്താൽ ഫലം മേൽപ്രകാരം തന്നെ.

സന്താനപ്രതിബന്ധകാരണം.

മൂ— സുതാധിപേ സുതസ്ഥാനേ ശുഭദൃഷ്ടിവിവർജ്ജിതേ
പാപഗ്രഹേണസംദൃഷ്ടേ ദേവശാപാൽസുതക്ഷയഃ. ൨൮

വ്യാ—ശുഭദൃഷ്ടി ഇല്ലാതെ അഞ്ചാമിടത്തു നിൽക്കുന്ന അഞ്ചാം ഭാവാധിപനു പാപദൃഷ്ടി ഉണ്ടായാൽ ദേവശാപം നിമിത്തം സന്താനം ഇല്ലെന്നു പറയണം.

മൂ— ലഗ്നാത്കോണഗേമന്ദേ മാന്ദ്യവാനശുഭേക്ഷിതേ
ശുഭദൃഷ്ടിവിഹീനേച പിതൃശാപാൽസുതക്ഷയഃ. ൨൯

വ്യാ—ലഗ്നാൽകോണങ്ങളിൽ ശുഭദൃഷ്ടി ഇല്ലാതെയും പാപദൃഷ്ടിയോടുകൂടിയും ശനിഗ്രഹികന്മാർ നിന്നാൽ പിതൃശാപംനിമിത്തം സന്താനഹാനി ഉണ്ടായി എന്നു പറയണം. (ഇങ്ങനെയുള്ള സന്താനവിചാരണയിൽ ശാപനിവൃത്തി ചെയ്താൽ സന്താനലാഭവും ഉണ്ടെന്നറിഞ്ഞുകൊള്ളണം)

മൂ— സുതേശേകുജസംയുക്തേ രിപുനാഥേനവീക്ഷിതേ
ശുഭവീക്ഷണഹീനേച രിപുദോഷാൽസുതക്ഷയഃ. ൩൦

വ്യാ—പുത്രസ്ഥാനാധിപൻ കുജനോടുചേർന്നും ഷഷ്ഠാധിപദൃഷ്ടി ഉണ്ടായും ശുഭദൃഷ്ടി ഇല്ലാതെയും നിന്നാൽ ശത്രുദോഷംനിമിത്തം സന്താനക്ഷയമുണ്ടായി എന്നു പറയണം.

മൂ— മാതൃസ്ഥാനഗതേപാപേ സുതേശേമന്ദസംയുതേ
വ്യയരാശിഗതേപാപേ മാതൃശാപാൽസുതക്ഷയഃ. ൩൧

വ്യാ—നാലാമിടത്തുപാപനും അഞ്ചാംഭാവാധിപൻ ശനിയോടുകൂടുകയും പുത്രഭാവത്തിനു പാപയോഗം ഉണ്ടാകയും ചെയ്താൽ മാതൃശാപം ഹേതുവായിട്ടു സന്താനമില്ലാതായി എന്നു പറയണം.

മൂ— നവമേപാപസംയുക്തേ മന്ദയുക്തേസുതാധിപേ
ത്രികോണേമാന്ദിസംയുക്തേ പിതൃദോഷാൽസുതക്ഷയഃ. നക്ഷ

വ്യാ—ഒൻപതാമിടത്തു പാപനും അഞ്ചാംഭാവാധിപനു ശനിയോഗവും ത്രികോണങ്ങളിൽ ഗ്രഹികനും ഉണ്ടായാൽ പിതാവിന്റെ ശാപത്താൽ മേൽപ്രകാരം ഭവിക്കും.

മൂ — ഗുരുപുത്രേശദാരേശേ ഭ്രമിക്ഷാസ്സംയുതായദി
ദുർദ്ദേവപീഡയാപുത്രീ പുത്രനാശംവദേൽബുധഃ. നക്ഷ

വ്യാ—ൻ-ങ-ഞ-ഈ ഭാവാധിപന്മാരും കുജനും ഒരുമിച്ചുനിന്നാൽ ദുർദ്ദേവതാദിഭയം ഹേതുവായിട്ട് സന്താനക്ഷയം ഉണ്ടാകും.

മൂ— പുത്രസ്ഥാനഗതേകേശ്മിൽ പരിപൂർണ്ണബലാന്വിതേ
പുത്രനാഥേചനീചസ്ഥേ തദാദത്താദയസ്സുതാഃ. നക്ഷ

വ്യാ—പൂർണ്ണബലവാനായ ഒരു ഗ്രഹം അഞ്ചാമിടത്തു നിൽക്കയും അഞ്ചാംഭാവാധിപൻ നീചത്തിൽ നിൽക്കയും ചെയ്താൽ ദത്തുപുത്രനെക്കൊണ്ടു വംശവൃദ്ധി ഉണ്ടാകണം.

മൂ— പാപക്ഷേത്രഗതേചന്ദ്രേ പുത്രേശേധർമ്മരാശിഗേ
ദത്തപുത്രസ്യസമ്പ്രാപ്തിർ ലഗ്നേശസ്ഥത്രികോണഗഃ. നക്ഷ

വ്യാ—ചന്ദ്രൻ പാപക്ഷേത്രത്തിലും അഞ്ചാംഭാവാധിപൻ ൻ-ലും ലഗ്നാധിപൻ അവന്റെ ത്രികോണത്തിലും നിന്നാൽ ദത്തുപുത്രസ്വീകരണം വേണ്ടിവരും.

മൂ— യുഗ്മോദയേപുത്രനാഥ ശുക്രർക്ഷസ്ഥാനഗോപിവാ
മന്ദാംശകസമാരൂഢോ ദത്തപുത്രോഭവേന്നരഃ. നക്ഷ

വ്യാ—ലഗ്നം മിഥുനമാകയും അഞ്ചാംഭാവാധിപൻ നാലാമിടത്തൊ ശനിയുടെ അംശകത്തോടുകൂടുകയും ചെയ്താൽ ദത്തുപുത്രസ്വീകരണം വേണം.

മൂ— യുഗ്മാംശേഭാനുജാംശേവാ പുത്രേശാക്കേന്ദുജാസ്ഥിതാഃ
ദത്തപുത്രസ്യസമ്പ്രാപ്തി സ്തസ്മിൻയോഗേഭവിഷ്യതി. നക്ഷ

വ്യാ—അഞ്ചാംഭാവാധിപൻ ബുധൻ സൂര്യൻ ഇവർ മിഥുനം

മകരം കുംഭം ഈ അംശകങ്ങളിൽ നിന്നാൽ ഫലം മേൽപ്രകാരം തന്നെ.

മൂ— മന്ദാംശേപുത്രരാശീശ സ്സ്വരാരെഹൃതുഭാർഗ്ഗവെ
പൂവ്വന്ദത്തസുതപ്രാപ്തിഃ പുനർന്നായ്യുഃപുനസ്സുതഃ. ൫൦

വ്യാ—ശനൈശ്ചരാധിപൻ ശനിയുടെ അംശകത്തിലും ഗുരു ശുക്രന്മാർ സ്വക്ഷേത്രാംശകത്തിലും നിൽക്കയും ചെയ്താൽ പൂർവ്വം ദത്തു് പുട്ടുക്കയും പിന്നീട് രണ്ടാമതൊരു ഭാര്യയിൽ സന്താനം ഉള്ളവനാകയും ചെയ്യും.

മൂ — മന്ദാംശകസ്ഥിതാ ഃഖേടാ ശ് ശുക്ലാപക്ഷീയബലാന്വിതാഃ
ഗുരുസ്ഥിതിസുതസ്ഥാനേ ദത്തപുത്രേണസന്തതിഃ. ൫൧

വ്യാ—ശുക്ലാപക്ഷബലമുള്ള ഗ്രഹങ്ങൾ ശനൈശ്ചരാംശകത്തോടുകൂടിയും ഗുരു അഞ്ചിലും നിന്നാൽ ദത്തുപുത്രൻ നിമിത്തം സന്താനമുള്ളവനാകും.

മൂ— വിലഗ്നാധീശ്വരം സൂനൌ നിധനസ്ഥേദിവാകരേ
ശുഭേവാശുഭസംദൃഷ്ടേ പുത്രഃകാലാന്തരേഭവേൽ. ൫൨

വ്യാ—കുജൻ ലഗ്നത്തിലും സൂര്യൻ അഷ്ടമത്തിലും ഒൻപതിൽ ശുഭദൃഷ്ടിയും ഉണ്ടായാൽ കാലാന്തരത്തിൽ പുത്രനുണ്ടാകും (വാദ്ധ്യത്തിൽ കർമ്മസന്താനമെന്നർത്ഥം.)

മൂ— ലഗ്നാദിനേശതനയേ രന്ധ്രസ്ഥാനഗതേരവൌ
പഞ്ചമേദുർബലേരിഃഫേ ഭൌമേകാലാന്തരേസുതഃ. ൫൩

വ്യാ—ശനിലഗ്നത്തിലും സൂര്യൻ അഷ്ടമത്തിലും പന്ത്രണ്ടിൽ കുജനും അഞ്ചാമടത്തു് ബലഹീനതയും ഉണ്ടായാൽ മേൽപറഞ്ഞ പോലെ കാലാന്തരത്തിൽ പുത്രനുണ്ടാകും.

മൂ — പുത്രാൻപഞ്ചമഭാത്തൃതീയഭവനാൽ
ഭ്രാതൄൻകളത്രാൽസ്ത്രിയോ
ദാസീശ്മശ്രുക്ഷിതിരാശിതസ്സ്വഭവനാ-
ദാസാംശ്മമിത്രാണിച.
യാതാംശ്ചൈവനവാംശകാൻശുഭേശാ
ഹതപാതഥാരോപയേ
ദ്ദ്വ്യാമവ്യാമചരൈവിഭജ്യതുതഥാ
ഭ്രാതാംശ്മപുത്രാദയഃ. ൫൪

വ്യാ—അഞ്ചാമിടംകൊണ്ടു പുത്രന്മാരെയും മൂന്നാമിടംകൊണ്ടു

സഹോദരന്മാരെയും ഏഴാമിടംകൊണ്ടു ഭാര്യമാരെയും നാലാമിടംകൊണ്ടു ദാസീദാസന്മാരെയും ബന്ധുക്കളെയും ചിന്തിക്കണം. എങ്ങനെയെന്നാൽ അതാതു ഭാവസ്ഫുടങ്ങളെ വച്ചു രാശികളഞ്ഞു ശിഷ്ടത്തെ കലയാക്കി 'ദ്വേദ്വേഷ്ടഘ്നവിവജ്ജിതേ' ഇത്യാദി വചനപ്രകാരം ഓരോ ഭാവങ്ങളിലേക്കും വരുത്തിയിട്ടുള്ള ശുഭദൃഷ്ടിഷഷ്ട്യംശങ്ങളെക്കൊണ്ടു പെരുക്കി അറുപതിൽ കയറി ഇരുന്നൂറുകൊണ്ടു ഹരിച്ചു ലഭിക്കുന്നിടത്തോളം സംഖ്യ പുത്രാദികൾ ഉണ്ടാകുമെന്നു പറയണം. ഇപ്രകാരം ഭാവസ്ഫുടകലയെ തത്തൽ ഭാവങ്ങളിലേക്കു വരുത്തിയിട്ടുള്ള പാപദൃഷ്ടിഷഷ്ട്യംശങ്ങൾകൊണ്ടു പെരുക്കി അറുപതിൽ കയറി ഇരുന്നൂറുകൊണ്ടു ഹരിച്ചാൽ ശിഷ്ടത്തോളം പുത്രാദികൾ നശിക്കയും ചെയ്യും.

മൂ— പുത്രംസോദരഭംകളത്രമുദയം
യാനഞ്ചരാശിംവിനാ
തല്ലിപ്ത്വാശുഭഖേടദൃഗ്ബലഹതാ
ഷ്ടഷ്ട്യാവിഭക്തോഃക്രമാൽ
വ്യാമാകാശകരാപ്തപുത്രസഹജ
സ്ത്രീദാസദാസീസുഹൃൽ
സംഖ്യാഃപാപനഭോഽദൃഗ്ബലഭവാഃ
പുത്രാദിനാശപ്രദാഃ.

വ്യാ— ത്രി.ന-ഖ-ഛ-രു ഈ ഭാവസ്ഫുടങ്ങളെവച്ചു രാശികളഞ്ഞു ശേഷത്തെ കലയാക്കി ശുഭദൃഷ്ടി ഷഷ്ട്യംശങ്ങൾകൊണ്ടു പെരുക്കി അറുപതിൽ കയറി ഇരുന്നൂറുകൊണ്ടു ഹരിച്ചു വരുന്ന സംഖ്യയോളം പുത്രൻ സഹോദരൻ ഭാര്യ ദാസി ദാസന്മാർ ബന്ധുക്കൾ ഇവർ ഉണ്ടായിരിക്കും. ഇപ്രകാരംതന്നെ പാപദൃഷ്ടി ഷഷ്ട്യംശംകൊണ്ടു മേൽപറഞ്ഞ ഭാവസ്ഫുടകലകളെ ക്രിയചെയ്തു പുത്രാദികളുടെ നാശത്തെയും അറിഞ്ഞുകൊള്ളണം.

മൂ— ലഗ്നാധീശപുത്രപസ്ഫുടചയേ
രാശ്യംശകോണേഷ്വതീതേ
പുത്രാപ്തിസ്ഥചിന്തേദിനസ്ഫുടയുതേ
രാശ്യംശസംഖ്യാസ്മൃതാഃ
ധീധർമ്മാവനിനായകസ്ഫുടചയ
പ്രാപ്താംശസംഖ്യാഥവാ
ധീധർമ്മേശകുജസ്ഫുടൈക്യഭവനേ
യാതാംശതുല്യാസ്മൃതാഃ.

രന്ത

വ്യാ—അഞ്ചാംഭാവാധിപന്റെയും ലഗ്നാധിപന്റെയും സ്ഫുടങ്ങളെ ഒരുമിച്ചുകൂട്ടിവരുന്ന സ്ഫുടത്തിന്റെ രാശിയിലൊ ത്രികോണത്തിലൊ വ്യാഴം വരുമ്പോൾ സന്താനലാഭം ഉണ്ടാകും. വ്യാഴത്തിന്റെയും സൂര്യചന്ദ്രന്മാരുടേയും സ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടി വരുന്ന രാശിയുടെ നവാംശസംഖ്യയോളമോ ൭-൯-൫ ഈ മൂന്ന ഭാവാധിപന്മാരുടെയും സ്ഫുടങ്ങളെ ഒരുമിച്ച ആ രാശിയുടെ നവാംശസംഖ്യയോളമോ ൭ ൯ ഈ ഭാവാധിപന്മാരുടേയും കുജന്റെയും സ്ഫുടങ്ങളെ ഒരുമിച്ചുകൂട്ടിയ സ്ഫുടത്തിന്റെ നവാംശസംഖ്യയോളമൊ പുത്രന്മാരുണ്ടാകുമെന്നു പറയണം.

മൂ — ജീവാച്ചന്ദ്രമസോവിലഗ്നഭവനാല്പുത്രപ്രദംപഞ്ചമം
തസ്മാദ്ധർമ്മഗൃഹഞ്ചതല്പതിദശാഭുക്തൌസുതാപ്തിംവദേൽ
പുത്രസ്ഥാനപകാരകസ്ഫുടയുതേയത്താരകാതദ്ദശാ
തൽഭേദാനിതവീക്ഷിതഗ്രഹദശാഭുക്തിശ്ചപുത്രപ്രദാ. ൨൩

വ്യാ—വ്യാഴം ചന്ദ്രൻ ലഗ്നം ഇവയുടെ അഞ്ചാംഭാവങ്ങൾ സന്താനപ്രദങ്ങളാകുന്നു. അവയിൽനിന്നു ൯൫താംഭാവംകൊണ്ടും പുത്രപ്രാപ്തിയെ നിരൂപിക്കാം. ഈ ഭാവാധിപന്മാരുടെ ദശാപഹാരങ്ങളിൽ സന്താനം ഉണ്ടാകും. അഞ്ചാംഭാവാധിപന്റെയും സന്താനകാരകന്റെയും സ്ഫുടം തമ്മിൽ ചേർന്നാൽ വരുന്ന നക്ഷത്രത്തിന്റെയും അതിന്റെ അധിപന്റെയും അവനോടു ചേർന്നും അവന്റെ ദൃഷ്ടിയുള്ളതുമായ ഗ്രഹങ്ങളുടെ ദശാപഹാരകാലങ്ങളിലും സന്താനലാഭം ഉണ്ടാകും.

മൂ— പുത്രസ്ഥാനപകാരകേക്ഷണായുതാദുസ്ഥാനഗാദുർബലാ
ദുസ്ഥാസ്തല്പുരിപാകഭുക്തിസമയേപുത്രസ്യനാശംവദേൽ
ക്ഷതപാരോബലശാലിനോയദിശുഭൈസ്തല്പാകഭുക്ത്യന്തരേ
പുത്രാപ്തിംസമുപൈതിഭൂപതിധനിപ്രീതിഞ്ചസന്പൽസുഖം. ൨൫

വ്യാ—അഞ്ചാംഭാവാധിപൻ പുത്രകാരൻ അഞ്ചാമിടത്തു നില്ക്കുയും നോക്കുകയും ചെയ്യുന്നവർ ഇവർ ഒക്കെയും ദുർബലന്മാരായും അനിഷ്ടസ്ഥന്മാരും പാപയുക്തന്മാരുമായാൽ അവരുടെ ദശാപഹാരകാലങ്ങളിൽ പുത്രനാശവും ഇവർ നാലുപേരും ഇഷ്ടസ്ഥാനങ്ങളിൽ ബലവാന്മാരായി ശുഭദൃഷ്ടിയോടുകൂടി നിന്നാൽ അവരുടെ ദശാപഹാരകാലങ്ങളിൽ പുത്രലാഭം രാജപ്രീതിഇവയുമുണ്ടാകും.

മൂ — പുത്രേശകാരകയുതേക്ഷകഖേചരാണാം
തല്ലഗ്നജുസ്ഫുടയുതാംശകരാശിയാതൌ

വാഗീശഭാനുതനയോയദിഗോചരേണ
ജാതസ്യപുത്രജനമൃത്യുകരൌഭവേതാം. ൨൯

വ്യാ—മുൻപറഞ്ഞ നാലു പേരുടേയും സ്ഥടങ്ങൾ ഒരുമിച്ചു കൂട്ടി യാൽ വരുന്ന രാശിയുടെ അംശകരാശിയിൽ വ്യാഴവും ശനിയും ചാരവശാൽ ചെല്ലുമ്പോൾ പുത്രമരണം ഉണ്ടാകും.

മൂ— പിതൃസ്ഥാനേശപരേസൌമ്യേ കാരകേശുഭസംയുതേ
ഭാവേവാശുഭസംയുക്തേ പിതൃസൌഖ്യംവിനിർദ്ദിശേൽ. ൩൦

വ്യാ—ൻപതാംഭാവാധിപൻ ശുഭഗ്രഹമായും പിതൃകാരകൻ ശുഭനോടുകൂടിയും ൻപതിൽ ശുഭനൊരും ഉണ്ടായാൽ അച്ഛനു വള രെ സുഖമുണ്ടായിരിക്കും.

മൂ— പാരാവതാംശേതന്നാഥേ കാരകേചതഥാസ്ഥിതേ
സ്വോച്ചമിത്രാംശകേവാപി പിതാദീർഘായുരാപ്നുയാൽ. ൩൧

വ്യാ—പിതൃസ്ഥാനാധിപനും പിതൃകാരകനും പാരാവതാംശത്തിലൊ ഉച്ചം സ്വക്ഷേത്രം വെന്തുക്ഷേത്രം മുതലായവയിലൊ നിന്നാൽ അച്ഛൻ വളരേക്കാലം ജീവിച്ചിരിക്കും.

മൂ— ക്രൂരനീചാംശകേവാപി ഭാവനാഥേചകാരകേ
മന്ദമാന്ദിപസംയുക്തേ പിതൃദുഃഖംവിനിർദ്ദിശേൽ. ൩൨

വ്യാ—പിതൃസ്ഥാനാധിപനും പിതൃകാരകനും പാപാംശം നീചാംശം ശനിയോഗം ഗുളികഭവനാധിപയോഗം ഇവയുണ്ടായാൽ പിതാവിനു ദുഃഖമുണ്ടായിരിക്കും.

മൂ— സൌമ്യേതദീശപരേവാപി മൂഢനീചാരിരാശിഗേ
ക്രൂരഷഷ്ട്യംശകേവാഥ പിതൃദുഃഖംവിനിർദ്ദിശേൽ. ൩൩

വ്യാ—പിതൃസ്ഥാനാധിപൻശുഭഗ്രഹമായാലും അവനു മൌഢ്യം നീചം ശത്രുക്ഷേത്രാംശം ക്രൂരഷഷ്ട്യംശം ഇവയുണ്ടായാൽ പിതാവിനു ദുഃഖം ഉണ്ടായിരിക്കും.

മൂ— പിതൃകർമ്മഗ്രഹോജാതഃ പിതൃതുല്യഗുണാന്വിതഃ
പിതുജന്മതൃതീയർക്ഷേജാതഃപിതൃവശാനുഗഃ. ൩൪

വ്യാ—അച്ഛന്റെ ജന്മനക്ഷത്രത്തിന്റെ കുറിൽനിന്നും ൩-ാംകുറിൽ ജനിച്ചാൽ അച്ഛനോടു തുല്യഗുണങ്ങളുള്ളവനായിരിക്കും. അച്ഛൻ ജനിച്ച കുറിന്റെ ൩-ാംകുറിൽ ജനിച്ചാൽ അച്ഛന്റെ ഹിതത്തെ അനുവർത്തിക്കുന്നവനായും ഭവിക്കും,

മൂ— പിതൃഷഷ്ഠാഷ്ടമേജാതഃ പിതൃശ്രുത്വംവിഷ്യതി
തത്ഭാവപേവിലഗ്നസ്ഥ പിതൃശ്രേഷ്ഠോഭവേൽസുതഃ. ൫൫

വ്യാ—പിതാവിന്റെ ജന്മരാശിയുടെ ഷഷ്ഠാഷ്ടമരാശികളിൽ ജനിച്ചാൽ അവൻ അച്ഛനു ശത്രുവായും ൽ-ാംഭാവാധിപൻ ലഗ്നത്തിൽ നിന്നാൽ അച്ഛനേക്കാൾ ശ്രേഷ്ഠനായുംഭവിക്കും.

മൂ— ലഗ്നാദ്യായതപസ്ഥിതാർക്കനിമഹീപുത്രാഗവോമൃത്യുദാ
സ്തത്സ്യാക്ക്ഷ്ണഭ്രസുതൌനിധനദൌജാതസ്യതസ്ഥാസ്തഗൌ
മാനേവായദിപഞ്ചമേ കുജരവിസ്ഥരായാകുമാരേന്ദുജാ
സ്സത്രോമാതുലതാതബാലജനനീനാശംപ്രകുർവന്തിതേ. ൫൬

വ്യാ—ലഗ്നം ൽ- ൫ ൭ ഈ ഭാവങ്ങളിൽ ശനി കുജൻ രാഹു ഇവർ നിന്നാൽ അച്ഛനു മരണം ഫലമാകുന്നു. അഷ്ടമത്തിലും ഏഴിലും ശനിയും കുജനും നിന്നാൽ ബാലനു മരണമാകുന്നു. പത്തിലൊ അഞ്ചിലോ കുജൻ സൂര്യൻ ശനി ബുധൻ ഇവർ നിന്നാൽ അമ്മാവൻ അച്ഛൻ ബാലൻ അമ്മ ഇവക്കും മരണമാകുന്നു.

മൂ— സബലേപിതൃഭാവേശ ലഗ്നേശേന്ദുചതുർത്ഥപാഃ
ദുർബലായദിതന്മാതു ഗർഭതോമരണംവിദുഃ. ൫൭

വ്യാ—പിതൃസ്ഥാനാധിപൻ ബലവാനായും ലഗ്നാധിപൻ ചന്ദ്രൻ നാലാംഭാവാധിപൻ ഇവർ ദുർബലവാന്മാരായും നിന്നാൽ മാതാവിനു ഗർഭത്തോടുകൂടിത്തന്നെ മരണം ഉണ്ടാകുമെന്നറിയണം.

മൂ— നവമാഷ്ടമാധീശോ നവമാൽഖരോഥവാ
ശശിനോയേഷുനുക്രൂര സ്സഭവേല്പിതുർമൃത്യുദഃ. ൫൮

വ്യാ—ഒൻപതാംഭാവത്തിന്റെ അഷ്ടമാധിപനൊ നവമഭാവ സ്ഫുടത്തിന്റെ ഇരുപത്തിരണ്ടാം ദ്രേക്കാണത്തിന്റെ അധിപനൊ അഥവാ ചന്ദ്രാൽ ഈ ഭാവാധിപന്മാരോ ഇവരിൽ ക്രൂരനായ ഗ്രഹം പിതാവിനു മരണത്തെ കൊടുക്കും. അവന്റെ ദശാഭുക്തികാലങ്ങളിൽ പിതൃമരണമെന്നർത്ഥം.

മൂ— ദിനേശസ്ഥിതരാശ്യംശ പ്രാണിനഃകോണഗേരവൌ
പിതൃമൃത്യുർമാതൃമൃത്യുരിന്ദുസ്ഥാംശർക്ഷയോർബലാൽ. ൫൯

വ്യാ—സൂര്യൻ നില്ക്കയും അംശകിക്കയുംചെയ്ത രാശികളിൽവച്ചു വെലമുള്ള രാശിയിലൊ തത്ത്രികോണങ്ങളിലൊസൂര്യൻ നില്ക്കുന്ന സമയം പിതാവിനു മരണവും ഇതുപോലെ ചന്ദ്രന്റെ സ്ഥിത്യംശക

രാശികളുടെ ബലത്തിനു തക്കവണ്ണം ആ രാശികളുടെ ത്രികോണത്തിൽ ചന്ദ്രൻ വരുമ്പോൾ മാതാവിന് മരണവും ഉണ്ടാകും,

മൂ— ഭാനാസ്ഥിതാംശഭാത്രുഢ നവാംശദ്വാദശാംശകം
ഗതേചന്ദ്രേഭവേന്മൃത്യുർ മാതാപിത്രോഴ്യഥാക്രമം. നാ൦

വ്യാ—സൂര്യൻ നില്ക്കുന്നതോ അംശകിച്ചതോ ആയ രാശികളുടെ നവാംശത്തിൽ ചന്ദ്രൻ നില്ക്കുമ്പോൾ മാതാവിനും ദ്വാദശാംശരാശിയിൽ ചന്ദ്രൻ വരുമ്പോൾ പിതാവിനും മൃത്യുകാരണമാകുന്നു.

മൂ— ദുഷ്ടസ്ഥാനഗതേഭാനൌ സിംഹാന്ത്യദ്വാദശാംശകേ
ജാതശ്ചേജ്ജനനാൽപൂർവം പിതുർമൃത്യുംപ്രയച്ഛതി. നാ൬.

വ്യാ—സൂര്യൻ ചിങ്ങംരാശിയുടെ അന്ത്യദ്വാദശാംശത്തിൽ അനിഷ്ടസ്ഥാനത്തുനില്ക്കുമ്പോൾ ജനിച്ചവന്റെ അച്ഛൻ ബാലന്റെ ജനനത്തിനു മുൻപുതന്നെ മരിച്ചുവെന്നുപറയണം.

മൂ— മാത്താണ്ഡഗ്രഹികസ്ഫുടാദപരാത്തരാശിത്രികോണേശനൌ
രോഗംതജ്ജനകസ്യദേവസചിവോമൃത്യുസ്തദംശോപഗോ
ആദിത്യേയമകണ്ടകസ്ഫുടയുതേതദ്രാശികോണേവിധൌ
രോഗന്തൽഭവനാംശകേമരണമന്യോന്യാശംവദേൽ. നാ൭

വ്യാ—ഗ്രഹികസ്ഫുടത്തിൽ നിന്ന സൂര്യസ്ഫുടത്തെ വാങ്ങിയാൽ ശേഷിച്ചരാശിയുടെ ത്രികോണത്തിൽ ശനിവരുമ്പോൾ അച്ഛനു രോഗവും ഈ രാശിയുടെ നവാംശകരാശിയിൽ വ്യാഴം അംശകിക്കുമ്പോൾ മരണവും ഭവിക്കും. യമകണ്ടകസ്ഫുടവും സൂര്യസ്ഫുടവുംഒരുമിച്ചു ചേർത്താൽവരുന്ന രാശിയുടെ ത്രികോണരാശിയിൽ വ്യാഴം വരുമ്പോൾ പിതാവിനുരോഗവും ജ്ഞന്റെ അംശകരാശിയിൽ വ്യാഴം വരുമ്പോൾ മരണവും ഉണ്ടാകും.

മൂ— കേന്ദ്രേചരേക്ഷേചന്ദ്രേവാപിതരൌനന്ദഥോൽസുരഃ
കേന്ദ്രാദ്വിദേഹഗൌതേഷേ മൃത്യുദ്വാഥൌദ്വികാലഗൌ. നാ൮

വ്യാ—ചരരാശികേന്ദ്രങ്ങളായിവരികയും അവിടെ സൂര്യനും ചന്ദ്രനും നിൽക്കയും ചെയ്താൽ ജാതന് അച്ഛനമ്മമാരുടെ മൃതദേഹം ദഹിപ്പാൻ സംഗതിയാകയില്ല (അവരുടെ മരണസമയം പുത്രൻ അന്യദേശങ്ങളിലായിരിക്കും.) സൂര്യചന്ദ്രന്മാർ കേന്ദ്രത്തിചല്ലാതെ ഉഭയരാശികളിൽ നിന്നാൽ അച്ഛനമ്മമാരുടെ മരണവും ദഹനവും രണ്ടു കാലങ്ങളിലായിരിക്കും. സൂര്യനെക്കൊണ്ട് പിതാവിനേയും ചന്ദ്രനെക്കൊണ്ടു മാതാവിനേയും ചിന്തീക്കണം.(മരണസമയം പുത്രൻ അടുക്കലില്ലെങ്കി.

ലും പിന്നീടു സംസ്കാരംചെയ്യുവാൻ സംഗതിവരുമെന്നത്ഥം.(പുനസ്സം സ്കാരം മുതലായ ക്രിയാഭേദങ്ങൾകൊണ്ടുപുണ്ട് )

മൂ— അദൃശ്യയാതൊപിതൃമാതൃനാഥ്യാ
പിത്രോർമ്മുഖാദർശനമൊഭവേതാം
പുത്രാധിപേഷ്ടദൃശ്യഗതോപഗശ്ചേ
ല്പുത്രാനനാദർശനമോന്ത്യകാലേ. നാര

വ്യാ—പിതൃസ്ഥാനാധിപനും മാതൃസ്ഥാനാധിപനും അദൃശാ ഭ്തത്തിൽ നിന്നാൽ ജാതനു അച്ഛനമ്മമാരുടെ മരണസമയം അവനെ കാണാൻ സാധിക്കയില്ല. പുത്രസ്ഥാനാധിപൻ അദൃശാഭ്തത്തിൽ ആയാൽ അച്ഛനമ്മമാക്കു പുത്രനെ കാണാൻ കഴികയില്ല.

മൂ— ദൃസ്ഥബുധിസ്ഥാനപേക്ഷിതദൃശ്യഗേവാ
ജാതോമന്ദപ്രായബുദ്ധിംസമേതി
കേന്ദ്രേകോണേസൗമ്യവാഗീശയുക്തേ
ചീന്ദ്യോപേതേബുദ്ധിമാനിംഗിതജ്ഞഃ. സ൫

വ്യാ—അഞ്ചാംഭാവാധിപൻ അദൃശാഭ്തത്തിലൊ അനിഷ്ടസ്ഥാനത്തൊ നിന്നാൽ ജാതന് പ്രായം ബുദ്ധിമന്ദിച്ചിരിക്കും. ഭാവാധിപൻ കേന്ദ്രത്രികോണങ്ങളിൽ വ്യാഴത്തോടൊ ബുധനോടുകൂടി ബലവാനായി നിന്നാൽ ബുദ്ധിമാനായും അന്യന്റെ അഭിപ്രായം അറിയുന്നവനായും ഭവിക്കും.

മൂ— ത്രികാലജ്ഞോഭവേജ്ജീവേ സ്വാംശേമൃദ്വംശസംയുതേ
ഗോപുരാദ്യംശകേവാപിശുഭാംശേശുഭവീക്ഷിതേ. നസ

വ്യാ—വ്യാഴത്തിനു വർഗ്ഗോത്തമം സൌമ്യാംശം ഗോപുരാംശം ശുഭയോഗദൃഷ്ടികർം ഇവയുണ്ടായാൽ ജാതൻ ത്രികാലജ്ഞനാകും. (ഭൂതഭവിഷ്യദ്വർത്തമാനങ്ങളെ അറിയുന്നവൻ)

മൂ— ഹൃദ്രോഗിപഞ്ചമേപാപേ സപാപേക്ഷരസാരഗേ
ക്രൂരഷഷ്ട്യംശസംയുക്തേ ശുഭദൃഗ്യോഗവർജ്ജിതേ. നഒ

വ്യാ—ശുഭയോഗദൃഷ്ടികർം ഇല്ലാതെയും ക്രൂരഷഷ്ട്യംശത്തോടുകൂടിയുള്ള പാപൻ നാലിലും അഞ്ചിലും നിന്നാൽ ജാതൻ ഹൃദ്രോഗിയായി ഭവിക്കും.

മൂ— അനാദ്യനപരോനിത്യം പഞ്ചമേശേശുഭാംശകേ
ശുഭക്ഷേത്രസംയുക്തേ ഭ്രൂമിജേകേന്ദ്രമാശ്രിതേ. നവ

വ്യാ—അഞ്ചാംഭാവാധിപൻ ശുഭാംശകത്തോടു കൂടിയാലും ശുഭനോടു കൂടിയാലും ശുഭനോടുകൂടി ചൊവ്വാ കേന്ദ്രത്തിൽ നിന്നാലും ജാതൻ അന്നദാനം ചെയ്യുന്നവനായിരിക്കും.

അഥ ഷഷ്ഠഭാവഃ.

മൂ— രോഗാരിവ്യസനക്ഷതാനിവസുധാപുത്രാരിശത്രിന്തയേ
ദുക്തംരോഗകരംതദേവരിപുഗേജ്ഞീവേജ്ഞിതാരിഭ്വേൽ
ഷണ്ഡാരീശബുധൈവിധുന്തുദനുതെഭലാനേശസംബന്ധിനൌ
ലിംഗസ്യാമയകൃദ്ദിനേശരുധിരൈഷഷ്ഠേസലഗ്നാധിപൈ. നൻ

വ്യാ—ഇനിയും ഷഷ്ഠഭാവങ്ങളെ നിരൂപണം ചെയ്യുന്നു. ആറാംഭാവംകൊണ്ടും കുജനെക്കൊണ്ടും രോഗം ശത്രു വ്യസനം ക്ഷതം മുറിവു് വ്രണം മുതലായവയെ ചിന്തിക്കണം. രോഗകരങ്ങളായ സകല വസ്തുക്കളെയും ആറാമിടംകൊണ്ടു ചിന്തിക്കണം. ആറാംഭാവത്തിൽ വ്യാഴം നിന്നാൽ ശത്രുക്കളെ ഒക്കയും ജയിക്കുന്നവനായിരിക്കും. നാംഭാവാധിപനും ബുധനും രാഹുവിനോടു ചേർന്നുനിന്നാൽ ഷണ്ഡനായിരിക്കും. ലഗ്നാധിപനോടുകൂടി സൂര്യകുജന്മാർ ഷഷ്ഠത്തിൽ നിന്നാൽ ലിംഗരോഗമുള്ളവനായിരിക്കും.

മൂ—പത്നീഷണ്ഡതപമേതിക്ഷതഭവനഗതേകാമപേസംസുരേഡ്യേ
ഭൌമേമന്ദേനദുഷ്ടേരിപുഭവനഗതേശത്രുഭാഗ്യാമുപൈതി
സൌമ്യൈർദൃഷ്ടേയുതേവാനഭയമരിജനാത്രത്രുഭേജന്മലഗ്നാൽ
പാപൈഷ്ഷഷ്ഠക്ഷതാദിവ്രണവിപുലഭയംജായതേലാഞ്ഛനാംസ്യാൽ

വ്യാ—ഏഴാംഭാവാധിപൻ ശുക്രനോടുകൂടി ആറാമിടത്തു നിന്നാൽ ജാതന്റെ ഭാര്യ ഷണ്ഡത്രുപിയായിരിക്കും. (സ്ത്രീത്വമില്ലാത്തവളെന്നർത്ഥം) ആറാംഭവത്തിൽ ശനിദൃഷ്ടനായ ചൊവ്വാനിന്നാൽ ശത്രുഭാര്യയെ ലഭിക്കുമെന്നു പറയണം. ലഗ്നാൽ ആറാമടത്തു ശുഭയോഗദൃഷ്ടികളുണ്ടായിരുന്നാൽ ശത്രുക്കളിൽനിന്നു ഭയമുണ്ടാകയില്ല. അവിടെ പാപന്മാരായിരുന്നാൽ ശത്രുഭയം വ്രണം ശത്രുക്കളിൽനിന്നു മുറിവു് ഇവയൊക്കയും ഉണ്ടായിരിക്കും.

മൂ— ഷഷ്ഠേഭാസപതിലഗ്നനായകരിപൌനീചാരിഗേദുർബ്ബലേ
ജാതസ്തൽപിതൃവദ്ധശത്രുസഹിതോലഗ്നേശമിത്രഗ്രഹേ
ഇഷ്ടസ്ഥാനഗതേനിജോച്ചസുഹൃദാംവർഗ്ഗോപയാതേസതി
ഇഞ്ഞാരീനാംബലംവദന്തിമുനയശ്ശുഭ്രവ്രണാഭാവഭാക്. ച

വ്യാ—സൂര്യൻ ഷഷ്ഠത്തിലും ലഗ്നാധിപന്റെ ശത്രുവായ ഗ്രഹം നീചത്തിലോ ശത്രുവിലോ ദുർബലനായിട്ടു നിന്നാൽ ജാതന്നു് അച്ഛ

ന്റെ വഴ്ത്തിലുള്ളവരുമായി ശത്രുത്വമുണ്ടാകും. ലഗ്നാധിപന്റെ ബന്ധുവായ ഗ്രഹം ഇഷ്ടസ്ഥാനത്തും അല്ലെങ്കിൽ സപ്തക്ഷേത്രം ഉച്ചം ബന്ധു ഇവയിൽ അംശകംചെയ്താൽ നിന്നാൽ വളരെ ബന്ധുക്കളും സജ്ജനങ്ങളും ഉണ്ടാകും. ആയുധംനിമിത്തം വ്രണം ക്ഷതം ഇവ ഇല്ലാത്തവനായും ഭവിക്കും.

മൂ— ശത്രുസ്ഥാനഗതോരിനീചഗൃഹഗോവക്രംഗതോവാസ്തഗോ
നൈകേഖതോജിനോബലക്ഷതരുഷ്ഷഷ്ഠാധിപോവാഥവാ
ശത്രുസ്ഥാനഗതേഷുഭാസ്കരമുഖൈർന്യാമാടനേഷുക്രമാ-
ത്തത്തൽക്കാരകഖേടവർഗ്ഗരിപുണാതൽപീഡിതസ്സന്തതം. ഒന്പ

വ്യാ—സപ്തമഭാവത്തിൽ നിൽക്കുന്ന ഗ്രഹം ശത്രുക്ഷേത്രത്തിലോ നീചത്തിലോ അസ്തമിച്ചോ വക്രമോ മൌഢ്യമോ ഉള്ളവനായിരുന്നാലും ജാതൻ ഒരു ബന്ധുവും ഇല്ലാത്തവനായും ദേഹത്തിൽ മുറിവു് വ്രണം ഇവ ഉള്ളവനായും ഭവിക്കും. ഷഷ്ഠാധിപനാ മുൻപറഞ്ഞ സ്ഥിതി ഉണ്ടായിരുന്നാലും ഈ ഫലത്തെത്തന്നെ പറയണം. ആദിത്യൻ മുതലുള്ള ഗ്രഹങ്ങൾ ആറാമിടത്തു നിന്നാൽ ആതാതു ഗ്രഹങ്ങളുടെ കാരക വഴ്ത്തിലുള്ള ശത്രുജനങ്ങളാൽ എപ്പോഴും പീഡിതനായിരിക്കും.

മൂ— പാപവ്യാമമൃഗാസ്തയോരിപുഗതൽപ്രാപ്തേക്ഷുകാർമുർവലാ
ഗോവിത്തക്ഷയമാമയംരിപുഭയംകുർവന്തിജന്മാദിതഃ
തേസർവ്വേബലശാലിനോയദിശുഭംഗോവിത്തമശ്വാദികം
ർഭാജാനാംസകലോപദംശസഹിതംഭോഗാദിനാശംവദേൽ. ഒന്പ

വ്യാ—ഷഷ്ഠാധിപൻ അവിടെ നിൽക്കുന്നഗ്രഹം അവിടെ നോക്കുന്നഗ്രഹം ഇവർ മൂന്നുപേരും ദുർബലന്മാരും പാപന്മാരുമായിരുന്നാൽ പശുക്കൾ സമ്പത്തു് ഇവയ്ക്കുനാശവും രോഗവും ശത്രുഭയവും ഉണ്ടായിരിക്കും. അവർ മൂന്നുപേരും ബലവാന്മാരായിരുന്നാൽ പശുസമ്പത്തു് അശ്വലാഭം രാജപ്രീതി സഹോപകരണങ്ങളോടുകൂടിയ ഭക്ഷണം ആരോഗ്യം ഇവയുണ്ടാകും.

മൂ— ഷഷ്ഠാമംബരവാരിണാമതിശുഭൈകേന്ദ്രത്രികോണായഗൌ
ദ്വാവേതൌബലശാലിനൌയദിലഭേദ്വ്യാധ്യാദിനാശംനൃണാം
വൃകോപിപ്രബലോയദിവ്രണരിപുക്ലേശാദികിഞ്ചിദ്ഭവേ-
ദ്ദുത്തല്ലാരകവഴ്ത്തുകത്രയഗതോമോദപ്രസാദംസദാ. ഒന്പ

വ്യാ—മുൻപറഞ്ഞ മൂന്നുഗ്രഹങ്ങളിൽ രണ്ടു ഗ്രഹങ്ങൾ ശുഭന്മാരും ബലവാന്മാരുമായി കേന്ദ്രത്രികോണങ്ങളിലും ഷഷ്ഠസ്ഥാനഭാവത്തിലും നിന്നാൽ അല്പമായ ശത്രുനാശം ആരോഗ്യം ഇവയുണ്ടാകും. അ

തിൽ ഒരുവൻ ബലവാനായിരുന്നാൽ ശത്രുപീഡ വ്രണം രോഗം മുൻ പറഞ്ഞതിൽ കൂടുതലായിരിക്കും. അതാതു കാരകഗ്രഹങ്ങളുടെ അംശ കങ്ങൾ ഒക്കെയും സുഖത്തെച്ചെയ്യുന്നവയായിരിക്കും.

മൂ— വ്യാപേശത്രുഗതേസപത്നപയുതേദേഹവ്രണാംദേഹിനാം
പുത്രസ്ഥപിതൃപുത്രയോസ്സുഖഗതേമാതുഃ കളത്രസ്ഥിയുഃ
ധർമ്മസ്ഥസ്ഥിതിമാതുലസ്യസഹജേതസ്യാനുജസ്യവ്രണാം
ലാഭസ്ഥേതുതദഗ്രജസ്യനിധനോജ്ഞാതോഗദാർത്തോഭവേൽ. ൭൫

വ്യാ — നാംഭാവാധിപനോടുകൂടിയ പാപഗ്രഹം ലഗ്നത്തിൽ നിന്നാൽ ദേഹത്തിൽ വ്രണപീഡയുണ്ടാകും അവർ ഒൻപതിൽ നിന്നാൽ ജ്ഞാതന്റെ അച്ഛനും പുത്രനും വ്രണമുണ്ടായിരിക്കും. ഈവർ നാലാമിടത്തു നിന്നാൽ അമ്മയ്ക്കും പൂഴാമിടത്തുനിന്നാൽ ഭാര്യയ്ക്കും ഒൻപതിൽ നിന്നാൽ അമ്മാവനും മൂന്നാമടത്തുനിന്നാൽ സഹോദരനുമാകും പതിനൊന്നിൽ നിന്നാൽ ജ്യേഷ്ഠനും അഞ്ചിടത്തിൽ നിന്നാൽ ജ്ഞാതനും വ്രണരോഗമുണ്ടായിരിക്കും.

മൂ— ഭാനൗർമ്മൂർദ്ധനിശശീമുഖേമഥിസുതഃകണ്ഠോത്തനാഭേധ
ശ്ചാന്ദ്രിസ്സുരിരനാമയം പ്രകുരുതേനേത്രാമയംഭാർഗ്ഗവഃ
മന്ദോവാതമഹിശ്വകേതുരുദരവ്യാധിംബുധക്ഷേത്രഗോ
ലഗ്നേശേ ശനിജേനവീക്ഷിതയുതേഗ്രഹ്യവ്രണംയച്ഛതി: ൭൬

വ്യാ —സൂര്യൻ ശിരോരോഗത്തെയും ചന്ദ്രൻ മുഖരോഗത്തെയും കുജൻ കണ്ഠരോഗത്തെയും ബുധൻ അടിവയറിൽ രോഗത്തെയും വ്യാഴം രോഗമില്ലായ്മയേയും ശുക്രൻ നേത്രരോഗത്തെയും ശനി വാതരോഗത്തെയും ബുധക്ഷേത്രത്തിൽ നിൽക്കുന്ന രാഹുകേതുക്കൾ ഉദരരോഗത്തെയും ഗ്രഹികയോഗദൃഷ്ട്യാദികളുള്ള ലഗ്നാധിപൻ ഗ്രഹ്യവ്രണത്തെയും ചെയ്യും.

മൂ— ലഗ്നാദിതദ്രാശിയുതേ ഫണീശേ
ശുക്രേക്ഷിതേതത്തനുചിഹ്നമേതി
മന്ദാഹിയുക്തേതരിപുരാശിനാഥേ
തുരംഗപശ്വാദിഭയംവദന്തി. ൭൭

വ്യാ—ശുക്രദൃഷ്ടിയോടുകൂടിയ രാഹു ലഗ്നം മുതൽ ഏതുഭാവത്തിൽ നില്ക്കുന്നുവോ ആ ഭാവത്തിനു പറഞ്ഞിട്ടുള്ള അംഗത്തിൽ ചിഹ്നങ്ങൾ ഉണ്ടായിരിക്കും ഷഷ്ഠാധിപൻ രാഹുഗ്രഹികന്മാരോടു കൂടിയാൽ കുതിര പശു മുതലായവയിൽനിന്നു ഭയമുണ്ടാകും.

മൂ— പാപഗ്രഹേണസംദൃഷ്ടേ വിബലേശത്രുനായകേ
പാപാന്തരഗതേ വാപിശത്രുപീഡാഭവിഷ്യതി. ൭൫

വ്യാ—ഭരാംഭാവാധിപൻ പാപദൃഷ്ടനായും ദുർബലനായും പാപമധ്യസ്ഥിതിയോടുകൂടിയും നിന്നാൽ ശത്രുപീഡ ഭവിക്കും.

മൂ— ശത്രുസ്ഥാനാധിപേദൃഷ്ടേ നീചമൂഢാരിരാശിഗേ
വക്രാരേശേബലസംയുക്തേ ശത്രുനാശംവദേൽബുധഃ. ൭൬

വ്യാ—ഷഷ്ഠാധിപൻ നീചം മൌഢ്യം ശത്രുസ്ഥിതി ഇവയോടുകൂടി ദുർബലനായും ലഗ്നാധിപൻ ബലവാനായും നിന്നാൽ ശത്രുനാശത്തെ പറയണം.

ഇങ്ങിനെ പതിമൂന്നാം അദ്ധ്യായം കഴിഞ്ഞു.

---

## പതിനാലാം അദ്ധ്യായം.

---

മൂ — യാത്രാപുത്രകളത്രസൌഖ്യമഖിലംസഞ്ചിന്തയേത്സപ്തമാൽ
പ്രോക്തംപുത്രസുഖംഗമാഗമഫലംസ്വാഭ്യയത്തദ്വയേൽ
ജ്ഞാതൃകാമഗതേസിതേമദനഗേപാപാന്വിധ്വജേവാത്മഗാ
കാമേജീവയുതേക്ഷിതേശുഭഗൃഹേപുത്രാത്തനാജ്ഞാരോഭവേൽ. ൭൭

വ്യാ—ഇനിയും ഈ അദ്ധ്യായത്തിൽ സപ്തമാഷ്ടമനവമഭാവഫലങ്ങളെപ്പറയുവാൻ തുടങ്ങുന്നു. യാത്ര പുത്രൻ ഭാര്യ സുഖം മുതലായവയെ ഏഴാമിടംകൊണ്ടു ചിന്തിക്കണം. അതുപോലെതന്നെ പുത്രസുഖം ഗമനാഗമനഫലം (വരികയും പോകയും ചെയ്യുന്നത്) ഇവയും ചിന്തിക്കേണ്ടതു് ഏഴാമിടംകൊണ്ടാകുന്നു. ഏഴാമിടത്തു ശുക്രനൊ രാഹുകേതുക്കളോടുകൂടിയ ഏഴാംഭാവാധിപനൊ നിന്നാൽ ജ്ഞാതൻ ജ്ഞാരനായി ഭവിക്കും. അവിടെ (ഏഴാമിടത്തു) വ്യാഴം നിൽക്കയോ നോക്കുകയോ ചെയ്കയും ഏഴാമിടം ശുഭക്ഷേത്രമായി വരികയും ചെയ്താൽ ജ്ഞാതൻ ജ്ഞാരനായി ഭവിക്കുകയില്ല.

മൂ — ജ്ഞാതൃകാമപതൌസ്വഗൃഹഗേപാപേക്ഷിതേതദ്ഗൃഹേ
തജ്ജ്ഞായാഭവനസ്യമധ്യമഫലംസർവ്വംശുഭഞ്ചാന്യഥാ
കാമസ്ഥാനപതൌസിതേനസഹിതേപാപർക്ഷഗേകാമധീ
സ്സ്ഥൌര്യർക്ഷേശുഭവേടവീക്ഷിതയുതേജ്ഞാതസ്സ്ഥിതച്ഛത്രുവാൻ. ൭൮

വ്യാ—ഏഴാംഭാവാധിപൻ പാപക്ഷേത്രത്തിൽ അനിഷ്ടസ്ഥാനത്തു പാപയോഗദൃഷ്ടികളോടുകൂടിനിന്നാൽ ജാതന്റെ ഭാര്യയുടെ ഭവനം മദ്ധ്യമഫലത്തോടുകൂടിയിരിക്കും. (വളരെ ധനവും വളരെ ദാരിദ്ര്യവും ഇല്ലെന്നർത്ഥം) ഏഴാംഭാവാധിപൻ ശുഭക്ഷേത്രത്തിൽ ശുഭയോഗദൃഷ്ടികളോടുകൂടി ഇഷ്ടസ്ഥാനത്തു നിന്നാൽ വളരെ ധനമുള്ള തുമായിരിക്കും. ഇതുകൊണ്ടു ഭാര്യാസുഖാനുഭവത്തെയും ചിന്തിക്കാവുന്നതാണ്. ഏഴാംഭാവാധിപ ശുക്രനോടുകൂടി പാപക്ഷേത്രത്തിൽ നിന്നാൽ ജാതൻ കാമിയായും ശുഭയോഗദൃഷ്ടികളോടുകൂടി ഏഴാംഭാവാധിപൻ ശുഭക്ഷേത്രത്തിൽ നിന്നാൽ വെൺകൊറ്റക്കുടയുള്ളവനായും ഭവിക്കും.

മൂ— വിത്താസ്ഥാരിപുഭാർഗ്ഗവാസ്തഗതാഃപാപാന്വിതാഃകാമുകഃ
പാപൈർയ്യാമമഥാനിതൈരുതനുരിപുസ്ഥാനാധിപൈശ്ചേത്തഥാ
കാമസ്ഥാരിപുവിത്തലഗ്നഗതയുതേപാപേപരസ്ത്രീരതഃ
പാപാരാതികളത്രപാനയനഗഃകാമാതുരോജ്ഞായതേ. ന

വ്യാ—൨, ൭, ൧൨ ഈ ഭാവങ്ങളുടെ നാഥന്മാരും ശുക്രനും പാപനോടുകൂടി ലഗ്നത്തിലും ലഗ്നാധിപനും ആറാംഭാവാധിപനുംകൂടി പാപന്മാരോടു ചേർന്നു ലഗ്നത്തിലും നിന്നാൽ ജാതൻ കാമശീലനായും ലഗ്നാധിപൻ രണ്ടാംഭാവാധിപൻ ഷഷ്ഠാധിപൻ ഇവരോടുകൂടി പാപഗ്രഹം ഏഴാമിടത്തുനിന്നാൽ പരസ്ത്രീരതനായും പാപഗ്രഹവും ഷഷ്ഠാധിപനും ഏഴാംഭാവാധിപനാം രണ്ടാമിടത്തു നിന്നാൽ കാമാതുരനായും ഭവിക്കും

മൂ— ജാതുകർമ്മധനാസ്തപാദശമഗഃപുത്രാദികാരഗ്രഹാ
ദൃസ്ഥാധീഗുരുകാമപാസ്സുതഗൃഹേപാപേക്ഷിതേടനാത്മജ്ഞഃ
ജീവജ്ഞൈരുദിവാനിശാകരസിതൈഃകാമേബഹുസ്ത്രീരതഃ
ശുക്രേമന്മഥഗേതഥാബലവതിസ്ത്രീണാംബഹൂനാംപതിഃ. ൫

വ്യാ—൧൦, ൨, ൪ ഈ ഭാവങ്ങളുടെ നാഥന്മാരും ഭാര്യാപുത്രകാരകന്മാരും പത്താമിടത്തും ൫, ൯, ൪ ഈ ഭാവനാഥന്മാർ അനിഷ്ടസ്ഥാനത്തും അഞ്ചാമിടത്തു പാപദൃഷ്ടിയും വന്നാൽ ജാതൻ അപുത്രനായിരിക്കും. വ്യാഴവും ബുധനും അല്ലെങ്കിൽ ചന്ദ്രനും ശുക്രനും ഏഴാമിടത്തു നിന്നാലും ബലവാനായ ശുക്രൻ തനിച്ചുനിന്നാലും ജാതൻ വളരെ ഭാര്യമാരുള്ളവനാകും.

മൂ— ശുക്രാത്തുമദനഗൈകളത്രസഹിതൈരധർമ്മാത്മജൻസ്വാതഥാ
ശത്രുസ്ഥാനഗതൈനിശാകരസിതൈരന്യൈകപുത്രോഭവേൽ

വന്ധ്യാസ്ത്രീപതിരേവജ്ഞാതമനുജ്ഞോജ്ഞായാവിഹീനോഥവാ
ലഗ്നാസ്ഥവ്യയഗേഷുപാപഖചരേഷ്വിന്ദ്യൂസുതേടുർബ്ബലേ. ൫

വ്യാ—ഏഴാമിടത്തു കുജനും ശുക്രനും നിന്നാൽ ജ്ഞാതനു ഭാര്യ ഉണ്ടായിരിക്കും. അവർ ഒൻപതിലും ആഞ്ചിലും നിന്നാലും ഫലം ഇങ്ങനെതന്നെ. ചന്ദ്രശുക്രന്മാർ ഒരുമിച്ചു ആറാമിടത്തു നിന്നാൽ ഒരു പുത്രൻ ഉണ്ടാകും. ലഗ്നം ൬, ൧൨ ഈ ഭാവങ്ങളിൽ പാപന്മാരും ക്ഷീണചന്ദ്രൻ അഞ്ചിലും നിന്നാൽ ജ്ഞാതന്റെ ഭാര്യ വന്ധ്യയായിരിക്കും. അല്ലെങ്കിൽ അവൻ ഭാര്യ ഇല്ലാത്തവനാകാനും മതി.

മൂ— വന്ധ്യാപതിസ്സ്ഥിതരന്ധ്രഗതോദയസ്ഥേ
ചന്ദ്രോദയേസമഗൃഹേഖലനാകൃതിസ്സ്യാൽ
പുംരാശ്യംപുരുഷഭാവയുതം കളത്രം
സ്ത്രീപുംഗ്രഹേക്ഷിതയുതേസതിമിശ്രരൂപം. ൬

വ്യാ—ശുക്രനും ആദിത്യനും ഒരുമിച്ചു ലഗ്നത്തിലോ ഏഴിലോ നിന്നാൽ ജ്ഞാതന്റെ ഭാര്യ വന്ധ്യയായിരിക്കും. ചന്ദ്രനും ലഗ്നവും യുഗ്മരാശിയായിരുന്നാൽ ജ്ഞാതൻ സ്ത്രീയുടെ ആകൃതിയായിരിക്കും. ഏഴാമിടം പുരുഷരാശിയായാൽ ഭാര്യ പുരുഷപ്രകൃതിയും സ്ത്രീഗ്രഹങ്ങളും പുരുഷഗ്രഹങ്ങളും ഏഴാമടത്തു നോക്കുകയോ നിൽക്കയോ ചെയ്താൽ ഭാര്യ സ്ത്രീപുരുഷമിശ്രരൂപിണിയായുമിരിക്കും.

മൂ— ഭൌമാംശേവാഭൌമരാശൌവിലഗ്നാൽ
കാമസ്ഥാനോജ്ഞന്മഭാദ്യാവധൂനാം
ജ്ഞായാദാസീനീചമൂഢഗ്രഹാംശേ
ദുഷ്ടാവാസ്യാദ്ധ്യുവനോഭർത്തൃഹീനാ. ൭

വ്യാ—ലഗ്നാലോ ചന്ദ്രാലോ ഏഴാമിടം (ചന്ദ്രരാശി) ഏഴിലൊ കുജാംശകമായോ കുജക്ഷേത്രമായോ വന്നാൽ ഭാര്യ ദാസിയായി ഭവിക്കും. അവിടെനീചമോ മൌഢ്യമോ ഉള്ള ഗ്രഹത്തിന്റെ അംശകം വന്നാൽ അവൾ പെറുപ്പത്തിലെ വിധവയായോ ദുഷ്ടയായോ ഭവിക്കും. (ഭാര്യയ്ക്കു പെറുപ്പത്തിലെ വൈധവ്യം ഉണ്ടാകുമെന്നു പറയുന്നതു യുക്തിഹീനത്തയാണു. ഈ പദ്യം സ്ത്രീജാതകാദ്ധ്യായത്തിൽ ചേർത്താൽ നന്നായിരിക്കും.)

മൂ— ശുഭാംശരാശൌയദിസൽഗ്രഹാഢ്യാ
ശുഭർക്ഷഗേചാരുതരാംകളത്രം
ചന്ദ്രാംശകേടുർബ്ബലചന്ദ്രരാശൌ
ജ്ഞായാപതിഃക്ലീസബലേതുസാധ്വീ. ൮

വ്യാ—ഏഴാമിടം ശുഭരാശിയും ശുഭാംശകത്തോടും കൂടിയാൽ ഭാര്യ ഗുണവതിയും സുന്ദരിയും ആയി ഭവിക്കും. അവിടെ ക്ഷീണചന്ദ്രന്റെ രാശ്യംശകങ്ങൾ വന്നാൽ ഭർത്താവിനെ കൊല്ലുന്നവളായും ചന്ദ്രൻ ബലവാനായാൽ പതിവ്രതയായും ഭവിക്കും.

മൂ— അർക്കാംശേകുലടാനിജോച്ചഗഹഗേസാധ്വീശുഭാലോകിതേ
ലഗ്നേശീതകരേഥവാമദനഭേനീചാരിമൂഢാന്വിതേ
പാപവ്യാളവിഹംഗപാശനിഗളദ്രേക്കാണഭാഗാന്വിതേ
സന്ധ്യംശേവിഗതവ്രതാഖവിധവാജ്ഞാതസ്യജായാഭവേൽ. ൯

വ്യാ—ഏഴാമിടത്തു സൂര്യക്ഷേത്രമോ സൂര്യാംശമോ ആയാൽ ജാതന്റെ ഭാര്യ കുലടയായും (വ്യഭിചാരിണി) അവിടം ഉച്ചമായോ സ്വക്ഷേത്രമായോ വരികയും ശുഭദൃഷ്ടമായിരിക്കയും ചെയ്താൽ സാധ്വിയായും ഏഴാമിടത്തു നീചം ശത്രുസ്ഥിതിമൌഢ്യം ഇവയുള്ള ഗ്രഹങ്ങളും പാപന്മാരും വ്യാളം വിഹംഗം നിഗളം ഈ ദ്രേക്കാണങ്ങളും ഇക്ഷസന്ധിയും വന്നാൽ ഭാര്യ വ്യഭിചാരണിയായും അല്ലെങ്കിൽ വിധവയായും ഭവിക്കും.

മൂ— കാമസ്ഥേതനുപേശുഭഗ്രഹയുതേസഭ്രംശജാമുച്ചതി
ക്രൂരർക്ഷേമദനേവിലഗ്നരമണേദ്വ്യംശജാതാംഗനാം
വർണ്ണംത്രുപഗുണാകൃതിഞ്ചസകലംയത്തൽഗ്രഹോക്തംവദേൽ
ദുർവ്യാപാരകരഗ്രഹാകൃതിനരപ്രീതിംപ്രയാത്യംഗനാ. ൧൦

വ്യാ—ലഗ്നാധിപൻ ശുഭനോടുകൂടി ഏഴാമിടത്തു നിന്നാൽ ജാതന്റെ ഭാര്യ നല്ല വംശത്തിൽ ജനിച്ചവളായിരിക്കും. ഏഴാംഭാവാധിപന്റെയോ ഏഴാമിടത്തു നിൽക്കുന്ന ഗ്രഹത്തിന്റെയോ സ്ഥിതിക്കു തുല്യമായ ത്രുപഗുണം നിറം ഇവയുള്ളവളുമായിരിക്കും. അവിടെ പാപഗ്രഹം നിന്നാൽ ഭാര്യ ദുഷ്ടന്മാരോടും ശുഭൻ നിന്നാൽ സത്തുക്കളോടും പ്രിയമുള്ളവളുമായിരിക്കും.

മൂ— പാപപ്രകാശസംയുക്തേ കുളത്രേദുഷ്ടചാരിണീ
രവൌവന്ധ്യാതുശീതാംശൌ ക്ഷീണേന്ദൌവ്യഭിചാരിണീ. ൧൧

വ്യാ—ജാതന്റെ ഏഴാമിടത്തു സൂര്യനോടുകൂടി പാപഗ്രഹം നിന്നാൽ ഭാര്യ ദുരാചാരയായിരിക്കും. ചന്ദ്രൻ നിന്നാൽ വന്ധ്യയായും (മച്ചി) ക്ഷീണചന്ദ്രൻ നിന്നാൽ വ്യഭിചാരിണിയായും ഭവിക്കും.

മൂ— കുജേനത്രിയതേമന്ദേ ദുർഭഗാരാവ്ഹസംയുതേ
പരദാരരതിസ്സ്യോയം നിഷേകാഭാവകോസുതേ. ൧൨

൨൮

വ്യാ—ജാതന്റെ ഏഴാമിടത്തു കുജൻ നിന്നാൽ ഭാര്യമരിക്കും. ശനിനിന്നാൽ ദുഷ്ടയായിരിക്കും. രാഹു നിന്നാൽ പരപുരുഷസക്തനായും അപുത്രനായും ഭവിക്കും.

മൂ— ഭൌമേവിവാഹഹീനസ്സ്യാൽ ക്രിയതേകാമുകേസതി
പരിവേഷേതുദുഃശീലാ കേതൌവന്ധ്യാപതിർഭവേൽ. ൧൯൨

വ്യാ—ഏഴാമിടത്തു ചൊവ്വാനിന്നാൽ ജാതന്നു ഭാര്യയുണ്ടായിരിക്കയില്ല; അല്ലെങ്കിൽ അവനുള്ളപ്പോൾതന്നെ ഭാര്യമരിക്കും. ഏഴാമിടത്തു പരിവേഷം ഉണ്ടായാൽ ദുഃശീലയാകും. കേതു നിന്നാൽ ഭാര്യ വന്ധ്യയായി ഭവിക്കും.

മൂ— കാലേവിദാരുപാപേതു ഗർഭസ്രാവേണസംയുതാ
സുശീലാസ്ത്രീപ്രസൂതാച പൂർണ്ണചന്ദ്രേസുപുത്രികാ. ൧൯൩

വ്യാ—ഏഴാമിടത്തു കാലൻ എന്ന ഉപഗ്രഹം നിന്നാൽ ഭാര്യ ഇല്ലാത്തവനായും മറു പാപന്മാർ നിന്നാൽ ഭാര്യ ഗർഭമലസുന്നവളായും പൂർണ്ണചന്ദ്രൻ ഏഴാമിടത്തുനിന്നാൽ സുശീലയായും പ്രസവിക്കുന്നവളായും ഭവിക്കും.

മൂ— ബുധേസുപുത്രാവാഗീശേ ഗ്രണയുക്താസുപുത്രിണി
ശുക്രേസൌഭാഗ്യസംയുക്താ ശ്രീമതീചബലാന്വിതേ. ൧൯൪

വ്യാ—ഏഴാമിടത്തു ബുധൻ നിന്നാൽ ജാതന്റെ ഭാര്യ പുത്രന്മാരോടുകൂടിയവളായും വ്യാഴം നിന്നാൽ പുത്രന്മാരും സൽഗ്രണവുമുള്ളവളായും ശുക്രൻ നിന്നാൽ സൌന്ദര്യമുള്ളവളായും ശുക്രൻ ബലവാനായാൽ ഐശ്വര്യമുള്ളവളായും ഭവിക്കും.

മൂ— സ്ത്രീപുത്രപേബലിനിശ്ശോഭനേപേക്ഷയുക്തേ
ഷഷ്ഠാധിപേനാസഹിതേയദിവീക്ഷിതേവാ
ജാരേണപുത്രജനിലാഭമൈതിജായാ
തസ്യാഥവാബഹുകളത്രയുതോപ്യപുത്രഃ. ൧൯൫

വ്യാ—ജാതന്റെ ഏഴാംഭാവാധിപനും അഞ്ചാംഭാവാധിപനും ശുഭഗ്രഹത്തോടുകൂടി നിൽക്കയും ഷഷ്ഠാധിപന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടായിരിക്കയും ചെയ്താൽ അവന്റെ ഭാര്യയ്ക്കു ജാരന്മാർനിമിത്തം പുത്രന്മാരുണ്ടാവും. അല്ലെങ്കിൽ അവൻ വളരെ ഭാര്യയുള്ളവനായിരുന്നാലും അവന്നു പുത്രന്മാരുണ്ടാകയില്ല.

മൂ— നീചേഗ്രഹേഷ്വമദനഗേയദിനഷ്ടഭാരോ
മീനേകളത്രഭവനേരവിജേതഥവ

മന്ദാരരാശിനവഭാഗഗതേസുരേഡ്യേ
ജ്ഞാതോഭവേദിനസുതാരസമന്വിതോവാ. ൬൭

വ്യാ—മീനംരാശി ഏഴാമിടമായി അവിടെ ശനി നിന്നാലും ഗുരു ഏഴാമിടത്തു നീചനായി നിന്നാലും ജാതനു ഭാര്യയുണ്ടായിരിക്കയില്ല (ഭാര്യ മരിക്കുമെന്നർത്ഥം.) ശുക്രൻ ഋജുക്ഷേത്രത്തിലോ ശനിക്ഷേത്രത്തിലോ നിൽക്കയോ അംശിക്കയോ അല്ലെങ്കിൽ ശനിയോടോ കുജനോടോ ചേർന്നു എവിടെ എങ്കിലും നിൽക്കയോ ചെയ്താൽ പരദാരാഗതനായിരിക്കും.

മൂ— സപ്തമേവാഷ്ടമേ പാപേ വ്യയസ്ഥാധരണീസുതേ
ഭൂദ്രശ്യേയദി നാഥേ കളത്രാന്തരഭാഗ്ഭവേൽ. ൬൮

വ്യാ—കുജൻ ഏഴിലോ എട്ടിലോ പന്ത്രണ്ടിലോ നിൽക്കയും ഏഴാംഭാവാധിപൻ ഭൂദ്രശ്യാദ്ധത്തിൽ ആകയുംചെയ്താൽ ജാതനു വേറെ ഒരു ഭാര്യകൂടി ഉണ്ടായിരിക്കും. (പ്രഥമഭാര്യ മരിക്കുമെന്നർത്ഥം.)

മൂ— സുപകജാതംപ്രഥമം കളത്രം
ലഗ്നാധിപേഭാരപസംയുതേചേൽ
ദിനേശകാന്ത്യാഭിഹതേതഭാവീം
വിത്രപിണീംതാംമുനയോവദന്തി. ൬൯

വ്യാ—ലഗ്നാധിപൻ ഏഴാംഭാവാധിപനോട്ടു ചേർന്നുനിന്നാൽ ആദ്യഭാര്യ ചെവ്വഴ്ചയുടെ നിറവും ഏഴാംഭാവാധിപനു മൌഢ്യവുമുണ്ടായാൽ അവർ വിത്രപിണിയായും ഭവിക്കും.

മൂ— വിത്തേപപാപഖഹതേപത്യു കളത്രേശേതഥാസ്ഥിതേ
ശത്രുസ്ഥാനഗതേകേതൌ കളത്രത്രയഭാഗ്ഭവേൽ. ൭൦

വ്യാ—രണ്ടാമിടത്തും ഏഴാംഭാവാധിപനോടുചേർന്നും പാപന്മാർ നിൽക്കയും ആറാമിടത്തു കേതു നിൽക്കയും ചെയ്താൽ ജാതനു മൂന്നു ഭാര്യമാരുണ്ടായിരിക്കും.

മൂ— കേന്ദ്രത്രികോണേഷ്ടാരേശേ സ്വാച്ചമിത്രസപവർഗ്ഗേ
കർമ്മാധിപേനസംദൃഷ്ടേ ബഹുസ്ത്രീരമണോഭവേൽ. ൭൧

വ്യാ—ഏഴാംഭാവാധിപനു കേന്ദ്രത്രികോണങ്ങളിൽ സ്ഥിതിയും തന്റെ ക്ഷേത്രം ഉച്ചം ബന്ധു ഇവയിൽ സ്ഥിതിയോ അംശകമോ വരികയും കർമ്മാധിപന്റെ ദൃഷ്ടി ഉണ്ടാകയും ചെയ്താൽ ജാതൻ വളരെ സ്ത്രീകളിൽ രമിക്കുന്നവനായിരിക്കും.

മൂ— കളത്രാധിപതൌകേന്ദ്രേ ശുഭഗ്രഹനിരീക്ഷിതേ
ശുഭാംശേശുഭരാശൌവാ പത്നീവ്രതപരായണാ. ൨൨

വ്യാ—ഏഴാംഭാവാധിപൻ ശുഭരാശിയിലും ശുഭാംശകത്തിലും ശുഭേഷ്ടനായും കേന്ദ്രത്തിൽ നിന്നാൽ ജാതന്റെ പത്നി പതിവ്രതയായി ഭവിക്കും.

മൂ— ബുധാധിപേ സോമസുതേസപാപേ
നീചാരിവർഗ്ഗേരിപുന ശഭാവേ
പാപാന്തരേപാപദൃശാസമേതേ
ജ്ഞായാപതിർഷ്ലീകുലനാശിനീസ്യാൽ. ൨൩

വ്യാ—ബുധൻ ഏഴാംഭാവാധിപനാവുകയും പാപനോടുകൂടുകയും നീചം ശത്രുക്ഷേത്രം ഈ രാശികളിലും അസ്തം പ്രാപിച്ച് ഈ ഭാവങ്ങളിൽ നിൽക്കയും പാപൻ നോക്കുകയും പാപന്മാരുടെ മദ്ധ്യേ നിൽക്കയും ചെയ്താൽ ജാതന്റെ ഭാര്യ ഭർത്താവിനെ കൊല്ലുന്നവളായും വംശത്തെ നശിപ്പിക്കുന്നവളായും ഭവിക്കും.

മൂ— ശുഭാംശേശുഭസംയുക്തേ നാഥേജ്ഞായാസുവംശജാ
പാപത്രയേപാപവർഗ്ഗേ തസ്യജ്ഞായാകുവംശജാ. ൨൪

വ്യാ—ഏഴാംഭാവാധിപനും ശുഭാംശകവും ശുഭദൃഷ്ടിയുമുണ്ടായാൽ ജാതന്റെ ഭാര്യ നല്ല വംശത്തിൽ ജനിച്ചവളും പാപാംശകത്തിൽ നിൽക്കയോ പാപനോട് ചേരുകയോ ചെയ്താൽ ദുഷ്കുലത്തിൽ ജനിച്ചവളുമായിരിക്കും.

മൂ— കാമസ്ഥാനേസഖേടേസിതയുതഖചരൈ-
ർദ്ദാരസംഖ്യാംവദന്തി
സേപാച്ചസ്ഥാന്യാമവാസോനഭവേതിഗണനേ
ശുക്രയുക്തഗ്രഹൈർവാ
ജ്ഞായാധീശേസിതർക്ഷേസതിധനഭവനേ
കാമസംയുക്തസംഖ്യാ
ശുക്രാനംഗേശയുക്തേദ്യുചരനാവധൂ-
വല്ലഭോജ്ഞായതേവാ. ൨൫

വ്യാ—ഏഴാമിടത്തു നിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും ശുക്രനോടുകൂടിനിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും കളത്രസംഖ്യയെ പറയാം. ഉച്ചത്തിൽ ഗ്രഹം നിൽക്കുന്നില്ലെങ്കിൽ ശുക്രനോടുകൂടി നിൽക്കുന്ന ഗ്രഹങ്ങളുടെ സംഖ്യതന്നെ വേണം പറയുവാൻ. ഏഴാംഭാവാധിപൻ ശുക്രക്ഷേത്രത്തിൽ നിന്നാൽ രണ്ടാമിടത്തും ഏഴിലും നിൽക്കുന്ന ഗ്രഹങ്ങ

ളോളം സംഖ്യയും പറയാം. ശുക്രനോടും ഏഴാംഭാവാധിപനോടും കൂടി നിൽക്കുന്ന ഗ്രഹങ്ങളുടെ സംഖ്യയോളവും ഭാര്യമാരുടെ സംഖ്യയും പറയാം.

മൂ — കാമേശനകുടുംബപേനസഹിതായാവൽഗൃഹാദുർബ്ബലാ-
സ്തസംഖ്യാകകളത്രനാശനകരാദുസ്ഥാനനാഥായടി
യാവന്തോബലശാലിനശ് ശുഭകരാസ്തത്തുല്യജായാസുഖം
കുവ്വന്ത്യേകവിയച്ചുരോബലയുതായത്യേകദാരോഭവേൽ. ൨൯

വ്യാ—ഏഴാംഭാവാധിപൻ രണ്ടാംഭാവാധിപൻ ഇവരോടുകൂടി ദുർബ്ബലന്മാരും അനിഷ്ടനാഥന്മാരുമായി ഏതു ഗ്രഹങ്ങൾ നില്പുണ്ടോ അതുയും ഭാര്യാനാശമുണ്ടാകും. അവനോടുചേർന്നു ബലവാന്മാരും ഇഷ്ടസ്ഥാനനാഥന്മാരുമായി ഏതു ഗ്രഹങ്ങൾ നിൽക്കുന്നുവോ അതുയും ഭാര്യമാർ ഉണ്ടായിരിക്കയും ചെയ്യും. ഇവരിൽവച്ചു പരിപൂർണ്ണബലം ഒരു ഗ്രഹത്തിനെ ഉള്ളുവെങ്കിൽ ഒരു ഭാര്യ മാത്രമേ ഉണ്ടായിരിക്കയുള്ളൂ.

മൂ— ലഗ്നാനംഗപതിസ് ചുതൈക്യഭവനോജീവേവിവാഹംവദേ-
ച്ചന്ദ്രാധിഷ്ഠിതതാരകാവശവയോരൈക്യാംശകേവാതഥാ
ജീവേമിത്രനവാംശകേബലയുതേയത്യേകദാരാന്വിത
ദ്വ്യാംശേദ്വിത്രികളത്രവാൻബഹുവധൂനാഥേതുതുംഗാംശകേ. ൩൦

വ്യാ—ലഗ്നാധിപന്റെയും ഏഴാംഭാവാധിപന്റെയും സ്ഫുടങ്ങളെ ഒന്നിച്ചുചേർത്തു കിട്ടുന്ന രാശിയിൽ വ്യാഴം സഞ്ചരിക്കുന്നകാലം വിവാഹം ഉണ്ടാകുമെന്നു പറയണം. ചന്ദ്രൻ നിൽക്കുന്ന രാശ്യധിപൻ വ്യാഴാംക്ഷേത്രാധിപൻ ഇവരുടെ സ്ഫുടങ്ങളെ ചേർത്തുവരുന്ന രാശിയുടെ നവാംശകത്തിൽ വ്യാഴംനിൽക്കുന്നകാലത്തും വിവാഹംഉണ്ടാവാംവ്യാഴം ബലവാനായി ബന്ധുക്ഷേത്രത്തിൽ അംശകിച്ചാൽ ജാതനു ഒരു ഭാര്യയേ ഉണ്ടാകയുള്ളൂ. വ്യാഴം തന്റെ അംശകമായും ബലവാനായും ഇരുന്നാൽ രണ്ടും മൂന്നും ഭാര്യമാരുണ്ടാകും. ഉച്ചാംശമായാൽ പലരെ സ്ത്രീകളുടെ ഭർത്താവായും ഭവിക്കും.

മൂ— കളത്രനാഥസഹിതഭാംശകേശയോ-
സ്സിതക്ഷപാനായകയോർബലീയസഃ
ദശാഗമേദ്യൂനപയുക്തഭാംശകേ
ത്രികോണഗേദേവഗുരൗകരഗ്രഹഃ. ൩൧

വ്യാ—ഏഴാംഭാവാധിപൻ നില്ക്കുന്ന രാശിയുടെ നാഥൻ ഏഴാംഭാവാധിപന്റെ അംശകരാശിയുടെ നാഥൻ ഇവരിൽ അക്കാ

ണോ അധികം ബലമുള്ളത് എന്നാൽ അവന്റെ ദശയിലും അല്ലെങ്കിൽ ശുക്രചന്ദ്രന്മാരിൽ ആക്കോ ബലം അവന്റെ ദശയിലും ഏഴാം ഭാവാധിപൻ അംശകിച്ച രാശിയുടെ ത്രികോണത്തിൽ വ്യാഴംവരുന്ന കാലത്തിലും വിവാഹയോഗമുണ്ടെന്നു പറയണം.

൬൯— ശുക്രോപേതകളത്രരാശിപദശാഭുക്തിവിവാഹപ്രദാ
ലഗ്നാദിത്തപതിസ്ഥരാശിപദശാഭുക്തൌ തുപാണിഗ്രഹഃ
സൌമ്യവ്യോമചരാന്വിതശുഭപദാശാന്തർദ്ദശാരിശ്രിയം
പാപർക്ഷേ ശുഭഭേ ച രോന്ദിശുഭഭമധ്യേ വിവാഹാദികം. ൨൯

വ്യാ—ശുക്രനോടുകൂടിയ ഏഴാംഭാവാധിപന്റെ ദശാപഹാരകാലങ്ങളിലും രണ്ടാംഭാവാധിപൻ നില്ക്കുന്ന രാശ്യധിപന്റെ ദശാപഹാരങ്ങളിലും വിവാഹത്തിനു യോഗമുണ്ട്. ശുഭക്ഷേത്രത്തിൽ നില്ക്കുന്ന ശുഭഗ്രഹം തന്റെ ദശയുടെ ആദ്യഭാഗത്തിലും പാപക്ഷേത്രത്തിൽ നില്ക്കുന്ന ശുഭഗ്രഹം ദശയുടെ മധ്യകാലത്തിലും വിവാഹം മുതലായ ശുഭകർമ്മങ്ങളെ സാധിപ്പിക്കും.

൭൦— പാപഃക്രൂരഖഗോപഗോയദിഫലംപാകാവസാനേതഥാ
സൌമ്യൈർക്ഷേയദിസർവ്വകാലഫലദസ്സൌമ്യാന്വിതശ്ശോഭനഃ
കർമ്മായുർവ്വവിത്തനായകദശാഭുക്തൌവിവാഹഃക്രമാൽ
കാമേശോന്യയുതഃകളത്രഗൃഹഗസ്തല്ലാകളത്രെയുതവാ. ൩൦

വ്യാ—പാപക്ഷേത്രത്തിൽ നില്ക്കുന്ന പാപഗ്രഹം തന്റെ ദശാവസാനത്തിലും ശുഭക്ഷേത്രത്തിൽ ശുഭനോടുകൂടിയ ശുഭഗ്രഹം എല്ലാകാലത്തിലും ശുഭത്തെ ചെയ്യും. ൧൦-൭ ൧൧-൬ ഈ ഭാവാധിപന്മാരുടെ ദശാകാലങ്ങളിലും വിവാഹയോഗമുണ്ട്. ഏഴാംഭാവാധിപനോടുകൂടി ഏഴാമിടത്തു നില്ക്കുന്ന ഗ്രഹത്തിന്റെ ദശയിലും വിവാഹം സംഭവിക്കും.

൭൧— ലഗ്നേശദൃസ്ഥിതനവാംശപതിസ്ഥരാശൌ
ചന്ദ്രേപുരന്ദരഗൃഹേ ച കളത്രലാഭഃ
കാമേശശുക്രഗൃഹഗാമരമന്ത്രിണീന്ദൌ
കേന്ദ്രേഥവാഗ്രഭുയുതേസതിഗോചരേണ. ൩൧

വ്യാ—ലഗ്നാധിപൻ നില്ക്കുന്ന നവാംശരാശിയുടെ അധിപൻ നില്ക്കുന്ന രാശിയിൽ ചന്ദ്രനും വ്യാഴവും ചാരവശാൽ സഞ്ചരിക്കുന്ന കാലം വിവാഹം ഉണ്ടാകും. ഏഴാംഭാവാധിപനോ ശുക്രനോ നില്ക്കുന്ന രാശിയിലോ കേന്ദ്രത്തിലോ ൯൧പതാമിടത്തോ വ്യാഴവും ചന്ദ്രനും നില്ക്കുന്ന കാലവും വിവാഹം സംഭവിക്കും.

മൂ— തത്സംജ്ഞൈകമജ്ഞാടികാമഭവനാന്തഭ്രത്സഭവാന്തണാം
സാഷ്ടാബ്ദൈകൃതമൌഞ്ജികർമ്മപരതഃകല്യാണകാലോഭവേൽ
ലഗ്നാദസ്തവിലഗ്നനായകസിതക്ഷേത്രാംശകേസംഭവാ
കാസാഭർത്തൃമനഃപ്രസാദകരിണീഭർത്താതഥൈവസ്ത്രിയഃ. നൂറ

വ്യാ—ഏഴാമിടംമുതൽ ഏണ്ണിയാൽ ഏഴാമിടം ചൊന്നരാശിയായി വരുമോ അതാമത്തെ വയസ്സിലോ അഥവാ ഉപനയം കഴിഞ്ഞാൽ വിവാഹകാലം ഭവിക്കും. ലഗ്നത്തിങ്കൽനിന്ന് ഏഴാംഭാവാധിപൻ ലഗ്നാധിപൻ ശുക്രൻ ഇവർ നില്ക്കുന്ന രാശിയോ അംശകമോ കുറായിട്ടോ ലഗ്നമായിട്ടോ ജനിക്കുന്ന സ്ത്രീ ഭാർത്തൃയായാൽ മനസ്സന്തോഷവും സുഖവും ഉണ്ടാകും. ഇതുപോലെതന്നെ സ്ത്രീജാതകം കൊണ്ട് ഭർത്താവിന്റെ ജന്മലഗ്നത്തെയും ചിന്തിക്കണം. ലഗ്നാൽ നിരൂപിക്കുന്നതുപോലെ ചന്ദ്രാംശയോഗം നോക്കാമെന്നുപദേശംഉണ്ട്.

മൂ— കാമാനപിരേക്ഷകവിയച്ചുരരാശിജാതാ
ചന്ദ്രാദതീവസുഭഗാചപതിപ്രിയാസ്യാൽ
സ്ത്രീജാതകേ ചപതിരിഷ്ടകരോവധൂനാം
ദിഗ്ദേശജാദ്ഗ്രസുതാദബലാധിപസ്യ. നൂനു

വ്യാ—ചന്ദ്രാൽ പുഴാംരാശിയിൽ നില്ക്കയോ നോക്കുകയോ ചെയ്യുന്ന ഗ്രഹത്തിന്റെ രാശി ലഗ്നമായി ജനിക്കുന്ന സ്ത്രീ സുഭഗയായും ഭർത്താവിനു പ്രിയമായും ഇരിക്കും. സ്ത്രീജാതകത്തും ഇപ്രകാരം ഭർത്താവിന്റെ ജന്മലഗ്നത്തെ നിരൂപിക്കണം. ശുക്രങ്കൽനിന്ന് ഏഴാം ഭാവാധിപന്റെ ദിക്കിലും ദേശത്തിലും തന്നിച്ചു ഭാർത്തൃയും ഇഷ്ടനായിരിക്കും.

മൂ— ദ്യൂനകുടുംബഗതൈയദിപാപൈ
ർദാരവിയോഗമുടുംബകരൈരതൈശ
താദൃശയോഗജുദാരയുതശ്ചേ-
ജ്ജീവതിപുത്രധനാദിയുതശ്ച. നൂരു

വ്യാ —രണ്ടിലും ഏഴിലും പാപന്മാരുണ്ടായാൽ ജാതനു ഭാർത്തൃവിരഹദുഃഖവും അപ്രകാരം പാപസ്ഥിതിയുള്ള ഭാർത്തൃയോടുകൂടിയിരിക്കാൻ സംഗതിവന്നാൽ പുത്രധനാദികളോടുകൂടിയിരിക്കയും ചെയ്യും.

വരവധൂജാതകം.

മൂ— ധനാവസാനസ്മരസന്ധ്യയാനഗോ
ധരാസുതാജന്മനിയസ്യദാരഹാ
തഥൈവകന്യാജനജന്മലഗ്നതോ
യദീക്ഷമാസ്നുരനിഷ്ടദഃപതേഃ. നൂമ

വ്യാ—പുരുഷന്റെ ജന്മലഗ്നത്തിന്റെയോ ചന്ദ്രലഗ്നത്തിന്റെയോ ൨-൫൨-൭-൮-൧൨ ഈ ഭാവങ്ങളിൽ കുജൻ നിന്നാൽ ഭാര്യാമരണവും സ്ത്രീകൾക്ക മേൽപ്പറഞ്ഞ ഭാവങ്ങളിൽ കുജൻ നിന്നാൽ ഭർത്തൃമരണവും ഫലമാകുന്നു.

മൂ— ക്രൂരവ്യാമഫരാസ്ത്രീണാം നിധനസ്ഥാവിലഗ്നഭേ
നീചാരിപാപവർഗ്ഗസ്ഥേ ഭർത്തൃമൃത്യുകരോയദി. ൩൭൩

വ്യാ—സ്ത്രീകൾക്ക് ലഗ്നാൽ അഷ്ടമത്തിൽ പാപന്മാർ നീചം ശത്രുപാപക്ഷേത്രം ഇവയിൽ സ്ഥിതിയോടും അംശകത്തോടുംകൂടിനിന്നാൽ ഭർത്തൃമരണം ഭവിക്കും.

മൂ— കളത്രരാശിത്രിതയേഥവാസ്യാ
ത്തദീശസംയുക്തരാശികോണേ
കളത്രരാശിസ്ഥിതപുത്രശാലീ
തദന്യരാശിസ്ഥിതപുത്രഹീനഃ. ൩൭൪

വ്യാ—ലഗ്നാൽ സപ്തമം ചന്ദ്രാൽ സപ്തമം ശുക്രാൽ സപ്തമം ഈ മൂന്ന രാശികളുടെ അധിപന്മാർ നില്ക്കുന്ന രാശിയോ അതിന്റെ ത്രികോണങ്ങളോ സ്ത്രീയുടെ ജന്മലഗ്നമായാൽ പുത്രസിദ്ധിയും അല്ലെങ്കിൽ പുത്രഹാനിയും ഉണ്ടാകും.

മൂ— കാഠിന്യോരുകുചാമദേഭിനകരേകാമാധിപേകേന്ദ്രഗേ
ക്ഷീവേന്ദുജ്ഞസിതാനപിതേഗ്രരുകുചാശ്ലക്ഷ്ണസ്തനീഭ്രൂമിഭേ
ലംബാപീനപയോധരാസഗ്രഹികച്ഛായാസുതാഗാധിപേ
ധൂമാദ്യൈർവിഷമാകൃതിസ്തനവതീദുസ്ഥേഥവാകാമഭേ. ൩൭൫

വ്യാ—ഏഴാംഭാവാധിപൻ കേന്ദ്രത്തിലും സൂര്യൻ ഏഴാമിടത്തും നിന്നാൽ ഭാര്യയുടെ സ്തനങ്ങൾ കാഠിന്യത്തോടും പുഷ്ടിയോടും കൂടിയതായിരിക്കും. വ്യാഴമൊ പൂർണ്ണചന്ദ്രനൊ ശുക്രനൊ ബുധനൊ ഏഴിൽ നിന്നാൽ ഭാര്യയുടെ സ്തനം മഹത്തായിരിക്കും. ഏഴാമിടത്തു കുജൻ നിന്നാൽ ശുഷ്കസ്തനിയായിരിക്കും. (ഉണങ്ങിയമുല) ഏഴാമിടത്തു ഗ്രഹികൻ ശനി രാഹു കേതു ഇവർ നിന്നാൽ പീനമായും ലംബമായും ഇരിക്കും. (മുല തടിച്ചു വീണ തുങ്ങിക്കിടക്കും) ഏഴാമിടത്തു ധൂമാദി ഉപഗ്രഹങ്ങളുണ്ടായിരുന്നാൽ (ധൂമം പരിവേഷം മുതലായവ) വിഷമസ്തനിയാവും (ഒന്നു വലുതും മറ്റൊന്നു ചെറുതുമായിരിക്കുമെന്നർത്ഥം) ഏഴാംഭാവാധിപൻ അനിഷ്ട സ്ഥാനത്തു നിന്നാലും വിഷമാകൃതിയായുള്ള സ്തനങ്ങളോടുകൂടിയവളായിരിക്കും.

മൂ— വന്ധ്യാസംഗമിതേ്യസ്ഥഗോസമവധൂകേളിംനിശാനായകേ
ഭ്രപുത്രേതുരജുസ്ഥലാജനരതിം വന്ധ്യാവധൂമേതിവാ
വേശ്യാമിന്ദുസുതേതുവിപ്രവനിതാംജീവേസിതേഗർഭിണീം
നീചസ്ത്രീരതിമർക്കജേ്യഹിശിഖിനോസ്ഥതുസ്ഥയോഃപുഷ്പിണീം.

വ്യാ——ഏഴാമിടത്തു സൂര്യൻ നിന്നാൽ വന്ധ്യാസ്ത്രീകളിലും ചന്ദ്രൻ നിന്നാൽ അനുലോമപ്രതിലോമ സ്ത്രീയിലും കുജൻ നിന്നാൽ രജസ്വലയിലും (തീണ്ടാരുന്നവർ) അല്ലെങ്കിൽ വന്ധ്യകളിലും ബുധൻനിന്നാൽ വേശ്യകളിലും വ്യാഴം നിന്നാൽ ബ്രാഹ്മണസ്ത്രീകളിലും ശുക്രൻ നിന്നാൽ ഗർഭിണികളിലും ശനി നിന്നാൽ നീചസ്ത്രീകളിലും രാഹുകേതുക്കൾ നിന്നാൽ തീണ്ടാരുന്ന സ്ത്രീകളിലും താല്പര്യമുള്ളവനായി ഭവിക്കും. ഈ ഭാഗങ്ങൾ സൂതപ്രശ്നാദികളിലും ഉപയോഗമുള്ളതാണ്.

മൂ— ക്രീഡാഗാരമിനേവനംസുഖഗതേചാരുസ്വഗേഹംവിധോ
ഭ്രപുത്രേസതികുഡ്യമിത്രഗതിബുധേജ്ഞാതോവിഹാരസ്ഥലം
ഭൃഗുവേദേവഗൃഹംസിതേതുസലിലംമന്ദേഥവാപന്നഗേ
കേതൌമാധവശങ്കരപ്രിയസുഖസ്ഥാനംവധൂസംഗമേ. ൫൦

വ്യാ——നാലാമിടത്തു സൂര്യൻ നിന്നാൽ ജ്ഞാതാൻ സ്ത്രീസംയോഗത്തിനു വനസ്ഥലങ്ങളെയും ചന്ദ്രൻ നിന്നാൽ തന്റെ ഭവനത്തെയും കുജൻ നിന്നാൽ മതിലു ഭിത്തി മുതലായ സ്ഥലങ്ങളെയും ബുധൻ നിന്നാൽ കളിക്കുവാനുള്ള സ്ഥലങ്ങളെയും (വിദ്യാഭ്യാസസ്ഥലം) വ്യാഴം നിന്നാൽ ദേവഭവനങ്ങളെയും ശുക്രൻ നിന്നാൽ വെള്ളമുള്ള സ്ഥലങ്ങളെയും ശനി രാഹുകേതുക്കൾ നിന്നാൽ വിഷ്ണുവിനും ശിവനും ഇഷ്ടമായ സ്ഥലത്തേയും ആഗ്രഹിക്കും.

മൂ— ശുക്രാംശേമദനസ്ഥിതേ്യവനിസുതേകാമാധിപേപഞ്ചമേ
ജ്ഞായാനിഷ്ടമുപൈതിസപ്തമഗതേ ഭാനൌകളത്രാത്മവാൻ
ദ്യൂനസ്ഥേകാമകുടുംബപൌരുസഭൃഗ്വജ്ഞൌദുശ്ചിലൂയാതൊരുവാ
തത്സംപ്രീതകളത്രഹാബലയുതൌവിത്താസ്തപോദാരവാൻ ൫൧

വ്യാ —ഏഴാംഭാവാധിപൻ ഒരഞ്ചിലും കുജൻ ശുക്രാംശത്തിൽ ഏഴിലും നിന്നാൽ ഭാര്യയ്ക്കു അനിഷ്ടമുണ്ടാകയും ഏഴിൽ സൂര്യൻ നിന്നാൽ ഭാര്യയും ധനവും ഉണ്ടായിരിക്കയും രണ്ടാം ഭാവാധിപനും ഏഴാം ഭാവാധിപനുംകൂടി ശുക്രനോടാരുമിച്ചു അനിഷ്ടസ്ഥാനത്താമൂന്നിലൊ നിന്നാൽ അത്രയും ഭാര്യമാർ നശിക്കയും ധനസപ്തമാധിപന്മാർ ബലവാന്മാരായിരുന്നാൽ ഭാര്യയും ധനവുമുള്ളവനായും ഭവിക്കും.

മൂ— ലഗ്നേശസ്ഥനവാംശനാഥഗൃഹഗേഽഥവേസ്വമേതിസ്ത്രിയം
നീചാരാതിനവാംശകേസ്തിമൃതസ്ത്രീകോവിദാരോഥവാ
ലഗ്നേകാമപതിസ്ഥടാദപവ്യതേരാശിത്രികോണോഗ്രഹൌ
ലഗ്നേസപ്തമരാശിവസ്ഥടഗൃഹേഽഥവേമൃതിംയോഷിതഃ. ൨൨

വ്യാ—ലഗ്നാധിപൻ നില്ക്കുന്ന രാശിയുടെ അധിപന്റെ നവാംശരാശിയിൽ വ്യാഴം വരുമ്പോൾ വിവാഹമുണ്ടാകും ആ വ്യാഴം നീചാംശകത്തിലൊ ശത്രുക്ഷേത്രത്തിലൊ നിന്നാൽ ഭാര്യ മരിക്കയും ചെയ്യും. ഏഴാംഭാവാധിപന്റെ സ്ഥടത്തിൽനിന്നു ലഗ്നസ്ഥടം കൂറച്ചിട്ടു കിട്ടുന്ന രാശിയുടെ ത്രികോണത്തിൽ വ്യാഴം വരുമ്പൊഴും അതു തമ്മിൽ കൂട്ടിയാൽ കിട്ടുന്ന രാശിയിൽ വ്യാഴം വരുമ്പൊഴും ഭാര്യ മരിക്കും.

മൂ— ലഗ്നാൽകാമപകാരകൌശുഭകരൌവീര്യാധികേസപ്തമേ
പത്ന്യാസാകമുപൈതിമൃത്യുമബലാപാപൈരയുക്തേക്ഷിതേ
കാമച്ഛിദ്രദശാപഹാരസമയേശുക്രാഷ്ടവർഗ്ഗോദിതേ
രാശ്യബ്ദാനുയുതേകളത്രമരണംജീവേതദംശാന്വിതേ. ൨൩

വ്യാ—ലഗ്നാൽ സപ്തമാധിപനും കളത്രകാരകനും ഇഷ്ടന്മാരായും ഏഴാംഭാവം ബലമുള്ളതായും വന്നാൽ ഭർത്താവൊരുമിച്ചുതന്നെ ഭാര്യ മരിക്കാനിടവരും. ഏഴാംഭാവത്തിൽ പാപയോഗദൃഷ്ടി ഇല്ലാതിരിക്കയും വേണം. ഏഴാംഭാവത്തിന്റെ ഛിദ്രദശാപഹാരങ്ങളിൽ ശുക്രാഷ്ടവർഗ്ഗത്തിൽ വന്ന രാശിയിലും ആദിത്യനും തദംശത്തിൽ വ്യാഴവും വരുന്നകാലം കളത്രമരണം ഭവിക്കും.

മൂ— മദനഭവനനാഥേ പാരിജാതാദിവർഗ്ഗേ
സുരഗുരുയുതദൃഷ്ടേ ശോഭനസ്ഥാനയാതേ
ദധിമധുഘൃതസൂപക്ഷീരപക്വാപദംശം
സചശുചിരുചിരാന്നം ചാരുകാന്താമുപൈതി. ൨൪

വ്യാ—ഏഴാംഭാവാധിപൻ വ്യാഴത്തിന്റെ യോഗദൃഷ്ടികളോടുകൂടി ഇഷ്ടസ്ഥാനത്തു ശുഭക്ഷേത്രത്തിൽ പാരിജാതാദി വിശേഷാംശകത്തോടുകൂടി നിന്നാൽ നെയ്യ് തൈരു പരിപ്പു മുതലായവയോടും നന്നായ് പാകംചെയ്തതുമായ ഭക്ഷണത്തെയും നല്ല ഭാര്യയേയും അനുഭവിക്കും.

മൂ— ജാതസ്സുമേതിഭഗൃഹംവൈനമസ്തനാഥേ
ശുക്രേണവീക്ഷിതയുതേഭൃഗുമന്ദിരേവാ
ഏവംകുടുംബഭവനാധിപതൌതഥാസ്യാ-
ദാർക്ഷഗേദശമവേസസിതേതഥൈവ. ൨൫

വ്യാ --സപ്തമാധിപൻ ശുക്രക്ഷേത്രത്തിലൊ ശുക്രയോഗദൃഷ്ടികളോടുകൂടിയൊ നിന്നാലും രണ്ടാംഭാവാധിപനു ഈ അവസ്ഥകളുണ്ടായാലും കർമ്മാധിപൻ ശുക്രനോടുകൂടി കുജക്ഷേത്രത്തിൽ നിന്നാലും ഭാര്യാഭർത്തൃബന്ധം ഛിന്നമായി ഭവിക്കും.

മൂ— കാമേശ്വരോദേവഗുരുസ്സിതോവാ
സമംഭഗംചാരുതരന്തരുണ്യാഃ
ഹ്രസ്വംഭഗംസപ്തമരാശിനാഥേ
ശനീന്ദുതാരാസുതമധ്യയാതേ. ൫൩

മൂ— ദീർഘംസ്വമേതിഭഗമസ്തപതെജ്ജലർക്ഷേ
തൽകാരകേജുലഗൃഹോപഗതേതഥൈവ
സാന്ദ്രംഭഗംമദനഗേ ഭൃഗുവീക്ഷിതേബ്ജേ
ഹ്രഹ്യന്തനാർദ്രമുപയാതിവധൂസ്സുപാപേ. ൫൪

വ്യാ—ഗുരുവൊ ശുക്രനൊ സപ്തമാധിപനായിരുന്നാൽ ഭാര്യയുടെ ഭഗം സമമായും ചാരുതരമായും ഭവിക്കും. ഏഴാംഭാവാധിപൻ ശനിചന്ദ്രബുധന്മാരുടെ മദ്ധ്യത്തിൽ നിന്നാൽ ഹ്രസ്വമാകയും ചെയ്യും. ഏഴാംഭാവാധിപൻ ജലരാശിയിൽ നിന്നാൽ ദീർഘതയെ പ്രാപിക്കും. കളത്രകാരകൻ ജലരാശിയിൽ നിന്നാലും അങ്ങനെതന്നെ. സപ്തമഭാവത്തിൽ ശുക്രദൃഷ്ടനായ ചന്ദ്രൻ നിന്നാൽ സാന്ദ്രമായിരിക്കും. (ഈ ഭാഗം അസഭ്യമെന്നു നവീനന്മാക്കു തോന്നാമെങ്കിലും ഇതിനെക്കുറിച്ചു് ദൈവജ്ഞനോടു് ആരെങ്കിലും ചോദിച്ചാൽ അതിനു ഉത്തരം പറയേണ്ടതാകയാൽ ആചാര്യന്മാർ അതിനെകൂടി വിധിച്ചിരിക്കുന്നു.

## അഷ്ടമഭാവം.

മൂ— ആയുർദ്ദായമനിഷ്ടഹേതുമദയവ്യോമായുരീശാക്ഷൈ-
രുക്തന്തസകലംതഥാപിനിധനപ്രാപ്തിംപ്രവക്ഷ്യാമ്യഹം
അല്പായുർവ്യയഗേഥവാരിപുഗതേപാപാന്വിതേരന്ധ്രഗേ
ലഗ്നേശേനയുതേതുതത്രവിബലേജ്ഞാതോല്പജീവീനരഃ. ൫൫

വ്യാ—ഇനിയും അഷ്ടമഭാവംകൊണ്ടു വിചാരിക്കേണ്ടുന്നവയെ പുറയുന്ന ആയുർദ്ദായം (ആയുസ്സിന്റെ വിഭാഗങ്ങൾ) അനിഷ്ടകാരകങ്ങൾ മരണം ഇവയൊക്കയും അഷ്ടമഭാവചിന്തനീയങ്ങളാണു. പിന്നാൽ ഈവകയൊക്കയും ലഗ്നാധിപൻ അഷ്ടമാധിപൻ പാപനോടുകൂടി ൮-൧൨ ഈ ഭാവങ്ങളിൽ നിന്നാലും ദുർബലനായിട്ടു ലഗ്നാധിപനോടുകൂടി നിന്നാലും ജാതൻ അല്പായുസ്സായി ഭവിക്കും.

മൂ— സപ്തർക്ഷരന്ധ്രപതയശ്ചിരായുരുദയസ്ഥരിഷ്ടാധിപേ ഷഷ്ഠഗേ
രിഷ്ഫസ്ഥേ ഭവാസമേതിമാരജോജാതശ്ചിരായുർഭവേൽ
വ്യാപാരോദയരന്ധ്രരാശിപതയഃകേന്ദ്രത്രികോണായഗാ
ദ്ദീർഘായുർബലാന്മധ്യമായുരിതരൈരല്പമായുർഭവേൽ. ൫൯

വ്യാ—അഷ്ടമാധിപൻ സപക്ഷേത്രത്തിലൊ ലഗ്നാധിപൻ ഒരുമിച്ചു ആറിലൊ പന്ത്രണ്ടിലൊ നിന്നാൽ ജാതൻ ആയുർബലത്തോടുകൂടി വളരെക്കാലം ജീവിക്കും. ലഗ്നം വ ഛ ഏ ഈ ഭാവങ്ങളുടെ നാഥന്മാർ ബലവാന്മാരായിട്ട് കേന്ദ്രത്രികോണങ്ങളിലൊ പതിനൊന്നിലൊ നിന്നാൽ ദീർഘായുസ്സായും അവർ ദുർബലന്മാരായി ശനിയോടുകൂടി നിന്നാൽ അല്പായുസ്സുമാകുന്നു.

മൂ— കുജേശരന്ധ്രഗനവപാബലശാലിനശ്ചേ-
ജ്ജാതശ്ചിരായുരിനനന്ദനയോഗഹീനാഃ
ദ്വാവപ്യതീവബലിനൌയദിമധ്യമായു-
രേകോബലീലഘുതരായുരനായുരന്യഃ. ൬൦

വ്യാ—ലഗ്നാധിപൻ അഷ്ടമാധിപൻ കർമ്മാധിപൻ ഇവർമൂന്നുപേരും ശനിയോടുകൂടാതെ ബലവാന്മാരായാൽ ദീർഘായുസ്സും രണ്ടുപേർ ബലവാന്മാരായാൽ മദ്ധ്യായുസ്സും ഒരാൾക്കു ബലമുണ്ടായാൽ അല്പായുസ്സും ശനി ബലവാനായാൽ ആയുസ്സില്ലാത്തവനുമാകുന്നു. അല്പ മദ്ധ്യദീർഘായുസ്സുകളുടെ ഭേദം മുൻപറഞ്ഞിട്ടുള്ളതു ഇവിടെയും ധരിക്കണം.

മൂ— രന്ധ്രാധിപേപാപഗൃഹോപയാതേ
ദുസ്ഥാനഗേപാപയുതേല്പമായുഃ
ശുഭാന്വിതശ്ശോഭനരാശിയുക്തേ
ശുഭേക്ഷിതേരന്ധ്രഗതേചിരായുഃ. ൬൧

വ്യാ—അഷ്ടമാധിപൻ പാപക്ഷേത്രത്തിൽ പാപനോടുകൂടി അനിഷ്ടസ്ഥാനത്തുനിന്നാൽ അല്പായുസ്സും ശുഭക്ഷേത്രത്തിൽ ശുഭനോടുകൂടി ശുഭദൃഷ്ടനായി അഷ്ടമത്തിൽ നിന്നാൽ ദീർഘായുസ്സുമാകുന്നു.

മൂ— നാശേസ്വതനുപേതഥാനിധനപേപാപേനയുക്തേക്ഷിതേ
മൂഢാദൃശ്യഗതേഥവാരിപുഗൃഹേജാതോഗതായുർഭവേൽ
ദീർഘായുർനിജതുംഗഗേശുഭയുതേകേന്ദ്രത്രികോണേഥവാ
രന്ധ്രരന്ധ്രപതൌചിരായുരുദയംയാതോവിലഗ്നാധിപഃ. ൬൨

വ്യാ—ലഗ്നാധിപൻ അഷ്ടമത്തിലും അഷ്ടമാധിപൻ പാപയോഗദൃഷ്ടികളോടുകൂടിയോ മൌഢ്യവാനായിട്ടോ അദൃശ്യാർദ്ധത്തിലോഷ്ട.

ഷ്ടഭാവത്തിലൊ നില്ക്കയും ചെയ്താൽ ആയുസ്സില്ലാത്തവനായും അഷ്ടമാധിപൻ ശുഭയുക്തനായി ഉച്ചത്തോടുകൂടി കേന്ദ്രത്തിൽകോണങ്ങളിലൊ സപ്തമത്തിൽ. (അഷ്ടമത്തിൽ) തന്നെയൊ നില്ക്കയും ലഗ്നാധിപൻ ലഗ്നത്തിലുണ്ടായിരിക്കയും ചെയ്താൽ ദീർഘായുസ്സുമാകുന്നു.

മൂ— ലഗ്നാദന്യഗൃഹാധിപേ ബലവതി സപ്തക്ഷചിരായുസ്സുഖീ
ലഗ്നേശോയദിരന്ധ്രപശ്ചബലിനൊ കേന്ദ്രസ്ഥിതൊചേന്നടോ
ആധ്യാനോദനുരാശിനോടഷ്ടമഗൃഹാന്നേഷ്ടരണാംജന്മഭം
ശുക്രജ്ഞാമരവന്ദിതേക്ഷിതയുതംയദ്ദ്യായുരാരോഗ്യവാൻ. ദിനമ

വ്യാ— ലഗ്നാൽ മറ്റന്യഭാവാധിപൻ ബലവാനായി സപ്തക്ഷത്തിൽ നിന്നാലും ലഗ്നാഷ്ടമാധിപന്മാർ ബലവാന്മാരായി കേന്ദ്രത്തിൽ നിന്നാലും ദീർഘായുസ്സാകുന്നു. ആധ്യാനലഗ്നത്തിന്റെ അഷ്ടമരാശിയിൽനിന്നു പത്താംഭാവം ജന്മലഗ്നമാകുന്നു. അവിടെ ശുക്രൻ ബുധൻ ഗുരു ഇവർ നില്ക്കുകയോ നോക്കുകയോ ചെയ്താൽ ദീർഘായുസ്സും ആരോഗ്യവും ഉണ്ടാകും.

മൂ— രന്ധ്രേശേയദിരന്ധ്രരിഷഗൃഹഗേ തല്പാകലഗ്നെശയുതി
മ്മന്ദാക്രാന്തഗൃഹേശപാകസമയേ രന്ധ്രേശലഗ്നെശയതഥാ
പാകേരന്ധ്രഗൃഹാധിപസ്യതദനക്രാന്തസ്യലഗ്നെശയുതിവാ
ചേടാനാംബലദർബലേന സകലംസഞ്ചിന്ത്യയുക്തപ്രദേൽ. തിരു

വ്യാ—അഷ്ടമാധിപൻ അഷ്ടമത്തിലോ പന്ത്രണ്ടിലോ നിന്നാൽ അവന്റെ ദശാപഹാരസമയങ്ങളിലും ശനി നിൽക്കുന്ന രാശ്യധിപന്റെ ദശയിൽ അഷ്ടമാധിപന്റെദശയിൽ അഷ്ടമത്തിലൊ അഷ്ടമാധിപനോടു ചേർന്നോ നിൽക്കുന്ന ഗ്രഹത്തിന്റെ അപഹാരത്തിലും മരണം സംഭവിക്കുന്നതാണ്. ഇതൊക്കെയും ഗ്രഹങ്ങളുടെ ബലാബലങ്ങളെ അറിഞ്ഞു ചിന്തിച്ചുകൊള്ളണം. ഒന്നിനു പലകാലത്തിൽ യോഗങ്ങളുണ്ടായിരുന്നാലും സമയോചിതത്തിനു തക്കവണ്ണം ഗ്രഹാവസ്ഥകളെയും പ്രഷ്ടാവിന്റെ കാലസ്ഥിതികളെയും മറും സൂക്ഷ്മമായി ആലോചിച്ചു പറഞ്ഞുകൊള്ളണം.

മൂ— ലഗ്നേഷേനിധനാരിരിഷഗൃഹഗേസാഫൈസകേതൊതുവാ
ഹോരാരന്ധ്രപസംയുതഗ്രഹദശാനാശപ്രദാദേഹിനാം
തൽഖേടാനവിതരാശിനായകദശാമൃത്യുപ്രദാജന്മിനാം
ഖേടാനാം പ്രഥമാഗതസ്യമരണംപാപാപഹാരൈക്യമാൽ. തിരു

വ്യാ—ലഗ്നാധിപൻ പ-ന-ഷ ഈ ഭാവങ്ങളിൽ രാഹുവിനോടോ കേതുവിനോടൊ കൂടി നില്ക്കുന്നു എങ്കിൽ ലഗ്നാധിപനോടൊ അ

ഷ്ടമാധിപനോടൊ ചേർന്ന ഗ്രഹത്തിന്റെ ദശ മരണപ്രദയാകുന്നു. ല
ഗ്നാധിപൻ അഷ്ടമാധിപൻ ഇവർ നിൽക്കുന്ന രാശി നാഥന്മാരുടെ ദ
ശയും രാഹുദശയിൽ ക്രമേ അനുസരിച്ചുള്ള പാപഗ്രഹങ്ങളുടെ അപ
ഹാരദശാകാലങ്ങളും മരണഹേതുക്കളാകുന്നു.

മൂ— വ്യാപാരസ്ഥിതരന്ധ്രനാഥദശകൈശ്വരാണാം
മദ്ധ്യേവിധുന്തുദയുതോ വിബലഗ്രഹോയഃ
തല്ലാകഭുക്തിസമയേ മരണംനരാണാം.
തദ്ദുക്തവീക്ഷകനഭോഗദശാന്തരേവാ. ൫൯

വ്യാ—ലഗ്നം പൂ-ക്ഷ ഇവ ഭാവനാഥന്മാർ ശനി ഇവ നാലുപേ
രിൽ അതാണോ ദുർബലനായും രാഹുവിനോടുകൂടിയും നിൽക്കുന്നത്
അവന്റെ ദശാപഹാരകാലങ്ങളിലോ അവനോടു ചേർന്നും നോക്കിയും
നിൽക്കുന്ന ഗ്രഹത്തിന്റെ ദശയിലോ മരണം സംഭവിക്കും.

മൂ— നാശേനാശപതെയുതൽഗ്രഹദശാഭുക്തൗസമേത്യാമയം
ലഗ്നോലഗ്നപതെയുതലഗ്നപ ദശാഭുക്തൈശരീരാർത്തിഭാക്
പശ്ചാദാമയനാശനം ത്വസുഖം മേദശ്ചസഞ്ജായതേ
രന്ധ്രേശേബലസംയുതേ തനുപതേർദായേമൃതിർദേഹിനാം. ൬൦

വ്യാ—അഷ്ടമാധിപൻ അഷ്ടമത്തിലും ലഗ്നാധിപൻ ലഗ്നത്തി
ലും നിന്നാൽ അവരുടെ ദശാപഹാരങ്ങളിൽ രോഗാനുഭവവും അനന്
തരം (ദശാകാലം കഴിഞ്ഞാൽ) ശരീരസുഖം രോഗശമനം സന്തോ
ഷം ഇവയുമുണ്ടാകും. അഷ്ടമാധിപനു ലഗ്നാധിപനെക്കാൾ ബലമു
ണ്ടായാൽ ലഗ്നാധിപന്റെ ദശയിൽ മരണം സംഭവിക്കുകയും ചെയ്യും.

മൂ — ജാതസ്യജന്മസമയേ വിബലോ വിലഗ്നോ
ലഗ്നേശരന്ധ്രപതിപാകമതീവകഷ്ടം
പശ്ചാദതീവസുഖമേതിവിലഗ്നനാഥേ
വീര്യാധികേ നിധനപസ്യമൃതിർദശാന്തം. ൬൧

വ്യാ—ജനനലഗ്നത്തിനു ബലമില്ലാതിരുന്നാൽ ലഗ്നാഷ്ടമാധി
പന്മാരുടെ ദശാവസരം ഏറ്റവും കഷ്ടമായിരിക്കും ലഗ്നാധിപൻ
ബലവാനായിരുന്നാൽ വളരെ സുഖവും അഷ്ടമാധിപന്റെ ദശയിൽ
മരണവും ഉണ്ടാകും.

മൂ— ദേഹേശേ ച വിനാശഗേ ബലയുതേ കേന്ദ്രത്രികോണസ്ഥിതെ
തല്ലഗ്നഗ്രഹപാകഭുക്തിസമയേ രോഗാപവാദഃഫലം
രന്ധ്രേശസ്തനുപശ്ചഗേചരയുതെകേന്ദ്രത്രികോണസ്ഥിതെ
രന്ധ്രസ്ഥാനഗതസ്യപാകസമയേമൃത്യുസ്സമേതിധ്രുവം. ൬൨

വ്യാ—ലഗ്നാഷ്ടമാധിപന്മാർ ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ അവരോടു ചേർന്നിട്ടുള്ള ഗ്രഹത്തിന്റെ ദശാകാലത്തിൽ രോഗം അപവാദം മുതലായ കഷ്ടാനുഭവം ഫലം. ലഗ്നാഷ്ടമാധിപന്മാർ ഗ്രഹങ്ങളോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നില്ക്കുന്നോർക്ക് അഷ്ടമത്തിൽനില്ക്കുന്ന ഗ്രഹത്തിന്റെ ദശയിൽ മരണത്തെപ്രാപിക്കും.

മൂ— നോചേദഷ്ടമഖേചരോയദിതനുപ്രാപ്തോനസഞ്ചിന്തയേ-
ന്നന്തേലഗ്നഗതേഥവാഷ്ടമഗതേതൽപാകഭുക്തൌമൃതിഃ
രന്ധ്രസ്ഥോദയരാശിപൌസഹചരൌയുക്തഗ്രഹൌദുർബ-
ലൌസ്തസ്യൈവചരസ്യപാകസമയേ ഭുക്തൌ ചമൃത്യുംവദേൽ. നാ൦

വ്യാ—പിന്നാൽ ഇനിയും മറ്റൊരുവിധം പറയുന്നു. ശനി ലഗ്നത്തിലൊ അഷ്ടമത്തിലൊ നിന്നാൽ അവന്റെ ദശാപഹാരങ്ങളിൽ മരണം ഉണ്ടാകുന്നതാണ്. ലഗ്നാഷ്ടമാധിപന്മാർ തുല്യബലവാന്മാരായും ഒരുമിച്ചും നില്ക്കുക, അവരോടുചേർന്ന ഗ്രഹം ദുർബലനായും ഇരിക്കുക, പിന്നാൽ ആ ദുർബലനായ ഗ്രഹത്തിന്റെ ദശയിലൊ അപഹാരത്തിലൊ മരണം ഉണ്ടാകും.

മൂ— ലഗ്നാൽപഞ്ചമരാശിപേനസഹിതേവ്യാമാടനാനാംദശാ
സംഖ്യാഭാനുസുതാവശേഷഗുണഗേമൃത്യുംദിനേശേസതി
പുത്രേശേനവിനാചരേണ സഹിതസ്സ്വാബ്ദേനസഞ്ചിന്തയേ-
ല്ലഗ്നേശേനയുതാബ്ദമാനവിഹതംസംക്രാന്തിപൂർവ്വംദിനം. നാ൨

വ്യാ—ലഗ്നാൽ അഞ്ചാംഭാവാധിപനോടു ചേർന്നിട്ടുള്ള ഗ്രഹങ്ങളുടെ ദശാവത്സരസംഖ്യയെ പന്ത്രണ്ടുകൊണ്ട് ഹരിച്ചു കിട്ടുന്ന രാശിയിൽ സൂര്യൻ വരുമ്പോൾ മരണകാലമാകുന്നു. ഇതുപോലെ അഞ്ചാംഭാവാധിപനോടു ചേർന്നിട്ടുള്ള ഗ്രഹങ്ങളുടെ ദശാസംഖ്യയെ ലഗ്നാധിപനോടു ചേർന്നിട്ടുള്ള ഗ്രഹത്തിന്റെ ദശാബ്ദസംഖ്യകൊണ്ടു ഹരിച്ചുകിട്ടുന്ന സംഖ്യയോളം തീയതി ആ മാസത്തിൽ ചെല്ലുമ്പൊഴും മരണം സംഭവിക്കും.

മൂ— ത്രികോണകേന്ദ്രേവ്യയദിപിതൃതനുക്ഷേത്രപതയോ
ദശാഭുക്തയസ്തേഷാമനുമരണമാഹുർമുനിഗണാഃ
സഭൌമേമന്ദാഖ്യേഫണിയുജിതുവേന്ദ്വനിധനഃപേ
ന്നണാംമൃത്യുസ്തസ്മാന്മരണമഥവേന്ദ്വൌകുശതനൌ. നാ൩

വ്യാ—ലഗ്നാധിപൻ പിതൃസ്ഥാനാധിപൻ നാലാം ഭാവാധിപൻ ഇവരുടെ ദശാപഹാരങ്ങളിലും മരണം ഉണ്ടാകുമെന്നു ഋഷിമാർ

പറയുന്നു. ചന്ദ്രനോ അഷ്ടമാധിപനോ കുജനോടോ ശനിയോടോ രാഹുവിനോടോ ചേർന്നിരുന്നാലും ചന്ദ്രൻ ക്ഷീണനായിരുന്നാലും ആ വർഷം ദശയിൽ മരണമുണ്ടാകും.

മൂ— ചന്ദ്രേവിത്തഗതേഥവാനിധനഗേജാതോബലേനസേപദവാൻ
കർമ്മസ്ഥാനഗതേകുജേബുധയുതേദുർഗ്രന്ധദേഹോഭവേൽ
പാപേരന്ധ്രഗതേതുപാപസഹിതേരോഗപ്രമാദാകര-
സ്സൗമ്യവ്യാമചരേഽതിശോഭനായുതേജാതസ്സുമോദസ്സുഖീ. നാനു

വ്യാ—ചന്ദ്രൻ രണ്ടിലോ അഷ്ടമത്തിലോ നിന്നാൽ ജാതൻ ചില്ലായ്പോഴും വിയർപ്പുള്ളവനായും കുജൻ ബുധനോടുകൂടി കർമ്മത്തിൽ നിന്നാൽ ദുർഗ്രന്ധദേഹനായും പാപൻ പാപനോടുകൂടി അഷ്ടമത്തിൽ നിന്നാൽ രോഗവും പ്രമാദവും (ഓർമ്മയില്ലായ്മ) ഉള്ളവനായും ശുഭൻ ശുഭനോടുകൂടി അഷ്ടമത്തിൽ നിന്നാൽ സുഖവും സന്തോഷവുമുള്ളവനായും ഭവിക്കും.

നവമഭാവം.

മൂ— ഭാഗ്യപ്രഭാഗുരുധർമ്മതപസ്സ്ഥിതാനി
സഞ്ചിന്തയേ നവമദേവപുരോഹിതാഭ്യാം
ഭാഗ്യേശദേവസചിവൌശുഭവീക്ഷ്യയാതൌ
ഭാഗ്യേശുഭഗ്രഹയുതേസമുപൈതിസൌഖ്യം. നാരു

വ്യാ ഇനിയും നവമഭാവഫലങ്ങളെ ചിന്തിക്കുന്നു. ഭാഗ്യം പ്രഭാവം ഗുരു (അച്ഛൻ ആചാര്യൻ മുതലായവർ) ധർമ്മം തപസ്സ് ഇവയൊക്കയും ഒൻപതാമിടംകൊണ്ടു ചിന്തിക്കണം. ഭാഗ്യാധിപനും വ്യാഴവും ശുഭാംശകത്തിൽ നില്ക്കയും ഒൻപതിൽ ശുഭഗ്രഹം നില്ക്കയും ചെയ്താൽ സൌഖ്യം ഭാഗ്യം ഇവയുണ്ടാകും.

മൂ— പാപാരിനീചരവിലുപ്തകരാനഭോഗാ
ഭാഗ്യസ്ഥിതായദിയശോധനധർമ്മഹീനഃ
പാപോപിതുംഗനിജമിത്രഗൃഹോപഗശ്ചേൽ
ഭാഗ്യേതുഭാഗ്യഫലദസ്സുതരാംനരാണാം. നാ൩

വ്യാ—പാപന്മാരും ശത്രുക്ഷേത്രം നീചം മൌഢ്യം ഇവയുള്ള ഗ്രഹങ്ങളും ഒൻപതാമിടത്തു നിന്നാൽ യശസ്സ് ധർമ്മം ഭാഗ്യം ഇവയില്ലാതാകും. പാപൻ ഉച്ചം ബന്ധുക്ഷേത്രം സ്വക്ഷേത്രം ഇവയിൽ ഒൻപതാമിടത്തു നിന്നാലും ശുഭന്മാർ നിന്നാലും മുൻപറഞ്ഞവയ്ക്കു പുഷ്ടിയുണ്ടാകും.

മൂ— സൌമ്യസ്വാമിയുതേക്ഷിതന്നവമഭംഭാഗ്യപ്രദംപ്രാണിനാം
തദ്രാശീശസമേതരാശിരമണോ ഭാഗ്യസ്യകർത്താഭവേൽ
ഭാഗ്യേശഃപരിവാചകോഭവതിചേൽപുത്രേശപരോബോധന-
സ്ഥംഗസപർക്ഷഗൃഹാശ്രിതോയദിചിരംഭാഗ്യംപ്രകുർവ്വന്തിതേ.

വ്യാ—ഭാഗ്യസ്ഥാനത്തുള്ള ശുഭന്മാരുടേയൊ അതിന്റെ അധിപന്റെയൊ യോഗദൃഷ്ടികളുണ്ടായിരുന്നാൽ ജാതൻ ഭാഗ്യവാനായിരിക്കും. ഭാവാധിപനും ഭാഗ്യത്തെ കൊടുക്കുന്നവനാകുന്നു. ഒൻപതാം ഭാവാധിപൻ ഭാഗ്യത്തിന്റെ വാച്യനാണെങ്കിൽ അഞ്ചാംഭാവാധിപൻ അതിന്റെ ബോധകനാകുന്നു. ഈ ഗ്രഹങ്ങളെല്ലാം ഉച്ചം സ്വക്ഷേത്രം മുതലായ ബലങ്ങളോടുകൂടി നിന്നാൽ ഭാഗ്യം പൂർണ്ണമായി എന്നും നിലനിൽക്കും.

മൂ— ഭാഗ്യസ്ഥാദശവർഗ്ഗോച്ചഭവനേസ്വാംശസംസ്ഥിതോഭാഗ്യപോ
ഭാഗ്യംശ്രീവിപുലംസമേതിസതതംസസ്വാമിയുക്തേക്ഷിതഃ
ചത്വാരോബലശാലിനോനവമഗാഭാഗ്യംപ്രയച്ഛന്തിതേ
തുംഗസ്വാംശഗതാസ്വദേശവിഭവന്തന്വന്യത്രചാന്യാംശഗാഃ. ൩൬

വ്യാ—ദശവർഗ്ഗങ്ങളിൽ ബലത്തോടുകൂടിയും ഉച്ചം സ്വക്ഷേത്രങ്ങളെ വഹിച്ചും ഒരു ഗ്രഹം ഭാഗ്യസ്ഥാനത്തെ വരികയും ഭാഗ്യാധിപനെ പൂർവ്വോക്തലക്ഷണങ്ങൾ ഉണ്ടായിരിക്കയും ഭാഗ്യസ്ഥാനത്തെ ഭാവാധിപ ശുഭദൃഷ്ടികൾ ഉണ്ടായിരിക്കയും ചെയ്താൽ ഭാഗ്യം സമ്പൽസമൃദ്ധി ഇവയുണ്ടാകും. നാലു ഗ്രഹങ്ങൾ ബലവാന്മാരായിരുന്നാൽ ഭാഗ്യപുഷ്ടിയുണ്ട്. അവർ ഉച്ചാംശകം വർഗ്ഗോത്തമം ഇവയോടുകൂടിയാൽ ഭാഗ്യാനുഭവം സ്വദേശത്തും അന്യാംശകമായാൽ അന്യദേശത്തുമാകുന്നു.

മൂ— ഭാഗ്യേതല്പതിശോഭനേക്ഷിതയുതേഭാഗ്യംസമേതിധ്രുവം
ധർമ്മേപാപയുതേഽഥവാശശിനിവാജ്ഞാതോഗുരുസ്ത്രീരതഃ
ദൃഷ്ടേക്ഷണഗുരൌനപുംക്ഷിതിഭുവാമന്ത്രീബുധേനാത്മവാൻ
ശുക്രേണാശപതിസ്സുഖീതുശശിനാമന്ദേനഗോഷ്ഠാടിഭാക്. ൩൭

വ്യാ—ഭാഗ്യത്തിൽ ഭാഗ്യാധിപന്റെയൊ ശുഭന്മാരുടേയൊ യോഗദൃഷ്ടികളുണ്ടായാൽ ഭാഗ്യസിദ്ധിയുണ്ടാകും. അവിടെ പാപനോടുകൂടി ശുക്രനോ ചന്ദ്രനോ നിന്നാൽ ജാതൻ ഗുരുസ്ത്രീകളിൽ രമിക്കുന്നവനാകും. ഭാഗ്യത്തിൽ നിൽക്കുന്ന വ്യാഴത്തിനെ സൂര്യൻ നോക്കിയാൽ ജാതൻ രാജാവും കുജൻ നോക്കിയാൽ മന്ത്രിയും ബുധൻനോക്കിയാൽ ധനവാനും ശുക്രൻ നോക്കിയാൽ കൃതികാരനും ഉള്ളവനായും

ചന്ദ്രൻ നോക്കിയാൽ സുഖമുള്ളവനും ശനി നോക്കിയാൽ കാള കഴുത ഒട്ടകം മുതലായവ ഉള്ളവനായും ഭവിക്കും.

൪— വിദ്വാൻവാരണനൈഋതംഗധനവാനക്കേന്ദുദൃഷ്ടോഗ്രഭൂ
സേനുവാഥനവിത്തവാൻ നവമഗേജ്ഞീവേകജാക്കേക്ഷിതേ
വിദ്യാവാദവിനോദവിത്തവിപുലസ്സൂര്യേന്ദുജാലോകിതേ
ശുക്രാദിത്യനിരീക്ഷിതേവിനയവാക്കുജീവേന വസ്ഥാനഗേ. സൻ

വ്യാ—ഇനീയും ഭാഗ്യത്തിൽ (ഒൻപതിൽ) നിലക്കുന്ന വ്യാഴത്തെ സൂര്യൻ തുടങ്ങി ഈരണ്ടു ഗ്രഹങ്ങൾ നോക്കിയാലുള്ള ഫലത്തെ പറയുന്നു. ആ വ്യാഴത്തിനെ സൂര്യചന്ദ്രന്മാർ നോക്കിയാൽ വിദ്വാനായും ആന കുതിര കപ്പൽ വള്ളം വണ്ടി മുതലായ വാഹനങ്ങളും ധനവുമുള്ളവനായും സൂര്യകുജന്മാർ നോക്കിയാൽ സേനകളും വാഹനങ്ങളും ധനവും ഉള്ളവനായും സൂര്യബുധന്മാർ നോക്കിയാൽ വിദ്വാവാദങ്ങളെ ചെയ്യുന്നവനായും സൂര്യശുക്രന്മാർ നോക്കിയാൽ വിനയമുള്ളവനായും ധാരാളം സംസാരിക്കുന്നവനായും ഭവിക്കും.

൫— മന്ദാദിത്യനിരീക്ഷിതേഗ്രഹണനിധിഃപ്രാജ്ഞോബഹുഗ്രാമവാൻ
ജീവേചന്ദ്രകുജേക്ഷിതേപൃഥുയശാസ്സേനാസുഖശ്രീയുതഃ
താരേശേന്ദുജവീക്ഷിതേഗൃഹസുഖൈശ്ശ്രേഷ്ഠാത്മശയ്യാസന
ശുക്രേന്ദുപ്രവിലോകിതേവിതനയശ്ശ്രോധനീകമ്മകൃൽ. ൫

വ്യാ—ഒൻപതിൽ നിലക്കുന്ന വ്യാഴത്തിനെ സൂര്യശനികൾ നോക്കിയാൽഗ്രഹണവാനായും വിദ്വാനായുംവളരെ ഗ്രാമങ്ങൾഉള്ളവനായും ചന്ദ്രകുജന്മാർ നോക്കിയാൽ വലിയ കീർത്തിയുള്ളവനായും സേനകളും സമ്പത്തുകളും സുഖവും ശ്രീശയ്യയുമുള്ളവനായും ചന്ദ്രബുധന്മാർ നോക്കിയാൽ ഭവനസുഖങ്ങളും ശ്രേഷ്ഠങ്ങളായ സമ്പത്തുകളും നല്ല ശയനോപകരണങ്ങളും ചന്ദ്രശുക്രന്മാർ നോക്കിയാൽ അപുത്രനായും ശ്രുതനായും ധനവാനായും വല്ലാകമ്മങ്ങളും ചെയ്യുന്നവനായുംഭവിക്കും.

൬— ചന്ദ്രാദിത്യസുതേക്ഷിതേഗ്രഹണവാൻവാദീവിദേശംഗതോ
ജീവേശുക്രബുധേക്ഷിതേനവമഗേവിദ്വാധികോജായതേ
സർവ്വേഷാമചരേക്ഷിതേനരവരോരാജാബഹുദ്രവ്യവാൻ
സൌമ്യസ്ഥാവരവിത്തരാജ്യഫലദാസ്സൂര്യേതപസ്ഥാനഗഃ. ൬

വ്യാ—ഒൻപതിൽ നിലക്കുന്ന വ്യാഴത്തെ ചന്ദ്രശനികൾ നോക്കിയാൽ ഗ്രഹണവാനായും വാദിക്കുശീലമുള്ളവനായും വിദേശസഞ്ചാരിയായും ശുക്രബുധന്മാർ നോക്കിയാൽ മഹാവിദ്വാനായും വല്ലാ ഗ്രഹ.

ഞ്ഞും നോക്കിയാൽ രാജപ്രഭുവായും ഒൻപതിൽ ശുഭന്മാർ നിന്നാൽ സ്ഥിരമായ രാജ്യവും ധനവുമുള്ളവനായും ഭവിക്കും.

മൂ— ഭാഗ്യസ്ഥശശിനിപ്രഭാകരസുതജ്ഞാരേക്ഷിതേ ഭ്രുപതി-
സ്ഥംഗവ്യോമഗരേതപസ്ഥലഗതേ ഭ്രുപശ്ച ഭാലോകിതേ
സന്ദൈത്യതിശുകരേകളത്രധനികോനേത്രാമയാത്തോഭവേൽ
ദുഃഖീവാദരതഃകുജേനസഹിതേഭാനൌസുപാലപ്രിയഃ. ൬൨

വ്യ—ഒൻപതാമിടത്തു നിലുക്കുന്ന ചന്ദ്രനെ ശനിബുധകുജന്മാരുടെ ദൃഷ്ടിയുണ്ടായിരുന്നാൽ രാജാവായും ശുഭദൃഷ്ടിയുള്ള ഉച്ചഗ്രഹം ഒൻപതിൽനിന്നാൽ രാജാവായും ഭവിക്കും. (ഇനിയും ഈരണ്ടു ഗ്രഹങ്ങൾ ഒൻപതിൽ നിന്നാലുള്ള ഫലങ്ങൾ പറയുന്നു) സൂര്യചന്ദ്രന്മാർ ഒൻപതിൽ നിന്നാൽ ധനവാനായും നേത്രരോഗിയായും സൂര്യകുജന്മാർ നിന്നാൽ ദുഃഖമുള്ളവനായും വാദശീലനായും രാജപ്രിയനായും ഭവിക്കും.

മൂ— ഭാനൌസേന്ദുസുതേസപത്നജനുതോദുഃഖീരുഗാർത്തസ്സുതാ
വാഗീശേനയുതഃ പിതൃപ്രിയകരോഭാനുസ്സപത്നംവിത്തവാൻ
രോഗീശുക്രയുതേരവൌശനിയുതേരുഗ്ണഃ പിതാകുക്ഷിരുക്-
ച്ചന്ദ്രേസാവനിനന്ദനോതുജനനീഹന്താധനീത്യാഗവാൻ. ൬൩

വ്യാ—ഒൻപതാമിടത്തു സൂര്യബുധന്മാർ നിന്നാൽ വളരെ ശത്രുക്കളുള്ളവനായും ദുഃഖിതനായും രോഗിയായും സൂര്യഗുരുക്കൾനിന്നാൽ അച്ഛനു പ്രിയത്തെ ചെയ്യുന്നവനായും തനിയെ ഉണ്ടായ ധനത്തോടുകൂടിയവനായും സൂര്യശുക്രന്മാർ നിന്നാൽ രോഗിയായും സൂര്യശനികൾ നിന്നാൽ രോഗിയായും അച്ഛനു ഉദരവ്യാധിയുണ്ടാവുകയും ചന്ദ്രകുജന്മാർ നിന്നാൽ അമ്മയെ കൊല്ലുന്നവനായും (അമ്മ മരിക്കുമെന്നത്ഥം) ധനവാനായും ദാനശീലനായും ഭവിക്കും.

മൂ— വാഗീശാസ്ത്രകലാപവാന്നവമഗേചന്ദ്രേസുതാരാസുതേ
സേന്ദൌമന്ത്രിണിധർമ്മധിന്നരവരശ്ശ്രീമാൻതപസ്ഥാനഗേ
താരേശേകുലടാപതിസ്സ്ഥിതയുതേസാപത്ന്യമാതൃപ്രിയ
ശ്ചന്ദ്രേമന്ദയുതേവിധർമ്മഗുണവാന്മാതാകുലപ്രച്യുതാ. ൬൪

വ്യാ—ഒൻപതാമിടത്തു ചന്ദ്രബുധന്മാർ നിന്നാൽ വാഗ്മിയായും ശാസ്ത്രജ്ഞനായും ഗുരുചന്ദ്രന്മാർ നിന്നാൽ ധർമ്മബുദ്ധിയായും രാജാവായും ശ്രീയുള്ളവനായും ചന്ദ്രശുക്രന്മാർ നിന്നാൽ വ്യഭിചാരിണീഭർത്താവായും ചെറിയമ്മ വലിയമ്മ ഇവരിൽ ഇഷ്ടമുള്ളവനായും ചന്ദ്രശനികൾ നിന്നാൽ ധർമ്മവും ഗുണവും ഇല്ലാത്തവനായും അവന്റെ അമ്മ ഭ്രഷ്ടയായും ഭവിക്കും.

മൂ— ശാസ്ത്രഭോഗസുഖീകുജേബുധയുതേസേഡ്യധനീപൂജിത-
ശ്ശുക്രേണദ്വിഭാര്യപതിസ്സഹകുജേവാദീവിദേശംഗതഃ
ഭൗമേഭാര്യസുതാന്വിതേനവമഗേപാപപരസ്ത്രീരത-
സ്സൈന്യേസാമരവന്ദിതേപടുമതിർവ്വിദ്വാൻധനീപണ്ഡിതഃ. ൭൫

വ്യാ—ഒൻപതാമിടത്തു കുജബുധന്മാർ നിന്നാൽ ശാസ്ത്രജ്ഞനായും സുഖാനുഭവം ഉള്ളവനായും കുജഗുരുക്കൾ നിന്നാൽ ധനവാനും മാന്യനുമായും കുജശുക്രന്മാർ നിന്നാൽ രണ്ടു സ്ത്രീകളുടെ ഭർത്താവായും വാടിക്കുന്നവനായും അന്യദേശത്തു പോകുന്നവനായും സൂര്യമന്ദന്മാർ നിന്നാൽ പാപിയായും പരസ്ത്രീരതനായും ബുധനും വ്യാഴവും നിന്നാൽ സമർത്ഥനായും വിദ്വാനായും ധനവാനായും അറിവുള്ളവനായും ഭവിക്കും.

മൂ— പ്രാജ്ഞോഗുരിപ്രിയസ്സുഭൃഗുജേ ചന്ദ്രാത്മജേപണ്ഡിത-
സ്സൈന്യേമന്ദയുതേതുരോഗനകോവിത്താധികസ്സത്യവാക്
ജീവേശുക്രയുതേചിരായുരധികശ്രീമാൻസമന്ദഗ്രഹേ
രോഗാർത്തോധനസ്സിതേശനിയുതേഭ്രപാലതുല്യോഭവേൽ. ൭൬

വ്യാ—ഒൻപതാമിടത്തു ബുധശുക്രന്മാർ നിന്നാൽ വിദ്വാനായും സംഗീതത്തിലും ലീലകളിലും ഇഷ്ടമുള്ളവനായും അറിവുള്ളവനായും ബുധമന്ദന്മാർ നിന്നാൽ രോഗിയായും ധനവാനായും സത്യവാക്കായും ഗുരുശുക്രന്മാർ നിന്നാൽ ദീർഘായുസ്സായും വളരെ ഐശ്വര്യമുള്ളവനായും ഗുരുമന്ദന്മാർ നിന്നാൽ രോഗിയായും ധനവാനായും ശുക്രമന്ദന്മാർ നിന്നാൽ രോഗിയായും ധനവാനായും രാജതുല്യനായും ഭവിക്കും.

മൂ— രവീന്ദുഭൗമാനവമോപയാതാ
ന്ദിക്ഷതാംഗഃപിതൃമാതൃഹീനഃ
ഹിംസീവികർമ്മാരവിചന്ദ്രസൌമ്യാ
രവീന്ദുജീവാസ്സുഖവാഹനാഢ്യഃ. ൭൭

ഇനി ത്രിഗ്രഹസ്ഥിതിഫലത്തെപ്പറയുന്നു.

വ്യാ—ഒൻപതാമിടത്തു സൂര്യചന്ദ്രകുജന്മാർ നിന്നാൽ അംഗത്തിങ്കൽ ക്ഷതവും അച്ഛനമ്മമാക്കു നാശവും സൂര്യചന്ദ്രബുധന്മാർ നിന്നാൽ നിന്ദാശീലനായും കർമ്മവൈകല്യമുള്ളവനായും സൂര്യചന്ദ്രഗുരുവന്മാർ നിന്നാൽ സുഖവും വാഹനങ്ങൾ ഉള്ളവനായും ഭവിക്കും.

മൂ— ചന്ദ്രാർക്കൌസസിതൌബുധഃകലഹകൃദ്രാജപ്രിയോവിത്തഗാ
ഭാര്യാസൌഖ്യരവിശീതഗ്രുശനിയുതൌഭൃത്യോവിരോധീസതാം

സൂര്യാരൌ സബൂധൌഗുരുതരസുഭഗേക്ഷ്വേളോവിവാദപ്രിയ-
സ്സേഡ്യൌദേവപിതൃപ്രിയസ്സുതവധൂവിത്താന്വിതോജായതേ. ഒപ്പ

വ്യാ—ഒൻപതാമിടത്തു സൂര്യചന്ദ്രശുക്രന്മാർ നിന്നാൽ കലഹമുള്ളവനായും രാജപ്രിയനായും ധനം നശിപ്പിക്കുന്നവനായും പിതാവുനായും സൂര്യചന്ദ്രശനികൾ നിന്നാൽ ഭൃത്യനായും, സജ്ജനങ്ങൾക്ക് അപ്രിയനായും സൂര്യകുജബുധന്മാർ നിന്നാൽ സുന്ദരനായും കോപമുള്ളവനായും വ്യവഹാരപ്രിയനായും സൂര്യകുജഗുരുക്കൾ നിന്നാൽ ദേവന്മാരിലും പിതൃക്കളിലും ഭക്തിയും പുത്രന്മാരും ഭാഗ്യവും ധനവുമുള്ളവനായും ഭവിക്കും.

മൂ— സൂര്യാരൌസസിതൌവിവാദനിരതഃകോപീവധൂദൂഷകഃ-
ചരായാസൂനയുതൌവിബന്ധുരധനോദുഷ്ടഃപിതൃമ്മാരകഃ
ധർമ്മസ്ഥൌരവിചന്ദ്രജൌഗുരുയുതൌരാജപ്രിയോവിത്തവാൻ
സാരൌരാജസമസ്സഭാനുതനയൌപാപഃപരസ്ത്രീരതഃ. ഒൻ

വ്യാ—ഒൻപതാമിടത്തു സൂര്യകുജശുക്രന്മാർ നിന്നാൽ വാദശീലനായും കോപിയായും സ്ത്രീകളെ ദൂഷിക്കുന്നവനായും സൂര്യകുജശനികൾ നിന്നാൽ ബന്ധുക്കളില്ലാത്തവനായും ദരിദ്രനായും ദുഷ്ടനായും അച്ഛനെ മരിപ്പിക്കുന്നവനായും സൂര്യബുധഗുരുക്കൾ നിന്നാൽ രാജപ്രിയനായും ധനവാനായും സൂര്യബുധശുക്രന്മാർ നിന്നാൽ രാജതുല്യനായും സൂര്യബുധശനികൾ നിന്നാൽ പാപിയായും പരസ്ത്രീഗാമിയായും ഭവിക്കും.

മൂ— ജീവാർക്കൌസസിതൌശുഭേപരവധൂസക്തോധനീപണ്ഡിത-
സ്സാർക്കീജീവദിവാകരൌയദിവിടസ്ഥാമീതപസ്ഥാനഗൌ
ആദിത്യാസിതഭാർഗ്ഗവാനവമഗാഹീനോന്യഥൈപർദണ്ഡിതോ
ബാല്യേദുഃഖയുതസ്സുഖീചപരതശ്ചന്ദ്രാരശീതാംശുജാഃ. പ്പ

വ്യാ—ഒൻപതാമിടത്തു സൂര്യഗുരുശുക്രന്മാർ നിന്നാൽ വിടനായും ധനവാനായും വിദ്വാനായും സൂര്യഗുരുമന്ദന്മാർ നിന്നാൽ വിടനായും സൂര്യശുക്രമന്ദന്മാർ നിന്നാൽ നീചനായും രാജാവിനാൽ ദണ്ഡിക്കപ്പെട്ടവനായും ചന്ദ്രകുജബുധന്മാർ നിന്നാൽ ബാല്യത്തിൽ ദുഃഖിതനായും പിന്നീട് സുഖമുള്ളവനായും ഭവിക്കും.

മൂ— ദേവാരാധനതല്പരോനവമഗൈശ്ചന്ദ്രാരവാഗീശഭൈ-
ർജ്ജാതോനഷ്ടകളത്രവാൻക്ഷിതധനഃശുക്രേന്ദുഭ്രനന്ദനൈഃ
ക്ഷുദ്രോമാതൃഹരോമഹീപരിസമശ്ചന്ദ്രാരസൂര്യാത്മജൈ-
രാചാര്യോധനവാൻവിഭുശ്ചരജനീനാഥജ്ഞദേവാച്ചിതൈഃ. പ്പ

വ്യാ—ഒൻപതാമിടത്തു ചന്ദ്രകുജജീവന്മാർ നിന്നാൽ ദേവാരാധനയിൽ താല്പര്യമുള്ളവനായും ചന്ദ്രകുജശുക്രന്മാർ നിന്നാൽ ഭാര്യയില്ലാത്തവനായും ശരീരത്തിൽ മുറിവുള്ളവനായും ചന്ദ്രകുജമന്ദന്മാർ നിന്നാൽ ക്ഷുദ്രശീലനായും അമ്മ മരിച്ചവനായും രാജതുല്യനായും ചന്ദ്രബുധജീവന്മാർ നിന്നാൽ ആചാര്യനായും ധനവാനായും പൂജ്യനായും ഭവിക്കും.

മൂ— മാതുസ്സപത്നീജനകോവിഭസ്സ്യാ-
ച്ചന്ദ്രജ്ഞശുക്രാനവമോപയാതഃ
പാപീവിവാദപ്രിയബുദ്ധിയുക്തോ
ജാതസ്സുധാരശ്മിബുധാൽപുത്രഃ. വ്യ

വ്യാ—ഒൻപതാമിടത്തു ചന്ദ്രബുധശുക്രന്മാർ നിന്നാൽ മാതാവിന് സപത്നിമാരുണ്ടാകയും (പിതാവു് വീണ്ടും വിവാഹം ചെയ്ത) വിഭവായും ചന്ദ്രബുധമന്ദന്മാർ നിന്നാൽ പാപിയായും വ്യവഹാരപ്രിയനായും ഭവിക്കും.

മൂ— ചന്ദ്രാമരേഡ്യൌ സസിതൌമഹീപ-
സ്സാക്ഷാത്മജൌസൽഗുണകർമ്മശീലഃ
മന്ദജ്ഞശുക്രാനരപാലതുല്യഃ
കൃഷിക്രിയാവിത്തപരോഹ്യരുസ്ഥാഃ. വന

വ്യാ—ഒൻപതാമിടത്തു ചന്ദ്രജീവശുക്രന്മാർ നിന്നാൽ രാജാവായും ചന്ദ്രജീവമന്ദന്മാർ നിന്നാൽ സൽഗുണകർമ്മങ്ങളെ ചെയ്യുന്നവനായും ബുധശുക്രമന്ദന്മാർ നിന്നാൽ രാജതുല്യനായും കൃഷിയും ധനവുമുള്ളവനായും ഭവിക്കും.

മൂ— രാജപ്രിയോമാണ്ഡലികസ്സുജീവൌ
ഭാഗ്യസ്ഥിതൌഭ്രസുതചന്ദ്രപുത്രൌ
ശാസ്ത്രീസശുക്രൌചചപലശ്ചഭീരു-
സ്സ്ഥാനരജൌവാദപരോഽസമർത്ഥഃ. വര

വ്യാ—ഒൻപതാമിടത്തു കുജബുധജീവന്മാർ നിന്നാൽ രാജപ്രിയനായും ദേശനാഥനായും കുജബുധശുക്രന്മാർ നിന്നാൽ ശാസ്ത്രജ്ഞനായും ചപലനായും, ഭയമുള്ളവനായും വാദപ്രിയനായും സാമർത്ഥ്യമില്ലാത്തവനായും ഭവിക്കും.

മൂ— ഖ്യാതോവിദ്വാൻധർമ്മവാൻജീവസൌമ്യൌ
ധർമ്മസ്ഥാനേദാനവാചായ്യുകേതൌ
വിദ്വാൻവാഗ്മീശാസിതാധർമ്മയാതാ
രാജാശ്രീമാൻജീവശുക്രജ്ഞചന്ദ്രാഃ. വരി

വ്യാ—ഒൻപതാമിടത്തു ബുധജീവശുക്രന്മാർ നിന്നാൽ പ്രസിദ്ധനായും വിദ്വാനായും ധർമ്മവാനായും ശാസിതാവായും ഭവിക്കും. (ഇനിയും ചതുർഗ്രഹയോഗത്തെപ്പറയുന്നു.) ഒൻപതാമിടത്തു ചന്ദ്രബുധഗുരുശുക്രന്മാർ നിന്നാൽ വിദ്വാനായും വാഗ്മിയായും രാജാവായും ധനവാനായും ഭവിക്കും.

മൂ— ജാതസ്സാഹസവിക്രമാജ്ജിതധനാ
സ്സൂര്യാരജീവാക്കജൈ-
ശ്ശൂരസ്സുഗ്രഹപ്രപഞ്ചരസിക-
ശുക്രാരജീവേന്ദുഭിഃ
ഷഷ്ഠേപഞ്ചമഗൈവിയച്ചരയുതേ
ഭാഗ്യേസമേതിശ്രിയം
രാജുത്പംസബുധേവിബോധനഹരേ
ജാതസ്സസന്ന്യാപ് നയാൽ. ൧൯൯

വ്യാ—ഒൻപതാമിടത്തു സൂര്യകുജഗുരുമന്ദന്മാർ നിന്നാൽ പ്രയാസംകൊണ്ടും പരാക്രമംകൊണ്ടും സമ്പാദിക്കപ്പെട്ട ധനമുള്ളവനായും ചന്ദ്രകുജഗുരുശുക്രന്മാർ നിന്നാൽ ശൂരനായും സദ്ഗുണങ്ങളെയും വളർത്തുന്ന (വർദ്ധിപ്പിക്കുന്ന)വനായും ഭവിക്കും. ഭാഗ്യത്തിൽ (ഒൻപതിൽ) സൂ-ഭൗ-സൗ ഇങ്ങനെ (മൂന്നിൽ കുറയാതെ)ഗ്രഹങ്ങൾ നിന്നാൽ സമ്പത്തുള്ളവനാകും അവിടെ ബുധൻകൂടി ഉണ്ടായിരുന്നാൽ രാജാവാകും. ബുധനെ കൂടാതെ വ്യാഴംകൂടിനിന്നാൽ സർവ്വൈശ്വര്യങ്ങളും പ്രാപിക്കും.

മൂ— ജനയതിഭാഗ്യസംസ്ഥാ ഗുരുസൌമ്യവിവർജ്ജിതാഃപരാഃ
പുരുഷംവ്യാധിപ്രായമകാന്തംനബന്ധനാത്മതിദീനം. ൧൯൦

വ്യാ—ബുധനും വ്യാഴവും കൂടാതെയുള്ള മറ്റു ഗ്രഹങ്ങൾ ഭാഗ്യത്തിൽ നിന്നാൽ ജാതൻ രോഗിയായും വിരൂപനായും ഹീനനായും തടവിൽ പാർത്തവനായും ദരിദ്രനായും ഭവിക്കും.

മൂ— ഭാഗ്യാധിപേവിനാശസ്ഥേ നീചശത്രുപരീക്ഷിതേ
ക്രൂരാംശേനീചരാശ്യാദൌ ഭാഗ്യഹീനോഭവേന്നരഃ. ൧൯൧

വ്യാ—ഭാഗ്യാധിപൻ നീചൻ ശത്രു ഇവരുടെ ദൃഷ്ടിയോടും ക്രൂരാംശങ്ങളോടുംകൂടി അഷ്ടമത്തിൽ നിന്നാൽ ഭാഗ്യമില്ലാത്തവനാകും.

മൂ— ഭാഗ്യാധിപേശുഭയുതേ.ശുഭഗ്രഹനിരീക്ഷിതേ
തത്ഭാവേശുഭസംയുക്തേ സല്ലക്ഷ്മീത്തിധനഭാഗ്യവാൻ. ൧൯൨

വ്യാ—ഭാഗ്യാധിപൻ ശുഭയുക്തദൃഷ്ടനായും ഭാഗ്യത്തിൽ ശുഭ

യോഗദൃഷ്ടികളുണ്ടായിരുന്നാൽ കീർത്തി ധനം ഭാഗ്യം ഇവയുള്ളവനാകും. ൻ൦

മൂ— സിംഹാസനാംശേതന്നാഥേ ലഗ്നേശേനനിരീക്ഷിതേ
കർമ്മാധിപേനസംദൃഷ്ടേ മഹാദാനകരോഭവേൽ. ൻ൦

വ്യാ—ഭാഗ്യാധിപൻ ലഗ്നാധിപൻ കർമ്മാധിപൻ ഇവരുടെ ദൃഷ്ടിയോടുകൂടി സിംഹാസനാംശത്തിൽ നിന്നാൽ വലിയ ദാനശീലനായി ഭവിക്കും.

മൂ— ജാതഃപുരോഹിതോവാപി ബ്രഹ്മവംശസമുദ്ഭവഃ
ദാനാധ്യക്ഷോപകാരീച വക്രഭേദേവികല്പനാ. ൻ൬

വ്യാ—ഭാഗ്യാധിപന് വക്രംകൂടി ഉണ്ടായിരുന്നാൽ ബ്രാഹ്മണവംശത്തിൽ ജനിച്ചവൻ പുരോഹിതനായും ദാനശീലനായും ഭവിക്കും.

മൂ— ഹ്രൈത്രഭാവസംയുക്തേ നവാംശാധിപതെ:ഥവാ
ശുഭഗ്രഹേക്ഷിതേവാപി ഹ്രുദ്ഭക്തിയുതോനരഃ. ൻ൭

വ്യാ—വ്യാഴവും വ്യാഴത്തിന്റെ നവാംശാധിപനും ഭാഗ്യത്തിൽ ശുഭദൃഷ്ടന്മാരായി നിന്നാൽ ഹ്രുദ്ഭക്തിയുള്ളവനാകും.

മൂ— ഹ്രുസ്ഥാനേസൌമ്യയുതേ ഹ്രുവഗ്സമനിരീതേ
തദീശേഹ്രുർഭാഗസ്ഥേ ഹ്രുദ്ഭക്തിരതസ്സുഖീ. ൻ൮

വ്യാ—ഭാഗ്യത്തിൽ ശുഭനും വ്യാഴത്തിന്റെ വർഗ്ഗബന്ധുവും ഭാഗ്യാധിപൻ വ്യാഴത്തിന്റെ അംശകത്തിലും നിന്നാൽ (ഭാഗ്യത്തിൽ ശുഭനും വ്യാഴത്തിന്റെ അംശകവും ഭാഗ്യാധിപനും വേണമെന്നർത്ഥം) ഹ്രുദ്ഭക്തനായും സുഖമുള്ളവനായും ഭവിക്കും.

മൂ— ഹ്രുശുക്രബുധാംശസ്ഥേ ധർമ്മനാഥേനവീക്ഷിതേ
ഹ്രുദ്ഗ്രഹാണാംമദ്ധ്യസ്ഥേ ധർമ്മകൃൽസനരോഭവേൽ. ൻ൯

വ്യാ—ഭാഗ്യസ്ഥാനത്തു വ്യാഴം ശുക്രൻ ബുധൻ ഇവർ അംശിക്കയും ഭാഗ്യാധിപൻ നോക്കുകയും അതിനു ശുഭമദ്ധ്യസ്ഥതപമുണ്ടായാൽ ജാതൻ ധർമ്മവാനായി ഭവിക്കും.

മൂ— ധർമ്മേപാപേപാപഭാക്ക്യാ ത്തദ്ദിശേപാപസംയുതേ
ക്രൂരഷഷ്ട്യംശകേവാപി ഭാഗ്യഹീനോഭവേന്നരഃ. ൻ൰

വ്യാ – ഭാഗ്യത്തിൽ പാപനും ഭാഗ്യാധിപനു പാപയോഗവുമുണ്ടായാൽ പാപിയായും ക്രൂരാംശകമുണ്ടായാൽ ഭാഗ്യഹീനനായും ഭവിക്കും.

മൂ— ബലവതിതനുനാഥേ കേന്ദ്രകോണോപയാതേ
ശുഭശേതമുപയാതിസ്വാമിദൃഷ്ടോവിലഗ്നേ
സുരഗുരുനവഭാഗത്രിംശഭഃ ശത്രിഭാഗേ
ദശമഭവനപോ'വീതഭോഗസ്തപസ്വീ. ൯൯

വ്യാ—ലഗ്നാധിപൻ ബലവാനായും കേന്ദ്രത്രികോണങ്ങളിൽ സ്ഥിതിയും ലഗ്നത്തിനു ശുഭയോഗദൃഷ്ടിവർഗ്ഗങ്ങളുണ്ടാകയും വ്യാഴത്തിന്റെ നവാംശത്രിശാംശങ്ങളിൽ കർമ്മാധിപൻ നിൽക്കയും ചെയ്താൽ സുഖങ്ങളെ ഉപേക്ഷിച്ചു തപസ്വിയായി ഭവിക്കും.

മൂ — സകലഗഗനവാസാസ്സ്വാച്ചവർഗ്ഗസ്വരാശൌ
ധനകനകസമൃദ്ധിശ്രേഷ്ഠമുൽപാദയന്തി
യദിശുഭപചരേന്ദ്രസ്തത്രദൃഷ്ടോനഭോഗീ
വിനിഹതരിപുപക്ഷോദിവ്യദേഹസ്സുകീർത്തിഃ. ൯൰

വ്യാ—എല്ലാഗ്രഹങ്ങളും ഉച്ചം വർഗ്ഗോത്തമം സ്വക്ഷേത്രം ഇവയിൽ നിന്നാൽ അനേകം ധനങ്ങളുള്ളവനായും ഭാഗ്യത്തിൽ ശുഭന്മാർ നോക്കിയാൽ ഇഹലോകസുഖങ്ങൾ ഉപേക്ഷിച്ചവനായും ശത്രുഹന്താവായും കീർത്തിമാനായും രൂപവാനായും ഭവിക്കും.

മൂ— താരേശതല്ലാരകഖേചരേന്ദ്രൌ
ദൃസ്ഥൌതയോഃപുത്രമുഖാനദൃഷ്ടം
കേന്ദ്രത്രികോണേയദിതൌനഭോഗൌ
വദേത്തയോഃപുത്രമുഖംഹിദുശ്യം. ൯൱

വ്യാ—ചന്ദ്രനും ഭാഗ്യകാരകനായ ഗ്രഹവും അനിഷ്ടസ്ഥാനത്തു നിന്നാൽ ജാതനും സ്വഭാര്യയും പുത്രനെ കാണാൻ സാധിക്കയില്ല. അവർ (ചന്ദ്രഭാഗ്യകാരകന്മാർ) കേന്ദ്രത്രികോണങ്ങളിലായാൽ പുത്രദർശനം സാധിക്കയും ചെയ്യും.

മൂ— പിതുർനിശായാമ്മരണംസുഖേശ
ശുക്രേന്ദുവഷ്ഷഷ്ഠഗതാബലാഢ്യാഃ
സാരീശരാസ്തന്മരണംതഥൈവ
ചന്ദ്രേണഹീനാസ്തുദിവാമൃതിസ്സ്യാൽ. ൯൲

വ്യാ—രാത്രിയിൽ ജനിക്കയും നാലാംഭാവാധിപനും ശുക്രനും ചന്ദ്രനും ആറാമിടത്തു നിൽക്കയും ചെയ്താൽ പിതാവിനു മരണം സംഭവിക്കും. അപ്രകാരം പകൽ ജനിക്കയും നാലാംഭാവാധിപനുംആറാംഭാവാധിപനും ശുക്രനും ആറിൽ നിൽക്കയും ചെയ്താൽ പിതാവിനു മൃതിഉണ്ടാകും.

മൂ— സൌമ്യേചരാദ്യഭാഗസ്ഥഭാഗ്യേശബലസംയുതേ
ഗുരുശുക്രയുതേദൃഷ്ടേജപധ്യാനപരോഭവേൽ. ൧൦൧

വ്യാ—ശുഭഗ്രഹം ചരരാശിയിൽ ആദ്യംശകത്തിലും ഭാഗ്യാധിപൻ ബലവാനായി ഗുരുശുക്രയോഗദൃഷ്ടികളോടുകൂടിയും നിന്നാൽ ജാതൻ ജപധ്യാനസമാധി ഇവയോടുകൂടിയവനായിരിക്കും.

മൂ— ദേവലോകാദിഭാഗസ്ഥേ കർമ്മേശേഭാഗ്യപേപിവാ
പാരാവതാംശകേസൌമ്യേ ബ്രഹ്മനിഷ്ഠാപരോഭവേൽ. ൧൦൨

വ്യാ—ഭാഗ്യാധിപനും കർമ്മാധിപനും ദേവലോകാംശകവും ബുധനു പാരാവതാംശകവുമുണ്ടായിരുന്നാൽ ജാതൻ ബ്രഹ്മനിഷ്ഠയുള്ളവനാകും.

മൂ— പാരാവതാദിഭാഗസ്ഥേ ധർമ്മേശേഗുരുസംയുതേ
ലഗ്നേശേഗുരുസംദൃഷ്ടേ മഹാദാനകരോഭവേൽ. ൧൦൩

വ്യാ—ഭാഗ്യാധിപൻ വ്യാഴത്തോടുകൂടി പാരാവതം മുതലായ വിശേഷാംശകങ്ങളിൽ നിൽക്കയും ലഗ്നാധിപനു് വ്യാഴത്തിന്റെ ദൃഷ്ടിയുണ്ടാകയും ചെയ്താൽ ദുശ്ശീലനായി ഭവിക്കും.

ഇങ്ങനെ പതിനാലാമദ്ധ്യായം കഴിഞ്ഞു.

---

## പതിനഞ്ചാമദ്ധ്യായം.

### ദശമാദിവ്യയാന്തഭാവവിചാരം.

മൂ— ആജ്ഞാമാനവിദൂഷണാനിവസനവ്യാപാരനിദ്രാകൃഷിഃ
പ്രവ്രജ്യാഗമകർമ്മജീവനയശോവിജ്ഞാനവിദ്യാഃക്രമാൽ
കർമ്മസ്വാമിദിനേശബോധനഗുരുക്ഷരായാസുതൈശ്ചിന്തയേ
ദുക്താനിപ്രവിഹായപൂർവ്വമശുഭോമാനേവിമാനോഭവേൽ. ൧

വ്യാ—ആജ്ഞ മാനം ദൂഷണം വസ്ത്രം വ്യാപാരം (പ്രവൃത്തികം) ഉറക്കം കൃഷി പ്രവ്രജ്യാ (ജന്മഭൂമിപരിത്യാഗം—സന്ന്യാസം) കർമ്മം ജീവനം (ഉപജീവനവൃത്തി) കീർത്തി വിജ്ഞാനം വിദ്യ ഇതുകളെയെല്ലാം പത്താംഭാവംകൊണ്ടും ആദിത്യൻ ബുധൻ വ്യാഴം ശനി ഇവരെക്കൊണ്ടും നിരൂപിക്കണം. മുൻപുപറഞ്ഞിട്ടുള്ള ഭാവങ്ങളെ ഒഴിച്ചു

പത്താമിടത്ത് പാപഗ്രഹം നിന്നാൽ ജാതൻ മാനമില്ലാത്തവനായി ഭവിക്കും.

മൂ— കർമ്മേശേബലവജ്ജിതേചപലധീർജ്ജാതോദുരാചാരവാൻ
ജീവജ്ഞോസിതഭാനവോവിബലീനോദുസ്ഥാവികർമ്മപ്രദാഃ
ഗംഗാസ്നാനഫലംസമേതിദശമേരാഹൌദിനേശേഥവാ
മീനേകർമ്മണിബോധനാരസഹിതേജ്ജാതസ്സുമുക്തോഭവേൽ. ൫

വ്യാ—പത്താംഭാവാധിപൻ ദുർബ്ബലനായാൽ ജാതൻ ചപല നായും ദുരാചാരനായും സൂര്യൻ ബുധൻ വ്യാഴം ശനി ഇവർ അനിഷ്ട സ്ഥനന്മാരായാൽ കർമ്മവൈകല്യമുള്ളവനായും പത്താമിടത്തു രാഹു വോ സൂര്യനോ നിന്നാൽ ഗംഗാസ്നാനത്തിന്റെ ഫലമുള്ളവനായും മീനംരാശി പത്താമടമായി അതിൽ ബുധകുജന്മാർ നിന്നാൽ മുക്ത നായും ഭവിക്കും.

മൂ— മാനേശപരേശുക്രയുതേചകേന്ദ്രേ
തുംഗസ്ഥിതേതാദൃശതോയപൂർത്തഃ
വ്യയേബുധേതത്ഭവനാധിപേവാ
സേവാച്ചനാദിതേതാദൃശപുണ്യഭാക്ക്യാൽ. ൬

വ്യാ—പത്താംഭാവാധിപൻ ശുക്രനോടുകൂടി ഉച്ചനായി കേന്ദ്ര ത്തിൽ നിന്നാൽ ഗംഗാദി പുണ്യനദികളിൽ സ്നാനംചെയ്ത ഫലമുണ്ടാ കും. പന്ത്രണ്ടിൽ വ്യയാധിപനോ ബുധനോ ഉച്ചത്തിൽ നിന്നാലും ഫലം മേൽപ്രകാരംതന്നെ.

മൂ— ചന്ദ്രേകർമ്മണിജാഹ്നവീസലിലതഃപൂതോതിപുണ്ണ്യത്തെ
പാപേയത്തരണികർമ്മഗോവിബലവാൻദ്രുതക്രിയാസാധനം
സൌമ്യാദുർബലശാലിനോദശമഗാസ്സുല്പൻമവിധ്വംസകൃഃ
കർമ്മേശജ്ഞതസൂചിതെകൃതഫലംസഞ്ചിന്ത്യസമ്യഗ്വദേൽ. ൭

വ്യാ—പൂർണ്ണചന്ദ്രൻ കർമ്മത്തിൽ നിന്നാൽ ഗംഗാസ്നാനശുദ്ധി മാനായും അവൻ ദുർബലനും പാപയുക്തനുമായി നിന്നാൽ ചൂതുകളി മുത ലായ ദുഷ്പ്രവൃത്തി ചെയ്യുന്നവനായും അവിടെ ശുഭന്മാർ ദുർബല ന്മാരായി നിന്നാൽ കർമ്മങ്ങളെ മുടക്കുകയും നശിപ്പിക്കുകയും ചെയ്യു ന്നവനായും ഭവിക്കും. ഇവിടെ കർമ്മാധിപൻ ബുധൻ വ്യാഴം ഇവ രുടെ സ്ഥിതിഭേദങ്ങളെ അറിഞ്ഞു ഫലങ്ങളെ നല്ലവണ്ണം ചിന്തിച്ചു പറഞ്ഞുകൊള്ളണം.

മൂ— ഏകസ്ഥാനഗതകർമ്മചെയ്യദിതയോരേകാധിപത്യ ഭാവാ
ജ്ജാതസ്സുചാർജ്ജിതസദ്ധനേനകുരുതേയജ്ഞാദികർമ്മോത്സവം

സാക്ഷ്യേഗ്രഹധനേനസാഹിശിഖിനിക്ഷുത്രൈസ്സുജീവേന്യൈ
സ്വത്തൽകാരകവിത്തതോയദിയുതേരവ്യാദിഭിഃകർമ്മപേ. ൭

വ്യാ—ലഗ്നാധിപനും കർമ്മാധിപനും ഒരുമിച്ചുനിൽക്കയോ അവക്കു ഏകാധിപത്യമുണ്ടാകയോ ചെയ്താൽ ജാതൻ തന്റെ സമ്പാദ്യമായ ധനംകൊണ്ടു യാഗാദിസൽകർമ്മം ചെയ്യുന്നവനായിരിക്കും. കർമ്മാധിപൻ സൂര്യനോടു കൂടിയാൽ ഗ്രഹധനംകൊണ്ടും രാഹുവിനോടോ കേതുവിനോടോ കൂടിയാൽ ക്ഷുദ്രരാജാക്കന്മാരിൽനിന്നുള്ള ധനംകൊണ്ടും കർമ്മങ്ങൾ ചെയ്യും പത്താംഭാവാധിപൻ സൂര്യൻ തുടങ്ങിയുള്ള ഏതുഗ്രഹത്തോടു ചേർന്നുവോ അതാതുഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള മാർഗ്ഗമനുസരിച്ചു ലഭിക്കുന്ന ധനങ്ങളെക്കൊണ്ടു പ്രവർത്തിക്കുന്നവനായിരിക്കും.

മൂ— ബഹുശുഭയുഗ്മിനേവാജുപേയാദിസിദ്ധി-
സ്സിതബുധയുതരാശിസ്വാമിനൈർബലാഢ്യൈ
യദികൃതസവനോപിപ്രാപ്തകർമ്മപ്രണാഷ്ടാ
ഭവതിപരമകർമ്മാചാരദാനാദിശീലഃ. ൮

വ്യാ—പത്താമിടത്തു ശുഭന്മാർ അധികംഉണ്ടായിരുന്നാൽ വാജപേയാദിയാഗവിശേഷങ്ങളെ ചെയ്യുന്നവനായും ബുധശുക്രന്മാർ നില്ക്കുന്ന രാശിയുടെ നാഥന്മാർ ദുർബലന്മാരായാൽ കർമ്മവിഘ്നങ്ങൾ ഉണ്ടായിരുന്നാലും യാഗം ദാനം മുതലായ ധർമ്മകൃത്യങ്ങളെ ചെയ്യുന്നവനായും ഭവിക്കും.

മൂ— ചന്ദ്രാൽകർമ്മണിശോഭനേബലയുതേതുംഗാദിവർഗ്ഗസ്ഥിതേ
വാഗീശേനയുതേക്ഷിതേനൃവരോയജ്ഞായശസ്വീഭവേൽ
ജീവജ്ഞാസുരവന്ദ്യസംസ്ഥിതഗൃഹാധീശൗവിനാശംഗതാ
ജ്ഞാതസ്സൽഫലകർമ്മവാനപികൃതാംകർമ്മശ്രിയംനാപ്നുയാൽ. ൯

വ്യാ—ചന്ദ്രാൽ പത്താംഭാവത്തിൽ ബലവാനായ ശുഭഗ്രഹം ഉച്ചസപ്തമാദിവർഗ്ഗത്തോടുകൂടി നിൽക്കയും അവിടെ വ്യാഴം നോക്കുകയോ നിൽക്കുകയോ ചെയ്കയും ചെയ്താൽ അവൻ യശസ്വിയായിയാഗകൃത്തായ രാജാവായി ഭവിക്കും. വ്യാഴം ബുധൻ ശുക്രൻ ഇവർ നിൽക്കുന്ന രാശ്യധിപന്മാർ അഷ്ടമത്തിലായാൽ സൽഫലങ്ങളായ കർമ്മങ്ങളെ ചെയ്താലും അതിന്റെ ഫലം കിട്ടുകയില്ല.

മൂ— കർമ്മേശജ്ഞസുരാർച്ചിതാബലയുതായജ്ഞാദിസല്ലക്ഷ്മദാ
സ്സൗമ്യേവ്യാമചരേണവീക്ഷിതയുതാതേവാജുപേയാദിഭാഃ
ജീർണ്ണോദ്ധാരനമുഖ്യഗോപുരതടാകാരാമപുണ്യപ്രദാ
യജ്ഞാകർമ്മപതൗശുഭേശശിയുതേമാനേപിരാഹ്വർധപേ. ൧൦

വ്യാ—കർമ്മാധിപൻ ബുധൻ വ്യാഴം ഇവർ ബലവാന്മാരായാൽ യാഗാദി കർമ്മങ്ങളും അവക്കു ശുഭഗ്രഹയോഗദൃഷ്ടികളുണ്ടായിരുന്നാൽ വാജപേയാദിവിശിഷ്ടയാഗങ്ങളും പഴതായ ദേവാലയം ബ്രാഹ്മണാലയം ഇവ നന്നാക്കുകയും ഗോപുരങ്ങൾ വഴിക്കുളങ്ങൾ കിണറുകൾ വഴിയമ്പലങ്ങൾ നടയ്ക്കാവുകൾ ഇവയുണ്ടാക്കുകയും കർമ്മാധിപൻ ശുഭനായും ചന്ദ്രനോടുകൂടിയും കർമ്മത്തിൽ രാഹുകേതുക്കൾ ഇല്ലാതെ വരികയും ചെയ്താൽ യാഗശീലനായും ഭവിക്കും.

മൂ— ഉച്ചസ്ഥശശിജ്യേഹികേതുവിയുതേഭാഗ്യോപയാതേഥവാ
കർമ്മസ്വാമിനിഭാഗ്യഗേചമനുജോയാഗാദിസല്കർമ്മവാൻ
കർമ്മേശേനിജതുംഗഗേബലയുതേ താരാസുതേവാസ്തഗേ
തുംഗസ്ഥാനഗതേസതിക്രതുഫലംജ്ഞാതസ്സുമേതിധ്രുവം. ൯

വ്യാ —രാഹുകേതുക്കളോടു കൂടാതെ ഉച്ചസ്ഥനായ ബുധനോ കർമ്മാധിപനോ ഭാഗ്യത്തിൽ നിന്നാൽ ജ്ഞാനൻ യാഗം ചെയ്യുന്നവനാകും. കർമ്മാധിപൻ ഉച്ചത്തിൽ ബുധനോടുകൂടി നിൽക്കുക അല്ലെങ്കിൽ ബുധൻ ലഗ്നാൽ ഏഴിൽ ഉച്ചസ്ഥനായി നിൽക്കുക ചെയ്താൽ യാഗഫലത്തെ നിശ്ചയമായും അനുഭവിക്കും.

മൂ— കർമ്മസ്ഥശശിനാന്വന്യേസവനകൃൽസാഹിധ്യഭാജേകർമ്മഹാ
കർമ്മേശേശിപുരസ്സരിഷ്ടഗൃഹഗേകർമ്മാവരോധീഭവേൽ
കർമ്മേശസ്യബുധസ്യ കർമ്മഭവനേരാഹ്വാഖ്യപാപാന്തകൻ
സ്തുംഗസ്ഥാനഗതോപികർമ്മഗൃഹപോദുസ്ഥാനഗകർമ്മഹാ.

വ്യാ കർമ്മത്തിൽ ബുധൻ നിന്നാൽ യാഗം ചെയ്യുന്നവനായും രാഹുകേതുക്കൾ നിന്നാൽ കർമ്മങ്ങളെ നശിപ്പിക്കുന്നവനായും കർമ്മാധിപൻ ൧, ൨, ൪ ഈ ഭാവങ്ങളിൽ നിന്നാൽ കർമ്മങ്ങളെ മുടക്കുന്നവനായും കർമ്മാധിപനേറയോ ബുധനേറയോ കർമ്മഭാവത്തിൽ രാഹു നിന്നാൽ യാഗാദികർമ്മം മുടക്കുന്നവനായും കർമ്മാധിപൻ ഉച്ചസ്ഥനാണെങ്കിലും അനിഷ്ടസ്ഥാനത്തു നിന്നാൽകർമ്മങ്ങളെ നശിപ്പിക്കുന്നവനായും ഭവിക്കും.

മൂ— വ്യാപാരധർമ്മഗൃഹഗേശുഭേചരേന്ദ്രേ
തന്നാഥേജീവതനൂപാബലശാലിനിശ്ചൽ
ആചാരധർമ്മഗുണകർമ്മവിധിപ്രയുക്ത
ശ്രുത്യാനപിതോഭവതിവിപ്രകുലാഗ്രഗണ്യഃ. ൧൧

വ്യാ—ഭാഗ്യഭാവത്തിലും കർമ്മഭാവത്തിലും ശുഭഗ്രഹങ്ങളും ആ ഭാവങ്ങളുടെ നാഥന്മാരും വ്യാഴവും ലഗ്നാധിപനും ബലവാന്മാരും

ആയുൽ കുലാചാരംധർമ്മം സൽഗ്രഹണംനിത്യനൈമിത്തികകർമ്മങ്ങൾ ഇവയിൽ ശ്രദ്ധയോടുകൂടിയ ബ്രാഹ്മണശ്രേഷ്ഠനായി ഭവിക്കും.

മൂ— സൌമ്യാന്വിതാനിഗുരുകർമ്മകളത്രപുത്ര
ലഗ്നാനിപഞ്ചഭവനാനിശുഭേക്ഷിതാനി
തന്നായകാശ്ചബലിനോയദിസപ്തതശ്ച
വിദ്യാധികഃക്രതുസമസ്തഗ്രഹണപ്രസിദ്ധഃ. ൬൨

വ്യാ—ലഗ്നം ൪, ൭, ൯, ൧൦ ഇങ്ങനെയുള്ള അഞ്ചുഭാവങ്ങളും ശുഭയോഗദൃഷ്ടികളോടും അവയുടെ നാഥന്മാർ ബലവാന്മാരായും നിന്നാൽ സർവതത്വങ്ങളെയും അറിയുന്നവനായും മഹാവിദ്വാനായും യാഗം മുതലായവ ചെയ്യുന്നവനായും പ്രസിദ്ധനായും ഭവിക്കും.

മൂ— ജ്ഞാനവ്യോമാധിവാസാസ്ഥാഗ്രുദശമ-
സ്ഥാനപഷ്ഠ്യർംബലാഢ്യാ
ജാതസ്സച്ഛാസ്ത്രവേത്താനിഖിലനിഗമവി-
ജ്ഞാനദീക്ഷാമുപൈതി
ധർമ്മവ്യാപാരലഗ്നാധിപദൃഗ്ജുഷാ
ചാന്ത്യപാകാപഹാരേ
സല്കർമ്മാചാരസർവക്രതുഫലനിഗമ-
ജ്ഞാനവിദ്യാകരസ്സ്യാൽ. ൬൩

വ്യാ — ബുധൻ ശുക്രൻ വ്യാഴം ഇങ്ങനെ ജ്ഞാന കാരകന്മാരായ മൂന്നുഗ്രഹങ്ങളും ലഗ്നം ഭാഗ്യം കർമ്മം ഇത്രകളുടെ നാഥന്മാരും ഇങ്ങനെ ആറു ഗ്രഹങ്ങളും ബലവാന്മാരായാൽ ജാതൻ സകലവേദശാസ്ത്രപുരാണേതിഹാസങ്ങളിൽ അറിവുള്ളവനായും ദീക്ഷിതനായും ഇവർ ആറുപേരുടെയും ദശാപഹാരങ്ങളിൽ യാഗാദികർമ്മങ്ങളും വേദപാഠം മുതലായവയും ചെയ്യുന്നവനായും ഭവിക്കും.

മൂ— ചന്ദ്രാത്തൃതീയേജലരാശിയുക്തേ
കരോതിജീർണ്ണോദ്ധരണാദിപുണ്യം
തടാകകൂപാദികമത്രലഗ്നാൽ
കർമ്മേശവരേഗോപുരഭാഗ്യയുക്തേ. ൬൪

വ്യാ—ചന്ദ്രങ്കൽനിന്നു മൂന്നാമിടം ജലരാശിയായിരുന്നാൽ ജാതൻ പഴയ അമ്പലം ഭവനം മുതലായതുകളെ (ധർമ്മമായിട്ടു) പുതുതാക്കുകയും ലഗ്നാൽ മൂന്നാമിടം ജലരാശിയായും ഇരുന്നാൽ വഴിക്കുളം വഴിക്കിണറുകൾ കുളിത്തട്ടുകൾ തണ്ണീർപന്തൽ ഇവയുണ്ടാക്കുകയും

ചെയ്യുന്നവനാകും. ഭാവാധിപന് ഗോപുരാദി വിശേഷാംശം ഉണ്ടാകയും വേണം.

സന്ന്യാസയോഗം.

മൂ— ജാതശ്ചപഞ്ചചതുർവിയച്ചരവരൈരുകേന്ദ്രത്രികോണസ്ഥിതൈ
രേകസ്മൈർബലിഭിഃപ്രധാനബലവൽപേടാശ്രമസ്ഥാഭവേൽ
ആദിത്യാസിതജീവശുക്രധരണീപുത്രേന്ദുതാരാസുതൈർ-
വാനപ്രസ്ഥവിവാസഭിക്ഷു ചരകാശ്ശാക്യോഹരുർജ്ജീവകഃ. ക്ഷ

വ്യാ—നാലഞ്ചുഗ്രഹങ്ങൾ ബലവാന്മാരായിട്ടു ഒരുമിച്ചു കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ അവരിൽ അധികം ബലവാനായ ഗ്രഹം ഏതാണോ ആ ഗ്രഹത്തിനു പറഞ്ഞിട്ടുള്ള ആശ്രമവിധിയെ ജാതൻ പ്രാപിക്കും. ആദിത്യൻ ശനി വ്യാഴം ശുക്രൻ ചൊവ്വ ചന്ദ്രൻ ബുധൻ ഇവർ പ്രധാനബലവാന്മാരാണിരുന്നാൽ ക്രമേണ വാനപ്രസ്ഥം അവധൂതത്വം ഭിക്ഷുത്വം ചരകത്വം ശാക്യത്വം ഹരുത്വം ജീവകത്വം ഇവ സ്വീകരിക്കും.

മൂ— വാനപ്രസ്ഥസ്തപസ്വീവനഗിരിനിലയോ
നഗ്നശീലോതിവിദ്വാൻ
ഭിക്ഷുസ്സ്യാദേകദണ്ഡീസതതമുപനിഷ-
ത്തത്പനിഷ്ഠോമഹാത്മാ
നാനാദേശപ്രവാസീചരകയതിവാ-
ശ്ശാക്യയോഗീകുശീലോ
രാജാശ്രീമാൻയശസ്വീഹരുരശനപരോ-
ജ്ജീവകസ്സ്യാൽ. ക്സ

വ്യാ—വാനപ്രസ്ഥൻ തപസ്വിയായും പർവതം വനം ഇവയിൽ താമസിക്കുന്നവനായും അവധൂതൻ സർവവും ത്യജിച്ചതെ പ്രാപിച്ചു് അവസ്ഥയുള്ളവനായും നഗ്നത്വമുള്ളവനായും ഭിക്ഷു മുളദണ്ഡം വഹിക്കുന്നവനായും എപ്പോഴും ഉപനിഷത്തുകളിൽ തല്പരനായും മഹാത്മാവായും ചരകൻ എല്ലായിടത്തും സഞ്ചരിക്കുന്നവനായും ശാക്യൻ മനോഹ്ലാദമില്ലാത്തവനായും ഹരു രാജാവായും ശ്രീമാനായും കീർത്തിമാനായും ജീവകൻ ഭക്ഷണപ്രിയനായും വാദപ്രതിവാദങ്ങളെ ചെയ്യുന്നവനായും ഭവിക്കും. (ഇവ ഒക്കെയും സന്ന്യാസവൃത്തിഭേദങ്ങളാകുന്നു.)

മൂ— കർമ്മസ്ഥാനഗതാസ്സുതോ ഗഗനഗാസ്സ്വോച്ചരാദിവ്യുസ്ഥിതാഃ
കർമ്മേശശ്ചബലാന്വിതോയദി മതിസ്തത്തുല്യശീലോഭവേൽ
കർമ്മേശേബലവർജ്ജിതഗ്രഹഗൃഹപ്രാപ്തേഷ്ടരാചാരവാൻ
തദ്രോഗപ്രദമധ്യഗൌധനമദസ്ഥാനാധിപൌകാമധാഃ. ക്ഹ

വ്യാ—മൂന്നഗ്രഹങ്ങൾ ഉച്ചാദിബലത്തോടുകൂടി കർമ്മത്തിൽ നില്ക്കയും കർമ്മാധിപൻ പൂർണ്ണബലവാനാകയും ചെയ്താൽ ജാതൻ സന്ന്യാസിയായോ തത്തുല്യനായോ ഭവിക്കും. കർമ്മാധിപൻ ദുർബലനായിരിക്കുന്ന ഗ്രഹത്തിന്റെ ഗൃഹത്തിൽ നിൽക്കുന്നതായാൽ ദുരാചാരവും ദുഷ്കർമ്മവും ഉള്ളവനായും കർമ്മാധിപന്റെ രണ്ടുഭാഗത്തും ധനാധിപനും ഏഴാം ഭാവാധിപനും നിന്നാൽ കാമശീലനായും ഭവിക്കും.

മൂ— തദ്യോഗപ്രദഖേചരൈരിനശനിക്ഷ്വോണീകുമാരാന്വിതൈഃ
സന്ന്യാസംസമുപൈതിവിത്തതനയസ്ത്രീവർജ്ജിതോമാനവഃ
സൌമ്യാംശോചഗതസ്സഹസ്രകിരണസ്ത്ര്യംശാന്തഭാഗസ്ഥിതം
ഖേടംപശ്യതിയശ്ചനോചയസിവാബല്യേയതീശോഭവേൽ. ൧൫

വ്യാ—സന്ന്യാസയോഗകർത്താക്കന്മാരായ ഗ്രഹങ്ങൾ സൂക്ഷ്മനവാംശമുന്നാറോടുകൂടിയാൽ സർവ്വസംഗത്യാഗിയായ യോഗിയായി ഭവിക്കും. ശുഭനവാംശകത്തിൽ നിൽക്കുന്ന സൂക്ഷ്മൻ ഉച്ചരാശിയുടെ അന്ത്യനവാംശത്തിൽ നിൽക്കുന്ന ഗ്രഹത്തെ നോക്കിയാൽ യൌവനത്തിലോ അല്ലെങ്കിൽ ബാല്യത്തിൽതന്നെയോ യോഗീശ്വരനായി ഭവിക്കും.

മൂ— ശുക്രേന്ദുപ്രവിലോകിതേഗതബലേ ലഗ്നാധിപേനിഭ്നോ
ഭിക്ഷുസ്സ്യാദ്യദിതുംഗഭാംശകഗതസ്തന്നാവരിംപശ്യതി
ഏകസ്സൌരവലോകിതേതുബലിഭിർലഗ്നേശ്വരേദീക്ഷിത
സ്തദ്യോഗഭ്രുദഭാവകാരകദശാഭുക്തൌതദീയംഫലം. ൧൬

വ്യാ. ദുർബലനായ ലഗ്നാധിപനെ ചന്ദ്രശുക്രന്മാർ നോക്കിയാൽ ജാതൻ നിർധനനായും ലഗ്നാധിപൻ അത്യുച്ചാംശകത്തോടുകൂടി ചന്ദ്രനെ നോക്കിയാൽ ഭിക്ഷുവായും ബലവാന്മാരായ ഗ്രഹങ്ങൾ ഒരുമിച്ചുനിന്ന് ലഗ്നാധിപനെ നോക്കിയാൽ ദീക്ഷിതനായും (യാഗം ചെയ്യുന്നവൻ) ഭവിക്കും. സന്ന്യാസയോഗകാരകന്മാരായ ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിലാണ് ഈ ഫലം അനുഭവിക്കുന്നത്.

മൂ— ശീതാംശുരാശീശമിനാത്മജോവാ
ലഗ്നേശ്വരംപശ്യതിദീക്ഷിതസ്സ്യാൽ
ഭൌമർക്ഷഗേമന്ദദൃഗാണഭാഗേ
മന്ദേക്ഷിതേശീതകരേയതിസ്സ്യാൽ. ൧൭

വ്യാ—ചന്ദ്രലഗ്നാധിപനെ ലഗ്നാധിപനോ ശനിയോ നോക്കുന്നവെങ്കിൽ ജാതൻ ദീക്ഷിത(പ്രവ്രജ്യാനാഥ നാകും.കുജക്ഷേത്രത്തിൽ ശനിദ്രേക്കാണത്തിൽ ചന്ദ്രൻ ശനി-ദൃഷ്ടനായി നിന്നാലും. സന്ന്യാസിയാകും.

മൂ— ജീവാരമന്ദലഗോഷുമന്ദദൃഷ്ടിയുതേഷു ച
യദിലഗ്നഗതേജീവേന്ദുപയോഗോപിതീത്ഥകൃൽ. ൨൫

വ്യാ—വ്യാഴം ചൊവ്വാ ശനി എന്നീ ഗ്രഹങ്ങളെയും ലഗ്നത്തെയും ശനി നോക്കുകയും വ്യാഴംലഗ്നത്തിലോ കൻപതിലോ നില്ക്കയും ചെയ്താൽ രാജാവായും തീത്ഥചാരിയായും ഭവിക്കും (ലഗ്നാദ്ധ്യമ്മിഗതേജീവേ-എന്ന് പാഠാന്തരം)

മൂ— നവമസ്ഥാനഗേചന്ദ്രേ നഭോഗൈർന നിരീക്ഷിതേ
നൃപയോഗോപിസഞ്ജാതോദീക്ഷിതോന്യഥതിർഭവേൽ. ൨൬

വ്യാ—കൻപതിൽ നില്ക്കുന്ന ചന്ദ്രനെ ഒരു ഗ്രഹങ്ങളും നോക്കാതെയിരുന്നാൽ രാജയോഗത്തിൽ ജനിച്ചവനായിരുന്നാലും രാജാവു ദീക്ഷിതനായി ഭവിക്കും.

മൂ— സുരഗുരുശശിഹോരാസചക്രിദൃഷ്ടാസുധർമ്മേ
ഗുരുരഥനൃപതീനാം യോഗജുസ്തീത്ഥകൃത്സ്യാൽ
നവമഭവനസംസ്ഥേ മന്ദഗേന്യൈരദൃഷ്ടേ
ഭവതിനരപയോഗേ ദീക്ഷിതഃപാർത്ഥിവേന്ദ്രഃ. ൨൭

വ്യാ—വ്യാഴം ചന്ദ്രൻ ലഗ്നം ഇവകളിൽ ശനി നോക്കുകയും കൻപതിൽ വ്യാഴം ഉണ്ടായിരിക്കയും ചെയ്താൽ രാജയോഗജാതനും ശാസ്ത്രകൃത്താകും. കൻപതാമിടത്തു ആരുടേയും ദൃഷ്ടി ഇല്ലാതെ ശനി നിന്നാൽ രാജയോഗമുള്ളവനും ദീക്ഷിതനായ രാജാവായി ഭവിക്കും. (തീത്ഥകൃത്തു് എന്ന പദത്തിനെ ശാസ്ത്രകൃത്ത് എന്നു ഭട്ടോൽപലാദികൾ വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും രാജയോഗത്തിൽ ജനിച്ചവരുടെ പ്രവർജ്യയാണ് ഇവിടെ പറഞ്ഞിരിക്കുന്നതു് എന്നു ഓർമ്മിക്കണം.)

മൂ— സിതാർക്കഭൗമാർക്കസുതാമഹാബലാ
സ്സൂര്യേന്ദുഭ്രുനന്ദനഭാനുഭാനുജാഃ
കുജേന്ദുവാഗീശശനൈശ്ചരാഇമേ
സമാഗതാശ്ചേൽജനയന്തിതാപസം. ൨൮

വ്യ— പൂർണ്ണബലവാന്മാരായ ശുക്രൻ സൂര്യൻ കുജൻ ശനി ഇവരും വ്യാഴം കുജൻ സൂര്യൻ ശനി ഇവരും കുജൻ ചന്ദ്രൻ വ്യാഴം ശനി ഇവരും ഒരുമിച്ചു നിന്നാൽ തപസ്വിയോഗമാകുന്നു.

മൂ— ഗ്രഹൈശ്ചതുർഭിസ്സസിതേതദീശേ
ത്രികോണകേന്ദ്രോപഗതേസമുക്തഃ
ചതുർഗ്രഹൈഃ കർമ്മഗതൈഃ പ്രവർജ്യാം
പ്രാപ്നോതിജാതഃ കഥിതോ മുനീന്ദ്രൈഃ. ൨൯

൨൩

വ്യാ—ഏതു ഭാവത്തിലെങ്കിലും നാലു ഗ്രഹങ്ങൾ ബലവാന്മാരാ
യി നിൽക്കയും ആ ഭാവനാഥൻ കേന്ദ്രത്രികോണങ്ങളിൽ നിൽക്കയും
ചെയ്താൽ അവൻ മുക്തനാകും. നാലു ഗ്രഹങ്ങൾ കർമ്മഭാവത്തിൽ നി
ന്നാൽ ജാതൻ പ്രവർജ്യയെ പ്രാപിക്കും. (ഗൃഹപുത്രാദിയെ വിട്ട് സ്നേ
ഹിതനായി ദീർഘയാത്രചെയ്യുക.)

മൂ— കുജാർക്കസോമാത്മജദേവവന്ദിതൈഃ
കുജാർക്കചന്ദ്രാത്മജമന്ദഭാർഗവൈഃ
രവീന്ദുഭൌമാസിതദാനവപ്രിയൈ
ർവേന്തിജാതാവ്രതസംയുതാനരാഃ. ൨൩.

വ്യാ—കുജൻ സൂര്യൻ ബുധൻ വ്യാഴം ഇവരും കുജൻ സൂര്യൻ
ബുധൻ ശനി ശുക്രൻ ഇവരും സൂര്യൻ ചന്ദ്രൻ കുജൻ ശനി ശുക്രൻ
ഇവരും ഒരുമിച്ചു നിന്നാൽ ജാതൻ പിന്നും വ്രതങ്ങളോടുകൂടിയവ
നാകും.

മൂ— സിതാർസൂര്യാത്മജജീവഭാസ്കരൈഃ
കുജേന്ദുജേവേന്ദ്യബുധാർക്കനന്ദനൈഃ
സിതേന്ദുപുത്രാർക്കിശശാങ്കഭൂമിജൈ
ർവേത്തപസ്വീവനപർവ്വതാശ്രിതഃ. ൨൪

വ്യാ—ശുക്രൻ കുജൻ ശനി വ്യാഴം സൂര്യൻ ഇവരും കുജൻ ച
ന്ദ്രൻ വ്യാഴം ബുധൻ ശനി ഇവരും ശുക്രൻ ബുധൻ ശനി ചന്ദ്രൻ
കുജൻ ഇവരും സൂര്യൻ ചന്ദ്രൻ കുജൻ ഇവരും ഒരുമിച്ചു നിന്നാൽ
ജാതൻ വനത്തിലും പർവ്വതത്തിലും താമസിച്ചു തപസ്വിയായിരിക്കും.

മൂ— ചന്ദ്രേന്ദുപുത്രാരസുരേഡ്യഭാസ്കരൈ-
ശ്ശശാങ്കസൂര്യേന്ദുജശുക്രഭൂമിജൈഃ
വൃകർക്ഷഗൈഃഭിരിഹപ്രജാതാ
ഭവന്തിവിദ്വാമുനയോത്രദൂഷകാഃ. ൨൫

വ്യാ—ചന്ദ്രൻ ബുധൻ കുജൻ വ്യാഴം സൂര്യൻ ഇവരും ചന്ദ്രൻ
സൂര്യൻ ബുധൻ ശുക്രൻ കുജൻ ഇവരും ഒരുമിച്ചു നിന്നാൽ ജാതന്മാർ
ദൂഷകന്മാരെന്നാ വിദ്വാമുനികളായി ഭവിക്കും.

മൂ— രവീന്ദുഭൌമേന്ദുജജീവഭാർഗ്ഗവൈ-
സ്സുധാകരാരാക്കിഗ്രരുജ്ഞഭാസ്കരൈഃ
കുജേന്ദുസൂര്യാക്തിസിതേന്ദുസംഭവൈ
ർവേദമീഭിസ്സംഘിതൈർപ്രതീനരഃ. ൨൬

വ്യാ—സൂര്യൻ ചന്ദ്രൻ കുജൻ ബുധൻ വ്യാഴം ശുക്രൻ ഇവരും

ചന്ദ്രൻ കുജൻ ശനി വ്യാഴം ബുധൻ സൂര്യൻ ഇവരും കുജൻ ചന്ദ്രൻ സൂര്യൻ ശനി ശുക്രൻ ബുധൻ ഇവരും ഒരുമിച്ചു നിന്നാൽ ദ്രുതിയായ മുനിയാകും.

മൂ— സിതേന്ദുസൂര്യാക്ഷജീവലോഹിതൈ-
സ്സിതാക്ഷഭൗമാക്കിമൃഗാംകസോമജൈഃ
ഏകത്രയാതൈർഗ്ഗനാടനൈസ്സദാ
ഭവന്തിജാതാമുനയസ്തപസ്വിനഃ. ൧൩൦

വ്യാ—ശുക്രൻ ചന്ദ്രൻ സൂര്യൻ ശനി വ്യാഴം കുജൻ ഇവരും ശുക്രൻ സൂര്യൻ കുജൻ ശനി ചന്ദ്രൻ ബുധൻ ഇവരും ഒരുമിച്ചു നിന്നാൽ മൈനമുദ്രയുള്ള ഋഷിമാരാകും.

മൂ— കുജജ്ഞവാഗീശസിതാസിതാരുണൈ-
സ്സിതാക്കിജീവേന്ദുജചന്ദ്രഭൂമിജൈഃ
ഏകത്രയാനൈർഗ്ഗഗനാടനൈസ്സദാ
യദിപ്രജാതാഃപുരുഷാസ്തപസ്വിനഃ. ൧൩൧

വ്യാ—കുജൻ ബുധൻ വ്യാഴം ശുക്രൻ ശനി സൂര്യൻ ഇവരും ശുക്രൻ ശനി വ്യാഴം ബുധൻ ചന്ദ്രൻ കുജൻ ഇവരും ഒരുമിച്ചു നിന്നാൽ തപസ്വികളായിരിക്കും.

മൂ— രവീന്ദുവാഗീശദിനേശപുത്രൈ-
ശ്ശനൈശ്ചരാക്കേന്ദുസിതൈരവശ്യം
രവീന്ദുപുത്രക്ഷിതിജാമരേഡ്യൈ
സ്തപസ്വിനോമൂലഫലാശിനസ്സ്യുഃ. ൧൩൨

വ്യാ—സൂര്യൻ ചന്ദ്രൻ വ്യാഴം ശനി ഇവരും ശനി ചന്ദ്രൻ സൂര്യൻ ശുക്രൻ ഇവരും സൂര്യൻ ബുധൻ കുജൻ വ്യാഴം ഇവരും ഒരുമിച്ചുനിന്നാൽ കായ് കിഴങ്ങ് മുതലായവ ഭക്ഷിക്കുന്ന മുനിമാരായി ഭവിക്കും.

മൂ— വക്രാക്കസോമാത്മജഭാനവേഡ്യൈ-
ർഭൗമേന്ദുവാഗീശശശാങ്കപുത്രൈഃ
ഏകർക്ഷഗൈർജ്ജന്മനിയസ്യജന്തോർ-
ഭവേദ്യതിഃവ്വല്കലവൃത്തിധാരീ. ൧൩൩

വ്യാ—കുജൻ സൂര്യൻ ബുധൻ ശുക്രൻ ഇവരും കുജൻ ചന്ദ്രൻ വ്യാഴം ബുധൻ ഇവരും ജനനസമയം ഒരുമിച്ചു നിന്നാൽ മരവുരി ഭസ്മം ഇവ ധരിക്കുന്ന യോഗിയായിഭവിക്കും.

മൂ— ശശീന്ദുസൂനാക്ഷിതിജാക്പുത്രാ
ബുധക്ഷ്മാപുത്രസിതേഡ്യസൈരാഃ
ഏകർക്ഷഗായസ്യനരസ്യജാതം
കുവ്വന്തിതേതാപസമത്രശാന്തം. ൩൮

വ്യാ—ചന്ദ്രൻ ബുധൻ കുജൻ ശനി ഇവരും ബുധൻ കുജൻ ശുക്രൻ വ്യാഴം ശനി ഇവരും ജനനസമയം ഒരുമിച്ചു നിന്നാൽ ശാന്തനായ മുനിയായിഭവിക്കും.

മൂ— ചന്ദ്രാക്ഭാർഗ്ഗവശശാങ്കസുതാബലിഷ്ഠാ
ഭൌമേന്ദുപുത്രസിതഭാസ്കരനന്ദനാശ്ച
മന്ദേന്ദുഭാസ്കരസിതാനിയതംതദാനീം
കുവ്വന്തിജന്മകൃതവല്ക്കഫലാശനാനാം. ൩൯

വ്യാ—ചന്ദ്രൻ സൂര്യൻ ശുക്രൻ ശനി ഇവരും ബുധൻ കുജൻ ശുക്രൻ വ്യാഴം ശനി ഇവരും ശനി ചന്ദ്രൻ സൂര്യൻ ശുക്രൻ ഇവരും ബലവാന്മാരായി ഒരുമിച്ചു നിന്നാൽ നിശ്ചയമായും മരവുരിധരിക്കുന്നയതിനായി ഭവിക്കും.

മൂ— രവി ശശികുജശുക്രൈക്രശ്ചേദ്ഭൌമജ്ഞസൂര്യൈ-
ർഗ്ഗുസിതരവിമന്ദൈശുക്രമന്ദേന്ദുജീവൈഃ
കുജബുധസിതചന്ദ്രൈരേഭിരേകർക്ഷയാതെ-
ർഭവതിഗിരിവനൌകാസ്ഥാപസസ്സുവ്വന്ത്യഃ. ൪൦

വ്യാ—സൂര്യൻ ചന്ദ്രൻ കുജൻ ശുക്രൻ ഇവരും ചന്ദ്രൻ കുജൻ ബുധൻ സൂര്യൻ ഇവരും വ്യാഴം ശുക്രൻ സൂര്യൻ ശനി ഇവരും ശുക്രൻ ശനി ചന്ദ്രൻ വ്യാഴം ഇവരും കുജൻ ബുധൻ ശുക്രൻ ചന്ദ്രൻ ഇവരും ഒരുമിച്ചു നിന്നാൽ വനപർവ്വതങ്ങളിൽ താമസിക്കുന്ന വന്യനായ താപസനായിഭവിക്കും.

മൂ— സിതശശികുജഗുരുമന്ദൈ ശ്ചന്ദ്രേന്ദുജ്ഞഭൌമഗുരുശുക്രൈഃ
രവികുജശനിബുധജീവൈ ർഭവതിയതിർദ്ദുഃഖിതോദീനഃ. ൪൧

വ്യാ—ശുക്രൻ ചന്ദ്രൻ കുജൻ വ്യാഴം ശനി ഇവരും ചന്ദ്രൻ ബുധൻ കുജൻ ഗുരു ശുക്രൻ ഇവരും സൂര്യൻ കുജൻ ശനി ബുധൻ വ്യാഴം ഇവരും ഒരുമിച്ചുനിന്നാൽ ദുഃഖിതനായ യോഗിയായിഭവിക്കും.

മൂ— കുജാക്ക്ദേവേഡ്യസിതേന്ദുപുത്രൈ-
ശ്ശനീനസോമാത്മജചന്ദ്രഭൌമൈഃ
നഭശ്ചരൈരേഭിരിഹോപയാതൈർ-
ജടാധരാ വല്ക്കലധാരിണസ്സ്യുഃ. ൪൨

വ്യാ—കുജൻ സൂര്യൻ വ്യാഴം ശുക്രൻ ബുധൻ ഇവരും ശനി സൂര്യൻ ബുധൻ ചന്ദ്രൻ കുജൻ ഇവരും ഒരുമിച്ചു നിന്നാൽ ജഡയും വല്ലലവും ധരിച്ച ഋഷിയാകും.

മൂ— സൂര്യേന്ദുജേന്ദുകുജജീവസുരാരിപൂജ്യൈ-
സ്സൂര്യേന്ദുഭൌമഗുരുശുക്രദിനേശപുത്രൈഃ
പ്രാപ്നോത്യവശ്യമിഹതാപസനാമരൂപമേഭി-
രേകർക്ഷഗൈർഗ്ഗണചാരിഭിരാഹിതാഗ്നിഃ. ൯൯

വ്യാ—സൂര്യൻ ബുധൻ ചന്ദ്രൻ കുജൻ വ്യാഴം ശുക്രൻ ഇവരും സൂര്യൻ ചന്ദ്രൻ കുജൻ വ്യാഴം ശുക്രൻ ശനി ഇവരും ഒരുമിച്ചു നിന്നാൽ ആഹിതാഗ്നി (അഗ്ന്യാധാനം) ചെയ്തവനായിഭവിക്കും.

മൂ— നവീക്ഷിതാശ്ലേഷിതരഗ്രഹേണ്ടൈർ
ലഗ്നാധിപഃപശ്യതിഭാനുപുത്രം
ലഗ്നാധിപംവാനുദിഭാനുപുത്ര-
സ്സന്ന്യാസയോഗോഹിബലേനഹീനഃ. ൯൦

വ്യാ—അന്യഗ്രഹദൃഷ്ടിയില്ലാത്ത ലഗ്നാധിപൻ ശനിയേയോ അല്ലെങ്കിൽ ശനി അവനേയോ നോക്കിയാൽ സന്ന്യാസയോഗമുണ്ട്. ഇവർ ബലവാന്മാരാണെങ്കിൽ യോഗത്തിനു പൂർണ്ണതയും ഉണ്ടാകും.

മൂ— ചന്ദ്രേഭാനുസുതേക്ഷിതേരവിസുതദ്രേക്കാണഗേവാതഥാ
ഭിക്ഷുർമന്ദനിരീക്ഷിതേരവിസുതക്ഷോണീസുതാംശേവിധൌ
സന്ന്യാസപ്രദഖേചരസ്സുഗ്രഹികസ്സാഹിധ്വജോവായദി
ക്രൂരാംശോപഗതഃകുരോതിവിഗതാചാരംയതീശംധ്രുവം. ൯൧

വ്യാ—ശനി ദ്രേക്കാണത്തിൽ നില്ക്കുന്ന ചന്ദ്രനെ ശനിനോക്കുകയോ അല്ലെങ്കിൽശനിയുടെയോ കുജന്റെയോ ദ്രേക്കാണത്തിൽ നില്ക്കുന്ന ചന്ദ്രനെ ശനിനോക്കുകയോ ചെയ്യുകയും സന്ന്യാസയോഗകർത്താവായ ഗ്രഹം ഗ്രഹികൻ രാഹു കേതു ഇവരോടുകൂടുകയോ ചെയ്താലും ആചാരഭ്രഷ്ടനായ യോഗിയായിഭവിക്കും.

മൂ— രവിലുപ്തകരെരദീക്ഷിതാ
ബലിഭിസ്തൽഗതഭക്തയോനരാഃ
അഭിയാചിതമാത്രദീക്ഷിതാ-
നിഹതൈരന്യനിരീക്ഷിതൈരപി. ൯൨

വ്യാ—ഇനി ഈപ്രവർജ്യയുടെ അപവാദത്തെപ്പറയുന്നു. പ്രവർജ്യ രയാഗകർത്താക്കന്മാരായ ഗ്രഹങ്ങൾക്കു മൌഢ്യമുണ്ടായിരുന്നാൽ ദീക്ഷി ക്കയില്ല. (സന്ന്യസിക്കയില്ല)അവർ ബലവാന്മാരായിരുന്നാൽ പ്രവ്രാജ കന്മാരിൽ ഭക്തിയുള്ളവനായിരിക്കും. അതുപോലെ തന്നെ ഗ്രഹങ്ങൾ യുദ്ധത്തിൽ തോറവരായിരുന്നാലും അന്യഗ്രഹദൃഷ്ടന്മാരായിരുന്നാ ലും പ്രവ്രജ്യയെ ചെയ്കയില്ലാ. എന്നാൽ പ്രവ്രജ്യയെ ആഗ്രഹിക്കും. അഥവാ സ്വീകരിച്ചാൽ പിഴയ്ക്കാതെ ഉപേക്ഷിക്കാനോ സംഗതിയു മാകും.

ജീവനം.

മൂ— ആത്മാപ്തിപിതൃജനനീസപത്നമിത്ര
ഭ്രാതൃസ്ത്രീഭൃതകജനാദ്ദിവാകരാദ്യൈഃ
ഹോരേന്ദ്വോർബ്ബലശമഗതൈർവികല്പനീയാ
ഭേന്ദുക്കാസ്വദപതിഗാംശനാഥവൃത്ത്യാ. ൨൯

വ്യാ—ജനനകാലത്തിൽ ലഗ്നാലും ചന്ദ്രാലും പത്താമിടത്തുനി ല്ക്കുന്ന ഗ്രഹത്തെക്കൊണ്ട് ധനപ്രാപ്തി ചിന്തിക്കണം. പത്താമിടത്തു സൂര്യാദിഗ്രഹങ്ങൾ നിന്നാൽ ക്രമേണ അച്ഛൻ അമ്മ ശത്രു ബന്ധു സ ഹോദരൻ സ്ത്രീ (ഭാര്യ) ഭൃത്യന്മാർ ഇവരിൽനിന്ന് ധനമുണ്ടാകും. (സൂ ര്യൻനിന്നാൽ അച്ഛങ്കൽനിന്നും ചന്ദ്രൻ നിന്നാൽ അമ്മയിൽനിന്നും ഇങ്ങനെ ക്രമേണ ധരിച്ചുകൊൾക) എന്നാൽ ലഗ്നാലും ചന്ദ്രാലും പ ത്തിൽ ആരും ഇല്ലെങ്കിൽ എങ്ങനെയാണെന്നുള്ള ആകാംക്ഷയ്ക്കു സമാ ധാനംപറയുന്നു. സൂര്യൻ ചന്ദ്രൻ ലഗ്നം ഇവരുടെ പ്രത്യേകംപ്രത്യേ കമുള്ള പത്താംഭാവത്തിന്റെ അധിപനായ ഗ്രഹം ഏതു നവാംശ ത്തിൽ നിൽക്കുന്നുവോ ആ നവാംശകാധിപനായ ഗ്രഹത്തിന്റെ വൃ ത്തികൊണ്ടു ധനപ്രാപ്തിഉണ്ടാകുന്നതാണ്.

മൂ— ആത്മാപ്തിംകഥയേദ്വിലഗ്നശശിനോർമദ്ധ്യേബലീയസ്തതഃ
കർമ്മേശസ്യനവാംശരാശിപവശാദ്വൃത്തിംഗ്രഹസ്തദ്വിദഃ
ഭൈഷജ്യോർണ്ണതൃണാംബുധാന്യകനകവ്യാപാരമുക്താദികൈ-
രന്യോന്യാഗമദൂതവൃത്തിഭിരിനസ്സ്വാംശേതുജീവത്യസൌ. ൩൰

വ്യാ—ലഗ്നത്തിനോ ചന്ദ്രനോ ബലാധിക്യമുള്ളതെന്നറിഞ്ഞു് അതിന്റെ പത്താംഭാവത്തിൽ നിൽക്കുന്ന ഗ്രഹത്തെക്കൊണ്ടും കർമ്മാ ധിപന്റെ നവാംശാധിപനെക്കൊണ്ടും ധനപ്രാപ്തിയെ പറയണം. സൂര്യൻ കർമ്മത്തിൽ നിൽക്കയോ നവാംശാധിപനായോ ആയാൽ സ്വർണ്ണം പട്ടു് കുംബളം വെള്ളം ധാന്യങ്ങൾ മുത്തുമണി ദൂതത്വം ഇ വയെക്കൊണ്ടു് ധനാഗമം ഉണ്ടാകും.

മൂ— ജ്യോത്സ്നാംശുമാനാംക്രയവിക്രയേണ
കൃഷ്യുദ്ഭവാനാംശുഭവിനോദമാർഗ്ഗാൽ
രാജ്ഞാംഗനാനാംസംശ്രയവിത്തരൂപാ-
ന്നിശാകരാംശേവസനക്രയാദ്വാ. ൨൬

വ്യാ—ചന്ദ്രാംശമായാൽ വെള്ളത്തിൽ ഉണ്ടാകുന്ന സാധനങ്ങളുടെ കൊടുക്കൽവാങ്ങൽകൊണ്ടും കൃഷികൊണ്ടും മണ്ണുകൊണ്ടുള്ള ചിത്രവേലകൊണ്ടും രാജസ്ത്രീസേവ വസ്ത്രം ഉണ്ടാക്കുക വിൽക്കുക ഇവകൊണ്ടും ധനം ഉണ്ടാകും.

മൂ— ധാതോർവിവാദേനരണപ്രഹാരാൽ
സ്ഫുലിംഗവാദാല്ലുലഹപ്രവൃത്ത്യാ
ജീവത്യസൌസാഹസരൂപമാർഗ്ഗാ
ദ്ധരാസുതാംശേനദിചോരവൃത്ത്യാ. ൨൭

വ്യാ—കുജാംശമായിരുന്നാൽ ധാതുവാദം രസവാദം (നീറുമുറകം) മുഷ്ടിയുദ്ധം അഗ്നിസ്തംഭം മുതലായ ജാലവിദ്യ കലഹം സാഹസവൃത്തി മോഷണം ഇവകൊണ്ടു ജീവിക്കും.

മൂ— ശില്പാദികാദ്യാഗമശാസ്ത്രവാദാൽ
ജ്യോതിർഗ്ഗണജ്ഞാനവശാൽബുധാംശേ
പരാത്മവേദാദ്ധ്യയനാജ്ജപാച്ച
പുരോഹിതാദ്യാജ്യവശാൽപ്രവൃത്ത്യാ. ൨൮

വ്യാ—ബുധാംശമായാൽ തച്ചുപണി ചിത്രപ്പണി ജ്യോതിഷംഎഴുത്ത് വേദശാസ്ത്രാദി പഠനം അദ്ധ്യാപനം ഈശ്വരചിന്ത തപസ്സ് ജപം പുരോഹിതവൃത്തി ഹോമം ഇവകൊണ്ട് ജീവനം കഴിക്കും.

മൂ— ജീവാംശകേഷ്ട്രസുരദേവതാനാ-
മുപാസനാദ്ധ്യാപനരൂപമാർഗ്ഗാൽ
പുരാണശാസ്ത്രാഗമരൂപമാർഗ്ഗാൽ
ധർമ്മോപദേശേനകുസീദമാഹുഃ. ൨൯

വ്യാ—വ്യാഴത്തിന്റെ അംശകമായാൽ ദേവബ്രാഹ്മണപൂജ അദ്ധ്യാപനം (വാദ്ധ്യാപ്രവൃത്തി) പുരാണശാസ്ത്രാദിപഠനം ധർമ്മോപദേശം ഇവകൊണ്ട് വൃത്തികഴിക്കുന്നവനാകും.

മൂ— സുവർണ്ണമാണിക്യഗജാശ്വമൂലാൽ
ഗവാംക്രയാജ്ജീവനമാഹുരാത്ര്യാഃ
ഗ്രഹർക്ഷനക്ഷാരദധിക്രയേണ
സ്ത്രിയാഃപ്രലോഭേനഭൃഗോസ്സുതാംശേ. ൩൦

വ്യ—ശുക്രാംശമായാൽ സ്വർണ്ണം മാണിക്യം അന കുതിര പശു ക്കൾ മുതലായവയുടെ ക്രയം (വില്പന)കൊണ്ടും ശർക്കര അന്നം ക്ഷാര ദ്രവ്യങ്ങൾ തയിര് മുതലായവയുടെ ക്രയംകൊണ്ടും സ്ത്രീസേവകൊണ്ടും കാലംകഴിക്കും.

മൂ— ശന്യംശകേകുത്സിതമാർഗ്ഗവൃത്ത്യാ
ശില്പാദിഭിർദ്ദാരുമയൈവ്ധാദ്യൈഃ
വിന്യസ്തഭാരാജ്ജനവിപ്രയോഗാ-
ദന്യോന്യവൈരാഗമമൂലമാർഗ്ഗാൽ. ൭൦

വ്യാ—ശന്യംശമായാൽ നീചപ്രവൃത്തികൊണ്ടും ശില്പവിദ്യകൊണ്ടും തടികളെ വ്യാപാരംചെയ്യും ഹിംസാദിവൃത്തികൊണ്ടും ചുമട്ട് എടുക്ക മുതലായവകൊണ്ടും ദുർവ്വാദംകൊണ്ടും മത്സരംകൊണ്ടും ജീവിതം കഴിക്കും.

മൂ— പാപൈശ്വരൂപ്യേന്ദ്രഗുഹോപയാതൈർ
നീചപ്രവൃത്താചാരരതസ്സനിത്യം
നിസ്സ്വഃപരസ്ത്രീപരവിത്തമൂർഖ-
ശൂരഃകദാചിന്നൃപതിപ്രിയസ്സ്യാൽ. ൭൧

വ്യ—കേന്ദ്രങ്ങൾ നാലിലും പാപന്മാരുണ്ടായാൽ നീചപ്രവൃത്തിൽ തല്പരനായും ദരിദ്രനായും ദുഃഖിതനായും പരസ്ത്രീവിത്തങ്ങളിൽ അത്യഗ്രഹമുള്ളവനായും ശൂരനായും ചിലപ്പോൾ രാജപ്രിയനായും ഭവിക്കും.

മൂ— കർമ്മാംശകാധിപസ്സൗമ്യോജ്ഞാതഃപുണ്യരതസ്സദാ
പാപീയാപാപകർമ്മാഢ്യചന്ദ്രാദ്യായതിലഗ്നതഃ. ൭൨

വ്യാ—ലഗ്നാലും ചന്ദ്രാലും പത്താംഭാവത്തിന്റെ അംശകാധിപൻ സൌമ്യഗ്രഹമായിരുന്നാൽ ജാതൻ പുണ്യവാനായും പാപഗ്രഹമായിരുന്നാൽ പാപിയുമായും ഭവിക്കും.

മൂ— കർമ്മരാശ്യംശകോയത്ര തദ്ദീശഃപാപപേചരഃ
ധൂമാദിഗ്രഹസംയുക്ത സ്സുതപാപപരോഭവേൽ. ൭൩

വ്യാ—കർമ്മരാശ്യംശകനായിരിക്കുന്ന ഗ്രഹം നിൽക്കുന്ന രാശിയുടെ അധിപൻ പാപനായും ധൂമം വ്യതീപാതം മുതലായ ദോഷസംബന്ധമുണ്ടായാലും ജാതൻ പാപിയായും ഭവിക്കും.

മൂ— സിദ്ധാരംഭഃകർമ്മഗേചന്ദ്രലഗ്നാൽ
ഭാന്യേഭൗമേസാഹസീപാപബുദ്ധിഃ
വിദ്വാൻസൗമ്യേവാക്കുതൌരാജ്യതുല്യ-
ശ്രീകൃദ്ഭോഗീഭാനുജേശോകതപ്തഃ. ൭൪

വ്യാ—ചന്ദ്രാലും ലഗ്നാലും പത്താംഭാവത്തിൽ സൂര്യൻ നിന്നാൽ ആരംഭിക്കുന്ന കാര്യങ്ങളെ പൂർത്തിയാക്കുന്നവനായും കുജൻ നിന്നാൽ പാപിയായും സാഹസിയായും ബുധൻ നിന്നാൽ വിദ്വാനായും വ്യാഴം നിന്നാൽ രാജതുല്യനായും ശുക്രൻനിന്നാൽ സുഖാനുഭവമുള്ളവനായും ശനി നിന്നാൽ ദുഃഖിയായും ഭവിക്കും.

മൂ— ചന്ദ്രാൽകർമ്മഗതേരവൌസരുധിരേമത്തഃപരസ്ത്രീരതോ
ജ്യോതിഷ്വിച്ചസചന്ദ്രജേജലധനസ്ത്രീഭ്രഷ്ടണാദിപ്രിയഃ
സിദ്ധാത്മോന്നപസമ്മതശ്ചസഗുരൌശുക്രേണയുക്തേന്യപ-
പ്രീതസ്ത്രീധനവൃദ്ധിഭാക്കുശനിയുതേദീനോദരിദ്രോ ഭവേൽ. ൫൫

വ്യാ—ചന്ദ്രാൽ പത്താമിടത്തു് ആദിത്യനും കുജനും നിന്നാൽ അഹങ്കാരിയായും പരസ്ത്രീരതനായും സൂര്യനും ബുധനും നിന്നാൽ ജ്യോതിഷ്യിയായും വെള്ളത്തിലും ധനത്തിലും സ്ത്രീകളിലും ആഭരണങ്ങളിലും താല്പര്യമുള്ളവനായും സൂര്യനും വ്യാഴവും നിന്നാൽ ആരംഭിക്കുന്ന കാര്യങ്ങളെ മുഴുവനാക്കുന്നവനായും രാജപ്രിയനായും സൂര്യനും ശുക്രനും നിന്നാൽ രാജപ്രിയനായും സ്ത്രീകളും ധനങ്ങളും വളരെയുള്ളവനായും സൂര്യനും ശനിയും നിന്നാൽ ദീനനായും ദരിദ്രനായും ഭവിക്കും.

മൂ— ചന്ദ്രാൽകർമ്മണിഭ്രസുതേബുധയുതേശാസ്ത്രോപജീവിയായും
നീചദ്യൂനീചജനാധിപസ്സുഭഗുരുജേവൈദേശികസ്സ്ത്രാദ്ധണിക്
സാക്കിസ്സാഹസികോസുതശ്ചശശിനികർമ്മസ്ഥിതേബോധനേ
നീചദ്യൂഷണ്ഡതനശ്ചദീനവചനഃഖ്യാതോന്യപാലപ്രിയഃ. ൫൬

വ്യാ—ചന്ദ്രാൽ കർമ്മത്തിൽ കുജനും ബുധനും നിന്നാൽ ശാസ്ത്രോപജീവിയായും കുജനും വ്യാഴവും നിന്നാൽ നീചജനങ്ങൾക്ക് അധിപനായും കുജനും ശുക്രനും നിന്നാൽ വിദേശങ്ങളിൽ താമസിക്കുന്നവനായും കച്ചവടക്കാരനായും കുജനും ശനിയും നിന്നാൽ സാഹസിയായും പുത്രന്മാരില്ലാത്തവനായും ബുധനും വ്യാഴവും നിന്നാൽ ഷണ്ഡനായും ദീനവാക്കായും പ്രസിദ്ധനായും രാജപ്രിയനായും ഭവിക്കും.

മൂ— മാനേചന്ദ്രമസോബുധേസഭൃഗുജേവിദ്യാവധൂവിത്തവാൻ
സാക്ഷൌപുസ്തകലേഖകശ്ചവിഷമാചാരപ്രവൃത്തോഭവേൽ
ജീവേശുക്രയുതേതുവിപ്രജനഃപോഷ്ടൃപപ്രിയഃപണ്ഡിത-
സ്സാക്ഷൌസഖ്യനോപതാപചതുരോജ്ഞാതസ്ഥിരാരംഭധീഃ. ൫൭

വ്യാ—ചന്ദ്രാൽ കർമ്മത്തിൽ ബുധനും ശുക്രനും നിന്നാൽ വിദ്യയും സ്ത്രീകളും ധനവുമുള്ളവനായും ബുധനും ശനിയും നിന്നാൽ ഗ്ര

സ്ഥങ്ങളെ എഴുതി സമ്പാദിക്കുന്നവനായും സ്ഥിരാചാരവും സ്ഥിരപ്രവൃത്തി ഇല്ലാത്തവനായും വ്യാഴവും ശുക്രനും നിന്നാൽ ബ്രാഹ്മണരുടെ ആധിപത്യം ഉള്ളവനായും രാജപ്രിയനായും വിദ്വാനായും വ്യാഴവും ശനിയും നിന്നാൽ എല്ലാ ജനങ്ങളേയും സങ്കടപ്പെടുത്തുന്നവനായും അരംഭശൂരത്വമുള്ളവനായും ഭവിക്കും.

മൂ— സുഗന്ധനീലചൂണ്ണാടി ചിത്രകാരോഭിഷഗ്വണിക്
കർമ്മസ്ഥാനഗതേമന്ദേ സാസൂരേഡ്യേനിശാകരാൽ. ൫൬

വ്യാ—ചന്ദ്രാൽ കർമ്മത്തിൽ ശുക്രനും ശനിയുംകൂടി നിന്നാൽ സുഗന്ധദ്രവ്യങ്ങളെ ഉണ്ടാക്കുന്നവനായും ചിത്രമെഴുതുന്നവനായും വൈദ്യനായും കച്ചവടക്കാരനായും ഭവിക്കും.

മൂ— ആജ്ഞാസ്ഥാനാധിപേസൌമ്യേ രന്ധ്രനാഥേനവീക്ഷിതേ
ക്രൂരാംശകേന്ദ്രരാശൌവാ ക്രൂരാജ്ഞാംപ്രകരോരിസഃ. ൫൭

വ്യാ—പത്താംഭാവാധിപൻ ശുഭനായും ശുഭയോഗദൃഷ്ടപൂർണ്ണാംശകങ്ങളോടുകൂടിയും ഇരുന്നാൽ ജാതൻ ആജ്ഞാശക്തിയുള്ളവനായി ഭവിക്കും.

മൂ— ആജ്ഞാധിപേമന്ദയുതേ രന്ധ്രനാഥേനവീക്ഷിതേ
ക്രൂരാംശകേന്ദ്രേരാശൌവാ ക്രൂരാജ്ഞാംപ്രകരോരിസഃ. ൫൮

വ്യാ—പത്താം ഭാവാധിപൻ ശനിയോടുകൂടിയും അഷ്ടമാധിപദൃഷ്ടനായും ക്രൂരാംശത്തോടുകൂടി കേന്ദ്രങ്ങളിൽ നിന്നാൽ ജാതൻ ക്രൂരനായ ആജ്ഞാശക്തിയുള്ളവനായി ഭവിക്കും.

മൂ— കർക്കടസ്ഥനിശാനാഥേ ഗുരുശുക്രനിരീക്ഷിതേ
പാരാവതാദിഭാഗസ്ഥേ സൽക്കീർത്തിധനവാൻഭവേൽ: ൫൯

വ്യാ—ചന്ദ്രൻ ഗുരുശുക്രദൃഷ്ടിയോടും പാരാവതം മുതലായ വിശേഷാംശകത്തോടുകൂടിയും കർക്കടകത്തിൽ നിൽക്കുമ്പോൾ ജനിക്കുന്നവൻ കീർത്തിമാനായും ധനവാനായും ഭവിക്കും.

മൂ— മാനേശേശുഭസംയുക്തേ ശുഭമധ്യഗതേപിവാ
ശുഭഗ്രഹാംശകേവാപി കീർത്തിമാനഭിമാനവാൻ. ൬൦

വ്യാ—പത്താം ഭാവാധിപൻ ശുഭയുക്തനായും ശുഭമധ്യസ്ഥനായും ശുഭാംശഗതനായുമിരുന്നാൽ ജാതൻ കീർത്തിയും അഭിമാനവുമുള്ളവനായി ഭവിക്കും.

മൂ— പാപേക്ഷിതേകർമ്മണിപാപയുക്തേ
മാനാധിപേഹീനബലോപയാതേ

ജാതോപവാദീവിഗതാഭിമാന
സ്വകർമ്മതേജോബലകീർത്തിഹീനഃ. ൩൩

വ്യാ—പത്താം ഭാവത്തിൽ പാപയോഗദൃഷ്ടികളുണ്ടാകയും പത്താംഭാവാധിപൻ ദുർബലനായും ഇരുന്നാൽ ജാതൻ അപവാദം ഉള്ളവനായും അഭിമാനം കർമ്മപുഷ്ടി ബലം കീർത്തി ഇവയില്ലാത്തവനായും ഭവിക്കും.

മൂ— കർമ്മേശേതനവാംശേശേ ശനിസംബന്ധിനൌയദി
ഷഷ്ഠേശയുതദൃഷ്ടോവാ ബഹ്വാശാസാനവിതോഭവേൽ. ൩൪

വ്യാ—കർമ്മാധിപനും അവന്റെ നവാംശാധിപനും ശനിയുടെ ബന്ധുക്കളോ ഷഷ്ഠാധിപന്റെ യോഗദൃഷ്ടികളോടുകൂടിയവരോ ആയാൽ അനേകം ഭൃത്യന്മാരുണ്ടായിരിക്കും.

ലാഭഭാവഫലം.

മൂ— ലാഭസ്ഥാനേബലഗ്രാദധികധനചയപ്രാപ്തിമിന്ദുരന്തിസവേ
ലാഭസ്ഥാനോപയാതാസ്സ്കലബലയുതാഃഖേചരാവിത്തദാസ്സ്യുഃ
ഭാനുശ്ചേജ്ഞാതിവർഗ്ഗാദിതിധനമുഡുപോമാതൃവർഗ്ഗേണഭൌമ-
സ്സോതഥാച്ചാന്ദ്രിയ്യുദീഷ്ടപ്രഭവിബുധസുഹൃന്നാതുലൈവിത്തമേതി. ൩൫

വ്യാ—എല്ലാ ഹോരാശാസ്ത്രജ്ഞന്മാരും ലഗ്നാൽ ഏഴാമിടംകൊണ്ട് ധനലാഭത്തെ പറയുന്നു. ബലവാന്മാരായ ഗ്രഹങ്ങൾ ലാഭത്തിൽ നിന്നാൽ അവരൊക്കയും ധനത്തെ കൊടുക്കയും ചെയ്യും. ലാഭത്തിൽ സൂര്യൻനിന്നാൽ ബന്ധുവർഗ്ഗത്തിൽനിന്നും ചന്ദ്രൻനിന്നാൽ മാതൃവർഗ്ഗത്തിൽനിന്നും കുജൻനിന്നാൽ സഹോദരന്മാരിൽനിന്നും ബുധൻ നിന്നാൽ ഇഷ്ടന്മാരായ പ്രഭുക്കളിൽനിന്നും വിദ്വാന്മാരിൽനിന്നും ബന്ധുക്കളിൽനിന്നും അമ്മാവന്മാരിൽനിന്നും ധനപ്രാപ്തിയുണ്ടാകും.

മൂ— ജീവേയമരതിവേദശാസ്ത്രപഠനാചാരാദിപുത്രൈർധനം
ശുക്രേസ്ത്രീധനകാവ്യനാടകകലാസംഗീതവിദ്യാദിഭിഃ
ദാസീദാസകൃഷിക്രിയാർജ്ജിതധനംധാന്യംസമൃദ്ധംശനി-
ർവിപ്രാദിദ്യുചരേണവീക്ഷിതയുതേവിപ്രാദയോവിത്തദാഃ. ൩൬

വ്യാ—ഏഴാമിടത്തു വ്യാഴംനിന്നാൽ വേദശാസ്ത്രാദിപഠനം അതുകൊണ്ടും പുത്രാദികളിൽനിന്നും ശുക്രൻനിന്നാൽ സ്ത്രീകളിൽനിന്നും കാവ്യനാടകം കലാവിദ്യകൾ സംഗീതം മുതലായതുകളിൽനിന്നും ശനിനിന്നാൽ കൃഷി ഭൃത്യവർഗ്ഗം മുതലായതുകളിൽനിന്നും ധനലാഭമുണ്ടാകും. ബ്രാഹ്മണാദിഗ്രഹങ്ങൾ ലാഭത്തിൽ

നിന്നാൽ അതാതു് വർഗ്ഗത്തിൽനിന്നു ലാഭമുണ്ടാവും. ഗ്രഹങ്ങളുടെ ചാതുവ്വർണ്ണ്യഭേദം ആദ്യം പറഞ്ഞിട്ടുണ്ടു്.

മൂ— ആയസ്ഥശുഭപാപചന്ദ്രശുഭധനംപാപസ്യപാപപാർജ്ജിതം
മിശ്രേമിശ്രധനംസമേതിമനുജസ്തജ്ജാതകോക്തംവദേൽ
ലാഭസ്ഥാനഗതസ്സമസ്തഗ്രണവാനിഷ്ടാധികശ്ചേൽബലീ
ജാതോയാനവിഭ്രഷ്ണനംപരവധൂഭോഗാദിവിത്താധികം. നാ൭

വ്യാ—ലാഭത്തിൽ ശുഭഗ്രഹം നിന്നാൽ സന്മാർഗ്ഗങ്ങളായ ധനങ്ങളും പാപഗ്രഹം നിന്നാൽ ദുർമ്മാർഗ്ഗധനങ്ങളും മിശ്രന്മാരായാൽ മിശ്രധനവുമുണ്ടായിരിക്കും. ഇഷ്ടനായ ശുഭഗ്രഹം ബലവാനായി ലാഭത്തിൽ നിന്നാൽ ജീതന് വാഹനങ്ങൾ ആഭരണങ്ങൾ രൂപവതിമാരായ ഭാര്യമാർ അധികമായ സമ്പത്തു ഇവയുണ്ടായിരിക്കും.

മൂ — വിത്തേശായഗൃഹാധിപെഽതനുപതേരിഷ്ടഗ്രഹെഽച്ചേദനം
സല്കർമ്മാമരവിപ്രപുണ്യവിഷയൈർദ്ദാനാദിയോഗ്യംധനം
ആയസ്ഥേവിബലേചരാർക്ഷിതബലോനീചാരിദുസ്ഥാനപോ-
രേകായോഗകരോയദിപ്രതിദിനംകുവ്വീതഭിക്ഷാടനം. സാ൭

വ്യാ—ലഗ്നാധിപനും ധനാധിപനും ലഗ്നാധിപന്റെ ഇഷ്ടഗ്രഹങ്ങളായിരുന്നാൽ ജാതൻ ധനങ്ങളെ സൽകർമ്മം ഈശ്വരവിഷയം ബ്രാഹ്മണപ്രീതി മുതലായ പുണ്യമാർഗ്ഗങ്ങളിൽ വിനിയോഗിക്കും. ലഗ്നം നിടത്തു ദുർബ്ബലനായ ഗ്രഹമോ മൂഢഗ്രഹമോ നീചഗ്രഹമോ ഷഷ്ഠാധിപൻ അനിഷ്ടസ്ഥാനാധിപൻ യോഗകാരകനായ ഗ്രഹം ഇവർ നിന്നാൽ ഭിക്ഷാശിയായി ഭവിക്കും.

മൂ— ലാഭേശേധനഗേപഥവാശശിധരേഭ്രേപാലതുല്യാശ്രയാൽ
ഭൌമേമന്ത്രിജനാഗ്രജാനുജകൃഷിദ്വാരാധനംലഭ്യതേ
വിദ്യാബന്ധുജനൈസ്സുധാകരസുതേഷ്ടീവേനിജാചാരത-
ശ്ശുക്രേരത്നവധൂഗജാദിപശുഭിർമന്ദേകുവ്വൃത്യാധനം. നാൻ

വ്യാ—ചന്ദ്രൻ ലാഭാധിപനോ ധനാധിപനോ ആയിരുന്നാൽ രാജതുല്യന്മാരായ ജനങ്ങളിൽനിന്നും കുജൻ ആയിരുന്നാൽ മന്ത്രി ജ്യേഷ്ഠന്മാർ അനുജന്മാർ കൃഷി ഇവയിൽനിന്നും ബുധൻ ആയിരുന്നാൽ വിദ്യ ബന്ധുക്കൾ പുത്രന്മാർ ഇവയിൽനിന്നും വ്യാഴമായിരുന്നാൽ സ്വകുലാചാരങ്ങൾകൊണ്ടും ശുക്രനായിരുന്നാൽ സ്ത്രീകൾ രത്നം ആന കുതിര പശുക്കൾ മുതലായവയിൽനിന്നും ശനിയായിരുന്നാൽ ദാസവൃത്തികൊണ്ടും ധനമുണ്ടാകും.

മൂ— ലാഭസ്ഥാനപതൊവിലഗാഭവനാൽകേന്ദ്രത്രികോണസ്ഥിതേ
ലാഭേപാപസമന്വിതേത്രധനവാൻത്രംഗാദിരാശ്യംശകേ
തത്തൽകാരകവീക്ഷകേബലവശാദ്യോഗാനുസാരാദ്ഭവേ-
ത്തത്തൽഖേടദശാപഹാരസമയേവിത്തംവദേത്തദ്വിശി. ൬൦

വ്യാ – ലഗ്നത്തിൽ നിന്ന ലാഭസ്ഥാനാധിപൻ കേന്ദ്രത്രികോണങ്ങളിലോ ഉച്ചരാശ്യംശകങ്ങളിലോ നിൽക്കയും ലാഭത്തിൽ പാപന്മാരുണ്ടാകയും ചെയ്താൽ ധനപ്രാപ്തിയുണ്ടാകും. അതാതു ഭാവകാരകന്മാർ ബലവാന്മാരായിരുന്നാൽ അവരുടെ വൃത്തിക്കനുസരിച്ചും യോഗബലങ്ങളനുസരിച്ചും ഇഷ്ടന്മാരായുള്ള ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ അവരുടെ ദിക്കിൽനിന്നും ധനപ്രാപ്തിയുണ്ടാകും.

## വ്യയഭാവം.

മൂ— ലഗ്നാദന്ത്യഗതീശഭാനുതനയൈർദ്ദൂരാടനാന്ധ്യർഗതിം
ഭാഗ്യസ്ഥവ്യയനാദിസൗഖ്യവിഭവംവിത്തക്ഷയംചിന്തയേൽ
രിഫേസ്വോച്ചഗരഫ്രചന്ദ്രചരഗൃഹേദ്ദുസ്ഥാനനാഥേതഥാ
നാനാദേശവനാടനോഗരിശനിനായുക്തേഗവാലോകിതേ. ൬൧

വ്യാ---പന്ത്രണ്ടാം ഭാവംകൊണ്ടും അതിന്റെ അധിപനെക്കൊണ്ടും ശനിയെക്കൊണ്ടും ദൂരസഞ്ചാരം ദുസ്സ്ഥിതി (നീരകാനുഭവം) ദാനശീലം കിടപ്പു് ഉറക്കം മുതലായതിന്റെ സുഖം ഉപകരണം ദ്രവ്യനാശം ഇവ ചിന്തിക്കണം. പന്ത്രണ്ടാംഭാവം ചരഗൃഹമായും അവിടെ ചർഗ്രഹസ്ഥിതി ഉണ്ടായും അനിഷ്ടസ്ഥാനാധിപൻ നിൽക്കയും ശനിയുടെ യോഗദൃഷ്ട്യാദികളുണ്ടായും ഇരുന്നാൽ ജാതൻ നാനാദിക്കുകളിലും വനപ്രദേശങ്ങളിലും സഞ്ചരിക്കും.

മൂ— രിഫസ്ഥാനഗതേശുഭേശുഭയുതേസൌമ്യഗ്രഹാലോകിതേ
തന്നാഥേവിബലേരിനീചഗൃഹഗേവിത്തവ്യയാഭാവഭാക്
രിഫേസ്വോവിബലേബലേനസഹിതേരിഫാധിപേപീഡിതേ
മിശ്രവ്യാമചരാന്വിതേതുസകലംമിശ്രവ്യയംനിർദ്ദിശേൽ. ൬൨

വ്യാ—പന്ത്രണ്ടിൽ ശുഭയോഗദൃഷ്ടിയുള്ള ശുഭൻ ശുഭനോടുകൂടി നിൽക്കയും പന്ത്രണ്ടാംഭാവാധിപൻ ദുർബ്ബലനായ ഗ്രഹം നിൽക്കയും അധിപൻ ബലവാനായിരിക്കയും ചെയ്താൽ ദ്രവ്യനഷ്ടം ഉള്ളവനായും പാപശുഭസമ്മിശ്രമായിരുന്നാൽ വ്യയവും മിശ്രരൂപമായിരിക്കും.

മൂ— ഇഷ്ടവ്യയംഭവതിശോഭനവർഗ്ഗയാതേ
ദുഷ്ടവ്യയംവിബലഖേടയുതേക്ഷിതേവാ

൩൯ മല്ലൂരകദ്യൂചരവർഗജനാദനാത്മം
ജാതസ്സുമേരിബലഹീനദശാപഹാരേ. ൭൨

വ്യാ—പന്ത്രണ്ടാംഭാവാധിപൻ ശുഭവർഗ്ഗസ്ഥനായിരുന്നാൽ ജാതൻ ആവശ്യമുള്ള ചെലവുകൾ ചെയ്യുന്നവനായും ദുർബലഗ്രഹങ്ങളുടെ യോഗദൃഷ്ട്യാദികളോടുകൂടിയാൽ അധികംചെലവു ചെയ്യുന്നവനായും വ്യയകാരകൻ ദുർബലനായിരുന്നാൽ അവന്റെ ദശാപഹാരങ്ങളിൽ തജ്ജാതിജന്മാരായ മുറാങ്ങളിൽനിന്ന അനർത്ഥമുണ്ടാകയും ചെയ്യും.

൪൰— ക്രൂരഗ്രഹേബലവതിവ്യയഗേരിനാശ
സ്ഥാനാധിപേകൃഷിധനാസ്ഥിതിനാശകസ്സ്യാൽ
രിഃഫേ ചതുർദിപദഭേസഹതല്ലഭേന
ഖേടേനസവ്പശുഭൃത്യവിനാശമേതി. ൭൩

വ്യാ—ക്രൂരനായിരിക്കുന്ന ഷഷ്ഠാധിപനോ അഷ്ടമാധിപനോ ബലവാനായി വ്യയഭാവത്തിൽ നിന്നാൽ കൃഷി ധനം മുതലായവ നാശിക്കും. വ്യയഭാവം ചതുഷ്പാൽഗ്രഹമോ ദ്വിപാൽഗ്രഹമോ ആവുകയും അവിടെ ചതുഷ്പാൽഗ്രഹമോ ദ്വിപാൽഗ്രഹമോ നിൽക്കയും ചെയ്താൽ പശുമഹിഷാദികൾക്കും ഭൃത്യന്മാർക്കും നാശമുണ്ടാകും.

൪൱— വിപ്രാദിഖേഷൂയുതേ സതിവിപ്രമുഖ്യൈ
സ്ത്രീവർഗ്ഗതസ്ഥതരുണീഖചരേണയുക്തേ
രിഃഫേരിപുഗ്രഹയുതേരിപുണാസുഹൃത്തേ
ജാതസ്സുഹൃജ്ജനവശാധനനാശമേതി. ൭൪

വ്യാ—വ്യയഭാവത്തിൽ ബ്രാഹ്മണാദി ഗ്രഹങ്ങൾ ഉണ്ടായിരുന്നാൽ അതാതു ഗ്രഹങ്ങൾക്കുള്ള ജാതിക്കാരിൽനിന്നും സ്ത്രീഗ്രഹങ്ങൾ ഉണ്ടായിരുന്നാൽ സ്ത്രീകളിൽനിന്നും പുരുഷഗ്രഹങ്ങളുണ്ടായിരുന്നാൽ ശത്രുക്കളിൽനിന്നും ധനാധിപന്റെ ബന്ധുഗ്രഹമുണ്ടായിരുന്നാൽ ബന്ധുക്കളിൽനിന്നും ധനനഷ്ടം സംഭവിക്കും.

൪൲— ത്യാഗീശുഭഗ്രഹയുതേ കൃഷികശ്ചധർമ്മീ
പാപേവസാനഗൃഹഗേചവിവാദശീലഃ
നേത്രാമയോചപലകുച്ചപലോടനസ്സ്യാ-
ദുച്ചസ്വമിത്രഭവനേതുപരോപകാരീ. ൭൫

വ്യാ—വ്യയഭാവത്തിൽ ശുഭൻനിന്നാൽ ദാനശീലനായും കൃഷിക്കാരനായും ധർമ്മശീലനായും പാപഗ്രഹം നിന്നാൽ വാദപ്രിയനായും നേത്രരോഗിയായും വളരെപ്പുറത്തുനടക്കുന്നവനായും ചപലനായും സഞ്ചാരി

യായും ഭവിക്കും. എന്നാൽ അവിടെ നിൽക്കുന്ന ഗ്രഹങ്ങൾക്ക് അ ഭാവം ഉച്ചം ബന്ധു സ്വക്ഷേത്രം മുതലായവയാണെങ്കിൽ പരോപകാ രിയായും ഭവിക്കും.

മൂ— ഭാനുവ്യാകൃശശീതഗ്രവ്യയഗ്രഥോവിത്തസ്യനാശംന്യൂനൈ-
ർഭ്രേമോനാശനതീന്ദുജേക്ഷിതയുതോനാനാപ്രകാരൈർധനം
വാഗീശേന്ദുസിതായഭിവ്യയഗതാവിത്തസ്യസംരക്ഷകാ-
സ്സൈന്യശ്ശുക്രയുതേക്ഷിതോയദിഗുണാംശയ്യാസുഖംജ്ഞായതേ.

വ്യാ—വ്യയഭാവത്തിൽ സൂര്യനും ക്ഷീണചന്ദ്രനും നിന്നാൽ ധ നം സ്വയമേവ നശിക്കയും ബുധയോഗദൃഷ്ടികളുള്ള കുജൻ നിന്നാൽ പലവിധത്തിലും രാജാക്കന്മാർ നിമിത്തം ദ്രവ്യനാശവും ചന്ദ്രജീവശു ക്രന്മാർ നിന്നാൽ ദ്രവ്യവൃദ്ധിയും ശുക്രയോഗദൃഷ്ടികളുള്ള ശുഭഗ്രഹം നിന്നാൽ ശയനസുഖവും ഭവിക്കും.

മൂ— വ്യയേശേസേപാച്ചരാശിസ്ഥേ ശുഭവർഗ്ഗസമന്വിതേ
ശുഭൈരവലോകിതേ പര്യങ്കശയനംവദേൽ. ൨൬

വ്യാ—വ്യയാധിപൻ ശുഭയോഗദൃഷ്ടിവർഗ്ഗാദികളോടുകൂടി ഉച്ച രാശിയിൽ നിന്നാൽ വിശേഷവിധത്തിലുള്ള കിടക്ക കട്ടിൽ മുതലാ യവ ഉണ്ടായിരിക്കും.

മൂ— വിചിത്രമഞ്ചശയനം വ്യയേശേപ്യുച്ചഗേ
ഭാഗ്യനാഥേനവാദൃഷ്ടേ മണിരത്നാവിഭൂഷിതം. ൨൭

വ്യാ—വ്യയാധിപൻ അത്യുച്ചത്തിൽനിന്നാൽ പലവിധത്തിലുള്ള അലങ്കാരങ്ങളോടും വിചിത്രങ്ങളോടുംകൂടിയ കട്ടിലും ഭാഗ്യാധിപദൃഷ്ടി യുണ്ടായിരുന്നാൽ (വ്യയാധിപന്ന്) രത്നങ്ങൾ പതിച്ച കട്ടിലുകളും ഉ ണ്ടായിരിക്കും.

മൂ— ശുക്രേവാരവിനന്ദനേഹിമകരേരന്ധ്രസ്ഥിതേകോണേഥവാ
തൽഗേഹംശിഥിലീഭവേന്ന്യപതിനാജാതസ്യകേതൂദിതേ
നിദ്രാസ്ത്രീകുകലാസഗൌളിപതനംപാപാന്വിതേഭാർഗ്ഗവേ
ഭേദേമേകുടുരപദർശനംബുധയുതേ ജാതശ്ചടഷ്ടോഭവേൽ. ൨൮

വ്യാ—ശുക്രനോ ശനിയോ ചന്ദ്രനോ കേതുവോടുകൂടി അഷ്ടമ ത്തിലോ ത്രികോണത്തിലോ നിന്നാൽ ജാതന്റെ ഭവനം രാജകോപ ത്താൽ നഷ്ടമായിത്തീരും (പുരപൊളിക്കുമെന്നത്ഥം.) ശുക്രൻ പാപ നോടുകൂടി നിന്നാൽ ജാതന്റെ ഭവനത്തിൽ സ്ത്രീകൾക്ക് അധികം ഉ റക്കവും ഗൌളി ഓന്ത് മുതലായ ജന്തുക്കൾ ഒഴിവറ ഇരിക്കയും കുജൻ പാപനോടുകൂടി നിന്നാൽ അഗ്നി മുതലായ ജലജന്തുക്കൾ ഉണ്ടാ

യിരിക്കയും അവൻ ബുധനോടുകൂടിയാൽ ജാതൻ ദുഷ്ടനായി ഭവിക്കയുംചെയ്യും.

മൂ— മന്ദാരിധർമ്മസംയുതേതുനിധനസ്ഥാനാധിപേനാന്വിതേ
രിഃഫേട്ടർഗ്ഗതിമേതിഷഡ്യുപതിന ദുഷ്ടോഥവാമാനവഃ
ജ്ഞാതോന്യാതിപരംപദംസുഭഗതൊലഗ്നേഭൃഗൌകാമഗേ
കന്യാസ്ഥരജനീകരേയദിധനർലഗ്നേചമേഷാംശകേ. വ്യ

വ്യാ—ശനി രാഹു കേതു ഇവരോടുകൂടി അഷ്ടമാധിപൻ വ്യയഭാവത്തിൽ ഷഷ്ഠാധിപനായിട്ടു നിന്നാൽ ജാതന് ഒരിക്കലും ദുർഗ്ഗതി ഒഴികയില്ല. (അവൻ നരകത്തെ പ്രാപിക്കുമെന്നത്ഥം.) മേഷാംശകത്തോടുകൂടിയ ധനലഗ്നത്തിൽ വ്യയവും ഏഴിൽ ശുക്രനും കന്നിയിൽ ചന്ദ്രനും നിൽക്കുമ്പോൾ ആ ധനലഗ്നത്തിൽ ജനിച്ചാൽ അവൻ ഉദ്ധ്വഗതിയെ പ്രാപിക്കും.

മൂ— ദുസ്ഥാദുഷ്ടഗ്രഹാധിപേബലയുതേതത്ഭാവപുഷ്ടിംവദേ-
ദാത്മസ്ഥാനപതൌതുയുതിവിബലേതത്ഭാവനാശംതഥാ
ലഗ്നേശശ്ശുഭവേടവീക്ഷിതയുതോയത്ഭാവയാതോബലീ
തത്ഭാവസ്യശുഭംകരോതിവിപുലംനീചംഗതശ്ചാന്യഥാ. പൂ

വ്യാ—അനിഷ്ടസ്ഥാനാധിപൻ ബലവാനായിട്ട് ഏതു അനിഷ്ടസ്ഥാനത്തു നില്ക്കുന്നുവോ ആ ഭാവത്തിനു പുഷ്ടിയും ദുർബലനായ അനിഷ്ടാധിപൻ ഏതുസ്ഥാനത്തു നില്ക്കുന്നുവോ ആ ഭാവത്തിന് ഹാനിയും ശുഭയോഗദൃഷ്ടിയുള്ള ലഗ്നാധിപൻ ബലവാനായി ഏവിടെ നില്ക്കുന്നുവോ ആ ഭാവത്തിന് ശുഭവൃദ്ധിയും അവൻ നീചനായി പാപയോഗത്തോടുകൂടിയാൽ ആ നില്ക്കുന്നാവന് നാശവുമാകുന്നു.

ഇങ്ങനെ പതിനഞ്ചാമദ്ധ്യായം കഴിഞ്ഞു.

.....

## പതിനാറാമദ്ധ്യായം.

മൂ— ശ്രീമജ്ജാതകപത്രികാപരഹിതവ്യോമാധിവാസസ്ഫുടൈഃ
പഞ്ചാംഗൈശ്ചരാഷ്ടവർഗ്ഗസഹിതസ്ഥാനാദിഷഡ്വീയ്യകൈഃ
ആയുർഗ്ഗോചരയോഗഭാവജഫലൈസ്സാദ്ധംദശാചക്രകൈർ
ദീർഘായുസ്സുതദാരസൌഖ്യവിപുലശ്രീകീർത്തിരുലിഖ്യതേ. ൬

വ്യാ—അനന്തരം പതിനാറാമദ്ധ്യായമായ സ്ത്രീജാതകാദ്ധ്യായമെന്നതിൽ, പരഹിതപക്ഷന്യായേന ഉള്ള ഗ്രഹസ്ഫുടങ്ങൾ അഷ്ടകവർഗ്ഗ

ങ്ങൾ ഷഡ്വർഗ്ഗം ആയുർന്നിർണ്ണയം ഗോചരങ്ങൾ യോഗങ്ങൾ കാലചക്രനക്ഷത്രദശകൾ ദീർഘായുസ്സ് ഭാര്യാലാഭം പുത്രലാഭം സൽക്കീർത്തി ഇവകൾക്കു കാരണമായിരിക്കുന്ന സ്ത്രീജാതകത്തെ പറയാൻതുടങ്ങുന്നു.

മൂ— സ്ത്രീണാംജന്മഫലംന്യായ്യോഗ്യമുദിതംയത്തല്പതെയോജയേ-
ത്താസാംദേഹശുഭാശുഭംഹിമകരാല്ലഗ്നാച്ചവീര്യാധികാൽ
ഭർത്തൃണാമഗുണംഗുണംമദഗൃഹാൽ ചരിത്രാച്ചതേഷാംമതി
സ്സൌമ്യാസൌമ്യബലാബലേനസകലംസഞ്ചിന്ത്യസമ്യഗ്വദേൽ.

വ്യാ—സ്ത്രീകളുടെ ജാതകവശാൽ പുരുഷന്മാരുടെ ഫലങ്ങളെക്കാണുന്നവരെയാകയും അവരുടെ ഭർത്താവിങ്കൽ ചേരുമെന്നുപറയണം.(സേനാപതിത്വം രണശൂരത്വം മുതലായി സ്ത്രീകളാൽ വഹിക്കപ്പെടുവാൻ വഹിയാത്ത യോഗങ്ങളെ സ്ത്രീജാതകത്തിൽ കണ്ടാൽ അവരുടെ ഭർത്താവു സേനാനായകനോ യോദ്ധാവോ ആണെന്നു പറയണമെന്നർത്ഥം.) മറ്റു ഫലങ്ങളും ഇതുപോലെ യുക്തിയുക്തമായി പറഞ്ഞുകൊള്ളണം. ബലവത്തായ ലഗ്നത്തെക്കൊണ്ടും ചന്ദ്രനെക്കൊണ്ടും സ്ത്രീകളുടെ ദേഹഗുണങ്ങളെ പറയണം. ഏഴാമിടംകൊണ്ടു ഭർത്താവിന്റെ ഗുണദോഷങ്ങളെപ്പറയണം. അഷ്ടമംകൊണ്ടു ഭർത്തൃമരണത്തെ പറയണം. ഇവയൊക്കെയും അതാതുഭാവങ്ങളിൽ നിൽക്കുന്ന ശുഭപാപന്മാരുടെ ബലാബലങ്ങളെ നല്ലവണ്ണം ചിന്തിച്ചു വേണ്ടതുപോലെ പറഞ്ഞുകൊള്ളണം.

മൂ— സ്ത്രീണാംജന്മനിലഗ്നശീതകരയോർമ്മദ്ധ്യേബലീയസ്തത-
സ്സമ്പദ്രൂപബലാനിതംനവമതഃപുത്രായവൃദ്ധിംവദേൽ
സൌമംഗല്യമനിഷ്ടമഷ്ടമഗൃഹാൽഭർത്തുശ്രിയംസപ്തമേ
ചേചിൽഭർത്തുശുഭാശുഭം ശുഭഗൃഹാദിക്ഷന്തിഥോരാവിദഃ. ൧൨

വ്യാ—സ്ത്രീകളുടെ ജനനസമയത്തിൽ ലഗ്നത്തിനോ ചന്ദ്രനോ ബലാധിക്യമുള്ളതെന്നു സൂക്ഷ്മപ്പെടുത്തി അവിടംകൊണ്ടു (ചന്ദ്രലഗ്നംകൊണ്ടോ ജന്മലഗ്നംകൊണ്ടോ) സ്വാന്തത്രൂപം ദേഹബലം സൌഖ്യവം ഇതുകളെയും ൧൯പതാമിടംകൊണ്ടു പുത്രന്മാരെയും അഷ്ടമംകൊണ്ടു മംഗല്യത്തെയും അനിഷ്ടഭാവങ്ങളെയും സപ്തമംകൊണ്ടു ഭർത്താവിന്റെ ധനസ്ഥിതിയേയും ചിന്തിക്കണം. ചില ദൈവജ്ഞന്മാർ ൧൯പതാമിടംകൊണ്ടു ഭർത്താവിന്റെ ശുഭാശുഭങ്ങളെ ചിന്തിക്കുന്നു. (അതു സർവ്വസമ്മതമല്ലെന്നു താല്പര്യം.)

മൂ— വൈധവ്യംനിധനേനലഗ്നഭവനാത്തേജ്യോയശസ്സുന്നദഃ
പുത്രംപഞ്ചമഭാവതഃപതിസുഖംകാമേനകേചിദ്വിദുഃ

൨൭

പ്രവ്രജ്യാമപിയോഷിതാമതിസുഖംധർമ്മോപയാത്യുത്തമൈ-
ർശ്ലിഷ്ടംഭാവജുയോഗമന്യമഖിലംനാരീനരാണാംസമം. ൫

വ്യാ—ആഷ്ടമഭാവംകൊണ്ടു് വൈധവ്യത്തെയും ലഗ്നംകൊണ്ടു തേജസ്സു് കീർത്തി സമ്പത്തു് മുതലായവയേയും അഞ്ചാമിടംകൊണ്ടു പുത്രന്മാരെയും ഏഴാമിടംകൊണ്ടു ഭർത്തൃസുഖത്തെയും ചിലർ ചിന്തിക്കുന്നു. സ്ത്രീകളുടെ പ്രവ്രജ്യയേയും സുഖാനുഭൂതിയേയും ഒൻപതാമിടത്തുള്ള ഗ്രഹങ്ങളെക്കൊണ്ടു ചിന്തിക്കണം. ഇതെല്ലാം ഒഴിച്ചു ശേഷമുള്ള ഭാവഫലങ്ങളും യോഗഫലങ്ങളും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒന്നുപോലെതന്നെയുമാകുന്നു.

൬— യുഗ്മേലഗ്നനിശാകരൌ യദിവരസ്ത്രീരൂപശീലാന്വിതാ
സൌമ്യാലോകിതസംയുതൈർഗ്രഹണവരീ പാധ്വീ ചസമ്പദ്യുതാ
ഓജർക്ഷേപുരുഷാകൃതിശ്ചപലാപുംശ്ചേഷ്ടിതാഭാമിനീ
പാപവ്യാമമവരേണവീക്ഷിതയുതാപാപാടുരാചാരിണീ. ൬

വ്യാ—ലഗ്നവും ചന്ദ്രനും യുഗ്മരാശിയിൽ ആണെങ്കിൽ (ഒരുമിച്ചായാലും രണ്ടായിട്ടായാലും) ആ സ്ത്രീ ശ്രേഷ്ഠയായും സൌന്ദര്യം സൽപ്രകൃതി ഇവ തികഞ്ഞവളും ആ ലഗ്നത്തിനും ചന്ദ്രനും ശുഭയോഗദൃഷ്ടികളുണ്ടെങ്കിൽ ഗുണവതിയായും പതിവ്രതയായും സമ്പത്തുള്ളവളായും ഭവിക്കും. ലഗ്നവും ചന്ദ്രനും ഓജരാശിയിലാണെങ്കിൽ പുരുഷാകൃതിയായും ചാപല്യവതിയായും പുരുഷന്മാരുടെ വ്യാപാരങ്ങൾപോലെയുള്ള വ്യാപാരങ്ങളോടുകൂടിയവളായും കോപമുള്ളവളായും ലഗ്നവും ചന്ദ്രനും പാപയോഗദൃഷ്ടികളോടുകൂടിയാണെങ്കിൽ പാപിഷ്ഠയായും ദുഷ്പ്രവൃത്തികളുള്ളവളായും ഭവിക്കും.

൭— ലഗ്നേന്ദുവിഷമർക്ഷഗൌശുഭയുതൌസൌമ്യഗ്രഹാലോകിതൌ
നാരീമിശ്രഗുണാകൃതിസ്ഥിതിഗതിപ്രജ്ഞാവതീജായതേ
യുഗ്മാഗാരഗതൌതുപാപസഹിതൌപാപേക്ഷിതൌവാതഥാ
തദ്രാശീശയുതേക്ഷകഗ്രഹബലാദാഹുസ്സമസ്തംവിദുഃ. ൭

വ്യാ—ലഗ്നവും ചന്ദ്രനും വിഷമ (ഒറ്റപ്പെട്ട) രാശികളിൽ ശുഭയോഗദൃഷ്ടികളോടുകൂടി നില്ക്കയാണെങ്കിൽ അവളുടെ ആകൃതി സ്ഥിതി നടപ്പു് മനോഗതി ഇവയൊക്കെയും മിശ്രഗുണങ്ങളോടുകൂടിയിരിക്കണം. (സ്ത്രീപുരുഷലക്ഷണങ്ങളെന്നർത്ഥം.) അതുപോലെ ലഗ്നവും ചന്ദ്രനും യുഗ്മരാശികളിൽ പാപയോഗദൃഷ്ടികളോടുകൂടി നിന്നാലും ഫലം മേൽപ്രകാരം തന്നെ. ലഗ്നാധിപൻ ചന്ദ്രലഗ്നാധിപൻ ഇവരോടു ചേരുകയും നോക്കുകയും ചെയ്യുന്ന ഗ്രഹങ്ങളുടെ ബലാബലങ്ങളനുസരിച്ചും വിട്ടുള്ള ഫലങ്ങളെയും പറയണം.

മൂ— ഓജേവിലഗ് നേപുരുഷൈർബലിഭൈർ-
ബലോദ്ധിതൈശ്ചന്ദ്രബുധാസുരേഡ്യൈഃ
സാമാന്യശക്തൈരസുരിസൂയ്യപുത്രൈ
ജ്ഞാതാകുമാരീബഹുവല്ലഭാസ്യാൽ. ൬

വ്യാ—പുരുഷഗ്രഹങ്ങളൊക്കെയും ബലവാന്മാരായും ചന്ദ്രബുധാസുരന്മാർ വിബലന്മാരായും ശനി സാമാന്യബലത്തോടുകൂടിയും ഇരിക്കുമ്പോൾ ഓജരാശിലഗ്നമായി ജനിക്കുന്നവർക്ക് വളരെ ഭർത്താക്കന്മാരുണ്ടായിരിക്കും.

മൂ— യുഗ്മേവിലഗ്നോകുജസൗമ്യജീവ-
ശുക്രൈർബലിഭൈരിതരൈരുകാസാ
വിഖ്യാതനാമ്നീസകലാർത്ഥസത്യ
ബുദ്ധിപ്രസിദ്ധാഹിപതിവ്രതാസ്യാൽ. ൭

വ്യാ—കുജൻ ബുധൻ ഗുരു ശുക്രൻ ഇവർ ബലവാന്മാരായി നില്ക്കുമ്പോൾ യുഗ്മരാശികളിൽ (ഇടവം കർക്കടകം മുതലായവ) ജനിക്കുന്നവർ പ്രസിദ്ധയായും സകല സമ്പത്തും സത്യവും മനോഹരണവും പാതിവ്രത്യവും ഉള്ളവളായും ഭവിക്കും.

മൂ — സൗരേമധ്യബലേബലോനരഹിതെശ്ശീതാംശുശുക്രേന്ദുജൈ-
ശ്ശേഷൈഷ്വീര്യ്യസമന്വിതൈഃപുരുഷിണീയത്നോജരാശ്യൽഗമാ
ജീവാരസ്ഫുടിതൈർബലേഷുബലിഷു പ്രാഗ്ലഗ്നനരാശൌസമേ
വിഖ്യാതാഖിലശാസ്ത്രയുക്തികുശലാസ്ത്രീബ്രഹ്മവാദിന്യുചി. ൻ ൮

വ്യാ—ശനി മദ്ധ്യബലനായും (വളരെ ബലവും വളരെ വൈബല്യവും ഇല്ലാതിരിക്കുമ്പോൾ) ചന്ദ്രൻ ശുക്രൻ ബുധൻ ബലവാന്മാരായും ഇരിക്കുമ്പോൾ ഓജരാശിലഗ്നമായി ജനിക്കുന്നവർ പുരുഷപ്രകൃതിയായും പുരുഷപ്രേഷ്ഠിതയായും ഭവിക്കും. (വളരെ ഭർത്താക്കന്മാരുള്ളവർ എന്നു ചിലർ) വ്യാഴം കുജൻ ശുക്രൻ ബുധൻ ഇവർ ബലവാന്മാരായിരുന്നാൽ സമരാശികർ ലഗ്നമായി ജനിക്കുന്നവർ വളരെ ശാസ്ത്രങ്ങളിലും മുക്തിമാർഗ്ഗങ്ങളിലും നിപുണയായി ഭവിക്കും. (മന്ദേമദ്ധ്യബലേ എന്നു പാഠാന്തരം.)

ത്രിംശാംശഫലം.

മൂ — ലഗ്നേഭ്യേമർഹാംഗതേശശിനിവാവീര്യ്യാധികേന്ദ്രസുത
ത്രിംശാംശപ്രഭവാചസായദിദുരാചാരപ്രസക്താഭവേൽ
പ്രേഷ്യാഭാനുസുതാംശകേഹ്രണവതീസാധ്വീചജീവാംശകേ
സൗമ്യാംശേമലിനാസിതാംശജുവധൂർജ്ജാരവ്രതാചാരിണീ. ൯

വ്യാ—ലഗ്നമോ ചന്ദ്രനോ ബലത്തോടുകൂടി ഋജുക്ഷേത്രത്തിൽ നില്ക്കുമ്പോൾ ഋജുത്രിംശാംശകത്തിൽ ജനിക്കുന്നവൾ ദുരാചാരങ്ങളിൽ താല്പര്യമുള്ളവളായും (അസതി) ശനിത്രിംശാംശകത്തിൽ ജനിച്ചാൽ ദാസിയായും ഗുരുത്രിംശാംശകത്തിൽ ജനിച്ചാൽ ഗുണമുള്ളവളായും പതിവ്രതയായും ബുധത്രിംശാംശകത്തിൽ ജനിച്ചാൽ മലിനയായും ശുക്രത്രിംശാംശകത്തിൽ ജനിച്ചാൽ ജാരന്മാരോടു ചേർന്നവളായും ഭവിക്കും.

മൂ— ലഗ്നേഭാർഗ്ഗവരാശിഗേകലഹകൃദ്ദുഷ്ടാകുജസ്യാംശകേ
സാധ്വീപുത്രവതീപുരന്ദരഗുരോരംശേപുനർഭ്രൂനോഃ
സൌമ്യസ്യാംശസമുദ്ഭവാഖിലകലാസംഗീതവാദ്യപ്രിയാ
ശുക്രാംശേബുധവല്ലഭാചസുഭഗാലോകപ്രിയാജായതേ. ൫൯

വ്യാ—ലഗ്നമോ ചന്ദ്രനോ ശുക്രക്ഷേത്രത്തിലായി വരികയും അപ്പോൾ കുജത്രിംശാംശകത്തിൽ ജനിക്കയുംചെയ്യുന്നവൾ ലഹപ്രിയയായും ദുർബുദ്ധിയായും കൂടിയായും ഗുരുത്രിംശാംശത്തിൽ ജനിച്ചാൽ പതിവ്രതയായും പുത്രവതിയായും ശനിത്രിംശാംശത്തിൽ ജനിച്ചാൽ ഭർത്താവു മരിച്ചിട്ടോ ഉപേക്ഷിച്ചിട്ടോ പുനർവിവാഹം ചെയ്യപ്പെട്ടവളായും ബുധത്രിംശാംശത്തിൽ ജനിച്ചാൽ സകല കലാവിദ്യകളിലും സംഗീതവാദ്യങ്ങളിലും പ്രിയമുള്ളവളായും ശുക്രത്രിംശാംശത്തിൽ ജനിച്ചാൽ വിദ്വാനായ പുരുഷന്റെ ഭാര്യയായും പുത്രവതിയായും മുമ്പങ്ങൾക്ക് ഇഷ്ടമുള്ളവളായും ഭവിക്കും.

മൂ— ത്രിംശാംശേവനിജസ്യബോധനഗുരോർലഗ്നേപുത്രാന്വിതേ
മദ്ധ്യാംശേവിധവാഥവാമൃതസുതാക്ഷീണാകൃതിസ്ഥാസതീ
ജ്ഞൈവേഭർത്തൃപരാബുധസ്യതരുണീവിഖ്യാതതേജസ്വിനീ
ശൌക്രേചാരുതരാംബരാഭരണഗോവിത്തപ്രസിദ്ധാഭവേൽ. ൬൦

വ്യാ—ലഗ്നമോ ചന്ദ്രനോ ബുധക്ഷേത്രത്തിലായി കുജത്രിംശാംശത്തിൽ ജനിച്ചുവൾ വിധവയായും അല്ലെങ്കിൽ പുത്രന്മാർ മരിച്ചുവളായും നപുംസകപ്രകൃതിയായും പാതിവ്രത്യമുള്ളവളായും ഗുരുത്രിംശാംശത്തിൽ ജനിച്ചാൽ പതിവ്രതയായും ബുധത്രിംശാംശത്തിലായാൽ പുത്രനും യൌവനമുള്ളവളായും പ്രസിദ്ധയായും ആരോഗ്യവും തേജസ്സും ഉള്ളവളായും ശുക്രാംശമായാൽ നന്നായിരിക്കുന്ന വസ്ത്രങ്ങളും ആഭരണങ്ങളും പശുമഹിഷാദികളും ധനവും കീർത്തിയും ഉള്ളവളായും ഭവിക്കും.

മൂ— ലഗ്നേചന്ദ്രഗൃഹംഗതേബലവതിക്ഷ്മാണീസുതസ്യാംശകേ
ജ്ഞാതാജ്ഞാരവിനോദശീലരസികാപാപേക്ഷിതേശീതഗൌ

വിശ്വസ്ഥാരവിജ്ഞസ്യനിജ്ജരഗ്രോരല്പായുരല്പാരമല്പാ
ബ്രഹ്മദ്വേശില്പകലാവതീഭൃഗുസുതത്രിംശാംശകേക്രമാത്. ൧൭൮

വ്യാ—ചന്ദ്രക്ഷേത്രം ലഗ്നമായിട്ട് ചന്ദ്രനു പാപഷഷ്ടിയുള്ള പ്പോൾ കുജത്രിംശാംശത്തിൽ ജനിച്ചാൽ ക്രൂരക്രീഡാതല്പരയായും ശനി ത്രിംശാംശത്തിലായാൽ വിധവയായും ഗുരുത്രിംശാംശമായാൽ അല്പാ യുസ്സും അല്പപുത്രന്മാരുമുള്ളവളായും ബുധത്രിംശാംശത്തിൽ ശില്പവിദ്യ യുള്ളവളായും ശുക്രത്രിംശാംശമായാൽ കാമശീലയായും ഭവിക്കും. ശു ക്രത്രിംശാംശത്തിനു വരാഹരേഖയിൽ ഭംസാധിച്ചിന്നാണ് ഫലം.

മൂ— ഭാനുക്ഷേത്രഗതേന്ദുശശിനിവാഭ്രാനന്ദനസ്യാംശകേ
നാരീപുംപ്രകൃതിസ്ഥിതാഥകുലടാമന്ദാംശകേദുർഭഗാ
ജ്ഞീവാംശേന്യുപവല്ലഭാഗ്രണവരീസൌമ്യസ്യപുംശ്ചേഷ്ടിതാ
ദുഷ്ടാചാസുരവന്ദിതസ്യകുപതിസ്നേഹാന്വിതാരോഗിണീ. ൧൭൯

വ്യാ—ലഗ്നമോ ചന്ദ്രനോ ആദിത്യക്ഷേത്രമായി കുജത്രിംശാംശ ത്തിൽ ജനിച്ചാൽ പുരുഷപ്രകൃതിയായും കുലടയായും ശനിത്രിംശാംശ ത്തിലായാൽ ദുഃഖമുള്ളവളായും കുലടയായും ഗുരുത്രിംശാംശമായാൽ രാജ്ഞതപമുള്ള ഭർത്താവിനെ ലഭിക്കുന്നവളായും ഗുണവതിയായും ബുധ ത്രിംശാംശമായാൽ പുരുഷപ്രവൃത്തിയുള്ളവളായും ശുക്രത്രിംശാംശ മായാൽ കൃത്സിതനായ ഭർത്താവിൽ സ്നേഹമുള്ളവളായും ദുഷ്ടയായും രോഗിണിയായും ഭവിക്കും.

മൂ— വാഗീശസ്യഗൃഹോദയേവസുമതീപുത്രസ്യഭാഗ്യോത്ഭവാ
വിഖ്യാതാപതിചാരിണീരവിസുതസ്യാംശേദരിദ്രാഭവേൽ
ജ്ഞീവാംശേധനവസ്ത്രഭൂഷണവതീസൌമ്യസ്യസമ്പൂജിതാ
സാധ്വീഭാനവമന്ത്രിണസ്സുതവതീസദ്വസ്ത്രഭൂഷാന്വിതാ. ൧൮൦

വ്യാ—ഗുരുക്ഷേത്രം ലഗ്നമായി കുജത്രിംശാംശത്തിൽ ജനിച്ചാൽ പ്രസിദ്ധയായും ഭർത്തൃപരായണയായും ശനിത്രിംശാംശത്തിൽ ദരിദ്ര യായും ഗുരുത്രിംശാംശത്തിൽ ധനവും വിശേഷവസ്ത്രങ്ങളും ആഭരണ ങ്ങളും ഉള്ളവളായും ബുധത്രിംശാംശത്തിൽ പൂജനീയയായും പതിവ്ര തയായും ശുക്രത്രിംശാംശത്തിൽ പുത്രന്മാരും നല്ല വസ്ത്രങ്ങളും ആഭര ണങ്ങളും ഉള്ളവളായും ഭവിക്കും.

മൂ— ലഗ്നേമന്ദഗൃഹേബലിന്യവനിജത്രിംശാംശകേശോകിനീ
മന്ദാംശേസതിദുർഭഗാനിജകുലാചാരാനുരക്താഗുരോഃ
സവ്ഞാകുലടാബുധാംശജനിതാശുക്രസ്യവന്ധ്യാസതീ
ലഗ്നാന്ദുസ്ഫുടയോഗതസ്സകലംത്രിംശാംശകംവാവദേൽ.

വ്യാ—ശനിക്ഷേത്രം ലഗ്നമായും ബലവത്തായുമുള്ളപ്പോൾ കുജ ത്രിംശാംശത്തിൽ ജനിച്ചാൽ ദുഃഖിതയായും ശനിത്രിംശാംശത്തിൽ ത്രപഹ്നണമില്ലാത്തവളായും ഗുരുത്രിംശാംശത്തിൽ കുലാചാരകർത്രിയാ യും ബുധത്രിംശാംശത്തിൽ വിദുഷിയായും പുംശ്ചലിയായും ശുക്രത്രിം ശാംശത്തിൽ വന്ധ്യയായും (പ്രസവിക്കാത്തവൾ- മച്ചി) പാതിവ്രത്യ മുള്ളവളായും ഭവിക്കും. ലഗ്നത്തിനു ബലമുണ്ടെങ്കിൽ ലഗ്നത്തിന്റെ യും ചന്ദ്രനു ബലമുണ്ടെങ്കിൽ ചന്ദ്രന്റെയും ഫലത്തെ പറയണം. അഥ വാ ലഗ്നചന്ദ്രസ്ഫുടങ്ങൾ ഒരുമിച്ചുകൂട്ടി വരുന്ന രാശിയുടെ ത്രിംശാം ശഫലത്തെയും പറയാവുന്നതാണ്. ബലാബലസന്ദേഹത്തിൽ ഇങ്ങ നെ വേണമെന്ന് ഉപദേശമുണ്ട്.

മൂ— ആഗോയൈവ്വിധവാസ്ഥരാശിസഹിതെ
ന്ദ്വിശ്ശ്രൈപുനർഭ്രൂർവേൽ
ക്രൂരഹീനബലേസ്ഥഗേസപതിനാ
സൌമ്യേക്ഷിതേപ്രോദ്ധിതാ
ഉന്നോന്യാംശഗയോസ്സ്ഥിതാവനിജയോ-
രന്യപ്രസക്താംഗനാ
ദ്യൂനേവായദിശീതരശ്മിസഹിതെ
ഭർത്തുസ്ഥാനജ്ഞയാ. ൫൭

വ്യാ—ലഗ്നാൽ ഏഴാമിടത്തു ആഗോയ(പാപ)ഗ്രഹങ്ങൾ നി ന്നാൽ സ്ത്രീ നിശ്ചയമായും വിധവയാകും. അവിടെ ശുഭന്മാർകൂടിയു ണ്ടെങ്കിൽ പുനർഭ്രൂവായും ദുർബലനായ ക്രൂരഗ്രഹം (കുജമന്ദസൂര്യന്മാ രിൽ ഒന്ന്) ശുഭദൃഷ്ടിയോടുകൂടി നിന്നാൽ ഭർത്താവിനാൽ ഉപേക്ഷിക്ക പ്പെട്ടവളായും കുജശുക്രന്മാർ പരസ്പരം തങ്ങളുടെ നവാംശങ്ങളിൽ നിന്നാൽ അന്യപുരുഷനെ പ്രാപിക്കുന്നവളായും ആ ശുക്രകുജന്മാക്ക് ചന്ദ്രയോഗമുണ്ടായാൽ ഭർത്താവിന്റെ അനുവാദത്തോടുകൂടി വ്യഭിചരി ക്കുന്നവളായും ഭവിക്കും. (പുനർഭ്രൂ എന്ന പദത്തിനു സ്വഭർത്താവിനെ ഉപേക്ഷിച്ചു യഥേഷ്ടം അന്യനെ പ്രാപിക്കുന്നവളെന്നർത്ഥം.)

മൂ— സൌരാരർക്ഷേലഗ്നഗേസേന്ദുശുക്രേ
മാത്രാസാർദ്ധം ബന്ധകീപാപദൃഷ്ടേ
കൌജേസ്ഥാംശേസൌരിണാവ്യാധിയോനി-
ശ്ചാരുശ്രോണീവല്ലഭാസൽഗ്രഹാംശേ. ൫൮

വ്യാ—ശനിയുടേയും കുജന്റേയും ക്ഷേത്രങ്ങളിൽ ഒന്ന് ലഗ്നമാ യും. അവിടെ പാപദൃഷ്ടിയോടുകൂടി ചന്ദ്രശുക്രന്മാർ നില്ക്കയും ചെ യ്താൽ ആ ലഗ്നത്തിൽ ജനിക്കുന്നവളും അവളുടെ അമ്മയും വ്യഭിചാര

ത്തെ ചെയ്യും. ലഗ്നാൽ ഏഴാമിടത്തു കുജന്റെ നവാംശവും ശനിയുടെ ദൃഷ്ടിയും വന്നാൽ അവർ യോനിരോഗമുള്ളവളായിരിക്കും. ഏഴാമിടത്തു ശുഭഗ്രഹാംശമുണ്ടായിരുന്നാൽ അവർ സുഭഗയായും ഭർത്താവിനു പ്രിയതമയായും ഭവിക്കും.

മൂ— ബലഹീനേസ്തഗേപാപേ സൌമ്യഗ്രഹനിരീക്ഷിതേ
പത്യാവിസ്രജ്യതേനാരീ നീചാരിസ്ഥേച ഖൈരിണീ. ൧൯

വ്യാ—ബലഹീനനായും ശുഭദൃഷ്ടിയോടുകൂടിയും ഇരിക്കുന്ന പാപഗ്രഹം ഏഴാമിടത്തു നിന്നാൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടും അതു പാപൻ നീചത്തിലോ ശത്രുക്ഷേത്രത്തിലോ അതുണ്ട് നില്ക്കുന്നതെങ്കിൽ ഭർത്താവിനു ശത്രുതപമുള്ളവളായും ഭവിക്കും.

മൂ— ഉൽസൃഷ്ടാമദനസ്ഥിതേ ദിനകരേശത്രുഗ്രഹാലോകിതേ
വിശ്വസ്താവനിജേപധൂരമണയോരന്യോന്യവൈരൽപവാ
സൌമ്യാസൌമ്യയുതേകളത്രഭവനേജാതാപുനർഭ്രൂന്നൌ
കാമസ്ഥപ്രവീക്ഷിതേതുവിധവാജ്ഞാതാജുരാംഗച്ഛതി. ൨൦

വ്യാ—ലഗ്നാൽ (ചന്ദ്രാലായാലും മതി) ഏഴാമിടത്തു ശത്രുദൃഷ്ടനായ സൂര്യൻ നിന്നാൽ ജാതയായ സ്ത്രീ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയും കുജൻ നിന്നാൽ വൈധവ്യമോ ഭാര്യാഭർത്താക്കന്മാക്കു തമ്മിലും പരസ്പരവിരോധമോ ഭവിക്കും. പാപശുഭന്മാർ കൂടിച്ചുനിന്നാൽ പുനർഭൂവായും പാപദൃഷ്ടനായ ശനി നിന്നാൽ വിവാഹം ചെയ്യപ്പെടാതെ വളരെനാൾ (നരയ്ക്കുന്നവരെ) കന്യകയായിരിക്കയും ചെയ്യും.

മൂ— പാപപക്ഷേമദനേകുജേ ശനിയുതേവൈധവ്യമേത്യംഗനാ
ജ്ഞാരാസകുതവിലാസിനീ സിതകുജാവന്യോന്യരാശ്യംശഗൌ
ചന്ദ്രൈകാമഗൃഹംഗതേതു പതിനാസാദ്ധ്യംദുരാചാരിണീ
മന്ദാരർക്ഷവിലഗ്നഗൌശശിസിതൌവന്ധ്യാസുതസ്ഥേഖലേ.

വ്യാ—ഏഴാമിടം പാപക്ഷേത്രമായും അവിടെ ചൊവ്വായും ശനിയും നില്ക്കയും ചെയ്താൽ സ്ത്രീ വിധവയായി ഭവിക്കയും ഏഴാമിടത്തു ചന്ദ്രൻ നിന്നാൽ ഭർത്താവും താനും വ്യഭിചാരത്തെ ചെയ്കയും ആ ഏഴാമിടത്തു പാപൻ നിൽക്കയും കുജന്റെയോ ശനിയുടേയോ ക്ഷേത്രാംശങ്ങൾ ലഗ്നമായി ജനിക്കയും അവിടെ ചന്ദ്രശുക്രന്മാർ നിൽക്കയും ചെയ്താൽ വന്ധ്യയായും ഭവിക്കും.

മൂ— കളത്രരാശ്യംശഗതേമഹീജേമന്ദേക്ഷിതേദുർഭഗമേതികന്യാ
ശുക്രാംശകേസൌമ്യദൃശാസമേതേകളത്രരാശൌപതിവല്ലഭാ-
സ്യാൽ. ൨൨

വ്യാ—ഏഴാമിടം കുജനവാംശമായും ശനിയാൽ ദൃഷ്ടമായും വന്നാൽ അവർ വ്യാധിയോനിയായും ഏഴാമിടത്തു ശുക്രന്റെ അംശകവും ശുഭദൃഷ്ടിയുമുണ്ടെങ്കിൽ ഭർത്തൃപ്രിയയായും സുഭഗയായും ഭവിക്കും(ദുർഭഗമതികന്യാ എന്നുള്ളതിനു കുത്സിതനായ പുരുഷനെ പ്രാപിക്കുന്നവളെന്നും തോന്നാം)

ശ്ലോ— ഭൌമാഗാരവിലഗ്നഗൌശശിസിതൌനാരീപതിദ്വേഷിണീ
ഭൌമജ്ഞൌപരതത്പവാദചതുരാമന്ദേന്ദുജൌഭോഗിനീ
ചന്ദ്രജ്ഞൌമരവന്ദിതായദിസുപദ്രവ്യാന്വിതാലഗ്നഗാ
വാഗീശോയദിലഗ്നഗസ്സുതനയാപ്രജ്ഞാവിഭ്രഷ്ടാന്വിതാ. ൨൯

വ്യാ—കുജക്ഷേത്രങ്ങൾ ലഗ്നമായും അവിടെ ചന്ദ്രനും ശുക്രനും നിൽക്കയും ചെയ്താൽ സ്ത്രീ ഭർത്താവിനെ ദ്വേഷിക്കുന്നവളായും ആ ലഗ്നത്തിൽ കുജബുധന്മാർ നിന്നാൽ തർപ്പങ്ങളെ പറയുന്നവളായും ശനിബുധന്മാർ നിന്നാൽ സുഖമനുഭവിക്കുന്നവളായും ലഗ്നത്തിൽ ചന്ദ്രനും ബുധനും വ്യാഴവും നിന്നാൽ സുഖവും ധനവുമുള്ളവളായുംലഗ്നത്തിൽ വ്യാഴം നിന്നാൽ പുത്രവതിയായും ബുദ്ധിമതിയായും ആഭരണങ്ങളുള്ളവളായും ഭവിക്കും. (അല്ലെങ്കിൽ പ്രജ്ഞയാകുന്നാഭ്രഷ്ടണത്തോടുകൂടിയിരിക്കും അതിബുദ്ധിമതി എന്നുതാല്പര്യം.)

ശ്ലോ— തുംഗസ്ഥാഗുരുനാടനാശുഭകരാരന്ധ്രസ്ഥപാപേവധൂ-
വൈധവ്യംസമുപൈതിപാപവനേപാപഗ്രഹാലോകിതേ
രന്ധ്രേശാംശപതൌഖലേചവിധവാനിസ്സംശയോഭാമിനീ
സൌമ്യേരന്ധ്രഗതേസമേതിതരുണീപ്രാഗേവമൃത്യുംപതേഃ. ൨൮

വ്യാ—ഗ്രഹങ്ങൾ ഒക്കെയും ഉച്ചത്തോടു കൂടിനിന്നാൽ ഏതുഭാവത്തിലായാലും നന്നു തന്നെയാണ് എന്നാൽ അഷ്ടമം പാപക്ഷേത്രമായും അവിടെ പാപയോഗദൃഷ്ടികളുണ്ടായുമിരുന്നാൽ ജാതയായ സ്ത്രീ വിധവയായിഭവിക്കും. അതുപോലെ തന്നെ അഷ്ടമാധിപന്റെ നവാംശാധിപതി പാപഗ്രഹമായിരുന്നാലും നിശ്ചയമായിട്ടു വൈധവ്യം ഉണ്ടാകും. അഷ്ടമത്തിൽ ശുഭഗ്രഹം നിന്നാൽ സ്ത്രീഭർത്താവു മരിക്കുന്നതിനു മുൻപുതന്നെ മരിക്കയും ചെയ്യും (വൈധവ്യം ഉണ്ടാകയില്ലാ.)

ശ്ലോ— ഭാഗ്യസ്ഥാശുഭഖേചരാസ്മരഗതേപാപേഷ്ടമസ്ഥേഥവാ
ഭർത്തുശ്രീബഹുപുത്രസൌഖ്യവിഭവൈസ്സാർദ്ധംചിരംജീവതി
ക്രൂരൈർബന്ധുഗതോപഗൈർവിരഹസുതപ്രാപ്താഭവത്യംഗനാ
ചാപേവാകടകോളയേപതിസുതപ്രാപ്താദരിദ്രാഭവേൽ. ൨൭

വ്യാ—ഒൻപതാമടത്തു ശുഭഗ്രഹങ്ങൾ ബലവാന്മാരായി നി

ന്നാൽ ഏഴിലോ എട്ടിലോ പാപന്മാരുണ്ടായിരുന്നാലും സ്ത്രീ ജീർവ്വ മംഗല്യം സമ്പത്തു പുത്രന്മാർ ഗൃഹോപകരണങ്ങൾ ഇവയോടു കൂടി വളരെക്കാലം ജീവിച്ചിരിക്കും. നാലാമിടത്തു പാപന്മാർ നിന്നാൽ പുത്രവതിയായും സഭർത്തൃകയായും ഭവിക്കും. (വിദ്യാദ്ധംബുഗതശ്ച ഭ പ്രസവഹാഃ എന്ന പ്രമാണാന്തരംഉണ്ട്) ധനവോ കക്ഷ്ടക മോ ലഗ്നമാക്കി ജനിക്കുന്നവൾ ഭർത്തൃപുത്രസഹിതയായും ദരിദ്രയായും ഭവിക്കും.

മൂ— ഗോസിംഹാളിവധൂദയേസുതഗൃഹേചന്ദ്രേല്ലപുത്രാനിതാ
പാപൈരസ്തശുഭോദയാംസുമഗതൈർഭ്രാതൃദ്വശോകാകുലാ
സൌമ്യാസൌമ്യയുതൈശ്ചമിശ്രഫലിനീസൌഖ്യൈശ്ച ഭശ്രീയുതാ
പുത്രേശേരിഗതേതനൌരിപുവതൌശസ്ത്രേണമൃത്യുംവദേൽ. ൨൩

വ്യാ—ഇടവം ചിങ്ങം വൃശ്ചികം കന്നി ഈ രാശികൾ പുത്ര സ്ഥാനമായിട്ടും അവിടെ ചന്ദ്രൻ നിൽക്കയും ചെയ്താൽ അല്പപുത്രയാ യും ഈ സ്ഥാനങ്ങളിൽ പാപന്മാർ നിൽക്കയും ചെയ്താൽ ദരിദ്രയാ യിട്ടും ആ സ്ഥാനത്തിൽ പാപശുഭന്മാർ ഒരുമിച്ചുനിന്നാൽ മിശ്രഫ ലമായിട്ടും ശുഭന്മാർ നിന്നാൽ ഐശ്വര്യസമ്പത്തുള്ളവളായും ഭവി ക്കും. പുത്രസ്ഥാനാധിപൻ ഷഷ്ഠഭാവത്തിലും നിന്നാൽ സ്ത്രീക്ക ശസ്ത്രങ്ങളെക്കൊണ്ടും മൃത്യുഭവിക്കുമെന്നു പറയണം. (ഇവിടെ പുത്ര സ്ഥാനാധിപന്റെയും ഷഷ്ഠാധിപന്റെയും. സ്ഥിതിഭേദംകൊണ്ടു ശ സ്ത്രഹേതുകമായ മൃത്യു, പ്രസവസമയം ശസ്ത്രപ്രയോഗം വേണ്ടിവരുമെ ന്നും അപ്പോൾ മരണം ഉണ്ടാകുമെന്നും ഊഹ്യമാകുന്നു.)

മൂ— ക്രൂരൈരസ്തഗതൈസ്സമൈസ്തു-
ഷ്ടിലഗാരാശേഷ്ടിധവാഭവേത്സാ
മിശ്രൈഃപുനർഭ്രൂരിഹജാതകന്യാ
പത്യാജ്ഝിതാഽഹീനവലൈരസത്ടിഃ. ൨൪

വ്യാ—ലഗ്നാൽ ഏഴിൽ പാപന്മാരായ ഗ്രഹങ്ങൾ നിന്നാൽ അ വൾ വിധവയായി ഭവിക്കും. അവിടെ ശുഭന്മാരും പാപന്മാരും നിന്നാൽ പുനർഭ്രൂവായും പാപന്മാർ ദുർബലന്മാരാണെങ്കിൽ അവർ ഭ ർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയുംചെയ്യും.

മൂ— സ്ത്രീജന്മലഗ്നാന്മദഗേശശുക്രേ
ശുക്രാരയുക്തേക്ഷിതസതിജാതകന്യാ
സാപത്യനഷ്ടാപരഗാമിനീസ്യാൽ
സൌരാരഭാദ്ദേശോപഗതേതഥൈവ. ൨൫

വ്യാ—സ്ത്രീയുടെ ജന്മലഗ്നത്തിൽനിന്ന് ഏഴാമിടത്തു ചന്ദ്രൻ

ശുക്രകുജന്മാരോടു കൂടിനിന്നാൽ ഭർത്താവിന്റെ അനുമതിയോടുകൂടി പ രസ്ത്രീകാരം ചെയ്യും. ഭരണിപോലെ ചന്ദ്രൻ ശുക്രകുജയുതനായിട്ട ശനിയുടേയോ കുജന്റേയോ ക്ഷേത്രത്തിൽ നിന്നാലും മേൽപറഞ്ഞ തുതന്നെ ഫലം.

മൂ— സൌരാരഭാംശോപഗതഗ്രഹേഷു
ശുക്രേന്ദുയുക്തേഷ്വശുഭേക്ഷിതേഷു
ജാതാകുലാചാരഗുണൈർവിഹീനാ
മാതാപസാദ്ധ്യംവ്യഭിചാരിണീസ്യാൽ. ൬൯

വ്യാ—ശനിയുടേയോ കുജന്റേയോ രാശികളിലോ അംശകത്തി ലോ ഗ്രഹങ്ങൾ ശുക്രചന്ദ്രന്മാരോടുകൂടി പാപദൃഷ്ടി ഭവിച്ചു നി ന്നാൽ കുലാചാരങ്ങളെ വിട്ടു മാതാവിനോടുകൂടി വ്യഭിചാരംചെയ്യുന്ന വളായിരിക്കും.

മൂ— ക്ഷിതിതനയനവാംശേലഗ്നതസ്സുപ്തമസ്ഥേ
ദിനകരബുധദൃഷ്ടേവ്യാധിയോനിപ്രജാതാ
ശുഭകരനവഭാഗേസപ്തമസ്ഥാനസംസ്ഥേ
സുഭഗസുതവതീസാചാന്യുഢാദുർഭഗാസ്യാൽ. ൬൦

വ്യാ—ലഗ്നാൽ ഏഴാമിടത്തു കുജന്റെ നവാംശം ഉണ്ടായും അവിടെ സൂര്യബുധന്മാരുടെ ദൃഷ്ടിയും ഉണ്ടായിരുന്നാൽ ജാതയായ വൾ ഗുഹ്യരോഗമുള്ളവളായിരിക്കും. അവിടെ ഏഴാമിടത്തു ശുക്ര ഗ്രഹങ്ങൾ അംശകിച്ചുവെങ്കിൽ അവൾ സുഭഗയായും പുത്രവതിയായും ഇരിക്കും. ഈ യോഗത്തിനു വിപരീതമായ യോഗങ്ങളാണുള്ളതെ ങ്കിൽ ദുർഭഗതന്നെ.

മൂ— കാമാസക്തമനാസചിനീചവിധവാപാപദ്വയേസപ്തമേ
പശ്ചാൽസ്വാമിവധംകരോതികുലടാപാപത്രയേചാസ്തഗേ
രാജ്ഞാമാത്യപരാംഗനായദിശുഭേകാമംഗതേകന്യകാ
രന്ധ്രസ്ഥേതുശുഭഗ്രഹേഗ്രഹണവതീരാജ്ഞീഭവേൽഭ്രൂവധേഃ. ൬൧

വ്യാ—ഏഴാമിടത്തു രണ്ടു പാപന്മാർനിന്നാൽ സ്ത്രീ കാമാധിക്യ മുള്ളവളായും വിധവയായും അവിടെ മൂന്നുപാപന്മാർ നിന്നാൽ കുല ദൂഷണിയായും ഭർത്താവിനെ കൊന്നവളായും ശുഭഗ്രഹം നിന്നാൽ രാ ജ്ഞിയുടെന്റെയോ മന്ത്രിയുടേയോ ഭാര്യയായും അഷ്ടമത്തിൽ ശുഭൻനി ന്നാൽ രാജ്ഞിയോ (പട്ടമഹിഷി)യായും ഭവിക്കയും ചെയ്യും.

മൂ— അന്യോന്യാംശഗതൈസ്തിതാക്രതനയാവന്യോന്യദൃഷ്ടൌയുതൌവാ
കുംഭേചാഷ്ടമഭാഗജാതവനിതാകാമാഗ്നിതപ്താഭവേൽ

വൈധവ്യംസമുപൈതി ചന്ദ്രഭവനാൽക്രൂരേമടസ്ഥാനഗേ
ചന്ദ്രാദസ്ഥഗതോപഗശ് ശുഭകരോരാജ്യാസ്പദംയത്സുരഃ. ൧൨൬

വ്യാ—ശുക്രനും ശനിയും പരസ്പരാംശഗതന്മാരോ പരസ്പരദൃഷ്ടന്മാരോ ആയിരിക്കുമ്പോൾ കുംഭലഗ്നത്തിൽ എട്ടാമത്തെ അംശകത്തിൽ ജനിക്കുന്നവൾ ഏറ്റവും കാമാതുരയായി ഭവിക്കും. ചന്ദ്രൽ ഏഴാമിടത്തു പാപൻ നിന്നാലും വൈധവ്യംസംഭവിക്കും. ശുഭൻ നിന്നാൽ രാജ്യപ്രാപ്തിയുണ്ടാവുന്നതുമാണ്.

മൂ— സ്ത്രീജന്മലഗ്നേശശിശുക്രയുക്തേ .
കോപാന്വിതാസാസുഭഭാഗിനീസ്യാൽ
സ്വർക്ഷേചന്ദ്രേസരിതർക്ഷജാതാ
സുഖാന്വിതാവീരരതിപ്രിയാസ്യാൽ. ൧൨൭

വ്യാ—ലഗ്നത്തിൽ ചന്ദ്രശുക്രന്മാർ നിന്നാൽ ജാതയായ സ്ത്രീ കോപമുള്ളവളും സുഖമുള്ളവളുമായിരിക്കും. ചന്ദ്രൻ ഏതു രാശിയിലായാലും ആ രാശിലഗ്നമായി ജനിക്കുന്നവൾ (ലഗ്നത്തിൽ ചന്ദ്രൻ ഉണ്ടെങ്കിലെന്നർത്ഥം) സുഖമുള്ളവളും വീരരതിപ്രിയയായും ഭവിക്കും. (മൈഥുനത്തിലവരാത്തവൾ എന്നർത്ഥം)

മൂ— ശുക്രേന്ദുഭേത്രുപഗ്രഹണാഭിരാമാ .
കലാവതീജീവബുധോദയേതു
ലഗ്നസ്ഥിതാജീവബുധാസുരേഡ്യാ
ജാതാംഗനാസർവ്വഗുണപ്രസിദ്ധാ. ൧൨൮

വ്യാ—ശുക്രനും ചന്ദ്രനും ഒരുമിച്ചു ലഗ്നത്തിൽ നിന്നാൽ വളരെ സൌന്ദര്യവതിയും വ്യാഴവും ബുധനും ഒരുമിച്ചു ലഗ്നത്തിൽനിന്നാൽ കലാവിദ്യയും ഉള്ളവളായും ലഗ്നത്തിൽ ബുധഗുരുശുക്രന്മാർ മൂന്നുപേരും ഒരുമിച്ചു നിന്നാൽ സകലഗുണങ്ങളെക്കൊണ്ടും പ്രസിദ്ധയായും ഭവിക്കും.

മൂ — വാചസ്പതൌസ്വമപഞ്ചമകേന്ദ്രയാതെ
തുംഗാദികേഭവതിശീലസമന്വിതാവ
സാധ്വീസപുത്രജനനീസുഖിനീഗുണാഢ്യാ
ന്യനാംകുലദ്വയയശസ്സ്ഥിതാഭവേത്സാ. ൧൨൯

വ്യാ—വ്യാഴം ഉച്ചസ്വക്ഷേത്രാദികളോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ ജാതയായവൾ വളരെ നല്ലശീലമുള്ളവളായും പതിവ്രതയായും പുത്രന്മാരോടും അമ്മയോടുംകൂടിയവളായും സുഖമുള്ളവളാ

യും ഗുണവതിയായും രണ്ടുകുലങ്ങൾക്കും (തന്റെയും ഭർത്താവിന്റെയും) യശസ്സിനെ ചെയ്യുന്നവളായും ഭവിക്കും.

മൂ —യദിശുഭകരദൃഷ്ടാശില്പിനീശുദ്ധവൃത്താ
സതതമിഹസലജ്ജാചാരുമൂർത്തിസ്സുപുത്രാ
ബഹുധനസുഖയുക്താവല്ലഭേവല്ലഭസ്യാ
വ്രജതിശുഭശതാനാംഭാജനതാഞ്ചഹോരാ. ൩൩

വ്യാ—ലഗ്നത്തിൽ ശുഭന്മാരും ശുഭദൃഷ്ടിയും ശുഭാംശകവുംമറ്റുമുണ്ടെങ്കിൽ സ്ത്രീ ചാരുത്വമുള്ളവളും ചാരിത്രശുദ്ധിയുള്ളവളും എല്ലാഴ്പോഴും ശാലീനതയും (മര്യ്യാദ)സൌന്ദര്യവും പുത്രന്മാരും വളരെസുഖവും ധനവും ഭർത്താവിന് ഏറ്റവും പ്രീതിയുള്ളവളും ആയിഭവിക്കും.

മൂ— ചന്ദ്രേകർക്കടകോദയേചബലിഭിഃശുക്രജ്ഞജീവൈർയുതേ
നാനാശാസ്ത്രകലാരസജ്ഞചതുരാവിഖ്യാതതേജസ്വിനീ
കാമസ്ഥൈരഥവാപിലഗ്നഭവനാദ്ധർമ്മസ്ഥിതൈഃഖേചരൈഃ
പ്രവ്രജ്യാമുപയാനിജന്മസമയേപാണിഗ്രഹേചിന്തയേൽ. ൩൪

വ്യാ—കർക്കടകലഗ്നമായും അവിടെ ചന്ദ്രൻ ബലവാന്മാരായശുക്രൻ ബുധൻ വ്യാഴം ഇവരോടുകൂടി നിൽക്കയും ചെയ്താൽ എല്ലാശാസ്ത്രങ്ങളിലും അറിവും പ്രസിദ്ധിയും ശരീരകാന്തിയും ഉള്ളവളായിരിക്കും. ലഗ്നാൽ ഏഴാമിടത്തും ഒൻപതാമിടത്തും ഉള്ള ഗ്രഹങ്ങളെക്കൊണ്ടു പ്രവ്രജ്യയോഗത്തെ നിരൂപിക്കണം. ആ യോഗത്തെയും വിവാഹസന്ദർഭങ്ങളിൽ ചിന്തിച്ചുകൊള്ളണം.

മൂ— പാപേസ്വനവമഗതഗ്രഹസ്യതുല്യാം
പ്രവ്രജ്യാംയുവതിരുപൈത്യസംശയേന
ഉദ്വാഹേവരണവിധൌപ്രദാനകാലേ
ചിന്തായാമപിസകലംവിധേയമേതൽ. ൩൫

വ്യാ—സ്ത്രീജാതകത്തിൽ ഏഴാമിടത്തു പാപൻ നിൽക്കുമ്പോൾ ഒൻപതിൽ ഗ്രഹം ഉണ്ടെങ്കിൽ ആ ഒൻപതിൽ നിൽക്കുന്ന ഗ്രഹത്തിനുള്ള പ്രവ്രജ്യയേ തന്നെ ആ സ്ത്രീ പ്രാപിക്കയെള്ളൂ. വൈധവ്യത്തെ പ്രാപിക്കയില്ല എന്നുസാരം. ഇതിനെ കന്യകാന്വേഷണകാലത്തിലും കന്യകാദാനകാലത്തിലും വിവാഹകാലത്തിലും പ്രശ്നത്തിലും നല്ലവണ്ണം ചിന്തിക്കേണ്ടതുമാകുന്നു.

മൂ— ജന്മന്യുദ്വാഹകാലേചചിന്തായാംവരണേതഥാ
സ്ത്രീണാംചിന്ത്യാമുധേനോക്തംഘടതേതൽപ്രതിഷ്ഠപി. ൩൬

വ്യാ—സ്ത്രീജാതകവശാൽ ജാതകചിന്തയിലും കന്യകാവരണത്തിലും (കന്യകയെ അന്വേഷിക്കുമ്പോൾ) വിവാഹത്തിലും ദൈവജ്ഞനാൽ പറയപ്പെട്ടിട്ടുള്ള ഫലം മുഖ്യമായും ചിന്തിക്കേണ്ടതാണ്. എന്നാൽ അതുകളൊക്കെയും വരങ്കലും സംബന്ധിക്കുന്നതാണ്.

മൂ— ക്രൂരേഷ്വേവിധവതാനിധനോശരാംശേ
യസ്യസ്ഥിതോവയസിതസ്യസമേപ്രദിഷ്ടാ
സൗസ്ഥർത്ഥഗേഷുമരണംസ്വയമേവതസ്യാഃ
കന്യാളിഗോചരിഷുചാല്പസുതത്വമിന്ദ്യു. രാ൦

വ്യാ—അഷ്ടമത്തിൽ പാപൻനിന്നാൽ വൈധവ്യം ഉണ്ടാകും. എന്നാൽ ആ അഷ്ടമാധിപൻ ഏതു ഗ്രഹത്തിന്റെ നവാംശകത്തിലാണോ നിൽക്കുന്നത് വിവാഹം കഴിഞ്ഞശേഷം ആ അംശകാധിപനായ ഗ്രഹത്തിനു പറഞ്ഞിരിക്കുന്ന നിസർഗ്ഗദശാസംവത്സരകാലത്തിലാണ മരണമുണ്ടാവുന്നതും. ഈ യോഗത്തിൽ രണ്ടിൽ ശുഭന്മാരുണ്ടെങ്കിൽ സ്ത്രീ മുൻപേ മരിക്കും. എല്ലാ ജാതകത്തിലും കുന്നി വൃശ്ചികം ഇടവം ചിങ്ങം ഇവയിൽ ചന്ദ്രൻ നിന്നാൽ അല്പപുത്രന്മാരായിരിക്കയും ചെയ്യും. (നിസർഗ്ഗദശാവത്സരം) ഏകം ദ്വൈനവവിംശതിർധൃതികൃദീപഞ്ചാശദേഷ്യാംക്രമാൽ ചന്ദ്രാരേന്ദുജ്ഞശുക്രജീവദിനകൃദ്വൈവാകരീഷ്ണാംസമാഃ എന്ന പ്രമാണാന്തരമുണ്ട്.

മൂ— രന്ധ്രേമിശ്രേബലേശുഭാശുഭഖൈരാലോകിതേവായുതേ
ദാമ്പത്യോസ്സുമകാവലത്യുമഖിലജ്യോതിർവിദസ്സംവിദുഃ
ഏകസ്മൊന്നുമദല്ഗഗൊചചന്ദ്രിവാലഗ്നസ്ഥിതൈകാമപേ
കാമസ്ഥാതനുപേശുഭഗ്രഹയുതേമൃത്യുസ്ഥയോസ്തുല്യതഃ. രാ൦

വ്യാ—അഷ്ടമം മദ്ധ്യബലമായും ശുഭാശുഭന്മാരുടെ ദൃഷ്ടിയോയോഗമൊ ഉണ്ടായും ഇരുന്നാൽ ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ചുതന്നെ മരണമുണ്ടാകുമെന്ന് എല്ലാ ദൈവജ്ഞന്മാരും സമ്മതിക്കുന്നു. ലഗ്നാധിപനും ഏഴാംഭാവാധിപനും ഒരുമിച്ചോ അല്ലെങ്കിൽ ലഗ്നാധിപൻ ഏഴിലും ഏഴാംഭാവാധിപൻ ലഗ്നത്തിലും ശുഭയോഗം ചെയ്യുന്നിന്നാലും ഏകകാലമരണം ഉണ്ടാകുന്നതാണ്.

മൂ— സസപ്തമഗേഷുസപ്തമേവസാസ്ത്രീ
വിപദ്യതേതൽപരിപാകകാലേ
രന്ധ്രസ്ഥനാഥതദംശപാനാം
ദശാപഹാരേമൃതിമാവഹന്തി. രാ൦

വ്യാ—സ്ത്രീജാതകാൽ രണ്ടിൽ ശുഭബാഹുല്യം ഉണ്ടായിരുന്നാൽ

മുൻപറഞ്ഞ വൈധവ്യയോഗങ്ങളൊക്കിലും തുക്കേടില്ല. അവർ ഭ൪ത്താവു മരിക്കുന്നതിനു മുൻപു തന്നെ മരിക്കും. (വൈധവ്യാനുഭവം ഉണ്ടാകയില്ലെന്നർത്ഥം) ആ മരണകാലം അഷ്ടമാധിപൻ അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹങ്ങൾ അവരുടെ അംശനാഥന്മാർ ഈ പറഞ്ഞ ഗ്രഹങ്ങളുടെ ദശാപഹാരകാലങ്ങളുമായിരിക്കും.

മൂ— സഹജഭവനനാഥേപും ഗ്രഥേപും ഗ്രഹർക്ഷേ
പുരുഷഖചരയുക്തേപും ഗ്രഹ.ലോകിതേവാ
നവമഭവനകോണാകേന്ദ്രഗേവാബലിത്വേ
ധനസുഖവന്തംസോദരംയാതിനാരീ. ൨൯൫

വ്യാ—സ്ത്രീജാതകത്തിൽ സഹോദരസ്ഥാനാധിപനായ ഗ്രഹം പുരുഷഗ്രഹമായും പുരുഷഗ്രഹങ്ങളുടെ യോഗദൃഷ്ടിയോടുകൂടി പുരുഷഗ്രഹക്ഷേത്രത്തിൽ ബലവാനായി കേന്ദ്രത്രികോണങ്ങളിലായും നിന്നാൽ ധനം സുഖം ഇവയോടുകൂടിയ സോദരനുണ്ടായിരിക്കും.

മൂ— സഹോദരസ്ഥാനലാഭനാഥൗ
വിലഗ്നഃപഞ്ചമരാശിയാതൌ
നൃപാലതേജോഗ്രഹണത്രുപവന്തം
സഹോദരംജ്ഞാതരധ്യസ്സുമേരി ൨൯൬

വ്യാ—സഹോദരസ്ഥാനാധിപനും ലാഭാധിപനുംകൂടി ലഗ്നാൽ അഞ്ചിൽ നിന്നാൽ രാജതുല്യനായിരിക്കുന്ന സോദരൻ ഉണ്ടാകും.

പതിലക്ഷണം.

മൂ— യസ്യാമന്മഥമന്ദിരേഗതവലേശ്ലന്യേബലാലോകിതേ
സൌമ്യവ്യോമനിവാസദൃഷ്ടിരഹിതേഭർത്താനരുഃകോഭവേൽ
ക്ലീബസ്ത്രീപതിരസ്തഗേശശിസുതേസാക്ഷാത്മജേദുർഭഗാ-
വന്ധ്യാവാതരുണീമദേചരഗ്രഹേനിത്യംപ്രവാസാന്വിതഃ. ൨൯൭

വ്യാ—സ്ത്രീജാതകാൽ ഏഴാമിടം ബലഹീനമായും ശൂന്യമായും പാപദൃഷ്ടമായുംശുഭദൃഷ്ടി ഇല്ലാതെയും ഇരുന്നാൽ അവർക്കു ആരാണു ഭർത്താവായി ഭവിക്കുന്നത്. (ഭർത്താവുണ്ടാകയില്ലെന്നർത്ഥം) അവിടെ ഏഴാമിടത്തു ബുധൻ നിന്നാൽ ഭർത്താവു് ക്ലീബൻ (പുരുഷത്വമില്ലാത്തവൻ) ആയും ശനി നിന്നാൽ സ്ത്രീ ദുർഭഗയായും വന്ധ്യയായും ഏഴാമിടം ചരഗ്രഹമായിരുന്നാൽ ഭർത്താവു് എന്നും സഞ്ചാരിയായോ വിദേശവാസിയായോ ഭവിക്കും.

മൂ— സപ്താംശേഭാസപതികാമഗേമൃദുരതിക്രീഡാവിനോദീപതി-
ശുക്രേസൌമ്യമുപൈതിഭ്രമിതനയേജ്ഞാരോവധൂതല്പഗഃ

വിദ്വാംശ്ചന്ദ്രസുതേജ്യേന്ദ്രിയവരോജ്ഞീവേമദസ്ഥാനഗേ
ശുക്രേകാന്തവപുസ്സുഖീചരവിജേവൃദ്ധോരിമൂർഖോഭവേൽ. രംസ

വ്യാ—പുഴാമിടം സൂക്ഷ്മക്ഷേത്രമോ സൂക്ഷ്മവർഗ്ഗമോ സൂക്ഷ്മസംഹിത മോ ആയാൽ സ്ത്രീയുടെ ഭർത്താവു മൃദുപ്രിയനായും (നഖദന്തക്ഷത ഗാഢാലിംഗനാദിയിൽ) ചന്ദ്രക്ഷേത്രം ചന്ദ്രവർഗ്ഗം ചന്ദ്രസ്ഥിതി ഇവ നിന്നാൽ സൌമ്യമായും സുഖമായും രമിക്കുന്നവനായും ഇപ്രകാരം കുജ ക്ഷേത്രാദി നിന്നാൽ ക്രൂരനായും സ്ത്രീജിതനായും ബുധവർഗ്ഗമായാൽവി ദ്വാനായും വ്യാഴവർഗ്ഗമായാൽ ഭ്രിതേന്ദ്രിയനായും ശുക്രവർഗ്ഗമായാൽ സുന്ദരനായും സുഖാനുഭൂതിയുള്ളവനായും ശനിവർഗ്ഗമായാൽ വൃദ്ധ നായും മൂർഖനായും ഭവിക്കും. (ഷഡ്വർഗ്ഗാദികളും വർഗ്ഗോത്തമം എന്നകൂടി ചേർത്തുകൊള്ളണം.)

മൂ— സ്വാന്മാർദ്ദവാംഗോഗുണവാൻപ്രഗൽഭോ
ക്രൂരസ്ത്രൈരാശ്യംശകുജാതമർത്ത്യേ
സൌമ്യേരസ്ഥഗോസഖാംശഗേഹോപയാതേ
വൃദ്ധോരിമൂർഖപേതിരേവതസ്ഥ്യാം. രംഭ

വ്യാ—സ്ത്രീലഗ്നാൽ പുഴാംരാശിയോ തദ്ദംശകരാശിയോ ലഗ്ന മായി ജനിച്ച പുരുഷൻ ഭർത്താവായിരുന്നാൽ അവൻ ശരീരത്തിനു മാ ർദ്ദവമുള്ളവനായും ഗുണവാനായും പ്രാഗൽഭ്യമുള്ളവനായും ഭവിക്കും. പുഴാമിടത്തു ശനിക്ഷേത്രമോ ശനിവർഗ്ഗമോ ആയാൽ ഭർത്താവു് വൃദ്ധ നായും മൂർഖനായും ഭവിക്കും.

മൂ— ദുസ്ഥാധർമ്മഗേഹേശദേവസചിവെഭർത്താഗതായുർഭവേ
ദ്ദീർഘായുർഭവനാൽത്രികോണഗൃഹഗൌകേന്ദ്രസ്ഥിതൌവായടി
വിദ്വാൻബോധനവാഹനേശസഹിതൌസാരാക്ഷജൌകഷ്ടക-
സ്ഥർഭാനുധ്വജസംയുതൌയദിബലസ്സാരീശവൈഫോരരാട്. രംവ

വ്യാ—ഒൻപതാംഭാവാധിപനും വ്യാഴവും അനിഷ്ടസ്ഥാനത്തു നിന്നാൽ ഭർത്താവു് അല്പായുസ്സായും അവർ കേന്ദ്രത്രികോണങ്ങളിലാ യാൽ ധനവാനും ദീർഘായുസ്സായും അവൻ ബുധനോടും നാലാംഭാവാ ധിപനോടും കൂടിയാൽ ഭർത്താവു് വിദ്വാനായും കുജനോടും ശനിയോ ടുംകൂടിയാൽ കൃഷിക്കാരനായും അവർ രാഹുകേതുക്കളോടു കൂടിയാൽ ദുർബുദ്ധിയായും ഷഷ്ഠാധിപനോടുകൂടിയാൽ കള്ളനായും ഭവിക്കും.

മൂ— ഗൌരാംഗപേതിരസ്തഗേദിനകരേകാമീസരോഷേക്ഷണ-
ശ്ചന്ദ്രേത്രുപഗ്രഹണാന്വിതഃക്രൂരതനുർഭോഗീരുഗാർത്തോഭവേൽ

നക്രഃക്രൂരതരോലസഃപടുവചാസ്സംരക്തകാന്തിഃക്രമേ
വിദ്യാവിത്തഗുണപ്രപഞ്ചരസികസ്സൗമ്യോമദസ്ഥാനഗേ. രൻ

വ്യാ—സ്ത്രീജ്യാതകാൽ ഏഴാമിടത്തു സൂര്യൻ നിന്നാൽ ഭർത്താവു കാമിയായും രോഷസ്വഭാവമായ കണ്ണുകളോടുകൂടിയവനായും ചന്ദ്രൻ നിന്നാൽ സുന്ദരനായും ഗുണവാനായും ചടച്ചുവനായും രോഗിയായും കുജൻ നിന്നാൽ ക്രൂരനുള്ളവനായും ക്രൂരനായും മടിയനായും വാക്കുസാമർത്ഥ്യമുള്ളവനായും ദേഹത്തിനു ചുവപ്പുള്ളവനായും ബുധൻ നിന്നാൽ വിദ്യയും ധനവും വളരെയുള്ളവനായും ഭവിക്കും.

മൂ— ദീപ്തായുസ്സ പതുല്യവിത്തവിഭവഃ കാമീ ചബാല്യേഗ്രഹേ
കാന്തോനിത്യവിനോദകേളിചതുരഃകാവ്യേകവിക്ഷ്മാപതിഃ
മന്ദേവൃദ്ധകളേബരോസ്ഥിരതനുഃപാപീപതിഃകാമഗേ
രാഹൌവാശിഖിനിസ്ഥിതമലിനാധീർനീചോഥവാതത്സമഃ. ൫൦

വ്യാ—ഏഴാമിടത്തു വ്യാഴം നിന്നാൽ ഭർത്താവു് ചെറുപ്പത്തിലെ കാമിയായും ദീർഘായുസ്സായും രാജതുല്യധനമുള്ളവനായും ശുക്രൻ നിന്നാൽ സുന്ദരനായും എന്നും വിനോദശീലമുള്ളവനായും മഹാകവിയായും (കവിസാവ്വഭൌമൻ) ശനി നിന്നാൽ വൃദ്ധനായും ശരീരസുഖമില്ലാത്തവനായും പാപിയായും രാഹുകേതുക്കളാണിരുന്നാൽ ബുദ്ധിഗുണമില്ലാത്തവനായും നീചതുല്യനായും ഭവിക്കും.

മൂ— ദിഗ്ദേശസ്ഥിതികർമ്മകർമ്മജഗുണാഃപുംജ്യാതകേയോഷിതാം
യേനാരീജനജ്യാതകേനിജപതൌസംയോജിതാസ്തത്പതേഃ
ക്ഷീനാംശോപഗതഗ്രഹേഷുബലവൽപ്പേടാംശതുല്യാസ്സുതാഃ
കേന്ദ്രേകാമപതിഃകരോതിവിപുലംകല്യാണകാലോത്സവം. ൫൧

വ്യാ—ദിക്ക് ദേശം സ്ഥിതി കർമ്മം കർമ്മംകൊണ്ടുള്ള ഗുണങ്ങൾ ഇവ പുരുഷജ്യാതകത്തിൽ പുരുഷന്മാക്കു ചേരാത്തവയുണ്ടെങ്കിൽ അതുകളെ ഭാര്യയിലും മേൽപറഞ്ഞവ സ്ത്രീകൾക്കു് ചേരാതെയുണ്ടെങ്കിൽ ഭർത്താവിലും ചേർത്തുകൊള്ളണം. ഏഴാംരാശി അംശകിച്ച രാശിയിൽ നില്ക്കുന്ന ഗ്രഹങ്ങളിൽ ഏതു ഗ്രഹത്തിനാണോ അധികം ബലമുള്ളതു് ആ ഗ്രഹത്തിനു് അനുരൂപന്മാരായ പുത്രന്മാരുണ്ടാവുമെന്നും പറയണം. ഏഴാംഭാവാധിപൻ കേന്ദ്രത്തിലുണ്ടെങ്കിൽ കാലാകാലമുള്ള വിവാഹവും എന്നും മംഗലവും ദീർഘായുസ്സും ഭവിക്കും.

ഇങ്ങനെ പതിനാറാം അദ്ധ്യായം കഴിഞ്ഞു.

# പതിനേഴാം അദ്ധ്യായം.

---

## കാലചക്രദശാപ്രാരംഭം.

മൂ— പ്രണമ്യപരമാത്മാനം ശിവംപരമകാരണം
ലോകലോകക്രമധ്യസ്ഥം ചതുഷ്ഷഷ്ടികലാത്മകം. ൧

വ്യാ—ഞാൻ ജ്യോതിശ്ചക്രമദ്ധ്യസ്ഥനായി അറുപത്തിനാലു കലകളോടുകൂടി സകല ലോകങ്ങളുടെയും ഹേതുഭൂതനായിരിക്കുന്ന സദാശിവനെ നമസ്കരിച്ചിട്ട് കാലചക്രദശയെ പറയാൻ തുടങ്ങുന്നു.

മൂ— അഹമാദിത്യരൂപോസ്മി ചന്ദ്രമാസ്തംപ്രചക്ഷതേ
സംയോഗേനവിയോഗേന ജഗൽസ്ഥാവരജംഗമം. ൨

(ശിവൻ പാർവതിയോടു പറഞ്ഞു.)

വ്യാ—അല്ലയോ പാർവ്വതി ഞാൻആദിത്യസ്വരൂപിയായിരിക്കുന്നു മൂർത്തിയാകുന്നു. ഭവതി ചന്ദ്രസ്വരൂപിണിയായിരിക്കുന്ന മൂർത്തിയുമാകുന്നു. നമ്മളുടെ സംയോഗംനിമിത്തം സ്ഥാവരങ്ങളായിരിക്കുന്ന സകലപ്രാണ്ണങ്ങളും ഉണ്ടാകയും വിയോഗംനിമിത്തം അവയൊക്കയും നശിക്കയും ചെയ്യുന്നു.

മൂ— പഞ്ചപ്രാചീരാലിഖേൽബാണസംഖ്യാ-
സ്ത്രിയുഗ്മേഖാവജ്ജിതാന്തശ്ചതുഷ്കാഃ
പ്രാഗാദീശദ്വാദശവ്യോമവാസാ
ജ്യോതിശ്ചക്രസ്വാമിനസ്തുബരാദ്യാഃ. ൩

ധരാജശുക്രജ്ഞശശീനസൌമ്യ
സിതാരജീവാർക്കജമന്ദജീവാഃ
ക്രമേണമേഷാദികരാശിനാഥാ
സ്തദംശപാശ്ചേരിവദന്തിസന്തഃ. ൪

വ്യാ—ഈ ശ്ലോകങ്ങൾ വ്യാഖ്യാതങ്ങളാണ്.

മൂ— ദ്വൈകവിംശൽഗിരയോ നവദിക്ഷോഡശാബ്ധ്യഃ
സൂര്യാദീനാംക്രമാദബ്ദാ രാശീനാംസ്വാമിനോവശാൽ. ൫

വ്യാ—കാലചക്രദശയിൽ സൂര്യാദി സപ്തഗ്രഹങ്ങൾക്കുള്ള സംവത്സരസംഖ്യയെ പറയുന്നു സൂര്യന് (൬) ചന്ദ്രൻ (൧൫) കുജൻ (൭) ബുധൻ (൯) വ്യാഴം (൧൬) ശുക്രൻ (൨൦) ശനി (൧൯) ഇങ്ങനെ ഏഴു

ല്ലാംകൂടി ൈ൨ സംവത്സരങ്ങളുമാകുന്നു. ഈ വത്സരസംഖ്യയുതന്നെ (മുനിപുത്രസ്സുനിദ്ധനന്ദ്യുപസ്ഥാപോധപനിഃക്രമാൽ സൂര്യാദിരശ്മിചരയഃ പ്രോക്താ വത്സരാശ്ചക്രജാതകേ വഹ്നി ഒരു പ്രമാണാന്തരവും ഉണ്ട്.)

മൂ— അശ്വീപുനർവ്വസ്വൃഥസ്യ മൂലപ്രോഷ്ഠപദാദിഷു
അംശകാൻഗണയേന്മേഷാൻ പ്രാദക്ഷിണ്യക്രമേണതു. ൫

വ്യാ—കാലചക്രദശയിലെ നക്ഷത്രങ്ങളെ അറിവാനുള്ള ക്രമത്തെപ്പറയുന്നു. അശ്വതി ഭരണി കാർത്തിക ഈ മൂന്നു നക്ഷത്രങ്ങളെ വലത്തുകയ്യിലെ ചെറുവിരൽമുതൽ മൂന്നുവിരൽകൊണ്ടും അടുത്തപോലെ ഇടത്തുകയ്യിലെ ചെറുവിരൽമുതൽ മൂന്നു വിരൽകൊണ്ടും രോഹിണി മകയിരം തിരുവാതിര ഇതുകളെയും പിന്നീ ക്രമത്തിനു ശേഷം വലത്തു മൂന്നുവിരൽകൊണ്ടും ഇങ്ങനെ മുറയ്ക്കു പിന്നീടാൽ വലത്തു കയ്യിന്റെ ചെറുവിരൽ അശ്വതി പുണർതം അത്തം മൂലം പൂരുരുട്ടാതി ഈ നക്ഷത്രങ്ങൾ വരും. ഇതുകളുടെ ഓരോ അംശങ്ങളെയും പ്രദക്ഷിണേന മേടംമുതൽ കണക്കാക്കണം. (അശ്വിന്യാദീൻദക്ഷിണതോ രോഹിണ്യാദീംസ്ത്രിവാമതഃ ദക്ഷിണംവാമമേവംന്യാ നക്ഷത്രാണാംത്രികംത്രികം എന്നു ഗ്രന്ഥാന്തരം)

മൂ— രോഹിണീമഖവൈശാഖ വൈഷ്ണവാദിഷ്വഭേഷ്വപി
അംശകാൻവൃശ്ചികാദീനാം ഗണയേദപസവ്യതഃ. ൬

വ്യാ—രോഹിണി മകം വിശാഖം തിരുവോണം ഈ നക്ഷത്രങ്ങൾ ഇടത്തുകയ്യുടെ ചെറുവിരലിൽ വരുന്നവയാണ്. ഈ നാളുകളുടെ അംശകങ്ങളെ വൃശ്ചികം മുതൽ അപസവ്യമായിപ്പിന്നണം.

മൂ— ദക്ഷിണാത്രികനക്ഷത്രം ദ്വാദശാംശകരാശിഷു
ചക്രം പ്രദക്ഷിണീകൃത്യ മീനാന്തംവിന്യസേൽപുനഃ. ൭

വ്യാ—വലത്തെ വിരലിൽ വരുന്ന മൂന്നു നാളുകളുടെ അംശകങ്ങളെ പ്രദക്ഷിണമായി പന്ത്രണ്ടും പിന്നീ മീനത്തിൽ അവസാനിപ്പിക്കണം.

മൂ— ഉത്തരാത്രയനക്ഷത്രം വൃശ്ചികാദ്യപ്രദക്ഷിണം
കൃത്വാചാപാന്തകേന്യസ്മിൻ ഋക്ഷാത്പ്യേദക്ഷിണോത്തരേ. ൮

വ്യാ—ഇടത്തെ വിരലിൽ വരുന്നനാളുകൾക്കു വൃശ്ചികാദ്യപ്രദക്ഷിണമായിട്ടു അംശങ്ങളെ പിന്നീ ചാപാന്തത്തിൽ അവസാനിപ്പിക്കണം ഇങ്ങനെ ദക്ഷിണോത്തര നക്ഷത്രങ്ങളെ അറിഞ്ഞുകൊള്ളേണ്ടതാണ്. കാലചക്രദശാവാക്യംകൊണ്ടു ഈ ശ്ലോകത്തിന്റെ അർത്ഥവും

കാര്യവും വ്യക്തമാകുന്നതാകയാൽ ഇവിടെ ഇത്രമാത്രമെ വിവരിക്കുന്നൊള്ളൂ.

കാലചക്രദശ.

മൂ— സവ്യാപസവ്യമാർഗ്ഗേണ ചാശ്വിന്യാദിത്രികംത്രികം
ദേഹാദിഗണയേത്സവ്യേ വാമേജ്ജീവാദിഗണ്യതേ. ൫൬

വ്യാ—അശ്വതി മുതലായ നക്ഷത്രങ്ങളെ മുമ്മൂന്നുവീതം വലത്തും ഇടത്തും അയി കണക്കാക്കണമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അവയിൽ വലത്തെ നാളിലെ അംശകങ്ങൾ ദേഹാദിയും ഇടത്തെ നാളിലെ അംശകങ്ങൾ ജീവാദിയുമായിട്ട് ഗണിക്കണം.

മൂ— മേഷാദ്യംശകകുളീരമിതരേ-
ഷ്വംശകേഷ്വപരമായുരുച്യതേ
ജ്ഞാനകം, മദ, രജു, സ്ഥിരാക്രമാ-
ത്ത്രികോണഭവനേചതദ്വദേൽ. ൫൭

വ്യാ—മേഷസിംഹധനുകൾക്കു ൧൦൦ വൃഷഭകന്നിമകരങ്ങൾക്കു വടി മിഥുനതുലാകുംഭങ്ങൾക്കു പുനഃ കർക്കടവൃശ്ചികമീനങ്ങൾക്ക് പുനഃ ഈ രാശ്യംശങ്ങൾക്കു ഇങ്ങനെയാണു ദശാസംവത്സരം വരുന്നത് ഇവ പരമായുസ്സംഖ്യയായി ഗണിക്കപ്പെട്ടുന്നു. ഈ ദശാസംവത്സരങ്ങൾ അതാതു രാശിത്രികോണങ്ങൾക്കു ചക്രദശാഭുക്തിവരുത്തുവാനുള്ള ഹാരകവുമാകുന്നു.

മൂ— ഏവമായുഃപരിജ്ഞാനം ദേഹജീവൌപ്രകല്പ്യച
സവ്യേതരപ്രഥമാംശസ്ഥൌ ദേഹമിത്യഭിധീയതേ. ൫൮

ജീവസ്സ്വേഷ്ടാന്ത്യപാദോ വിലോമമപസവ്യകേ
ദേഹജീവേയദാരാഹ്വഃ കേതുർഭൌമോരവിസ്ഥിതാഃ. ൫൯

തദാതസ്മിൻഭവേന്മൃത്യുർദ്ദേഹരോഗഃപ്രകീർത്ത്യതേ
ദേഹജീവഗ്രഹംയാതഃ സൌമ്യോജീവശുഭാർഗ്ഗവഃ ൬൦

ശുഭ സമ്പല്ലാരംസവ് രോഗശോകവിനാശനം
മിശ്രൈചരസംയുക്തേ മിശ്രംഫലമവാപ്നുയാൽ. ൬൧

വ്യാ—കാലചക്രദശയിൽ ദേഹജീവങ്ങളെ കല്പിച്ചിട്ടുവേണം ആയുസ്സിനെ നിർണ്ണയിക്കുവാൻ ദക്ഷിണനക്ഷത്രവാക്യങ്ങളിൽ ആദ്യത്തെരാശി ദേഹവും ഒടുവിലത്തേതു ജീവനുമാകുന്നു. വാമനനക്ഷത്രവാക്യങ്ങളിൽ ആദ്യത്തെ രാശി ജീവനും ഒടുവിലത്തേതുദേഹവുമാണ്. ദേഹജീവരാശികളിൽ രാഹു കേതു ആദിത്യൻ കുജൻ ശനി ഇവരിലു

രെങ്കിലും നിന്നാൽ മരണം സംഭവിക്കും. ദേഹത്തിൽ മാത്രം നിൽക്കയാണെങ്കിൽ രോഗപീഡയുണ്ടാകും. ശുഭപാപന്മാർ രണ്ടിടത്തും ഒരുമിച്ചു നിന്നാൽ ശുഭാശുഭ സമ്മിശ്രഫലം വിന്നും അറിഞ്ഞുകൊള്ളണം.

൪— സിംഹാവലോകസമയേ മണ്ഡൂകഗതിസംഭവേ
അപമൃത്യുഭയംതസ്മിൻ പ്രായശ്ചിത്താദിമുച്യതേ. ൧൯

വ്യാ—കാലചക്രദശയിൽ സിംഹാവലോകനം മണ്ഡൂകഗതി ഈ സന്ധികളിൽ അപമൃത്യുഭയം ഉണ്ടാകും. സൽകർമ്മങ്ങളും പ്രായശ്ചിത്തങ്ങളും ചെയ്താൽ അതിൽനിന്നു മോചനവും ലഭിക്കും.

൫— മീനാത്തുവൃശ്ചികംയാതേ ജ്വരോഭവേദിദേഹിനാം
പ്രാത്മാനാൽകർക്കടംയാതേ മാതൃബന്ധുവധൂമൃതിഃ. ൨൦

വ്യാ—മീനത്തിൽ നിന്നു വൃശ്ചികത്തിലേക്കു കാലചക്രദശമാറുമ്പോൾ ജാതകന് ജ്വരരോഗമുണ്ടാകും കന്നിയിൽ നിന്നു കർക്കടകത്തിലേക്കു ദശസംക്രമിക്കുമ്പോൾ മാതാവു് ബന്ധു ഭാര്യ ഇവക്കാക്കെങ്കിലും മരണം സംഭവിക്കും.

൬— കർക്കാത്തുവാരിംയാതേ വ്രണരോഗംവദേൽബുധഃ
സിംഹാത്തുമിഥുനംയാതേ സപത്നീരോഗോമൃതിർവേൽ. ൨൧

വ്യാ — കർക്കടകത്തിൽനിന്നു ചിങ്ങത്തിലേക്കുള്ള ദശമാറുമ്പോൾ വ്രണരോഗമുണ്ടാകും. ചിങ്ങത്തിൽ നിന്നു മിഥുനത്തിലേക്കുള്ള ദശാപ്രവേശസമയം മരണവും ഭാര്യയ്ക്കു രോഗവും ഉണ്ടാകും.

൭ — പുത്രബന്ധുമതിംവിദ്യാൽ ചാപാന്മേഷഗതേപുനഃ
ശുഭഗ്രഹോസ്മിന്നഭയം പാപഗ്രഹയുതേഭയം. ൨൨

വ്യാ—ധനുസ്സിൽനിന്നും മേടത്തിലേയ്ക്കുള്ള ദശാപ്രവേശ സമയം ബന്ധുവിനോ പുത്രനോ മരണം സംഭവിക്കും. വിന്നാൽ ദശാരാശികളിൽ ശുഭഗ്രഹങ്ങൾ കൂടി നിന്നാൽ അക്കാലം ദോഷംകൂടാതെയുള്ളതായിരിക്കുന്നതാണ്.

൮— കന്യായാഃകർക്കടംയാതേ പൂർവ്വഭാഗേമഹൽഫലം
ഉത്തരാദിശമാശ്രിത്യ ശുഭയാത്രാഭവിഷ്യതി. ൨൩

വ്യാ—കന്നിയിൽ നിന്നും കർക്കടകത്തിലേക്കു ദശപ്രവേശിക്കുന്ന സമയം പൂർവ്വഭാഗം മഹത്തായ ഫലം ഭവിക്കും. അക്കാലം വടക്കോട്ടിക്കിലേക്കു ശുഭമായ യാത്രയെ ചെയ്യാനും സംഗതിയാക്കാം.

മൂ— കക്കടാളിക്ഷിണേസിംഹേ ക്ഷയ്യഹാനിശ്ചരോഗകൃൽ
ദക്ഷിണാംദിശമാശ്രിത്യ പശ്ചാദാഗമനംഭവേൽ. ൨൬

വ്യാ—കക്കടത്തിൽനിന്നു ചിങ്ങത്തിലേക്കു പ്രവേശിക്കുന്ന ദശയുടെ സന്ധിയിൽ കായ്നാശവും രോഗവും ഉണ്ടാകയും തെക്കോട്ടിക്കിലേക്കു യാത്രപോകയും പിന്നീടു തിരിച്ചെത്തുകയും ചെയ്യും.

മൂ— മീനാത്തുവൃശ്ചികാക്രാന്തേ ഉദഗ്ഗമരതിസങ്കടം
ചാപാന്തേഷ്വേയംയാത്രാ വ്യാധിർബന്ധുമതിർഭവേൽ. ൨൭

തത്രസന്നദ്ധിവാഹാദി ശുഭംഭവതിപശ്ചിമേ
ശുഭാത്രുദ്ധേസുപ്രീതി സ്സർവ്വസമ്പല്ലുരംസുതാം. ൨൮

വ്യാ—മീനത്തിൽനിന്നു വൃശ്ചികത്തിലേക്കുള്ള ദശാപ്രവേശസമയം ദുഃഖവും വടക്കോട്ടിക്കിലേക്കു യാത്രയും ഉണ്ടാകും. ധനുസ്സിൽ നിന്നു മേടത്തിലേക്കുള്ള ദശയുടെ സന്ധിയും വ്യാധിയും ബന്ധുനാശവും സംഭവിക്കും. അക്കാലം സമ്പത്തും വിവാഹാദി ശുഭവും പശ്ചിമദിക്കിൽ സംഭവിക്കും. ആ രാശിയിൽ ശുഭയോഗമുണ്ടെങ്കിൽ സമ്പത്തും സകല ഐശ്വര്യവും രാജശ്രീയും ഉണ്ടാകയും ചെയ്യും.

മൂ— ദേഹോമേഷശ്ചാപസിംഹാജുഭാനാം
ജീവശ്ചാപോഗോവധൂനക്രഭാനാം
ആകോകേരോദേഹസംജ്ഞോന്യയുഗ്മം
ജീവസ്സ്യേച്ചാപസവ്യേവിലോമാൽ. ൨൯

വ്യാ—വലത്തെ നാളുകളിൽ മേഷസിംഹധനുക്കൾക്ക് മേടം ദേഹരാശിയും ധനു ജീവരാശിയും വൃഷഭകന്നി മകരങ്ങൾക്കു മകരം ദേഹരാശിയും മിഥുനം ജീവരാശിയുമാക്കണം. ഇടത്തെ നാളുകൾക്കു ഇതിനു വിപരീതമായി കണക്കാക്കണം. മേടസിംഹധനുക്കൾക്കു മേടം ജീവനും ധനു ദേഹവുമെന്നു ഭാവം. വൃഷഭകന്നി മകരങ്ങൾക്കു മകരം ജീവനും മിഥുനം ദേഹവുമെന്നുഭാവം.

മൂ— മീനോദേഹോയുഗ്മകോണംഗതാനാം
ജീവംയുഗ്മാഗാരമാഹുർമുനീന്ദ്രാഃ
മീനോജീവഃകർക്കടോ ദേഹരാശി
സ്സ്യേച്ചക്രേകർക്കി കീടാന്ത്യഭാനാം. ൩൦

വ്യാ—വലത്തെനാളുകളിൽ മിഥുനതുലാകുംഭങ്ങൾക്കു മീനം ദേഹരാശിയും മിഥുനം ജീവരാശിയും കർക്കടവൃശ്ചികമീനങ്ങൾക്കു മീനം ജീവരാശിയും കർക്കടകം ദേഹരാശിയുമാകുന്നു. ഇവിടെയും അപസ്സ

മൃഗനക്ഷത്രങ്ങൾക്കു ഇതിനു വിപരീതം കാക്കേണ്ടതാണ്. അല്പം ദൂരെ ഞ്ഞിട്ടുള്ള ദേഹജീവരാശികളെ ഇവിടെ ഒന്നുകൂടി സ്പഷ്ടമാക്കുന്നു ച്ചതല്ലാതെ വേറെ വ്യത്യാസമൊന്നും ഇല്ല.

മൂ— ദേഹജീവസമായുക്തൈ ർഭൌമാക്കിരവിഭോഗിഭിഃ
ചതുർഭിർമൃതിരാപന്നാ ദേഹജീവേഭവേത്ത്രയി. ൫൯

വ്യാ—മുമ്പുപറഞ്ഞ ജീവരാശികളിൽ ആദിത്യനോ ചൊവ്വാ യോ ശനിയോ രാഹുവോ കേതുവോ നിന്നാൽ മരണം സംഭവിക്കും. രണ്ടോ മൂന്നോ പാപന്മാർ നിന്നാൽ നിസ്സംശയം മരണത്തെ നിശ്ചയിക്കയും ചെയ്യാം.

മൂ— ദേഹയുക്തേമഹാരോഗോ ജീവയുക്തേമഹാഭയം
ദ്വാഭ്യാംസംയോഗമാത്രേണ ഹന്യതേനാത്രസംശയഃ. ൬൦

വ്യാ—ദേഹരാശിയിൽ പാപഗ്രഹം നിന്നാൽ മഹത്തായ രോഗവും ജീവരാശിയിൽ പാപഗ്രഹം നിന്നാൽ മരണവും സംഭവിക്കും. ദേഹജീവരാശികൾ രണ്ടും പാപയുക്തമായാൽ മരിക്കുമെന്നുള്ളതിനു സംശയമില്ല.

മൂ— അതിരോഗോഭവേദ്ദ്വാഭ്യാം അപമൃത്യുസ്ത്രിഭിർഭവേൽ
ചതുർഭിർമൃതിരാപന്നാ ദേഹജീവേഭവേത്ത്രയി. ൬൧

വ്യാ—ദേഹജീവരാശികളിൽ രണ്ടു പാപന്മാർ നിന്നാൽ കഠിനമായ രോഗവും മൂന്നുപാപന്മാർ നിന്നാൽ അപമൃത്യുവും നാലുപാപന്മാർ നിന്നാൽ ഉടൻ മൃതിയും സംഭവിക്കും. (രവികുജമന്ദന്മാർ മൂന്നും രാഹുകേതുക്കളിൽ ഒന്നും കൂടിയാണു നാലു പാപന്മാരെ ഇവിടെ പറഞ്ഞതു്.

മൂ— യുഗപദ്ദേഹജീവസ്ഥ പാപഗ്രഹയുതൈരയദി
രാജചോരാരിഭീതിശ്ച ദ്വാഭ്യാംമൃത്യുർനസംശയഃ. ൬൨

വ്യാ—ദേഹജീവരാശികളിൽ രണ്ടിലും ഒരുമിച്ചു ഓരോ പാപന്മാർ നിന്നാൽ രാജാവു് ശത്രുക്കൾ കള്ളന്മാർ ഇവരിൽനിന്നു് അപായവും രണ്ടു പാപന്മാർവീതം ഈ രാശികളിൽ നിന്നാൽ നിശ്ചയമായും മരണവുമുണ്ടാവും.

മൂ— അഗ്നിബാധാരവൌവിദ്യാൽ ചന്ദ്രേജ്വലനബാധകം
ഭൌമേശസ്ഥേകൃതാപീഡാ വായുബാധാകരംബുധേ. ൬൩

ഗുരൌചോദരപീഡാതു ശുക്രേവഹനിഭയംഭവേൽ
ശനൌതുഗ്രന്മബാധാസ്യാ ദ്രാഹൌവിഷകൃതാമയഃ. ൬൪

വ്യാ—സൂര്യചന്ദ്രന്മാർ അഗ്നിബാധയേയും കുജൻ അയുധോപദ്രവത്തേയും ബുധൻ വായുപീഡയേയും ഗുരു ഉദരവ്യാധിയേയും ശുക്രൻ അഗ്നിഭയത്തേയും ശനി ഗ്രന്ഥരോഗത്തേയും രാഹുവിഷപീഡയേയും ചെയ്യും.

മൂ— ഭ്രാതൃസ്ഥാനഗതാഞ്ജീവോ ഭാരസ്ഥാനഗതഃകുജഃ
തഥാജന്മഗതോമന്ദോ രാഹുർനവമരാശിഗഃ. നമ

ചന്ദ്രോഷ്ടമഗൃഹംയാത സ്സൂര്യോരിഫഗൃഹംഗതഃ
ബുധസ്സപ്തമഭോഃസ്ഥോ ഭാർഗവശ്ശുരാശിഗഃ. നനു

ഇത്യേവംമരണസ്ഥാനം തസ്മിൻപാപയുതേഥവാ
പാപദൃഷ്ടേനീചസ്ഥോ ദുർബ്ബലോദുഃഖമാപ്നുയാൽ. നരു

വ്യാ—മൂന്നാമിടത്തുള്ളതും പത്തുമിടത്തുള്ള കുജബുധന്മാരും ജനനത്തിൽ ശനിയും ഒൻപതിൽ രാഹുവും അഷ്ടമത്തിൽ ചന്ദ്രനും പന്ത്രണ്ടിൽ സൂര്യനും ഏഴാമിത്തിൽ ശുക്രനും വരുന്നകാലമോ ദേഹജീവരാശികളിൽ പാപന്മാർവരുന്ന കാലമോ മൃതിയെ നിശ്ചയിക്കാവുന്നതാണ്. ദോഷകൃത്തായവായ ഗ്രഹം ദുർബ്ബലനും ശത്രുക്ഷേത്രത്തിലോ നീചത്തിലോ പാപപദൃഷ്ടിയോടുകൂടി നിൽക്കുന്നവനുമായാൽ മരണം ഏറ്റവും അശുഭംതന്നെ എന്നുള്ളതിനു സംശയമില്ല.

## ദേഹജീവമരണം.

മൂ— ഭാനുഃകരോതിവിവിധാപദമർത്ഥനാശ-
മാത്മിജപാരിജനഭീതിപദവ്യഥാംച
പിത്താത്മിഗ്രന്ഥിഗ്രഹണീക്ഷയകണ്ഠരോഗം
പശ്ചാദിബന്ധുമരണംസഹജാദിനാശം. നഞ

വ്യാ—ആദിത്യൻ പലവിധത്തിലുള്ള ആപത്തു അർത്ഥനാശം ദുഃഖം ജ്വരം ശത്രുഭയം സ്ഥാനഭ്രംശം (അന്യദേശഗമനം) പിത്തം ഗ്രന്ഥം ഗ്രഹണി ക്ഷയം കണ്ഠരോഗം പശ്ചാദികൾക്കും ബന്ധുക്കൾക്കും ഭ്രാതാക്കന്മാക്കും നാശം ഇവയെ ചെയ്യും.

മൂ— ചന്ദ്രസ്സുബന്ധുജനനീസുതകന്യകാപ്തി-
മാരോഗ്യഭൂഷണസുഖാംബരരാജ്യലാഭാം
ദാനക്രിയാദിനുഭൃസുരപുണ്യതീർത്ഥ-
സ്നാനാർച്ചനംമുദുസുഖംനസുഖംകരോതി. നന

വ്യാ—ചന്ദ്രൻ ബന്ധുക്കൾക്കും മാതാവിനും പുത്രന്മാക്കും സുഖം കന്യകാലാഭം ആരോഗ്യം ആഭരണങ്ങൾ വസ്ത്രങ്ങൾ രാജ്യലാഭം (രാജ്യ

സമ്മാനം) ദാനധർമ്മങ്ങൾ ദേവബ്രാഹ്മണപൂജനാം പുണ്യതീർത്ഥസ്നാനാം അല്പമായ സുഖം ഇവയെ ചെയ്യും. പൂർണ്ണസൗഖ്യത്തെ ചന്ദ്രൻ കൊടുക്കുകയില്ലാ.

മൂ— ഭൈമൈകരോരി തനുതാപരുഗാഗ്നിചോര
ദായാബന്ധുകലഹം സഹജാദിനാശം
ക്ഷേത്രാർത്ഥനാശപദവിച്യുതിയുദ്ധഭീതി
ഹ്രസ്വാശ്കുവിഷശത്രുഭയംകുവൃത്തിം. ൫൯

വ്യാ—ചൊവ്വാ ശരീരത്തിനു ചൂട്ട തന്നിമിത്തം ഉള്ള രോഗം അഗ്നിഭയം കള്ളൻ പുത്രന്മാർ ബന്ധുക്കൾ ഇവരുമായുള്ള കലഹം സഹോദരാദികൾക്കു മരണം കൃഷി ഭൂമി നാശം അർത്ഥഹാനി സ്ഥാനഭ്രംശം യുദ്ധഭയം ഹ്രസ്വം അർശസ്സ് കുടുംബവിഷഭയം ശത്രുഭയം ഇവയെയും ചെയ്യും.

ബു— ജ്വരംമസൂരികാപൈത്ത്യ ഗ്രന്ഥിസ്ഫോടംകുജസ്യച
വിഷാഗ്നിശസ്ത്രചോരാരി നൃപഭീതിംവദേൽബുധഃ. ൫൬

വ്യാ—കുജനുതന്നെ ജ്വരം മസൂരി പിത്തം മുഴ സ്ഫോടം (വിള്ളൽ) വിഷം അഗ്നി ശസ്ത്രം കള്ളർ ശത്രു രാജാ ഇവയിൽ നിന്നുള്ള ഭയം മുതലായവയെയും പറയണം.

ബൃ— സൗമ്യൈകരോതി സുഹൃദാപ്തമഹാപ്രസാദ
വിജ്ഞാനശീലനിഗമാഗമശാസ്ത്രബോധം
സ്ത്രീപുത്രദാരനൃപഭ്രൂഷണഭോജനാശ
ലാഭംവിവേകധനബുദ്ധിയശോഭിവൃദ്ധിം. ൫൮

വ്യാ—ബുധൻ ബന്ധുക്കളുടെ മറ്റതായ സന്തോഷത്തെയും ശില്പശാസ്ത്രജ്ഞാനം വേദശാസ്ത്രാദി പരിജ്ഞാനം ഇവയേയും സൽസ്വഭാവത്തെയും സ്ത്രീ പുത്രൻ ഭാര്യ, രാജാവ് ഇവരിൽനിന്നുള്ള ഗുണത്തെയും ആഭരണങ്ങൾ സുഖഭോജനാം കുതിര ഇവയുടെ ലാഭത്തെയും വിവേകം ധനം ബുദ്ധി യശസ്സ് ഇതുകളുടെ അഭിവൃദ്ധിയെയും ചെയ്യും.

ഗു— ജീവഃകരോതിവിവിധാർത്ഥസുപ്രമാദത്വം
രാജ്യാഭിഷേകമവനീപ്രഭുപൂജനാഞ്ച
സ്ത്രീപുത്രലാഭസുഭ്രൂഷണഭോജനാർത്ഥ
മാരോഗ്യകീർത്തിവിജയം ച പരോപകാരം. ൫൭

വ്യാ—വ്യാഴം പലവിധത്തിലുള്ള അർത്ഥലാഭവും സുഖവും മഹത്വം രാജ്യപ്രാപ്തിയും അഥവാ രാജസമ്മാനവും കളത്രപുത്ര ലാഭ

ും സുഖവും ഭൂലങ്കാരലബ്ധിയും ഇഷ്ടഭോജനവും ആരോഗ്യവും യശസ്സും കാര്യജയവും പരോപകാരവും മറ്റുശുഭഫലത്തെയും ചെയ്യും.

മൂ— ശുക്രഃകേരോരിരരിലാഭസുഖാശനാദി
ചിത്രാംബരാർത്ഥപശുവാഹനരത്നജാലം
ഗാനക്രിയാനടനഗോഷ്ഠി മഹാപ്രതാപം
സൽകീർത്തിമാനവിഭവം സുഹൃന്നൈസ്സമാജ്ഞം. രൂ൯

വ്യാ—ശുക്രൻ രിപു സുഖം കളത്രപ്രാപ്തി വിചിത്രവസ്ത്രങ്ങൾ ധനങ്ങൾ പശുവൃഷഭാദികൾ വാഹനങ്ങൾ രത്നങ്ങൾ (ശ്രേഷ്ഠവസ്തുക്കൾ) ഇവയുടെ പ്രാപ്തിയേയും പാട്ട് കൊട്ട് ആട്ടം തുള്ളൽ ഇത്യാദി കളിൽ നിന്നുള്ള സുഖവും മറ്റതായ പ്രതാപം നല്ല യശസ്സു മാനങ്ങൾ സജ്ജനസംഗമം ഇതുകളുടെ ലാഭത്തേയും ചെയ്യും.

മൂ— മന്ദഃകേരോരികലഹംതനുകുഷ്ഠഭൃത്യ
ബന്ധുർത്തിമഗ്നിരിപുഭ്രതഭയംവിഷാത്തിം
മാനാർത്ഥഹാനിമഭിമാനകളത്രപുത്ര-
നാശംഗൃഹാർത്ഥകൃഷിവാണിജുഗോവിനാശം. രൂ൰

വ്യാ—ശനി കലഹം ദേഹപീഡ ഇവയേയും ഭൃത്യന്മാക്കും ബന്ധുക്കൾക്കും അരിഷ്ടതയേയും അഗ്നി ശത്രു ഭ്രതങ്ങൾ വിഷം ഇതുകളിൽ നിന്നുള്ള ഭയം ഗൃഹം അർത്ഥം കച്ചവടം ഇതുകളുടെ ഹാനിയേയും ചെയ്യും.

മൂ— രാഹുർദ്ദേഹേരിപീഡാത്മ ബന്ധുകഷ്ടംപരിഭ്രമം
പക്ഷാഘാതാദിപീഡാഞ്ച രാജ്യകോപംമഹാഭയം. രൂ൱

വ്യാ—രാഹു ദേഹരാശിയിൽ നിന്നാൽ ശത്രുപീഡ. ആത്മപീഡ ബന്ധുനാശം സന്താപം പക്ഷാഘാതാദിരോഗോപദ്രവം രാജകോപം മരണം ഇവയും സംഭവിക്കും.

മൂ— കേതുർഹ്യഗ്നിപീഡാദി രക്തസ്രാവനിപീഡനം
ഭാര്യാ ബന്ധുനാശഞ്ച സ്ഥാനനാശംമഹാഭയം. രൂ൲

വ്യാ—കേതു വിഷം അഗ്നി ആയുധം ഇവയിൽനിന്നുള്ള പീഡയേയും രക്തസ്രാവം ഭാര്യാ ബന്ധുനാശം സ്ഥാനഭ്രംശം (വിദേശഗമനം) മരണം ഇവയേയും ചെയ്യും.

ചക്രദശാഫലം——ലഗ്നം.

മൂ— ലഗ്നചക്രദശാകാലേ ദേഹാരോഗ്യംമഹാസുഖം
കീർത്തിഭൂഷണരാജ്യാർത്ഥ സുതദാരാംബരാപ്തിഃ. രൂ൳

ശുഭക്ഷേത്രേശുഭംസർവ്വം പാപർക്ഷേഫലമന്യഥാ
തദ്വൽ പാപസമായുക്തേ ശുഭയുക്തശുഭാദികം. ൫൯

സപക്ഷേത്രതുംഗമിത്രസ്ഥ ഖേചരേണസമന്വിതെ
വിലഗ്നചക്രവാകേതു രാജ്യാപ്തിർന്നൃപപൂജനം. ൬൦

നീചമൗഢ്യരിരാശീശ ഖേചരേണസമന്വിതേ
പുത്രദാരാദിനാശഞ്ച മിശ്രേമിശ്രഫലംവദേൽ. ൬൧

വ്യാ — ലഗ്നചക്രദശാകാലം ദേഹാരോഗ്യവും ഏറ്റവും സുഖവും യശസ്സും ഭൂഷണങ്ങളും രാജ്യലാഭം അർത്ഥലാഭം ഇവയും പുത്രകളത്രലാഭവും വസ്തുലാഭവും ഉണ്ടാകും. ശുഭരാശിയാണെങ്കിൽ ഫലം ഇങ്ങനെതന്നെ. പാപരാശിയാണെങ്കിൽ പറഞ്ഞവയെല്ലാം ഹാനിതന്നെപറയാം. പാപയോഗമുണ്ടായിരുന്നാൽ പാപഫലവും ശുഭയോഗമുണ്ടായിരുന്നാൽ ശുഭഫലവും ഭവിക്കും. സപക്ഷേത്രം ഉച്ചം മൌഢ്യക്ഷേത്രം ഇവയുള്ള ഗ്രഹത്തോടു ചേർന്നിരുന്നാൽ അക്കാലം രാജസമ്മാനവും രാജ്യപ്രാപ്തിയും ലഭിക്കും. നീചം മൌഢ്യം ശത്രുക്ഷേത്രം ഇവയുള്ള ഗ്രഹത്തോടുചേർന്നുനിന്നാൽ പുത്രഭാര്യാദി നാശവും അസുഖവും മറ്റു ദോഷങ്ങളും ഉണ്ടാകും. ശുഭപാപസമ്മിശ്രതയായിരുന്നാൽ ഫലവും ശുഭാശുഭസമ്മിശ്രമായിരിക്കും. ഈ നിരൂപണം പൂർണ്ണമാക്കിലും വേണ്ടതുമാണ്.

മൂ— ദ്വിതീയരാശിചക്രേധനധാന്യവിവർദ്ധനം
ഭോജനംസുതരാപ്തി ക്ഷേത്രഗോരൂപപൂജനം. ൬൨

വിദ്യാപ്തിംവാക്കുടുതാഞ്ച സൽഗോഷ്ഠ്യാകാലയാപനം
ശുഭർക്ഷഫലമേവംസ്യാൽ പാപർക്ഷഫലമന്യഥാ. ൬൩

വ്യാ—രണ്ടാംഭാവത്തിൽ വരുന്ന ചക്രദശയിൽ ധനധാന്യപുഷ്ടിയും ഭക്ഷണസുഖവും പുത്രലബ്ധിയും കളത്രപ്രാപ്തിയും കൃഷിഭൂമികളും പശുവൃഷഭാദിധനങ്ങളും രാജബഹുമാനവും വിദ്യാഗ്രഹണവും (പരീക്ഷയിൽ ജയിക്കുക) വാക്സാമർത്ഥ്യവും സജ്ജനസഹവാസവും സംഭവിക്കും. ശുഭരാശിയാണെങ്കിൽ ഫലം ഇപ്രകാരംതന്നെ. പാപരാശിയാണെങ്കിൽ ഈ ഫലങ്ങൾ വിപരീതമായിരിക്കും.

മൂ — തൃതീയരാശിചക്രസ്യ പരിപാകേമഹാസുഖം
ഭക്ഷ്യഭോജ്യഫലാപ്തിഞ്ച ശൌര്യൈശ്വര്യമനോജ്ഞയം. ൬൪

കണ്ണാഭരണവസ്ത്രാപ്തി കർണ്ണഭൂഷണസമ്പദഃ
അന്നദാനാദിസാമർത്ഥ്യം ശുഭരാശൌശുഭംവദേൽ. ൬൫

വ്യാ—തൃതീയ ചക്രഭശാകാലം വലുതായ സുഖവും കോപ്യഭോഗ്യാദികളും ശൌര്യവും ധൈര്യവും മനോജയം (മനസ്സിന്റെ സമാധാനസ്ഥിതി) ഇവയും കഴുത്തിലും കാതിലും അലങ്കരിക്കാനുള്ള സാധനങ്ങളുടെയും വിശേഷവസ്ത്രങ്ങളുടേയും ലാഭവും അന്നാദ്യാദിസമൃദ്ധിയും ഫലമാകുന്നു. ശുഭരാശിക്കു ഫലം ശുഭംതന്നെ.

മൂ— ചതുർത്ഥരാശിചക്രസ്യ പാകേവാഹനഭൂഷണം
സീമാപ്തിർതീർത്ഥയാത്രാദി മഹാജനനിഷേവണം. ൪൯

ചിത്തശുദ്ധിംമഹോത്സാഹം സ്ത്രീസുതാപ്തിംകൃഷിക്രിയാം
ബന്ധുക്ഷേത്രാദിവൃദ്ധിഞ്ച ഗൃഹലാഭംമഹാസുഖം. ൫൦

ആരോഗ്യമർത്ഥലാഭഞ്ച സുഗന്ധാംബരഭൂഷണം
ശുഭർക്ഷേശോഭനംവിദ്യാൽ പാപർക്ഷേഫലമന്യഥാ. ൫൧

വ്യാ—നാലാംഭാവം ശുഭരാശിയായിരുന്നാൽ ചതുർത്ഥചക്രഭശാകാലം വാഹനങ്ങൾ അലങ്കാരസാധനങ്ങൾ ഇഷ്ടകാര്യസാദ്ധ്യം തീർത്ഥയാത്രാദിപുണ്യസിദ്ധി സജ്ജനസേവനം മനഃശുദ്ധി ഉത്സാഹബുദ്ധി കളത്രപുത്രലാഭം കൃഷിഗ്രഹണം ബന്ധുക്കൾക്കും കൃഷിഭൂമികൾക്കും അഭിവൃദ്ധി ഗൃഹലാഭം സുഖം ആരോഗ്യം അർത്ഥലാഭം സുഗന്ധദ്രവ്യങ്ങളുടേയും വസ്ത്രാഭരണങ്ങളുടേയും ലാഭം ഇവയും ഫലമാകുന്നു. പാപരാശിയായിരുന്നാൽ ഈ പറഞ്ഞതിനു വിപരീതമായി വിചാരിച്ചുകൊൾകയും വേണം.

മൂ— സുതരാശ്യാത്മകേചക്രേ രാജ്യാപ്തിംരാജപൂജനം
സ്ത്രീസുതാപ്തിമഹാധൈര്യ മാരോഗ്യംബന്ധുപോഷണം. ൫൨

അന്നാദ്യാനംയശോലാഭ മാനന്ദാത്മമഹോദയം
ഉപകർത്തൃത്വമർത്ഥാപ്തിം വാഹനാംബരഭൂഷണം. ൫൩

ശുഭപാപർക്ഷജംസർവ്വം ഗ്രഹയോഗാദിസംഭവം
പൂർവ്വവദ്ഭോജ്യമത്രാപി ചരരാശൗവിചിന്തയേൽ. ൫൪

വ്യാ—പഞ്ചമഭാവത്തിലെ ചക്രഭശാകാലം രാജ്യപ്രാപ്തിയും രാജസമ്മാനവും കളത്രപുത്രസിദ്ധിയും ധൈര്യം ആരോഗ്യം ബന്ധുപുഷ്ടിയും അന്നാദ്യവും യശസ്സിന്റെ പ്രാപ്തിയും മനസ്സിന് ആനന്ദവും ഏറ്റവും അഭ്യുദയവും ഉപകാരശീലവും അർത്ഥലാഭവും വസ്ത്രം വാഹനം ആഭരണം ഇവയുടെ ലാഭവും ഉണ്ടാകും. ഗ്രഹയോഗങ്ങൾകൊണ്ടും ശുഭപാപരാശികൊണ്ടും ഉണ്ടാകുന്ന ഭേദങ്ങളെ മുമ്പു വിവരിച്ച പ്രകാരം യുക്തമാംവിധം യോജിപ്പിച്ചുകൊൾക. സുതരാശി ചക്രരാശിയാ

തിരുന്നാൽ ഈ ദശാകാലം സ്ഥാനഭ്രംശം (ദൂരയാത്ര) ഉണ്ടാകയും ചെയ്യും.

൪— ചക്രസ്യഷഷ്ഠരാശേസ്തു പരിപാകേനിജംഭയം
ചോരാരിവിഷദൂതാത്തിം സ്ഥാനനാശംമഹാഭയം. ൫൯

പ്രമേഹഗ്രന്ഥപാണ്ഡ്വാദി ഗ്രഹണീക്ഷയസംഭവഃ
അപകീർത്തിംകളത്രാർത്ഥ സുതബന്ധുവിനാശനം. ൬൦

ബന്ധനംനിഗളപ്രാപ്തിർമൃണദാരിദ്ര്യപീഡനം
പാപർക്ഷഫലമേവംസ്യാ ന്മിശ്രേമിശ്രഫലംവദേൽ. ൬൧

വ്യാ—ഷഷ്ഠദശാകാലം അഗ്നി കള്ളർ ശത്രു ഇവയിൽ നിന്ന് ഉപദ്രവവും വിഷഭയവും സ്ഥാനനാശവും മഹത്തായഭയവും പ്രമേഹം ഗ്രന്ഥം പാണ്ഡു ഗ്രഹണി ക്ഷയം ഇത്യാദി രോഗങ്ങളും അപകീർത്തിയും ഭാര്യാധനം ഭാര്യ പുത്രൻ ബന്ധു ഇവക്കു നാശവും ബന്ധനവും ജയിൽവാസവും കടവും ദാരിദ്ര്യവും ഫലമാകുന്നു. പാപരാശിയായാൽ ഫലമങ്ങനെതന്നെ. ശുഭസമ്മിശ്രമായാൽ ഫലവും സമ്മിശ്രമായിരിക്കും.

൫— കളത്രരാശിചക്രസ്യ പരിപാകേകരഗ്രഹഃ
സ്ത്രീസുഖംപുത്രലാഭഞ്ച വ്യത്യസ്തമുപഗ്രഹാദികം. ൬൨

കൃഷിരോഗജ്വരഭ്രഷ്ടാപ്തിം രാജപൂജാമഹായശഃ
ശുഭരാശൗഫലംസത്യം ശുഭഖേചരസംയുതേ. ൬൩

വ്യാ—സപ്തമരാശി ശുഭക്ഷയം ശുഭസഹിതവുമായാൽ ആ ദശാകാലം വിവാഹം ഭാര്യാസുഖം പുത്രലാഭം വ്യയം നെയ്യ് പരിപ്പുമുതലായ ഉപദംശങ്ങൾ ശർക്കരമുതലായ ഭോജ്യദ്രവ്യങ്ങളുടേയും ലാഭവും കൃഷിവൃദ്ധിയും പശു ആന ആഭരണങ്ങൾ ഇവയുടെ പ്രാപ്തിയും രാജസമ്മാനവും കീർത്തിയും ഭവിക്കും.

൬— മൃത്യുചക്രദശാകാലേ മഹാദുഃഖംധനക്ഷയം
സ്ഥാനനാശംബന്ധുനാശം ഗ്രഹോദ്വേഗനിപീഡനം. ൬൪

ദാരിദ്ര്യമനവിദ്വേഷമനാഭാവമരേർഭയം
പാപർക്ഷേപാപസംയോഗേ ഫലമേവംവിനിർദ്ദിശേൽ. ൬൫

വ്യാ—അഷ്ടമചക്രദശാകാലം വലുതായ ദുഃഖവും ധനനഷ്ടവും ദാരിദ്ര്യവുംസ്ഥാനഹാനിയും ബന്ധുനാശം രോഗം ഭാര്യാപുത്രാദികൾക്കും ഇവ സംഭവിക്കയും മനഃക്ലേശവും അരുചിയും ശത്രുഭയവും മ

റും ദോഷഫലം പാപക്ഷേത്രവും പാപയുതനും ആയാൽ ഫലമങ്ങനെ തന്നെ.

മൂ— ശുഭചക്രദശാകാലേ ശോഭനംഭവതിധ്രുവം
പുത്രമിത്രകളത്രാർത്ഥ കൃഷിഗോന്നപഭൂഷണം
സല്കർമ്മധർമ്മസംസിദ്ധിം മഹാജനപരിഗ്രഹം
ശുഭരാശൌശുഭംസർവ്വം പാപരാശൌവിപര്യ്യയം. ൯൯

വ്യാ—നവമചക്രദശാകാലം ശുഭരാശിയായാൽ സകലവും ശുഭമായി ഭവിക്കും. ബന്ധു പുത്രൻ ഭാര്യ ധനം കൃഷി പശുക്കൾ ഇവ യ്ക്ക് അഭിവൃദ്ധിയും ഗുണവും സിദ്ധിക്കയും രാജപ്രസാദവും ഭൂഷണവ്യ ലാഭവും നല്ല കർമ്മങ്ങൾ ചെയ്കയും ധർമ്മസിദ്ധിയും മഹാജനങ്ങ ളുടെ സംഗമവും ഫലമാകുന്നു.

മൂ— കർമ്മചക്രദശാകാലേ രാജ്യാപ്തിർന്നപപൂജനം
സല്കീർത്തിദാരപുത്രാദിബന്ധുസംഗമമോത്സവം ൯൭

ആഢ്യതൈധരസമാരോഗ്യം സൽഗോഷ്ഠ്യാകാലയാപനം
സല്കർമ്മഫലമൈശ്വര്യം ശുഭരാശൌവദേൽബുധഃ. ൯൮

വ്യാ—ദശമചക്രദശാകാലം രാജ്യലാഭവും രാജൻമാനവും യശസ്സും പുത്രന്മാർ ഭാര്യ ബന്ധുക്കൾ ഇവരുടെ ചേർച്ചകൾ. നിത്യസുഖവും ആഢ്യതാശക്തിയും ആരോഗ്യവും സജ്ജനസമാഗമസംയോഗവും കർമ്മഫലസിദ്ധിയും ചെയ്കയും ഫലം.

മൂ— ലാഭചക്രദശാകാലേ ധനാരോഗ്യവിഭൂഷണം
വിചിത്രവസ്ത്രാഗമനം ഗൃഹോപകരണാംലബ്ധേൽ. ൯൯

സ്ത്രീപുത്രബന്ധുസൌഖ്യാപ്തിമണ്ഡവ്യായതിംശുഭം
രാജപ്രീതിമ്മഹൽസംഗം പ്രവദന്ത് ശുഭോദയേ. ൧൦

വ്യാ—ഏകാദശാംശകാലം ആരോഗ്യം ആഭരണങ്ങൾ വിശേഷ വസ്തുക്കൾ ഗൃഹോപകരണങ്ങൾ ഇവയുടെലാഭവും ഭാര്യാപുത്രസുഖവും ഋണവിമോചനവും അഥവാ നഷ്ടദ്രവ്യലാഭവും ശുഭവും രാജപ്രീതിയും മഹാജനങ്ങളുടെ ചേർച്ചയും ഫലം.

മൂ— വ്യയചക്രദശാകാലേ ദേഹാർത്തിംസപദച്യുതിം
ചോരാരിനൃപകോപാദി ബന്ധുസ്ത്രീകൃതപീഡനം. ൧൦൨

ഉദ്യോഗഭംഗമാലസ്യം കൃഷിഗോഭ്രമിനാശനം
ദാരിദ്ര്യംകർമ്മവൈകല്യം പാപക്ഷേത്രേ ന സംശയം. ൧൦൩

വ്യാ—ഏഴാംഭാവത്തിൽ വരുന്ന ചക്രുദശാകാലം ദേഹപീഡയും സ്ഥാനഭ്രംശവും കള്ളന്മാർ അഗ്നിരാജാവു് ഇവരിൽനിന്നുള്ള പീഡയും ഭയമുള്ളും ബന്ധുക്കൾക്കും ഉപദ്രവവും ഒന്നിനും സൗഖ്യമില്ലായ്മയും മടിയും കൃഷിക്കും പശുക്കൾക്കും ഭ്രമിക്കും നാശവും ദാരിദ്ര്യവും കർമ്മവൈകല്യവും സംഭവിക്കും. പാപക്ഷേത്രമായാൽ ഫലങ്ങൾ ഇപ്രകാരംതന്നെ. ശുഭരാശിയായിരുന്നാൽ ദോഷത്തിനു കുറവുണ്ടെന്നു സാരം.

മൂ— ലഗ്നാദിദ്വാദശാന്താനാംഭാവാനാംഫലമീദൃശം
പ്രോക്തമത്രവിശേഷാസ്തിവിശേഷാൽകഥ്യതേധുനാ. ൩൨

വ്യാ—ലഗ്നം മുതൽ ഏഴാമിടം വരെയുള്ള ഭാവങ്ങളുടെ ചക്രുദശാഫലം ഈ പറഞ്ഞ പ്രകാരമാണ് ഇതിൽ ചില വിശേഷം ഉള്ളതിനെ ഇനിയും വിവേചനം പറയുന്നു.

മൂ— തത്താദൃഗ്ദശവീയ്യേണ യഥായോഗ്യംപ്രയോജയേൽ
രാശീശ്വരേബലയുതേ സേപാച്യമിത്രസപവർഗ്ഗഗേ. ൩൩

മിത്രാർച്ചിതേശുഭൈർദൃഷ്ടേ യൽപ്രോക്തന്തത്ശുഭംവദേൽ
ബലഹീനോരിനീചസ്ഥേ ദിനേശകരപീഡിതേ. ൩൪

ഷഷ്ഠാഷ്ടമവ്യയസ്ഥാനേ പാപശത്രുനിരീക്ഷിതേ
തദ്രാശീശേതുസഞ്ജാതേകഷ്ടംരാശ്യുത്ഭവംനൃണാം. ൩൫

വ്യാ—അതാതു രാശികളുടെ അധിപന്മാരുടെ ബലത്തിനു തക്കവണ്ണം മേൽപറഞ്ഞ ഫലങ്ങളെ യഥായോഗ്യം പറയേണ്ടതാകുന്നു. രാശ്യാധിപൻ ബലവാനായിരിക്ക, ഉച്ചം സ ക്ഷേത്രം ബന്ധുക്ഷേത്രം ഈ സ്ഥാനങ്ങളിൽ സ്ഥിതിയും വർഗ്ഗവും ഉണ്ടായിരിക്കുക, ശുഭഗ്രഹങ്ങളുടേയും ഗ്രഹങ്ങളുടേയും ബന്ധുഗ്രഹങ്ങളുടേയും യോഗദൃഷ്ടികർ ഉണ്ടായിരിക്കുക, എന്നാൽ ശുഭഫലം പറഞ്ഞവണ്ണംതന്നെ സംഭവിക്കും. രാശ്യാധിപന്റെ ബലഹീനത ശത്രുക്ഷേത്രസ്ഥിതി നീചസ്ഥിതി. മൌഢ്യം സ-വ്യ- ഏ. ഈ ഭാവങ്ങളിലെ സ്ഥിതി പാപഗ്രഹങ്ങളുടേയും ശത്രുഗ്രഹങ്ങളുടേയും യോഗദൃഷ്ടികർ ഇവയുണ്ടായിരുന്നാൽ രാശിഫലം ഏറ്റവും കഷ്ടമായിരിക്കും.

മൂ— ഫലംതദ്വിഗുണംകഷ്ടം ശുഭരാശ്യുത്ഭവംഫലം
അധിപസ്യബലംഹീനം യദിചാന്യർത്ഥമാപ്നുയാൽ. ൩൬

അധിപസ്യബലാധിക്യേ രാശ്യുത്ഭവഫലംശുഭം
യദിഭേദഗ്രിഹണംസൌമ്യംഫലത്യേവനസംശയഃ. ൩൭

അധിപേചരാശിസ്ഥ ചരരാശ്യംശഗേപിവാ
ചരരാശ്യന്തഭവംചക്രം വിദ്യേശഗമനപ്രദം. ൫൦

വ്യാ—രാശിയും രാശ്യാധിപനും ബലംകുറഞ്ഞും അസ്തമിച്ചുമിരിക്കുമ്പോൾ അവർ തികഞ്ഞും വന്നാൽ ഇരട്ടി ദോഷഫലം അനുഭവിക്കും. രാശ്യാധിപൻ ബലഹീനനാണെങ്കിൽ രാശിഫലം ശുഭമായിരുന്നാലും അതു അനുഭവിക്കുകയില്ല. അധിപൻ ബലവാനായാൽ രാശിഫലം ശുഭമായിത്തന്നെ ഇരിക്കും. രാശ്യധിപനും രാശിക്കും ബലവും ഗുണലക്ഷണങ്ങൾ കൂടുതലായിട്ടുണ്ടായിരുന്നാൽ ശുഭഫലം (ദിഗ്ഗുണം) ഇരട്ടിയായിത്തന്നെ ഭവിക്കും. കാലചക്രദശാരാശി ചരരാശിയായിരിക്കുകയും രാശ്യധിപൻ ചരരാശിയിലോ ചരാംശകത്തിലോ നില്ക്കുകയുണ്ടായാൽ ആ ദശാകാലം അന്യദേശയാത്രം ഭവിക്കും.

മൂ— സംജ്ഞാധ്യായേയത്പ്രോക്തം കർമ്മജീവേചയത്ഫലം
ഫലമാശ്രമജന്മത്ഥ്യം സ്ഥാനജന്യംചയത്ഫലം. ൫൧

യത്പ്രോക്തംജന്മയോഗാദ്യേ ചാന്ദ്രയോഗേചയത്ഫലം
നാഭസാദിഷ്വയത്പ്രോക്തം ശുഭപാപേക്ഷിണാദടി. ൫൨

ദിഗ്ഗ്രഹാദിഷ്വയത്പ്രോക്തം ഗ്രഹാണാംപൂർവ്വസൂരിഭിഃ
തദ്രാശിചക്രഭായേതു യഥാഹ്നംയോജയേൽബുധഃ. ൫൩

വ്യാ— ഇതു പറഞ്ഞിട്ടുള്ള ഫലങ്ങൾക്കുപുറമേ മുൻപു സംജ്ഞാധ്യായത്തിൽ സൂര്യാദിഗ്രഹങ്ങൾക്ക് പറഞ്ഞിട്ടുള്ള ദ്രവ്യങ്ങൾ ധാന്യങ്ങൾ മുതലായവ, കർമ്മജീവാധ്യായത്തിൽ പറഞ്ഞിട്ടുള്ള ഫലങ്ങൾക്കു പുറമെ മുമ്പു സംജ്ഞാധ്യായത്തിൽ സൂര്യാദിഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ദ്രവ്യങ്ങൾ ധാന്യങ്ങൾ മുതലായവ കർമ്മജീവാധ്യായത്തിൽ പറഞ്ഞിട്ടുള്ള ഫലങ്ങൾ മേഷാദിരാശികളിലും ലഗ്നാദിഭാവങ്ങളിലും ഗ്രഹങ്ങൾ നിന്നാലുള്ള ഫലങ്ങൾ ജനനകാലത്തുള്ള ഗ്രഹയോഗഫലങ്ങൾ (രൂപഭേദാദി) അധമസവാവർഷാദിചന്ദ്രയോഗഫലങ്ങൾ നാസാദിയോഗഫലങ്ങൾ ദുഷ്ടിഫലങ്ങൾ ദിഗ്ഗ്രാദിയോഗഫലങ്ങൾ ഇങ്ങനെ മുൻപു പറഞ്ഞിട്ടുള്ളതെല്ലാം അതാതുരാശ്യധിപന്മാരായ ഗ്രഹങ്ങളുടെ കാലചക്രദശയിൽ യഥോചിതം യോജിപ്പിച്ചു വിദ്വാനായ ജ്യോതിഷി ഫലങ്ങളെ പറഞ്ഞുകൊള്ളേണ്ടതാകുന്നു.

മൂ— മേഷാദിരാശിഷഷ്ഠാംശാ ഭൂമിഭാഗേത്വദക്ഷിണം
ഉത്തരംതുലിചക്രന്തു തച്ചക്രംതത്തുനിർദ്ദിശേൽ. ൫൪

വ്യാ— മേഷാദികളായ ആറുരാശികൾ ഭൂവിഭാഗത്തിൽ ദക്ഷിണചക്രവും തുലാദി ആറുരാശികൾ ഉത്തരചക്രവും ആകുന്നു.

മൂ— ഫല്ഗംവ്യാപിഫല്ഗംവ്യാപി പ്രാഗാദിഭ്യുത്രയാദപി
രാശിഷ്ഠംഭാഗതോവ്യാപി തദ്ദിഗ്ഭാഗേവിനിർദ്ദിശേൽ. ൫൫

വ്യാ—ആദിത്യനെ കിഴക്കേദിക്ക് ശുക്രനെ അഗ്നികോണ് കുജനെ തെക്കേദിക്ക് ഇങ്ങനെ മുൻപ് വിവരിച്ച പ്രകാരമുള്ള ഗ്രഹദിക്കുകൾ ഏതൊ മേഷാദി ആറുരാശികൾക്കും തുലാദിആറുരാശികൾക്കും ഇപ്പോൾ പറഞ്ഞ പ്രകാരമുള്ള ദക്ഷിണോത്തരദിക്കുകളാണ്ടോ അതാതു ദിക്കിൽ ഉള്ള ഫലപ്രാപ്തിയേയും വിഫലപ്രാപ്തിയേയും നിർദ്ദേശിച്ചു കൊള്ളുണം.

മൂ— യഥോപദേശമാർഗ്ഗേണ സർവ്വേഷാംഫലമീദൃശം
കാലചക്രഗതിസ്ത്വേവ നിശ്ചിതാപൂർവ്വസൂരിഭിഃ. ൫൬

മണ്ഡൂകഗമനഞ്ചൈവ പൃഷ്ഠതോഗമനംതഥാ
സിംഹാവലോകനംനാമ പുനരാഗമനംഭവേൽ. ൫൭

വ്യാ—കാലചക്രശേഫലങ്ങൾ മേൽവിവരിച്ച പ്രകാരമാണ് പിന്നാൽ ഈ ദശയ്ക്ക് മേടം ഇടവം മിഥുനം ഈ ക്രമത്തിനല്ലാ പിള്ളാ ദശകളുടെ ഗതി. ചില വാക്യങ്ങൾക്ക മൂന്നപ്രകാരേണ ഗതിഭേദമുണ്ടെന്ന പൂർവ്വാചാര്യന്മാർ നിശ്ചയിച്ചിട്ടുണ്ട് അതുകൾ മണ്ഡൂകഗതി പൃഷ്ഠതോഗമനം സിംഹാവലോകനം പിന്നിങ്ങനെ മൂന്നുഗതികൾ ഉള്ളതിനപുറമേ പുനരാഗമനം പിന്ന് ഒരുവിശേഷം കൂടിയുണ്ട് അദ്ദ്യം അന്നഭവിച്ച ദശതന്നെ വീണ്ടും ഉണ്ടാകുന്നതിനാണ് പുനരാഗമനം പിന്ന പേർ പറഞ്ഞുവരുന്നത് മറുള്ള ഗതികളുടെക്രമം അടുത്തശ്ലോകത്തിൽ പറയും.

മൂ— പൃഷ്ഠതോഗമനഞ്ചൈവ കർക്കികേസരിണോരപി
മീനവൃശ്ചികയോശ്ചാപമേഷയോഃകേസരീഗതിഃ ൫൮

കന്യാകർക്കടയോഃസ്സിംഹ യുഗ്മയോർമ്മണ്ഡുകാഗതിഃ
സിംഹാവലോകസമയേ ജ്ഞാത്തിസ്ഥാനനാശനം. ൫൯

ബന്ധുസ്ഥാനാദിനാശഞ്ച സമാനജനപീഡനം
ജലേവാപതനംകൂപേ വിഷശസ്ത്രാഗ്നിജംഭയം ൬൦

വാഹനാൽപതനംവാപി ദശാക്ഷരിദ്ര്യാനുഭവേസതി
ക്രൂരാസ്തനീചാപചയ പ്രേചരസ്യുദശായദി. ൬൧

ദശാക്ഷരിദ്രമിതിജ്ഞേയം പ്രവദന്തിമനീഷിണഃ
മണ്ഡൂകഗതിസംജ്ഞേത സമയേമരണംധ്രുവം. ൬൨

പിത്രോർവ്വാവിഷശസ്ത്രാഗ്നി ജലചോരാതിഭീഭയം
മണ്ഡൂകസമയേസർവ്വേ സമാനജനപീഡനം. ൬൩

കേസരീയുഗ്മമണ്ഡൂകേ മാതുർമരണമാദിശേൽ
മരണാംസന്നിപാതഞ്ച രാജഭീതിമരേർഭയം. ൽരു

സവ്യേസിംഹാവലോകേതു ചതുഷ്പാത്ഭയമഗ്നിജം
പുഷ്യതോഗമനംസവ്യേ ധനധാന്യപശുക്ഷയം. ൽരി

പിതുർമരണമാലസ്യം തത്സമാനേഷുവാമതിഃ
പുഷ്യതോഗമനോന്യസ്മിൻ ജലഭീതിംപദച്യുതിം. ൽന്ത

പിതുർനാശംനുപക്രോധം ദുഷ്ടാരണ്യാടനംവദേൽ
മണ്ഡൂകഗമനേവാമേ സ്ത്രീസുതാർത്തിപരിശ്രമം. ൽഭ

താപജ്വരംമൃഗാത്തീതിം പദച്യുതിമരേർഭയം
സിംഹാവലോകനേവാമേ സ്ഥാനഭ്രംശംപിതുർമൃതിഃ. ൽച്ച

വ്യാ—ചിങ്ങത്തിൽനിന്നും കർക്കടകത്തിലേക്കുള്ള ദശാപ്രവേശത്തിനു പുഷ്യതോഗമനം എന്നു പേരാകുന്നു. മീനവൃശ്ചികങ്ങൾ തമ്മിലും മേഷധനുസ്സുകൾ തമ്മിലും ഉണ്ടാകുന്ന ദശാപ്രവേശത്തിനു സിംഹാവലോകനം എന്നുപേർ. കന്നിയും കർക്കടകവും തമ്മിലും ചിങ്ങവും മിഥുനവും തമ്മിലും ഉണ്ടാകുന്ന കാലചക്രദശാപ്രവേശത്തിനു് മണ്ഡൂകഗതി എന്നുപേർപറയുന്നു. സിംഹാവലോകനസന്ധിയിൽ ജ്വരവും സ്ഥാനനാശവും ബന്ധുസ്ഥാനത്തിനു് ഹാനിയും തുല്യജനത്തിനു മരണവും വെള്ളത്തിലൊ കിണറിലോ വീഴുകയും അഗ്നി ആയുധം വിഷം ഇവയിൽനിന്നു ഭയവും വാഹനങ്ങളിൽനിന്നു് താഴെവീഴുകയും ഫലമാകുന്നു. അതിപാപഗ്രഹങ്ങൾ നീചഗ്രഹങ്ങൾ മൌഢ്യമുള്ള ഗ്രഹങ്ങൾ അപജൂയസ്ഥാനങ്ങളിൽ നില്ക്കുന്നവർ ഇവരുടെ ദശയ്ക്കു ദശാക്ഷരിദ്രമെന്നു പേരുണ്ടു്. അങ്ങനെയുള്ള ദശാക്ഷരിദ്രംകൂടി ഉണ്ടായിരുന്നാൽ മുൻപറഞ്ഞ ഫലങ്ങൾ പൂർണ്ണമായിത്തന്നെ സംഭവിക്കും. മണ്ഡൂകഗതി എന്ന ദശാസന്ധിയിൽ ഗുരുജനങ്ങൾക്കോ മാതാപിതൃക്കന്മാർക്കോ മരണവും വിഷം അഗ്നി ആയുധം കള്ളർ ജലം ശത്രു ഇത്യാദികളിൽനിന്നു് ഉപദ്രവവും ഉണ്ടാകും. വലത്തെനാളിലുള്ള കാലചക്രദശയിലെ മണ്ഡൂകഗതിസമയം തുല്യജനത്തിനു നാശം സംഭവിക്കും. ചിങ്ങവും മിഥുനവും രാശികൾ തമ്മിലുള്ള മണ്ഡൂകഗതിസന്ധിയിൽ മാതാവിനോ ജനകനുതന്നെയോ മരണവും അഥവാ സന്നിപാതരോഗവും രാജകോപവും ശത്രുപീഡയും ഉണ്ടാകും. വലത്തെ നാളിൽ വരുന്ന സിംഹാവലോകനസന്ധിയിൽ ചതുഷ്പാത്തുകളിൽനിന്നും അഗ്നിയിൽനിന്നും ഭയമുണ്ടാകുന്നതാണു് വലത്തെ നാളിൽതന്നെ വരുന്ന പുഷ്യതോഗമനസന്ധിയിൽ ധനധാന്യങ്ങൾക്കും പശുക്കൾക്കും ക്ഷയവും പിതാവിനോ പിതൃതുല്യന്മാർക്കോ മൃതിയും അലസതയും ഫലമാ-

ക്കുന്നു. ഇടത്തേനാളിൽ വരുന്ന പുഷ്യതോഗമനസന്ധിയിൽ ജലത്തിൽ നിന്നു ഭയവും സ്ഥാനഭ്രംശവും പിതൃമരണവും രാജകോപവും ദൂരയാത്രയും വനപ്രവേശഗമനവും സംഭവിക്കും. ഇടത്തേനാളിൽ വരുന്ന മണ്ഡൂകഗതിസന്ധിയിൽ ഭാര്യാപുത്രന്മാർക്കു അരിഷ്ടവും ഭോഷാലസ്യവും ഉണ്ണുജ്വരവും മൃഗങ്ങളിൽനിന്നു ഭയവും സ്ഥാനഭ്രംശവും ശത്രുപീഡയും ഉണ്ടാകും. ഇടത്തേനാളിൽവരുന്ന സിംഹാവലോകനസന്ധിയിൽ പിതാവിനു മരണവും സ്ഥാനഭ്രംശവും സംഭവിക്കും.

കാലചക്രദശാവാക്യങ്ങൾ.

മൂ— ദസ്രാനലാദിതിഭുജംഗദിനേശഭാനാം
പുഷ്യാസുരാജപദവിശ്വസമീരണാനാം
വാക്യാനിസവ്യഗതചക്രഭവാനിയാനി
ചത്വാരിസവ്യമുനയഃപ്രവദന്തി തജ്ഞാഃ. ൯൯

വ്യാ—ആശ്വതി കാർത്തിക പുണർതം ആയില്യം അത്തം ചോതി മൂലം ഉത്രാടം പൂരുരുട്ടാതി രേവതി എന്നീ പത്തു നക്ഷത്രങ്ങളും വലത്തെകയ്യിലെ ഒന്നും മൂന്നും വിരലുകളിൽ വരുന്നവയാകുന്നു. ആദ്യംപറയുന്ന നാലുവാക്യങ്ങളും ഈ പത്തുനക്ഷത്രങ്ങളുടെ ദശ വരുത്തുന്നതിനുള്ളവയാണെന്നർത്ഥം.

മൂ— ചിത്രാഹിർബ്ബുധ്നിഭരണീ പൂർവ്വാഷാഢേന്ദ്രമന്ത്രിണാം
സവ്യചക്രസ്യവാക്യാനി ചത്വാരിക്രമശോവിദുഃ. ൧൦൦

വ്യാ—ഭരണി പൂയം ചിത്തിര പൂരാടം ഉത്രട്ടാതി ഈ അഞ്ചുനാളുകളും വലത്തെകയ്യിലെ നടുവിരൽ വരുന്ന നക്ഷത്രങ്ങളാകുന്നു.

മൂ— ആർദ്രാഹിർബുധ്നഗ്രുഷ്ണ ദിതിദൈവഹരിവജ്രിണാം
പാശ്വിനാസ്സവ്യചക്രസ്യ വാക്യംചാഥചതുഷ്ടയം. ൧൦൧

വ്യാ—രോഹിണി തിരുവാതിര മകം ഉത്രം വിശാഖം തൃക്കേട്ട തിരുവോണം ചതയം ഈ പതിനൊന്നുനക്ഷത്രങ്ങൾ ഇടത്തെകയ്യിൽ ഒന്നും മൂന്നും വിരലുകളിൽ വരുന്നവയാകുന്നു.

മൂ— ഭാനാംചതുർണ്ണാംപുനരസ്തുമാഖ്യ
ചിത്രാശ്രവിഷ്ണുമൃഗമസ്തകാനാം
അന്ത്യാനിവാക്യാന്യുപസവ്യജാനി
ചത്വാരിചക്രോപഗതാനിചാഹുഃ. ൧൦൨

വ്യാ—മകയിരം പൂരം അനിഴം അവിട്ടം എന്നിങ്ങനെ ഇടത്തെകയ്യിലെ നടുവിരലിൽ വരുന്നതായി നാലുനക്ഷത്രങ്ങളാണു ഉള്ളതു്

ഇങ്ങനെ കാരോ നക്ഷത്രങ്ങളെയും നാലായി വിഭാഗിച്ചതിൽ ഓ രോസ്ഥാനത്തും ഉള്ള പതിനാറക്ഷരങ്ങൾക്കും ഉള്ളവാക്യങ്ങളെയാണിനി പറയുന്നത്. ഗ്രന്ഥത്തിലും പുസ്തകത്തിലും ഉള്ളവാക്യങ്ങൾക്കു മനസ്സിലാക്കുവാൻ സുഖം പോരായ്കകൊണ്ട് ഈ വാക്യത്തെ ഗ്രന്ഥാന്തരത്തിൽനിന്നും എടുത്താണ താഴെ കുറിക്കുന്നത്.

ദക്ഷിണതാരം-പൂർവ്വാഫൽഗുനക്ഷത്രവാക്യം.

| | | | | | | | |
|---|---|---|---|---|---|---|---|
| പാ | രം | ലോ | കേ | ശാ | ന്ത | സ്യു | ളെ |
| നീ | ത്യം | പ്രാ | ദാൽ | സീ | താ | വി | മ | ലം |
| ത്രു | പം | പ്രാ | ർത്ഥ്യം | സ്നി | ഗ്ധ | കു | രാം | ഗം |
| വാ | ണീ | താ | സാം | ദ | ധി | നാ | ന്യ | ത്ര. | ഫനേ |

വ്യാ—വലത്തെ കയ്യിലെ ഒന്നും രണ്ടും വിരലുകളിൽ വരുന്നതായി മുൻപറഞ്ഞ അശ്വതി കാർത്തിക പുണർതം തുടങ്ങിയുള്ള പത്തുനാളുകളുടെ വാക്യങ്ങളെയാണ് മേൽ രാണിച്ചിട്ടുള്ളതു. ഈ നാളുകളുടെ ഏ റാം പാദത്തിൽ ജനനമാണ്ടാൽ "പാരംലോകേശാന്തസ്സുഖേ" എന്നവാക്യവും രണ്ടാംപാദമായാൽ "നിത്യംപ്രാദാൽസീതാവിമലം" എന്ന വാക്യവും മൂന്നാംപാദമായാൽ "ത്രുപംപ്രാർത്ഥ്യംസ്നിഗ്ധകുരാംഗം" എന്ന വാക്യവും നാലാംപാദമാണ്ടാൽ "വാണീതാസാംദധിനാന്യത്ര" എന്ന വാക്യവും അനുസരിച്ചും കാലചക്രദശയെ വരുത്തേണ്ടതു ഓരോ കാലുകർക്കും ഒൻപതുവീതമുണ്ടു. അശ്വതിയുടെ ആദ്യപാദത്തിലാണ്ടാ ജനനമെങ്കിൽ ഗർഭശിഷ്ടദശാധിപൻ പ എന്ന അക്ഷരസംഖ്യപ്രകാരം ഒന്നാംരാശിയായ മേടത്തിന്റെ അധിപനായ കുജനും രണ്ടാമത്തെ രാശ്യാധിപൻ രം എന്ന വൃഷഭത്തിന്റെ അധിപനായ ശുക്രനും മൂന്നാമത്തെ ദശാധിപൻ മിഥുനാധിപനായ ബുധനും നാലാമത്തെ ദശാധിപൻ കർക്കടാധിപനായചന്ദ്രനും അഞ്ചാമത്തെദശാധിപൻ സിംഹാധിപസൂര്യനും ആറാമത്തെ ദശാധിപൻ കന്യാധിപബുധനും ഏഴാമത്തെ ദശാധിപൻ തുലാധിപശുക്രനും എട്ടാമത്തെദശാധിപൻ വൃശ്ചികാധിപകുജനും ഒൻപതാമത്തെ ദശാധിപൻ ധനുസ്സിന്റെ അധിപനായ വ്യാഴവുമാകുന്നു. ഇങ്ങനെ ശേഷം വാക്യംകൊണ്ടു ദശാനാഥന്മാരെ കണക്കാക്കിക്കൊൾക.

൭ാംപാദം.

മേൽപറഞ്ഞ പത്തുനാളുകളുടെ രണ്ടാംകാലിൽ ജനനമാണെങ്കിൽ മകരം കുംഭം മീനം വൃശ്ചികം തുലാം കന്നി കർക്കടകം ചിങ്ങം മിഥുനം എന്നീ ഒൻപതു രാശ്യധിപന്മാരായ ഗ്രഹങ്ങൾ ക്രമേണ ദശാനാഥന്മാരായി ഭവിക്കും. ഈ വാക്യപ്രകാരം മീനം വൃശ്ചികം കന്നി

കർക്കടകം മുതലായ ദശാസന്ധികാലങ്ങളിൽ സിംഹാവലോകനം മണ്ഡൂകഗതി മുതലായ ദോഷങ്ങളുണ്ടാകയും ചെയ്യും.

൧-ാം പാദം.

ഇടവം മേടം മീനം കുംഭം മകരം ധനു മേടം ഇടവം മിഥുനം ഒൻപതു രാശികളുടെ അധിപന്മാരായ ഗ്രഹങ്ങൾ ൧-ാംപാദത്തിന്റെ ദശാനാഥന്മാരാകുന്നു. ഇതിൽ സിംഹാവലോകനവും പുനരാഗമനവും ഉണ്ട്.

൨-ാംപാദം.

കർക്കടം ചിങ്ങം കന്നി തുലാം വൃശ്ചികം ധനു മകരം കുംഭം മീനം പിന്നീ ഒൻപതു രാശികളുടെ നാഥന്മാർ ൨-ാം പാദത്തിന്റെ ദശാനാഥന്മാരാകുന്നു.

ദക്ഷിണതാരം മദ്ധ്യമനക്ഷത്രങ്ങൾ ആറുക ൪.

ദാസീതവ മൂലം ച പാതം
സ്യാന്നാളീകം രാശീ വിശ്വേ
സിംഹേ ച നാ ഡ്യോ ത്രാ ഹം സീതാ
ഭീമ ഗ്രഭഃ പുരെയ്യു ജ്ഞേതാ ദ്ധാ. ൧൫൬

വലത്തേ നാളികെ മദ്ധ്യമനക്ഷത്രങ്ങളായ ഭരണി പൂയം മുതലായ ഇരുപത്തൊമ്പതു നക്ഷത്രങ്ങളുടെ ഒന്നാം പാദത്തിൽ ജനിച്ചാൽ ക്രമേണ വൃശ്ചികം തുലാം കന്നി കർക്കടകം ചിങ്ങം മിഥുനം ഇടവം മേടം മീനം ഒൻപതുരാശികളുടെ നാഥന്മാർ ദശാനാഥന്മാരാകുന്നു. ഇതിനു സന്ധിദോഷങ്ങളുണ്ട്.

൩-ാംപാദം.

കുംഭം മകരം ധനു മേടം ഇടവം മിഥുനം കർക്കടകം ചിങ്ങം കന്നി പിന്നീ ഒൻപതു രാശ്യധിപന്മാർ രണ്ടാംപാദത്തിന്റെ ദശാനാഥന്മാരാകുന്നു.

൩-ാംപാദം.

തുലാം വൃശ്ചികം ധനു മകരം കുംഭം മീനം വൃശ്ചികം തുലാം കന്നി ഈ ഒൻപതു രാശ്യധിപന്മാർ തൃതീയപാദത്തിന്റെ ദശാനാഥന്മാരാകുന്നു. ഇതിലും സിംഹാവലോകനദോഷമുണ്ട്.

൪-ാംപാദം.

കർക്കടം ചിങ്ങം മിഥുനം ഇടവം മേടം മീനം കുംഭം മകരം ധനു ഈ ഒൻപതു രാശികളുടെ അധിപന്മാർ ചതുർത്ഥപാദത്തിന്റെ ദശാനാഥന്മാരാകുന്നു. ഇതിൽ മണ്ഡൂകഗതി ലക്ഷണമുണ്ട്.

വാമതാരം (പൂവ്വാപരനക്ഷത്രങ്ങൾ.)

മൂ— ധനുവ്യാശ്ലീപാരഗമേവ
തസ്മാദ്ദീപ്രോഷ്യനാധീദാസാ
തസ്മിൻഭാഗേത്രുപധനാഢ്യം
പ്രായോരാഗീശ്ലൂഭതേസാഹി. ൧൦൪

വ്യാ—എ എന്ന വിരലിലെ ഒന്നും രണ്ടും വിരലുകളിൽ വരുന്ന രോഹണി തിരുവാതിര മുതലായ എട്ട നക്ഷത്രങ്ങളുടെ ഒന്നാംപാദത്തിൽ ജനിച്ചാൽ ജന്യം ധനു പിന്നെ ക്രമേണ മകരം കുംഭം മീനം മേടം ഇടവം മിഥുനം ചിങ്ങം കർക്കടകം എന്നീ ഒൻപതു രാശികളുടെ അധിപന്മാർ ദശാനാഥന്മാരായി ഭവിക്കും. ഇതിലും മണ്ഡൂകഗതിയുണ്ട്.

൨-ാംപാദം.

കന്നി തുലാം വൃശ്ചികം മീനം കുംഭം മകരം ധനു വൃശ്ചികം തുലാം എന്നീ ഒൻപതു രാശ്യധിപന്മാർ. ൨-ാംപാദത്തിന്റെ ദശാനാഥന്മാരാണ്. ഇതിൽ പുനരാഗമനവും സിംഹാവലോകനവുമുണ്ട്.

൩-ാംപാദം.

കന്നി ചിങ്ങം കർക്കടം മിഥുനം ഇടവം മേടം ധനു മകരം കുംഭം എന്നിങ്ങനെ ഒൻപതു രാശ്യധിപന്മാർ ൩-ാം പാദത്തിന്റെ ദശാനാഥന്മാരാകുന്നു. ഇവിടെയും സിംഹാവലോകനസന്ധിയുണ്ട്.

൪-ാംപാദം.

മീനം മേടം ഇടവം മിഥുനം ചിങ്ങം കർക്കടകം കന്നി തുലാം വൃശ്ചികം ഈ രാശ്യധിപന്മാർ നാലാംപാദത്തിന്റെ ദശാനാഥന്മാരാകുന്നു. ഇതിൽ മണ്ഡൂകഗതിയുണ്ട്.

വാമതാരം മദ്ധ്യമനക്ഷത്രങ്ങൾ ൪.

മൂ— പ്രാച്യസ്ഥിശ്ചോഹസ്തശംഭ്വോ
ഗൌരീദയാദ്ധാനിത്യംപ്രകരം
ഹ്രണഭൂകേത്യ സൗഹിപ്രാച്യാനം
ധീദാസസ്തേശംഭ്വർഗ്ഗിരികാ ൧൦൫

൧-ാംപാദം.

മീനം കുംഭം മകരം ധനു വൃശ്ചികം തുലാം കന്നി ചിങ്ങം കർക്കടകം ഇവ ഒൻപതു രാശ്യാധിപന്മാർ ഒന്നാംപാദത്തിന്റെ ദശാനാഥന്മാരാകുന്നു.

൨-ാംപാദം.

മിഥുനം ഇടവം മേടം ധനു മകരം കുംഭം മീനം മേടം ഇടവം ഈ ഒൻപതു രാശ്യധിപന്മാർ ദ്വിതീയപാദദശാനാഥന്മാരാകുന്നു. ഇതിൽ പുനരാഗമനവും സിംഹാവലോകനവുമുണ്ട്.

**൩-ാംപാദം.**

മിഥുനം ചിങ്ങം കർക്കടകം കന്നി തുലാം വൃശ്ചികം മീനം കുംഭം മകരം ഈ ഒൻപതു രാശ്യധിപന്മാർ തൃതീയപാദദശാനാഥന്മാരാണ് ഇതിൽ മണ്ഡൂകഗമനം പൃഷ്ഠതോഗമനം സിംഹാവലോകനം ചുന്നീ സാധികൾ ഉണ്ട്.

൪-ാംപാദം.

ധനു വൃശ്ചികം തുലാം കന്നി ചിങ്ങം കർക്കടകം മിഥുനം ഇടവം മേടം ഈ ഒമ്പതുരാശികളുടെ അധിപന്മാരായ ഗ്രഹങ്ങൾ ക്രമേണ നാലാംപാദത്തിന്റെ ദശാധിപന്മാരായി കാലചക്രദശാസംവത്സരങ്ങൾക്കു തുല്യം ഈ അദ്ധ്യായത്തിൽ തന്നെ പറഞ്ഞിട്ടുള്ളതാകയാൽ ഇവിടെ പ്രത്യേകം പറയുന്നില്ല.

അന്തശ്ലോകം.

മൂ— ദശാംദശാബ്ദസംഖ്യാം വർഷായുസ്സംഖ്യയാഹരേൽ
ലബ്ധമന്തർദ്ദശാജ്ഞേയാവർഷമാസദിനാദികം. ൧൭

ഈ ശ്ലോകംകൊണ്ട് അന്തർദ്ദശാവരുത്തുവാൻ പറയുന്നു. അവിടെ ഗർഭശിഷ്ടദശാവരുത്തുവാൻ മൂലത്തിൽ പറഞ്ഞിട്ടില്ലായ്കയാൽ അതിന്റെ പ്രകാരത്തെ സപ്രമാണം താഴെ കാണിക്കുന്നു. "നവാഗതസ്യേഷ്യകലാസ്തദംശ നാഥാബ്ദനിഘ്നാന്തരഖണ്ഡിതേഷ്ടാഃ സമാഭവന്തിപ്രിയനാഗനീതെ ഹൃതപ്രകൃമാന്മാസദിനാദിനാഡ്യഃ" അതുകൊണ്ട് ജനനകാലചക്രസ്ഫുടത്തിന്റെ നവാംശകത്തിൽ ചെല്ലുവാനുള്ള ഭോഗകാലങ്ങളെ വച്ചു ഇലിയാക്കി അന്ത്യദശാനാഥനായ ഗ്രഹത്തിന്റെ ദശാസംവത്സരംകൊണ്ട് ഗുണിച്ചു നവഘ്നം (൯൰)കൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം ഗർഭശിഷ്ടദശാസംവത്സരമാകുന്നു. ശിഷ്ടത്തെ ക്രമേണ പന്ത്രണ്ടിലും മുപ്പതിലും അറുപതിലും പെരുക്കി ൯൰൧ കൊണ്ട് തന്നെ ഹരിച്ചാൽ മാസവും ദിവസവും നാഴികയും ഉണ്ടാക്കാം. ദശാസംവത്സരത്തെ അപഹാരനാഥന്റെ ദശാസംവത്സരംകൊണ്ടു പെരുക്കി ഫാരകംകൊണ്ടു ഹരിച്ചാൽ കിട്ടുന്ന ഫലം സംവത്സരമാകുന്നു. പ്രിയാദിഗ്രഹനാമം ചെയ്യുക്രമേണ മാസാദികളെയും വരുത്തിക്കൊൾകെ. ഇവിടെ ഫാരകം ചൊന്നതു് ഈ അദ്ധ്യായത്തിൽ മുമ്പു് പതിനൊന്നാം ശ്ലോകം പറഞ്ഞ മേഷാദിത്രികോണരാശികളുടെ ൧൭-വു൪ വുന-വുന ഈ പരമായുസ്സംഖ്യകളാണെന്നു അറിഞ്ഞുകൊൾകയും വേണം.

മൂ— ചക്രേശാബ്ദോദ്ധൃതിരാശീശ്വരാബ്ധൈ-
ർഹതാതത്തദ്രാശിമാനായുരാപ്തൗ
അബ്ദോമാസാവാസരാനാഡികാദ്യാ
ദുസ്ഥാനേശാദുച്ചരോഗാവഹാസ്യുഃ. ൧൯൯

വ്യാ—ഇനി ഓരോ അപഹാരങ്ങളിലും ഉള്ള ചരിത്രങ്ങളെ വരുത്തുവാൻ പറയുന്നു. ഭുക്തിനാഥന്റെ അപഹാരകാലത്തെ ചരിത്രനാഥന്റെ ഭുക്തികൊണ്ടു് അതാതു രാശിമാനം ഹാരകംകൊണ്ടു് ഹരിച്ചാൽ ലഭിക്കുന്നഫലം ചരിത്രകാലമായിരിക്കും. ദുസ്ഥാനനാഥന്മാരായ ഗ്രഹങ്ങളുടെ അപഹാരചരിത്രങ്ങൾ രോഗശോകാദ്യശുഭപ്രദങ്ങളാകുന്നു.

മൂ— ഇഷ്ടരാമഹാദായദിനംമഹാബ്ധൈ-
സ്സംഗുണ്യതത്രാന്തരദാസ്തദാപ്തൈഃ
പുനസ്തദാതേപരമായുരബ്ദ
ഹൃതാദശാന്തർദ്ദശതാദശാപ്യൈഃ. ൧൯൦

വ്യാ—മുൻപു അന്തർദ്ദശ (അപഹാരം) വരുത്തിയതുപോലെ അന്തരാന്തരഭുക്തികളായ ചരിത്രം അന്തചരിത്രം പ്രാണൻ മുതലായ അഞ്ചുവിധത്തിലുള്ള ദശകളേയും ത്രൈരാശികഗണിതപ്രകാരം യഥാക്രമം വരുത്തിക്കൊൾകയും വേണം.

മൂ— വിനാഡീകൃത്യനക്ഷത്രം സചസ്ഥസംവത്സരൈർഹൃടക്
ദായൈസ്സംഗുണ്യസവ്വായുരാപ്തം സൂക്ഷ്മദശാ ൨. ൧ം. ൧൯൧

വ്യാ—ഭുക്തിചരിത്രാദികളെ വരുത്തുവാൻ സ്ഥാനത്തിനു തക്കവണ്ണം അതാതിന്റെ സ്ഥാനങ്ങളെ നാഴികയോ വിനാഴികയോ ആക്കി വേണം ഗുണിക്കുവാൻ. ഹാരകം മേഷാദി ത്രികോണങ്ങൾക്കു മുൻപു വിവരിച്ചപ്രകാരമായിരിക്കും.

മൂ— ഗ്രഹവത്സരവാസരാഹൃതം പരമായുഷ്യമതോനിതധ്രുവം
നിജവർഷഗുണാസ്സ്വപാകദാ ഇതിപാകേഷ്വഖിലേഷുചിന്ത-
യേൽ. ൧൯൨

വ്യാ—ഇങ്ങനെ മുൻവിവരിച്ചപ്രകാരം ഉള്ള ഭുക്തികൾ വരുത്തി അതാതു ഭുക്തിചരിത്രാദി കാലങ്ങളിലുള്ള ശുഭാശുഭഫലങ്ങളെ ഗ്രഹങ്ങളുടെ ഇഷ്ടാനിഷ്ടസ്ഥിതിക്കും ബലാബലങ്ങൾക്കും അനുസരിച്ചു പറഞ്ഞുകൊള്ളണം. കാലചക്രദശകളെ ഒമ്പതും കൂടി വരുത്തി ഒരുമിച്ചു കൂട്ടിയതുപരമായുർവത്സരമായിരിക്കയും ചെയ്യും.

ഇങ്ങിനെ പതിനേഴാമദ്ധ്യായം കഴിഞ്ഞു.

# പതിനെട്ടാം അദ്ധ്യായം.

---

## നക്ഷത്രദശ

മൂ— ദശാനുസാരേണഫലംവദന്തി
മുനീശ്വരാജ്യോതശുഭാശുഭംനൽ
സാരംസമുദ്ധൃത്യതഥൈവവക്ഷ്യേ
ഭേദംയഥാവിസ്തരതോദശാനാം. ൧.

വ്യാ—ഹോരാശാസ്ത്രകൃത്തുകളായിരിക്കുന്ന മുനീശ്വരന്മാർ മനുഷ്യക്കുണ്ടാകുന്ന ശുഭാശുഭങ്ങളെ ഒക്കെയും ഓരോ ഗ്രഹങ്ങളുടെ ദശകളിൽ ഉണ്ടാകുന്നതാണെന്നു പറയുന്നു. അയതു ഹേതുവായിട്ടു ജ്യോതിശ്ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ദശാഫലങ്ങളുടെ സാരങ്ങളെ ഒക്കെയും ക്രമേണ ഞാൻ ഇവിടെ വിസ്തരിച്ചു പറയാൻ തുടങ്ങുന്നു.

മൂ— ബലാനുസാരേണ യഥാഹിയോഗോ
യോഗാനുസാരേണ ദശാമുപൈതി
ദശാഫലൈസ്സുഫലംനരാണാം
വർണ്ണാനുസാരേണയഥാവിഭാഗഃ. ൨.

വ്യാ—ഗ്രഹങ്ങളുടെ ബലങ്ങളനുസരിച്ചു് യോഗങ്ങളും യോഗങ്ങളെ അനുസരിച്ചു് ദശകളും ആ ദശകളെ അനുസരിച്ചു സുഖഫലങ്ങളും ഭവിക്കും.

മൂ— ആദിത്യചന്ദ്രകുജരാഹുസുരേശമന്ത്രീ
മന്ദജ്ഞകേതുഭൃഗുജാനവകൃത്തികാദ്യാഃ
സ്തനോ, നയ, സ്സുനി, ഭയാ, തട, ധന്യ, സേവ്യ,
സേനാ, നരാ, ദിനകരാദി ദശാബ്ദസംഖ്യാഃ. ൩.

വ്യാ—കാർത്തിക ഉത്രം ഉത്രാടം, രോഹണ്യത്തം തിരുവോണം, മകയിരം ചിത്തിര അവിട്ടം, ആതിര ചോതി ചതയം, പുണർത വിശാഖ പൂരുരുട്ടാതി, പൂയം അനിഴം ഉത്തൃട്ടാതി, ആയില്യം കേട്ട രേവതി, അശ്വതി മകം മൂലം, ഭരണി പൂര പൂരാടം ഇങ്ങനെ ക്രമത്തിനുള്ള മൂന്നു നക്ഷത്രങ്ങൾക്കു്, സൂര്യൻ ചന്ദ്രൻ കുജൻ രാഹു വ്യാഴം ശനി ബുധൻ കേതു ശുക്രൻ ഈ ഗ്രഹങ്ങൾ ദശാനാഥന്മാരാകുന്നു. ഇവരുടെ സംവത്സരസംഖ്യകൾ ൬-൧൦-൭-൧൮-൧൬-൧൯-൭-൧൭ ഇങ്ങനെയുമാകുന്നു. ഇതിനെ എളുപ്പത്തിൽ അറിയാനുള്ള രീതി സ്പഷ്ടമാക്കാം.

| ദശാനാഥന്മാർ | നക്ഷത്രങ്ങൾ | ദശാസംഖ്യകൾ |
|---|---|---|
| സൂര്യൻ | കാർത്തിക ഉത്രം ഉത്രാടം | ൬ |
| ചന്ദ്രൻ | രോഹിണി അത്തം ഓണം | ൧൦ |
| കുജൻ | മകയിരം ചിത്തിര അവിട്ടം | ൭ |
| രാഹു | തിരുവാതിര ചോതി ചതയം | ൧൮ |
| വ്യാഴം | പുണർതം വിശാഖം പൂരുരുട്ടാതി | ൧൬ |
| ശനി | പൂയം അനിഴം ഉത്രട്ടാതി | ൧൯ |
| ബുധൻ | ആയില്യം കേട്ട രേവതി | ൧൭ |
| കേതു | അശ്വതി മകം മൂലം | ൭ |
| ശുക്രൻ | ഭരണി പൂരം പൂരാടം | ൨൦ |

മൂ— ആരോഹവീഥ്യാധികഭാവതുല്യ-
വിന്ദ്വാധികാഃകർമ്മഭവോദയസ്ഥാഃ
തുംഗാദിവർഗ്ഗോപഗതാനഭോഗാ
ഷ്ഷഡീഥ്യവാന്തശ്ശുഭപ്രദാസ്സ്യുഃ. ൨൰

വ്യാ—ഗ്രഹങ്ങൾ ഒക്കയും ആരോഹവീഥിയും (നീചംകഴിഞ്ഞു പരമോച്ചത്തിലെത്തുന്നതിനകമുള്ള കാലം) ഭാവമദ്ധ്യസ്ഥിതി വിന്ദുപൊരുല്യം (അഷ്ടവർഗ്ഗത്തിൽ അധികം അരക്ഷം ഉണ്ടായിരിക്ക) പത്താംഭാവത്തിൽ സ്ഥിതി ൬-ൽ സ്ഥിതി ലഗ്നത്തിൽ സ്ഥിതി ഉച്ചസപ്തക്ഷേത്രാദികളിലുള്ള വർഗ്ഗങ്ങൾ ആറുവിധമുള്ള ബലം ഇവ ഒക്കയും ബലങ്ങളാകുന്നു. ഈ ബലങ്ങളുള്ള ഗ്രഹങ്ങൾ ശുഭപ്രദന്മാരുമാണ്.

മൂ— മാന്ദിരാശിപതിമാന്ദിഭാവഗ
സപ്തവിന്ദുരിപുനീചമൗഢ്യഗാഃ
പാപഖേടയുതഭാവസന്ധിഗാ
രാശിസന്ധിലവഗാസ്തനിഷ്ടദാഃ. ൨൱

വ്യാ—ഗുളികഭവനാധിപത്യം ഗുളികയോഗം അരക്ഷങ്ങളുടെ കുറവ് ശത്രുക്ഷേത്രസ്ഥിതി രാശിസന്ധിസ്ഥിതി നീചം മൌഢ്യം പാപയോഗം ഭാവസന്ധിസ്ഥിതി രാശിസന്ധിസ്ഥിതി ഇവയുള്ള ഗ്രഹങ്ങൾ ദോഷകൃത്തുകളാകുന്നു.

മൂ— ദശാപതിർല്ലഗ്നഗതോഽദിനസ്യാൽ
ത്രിഷഡ്ദശൈകാദശഗശ്ചലഗ്നാൽ
തത്സപ്തവർഗ്ഗേപ്യുതതൽസുഹൃദ്വാ
ലഗ്നേശുഭോവാശുഭദാദശാസ്യാൽ. ൨൲

വ്യാ—ദശാനാഥൻ ലഗ്നത്തിലോ ൨-൩-൬-൧൦-൧൧ ഈ ഉപചയ

സ്ഥാനങ്ങളിലോ തന്റെ സപ്തവർഗ്ഗത്തിലോ നിൽക്കുമ്പോഴും ലഗ്നത്തിൽ ബന്ധുഗ്രഹമോ ശുഭനോ നിൽക്കുമ്പോഴും ദശാശുഭഫലത്തെ തന്നെ കൊടുക്കും.

മൂ— ദശാധിനാഥസ്യസുഹൃൽഗൃഹസ്ഥ
സ്തദുച്ചഗോവാഥദശാധിനാഥാൽ
സ്മരത്രികോണോപചയോപഗശ്ചേൽ
ദദാതിചന്ദ്രഃഖലുസൽഫലാനി. ൯

വ്യാ—ദശാധിപന്റെ ബന്ധുക്ഷേത്രം അവന്റെ ഉച്ചരാശി ദശാനാഥങ്കൽനിന്നു നു-ര-സ-ഒ-ൻ-ചൊ-ചൂ ഈ സ്ഥാനങ്ങൾ ഇവയിലൊക്കെയും ചന്ദ്രൻ ചാരവശാൽ സഞ്ചരിക്കുന്ന കാലം ദശാഫലം ശുഭമായിരിക്കും. ചന്ദ്രൻ ശുഭഫലത്തെ കൊടുക്കുമെന്നു സാരം.

മൂ— ഉക്തേഷുരാശിഷ്വഗതസ്യവിധോസ്സ്വഭാവ-
സ്സ ച്ചാജ്ജന്മകാലഭവേമൂർത്തിധനാദിഭാവഃ
തത്തൽപ്രവൃദ്ധികൃദസൗകഥിതോനരാണാം
തത്ഭാവഹാനികൃദഥേതരരാശിസംസ്ഥഃ. ൧൦

വ്യാ—ഈ പറഞ്ഞ രാശികളിൽ ചന്ദ്രൻ ചാരവശാൽ വരുന്ന കാലം ആ ചന്ദ്രരാശി ലഗ്നാൽ ഏതു ഭാവമായി വരുന്നുവോ ആ ഭാവത്തിനു അന്നു പുഷ്ടിയും അന്യം(ഇവിടെ പറയാത്ത) ഭാവങ്ങളിൽ വരുമ്പോൾ അ ഭാവങ്ങൾക്ക് നാശവും സംഭവിക്കും.

മൂ— ദശാപ്രവേശേസ്വഗൃഹാദിസംസ്ഥാ
ഹിമദ്യുതേർയൽഫലമുക്തമാസ്തൈഃ
തദുദ്ഭവംഹിശുഭാശുഭാഭ്യാം
ഫലംമനോരൂപതയാദദാതി. ൧൧

വ്യാ—ദശാരംഭകാലത്തിൽ സ്വക്ഷേത്രത്തുംഗാദികളിൽ നിൽക്കുന്ന ചന്ദ്രന്റെ ഫലം ഏഴുപ്രകാരം പൂർവ്വാചാര്യന്മാർ പറഞ്ഞിരിക്കുന്നുവോ അപ്രകാരം തന്നെ ചന്ദ്രൻ ഭാവങ്ങളുടെ ശുഭാശുഭങ്ങളെ വ്യക്തമായി ചെയ്യും.

മൂ— ഉല്പാദിതംഹിദ്യുചരസ്യപൂർവ്വം
ശുഭാദികംപൂർവ്വഫലംഹിയത്തൽ
തേനാനുസാരേണദശാനുകൂല്യം
ശശീശഭാഗ്യാമശുഭംശുഭംവാ. ൧൨

വ്യാ—ഗ്രഹങ്ങൾക്കു മുമ്പു ശുഭമായോ അശുഭമായോ ഏതെല്ലാം ഫലങ്ങളെ പറഞ്ഞിട്ടുണ്ടോ ആ ഗ്രഹങ്ങൾതന്നെ തന്റെതന്റെദശാ

കാലങ്ങളിൽ അതാതു ഫലങ്ങളെ (ശുഭമെങ്കിലുംഅശുഭമെങ്കിലും)സമഗ്രമായി ചെയ്യുന്നതാണ്.

മൂ— ഇഷ്ടോൽകടതേഽഥിശുഭാനിപുംസാം
ഫലാന്യനിഷ്ടാന്യശുഭോല്കടതേ
സാമ്യേതുമിശ്രാണിഫലാനിനൂനം
സർവ്വത്രൈവംപരികല്പനീയം. ൪൯

വ്യാ—ഏതു ഗ്രഹമായാലും ഇഷ്ടപ്രദനായിരുന്നാൽ അവന്റെ ദശയിൽശുഭാധിക്യവും അശുഭപ്രദന്റെ ദശയിൽ കഷ്ടലാഭാധിക്യവും മിശ്രഫലപ്രദന്റെ ദശയിൽ മിശ്രഫലവും വില്ലായിടത്തും വില്ലാവക്കും ഉണ്ടായിരിക്കുന്നതാണ്.

മൂ— സംജ്ഞാധ്യായേയസ്യയദ്രവ്യമുക്തം
കർമ്മാജ്ജീവേയച്ചയസ്യാപടിഷ്ടഃ
ഭാവസ്ഥാനാലോകയോഗോരുഭവേ
തത്തത്സർവ്വംതസ്യയോജ്യംദശായാം. ൫൦

വ്യാ—യാതൊരുഗ്രഹത്തിനു സംജ്ഞാധ്യായത്തിൽ യാതൊരു ദ്രവ്യമാണോ പറഞ്ഞിരിക്കുന്നത് അതുപോലെ കർമ്മജീവാദ്ധ്യായത്തിൽ യാതൊരു ഗ്രഹത്തിനു യാതൊരു ജീവനമാണോ പറഞ്ഞിരിക്കുന്നത് അതുപോലെ ഭാവഫലം സ്ഥാനഫലം ദൃഷ്ടിഫലം നാഭസരാജയോഗാദി ഫലങ്ങൾ ഇവയൊക്കെയും യോഗകർത്താക്കളായ അതാതു ഗ്രഹങ്ങളുടെ ദശാപഹാരാദി കാലങ്ങളിൽ അവശ്യം സംഭവിക്കുന്നതാണ്.

മൂ— ശുഭഫലദശായാം താദൃഗേവാന്തരാത്മാ
ബഹുധനയുതിപുംസാംസൗഖ്യമർത്ഥാഗമംവാ
കഥിതഫലവിപാകൈസ്തത്തദേഭത്തമാനാം
പരിണമതിഫലാപ്തിസ്വപ്നചിന്താസ്വവീര്യ്യേ. ൫൧

വ്യാ—ശുഭപ്രദനായ ഗ്രഹത്തിന്റെ ദശയിൽ ശരീരാന്തര്യ്യാപിയായി ചിൽസ്വരൂപനായിരിക്കുന്ന പരമാത്മ സ്വരൂപൻ ശരീരികൾക്ക് സൌഖ്യം ധനലാഭം മുതലായ ഇഷ്ടാനുഭവങ്ങളെ കൊടുക്കും. ഇങ്ങനെ എല്ലാ ദശകളുടേയും ഫലത്തെ അറിഞ്ഞുകൊള്ളണം. ചില ദശകളിൽ നിധിപ്രാപ്തി ഭൂലാഭം ഇത്യാദിഫലങ്ങൾ പറയപ്പെട്ടിരിക്കും എന്നാൽ ഫലദാതാവായ ഗ്രഹം ബലഹീനനായിരുന്നാൽ ചില സ്വപ്നത്തിൽ അതുകൾ സ്വപ്നത്തിൽ ലഭിച്ചതായും മനസ്സിൽ വിചാരിച്ചു മാത്രം കൃതാർത്ഥത നേടുന്നതായും വന്നേക്കാം.

മൂ— പാകസ്വാമിനിലഗ്നാദ്ഗേസുഹൃദിവാവ്യയസ്യസൌമ്യേപിവാ
പ്രാരബ്ധാശുഭദാശാന്തിദശഷ്വംഭാവേഷുപാപാകതേ
മിത്രോച്ചോപചയത്രികോണമദഗേപാകേശ്വരസ്യസ്ഥിത-
ശത്രുസ്സൽഫലബോധനാനികൃതേപാപാനിചാതോന്യഥാ.

വ്യാ—ദശാധിപനായ ഗ്രഹം ലഗ്നത്തിലോ ബന്ധുക്ഷേത്രത്തിലോ സപ്തമത്തിലോ ന.-ഛ0-ന ഈ സ്ഥാനങ്ങളിലോ നിൽക്കുമ്പോഴും ദശാനാഥന്റെ ബന്ധുഗ്രഹം ലഗ്നത്തിൽ നിൽക്കുന്നകാലവും ആരംഭിക്കുന്ന ദശ ശുഭപ്രദയായിരിക്കും. അതുപോലെതന്നെ പാകാധിപന്റെ ബന്ധുക്ഷേത്രം ഉച്ചം ഉപചയങ്ങൾ ത്രികോണം മുഴുവൻഭാവം ഇവയിൽ ചന്ദ്രൻ നിൽക്കുന്ന കാലവും ദശ ഇഷ്ടഫലങ്ങളെ ചെയ്യും. ഈ സ്ഥാനങ്ങളിൽ അല്ലാതെ നിന്നാൽ ദോഷഫലത്തെയാണ് ചെയ്യുന്നത്. ഇവിടെ പാകസ്വാമിശബ്ദംകൊണ്ട് ദശാനാഥനെയും വിചാരിക്കണമെന്നുണ്ട്.

മൂ— ലഗ്നാദിഷ്ടഗ്രഹോപഗസ്സ്വഭവനേതുംഗേസുഹൃത്തേഥവാ
പാകേശശുഭമിരുവീക്ഷണയുതസ്തൽപാകകേന്ദ്രകെത്വശുഭം
കേന്ദ്രേവ്യയദികോണഗേതിശുഭദേപാപാസ്ത്രിഷഷ്ഠായഗാ-
സ്ഥംഗാദ്യോപചയേഷ്വയെവലയുതാസേഷ്ടാംദശായാംശുഭം.

വ്യാ—പാകാധിപനായ ഗ്രഹം ലഗ്നാൽ ഇഷ്ടസ്ഥാനങ്ങളിലോ സ്വഭവനത്തിലോ ഉച്ചം ബന്ധുക്ഷേത്രം ഇവയിലോ ശുഭന്മാരുടെയോ ബന്ധുഗ്രഹങ്ങളുടെയോ യോഗദൃഷ്ടികളോടുകൂടി നിന്നാലും ശുഭഫലസിദ്ധിയുണ്ടാകും. അതുപോലെ അവൻ കേന്ദ്രത്രികോണങ്ങളിൽ നിൽക്കുകയാണെങ്കിൽ വ്യാഴവും ശുക്രനുമാകും. പാപഗ്രഹങ്ങൾ ന.-സ-ഛ-ഛ ഈ സ്ഥാനങ്ങളിൽ ഉച്ചസ്ഥന്മാരായി നിൽക്കയും ബലവാന്മാരുമാണെങ്കിൽ അവരുടെ ദശകളും ശുഭപ്രദങ്ങളാകുന്നു.

മൂ— അന്യോന്യമിഷ്ടഗ്രഹയോർദ്ദശായാം
ഭുക്ത്യന്തരേശുഭംഷഷ്ഠംബലശാലിനോസ്യാ
ശത്രുഗ്രഹൈരുദ്ധർബലശാലിനൈശ്ചേൽ
പാകാപഹാരേതുതയോരനർത്ഥഃ. ൫൩

വ്യാ—പരസ്പരം ബന്ധുക്കളായി ആറുവിധമുള്ള ബലങ്ങളും തികഞ്ഞിരിക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ ശുഭഫലംതന്നെയുണ്ടാവും.. ബലഹീനന്മാരും അന്യോന്യശത്രുക്കളുമായ ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ ദോഷവും ഭവിക്കുന്നതാണ്.

മൂ— കരോതിയത്ഭാവഗതസ്യപാകേ
തത്ഭാവജന്യന്തശുഭംശുഭംവാ

ശുഭംശുഭവ്യാമമരസ്യഭായേ
പാപസ്യതായേതദശുഭംവദന്തി. ൧൭

വ്യാ—ഏതുഗ്രഹം ഏതുഭാവത്തിൽ നിന്നാലും ആ ഭാവത്തിനു അനുരൂപമായ ശുഭത്തേയോ അശുഭത്തേയോ ചെയ്യും. ശുഭഗ്രഹത്തിന്റെ അപഹാരത്തിൽ ശുഭഫലവും പാപന്റെ അപഹാരത്തിൽ ദോഷവും ഉണ്ടാകുന്നതാണു്.

മൂ— സൌമ്യാനുമിതഗ്രഹാദശാന്തർശുഭപ്രദാസ്യാൽ
പാപാനുമിതസ്യവിഫലംപ്രതിപാകകാലേ
മിശ്രഗ്രഹേണസഹിതസ്യദശാപഹാരേ
മിശ്രംഫലംഭവതിമിശ്രഫലാനുമിതസ്യ. ൧൮

വ്യാ—ഏതുഗ്രഹമായാലും ശുഭനോടുകൂടി നിൽക്കയാണെങ്കിൽ അവന്റെ ദശാകാലം നന്നായിട്ടും പാപനോടുകൂടിയവന്റെ ദശാകാലം ദോഷമായിട്ടും പാപശുഭന്മാരോടു കൂടിയവന്റെ ദശ മിശ്രഫലമായിട്ടും ഭവിക്കും.

മൂ— യദ്ധാതുഭേദസ്യദശാപഹാരേ
തദ്ധാതുവിത്തായതിമാഹരന്ത്യാഃ
ധാതുക്ഷയംപാപവിയച്ചരസ്യ
പാകേഭിവൃദ്ധിംസകലാർത്ഥനാശം. ൧൯

വ്യാ—അതാതുധാതുകാരകന്മാരായിരിക്കുന്ന ഗ്രഹങ്ങളുടെ ദശയിൽ അതാതുധാതുക്കളുടെയും ദ്രവ്യങ്ങളുടെയും പ്രാപ്തിയും ആ ഗ്രഹങ്ങൾ പാപന്മാരായിരുന്നാൽ ആ ധാതുക്കൾക്കും ദ്രവ്യങ്ങൾക്കും നാശവുംഭവിക്കും. (ധാതുക്കൾ എന്നതു് സ്വർണ്ണം വെള്ളി മുതലായവയാകുന്നു.)

മൂ— യല്ലഗ്നകർത്തുഗ്രഹപാകകാലേ
തല്ലഗ്നസിദ്ധിംപ്രവദന്തിസന്തഃ
യൽകാര്യകാര്യദ്യുചരസ്യദായേ
തല്ലാഭസിദ്ധിംപ്രവദേന്നരാണാം. ൨൦

വ്യാ—ഏതുഗ്രഹം ഏതുകർമ്മത്തെ ചെയ്യുന്നവനാകുന്നുവൊ ആ ഗ്രഹത്തിന്റെ ദശയിൽ ആ കർമ്മം ഉണ്ടാവും. ഏതു ഗ്രഹംനിമിത്തം ഏതുകാര്യംസാധിക്കുമെന്നുണ്ടോ ആ ഗ്രഹത്തിന്റെ ദശയിൽ ആ കാര്യം സാധിക്കയും ചെയ്യും. (തീർത്ഥസ്നാനാദി പുണ്യകർമ്മങ്ങളുടെ കർത്താവായ വ്യാഴത്തിന്റെ ദശയിൽ തീർത്ഥസ്നാനാദിയും വിവാഹാദികാര്യകർത്തായ ശുക്രന്റെ ദശയിൽ വിവാഹംമുതലായതും സാധിക്കുമെന്നർത്ഥം. ഇതുപോലെ ദശാഫലങ്ങളും ഊഹിച്ചുകൊള്ളുന്നതാകുന്നു.)

മൂ— ശുഭഗ്രഹൈരന്വയദൃഷ്ടികാര്യസിദ്ധിം
പാപസ്തഥാല്പകാര്യവിനാശമേവ
സചന്ദ്രയുക്തോപഗതസ്യ പാകേ
സാധനവൃദ്ധിംസകലാർത്ഥനാശം. ൨൬

വ്യാ—ദശാനാഥൻ ശുഭനായിരുന്നാൽ സകലകാര്യസിദ്ധിയും പാപിയായാൽ കാര്യനാശവും ഭവിക്കും. ശത്രുഗ്രഹത്തോടുകൂടി നിൽക്കുന്ന ഗ്രഹത്തിന്റെ ദശാകാലം ശത്രുവർദ്ധനയും അനർത്ഥനാശവും മുണ്ടാകും.

മൂ— രാജസ്ഥാനാധിപരാജകാരകദശാരാജപ്രസാദപ്രദാ
ദേവവ്യാമഗതസ്യപാകസമയേതദ്ദേവതാരാധനം
ധർമ്മാധീശദശാഗമേസതിതഥോപാധർമ്മാദിസിദ്ധിംവദേൽ
കർമ്മേശസ്യദശാഫലാനുസമയേയജ്ഞാദികർമ്മോത്സവം. ൨൭

വ്യാ—രാജസ്ഥാനാധിപൻ രാജകാരകൻ ഇവരുടെ ദശയിൽ രാജപ്രീതിയും ദേവഗ്രഹങ്ങളായവരുടെ ദശയിൽ അതാതു ദേവന്മാരുടെ ആരാധനാ മുതലായതും ധനുതാംഭവാധിപന്റെ ദശയിൽ ധർമ്മസിദ്ധിം മുതലായതും കർമ്മാധിപദശയിൽ യാഗം മുതലായ വിശിഷ്ടകർമ്മങ്ങളും ചെയ്യുവാൻ സംഗതിയാകും.

മൂ— സതപാദിഗ്രഹപ്രകൃഷ്ടനവമയേതത്തൽഗ്രഹോജന്മരേ
ജന്മർക്ഷാദിനവർക്ഷഗ്രഹദശാകൂപ്പീതത്ഫലം
കർമ്മർക്ഷാദിനവഗ്രഹസ്യബലിനഃപാകേഭവിഷ്യൽഫലം
ചാധാനാദിഗതസ്യസർവ്വമഫലംപാകേഫലംവാവദേൽ. ൨൮

വ്യാ—സതപാജുസ്ഥനായ പ്രധാനനായിരിക്കുന്ന ഗ്രഹങ്ങളുടെദശകളിൽ അതാത ഗ്രഹത്തിന്റെ അനുരൂപങ്ങളായ കർമ്മങ്ങളും വൃത്തികളുമുണ്ടായിരിക്കും. ജന്മനക്ഷത്രം മുതൽ ഒൻപതു നക്ഷത്രങ്ങളുടെ അധിപന്മാരായ ഗ്രഹങ്ങളുടെ ദശകളെക്കൊണ്ട് കഴിഞ്ഞ ഫലങ്ങളെയും പത്താംനക്ഷത്രം മുതൽ ഒൻപതു നക്ഷത്രങ്ങളുടെ അധിപന്മാരുടെ ദശകളെക്കൊണ്ടും ഭാവിഫലത്തെയും പറയണം. ആധാനനക്ഷത്രം മുതൽ ഒൻപത് നക്ഷത്രാധിപന്മാർക്കുള്ള ദശകളിൽ പല ശൂന്യതയും പറയേണ്ടതാണ്.

മൂ— ശീഘ്രോദയഗതഃഖേടഃ പാകാദ്യഫലദോഭവേൽ
പൂഷ്ണോദയസ്ഥഃപാകാന്തേ ചോഭയോദയഗസ്സുദാ. ൨൯

വ്യാ—ശീഘ്രോദയരാശിയിൽ നില്ക്കുന്ന ഗ്രഹം തന്റെ ദശയുടെ ആദിയിലും പൂഷ്ണോദയരാശിയിൽ നില്ക്കുന്ന ഗ്രഹം ദശയുടെ അവ

സ്ഥാനത്തിലും തിയ്യുണ്ടെങ്കിൽ നില്ക്കുന്ന ഗ്രഹം എല്ലാ സമയത്തിലും തങ്ങളുടെ ശുഭാശുഭഫലങ്ങളെ ചെയ്യുന്നതാണ്.

മൂ— ഷഷ്ഠേശസ്യദശാവിലാപകരിണീമൃത്യുർവിനാശംപ്രഭോ
രന്ധ്രേവ്യാപചരസ്യബന്ധുമരണംപാകേപഥാരോഗവാ
സന്ധ്യസ്യാധകമൈത്രപാകപദമംബന്ധുർക്ഷതാരാധിപെ
യേതേഷാമപഹാരഭുക്തിസമയേസമ്പദ്വിനാശംവദേൽ. ൨൫

വ്യാ—ഷഷ്ഠാധിപന്റെ ദശാകാലം ദുഃഖവും മരണവും പ്രധാനജ്ഞാനത്തിനു നാശവും മൌഢ്യമുള്ള ഗ്രഹത്തിന്റെ ദശാപഹാരകാലങ്ങളിൽ ബന്ധുജ്ഞാനത്തിനു മരണവും പുണർതക്ഷത്രത്തിന്റെ ഉ-സംവ്വത്സരങ്ങളിൽ- ഈ നക്ഷത്രങ്ങളുടെ അധിപന്മാരായ ഗ്രഹങ്ങളുടെ ദശാപഹാരകാലങ്ങളിൽ സമ്പൽസമൃദ്ധിയും സംഭവിക്കും.

മൂ— ത്രിഭണ്ഡലേഷ്വപരൈകസ്മിൻ പാപഃസ്ഥിഷ്ണുരിദുർബലേ
തത്ദശായാംഭവേൻമൃത്യു സ്സൌഖ്യായദിശോഭനം. ൨൬

വ്യാ—മൂന്നാമിടത്തിലോ പന്ത്രണ്ടാമിടത്തിലോ ബലഹീനനായ പാപഗ്രഹം നില്ക്കുന്നുണ്ടെങ്കിൽ ആഗ്രഹത്തിന്റെ ദശാകാലം മരണകരമായിരിക്കും. ആ പാപൻ ശുഭയുക്തനായാൽ ഫലവും ശുഭമായിഭവിക്കും.

മൂ— രാശിസന്ധിഗതായേതു ദശാകർത്തുർഗദാദിപീഡനം
തൃംശൽഭാഗമനുക്രാന്തദശാമൃത്യുഫലപ്രദാ. ൨൭

വ്യാ—രാശിസന്ധികളിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശയിൽ ദുഃഖവും രോഗവും മറ്റും അശുഭങ്ങൾ ഉണ്ടാകും. ൩൦-ാമത്തെ തീയതിയിൽ തന്നെ നില്ക്കുന്ന ഗ്രഹത്തിന്റെ ദശയിൽ മരണംതന്നെ സംഭവിക്കും. രാശിസന്ധി എന്നു ഇവിടെ പറഞ്ഞതു് കേവലം കർക്കടകവൃശ്ചികമീനങ്ങളുടെ സന്ധിയെ മാത്രം ഉദ്ദേശിച്ചല്ല.

മൂ— നീചസ്ഥിതോജന്മനിയോഗ്രഹസ്സ പ്രാ-
ണസ്ഥാപിതദ്യൂനഖഗോനശക്യഃ
ദാതുംശുഭംരാഹ്വയുതസ്തുപാപിഷ്ടം
തൽക്ഷേത്രഗസ്തദ്ധൃതരാശിപശ്ച. ൨൮

വ്യാ—ജനനസമയം നീചത്തിൽ ഏതു ഗ്രഹം നില്ക്കുന്നുവോ അവനും അവന്റെ കൂടെ മറ്റു ഗ്രഹങ്ങളുണ്ടെങ്കിൽ അവരും ജാതന്റെ (ദശാകാലങ്ങളിൽ) ശുഭഫലത്തെ കൊടുക്കുവാൻ ശക്തന്മാരാകുന്നില്ല. രാഹുവിനോടു കൂടിയവനും രാഹുക്ഷേത്രത്തിൽ നില്ക്കുന്നവനും ആ ഗ്രഹത്തോടു ചേർന്നവനും രാഹു നില്ക്കുന്ന രാശിയുടെ അധിപനും അനിഷ്ടഫലം മാത്രമേ ചെയ്യുകയുള്ളൂ.

മൂ— തത്തദ്ഭാവാധിപാദന്യാധിശത്രു-
സ്ഥൈവാഖേടോബലിദ്ദുഷ്ടന്യർക്ഷയുക്തഃ
തത്തൽപാകേ ത്വത്തിഭാവാദികാനാം
നാശംബ്രൂയാദേവമാഹുർമ്മുനീന്ദ്രാഃ. ൨൯

വ്യാ—അതാതു ഭാവാധിപന്മാരായ ഗ്രഹങ്ങളുടെ അതിശത്രുവായ ഗ്രഹം (ഭാവാധിപന്മാരുടെ) അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കളില്ലാത്ത രാശിയിൽ നിന്നാൽ ആ ഗ്രഹത്തിന്റെ ദശാപഹാരങ്ങളിൽ അതാതു ഭാവങ്ങൾകൊണ്ടു വേണ്ടുന്ന ഫലങ്ങൾക്കു നാശം ഭവിക്കുന്നതാണ്.

മൂ— ഭൗമസ്ഥാനഗതൈർഗ്രഹൈർദശാശോകാദിരോഗപ്രദാ
തല്ലോകസ്ഥദശാപഹാരസമയേദുഃഖംവിദേശാടനം
അന്യോന്യാഷ്ടമഷഷ്ഠഗൈർദ്രുചരയോഃപാകാപഹാരേഭയം
ദേഹത്യാഗമനർത്ഥമിഷ്ടശുഭയോസ്സ്വംവിമിശ്രംഫലം. ൩൦

വ്യാ—കുജകേന്ദ്രത്തിലൊ കുജനോടുകൂടിയൊ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശയിൽ രോഗം ദുഃഖം മുതലായതും കുജന്റെ കേന്ദ്രത്തിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശയിൽ ദുഃഖവും ദൂരദേശഗമനവും അന്യോന്യം ഷഷ്ഠാഷ്ടമസ്ഥാനങ്ങളിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ ഭയവും ശരീരനാശവും മരണവും പലവിധത്തിലും അനർത്ഥവും (ദുഷ്ടന്മാർ മുതലായവ) ആ ഗ്രഹങ്ങൾ ഇഷ്ടസ്ഥാനാധിപന്മാരും ശുഭന്മാരുമായാൽ മിശ്രഫലവും ഭവിക്കും (രോഗസ്ഥാനാധിപത്യത്തിനു പിന്നീടു പറയുന്നതുകൊണ്ടു രോഗസ്ഥാനാധിപത്യത്തിനു മുമ്പു പറഞ്ഞതു രോഗസ്ഥാനത്തിനു മുമ്പുള്ള ഭാവത്തിന്റെ അധിപത്യത്തിനാണെന്നു ഗ്രഹിക്കണം.)

മൂ— പാകേടീപസ്യരാജ്യാഭവതിധനയശോ
ദാനവിദ്യാവിനോദീ
സ്വസ്ഥസ്യാചാരധർമ്മശ്രവണബഹുസുഖാ-
രോഗ്യവിത്താഗമസ്സ്യാൽ
രാജപ്രീതിർവ്വിഭൂതിസ്സുഖമിഹമുദിത
വ്യോമവാസസ്യദായേ
ശാന്തസ്യാരോഗ്യസൌഖ്യശ്രിയമവനിപരിപ്രീത
മുതസാഹമേതി. ൩൧

വ്യാ—ദീപ്താവസ്ഥയിലുള്ള ഗ്രഹത്തിന്റെ ദശയിൽ രാജ്യതുല്യം ധനം സുഖം കീർത്തിദാനശീലത വിദ്യ വിനോദം ഇവയും സ്വസ്ഥാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ കുലാചാരം ധർമ്മകഥാപ്രസംഗം കഥാശ്രവണംസുഖം ആരോഗ്യം ധനലാഭം ഇവയും മുദിതാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ രാജപ്രീതിയും ഐശ്വര്യവും സുഖവുംശാ

ന്താവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ സമ്പത്തു രാജപ്രീതി എല്ലാ കാര്യത്തിലും ഉത്സാഹം ആരോഗ്യം സൌഖ്യം ഇവയും ഉണ്ടാകും.

മൂ— പാകേശക്രതസ്യാവിദ്യാവിനയധനതപസ്സിദ്ധി ധർമ്മപ്രവൃത്തി-
ശ്ചോരാരാതിക്ഷിതീശൈർജ്ജയമനുജനിതഃപീഡിതസ്യഗൃഹസ്യ
ദാസ്യേദീനസ്യദൈന്യംവികലഖഗദശാശേകരോഗപ്രദാസ്യാൽ
ഛിത്തക്ലേശഃഖലസ്യപ്രതിദിനമരിഭിർഭീതഖേടസ്യഭീതിഃ. ന. ഉ.

വ്യാ ശക്താവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ വിനയാദി സദ്ഭാവഗുണങ്ങളും വിദ്യാപ്രസംഗവും ധനലാഭവും തപോനിഷ്ഠയും ധർമ്മാചാരങ്ങളും പീഡിതാവസ്ഥയുള്ളഗ്രഹത്തിന്റെ ദശയിൽ രാജാപ്പു കളുണ്ടാവർ ശത്രുക്കൾ ഇവരിൽ നിന്നും പരാജയവും ആനുജന്മാക്ക മരണവും ദീനാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ ദുഃഖവും രോഗവും ഖലഗ്രഹത്തിന്റെ ദശയിൽ മനോവ്യസനക്ലേശങ്ങളും ഭീതാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ ശത്രുക്കളിൽ നിന്നുഭയവും ഫലം

മൂ— വിലഗ്നതാരേന്ദുഭനാമതാരാ
പ്രശ്നേഷ്വനക്ഷത്രഗണേഷ്വമധ്യേ
ബലാധികന്യൂശദശാക്രമേണ
ഫലംശുഭംവാശുഭമാഹുരാര്യാഃ. ന. ന

വ്യാ—ലഗ്നസ്ഫുടത്തിലെ നക്ഷത്രം ജന്മനക്ഷത്രം നാമനക്ഷത്രം (അവ കാഹഡാദിപ്രകാരം പഞ്ചാംഗങ്ങളിൽ കാണുന്നതു്) പ്രശ്നനക്ഷത്രം ഇങ്ങനെ പലനക്ഷത്രങ്ങളുള്ളതിൽ ബലമധികമുള്ള നക്ഷത്രത്തിന്റെ ദശകാലം വരുത്തി ശുഭാശുഭഫലങ്ങളെ പറയാവുന്നതാണ്. ജന്മനക്ഷത്രം നിശ്ചയിച്ചല്ലാതെ വരുമ്പോൾ പ്രശ്നനക്ഷത്രം നാമനക്ഷത്രം മുതലായതുകൊണ്ടു ഫലങ്ങൾ പറയണമെന്നു പ്രമാണാന്തരങ്ങളുമുണ്ടു്.

മൂ— ഉല്പന്നനക്ഷത്രവിലഗ്നതോവാ
ഭവ്യാൽക്രമേണൈവദശാഫലാനി
ദശാവസാനേഷ്വശുഭേഷ്വസത്സു
കുർവന്തിസാമാന്യഫലംനരാണാം. ന. ര

വ്യാ—ഉൽപന്നനക്ഷത്രംകൊണ്ടും ദശകളെ വരുത്തി ഫലങ്ങളെ പറയണം എല്ലാദശകളുടെ അവസാനങ്ങളിലും ദശാധിപന്മാർ പ്രായേണ അശുഭഫലത്തെയാണ് ചെയ്യുന്നതു്.

മൂ— ജന്മർക്ഷാൽപരതസ്ത്വപഞ്ചമഭേപോദ്ഭിന്നസംജ്ഞോദശാ
സ്യാദാധാനദശാപ്യധോഷ്ടമഭവപാൽക്ഷേമാമഹാഖ്യാദശാ
ന. ഠ

ആസാഞ്ചൈവദശാവസാനസമയേമൃത്യുംവദേൽപ്രാ ണിനാം
ദീർഘ്രസപ്പുസമായുഷ്മാംവധവിപൽപ്രത്യഗ്ദശാസുക്രമാൽ.

വ്യാ—ജന്മനക്ഷത്രംകൊണ്ടു മഹാദശയേയും (സാധാരണനക്ഷത്രദശ) ജന്മനക്ഷത്രത്തിന്റെ അഞ്ചാം നാളുതുടങ്ങി ശിഷ്ടദശവരുത്തി കിട്ടുപന്നദശയേയും ജന്മനാത്രത്തിൽ നിന്നു പുറകോട്ടു എണ്ണിയാൽ എട്ടാമതായിവരുന്ന നക്ഷത്രത്തെക്കൊണ്ടു അധ്യാനദശയേയും നാലാംനക്ഷത്രാധിപനെക്കൊണ്ടു മഹാദശയേയും വരുന്നാം. ഈ ദശയ്ക്കു ക്ഷേമദശയെന്നും പേർ പറയാറുണ്ട്. ഈ എല്ലാദശകളുടേയും അവസാനം മൃത്യുകാരകമാണ്. ദീർഘായുസ്സോഗമുള്ളവക്കു ഏഴാം നക്ഷത്രാധിപന്റേയും മദ്ധ്യായുസ്സോഗമുള്ളവക്കു അഞ്ചാംനക്ഷത്രാധിപന്റേയും അല്പായുസ്സോഗമുള്ളവക്കു മൂന്നാംനക്ഷത്രാധിപന്റേയും ദശയിൽ മരണം സംഭവിക്കും.

മൂ— ജാതോഹനിഷേദക്ശനിസ്ഫുടൈക്യ
താരാദിനിസ്ത്രിണദശാപ്രകല്പ്യാ
താദൃശരാഹ്വസ്ഫുടയോഗതാര
പൂർവ്വാദശാനിഷ്ടകരാരജന്യാം നഭ

വ്യാ—പകൽ ജനിച്ച ആളുകൾക്കു സൂര്യശനികളുടെ സ്ഫുടങ്ങളെ ഒന്നിച്ചുചേർത്തു നാളുകണ്ടു് ആ നാളുമുതൽ നിസ്ത്രാണ (മരണ) ദശചിന്തിക്കേണ്ടതാണു്. രാത്രിയിൽ ജനിച്ചവക്കു ചന്ദ്രന്റെയും രാഹുവിന്റെയും സ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടി നാളുകണ്ടു് ആ നാളുമുതൽ നിസ്ത്രാണദശ ചിന്തിക്കേണ്ടതാകുന്നു.

മൂ— ഗ്രഹികസ്ഥിതനക്ഷത്രാ ദശാതസ്യപ്രകല്പിതാ
തദ്ഭുക്തപനവാംശേശൌ സഹകാരീചമൃത്യുദഃ. നഒ

വ്യാ—ഗ്രഹികസ്ഫുടത്തെവെച്ചു നാളുകണ്ടു് അനാളുമുതൽ ഗ്രഹിക്കുശേ അറിയണം. ഗ്രഹികഭാവാധിപൻ ഗ്രഹികന്റെ അംശകാധിപൻ അതിനോടുചേർന്നവൻ ഇവരൊക്കെയും മരണപ്രദന്മാരാണു്.

മൂ— ദിനേശാവിനശ്ശുക്രൌച രാജാനൌകാരകാസ്മൃതാഃ
കാരകസ്യത്രിശൂലർക്ഷേ യദാചരതിയാദശാ. നപ

മൂ— തല്ലഗ്നകസ്ഥിതഗ്രഹാദിഷുസർവ്വഭേഷു
ചക്രപ്രമാണദളവത്സരസംയുതേഷു
വീര്യ്യാനപിതേഷുശുഭദൃഷ്ടിയുതേഷുസൌഖ്യം
നീചാരിപാപയുതഭേഷുവദന്ത്യനിഷ്ടം. നൻ

വാക്യം—വിക്രമാഷ്ടമാധിപവശാജ്ജാതന്യായഃ
പിതൃകാരകൈരവിശ്ലൂക്രൈ മാതൃകാരകൈശ്ചന്ദ്രകുജൈശ്ച.

വ്യാ—അഷ്ടമവും അഷ്ടമാദഷ്ടമവും (മൂന്നാമിടം) ആയുർസ്ഥാനങ്ങളാകുന്നു. ഇതുകാരംകൊണ്ടു് ആയുസ്സിനെ വിചാരിക്കേണ്ടതു്. രവിശുക്രന്മാർ പിതൃകാരകന്മാരും ചന്ദ്രകുജന്മാർ മാതൃകാരകന്മാരും ആകുന്നു. ഇതിനു കാരകഗ്രഹങ്ങൾ നിൽക്കുന്ന രാശിമുതൽ പിള്ളരാശികളിലും കാലചക്രപ്രമാണത്തിന്റെ അല്പസംവത്സരങ്ങൾ കൂട്ടുകയും ശുഭയോഗദൃഷ്ടികളും ബലവും ഉണ്ടായിരിക്കുകയും ചെയ്താൽ അവിടെ സുഖവും പാപയോഗദൃഷ്ട്യാദികളും ബലഹീനതയും ശത്രുനീചഗ്രഹസംബന്ധവും ഉണ്ടായിരുന്നാൽ അശുഭവും ഫലമാകുന്നു.

മഹാദശാഫലം.

മൂ— യത്തരാംശഗതശുശീതദധിപോനാലോകിതോവായുത-
സ്തത്ഷാംചക്രദശാവിശേഷഫലദാവക്ഷ്യാമിതച്ചക്രകം
ദേഹേപാപയുതേതുരോഗമധികംജീവേതുജീവഭ്രമം
ദത്ത്യാദ്ത്യനയോസ്സഹാബലവതാമത്യന്തശായാംധ്രുവം. രം൮

വ്യാ—ചന്ദ്രന്റെ നവാംശകരാശ്യാധിപനായ ഗ്രഹത്തിന്റെ യോഗമോ ദൃഷ്ടിയോ ചന്ദ്രനുണ്ടായിരുന്നാൽ കാലചക്രദശയ്ക്കാണു പ്രാധാന്യം കൽപ്പിക്കേണ്ടതു്. ദേഹരാശിയിൽ പാപയോഗമുണ്ടായിരുന്നാൽ രോഗവും ജീവരാശിയിൽ പാപയോഗമുണ്ടായാൽ മരണഭയവും ഫലമാകുന്നു. രണ്ടാമിടത്തും പാപസന്നിധിയുണ്ടായാൽ നിശ്ചയമായുംമൃതിതന്നെ സംഭവിക്കും. ചന്ദ്രൻ ബലവാനായിരിക്കയും രാത്രിയിൽ ജനിക്കയും ചെയ്യുന്നവക്ക് നക്ഷത്രദശയാണധികം ഫലിക്കുന്നതെന്നു ഗ്രന്ഥാന്തരവുമുണ്ടു്.

അന്തർദശാ (അപഹാര) വിശേഷഫലം.

മൂ— പാപോവിലഗ്നഗൃഹഗോയദിതദ്ദശായാം
പാപാപഹാരസമയേബഹുശോകരോഗം
വിത്തക്ഷയംസ്വപനസന്നഭയംനരാണാം
സൌമ്യസ്യമിശ്രമഖിലംപ്രവദന്തിസന്തഃ. രം൯

വ്യാ—ലഗ്നാസ്ഥിതനായ പാപഗ്രഹത്തിന്റെ ദശയിൽ പാപഗ്രഹത്തിന്റെ അപഹാരത്തിൽ ജനങ്ങൾക്കു് വളരെ ദുഃഖവും രോഗവും ധനനഷ്ടവും രാജാവിൽനിന്നും കള്ളന്മാരിൽനിന്നും ഭയവും ഭവിക്കും. ആ ദശയിൽ ശുഭന്റെ അപഹാരമാണെങ്കിൽ മിശ്രഫലമായിരിക്കും.

മൂ— ലഗ്നാധിപദശാകാലേ പാപഭുക്തൌമഹാഭയം
രോഗംമൃത്യുംഭയംസൂചേ വദന്തി സ്ഥാനനാശനം. രന

വ്യാ—ലഗ്നാധിപന്റെ ദശയിൽ പാപപാപഹാരസമയം വലുതായ ഭയവും രോഗങ്ങളും മരണാവസ്ഥയും സ്ഥാനനാശവും ഭവിക്കുമെന്നു ചില്ലാ ആചാര്യന്മാരും പറയുന്നു.

മൂ— ധനാധിപദശാകാലേ മന്ദഭുക്തൌധനക്ഷയം
ഇഷ്ടബന്ധുവിരോധഞ്ച ഭവിഷ്യതിനസംശയം. രന

വ്യാ—രണ്ടാംഭാവാധിപന്റെ ദശയിൽ ശനിപഹാരത്തിൽ ധനനാശവും ഇഷ്ടന്മാരുടെയും ബന്ധുക്കളുടെയും വിരോധവും നിശ്ചയമായും ഭവിക്കും.

മൂ— ധനാധിപദശാപാപഭുക്തൌതദ്ദിനസ്യാ-
ച്ഛന്യാരഭോഗീശദിനേശരാണാം
അന്തർദശായാംധനനാശമാഹുഃ
പാപാനുദിതേതത്ഭവനേതഥൈവ. രര

വ്യാ—ധനാധിപൻ പാപഗ്രഹമായിരുന്നാൽ അവന്റെ ദശയിൽ ശനി കുജൻ രാഹു കേതു സൂര്യൻ ഇവരുടെ അപഹാരങ്ങളിൽ പലവിധത്തിലും ധനനാശം ഭവിക്കും. രണ്ടാമിടത്തു പാപന്മാർ നിന്നാലും ഇവരുടെ ദശയിൽ ധനനാശമുണ്ടാകും.

മൂ— ധനാധിപദശാപാപഭുക്തൌതദ്ദീശ-
സ്യാത്തദ്ദശായാംക്ഷിതിപാലകോപം
മാനാർത്ഥനാശംനിജബാന്ധവൈരാണാം
സ്ഥാനഭ്രംശമിതിവിരോധമേതി. രദ

വ്യാ—ധനാധിപനും ധനത്തിൽ (രണ്ടാമിടത്തു്) നില്ക്കുന്ന ഗ്രഹവും പാപന്മാരായാൽ അവരുടെ ദശയിൽ രാജകോപം ഹേതുവായിട്ടു് അവമാനവും ധനനഷ്ടവും മറുതരത്തിൽ നാശങ്ങളും ബന്ധനവും (തടവിലിരിക്കയും) വിലങ്ങുവയ്ക്കയും സ്ഥാനഭ്രംശവും ബന്ധുവിരോധവും ഭവിക്കും.

മൂ— പാപഗ്രഹേവിക്രമഭാവനാഥേ
പാപാനുദിതേപാപവിയച്ചരാണാം
അന്തർദശായാമരിശസ്ത്രചോര
ദുഃഖംസമായാതിശുഭാനുദിതേവാ. രന

വ്യാ—മൂന്നാം ഭാവാധിപൻ പാപനായും പാപയുതനായും ഇ

രുന്നാൽ അവന്റെ ദശയിൽ പാപന്മാരുടെ അപഹാർത്തിൽ ശത്രുക്കളിൽനിന്നും ആയുധങ്ങളിൽനിന്നും കള്ളന്മാരിൽനിന്നും പലതരത്തിലും ഉപദ്രവവും ഭവിക്കും. പാപനായ മൂന്നാംഭാവാധിപൻ ശുഭയുക്തനായാലും ഫലം ഇങ്ങനെതന്നെ.

മൂ— ദുശ്ചില്ലഭാവാധിപദായകാലേ മന്ദാദഭോഗീധപജുഭാനുഭൂകേതു
നാശംവദേത്തത്രസഹോദരാണാം ഭവേദ്വിരോഷാത്സഹജൈർ
വിരോധഃ. രം൭

വ്യാ—മൂന്നാം ഭാവാധിപന്റെ ദശയിൽ ശനി കുജൻ രാഹു കേതു സൂര്യൻ ഇവരുടെ അപഹാരങ്ങളിൽ സഹോദരന്മാക്ക് നാശം ഭവിക്കും. അത് സംഭവിച്ചില്ലെങ്കിൽ അവരുമായി വിരോധമുണ്ടാകുമെന്നു നിശ്ചയമാണ്.

മൂ— ക്ഷേത്രാധിനാഥസ്യശുഭേരസ്യ
പാകേതുപാപഗ്രഹഭുക്തികാലേ
സ്ഥാനച്യുതിംബന്ധുജനൈർവിരോധം
കൃഷ്യാദിഗോവിത്തവിനാശമാഹുഃ. രം൮

വ്യാ—നാലാംഭാവാധിപനായ പാപഗ്രഹത്തിന്റെ ദശയിൽ പാപാപഹാരസമയത്തിൽ സ്ഥാനഭ്രംശവും ബന്ധുക്കളുമായി വിരോധവും കൃഷിമുതലായതുകൾക്ക് നഷ്ടവും പശു വൃഷഭാദിനാശവും ഭവിക്കും.

മൂ— പാപാപഹാരസമയേസുതരാശിപസ്യ
പാകേനുപാലഭയമിഷ്ടജനാത്തിമാഹുഃ
സൌമ്യാപഹാരസമയേസുതവിത്തലാഭ-
മുർവീശബന്ധുജനലാഭനമിഷ്ടസിദ്ധിം. രം൯

വ്യാ—അഞ്ചാംഭാവാധിപന്റെ ദശയിൽപാപാപഹാരങ്ങളിൽ രാജ്യവിരോധവും ഇഷ്ടന്മാരായ ആളുകൾക്ക് ദുഃഖവും ഭവിക്കും. അവന്റെ ദശയിൽ ശുഭാപഹാരങ്ങളിൽ പുത്രലാഭം ധനലാഭം രാജപ്രീതി ബന്ധുസ്നേഹം സർവ്വകാര്യസിദ്ധി ഇഷ്ടപ്രാപ്തി ഇവയും ഭവിക്കും.

മൂ— ഷഷ്ഠേശപാകസമയേതുശുഭേതരസ്യ
ഭൂകേതുസൂനുപാനലഭയം വ്യസനാഞ്ചരോഗഃ
പാകേകളത്രഗൃഹപസ്യബലാപഹാരേ
പത്നീവിനാശമടനാഞ്ചവിദോവദന്തി. ൩൦

വ്യാ—ആറാംഭാവാധിപന്റെ ദശയിൽ പാപാപഹാരത്തിൽ രാജാവ് അഗ്നി ഇവകളിൽനിന്നു ഭയവും മനോവ്യസനവും രോഗ

യും ഭവിക്കും. ഏഴാംഭാവാധിപന്റെ ദശയിൽ പാപപാപഹാരത്തിൽ ഭാര്യാവിനാശവും സഞ്ചാരവും ഉണ്ടാകുമെന്ന് എല്ലാ ആചാര്യന്മാരുടേയും സമ്മതമാകുന്നു.

മൂ— രന്ധ്രസ്വാമിദശാഗമേ രിപുഭയം പാപപാപഹാരേണാ-
മായുർവിത്തയശോവിനാശമടനംസ്ഥാനച്യുതിംവാവഭേൽ
പാകേധർമ്മഗൃഹാധിപസ്യമരണം പിത്രോരധർമ്മാഗതിം
ഭൂകേതുപാപവിയച്ചരസ്യനിഗളപ്രാപ്തിഞ്ചവിത്തക്ഷയം. ൭൬

വ്യാ—അഷ്ടമാധിപന്റെ ദശയിൽ പാപപാപഹാരത്തിൽമരണം ധനനാശം അപകീർത്തി സഞ്ചാരം സ്ഥാനഭ്രംശം ഇവയുണ്ടാകും. ൯ൻപതാംഭാവാധിപന്റെ ദശയിൽ പാപപാപഹാരത്തിൽ അച്ഛനമ്മമാക്ക മരണവും ദുഷ്പ്രവൃത്തികളും വിലങ്ങുവയ്യും ധനനഷ്ടവും ഭവിക്കും.

മൂ— കർമ്മേശസ്യഖലസ്യപാപസമയേഭൂകേതുയുഗ്പാപിനാ
മിഷ്ടാർത്തിംപദവിച്യുതിംസുഖയശോഹാനിഞ്ചവിത്തക്ഷയം
മന്ദാരാക്ഷണശക്തികസമയേലാഭേശദായേസുഖം
കൃഷ്യാദിപ്രവിനാശനംന്നുപഭയംവിത്തസ്യനാശംവദേൽ. ൭൭

വ്യാ—പത്താം ഭാവാധിപനായ പാപഗ്രഹത്തിന്റെ ദശയിൽ പാപപാപഹാരത്തിൽ ഇഷ്ടന്മാരായവക്ക് ആപത്തുകളും സ്ഥാനഭ്രംശവും അവമാനവും ദുഃഖവും അപകീർത്തിയും ദ്രവ്യനഷ്ടവും ഭവിക്കും. പതിനൊന്നാം ഭാവാധിപന്റെ ദശയിൽ ശനി കുജൻ സൂര്യൻ രാഹു ഇവരുടെ ദശയിൽ ദുഃഖവും കൃഷിനാശവും രാജഭയവും ദ്രവ്യനഷ്ടവും ഭവിക്കും.

മൂ— വ്യയേശദായേരവിമന്ദഭൌമഭൂകേതുകളൂത്രാത്മജബന്ധുവൈരം
ബലക്ഷയംമാനധനക്ഷയഞ്ച ഫണീശഭൂകേതുവിഷഭീതിമാഹുഃ.

വ്യാ—പന്ത്രണ്ടാം ഭാവാധിപന്റെ ദശയിൽ സൂര്യൻ ശനി കുജൻ ഇവരുടെ അപഹാരങ്ങളിൽ ഭാര്യ പുത്രന്മാർ ബന്ധുക്കൾ ഇവരുടെ വിരോധവും ശരീരബലഹാനിയും അവമാനവും ധനനാശവും അവിടത്തന്നെ രാഹുവിന്റെ അപഹാരത്തിൽ മേൽപറഞ്ഞവ കൂടാതെ വിഷഭയവും (വിഷംതീണ്ടുക) ഭവിക്കും.

മൂ— അന്യോന്യഷഷ്ഠാഷ്ടമപാകഭൂകേതു
പലപ്രദംവാമരണന്നരാണാം
ഏകസ്ഥയോരന്തരദായകാലേ
മൃത്യുംവദേദ്ഭർബലശാലിനോസ്യ. ൭൮

വ്യാ—പരസ്പരം ഷഡ്ദ്വാദശമസ്ഥാനങ്ങളിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ദശയും അപഹാരവും വരുന്ന കാലങ്ങളിൽ സ്ഥാനഭ്രംശം മരണം ഇവ സംഭവിക്കും. ബലഹീനന്മാരായി ഏഴുഭാവത്തിലെങ്കിലും ഒരുമിച്ചു നിൽക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരസമയങ്ങളിൽ മരണവും ഉണ്ടാകും.

മൂ— ക്രൂരഗ്രഹദശാകാലേ ക്രൂരസ്യാന്തർദശാഗമേ
മരണന്തസ്യജാതസ്യ ഭവിഷ്യതിനസംശയഃ. ൩൪

വ്യാ—ക്രൂരഗ്രഹത്തിന്റെ ദശയിലുള്ള ക്രൂരഗ്രഹാപഹാരത്തിൽ മരണം ഭവിക്കുന്നതാകുന്നു.

മൂ— ക്രൂരരാശിഗതാഃപാപാ ശുഭൂഖേടനിരീക്ഷിതാഃ
ശത്രുഖേചരസംയുക്താ സ്വദശായാംമൃതിർഭവേൽ. ൩൫

വ്യാ—ക്രൂരഗ്രഹത്തിന്റെ ക്ഷേത്രത്തിൽ ശത്രുയോഗദൃഷ്ടികളുള്ള ക്രൂരഗ്രഹം നിന്നാൽ അവന്റെ ദശാകാലം മരണപ്രദമാകുന്നു.

മൂ— ദശാധിപസ്യയശ്ശത്രു സ്തസ്യഭുക്ത്യന്തരാന്തരേ
മൃത്യുകാലോഭവേന്നൂനം പാപഖേടസ്യനിശ്ചയഃ. ൩൬

വ്യാ—ദശാകർത്താവായ ഗ്രഹത്തിന്റെ ശത്രുവിന്റെ അപഹാരവും മരണകാലമാകുന്നു. ആ ശത്രു പാപനാണെങ്കിൽ മരണം നിശ്ചയമാണ്.

മൂ— സ്വോച്ചാദിജന്യമശുഭസ്യദശാപ്രവേശേ
ഭാവാദിജംഫലമശോഭനപാകമധ്യേ
ദുഷ്ടപ്രഭാവംസകലപാപവിയച്ചരാണാം
പാകാവസാനസമയേഫലമാഹുരാര്യാഃ. ൩൭

വ്യാ—പാപഗ്രഹങ്ങളുടെ ദശാരംഭകാലത്തിൽ അവരുടെ ഉച്ചാദിഫലങ്ങളും ദശാമദ്ധ്യത്തിൽ ഭാവസ്ഥിതിഫലവും ദശാവസാനത്തിൽ കൃഷിഫലവും അനുഭവിക്കുമെന്നു എല്ലാ ആചാര്യന്മാരും പറയുന്നു.

മൂ— പാകസ്യാദ്യേപാകജന്യംശുഭാനാം
തത്തദ്രാശിസ്ഥാനജംപാകമധ്യേ
പാകസ്യാന്തേദൃഷ്ടിസഞ്ജാതമേവം
സർവ്വേതാരാപാകഭേദംവദന്തി. ൩൮

വ്യാ—ശുഭഗ്രഹങ്ങൾ ദശയുടെ ആദിയിങ്കൽ സ്വദശാഫലത്തേയും ദശാമദ്ധ്യത്തിൽ ഭാവരാശിസ്ഥിതിഫലത്തേയും ദശാവസാനത്തിൽ ദൃഷ്ടിഫലത്തേയും കൊടുക്കുന്നു.

ഇപ്രകാരം നക്ഷത്രദശാസമുദായഫലം

മൂ— അഥതരണിദശായാം ക്രൌഞ്ചഭ്രപാടനാത്തൈ-
ർഭ്നമനലചതുഷ്ഠാൽപീഡനംനേത്രതാപം
ഉദരദശനരോഗംപുത്രദാരാത്തിരുത്തൈ-
ർഗുരുജനപിതൃനാശോഭൃത്യഗോവിത്തഹാനിഃ. ൩൦

വ്യാ—അനന്തരം സൂര്യദശാഫലത്തെ പറയുന്നു. സൂര്യദശയിൽ ക്രൂരപ്രവൃത്തിനിമിത്തവും രാജാവു നിമിത്തവും സഞ്ചാരംനിമിത്തവും ധനലാഭവും അഗ്നി പശു വൃഷഭാദികൾ ഇവകളിൽ ഭയവും നേത്രരോഗവും ഉദരരോഗവും ദന്തരോഗവും ഇവയും പുത്രഭാര്യാദികൾക്ക് രോഗാദിദുഃഖവും ഗുരുജനങ്ങൾക്കും പിതാക്കന്മാർക്കും ഭൃത്യനാശക്കും പശ്വാദിജന്തുക്കൾക്കും ധനത്തിനും നാശഫലം;

മൂ— ദശാദശാഹതാമാസാ ശൈശകസ്ഥാനംവിനാപരേ
ഏകസ്ഥാനംത്രിഗുണിതം ദിനാന്യന്തർദശാക്രമഃ. ൩൧

വ്യാ—അപഹാരം വരുത്തുവാൻ ഇഷ്ടദശാസംവത്സരം വച്ചു അപഹരത്തുഗ്രഹത്തിന്റെ ദശാസംവത്സരംകൊണ്ടു ഗുണിക്കുക. അതിന്റെ ഏകസ്ഥാനത്തെ മാറ്റിവച്ചു മൂന്നിൽ ഗുണിച്ചാൽ അതു ദിവസവും ശേഷം മാസവുമായിരിക്കും. മാസംപത്തുണ്ടിൽ അധികം ഉണ്ടെങ്കിൽപത്തുണ്ടിൽ കഴിച്ചുകിട്ടുന്ന ഫലം സംവത്സരമായിരിക്കും. എല്ലാദശയിലും ആദ്യം ദശാനാഥന്റെ അപഹാരവും ശേഷം അപഹാരങ്ങൾ ദശാക്രമം അനുസരിച്ചും ആകുന്നു.

അഥ സൂര്യദശാ വർഷം ൬.

മൂ— ദ്വിജഭ്രുപതിശസ്ത്രാത്ത്രൈർധനപ്രാപ്തിംമനോരുജം
വിദേശവനസഞ്ചാരം ഭാനോരന്തർഗ്രഹേഷ്വപി. ൩൨

സൂര്യദശയിൽ സൂര്യാപഹാരം മാസം ൨ ദിവസം ൧൮.

വ്യാ—സൂര്യദശയിൽ സൂര്യാപഹാരത്തിൽ ബ്രാഹ്മണൻ രാജാവു ശസ്ത്രങ്ങൾ ഇവകളിൽനിന്നു ധനലാഭവും മനോദുഃഖവും വിദേശങ്ങളിലും വനങ്ങളിലും സഞ്ചാരവും ഫലം.

മൂ— ബന്ധുമിത്രജനൈരത്ഥം പ്രയാണംമിത്രസജ്ജനൈഃ
പാണ്ഡുരോഗഞ്ചസന്താപം ഭാനൌചന്ദ്രദശാന്തരേ. ൩൩

വ്യാ—സൂര്യദശയിൽ ചന്ദ്രാപഹാരം മാസം ൩ ബന്ധുക്കൾ സ്നേഹിതന്മാർ ഇവരിൽനിന്ന് ധനലാഭം സജ്ജനങ്ങളുമായി സഹ

വാസം പാണ്ഡു (നീര്) രോഗം മുതലായതുകൊണ്ടു ദുഃഖം ഇവ ഫലം.

മൂ— രത്നകാഞ്ചനാവിത്താപ്തിം രാജസ്നേഹംശ്രുഭാവഹം
പൈത്യരോഗാദിസഞ്ചാരം ഭാനൌകുജദശാന്തരേ. നരു

വ്യാ—സൂര്യദശയിൽ കുജാപഹാരം മാസം രു രീയതി ന.രത്നങ്ങൾ സ്വർണ്ണങ്ങൾ ധനം മുതലായവയുടെ ലാഭവും രാജപ്രീതിയും സൽക്കർമ്മപ്രവൃത്തിയും പിത്തസംബന്ധമായരോഗവും സഞ്ചാരവും ഫലം.

മൂ— അകാലേമൃത്യുസന്താപം ബന്ധുവൃദ്ധിപീഡനം
പദച്യുതിംമനോദുഃഖം രവേരന്തർഗ്ഗതേഫ്യഹെ. നദി

വ്യാ—സൂര്യദശയിൽ രാഹുപഹാരം മാസം ഫ 0 തീയതിരു. വിചാരിച്ചിരിക്കാതെ മരണഭയം ബന്ധുക്കൾക്കു ദുഃഖം ശത്രുഭയം സ്ഥാനഭ്രംശം മനോവ്യസനം ഇവ ഫലം.

മൂ—സർവ്വപൂജ്യംസുതാദ്രിത്തം ദേവബ്രാഹ്മണപൂജനം
സൽകർമ്മാചാരസൽഗോഷ്ഠിം രവേരന്തർഗ്ഗതേഗ്ലൌ. നനു

വ്യാ—സൂര്യദശയിൽ ഗുവ്വുപഹാരം മാസം ൻ-തീയതി ഫ്വ. എല്ലായിടത്തും ബഹുമാനവും പുത്രന്മാരിൽനിന്നു ധനവും ദേവബ്രാഹ്മണപൂജയും സൽക്കർമ്മാചരണവും സൽസഭാവാസവും ഫലം.

മൂ— സർവശത്രുത്വമാലസ്യം ഹീനവൃത്തിംമനോരുജം
രാജചോരഭയപ്രാപ്തിം രവേരന്തർഗ്ഗതേശനൌ. നഒ

വ്യാ—സൂര്യദശയിൽ ശന്യുപഹാരം മാസം ഫ-തീയതിഫ്വ. എല്ലാവരുടേയും വിരോധവും കാര്യങ്ങളിൽ അലസതയും (മടി) ദുഷ്പ്രവൃത്തിയും മനോദുഃഖവും രാജഭയം ചോരഭയം മുതലായതു ഫലം.

മൂ— ബന്ധുപീഡാമനോദുഃഖം സന്നോത്സാഹോധനക്ഷയം
രുജാഞ്ചിൽസുഖമാപ്നോതി രവേരന്തർഗതേബുധേ. നഫ

വ്യാ — സൂര്യബുധാപഹാരംമാസം ഫ0 തിയതി ന. ബന്ധുക്കൾക്കു ദുഃഖം മനോവ്യസനം ഉത്സാഹക്കുറവു ധനനാശം കുറേശ്ശസുഖം ഇവഫലം.

മൂ — കണ്ഠരോഗംമനസ്താപം നേത്രരോഗമഥാപിവാ
അകാലമൃത്യുമാപ്നോതി രവേരന്തർഗതേധപ്പേ. നൻ

വ്യാ—സൂര്യകേതുപഹാരം മാസം രു തീയതി ന. കണ്ഠരോഗം നേത്രരോഗം മനോദുഃഖം അകാലമരണം ഇവഫലം.

മൂ— ജലദ്രവ്യാപ്തിമായാസം കുസ്ത്രീജനനിഷേവണം
ശൂഷ്കവാദമവാപ്നോതി രവേരന്തർഗതേഭൊ. ൧൦

വ്യാ—സൂര്യശുക്രാപഹാരം വർഷം ൧. വെള്ളത്തിൽ ഉണ്ടാകുന്ന സാധനങ്ങളിൽനിന്ന് ധനലാഭം കായ്മില്ലാത്തുള്ള വ്യവഹാരം ദേഹപ്രയത്നം കുസ്ത്രീകളായ സ്ത്രീകളുമായിസഹവാസം ഇവ ഫലം.

മൂ— ദശാന്തർദിനനാഥസ്യ പിത്തരോഗംധനക്ഷയം
സർവ്വബാധാകരംമദ്ധ്യേ ദശാന്തേസുഖമാപ്നുയാൽ. ൧൧

വ്യാ—സൂര്യദശയിൽ ആദ്യം അച്ഛനു രോഗവും ധനക്ഷയവും ദശാമദ്ധ്യത്തിൽ സർവ്വോപദ്രവവും ദശാന്ത്യത്തിൽ സുഖവും ഫലം.

മൂ— സോച്ചേനീചനവാംശകസ്യതരണേർദ്ദായേപവാദംഭയം
പുത്രസ്ത്രീപിതൃവർഗ്ഗബന്ധുമരണംകൃഷ്യാദിവിത്തക്ഷയം
നീചേചത്രിംഗനവാംശകസ്യചരവേഃ പാകേന്നപാലപ്രിയം
സൌഖ്യംയാരിദശാവസാനസമയേവിത്തക്ഷയംവാമൃതിം. ൧൨

വ്യാ—ഉച്ചത്തിൽനിന്ന് നീചത്തിൽ അംശകിച്ചിരിക്കുന്ന സൂര്യന്റെ ദശയിൽ അപവാദവും ഭയവും അച്ഛൻ ഭാര്യ പുത്രന്മാർ പിതൃവർഗ്ഗത്തിലുള്ള ബന്ധുക്കൾ ഇവക്ക് മരണവും കൃഷിനാശവും ധനനഷ്ടവും നീചത്തിൽനിന്ന ഉച്ചത്തിൽ അംശകിച്ച സൂര്യന്റെ ദശയിൽ രാജപ്രീതിയും സൌഖ്യവും ആ ദശയുടെ അന്ത്യത്തിൽ ധനനഷ്ടമോ മരണമോ ഭവിക്കയും ഫലം.

അഥ ചന്ദ്രദശാ വർഷം ൧൦.

മൂ— ഹിമകിരണദശായാംമന്ത്രദേവദ്വിജാപ്തി-
സ്ത്രീവതിജനവിഭ്രതിസ്ത്രീധനക്ഷേത്രസിദ്ധിഃ
കുസുമവസനഭൂഷാഗന്ധനാനാധനാഢ്യോ
ഭവതിബലവിരോധേചാത്മഹാവാതരോഗീ. ൧൩

വ്യാ—ചന്ദ്രദശയിൽ മന്ത്രോപാസനം ദേവഭജനം ബ്രാഹ്മണസപത്നീസ്ത്രീകളിൽ നിന്ന് ധനലാഭം ഭാര്യാലാഭം ധനലാഭം ഭൂമിലാഭം സുഗന്ധദ്രവ്യപ്രാപ്തി വസ്ത്രാഭരണാദി സിദ്ധി ധനസമൃദ്ധി ഇവയും ചന്ദ്രൻ ബലഹീനനാണെങ്കിൽ ധനനാശവും വാതരോഗവും ഫലം.

മൂ— വിദ്യാസ്ത്രീഗീതവാദ്യേഷ്ടഭിരതിഗമനംപട്ടവസ്ത്രാദിസിദ്ധിം
സത്സംഗംദേഹസൗഖ്യംന്നൃപസചിവചമൂനായകൈഃപൂജ്യതാഞ്ച
സല്കീർത്തിംസൗഖ്യമാത്രാംകലയതിഹിമഗുഃപുത്രമിത്രപ്രിയസ്യ
ക്ഷ്മാണീഗോവാജിലാഭം ബഹുധനവിഭവംസേദശാന്തർവിപാ-

(കേ. ൭൯

വ്യാ—ചന്ദ്രദശയിൽ ചന്ദ്രാപഹാരം മാസം ൮൦. വിദ്യാവിനോദവും സ്ത്രീകളിലും സംഗീതത്തിലും വാദ്യംലോഷങ്ങളിലും പ്രതിപത്തിയും പട്ടുമുതലായ വിശേഷവസ്തുങ്ങളുടെ ലാഭവും സജ്ജനസംഗമവും ദേഹസുഖവും രാജാവു് മന്ത്രി സേനാനായകൻ ഇവരിൽനിന്നും ബഹുമാനവും യശസ്സു് യാത്രാസുഖം പുത്രന്മാർ ബന്ധുക്കൾ ഇവരോടു സ്നേഹവും ഭൂമി പശുക്കൾ കൃതിരകൾ ഇവയുടെ ലാഭവും ധനസമൃദ്ധിയും ഫലം.

മൂ— രോഗംവിരോധബുദ്ധിഞ്ച സ്ഥാനനാശംധനക്ഷയം
മിത്രഭ്രാതൃവശാൽക്ലേശം ചന്ദ്രസ്യാന്തർഗ്ഗതേകുജേ. ൭൫

വ്യാ—ചന്ദ്രകുജാപഹാരം-മാസം ൭. പലവിധ രോഗം ദോഷസ്വഭാവം സ്ഥാനഭ്രംശം നഷ്ടം ബന്ധുക്കൾ സഹോദരങ്ങൾ ഇവരിൽനിന്ന് ക്ലേശം ഇവ ഫലം.

മൂ— രിപോരോഗഭയാൽക്ലേശം ബന്ധുനാശംധനക്ഷയം
കിഞ്ചിൽസുഖമവാപ്നോതി ചന്ദ്രേരാഹുദശാന്തരേ. ൭൬

വ്യാ—ചന്ദ്രരാഹുപഹാരവർഷം ൧൯ മാസം ൧൦. ശത്രുക്കളിൽനിന്നും രോഗം നിമിത്തവും ക്ലേശവും ചീത്തപ്പേരും ഭയവും ബന്ധുനാശവും ദ്രവ്യനഷ്ടവും അല്പസുഖവും ഫലം.

മൂ— യാനാദിവിവിധാത്സ്ഥാപ്തിം വസ്ത്രാഭരണസമ്പദഃ
യത്നാൽകാര്യമവാപ്നോതി ചന്ദ്രേജീവദശാന്തരേ. ൭൭

വ്യാ—ചന്ദ്രഗുരുപഹാരംവർഷം ൧൬ മാസം ൮. വാഹനങ്ങളും വസ്ത്രാഭരണാദികളും സമ്പത്സമ്പൽപ്രാപ്തിയും പ്രയത്നം കൂടാതെവന്നിട്ടു കാര്യസിദ്ധിയും ഫലം.

മൂ— മാതൃപീഡാമനോദുഃഖം വാതപൈത്ത്യാദിപീഡനം
സ്വബന്ധുവിരോധാഗതിസംവാദം ചന്ദ്രേശനിദശാന്തരേ. ൭൮

വ്യാ—ചന്ദ്ര-ശനൈശ്ചരാപഹാരം-വർഷം ൧൯ മാസം ൭ അമ്മയ്ക്കു രോഗവും മനോദുഃഖവു വാതം പിത്തം മുതലായവയിൽനിന്നുള്ള രോഗങ്ങൾ വാക്കിനു് സ്തംഭനം (നാക്കുകുഴച്ചിൽ) ശത്രുക്കളുമായി വ്യവഹാരം ഇവ ഫലം.

മൂ— മാതൃവർദ്ധനപ്രാപ്തിം വിദ്വജ്ജനസമാഗമം
വസ്ത്രഭ്രഷ്ടാദിസമ്പ്രാപ്തിം ചന്ദ്രേബുധദശാന്തരേ. ൭൯

വ്യാ—ചന്ദ്ര-ബുധാപഹാരംവർഷം ൧൭ മാസം ൬. അമ്മയുടെ ബന്ധുക്കളിൽനിന്നു ധനലാഭം വിദ്വാന്മാരുമായിസ്സഹവാസം വസ്ത്രാഭരണാദി ലാഭം ഇവ ഫലം.

൩— സ്ത്രീരോഗംബന്ധുനാശഞ്ച കുക്ഷിരോഗാരിപീഡനം
ദ്രവ്യനാശമവാപ്നോതി ചന്ദ്രേകേതുദശാന്തരേ. ൭൦

വ്യാ—ചന്ദ്ര-കേതുപഹാരംമാസം ൬.സ്ത്രീജനങ്ങൾക്കു (ഭാര്യ മുതലായവക്കു) രോഗം ബന്ധുനാശം വയറിൽ ദണ്ഡം ദ്രവ്യനഷ്ടം ശത്രുഭയം ഇവ ഫലം.

൩— സ്ത്രീധനംകുക്ഷിപശുഭാദി ജലവസ്ത്രാഗമംശുഭം
മാതൃരോഗമവാപ്നോതി ചന്ദ്രേഭൃഗുദശാന്തരേ. ൭൫

വ്യാ—ചന്ദ്ര-ശുക്രാപഹാരംവർഷം ൧ മാസംവ.സ്ത്രീലാഭം കുക്ഷിലാഭം പശുവൃഷഭാദി ലാഭം മാതൃരോഗം ഇവ ഫലം.

൩— നവപ്രാപകമൈശ്വര്യം വ്യാധിനാശംരിപുക്ഷയം
സൌഖ്യംശുഭമാപ്നോവാതി ചന്ദ്രേരവിദശാന്തരേ. ൭൮

വ്യാ—ചന്ദ്ര സൂര്യാപഹാരംമാസം ൩. രാജധനലാഭം ആരോഗ്യം. ശത്രുനാശം സൌഖ്യം ശുഭം ഇ ച ഫലം.

൩— ആദ്യൌഭാവഫലംമദ്ധ്യേ രാശിസ്ഥാനഫലംവിദുഃ
പാകാവസാനസമയേ ചാംശജന്മർക്ഷിജംഫലം. ൭൯

വ്യാ—ചന്ദ്രദശയിൽ ആദ്യം ഭാവഫലവും മദ്ധ്യത്തിൽ സ്ഥാനഫലവും ഒടുവിൽ അംശകഫലവും ദൃഷ്ടിഫലവും ഉണ്ടാകും.

കുജദശാ വർഷം ൭.

൩— പാകേഭ്രമിസുതസ്യഭ്രുപഹതഭ്രൂഭ്രുപാഫവാത്ത്രൈർധനം
ദ്വേഷ്യാന്നുതവഞ്ചനൈശ്ചവിവിധൈഃക്രൂരത്വൈർബന്ധനസ്യാഗമഃ
പിത്താസൃഗ്ജ്വരപീഡനന്തുസതതംനീചാംഗനാസേവനം
വിദ്വേഷംസുതദാരബന്ധുഗുരുഭിർദുഷ്ടാന്നഭക്തിംവിദുഃ. ൮൦

വ്യാ—കുജദശയിൽ രാജാവു് അഗ്നിപ്രയോഗം രാജകാര്യമായ യുദ്ധം സാഹസപ്രവൃത്തി ചികിത്സ വഞ്ചനം ഇങ്ങനെ പലയിനങ്ങളിൽ നിന്നു ധനലാഭവും പിത്തസംബന്ധമായ രോഗവും രക്തദോഷവും ജ്വരവും നീചസ്ത്രീസഹവാസവും ഭാര്യാപുത്രാദികളുമായി വിരോധവും ദുഷ്ടഭക്ഷണവും ഫലം.

൩— ഉച്ചാധിത്യംസുഹൃദ്ദ്വേഷം ഭ്രാതൃപീഡാന്നപാത്രയം
സഖ്യകാര്യാർത്ഥനാശഞ്ച കുജേകുജദശാന്തരേ. ൮൧

വ്യാ—കുജദശയിൽ കുജാപഹാരം മാസം ൨ ൯ ൨൭. ഉച്ചം

വർദ്ധിച്ചിട്ടുള്ള രോഗങ്ങൾ ബന്ധുവിരോധം ഭ്രാതാക്കന്മാർക്ക് ദുഃഖം രാജകോപം വില്ലാ കാര്യങ്ങൾക്കും ധനങ്ങൾക്കും നഷ്ടം ഇവ ഫലം.

മൂ— നൃപചോരാരിഭീതിഞ്ച ധനധാന്യാദിനാശനം
ദുഷ്ടകർമ്മാദിസംസിദ്ധിം കുജേരാവൃദശാന്തരേ. ൨൯

വ്യാ—കുജ-രാഹുപാപഹാരംവർഷം ഫ തീയതി ചൊ. രാജാവ് ശത്രുക്കൾ കള്ളന്മാർ ഇവരിൽനിന്നഭയം ധനധാന്യങ്ങൾക്കു നാശം ദുഷ്പ്രവൃത്തി ഇവ ഫലം.

മൂ— ദ്വിജമൂലാദ്ധനപ്രാപ്തിം ഭൂലാഭഞ്ചനിരാമയം.
സന്തുജനംജയംസൌഖ്യം കുജേഗുരുദശാന്തരേ ൩൦

വ്യാ—കുജ-ഗുരുപ-മാസം ഫഫ തീയതീ സ. ബ്രാഹ്മണർ നിമിത്തം ദ്രവ്യലാഭം ഭൂമിലാഭം ആരോഗ്യം സർവകാര്യജയം സർവത്ര ബഹുമാനം സുഖം ഇവ ഫലം.

മൂ— ബഹുദുഃഖോദരവ്യാധിം രിപുചോരാന്നപൈർഭയം
ധനക്ഷയമവാപ്നോതി ഭൌമേശനിദശാന്തരേ. ൩൧

വ്യാ —കുജ-ശനൃപ-വർഷം ഫ-മാ-ഫ തീയതിൻ. അനേകദുഃഖം ഉദരരോഗം രാജചോരശത്രുക്കളിൽനിന്ന് ഭയം ദ്രവ്യനഷ്ടം ഇവഫലം.

മൂ— വൈശ്യവർഗാദ്ധനപ്രാപ്തിം ഗൃഹേധാന്യസംഭവം
ശത്രുബാധാമനഃക്ലേശംകുജേബുധദശാന്തരേ. ൩൨

വ്യാ—കുജ-ബുധാപ-മാസം ഫഫ തീയതി ഫ൭. വൈശ്യന്മാരിൽനിന്നും കച്ചവടക്കാരിൽനിന്നും ധനാഗമനം ഭവനലാഭം പശുവൃദ്ധ്യാദിസിദ്ധി ശത്രുപീഡ മനോദുഃഖം ഇവഫലം.

മൂ— കുക്ഷിരോഗേണസന്താപം ബന്ധുസോദരപീഡനം
ദുഷ്ടമാനവശത്രുത്വം ഭൌമേകേതുദശാന്തരേ. ൩൩

വ്യാ —കുജ കേതുപ-മാ- ര-ന- ഫ൭. അധികമായ വയറിൽ വേദന ബന്ധുക്കൾ സഹോദരന്മാർ ഇവർക്ക് രോഗാദിസങ്കടം ദുഷ്ടശത്രുക്കളുണ്ടാവുക ഇവഫലം.

മൂ— കളത്രഭ്രഷ്ടനംവസ്തും ബന്ധുവൃദ്ധ്യാഗമാഗമം
സ്ത്രീജനദ്വേഷ്യതൽഗോപ്തിം ഭൌമേശുക്രദശാന്തരേ. ൩൪

വ്യ—കുജ-ശുക്രാപ-വർഷം-ഫ-മാ-ഫ. ഭാര്യാപ്രാപ്തി വസ്ത്രാഭരണലാഭം ബന്ധുക്കളിൽനിന്ന ധനസിദ്ധി സ്ത്രീകളുമായി വെറുപ്പ് അവരുമായി ഒരുമിച്ച് ഇരിക്കുക ഇവഫലം.

മൂ— അപവാദംഗ്രുരുദ്വേഷംകലഹംവ്യാധിപീഡനം
ആത്മവർഗ്ഗാന്മനോദുഃഖം ഭൌമേരവിദശാന്തരേ. ൯൨

വ്യാ—കുജ-സൂര്യാപ-മാ-ര-തീയതിന്ന. അപവാദം(പഴി)ഗ്രുരുദ്വേഷം കലഹം രോഗം സപ്തനാങ്കർംനിമിത്തം മനോദുഃഖം ഇവ ഫലം.

മൂ— നാനാവിത്തംസുഖംവസ്ത്ര മുക്താമണിവിഭ്രൂഷണം
നിദ്രാലസ്യംമനോദ്വേഗം കുജേചന്ദ്രദശാന്തരേ. ൯൩

വ്യാ—കുജ-ചന്ദ്രാപ-മാ-ഒ. പലവിധത്തിലും ധനലാഭം സുഖാനുഭവം വസ്ത്രലാഭം രത്നാഭ്രൂഷണം ഉറക്കമില്ലായ്മ മനസ്സിനു ഇളക്കം ഇവ ഫലം.

മൂ— ഭ്രാതൃനാശസ്യപാകാദ്ധൈ മാനഹാനിർധനക്ഷയഃ
മധ്യേനൃപാലചോരാദ്ഭൈതിശ്ചാന്തേതഥാഭവേൽ. ൯൪

വ്യാ—കുജദശയിൽ ആദ്യം അവമാനവും ധനനാഷ്ടവും ശേഷം കാലങ്ങളിൽ രാജാവു മുതലായവരിൽ നിന്നു ഭയവും ഫലം.

മൂ— ഉച്ചസ്ഥിതസ്യാരനീതനയസ്യപാകേ
നീചാംശകസ്യമരണംസുതസോദരാണാം
നീചേതരുംഗഭവനാംശഗതസ്യതായേ
കൃഷ്യാദിഭ്രമിധനധാന്യസമൃദ്ധിമാഹുഃ. ൯൫

വ്യാ—ഉച്ചസ്ഥിതിയും നീചാംശകവുമുള്ള കുജന്റെ ദശയിൽ പുത്രന്മാക്കും സഹോദരങ്ങൾക്കും നാശവും നീചസ്ഥിതിയും ഉച്ചാംശകവുമുള്ള ടി- ദശയിൽ കൃഷിഗുണവും ഭ്രമലാഭവും ധനധാന്യവൽസനയും ഫലം.

രാഹുദശാവർഷം-൧൮.

മൂ— സൌഖ്യാദിവിത്തസ്ഥിതിനാശനഞ്ച
കളത്രപുത്രാദിവിയോഗദുഃഖം
അരിഷ്ടരോഗംപരദേശവാസം
വിവാദബുദ്ധിംകുരുതേഫണീന്ദ്രഃ. ൯൬

വ്യാ—രാഹുദശയിൽ സുഖഹീനതയും ധനനഷ്ടവും സ്ഥാനനാശവും ഭാര്യാപുത്രാദി വിയോഗവും (വേർപാട്ട്) ദുഃഖവും പലരോഗവും അന്യദേശവാസവും മത്സരവും ഫലം.

മൂ— ജ്ഞായാരോഗംവിവാദഞ്ച ബുദ്ധിനാശംധനക്ഷയം
ദൂരദേശാടനംദുഃഖം രാഹൌരാഹുദശാന്തരേ. ൯൭

വ്യാ—രാഹുദശയിൽ രാഹുപഹാരം-വർഷം-൨-മാസം ൫ തീയതി ക്രൂ ഭാര്യമാക്കു രോഗം വിവാദം ബുദ്ധിമാന്ദ്യം ധനനാഷ്ടം ദൂരദേശസഞ്ചാരം ദുഃഖം ഇവഫലം.

മൂ— വ്യാധിശത്രുവിനാശഞ്ച രാജപ്രീതിംധനാഗമം
പുത്രലാഭംമഹോത്സാഹം രാഹൌഗുരുദശാന്തരേ. ൽവ

വ്യാ—രാഹുദ-ഗുപ്ത-വ-൨-മാ-൨-തീയതിക്രൂ. ആരോഗ്യം ശത്രുനാശം രാജപ്രീതി ധനപ്രാപ്തി പുത്രലാഭം അത്യുത്സാഹംഇവഫലം

മൂ— വാതപിത്തശ്രമരോഗം ബന്ധുമിത്രാദിപീഡനം
ദൂരദേശനിവാസഞ്ച രാഹൌശനിദശാന്തരേ ൻൻ

വ്യാ—രാഹുദ-ശനൃപ-വ-൨-മാ-൫തീയതി ൽ. വാതപിത്തനിമിത്തങ്ങളായ രോഗങ്ങൾ ബന്ധുക്കൾ മുതലായവക്കു പീഡ ദൂരദേശവാസം ഇവ ഫലം.

മൂ— മിത്രബന്ധുകളത്രാദി സംയോഗഞ്ചധനാഗമം
രാജപ്രീതിമവാപ്നോതി രാഹൌബുധദശാന്തരേ. ൧൦

വ്യാ—രാഹുദ-ബുധാപ-വ-൨-മാ-൯ തീയതി ക്രൂ. ബന്ധുക്കൾ മുതലായവരുമായി ചേർച്ച ധനലാഭം രാജപ്രീതി ഇവഫലം.

മൂ— ഭ്രമയുക്തചിത്തമാനഹാനിഞ്ച പുത്രനാശംധനക്ഷയം
സർവോപദ്രവമാപ്നോതി രാഹൌകേതുദശാന്തരേ. ൧൨

വ്യാ—രാഹുദ-കേതുപ-വ-൫-തീയതി ക്രൂ. പുത്രനാശം ധനനാശം ഉപദ്രവങ്ങൾ ഇവഫലം.

മൂ— വിദേശാദ്വാഹനപ്രാപ്തിം ഛത്രചാമരസമ്പദം
രോഗാരിബന്ധുഭീതിസ്സ്യാ ദ്രാഹൌഭൃഗുദശാന്തരേ. ൧൫

വ്യാ—രാഹുദശുക്രാപ-വ-൯. വിദേശങ്ങളിൽനിന്നു വാഹനങ്ങളുടെയും കുട ചാമരം മുതലായവയുടെയും പ്രാപ്തി. രോഗം ബന്ധുക്കൾ ശത്രുക്കൾ ഇവരിൽനിന്നു ഭയം ഇവഫലം.

മൂ— ദാനധർമ്മരതിർഭീതി സ്സർവോ ദ്രവനാശനം
സംസാരരോഗസഞ്ചാരം രാഹൌരവിദശാന്തരേ. ൧൩

വ്യാ—രാഹുദ-സൂര്യാപ-മാ-൧൦-തീയതി ക്രൂ. ദാനശീലം ധർമ്മപ്രവൃത്തി ഭയം ഉപദ്രവനാശം ഭാര്യാദുഃഖം സഞ്ചാരം ഇവ ഫലം.

മൂ— സർവ്വോപദ്രവസംയോഗ സ്സുഖ്കാര്യേഷുമൂഢതാ
ചിത്തവിസ്മൃതിർദ്ദോഷസ്സ്യാ ദ്രാഹുചന്ദ്രദശാന്തരേ. ൧൦൯

വ്യാ—രാഹുദ-ചന്ദ്രാപ വ-ഫ-മാ-സ. പലവിധം ഉപദ്രവം കാര്യങ്ങളിൽ മൂഢത ഓർമ്മക്കുറവ് ഇവഫലം. (രാഹുദ-കുജാപ-വ-ഫതീയതി ൧൬. കുജാപഹാരം ചന്ദ്രാപഹാരംപോലെ ഫലം.)

മൂ— കുളീരഗോമേഷയുതസ്യരാഹോർ
ദശാവിപാകേധനധാന്യലാഭം
വിദ്യാവിനോദംനൃപമാനനഞ്ച
കളത്രഭൃത്യാദിസുഖംവദന്തി. ൧൧

വ്യാ—കർക്കടകം മേടം ഇടവം ഇവയിൽ നിൽക്കുന്ന രാഹുവിന്റെ ദശയിൽ ധനധാന്യലാഭം വിദ്യാരസികത്വം രാജപ്രീതി ഭാര്യ ഭൃത്യന്മാർ ഇവർക്ക സുഖം ഇവ ഫലം.

മൂ— പാഥോനമീനാശ്രിയുതസ്യരാഹോർ-
ദശാവിപാകേസുതദാരലാഭം
ദേശാധിപത്യംനൃവാഹനഞ്ച
ദശാവസാനേസകലംവിനാശം. ൧൨

വ്യാ—മീനം ധനസ്സ് ഇവയിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ ഭാര്യാപുത്രന്മാരുടെ ലാഭം ദേശാധിപത്യം മനുഷ്യരാൽ വഹിക്കപ്പെടുന്ന വാഹനങ്ങൾ (പല്ലക്ക് മഞ്ചലു് മുതലായവ) ഇവയും ദശാവസാനത്തിൽ സർവ്വനാശവും ഫലം.

മൂ— മൃഗപതിവൃഷകന്യാകർക്കടസ്ഥരാഹോ-
ർഭവതിഹിപരിപാകേരാജ്യതുല്യോന്നപോവാ
ഗജതുരഗചമൂപസ്സുഖ്ജീവോപകർത്താ
ബഹുധനസുവെശീലഃപുത്രദാരാനുരക്തഃ. ൧൩

വ്യാ—മകരം ഇടവാ കന്നി കർക്കടകം ഇവയിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ രാജതുല്യമോ തത്തുല്യതുല്യമോ ഉണ്ടാവുകയും ആനകുതിര മുതലായവയുണ്ടാകയും സേനാനായകത്വമോ ജനപ്രാധാന്യമോ ഉണ്ടാകയും ധനസമൃദ്ധിയും സുഖവും ഭാര്യാപുത്രാദികളിൽ അനുകൂല്യവും ഫലം.

മൂ— ദശാദ്യെദുഃഖമാപ്നോതി ദശാമധ്യേമഹാസുഖം
ദശാന്തേക്ഷണിനാഥസ്യ പിതുർനാശംപദഭ്യുതിം. ൧൪

വ്യാ—രാഹുദശയുടെ ആദ്യം ദുഃഖവും മധ്യത്തിൽ സുഖവും ഒടുവിൽ അച്ഛന്റെ മരണവും സ്ഥാനഭ്രംശവും ഫലം.

അഥ ഗുരുദശാ-വർഷം ൧൬.

മൂ— സ്ഥാനപ്രാപ്തിംവിത്തമാനാംബരാപ്തിം
രാജ്യസ്നേഹം ചിത്തശുദ്ധിംവിഭൂതിം
ജ്ഞാനാചാരംപുത്രദാരാദിലാഭം
ദേവാചാര്യുസ്സ്വവിപാകേകരോതി. ൧൦൯

വ്യാ—ഗുരുദശയിൽ വിശേഷസ്ഥാനപ്രാപ്തി ധനലാഭം ബഹുമാനം വസ്ത്രാദിലാഭം രാജപ്രീതി മനഃശുദ്ധി ഐശ്വര്യം കുലാചാരതാല്പര്യം ധർമ്മപ്രവൃത്തി ഭാര്യാപുത്രാദിലാഭം ഇവ ഫലം.

മൂ— നൃപപ്രീതിംമഹോത്സാഹം സർവകാര്യാർത്ഥസാധനം
വിദ്യാവിജ്ഞാനമാപ്നോതി ഗുരൌഗുരുദശാന്തരേ. ൧൧൦

വ്യാ—ഗുരുദശയിൽ സ്വാപഹാരം വർഷം-൨-മാസം-൧-തീയതി ൧൫. രാജപ്രീതി ഉത്സാഹം കാര്യസിദ്ധി വിദ്യാലാഭം, ഇവ ഫലം.

മൂ— ദ്വേഷബുദ്ധിംമനസ്താപം പുത്രമൂലാർജനക്ഷയം
കർമ്മനാശമവാപ്നോതി ജീവേശനിദശാന്തരേ. ൧൧൧

വ്യാ—ഗുരു ൪-ശനൃപ-വ-൨-മാ-ന-തീയതി ൧൨. ആരെക്കുറിച്ചും ദ്വേഷം മനോദുഃഖം പുത്രന്മാർ നിമിത്തം ധനനഷ്ടം കാര്യവിഘാതം (നാശം) ഇവ ഫലം.

മൂ— വൈശ്യവർഗ്ഗേണവിത്താപ്തിം രാജസ്നേഹംമഹാസുഖം
സൽകർമ്മാചാരസിദ്ധിഞ്ച ജീവേബുധദശാന്തരേ. ൧൧൨

വ്യാ—ഗുരു-ബുധാപ-വ-൨-മാ-ന-തീയതി-൯. വൈശ്യന്മാർ (കച്ചവടക്കാർ) നിമിത്തം ധനലാഭം രാജസ്നേഹം സുഖസൽകർമ്മാചാരം(സൽപ്രവൃത്തി) ഇവ ഫലം.

മൂ— മുക്താപ്രവാളഭ്രഷ്ടാപ്തിം തീർത്ഥയാത്രാംധനാഗതിം
ഗുരുദ്രവ്യവശാദാത്തിം ജീവേഭകർക്കടദശാന്തരേ. ൧൧൩

വ്യാ—ഗുരു-കേതുപ-മാ-൧൫-തീയതി ൯. മുത്തു രത്നങ്ങൾ ആഭരണങ്ങൾ ഇവയുടെ ലാഭം തീർത്ഥയാത്ര ധനപ്രാപ്തി ഗുരുക്കന്മാരുടെ ദ്രവ്യം നിമിത്തം ദുഃഖം ഇവ ഫലം.

൯൬

൩— വാഹനാദ്യധനപ്രാപ്തിം ചരത്രചാമരവൈഭവം
സ്ത്രീപീഡാജനവിദ്വേഷം ഗുരൌശുക്രദശാന്തരേ. ൨൭൯

വ്യാ—ഗുരുദ-ശുക്രാപ-വ-ര-മാ-ധ. വാഹനം ധനം മുതലായവയുടെ ലാഭം കൂടി ചാമരം മുതലായവയുണ്ടായിരിക്കുക സ്ത്രീ രോഗം ജനദ്വേഷം ഇവ ഫലം.

൪— ശത്രുനാശംജയംസൌഖ്യം മഹോത്സാഹംധനാഗമം
രാജപ്രസാദമാരോഗ്യം ജീവേരവിദശാന്തരേ. ൨൮൦

വ്യാ—ഗുരു-രവ്യപ-മാ-ൻ-തീയതി ൨൬, ശത്രുനാശം കായ്ജയം സുഖം ഉത്സാഹം ധനം രാജപ്രീതി ആരോഗ്യം ഇവ ഫലം.

൪— സ്ത്രീകൃതോത്സാഹമൈശ്വര്യം രാജപ്രീതിംസുഖാവഹം
ദിവ്യവസ്ത്രവിഭൂഷാപ്തിം ജീവേചന്ദ്രദശാന്തരേ. ൨൮൧

ഗുരുദ-ചന്ദ്രാപ-വ-൨-മാ-ര.

വ്യാ—സ്ത്രീകൽ നിമിത്തം എല്ലാ കായ്ത്തിലും ഉത്സാഹം ഐശ്വര്യം രാജപ്രീതി ധനലാഭം സുഖം ദിവ്യവസ്ത്രാഭരണാദിലാഭം ഇവ ഫലം.

൪— കുമ്മനാശഞ്ചസഞ്ചാരം ജ്വരതാപംമഹാഭയം
ധനനാശംനിരുത്സാഹം ജീവേകുജദശാന്തരേ. ൨൮൨

വ്യാ—ഗുരു ദ-കുജാപ-മാ-൨൬-രീയതി-ന്ന കായ്നാശം സഞ്ചാരം ജ്വരം ദേഹച്ചൂട് (ഉഷ്ണം) ഭയംധനനാശം ഉത്സാഹമില്ലായ്മ ഇവ ഫലം.

൪— സർവ്വക്ലേശംഭയംരോഗം സർവ്വോപദ്രവകാരണം
ധനഭ്രംശമവാപ്നോതി ജീവേരാഹുദശാന്തരേ. ൨൮൩

വ്യാ—ഗുരുദ-രാഹുപ-വ-ര-മാ-ര-തീയതി-൨൦. എപ്പോഴും ക്ലേശം ഭയം രോഗം സർവ്വോപദ്രവം ധനനഷ്ടം ഇവ ഫലം.

൪— നീചാംശോപഗതസ്സ്വതുംഗഭവനേ ജീവേസ്വപാകേഭയം
ചോരാരാതിനൃപൈഃകളത്രതനയദ്വേഷംകരോത്യശ്രിയം
നീചേതുംഗനവാംശകോയദിമഹാരാജപ്രസാദംസുഖം
വിദ്യാബുദ്ധിയശോധനാദിവിഭവംദേശാധിപത്യംതു വാ. ൨൮൪

വ്യാ—ഉച്ചസ്ഥിതിയും നീചാംശകയുമുള്ള ഗുരുവിന്റെ ദശയിൽ കള്ളന്മാർ രാജാക്കന്മാർ ശത്രുക്കൾ ഇവരിൽനിന്നു ഭയവുംഭാഗ്യ

പുത്രാദിവിരോധവും അശ്രീയും നീചസ്ഥിതിയും ഉച്ചാംശകവും മുള്ള ഗുരുവിന്റെ ദശയിൽ രാജപ്രീതിയും സുഖവും വിദ്യാവൃദ്ധിയും സല്കീർത്തിയും ധനലാഭവും ഉണ്ടാകും.

അഥ ശനിദശാ വർഷം ൧൯.

മൂ— ശനേർദ്ദശായാമജഗർദ്ദഭോഷ്ട്ര
വൃദ്ധാംഗനാപക്ഷികുധാന്യലാഭം
ശ്രേണീപുരഗ്രാമപുരാധികാരാ.
ദ്ധനംവദേന്നീചകുലാധിപത്യം. ൧൯൰

വ്യാ—ശനി ദശയിൽ ആട്ട് കുഴിത ഒട്ടകം മുതലായ മൃഗങ്ങളുടെ ലാഭവും വൃദ്ധസ്ത്രീസഹവാസവും കോഴി കിളി മുതലായ പക്ഷികളുടെ ലാഭനയും കുത്സിതധാന്യങ്ങളുടെ ലാഭവും ജനസമൂഹം പുരം ഗ്രാമം ഇതുകളുടെ ആധിപത്യവും ധനലാഭവും നീചജനാധിപത്യവും ഫലം.

മൂ— ക്ലേശാദിദിവ്യാധിനിപീഡനഞ്ച
മാത്സ്യന്മാനൈർബഹുശോകതാപം
ഭ്രപാലതോരൈർധനനാശനഞ്ച
കരോതിമന്ദഃസപദശാപഹാരേ. ൧൯൫

രവിതനയദശായാം സാപഹാരേവിരോധം
ധനജനപതികോപം പ്രേഷ്യവൃദ്ധാംഗനാപ്തിം
പശുഗണവിഷഭീതിം പുത്രദാരാദിപീഡാം
ജ്വരപവനകഫാത്തിം ശൂലരോഗംവദന്തി. ൧൯൬

വ്യാ—ശനിദശയിൽ സാപഹാരം വർഷം-൯ തീയതി-൯. രോഗം മത്സരം അതിദുഃഖം രാജചോരാദിനിമിത്തം ധനനാശം പലരുടെയും വിരോധം പ്രഭുക്കന്മാരുടെകോപം ദാസവൃത്തി വൃദ്ധസ്ത്രീസംയോഗം പശുവൃഷഭാദിയിൽ നിന്ന ഉപദ്രവം വിഷഭയം ഭാര്യാപുത്രാദിപീഡ ജ്വരം വായുക്ഷോഭം വാതവ്യാധി കഫകോപം ശൂല (വേദന) രോഗം ഇത്യാദിഫലം.

മൂ— സുഖവിത്തയശോവൃദ്ധിം സൽക്കർമ്മാചാരസമ്പദം
കൃഷിവാണിജ്യവൃത്തിഞ്ച മന്ദേബുധദശാന്തരേ. ൧൯൭

വ്യാ—ശനിദ-ബുധാപ-വ-ഉ-മാ-വ-തീയതി ൯. സുഖധനയശസ്സുകളുടെ വൃദ്ധി സൽകർമ്മം ആചാരം കൃഷി കച്ചവടം ഇത്യാദി ഫലം.

മൂ— വാതപിത്തകൃതംരോഗം കലഹംനീചദുർജ്ജനൈഃ
ദുസ്സ്വപ്നഭയമാപ്നോതി മന്ദേകേതുദശാന്തരേ. ൧൫൫

വ്യാ—ശനിദ-കേതുപ-വ-൧-മാ-൧-തീയതി ൻ. വാതപിത്ത ഹേതുകരോഗങ്ങൾം നീചന്മാരും ദുർജ്ജനങ്ങളുമായി കലഹം ദുസ്വപ്നം ഭയംഇവ ഫലം.

മൂ— ബന്ധുസ്ത്രീഗ്രഞ്ജനാൽപ്രീതിം ജ്യായാവിത്തസുഖായതിം
കൃഷ്യാദിസുഖമാപ്നോതി മന്ദേശുക്രദശാന്തരേ. ൧൫൬

വ്യാ—ശനിദ-ശുക്രാപ-വ-൯ മാ-൨. ബന്ധുക്കൾം സ്നേഹിത ന്മാർ ഇവരുടെ പ്രീതി ഭാര്യാലാഭം ധനലാഭം കൃഷിഗുണം സുഖം ഇവ ഫലം.

മൂ— പുത്രദാരവിനാശഞ്ച നൃപചോരാദി പീഡനം
മനോഭംഗമവാപ്നോതി മന്ദേരവിദശാന്തരേ. ൧൫൭

വ്യാ—ശനിദ-സൂര്യാപ-മാ-൧൦-രീയതി ൧൨. ഭാര്യാപുത്രാദിനാ ശം രാജചോരാദിപീഡ മനോഭംഗം ഇവ ഫലം.

മൂ— ഗുരുസ്ത്രീമരണാന്ദുഃഖം ബന്ധുദ്വേഷ്ടധനാഗമം
വാതരോഗമവാപ്നോതി മന്ദേചന്ദ്രദശാന്തരേ. ൧൫൮

വ്യാ—ശനിദ-ചന്ദ്രാപ-വ-൧-മാ-൯. ഗുരുജനങ്ങളുടെയും സ്ത്രീ (ഭാര്യ)കളുടെയും മരണാം ദുഃഖം ബന്ധുവിരോധം ധനലാഭം വാതരോ. ഗം ഇവ ഫലം.

മൂ— സ്ഥാനച്യുതിംമഹാരോഗം നാനാവിധമനോഭയം
സഹോദരസുഹൃൽപീഡാ മന്ദേകുജദശാന്തരേ. ൧൫൯

വ്യാ—ശനിദ-കുജാപ-വ-൧൦-മാ-൧ തീയതി ൻ. സ്ഥാനഭ്രംശം ദീർഘരോഗം പലവിധത്തിലും മനസ്സിനുഭയം സഹോദരങ്ങൾക്കും ബന്ധുക്കൾക്കും ദുഃഖം ഇവ ഫലം.

മൂ— സർവ്വാംഗരോഗസന്താപം ചോരാരിനൃപപീഡനം
ധനക്ഷേമമവാപ്നോതി മന്ദേരാഹുദശാന്തരേ. ൧൬൦

വ്യാ—ശനിദ-രാഹുപ-വ-൨-മാ-൧൭-തീയതി ന. സർവ്വാംഗ രോഗം ചൂട് (ഉഷ്ണം) രാജചോരാരിഭയം ധനനാശം. ഇവ ഫലം

മൂ— ദേവബ്രഹ്മദേവഭക്തിഞ്ച രാജപ്രീതിർമ്മനസ്സുഖം
സർവ്വലാഭമവാപ്നോതി മന്ദേഗുരുദശാന്തരേ. ൧൬൧

വ്യാ—ശനിദ-ഗ്രവ്യ-വ-ഫ മാ-സ രീയതി-ഫഫ. ദേവബ്രാഹ്മ ണഭക്തി രാജപ്രീതി സുഖം സ്ഥാനലാഭം ഇവഫലം.

മൂ— സോച്ചേ നീചനവാംശകേവിസുതക്ഷേവീതസൌഖ്യംഫലം
പാകാദൌത്തുദശാവസാനസമയേകഷ്ടംഫലംപ്രാണിനാം
തുംഗാംശോപചിതസ്സ്വകീയഭവനേപാകാവസാനേശുഭം
ഭായാദൌരിപുചോരഭീതിമധികംദുഃഖംവിദേശാടനം. ഫനഫ

വ്യാ—ഉച്ചസ്ഥിതിയും നീചാംശകയുമുള്ള ശനിയുടെ ദശയിൽ ആദ്യം സുഖവും അവസാനത്തിൽ കഷ്ടവും നീചസ്ഥിതിയും ഉച്ചാം ശകയുമുള്ള ശനിദശയിൽ ആദ്യം ശത്രുചോരന്മാരിൽനിന്ന ഭയവും ദുഃ ഖവും വിദേശവാസവും ഒടുവിൽ സുഖവും ഫലം.

അഥബുധദശാ-വർഷം ഫ൭.

മൂ— സ്വകീയദായേഗ്രുബന്ധുമിത്രൈ-
രർത്ഥാഗമംകീർത്തിസുഖംകരോതി
ദൌത്യഞ്ചസല്ക്കർമ്മഹിരണ്യപണ്യൈ
ർബ്ധനായതിംവാതരുജംകുമാരഃ. ഫനഫ

വ്യാ—ബുധൻ തന്റെ ദശയിൽ ഗ്രുക്കന്മാർ ബന്ധുക്കൾ സ്നേ ഹിതന്മാർ ഇവരിൽനിന്ന ധനലാഭത്തെയും സല്ക്കീർത്തി സുഖം ദൂത വൃത്തി സൽക്കർമ്മം സ്വർണ്ണങ്ങളെ വിറ്റുള്ള ധനലാഭം വാതരോഗം ഇവയേയും ചെയ്യും.

മൂ— വിചിത്രഗൃഹവസ്ത്രാപ്തിം ദ്വിജബന്ധുവശാദ്ധനം
സവ്കാര്യാർത്ഥസംസിദ്ധിഃ സൌമ്യേസൌമ്യദശാന്തരേ. ഫനന

വ്യാ—ബുധസ്വാപഹാരം വ-ഫ മാ-ര രീയതി-ഫ൭. നാനാത രത്തിലുള്ള വസ്ത്രങ്ങൾ വിചിത്രഭവനങ്ങൾ ബ്രാഹ്മണർ ബന്ധുക്കൾ ഇവരിൽനിന്ന് ധനാഗമം കാര്യസിദ്ധി ഇവ ഫലം.

മൂ— ബന്ധുപീഡാമനസ്താപം സൌഖ്യഹാനിമഹർന്നിശം
കാര്യനാശമവാപ്നോതി സൌമ്യേകേതുദശാന്തരേ. ഫനര

വ്യാ—ബുധദ-കേതുപ-മാ-ഫഫ തീയതി-ഫ൭. ബന്ധുദുഃഖം മന സ്താപം ദുഃഖം ശത്രുഭയം കാര്യനാശം ഇവ ഫലം.

മൂ— ഗ്രുദേവാഗ്നിവിപ്രേഷു ദാനംധർമ്മപ്രിയംതപഃ
ധനവസ്ത്രവിഭ്രഷാപ്തിം സൌമ്യേശുക്രദശാന്തരേ. ഫനര

വ്യാ—ബുധദ-ശുക്രാപ-വ-ഫ മാ-ഫ൦. ഗ്രുക്കന്മാരിലും ദേവ

ന്മാരിലും അഗ്നിയിലും യഥോചിതസമർപ്പണം ദാനശീലം ധർമ്മരതി തപസ്സ് ധനവസ്ത്രാഭരണാദിലാഭം ഇവ ഫലം.

മൂ— വസ്ത്രഭൂഷണവിത്താപ്തിം രാജപ്രീതിംമഹാസുഖം
ധർമ്മശ്രവണമാപ്നോതി ബുധേരവിദശാന്തരേ. ഫനു-സ

വ്യാ—ബുധദ രവ്യപ-മാ-ഫ0 തീയത-സ. വസ്ത്രാഭരണദ്രവ്യസിദ്ധി രാജപ്രീതി സുഖം ധർമ്മകഥാശ്രവണം ഇവ ഫലം.

മൂ— രോഗാരിപുജനദ്വേഷം സ്വകാര്യാർത്ഥനാശനം
ചതുഷ്പാദഭയമാപ്നോതി സൌമ്യേചന്ദ്രദശാന്തരേ. ഫനു0

വ്യാ—ബുധദ-ചന്ദ്രാപ-വ-ഫ മാ 0. രോഗം ശത്രുക്കളിൽനിന്നുള്ള ദ്വേഷം കാര്യനാശം ചതുഷ്പാൽഭയം (പശുവൃഷഭാദികളിൽനിന്ന് ഭയം) ഇവ ഫലം.

മൂ— രോഗാരിഭയനാശഞ്ച പുണ്യകർമ്മഫലംയശഃ
രാജപ്രീതിമവാപ്നോതി സൌമ്യേകുജദശാന്തരേ. ഫനുവ

വ്യാ—ബുധദ-കുജാപ-മാ-ഫഫ രീയരി-ഫ0. ആരോഗ്യം ശത്രുനാശം കീർത്തി പുണ്യകർമ്മം ധൈര്യം രാജപ്രീതി ഇവ ഫലം.

മൂ — മിത്രബന്ധുധനപ്രാപ്തിം സുഖവിദ്യാവിഭൂഷണം
രാജപ്രീതിമവാപ്നോതി സൌമ്യേരാഹുദശാന്തരേ. ഫനുൻ

വ്യാ—ബുധദ-രാഹുപ-വ-ഫ മാ-ന തീയരി-ഫവ. ബന്ധുക്കളും സ്നേഹിതന്മാരുമായി സഹവാസം സുഖം വിദ്യ ആഭരണലാഭം രാജപ്രീതി ഇവ ഫലം.

മൂ— ഇഷ്ടബന്ധുഗുരുദ്വേഷം ധനലാഭംസുതായരിം
രോഗാദിഭയമാപ്നോതി ബുധേഗുരുദശാന്തരേ. ഫരു0

വ്യാ—ബുധദ-ഗുവ്പ-വ-ഫ മാ-ന തീയരി-ൻ. ഇഷ്ടന്മാരുടെയും ബന്ധുക്കളുടെയും ഗുരുക്കന്മാരുടെയും ദ്വേഷം ധനലാഭം സുതപ്രാപ്തി രോഗം ഭയം ഇവ ഫലം.

മൂ— ധർമ്മവിൽകർമ്മവിത്താപ്തിം സുഖമല്പജനാധിപൈഃ
കൃഷ്യാദിധനമാപ്നോതി ബുധേശനിദശാന്തരേ. ഫരു

വ്യാ—ബുധദ-ശനൈപ-വ-ഫ മാ-വ തീയതി ൻ. ധർമ്മജ്ഞാനം കർമ്മപുഷ്ടി ധനലാഭം അല്പജനാധിപന്മാരിൽനിന്ന് സുഖം കൃഷിലാഭം ഇവ ഫലം.

മൂ— ഉച്ചരാശിഗതസ്സൌമ്യോ നീചാംശകസമന്വിതഃ
കരോതികർമ്മണൈകല്യം നിഷ്ഫലായേചനിശ്ചയം. ൯൨

വ്യാ—ബുധന് ഉച്ചസ്ഥിതിയും നീചാംശകവുമുണ്ടായാൽ സ്വദശയിൽ ദാരിദ്ര്യത്തേയും കർമ്മഹീനതയേയും കൊടുക്കും.

മൂ— നീചസ്ഥാനഗതശ്ചാന്ത്രി സ്വാംശാംശകസമന്വിതഃ
പാകാന്തൌവിഫലംസർവ്വം ശുഭമന്യേപ്രയച്ഛതി. ൯൩

വ്യാ—നീചസ്ഥിതിയും ഉച്ചാംശകവുമായാൽ ബുധദശയിൽ ആരംഭകാലത്തിൽ കർമ്മങ്ങളുടെ വൈഫല്യത്തേയും അവസാനത്തിൽ ശുഭത്തേയും കൊടുക്കും.

അഥകേതുദശാ-ഫലം ൬.

മൂ— ദീനോനഃരോഭവതിബുദ്ധിവിവേകനഷ്ടോ
നാനാമയാകുലവിവർദ്ധിതദേഹതാപഃ
പാപാഭിവൃദ്ധിരതികഷ്ടചരിത്രയുക്തഃ
കിഞ്ചിൽസുഖീചശിഖിനഃപരിപാകകാലേ. ൯൪

വ്യാ—കേതുദശയിൽ ചിലപ്പോഴും ദീനതയും ബുദ്ധിമാന്ദ്യവും അറിവില്ലായ്മയും പലവിധരോഗവും ശരീരസന്താപവും കഷ്ടതയും പാപപ്രവൃത്തിയും അല്പസുഖവും ഫലം.

മൂ— കളത്രപുത്രമരണം സുഖവിത്തവിനാശനം
രിപുഭീതിമവാപ്നോതി കേതൌകേതുദശാന്തരേ. ൯൫

വ്യാ—കേതുസ്വാവഹാരം മാ-രു തീയതി-വ൬. ഭാര്യാപുത്രാദിമരണംഅസുഖം ദ്രവ്യനഷ്ടം ശത്രുഭയം ഇവ ഫലം.

മൂ— സ്ത്രീപുത്രരോഗംകലഹം ബന്ധുമിത്രാദിനാശനം
ജ്വരാതിസാരമാപ്നോതി കേതൌശുക്രദശാന്തരേ. ൯൬

വ്യാ—കേതുദ-ശുക്രാപ-വ-ഫ-മാ-ഉ. ഭാര്യാപുത്രാദികൾക്കു രോഗം കലഹം ബന്ധുജനങ്ങൾക്കു നാശം ജ്വരം അതിസാരം ഇവ ഫലം.

മൂ— മനോഭംഗംശരീരാത്തിം വിദേശഗമനംഭയം
സർവ്വകാര്യവിരോധഞ്ച കേതോരപിദശാന്തരേ. ൯൭

വ്യാ—കേതുദ-രവ്യപ-മാ-രു-തീയതി-സ്വ മനഃശരീരങ്ങൾക്കു ക്ഷയം വിദേശവാസം കാര്യവിഘ്നാതം ഇവഫലം

മൂ— ദാരപുത്രജനാലസ്യം ധനധാന്യവിനാശനം
മനസ്താപമവാപ്നോതി കേതൗ ചന്ദ്രദശാന്തരേ. ൧൭൭

വ്യാ—കേതുദ-ചന്ദ്രാപ-മാ-ഒ ഭാര്യാപുത്രാദിരോഗം ധനധാന്യങ്ങൾക്കു നാശം മനോദുഃഖം ഇവഫലം.

മൂ— പുത്രദാരജനദ്വേഷം രോഗാരിഭ്യുപപീഡനം
ബന്ധുനാശമവാപ്നോതി കേതോരപഹൃദശാന്തരേ. ൧൭൮

വ്യാ—കേതുദ-കുജാപ മാ-ര-രീയുരിദ. ഭാര്യാപുത്രാദികളോടു ദ്വേഷം രോഗം രാജകോപം ശത്രുപീഡ ബന്ധുനാശം ഇവഫലം.

മൂ— രാജചോരഭയംദുഃഖം സ്വകാര്യാരിനാശനം
ദുഷ്ടമാനവസംവാദം കേതൗ ചാഹൃദശാന്തരേ. ൧൭൯

വ്യാ—കേതുദ-രാഹവ വ-ച-രീയതി ൧൭. രാജുഭയം ചോരഭയം ദുഃഖം കാര്യനാശം ദുർജനവിവാദം ഇവ ഫലം.

മൂ— ദേവദ്വിജഗുരുപ്രീതിം രാജസ്സൗഹൃദനിരാമയം
ഭൂപുത്രലാഭമാപ്നോതി കേതൗ ഗുരുദശാന്തരേ. ൧൮൦

വ്യാ—കേതുദ-ഗുർവപ-മാ-൧൦-രീയരി-സ. ദേവബ്രാഹ്മണഗുരുക്കന്മാരുടെ പ്രീതി രാജപ്രീതി ആരോഗ്യം ഭൂമിലാഭം പുത്രലാഭം ഇവഫലം.

മൂ— മനോഭയംമനസ്താപം സ്വബന്ധുജനവിഗ്രഹം
ദേശത്യാഗമവാപ്നോതി കേതൗ ശനിദശാന്തരേ. ൧൮൨

വ്യാ—കേതുദ-ശന്യപ-വ-ച-മാ-ച-രീയതി-ൻ. മനോഭയം മനസ്താപം ബന്ധുക്കളുമായി കലഹം സ്വദേശപരിത്യാഗം ഇവഫലം.

മൂ— ബന്ധുമിത്രാദിസംയോഗം പുത്രദാരധനാഗമം
വിദ്യാസുഖമവാപ്നോതി കേതൗ ബുധദശാന്തരേ. ൧൮൨

വ്യാ—കേതുദ-ബുധാപ-മാ ച-രീയതി-൨൭. ബന്ധുജനസഹവാസം പുത്രലാഭം ഭാര്യാലാഭം ധനലാഭം വിദ്യാലാഭം മനസ്സുഖം ഇവ ഫലം.

മൂ— ശുഭഗ്രഹയുതകേതു സ്സ്വദശായാംശുഭപ്രദഃ
യദിശോഭനസന്ദൃഷ്ടഃ ക്ഷ്രോതിവിപുലം ധനം. ൧൮൪

വ്യാ—ശുഭയോഗമുള്ള കേതു സ്വദശയിൽ ശുഭത്തേയും ശുഭദൃഷ്ടിയുള്ള കേതു ധനസമൃദ്ധിയേയും ചെയ്യും.

മൂ — സപാപദൃക്കേതുതേകേതു സ്ഥപാകേദൃഷ്ടമാനവൈ
ഭീതിംകൃത്രിമരോഗാത്തൈർ വ്യസനംധനനാശനം. ഫരെ

വ്യാ—പാപയോഗമുള്ള കേതു സ്ഥദശയിൽ ദൃഷ്ടന്മാരിൽനിന്ന് ഭയവും കൃത്രിമരോഗങ്ങളും വ്യസനവും ധനനാശവും ചെയ്യും.

മൂ— ദശാതൈഹൃരുബന്ധാത്തിം ദശാമധ്യേധനായതിം
ദശാന്തേസുഖമാപ്നോതി കേതോർദ്ദായേഭയംത്രിധാ. ഫരര

വ്യാ—കേതുദശയിൽ ആദ്യം ഹൃദ്രോഗന്മാർ നിമിത്തം ദുഃഖവും മദ്ധ്യത്തിൽ ധനപ്രാപ്തിയും ഒടുവിൽ സുഖവും ഇങ്ങനെ മൂന്നവിധമാകുന്നു.

ശുക്രദശാ- വർഷം ൨൦.

മൂ— സ്ത്രീപുത്രവിത്താപ്തിമതീവസൌഖ്യം
സുഗന്ധമാല്യാംബരഭൂഷണാപ്തിം
യാനാദിഭാഗ്യംനരപാലകത്വം
യശസ്സുപാദേ ഭൃഗുകരോതി. ഫരന

വ്യാ—ശുക്രദശയിൽ ഭാര്യാലാഭം പുത്രലാഭം ധനസമൃദ്ധി മഹാസുഖം സുഗന്ധദ്രവ്യങ്ങൾ ദിവ്യാഭരണവസ്ത്രാദി വാഹനാദിലാഭം രാജാവസ്ഥ ഇവയുണ്ടാകും.

മൂ— ശയ്യാസ്ത്രീധനാവസ്ത്രാപ്തിം ധർമ്മാദിസുഖസമ്പദം
രിപുനാശംയശോലാഭം ശുക്രേശുക്രദശാന്തരേ. ഫരഒ

വ്യാ—ശുക്രസ്വാവഹാരം വർഷം ൧൯ മാസം ൧൦. ദിവ്യങ്ങളായ ശയ്യകൾ (കട്ടിൽ മുതലായവ) ഭാര്യാസുഖം ധനലാഭം വസ്ത്രലാഭം ധർമ്മാചരണം സുഖം സമ്പത്ത് ശത്രുനാശം യശസ്സുർവലാഭം ഇവ ഫലം.

മൂ— ശിരോദൃക്ഷിരോഗഞ്ച കൃഷിഗോവിത്തനാശനം
നൃപക്രോധമവാപ്നോതി ശുക്രേരവിദശാന്തരേ. ഫരവ

വ്യാ—ശുക്രദ-രവ്യവ-വ-ഫ. തലവേദന വയറിൽ ദണ്ഡം കണ്ണിൽ ദീനം കൃഷിനാശം പശു വൃഷഭാദിനാശം രാജകോപം ഇവ ഫലം.

മൂ— പിത്തഗ്രീവാക്ഷിരോഗഞ്ച മഹോത്സാഹംധനാഗമം
ഭാരദ്വലാഭമാപ്നോതി ശുക്രേചന്ദ്രദശാന്തരേ. ഫരൻ

വ്യാ—ശുക്രദ-ചന്ദ്രാപ-വ-ക്ര-മാ-വ്യ. പിത്തരോഗം കണ്ണുരോഗം കണ്ണിൽരോഗം ഉത്സാഹം ധനാഗമം ഭാര്യാലാഭം ഭൂമിലാഭം ഇവ ഫലം.

മൂ— ബന്ധുസ്ത്രീഭ്രാതൃകലഹം വിഷാദംകൃഷിനാശനം
മനോദുഃഖമവാപ്നോതി ശുക്രേകുജദശാന്തരേ. ൫൩൦

വ്യാ—ശുക്രദ-കുജാപ-വ-ക്ര-മാ-ഭ. ബന്ധുക്കളും സ്ത്രീകളും സഹോദരന്മാരുമായി കലഹം വിഷാദം കൃഷിനാശം മനസ്സുഖഹാനി ഇവ ഫലം.

മൂ— നീലവസ്ത്രധനപ്രാപ്തിം ബന്ധുദ്വേഷംസുഹൃൽഭയം
അഗ്നിബാധാമവാപ്നോതി ശുക്രേരാഹുദശാന്തരേ. ൫൩൫

വ്യാ—ശുക്രദ-രാഹുപ-വ-ന-മാ-വ. നീലവസ്ത്രങ്ങളും ധനവും ഉണ്ടായിരിക്കുക ബന്ധുവിരോധം ബന്ധുക്കളിൽനിന്നു ഭയം അഗ്നിഭയം ഇവഫലം.

മൂ— ധനവസ്ത്രവിഭ്രഷ്ടാപ്തിം ധർമ്മാചാരംസുഖാവഹം
സ്ത്രീസുതാർത്തിഞ്ചവൈഷമ്യം ശുക്രേഗുരുദശാന്തരേ. ൫൩൬

വ്യാ—ശുക്രദ-ഗുരുപ-വ-ക-മാ-ക. ധനലാഭം വസ്ത്രലാഭം ആഭരണലാഭം ധർമ്മപ്രവൃത്തി സുഖം ഭാര്യാപുത്രാദിരോഗം ഇവ ഫലം.

മൂ— വൃദ്ധസ്ത്രീജനസംഭോഗം ഗൃഹക്ഷേത്രധനാഗമം
ശത്രുനാശമവാപ്നോതി ശുക്രേമന്ദദശാന്തരേ. ൫൩൭

വ്യാ—ശുക്രദ-ശനൈപ-വ-ന-മാ-ച. വൃദ്ധസ്ത്രീസംഗമം ഗൃഹലാഭം ഭൂമിലാഭം ധനലാഭം ശത്രുനാശം ഇവ ഫലം.

മൂ— സുഖമിത്രസുതാർത്ഥാപ്തിം നൃപപ്രീതിംമഹാസുഖം
ശുഭമാരോഗ്യമാപ്നോതി ശുക്രേബുധദശാന്തരേ. ൫൩൮

വ്യാ—ശുക്രദ-ബുധാപ-വ-ക-മാ-ക്ര. സുഖം ബന്ധുവാസം പുത്രലാഭം ധനലാഭം രാജപ്രീതി ആരോഗ്യം മംഗലം ഇവ ഫലം.

മൂ— കലഹംബന്ധുനാശഞ്ച ശത്രുപീഡാമഹാഭയം
ധനഹേരളമവാപ്നോതി ശുക്രേകേതുദശാന്തരേ. ൫൩൯

വ്യാ—ശുക്രദ-കേതുപ-വ ക്ര മാ ക പ്രിയേപുഴും കലഹം ബന്ധുനാശം ശത്രുപീഡ ഭയം ധനനാശം ഇവ ഫലം.

മൂ— ഉച്ചരാശിഗതശ്ശുക്രോ നീചാംശകസമന്വിതഃ
സ്വഭാഗേധനനാശഞ്ച കുവീതസ്വപദച്യുതിം. ൧൯൯

വ്യാ—ഉച്ചരാശിസ്ഥിതിയും നീചാംശകയുമുള്ള ശുക്രൻ സ്വദശയിൽ ധനനാശവും സ്ഥാനഭ്രഷ്ടതയും ചെയ്യും.

മൂ— ഭാർഗ്ഗവോനീചരാശിസ്ഥ സ്സ്വോച്ചാംശകസമന്വിതഃ
സ്വദായേകൃഷിവാണിജ്യം ധനലാഭംപ്രയച്ഛതി. ൨൦൦

വ്യാ—നീചസ്ഥിതിയും ഉച്ചാംശകയുമുള്ള ശുക്രൻ സ്വദശയിൽ കൃഷി കച്ചവടം ഇവയെക്കൊണ്ടും മറും ധനലാഭത്തെ കൊടുക്കും.

മൂ— സമ്യഗ് ബലിനസ്സ്വഭുംഗഭാഗേ
സംപൂർണ്ണാബലവർജ്ജിതസ്വരിക്ഥാ
നീചാംശഗതസ്യശത്രുഭാഗേ
ജ്ഞേയാനിഷ്ടഫലാദശാപ്രസൂതെ. ൨൦൨

വ്യാ—ഉച്ചബലം പൂർണ്ണമായുള്ള ഗ്രഹത്തിന്റെ ദശ സംപൂർണ്ണയാകുന്നു. ബലഹീനന്റെ ദശയ്ക്കു രിക്ത എന്നപേരാകുന്നു. നീചത്തിലും ശത്രുക്ഷേത്രത്തിലും നിൽക്കുന്ന ഗ്രഹത്തിന്റെ ദശ അനിഷ്ടയാകുന്നു. ബലവാന്മാരായ ഉച്ചരാശിയിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ദശ പൂർണ്ണഫലത്തെയും ദുർബലനായ ഗ്രഹം വിഫലത്തെയും നീചാംശം ശത്രുസ്ഥിതി ഇവയുള്ള ഗ്രഹം അനിഷ്ടത്തെയും കൊടുക്കും.

മൂ— തത്തൽഭാവസ്ഥകാമേശ തദ്ദശാന്തർദ്ദശാസുച
തത്തൽഭാവവിനാശസ്സ്യാ ത്തത്തദ്ഭൂക്തേതക്ഷീകാരകൈഃ. ൨൦൩

വ്യാ—പിതൃാദിഭാവങ്ങളുടെ യോഗകാരകഗ്രഹങ്ങളുടെയോ പുഷ്ടാംഭാവാധിപന്റെ ദശയിലോ അപഹാരത്തിലോ പിതൃാദിജനങ്ങൾക്കു നാശംഭവിക്കും. മാരകനായ പുഷ്ടാംഭാവാധിപനോടുകൂടിനിൽക്കുന്നവരുടേയും ആ സ്ഥാനത്തു നോക്കുന്നവരുടേയും ദശാപഹാരങ്ങളിലും മരണം നിരൂപിക്കാം.

മൂ— ത്രികോണധനലാഭസ്ഥാ ബലിനോയദിശോഭനാഃ
സ്വദശാന്തർദ്ദശാകാലേ കുർവ്വന്തിവിപുലംസുഖം. ൨൦൦

വ്യാ—ത്രികോണത്തിലും ധനത്തിലും ലാഭത്തിലും ബലവാന്മാരായ ശുഭന്മാർ നിന്നാൽ അവരുടെ ദശാപഹാരങ്ങളിൽ അധികമായ സുഖത്തെ ചെയ്യും.

മൂ— അഷ്ടാദശാധ്യായിനിസർവഹോരാ
സമുദ്ധൃതേജ്ജാതകപാരിജാതേ
രാസ്വാസ്വരൂപാദിദശാഫലാന്തം
പ്രോക്തംമയാഭാനുമുഖപ്രസാദാൽ. ൧൬

വ്യാ—ഇപ്രകാരം സൂര്യാദിസർവഗ്രഹങ്ങളുടേയും അനുഗ്രഹം ഹേതുവായിട്ട് സർവജ്യോതിശ്ശാസ്ത്രങ്ങളുടേയും സാരഭൂതമായി പതിനെട്ടധ്യായങ്ങളോടുകൂടിയ ഈ പാരിജാതത്തിൽ രാശിസ്വരൂപം മുതൽ ദശാഫലങ്ങൾവരെയുള്ള എല്ലാ ഫലങ്ങളേയും ഞാൻ വിസ്തരിച്ചു പറഞ്ഞു

മൂ— ശാഖാഭിരഷ്ടാദശസംപ്രകാശി
രധ്യായരൂപാഭിരതിപ്രകാശഃ
ജ്യോരിമ്മയസ്സർവഫലപ്രധാന
സ്സംകീർത്തിതോജാതകപാരിജാതഃ. ൧൭

വ്യാ—പതിനെട്ട് അധ്യായങ്ങളാകുന്ന ശിഖരങ്ങളോടുകൂടിയതും വളരെ പ്രകാശമുള്ളതും (പ്രസിദ്ധി) സൂര്യാദിഗ്രഹാധിവാസമുള്ളതും (തേജസ്സു) സകലഫലങ്ങളേയും ദാനംചെയ്യുന്നതുമായ (കായ് അഭീഷ്ടങ്ങൾ) ഈ പാരിജാതം (സാക്ഷാൽ കല്പവൃക്ഷം) വിണ്ണാൽ സ്തുതിക്കപ്പെട്ടു.

മൂ— ഉക്തംരാശീഗ്രഹാലയഃഗ്രഹഗതിസമാനസ്വഭാവാകൃതി
ശ്ചാധാനാടീസമസ്തജീവജനനം ബാല്യാദ്യരിഷ്ടാകുരഃ
ആയുർജ്ജാതകഭംഗയോഗമുവിധിശ്രീരാജയോഗാദിജം
ദ്വിത്രാദിഗ്രഹയോഗജാശുഭശുഭംമാന്ദ്യബ്ദമുഞ്ചക്രമാൽ. ൧൮

പശ്ചാദഷ്ടകവർഗ്ഗവിന്ദുഗണിതംചാരാധനസ്ഥാനജാ
ദൃശ്ചില്ലാവനിഭാവജംസുരരിപുസ്ഥാനപ്രയുക്തംഫലം
കന്ദുപ്പാഷ്ടമധർമ്മരാശിഗുണിതംവ്യാപാരലാഭാന്യജം
നാരീജാതകലക്ഷണംനിഗദിതംചക്രംദശാന്തർദ്ദശാ. ൧൯

വ്യാ—ഇതിൽ പ്രഥമാദ്ധ്യായംമുതൽ സംജ്ഞ രാശി രാശിസ്വഭാവം ഗ്രഹക്ഷേത്രഭേദം ഗ്രഹങ്ങളുടെ ഗതി സ്ഥാനം ഗ്രഹസ്വഭാവം ആകൃതി നിഷേകം ജനനം ബാലാരിഷ്ട അരിഷ്ടഭംഗം ആയുർവിഭാഗം ജാതകഭംഗം ഏകാദ്യനിഷ്ടയോഗങ്ങൾ രാജയോഗാദിശുഭയോഗങ്ങൾ ദ്വിഗ്രഹഫലം ത്രിഗ്രഹഫലം മുതലായവ ഗ്രഹികസ്ഥിതിഫലം അഷ്ടകവർഗ്ഗം ഗണിതം ലഗ്നാദിദ്വാദശപര്യന്തഭാവഫലം സ്ത്രീജാതകം കാലചക്രദശ നക്ഷത്രദശ അപഹാരങ്ങൾ ഇവ ഒക്കയും വിസ്തരിച്ചു പറഞ്ഞു

മൂ— ശ്രീവിദ്യാധികവേങ്കടാദ്രിതനയശ്ശ്രീവൈദ്യനാഥസ്സുധീ
രാദിത്യാദിസമസ്തഖേടകൃപയാവിദ്വജ്ജനപ്രീതയേ
ഘോരാസിന്ധുസമുദ്ധൃതാമൃതമയീമഷ്ടാദശാദ്ധ്യായിനീ
ജ്ഞാക്ലേജ്ഞാതകപാരിജാതസരണിംഗീർഭിർവ്വസുശ്ലോകിനീം.

വ്യാ—സന്വത്തുകൊണ്ടും വിദ്യകൊണ്ടും അസാധാരണനായ വെങ്കിടേശ്വരവിദ്വന്മണിയുടെ പുത്രനായ വൈദ്യനാഥസൂരിയാൽ വിദ്വാന്മാരുടെ പ്രീതിയ്ക്കായിക്കൊണ്ട് സകല ജ്യോതിശ്ശാസ്ത്രമാകുന്ന സമുദ്രത്തിൽനിന്നു ഉണ്ടായ അമൃതംപോലെയുള്ളതും ആയിരത്തി എഴുനൂറിഅറുപത്തിമൂന്നു ശ്ലോകങ്ങളുള്ളതുമായ ഈ ജാതകപാരിജാതകമെന്ന ഒരു സുഗമമാർഗ്ഗം സൂര്യാദിഗ്രഹാനുഗ്രഹം ഹേതുവായിട്ടു നിർമ്മിക്കപ്പെട്ടു.

ഇതി ജാതകപാരിജാതകേ അഷ്ടാദശാദ്ധ്യായഃ സമ്പൂർണ്ണഃ.

---

വിപ്രശ്രീമതിചേരചക്രവിഷയേ
മൂഢ്യേഡഗേഹേശിഷ്യ
ശ്ശ്രീനാരായണഭ്രസുരസ്യതനയ
സ്തൽപ്രാപ്തബോധഃകൃതീ
നാമ്നായഃപുരുഷോത്തമസ്സുമതനോൽ
വൈദ്യേഭിഷാഭിധാം
വ്യാഖ്യാംജാതകപാരിജാതകമഹാ
ശാസ്ത്രസ്യസുപ്രിയാം.

ലഗ്നൈകന്യാസമാഖ്യാനേ
വൃഷഭേമാസിവാസരേ
പഞ്ചമേപാരിജാതസ്യ
വ്യാഖ്യേയംപൂർണ്ണതാമഗാൽ.

---

ഇഗദംബികായൈ ശ്രീ ഭദ്രകാളൈ നമഃ.
ശിവം ഭൂയാത്.

01 വിഷയാനുക്രമണിക
1 വ്യാഖ്യാതൃമംഗളം
1 ഗ്രന്ഥകാരമംഗളം
2 രാശിചക്രവിധി
4 മേഷാദിരാശിനാമങ്ങൾ
4 കാലപുരുഷന്റെ അംഗം
8 ബ്രാഹ്മണാദിവിഭാഗം
9 രാശിവർണ്ണങ്ങൾ
10 രാശിയുടെ നാഥൻമാർ
10 മൂലത്രികോണം ഉച്ചം നീചം
12 സപ്തമാംശം ത്രികോണം നവാംശം
18 രാശിമാനം
18 ഉപചയം അപചയം
20 കാലപുരുഷാവയവം
24 സൂര്യാദിവർണ്ണഭേദം

72 ബാലാരിഷ്ടാലക്ഷണം
73 ബാലമൃതിയോഗം
81 സദ്യോമൃതിയോഗം
83 ശീതരശ്മീയോഗം
84 ആയുർവിഭാഗം
95 ആയുർദായം
126 ജാതകഭംഗം
131 രേകായോഗം
133 രേകായോഗഫലം
135 ദാരിദ്ര്യയോഗവും ഫലവും
137 പ്രേഷ്യയോഗവും ഫലവും
138 അംഗഹീനയോഗലക്ഷണം

153 രാജയോഗം
157 നീചഭംഗയോഗം
167 പഞ്ചമമഹാപുരുഷയോഗലക്ഷണം
168 ഭദ്രയോഗഫലം
168 ഹംസയോഗഫലം
169 മാളവ്യയോഗഫലം
169 ശശയോഗഫലം
169 ഗർഗഹോരായാം
170 ഭാസ്കരയോഗലക്ഷണവും ഫലവും
170 ഇന്ദ്രയോഗലക്ഷണവും ഫലവും
171 കേമദ്രുവയോഗലക്ഷണം
171 ബുധയോഗലക്ഷണവും ഫലവും
172 സുനഭാദിമൂന്നുയോഗങ്ങളും കേമദ്രുമയോഗലക്ഷണവും
175 സുനഭയുടേയും അനഭയുടേയും ഫലം
177 കുജാദിയുതാനഭായോഗഫലം
178 ധുരുധുരായോഗഫലം
181 ശകടയോഗലക്ഷണവും ഫലവും
182 അധമാദിയോഗലക്ഷണങ്ങളും ഫലങ്ങളും
182 ലഗ്നാധിയോഗലക്ഷണം
183 അമലായോഗലക്ഷണവും ഫലവും
186 പർവ്വതയോഗലക്ഷണം
187 മാലികായോഗവും ഫലവും
188 ചാമരയോഗലക്ഷണം
189 ശംഖയോഗലക്ഷണം
190 ഭേരീയോഗഫലം
191 ശാരദായോഗലക്ഷണം
192 കൂർമ്മയോഗലക്ഷണം
193 ഖൾഗയോഗലക്ഷണം

194 കുസുമയോഗലക്ഷണം
195 കലാനിധിയോഗലക്ഷണം
196 ഹരിഹര ബ്രഹ്മയോഗങ്ങളുടെ ലക്ഷണം
202 മേശാദിരാശിസ്ഥിതിഫലം
204 ത്രിഗ്രഹയോഗഫലം
207 ചതുർഗ്രഹയോഗഫലം
210 പഞ്ചഗ്രഹയോഗഫലം
213 ഷൾഗ്രഹയോഗഫലം
217 ലഗ്നാദിദ്വാദശഭാവഫലം
ലഗ്നാദിദ്വാദശഭാവഫലം
219 ദ്വിതീയഭാവഫലം
220 ചതുർത്ഥഭാവഫലം
221 പഞ്ചമഭാവഫലം
223 സപ്തമഭാവഫലം
225 നവമഭാവഫലം
226 ദശമഭാവഫലം
229 ദ്വാദശഭാവഫലം
231 സ്വക്ഷേത്രസ്ഥിതിഫലം
233 നീചരാശിസ്ഥിതിഫലം
235 ഗ്രഹികസ്ഥിതിഫലം
246 പക്ഷഫലം
247 തിഥിഫലം
248 വാരഫലം
249 നക്ഷത്രനാമങ്ങൾ
251 ജ്യേഷ്ഠാദോഷം
253 ആശ്ലേഷദോഷം
255 ഗണ്ഡകാലം
257 യോഗദോഷം
265 കരണഫലം
269 ദ്രേക്കാണഫലം
272 വേളാഫലം
274 അഷ്ടകവർഗ്ഗവും ശോധനാദികളും
294 ലഗ്നം ദ്വിതീയം ഇവയുടെ ഫലങ്ങൾ
315 തൃതീയചതുർത്ഥഭാവഫലങ്ങൾ
354 സന്താന പ്രതിബന്ധകാരണം
366 സപ്തമാഷ്ടമനവമഭാവഫലങ്ങൾ
394 ദശമാദിവ്യയാന്തഭാവവിചാരം
416 സ്ത്രീജാതകം
419 ത്രിശാംശഫലം
430 പതിലക്ഷണം
433 കാലചക്രദശാപ്രാരംഭം
435 കാലചക്രദശ
439 ദേഹജീവഫലം
450 കാലചക്രദശാവാക്യങ്ങൾ
456 നക്ഷത്രദശ
467 മഹാദശാഫലം
474 അഥചന്ദ്രദശാ-വർഷം
476 കുജദശാവർഷം
478 രാഹുദശാവർഷം
481 അഥഗുരുദശാ-വർഷം
485 അഥബുധദശാ-വർഷം
489 അഥശുക്രദശാ-വർഷം